# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

2021 ജൂലൈ 22, വ്യാഴം

സ്പീക്കർ

**ശ്രീ. എം. ബി. രാജേഷ്**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. ചിറ്റയം ഗോപകുമാർ**

സെക്രട്ടറി

**ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ**

ചീഫ് എഡിറ്റർ

**ശ്രീമതി വി. ചെറുപുഷ്പം**

എഡിറ്റിംഗ് ബ്രാഞ്ച്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

49/2022

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി | : | ശ്രീ. വി. അബ്ദുറഹിമാൻ |
| തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി | : | ശ്രീ. അഹമ്മദ് ദേവർകോവിൽ |
| ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി | : | ശ്രീ. ജി. ആർ. അനിൽ |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. ആന്റണി രാജു |
| ധനകാര്യ വകുപ്പുമന്ത്രി | : | ശ്രീ. കെ. എൻ. ബാലഗോപാൽ |
| ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി | : | ഡോ. ആർ. ബിന്ദു |
| മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി | : | ശ്രീമതി ജെ. ചിഞ്ചുറാണി |
| തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി | : | ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. കെ. കൃഷ്ണൻകുട്ടി |
| പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി | : | ശ്രീ. പി. എ. മുഹമ്മദ് റിയാസ് |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. പി. പ്രസാദ് |
| പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാധാകൃഷ്ണൻ |
| റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജൻ |
| നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി | : | ശ്രീ. പി. രാജീവ് |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. റോഷി അഗസ്റ്റിൻ |
| മത്സ്യബന്ധനം, സാസ്കാരികം യുവജനക്ഷേമ വകുപ്പുമന്ത്രി | : | ശ്രീ. സജി ചെറിയാൻ |
| വനം-വന്യജീവി വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി | : | ശ്രീ. വി. ശിവൻകുട്ടി |
| സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി | : | ശ്രീ. വി. എൻ. വാസവൻ |
| ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി | : | ശ്രീമതി വീണാ ജോർജ്ജ് |

## അംഗങ്ങൾ

1. ശ്രീ. പി. അബ്ദുൽ ഹമീദ് (വള്ളിക്കുന്ന്)
2. ശ്രീ. വി. അബ്ദുറഹിമാൻ (താനൂർ)
3. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ (കോട്ടക്കൽ)
4. ശ്രീ. അഹമ്മദ് ദേവർകോവിൽ (കോഴിക്കോട് സൗത്ത്)
5. ശ്രീ. എൻ. കെ. അക്ബർ (ഗുരുവായൂർ)
6. ശ്രീ. മഞ്ഞളാംകുഴി അലി (മങ്കട)
7. ശ്രീമതി ഒ. എസ്. അംബിക (ആറ്റിങ്ങൽ -എസ്.സി.)
8. ശ്രീ. ജി. ആർ. അനിൽ (നെടുമങ്ങാട്)
9. ശ്രീ. എ. പി. അനിൽ കുമാർ (വണ്ടൂർ -എസ്.സി.)
10. ശ്രീ. അനൂപ് ജേക്കബ് (പിറവം)
11. ശ്രീ. കെ. ആൻസലൻ (നെയ്യാറ്റിൻകര)
12. ശ്രീ. ആന്റണി ജോൺ (കോതമംഗലം)
13. ശ്രീ. ആന്റണി രാജു (തിരുവനന്തപുരം)
14. ശ്രീ. പി. വി. അൻവർ (നിലമ്പൂർ)
15. ശ്രീ. അൻവർ സാദത്ത് (ആലുവ)
16. ശ്രീ. എം. എസ്. അരുൺ കുമാർ (മാവേലിക്കര -എസ്.സി.)
17. ശ്രീമതി സി. കെ. ആശ (വൈക്കം - എസ്.സി.)
18. ശ്രീ. എ. കെ. എം. അഷ്റഫ് (മഞ്ചേശ്വരം)
19. ശ്രീ. കെ. ബാബു (നെന്മാറ)
20. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)
21. ശ്രീ. പി. ബാലചന്ദ്രൻ (തൃശ്ശൂർ)
22. ശ്രീ. കെ. എൻ. ബാലഗോപാൽ (കൊട്ടാരക്കര)
23. ശ്രീ. പി. കെ. ബഷീർ (ഏറനാട്)

24. ശ്രീ. ഐ. സി. ബാലകൃഷ്ണൻ (സുൽത്താൻബത്തേരി -എസ്.ടി.)

25. ഡോ. ആർ. ബിന്ദു (ഇരിങ്ങാലക്കുട)

26. ശ്രീ. ഇ. ചന്ദ്രശേഖരൻ (കാഞ്ഞങ്ങാട്)

27. ശ്രീമതി ജെ. ചിഞ്ചുറാണി (ചടയമംഗലം)

28. ശ്രീ. പി. പി. ചിത്തരഞ്ജൻ (ആലപ്പുഴ)

29. ശ്രീമതി ദെലീമ (അരൂർ)

30. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ (പെരുമ്പാവൂർ)

31. ശ്രീ. കെ. ബി. ഗണേഷ് കുമാർ (പത്തനാപുരം)

32. ശ്രീ. ചിറ്റയം ഗോപകുമാർ (അടൂർ - എസ്.സി.)

33. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ (തളിപ്പറമ്പ്)

34. ശ്രീ. സി. കെ. ഹരീന്ദ്രൻ (പാറശ്ശാല)

35. ശ്രീ. ടി. വി. ഇബ്രാഹിം (കൊണ്ടോട്ടി)

36. ഡോ. കെ. ടി. ജലീൽ (തവനൂർ)

37. ശ്രീമതി കാനത്തിൽ ജമീല (കൊയിലാണ്ടി)

38. ശ്രീ. ജി. എസ്. ജയലാൽ (ചാത്തന്നൂർ)

39. ഡോ. എൻ. ജയരാജ് (കാഞ്ഞിരപ്പള്ളി)

40. ശ്രീ. കെ. യു. ജനീഷ് കുമാർ (കോന്നി)

41. ശ്രീ. ജോബ് മൈക്കിൾ (ചങ്ങനാശ്ശേരി)

42. ശ്രീ. പി. ജെ. ജോസഫ് (തൊടുപുഴ)

43. ശ്രീ. വി. ജോയി (വർക്കല)

44. ശ്രീ. ഒ. ആർ. കേളു (മാനന്തവാടി - എസ്.ടി.)

45. ശ്രീ. കെ. കൃഷ്ണൻകുട്ടി (ചിറ്റൂർ)

46. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി (വേങ്ങര)

47. ശ്രീ. സി. എച്ച്. കുഞ്ഞമ്പു (ഉദുമ)

48. ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ (കുറ്റ്യാടി)

49. ശ്രീ. കോവൂർ കുഞ്ഞുമോൻ (കുന്നത്തൂർ -എസ്.സി.)

50. ശ്രീ. യു. എ. ലത്തീഫ് (മഞ്ചേരി)

51. ശ്രീ. ലിന്റോ ജോസഫ് (തിരുവമ്പാടി)

52. ശ്രീ. ടി. ഐ. മധുസൂദനൻ (പയ്യന്നൂർ)

53. ശ്രീ. സി. ആർ. മഹേഷ് (കരുനാഗപ്പള്ളി)

54. ശ്രീ. കെ. പി. എ. മജീദ് (തിരൂരങ്ങാടി)

55. ശ്രീ. പി. മമ്മിക്കുട്ടി (ഷൊർണ്ണൂർ)

56. ശ്രീ. എം. എം. മണി (ഉടുമ്പൻചോല)

57. ശ്രീ. മാണി സി. കാപ്പൻ (പാല)

58. ഡോ. മാത്യു കുഴൽനാടൻ (മൂവാറ്റുപുഴ)

59. ശ്രീ. മാത്യു ടി. തോമസ് (തിരുവല്ല)

60. ശ്രീ. കെ. ജെ. മാക്സി (കൊച്ചി)

61. ശ്രീ. പി. എ. മുഹമ്മദ് റിയാസ് (ബേപ്പൂർ)

62. ശ്രീ. കെ. പി. മോഹനൻ (കൂത്തുപറമ്പ്)

63. ശ്രീ. എ. സി. മൊയ്തീൻ (കുന്നംകുളം)

64. ശ്രീ. കുറുക്കോളി മൊയ്തീൻ (തിരൂർ)

65. ശ്രീ. മോൻസ് ജോസഫ് (കടുത്തുരുത്തി)

66. ശ്രീ. മുഹമ്മദ് മുഹസിൻ (പട്ടാമ്പി)

67. ശ്രീ. എം. മുകേഷ് (കൊല്ലം)

68. ശ്രീ. സി. സി. മുകുന്ദൻ (നാട്ടിക - എസ്.സി.)

69. ഡോ. എം. കെ. മുനീർ (കൊടുവള്ളി)

70. ശ്രീ. ഡി. കെ. മുരളി (വാമനപുരം)

71. ശ്രീ. മുരളി പെരുനെല്ലി (മണലൂർ)

72. ശ്രീ. നജീബ് കാന്തപുരം (പെരിന്തൽമണ്ണ)

73. ശ്രീ. പി. നന്ദകുമാർ (പൊന്നാനി)

74. ശ്രീ. എൻ. എ. നെല്ലിക്കുന്ന് (കാസർഗോഡ്)

75. ശ്രീ. എം. നൗഷാദ് (ഇരവിപുരം)

76. ശ്രീ. ഉമ്മൻ ചാണ്ടി (പുതുപ്പള്ളി)

77. ശ്രീ. എ. പ്രഭാകരൻ (മലമ്പുഴ)

78. ശ്രീ. പ്രമോദ് നാരായൺ (റാന്നി)

79. ശ്രീ. പി. പ്രസാദ് (ചേർത്തല)

80. ശ്രീ. വി. കെ. പ്രശാന്ത് (വട്ടിയൂർക്കാവ്)

81. ശ്രീ. കെ. ഡി. പ്രസേനൻ (ആലത്തൂർ)

82. ശ്രീമതി യു. പ്രതിഭ (കായംകുളം)

83. ശ്രീ. കെ. പ്രേംകുമാർ (ഒറ്റപ്പാലം)

84. ശ്രീ. കെ. രാധാകൃഷ്ണൻ (ചേലക്കര - എസ്.സി.)

85. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (കോട്ടയം)

86. ശ്രീ. പി. ടി. എ. റഹീം (കുന്നമംഗലം)

87. ശ്രീ. എ. രാജ (ദേവികുളം - എസ്.സി.)

88. ശ്രീ. എം. രാജഗോപാലൻ (തൃക്കരിപ്പൂർ)

89. ശ്രീ. കെ. രാജൻ (ഒല്ലൂർ)

90. ശ്രീ. പി. രാജീവ് (കളമശ്ശേരി)

91. ശ്രീ. എം. ബി. രാജേഷ് (തൃത്താല)

92 ശ്രീ. കെ. കെ. രാമചന്ദ്രൻ (പുതുക്കാട്)

93. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി (കണ്ണൂർ)

94. ശ്രീ. ടി. പി. രാമകൃഷ്ണൻ (പേരാമ്പ്ര)

95. ശ്രീ. രമേശ് ചെന്നിത്തല (ഹരിപ്പാട്)

96. ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ (കോഴിക്കോട് നോർത്ത്)

97. ശ്രീമതി  കെ. കെ. രമ (വടകര)

98. ശ്രീ. റോജി എം. ജോൺ (അങ്കമാലി)

99. ശ്രീ. റോഷി അഗസ്റ്റിൻ (ഇടുക്കി)

100. ശ്രീ. കെ. എം. സച്ചിൻദേവ് (ബാലുശ്ശേരി - എസ്.സി.)

101. ശ്രീ. സജീവ് ജോസഫ് (ഇരിക്കൂർ)

102. ശ്രീ. സജി ചെറിയാൻ (ചെങ്ങന്നൂർ)

103. ശ്രീ. എച്ച്. സലാം (അമ്പലപ്പുഴ)

104. ശ്രീ. എൻ. ഷംസുദ്ദീൻ (മണ്ണാർക്കാട്)

105. ശ്രീ. സനീഷ്കുമാർ ജോസഫ് (ചാലക്കുടി)

106. ശ്രീമതി ശാന്തകുമാരി കെ. (കോങ്ങാട് - എസ്.സി.)

107. ശ്രീ. എ. കെ. ശശീന്ദ്രൻ (ഏലത്തൂർ)

108. ശ്രീ. വി. ശശി (ചിറയിൻകീഴ് - എസ്.സി.)

109. ശ്രീ. വി. ഡി. സതീശൻ (പറവൂർ)

110. ശ്രീ. ഐ. ബി. സതീഷ് (കാട്ടാക്കട)

111. ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ (പൂഞ്ഞാർ)

112. ശ്രീ. ഷാഫി പറമ്പിൽ (പാലക്കാട്)

113. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ (മട്ടന്നൂർ)

114. ശ്രീ. എ. എൻ. ഷംസീർ (തലശ്ശേരി)

115. ശ്രീ. ടി. സിദ്ദിഖ് (കല്പറ്റ)

116. ശ്രീ. വി. ശിവൻകുട്ടി (നേമം)

117. ശ്രീ. വാഴൂർ സോമൻ (പീരുമേട്)

118. ശ്രീ. പി. വി. ശ്രീനിജിൻ (കുന്നത്തുനാട് - എസ്.സി.)

119. ശ്രീ. ജി. സ്റ്റീഫൻ (അരുവിക്കര)

120. ഡോ. സുജിത് വിജയൻപിള്ള (ചവറ)
121. ശ്രീ. കെ. വി. സുമേഷ് (അഴീക്കോട്)
122. ശ്രീ. പി. പി. സുമോദ് (തരൂർ - എസ്.സി.)
123. ശ്രീ. വി. ആർ. സുനിൽ കുമാർ (കൊടുങ്ങല്ലൂർ)
124. ശ്രീ. സണ്ണി ജോസഫ് (പേരാവൂർ)
125. ശ്രീ. പി. എസ്. സുപാൽ (പുനലൂർ)
126. ശ്രീ. കടകംപള്ളി സുരേന്ദ്രൻ (കഴക്കൂട്ടം)
127. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ (കയ്പമംഗലം)
128. ശ്രീ. പി. ടി. തോമസ് (തൃക്കാക്കര)
129. ശ്രീ. തോമസ് കെ. തോമസ് (കുട്ടനാട്)
130. ശ്രീ. പി. ഉബൈദുള്ള (മലപ്പുറം)
131. ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ (വൈപ്പിൻ)
132. ശ്രീ. വി. എൻ. വാസവൻ (ഏറ്റുമാനൂർ)
133. ശ്രീമതി വീണാ ജോർജ്ജ് (ആറന്മുള)
134. ശ്രീ. ഇ. കെ. വിജയൻ (നാദാപുരം)
135. ശ്രീ. പിണറായി വിജയൻ (ധർമ്മടം)
136. ശ്രീ. എം. വിജിൻ (കല്ല്യാശ്ശേരി)
137. ശ്രീ. എം. വിൻസെന്റ് (കോവളം)
138. ശ്രീ. ടി. ജെ. വിനോദ് (എറണാകുളം)
139. ശ്രീ. പി. സി. വിഷ്ണുനാഥ് (കുണ്ടറ)
140. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി (വടക്കാഞ്ചേരി)

<u>വിവിധ മന്ത്രിമാർ ചുമതല വഹിക്കുന്ന വിഷയങ്ങളുടെ പട്ടിക</u>

<u>ശ്രീ. പിണറായി വിജയൻ, മുഖ്യമന്ത്രി</u>

പൊതുഭരണം

അഖിലേന്ത്യാ സർവ്വീസുകൾ

ആസൂത്രണവും സാമ്പത്തിക കാര്യവും

ശാസ്ത്രം, സാങ്കേതികശാസ്ത്രം, പരിസ്ഥിതി

മലിനീകരണ നിയന്ത്രണം

സയന്റിഫിക് ഇൻസ്റ്റിറ്റ്യൂട്ടുകൾ

പേഴ്സണൽ ആൻഡ് അഡ്മിനിസ്ട്രേറ്റീവ് റിഫോംസ്

തെരഞ്ഞെടുപ്പ്

ഇന്റഗ്രേഷൻ

ഇൻഫർമേഷൻ ടെക്നോളജി

സൈനികക്ഷേമം

ദുരിതാശ്വാസം

സ്റ്റേറ്റ് ഹോസ്പിറ്റാലിറ്റി

എയർപോർട്ട്സ്

മെട്രോ റെയിൽ

അന്തർസംസ്ഥാന  നദീജലം

കോസ്റ്റൽ ഷിപ്പിംഗ് ആൻഡ് ഇൻലാൻഡ് നാവിഗേഷൻ

കേരള സ്റ്റേറ്റ് ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷൻ

ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ്

നോർക്ക

ആഭ്യന്തരം

വിജിലൻസ്

അഡ്മിനിസ്ട്രേഷൻ ഓഫ് സിവിൽ ആൻഡ് ക്രിമിനൽ ജസ്റ്റിസ്

അഗ്നിശമനം

ജയിലുകൾ

അച്ചടിയും സ്റ്റേഷനറിയും

ന്യൂനപക്ഷക്ഷേമം

നയപരമായി പ്രധാനപ്പെട്ട എല്ലാ വിഷയങ്ങളും

മറ്റെങ്ങും പരാമർശിച്ചിട്ടില്ലാത്ത വിഷയങ്ങൾ

ശ്രീ. വി. അബ്ദുറഹിമാൻ, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി

കായികം

വഖഫും ഹജ്ജ് തീർത്ഥാടനവും

കമ്പിത്തപാൽ

റെയിൽവേ

ശ്രീ. അഹമ്മദ് ദേവർകോവിൽ, തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി

തുറമുഖം

കാഴ്ചബംഗ്ലാവുകൾ

പുരാവസ്തു

പുരാരേഖ

ശ്രീ. ജി. ആർ. അനിൽ, ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി

ഭക്ഷ്യവും സിവിൽ സപ്ലൈസും

ഉപഭോക്തൃകാര്യം

ലീഗൽ മെട്രോളജി

<u>ശ്രീ. ആന്റണി രാജു, ഗതാഗത വകുപ്പുമന്ത്രി</u>

റോഡ് ഗതാഗതം

മോട്ടോർ വാഹനങ്ങൾ

ജലഗതാഗതം

<u>ശ്രീ. കെ. എൻ. ബാലഗോപാൽ, ധനകാര്യ വകുപ്പുമന്ത്രി</u>

ധനകാര്യം

നാഷണൽ സേവിംഗ്സ്

സ്റ്റോർ പർച്ചേസ്

വാണിജ്യ നികുതി

കാർഷികാദായ നികുതി

ട്രഷറികൾ

ലോട്ടറി

സ്റ്റേറ്റ് ഓഡിറ്റ്

കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ്

സ്റ്റേറ്റ് ഇൻഷ്വറൻസ്

കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ

സ്റ്റാമ്പ് ആൻഡ് സ്റ്റാമ്പ് ഡ്യൂട്ടി

<u>ഡോ. ആർ. ബിന്ദു, ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി</u>

കോളേജ് വിദ്യാഭ്യാസം

സാങ്കേതിക വിദ്യാഭ്യാസം

സർവ്വകലാശാലകൾ (കാർഷിക, വെറ്ററിനറി, ഫിഷറീസ്, മെഡിക്കൽ, ഡിജിറ്റൽ സർവ്വകലാശാലകൾ ഒഴികെ)

പ്രവേശന പരീക്ഷകൾ

എൻ. സി. സി.

അസാപ് (ASAP)

സാമൂഹ്യനീതി

<u>ശ്രീമതി ജെ. ചിഞ്ചുറാണി, മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി</u>

മൃഗസംരക്ഷണം

ക്ഷീരവികസനം, ക്ഷീരസഹകരണ സ്ഥാപനങ്ങൾ

മൃഗശാലകൾ

വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് സർവ്വകലാശാല

<u>ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ, തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി</u>

പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും

ഗ്രാമവികസനം

ടൗൺ പ്ലാനിംഗ്

പ്രാദേശിക വികസന അതോറിറ്റികൾ

കില

എക്സൈസ്

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി, വൈദ്യുതി വകുപ്പുമന്ത്രി</u>

വിദ്യുച്ഛക്തി

അനെർട്ട്

<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്, പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി</u>

പൊതുമരാമത്ത്

വിനോദസഞ്ചാരം

<u>ശ്രീ. പി. പ്രസാദ്, കൃഷി വകുപ്പുമന്ത്രി</u>

കൃഷി

സോയിൽ സർവ്വേ

സോയിൽ കൺസർവേഷൻ

കാർഷിക സർവ്വകലാശാല

വെയർഹൗസിംഗ് കോർപ്പറേഷൻ

ശ്രീ. കെ. രാധാകൃഷ്ണൻ, പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ - ദേവസ്വം വകുപ്പുമന്ത്രി

പട്ടികജാതിക്ഷേമം

പട്ടികവർഗ്ഗക്ഷേമം

പിന്നാക്കസമുദായക്ഷേമം

ദേവസ്വം

പാർലമെന്ററികാര്യം

ശ്രീ. കെ. രാജൻ, റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി

ലാൻഡ് റവന്യൂ

സർവ്വേയും ലാൻഡ് റെക്കോർഡ്സും

ലാൻഡ് റിഫോംസ്

ഭവനനിർമ്മാണം

ശ്രീ. പി. രാജീവ്, നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി

നിയമം

വ്യവസായം (സഹകരണ വ്യവസായ സ്ഥാപനങ്ങൾ ഉൾപ്പെടെ)

വാണിജ്യം

മൈനിംഗ് ആൻഡ് ജിയോളജി

കൈത്തറിയും ടെക്സ്റ്റൈലും

ഖാദി ആൻഡ് വില്ലേജ് ഇൻഡസ്ട്രീസ്

കയർ

കശുവണ്ടി വ്യവസായം

പ്ലാന്റേഷൻ ഡയറക്ടറേറ്റ്

<u>ശ്രീ. റോഷി അഗസ്റ്റിൻ, ജലവിഭവ വകുപ്പുമന്ത്രി</u>

ജലസേചനം

കമാൻഡ് ഏരിയ ഡെവലപ്മെന്റ് അതോറിറ്റി

ഭൂജല വകുപ്പ്

ശുദ്ധജലവിതരണവും ശുചീകരണവും

<u>ശ്രീ. സജി ചെറിയാൻ, മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി</u>

മത്സ്യബന്ധനം

ഹാർബർ എഞ്ചിനീയറിംഗ്

ഫിഷറീസ് സർവ്വകലാശാല

സാംസ്കാരികം

കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷൻ

കേരള ചലച്ചിത്ര അക്കാദമി

കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ്

യുവജനകാര്യം

<u>ശ്രീ. എ. കെ. ശശീന്ദ്രൻ, വനം-വന്യജീവി വകുപ്പുമന്ത്രി</u>

വനം

വന്യജീവി സംരക്ഷണം

<u>ശ്രീ. വി. ശിവൻകുട്ടി, പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി</u>

പൊതുവിദ്യാഭ്യാസം

സാക്ഷരതാ മിഷൻ

തൊഴിൽ

തൊഴിലും പരിശീലനവും

നൈപുണ്യം

പുനരധിവാസം

ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ്

ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസ്

ഇൻഡസ്ട്രിയൽ ട്രിബ്യൂണൽസ്

ലേബർ കോടതികൾ

ശ്രീ. വി. എൻ. വാസവൻ, സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി

സഹകരണം

രജിസ്ട്രേഷൻ

ശ്രീമതി വീണാ ജോർജ്ജ്, ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി

ആരോഗ്യം

കുടുംബക്ഷേമം

മെഡിക്കൽ വിദ്യാഭ്യാസം

മെഡിക്കൽ സർവ്വകലാശാല

ഇൻഡിജിനസ് മെഡിസിൻ

ആയുഷ്

ഡ്രഗ്സ് കൺട്രോൾ

വനിത-ശിശു ക്ഷേമം

# ഉള്ളടക്കം


*പേജ്*

**I ചരമോപചാരം**

കെ. ശങ്കരനാരായണപിള്ളയുടെ നിര്യാണം ... 1

**II ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ ... 2
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ ...28

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ... 28

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ...380

**III ചെയർമാൻമാരുടെ പാനൽ**

**IV അടിയന്തരപ്രമേയം**

സ്ത്രീപീഡന കേസ് ഒതുക്കിത്തീർക്കാനുള്ള ശ്രമം

– ശ്രീ. പി. സി. വിഷ്ണുനാഥ്
(അവതരണാനുമതി നിഷേധിച്ചു) ...380

**V ശ്രദ്ധ ക്ഷണിക്കൽ**

1. ഇന്ത്യക്കാർക്ക് ഏർപ്പെടുത്തിയിട്ടുള്ള യാത്രാവിലക്ക്

– ഡോ. കെ. ടി. ജലീൽ ...391

2. കോവിഡ് വ്യാപനംമൂലം സ്വകാര്യ വാഹന ഉടമകൾ നേരിടുന്ന പ്രതിസന്ധി

– ശ്രീ. റോജി എം. ജോൺ ...394

**VI സബ്മിഷൻ**

1. പി.എസ്.സി. റാങ്ക് ലിസ്റ്റുകളുടെ കാലാവധി

– പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ) ...399

2. തീരദേശ പരിപാലന നിയമത്തിൽ ഇളവ്

– ശ്രീ. എം. രാജഗോപാലൻ ...403

3. സാംസ്കാരിക കേന്ദ്രം സ്ഥാപിക്കൽ

– ശ്രീ. കെ. പി. മോഹനൻ ...405

പേജ്

4. വന്യമൃഗ ശല്യം

– ശ്രീ. ആന്റണി ജോൺ ...407

5. നാളികേര പാർക്ക്

– ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ ...410

6. കശുവണ്ടി വ്യവസായ മേഖലയിലെ പ്രതിസന്ധി

– ശ്രീ. പി. സി. വിഷ്ണുനാഥ് ...411

7. മത്സ്യബന്ധന തുറമുഖം

– ശ്രീ. ഇ. ചന്ദ്രശേഖരൻ ...414

8. ഡ്രഡ്ജിംഗ്

– ഡോ. സുജിത് വിജയൻപിള്ള ...416

9. താലൂക്കാശുപത്രിയുടെ പ്രവർത്തനം

– ശ്രീ. എ. പി. അനിൽ കുമാർ ...418

10. എസ്. എം. എ. രോഗികൾക്കുള്ള ചികിത്സാ ആനുകൂല്യങ്ങൾ

– ശ്രീ. എൻ. ഷംസുദ്ദീൻ ...420

**VII മേശപ്പുറത്തുവച്ച കടലാസുകൾ**

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ ...423

**VIII റിപ്പോർട്ട് സമർപ്പണം**

1. 2021-22 സാമ്പത്തിക വർഷത്തേക്കുള്ള പുതുക്കിയ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച I മുതൽ XIV വരെയുള്ള സബ്ജക്ട് കമ്മിറ്റികളുടെ ഒന്നാമത് റിപ്പോർട്ട് ...432

2. അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച ഒന്നാമത് സമിതിയുടെ റിപ്പോർട്ട് ...432

പേജ്

**IX ക്രമപ്രശ്നം**

നിയമസഭാ ചട്ടലംഘനം

– പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ) ...436

**റൂളിംഗ്** ...437

**X ധനകാര്യം**

2021-22 സാമ്പത്തിക വർഷത്തേക്കുള്ള പുതുക്കിയ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ധനാഭ്യർത്ഥന II – സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ ആസ്ഥാന ഉദ്യോഗസ്ഥന്മാർ ...438

ധനാഭ്യർത്ഥന III - നീതിന്യായ നിർവ്വഹണം ...438

**XI അറിയിപ്പ്**

റിപ്പോർട്ടുകൾ വെബ്സൈറ്റിൽ ലഭ്യമാക്കിയത് സംബന്ധിച്ച് ...439

**ധനകാര്യം (തുടർച്ച)** ...439

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

*2021 ജൂലൈ 22 വ്യാഴം*

| വാല്യം 185] | ഔദ്യോഗിക റിപ്പോർട്ട് | [നമ്പർ 1 |
|---|---|---|

പതിനഞ്ചാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനം 2021 ജൂലൈ മാസം 22-ാം തീയതി വ്യാഴാഴ്ച രാവിലെ 9.00 മണിക്ക് ദേശീയഗാനാലാപനത്തോടെ ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ ആരംഭിച്ചു.

(കോവിഡ്-19 പ്രോട്ടോക്കോൾ പ്രകാരം സാമൂഹ്യ അകലം പാലിച്ചുകൊണ്ട് ബഹുമാനപ്പെട്ട അംഗങ്ങൾ അവരവരുടെ ഇരിപ്പിടങ്ങളിൽ മുഖാവരണം ധരിച്ച് ഉപവിഷ്ടരായി.)

മി. സ്പീക്കർ: ഓർഡർ..... ഓർഡർ.....,

## I ചരമോപചാരം

### കെ. ശങ്കരനാരായണപിള്ളയുടെ നിര്യാണം

മി. സ്പീക്കർ: മുൻമന്ത്രി കെ. ശങ്കരനാരായണപിള്ള 19-7-2021-ന് അന്തരിച്ചു. എസ്. കുമാരപിള്ള, എൽ. മീനാക്ഷി അമ്മാൾ ദമ്പതികളുടെ മകനായി 1945 നവംബർ 3-ന് ജനിച്ച അദ്ദേഹം വിദ്യാർത്ഥി പ്രസ്ഥാനത്തിലൂടെയാണ് പൊതു പ്രവർത്തനരംഗത്തേയ്ക്ക് കടന്നുവന്നത്. കെ.എസ്.യു. ജില്ലാ പ്രസിഡന്റ്, യൂത്ത് കോൺഗ്രസ്സ് ജില്ലാ പ്രസിഡന്റ്, ഏറ്റവും പ്രായം കുറഞ്ഞ ഡി.സി.സി. പ്രസിഡന്റ്, കെ.പി.സി.സി. ജനറൽ സെക്രട്ടറി, കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് മാർക്കറ്റിംഗ് ഫെഡറേഷൻ ഡയറക്ടർ എന്നീ നിലകളിൽ പ്രവർത്തിച്ചു. പിൽക്കാലത്ത് അദ്ദേഹം കോൺഗ്രസ് (എസ്)-ൽ ചേരുകയുണ്ടായി.

ഏഴും എട്ടും കേരള നിയമസഭകളിൽ കോൺഗ്രസ്സ് (എസ്) പ്രതിനിധിയായി തിരുവനന്തപുരം ഈസ്റ്റ് നിയോജകമണ്ഡലത്തിൽനിന്നും നിയമസഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട കെ. ശങ്കരനാരായണപിള്ള 1987-1991 കാലയളവിൽ നായനാർ മന്ത്രിസഭയിൽ ഗതാഗത വകുപ്പിന്റെ ചുമതല വഹിച്ചിരുന്നു. തുടർന്ന്, കോൺഗ്രസ് (എസ്) വിട്ട കെ. ശങ്കരനാരായണപിള്ള കേരള വികാസ് പാർട്ടി

രൂപീകരിച്ചു. പിന്നീട് ആ പാർട്ടിയെ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിൽ ലയിപ്പിച്ചു. ലാളിത്യം കൈമുതലാക്കിയ മികച്ച ഒരു പൊതുപ്രവർത്തകനെയാണ് കെ. ശങ്കരനാരായണപിള്ളയുടെ നിര്യാണത്തിലൂടെ നമുക്ക് നഷ്ടമായിരിക്കുന്നത്. അന്തരിച്ച മഹത്‌വ്യക്തിയോടുള്ള ആദരസൂചകമായി നമുക്ക് അല്പസമയം എഴുന്നേറ്റ് നിൽക്കാം.

(അന്തരിച്ച മഹത്‌വ്യക്തിയോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പനേരം എഴുന്നേറ്റുനിന്ന് മൗനം ആചരിച്ചു.)

## II ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

<u>മി. സ്പീക്കർ:</u> ഓർഡർ..... ഓർഡർ..... ചോദ്യം നമ്പർ *1

### വ്യവസായ പ്രോത്സാഹനത്തിനുള്ള നടപടികൾ

1 (*1) <u>ശ്രീ. കെ. യു. ജനീഷ് കുമാർ:</u>
<u>ശ്രീ. പി. വി. അൻവർ:</u>
<u>ശ്രീ. എം. മുകേഷ്:</u>
<u>ഡോ. സുജിത് വിജയൻപിള്ള:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ സൗഹൃദാന്തരീക്ഷമില്ലെന്ന് തെറ്റിദ്ധാരണ പരത്താൻ ചിലർ ശ്രമിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ പശ്ചാത്തലത്തിൽ വ്യവസായ പ്രോത്സാഹനത്തിന് സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ;

(ബി) വ്യവസായവുമായി ബന്ധപ്പെട്ട പരാതികൾ അന്വേഷിച്ച് തീർപ്പു കല്പിക്കാൻ പുതിയ സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) കേന്ദ്ര സർക്കാരിന്റെ 2020-ലെ ബിസിനസ് റിഫോം ആക്ഷൻ പ്ലാൻ അനുസരിച്ച് സംസ്ഥാന സർക്കാർ പൂർത്തിയാക്കേണ്ട ദൗത്യങ്ങളിൽ എത്രയെണ്ണം പൂർത്തിയാക്കിയിട്ടുണ്ട് എന്ന് അറിയിക്കുമോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (<u>ശ്രീ. പി. രാജീവ്</u>): സർ, (എ) വ്യവസായ സൗഹൃദാന്തരീക്ഷം ഒരു പ്രത്യേക നയമായി സംസ്ഥാന സർക്കാർ ഏറ്റെടുത്തിട്ടുണ്ട്. വ്യവസായ രംഗത്ത് കൂടുതൽ നിക്ഷേപം ആകർഷിക്കുവാനും

സംരംഭങ്ങൾ തുടങ്ങുന്ന പ്രക്രിയ സുഗമമാക്കുന്നതിനും ഉതകുന്ന വിവിധ നിയമ നിർമ്മാണങ്ങൾ കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് നടത്തുകയുണ്ടായി. '2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും നിയമം' സർക്കാർ കൊണ്ടു വന്നു. നിലവിലെ ഏഴ് നിയമങ്ങളിൽ വേണ്ട ഭേദഗതികൾ വരുത്തിയാണ് മേൽപ്പറഞ്ഞ നിയമം കൊണ്ടുവന്നത്. ഈ നിയമപ്രകാരം പുതിയതും നിലവിലുള്ളതുമായ വ്യവസായിക സംരംഭങ്ങൾക്ക് വിവിധ അനുമതികൾ ലഭ്യമാക്കാൻ Kerala Single Window Interface for Fast and Transparent Clearance (KSWIFT) എന്ന പേരിൽ ഒരു ഓൺലൈൻ ഏകജാലക സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. നാഷണൽ ഇൻഫോർമാറ്റിക് സെന്റർ (എൻ.ഐ.സി.) വഴി കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ (കെ.എസ്.ഐ.ഡി.സി.) ആണ് KSWIFT ഓൺലൈൻ ഏകജാലക സംവിധാനത്തിന്റെ മേൽനോട്ടം വഹിക്കുന്നത്. ഈ സംവിധാനം വഴി അപേക്ഷ സമർപ്പിച്ച ദിവസം മുതൽ 30 ദിവസത്തിനുള്ളിൽ സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള എല്ലാ അനുമതികളും അതാത് വകുപ്പുകൾ ലഭ്യമാക്കുന്നതാണ്. അല്ലാത്തപക്ഷം അപേക്ഷകർക്ക് ഏകജാലക ബോർഡിന്റെ കല്പിത അനുമതി ലഭ്യമാകുന്നതാണ്. ഇതോടൊപ്പം '2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമം' സംസ്ഥാന സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. ഈ നിയമപ്രകാരം 10 കോടി രൂപയിൽ താഴെ നിക്ഷേപമുള്ളതും മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവന്ന കാറ്റഗറിയിൽ പ്പെടാത്തതുമായ സ്ഥാപനങ്ങൾക്ക് മൂന്നുവർഷംവരെ സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള ലൈസൻസുകൾ എടുക്കേണ്ടതില്ല. സ്വയം സാക്ഷ്യപ്പെടുത്തിയ ഓൺലൈൻ സത്യവാങ്മൂലം സമർപ്പിച്ച് വ്യവസായം തുടങ്ങാൻ സാധിക്കുന്നതാണ്. KSWIFT ഓൺലൈൻ ഏകജാലക സംവിധാനം വഴി മേൽസൂചിപ്പിച്ച സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങൾക്ക് 'M.S.M.E Acknowledgement Certificate' ലഭ്യമാകുന്നതുമാണ്. മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവന്ന കാറ്റഗറിയിൽ പെടാത്ത M.S.M.E-ഇതര വ്യവസായങ്ങൾക്ക് ഒരു വർഷത്തേയ്ക്ക് സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള ചില അനുമതികൾ ഒഴിവാക്കിക്കൊണ്ട് മേൽസൂചിപ്പിച്ച 2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമത്തിൽ ഭേദഗതി വരുത്തി ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഇത്തരം വ്യവസായങ്ങൾക്ക് അനുമതി കൊടുക്കുന്നതിന് ഒരു ഇൻവെസ്റ്റ്മെന്റ് ഫെസിലിറ്റേഷൻ ബ്യൂറോ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്ത് വ്യവസായ നിക്ഷേപം ആകർഷിക്കുന്നതിനുവേണ്ടി വിവിധ സാമ്പത്തിക സഹായ പദ്ധതികൾ DIC, KSIDC, KINFRA എന്നിവ മുഖേന ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. ജില്ലാ വ്യവസായ കേന്ദ്രങ്ങളുമായി ബന്ധപ്പെട്ട് വ്യവസായ സംരംഭങ്ങൾ നടത്തുന്നവരുടെയും പുതുതായി തുടങ്ങാൻ ആഗ്രഹിക്കുന്നവരുടെയും പരാതികളും പ്രശ്നങ്ങളും നേരിട്ട് കേൾക്കുന്നതിന് ജില്ലാ തലത്തിൽ 'മീറ്റ് ദി മിനിസ്റ്റർ' പരിപാടി ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നുണ്ട്. പരാതി പരിഹരിക്കുന്നതിന്റെ തുടർ

നടപടികൾക്ക് മേൽനോട്ടം വഹിക്കുന്നതിന് വകുപ്പിലെ മുതിർന്ന IAS ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വ്യവസായ സംരംഭകർക്ക് ഭൂമി നല്കുന്നതിന് ഏകീകൃത വ്യവസ്ഥ ഉൾപ്പെടുത്തിക്കൊണ്ടുള്ള Unified Land Lease Policy പുറപ്പെടുവിക്കുന്നതാണ്. കാലഹരണപ്പെട്ട നിയമങ്ങളും ചട്ടങ്ങളുമുണ്ടെങ്കിൽ ആയത് പരിശോധിച്ച് കാലാനുസൃതമായ മാറ്റം വരുത്തുന്നതിനുള്ള കരട് നിർദ്ദേശം സമർപ്പിക്കുന്നതിന് മൂന്നംഗ വിദഗ്ദ്ധ സമിതിയെ നിയമിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ചെറുകിട വ്യവസായ സംരംഭങ്ങളുടെ ഉല്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനും വിൽക്കുന്നതിനുമായി 75 കോടി രൂപ ചെലവാക്കി അന്തർദേശീയ നിലവാരത്തിലുള്ള ഒരു Exhibition-cum-Trade Centre കൊച്ചിയിൽ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. വ്യവസായ സ്ഥാപനങ്ങളിലെ പരിശോധനാ സംവിധാനം പുനഃക്രമീകരിച്ചുകൊണ്ട് വിവിധ വകുപ്പുകൾ ഉൾപ്പെടുന്ന സോഫ്റ്റ്‌വെയർ അധിഷ്ഠിത ഏകീകൃത പരിശോധനാ സംവിധാനം ആരംഭിക്കുന്നതാണ്. രണ്ട് മാസത്തിനുള്ളിൽ വിവിധ തലത്തിലുള്ള വ്യവസായ സംഘടനാ പ്രതിനിധികളുമായി ആറ് തവണ ഇതിനകം ആശയവിനിമയം നടത്തി നിർദ്ദേശങ്ങൾ സ്വീകരിച്ചിട്ടുണ്ട്. ഇത്തരത്തിൽ ക്രിയാത്മകമായ പ്രവർത്തനങ്ങൾ സർക്കാർ സ്വീകരിച്ചുവരുന്ന വേളയിലും വസ്തുതാപരമല്ലാതെ ചില തെറ്റായ പ്രചരണങ്ങൾ ചിലർ ബോധപൂർവ്വം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നിക്ഷേപകരുടെ പരാതി, ബുദ്ധിമുട്ടുകൾ എന്നിവ സമയബന്ധിതമായി പരിഹരിക്കാൻ സംസ്ഥാനത്ത് ഒരു സ്റ്റാറ്റ്യൂട്ടറി ഗ്രീവൻസ് റിഡ്രസ്സൽ കമ്മിറ്റി രൂപീകരിക്കുവാനുള്ള നിയമനിർമ്മാണം കൊണ്ടുവരാൻ 20-5-2021-ൽ കൂടിയ ഈ സർക്കാരിന്റെ ആദ്യ മന്ത്രിസഭാ യോഗത്തിൽ തീരുമാനിക്കുകയും സ്റ്റാറ്റ്യൂട്ടറി റിഡ്രസ്സൽ കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള നിയമനിർമ്മാണത്തിനുള്ള നടപടികൾ അന്തിമഘട്ടത്തിലുമാണ്.

(സി) കേന്ദ്ര സർക്കാരിന്റെ 2020-ലെ ബിസിനസ്സ് റിഫോം ആക്ഷൻ പ്ലാൻ അനുസരിച്ച് 301 ദൗത്യങ്ങളാണ് പൂർത്തീകരിക്കാൻ നിർദ്ദേശിച്ചിരുന്നത്. ഇവയിൽ 47 ദൗത്യങ്ങൾ കേരളത്തിന് ബാധകമല്ലാത്തതാണ്. സംസ്ഥാനത്തിന് ബാധകമായ ബാക്കിയുള്ള 254 ദൗത്യങ്ങളിൽ 238 എണ്ണം പൂർത്തിയാക്കിയിട്ടുണ്ട്. ഇപ്രകാരം 94% ദൗത്യങ്ങളും സംസ്ഥാനം പൂർത്തീകരിച്ചിട്ടുണ്ട്.

മി. സ്പീക്കർ: ചോദ്യം നമ്പർ *1 ചോദ്യം നമ്പർ *24-ഉം ആയി ക്ലബ്ബ് ചെയ്യുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ട്. സമാനമായ ചോദ്യങ്ങളല്ലാത്തതിനാൽ ക്ലബ്ബിംഗ് അനുവദിക്കുന്നില്ല.

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, രണ്ടാം പിണറായി വിജയൻ സർക്കാരിലെ വ്യവസായ വകുപ്പുമന്ത്രി ചുരുങ്ങിയ കാലയളവിൽ കേരളത്തിന്റെ വ്യവസായ വികസനത്തിനുവേണ്ടി സ്വീകരിച്ച നടപടികളെല്ലാം പ്രശംസനീയമാണ്. വ്യവസായം ആകർഷിക്കുന്നതിനുവേണ്ടി പ്രമുഖ വ്യവസായികളുമായി നടത്തിയ

കൂടിയാലോചനകളും സംരംഭകരുടെ പരാതികൾ സ്വീകരിക്കുന്നതിനുവേണ്ടി സംഘടിപ്പിച്ച 'മീറ്റ് ദ മിനിസ്റ്റർ' പരിപാടിയും ശ്ലാഘനീയമാണ്. കേരളത്തിൽ പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് തയ്യാറായി പ്രമുഖ കമ്പനികൾ മുന്നോട്ടു വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; കരാർ ഒപ്പുവച്ച പദ്ധതികൾ വേഗത്തിൽ തുടങ്ങാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. പി. രാജീവ്: സർ, കേരളത്തിൽ നിക്ഷേപം നടത്തുന്നതിന് നിരവധി വ്യവസായ സംരംഭകർ താല്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് അടുത്ത ദിവസങ്ങളിലായുണ്ടായ പുരോഗതി നിയമസഭയെ അറിയിക്കുന്നതിൽ ഏറെ സന്തോഷമുണ്ട്. 2021 ജൂലൈ 14-ാം തീയതി ചേർന്ന ടാറ്റാ കൺസൾട്ടൻസി സർവ്വീസസ് (ടി.സി.എസ്.)-ന്റെ ബോർഡ് യോഗം കിൻഫ്രയുമായി ഒരു ധാരണാപത്രം ഒപ്പുവയ്ക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. 36.838 ഏക്കർ സ്ഥലത്ത് ആദ്യഘട്ടത്തിൽ 600 കോടി രൂപ മുതൽമുടക്കിൽ ഒരു ക്യാമ്പസ് സ്ഥാപിക്കുകയാണ് ചെയ്യുന്നത്. അതിനുള്ള മെമ്മോറാണ്ടം ഓഫ് അണ്ടർസ്റ്റാൻഡിംഗ് ജൂലൈ മാസം തന്നെ ഒപ്പുവയ്ക്കും. രണ്ടാംഘട്ടത്തിൽ 750 കോടി രൂപയാണ് മുതൽമുടക്കുന്നത്. അപ്രകാരമുള്ള 1350 കോടി രൂപയുടെ പദ്ധതിക്ക് ജൂലൈ 14-ാം തീയതിയിലെ ബോർഡ് യോഗം അംഗീകാരം നൽകിയിട്ടുണ്ട്. സംസ്ഥാനത്ത് വരുന്ന അഞ്ച് മുതൽ ഏഴ് വർഷം കൊണ്ട് ഏകദേശം 20,000 തൊഴിലവസരങ്ങൾ സൃഷ്ടിക്കാനുള്ള തീരുമാനമാണ് ഈ ഘട്ടത്തിലെടുത്തിട്ടുള്ളത്. അവിടെത്തന്നെ വി-ഗാർഡ് ഇൻഡസ്ട്രീസും 120 കോടി രൂപയുടെ നിക്ഷേപത്തിനുള്ള അപേക്ഷ സമർപ്പിക്കുകയും സ്ഥലം അലോട്ട് ചെയ്തുകഴിഞ്ഞിട്ടുമുണ്ട്. 800 തൊഴിലവസരങ്ങൾ സൃഷ്ടിക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. Tata Elxsi 67 കോടി രൂപ ചെലവിലുള്ള ഒരു നിക്ഷേപപദ്ധതി തിരുവനന്തപുരത്ത് കിൻഫ്ര ഫിലിം വീഡിയോ പാർക്കിലാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. അതിനുള്ള എം.ഒ.യു-വും കഴിഞ്ഞദിവസം ഒപ്പുവച്ചിട്ടുണ്ട്. ലുലു ഗ്രൂപ്പ് തിരുവനന്തപുരത്ത് കിൻഫ്ര ഇന്റർനാഷണൽ അപ്പാരൽ പാർക്കിൽ 700 ലക്ഷം രൂപ മുതൽമുടക്കിൽ ഒരു ഇലക്ട്രോണിക് വെയർഹൗസിംഗ് യൂണിറ്റ് സ്ഥാപിക്കുന്നുണ്ട്. ഇതുവഴി 850-ഓളം പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയും. എറണാകുളത്ത് ഹൈടെക് പാർക്കിൽ ഫെയർ എക്സ്പോർട്ട്സ് 200 കോടി രൂപ മുതൽമുടക്കിൽ നടപ്പിലാക്കുന്ന ഫുഡ് പ്രോസസ്സിംഗ് യൂണിറ്റിന് സ്ഥലം അലോട്ട് ചെയ്തുകഴിഞ്ഞു. ഇതിലൂടെ 750 പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുമെന്നാണ് കരുതുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി 2021 ഫെബ്രുവരി 9-ന് കിൻഫ്രയിലെ പെട്രോകെമിക്കൽ പാർക്കിന്റെ ശിലാസ്ഥാപനം നിർവ്വഹിച്ചിരുന്നു. 30 മാസത്തിനുള്ളിൽ എല്ലാ നിർമ്മാണപ്രവർത്തനങ്ങളും പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ നടന്നുവരികയാണ്. 475 കോടി രൂപയുടെ നിക്ഷേപവും 1573

തൊഴിലവസരങ്ങളും ഇതുവഴി ഉണ്ടായിട്ടുണ്ട്. ഇതുകൂടാതെ, പാലക്കാട് ജില്ലയിലെ മെഗാ ഫുഡ് പാർക്ക്, ചേർത്തലയിലെ ഫുഡ് പാർക്ക് എന്നീ പദ്ധതികളും നടപ്പിലാക്കിവരുന്നുണ്ട്. ഡോ. കെ. എം. ചെറിയാൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് - 185 കോടി രൂപ (ഹെൽത്ത് കെയർ), ഹൈടെക് വെഞ്ച്വേഴ്സ് - 194 കോടി രൂപ (ഹെൽത്ത് കെയർ), ജോയ്സ് ദ ബീച്ച് റിസോർട്ട്-172 കോടി രൂപ (ടൂറിസം) എന്നിങ്ങനെ കെ.എസ്.ഐ.ഡി.സി-യുമായി ബന്ധപ്പെട്ട് 100 കോടി രൂപയിലധികം നിക്ഷേപം വരുന്ന പദ്ധതികളുമുണ്ട്. പുതിയ ഏകജാലക സംവിധാനം നിലവിൽ വന്നതിനുശേഷം വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലോജിസ്റ്റിക് ഉൾപ്പെടെയുള്ള നിരവധി വൻകിട പദ്ധതികൾക്ക് അതിവേഗത്തിൽ അനുമതി നൽകാൻ കഴിഞ്ഞിട്ടുണ്ടെന്ന കാര്യംകൂടി അറിയിക്കാൻ ആഗ്രഹിക്കുന്നു.

കഴിഞ്ഞ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഈ സർക്കാരിന്റെ കാലാവധി വരെ ഏകദേശം 100 ശതമാനം വർദ്ധനവാണ് എം.എസ്.എം.ഇ-കളുടെ കാര്യത്തിൽ കേരളത്തിലുണ്ടായിട്ടുള്ളത്. 140,000 എം.എസ്.എം.ഇ-കളാണ് ഇപ്പോൾ സംസ്ഥാനത്തുള്ളത്. കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ 68,000 എം.എസ്.എം.ഇ-കൾ പുതുതായി നിലവിൽവന്നു. ഈ സർക്കാർ അധികാരത്തിൽവന്ന് രണ്ടുമാസത്തിനകം 920 പുതിയ എം.എസ്.എം.ഇ-കൾകൂടി രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേരള ചരിത്രത്തിലെ ഏറ്റവും വലിയ വർദ്ധനവ് എം.എസ്.എം.ഇ-കളുടെ കാര്യത്തിലുണ്ടാക്കാൻ കഴിഞ്ഞ സർക്കാരിനും അതിന്റെ തുടർച്ചയായിവന്ന ഈ സർക്കാരിനും കഴിയുന്നുവെന്നത് നമുക്കെല്ലാവർക്കും അഭിമാനകരമാണ്.

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, നമ്മുടെ ആരോഗ്യമേഖല ഇപ്പോൾ പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുകയാണ്. ആരോഗ്യമേഖലയ്ക്കാവശ്യമായ മെഡിക്കൽ എക്യുപ്മെന്റ്സും മറ്റ് ഉൽപ്പന്നങ്ങളും കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കുവാൻ വ്യവസായ വകുപ്പ് നടപടി സ്വീകരിക്കുമോ?

ശ്രീ. പി. രാജീവ്: സർ, ഇന്ത്യയിൽ മരുന്ന് ഉപഭോഗത്തിൽ ഒന്നാം സ്ഥാനത്ത് നിൽക്കുന്നത് കേരളമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദ്ദേശപ്രകാരം ആരോഗ്യ വകുപ്പുമന്ത്രിയും ഞാനും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ വിപുലമായൊരു യോഗം കഴിഞ്ഞ ദിവസം വിളിച്ചുചേർക്കുകയുണ്ടായി. സംസ്ഥാനത്തിനാവശ്യമായ മരുന്നുകൾ, മെഡിക്കൽ എക്യുപ്മെന്റുകൾ, ലാബ് കൺസ്യൂമബിൾസ് എന്നിവയുടെ വ്യക്തമായ കണക്കുകൾ സംബന്ധിച്ച് ഒരു പ്രാഥമിക പഠനം നടത്തിയിട്ടുണ്ട്. ഇതുകൂടാതെ കോവിഡ് പ്രതിരോധത്തിനാവശ്യമായ സാനിറ്റൈസർ, ഗ്ലൗസ്, പി.പി.ഇ. കിറ്റ് തുടങ്ങിയവ 100 ശതമാനവും കേരളത്തിൽത്തന്നെ ഉൽപ്പാദിപ്പിക്കാൻ കഴിയുന്നുവെന്നത് നമുക്ക് ഏറെ അഭിമാനകരമാണ്. മറ്റ് കാര്യങ്ങൾ സമയബന്ധിതമായി

നടപ്പിലാക്കുന്നത് സംബന്ധിച്ച് ആലോചിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കേരളത്തിൽ ഫാർമസ്യൂട്ടിക്കൽസ് പാർക്കും മെഡിക്കൽ ഡിവൈസസിന്റെയും കൺസ്യൂമബിൾസിന്റെയും പാർക്കും ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. Federation of Indian Chambers of Commerce & Industry (FICCI)-യും Confederation of Indian Industry (CII)-യുമായി നടന്ന ചർച്ചയിൽ ഇതിനാവശ്യമായുള്ള നിക്ഷേപകരെ കൊണ്ടുവരാനും തീരുമാനിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയും ഞാനുംകൂടി പങ്കെടുത്ത യോഗത്തിൽ ഇത്തരം കാര്യങ്ങൾക്ക് മേൽനോട്ടം വഹിക്കാൻ ഇരുവകുപ്പുകളുടെയും പ്രധാനപ്പെട്ട ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ ഒരു കമ്മിറ്റിയെക്കൂടി ചുമതലപ്പെടുത്തിയിട്ടുണ്ടെന്ന കാര്യവും അറിയിക്കുകയാണ്.

ശ്രീ. പി. വി. അൻവറിനുപകരം ശ്രീ. പി. നന്ദകുമാർ: സർ, ഏകജാലക സംവിധാനം ശക്തിപ്പെടുത്തുന്നതോടൊപ്പം കാലഹരണപ്പെട്ട നിയമങ്ങളും ചട്ടങ്ങളും മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. പി. രാജീവ്: സർ, നമ്മുടെ രാജ്യത്ത് നിലനിൽക്കുന്ന നിയമങ്ങൾ പലതും കൊളോണിയൻ കാലഘട്ടത്തിലുള്ളതാണ്. അതിന്റെ ഭാഗമായി നിയമങ്ങളിലും ചട്ടങ്ങളിലും കാലഹരണപ്പെട്ട പല വകുപ്പുകളുമുണ്ട്. അത്യാധുനിക വാട്ടർ കൂളറുകളും മറ്റ് അക്വാഫിൽറ്റർ സംവിധാനങ്ങളുമൊക്കെയുണ്ടെങ്കിലും വ്യവസായശാലയിൽ മൺകൂജയിൽത്തന്നെ കുടിവെള്ളം നൽകണമെന്നാണ് നിലവിലുള്ള ചട്ടം. അത്യാധുനിക ടോയ്‌ലെറ്റുകളൊക്കെയുണ്ടെങ്കിലും തുപ്പൽ കോളാമ്പികൾ നിർബന്ധമായുണ്ടായിരിക്കണം. അല്ലെങ്കിൽ രണ്ട് വർഷത്തോളം ജയിൽശിക്ഷ ലഭിക്കാവുന്ന കുറ്റമാണ്. കേരളത്തിൽ മാത്രമല്ല ഇന്ത്യയിലെ മിക്കവാറും സംസ്ഥാനങ്ങളിലും ഫാക്ടറീസ് ആക്ടിന്റെ ചട്ടങ്ങളിൽ ഇത്തരത്തിലുള്ള വ്യവസ്ഥയാണ് നിലനിൽക്കുന്നത്. ഇത്തരം കാര്യങ്ങൾ പരിശോധിക്കുന്നതിനും എല്ലാ വിഭാഗക്കാരുടെയും അഭിപ്രായം ആരായുന്നതിനും കാലഹരണപ്പെട്ട നിയമങ്ങളും ചട്ടങ്ങളും സംബന്ധിച്ച് ക്രോഡീകരിച്ച റിപ്പോർട്ട് സമർപ്പിക്കുന്നതിനും മൂന്നംഗ കമ്മിറ്റിയെ നിയമിക്കാൻ വ്യവസായ വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. എല്ലാ മേഖലകളിൽനിന്നുമുള്ള അഭിപ്രായം സ്വീകരിച്ചുകൊണ്ട് കാലികമായ നിയമ സംവിധാനമുണ്ടാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

ശ്രീ. എം. മുകേഷ്: സർ, ഏകജാലക സംവിധാനം മുഖേന എത്ര പ്രധാന പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്?

ശ്രീ. പി. രാജീവ്: സർ, ഏകജാലക സംവിധാനം മുഖേന അംഗീകാരം നൽകിയിട്ടുള്ള പ്രധാന പദ്ധതികൾ താഴെപ്പറയുന്നവയാണ്.

| Sl. No. | Project | Sector | Project Cost (Rs. Cr.) |
|---|---|---|---|
| 1 | Vizhinjam International Seaport | Logistics | 7525.00 |
| 2 | 600-bed Multispeciality Hospital in TVM by M/s. Aster DM Healthcare | Healthcare | 600.00 |
| 3 | 10 room 5-Star Hotel in Vizhinjam by M/s. Raviz Kovalam | Tourism | 600.00 |
| 4 | Private Integrated IT & Hitech Park in Mannuthy, TSR by M/s. Malabar Group | IT Infrastructure | 1200.00 |
| 5 | Mega Food Park at Cherthala | Food Processing | 129.00 |
| 6 | PTL Enterprises Ltd. | Manufacturing | 250.00 |
| 7 | Believers Church Medical College | Healthcare | 539.00 |
| 8 | Lakeshore Hopital & Research Centre | Healthcare | 300.00 |
| 9 | KIMS Hospital, TVM (Expansion) | Healthcare | 290.00 |
| 10 | Anna Aluminium (P) Ltd., Ernakulam | Manufacturing | 120.00 |
| 11 | Aster DM Healthcare Ltd., Ernakulam | Healthcare | 85.00 |

ഇതുകൂടാതെ ജില്ലാതലത്തിലും ഏകജാലക സംവിധാനമുണ്ട്. അതിനൊരു ബോർഡും പ്രവർത്തിക്കുന്നുണ്ട്. ഈ സംവിധാനങ്ങൾക്കൊപ്പം നാല് തരത്തിലുള്ള വ്യവസായ പാർക്കുകളും എസ്റ്റേറ്റുകളും കേരളത്തിലുണ്ട്. അതിലൊന്ന് വ്യവസായ കേന്ദ്രത്തിന്റേതാണ്. മറ്റുള്ളവ സിഡ്കോയുടെയും കിൻഫ്രയുടെയും കെ.എസ്.ഐ.ഡി.സി-യുടേയുമാണ്. ഈ നാല് തരത്തിലുള്ള വ്യവസായ പാർക്കുകളിലും അതിവേഗത്തിൽ അനുമതി ലഭിക്കുന്നതിന് ഒരു ഏകജാലക സംവിധാനം ആരംഭിക്കാൻ ബോർഡ് തീരുമാനിച്ചിട്ടുണ്ട്. കിൻഫ്രയുടെ പാർക്കുകളിൽ വൈദ്യുതി നൽകുന്നത് അവരുടെതന്നെ സബ്സിഡിയറി കമ്പനിയാണ്. 24 മണിക്കൂറിനുള്ളിൽ ഈ വ്യവസായശാലകൾക്ക് അനുമതി നൽകുന്നതിനുള്ള സൗകര്യം കിൻഫ്രയുടെ എല്ലാ പാർക്കുകളിലും ഒരുക്കിയിട്ടുണ്ടെന്ന കാര്യം അറിയിക്കാൻ ആഗ്രഹിക്കുന്നു. അതോടൊപ്പം ഏകീകൃത മാലിന്യ നിർമ്മാർജ്ജന സംവിധാനം കേരളത്തിലെ ഇത്തരം വ്യവസായ പാർക്കുകളിൽ ഇപ്പോൾത്തന്നെ നിലവിലുണ്ടെന്ന കാര്യംകൂടി അറിയിക്കുന്നു.

ഡോ. സുജിത് വിജയൻപിള്ള: സർ, പൊതുമേഖലാ സ്ഥാപനങ്ങളെ ആധുനികവൽക്കരിക്കുന്നതിനും വൈവിദ്ധ്യവൽക്കരിക്കുന്നതിനുമായി എന്തെങ്കിലും മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; ഏതുതരത്തിലാണ് മാസ്റ്റർ പ്ലാൻ രൂപീകരിച്ചിരിക്കുന്നത്; ഇതിൽ ചവറ കെ.എം.എം.എൽ-നെ ഉൾപ്പെടുത്തിയിട്ടുണ്ടോ?

ശ്രീ. പി. രാജീവ്: സർ, കഴിഞ്ഞ സർക്കാരിന്റെ കാലഘട്ടത്തിൽത്തന്നെ പൊതുമേഖലാ സ്ഥാപനങ്ങളെ മെച്ചപ്പെടുത്തുന്നതിനും ലാഭകരമാക്കുന്നതിനുമുള്ള കർമ്മപദ്ധതി നടപ്പിലാക്കിയതിലൂടെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനത്തിലും വലിയ മാറ്റമുണ്ടായി. ഈ സർക്കാർ അധികാരത്തിൽ വന്നയുടനെ എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളുടെയും മാനേജിംഗ് ഡയറക്ടർമാരുടെ യോഗം വിളിച്ചു ചേർക്കുകയുണ്ടായി. അതിന്റെയടിസ്ഥാനത്തിൽ കേരളത്തിലെ വ്യവസായ വകുപ്പിന്റെ കീഴിലുള്ള 42 പൊതുമേഖലാ സ്ഥാപനങ്ങളെ കെമിക്കൽ, ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ്, വുഡ് ബെയ്സ്ഡ് ഇൻഡസ്ട്രി, ട്രഡീഷണൽ ഇൻഡസ്ട്രി, സെറാമിക് ഇൻഡസ്ട്രി എന്നിങ്ങനെ ഏഴ് കാറ്റഗറിയായി തിരിക്കുകയും ഇവയ്ക്ക് പ്രത്യേക കോർ കമ്മിറ്റി രൂപീകരിക്കുകയും ചെയ്തു. അവരുടെ നേതൃത്വത്തിൽ ഓരോ സ്ഥാപനത്തിനും 1 വർഷം, 5 വർഷം, 10 വർഷം എന്നിങ്ങനെ ഷോർട്ട് ടേം, മിഡ് ടേം, ലോംഗ് ടേം മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ തീരുമാനിച്ചിട്ടുണ്ട്. കെ.എം.എം.എൽ. ആദ്യത്തെ കാറ്റഗറിയിലാണ് വരുന്നത്. 42 പൊതുമേഖലാ സ്ഥാപനങ്ങളും അവരുടെ കരട് മാസ്റ്റർ പ്ലാൻ ജൂലൈ 15-നകം തയ്യാറാക്കി നൽകിയിരുന്നു. ഇതിനായി വിപുലമായ പദ്ധതിയാണ് മുന്നോട്ടുവച്ചിട്ടുള്ളത്. വകുപ്പുമന്ത്രിയും മുതിർന്ന ഐ.എ.എസ്. ഉദ്യോഗസ്ഥരും ഓരോ കാറ്റഗറിയിലേയും രണ്ടിൽ കുറയാത്ത വിദഗ്ദ്ധരും ചേർന്ന്

ഈ മാസ്റ്റർ പ്ലാനുകളുടെ പ്രസന്റേഷൻ കാണുകയും വിദഗ്ദ്ധരുടെ നിർദ്ദേശങ്ങൾ പ്രത്യേകം ക്രോഡീകരിക്കുകയും ചെയ്തിട്ടുണ്ട്. അതിന്റെയടിസ്ഥാനത്തിൽ കരട് മാസ്റ്റർ പ്ലാനുകൾ ഒന്നുകൂടി സമഗ്രമാക്കി അതാത് വ്യവസായശാലകളിലെ ട്രേഡ് യൂണിയനുകളും മാനേജീരിയൽ കേഡറിൽപ്പെട്ടവരുമായി ചർച്ച ചെയ്ത് സ്ഥാപനത്തിന്റെ പൊതുവെ അംഗീകാരമുള്ള മാസ്റ്റർ പ്ലാനാക്കി മാറ്റി ആഗസ്റ്റ് 15-നകം സമർപ്പിക്കണമെന്ന് പറഞ്ഞിട്ടുണ്ട്. അത് പരിശോധിക്കുന്നതിനായി മാനേജ്മെന്റ്, ടെക്നോളജി, ഫിനാൻഷ്യൽ എന്നീ മേഖലകളിലെ വിദഗ്ദ്ധരെയും നേരത്തെ സൂചിപ്പിച്ച ഏഴ് കാറ്റഗറിയിലെ സവിശേഷ വൈദഗ്ദ്ധ്യമുള്ളവരെയുമുൾപ്പെടുത്തി രൂപീകരിക്കുന്ന കമ്മിറ്റിയുടെ പരിശോധനയ്ക്കുശേഷം ഈ പദ്ധതികൾ നടപ്പിലാക്കാനായി റോഡ് മാപ്പും ആക്ഷൻ പ്ലാനും തയ്യാറാക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

<u>ശ്രീ. പി. ടി. തോമസ്</u>: സർ, ഡൈയിംഗ്, ബ്ലീച്ചിംഗ്, പ്രിന്റിംഗ് കമ്പനികൾ റിവേഴ്സ് ഓസ്മോസിസ് സിസ്റ്റം സ്ഥാപിച്ച് റിജക്ട് മാനേജ്മെന്റ് സിസ്റ്റം (ആർ.എം.എസ്.) നടപ്പാക്കി സീറോ ലിക്വിഡ് ഡിസ്ചാർജ്ജ് സംവിധാനം ഒരുക്കണമെന്നിരിക്കെ, ശാസിക്കാൻ അധികാരമുള്ള മുഖ്യമന്ത്രിയുള്ള കേരളത്തിൽ വ്യവസായം പൊട്ടക്കുളത്തിലെ തവളയാണെന്ന് പ്രചരണം നടക്കുമ്പോൾ പ്രകൃതി സമ്പത്തുക്കളായ ജലം, വായു, ഭൂമി ഇവ നശിപ്പിക്കുന്ന വ്യവസായങ്ങളെ നിയന്ത്രിക്കാൻ ഗവൺമെന്റ് എന്ത് നിലപാടാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ശ്രീ. പി. രാജീവ്</u>: സർ, ഈ ഗവൺമെന്റ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ വ്യക്തമായ കാഴ്ചപ്പാടോടുകൂടിയാണ് പ്രവർത്തിക്കുന്നത്. ഉത്തരവാദിത്വ നിക്ഷേപം-ഉത്തരവാദിത്വ വ്യവസായം എന്ന ആശയമാണ് മുന്നോട്ടുവയ്ക്കുന്നത്. ശ്രീ. പി. ടി. തോമസ് ചോദിച്ചതുപോലെ, പ്രകൃതിവിഭവങ്ങളെ സംരക്ഷിച്ചുകൊണ്ട് നിയമവിധേയമായ വ്യവസായങ്ങൾ ആകർഷിക്കാനാണ് ഗവൺമെന്റ് ശ്രമിക്കുന്നത്. സംസ്ഥാനത്തെ എല്ലാ വ്യവസായങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് പ്രവർത്തിക്കുന്നവയാണ്. നിലവിലെ നിയമങ്ങളും ചട്ടങ്ങളും കാലഹരണപ്പെട്ടതാണോ, അപ്രസക്തമാണോ, ഒഴിവാക്കപ്പെടേണ്ടതാണോ തുടങ്ങിയ കാര്യങ്ങൾ പരിശോധിക്കാൻ ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. അത്തരം കാര്യങ്ങൾ പ്രസ്തുത കമ്മിറ്റി മുമ്പാകെ ചർച്ച ചെയ്യാം, കമ്മിറ്റിയുടെ അഭിപ്രായം സഭയിൽ ചർച്ച ചെയ്യും. നിയമങ്ങളിൽ കാലോചിതമായ ഭേദഗതികൾ ആവശ്യമാണെങ്കിൽ വരുത്തേണ്ടിവരും. നിലവിലുള്ള നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായി പ്രവർത്തിക്കുന്ന വ്യവസായശാലകളാണ് ഈ സംസ്ഥാനത്ത് വേണ്ടത്. അതിൽ പരിശോധന നടത്തുന്നതിന് കേന്ദ്രീകൃത സംവിധാനം ആവശ്യമാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. അതുകൊണ്ടാണ് സോഫ്റ്റ്വെയർ ബേസ്ഡായിട്ടുള്ള ഒരു പരിശോധനാ സംവിധാനം വേണമെന്ന് നേരത്തെ പറഞ്ഞത്. കേരളത്തിലെ വ്യവസായശാലകളിൽ പലതരത്തിലുള്ള പരിശോധനകൾ

നടക്കുന്നുണ്ട്. ആരോഗ്യം, പൊല്യൂഷൻ കൺട്രോൾ ബോർഡ്, ലേബർ ഡിപ്പാർട്ടുമെന്റ്, ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ്, ലീഗൽ മെട്രോളജി, ഫയർ ഡിപ്പാർട്ടുമെന്റ് ഇങ്ങനെ ആറ് മേഖലകളിൽ നിന്നുള്ള പ്രധാന പരിശോധനകളാണ് നിലവിലുള്ള നിയമപ്രകാരം നടക്കുന്നത്. ഇതൊന്നും വ്യവസായ വകുപ്പിന്റെ നിയന്ത്രണത്തിൽ വരുന്ന സംവിധാനങ്ങളല്ല. ഈ സംവിധാനങ്ങളെല്ലാം കോർത്തിണക്കി ഒരു സെൻട്രലൈസ്ഡ് സംവിധാനം കൊണ്ടുവരുന്നുണ്ട്. ആ സംവിധാനം പ്രാബല്യത്തിൽ വന്നാൽ ലോ റിസ്ക്, മിഡിൽ റിസ്ക് വ്യവസായ ശാലകളിൽ ഓൺലൈൻ പരിശോധന മതിയാകും. ഹൈ റിസ്ക് വ്യവസായശാലകളിൽ റാൻഡം പരിശോധന നടത്താനാണ് ഉദ്ദേശിക്കുന്നത്. ഏത് വ്യവസായശാലയിൽ പരിശോധന നടത്തണമെന്ന കാര്യം സോഫ്റ്റ്‌വെയർ തീരുമാനിക്കും. ഉദ്യോഗസ്ഥരുടെ പാനലും സോഫ്റ്റ്‌വെയറിൽ അപ്‌ലോഡ് ചെയ്യും. മുൻവിധികളോ വിവേചനമോ ഈ പരിശോധനയിൽ ഉണ്ടാകില്ലെന്നുള്ള കാര്യം ഉറപ്പുവരുത്താനാണുദ്ദേശിക്കുന്നത്. എല്ലാ സ്ഥാപനങ്ങളും നിയമാനുസരണം പ്രവർത്തിക്കണം, സീറോ ഡിസ്ചാർജ്ജ് വേണം. ഗവൺമെന്റ് മുൻകൈ എടുത്ത് ആരംഭിക്കുന്ന കിൻഫ്ര പാർക്ക്, കെ.എസ്.ഐ.ഡി.സി. പാർക്ക് എന്നിവിടങ്ങളിലെല്ലാം അത്യാധുനികമായ മാലിന്യസംസ്കരണ സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ടെന്ന കാര്യംകൂടി അറിയിക്കാൻ ആഗ്രഹിക്കുന്നു. നിയമാനുസൃതമായ പരിശോധന നടന്നുകൊണ്ടേയിരിക്കും. ഉത്തരവാദിത്വ വ്യവസായം-ഉത്തരവാദിത്വ നിക്ഷേപം എന്നതാണ് ഈ ഗവൺമെന്റ് മുന്നോട്ടുവയ്ക്കുന്ന ആശയം.

<u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: സർ, വ്യവസായിക വികസനത്തിൽ സംസ്ഥാന ഗവൺമെന്റ് സ്വീകരിക്കുന്ന നടപടികൾ അങ്ങേയറ്റം സ്വാഗതാർഹമാണ്. കേരളത്തിലെ തൊഴിലാളികളും ഗവൺമെന്റിന്റെ ഈ സമീപനത്തോടൊപ്പമാണുള്ളത്. വ്യവസായ വികസനത്തിൽ തൊഴിലാളികളും വലിയ പങ്കുവഹിക്കുകയാണ്. ഈ കാര്യങ്ങളെല്ലാം പരിഗണിച്ചുകൊണ്ട് വ്യവസായ വകുപ്പുതന്നെ മുൻകൈയെടുത്ത് ട്രേഡ് യൂണിയൻ സംഘടനകളുമായി ചർച്ച നടത്തി തൊഴിൽ നിയമങ്ങളുടെ നടപ്പാക്കലുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് അഭിപ്രായസമന്വയമുണ്ടാക്കാനും പൊതുധാരണ യുണ്ടാക്കി തീരുമാനങ്ങൾ നടപ്പിലാക്കുന്നതിനുമുള്ള സമീപനം സ്വീകരിക്കുമോ?

<u>ശ്രീ. പി. രാജീവ്</u>: സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ചത് പ്രസക്തമായ കാര്യമാണ്. ഇതുസംബന്ധിച്ച് ഞാൻ നേരത്തെ സൂചിപ്പിക്കുകയുണ്ടായി. എല്ലാ പൊതുമേഖലാസ്ഥാപനങ്ങളിലും ഇപ്പോൾ അംഗീകരിച്ചിട്ടുള്ള കരട് മാസ്റ്റർ പ്ലാനിന് അന്തിമരൂപം നൽകുന്നതിനുമുമ്പ് അതാത് വ്യവസായശാലകളിലെ ട്രേഡ് യൂണിയനുകളുമായും ഉദ്യോഗസ്ഥരുമായും നല്ലരീതിയിലുള്ള ആശയവിനിമയം നടത്തണമെന്ന് തീരുമാനിച്ചിട്ടുണ്ട്. ഓരോ സ്ഥാപനത്തിന്റെയും സംയോജിതമായ മാസ്റ്റർപ്ലാനാണ് കാണാൻ സാധിച്ചത്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ,

തൊഴിൽനിയമങ്ങൾ പൂർണ്ണമായി നടപ്പിലാക്കേണ്ടതുണ്ട്. തൊഴിലാളികളുടെ സമീപനം പൊതുവെ ക്രിയാത്മകമാണ്. കേരളത്തിലെ പൊതുമേഖലാസ്ഥാപനങ്ങൾ സംരക്ഷിക്കുന്നതിൽ നിരവധി വിട്ടുവീഴ്ചകൾ ചെയ്യുന്ന നിലപാട് കേരളത്തിലെ തൊഴിലാളി സംഘടനകൾ സ്വീകരിച്ചിട്ടുണ്ട്. ചുവരുണ്ടെങ്കിലേ ചിത്രം വരയ്ക്കാൻ കഴിയൂ എന്ന കാഴ്ചപ്പാടോടുകൂടി അന്ന് സ്വീകരിച്ച സമീപനങ്ങളാണ് പൊതു മേഖലയെ മുന്നോട്ടുകൊണ്ടുപോയിട്ടുള്ളത്. അങ്ങ് നിർദ്ദേശിച്ചതുപോലെ, സംസ്ഥാനതലത്തിൽ ട്രേഡ് യൂണിയനുകളുടെ വിപുലമായ യോഗം ഇത്തരം കാര്യങ്ങൾ ചർച്ച ചെയ്യുന്നതിന് വിളിച്ചുചേർക്കാവുന്നതാണ്.

ശ്രീ. അനൂപ് ജേക്കബ്: സർ, നിക്ഷേപങ്ങൾ ആകർഷിക്കാനും വ്യവസായ സൗഹൃദാന്തരീക്ഷം സൃഷ്ടിക്കാനുമാണ് ഗവൺമെന്റ് ലക്ഷ്യം വയ്ക്കുന്നതെന്നാണ് അങ്ങ് സൂചിപ്പിച്ചത്. ഏറ്റവും പ്രധാനപ്പെട്ട ഒരു മേഖലയാണ് ഇലക്ട്രോണിക്സ് ഹാർഡ്‌വെയർ. വ്യവസായപാർക്കുകൾ നമ്മുടെ സംസ്ഥാനത്ത് കൊണ്ടുവരുമെന്ന് കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്തെ വിവിധ ബഡ്ജറ്റ് പ്രസംഗങ്ങളിൽ ഡോ. ടി. എം. തോമസ് ഐസക് പറഞ്ഞത് ഞാൻ ഓർക്കുകയാണ്. എറണാകുളം ജില്ലയിലെ ആമ്പല്ലൂർ ഇലക്ട്രോണിക്സ് ഹാർഡ്‌വെയർ പാർക്കിന്റെ ഭൂമി ഏറ്റെടുക്കാൻ 2015-16 കാലയളവിൽ അനുവദിച്ച തുക ഇതുവരെ പൂർണ്ണമായി വിനിയോഗിച്ചിട്ടില്ല. 15 ഏക്കർ ഭൂമി ഏറ്റെടുക്കുകയും ബാക്കി ഏറ്റെടുക്കാനായി തുക ലഭ്യമാക്കുകയും ചെയ്തതാണ്. എന്നാൽ തുക വകമാറ്റിയെന്നാണ് അറിയുന്നത്. അങ്ങ് ഇവിടെ സൂചിപ്പിച്ചതിൽനിന്നും വിപരീതമായാണ് സംഭവിക്കുന്നത്. വ്യവസായ സൗഹൃദാന്തരീക്ഷം തകർക്കുന്ന ഇത്തരത്തിലുള്ള നീക്കങ്ങൾക്കെതിരെ എന്ത് സമീപനമാണ് ഗവൺമെന്റ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; ഇലക്ട്രോണിക്സ് പാർക്ക് യാഥാർത്ഥ്യമാക്കാനുള്ള എന്ത് നടപടിയാണ് അങ്ങയുടെ ഭാഗത്തുനിന്നുണ്ടാകുക?

ശ്രീ. പി. രാജീവ്: സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച വിഷയത്തിന്റെ ഒരു ഭാഗം പൂർണ്ണമായും ശരിയാണ്. എന്നാൽ വ്യവസായങ്ങൾ തകർക്കുമെന്നുള്ള പരാമർശം വസ്തുതകൾക്ക് നിരക്കാത്തതുമാണ്. ആമ്പല്ലൂർ ഇലക്ട്രോണിക്സ് പാർക്കിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ട് കുറേ വർഷങ്ങളായി എന്ന പ്രസ്താവന ശരിയാണ്. 11 ഏക്കറിലധികം ഭൂമി ഏറ്റെടുത്തിട്ടുണ്ട്. കുറച്ച് ഭൂമിക്ക് അഡ്വാൻസും കൊടുത്തു. നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെയും തീരദേശപരിപാലന നിയമത്തിന്റെയും പരിധി കുറേ പ്രദേശങ്ങളെ ബാധിക്കുന്നുവെന്ന ചില പ്രശ്നങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. അതുസംബന്ധിച്ച് പരിശോധിച്ച് മൂന്ന് ആഴ്ചയ്ക്കുള്ളിൽ റിപ്പോർട്ട് സമർപ്പിക്കാൻ ഒരു കമ്മിറ്റിയെ ഒരാഴ്ചമുമ്പ് കെ.എസ്.ഐ.ഡി.സി. നിയോഗിച്ചിട്ടുമുണ്ട്. വ്യവസായത്തിന് അനുയോജ്യമായ സ്ഥലമാണെന്ന റിപ്പോർട്ടാണ് ലഭിക്കുന്നതെങ്കിൽ അതിവേഗത്തിൽ ഭൂമി ഏറ്റെടുക്കൽ നടപടി പൂർത്തീകരിക്കാൻ

കഴിയും. പ്രതികൂലമായ റിപ്പോർട്ടാണെങ്കിൽ ഏറ്റെടുത്ത സ്ഥലം മറ്റുവിധത്തിൽ വ്യവസായ ആവശ്യത്തിനുവേണ്ടി ഉപയോഗിക്കാൻ കഴിയുമോയെന്ന കാര്യവും സർക്കാർ പരിഗണിക്കുന്നതായിരിക്കും. മൂന്നുവർഷംകൊണ്ട് ആ പാർക്ക് പൂർത്തീകരിക്കുമെന്നുള്ളത് ഇടതുപക്ഷജനാധിപത്യമുന്നണിയുടെ മാനിഫെസ്റ്റോയിൽത്തന്നെ വ്യക്തമായി പറഞ്ഞിട്ടുള്ള കാര്യമാണ്.

ശ്രീ. പി. എസ്. സുപാൽ: സർ, വ്യവസായമേഖലയിൽ തികഞ്ഞ ദിശാബോധത്തോടുകൂടിയാണ് ഈ സർക്കാർ പ്രവർത്തിക്കുന്നത്. റബ്ബർ കാർഷിക മേഖലയുമായി ബന്ധപ്പെട്ട് ചില പ്രതിസന്ധികളുണ്ടെന്ന് നമുക്കറിയാം. റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ ആരംഭിച്ചാൽ അത് ഈ മേഖലയ്ക്ക് ഗുണകരമാകും. റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ തുടങ്ങുന്നതിന് പ്രാധാന്യം കൊടുക്കുമോ; അതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. രാജീവ്: സർ, റബ്ബർ അധിഷ്ഠിത വ്യവസായങ്ങളെ സംബന്ധിച്ച് കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്തുതന്നെ പ്രധാനപ്പെട്ട ചില തീരുമാനങ്ങൾ കൈക്കൊള്ളുകയുണ്ടായി. ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുൻകൈ എടുത്ത് ഒരു റബ്ബർ കമ്പനി ആരംഭിക്കണമെന്നുള്ള പ്രഖ്യാപനം കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് നടത്തുകയും അതിന്റെ പ്രവർത്തനങ്ങൾക്ക് തുടക്കംകുറിക്കുകയും ചെയ്തിരുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം അതിന്റെ പ്രവർത്തനവുമായി മുന്നോട്ടുപോകുകയാണ്. കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് ആരംഭിച്ചതാണ് HNL (Hindustan Newsprint Limited)-ന്റെ ടേക്ക് ഓവർ എന്നുള്ളത്. HNL ഏറ്റെടുക്കാമെന്നുള്ള നിർദ്ദേശം കേന്ദ്രസർക്കാർ അംഗീകരിച്ചിരുന്നില്ല. എന്നാൽ auction-ൽ പങ്കെടുത്ത് കമ്പോളത്തിൽനിന്ന് കമ്പനി വാങ്ങുകയാണ് ചെയ്തിട്ടുള്ളത്. ആ സ്ഥലം മൂന്നുതരത്തിൽ ഉപയോഗിക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. ഒരു ഭാഗം റബ്ബർ കമ്പനിക്കുവേണ്ടിയാണ് നീക്കിവയ്ക്കുന്നത്. അത് പ്രാബല്യത്തിൽ വന്നാൽ വലിയതോതിലുള്ള മാറ്റം കേരളത്തിലുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. കമ്പനിയുടെ ബോർഡ് പുന:സംഘടിപ്പിക്കുന്നതിനെക്കുറിച്ചും ആലോചിക്കുന്നുണ്ട്. അതിന്റെ പ്രവർത്തനങ്ങൾ മുൻനിർത്തിക്കൊണ്ട് എല്ലാ സ്റ്റേക്ക്ഹോൾഡേഴ്സിന്റെയും ഒരു യോഗം കോട്ടയത്ത് വിളിച്ചുചേർക്കാനും തീരുമാനിച്ചിട്ടുണ്ട്.

ശ്രീ. കെ. പി. എ. മജീദ്: സർ, വ്യവസായ സൗഹൃദ സംസ്ഥാനങ്ങളുടെ റാങ്കിംഗിൽ കേരളം എത്രാം സ്ഥാനത്താണ്; ആ ലിസ്റ്റിലെ ആദ്യസ്ഥാനങ്ങളിൽ എത്തുന്നതിന് ഗവൺമെന്റ് എന്തെങ്കിലും ശ്രമങ്ങൾ നടത്തുന്നുണ്ടോ?

ശ്രീ. പി. രാജീവ്: സർ, വ്യവസായ സൗഹൃദത്തെ സംബന്ധിച്ച കേന്ദ്ര സർക്കാരിന്റെ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് ലിസ്റ്റിൽ കേരളം 28-ാം സ്ഥാനത്താണ് എന്നതൊരു വസ്തുതയാണ്. എന്നാൽ കഴിഞ്ഞ തവണ അവർ ആവശ്യപ്പെട്ട 85 ശതമാനം പരിഷ്കാരങ്ങളാണ് നമ്മൾ പൂർത്തീകരിച്ചിട്ടുള്ളത്.

റാങ്കിംഗിന്റെ സന്ദർഭത്തിൽ ആവശ്യപ്പെട്ട ദൗത്യങ്ങളിൽ 94 ശതമാനവും പൂർത്തീകരിച്ചിരുന്നു. അതിനുശേഷവും കേരളത്തിന്റെ റാങ്ക് 28-ാം സ്ഥാനത്തേയ്ക്ക് പോയി. 29-ാം സ്ഥാനത്ത് 6 സംസ്ഥാനങ്ങളുണ്ട്. അതിൽ ഒഡീഷ നമ്മളെക്കാൾ കൂടുതൽ പരിഷ്കാരങ്ങൾ നടപ്പിലാക്കിയതാണ്. റാങ്കിംഗിൽ സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ സുതാര്യമല്ലെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നേരത്തെ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. കുറേക്കൂടി ശാസ്ത്രീയമായ വസ്തുതകളെ അടിസ്ഥാനമാക്കി നീതി ആയോഗ് നടത്തിയ പഠനത്തിൽ വ്യവസായ അന്തരീക്ഷത്തെ സംബന്ധിച്ച് നമ്മുടെ സ്ഥാനം വളരെ മികച്ചതാണെന്ന് അഭിപ്രായപ്പെട്ടിരുന്നു. അതിൽ യഥാക്രമം രണ്ടും നാലും സ്ഥാനങ്ങളാണ് കേരളത്തിനുള്ളത്. ഒരു പരിഷ്കാരവും നടപ്പിലാക്കിയിട്ടില്ലാത്ത ലക്ഷദ്വീപ് റാങ്കിംഗിൽ 15-ാം സ്ഥാനത്താണ്. ഇതുമായി ബന്ധപ്പെട്ട് ഇങ്ങനെ ചില പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്. എങ്കിൽപ്പോലും ഈ വർഷം 10-ാം സ്ഥാനത്തെത്താൻ നമ്മൾ കഠിനമായി ശ്രമിക്കുന്നുണ്ട്. കഴിഞ്ഞ രണ്ട് മാസത്തിനുള്ളിൽ ആറ് തവണ വ്യവസായികളുമായി യോഗം ചേർന്നിരുന്നു. ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് റാങ്ക് മെച്ചപ്പെടുത്താൻ നമ്മൾ ശ്രമിക്കുന്നതോടൊപ്പം കേരളത്തിൽ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് യാഥാർത്ഥ്യമാക്കാൻ എന്തെല്ലാം ചെയ്യേണ്ടതുണ്ട് എന്നതാണ് FICCI, CII, MSME സംഘടനകളോടെല്ലാം നമ്മൾ ആവശ്യപ്പെടുന്നത്. ഇതിനുള്ള ശ്രമമാണ് ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. അതോടൊപ്പം സ്റ്റാറ്റ്യൂട്ടറി ഗ്രീവൻസ് റിഡ്രസ്സൽ മെക്കാനിസം, സെൻട്രലൈസ്ഡ് ഇൻസ്പെക്ഷൻ സിസ്റ്റം, നിയമങ്ങൾ പരിഷ്കരിക്കുന്നതിനുള്ള കമ്മിറ്റി എന്നിവയെല്ലാം ഈ പ്രക്രിയയെ ശക്തിപ്പെടുത്തുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിൽ പ്രധാനമായും 50 ശതമാനം ആത്മനിഷ്ഠമാണ്, സർവ്വേ അടിസ്ഥാനമാക്കിയാണ് പുതിയ മാനദണ്ഡം നിഷ്കർഷിച്ചിട്ടുള്ളത്. വസ്തുതകളെ അടിസ്ഥാനപ്പെടുത്തി 50 ശതമാനം പോയിന്റാണുള്ളത്. അതിൽ റാങ്ക് പരമാവധി മെച്ചപ്പെടുത്താൻ കേരളം ശ്രമിക്കുന്നുണ്ട്. അതിന് ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ എല്ലാ അംഗങ്ങളുടെയും മുഴുവൻ ജനങ്ങളുടെയും പിന്തുണകൂടി സർക്കാർ ആഗ്രഹിക്കുന്നു.

**സംസ്ഥാനത്തിന്റെ ധനസ്ഥിതി**

2 (*2) ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. കെ. കെ. രാമചന്ദ്രൻ:
ശ്രീ. ലിന്റോ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ്, കേന്ദ്രസർക്കാരിന്റെ നോട്ട് നിരോധനം ഉൾപ്പടെയുള്ള നയങ്ങൾ, പ്രകൃതി ദുരന്തങ്ങൾ എന്നിവയെല്ലാം ചേർന്ന് സംസ്ഥാനത്തിന്റെ ധനസ്ഥിതിയിൽ ഏൽപ്പിച്ച ആഘാതം മറികടക്കുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങളാണ് പര്യാലോചിക്കുന്നതെന്ന് വെളിപ്പെടുത്താമോ;

(ബി) ജനങ്ങളുടെ ക്രയശേഷി ഉയർത്തിയാൽ മാത്രമേ സമ്പദ് വ്യവസ്ഥയെ ചലനാത്മകമാക്കാൻ കഴിയുകയുള്ളൂവെന്ന കാഴ്ചപ്പാടോടെ പൊതുചെലവുകൾ വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(സി) ഒഴിവാക്കാനാകുന്ന ചെലവുകളും നികുതി ചോർച്ചയും ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്;

(ഡി) സാമ്പത്തിക ഞെരുക്കം വികസന പ്രവർത്തനങ്ങളെ ബാധിക്കാതിരിക്കാനായി കിഫ്ബി വഴിയുള്ള വികസന പദ്ധതികൾ തുടരാനും സമയബന്ധിതമായി പൂർത്തിയാക്കാനും ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ധനകാര്യ വകുപ്പുമന്ത്രി (<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>): സർ, (എ) പ്രകൃതി ദുരന്തങ്ങളും കേന്ദ്ര സർക്കാർ അനുവർത്തിച്ച വികലമായ നയങ്ങളും വേണ്ടത്ര അവധാനതയില്ലാതെ ചരക്ക് സേവന നികുതി നടപ്പിലാക്കിയതും ചരക്ക് സേവന നികുതി വരുമാന നഷ്ടത്തിനുള്ള നഷ്ടപരിഹാരം കൃത്യസമയത്ത് നൽകാത്തതും മുൻകാലങ്ങളിൽനിന്നും വിഭിന്നമായ പുതിയ കാരണങ്ങൾ ചൂണ്ടിക്കാണിച്ച് സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി വെട്ടിക്കുറച്ചതും മുൻവർഷങ്ങളിൽ സാമ്പത്തിക പ്രതിസന്ധി സൃഷ്ടിച്ചിരുന്നു. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഏർപ്പെടുത്തിയ ലോക്ഡൗണും തുടർന്നുള്ള നിയന്ത്രണങ്ങളും മേൽ പരാമർശിച്ച നയങ്ങളുടെ തുടർച്ചയും നടപ്പ് സാമ്പത്തിക വർഷവും സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഇതോടൊപ്പം കോവിഡ് പ്രതിരോധത്തിൽ മുന്നണിയിൽ നിൽക്കുന്ന സംസ്ഥാന സർക്കാരുകൾക്ക് ആവശ്യമായതും അർഹതപ്പെട്ടതുമായ സാമ്പത്തിക സഹായം നൽകുന്നതിൽ കേന്ദ്ര സർക്കാർ തുടരുന്ന നിസ്സംഗതയും കോവിഡ് സംസ്ഥാനത്ത് സൃഷ്ടിച്ച സാമ്പത്തിക പ്രതിസന്ധി കൂടുതൽ ഗൗരവതരമാക്കിയിരിക്കുന്നു. മേൽ പ്രതിപാദിച്ച വിഷമഘട്ടത്തിൽ സാധാരണ ജനജീവിതവും പൊതുജനാരോഗ്യ സംരക്ഷണവും ഉറപ്പുവരുത്തുന്നതിനാണ് സർക്കാർ പ്രഥമ പരിഗണന നൽകുന്നത്. അതിനാൽ സാമൂഹ്യക്ഷേമ, ആരോഗ്യ മേഖലകളിൽ അധിക ചെലവ് വഹിക്കേണ്ടത് സർക്കാരിന്റെ കടമയാണ്. ആയത് പരിഗണിക്കുമ്പോൾ ഉയർന്ന വരുമാന കമ്മിയും ധനക്കമ്മിയും ഉണ്ടാകാൻ സാധ്യതയുണ്ട്. അങ്ങനെയൊരു സാഹചര്യത്തിലും സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ മേഖലയിലെ ആവശ്യങ്ങൾക്ക് പണം ഉറപ്പുവരുത്താൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ഇതിനായി ബഡ്ജറ്റിന് പുറത്തുനിന്നും പണം കണ്ടെത്തേണ്ടതുണ്ട്. അതുകൊണ്ടുതന്നെ ഈ ലക്ഷ്യം മുൻനിർത്തി രൂപീകരിച്ച കിഫ്ബിയുടെ പ്രവർത്തനങ്ങൾ ഉദ്ദേശ്യലക്ഷ്യം പൂർത്തീകരണത്തിനുതകുന്ന രീതിയിൽ തുടരുന്നതാണ്.

(ബി) ജനങ്ങളുടെ ക്രയശേഷി വർദ്ധിപ്പിക്കുകയെന്നതാണ് നിലവിലെ സാമ്പത്തിക മാന്ദ്യത്തിനുള്ള പരിഹാരമെന്നുതന്നെയാണ് സർക്കാർ പ്രതീക്ഷി ക്കുന്നത്. അതുകൊണ്ടുതന്നെ സമ്പദ്‌വ്യവസ്ഥയെ പുനരുജ്ജീവിപ്പിക്കുന്നതിനായി ഹ്രസ്വകാല, ദീർഘകാല നടപടികളാണ് സർക്കാർ വിഭാവന ചെയ്തിരിക്കുന്നത്. ഇവയിൽ പ്രധാനപ്പെട്ടവ ചുവടെ ചേർക്കുന്നു :

1. കോവിഡ് രണ്ടാം തരംഗത്തിന്റെ പശ്ചാത്തലത്തിൽ ഉയർന്നുവരുന്ന ആരോഗ്യ-സാമൂഹ്യ-സാമ്പത്തിക വെല്ലുവിളികളെ നേരിടാൻ 20,000 കോടി രൂപയുടെ രണ്ടാം കോവിഡ് പാക്കേജ് ബഡ്ജറ്റിൽ വിഭാവന ചെയ്തിട്ടുണ്ട്. ആരോഗ്യ അടിയന്തരാവസ്ഥ നേരിടുന്നതിന് 2800 കോടി രൂപയും ഉപജീവനം പ്രതിസന്ധിയിലായവർക്ക് നേരിട്ട് പണം കയ്യിലെത്തിക്കുന്നതിനായി 8900 കോടി രൂപയും സാമ്പത്തിക പുനരുജ്ജീവനത്തിനായി വിവിധ ലോണുകൾ, പലിശ സബ്സിഡി എന്നിവയ്ക്കായുള്ള 8300 കോടി രൂപയും ഇതിന്റെ ഭാഗമാണ്.

2. പ്രാഥമിക സഹകരണ സംഘങ്ങളെയും വാണിജ്യ ബാങ്കുകളെയും ഉൾപ്പെടുത്തിക്കൊണ്ട് വിപുലമായ സാമ്പത്തിക പുനരുജ്ജീവന വായ്പാ പദ്ധതി ആവിഷ്കരിക്കുമെന്ന് ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. നബാർഡിന്റെ പുനർവായ്പാ സ്കീമിന്റെ സാധ്യതയും കേന്ദ്ര സർക്കാരും റിസർവ് ബാങ്കും പ്രഖ്യാപിച്ചിട്ടുള്ള വായ്പാ പാക്കേജുകളുടെ സാധ്യതയും ഇതിനായി പരമാവധി ഉപയോഗപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

3. തൊഴിലില്ലായ്മ കാലങ്ങളായി സംസ്ഥാനം അഭിമുഖീകരിക്കുന്ന ഗുരുതരമായ ഒരു പ്രശ്നമാണ്. കോവിഡ് പ്രതിരോധത്തിന്റെ ഭാഗമായി ഏർപ്പെടുത്തിയ ലോക്ഡൗൺ ഈ പ്രശ്നത്തെ അതി രൂക്ഷമാക്കിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ അടിസ്ഥാനസൗകര്യം, വ്യവസായം, പരമ്പരാഗത മേഖല എന്നിവയിലടക്കം കൂടുതൽ തൊഴിൽ ദിനങ്ങളും തൊഴിലവസരങ്ങളും സൃഷ്ടിക്കുന്നതും തൊഴിൽ നൈപുണ്യം ആവശ്യമുള്ള മേഖലകളിലേയ്ക്ക് തൊഴിൽരഹിതരെയും അഭ്യസ്തവിദ്യരെയും പ്രാപ്തമാക്കുന്നതിനുതകുന്ന പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതടക്കമുള്ള നടപടികളാണ് സർക്കാർ വിഭാവന ചെയ്തിരിക്കുന്നത്. സംസ്ഥാനത്തെ ഒരു വിജ്ഞാന സമ്പദ്‌വ്യവ സ്ഥയാക്കി രൂപപ്പെടുത്താനും അഞ്ചുവർഷ കാലയളവിൽ കുറഞ്ഞത് 20 ലക്ഷം പേർക്ക് തൊഴിൽ ഉറപ്പുവരുത്തുന്നതിനുള്ള ഡിജിറ്റൽ

പ്ലാറ്റ്ഫോം രൂപീകരിക്കാനും ഉന്നത വിദ്യാഭ്യാസ മേഖലയിൽ മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുമുള്ള തീരുമാനവും അടിസ്ഥാന സൗകര്യ മേഖലയിലെ കിഫ്ബി, ആർ.കെ.ഐ. എന്നിവ മുഖാന്തരമുള്ള ഇടപെടലുകളും ആ ദിശയിലേയ്ക്കുള്ള ചുവടുവയ്പ്പാണ്.

4. തീരദേശ മേഖലയിൽ പ്രഖ്യാപിച്ച 11,000 കോടി രൂപയുടെ പാക്കേജ്, റബ്ബർ സബ്സിഡി, മത്സ്യ സംസ്കരണത്തിനും മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ നിർമ്മാണത്തിനുമുതകുന്ന പശ്ചാത്തല സൗകര്യങ്ങൾ, കുടുംബശ്രീ വഴിയുള്ള വിവിധയിനം സാമൂഹ്യ ക്ഷേമ പദ്ധതികൾക്കുള്ള ഉയർന്ന ബഡ്ജറ്റ് വിഹിതം, തൊഴിലുറപ്പ് പദ്ധതിയിൽ കൂടുതൽ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുക തുടങ്ങിയവയും ആലോചിച്ചിട്ടുണ്ട്.

(സി) നികുതി ചോർച്ചയും സർക്കാർ ചെലവുകളുടെ നിയന്ത്രണത്തിനുമായി വിവിധ പദ്ധതികൾ ആലോചിച്ചിട്ടുണ്ട്. വിവിധ നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിന് ആകർഷകമായ ആംനെസ്റ്റി സ്കീമുകളുണ്ടാകും. നികുതി ചോർച്ച തടയുന്നതിന്റെ ഭാഗമായി റിട്ടേൺ സ്ക്രൂട്ടിനിയും പരിശോധനകളും ശക്തമാക്കിയിട്ടുണ്ട്. ഭൂമി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് അണ്ടർ വാല്യുവേഷൻ കേസ്സുകൾ തീർപ്പാക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതികളുണ്ടാകും. വിവരസാങ്കേതികവിദ്യയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളെ നവീകരിച്ചിട്ടുണ്ട്. ചരക്ക് സേവന നികുതി ചോർച്ചയ്ക്ക് കാരണമായ പഴുതുകൾ പരമാവധി അടയ്ക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) സാമ്പത്തിക മേഖലയിൽ നിലനിൽക്കുന്ന മാന്ദ്യത്തെ ഫലപ്രദമായി പ്രതിരോധിക്കുക, സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥയെ ഉത്തേജിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് 2016-ലെ ബഡ്ജറ്റിൽ കിഫ്ബിവഴിയുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ പ്രഖ്യാപിച്ചത്. ഏകദേശം 50,000 കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് കിഫ്ബിവഴി നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. ഭാവി വരുമാന ഒഴുക്കിനെ സെക്യൂരിറ്റൈസ് ചെയ്തുകൊണ്ട്, ഇരുപതോ ഇരുപത്തിയഞ്ചോ വർഷം കാത്തുനിൽക്കാതെ അത്യന്താപേക്ഷിതമായ പശ്ചാത്തല സൗകര്യം ഇപ്പോൾത്തന്നെ സൃഷ്ടിക്കുക എന്നതാണ് കിഫ്ബിയിലൂടെ നടപ്പാക്കി വരുന്നത്. സർക്കാരിന്റെ വരുമാനത്തിന്റെ ചെറിയൊരു പങ്ക് വർഷംതോറും കിഫ്ബിക്ക് ഗ്രാന്റായി നൽകി വിദൂരഭാവിയിൽ മാത്രം സാധ്യമാകുമായിരുന്ന നാടിന്റെ പശ്ചാത്തല സൗകര്യ വികസനം ഇന്നുതന്നെ സാധ്യമാക്കുകയെന്ന ലക്ഷ്യമാണ് ഇതിലൂടെ കൈവരിക്കുന്നത്. കിഫ്ബി ആക്ടിൽ നിഷ്കർഷിക്കുന്ന പ്രകാരം കിഫ്ബിക്ക് വാർഷികമായി നൽകേണ്ട വിഹിതം കൃത്യമായി

ലഭിക്കുന്നുണ്ടെന്നും അതിന്റെ പ്രവർത്തനങ്ങൾ സുഗമമായി നടക്കുന്നുണ്ടെന്നതും സർക്കാർ ഉറപ്പുവരുത്തുന്നു. പെട്രോളിയം സെസ്സിലൂടെയും മോട്ടോർ വാഹന നികുതിയുടെ വിഹിതമായും കിഫ്ബിക്ക് നൽകുന്ന തുകയിൽ അപ്രതീക്ഷിത കാരണങ്ങളാൽ എന്തെങ്കിലും കുറവുണ്ടാകുകയാണെങ്കിൽ അപ്രകാരമുള്ള കുറവ് സർക്കാർ നികത്തുന്നതാണ്. കിഫ്ബി മുഖേന നാളിതുവരെ ആകെ 63,259.32 കോടി രൂപയുടെ 903 പദ്ധതികൾക്ക് അംഗീകാരം നൽകിക്കഴിഞ്ഞു. കിഫ്ബിയുടെ സാങ്കേതിക പരിശോധനാ വിഭാഗം, അഡ്മിനിസ്ട്രേറ്റീവ് ഇൻസ്പെക്ഷൻ വിഭാഗം, പദ്ധതി അവലോകന വിഭാഗം എന്നിവയുടെ മേൽനോട്ടത്തിൽ പദ്ധതി നടത്തിപ്പുകളുടെ അവലോകന യോഗങ്ങൾ നിരന്തരമായി നടത്തിവരുന്നു. ഇതുവഴി പദ്ധതികൾക്ക് കിഫ്ബി അനുശാസിക്കുന്ന മാനദണ്ഡങ്ങളും ഗുണനിലവാരവും സമയക്രമവും ഉറപ്പുവരുത്തുവാൻ സാധിക്കുന്നു. ഇതിനുപുറമെ, നൂതന സാങ്കേതികവിദ്യകളുടെ സഹായത്തോടുകൂടി സാങ്കേതിക പരിശോധനാ വിഭാഗം കണിശമായരീതിയിൽ പദ്ധതികളുടെ പരിശോധന നടത്തിവരികയും ചെയ്യുന്നു. ഇത്തരത്തിൽ വിവിധ വിഭാഗങ്ങളുടെ ക്രിയാത്മകമായ രീതിയിലുള്ള പ്രവർത്തനങ്ങളിലൂടെ ഏറ്റെടുത്തിട്ടുള്ള പദ്ധതികളുടെ നടത്തിപ്പ് സമയബന്ധിതമായി പൂർത്തിയാക്കുക എന്ന ലക്ഷ്യത്തോടെയാണ് കിഫ്ബി മുന്നോട്ടുപോകുന്നത്. കൂടുതൽ പദ്ധതികൾ നിർവ്വഹണഘട്ടത്തിലേയ്ക്ക് കടന്നതോടെ പദ്ധതികളുടെ ത്വരിതഗതിയിലുള്ള നടത്തിപ്പിനും സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുമായി പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തേണ്ടതുണ്ടെന്ന ബോദ്ധ്യത്തിൽ കൂടുതൽ മാനവ വിഭവശേഷി ഉപയോഗിക്കുവാൻ തീരുമാനിക്കുകയും അത്തരത്തിൽ ശാസ്ത്രീയമായി മാനവ വിഭവശേഷി വിനിയോഗിച്ചുകൊണ്ടും സാങ്കേതികവിദ്യയുടെ സഹായത്തോടെയും കൂടുതൽ കാര്യക്ഷമമായി പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞു.

ശ്രീ. പി. മമ്മിക്കുട്ടി: സർ, കോവിഡിന്റെയും പ്രകൃതിദുരന്തങ്ങളുടെയും പശ്ചാത്തലത്തിലും ജി.എസ്.ടി. വിഹിതത്തിന്റെ നഷ്ടപരിഹാരത്തുക വെട്ടിക്കുറയ്ക്കുന്ന നടപടി കേന്ദ്രഗവൺമെന്റ് സ്വീകരിച്ചുവരികയാണ്. കേരളത്തെ സാമ്പത്തികമായി ഞെരുക്കാനും പ്രയാസപ്പെടുത്താനും ശ്രമിക്കുന്ന കാലഘട്ടത്തിൽ ഇതിനെയെല്ലാം പരിഗണിച്ച് സാമൂഹ്യക്ഷേമ പദ്ധതികളും കിഫ്ബിപോലുള്ള വികസന പദ്ധതികളും മുന്നോട്ടുകൊണ്ടുപോകാനാവശ്യമായ ധീരമായ നിലപാട് സ്വീകരിക്കുന്ന ഗവൺമെന്റിനെയും ധനകാര്യ വകുപ്പിനെയും ഞാൻ അഭിനന്ദിക്കുകയാണ്. ഇത്തരം നിലപാടുകൾ സ്വീകരിച്ച് കേരളത്തെ പ്രയാസത്തിലാക്കാൻ ശ്രമിക്കുന്ന കേന്ദ്രഗവൺമെന്റിന്റെ നടപടിക്കെതിരെ ശക്തമായ നിലപാട് സ്വീകരിക്കാൻ സാധിച്ചിട്ടുണ്ടോ; വാറ്റ് ഇനത്തിൽ ലഭിക്കേണ്ടിയിരുന്ന വിഹിതത്തിൽ എത്രതുകകൂടി ഇനി പിരിഞ്ഞു കിട്ടാനുണ്ട്; ആ തുക പിരിച്ചെടുക്കുന്നതിന് സമയബന്ധിതമായി നടപടി സ്വീകരിക്കുമോ;

സംസ്ഥാനത്തിന്റെ സാമ്പത്തിക വരുമാനം വർദ്ധിപ്പിക്കുന്നതിന് 1967-ൽ ആരംഭിച്ച ലോട്ടറി സംവിധാനം കൂടുതൽ ശക്തിപ്പെടുത്തി വരുമാനം വർദ്ധിപ്പിക്കാനുള്ള പദ്ധതികൾ ആലോചിക്കുന്നുണ്ടോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ബഹുമാനപ്പെട്ട അംഗം രണ്ടുമൂന്ന് ചോദ്യങ്ങൾ ഉന്നയിച്ചിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ നിലപാട് സംബന്ധിച്ച് ശക്തമായ അഭിപ്രായരൂപീകരണത്തിന് ശ്രമിക്കുന്നുണ്ട്. സംസ്ഥാനങ്ങൾ ജി.എസ്.ടി. കൗൺസിലിനകത്തും പുറത്തും ആലോചനകൾ നടത്തിവരികയാണ്. സംസ്ഥാന ങ്ങളുടെ അവകാശങ്ങൾക്ക് നേരെയുള്ള കടന്നുകയറ്റമാണ് കേന്ദ്രഗവൺമെന്റിന്റെ ഇപ്പോഴത്തെ നിലപാടുകളെന്ന ധാരണ പൊതുവെ വരുത്തുന്നതിനുള്ള ശ്രമങ്ങൾ നടക്കുന്നുണ്ട്. ഇക്കാര്യത്തിൽ കൂടുതൽ ശ്രദ്ധവേണം. ഇതിന് ഒരു ഉദാഹരണം പറയാം. ജി.എസ്.ടി. നടപ്പിലാക്കുന്ന ഘട്ടത്തിൽ ആകെ വരുന്ന ഉല്പന്നങ്ങളുടെ ക്രയവിക്രയത്തിന്റെ 16 ശതമാനമായിരുന്ന ജി.എസ്.ടി. വഴിയുള്ള വരുമാനമെങ്കിൽ ഇപ്പോൾ അത് 11 ശതമാനമായി കുറഞ്ഞിരിക്കുകയാണ്. ടാക്സ് കുറച്ചതുമാത്രമല്ല ഇവിടത്തെ പ്രശ്നം, വിലക്കുറവിന്റെ ഗുണഫലം ജനങ്ങൾക്ക് ലഭിക്കുന്നില്ല എന്നതാണ്. ഈ വിഷയം ക്യാമ്പയിനിൽ അതിശക്തമായി ഉന്നയിച്ചുകൊണ്ടിരിക്കുകയാണ്, കൗൺസിലിൽ ശക്തമായ നിലപാടെടുക്കുന്നുമുണ്ട്. ഇതുസംബന്ധിച്ച നിലപാട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. വാറ്റ് കുടിശ്ശിക പിരിച്ചെടുക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നാണ് രണ്ടാമത് ചോദിച്ചത്. കുടിശ്ശിക പിരിച്ചെടുക്കുന്നതിന് നിരവധി പദ്ധതികൾ നടപ്പാക്കുന്നുണ്ട്. അതിലേറ്റവും പ്രധാനപ്പെട്ടത്, വലിയ തുകയാണ് കുടിശ്ശികയെങ്കിൽ ആംനെസ്റ്റിപോലുള്ള ചില പ്രത്യേക പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. അങ്ങനെയുള്ള പ്രവർത്തനങ്ങൾ വളരെ ശക്തമായി തുടരും. ലോട്ടറിയുമായി ബന്ധപ്പെട്ട് ചോദിച്ച കാര്യവും വളരെ പ്രസക്തമാണ്. ലോക്ഡൗൺ കാലത്ത് ലോട്ടറി കച്ചവടം തീരെ നടക്കാത്ത സ്ഥിതിയായിരുന്നു. ഇപ്പോൾ വീണ്ടും ലോട്ടറി മാർക്കറ്റ് ഓപ്പൺ ചെയ്തിട്ടുണ്ട്. അതിന്റെ പ്രവർത്തനം ശക്തമായി മുന്നോട്ടുകൊണ്ടുപോകും.

ശ്രീ. പി. മമ്മിക്കുട്ടി: സർ, സംസ്ഥാനത്തെ സാമ്പത്തിക ഞെരുക്കത്തെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിക്കുകയുണ്ടായി. ഈ സന്ദർഭത്തിലും കിഫ്ബിപോലുള്ള പദ്ധതികളുമായി മുന്നോട്ട് പോകുമെന്നും അദ്ദേഹം പറഞ്ഞു. അതിന്റെയടിസ്ഥാനത്തിൽ പുതിയ വിഭവ സമാഹരണത്തിനായുള്ള ആലോചനകളോ മറ്റ് ഏജൻസികളെ സമീപിക്കാനുള്ള നിർദ്ദേശങ്ങളോ ഉണ്ടോയെന്നറിയാൻ താൽപ്പര്യപ്പെടുന്നു.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, പുതിയ നിർദ്ദേശങ്ങൾ രൂപപ്പെടുത്തേണ്ടതാണ്. കിഫ്ബിയുടെ കാര്യത്തിൽ നേരത്തെ മറുപടിയിൽ പറഞ്ഞതുപോലെ, പത്തോ ഇരുപതോ വർഷത്തേയ്ക്കുള്ള പദ്ധതികൾ, അല്ലെങ്കിൽ

അത്രയും വർഷത്തെ വരുമാനംകൂടി കണക്കാക്കും. നമ്മൾ ലോണെടുത്ത് ആദ്യം വീട് വയ്ക്കുകയും പിന്നീട് കടം അടച്ചുതീർക്കുകയും ചെയ്യുന്നൊരു മോഡലാണ്. ഇപ്പോൾത്തന്നെ 63,000-ത്തോളം കോടി രൂപയുടെ പദ്ധതികൾ കിഫ്ബിയിൽ ലോഡ് ചെയ്തിട്ടുണ്ട്. കിഫ്ബിയെ കൂടുതൽ ഉപയോഗിച്ചുകൊണ്ട് പുതിയ പദ്ധതികൾ നടപ്പിലാക്കുന്നതിന് പരിമിതിയുണ്ടെന്ന് ഈ സഭയിൽ പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. കാരണം, കിഫ്ബിയിൽ ഇപ്പോൾത്തന്നെ ഇത്രയും പദ്ധതികൾ വച്ചിട്ടുണ്ട്. കിഫ്ബിവഴി ഓരോ വർഷവും കൂടുതൽ പണം വയ്ക്കാൻ കഴിയുമെന്നാണ് ജനങ്ങളുടെ ധാരണ. എന്നാൽ അങ്ങനെയല്ല. കിഫ്ബിയിൽ പദ്ധതികൾ ഒരുമിച്ച് ലോഡ് ചെയ്തിരിക്കുകയാണെന്ന് ഞാൻ ഈ സഭയിൽ പറയുകയാണ്. അതിനാൽ പുതിയ സ്കീമുകളും കണ്ടെത്തേണ്ടതുണ്ട്. അത് കണ്ടെത്താൻ ശ്രമിക്കുന്നതാണ്.

<u>ശ്രീ. എ. എൻ. ഷംസീർ</u>: സർ, കിഫ്ബിയെക്കുറിച്ചാണ് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞത്, പുതിയ പദ്ധതിയെക്കുറിച്ചല്ല. നേരത്തെ അപ്‌ലോഡ് ചെയ്യപ്പെട്ട പദ്ധതികളുണ്ട്. പുതിയ ഭരണനേതൃത്വം വന്നു, കിഫ്ബി ബോർഡിന് പുതിയ ഭാരവാഹികളും വന്നു. ഈ പശ്ചാത്തലത്തിൽ ഇവിടെ നടപ്പിലാക്കപ്പെട്ട പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്നും ഇടപെടൽ ഉണ്ടാകുമോ; രണ്ടാമത്തെ ചോദ്യം...

<u>മി. സ്പീക്കർ</u>: Supplementary question ചോദിക്കുമ്പോൾ ഒരു ചോദ്യമേ പാടുള്ളൂ.

<u>ശ്രീ. എ. എൻ. ഷംസീർ</u>: സർ, ആസിയാൻ കരാർ ഉൾപ്പെടെയുള്ള ആഗോള കരാറുകൾ പലതും സംസ്ഥാനത്തിന് പ്രത്യാഘാതമുണ്ടാക്കി എന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചു. അത്തരം ആഗോള കരാറുകൾ കേരളത്തിന്റെ സമ്പദ്ഘടനയെ ബാധിച്ചിട്ടുണ്ടോ; അതുപോലെതന്നെ പ്രവാസികൾക്ക് കൊറോണ വലിയ തിരിച്ചടി ഉണ്ടാക്കിയിട്ടുണ്ട്. ഈ പശ്ചാത്തലത്തിൽ അതും കേരളത്തിന്റെ സമ്പദ്ഘടനയെ ബാധിച്ചിട്ടുണ്ടോ?

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, കിഫ്ബിയിലുൾപ്പെടുത്തി ഏറ്റെടുക്കാൻ തീരുമാനിച്ച പ്രവർത്തനങ്ങളിൽ ഏറ്റവും ഫീസിബിലിറ്റിയുള്ള, നല്ല രീതിയിൽ നടക്കുന്ന എല്ലാ പദ്ധതികളും പരിശോധിച്ച് കൃത്യമായി നടപ്പിലാക്കുമെന്നതിൽ യാതൊരു സംശയവുമില്ല. അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. ആഗോള കരാറുകൾ അടക്കമുള്ള കാര്യം സംബന്ധിച്ച് കേരളം സംയുക്തമായി ശബ്ദമുയർത്തേണ്ടതുണ്ട്. ആസിയാൻ കരാർ ഉൾപ്പെടെയുള്ളവ എത്രത്തോളം അപകടകരമായി എന്നത് ഇപ്പോൾ പുറത്തുവന്നുകൊണ്ടിരിക്കുകയാണ്. അതിനെതിരെ നമുക്ക് സംയുക്തമായി ശബ്ദമുയർത്തേണ്ടതുണ്ട്. കഴിഞ്ഞ

ദിവസം കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിയുമായി ആസിയാൻ കരാറിന്റെ കാര്യമുൾപ്പെടെയുള്ള പ്രശ്നങ്ങളെ സംബന്ധിച്ച് സംസാരിച്ചിട്ടുണ്ട്. പ്രവാസികളുടെ പ്രശ്നത്തിൽ കൊറോണ സൃഷ്ടിച്ചിട്ടുള്ള ബുദ്ധിമുട്ടുകളെക്കുറിച്ച് സർക്കാരിന് അറിയാവുന്നതാണ്. അതുസംബന്ധിച്ചുള്ള പരമാവധി കാര്യങ്ങളിൽ ഇടപെടാനാണ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്.

ശ്രീ. കെ. കെ. രാമചന്ദ്രൻ: സർ, സംസ്ഥാനത്ത് കടുത്ത വരുമാനക്കുറവിന്റെ സാഹചര്യത്തിലും കോവിഡ് മഹാമാരിയിൽനിന്നും നാടിനെ രക്ഷിക്കുന്നതിനായി ആരോഗ്യ മേഖലയിലുൾപ്പെടെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ആരോഗ്യ മേഖലയിലെ കാര്യങ്ങൾ വിശദമായി പറഞ്ഞാൽ ഒരുപാട് സമയമെടുക്കും. അത്രയേറെ കാര്യങ്ങൾ രാജ്യത്തിനാകെ മാതൃകയായി ഈ സർക്കാർ ചെയ്തിട്ടുണ്ട്. അടുത്തൊരു കോവിഡ് തരംഗമുണ്ടാകുമോയെന്ന് മുൻകൂട്ടിക്കണ്ട് അതിനെ നേരിടാനുള്ള തയ്യാറെടുപ്പുകളുൾപ്പെടെ നടത്താൻ ശ്രമിച്ചിട്ടുണ്ട്. നേരത്തെ മറുപടി പറയുമ്പോൾ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി പറഞ്ഞ കാര്യമുണ്ട്, ആരോഗ്യ മേഖലയിൽ പുതിയ ഉൽപ്പന്നങ്ങളും യന്ത്രോപകരണങ്ങളും മരുന്നും നിർമ്മിക്കാൻ മുൻകൂട്ടി ഇടപെടാൻ ആലോചിക്കുന്നുണ്ട്. ആശുപത്രി സൗകര്യങ്ങൾ, പ്രാദേശികമായ പുതിയ പശ്ചാത്തല സൗകര്യങ്ങൾ എന്നിവയെല്ലാം ഉറപ്പാക്കും. പൊതുവിൽ ഇക്കാര്യത്തിൽ വളരെ ആത്മാർത്ഥമായ സമീപനം സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. ലിന്റോ ജോസഫ്: സർ, അടിസ്ഥാന സൗകര്യ വികസനത്തിനും വ്യവസായ എസ്റ്റേറ്റുകൾക്ക് ഭൂമി ഏറ്റെടുക്കുന്നതിനും 10 കോടി രൂപയിലധികം വരുന്ന പുതിയ പദ്ധതികൾക്ക് കിഫ്ബി മുഖേന പണം അനുവദിക്കുന്നതിനും നടപടി സ്വീകരിക്കുമോ; സാധ്യമല്ലെങ്കിൽ പകരം സ്കീമുകൾ അവതരിപ്പിക്കാൻ കഴിയുമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, നേരത്തെ നോട്ടീസ് തന്നാൽ മാത്രമേ സ്പെസിഫിക്കായ ഇഷ്യൂസ് സംബന്ധിച്ച് പരിശോധിച്ച് മറുപടി പറയാൻ കഴിയുകയുള്ളൂ.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, തൊഴിലില്ലായ്മമൂലം കോവിഡ് കാലഘട്ടത്തിൽ ഏറ്റവും വലിയ പ്രതിസന്ധി അനുഭവിക്കുന്നത് ചെറുപ്പക്കാരാണ്. അങ്ങ് സൂചിപ്പിച്ചതുപോലെ, നൈപുണ്യ കോഴ്സുകളുടെ കുറവുകൾ കൊണ്ടുമാത്രമല്ല, നമ്മുടെ ചെറുപ്പക്കാർക്ക് ഒത്തിരി നൈപുണ്യ കോഴ്സുകൾ അറിയാം, സാമ്പത്തികം മുടക്കാനില്ലെന്നതാണ് അവർക്കുള്ള പ്രശ്നം. ചെറുപ്പക്കാർക്ക് തൊഴിലവസരം സൃഷ്ടിക്കാനായി പലിശരഹിത വായ്പകൾ നൽകാൻ ഗവൺമെന്റ് തയ്യാറാണോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, വളരെ പ്രസക്തമായൊരു ചോദ്യമാണ്. നമ്മളെല്ലാവരും ഇക്കാര്യത്തിൽ ഇടപെടേണ്ടതുമാണ്. പലിശരഹിത സ്കീമുകൾ പലതും ബഡ്ജറ്റിൽത്തന്നെ അനൗൺസ് ചെയ്തിട്ടുണ്ട്. വ്യവസായ രംഗത്തുതന്നെ MSME-ക്ക് ആയിരക്കണക്കിന് കോടി രൂപയുടെ പുതിയ പദ്ധതികളാണ് വ്യവസായ വകുപ്പ് മുൻകയ്യെടുത്ത് ആവിഷ്കരിച്ചിട്ടുള്ളത്. അതിനായി ബഡ്ജറ്റിൽ പ്രൊവിഷൻ വച്ചിട്ടുണ്ട്. അതുപോലെ സഹകരണ മേഖലവഴി നാട്ടിലെ കാർഷിക മേഖലയിലെയും അനുബന്ധ മേഖലകളിലെയും നിക്ഷേപത്തിനുവേണ്ടി പണം നീക്കിവയ്ക്കുന്നതിനുള്ള പലിശരഹിത പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. പ്രവാസികൾക്കുവേണ്ടി പ്രത്യേക പദ്ധതികൾ ആലോചിച്ചിട്ടുണ്ട്. സഹകരണ മേഖലയിൽ Co-operative Initiative for Agriculture Infrastructure in Kerala (CAIK) എന്നൊരു പദ്ധതിക്കുമാത്രം 2,000 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. അതിന് മുൻകയ്യെടുത്ത് ചില പദ്ധതികൾ നടപ്പിലാക്കാൻവേണ്ടി ബഹുമാന്യരായ എം.എൽ.എ-മാരുടെയും രാഷ്ട്രീയ നേതാക്കളുടെയും സഹായംകൂടി അഭ്യർത്ഥിക്കുകയാണ്. കാർഷിക മേഖലയിലും വ്യാവസായിക മേഖലയിലും നമ്മുടെ തനതായ ഉൽപ്പാദനപ്രക്രിയ മുന്നോട്ട് പോയില്ലെങ്കിൽ കേരളത്തിന് ഇത്തരമൊരു പ്രതിസന്ധിഘട്ടത്തെ നേരിടാൻ കഴിയില്ല. ഇതൊരു ആഗോള പ്രതിസന്ധിയാണ്. അതുകൊണ്ട് നമുക്ക് സംയുക്തമായി പരിപാടികൾ ആവിഷ്കരിച്ച് മുന്നോട്ടുപോകാൻ കഴിയണം. ആവശ്യമായ പണം അനുവദിക്കുന്നതിന്, അല്ലെങ്കിൽ സഹായിക്കുന്നതിന് സർക്കാരിന് കഴിയും.

ശ്രീ. പി. ടി. എ. റഹീം: സർ, ഫീസിബിളല്ല എന്ന് കണ്ടെത്തിയ പദ്ധതികൾ കിഫ്ബിയിൽനിന്നും മാറ്റാൻ സാധിക്കുമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, 50,000 കോടി രൂപയാണ് കിഫ്ബി പദ്ധതിയിൽ നേരത്തെ ഉദ്ദേശിച്ചിരുന്നത്. ഇപ്പോൾ 63,000 കോടി രൂപയുടെ പദ്ധതികൾ അതിൽ ഉൾപ്പെട്ടിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ, ഫീസിബിളല്ലാത്ത അല്ലെങ്കിൽ തീരെ പ്രായോഗികമല്ലാത്ത പദ്ധതികളുണ്ടെങ്കിൽ പരിശോധിച്ച് അതിനുപകരം സംവിധാനം കണ്ടെത്തും.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, കഴിഞ്ഞ അഞ്ച് വർഷക്കാലമായി സംസ്ഥാനത്തിന്റെ പൊതുകടവും മൊത്തം കടവും ഗണ്യമായി വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. FRBM (Fiscal Responsibility and Budget Management Act) ആക്ട് പ്രകാരം കടമെടുക്കാവുന്നതിന്റെ അവസാനത്തെ പരിധിവരെയും നമ്മൾ എടുത്തിരിക്കുകയാണ്. അഞ്ച് വർഷക്കാലംകൊണ്ട് കടമെടുത്ത തുകയിൽ നമ്മൾ തിരിച്ചടയ്ക്കേണ്ടി വരുന്നത് എത്രയാണ്; അത് ഇപ്പോൾ പ്രഖ്യാപിച്ച പദ്ധതികൾ നടപ്പാക്കുന്നതിനെ എങ്ങനെ ബാധിക്കും?

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, ഓരോ വർഷവും അടയ്ക്കുന്ന കടമെടുത്ത പണത്തിന്റെ കൃത്യമായ കണക്ക് നോട്ടീസ് തന്നാൽ നൽകാൻ സാധിക്കും. കടമെടുക്കുന്നുണ്ട് എന്നത് വാസ്തവമാണ്. എന്നാൽ അദ്ദേഹം പറഞ്ഞ സ്റ്റേറ്റ്മെന്റിൽ ഒരു ചെറിയ കറക്ഷനുണ്ട്. കഴിഞ്ഞ അഞ്ച് വർഷംകൊണ്ടല്ല; ഓരോ അഞ്ച് വർഷം നോക്കിയാലും കേരളത്തിന്റെ അല്ലെങ്കിൽ മറ്റ് സംസ്ഥാനങ്ങളുടെ കടമെടുക്കൽ ഇരട്ടിയായിക്കൊണ്ടിരിക്കുകയാണ്. അതിൽ ഏത് ഗവൺമെന്റാണ് എന്നുള്ള പ്രത്യേകതയില്ല. ഓരോ അഞ്ച് വർഷവും പരിശോധിച്ചാൽ ആ കടത്തിൽ ഇരട്ടിപ്പ് വരുന്നുണ്ട്. പണപ്പെരുപ്പമടക്കമുള്ള പല ആസ്പെക്ടുകളുമുണ്ട്. നേരത്തെ ചെയ്തതിനെക്കാളും വ്യത്യസ്തമായി അമിതമായി കടമെടുത്ത് സംസ്ഥാനത്തിന് സാമ്പത്തിക ബാദ്ധ്യത യുണ്ടാക്കുന്ന നിലപാട് കഴിഞ്ഞ അഞ്ച് വർഷത്തെ സർക്കാർ സ്വീകരിച്ചിട്ടില്ല. എന്നാൽ വലിയ കുതിച്ചുചാട്ടം ഉണ്ടാക്കുന്ന തരത്തിലേയ്ക്കാണ് കടമെടുത്ത തുക ഉപയോഗിച്ചിട്ടുള്ളത്.

<u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: സർ, വളരെ പ്രതികൂലമായൊരു സാമ്പത്തിക സാഹചര്യത്തിലും ജനങ്ങൾക്കുവേണ്ടി ഗവൺമെന്റ് ചെയ്യുന്ന എല്ലാ നടപടി കളെയും സ്വാഗതം ചെയ്യുന്നു. സംസ്ഥാനത്ത് ഭക്ഷ്യധാന്യ കിറ്റ് എത്ര തവണ നൽകാൻ കഴിഞ്ഞു; അതിനുവേണ്ടി എത്ര തുക ചെലവഴിച്ചു; ഓണത്തിന് കൊടുക്കുന്ന കിറ്റിന് ആകെ എത്ര തുക ചെലവാകും?

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, ഭക്ഷ്യധാന്യ കിറ്റിന്റെ കൃത്യമായ കണക്ക് ആധികാരികമായ രേഖവച്ച് മാത്രമേ പറയാൻ സാധിക്കുകയുള്ളൂ. ഏകദേശം ഒരു മാസം 500 കോടി രൂപയ്ക്കടുത്താണ് ചെലവ് വരുന്നത്. സ്വാഭാവികമായും കൂടുതൽ സാധനങ്ങൾ ഉൾപ്പെടുത്തിയാണ് ഓണക്കിറ്റ് നൽകുന്നത്. ഓണക്കിറ്റിനെ സംബന്ധിച്ച് നേരത്തെതന്നെ ബഹുമാനപ്പെട്ട ഭക്ഷ്യ വകുപ്പുമന്ത്രിയും മറ്റും പറഞ്ഞത് ശ്രദ്ധിച്ചിട്ടുണ്ടാകും. കേരളത്തിന്റെ തനതായ ഉൽപ്പന്നങ്ങൾ പരമാവധി ചെലവാക്കുക, അവ പരമാവധി ജനങ്ങൾക്ക് നൽകുക എന്നൊരു കാഴ്ചപ്പാട് വച്ചുകൊണ്ട് 50 ഗ്രാം കശുവണ്ടി, ഏലയ്ക്ക, ക്ഷീര കർഷകരെ സംരക്ഷിക്കാൻ മിൽമയുടെ നെയ് തുടങ്ങിയവയൊക്കെ കിറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇവയെല്ലാം കൊടുക്കുന്നതുകൊണ്ട് അൽപ്പംകൂടി ചെലവ് കൂടും. ഓണക്കിറ്റിന് ആകെ എത്ര തുക ചെലവ് വരുമെന്നതുസംബന്ധിച്ച് അത് വിതരണം ചെയ്തതിനുശേഷം മാത്രമേ അറിയാൻ സാധിക്കുകയുള്ളൂ. ഏതായാലും കേരളത്തിലെ ജനങ്ങൾക്ക് പരമാവധി സഹായമെത്തിക്കാനുള്ള സമീപനം സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, 63,000 കോടി രൂപയുടെ കിഫ്ബി പദ്ധതികൾക്ക് അംഗീകാരം നൽകി എന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറയുകയുണ്ടായി. എത്ര കോടി രൂപയുടെ പദ്ധതികളാണ് ഇതിനോടകം പൂർത്തീ കരിച്ചിട്ടുള്ളത്; എത്ര പദ്ധതികളാണ് തുടങ്ങാൻ കഴിഞ്ഞിട്ടുള്ളത്? 25 വർഷം

കഴിഞ്ഞ് നടപ്പിലാക്കേണ്ട പദ്ധതികൾ ഇപ്പോൾ നടപ്പിലാക്കി അതിന്റെ ഭൗതിക നേട്ടങ്ങൾ ജനങ്ങൾക്ക് നൽകുക എന്നതാണ് കിഫ്ബിയുടെ ലക്ഷ്യം. കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ 50,000 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കുമെന്നാണ് പറഞ്ഞിരുന്നത്. എന്നാൽ നാളിതുവരെ എത്ര കോടി രൂപയുടെ പദ്ധതികൾ ആരംഭിച്ച; എത്ര കോടി രൂപയുടെ പദ്ധതികൾ പൂർത്തീകരിച്ചു?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഇതുസംബന്ധിച്ച് കൃത്യമായ കണക്ക് വേണമെങ്കിൽ ബഹുമാനപ്പെട്ട അംഗം മുൻകൂട്ടി നോട്ടീസ് നൽകേണ്ടതാണ്.

**നൂറുദിന കർമ്മപരിപാടിയും സഹകരണമേഖലയും**

3 (*3) ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീമതി കാനത്തിൽ ജമീല:
ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. കെ. വി. സുമേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ്മൂലമുള്ള സാമ്പത്തികാഘാതത്തിൽനിന്ന് ഗ്രാമീണ സമ്പദ്‌വ്യവസ്ഥയെ കരകയറ്റുന്നതിന് പ്രഖ്യാപിച്ച നൂറുദിന കർമ്മപരിപാടിയിൽ സഹകരണമേഖലയുടെ പങ്ക് വിശദമാക്കാമോ;

(ബി) ഈ കാലയളവിനുള്ളിൽ പതിനായിരം പേർക്കെങ്കിലും തൊഴിൽ ലഭ്യമാക്കണമെന്ന ലക്ഷ്യത്തോടെ ആസൂത്രണം ചെയ്തിട്ടുള്ള പരിപാടിയുടെ വിവരങ്ങൾ അറിയിക്കാമോ:

(സി) സർക്കാർ മേഖലയിലെ പദ്ധതികൾ ഏറ്റെടുക്കുന്നതിനും പ്രാഥമിക സഹകരണ സംഘങ്ങളുടെ ശാക്തീകരണത്തിനും കേരള ബാങ്കിന്റെ രൂപീകരണം എത്രത്തോളം പ്രയോജനം ചെയ്തിട്ടുണ്ടെന്ന് അറിയിക്കാമോ; കേരള ബാങ്കിനെ കൂടുതൽ ശക്തിപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ,

(എ) സർക്കാർ പ്രഖ്യാപിച്ച നൂറുദിന കർമ്മ പരിപാടിയിൽ സഹകരണ മേഖലയുമായി ബന്ധപ്പെട്ട പദ്ധതികൾ ചുവടെ ചേർക്കുന്നു :

1. കെയർ ഹോം പദ്ധതി- രണ്ടാം ഘട്ടം - കെയർ ഹോം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ സ്വന്തമായി ഭൂമിയും താമസസ്ഥലവും ഇല്ലാത്തവർക്ക് സംസ്ഥാനത്തെ 14 ജില്ലകളിലും ലൈഫ് മിഷൻ നിർദ്ദേശിക്കുന്ന സ്ഥലത്ത് ഭവനസമുച്ചയങ്ങൾ നിർമ്മിച്ച

നൽകുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. തൃശ്ശൂർ ജില്ലയിൽ നിർമ്മിക്കുന്ന ഭവന സമുച്ചയത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ നൂറുദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തി ആഗസ്റ്റ് മാസത്തിനു മുമ്പ് പണി പൂർത്തീകരിക്കുന്നതാണ്.

2. യുവ സംരംഭകർക്കായി സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്ന പദ്ധതി-നൂറുദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഒരു പദ്ധതിയാണ് യുവജനങ്ങൾക്കായി 25 സഹകരണ സംഘങ്ങൾ രൂപീകരിച്ചു നൽകുകയെന്നുള്ളത്. യുവജന സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു. 2021 സെപ്റ്റംബർ 10-നുമുമ്പ് 25 സംഘങ്ങളും രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

3. വനിതാ സഹകരണ സംഘങ്ങൾവഴി മിതമായ നിരക്കിൽ മാസ്ക്, സാനിറ്റൈസർ ഉൾപ്പെടെയുള്ള കോവിഡ് പ്രതിരോധ ഉൽപ്പന്നങ്ങളുടെ 10 നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കുന്നത് - വനിതാ സഹകരണ സംഘങ്ങൾവഴി മിതമായ നിരക്കിൽ മാസ്ക്, സാനിറ്റൈസർ, ഹാൻഡ് വാഷ്, ക്യാരിബാഗ്, പി.പി.ഇ. കിറ്റ് ഉൾപ്പെടെയുള്ള കോവിഡ് പ്രതിരോധ ഉൽപ്പന്നങ്ങൾ പൊതു ജനങ്ങൾക്ക് വിതരണം ചെയ്യുന്നതിനും വനിതകൾക്ക് തൊഴിലവസരം സൃഷ്ടിക്കുന്നതിനുമായി 10 നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കുന്നതിന് നടപടികളാരംഭിച്ചിട്ടുണ്ട്.

4. സംസ്ഥാനമാകെ അധികാരപരിധിയോടുകൂടി ഒരു നെല്ല് സഹകരണ സംഘം രൂപീകരിക്കുന്നതിനും പാലക്കാട് റൈസ് മിൽ മാതൃകയിൽ കുട്ടനാട്, അപ്പർ കുട്ടനാട് ആസ്ഥാനമാക്കി ഒരു സംഭരണ, സംസ്കരണ, വിപണന സഹകരണ സംഘം രജിസ്റ്റർ ചെയ്ത് രണ്ട് ആധുനിക റൈസ് മില്ലുകൾ ആരംഭിക്കുന്ന പദ്ധതി - സംസ്ഥാനമാകെ അധികാര പരിധിയോടുകൂടി ഒരു നെല്ല് സഹകരണ സംഘം രൂപീകരിക്കുന്നതിനും പാലക്കാട് റൈസ് മിൽ മാതൃകയിൽ കുട്ടനാട്, അപ്പർ കുട്ടനാട് ആസ്ഥാനമാക്കി ഒരു സംഭരണ, സംസ്കരണ, വിപണന സഹകരണ സംഘം രജിസ്റ്റർ ചെയ്ത് രണ്ട് ആധുനിക റൈസ് മില്ലുകൾ ആരംഭിക്കുന്നതിനുമാണ് ടി പദ്ധതി. പ്രാഥമിക സഹകരണ സംഘങ്ങൾ അംഗങ്ങളായി രൂപീകരിക്കുന്ന ഈ പദ്ധതിയുമായി സഹകരിക്കാൻ താല്പര്യമുള്ള

സഹകരണ സംഘങ്ങളുടെ യോഗം (Promoters meeting) സമയബന്ധിതമായി വിളിച്ചുകൂട്ടുന്നതിന് PACS അസോസി യേഷനുമായി ചർച്ച നടത്തിയിട്ടുണ്ട്. Promoters meeting കൂടി മേൽനടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. പദ്ധതിയുടെ ഏകോപനത്തിനായി ഒരു അഡീഷണൽ രജിസ്ട്രാറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

5. വിദ്യാതരംഗിണി-കോവിഡ് മഹാമാരിക്കാലത്ത് വിദ്യാർത്ഥികളുടെ ഓൺലൈൻ പഠനം സുഗമമാക്കാൻ സ്കൂൾ അധികാരികളുടെ സാക്ഷ്യപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ സഹകരണ സംഘങ്ങളുടെ പ്രവർത്തനപരിധിയിൽ വരുന്ന അർഹരായ വിദ്യാർത്ഥികൾക്ക് മൊബൈൽ ഫോണുകൾ വാങ്ങുന്നതിനായി ഒരു വ്യക്തിക്ക് 10,000 രൂപ വരെ പലിശ രഹിതവായ്പ ലഭ്യമാക്കുന്ന പദ്ധതി യാണിത്.

6. തൊഴിലവസരങ്ങൾ സൃഷ്ടിച്ച പദ്ധതി-സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ, സഹകരണ അപ്പെക്സ് ഫെഡറേഷനുകൾ, മറ്റ് സഹകരണ സംഘങ്ങൾ, കേരളാ ബാങ്കിന്റെ 769 ശാഖകൾ എന്നിവയിലൂടെ തൊഴിലധിഷ്ഠി തമായ സൂക്ഷ്മ ചെറുകിട സംരംഭങ്ങൾ, ചെറുകിട കച്ചവടം എന്നീ പദ്ധതികൾക്കായി വായ്പകൾ അനുവദിച്ചുകൊണ്ട് 10000 തൊഴിൽ ഉറപ്പാക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

(ബി) കേരള സർക്കാരിന്റെ നൂറുദിന കർമ്മപരിപാടിയുമായി ബന്ധപ്പെട്ട് സഹകരണ മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലേയ്ക്കായി വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ, സഹകരണ അപ്പെക്സ് ഫെഡറേഷനുകൾ, മറ്റ് സഹകരണ സംഘങ്ങൾ, കേരളാ ബാങ്കിന്റെ 769 ശാഖകൾ എന്നിവയിലൂടെ തൊഴിലധിഷ്ഠിതമായ സൂക്ഷ്മ ചെറുകിട സംരംഭങ്ങൾ, ചെറുകിട കച്ചവടം എന്നീ പദ്ധതികൾക്കായി വായ്പകൾ അനുവദിച്ചുകൊണ്ട് 10,000 തൊഴിൽ ഉറപ്പാക്കു കയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഈ ലക്ഷ്യം കൈവരിക്കുന്നതിനായി എല്ലാ ജില്ലകൾക്കും സ്ഥാപനങ്ങൾക്കുമായി വിഭജിച്ച് നൽകിയിട്ടുണ്ട്. നൂറുദിന കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തി സർക്കാർ മേഖലയിൽ 11-6-2021 മുതലുള്ള കാലയളവിൽ സഹകരണ വകുപ്പിൽ 15 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. കൂടാതെ സഹകരണ സ്ഥാപനങ്ങൾവഴി നേരിട്ടും വായ്പ മുഖാന്തരവും സംസ്ഥാനത്താകെ 3983 തൊഴിലവസരങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്.

(സി) സംസ്ഥാന സർക്കാരിന്റെ നൂറുദിന കർമ്മപരിപാടിയുടെ ഭാഗമായി ഒന്നാം ഘട്ടത്തിൽ 7076 തൊഴിലവസരവും രണ്ടാം ഘട്ടത്തിൽ 5000 തൊഴില വസരവും സൃഷ്ടിക്കാനാണ് കേരള ബാങ്ക് ലക്ഷ്യം വച്ചിരുന്നതെങ്കിലും 19,536 തൊഴിലവസരങ്ങൾ ബാങ്കിന്റെ വിവിധ വായ്പാ പദ്ധതികളിലൂടെ നൽകിയിട്ടുണ്ട്. 7460 അധിക തൊഴിലവസരങ്ങളാണ് രണ്ട് ഘട്ടങ്ങളിലുമായി സൃഷ്ടിച്ചിട്ടുള്ളത്. മൂന്നാം ഘട്ടത്തിൽ ഇതുവരെ 1944 തൊഴിലവസരങ്ങളും സൃഷ്ടിച്ചിട്ടുണ്ട്. കേന്ദ്ര പദ്ധതിയായ അഗ്രി ഇൻഫ്രാസ്ട്രക്ചർ ഫണ്ട്, Animal Husbandry Infrastructure Development Fund, Pradhan Manthri Formalisation of Micro Processing Enterprises എന്നീ പദ്ധതികൾ കേരള ബാങ്കിന്റെ വിവിധ വായ്പാ പദ്ധതികളുമായി സംയോജിപ്പിച്ച് നടപ്പിലാക്കിവരുന്നു. സംസ്ഥാന സർക്കാരിന്റെ കൃഷി, മൃഗസംരക്ഷണം, മത്സ്യ വികസനം എന്നീ വകുപ്പുകളുടെ വിവിധ പദ്ധതികളും ബാങ്കിന്റെ ലോംഗ് ടേം അഗ്രികൾച്ചറൽ വായ്പയുമായി സംയോജിപ്പിച്ച് നൽകുന്നുണ്ട്. കോവിഡ് അതിജീവ നത്തിന്റെ ഭാഗമായി സംസ്ഥാന സർക്കാരിന്റെ CMHLS (Chief Ministers Helping Hand Loan Scheme) പ്രകാരം സ്വയം സഹായ സംഘങ്ങൾക്ക് പരമാവധി 4 ലക്ഷം രൂപ വരെ ഗ്രൂപ്പ് വായ്പകൾ അനുവദിച്ച് നൽകിവരുന്നു. മത്സ്യബന്ധന മേഖലയിലുള്ള വനിതകളുടെ ജീവനോപാധിക്കായി Society For Assistance to Fisher Women (SAF)-മായി സഹകരിച്ച് സംഘം വായ്പകൾ നൽകുന്നുണ്ട്. കേരള ബാങ്ക് രൂപീകരണത്തിന്റെ ഫലമായി PACS-ലൂടെ കർഷകർക്ക് നൽകുന്ന KCC (Kisan Credit Card) വായ്പയ്ക്ക് 1% പലിശ കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. 6% പലിശയ്ക്ക് കർഷകർക്ക് നൽകുന്ന വായ്പയ്ക്ക് 3% പലിശ സബ്‌വെൻഷൻ ലഭിക്കും. DCB-യുടെ ഇടനില മാർജിൻ ഒഴിവായതിനാൽ 3% പലിശയ്ക്ക് കർഷകർക്ക് ലഭിക്കുന്നു. മാത്രമല്ല കേരള ബാങ്ക് PACS-ന് നൽകുന്ന വായ്പകളിൽ 1% മുതൽ 3% വരെ കുറവ് വരുത്താൻ സാധിച്ചിട്ടുണ്ട്. ആധുനിക ബാങ്കിംഗ് സേവനങ്ങളായ നെറ്റ് ബാങ്കിംഗ്, കോർ ബാങ്കിംഗ്, NEFT, ATM, Fund Transfer ഉൾപ്പെടെയുള്ള എല്ലാ സൗകര്യങ്ങളും ഇടപാടുകാർക്ക് ലഭ്യമാക്കി ബാങ്കിന്റെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗ മിച്ചുവരുന്നു. സംസ്ഥാനത്ത് സഹകരണ മേഖലയിൽ പുതുതലമുറയുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിന് ഇന്റർനെറ്റ് ബാങ്കിംഗ്, മൊബൈൽ ബാങ്കിംഗ്, ഇ-പേമെന്റ് സിസ്റ്റം, RTGS/NEFT സമ്പ്രദായങ്ങളിലൂടെ സാധിക്കും. ഇത് കേരള ബാങ്കിനെ കൂടുതൽ ശക്തിപ്പെടുത്തും.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, കേന്ദ്ര സർക്കാർ ഏകപക്ഷീയമായി സഹകരണ മന്ത്രാലയം രൂപീകരിച്ച് കേരളത്തിലെ സഹകരണ പ്രസ്ഥാനത്തെ തകർക്കാൻ നീക്കം നടത്തുന്നുവെന്നാണ് പൊതുവായി പറഞ്ഞുകേൾക്കുന്നത്. അതിനെ പ്രതിരോധിക്കാനാവശ്യമായ എന്തെങ്കിലും നടപടി സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ?

<u>ശ്രീ. വി. എൻ. വാസവൻ</u>: സർ, സഹകരണ മന്ത്രാലയം രൂപീകരിച്ച് പൂർണ്ണതോതിലുള്ള പ്രവർത്തനങ്ങളിലേയ്ക്ക് വന്നെങ്കിൽമാത്രമേ അതുമായി ബന്ധപ്പെട്ട കാര്യങ്ങൾ പറയാൻ കഴിയുകയുള്ളൂ. അതുകൂടാതെ, സഹകരണം സ്റ്റേറ്റ് സബ്ജക്ടാണ് എന്ന രൂപത്തിൽ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ സുപ്രധാനമായൊരു വിധി ഇന്നലെ വന്നിരിക്കുന്നത് സ്വാഗതാർഹമാണ്.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### പെട്രോൾ വില വർദ്ധന

4(*4) <u>ശ്രീ. എം. വിൻസെന്റ്</u>:
<u>ശ്രീ. എ. പി. അനിൽ കുമാർ</u>:
<u>ശ്രീ. ടി. സിദ്ദിഖ്</u>:
<u>ശ്രീ. സജീവ് ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി <u>(ശ്രീ. കെ. എൻ. ബാലഗോപാൽ)</u> സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് പെട്രോൾ വില നൂറ് രൂപയിൽ കൂടുതൽ എത്തിയിരിക്കുന്ന സാഹചര്യത്തിൽ ജനങ്ങൾ അനുഭവിക്കുന്ന ദുരിതം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) മുൻ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് പെട്രോളിയം വില വർദ്ധനയുടെ അധികഭാരം ഒഴിവാക്കുന്നതിനുവേണ്ടി എത്ര തവണ സംസ്ഥാന നികുതിയിൽ ഇളവ് നൽകിയിട്ടുണ്ട്; ഇപ്രകാരം എത്ര രൂപയുടെ ഇളവ് അനുവദിച്ചിട്ടുണ്ട്?

2011-16 കാലയളവിൽ പെട്രോളിന്റെ സംസ്ഥാന വിൽപ്പന നികുതി 13 തവണ വർദ്ധിപ്പിക്കുകയും 4 തവണ കുറയ്ക്കുകയും ചെയ്തിട്ടുണ്ട്. മേൽ കാലയളവിൽ ഡീസലിന്റെ സംസ്ഥാന വിൽപ്പന നികുതി 5 തവണ വർദ്ധിപ്പിക്കുകയും 2 തവണ കുറയ്ക്കുകയും ചെയ്തിട്ടുണ്ട്. പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന വിൽപ്പന നികുതി 2011-ൽ യഥാക്രമം 29.01 ശതമാനവും 24.69 ശതമാനവും ആയിരുന്നത് 2016-ൽ യഥാക്രമം 31.8 ശതമാനവും 24.52 ശതമാനവുമായി. നികുതി നിരക്ക് കുറച്ചതിന്റെ ഫലമായി പെട്രോളിന്റേയും ഡീസലിന്റേയും വിലയിൽ അനുവദിച്ച ഇളവ് സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ഓട്ടോ-ടാക്സി തൊഴിലാളികൾ ഉൾപ്പെടെ എല്ലാ വിഭാഗം ജനങ്ങളും പെട്രോളിയം വില വർദ്ധനവിന്റെ ഫലമായി ദുരിതങ്ങൾ അനുഭവിക്കുന്ന സാഹചര്യത്തിൽ സംസ്ഥാന സർക്കാരിന്റെ നികുതി വിഹിതത്തിൽ കുറവ് വരുത്തി ജനങ്ങൾക്ക് ആശ്വാസം നൽകുന്ന നടപടികൾ സ്വീകരിക്കുവാൻ തയ്യാറാകുമോ എന്ന് വ്യക്തമാക്കുമോ?

പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന വിൽപ്പന നികുതി 2011-ൽ യഥാക്രമം 29.01 ശതമാനവും 24.69 ശതമാനവും ആയിരുന്നത് 2016-ൽ യഥാക്രമം 31.8 ശതമാനവും 24.52 ശതമാനവും ആയി. എന്നാൽ തുടർന്ന് 2018-ൽ പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന വിൽപ്പന നികുതി യഥാക്രമം 30.08 ശതമാനവും 22.76 ശതമാനവും ആയി കുറച്ചിട്ടുണ്ട്. 2016-ന് ശേഷം പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന വിൽപ്പന നികുതിയിൽ വർദ്ധനവ് വരുത്തിയിട്ടില്ല. എന്നാൽ കേന്ദ്ര ഗവൺമെന്റ് ഈ കാലയളവിൽ കേന്ദ്ര അഡീഷണൽ എക്സൈസ് നിരക്ക് പലതവണ വർദ്ധിപ്പിച്ചതായി കണ്ടുവരുന്നു. ഇത് ഇന്ധന വില വർദ്ധനവിന് കാരണമാകുന്നുണ്ട്. കേന്ദ്ര നികുതി നിരക്ക് കുറച്ചാൽ സംസ്ഥാന നികുതി അതനുസരിച്ച് കുറയുന്നതാണ്.

**വായ്പകൾക്ക് മൊറട്ടോറിയം**

5(*5) ശ്രീ. കെ. ബി. ഗണേഷ് കുമാർ:

ശ്രീ. തോമസ് കെ. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ ബാങ്ക് വായ്പകൾക്ക് ഒരു വർഷത്തെ മൊറട്ടോറിയം പ്രഖ്യാപിക്കുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്താൻ നടപടി സ്വീകരിക്കുമോ;

&

(ബി) മേൽപ്പറഞ്ഞ സാഹചര്യത്തിൽ മൊറട്ടോറിയം നൽകേണ്ടതിന്റെ ആവശ്യകത റിസർവ് ബാങ്കിനെ ബോദ്ധ്യപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

കോവിഡ്-19 രണ്ടാംഘട്ട വ്യാപനം സൃഷ്ടിച്ച പ്രതിസന്ധികളുടെ പശ്ചാത്തലത്തിൽ വ്യക്തികളുടെയും സൂക്ഷ്മ ഇടത്തരം സംരംഭങ്ങളുടെയും അർഹതപ്പെട്ട വായ്പകൾക്കായി വായ്പകളുടെ അക്കൗണ്ട് സ്ഥിതി മാറ്റാതെ തന്നെ വായ്പാ റീഷെഡ്യൂളിംഗ് അനുവദിച്ചും രണ്ടുവർഷം വരെ മൊറട്ടോറിയം ഉൾപ്പെടെയുള്ള

ആനുകൂല്യങ്ങൾ വായ്പക്കാരന് അനുവദിക്കാവുന്ന രീതിയിലും Resolution Framework 2.0 - Resolution of Covid-19 related stress of Individual and Small Business, Resolution Framework 2.0 - Resolution of Covid-19 related stress of Micro Small and Medium Enterprises എന്നിവ പ്രകാരം മാർഗ്ഗ നിർദ്ദേശങ്ങൾ ബാങ്കുകൾ, സഹകരണ ബാങ്കുകൾ, ബാങ്ക് ഇതര ധനകാര്യ സ്ഥാപനങ്ങൾ എന്നിവ ഉൾപ്പെടെ എല്ലാ ധനകാര്യ സ്ഥാപനങ്ങൾക്കും റിസർവ് ബാങ്ക് നൽകിയിട്ടുള്ളതാണ്. ഇത് അർഹരായ വായ്പക്കാർക്ക് വായ്പകളുടെ റീസ്ട്രക്ചറിംഗ്, റീഷെഡ്യൂളിംഗ്, മൊറട്ടോറിയം എന്നീ സൗകര്യങ്ങൾ ഉറപ്പുവരുത്തുന്നു. ടി മൊറട്ടോറിയം കാലയളവിലെ പലിശ, പിഴപ്പലിശ എന്നിവ ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സംസ്ഥാന സർക്കാർ റിസർവ് ബാങ്കിനോട് കത്ത് മുഖേന അഭ്യർത്ഥിച്ചിട്ടുണ്ട്. കൂടാതെ, കോവിഡ്-19 രണ്ടാംഘട്ട വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ എല്ലാവിധ വായ്പാ തിരിച്ചടവുകൾക്കും 31-12-2021 വരെ മൊറട്ടോറിയം പ്രഖ്യാപിക്കണമെന്നും മൊറട്ടോറിയം കാലയളവിലെ പലിശയും പിഴപ്പലിശയും ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും ബഹു. മുഖ്യമന്ത്രിയും വകുപ്പുമന്ത്രിയും കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

**സഹകരണ മേഖലയിലെ കേന്ദ്രസർക്കാർ ഇടപെടൽ**

6(*6) ശ്രീ. പി. ടി. എ. റഹീം:
ശ്രീ. എം. എം. മണി:
ശ്രീ. ടി. ഐ. മധുസൂദനൻ:
ശ്രീ. കെ. ആൻസലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ :

(എ) ഭരണഘടനയുടെ ഏഴാം പട്ടികയിലെ മുപ്പത്തിരണ്ടാം ഇനം സഹകരണ സംഘങ്ങളുടെ പ്രവർത്തനത്തിന്മേലുള്ള അധികാരവും നിയന്ത്രണവും സംസ്ഥാന സർക്കാരിന് ഏല്പിച്ചുനൽകിയിട്ടുള്ള പശ്ചാത്തലത്തിൽ കേന്ദ്ര സർക്കാർ ഏകപക്ഷീയമായി സഹകരണ മന്ത്രാലയം രൂപീകരിച്ചത് സംസ്ഥാനത്ത് സഹകാരികളുടെ ഇടയിൽ ഉയർത്തിയിട്ടുള്ള ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ബി) നോട്ട് നിരോധനവേളയിലുൾപ്പെടെ സഹകരണ സംഘങ്ങൾക്കെതിരെ നിലപാട് സ്വീകരിച്ച കേന്ദ്രസർക്കാർ വീണ്ടും സഹകരണ സംഘങ്ങളെ ദുർബലപ്പെടുത്തുന്ന പ്രവർത്തനത്തിൽ ഏർപ്പെടരുതെന്ന് ആവശ്യപ്പെടുന്നതിന്റെ സാധ്യത പരിശോധനാവിധേയമാക്കുമോ?

കേന്ദ്ര സർക്കാർ സഹകരണ മന്ത്രാലയം രൂപീകരിച്ചത് സംസ്ഥാനത്തെ സഹകാരികളുടെയിടയിൽ ആശങ്ക സൃഷ്ടിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത മന്ത്രാലയത്തിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തി ഇക്കാര്യത്തിൽ നിലപാട് സ്വീകരിക്കുന്നതാണ്.

(സി) ഗ്രാമീണ സമ്പദ്‌വ്യവസ്ഥയെ ശക്തിപ്പെടുത്തുന്നതിൽ നിർണ്ണായക പങ്കുവഹിക്കുന്ന സഹകരണ മേഖലയുടെ പ്രവർത്തനം കാർഷിക രംഗത്തോടൊപ്പം കൂടുതൽ മേഖലകളിലേയ്ക്ക് വ്യാപിപ്പിക്കാൻ പദ്ധതിയുണ്ടോ?

ഗ്രാമീണ സമ്പദ്‌വ്യവസ്ഥയെ ശക്തിപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് സഹകരണ വകുപ്പിൽനിന്നും സഹകരണ സംഘങ്ങൾക്ക് കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ ഇവയ്ക്കുള്ള ധനസഹായം, കാർഷിക വിപണന മേഖലയെ ശക്തിപ്പെടുത്തുന്നതിന് സഹകരണ സ്ഥാപനങ്ങൾക്കുള്ള സഹായം, കർഷക സേവന കേന്ദ്രം, പി.എ.സി.എസ്. വഴി പഞ്ചായത്ത്, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷനുകൾ എന്നിവിടങ്ങളിലെ ഗ്രാമീൺ മാർക്കറ്റുകൾ/പച്ചക്കറി ശേഖരണ കേന്ദ്രങ്ങൾക്കുള്ള സഹായം, കാർഷിക ഉത്പന്നങ്ങളുടെ സംഭരണം, സംസ്കരണം, വിപണനം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനുള്ള സഹായം എന്നീ പദ്ധതികളിലായി കാർഷിക മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിന് ധനസഹായം അനുവദിക്കുന്നുണ്ട്. സഹകരണ സംഘങ്ങളുടെ ആഭിമുഖ്യത്തിൽ വാല്യൂ ആഡഡ് ഉൽപ്പന്നങ്ങൾ ഉൽപാദിപ്പിക്കുന്നതിന് ആവശ്യമായ സഹായം നൽകുന്നതാണ്. കേരള ബാങ്കിലൂടെ കർഷകർക്ക് അനുഗുണമായി ലോൺ പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കിയിട്ടുണ്ട്. സഹകരണ മേഖലയുടെ പ്രവർത്തനം കാർഷിക രംഗത്തോടൊപ്പം കൂടുതൽ മേഖലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനായി അതാത് മേഖലകളിൽ പ്രാവീണ്യമുള്ള യുവസംരംഭകരെ ഉൾപ്പെടുത്തി 25 യുവജന സംഘങ്ങൾ രൂപീകരിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ പുരോഗമിക്കുന്നു. പ്രസ്തുത സംഘത്തിൽ കാർഷികമേഖലയ്ക്ക് ഊന്നൽ നൽകുന്നതാണ്.

### പബ്ലിക് പ്രോസിക്യൂട്ടർമാരുടെ നിയമനം

7(*7) ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ :

(എ) മുൻ സർക്കാരിന്റെ കാലയളവിൽ രാജ്യത്തെ വിവിധ കോടതികളിൽ സർക്കാരിനുവേണ്ടി കേസ്സുകൾ നടത്തുന്നതിനായി പുറമെ നിന്നും നിയോഗിച്ച അഭിഭാഷകരുടെ ഫീസിനത്തിൽ സർക്കാർ ഖജനാവിൽനിന്നും ചെലവാക്കിയ തുക എത്രയാണെന്ന കണക്ക് ലഭ്യമാണോ; എങ്കിൽ നൽകുമോ?

മുൻ സർക്കാരിന്റെ കാലയളവിൽ (31-5-2021 വരെ) രാജ്യത്തെ വിവിധ കോടതികളിൽ സർക്കാരിനുവേണ്ടി കേസ്സുകൾ നടത്തുന്നതിനായി പുറമെ നിന്നും നിയോഗിച്ച അഭിഭാഷകരുടെ ഫീസിനത്തിൽ കൈമാറിയ തുക 18,97,89,823 രൂപയാണ്.

(ബി) സർക്കാർ അഭിഭാഷകരുണ്ടായിട്ടും സർക്കാർ കേസ്സുകൾ വാദിക്കുന്നതിനായി ഇത്തരത്തിൽ പുറമെനിന്നും അഭിഭാഷകരെ നിയോഗിക്കേണ്ടി വരുന്നതിന്റെ കാരണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

പ്രത്യേക നിയമ വിഷയങ്ങളെ അടിസ്ഥാനമാക്കിയുള്ള വ്യവഹാരങ്ങളിൽ ആ വിഷയങ്ങളിൽ അവഗാഹവും പ്രത്യേക പ്രവർത്തന പരിചയവുമുള്ള അഭിഭാഷകരുടെ സേവനം ഉപയോഗിക്കേണ്ടതായി വരും.

(സി) സംസ്ഥാനത്ത് ഹൈക്കോടതി പ്ലീഡർ മുതൽ കീഴ്കോടതിയിലെ അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർമാർ വരെയുള്ളവരുടെ നിയമനത്തിനായി നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ?

ഹൈക്കോടതിയിലെയും ജില്ലാ കോടതിയിലെയും മറ്റ് കീഴ് കോടതികളിലെയും സർക്കാർ അഭിഭാഷകരുടെ നിയമനങ്ങൾ 1978-ലെ കേരള ഗവൺമെന്റ് ലാ ഓഫീസേഴ്സ് (അപ്പോയിന്റ്മെന്റ് & കണ്ടീഷൻസ് ഓഫ് സർവ്വീസ്) ആൻഡ് കണ്ടക്ട് ഓഫ് കേസസ് ചട്ടങ്ങൾ പ്രകാരമുള്ള യോഗ്യതകളുടെയും 9-8-2019-ലെ സ.ഉ. (കൈ)68/2019/നിയമം നമ്പർ ഉത്തരവിലെ മാനദണ്ഡങ്ങളുടെയും അടിസ്ഥാനത്തിലാണ് നടത്തുന്നത്. പബ്ലിക് പ്രോസിക്യൂട്ടർമാരുടെ നിയമനങ്ങൾ ക്രിമിനൽ നടപടിക്രമത്തിലെ മാനദണ്ഡങ്ങളും 1978-ലെ കേരള ഗവൺമെന്റ് ലാ ഓഫീസേഴ്സ് (അപ്പോയിന്റ്മെന്റ് & കണ്ടീഷൻസ് ഓഫ് സർവ്വീസ്) ആൻഡ് കണ്ടക്ട് ഓഫ് കേസസ് ചട്ടങ്ങളിലെ മാനദണ്ഡങ്ങളും അടിസ്ഥാനമാക്കിയാണ് നടത്തുന്നത്. മജിസ്ട്രേറ്റ് കോടതികളിലെ അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർമാരുടെ നിയമനങ്ങൾ Special Rules for the post of Director of Prosecution (Administration), Deputy Director of Prosecution and Senior Assistant Public Prosecutor, Assistant Public Prosecutor (Senior Grade), Assistant Public Prosecutor Grade I and Assistant Public Prosecutor Grade II, 2018-ൽ പ്രതിപാദിക്കുന്ന യോഗ്യതകളുടെയും മാനദണ്ഡങ്ങളുടെയും അടിസ്ഥാനത്തിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷനാണ് നടത്തുന്നത്.

(ഡി) പബ്ലിക് പ്രോസിക്യൂട്ടർമാരുടെയും പ്ലീഡർമാരുടെയും നിയമനം രാഷ്ട്രീയ നിയമനമാകുന്നത് ജനങ്ങൾക്ക് നീതിന്യായ വ്യവസ്ഥയിലുള്ള വിശ്വാസ്യത നഷ്ടപ്പെടുത്തുമെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) എങ്കിൽ ഈ നിയമനങ്ങൾ മെരിറ്റടിസ്ഥാനത്തിലാക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

പ്രസ്തുത നിയമനങ്ങൾ നിലവിലുള്ള ചട്ടങ്ങളും ഉത്തരവുകളും അനുസരിച്ചുള്ള നിയമനങ്ങളാകയാൽ ടി നിയമനങ്ങൾ മെരിറ്റടിസ്ഥാനത്തിൽ തന്നെയുള്ളവയാണ്.

**വ്യവസായ പാർക്കുകളുടെ വികസന പുരോഗതി**

8(*8) ശ്രീ. കെ. എം. സച്ചിൻദേവ്:
ശ്രീ. പി. നന്ദകുമാർ:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനും സംസ്ഥാനത്തെ കൂടുതൽ നിക്ഷേപ സൗഹൃദമാക്കുന്നതിനും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

ഉണ്ട്. സംസ്ഥാനത്ത് നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനും സംസ്ഥാനത്തെ കൂടുതൽ നിക്ഷേപ സൗഹൃദമാക്കുന്നതിനുമായി നടപ്പിലാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു :

1. സംരംഭക സഹായ പദ്ധതി
2. നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതി
3. ചെറുകിട യൂണിറ്റുകൾക്കുള്ള മാർജിൻ മണിഗ്രാന്റ്
4. പ്രവർത്തനരഹിതമായ സൂക്ഷ്മ-ചെറുകിട-ഇടത്തരം യൂണിറ്റുകളുടെ പുനരുജ്ജീവന പദ്ധതി
5. വ്യവസായ ഭദ്രതാ പദ്ധതി
6. പ്രൈം മിനിസ്റ്റേഴ്സ് ഫോർമലൈസേഷൻ ഓഫ് മൈക്രോ ഫുഡ് പ്രോസസിംഗ് എന്റർപ്രൈസസ്
7. സുസ്ഥിര സംരംഭകത്വത്തിനുള്ള അഗ്രോ ബിസിനസ് ഇൻകുബേഷൻ
8. കേരള സിംഗിൾ വിൻഡോ ഇന്റർഫെയ്സ് ഫോർ ഫാസ്റ്റ് ആൻഡ് ട്രാൻസ്പേരന്റ് ക്ലിയറൻസ്

9. ഓൺലൈൻ ആയുള്ള വ്യവസായ ഭൂമിയുടെ അനുവദിക്കൽ

10. പുതിയ വ്യവസായ ഭൂമിയുടെ വികസനം

11. പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റിനുള്ള അടിസ്ഥാന സൗകര്യ വികസനം

12. സംരംഭക വികസന കേന്ദ്രങ്ങൾ. വിശദാംശം അനുബന്ധമായി ചേർക്കുന്നു. *

(ബി) സംസ്ഥാനത്തെ വിവിധ വ്യവസായ പാർക്കുകളിൽ സംരംഭക യൂണിറ്റുകൾക്ക് അതിവേഗ അനുമതി ലഭ്യമാക്കാൻ ഏകജാലക ബോർഡുകൾ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉണ്ട്.

(സി) വ്യവസായ പാർക്കുകളുടെ വികസന പുരോഗതി ത്വരിതപ്പെടുത്തുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

വ്യവസായ വികസന പാർക്കുകളുടെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നുണ്ട്. പാർക്കുകളിൽ തുടർച്ചയായി വൈദ്യുതി ലഭിക്കുന്നതിന് പവർ ഫീഡർ സ്ഥാപിക്കും. കൂടാതെ, കിൻഫ്രയുടെ സബ്സിഡിയറി കമ്പനിയായ 'കിനെസ്കോ'യാണ് വൈദ്യുതി വിതരണം നടത്തുന്നത്. കിൻഫ്ര പാർക്കുകളിൽ അപേക്ഷ ലഭിച്ച് 24 മണിക്കൂറുകൾക്കകം വൈദ്യുതി കണക്ഷൻ ലഭ്യമാകും, മാലിന്യ നിർമ്മാർജ്ജനത്തിനായി കോമൺ എഫ്ലുവന്റ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നുണ്ട്. സംസ്ഥാനതലത്തിൽ വ്യവസായ പാർക്കുകളുടെ സർവ്വേ നടപടികളും പൂർത്തീകരിച്ചിട്ടുണ്ട്.

(ഡി) വിവിധ വ്യവസായ പാർക്കുകളിൽ സ്ഥലം അനുവദിക്കപ്പെട്ടവർ പ്രവർത്തനം തുടങ്ങിയോ എന്ന് പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുമോ?

വ്യവസായ പാർക്കുകളിലെ എസ്റ്റേറ്റ് ഓഫീസർമാർ കൃത്യമായ പരിശോധന നടത്തി റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഭൂമി അനുവദിക്കുന്ന വേളയിൽ സംരംഭകൻ ഏർപ്പെടുന്ന കരാർ പ്രകാരമുള്ള പ്രവർത്തനങ്ങൾ സർക്കാർ ഉത്തരവിൽ പരാമർശിക്കുന്ന കാലയളവിൽ യൂണിറ്റ് തുടങ്ങാത്ത സാഹചര്യത്തിൽ ചട്ടപ്രകാരമുള്ള നിയമ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. വ്യവസായ ഭൂമിയുടെ വിതരണം, വിനിയോഗം എന്നിവ സംബന്ധിച്ച് ഒരു ഏകീകൃത നയം രൂപീകരിക്കുന്നതാണ്. നിലവിലുള്ള ഭൂമിയുടെ സ്ഥിതി വിവരക്കണക്കുകൾ എടുക്കുന്നുണ്ട്. ഇതു പൂർത്തിയാക്കി ഉചിതമായ നടപടി സ്വീകരിക്കും.

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ക്ഷേമപെൻഷനുകൾക്കുള്ള കേന്ദ്രവിഹിതം

9(*9) ശ്രീ. പി. എസ്. സുപാൽ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീമതി സി. കെ. ആശ:
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) ക്ഷേമപെൻഷനുകൾക്കുള്ള സംസ്ഥാന ബഡ്ജറ്റ് വിഹിതം കഴിഞ്ഞ അഞ്ചുവർഷങ്ങളിൽ വർദ്ധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

വർദ്ധിപ്പിച്ചിട്ടുണ്ട്. സാമൂഹ്യക്ഷേമ പെൻഷനുവേണ്ടി കഴിഞ്ഞ അഞ്ചു വർഷങ്ങളിൽ സർക്കാർ അനുവദിച്ച ബഡ്ജറ്റ് വിഹിതം സംബന്ധിച്ച തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു:

| വർഷം | ബഡ്ജറ്റ് വിഹിതം (തുക കോടി രൂപയിൽ) |
|---|---|
| 2016-17 | 5128.63 |
| 2017-18 | 5666.21 |
| 2018-19 | 3578<br>2018-19 സാമ്പത്തിക വർഷത്തിൽ, 2018 ആഗസ്റ്റ് മുതൽ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് മുഖേനയാണ് വിതരണം ചെയ്യുന്നത്. |
| 2019-20 | 3354 |
| 2020-21 | 12950.07 |
| | കഴിഞ്ഞ സർക്കാരിന്റെ കാലഘട്ടത്തിൽ (2016-2021) 34504.19 കോടി രൂപ സാമൂഹ്യ ക്ഷേമ പെൻഷൻ ഇനത്തിൽ ചെലവഴിച്ചിട്ടുണ്ട്. |

(ബി) ക്ഷേമപെൻഷനുകളുടെ കാര്യത്തിൽ മതിയായ കേന്ദ്രവിഹിതം സംസ്ഥാനത്തിന് ലഭിക്കുന്നുണ്ടോ?

ഇല്ല. സാമൂഹ്യ സുരക്ഷാ പെൻഷനുകളായ ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ, ഇന്ദിരാ ഗാന്ധി ദേശീയ വിധവാ പെൻഷൻ, ഇന്ദിരാ ഗാന്ധി ദേശീയ വികലാംഗ പെൻഷൻ എന്നീ പെൻഷൻ ഇനങ്ങൾക്കാണ് കേന്ദ്ര സർക്കാർ വിഹിതം ലഭിക്കുന്നത്. സംസ്ഥാനത്ത് 50,46,421 സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളുള്ളതിൽ 6,88,329 ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്ക് മാത്രമാണ് കേന്ദ്രസഹായം ലഭിക്കുന്നത്. ക്ഷേമനിധി ബോർഡ് പെൻഷൻ ഗുണഭോക്താക്കൾ 7,04,217 ആണ്. ഇതിന് യാതൊരുവിധ കേന്ദ്രസഹായവും ലഭിക്കുന്നില്ല. നിലവിൽ കേന്ദ്ര വിഹിതമായി ലഭിക്കുന്ന തുകകൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.*

(സി) കോവിഡ്മൂലമുള്ള സാമ്പത്തിക പ്രതിസന്ധി എന്ന കാരണത്താൽ കേന്ദ്ര സർക്കാർ ക്ഷേമ പദ്ധതികൾക്കായുള്ള ചെലവുകൾ വെട്ടിക്കുറയ്ക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

കോവിഡ് മഹാമാരിമൂലമുള്ള സാമ്പത്തിക പ്രതിസന്ധി മുൻനിർത്തി ക്ഷേമ പദ്ധതികൾക്കുള്ള വിഹിതം കേന്ദ്ര സർക്കാർ വെട്ടിക്കുറയ്ക്കുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. എന്നാൽ PFMS പോർട്ടലിൽ നിന്നുള്ള വിവരങ്ങൾ പ്രകാരം പ്രധാന ക്ഷേമ പദ്ധതികൾക്കുള്ള കേന്ദ്ര വിഹിതത്തിൽ 2018-19 സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് 2019-20 സാമ്പത്തിക വർഷത്തിൽ കുറവ് വന്നിട്ടുള്ളതായും 2020-21 സാമ്പത്തിക വർഷത്തിൽ കഴിഞ്ഞ രണ്ട് സാമ്പത്തിക വർഷങ്ങളെയും അപേക്ഷിച്ച് വർദ്ധന ഉണ്ടായിട്ടുള്ളതായും കാണുന്നു. വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ഡി) കോവിഡിന്റെ പശ്ചാത്തലത്തിലും സംസ്ഥാന സർക്കാർ ക്ഷേമ പെൻഷനുകൾക്കുള്ള വിഹിതത്തിൽ കുറവ് വരുത്താതെ വർദ്ധിപ്പിച്ച നിരക്കിൽ നൽകുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ;

സാമൂഹ്യ സുരക്ഷാ/ക്ഷേമനിധി ബോർഡ് പെൻഷനുകൾ 1-4-2020 മുതൽ 1300 രൂപയായും, 1-9-2020 മുതൽ 1400 രൂപയായും 1-1-2021 മുതൽ 1500 രൂപയായും 1-4-2021 മുതൽ 1600 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. 2020 സെപ്റ്റംബർ മാസം മുതൽ സാമൂഹ്യ സുരക്ഷാ/ ക്ഷേമനിധി ബോർഡ് പെൻഷനുകൾ അതത് മാസം അനുവദിച്ചു വിതരണം ചെയ്തുവരുന്നു.

(ഇ) ഗാർഹിക തൊഴിലാളി പെൻഷൻ, അൻപത് വയസ്സുകഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ എന്നീ ഇനങ്ങളിൽ കേന്ദ്രവിഹിതം ലഭിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

ഗാർഹിക തൊഴിലാളി പെൻഷൻ, അൻപത് വയസ്സുകഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ എന്നീ ഇനങ്ങളിൽ കേന്ദ്ര വിഹിതം ലഭിക്കുന്നില്ല.

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## സൂക്ഷ്മതൊഴിൽ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കാൻ നടപടി

10(*10) ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. പി. ബാലചന്ദ്രൻ:
ശ്രീ. വാഴൂർ സോമൻ:
ശ്രീ. ഇ. കെ. വിജയൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സൂക്ഷ്മതൊഴിൽ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്ന കാര്യത്തിലുള്ള നിലപാട് വ്യക്തമാക്കാമോ?

സംസ്ഥാനത്തെ വലിയ തൊഴിൽ ദാതാക്കളായ സൂക്ഷ്മതൊഴിൽ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുക എന്നതാണ് ഈ സർക്കാർ ലക്ഷ്യമിടുന്നത്. നോട്ട് നിരോധനം, പ്രകൃതി ദുരന്തം തുടങ്ങിയ കാരണങ്ങളാൽ തിരിച്ചടി നേരിട്ട ഈ മേഖലയെ കോവിഡ്-19 മഹാമാരി കൂടി വരുത്തിവച്ച ലോക്ക്ഡൗൺ ഉൾപ്പെടെയുള്ള വിപരീത സാഹചര്യങ്ങളെ അഭിമുഖീകരിക്കാൻ പ്രാപ്തമാക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും സാമ്പത്തിക സഹായം അനുവദിക്കുന്നതിനും ചുവടെ പറയുന്ന പദ്ധതികൾ വ്യവസായ വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നുണ്ട്. സംരംഭക സഹായ പദ്ധതി - നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി, ചെറുകിട യൂണിറ്റുകൾക്ക് നല്കുന്ന മാർജിൻ മണിഗ്രാന്റ്, പ്രവർത്തനരഹിതമായ എം.എസ്.എം.ഇ. യൂണിറ്റുകളെ പിന്തുണയ്ക്കുന്ന Revival and rehabilitation scheme for defunct MSMEs and cashew processing units, The Kerala stressed MSMEs Revival & Rehabilitation Scheme എന്നിവയും നടപ്പിലാക്കി വരുന്നുണ്ട്. വ്യവസായ ഭദ്രത പാക്കേജ്- കോവിഡ് 19 കാരണം പ്രതിസന്ധിയിലായ സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങളെ സഹായിക്കുന്നതിലേയ്ക്കായി വ്യവസായ ഭദ്രത പദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖാന്തരം നടപ്പിലാക്കുന്ന Scheme for Interest Subvention on Term Loan and working capital loan പദ്ധതി പ്രകാരം 1-4-2020 മുതൽ 31-12-2020 വരെ MSME യൂണിറ്റുകൾ എടുക്കുന്ന വായ്പകൾക്ക് 50% താങ്ങ് പലിശ 6 മാസത്തേയ്ക്ക് പരമാവധി ഓരോ ലോണിനും (Term Loan/Working capital) 30000 രൂപ മുതൽ പരമാവധി 60000 രൂപ വരെ അനുവദിച്ച് വരുന്നുണ്ട്. കോവിഡ് -19 സമാശ്വാസ പദ്ധതി കോവിഡ് രണ്ടാം തരംഗത്തെത്തുടർന്ന് വ്യവസായത്തെ പിന്തുണയ്ക്കുന്നതിനുള്ള ശ്രമങ്ങളുടെ ഭാഗമായി, സർക്കാർ രൂപീകരിച്ച ദുരിതാശ്വാസ പാക്കേജാണ് കോവിഡ് -19 സമാശ്വാസ പദ്ധതി. പ്രസ്തുത പാക്കേജിന്റെ അടിസ്ഥാനത്തിൽ വ്യവസായ വകുപ്പ് മുഖാന്തരം നടപ്പിലാക്കുന്ന വിവിധ പദ്ധതികൾക്ക് ഇളവുകൾ അനുവദിച്ച് സംരംഭകർക്ക് സഹായം നൽകുന്നുണ്ട്.

(ബി) സൂക്ഷ്മതൊഴിൽ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി സംരംഭകത്വപരിശീലന പരിപാടികൾ, സാങ്കേതിക വിദ്യാമേഖലകളിൽ പ്രായോഗിക പരിശീലനം എന്നിവ നൽകുന്നുണ്ടോ; വിശദമാക്കാമോ?

സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ബ്ലോക്കടിസ്ഥാനത്തിൽ സംരംഭകത്വ ബോധവത്കരണ സെമിനാറുകൾ, താലൂക്ക്-ജില്ലാ അടിസ്ഥാനത്തിൽ നിക്ഷേപ സംഗമങ്ങൾ, ജില്ലാ അടിസ്ഥാനത്തിലുള്ള സംരംഭകത്വ വികസന പരിശീലനങ്ങൾ എന്നിവ അതിൽ ഉൾപ്പെടുന്നു. നിലവിലുള്ള സംരംഭങ്ങളുടെ സാങ്കേതികവിദ്യ വികസിപ്പിക്കുന്നതിനായി ടെക്നോളജി ക്ലിനിക്കുകളും മാനേജ്മെന്റിലും സാങ്കേതികവിദ്യയിലും പരിശീലനം നൽകുന്നതിനായി ടെക്നോളജി മാനേജ്മെന്റ് ഡെവലപ്പ്മെന്റ് പ്രോഗ്രാമുകളും സംഘടിപ്പിക്കുന്നു. കൂടാതെ എറണാകുളം കളമശ്ശേരിയിൽ സ്ഥിതി ചെയ്യുന്ന കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എന്റർപ്രെണർഷിപ്പ് ഡവലപ്പ്മെന്റ് (KIED)-ന്റെ നേതൃത്വത്തിൽ സംസ്ഥാന വ്യാപകമായി സംരംഭകത്വത്തിന്റെ വിവിധ മേഖലകളെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള വിവിധയിനം പരിശീലന പരിപാടികൾ നിലവിലെ സാഹചര്യത്തിൽ കോവിഡ് പ്രോട്ടോക്കോളിനു വിധേയമായി നടപ്പിലാക്കി വരുന്നു.

(സി) സൂക്ഷ്മതൊഴിൽ സംരംഭകർക്ക് ഉത്പന്നങ്ങളുടെ വിപണനം, വായ്പ എന്നിവക്ക് സഹായം ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ധനകാര്യ സ്ഥാപനങ്ങളിൽനിന്നും വായ്പ നേടുന്ന സൂക്ഷ്മ തൊഴിൽ സംരംഭങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്ന വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.

1. സംരംഭകത്വ സഹായ പദ്ധതിയിൽ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ലോൺ എടുത്ത് ആരംഭിക്കുന്ന സംരംഭങ്ങൾക്ക് വ്യവസായ വകുപ്പ് ശിപാർശ ചെയ്യുന്ന വ്യക്തമായ പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അനുവദിക്കുന്ന ടേം ലോൺ അടിസ്ഥാനമാക്കി പ്രവർത്തനം ആരംഭിക്കാൻ തുടങ്ങുന്ന ഉല്പാദന മേഖലയിലെ വ്യവസായ സംരംഭങ്ങൾക്ക് ഇ.എസ്.എസ്. പദ്ധതിപ്രകാരം അർഹമായ സഹായത്തിന്റെ 50% വരെ പരമാവധി 3 ലക്ഷം രൂപ സ്റ്റാർട്ടപ്പ് സപ്പോർട്ടായി നല്കുന്നുണ്ട്.

2. നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതി പ്രകാരം 5 ലക്ഷം രൂപ വരെ സ്ഥിര മൂലധന നിക്ഷേപം ഉള്ളതും 5 എച്ച്.പി. വരെ വൈദ്യുതി ആവശ്യമുള്ളതും, മലിനീകരണ നിയന്ത്രണ

ബോർഡിന്റെ മാനദണ്ഡപ്രകാരം വൈറ്റ്, ഗ്രീൻ എന്നീ വിഭാഗത്തിൽപ്പെട്ട വീട്ടിലുള്ളതോ വീടിനോട് ചേർന്നോ നടത്തുന്ന ഉല്പാദക ജോബ് വർക്ക് വിഭാഗത്തിലുൾപ്പെട്ട നാനോ സംരംഭങ്ങൾക്ക് സ്ഥാപനം ആരംഭിക്കുന്നതിന് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും നേടുന്ന ടേം വായ്പയുടെ വാർഷിക പലിശയിൽ 6% മുതൽ 8% വരെ സബ്സിഡിയായി തിരികെ നൽകുന്നു. വനിതകൾ/പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഇത് 8% വരെ ലഭിക്കുന്നു. മൂന്ന് വർഷത്തേയ്ക്കാണ് ഇപ്രകാരം റീ-ഇംബേഴ്സ് ചെയ്ത് നൽകുന്നത്.

3. ചെറുകിട യൂണിറ്റുകൾക്ക് നല്കുന്ന മാർജിൻ മണിഗ്രാന്റ് പദ്ധതി പ്രകാരം ഉൽപ്പന്ന നിർമ്മാണം, ഭക്ഷ്യ സംസ്കരണം എന്നിവയിൽ ആരംഭിക്കുന്ന ചെറു സംരംഭങ്ങൾക്ക് (മൂല്യാധിഷ്ഠിത പ്രവർത്തനങ്ങൾ നടത്തുന്ന സേവന മേഖല ഉൾപ്പെടെ) സ്ഥിര മൂലധനവും പ്രവർത്തന മൂലധനവുമുൾപ്പെടെ ആകെ പ്രോജക്ട് ചെലവ് 10 ലക്ഷം രൂപ വരെയുള്ള യൂണിറ്റുകൾ ഈ പദ്ധതിയുടെ സഹായത്തിന് അർഹരാണ്.

4. കോവിഡ്-19 കാരണം പ്രതിസന്ധിയിലായ സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങളെ സഹായിക്കുന്നതിലേയ്ക്കായി സർക്കാർ രൂപീകരിച്ച വ്യവസായ ഭദ്രത പദ്ധതിയുടെ അടിസ്ഥാനത്തിൽ നടപ്പിലാക്കുന്ന Scheme for Interest Subvention on Term Loan and working capital loan പദ്ധതി പ്രകാരം 1-4-2020 മുതൽ 31-12-2020 വരെ MSME യൂണിറ്റുകൾ എടുക്കുന്ന വായ്പകൾക്ക് 50% താങ്ങ് പലിശ 6 മാസത്തേയ്ക്ക് പരമാവധി ഓരോ ലോണിനും (Term Loan/Working capital) 30000 രൂപ മുതൽ പരമാവധി 60000 രൂപ വരെ അനുവദിച്ച് വരുന്നുണ്ട്.

5. കോവിഡ് രണ്ടാം തരംഗത്തെ തുടർന്ന് വ്യവസായത്തെ പിന്തുണയ്ക്കുന്നതിനായി സർക്കാർ രൂപീകരിച്ച കോവിഡ്-19 സമാശ്വാസ പദ്ധതി പ്രകാരം മുൻ വർഷം വ്യവസായ ഭദ്രത പാക്കേജിലുൾപ്പെടുത്തി നടപ്പിലാക്കി വരുന്ന പലിശ ഇളവ് പദ്ധതിയുടെ വായ്പ നേടുന്നതിനുള്ള കാലാവധി 2021 ഡിസംബർ 31 വരെ ഒരു വർഷത്തേയ്ക്കുകൂടി ദീർഘിപ്പിക്കുകയും 12 മാസത്തേയ്ക്ക് 50% പലിശ സഹായം എന്ന നിരക്കിൽ പരമാവധി യൂണിറ്റിന് 1,20,000 രൂപ വരെ സഹായം അനുവദിക്കുകയും ചെയ്യുന്നതാണ്. സൂക്ഷ്മ തൊഴിൽ സംരംഭകർക്ക് ഉത്പന്നങ്ങളുടെ വിപണനം പ്രോത്സാഹിപ്പിക്കുന്നതിനായി വ്യവസായ വകുപ്പ് മുഖേന

ജില്ലാതല വ്യവസായ പ്രദർശനം, അഗ്രോ ക്രാഫ്റ്റ്സ് മേള, മലബാർ ക്രാഫ്റ്റ്സ് മേള, ദേശീയ അന്തർ ദേശിയ മേളകളിൽ പങ്കെടുപ്പിക്കൽ, ബിസിനസ്സ് ടു ബിസിനസ്സ് മീറ്റ്, വാണിജ്യ മിഷൻ, ഇ-കോമേഴ്സ് പോർട്ടൽ എന്നിവ സംഘടിപ്പിച്ചു വരുന്നുണ്ട്.

**വ്യവസായ വികസനത്തിനായുള്ള നടപടികൾ**

11(*11) ശ്രീ. ആന്റണി ജോൺ:
ശ്രീ. എച്ച്. സലാം:
ശ്രീ. ഡി. കെ. മുരളി:
ശ്രീമതി ശാന്തകുമാരി കെ.: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ :

(എ) വിജയകരമായ ആശയങ്ങളെ സംരംഭകത്വത്തിലെത്തിക്കാൻ വേണ്ട സാമ്പത്തിക പാക്കേജുകൾ ഒരുക്കുന്നതിന് വെഞ്ച്വർ കാപിറ്റൽ ഫണ്ട് രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഇല്ല.

(ബി) സംസ്ഥാനത്തെ വ്യവസായ വികസനത്തിന് കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ വഴി നടത്തുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ?

സംസ്ഥാനത്തെ വ്യവസായ മേഖലയിൽ നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി സാമ്പത്തിക സഹായങ്ങൾ നൽകിയും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയും വ്യവസായ രംഗത്തെ പ്രോത്സാഹിപ്പിക്കുകയാണ് കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ ലക്ഷ്യം. ചെറുകിട-ഇടത്തരം-വൻകിട വ്യവസായങ്ങൾക്കുവേണ്ടി കുറഞ്ഞ പലിശ നിരക്കിൽ (8.75% - 10.75%) 10000 ലക്ഷം രൂപ വരെ വായ്പയായി ധനസഹായം ചെയ്തുവരുന്നു. കേരളത്തിൽ നിക്ഷേപകരെ ആകർഷിക്കാൻ സർക്കാർ നിരവധി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. സർക്കാരിന്റെ പദ്ധതിക്കനുസരിച്ച് ആകർഷകമായ വായ്പകൾ നൽകി വരുന്നുണ്ട്. ഒരു വ്യവസായ സംരംഭത്തിന് ആവശ്യമായ എല്ലാ അനുമതികളും ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി കെ-സിഫ്റ്റ് എന്ന ഓൺലൈൻ ഏകജാലകം സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ഈസ് ഓഫ് ഡൂയിങ് ബിസിനസ്സിൽ സർക്കാരിന്റെ നോഡൽ ഏജൻസിയായും കെ.എസ്.ഐ.ഡി.സി. പ്രവർത്തിക്കുന്നു. സ്റ്റാർട്ട്-അപ് ആവാസ വ്യവസ്ഥയുടെ ഭാഗമായി അത്തരം സംരംഭകരെ സഹായിക്കുന്നതിനുവേണ്ടി വായ്പനയമാറ്റം വരുത്തി സ്റ്റാർട്ട്-അപ് ഫണ്ട് (സീഡ്ഫണ്ട്) നൽകിത്തുടങ്ങിയിട്ടുണ്ട്. വനിത സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി വി-മിഷൻ എന്ന പദ്ധതിയിലൂടെ വായ്പ ലഭ്യമാക്കി വരുന്നു.

(സി) യുവ സംരംഭകരുടെ നൂതന ആശയങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതിയുണ്ടോ?

ഉണ്ട്. യുവ സംരംഭകർക്ക് പ്രോത്സാഹനം നൽകുന്നതിനായി താഴെപ്പറയുന്ന പദ്ധതികൾ നിലവിലുണ്ട്. സംരംഭക സഹായ പദ്ധതി, നാനോ ഗാർഹിക സംരംഭക പലിശ സബ്സിഡി പദ്ധതി, ചെറുകിട സംരംഭകർക്കുള്ള മാർജിൻ മണി ഗ്രാന്റ്.

(ഡി) കോവിഡ്-19 കാരണം സാമ്പത്തിക പ്രതിസന്ധിയിലായ വ്യവസായങ്ങളെ സംരക്ഷിക്കാൻ പ്രത്യേക സാമ്പത്തിക സഹായ പദ്ധതികളോ വായ്പാ പദ്ധതികളോ ഉണ്ടോയെന്ന് അറിയിക്കാമോ?

കോവിഡ്-19 മഹാമാരി കാരണം ഏർപ്പെടുത്തേണ്ടിവന്ന ലോക്ക്ഡൗൺ നിമിത്തം പ്രതിസന്ധിയിലായ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ മേഖലയെ സംരംക്ഷിക്കാൻ സർക്കാർ വ്യവസായ ഭദ്രത എന്ന പേരിൽ ഒരു പാക്കേജ് നടപ്പിലാക്കിയിട്ടുണ്ട്.

**ഇന്ധനവില വർദ്ധനവ്**

12(*12) ശ്രീ. പി. ഉബൈദുള്ള:
ശ്രീ. കെ. പി. എ. മജീദ്:
ഡോ. എം. കെ. മുനീർ:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) ഇന്ധന വിലവർദ്ധനവിനെത്തുടർന്ന് ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ ഈ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ്?

പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന വില്പന നികുതി 2016-ൽ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വരുമ്പോൾ യഥാക്രമം 31.80%-ഉം 24.52%-ഉം ആയിരുന്നു. എന്നാൽ 2018-ൽ പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന വില്പന നികുതി യഥാക്രമം 30.08%-ഉം 22.76%-ഉം ആയി കുറച്ചിട്ടുണ്ട്. വികലമായ കേന്ദ്ര നയത്തിന്റെ ഭാഗമായി പെട്രോളിയം ഉൽപ്പന്നങ്ങളുടെ ദിനം പ്രതിയുള്ള വിലവർദ്ധനവ് ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിലെ ജനങ്ങളുടെ ദൈനംദിന ജീവിതം ദുസ്സഹമാക്കിയെന്നത് വസ്തുതയാണ്. ഇന്ധനവിലയിലെ വർദ്ധനവ് ട്രാൻസ്പോർട്ടേഷൻ ചെലവ് ഉയർത്തിയതുമൂലം എല്ലാ അവശ്യ സാധന

ങ്ങളുടേയും വിലക്കയറ്റത്തിന് ഇടയാക്കി. ഇത് ജനങ്ങളുടെ വാങ്ങൽശേഷിയേയും നിക്ഷേപ സാധ്യതയേയും ദുർബ്ബലപ്പെടുത്തി. കോവിഡിന്റെ കൂടി പശ്ചാത്തലത്തിൽ അതിരൂക്ഷമായ സാമ്പത്തിക മാന്ദ്യം അഭിമുഖീകരിക്കുന്ന സമ്പദ്ഘടനയെ പുനരുജ്ജീവിപ്പിക്കുന്നതിന് സംസ്ഥാന സർക്കാർ ക്രിയാത്മക നടപടികൾ കൈക്കൊണ്ടുവരുന്നുണ്ട്. എന്നാൽ വിലവർദ്ധനവിന്റെ അനന്തരഫലമായ നാണയപ്പെരുപ്പം ഇത്തരം നടപടികൾക്ക് വിഘാതം സൃഷ്ടിച്ചിരിക്കുകയാണ്.

(ബി) മുൻ യു.ഡി.എഫ്. സർക്കാർ അഞ്ച് തവണ നികുതി ഇളവ് നൽകിയതുപോലെ സംസ്ഥാന നികുതിയിൽ ഇളവ് നൽകുന്ന കാര്യം പരിശോധിക്കുമോ?

2011-2016 കാലയളവിൽ പെട്രോളിന്റെ സംസ്ഥാന വിൽപ്പന നികുതി 13 തവണ വർദ്ധിപ്പിക്കുകയും 4 തവണ കുറയ്ക്കുകയും ചെയ്തിട്ടുണ്ട്. മേൽ കാലയളവിൽ ഡീസലിന്റെ സംസ്ഥാന വിൽപ്പന നികുതി 5 തവണ വർദ്ധിപ്പിക്കുകയും 2 തവണ കുറയ്ക്കുകയും ചെയ്തിട്ടുണ്ട്. പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന വിൽപ്പന നികുതി 2011-ൽ യഥാക്രമം 29.01 ശതമാനവും 24.69 ശതമാനവും ആയിരുന്നത് 2016-ൽ യഥാക്രമം 31.8 ശതമാനവും 24.52 ശതമാനവുമായി. ഇന്ധന വില വർദ്ധനവിനനുസരിച്ച് കൂടിയ വിലയിൻമേലുള്ള അധിക നികുതി വേണ്ടെന്നു വയ്ക്കുന്ന സാഹചര്യം ഉണ്ടായെങ്കിലും 18-2-2015-ലെ എസ്.ആർ.ഒ. 92/2015 പ്രകാരം പെട്രോളിന്റെ നികുതി നിരക്ക് 31.80% ആയി ഉയർത്തുകയും ഡീസലിന്റേത് 24.52% ആയി നിശ്ചയിക്കുകയുമുണ്ടായി. എന്നാൽ കഴിഞ്ഞ സർക്കാർ അധികാരമേറ്റശേഷം 1-6-2018 മുതൽ പെട്രോളിന്റെ നികുതി നിരക്ക് 30.08% ആയും ഡീസലിന്റേത് 22.76% ആയും കുറയ്ക്കുകയാണ് ചെയ്തത്. കേന്ദ്ര നികുതി നിരക്ക് കുറച്ചാൽ സംസ്ഥാന നികുതി അതനുസരിച്ച് കുറയുന്നതാണ്.

(സി) പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില വർദ്ധനവിനെത്തുടർന്ന് സർക്കാരിനുണ്ടാകുന്ന വരുമാനത്തിൽ ഒരു ഭാഗം സാധാരണക്കാരെ സംരക്ഷിക്കുന്നതിനായി ചെലവഴിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

കോവിഡിന്റെ കൂടി പശ്ചാത്തലത്തിൽ അതിരൂക്ഷമായ സാമ്പത്തിക മാന്ദ്യം അഭിമുഖീകരിക്കുന്ന സമ്പദ്ഘടനയെ പുനരുജ്ജീവിപ്പിക്കുന്നതിനും സാധാരണക്കാരെ സഹായിക്കുന്നതിനുമായി സംസ്ഥാന സർക്കാർ ക്രിയാത്മക നടപടികൾ കൈക്കൊണ്ടുവരുന്നുണ്ട്. എന്നാൽ പെട്രോളിയം ഉൽപ്പന്നങ്ങളുടെ വിലവർദ്ധനവിന്റെ അനന്തരഫലമായ നാണയപ്പെരുപ്പം ഇത്തരം നടപടികൾക്ക് വിഘാതം സൃഷ്ടിച്ചിരിക്കുകയാണ്.

## കൊച്ചി- ബെംഗളൂരു വ്യവസായ ഇടനാഴി

13(*13) ശ്രീ. കെ. ഡി. പ്രസേനൻ:
ഡോ. കെ. ടി. ജലീൽ:
ശ്രീ. കെ. ജെ. മാക്സി:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് വ്യവസായ മേഖലയ്ക്ക് കുതിപ്പേകാൻ ഉദ്ദേശിച്ചുകൊണ്ടുള്ള കൊച്ചി-ബെംഗളൂരു വ്യവസായ ഇടനാഴിക്ക് ആവശ്യമായ സ്ഥലം ഏറ്റെടുപ്പിനായി കൈക്കൊണ്ടുവരുന്ന നടപടികളുടെ പുരോഗതി അറിയിക്കുമോ?

വ്യവസായ രംഗത്ത് വൻ കുതിപ്പുണ്ടാക്കുകയെന്ന ലക്ഷ്യത്തോടെയാണ് കൊച്ചി-ബെംഗളൂരു വ്യവസായ ഇടനാഴി ആരംഭിക്കാൻ തീരുമാനിച്ചിട്ടുള്ളത്. കൊച്ചിയിൽ തുടങ്ങി പാലക്കാട് അവസാനിക്കുന്ന മേഖലയിൽ അനുയോജ്യമായ ഭൂമി കണ്ടെത്തി അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് ഉല്പാദന മേഖലയുടെ ക്ലസ്റ്ററുകൾ (Integrated Manufacturing Clusters) രൂപീകരിക്കുന്ന പദ്ധതിയാണ് വ്യവസായ ഇടനാഴിയുടെ ഭാഗമായി കേരളത്തിൽ നടപ്പാക്കുന്നത്. പ്രസ്തുത ഇടനാഴിയിൽ എല്ലാ മേഖലയിലുമുള്ള വ്യവസായ സംരംഭങ്ങൾക്ക് ക്ലസ്റ്ററുകളായി പ്രവർത്തിക്കാൻ സാധിക്കും. ഇതുവഴി സംസ്ഥാനത്ത് വ്യവസായ നിക്ഷേപം ആകർഷിക്കുന്നതിനും അതുവഴി പ്രത്യക്ഷമായും പരോക്ഷമായും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും അവസരം ഒരുക്കും. കൊച്ചി-ബെംഗളൂരു ഇടനാഴി പദ്ധതി നടപ്പിലാക്കുന്നതിന്റെ നോഡൽ ഏജൻസിയാണ് കിൻഫ്ര. സംസ്ഥാന സർക്കാരിന്റെ (കിൻഫ്രയുടെ) 50%-ഉം National Industrial Corridor Development & Implementation Trust (NICDIT)-യുടെ 50%-ഉം പങ്കാളിത്തമുള്ള ഒരു Special Purpose Vehicle (SPV) ആണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി നിർവ്വഹണത്തിനായി 4-2-2021-ലെ G.O.(Ms)No.23/2021/ID പ്രകാരം കിൻഫ്രയുടെ നേതൃത്വത്തിൽ "ദി കേരള ഇൻഡസ്ട്രിയൽ കോറിഡോർ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് " എന്ന കമ്പനി രൂപീകൃതമായിട്ടുള്ളതാണ്. കൊച്ചി-ബെംഗളൂരു വ്യവസായ ഇടനാഴി പദ്ധതി സമയബന്ധിതമായി യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടികൾ കിൻഫ്ര നടത്തിവരുന്നുണ്ട്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി പാലക്കാടിനെ ഒരു നോഡായി വികസിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. കൂടാതെ, കൊച്ചിയിൽ ഗ്ലോബൽ ഇൻഡസ്ട്രിയൽ ആന്റ് ഫിനാൻഷ്യൽ ട്രേഡ് സിറ്റി (GIFT) വികസിപ്പിക്കുന്നതിനും പദ്ധതി വിഭാവന ചെയ്യുന്നുണ്ട്. പാലക്കാട്, കണ്ണമ്പ്ര, പുതുശ്ശേരി സെൻട്രൽ

ഒഴലപ്പതി, പുതുശ്ശേരി സെൻട്രൽ & ഈസ്റ്റ് എന്നീ സ്ഥലങ്ങളിൽ 1720 ഏക്കർ ഭൂമി കണ്ടെത്തുകയും പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ ജില്ലാ റവന്യൂ അധികാരികളുടെ നേതൃത്വത്തിൽ പുരോഗമിച്ചുവരികയും ചെയ്യുന്നു. പാലക്കാട് നോഡിലുൾപ്പെടുന്ന കണ്ണമ്പ്രയിൽ ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ചു കഴിഞ്ഞു. മറ്റ് സ്ഥലങ്ങളിൽ ഭൂമി ഏറ്റെടുക്കൽ നടപടികളുമായി ബന്ധപ്പെട്ട് പബ്ലിക് ഹിയറിംഗ് ഉൾപ്പെടെയുള്ള തുടർനടപടികൾ പുരോഗമിച്ചുവരുന്നു. ഡിസംബർ 2021-ഓടുകൂടി ഭൂമി ഏറ്റെടുക്കുവാൻ വേണ്ട നടപടികൾ പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കൊച്ചി ബെംഗളൂരു വ്യവസായ ഇടനാഴിയുടെ ഭാഗമായി കൊച്ചിയിൽ സ്ഥാപിക്കുന്ന ഗിഫ്റ്റ് സിറ്റിക്ക് എറണാകുളം ജില്ലയിലെ അയ്യമ്പുഴയിൽ 220 Hectares (543 ഏക്കർ) ഭൂമി കണ്ടെത്തുകയും പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതിനുള്ള ഭരണാനുമതി നൽകുകയും ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട സാമൂഹിക ആഘാത പഠനം ഉൾപ്പെടെയുള്ള തുടർനടപടികൾ ജില്ലാ റവന്യൂ അധികാരികളുടെ നേതൃത്വത്തിൽ പുരോഗമിച്ചുവരുന്നു.

(ബി) വിവിധ പ്രദേശങ്ങളിലെ സ്ഥലമേറ്റെടുപ്പിനുള്ള കലണ്ടർ തയ്യാറാക്കി സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടിയെടുത്തിട്ടുണ്ടോ ?

പാലക്കാട് ജില്ലയിലെ കണ്ണമ്പ്രയിൽ 312 ഏക്കർ, ഒഴലപ്പതിയിൽ 250 ഏക്കർ, പുതുശ്ശേരി സെൻട്രലിൽ 600 ഏക്കർ, പുതുശ്ശേരി സെൻട്രൽ & പുതുശ്ശേരി ഈസ്റ്റിൽ 558 ഏക്കർ എന്നിങ്ങനെ പാലക്കാട് നോഡിൽ 1720 ഏക്കർ സ്ഥലമേറ്റെടുപ്പ് 2021 ഡിസംബറോടുകൂടി പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. 'ഗിഫ്റ്റ് സിറ്റി' ക്കായി എറണാകുളം ജില്ലയിലെ അയ്യമ്പുഴയിൽ 220 Hectares (543 ഏക്കർ) സ്ഥലമേറ്റെടുപ്പ് 2021 ഡിസംബറോടുകൂടി പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(സി) വ്യവസായ ഇടനാഴിയുടെ തുടർ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടക്കുന്നുവെന്നുറപ്പാക്കാൻ ക്രമീകരണം ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

വ്യവസായ ഇടനാഴിയുടെ തുടർപ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് സെക്രട്ടറി തലത്തിലും ചീഫ് സെക്രട്ടറി തലത്തിലും മന്ത്രി തലത്തിലും പദ്ധതിയുടെ പുരോഗതി അവലോകനം നടത്തി വരുന്നുണ്ട്. കൂടാതെ പ്രസ്തുത പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ നടപടികൾ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്കും പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും വ്യവസായ വകുപ്പുമന്ത്രിക്കും നേരിട്ട് വിലയിരുത്തുന്നതിനും പോർട്ടൽ വഴി മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

## അധിക വായ്പയ്ക്കുള്ള കേന്ദ്ര നിർദ്ദേശം

14(*14) ശ്രീമതി സി. കെ. ആശ:
ശ്രീ. വി. ശശി:
ശ്രീ. വാഴൂർ സോമൻ:
ശ്രീ. പി. ബാലചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനങ്ങൾക്ക് അധിക വായ്പ അനുവദിക്കുന്നതിന് വൈദ്യുതി മേഖലയിൽ കേന്ദ്രസർക്കാർ നിബന്ധനകൾ വച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

കോവിഡ്-19 മഹാമാരി സംസ്ഥാന സാമ്പത്തിക സ്ഥിതിയെ പ്രതികൂലമായി ബാധിച്ചതിന്റെ പശ്ചാത്തലത്തിൽ കേന്ദ്രസർക്കാർ 2021-22 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന്റെ വായ്പാ പരിധി ജി.എസ്.ഡി.പി.യുടെ 3 ശതമാനത്തിൽ നിന്നും പരമാവധി ജി.എസ്.ഡി.പി.യുടെ 4.5 ശതമാനമായി പരിഷ്കരിച്ചിട്ടുണ്ട്. ഇതിൽ 3.5 ശതമാനം നിബന്ധനകൾ ഇല്ലാതെയും 0.5 ശതമാനം മൂലധന ചെലവിനത്തിൽ സംസ്ഥാനം കൈവരിക്കേണ്ട ലക്ഷ്യങ്ങൾക്കനുസൃതമായും 0.5 ശതമാനം ഊർജ്ജ മേഖലയിൽ വരുത്തേണ്ട പരിഷ്കാരങ്ങൾക്ക് അനുസൃതമായി ലഭ്യമാക്കുമെന്നാണ് കേന്ദ്രസർക്കാർ അറിയിച്ചിട്ടുള്ളത്. നടപ്പ് സാമ്പത്തിക വർഷം ഊർജ്ജ മേഖലയിൽ വരുത്തേണ്ട പരിഷ്കാരങ്ങളുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ നിർദ്ദേശിച്ച നിബന്ധനകൾ ചുവടെ ചേർക്കുന്നു :

1. പൊതുമേഖല വൈദ്യുതി വിതരണ കമ്പനികളുടെ നഷ്ടം ഘട്ടംഘട്ടമായി സംസ്ഥാന സർക്കാർ ഏറ്റെടുക്കണം. ഇതിൻപ്രകാരം 2022-23-ൽ 60 ശതമാനവും 2023-24-ൽ 75 ശതമാനവും 2024-25-ൽ 90 ശതമാനവും 2025-26 മുതൽ 100 ശതമാനവും വൈദ്യുതി വിതരണ കമ്പനികളുടെ നഷ്ടം സംസ്ഥാന സർക്കാർ ഏറ്റെടുക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. അല്ലെങ്കിൽ പ്രസ്തുത നഷ്ടം ധനകമ്മിയിൽ ഉൾപ്പെടുത്തിയായിരിക്കും സംസ്ഥാനത്തിന്റെ വായ്പാ പരിധി നിശ്ചയിക്കുന്നത്.

2. 31-12022 മുതൽ വൈദ്യുതി ബോർഡിന്റെ ബാധ്യതകൾ വ്യക്തമാക്കി ഒരു സമാഹൃത പ്രസ്താവന മാസംതോറും ബാങ്കുകൾ/ എൻ.ബി.എഫ്.സി/ മറ്റ് സ്ഥാപനങ്ങൾക്ക് നൽകേണ്ടതും സംസ്ഥാനങ്ങളും പൊതുമേഖലാ സ്ഥാപനങ്ങളും പൊതുമേഖല വൈദ്യുതി വിതരണ കമ്പനിക്ക് നൽകിയിട്ടുള്ള ഗ്യാരണ്ടിയുടെ കുടിശ്ശികയും ഓരോ മാസവും അതിൻമേലുള്ള വർദ്ധനവും കുറവും നിർദ്ദിഷ്ട ഫോർമാറ്റിൽ നൽകേണ്ടതുമാണ്.

3. സംസ്ഥാനത്തെ എല്ലാ പൊതുമേഖലാ വൈദ്യുത വിതരണ കമ്പനികളും 2020-21-ലെ ആഡിറ്റ് ചെയ്ത വാർഷിക കണക്കുകൾ 31-10-2021-നകം പ്രസിദ്ധീകരിക്കണം.

4. സംസ്ഥാന സർക്കാർ നൽകുവാൻ കുടിശ്ശികയായുള്ള സബ്സിഡിയുടെ വിവരങ്ങൾ, കുടിശ്ശികയായിട്ടുള്ള കാലാവധി ഉൾപ്പെടെ വാർഷിക കണക്കുകളിൽ പ്രത്യേകമായി വെളിപ്പെടുത്തിയിരിക്കണം.

5. സർക്കാർ വകുപ്പുകൾ/സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ/ സബോർഡിനേറ്റ് ഓഫീസുകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയിൽനിന്ന് പിരിച്ചെടുക്കേണ്ട കുടിശ്ശികയുടെ വിവരങ്ങൾ വാർഷിക കണക്കുകളിൽ പ്രത്യേകമായി വെളിപ്പെടുത്തണം.

6. വായ്പയെടുക്കുന്നതിനായി സംസ്ഥാന സർക്കാരോ അതിന്റെ ഏതെങ്കിലും പൊതുമേഖലാ സ്ഥാപനങ്ങളോ DISCOMS-ന് നൽകിയിട്ടുള്ള ഗ്യാരണ്ടിയുടെ വിവരങ്ങൾ വാർഷിക കണക്കുകളിൽ പ്രത്യേകമായി വെളിപ്പെടുത്തണം.

7. അധിക വായ്പയ്ക്കായി അപേക്ഷിക്കുമ്പോൾ വിവിധ ഉപഭോക്താക്കൾക്കായി സംസ്ഥാന സർക്കാർ യൂണിറ്റടിസ്ഥാനത്തിലുള്ള സബ്സിഡി നിശ്ചയിക്കേണ്ടതും വിവിധ ഉപഭോക്താക്കളുടെ വൈദ്യുതി ഉപഭോഗത്തിന്റെ അടിസ്ഥാനത്തിൽ DISCOMS മൂന്ന് മാസത്തിലൊരിക്കലെങ്കിലും ബിൽ തയ്യാറാക്കേണ്ടതും 2021-22 വർഷത്തേയ്ക്ക് സബ്സിഡി വൈദ്യുതി നിയമം 2003-ലെ സെക്ഷൻ 65 അനുസരിച്ച് 2021-22 വർഷത്തെ കഴിഞ്ഞ മൂന്ന് മാസത്തെ സബ്സിഡി മുൻകൂറായി സംസ്ഥാന സർക്കാർ നൽകേണ്ടതുമാണ്.

8. 2021-22 വർഷത്തെ ആദ്യ പകുതിയിലെ അധിക വായ്പയ്ക്ക് അപേക്ഷിക്കുമ്പോൾ 2021-22 ഏനർജി അക്കൗണ്ടുകൾ 2021 ഒക്ടോബർ 31- നകം കേന്ദ്ര വൈദ്യുതി മന്ത്രാലയത്തിന് ലഭ്യമാക്കേണ്ടതാണ്.

9. കേന്ദ്ര സർക്കാറിന്റെ Letter of Credit സംവിധാനങ്ങൾ പാലിക്കുന്നുണ്ടെന്ന് സംസ്ഥാനത്തെ എല്ലാ DISCOMS- കളും ഉറപ്പ് വരുത്തുക.

10. അധിക വായ്പ ലഭ്യമാകുന്നതിന് സംസ്ഥാന സർക്കാർ ധനസംബന്ധമായ ഉത്തരവാദിത്വ നിയമം ഭേദഗതി ചെയ്യേണ്ടതുണ്ട്. മേൽ നിബന്ധനകൾക്ക് പുറമെ 50 മാർക്കിന്റെ നാല് പ്രവർത്തന മൂല്യനിർണ്ണയ മാനദണ്ഡങ്ങളുടെ (Performance Evaluation Criteria) അടിസ്ഥാനത്തിൽ സംസ്ഥാനത്തിന്റെ പ്രവർത്തനം വിലയിരുത്തി പ്രസ്തുത മൂല്യനിർണ്ണയത്തിൽ

30 മാർക്കെങ്കിലും നേടിയാൽ മാത്രമേ ഊർജ്ജമേഖലയിലെ 0.50% അധിക വായ്പ ലഭ്യമാവുകയുള്ളൂ. മേൽ നിബന്ധനകൾക്ക് പുറമേ വരും വർഷങ്ങളിൽ കൂടുതൽ വ്യവസ്ഥകൾ കേന്ദ്രസർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്.

(ബി) കേന്ദ്ര സർക്കാരിന്റെ പ്രസ്തുത നിബന്ധനകൾ വൈദ്യുതി മേഖലയെ സ്വകാര്യവൽക്കരിക്കാനുള്ള നീക്കത്തിന്റെ ഭാഗമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

വൈദ്യുതി വിതരണം സ്വകാര്യവത്കരിക്കണമെന്ന് പ്രത്യക്ഷമായി പറയുന്നില്ലെങ്കിലും വൈദ്യുതി മേഖലയുടെ സ്വകാര്യവൽക്കരണമാണ് കേന്ദ്ര സർക്കാർ ഇതിലൂടെ ലക്ഷ്യമിടുന്നത്.

(സി) കേന്ദ്രം നിർദ്ദേശിച്ചതും സംസ്ഥാന താൽപര്യങ്ങൾക്ക് ഹാനികരവുമായ വ്യവസ്ഥകൾ ഒഴിവാക്കി അധിക വായ്പ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

2021-22 സാമ്പത്തിക വർഷത്തെ സംസ്ഥാനങ്ങളുടെ വാർഷിക കടമെടുപ്പ് പരിധി GSDP-യുടെ 5 ശതമാനമായി ഉയർത്തുന്നതിനും ഇത് ഉപാധികളില്ലാതെ അനുവദിക്കണമെന്നും അഭ്യർത്ഥിച്ചുകൊണ്ട് ബഹു. കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിക്ക് കത്ത് അയച്ചിട്ടുണ്ട്.

**പുതിയ വ്യവസായ നയം**

15(*15) ശ്രീ. മോൻസ് ജോസഫ്:

ശ്രീ. അനൂപ് ജേക്കബ്:

ശ്രീ. പി. ജെ. ജോസഫ്:

ശ്രീ. മാണി സി. കാപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് പുതിയ വ്യവസായ നയ രൂപീകരണം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

2018-ലാണ് സംസ്ഥാനത്ത് അവസാനമായി വ്യവസായ വാണിജ്യ നയം രൂപീകരിച്ചിട്ടുള്ളത്.

(ബി) ആഗോളതലത്തിൽ കൂടുതൽ ശ്രദ്ധേയമായിക്കൊണ്ടിരിക്കുന്ന ഉത്തരവാദിത്വ നിക്ഷേപ കാഴ്ചപ്പാട് നടപ്പിൽ വരുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ?

ഉത്തരവാദിത്വ നിക്ഷേപ കാഴ്ചപാട് നടപ്പിൽ വരുത്തുന്നതിനുള്ള ഒരു കർമ്മ പദ്ധതി രൂപീകരിക്കുന്നത് സർക്കാരിന്റെ പരിഗണനയിലുണ്ട്. 2019-ൽ നിലവിൽ വന്ന സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്ടിൽ പുതിയതായി ആരംഭിക്കുന്ന മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവപ്പ് വിഭാഗത്തിൽപ്പെടാത്ത സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് മൂന്ന് വർഷത്തേയ്ക്ക് സംസ്ഥാന നിയമപ്രകാരം ഉള്ള ലൈസൻസുകൾ സ്വയം സാക്ഷ്യപ്പെടുത്തൽ വഴി മൂന്ന് വർഷത്തേയ്ക്ക് ഒഴിവാക്കിയിട്ടുണ്ട്. മലിനീകരണ തോത് കൂടിയ റെഡ് വിഭാഗത്തെ ഒഴിവാക്കുക വഴി കൂടുതൽ പരിസ്ഥിതി സൗഹൃദ സംരംഭങ്ങൾക്ക് പ്രോൽസാഹനം നൽകുന്നു. ജില്ലാ വ്യവസായ കേന്ദ്രങ്ങൾ വഴി നടപ്പിലാക്കുന്ന സംരംഭക സഹായ പദ്ധതിയിൽ (ESS) പരിസ്ഥിതി മലിനീകരണം കുറയ്ക്കുന്നതിന് സഹായിക്കുന്ന സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്ന ലക്ഷ്യത്തോടെ ബയോ ഡീഗ്രേഡബിൾ പ്ലാസ്റ്റിക് ഇൻഡസ്ട്രീസ്, പ്ലാസ്റ്റിക് വേസ്റ്റ് റീസൈക്ലിംഗ് ഇൻഡസ്ട്രീസ് എന്നീ വിഭാഗത്തിൽപ്പെട്ട സംരംഭങ്ങളെ മുൻഗണനാ വിഭാഗത്തിലുൾപ്പെടുത്തി 10% അധിക സബ്സിഡി നൽകിവരുന്നുണ്ട്. വ്യവസായ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിൽ നിക്ഷേപകർക്ക് പ്രയോജനപ്രദമാകുന്ന വിധത്തിൽ പദ്ധതികളെയും സേവനങ്ങളെയും സംബന്ധിച്ച വിശദാംശങ്ങൾ ഓൺലൈൻ സംവിധാനത്തിലൂടെ ലഭ്യമാക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ നീതി ആയോഗിന്റെ സുസ്ഥിര വികസന സൂചികയിൽ കേരളം ഒന്നാം സ്ഥാനം നിലനിർത്തി വരുന്നു.

(സി) വ്യവസായ കേന്ദ്രങ്ങളെ പുനർരൂപപ്പെടുത്തി മികച്ച വ്യവസായ കേന്ദ്രങ്ങളാക്കാനുള്ള എന്തെല്ലാം പദ്ധതികളാണ് നിലവിൽ നടപ്പിലാക്കി വരുന്നതെന്ന് വിശദമാക്കാമോ?

ജില്ലാ വ്യവസായ കേന്ദ്രങ്ങൾ സംരംഭകർക്കുള്ള facilitation കേന്ദ്രങ്ങളായാണ് പ്രവർത്തിച്ചുവരുന്നത്. സംരംഭകർക്ക് വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ ലഭ്യമാക്കുന്നതിനും അവർ നേരിടുന്ന സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുംവേണ്ടി 14 ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും ബിസിനസ്സ് ഇൻകുബേഷൻ സെന്ററുകളും ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ & ഫെസിലിറ്റേഷൻ സെല്ലുകളും പ്രവർത്തിച്ചുവരുന്നുണ്ട്. കൂടാതെ താലൂക്ക് വ്യവസായ ഓഫീസുകളിൽ സംരംഭകർക്ക് നേരിട്ടെത്തി അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള കിയോസ്കുകളും പ്രവർത്തിക്കുന്നുണ്ട്. ആഫീസ് നടപടി ക്രമങ്ങൾ കാലതാമസമില്ലാതെ ഏറ്റവും സുതാര്യവും വേഗത്തിലും പൊതുജനങ്ങൾക്ക് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന ഇ-ആഫീസ് സംവിധാനം 1-6-2018 മുതൽ ഡയറക്ടറേറ്റിൽ പൂർണ്ണമായും നടപ്പിലാക്കിക്കഴിഞ്ഞിട്ടുണ്ട്. ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ പൂർണ്ണമായും താലൂക്ക് വ്യവസായ ഓഫീസുകളിൽ ഭാഗികമായും നടപ്പിലാക്കി കഴിഞ്ഞിട്ടുണ്ട്.

## വ്യവസായ ഭദ്രത പാക്കേജ്

16(*16) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:
ഡോ. കെ. ടി. ജലീൽ:
ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എം.എസ്.എം.ഇ. മേഖലയ്ക്ക് കോവിഡുമൂലം നേരിട്ട ആഘാതം കുറയ്ക്കുന്നതിനായി ഈ സർക്കാർ നൂതന പദ്ധതികൾ നടപ്പിലാക്കി യിട്ടുണ്ടോ?

ഉണ്ട്. സംസ്ഥാനത്തെ എം.എസ്.എം.ഇ. മേഖലയ്ക്ക് കോവിഡുമൂലം നേരിട്ട ആഘാതം കുറയ്ക്കുന്നതിനായി ഈ സർക്കാർ, കോവിഡ്-19 സമാശ്വാസ പദ്ധതി എന്ന പേരിൽ ഒരു ദുരിതാശ്വാസ പാക്കേജ് പ്രഖ്യാപിച്ച് നടപ്പിലാക്കി വരുന്നു. 1416 കോടി രൂപയുടെ പ്രസ്തുത പാക്കേജിൽ താഴെപ്പറയുന്ന ദുരിതാശ്വാസ പദ്ധതികൾ വ്യവസായ വാണിജ്യ വകുപ്പ് വഴി നടപ്പിലാക്കുന്നുണ്ട്.

1. കോവിഡ് 19-ന്റെ സാഹചര്യത്തിൽ മുൻവർഷം പ്രഖ്യാപിച്ച വ്യവസായ ഭദ്രത പാക്കേജിലുൾപ്പെടുത്തി നടപ്പിലാക്കി വരുന്ന പലിശയിളവ് പദ്ധതി (Scheme for interest Subvention on Term Loan and Working Capital Loan) കൂടുതൽ ഇളവുകളോടെ തുടർന്നും നടപ്പിലാക്കും. 2020 ഡിസംബർ 31 വരെ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും നേടുന്ന വായ്പകൾക്കാണ് പലിശയിളവ് നൽകിയിരുന്നത്. ഇത് 2021 ഡിസംബർ 31 വരെയുള്ള വായ്പകൾക്കായി ഒരു വർഷത്തേയ്ക്കുകൂടി ദീർഘിപ്പിക്കും. ഈ പദ്ധതിയനുസരിച്ച് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ ലഭിക്കുന്ന എല്ലാ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്കും 12 മാസത്തേയ്ക്ക് 50% പലിശസഹായം ലഭ്യമാകും. പരമാവധി യൂണിറ്റിന് 1,20,000 രൂപ വരെയാണ് സഹായം അനുവദിക്കുക.

2. നിലവിലെ ESS മാർഗ്ഗരേഖ പ്രകാരം യോഗ്യതയുള്ള ഒരു യൂണിറ്റിന് ലഭിക്കുന്ന പരമാവധി സബ്സിഡി പൊതു വിഭാഗങ്ങൾക്ക് 20 ലക്ഷത്തിൽ നിന്ന് 30 ലക്ഷമായി ഉയർത്തും. പിന്നോക്ക ജില്ലകളിലെ വ്യവസാ യങ്ങൾക്കും മുൻഗണനാ വ്യവസായങ്ങൾക്കും പരമാവധി 30 ലക്ഷം രൂപ എന്നത് 40 ലക്ഷം രൂപ വരെ ഉയർത്തും.

3. ചെറുകിട യൂണിറ്റുകൾക്ക് നല്കുന്ന മാർജിൻ മണിഗ്രാന്റ് സഹായത്തിന്റെ വ്യാപ്തി വിപുലീകരിച്ച് സേവനമേഖലയിൽ ഉൾപ്പെട്ടിരിക്കുന്ന നാനോ യൂണിറ്റുകൾ കൂടി പദ്ധതി പ്രകാരം സഹായത്തിന് യോഗ്യരാക്കും.

4. നിലവിൽ 5 ലക്ഷം രൂപ വരെ മൂലധന നിക്ഷേപമുള്ള യൂണിറ്റുകൾക്ക് മാത്രമേ നാനോ യൂണിറ്റുകൾക്കുള്ള പലിശ ഇളവ് പദ്ധതി അനുവദിച്ചിട്ടുള്ളൂ. ഈ സഹായത്തിനായി 10 ലക്ഷം രൂപ വരെ മൂലധന നിക്ഷേപമുള്ള എല്ലാ നാനോ യൂണിറ്റുകളും ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനു പുറമെ, 10 ലക്ഷം രൂപ മൂലധനനിക്ഷേപമുള്ള എല്ലാ സേവനമേഖല നാനോ യൂണിറ്റുകളും ഈ പദ്ധതി പ്രകാരം യോഗ്യമാകും.

(ബി) ലോക്ക്ഡൗൺ കാരണം ദുരിതത്തിലായ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ മേഖലയെ സംരക്ഷിക്കുന്നതിനായി പ്രഖ്യാപിച്ച വ്യവസായ ഭദ്രത പാക്കേജ് സംബന്ധിച്ച വിശദാംശം നൽകുമോ?

കോവിഡിന്റെ പശ്ചാത്തലത്തിൽ ഏർപ്പെടുത്തിയ ലോക്ക്ഡൗൺമൂലം ആവശ്യത്തിന് ഉൽപാദനമില്ലായ്മ, അസംസ്കൃത വസ്തുക്കളുടെ നഷ്ടം, വ്യാപാര നഷ്ടം, തൊഴിൽ വേതനം, ശമ്പള ചെലവുകൾ, ബാങ്ക് ലോൺ അടവ്, മറ്റ് നിയമപരമായ തിരിച്ചടവുകൾ തുടങ്ങിയ പ്രശ്നങ്ങളും അഭിമുഖീകരിച്ച എം.എസ്.എം.ഇ.-കളെ സഹായിക്കുന്നതിനായി കേരള സർക്കാർ പ്രഖ്യാപിച്ച ഒരു പ്രത്യേക പാക്കേജാണ് "വ്യവസായ ഭദ്രത". 20-5-2020-ലെ ജി.ഒ.(MS).No.56/2020/ID പ്രകാരം പ്രഖ്യാപിച്ച വ്യവസായ ഭദ്രത പാക്കേജിൽ ചുവടെ വിവരിക്കുന്ന 17 പദ്ധതികളാണ് ഉൾപ്പെട്ടിരുന്നത്.

1. പുതിയ ലാൻഡ് പ്രീമിയം പേമെന്റ് പോളിസി
2. ലാൻഡ് പ്രീമിയം ഒരു വർഷത്തേയ്ക്ക് മരവിപ്പിക്കുന്നത്
3. മൂന്ന് മാസത്തേയ്ക്ക് സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി (SDF) വാടക ഉപേക്ഷിക്കുന്നത്
4. കോമൺ ഫെസിലിറ്റി ചാർജ്ജുകൾ 3 മാസത്തേയ്ക്ക് ഉപേക്ഷിക്കുന്നത്
5. KSIDC-യിൽ ടോപ് അപ് ലോണുകൾ
6. KSIDC-യുടെ നിലവിലുള്ള ഉപഭോക്താക്കൾക്ക് പീനൽ ഇന്ററസ്റ്റ് ഒഴിവാക്കുന്നത്
7. മുതലും പലിശയും അടയ്ക്കുന്നതിനുള്ള മൊറട്ടോറിയം
8. KSIDC-യ്ക്കും KINFRA -യ്ക്കുമുള്ള ഒറ്റതവണ തീർപ്പാക്കൽ പോളിസി
9. MSME-കൾക്ക് സ്വത്തുക്കൾ സൃഷ്ടിക്കുന്നതിനായി KSIDC നൽകുന്ന പ്രത്യേക വായ്പ
10. സംരംഭക സഹായ പദ്ധതി (ESS) ഉദാരവൽക്കരിക്കുന്നത്

11. എ) അധിക പ്രവർത്തന മൂലധനത്തിനുവേണ്ടി മാർജിൻ മണി അസിസ്റ്റൻസ് ബി) MSME-കൾക്കുള്ള അധിക പ്രവർത്തന മൂലധനത്തിന് പലിശ ധനസഹായം

12. MSME-കൾക്ക് നൽകുന്ന അധിക ടേം ലോണിനുള്ള പലിശ ധനസഹായം
13. മൂന്ന് മാസത്തേയ്ക്ക് തൊഴിലുടമകൾ നൽകുന്ന ESI വിഹിതം

14. തൊഴിലുടമകളുടെ PF വിഹിതം മൂന്ന് മാസത്തേയ്ക്ക്

15. NPA വ്യവസ്ഥകൾ നവീകരിക്കുന്നത്

16. മുതലും പലിശയും അടയ്ക്കുന്നതിനുള്ള മൊറട്ടോറിയം 6 മാസത്തേയ്ക്ക് ദീർഘിപ്പിക്കുന്നത്

17. MSME- കളുടെ മൊറട്ടോറിയം അടയ്ക്കുന്നതിനുള്ള കാലയളവ്.

(സി) സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭകർക്കായി എന്തെല്ലാം പരിശീലന പരിപാടികളാണ് സംഘടിപ്പിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ?

സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനുള്ള വിവിധ പദ്ധതികൾ വ്യവസായ വകുപ്പ് നടപ്പിലാക്കിവരുന്നു. ബ്ലോക്കടിസ്ഥാനത്തിൽ സംരംഭകത്വ ബോധവത്കരണ സെമിനാറുകൾ, താലൂക്ക് -ജില്ലാ അടിസ്ഥാനത്തിൽ നിക്ഷേപ സംഗമങ്ങൾ, ജില്ലാ അടിസ്ഥാനത്തിലുള്ള സംരംഭകത്വ വികസന പരിശീലനങ്ങൾ എന്നിവ അതിൽ ഉൾപ്പെടുന്നു. നിലവിലുള്ള സംരംഭങ്ങളുടെ സാങ്കേതികവിദ്യ വികസിപ്പിക്കുന്നതിനായി ടെക്നോളജി ക്ലിനിക്കുകളും, മാനേജ്മെന്റിലും, സാങ്കേതിക വിദ്യയിലും പരിശീലനം നൽകുന്നതിനായി ടെക്നോളജി മാനേജ്മെന്റ് ഡെവലപ്പ്മെന്റ് പ്രോഗ്രാമുകളും സംഘടിപ്പിക്കുന്നു. കൂടാതെ എറണാകുളം, കളമശ്ശേരിയിൽ സ്ഥിതിചെയ്യുന്ന കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എന്റർപ്രെണർഷിപ്പ് ഡെവലപ്മെന്റ് (KIED)-ന്റെ നേതൃത്വത്തിൽ സംസ്ഥാന വ്യാപകമായി സംരംഭകത്വത്തിന്റെ വിവിധ മേഖലകളെ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള വിവിധയിനം പരിശീലന പരിപാടികൾ നിലവിലെ സാഹചര്യത്തിൽ കോവിഡ് പ്രോട്ടോക്കോളിനു വിധേയമായി നടപ്പിലാക്കി വരുന്നു.

## ധാതുനിക്ഷേപ പര്യവേഷണം

17(*17) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:

ശ്രീ. പി. നന്ദകുമാർ:

ശ്രീ. പി. പി. ചിത്തരഞ്ജൻ:

ശ്രീ. എ. പ്രഭാകരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ജിയോളജിക്കൽ പ്രോഗ്രാമിംഗ് ബോർഡിന്റെ അംഗീകാരത്തോടുകൂടി ഏറ്റെടുത്തു നടത്തുന്ന ധാതു നിക്ഷേപത്തെക്കുറിച്ചുള്ള പര്യവേഷണങ്ങൾ എന്തെല്ലാമാണ്; അവയുടെ വിശദാംശം ലഭ്യമാക്കാമോ?

കണ്ണൂർ ജില്ലയിലെ പുറവട്ടം, കോയിപ്ര-ബക്കളം, ഇരുവള്ളൂർ എന്നീ പ്രദേശങ്ങളിൽ അലുമിനസ് ലാറ്ററൈറ്റ്/ബോക്സൈറ്റ്/ചൈനാക്ലേ എന്നീ ധാതു നിക്ഷേപത്തെക്കുറിച്ചുള്ള പര്യവേഷണങ്ങളാണ് നടത്തുന്നത്.

(ബി) ഖനിജാധിഷ്ഠിത വ്യവസായങ്ങളുടെ നിലനിൽപ്പിനാവശ്യമായ ഖനന പരിപാടികൾ ആസൂത്രണം ചെയ്യുന്നതിനായി പ്രായോഗിക ക്ഷമതാ പഠനവും വിവരശേഖരണവും നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏതെല്ലാം ധാതു നിക്ഷേപങ്ങളെക്കുറിച്ചുള്ള പഠന, വിവരശേഖരണമാണ് നടത്താൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

ഖനിജാധിഷ്ഠിത വ്യവസായങ്ങളുടെ നിലനിൽപ്പിനായി വകുപ്പ് അലുമിനസ് ലാറ്ററൈറ്റ്/ബോക്സൈറ്റ്, ചൈനാക്ലേ, ഓട്/ഇഷ്ടികചെളി എന്നീ ധാതുനിക്ഷേപത്തെക്കുറിച്ചുള്ള പഠനവും വിവരശേഖരണവും നടത്തി വരുന്നുണ്ട്.

(സി) ധാതു പര്യവേഷണത്തിന്റെ അവിഭാജ്യഘടകമായ രാസപരിശോധനാശാലകളുടെ വിപുലീകരണത്തിനായി എന്തെങ്കിലും പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

മൈനിംഗ് ആൻഡ് ജിയോളജി വകുപ്പിന്റെ കീഴിലുള്ള രാസ പരിശോധനശാലയിൽ ധാതുക്കളുടെ രാസപരിശോധനയ്ക്കുള്ള ശാസ്ത്രീയ സൗകര്യങ്ങൾ നിലവിലുണ്ട്. അറ്റോമിക് അബ്സോർപ്ഷൻ സ്പെക്ട്രോ ഫോട്ടോമീറ്റർ, യു വി സ്പെക്ട്രോ ഫോട്ടോമീറ്റർ, ഇ.ഡി.എക്സ്.ആർ.എഫ്. (എനർജി ഡിസ്പേർസീവ് എക്സ്റേ ഫ്ലൂറസെൻസ്), പാർട്ടിക്കിൾ സൈസ് അനലൈസർ തുടങ്ങിയ ആധുനിക ഉപകരണങ്ങൾ ഇതിനായി ഉപയോഗിക്കുന്നു.

## വൈദ്യുതി വിതരണം സ്വകാര്യവൽക്കരിക്കുന്നതിനുള്ള കേന്ദ്രനടപടി

18(*18) ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. മാണി സി. കാപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി വിതരണം സ്വകാര്യവൽക്കരിക്കണമെന്ന കേന്ദ്ര നിർദ്ദേശത്തോട് സംസ്ഥാന സർക്കാരിന്റെ സമീപനം എന്താണെന്ന് വിശദമാക്കാമോ?

കേന്ദ്രസർക്കാർ ഇലക്ട്രിസിറ്റി ആക്ട് 2003 നടപ്പിലാക്കിയതും പിന്നീട് പല ഘട്ടങ്ങളിലായി അതിൽ കൂടുതൽ മാറ്റങ്ങൾ കൊണ്ടുവരാൻ ശ്രമിച്ചതും വൈദ്യുതി മേഖലയിൽ സ്വകാര്യ പങ്കാളിത്തം സാധ്യമാക്കുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടെയാണ്. ഇതുകൂടാതെ 2020 സെപ്റ്റംബർ മാസം കേന്ദ്രസർക്കാർ പുറത്തിറക്കിയ Draft Standard Bidding Documents for Privatization of Distribution Licensees, നിലവിൽ പൊതുമേഖലയിൽ തുടരുന്ന സ്ഥാപനങ്ങളുടെ പൂർണ്ണ ഉടമസ്ഥത സ്വകാര്യമേഖലയ്ക്ക് കൈമാറാൻ ഉദ്ദേശിച്ചിട്ടുള്ളതാണ്. കേന്ദ്രസർക്കാർ ഇലക്ട്രിസിറ്റി ആക്ട് 2003 നടപ്പിലാക്കുന്നതിന് മുന്നോടിയായി കരട് പ്രസിദ്ധീകരിച്ചപ്പോഴും പിന്നീട് പല ഘട്ടങ്ങളിലായി അതിൽ കൂടുതൽ മാറ്റങ്ങൾ കൊണ്ടുവരാൻ ശ്രമിച്ചപ്പോഴും പ്രസ്തുത നിർദ്ദേശങ്ങളിലെ വിവിധ വ്യവസ്ഥകൾ ഏതൊക്കെ വിധത്തിൽ വൈദ്യുതി മേഖലയേയും പൊതു സമൂഹത്തേയും പ്രതികൂലമായി ബാധിക്കുമെന്ന് കെ.എസ്.ഇ.ബി.എൽ.-ഉം സംസ്ഥാന സർക്കാരും കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. വിതരണ ലൈസൻസികളുടെ സ്വകാര്യവത്കരണത്തിനുള്ള മാതൃകാ ബിഡ് ഡോക്യുമെന്റ് സംബന്ധിച്ച് അഭിപ്രായം ആരാഞ്ഞപ്പോഴും കേരളം വൈദ്യുതി വിതരണ മേഖലയുടെ സ്വകാര്യവത്കരണം ഉദ്ദേശിക്കുന്നില്ല എന്നത് അസന്നിഗ്ദ്ധമായി വ്യക്തമാക്കിയിട്ടുണ്ട്.

(ബി) ഇതുമായി ബന്ധപ്പെട്ട് കെ.എസ്.ഇ.ബി.യുടെ നഷ്ടം ഏറ്റെടുക്കാമെന്ന ധാരാണാപത്രത്തിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ടോ?

ഇല്ല.

(സി) പ്രസ്തുത കേന്ദ്രനിർദ്ദേശം അംഗീകരിച്ച് വായ്പാപരിധി ഉയർത്തിയാൽ ഉണ്ടാകുന്ന നിരക്കുവർദ്ധന തടയാൻ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

പ്രസ്തുത പദ്ധതി നടപ്പാക്കുന്നത് നിരക്കുവർദ്ധനയ്ക്ക് ഇടവരുമെന്ന് കരുതുന്നില്ല. എന്നാൽ നാളിതുവരെ സംസ്ഥാന റഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച റവന്യൂ കമ്മി 6862.87 കോടി രൂപ വരുംവർഷങ്ങളിലെ താരിഫിൽ ഉൾപ്പെടുത്തേണ്ടതായിട്ടുണ്ട്. കൂടാതെ 2019-20 സാമ്പത്തിക വർഷത്തിലെ ആഡിറ്റ് ചെയ്ത കണക്കുപ്രകാരം കെ.എസ്.ഇ.ബി.ക്ക് ഒരു യൂണിറ്റിന് '11' പൈസയുടെ റവന്യൂ കമ്മി ഉണ്ടാകുന്നുണ്ട്. പ്രസ്തുത റവന്യൂ കമ്മി കുറയ്ക്കുന്നതിന് കെ.എസ്.ഇ.ബി.എൽ. താഴെ പറയുന്ന കാര്യങ്ങൾ നടപ്പിലാക്കുന്നതാണ്.

1. കുറഞ്ഞനിരക്കിൽ വൈദ്യുതി വാങ്ങുന്നതിനുള്ള കരാറുകൾമൂലം വരുമാനം വർദ്ധിപ്പിച്ച്, നിരക്ക് വർദ്ധനവ് തടയുന്നതാണ്.

2. കൂടിയ നിരക്കിലുള്ള വായ്പകൾ തിരിച്ചടച്ച് കുറഞ്ഞ നിരക്കിലുള്ള വായ്പകൾ എടുക്കുന്നതാണ്.

3. ബോർഡ്, ട്രാൻസ്മിഷൻ ആൻഡ് ഡിസ്ട്രിബ്യൂഷൻ നഷ്ടം കുറയ്ക്കുന്നതിന് നടപ്പിലാക്കുന്ന വിവിധ പദ്ധതികളിലൂടെ വരുമാനം വർദ്ധിപ്പിച്ച് നിരക്ക് വർദ്ധനവ് തടയുന്നതാണ്.

**നിർമ്മാണ മേഖല നേരിടുന്ന പ്രതിസന്ധി**

19(*19) ശ്രീ. എൻ. ഷംസുദ്ദീൻ:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. പി. അബ്ദുൽ ഹമീദ്:
ശ്രീ. പി. ഉബൈദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സിമന്റ്, കമ്പി, പി.വി.സി, ഇലക്ട്രിക്കൽ സാമഗ്രികളുടെ വില വർദ്ധന, കൂലി വർദ്ധന എന്നിവമൂലം നിർമ്മാണ മേഖല പ്രതിസന്ധി നേരിടുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ ;

(ബി) ഇക്കാര്യത്തിൽ ഫലപ്രദമായി ഇടപെടാൻ കഴിയുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

&

(സി) നിർമ്മാണ സാമഗ്രികൾ വിലക്കുറവിൽ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

സംസ്ഥാനത്ത് നിർമ്മാണ വസ്തുക്കളുടെ വില കൂടുന്നതുകാരണം നിർമ്മാണ മേഖല പ്രതിസന്ധി നേരിടുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോവിഡ്-19 വ്യാപനം ഈ പ്രതിസന്ധി രൂക്ഷമാക്കുകയും ചെയ്തു.

സംസ്ഥാനത്തിന് ആവശ്യമുള്ള സിമന്റിന്റെ 10% മാത്രമേ ഇപ്പോൾ ഇവിടെ ഉത്പാദിപ്പിക്കുന്നുള്ളൂ. ബാക്കിയുള്ള സിമന്റ് ഫാക്ടറികൾ ഭൂരിഭാഗവും സംസ്ഥാനത്തിന് പുറത്താണ്. ഈ സർക്കാരിന്റെ കാലയളവിൽ തന്നെ സംസ്ഥാനത്ത് പൊതുമേഖലാ സ്ഥാപനങ്ങൾ വഴി കൂടുതൽ സിമന്റ് ഉല്പാദിപ്പിക്കാനുള്ള പദ്ധതികൾ തയ്യാറാക്കുന്നുണ്ട്. അധിക ഉൽപ്പാദനം വരുമ്പോൾ വിലനിർണ്ണയത്തിൽ ഇടപെടാൻ സർക്കാരിനു സാധിക്കും. എന്നിരുന്നാലും സർക്കാർ സിമന്റ്/സ്റ്റീൽ ഉല്പാദകരുടെ യോഗം 1-6-2021-ൽ വിളിച്ചിരുന്നു. അതിനുശേഷം ഉത്പാദകരോടും വിപണനക്കാരോടും വിലയുടെ തോത് വിലയിരുത്തി ഗണ്യമായ കുറവ് വിലയിൽ വരുത്തണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ഒരു താത്കാലിക ആശ്വാസ മെന്ന നിലയിൽ മലബാർ സിമന്റ്സിനോട് നിലവിലെ വിൽപ്പന വിലയിൽ 5 രൂപ കുറച്ച് വിൽക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. കോവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്ത് നിലവിൽ വന്ന ലോക്ക്ഡൗൺ സമസ്ത മേഖലകളെയും കൂടാതെ ധാതുഖനനം, ചരക്കുകടത്ത് എന്നിവയെയും ബാധിക്കുകയും തത്ഫലമായി ഉണ്ടായ വിലക്കയറ്റം നിർമ്മാണ മേഖലയെയും പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങളെ ബാധിക്കാതിരിക്കുവാൻ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് കരിങ്കൽ ക്വാറികളുടെ പ്രവർത്തനം തുടങ്ങാൻ നടപടിയായിട്ടുണ്ട്. നിർമ്മാണ സാമഗ്രികൾക്ക് ചരക്ക് ഗതാഗതതടസ്സം വരാതെയിരിക്കാനും കടകൾ ഭാഗികമായി തുറക്കാനും തീരുമാനിച്ചിട്ടുണ്ട്. കൂടാതെ കോവിഡ് വ്യാപനത്തോടനുബന്ധിച്ച് ഖനന മേഖലയിലെ പ്രതിസന്ധികളെയും അതിലൂടെ നിർമ്മാണ മേഖലയിലുണ്ടാകുന്ന ബുദ്ധിമുട്ടുകളെയും മറികടക്കുന്നതിന് ടി കാലയളവിലുണ്ടായിരുന്ന ഖനനാനുമതിയുടെ കാലാവധി സർക്കാർ ഒരു വർഷം കൂടി ദീർഘിപ്പിച്ചു. പ്രാദേശികതലത്തിൽ പരിഹാരം കാണാൻ കഴിയുന്ന വിഷയങ്ങളിൽ ചർച്ച ചെയ്ത് പരിഹാരം കാണാൻ അതത് ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ യോഗം ചേർന്ന് നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

## ക്രൗഡ് ഫണ്ടിംഗ്

20(*20) ശ്രീ. മാണി സി. കാപ്പൻ:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ;

(എ) ചികിത്സയുടെയും മറ്റും പേരിൽ എത്തുന്ന ക്രൗഡ് ഫണ്ടിംഗ് സർക്കാർ നിരീക്ഷിക്കണമെന്ന ഹൈക്കോടതിയുടെ പരാമർശം സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചികിത്സയുടെയും മറ്റും പേരിൽ എത്തുന്ന ക്രൗഡ് ഫണ്ടിംഗ് വിഷയത്തിൽ ബഹു. കേരള ഹൈക്കോടതി WP(C) No.7984/2021 എന്ന കേസിൽ 9-7-2021-ലെ ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ 2021-ലെ അപൂർവ്വ രോഗങ്ങൾക്കായുള്ള ദേശീയ നയമനുസരിച്ച് സംസ്ഥാനത്ത് ഫണ്ടിംഗ് പ്ലാറ്റ്ഫോം സ്ഥാപിച്ചോ എന്നും ഇല്ലെങ്കിൽ, സംസ്ഥാനത്ത് അത്തരമൊരു പ്ലാറ്റ്ഫോം സ്ഥാപിക്കുന്നതിനുള്ള തടസ്സങ്ങൾ ഉണ്ടെങ്കിൽ അവ എന്താണെന്നും അപൂർവ്വ രോഗങ്ങളാൽ ബുദ്ധിമുട്ടുന്ന രോഗികളുടെ ചികിത്സയ്ക്ക് ആവശ്യമായ ഫണ്ട് സൃഷ്ടിക്കുന്നതിനായി ഡിജിറ്റൽ ക്രൗഡ് ഫണ്ടിംഗ് പ്ലാറ്റ്ഫോം സ്ഥാപിക്കാൻ സംസ്ഥാന സർക്കാരിന് മുൻകയ്യെടുക്കാൻ കഴിയുമോ എന്നും അവരുടെ ചികിത്സയ്ക്കായി ഉദാരമായി സംഭാവന ചെയ്യുന്നവരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനായി അപൂർവ്വവും മറ്റ് രോഗങ്ങളും ബാധിച്ച രോഗികളുടെ ചികിത്സയ്ക്കായി വലിയ തുക ശേഖരിക്കുന്നവരുടെ മേൽ സർക്കാർ എന്തെങ്കിലും നിയന്ത്രണം ചെലുത്തുന്നുണ്ടോ എന്നുമുള്ള വിവരം സംബന്ധിച്ച് സ്റ്റേറ്റ്മെന്റ് ഫയൽ ചെയ്യാൻ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് ആരോഗ്യ കുടുംബക്ഷേമ വകുപ്പിൽനിന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ അപൂർവ്വ രോഗം ബാധിച്ച രോഗികളുടെ ചികിത്സയ്ക്കായി ആരെങ്കിലും പണം സമാഹരിക്കുന്നുണ്ടോ, അങ്ങനെയാണെങ്കിൽ ടി വ്യക്തികളുടെ വിവരങ്ങൾ, അപ്രകാരം ഇതുവരെ സമാഹരിച്ച തുക എന്നിവ സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കുവാനായി ബഹു. ഹൈക്കോടതി, ഡി.ജി.പി.-യോടും ടി രോഗികളുടെ ചികിത്സയ്ക്കായി ഒരു ഡിജിറ്റൽ ക്രൗഡ് ഫണ്ടിംഗ് പ്ലാറ്റ്ഫോം സ്ഥാപിക്കാൻ മുൻകയ്യെടുക്കുന്നത് സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ലീഗൽ സർവീസസ് അതോറിറ്റിക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) നേരായ ഉറവിടത്തിൽനിന്നും എത്തുന്ന പണം അർഹരായവർക്ക് ലഭിക്കുന്ന തരത്തിൽ സമഗ്രമായ നയരൂപീകരണം നടത്തുവാൻ നടപടി സ്വീകരിക്കുമോ?

ആരോഗ്യ കുടുംബക്ഷേമ വകുപ്പിൽ ഇതുസംബന്ധിച്ച് നടപടി സ്വീകരിച്ചു വരുന്നു.

(സി) ക്രൗഡ് ഫണ്ടിനുമേൽ സർക്കാർ തലത്തിൽ നിയന്ത്രണം ഏർപ്പെടുത്തുന്നതിനായി നിയമനിർമ്മാണം പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

WP(C) No.7984/2021 എന്ന കേസിലെ ബഹു. കേരളാ ഹൈക്കോടതിയുടെ 9-7-2021-ലെ ഇടക്കാല ഉത്തരവ് പാലിച്ചുകൊണ്ട് 14-7-2021-ലെ സ.ഉ.(സാധാ) നം. 1475/2021/ആരോഗ്യം പ്രകാരം ഒരു എക്സ്പെർട്ട് കമ്മിറ്റി രൂപീകരിക്കുവാനും റിപ്പോർട്ട് സമർപ്പിക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

## കേന്ദ്രത്തിന്റെ കരട് വൈദ്യുതി ഭേദഗതി ബിൽ

21(*21) ശ്രീ. എൻ. കെ. അക്ബർ:
ശ്രീ. എ. എൻ. ഷംസീർ:
ശ്രീ എം. എസ്. അരുൺ കുമാർ:
ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര സർക്കാരിന്റെ കരട് വൈദ്യുതി ഭേദഗതി ബിൽ പരിശോധനാ വിധേയമാക്കിയിരുന്നോ; ഇതുസംബന്ധിച്ച് കേന്ദ്ര സർക്കാരിനെ സംസ്ഥാനത്തിന്റെ നിലപാട് അറിയിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുവേണ്ട നടപടിയെടുക്കുമോ; വിശദാംശം അറിയിക്കാമോ ;

(ബി) സ്വകാര്യ കമ്പനികൾക്ക് തങ്ങളുടെ ഇഷ്ടപ്രകാരം രാജ്യത്തെവിടെയും വൈദ്യുതി വിതരണം ചെയ്യാമെന്നും വേണമെങ്കിൽ ഇതിനായി ഉപകരാറുകാരെ ഫ്രാഞ്ചൈസി എന്ന നിലയിൽ ഏർപ്പെടുത്താമെന്നുമുള്ള വ്യവസ്ഥ അവശ്യ സർവ്വീസിന്റെ കോർപ്പറേറ്റുവൽക്കരണത്തിന് ഇടയാക്കുമെന്നും സംസ്ഥാന വൈദ്യുതി ബോർഡിന്റെ നിലനിൽപ്പിനെ തന്നെ പ്രതികൂലമായി ബാധിക്കുമെന്നും കരുതുന്നുണ്ടോയെന്ന് അറിയിക്കുമോ;

&

(സി) സബ്സിഡി ഒഴിവാക്കണമെന്ന നിബന്ധന ദരിദ്രർക്ക് വൈദ്യുതി നിഷേധത്തിന് ഇടയാക്കുമെന്നതിനാൽ കേന്ദ്ര നിർദ്ദേശം പിൻവലിക്കാൻ ആവശ്യപ്പെടുമോയെന്ന് വ്യക്തമാക്കാമോ?

കേന്ദ്രസർക്കാർ ഇലക്ട്രിസിറ്റി ആക്ട് 2003 നടപ്പിലാക്കിയതും പിന്നീട് പല ഘട്ടങ്ങളിലായി അതിൽ കൂടുതൽ മാറ്റങ്ങൾ കൊണ്ടുവരാൻ ശ്രമിച്ചതും വൈദ്യുതി മേഖലയിൽ സ്വകാര്യ പങ്കാളിത്തം സാധ്യമാക്കുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടെയാണ്. ഇതുകൂടാതെ 2020 സെപ്റ്റംബർ മാസം കേന്ദ്രസർക്കാർ പുറത്തിറക്കിയ Draft Standard Bidding Documents for Privatization of Distribution Licensees, നിലവിൽ പൊതുമേഖലയിൽ തുടരുന്ന സ്ഥാപനങ്ങളുടെ പൂർണ്ണ ഉടമസ്ഥത സ്വകാര്യമേഖലയ്ക്ക് കൈമാറാൻ ഉദ്ദേശിച്ചിട്ടുള്ളതാണെന്ന് കാണാം. കേന്ദ്ര സർക്കാർ ഇലക്ട്രിസിറ്റി ആക്ട് 2003 നടപ്പിലാക്കുന്നതിന് മുന്നോടിയായി കരട് പ്രസിദ്ധീകരിച്ചപ്പോഴും, പിന്നീട് പല ഘട്ടങ്ങളിലായി അതിൽ കൂടുതൽ മാറ്റങ്ങൾ കൊണ്ടുവരാൻ ശ്രമിച്ചപ്പോഴും പ്രസ്തുത നിർദ്ദേശങ്ങളിലെ വിവിധ വ്യവസ്ഥകൾ ഏതൊക്കെ വിധത്തിൽ വൈദ്യുതിമേഖലയെയും, പൊതു സമൂഹത്തെയും പ്രതികൂലമായി

ബാധിക്കുമെന്ന് കെ.എസ്.ഇ.ബി.എൽ.-ഉം, 15-3-2021-ലെ D.O. No. A1/131/ 2020/PD കത്ത് മുഖേന സംസ്ഥാന സർക്കാരും കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. വിതരണ ലൈസൻസികളുടെ സ്വകാര്യവത്കരണത്തിനുള്ള മാതൃകാ ബിഡ് ഡോക്യുമെന്റ് സംബന്ധിച്ച് അഭിപ്രായം ആരാഞ്ഞപ്പോഴും കേരളം വൈദ്യുതി വിതരണമേഖലയുടെ സ്വകാര്യവത്കരണം ഉദ്ദേശിക്കുന്നില്ല എന്നത് അസന്നിഗ്ദ്ധമായി വ്യക്തമാക്കിയിട്ടുണ്ട്. സ്വകാര്യ കമ്പനികൾക്ക് രാജ്യത്തെവിടെയും വൈദ്യുതി വിതരണം ചെയ്യാമെന്ന വ്യവസ്ഥ വൈദ്യുതി മേഖലയെ പ്രതികൂലമായി ബാധിക്കുമെന്നും സബ്സിഡി ഒഴിവാക്കണമെന്ന നിബന്ധന സബ്സിഡി ആനുകൂല്യം ലഭിച്ചു കൊണ്ടിരിക്കുന്ന ഉപഭോക്താക്കൾക്ക് വൈദ്യുതി നിഷേധിക്കുന്ന സ്ഥിതിയിൽ എത്താൻ ഇടയാവുകയും ചെയ്യുമെന്നും കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

**സഹകരണ മേഖലയിലെ കേന്ദ്രസർക്കാർ ഇടപെടലുകൾ**

22(*22) ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ :

(എ) സഹകരണ സംഘങ്ങൾക്ക് ആദായനികുതി ഇളവ് നിഷേധിച്ചതും ഒരു കോടിയിലധികം രൂപ പിൻവലിക്കുന്ന പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ രണ്ടുശതമാനം നികുതി നൽകണമെന്ന നിബന്ധന കൊണ്ടുവന്നതുമായ നടപടികൾ സഹകരണമേഖലയെ ദോഷകരമായി ബാധിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

1961-ലെ ആദായ നികുതി നിയമത്തിൽ കേന്ദ്ര സർക്കാർ ഭേദഗതി വരുത്തുകയും 194 N എന്ന പുതിയ ഒരു വകുപ്പ് കൂട്ടി ചേർക്കുകയും ടി നിയമം 1-7-2020 മുതൽ പ്രാബല്യത്തിൽ വരികയുമുണ്ടായി. കേന്ദ്ര ആദായനികുതി നിയമത്തിൽ പുതിയതായി കൂട്ടിചേർത്ത 194 N എന്ന വകുപ്പ് പ്രാബല്യത്തിൽ വന്നതോടെ ഒരു വർഷം ഒരു കോടിയിലധികം രൂപ ബാങ്കുകളിൽ നിന്നും പിൻവലിക്കുന്നവരിൽ നിന്നും 2% TDS (Tax Deducted at Source) ഈടാക്കേണ്ടതായിട്ടുണ്ട്. ഇത് സംസ്ഥാനത്തെ സഹകരണ സംഘങ്ങളെ ദോഷകരമായി ബാധിച്ചിട്ടുണ്ട്. ബാങ്കിംഗ് ബിസിനസ് നടത്തുന്ന സഹകരണ സംഘങ്ങളെ ടി വകുപ്പിന്റെ പരിധിയിൽനിന്ന് ഒഴിവാക്കിയിട്ടുണ്ട് എങ്കിലും സംസ്ഥാനത്തെ പ്രാഥമിക വായ്പ സഹകരണ സംഘങ്ങൾ ബാങ്കിംഗ് ബിസിനസ് അല്ല ചെയ്യുന്നത് എന്ന് അഭിപ്രായപ്പെട്ട് പ്രാഥമിക സഹകരണ ബാങ്കുകളിൽ നിന്നും ആദായ നികുതി ഈടാക്കണമെന്ന് കാണിച്ച് നികുതി വകുപ്പ് നോട്ടീസ് നൽകിയിട്ടുണ്ട്. ഇത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയും 3-10-2019-ലെ

സെൻട്രൽ ബാങ്ക് കോൺഫറൻസിന്റെ അജണ്ടയിൽപ്പെടുത്തി ചർച്ച ചെയ്യുകയും ടി വകുപ്പിന്റെ പരിധിയിൽ നിന്നും സംസ്ഥാനത്തെ സഹകരണ മേഖലയെ ഒഴിവാക്കു ന്നതിന് കേന്ദ്ര സർക്കാരിന് നിവേദനം നൽകുന്നതിനും തീരുമാനിച്ചു. പ്രസ്തുത നിയമത്തിലെ പ്രസ്തുത വകുപ്പിന്റെ പരിധിയിൽ നിന്നും സംസ്ഥാനത്തെ സഹകരണ മേഖലയെ ഒഴിവാക്കുന്നതിനായി കേന്ദ്ര സർക്കാരിന് നിവേദനം നൽകുന്നതിന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ 11-10-2019-ൽ ബഹുമാനപ്പെട്ട കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട കേന്ദ്ര കൃഷി വകുപ്പുമന്ത്രി എന്നിവർക്ക് ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രി നേരിട്ട് നിവേദനം സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ വിഷയം സംബന്ധിച്ച തുടർ നടപടികൾ കൈക്കൊള്ളുന്നതിനായി സഹകരണ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 14-7-2021-ൽ യോഗം ചേരുകയും 194 N എന്ന വകുപ്പിന്റെ നിയമസാധുത സംബന്ധിച്ച് അഡ്വക്കേറ്റ് ജനറലിനോട് നിയമോപദേശം തേടുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) സഹകരണ മേഖലയിൽ കൂടുതൽ നിയന്ത്രണങ്ങൾ കൊണ്ടു വരുന്നതിന്റെ ഭാഗമായാണ് കേന്ദ്രസർക്കാർ പുതിയ സഹകരണ മന്ത്രാലയം രൂപീകരിച്ചത് എന്ന് വിലയിരുത്തുന്നുണ്ടോ?

കേന്ദ്ര സർക്കാർ പുതിയ സഹകരണ വകുപ്പ് രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത വകുപ്പിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തി മാത്രമേ കൂടുതൽ നിഗമനത്തിലേയ്ക്ക് എത്താൻ സാധിക്കുകയുള്ളൂ.

(സി) സംസ്ഥാനത്തെ സഹകരണ പ്രസ്ഥാനത്തെ ദോഷകരമായി ബാധിക്കുന്ന കേന്ദ്രസർക്കാർ ഇടപെടലുകളെ പ്രതിരോധിക്കുന്നതിന് ശക്തമായ നിലപാട് സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്തെ സഹകരണ പ്രസ്ഥാനത്തെ ദോഷകരമായി ബാധിക്കുന്ന കേന്ദ്ര സർക്കാർ ഇടപെടലുകളെ പ്രതിരോധിക്കുന്നതിനുള്ള സർക്കാർ നിലപാടിന്റെ ഭാഗമായാണ് 194N എന്ന പുതിയ ഭേദഗതി കൂട്ടിച്ചേർക്കുന്നതിനെതിരെ കേന്ദ്ര സർക്കാരിൽ നിവേദനം സമർപ്പിച്ചതും ബാങ്ക്/ ബാങ്കിംഗ് നിയമഭേദഗതി 2020 ബിൽ നിയമമാകുന്നതിനുമുമ്പ് തന്നെ പ്രസ്തുത നിയമത്തിലെ സഹകരണ ബാങ്കുകളെ ബാധിക്കുന്ന വിഷയങ്ങളിൽ ഭേദഗതി വേണമെന്ന് 14-ാം കേരള നിയമസഭ ഐകകണ്ഠ്യേന ആവശ്യപ്പെടുകയും ചെയ്തിട്ടുള്ളത്. കൂടാതെ, ആദായനികുതി നിയമത്തിലെ വകുപ്പ് 80(പി)(2) പ്രകാരമുള്ള നികുതിയിളവ് പിൻവലിച്ചത് സംഘങ്ങളുടെ നിലനിൽപ്പിനെ തന്നെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ പ്രസ്തുത നടപടി പിൻവലിക്കണമെന്നും സഹകരണ സ്ഥാപനങ്ങൾക്ക് വരുമാന നികുതിയിൽ ഇളവ് നൽകണമെന്നുമുള്ള ആവശ്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ പാർലമെന്റ് അംഗങ്ങൾ മുഖാന്തരവും വിഷയം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

## ഊർജ്ജ മേഖലയിലെ ഇടപെടലുകൾ

23(*23) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. വി. ശശി:
ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. സി. സി. മുകുന്ദൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സാമ്പത്തിക, വ്യവസായ മേഖലകളിൽ വൈദ്യുതി ലഭ്യതയുടെ പ്രാധാന്യം കണക്കിലെടുത്ത് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

ഉണ്ട്. അടിസ്ഥാന സൗകര്യ വികസനമേഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സമസ്ത മേഖലകളിലെയും വികസനത്തിനാവശ്യമായ ഗുണമേന്മയുള്ള വൈദ്യുതി ഉറപ്പാക്കുന്നതിനായി ട്രാൻസ്ഗ്രിഡ് 2.0, ദ്യുതി 2021, സൗര, ഫിലമെന്റ് രഹിത കേരളം, ഇ-സേഫ് തുടങ്ങിയ പദ്ധതികൾ അടങ്ങുന്ന ഊർജ്ജ കേരള മിഷൻ ജൂലൈ 2018-ൽ സർക്കാർ പ്രഖ്യാപിച്ച് നടപ്പിലാക്കിവരുന്നു. ആഗോള നിലവാരത്തിലുള്ളതും തടസ്സരഹിതമായതും ഗുണമേന്മയേറിയതും അപകടരഹിതവുമായ വൈദ്യുതി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനുതകുന്ന വിധത്തിൽ വിതരണ മേഖലയെ ശക്തിപ്പെടുത്തുന്നതിനായി മുന്നോട്ടുവച്ച പദ്ധതിയാണ് ദ്യുതി 2021. സംസ്ഥാനത്തിന്റെ വൈദ്യുതി മേഖലയിൽ പ്രസരണ നഷ്ടം കുറയ്ക്കുക, വോൾട്ടേജ് ക്ഷാമം പരിഹരിക്കുക, കേരളത്തിലേയ്ക്കുള്ള വൈദ്യുതി ഇറക്കുമതിശേഷി വർദ്ധിപ്പിക്കുകയും കേരളത്തിനുള്ളിൽ ഉത്പാദിപ്പിക്കുന്നതും ഇറക്കുമതി ചെയ്യുന്നതുമായ വൈദ്യുതി എല്ലാ പ്രദേശത്തും സുഗമമായി എത്തിക്കാനാകുംവിധം പ്രസരണ മേഖല ശക്തിപ്പെടുത്തുക എന്ന ലക്ഷ്യവുമായി 10,000 കോടി രൂപ പദ്ധതി ചെലവിൽ വിഭാവനം ചെയ്ത് ട്രാൻസ്ഗ്രിഡ് 2.0 പദ്ധതി നടപ്പിലാക്കി വരുന്നു. കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ നേതൃത്വത്തിൽ 2021-ഓടുകൂടി 1000 മെഗാവാട്ട് സൗരോർജ്ജ സ്രോതസ്സുകളിൽ നിന്നു കൂട്ടിച്ചേർക്കാനുള്ള പദ്ധതിയാണ് സൗര. ഹരിത ഗൃഹവാതകങ്ങളുടെ ബഹിർഗമനം കുറച്ച് കൊണ്ടുവരുന്നതിനോടൊപ്പം ഊർജ്ജക്ഷമത കൂടിയ LED ബൾബുകൾ ഉപയോഗിച്ച് കേരളത്തിലെ ഫിലമെന്റ് ബൾബുകൾ നിഷ്കാസനം ചെയ്യുന്നത് വിഭാവനം ചെയ്യുന്ന പദ്ധതിയാണ് ഫിലമെന്റ് രഹിത കേരളം. കേരളത്തിൽ വൈദ്യുത അപകടങ്ങൾ ഒഴിവാക്കുന്നത് മുന്നിൽ കണ്ട് വിതരണ മേഖലയുടെ സുരക്ഷ മെച്ചപ്പെടുത്തുന്നതിനായുള്ള പദ്ധതിയാണ് ഇ-സേഫ്. ഇതോടൊപ്പം സംസ്ഥാനത്തിന്റെ വൈദ്യുതി ഇറക്കുമതി ശേഷി വർദ്ധിപ്പിക്കുന്നതിനും അന്തർ സംസ്ഥാന പ്രസരണ ശൃംഖലയുടെ വികസനം ത്വരിതപ്പെടുത്തുന്നതിനും ശ്രമിച്ചതിന്റെ ഫലമായി ഇടമൺ - കൊച്ചി 400 കെ.വി. പ്രസരണ ലൈനിന്റെയും

പുഗലൂർ - മാടക്കത്തറ 320 കെ.വി. എച്ച്.വി.ഡി.സി. ലൈനിന്റെയും നിർമ്മാണം പൂർത്തീകരിക്കാനായി. ഇതുവഴി ഇറക്കുമതി ശേഷിയിൽ ഏകദേശം 2000 മെഗാവാട്ടിന്റെ വർദ്ധനവ് കൈവരിക്കാനായി. ഇതിനു പുറമേ ആഭ്യന്തര ഉത്പാദനം മെച്ചപ്പെടുത്താനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. പുതിയ ചെറുകിട ജലവൈദ്യുത പദ്ധതികൾ ആരംഭിക്കുകയും പ്രവൃത്തികൾ മുടങ്ങിക്കിടന്ന ജലവൈദ്യുത പദ്ധതികൾ പുനരാരംഭിക്കുകയും ചെയ്തിട്ടുണ്ട്. പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കാനുള്ള സൗര പദ്ധതി നടപ്പിലാക്കി വരികയും ചെയ്യുന്നു.

(ബി) വൈദ്യുത ശൃംഖലയിൽ വരുന്ന കേടുപാടുകൾ പെട്ടെന്ന് കണ്ടെത്തി പ്രശ്നപരിഹാരം വേഗത്തിൽ സാധ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. ലൈൻ പട്രോൾ നടത്തിയും വിവിധ സെക്ഷനുകളായി ലൈൻ ഐസൊലേറ്റ് ചെയ്തും ടെസ്റ്റ് ചാർജ് ചെയ്തും മറ്റും തകരാർ കണ്ടുപിടിക്കുന്നതിനുള്ള സംവിധാനമാണ് ഇപ്പോൾ നിലവിലുള്ളത്. ഈ സംവിധാനങ്ങളുടെ അപര്യാപ്തത മനസ്സിലാക്കിക്കൊണ്ട് "Communicable Fault Pass Detector" എന്ന നൂതന സംവിധാനം വളരെ ചെലവുകുറഞ്ഞ രീതിയിൽ കെ.എസ്.ഇ.ബി.എൽ. വികസിപ്പിച്ചെടുത്തിട്ടുണ്ട്. 11 കെ.വി, 33 കെ.വി വൈദ്യുത വിതരണ ലൈനുകളിലുണ്ടാകുന്ന തകരാറുകൾ പെട്ടെന്നു കണ്ടുപിടിച്ച് വിവരം ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ, SMS മൂലവും തകരാറുണ്ടായ സ്ഥലം GIS മാപ്പ് വഴിയും അറിയിച്ച്, പ്രശ്നപരിഹാരം വേഗത്തിലാക്കാൻ സഹായിക്കുന്ന നൂതന സംവിധാനമാണിത്. ഇതുവരെ 7400 എണ്ണം (11 kv- 7250, 33kv- 150) Communicable Fault Pass Detector സ്ഥാപിച്ചിട്ടുണ്ട്.

(സി) പ്രസരണ ശൃംഖലയുടെ നിരീക്ഷണത്തിനും കേടുപാടുകൾ കണ്ടുപിടിച്ച് പരിഹരിക്കുന്നതിനുമായി നിർമ്മിത ബുദ്ധിയുടെ സഹായത്തോടെയുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഇല്ല.

**പുതിയ വ്യവസായങ്ങൾക്ക് സഹായം**

24(*24) <u>ശ്രീ. കെ. പി. എ. മജീദ്</u>:
<u>ശ്രീ. പി. കെ. ബഷീർ</u>:
<u>ശ്രീ. നജീബ് കാന്തപുരം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (<u>ശ്രീ. പി. രാജീവ്</u>) സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതിയ വ്യവസായങ്ങൾ ആരംഭിക്കാൻ തയ്യാറാകുന്നവരെ സഹായിക്കാൻ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്?

വ്യവസായ രംഗത്ത് കൂടുതൽ നിക്ഷേപം ആകർഷിക്കുവാനും സംരംഭങ്ങൾ തുടങ്ങാനുദ്ദേശിക്കുന്നവരെ സഹായിക്കാനുമുതകുന്ന വിവിധ നിയമ നിർമ്മാണങ്ങൾ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടത്തുകയുണ്ടായി. '2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും നിയമം' സർക്കാർ പുതിയതായി കൊണ്ടുവന്നു. നിലവിലെ ഏഴ് നിയമങ്ങളിൽ വേണ്ട ഭേദഗതികൾ വരുത്തിയാണ് മേൽപ്പറഞ്ഞ നിയമം കൊണ്ടുവന്നത്. ഈ നിയമപ്രകാരം പുതിയതും നിലവിലുള്ളതുമായ വ്യാവസായിക സംരംഭങ്ങൾക്ക് വിവിധ അനുമതികളും ലഭ്യമാക്കാൻ K-SWIFT എന്ന പേരിൽ ഒരു ഓൺലൈൻ ഏകജാലക സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ഈ സംവിധാനം വഴി അപേക്ഷ സമർപ്പിച്ച ദിവസം മുതൽ 30 ദിവസത്തിനുള്ളിൽ സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള എല്ലാ അനുമതികളും അതതു വകുപ്പുകൾ ലഭ്യമാക്കേണ്ടതാണ്; അല്ലാത്തപക്ഷം അപേക്ഷയ്ക്ക് ഏകജാലക ബോർഡിന്റെ കല്പിത അനുമതി ലഭ്യമാകുന്നതാണ്. ഇതോടൊപ്പം '2019-ലെ കേരള സൂക്ഷ്മ - ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമം' സംസ്ഥാന സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. ഈ നിയമപ്രകാരം 10 കോടി രൂപയിൽ താഴെ നിക്ഷേപമുള്ളതും മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവന്ന കാറ്റഗറിയിൽ പെടാത്തതുമായ സ്ഥാപനങ്ങൾക്ക് മൂന്നുവർഷം വരെ സംസ്ഥാന നിയമങ്ങൾക്കു കീഴിലുള്ള ചില ലൈസൻസുകൾ എടുക്കേണ്ടതില്ല. സ്വയം സാക്ഷ്യപ്പെടുത്തിയ ഓൺലൈൻ സത്യവാങ്മൂലം സമർപ്പിച്ച് വ്യവസായം തുടങ്ങാൻ സാധിക്കുന്നതാണ്. KSWIFT ഓൺലൈൻ ഏകജാലക സംവിധാനം വഴി മേൽസൂചിപ്പിച്ച സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങൾക്ക് ' MSME Acknowledgment Certificate' ലഭ്യമാകുന്നതുമാണ്. മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവന്ന കാറ്റഗറിയിൽപ്പെടാത്ത MSME-ഇതര വ്യവസായങ്ങൾക്ക് ഒരു വർഷത്തേയ്ക്ക് സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള ചില അനുമതികൾ ഒഴിവാക്കിക്കൊണ്ട് മേൽസൂചിപ്പിച്ച 2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമത്തിൽ ഭേദഗതി വരുത്തി ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഇത്തരം വ്യവസായങ്ങൾക്ക് അനുമതി കൊടുക്കുന്നതിനു ഒരു ഇൻവെസ്റ്റ്മെന്റ് ഫെസിലിറ്റേഷൻ ബ്യൂറോ രൂപീകരിച്ചിട്ടുണ്ട്. വ്യവസായ സ്ഥാപനങ്ങളിൽ വിവിധ സർക്കാർ വകുപ്പുകൾ നടത്തുന്ന പരിശോധനകൾ കഴിവതും ഒരുമിച്ചു നടത്തുവാനും, അനാവശ്യ പരിശോധനകൾ ഒഴിവാക്കാനും വേണ്ടി ഒരു ഓൺലൈൻ ഏകീകൃത പരിശോധനാ സംവിധാനം (Centralised Inspection System) രൂപീകരിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. ഇവ കൂടാതെ KSIDC നോഡൽ ഏജൻസിയായി എല്ലാ വകുപ്പുകളെയും കോർത്തിണക്കി കേന്ദ്ര സർക്കാരിന്റെ DPIIT-യുടെ മേൽനോട്ടത്തിലുള്ള വിവിധ പ്രവർത്തനങ്ങളും നടത്തിവരുന്നു. സംസ്ഥാന/ജില്ലാ ബിസിനസ്സ് റിഫോം ആക്ഷൻ പ്ലാനുകൾ, റെഗുലേറ്ററി കംപ്ലൈയൻസ് ലഘൂകരിക്കൽ നടപടികൾ മുതലായവ ഇവയിൽപ്പെടുന്നു.

നിക്ഷേപകരുടെ പരാതികൾ, ബുദ്ധിമുട്ടുകൾ എന്നിവ നിയമ/ചട്ടങ്ങളുടെ ഭാഗമായുള്ളതും അല്ലാത്തതുമാകാം. ഇവ സമയബന്ധിതമായി പരിഹരിക്കാൻ സംസ്ഥാനത്ത് ഒരു സ്റ്റാറ്റ്യൂട്ടറി ഗ്രീവൻസ് റിഡ്രസ്സൽ കമ്മിറ്റി (Statutory Grievance Redressal Committee) രൂപീകരിക്കുന്ന നടപടികൾ അന്തിമ ഘട്ടത്തിലാണ്. സംസ്ഥാനത്ത് വ്യവസായ നിക്ഷേപം ആകർഷിക്കുന്നതിനുവേണ്ടി വിവിധ സാമ്പത്തിക സഹായ പദ്ധതികളും മറ്റ് പദ്ധതികളും DIC, KSIDC, KINFRA മുഖേന ആവിഷ്കരിച്ച് തുടർനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ ജില്ലാ വ്യവസായ കേന്ദ്രങ്ങളുമായി ബന്ധപ്പെട്ട് വ്യവസായ സംരംഭങ്ങൾ നടത്തുന്നവരുടെയും പുതുതായി തുടങ്ങാൻ ആഗ്രഹിക്കുന്നവരുടെയും പരാതികളും പ്രശ്നങ്ങളും നേരിട്ട് കേൾക്കുന്നതിന് ജില്ലാ തലത്തിൽ 'മീറ്റ് ദ മിനിസ്റ്റർ' പരിപാടി ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നുണ്ട്. പരാതി പരിഹരിക്കുന്നതിന്റെ തുടർനടപടികൾക്ക് മേൽനോട്ടം വഹിക്കുന്നതിന് വകുപ്പിലെ മുതിർന്ന ഐ.എ.എസ്. ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) സർക്കാർ വകുപ്പുകളുടെ പ്രവർത്തനം വ്യവസായം ആരംഭിക്കാൻ ആഗ്രഹിക്കുന്ന സംരംഭകരെ പിന്തിരിപ്പിക്കുന്നതാണെന്ന ചില വ്യവസായികളുടെ ആരോപണം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(സി) സംസ്ഥാനത്തെ കൂടുതൽ വ്യവസായ സൗഹൃദമാക്കാൻ ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുമോ?

ഇത്തരത്തിൽ തെറ്റായ പ്രചാരണം ബോധപൂർവ്വം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഇതിന് വസ്തുതയുമായി ബന്ധമില്ലെന്ന് കണക്കുകൾ തെളിയിക്കുന്നുണ്ട്. 2016 മുതൽ MSME യൂണിറ്റുകളുടെ എണ്ണത്തിനു 100% വർദ്ധന വന്നിട്ടുണ്ട്. കൂടാതെ ഈസ് ഓഫ് ഡൂയിംഗ് ബിസിനസിനായി കഴിഞ്ഞ 5 വർഷം സർക്കാർ സ്വീകരിച്ച നടപടികൾ മികച്ച ഫലം ഉണ്ടാക്കിയെന്ന് വിവിധ വ്യവസായ സംഘടനകളും വ്യക്തമാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് വ്യവസായ സൗഹൃദാന്തരീക്ഷം സൃഷ്ടിക്കാൻ സർക്കാർ മുൻകൈ എടുക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായങ്ങളുടെ നിക്ഷേപത്തിനായി പ്രത്യേകം നിയമനിർമ്മാണം തന്നെ നടത്തിയിട്ടുണ്ട്. വ്യവസായ സൗഹൃദാന്തരീക്ഷം ഒരു പ്രത്യേക നയമായി സംസ്ഥാന സർക്കാർ ഏറ്റെടുത്തിട്ടുണ്ട്. നിക്ഷേപകരുടെ പരാതി, ബുദ്ധിമുട്ടുകൾ എന്നിവ സമയബന്ധിതമായി പരിഹരിക്കാൻ സംസ്ഥാനത്ത് ഒരു സ്റ്റാറ്റ്യൂട്ടറി ഗ്രീവൻസ് റിഡ്രസ്സൽ കമ്മിറ്റി രൂപീകരിക്കുവാനുള്ള ഒരു നിയമ നിർമ്മാണം കൊണ്ടുവരാൻ 20-5-2021-ലെ ആദ്യ മന്ത്രിസഭാ യോഗതീരുമാന പ്രകാരം തീരുമാനിക്കുകയും പ്രസ്തുത കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

## കടമെടുപ്പ് വ്യവസ്ഥകൾ

25(*25) ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉൽപാദനത്തിന്റെ അര ശതമാനം കൂടുതൽ കടമെടുക്കാനുള്ള അനുമതിക്ക് കേന്ദ്രസർക്കാർ എന്തെല്ലാം വ്യവസ്ഥകളാണ് നിശ്ചയിച്ചിരിക്കുന്നത്?

കോവിഡ്-19 മഹാമാരി സംസ്ഥാന സാമ്പത്തിക സ്ഥിതിയെ പ്രതികൂലമായി ബാധിച്ചതിന്റെ പശ്ചാത്തലത്തിൽ കേന്ദ്രസർക്കാർ 2021-22 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന്റെ വായ്പപരിധി ജി.എസ്.ഡി.പി.യുടെ 3 ശതമാനത്തിൽനിന്നും പരമാവധി ജി.എസ്.ഡി.പി.യുടെ 4.5 ശതമാനമായി പരിഷ്കരിച്ചിട്ടുണ്ട്. ഇതിൽ 3.5 ശതമാനം നിബന്ധനകൾ ഇല്ലാതെയും 2021-22 വർഷത്തേയ്ക്ക് മൂലധന ചെലവിനത്തിൽ കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുള്ള 12,547 കോടി രൂപയുടെ ലക്ഷ്യം കൈവരിക്കണമെന്ന നിബന്ധനയോടെ 0.50 ശതമാനം വായ്പയും 0.5 ശതമാനം വായ്പ ഊർജ്ജമേഖലയിൽ വരുത്തേണ്ട പരിഷ്കാരങ്ങൾക്ക് അനുസൃതമായിട്ടുമാണ് സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ളത്.

(ബി) വൈദ്യുത ബോർഡിന്റെ നഷ്ടം നാലുവർഷം കൊണ്ട് സർക്കാർ ഏറ്റെടുക്കണമെന്നും വൈദ്യുതി വിതരണം സ്വകാര്യവൽക്കരിക്കണമെന്നും കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുണ്ടോ?

പൊതുമേഖലാ വൈദ്യുതി വിതരണ കമ്പനികളുടെ നഷ്ടം ഘട്ടംഘട്ടമായി സംസ്ഥാന സർക്കാർ ഏറ്റെടുക്കണമെന്ന നിബന്ധനയോടെയാണ് കേന്ദ്രസർക്കാർ അധിക വായ്പയെടുക്കാൻ അനുവദിച്ചിട്ടുള്ളത്. ഇതിൻപ്രകാരം 2022-23-ൽ 60 ശതമാനവും 2023-24-ൽ 75 ശതമാനവും 2024-25-ൽ 90 ശതമാനവും 2025-26 മുതൽ 100 ശതമാനവും വൈദ്യുതി വിതരണ കമ്പനികളുടെ നഷ്ടം സംസ്ഥാന സർക്കാർ ഏറ്റെടുക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. വൈദ്യുതി വിതരണം സ്വകാര്യവത്കരിക്കണമെന്ന് പ്രത്യക്ഷമായി പറയുന്നില്ലെങ്കിലും വൈദ്യുതി മേഖലയുടെ സ്വകാര്യവൽക്കരണമാണ് ഇതിലൂടെ കേന്ദ്ര സർക്കാർ ലക്ഷ്യമിടുന്നത്.

(സി) ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോ; വിശദാംശം നൽകുമോ?

സർക്കാർ ഇക്കാര്യം പരിശോധിച്ചുവരികയാണ്.

## വൈദ്യുതി മേഖലയിലെ നവീന പദ്ധതികൾ

26(*26) ശ്രീമതി ദെലീമ:
ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. ഒ. ആർ. കേളു:
ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) സദയം മറുപടി നൽകുമോ :

(എ) രാജ്യത്ത് ആദ്യമായി സമ്പൂർണ്ണ വൈദ്യുതീകരണം സാധ്യമാക്കിയ സംസ്ഥാനത്ത് വൈദ്യുതി മേഖല ലോക നിലവാരത്തിലെത്തിക്കാൻ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ?

സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പാക്കിക്കൊണ്ട് എല്ലാ വീടുകളിലും വൈദ്യുതി എത്തിച്ച ആദ്യത്തെ ഇന്ത്യൻ സംസ്ഥാനം എന്ന ബഹുമതി 2017 മേയ് മാസത്തോടെ കേരളം സ്വായത്തമാക്കി. ആഗോള നിലവാരത്തിലുള്ളതും, തടസ്സരഹിതമായതും, ഗുണമേന്മയേറിയതും, അപകടരഹിതവുമായ വൈദ്യുതി, ഉപഭോക്താക്കൾക്ക് എത്തിച്ച് വൈദ്യുതി വിതരണ രംഗം കാര്യക്ഷമമാക്കുന്നതിന് ഊർജ്ജ കേരള മിഷന്റെ ഭാഗമായി "ദ്യുതി"പദ്ധതി നടപ്പിലാക്കി വരുന്നു. ടി പദ്ധതിയുടെ ലക്ഷ്യങ്ങൾ താഴെപ്പറയുന്നവയാണ്.

1. എച്ച്.ടി. ശൃംഖലയുടെ എല്ലാഭാഗത്തും കുറഞ്ഞത് രണ്ടു സ്രോതസ്സിൽ നിന്നെങ്കിലും വൈദ്യുതി എത്തിക്കുന്നതിന് സംവിധാനം ഒരുക്കുക,

2. ഏരിയൽ ബഞ്ച്ഡ് കേബിൾ (എ.ബി.സി.), ഭൂഗർഭ കേബിൾ തുടങ്ങിയ കവചിത ചാലകങ്ങൾ, ആർ.എം.യു. എന്നിവയുപയോഗിച്ച് വൈദ്യുതി തടസ്സം പരമാവധി കുറയ്ക്കുക

3. പുരയിടങ്ങൾക്കു കുറുകെ കടന്നുപോകുന്ന ലൈനുകൾ വൈദ്യുതി തടസ്സത്തിനോ അപകടങ്ങൾക്കോ കാരണമാകുന്നെങ്കിൽ അവ മാറ്റി സ്ഥാപിക്കുക, ലൈനുകളുടെയും പ്രതിഷ്ഠാപനങ്ങളുടെയും നവീകരണം ഉറപ്പാക്കുക

4. ഫോൾട്ട് പാസ് ഇൻഡിക്കേറ്ററുകൾ, സെക്ഷലൈസറുകൾ തുടങ്ങിയ സാങ്കേതിക വിദ്യകളുടെ ഉപയോഗം ഉറപ്പുവരുത്തി വൈദ്യുതി പുനഃസ്ഥാപനം ത്വരിതഗതിയിലാക്കുക.

ഈ പദ്ധതിയിൽ, 2018, 2019 വർഷങ്ങളിലെ മഹാപ്രളയങ്ങളും, കോവിഡ്-19-ന്റെ ഭാഗമായി ഏർപ്പെടുത്തിയ സമ്പൂർണ്ണ ലോക്ക്ഡൗൺ കാരണവും ഉദ്ദേശിച്ച പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടില്ല. എന്നിരുന്നാലും ഈ പദ്ധതിയിൽ

ഇതുവരെ 1547.92 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ സാധിച്ചിട്ടുണ്ട്. കൂടാതെ വിതരണ മേഖലയുടെ നവീകരണം ലക്ഷ്യമാക്കി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ഉദ്ദേശം 3 ലക്ഷം കോടി രൂപയുടെ RDSS (Revamped Distribution Sector Scheme) പദ്ധതിക്ക് 30-6-2021-ന് കേന്ദ്ര മന്ത്രിസഭ അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത തുകയുടെ ഒരു വിഹിതം കേരളത്തിനും ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. RDSS പദ്ധതിയുടെ വിശദമായ മാർഗ്ഗരേഖ ഇതുവരെ ലഭ്യമായിട്ടില്ല. പ്രസ്തുത പദ്ധതിയുടെ കരട് മാർഗ്ഗരേഖ പ്രകാരം (1) നിലവിലുള്ള മുഴുവൻ ഫീഡർ, ട്രാൻസ്ഫോർമർ മീറ്ററുകളും Communicable AMI Integrated ആക്കുവാനും Consumer മീറ്റർ മുഴുവൻ Smart Meter ആക്കുവാനും (2) വിതരണ ശൃംഖലയുടെ നഷ്ടം കുറയ്ക്കുന്നതിനും വൈദ്യുത തടസ്സം പരമാവധി ഒഴിവാക്കി വിതരണ ഗുണമേന്മ ഉറപ്പാക്കുന്നതിനുമുള്ള പ്രസരണ-വിതരണ ശാക്തീകരണ പ്രവൃത്തികൾ ഉൾപ്പെടുത്തി ഡിസ്കോമുകളുടെ സാമ്പത്തിക ഭദ്രത ഉറപ്പാക്കുന്നതിനുള്ള പരിഷ്കരണ നടപടികളും പദ്ധതി വിഭാവനം ചെയ്യുന്നു.

(ബി) വൈദ്യുതി സംബന്ധമായ എല്ലാ സേവനങ്ങളും വീട്ടുപടിക്കൽ എത്തിക്കാനുള്ള പദ്ധതി ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

വൈദ്യുതി വിതരണ മേഖലയിൽ സേവനങ്ങൾ വീട്ടുപടിക്കൽ എത്തിക്കുന്ന " സർവീസ് അറ്റ് ഡോർ സ്റ്റെപ്" എന്ന പദ്ധതി കെ.എസ്.ഇ.ബി.എൽ. ആരംഭി ച്ചിട്ടുണ്ട്. ഈ സേവനം ഉപയോഗിച്ച് വീട്ടിലിരുന്ന് ഫോൺ വഴി, പുതിയ കണക്ഷനുകൾ എടുക്കുന്നതിനും, ഉടമസ്ഥാവകാശം, ലോഡ്/താരിഫ്/ഫേസ് തുടങ്ങിയവ മാറ്റുന്നതിനും ഉപഭോക്താവിനു സാധിക്കുന്നു. നിലവിൽ 425 സെക്ഷനു കളിൽ ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. മറ്റു സെക്ഷനുകളിൽ കൂടി ഈ പദ്ധതി വ്യാപിപ്പി ക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

(സി) വൈദ്യുതി വിതരണവുമായി ബന്ധപ്പെട്ട് ഉപഭോക്താക്കളുടെ പരാതി സമയബന്ധിതമായി പരിഹരിക്കുന്നതിന് എന്തെല്ലാം സൗകര്യങ്ങൾ ഏർപ്പെടുത്തി യിട്ടുണ്ടെന്നറിയിക്കുമോ?

കെ.എസ്.ഇ.ബി.യുടെ ഉപഭോക്താക്കൾക്ക് വൈദ്യുതി സംബന്ധമായ പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് പരാതികൾ അതത് സെക്ഷൻ ഓഫീസിലെ ഫോൺ നമ്പരിലോ, 1912 എന്ന കേന്ദ്രീകൃത 24/7 ടോൾ ഫ്രീ കസ്റ്റമർ കെയർ നമ്പരിലോ, കെ.എസ്.ഇ.ബി.യുടെ കസ്റ്റമർകെയർ പോർട്ടലായ wss.kseb.in വഴിയോ, കെ.എസ്.ഇ.ബി.യുടെ വാട്സാപ്പ് നമ്പരായ 9496001912 മുഖേനയോ, അറിയിക്കാൻ കഴിയും. 1912 സംവിധാനത്തിൽ IVRS വഴിയോ, നേരിട്ട് കസ്റ്റമർകെയർ എക്സിക്യൂട്ടീവുമായി സംസാരിച്ചോ, പരാതി

നൽകാനുള്ള അവസരവുമുണ്ട്. വൈദ്യുതി സംബന്ധമായ അപകടങ്ങളും അടിയന്തര സാഹചര്യങ്ങളും അറിയിക്കുന്നതിന് 24 മണിക്കൂറും പ്രവർത്തിക്കുന്ന 9496061061 ഹോട്ട് ലൈൻ ഡെസ്ക് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. പരാതികൾ, വൈദ്യുതി തടസ്സങ്ങൾ, വൈദ്യുതി ബിൽ സംബന്ധിച്ച അറിയിപ്പുകൾ തുടങ്ങിയവ എസ്.എം.എസ്. വഴിയും ഇ-മെയിൽ വഴിയും അറിയിക്കുന്ന-'ഊർജ്ജ-ദൂത്', 'ഊർജ്ജസൗഹൃദ' പദ്ധതികളും കെ.എസ്.ഇ.ബി.എൽ. നടപ്പിലാക്കിയിട്ടുണ്ട്. വൈദ്യുതി തടസ്സം പരമാവധി കുറയ്ക്കുവാനായി, തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് നഗരങ്ങളിൽ നിരീക്ഷണ നിയന്ത്രണ സംവിധാനമായ സ്കാഡ നടപ്പിലാക്കി വരുന്നു. നഗര-ഗ്രാമ വിവേചനം ഒഴിവാക്കുന്നതിനും, തടസ്സരഹിതമായ വൈദ്യുതി ലഭ്യത ഉറപ്പുവരുത്തുന്നതിനുമായി ഊർജ്ജ കേരളാ മിഷനിൽ ഉൾപ്പെടുത്തി ദ്യുതി പദ്ധതി നടപ്പിലാക്കി വരുന്നു. വിതരണശൃംഖലയിലെ എച്ച്.ടി. ലൈനുകളിലെ തകരാറുകൾ പെട്ടെന്ന് കണ്ടുപിടിക്കുന്നതിന് Communicable Fault Pass Detector" എന്ന നൂതന സംവിധാനം വളരെ ചെലവുകുറഞ്ഞ രീതിയിൽ ബോർഡ് ജീവനക്കാർ തന്നെ വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഈ പ്രവർത്തനങ്ങൾ സ്വീകരിച്ചുകൊണ്ട് വൈദ്യുതി വിതരണവുമായി ബന്ധപ്പെട്ട ഉപഭോക്താക്കളുടെ പരാതി സമയബന്ധിതമായി പരിഹരിഹരിച്ചുവരുന്നു.

**ഇന്ധനവില വർദ്ധനവ്**

27(*27) ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. നജീബ് കാന്തപുരം:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ;

(എ) പെട്രോൾ, ഡീസൽ എന്നിവയ്ക്ക് ഏതെല്ലാം നികുതികളാണ് സംസ്ഥാന സർക്കാർ ഈടാക്കുന്നതെന്ന് വ്യക്തമാക്കാമോ?

പെട്രോൾ, ഡീസൽ എന്നിവയ്ക്ക് സംസ്ഥാന സർക്കാർ വില്പന നികുതി, അധിക വില്പന നികുതി, സെസ്സ് എന്നിവ ഈടാക്കുന്നുണ്ട്.

(ബി) ഓരോ നികുതിയും എത്ര ശതമാനം വീതമാണ് ഈടാക്കുന്നത്?

നിലവിൽ പെട്രോളിന് വില്പന നികുതി 30.08%-ഉം, അധിക വില്പന നികുതി ലിറ്ററിന് ഒരു രൂപ എന്ന നിരക്കിലും, വില്പന നികുതിയുടേയും അധിക വില്പന നികുതിയുടേയും 1% എന്ന നിരക്കിൽ സെസ്സും ഈടാക്കുന്നു. ഡീസലിന് വില്പന

നികുതി 22.76%-ഉം അധിക വില്പന നികുതി ലിറ്ററിന് ഒരു രൂപ എന്ന നിരക്കിലും വില്പന നികുതിയുടേയും അധിക വില്പന നികുതിയുടേയും 1% എന്ന നിരക്കിൽ സെസ്സും ഈടാക്കുന്നു.

(സി) അനിയന്ത്രിതമായി ഇന്ധന വില വർദ്ധിക്കുന്നതുമൂലം ദുരിതത്തിലായ ജനവിഭാഗങ്ങൾക്ക് ആശ്വാസം പകരുന്നതിനായി നികുതിയിളവ് നൽകുന്നതിനോ നികുതി ഒഴിവാക്കുന്നതിനോ നടപടി സ്വീകരിക്കുമോ?

പെട്രോൾ, ഡീസൽ എന്നിവയുടെ വിലയിൽ സംസ്ഥാന പൊതുവില്പന നികുതിയും കേന്ദ്ര നികുതികളും ഉൾപ്പെടുന്നുണ്ട്. കഴിഞ്ഞ സർക്കാരിന്റെ ഭരണ കാലത്ത് 31-5-2018-ലെ എസ്.ആർ.ഒ. നമ്പർ 345/2018 പ്രകാരം പെട്രോളിന്റെ സംസ്ഥാന നികുതി 31.80%-ൽ നിന്നും 30.08%-ഉം ആയും ഡീസലിന്റെ സംസ്ഥാന നികുതി 24.52%-ൽ നിന്നും 22.76% ആയും കുറയ്ക്കുകയുണ്ടായി. 1-6-2018 മുതൽ ഈ നിരക്ക് പ്രാബല്യത്തിൽ വന്നു. എന്നാൽ കേന്ദ്ര അഡീഷണൽ എക്സൈസ് നിരക്ക് പല തവണ വർദ്ധിപ്പിച്ചതായി കണ്ടുവരുന്നു. ഇത് ഇന്ധനവില വർദ്ധനവിന് കാരണമാകുന്നുണ്ട്. കേന്ദ്ര നികുതി നിരക്ക് കുറച്ചാൽ സംസ്ഥാന നികുതി അതനുസരിച്ച് കുറയുന്നതാണ്.

(ഡി) ഇന്ധനവില വർദ്ധനവ് അവശ്യവസ്തുക്കളുടെ വിലയിലും യാത്രാ ചാർജ്ജിലും ഉണ്ടാക്കിയേക്കാവുന്ന വർദ്ധനവ് കണക്കിലെടുത്ത് ജനങ്ങൾക്ക് ഉണ്ടാകുന്ന അധികബാധ്യത ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

1-6-2018 മുതൽ പെട്രോളിന്റെ സംസ്ഥാന നികുതി 31.80%-ൽ നിന്നും 30.08% ആയും ഡീസലിന്റെ സംസ്ഥാന നികുതി 24.52%-ൽ നിന്നും 22.76% ആയും കുറയ്ക്കുകയുണ്ടായി. എന്നാൽ കേന്ദ്ര ഗവൺമെന്റ് ഈ കാലയളവിൽ കേന്ദ്ര അഡീഷണൽ എക്സൈസ് നിരക്ക് പലതവണ വർദ്ധിപ്പിച്ചതായി കണ്ടുവരുന്നു. ഇത് ഇന്ധന വിലവർദ്ധനവിന് കാരണമാകുന്നുണ്ട്. കമ്പോളവിലയിലുണ്ടാകുന്ന ഇടിവ് ഓഫ്സെറ്റ് ചെയ്ത് കേന്ദ്ര അഡീഷണൽ എക്സൈസ് നിരക്ക് വർദ്ധിപ്പിക്കുന്ന രീതിയാണ് കേന്ദ്ര സർക്കാർ സ്വീകരിക്കുന്നത്. ഇങ്ങനെ കേന്ദ്രസർക്കാർ സമാഹരിക്കുന്ന പണം സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കേണ്ടതുമില്ല. കമ്പോളത്തിൽ ക്രൂഡോയിൽ വില കുറയുമ്പോൾ പോലും ആയതിന്റെ നേട്ടം ജനങ്ങൾക്ക് കൈമാറ്റം ചെയ്യാത്ത തുടർച്ചയായ ജനദ്രോഹ നടപടികൾ പിൻവലിക്കാൻ കേന്ദ്ര സർക്കാർ തയ്യാറാകുകയാണ് വേണ്ടത്. അതിന് കേന്ദ്ര സർക്കാരിനുമേൽ സമ്മർദ്ദം ചെലുത്താൻ എല്ലാ രാഷ്ട്രീയകക്ഷികളും തയ്യാറാകേണ്ടതുണ്ട്.

**കെയർ ഹോം പദ്ധതി**

28(*28) ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. ലിന്റോ ജോസഫ്:
ശ്രീ. ടി. ഐ. മധുസൂദനൻ:
ശ്രീ. എം. മുകേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ;

(എ) പ്രളയാനന്തര കേരളത്തിന്റെ പുനർനിർമ്മാണത്തിനായി സഹകരണ വകുപ്പ് നടപ്പിലാക്കിവരുന്ന കെയർ ഹോം പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. പ്രളയാനന്തര കേരളത്തിന്റെ പുനർനിർമ്മാണത്തിനായി സഹകരണ വകുപ്പ് നടപ്പിലാക്കി വരുന്ന കെയർ ഹോം പദ്ധതിയുടെ ആദ്യഘട്ടത്തിൽ സംസ്ഥാനത്തൊട്ടാകെ 2,091 വീടുകൾ നിർമ്മിച്ചു നൽകുന്നതിനാണ് സർക്കാർ അനുമതി നൽകിയിട്ടുള്ളത്. 2021 ജൂലൈ 14 വരെ പദ്ധതി പ്രകാരം സംസ്ഥാനത്തൊട്ടാകെ 2067 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ച് അതാത് ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്. ബാക്കിയുള്ള 24 വീടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു. കെയർ ഹോം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ സ്വന്തമായി ഭൂമിയും താമസസ്ഥലവും ഇല്ലാത്തവർക്ക് സംസ്ഥാനത്തെ 14 ജില്ലകളിലും ലൈഫ് മിഷൻ നിർദ്ദേശിച്ച സ്ഥലങ്ങളിൽ ഭവനസമുച്ചയങ്ങൾ നിർമ്മിച്ചു നൽകുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. തൃശ്ശൂർ ജില്ലയിൽ പഴയന്നൂർ ഗ്രാമപഞ്ചായത്തിൽ നിർമ്മിക്കുന്ന ഭവന സമുച്ചയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ പുരോഗമിച്ചുവരികയാണ്. 2021 ജൂലൈ 31-നകം നിർമ്മാണം പൂർത്തീകരിച്ച് താക്കോൽ കൈമാറുന്നതിനാണ് ലക്ഷ്യമിടുന്നത്. മറ്റു ജില്ലകളിൽ രണ്ടാംഘട്ട പദ്ധതി നിർവ്വഹണം പ്രാരംഭ ഘട്ടത്തിലാണ്.

(ബി) പ്രസ്തുത പദ്ധതി പ്രകാരം വീടൊന്നിന് എത്ര രൂപയാണ് അനുവദിക്കുന്നതെന്ന് അറിയിക്കുമോ?

കെയർ ഹോം പദ്ധതിയുടെ ഒന്നാം ഘട്ടത്തിലുൾപ്പെടുത്തി ഭവന നിർമ്മാണം നടത്തുന്നതിന് വീടൊന്നിന് 5 ലക്ഷം രൂപയാണ് അനുവദിക്കുന്നത്. ഈ തുകയിൽ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നുള്ള സഹായവും, (ഉയർന്ന പ്രദേശങ്ങളിൽ-1,01,900 രൂപയും, നിരപ്പായ പ്രദേശങ്ങളിൽ 95,100 രൂപയും) ഉൾപ്പെടുന്നു. ഭൂപ്രകൃതി, മണ്ണിന്റെ ഘടന എന്നിവയുടെ അടിസ്ഥാനത്തിൽ സാങ്കേതിക വിദഗ്ദ്ധർ

ലഭ്യമാക്കിയ റിപ്പോർട്ട് പരിഗണിച്ച് ആലപ്പുഴ ജില്ലയിൽ നിർമ്മിക്കുന്ന 82 വീടുകൾക്ക് അടിത്തറ ബലപ്പെടുത്തുന്നതിനായി 63,55,972 രൂപയും തൃശ്ശൂർ ജില്ലയിൽ നിർമ്മിക്കുന്ന 16 വീടുകൾക്ക് 7,00,800 രൂപയും ചേർത്ത് ആകെ 70,56,772 രൂപ അധിക ധനസഹായമായി അതത് ജില്ലകൾക്ക് നൽകിയിട്ടുണ്ട്. കെയർ ഹോം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ 14 ജില്ലകളിലെ ജില്ലാ കളക്ടർമാർ തെരഞ്ഞെടുത്തു നൽകുന്ന സ്ഥലങ്ങളിൽ ഭവനസമുച്ചയങ്ങൾ നിർമ്മിച്ചു നൽകുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. 14 ജില്ലകളിലും പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കുന്നതിന് 14 സാങ്കേതിക സ്ഥാപനങ്ങളെ സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. ടി സ്ഥാപനങ്ങൾ തയ്യാറാക്കുന്ന എസ്റ്റിമേറ്റ് സംസ്ഥാനതല സാങ്കേതിക സമിതി അംഗീകരിക്കുന്നതിന്റെ അടിസ്ഥാനത്തിലാണ് നിർമ്മാണത്തിനുള്ള തുക അനുവദിക്കുന്നത്. തൃശ്ശൂർ ജില്ലയിൽ നിർമ്മിക്കുന്ന ഭവന സമുച്ചയത്തിന് 3.72 കോടി രൂപയുടെ എസ്റ്റിമേറ്റാണ് അംഗീകരിച്ചിട്ടുള്ളത്. കൂടാതെ അധിക നിർമ്മാണ പ്രവർത്തനങ്ങൾക്ക് തയ്യാറാക്കിയ 91 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിനും സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്.

(സി) പദ്ധതി പ്രകാരമുള്ള നിർമ്മാണത്തിന് വിനിയോഗിക്കപ്പെടുന്ന സാങ്കേതിക വിദ്യ, നിർമ്മാണ രീതി, ഗുണമേന്മ തുടങ്ങിയവ പരിശോധിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

കെയർ ഹോം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ പദ്ധതി നിർവ്വഹണത്തിന്റെ പുരോഗതി, ഗുണമേന്മ, നിർമ്മാണത്തിന് വിനിയോഗിക്കപ്പെടുന്ന സാങ്കേതിക വിദ്യ, നിർമ്മാണരീതി തുടങ്ങിയവ വിശദമായ പരിശോധനയ്ക്ക് വിധേയമായിട്ടുണ്ട്. ഓരോ ജില്ലകളിലും ഇതിനായി സന്നദ്ധത അറിയിച്ചിട്ടുള്ള സർക്കാർ/എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകളിലെ അദ്ധ്യാപകർ, വിദ്യാർത്ഥികൾ എന്നിവർക്ക് നിർമ്മാണ പ്രവർത്തനങ്ങളുടെ സാങ്കേതിക പരിശോധനയുടെ ചുമതല നൽകിയിട്ടുണ്ട്. ജില്ലാ കളക്ടർ ചെയർമാനും, സഹകരണ ജോയിന്റ് രജിസ്ട്രാർ (ജനറൽ) കൺവീനറുമായി രൂപീകരിച്ചിട്ടുള്ള ജില്ലാതല സാങ്കേതിക സമിതി നിർമ്മാണത്തിന്റെ ഓരോ ഘട്ടത്തിലും സാങ്കേതിക പരിശോധന നടത്തുന്നുണ്ട്. കെട്ടിട നിർമ്മാണത്തിനാവശ്യമായ സാങ്കേതിക മേൽനോട്ടം നിർവ്വഹിക്കുന്നതിന് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സംഘം ചെയർമാൻ ശ്രീ. രമേഷൻ പാലേരി ചെയർമാനും കേപ്പ് ഡയറക്ടർ ശ്രീ. ശശികുമാർ കൺവീനറുമായി ഒരു സമിതിയും രൂപീകരിച്ചിട്ടുണ്ട്. കെയർ ഹോം പദ്ധതിയുടെ രണ്ടാംഘട്ട നിർവ്വഹണവുമായി ബന്ധപ്പെട്ട് കെട്ടിട സമുച്ചയങ്ങളുടെ പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ പരിശോധിച്ച് സാങ്കേതിക അനുമതി നൽകുന്നതിന് സംസ്ഥാനതല സാങ്കേതിക സമിതി രൂപീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ മികവ്, നിർവ്വഹണത്തിന്റെ ഗുണമേന്മ, നിർമ്മാണ

പുരോഗതി എന്നിവ വിലയിരുത്തുന്നതിനായി ജില്ലാതല ടെക്നിക്കൽ സമിതിയും രൂപീകരിച്ചിട്ടുണ്ട്. 14 ജില്ലകളിലും പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കുന്നതിന് 14 സാങ്കേതിക സ്ഥാപനങ്ങളെ സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിനായി സർക്കാർ അക്രെഡിറ്റഡ് ഏജൻസികളെയാണ് ചുമതലപ്പെടുത്തുന്നത്. തൃശ്ശൂർ ജില്ലയിൽ പഴയന്നൂർ ഗ്രാമ പഞ്ചായത്തിൽ നിർമ്മിക്കുന്ന ഭവന സമുച്ചയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ NON PMC രീതിയിൽ ഏറ്റെടുത്ത് നടത്തുന്നതിന് നിർമ്മിതി കേന്ദ്ര, തൃശ്ശൂരിനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്.

**പൊതുമേഖലാ സ്ഥാപനങ്ങൾക്ക് മാസ്റ്റർപ്ലാൻ**

29(*29) ശ്രീ. വി. ആർ. സുനിൽ കുമാർ:
ശ്രീ. മുഹമ്മദ് മുഹസിൻ .:
ശ്രീ. സി. സി. മുകുന്ദൻ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ;

(എ) കേന്ദ്ര സർക്കാരിന്റെ പൊതുമേഖലാ വിരുദ്ധ നയസമീപനങ്ങളുടെയും കോവിഡിന്റെയും പശ്ചാത്തലത്തിൽ സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങൾ നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഉണ്ട്. കേന്ദ്രസർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളോട് സ്വീകരിച്ചുവരുന്ന നയസമീപനത്തിന് ബദലായി പൊതുമേഖലാ സ്ഥാപനങ്ങളെ പൊതുമേഖലയിൽ തന്നെ നിലനിർത്തി സംരക്ഷിക്കുന്നതിനുള്ള നടപടികളാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചിരിക്കുന്നത്. കോവിഡിന്റെ വ്യാപനംകാരണം രാജ്യമാകെ ഏർപ്പെടുത്തിയ ലോക്ഡൗൺ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെയും ബാധിച്ചിട്ടുണ്ട്. ഗതാഗത സംവിധാനങ്ങൾ നിർത്തലാക്കിയതിനെ തുടർന്ന് അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവുമൂലം ഉത്പാദന ശേഷിയിലുണ്ടായ കുറവ്, ഉൽപ്പന്നങ്ങളുടെ വിപണനത്തിൽ നേരിട്ട പ്രയാസങ്ങൾ, ഉൽപ്പന്നങ്ങൾക്കുണ്ടായ വിലയിടിവ് എന്നിവയാണ് പൊതുമേഖലാ സ്ഥാപനങ്ങൾ നേരിടുന്ന പ്രധാന പ്രതിസന്ധികൾ. സംസ്ഥാന സർക്കാർ ബഡ്ജറ്റിൽ പ്രത്യേകം വകയിരുത്തി നൽകുന്ന പ്രവർത്തന മൂലധന സഹായം കോവിഡ്മൂലമുണ്ടായ പ്രതിസന്ധികൾ തരണം ചെയ്യുന്നതിനായി പൊതുമേഖലാ സ്ഥാപനങ്ങൾക്ക് വളരെയധികം സഹായകരമായിട്ടുണ്ട്.

(ബി) പൊതുമേഖലാ സ്ഥാപനങ്ങളെ പ്രതിസന്ധിയിൽ നിന്നും കരകയറ്റുന്നതിനായി മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന നടപടി ഏതുഘട്ടത്തിലാണ് വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ മുൻകാല പ്രവർത്തനങ്ങളും നിലവിലെ സ്ഥിതിയും ഭാവി പദ്ധതികളെ സംബന്ധിച്ചും മൊത്തത്തിൽ അവലോകനം ചെയ്യുകയുണ്ടായി. ഉത്പാദന പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ആധുനികവത്കരണം, വിപുലീകരണം, വൈവി ധ്യവത്കരണം എന്നീ പദ്ധതികൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള മാസ്റ്റർ പ്ലാനുകൾ കമ്പനി തലത്തിൽ തയ്യാറാക്കുന്നതിനായി മേഖല തിരിച്ച് കമ്പനികളുടെ മാനേജിംഗ് ഡയറക്ടർമാർ ഉൾപ്പെടുന്ന കമ്മിറ്റികൾ രൂപീകരിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ കമ്പനികൾ തയ്യാറാക്കിയ കരട് മാസ്റ്റർ പ്ലാനുകളുടെ അവതരണം സർക്കാർ മുൻപാകെ അതാത് മാനേജിംഗ് ഡയറക്ടർമാർ അവതരിപ്പിച്ചു കഴിഞ്ഞു. കരട് മാസ്റ്റർ പ്ലാനുകളെക്കുറിച്ചുള്ള സർക്കാർ നിർദ്ദേശങ്ങളും കമ്പനികളിലെ ഉദ്യോഗ സ്ഥരുടേയും യൂണിയൻ പ്രതിനിധികളുടേയും കൂടി അഭിപ്രായങ്ങളും പരിഗണിച്ച തിനുശേഷം അതാത് മേഖലകളിലെ വിദഗ്ദ്ധർ അടങ്ങുന്ന ഒരു സമിതിയുടെ മുൻപാകെ വിദഗ്ദ്ധ പരിശോധനയ്ക്കായി നൽകുന്നതാണ്. വിദഗ്ദ്ധ സമിതിയുടെ പരിശോധനകൾക്ക് ശേഷം ആഗസ്റ്റ് മാസം 15-ഓടുകൂടി അതാത് കമ്പനികളുടെ മാസ്റ്റർ പ്ലാനുകൾ സർക്കാരിൽ സമർപ്പിക്കുന്നതിനുള്ള നിർദ്ദേശം പൊതുമേഖലാ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്.

(സി) കേന്ദ്രസർക്കാർ വിൽപ്പനയ്ക്കുവച്ച പൊതുമേഖലാ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്നത് സംബന്ധിച്ച നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ?

കേന്ദ്ര സർക്കാർ സ്വകാര്യവത്കരിക്കുവാൻ തീരുമാനിച്ച സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളായ ഭെൽ ഇലക്ട്രിക്കൽ മെഷീൻ ലിമിറ്റഡ് കാസർഗോഡ്, ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് (എച്ച്.എൻ. എൽ.) എന്നിവയെ ഏറ്റെടുത്ത് പൊതുമേഖലയിൽ തന്നെ നിലനിർത്തുന്ന ബദൽ വികസന നയമാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്നത്. ഇതുകൂടാതെ കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡിന്റെ പാലക്കാട് യൂണിറ്റിനെ ഏറ്റെടുക്കുന്നത് സംബന്ധിച്ച തുടർ ചർച്ചകൾ പുരോഗമിക്കുന്നു. ഇതിൽ എച്ച്.എൻ.എൽ.-നെ സംബന്ധിച്ച് എൻ.സി.എൽ.ടി., കൊച്ചി ബെഞ്ചിന്റെ വിധി പ്രകാരമുള്ള കോർപ്പറേറ്റ് ഇൻസോൾവൻസി റെസൊല്യൂഷൻ പ്ലാൻ പ്രകാരം 145.60 കോടി രൂപ കേരള സർക്കാർ നൽകി സ്ഥാപനത്തെ കിൻഫ്ര ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്. തുടർനടപടികൾ നിർദ്ദേശി ക്കുന്നതിനായി സാങ്കേതിക സമിതി രൂപീകരിച്ച് നടപടികൾ പുരോഗമിക്കുന്നു. ഭെൽ ഇലക്ട്രിക്കൽ മെഷീൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ 51% ഓഹരികൾ സംസ്ഥാന സർക്കാരിന് കൈമാറുന്നതിനുള്ള അനുമതി കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചതിനാൽ ഏറ്റെടുക്കൽ നടപടികൾ അന്തിമ ഘട്ടത്തിലാണ്. സ്ഥാപനത്തിന്റെ പുനരുദ്ധാരണത്തിനാവശ്യമായ വിശദമായ പദ്ധതി റിപ്പോർട്ട് എച്ച്.എം.ടി.യുടെ സാങ്കേതിക സഹായത്തോടെ തയ്യാറാക്കുന്ന നടപടികൾ പുരോഗമിക്കുന്നു.

## കാപ്പെക്സ് ഫാക്ടറികളുടെ നവീകരണം

30(*30) ശ്രീ. എം. നൗഷാദ്:
ശ്രീമതി ഒ. എസ്. അംബിക:
ശ്രീ. എം. എസ്. അരുൺ കുമാർ:
ശ്രീ. കെ. യു. ജനീഷ് കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ :

(എ) കാപ്പെക്സ് ഫാക്ടറികളുടെ നവീകരണത്തിനും ഭാഗിക യന്ത്രവത്കരണത്തിനുമായി കഴിഞ്ഞ സർക്കാർ നടത്തിയ പ്രവർത്തനങ്ങളുടെ ഫലമായുണ്ടായ നേട്ടങ്ങൾ ഈ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

വിലയിരുത്തിയിട്ടുണ്ട്. 2016-17 മുതൽ 2020-21 വരെ കാപ്പെക്സിന്റെ അധീനതയിലുള്ള കശുവണ്ടി ഫാക്ടറികളുടെ നവീകരണവും ഭാഗികമായ യന്ത്രവത്കരണവും എന്ന കണക്കിനത്തിൽ ആകെ 58.45 കോടി രൂപ (h/a 4851-00-195-99) പദ്ധതി വിഹിതത്തിൽ വകയിരുത്തിയിരുന്നുവെങ്കിലും കാപ്പെക്സ് ഫാക്ടറികളുടെ നവീകരണത്തിനും ഭാഗിക യന്ത്രവത്കരണത്തിനുമായി 5.19 കോടി രൂപയാണ് (2016-17 കാലയളവിൽ 4 കോടി രൂപ +2020-21 കാലയളവിൽ 1.19 കോടി രൂപ) അനുവദിച്ചിരുന്നത്. പ്രസ്തുത 5.19 കോടി രൂപയുടെ ധനസഹായംകൊണ്ട് കാപ്പെക്സിന്റെ അധീനതയിലുള്ള പെരുമ്പുഴ ഫാക്ടറി പൂർണ്ണമായും പുനർനിർമ്മിക്കുകയും കാപ്പെക്സ് ഹെഡ്ഡോഫീസും 10 ഫാക്ടറികളും പാക്കിംഗ് സെന്ററും തമ്മിൽ ഇന്റഗ്രേറ്റഡ് സോഫ്റ്റ്‌വെയർ കൊണ്ട് CCTV-കൾ മുഖേന ബന്ധിപ്പിക്കുകയും, കാപ്പെക്സിന്റെ അധീനതയിലുള്ള 10 ഫാക്ടറികളിലെ ഷെല്ലിംഗ്, പീലിംഗ്, ഗ്രേഡിംഗ് ഷെഡ്ഡുകൾ അറ്റകുറ്റപ്പണികൾ നടത്തുകയും 10 ഫാക്ടറികളിൽ ആവശ്യമായ ടോയ്‌ലറ്റ്, ചുറ്റുമതിൽ മുതലായവ നിർമ്മിക്കുകയും, തൊഴിലാളികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ആധുനിക നിലവാരമുള്ള കട്ടിംഗ് മെഷീനുകൾ, പീലിംഗ് ടേബിളുകൾ, ഗ്രേഡിംഗ് ടേബിളുകൾ മുതലായവ വാങ്ങി 10 ഫാക്ടറികളിലായി സ്ഥാപിക്കുകയും ചെയ്തു. കൂടാതെ തോട്ടുപുര, ഗോഡൗണുകൾ, യാർഡുകൾ, കുടിവെള്ള സംഭരണികൾ മുതലായവയുടെ അറ്റകുറ്റപ്പണികൾ നടത്തുകയുണ്ടായി. 2021-22 കാലയളവിലും കാപ്പെക്സിന്റെ അധീനതയിലുള്ള കശുവണ്ടി ഫാക്ടറികളുടെ നവീകരണത്തിനും ഭാഗിക യന്ത്രവത്കരണത്തിനുമായി 371.50 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കാപ്പെക്സിന് 2016-17 മുതൽ 2020-21 വരെ നൽകിയ സർക്കാർ ധനസഹായം കൊണ്ട് കാപ്പെക്സിന്റെ അധീനതയിലുള്ള 10 ഫാക്ടറികളിലെ തൊഴിലാളികൾക്ക് മെച്ചപ്പെട്ട അടിസ്ഥാന സൗകര്യ വികസനം ലഭിക്കുകയും കൂടുതൽ തൊഴിൽ ദിനങ്ങൾ നൽകുകയും മെച്ചപ്പെട്ട ജീവിതനിലവാരമുണ്ടാകുകയും ചെയ്തിട്ടുണ്ട്.

(ബി) ആഗോള-ആഭ്യന്തര വിപണി ശക്തിപ്പെടുത്തുന്നതിനും ബ്രാൻഡ് ബിൽഡിംഗിനും കമ്പോള ബോധവൽക്കരണത്തിനുമായി ഈ കാലയളവിൽ നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് അറിയിക്കാമോ; ഇതിനായി സർക്കാർ നൽകിയ ധനസഹായത്തിന്റെ വിശദാംശം ലഭ്യമാക്കാമോ?

കാപ്പെക്സിന് ദേശീയ വിപണിയിലും അന്താരാഷ്ട്ര വിപണിയിലും ബ്രാൻഡ് ബിൽഡിംഗിനും കമ്പോള ബോധവത്കരണത്തിനുമായി 2016-17-ൽ 2 കോടി രൂപയും 2017-18-ൽ 40 ലക്ഷം രൂപയും ചേർത്ത് മൊത്തം 2.40 കോടി രൂപ സർക്കാർ ധനസഹായമായി അനുവദിച്ചിട്ടുണ്ട്. 2021-22 കാലയളവിൽ പ്രസ്തുത പദ്ധതിക്കായി വകയിരുത്തിയിരുന്ന 50 ലക്ഷം രൂപയുടെ ധനസഹായത്തിന്റെ ഭരണാനുമതി കാപ്പെക്സിന് നൽകിയിട്ടുണ്ട്. കശുവണ്ടി പരിപ്പിന്റെ വിൽപ്പന വർദ്ധിപ്പിക്കുന്നതിനായി വിവിധ എക്സിബിഷനുകളിൽ/സെമിനാറുകളിൽ പങ്കെടുക്കുകയും, പത്രപ്പരസ്യങ്ങൾ നൽകുകയും വൈവിധ്യമാർന്ന പൗച്ചുകളിൽ വിവിധ തരത്തിലുള്ള പരിപ്പുകൾ നിറച്ച് വിൽപ്പന നടത്തുകയും, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളായ കാഷ്യൂ റോസ്റ്റഡ് & സാൾട്ടഡ്, കാഷ്യൂ ചില്ലി, കാഷ്യൂ പെപ്പർ മുതലായ ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിച്ച് വിൽപ്പന നടത്തി വരികയുംചെയ്യുന്നു. ആഭ്യന്തര മാർക്കറ്റ് ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി റീട്ടെയിൽ സെയിൽസിന് കൂടുതൽ പ്രാമുഖ്യം നൽകുകയും ഫ്രാഞ്ചൈസി, ഷോറൂം, ലോക്കൽ സെയിൽസ് മുതലായവ വർദ്ധിപ്പിക്കുകയും വിവിധ സർക്കാർ ഔട്ട് ലെറ്റുകൾ (പോലീസ് കാന്റീനുകൾ, കൺസ്യൂമർഫെഡ് മുതലായവ) വഴി വിൽപ്പന നടത്തുകയും ചെയ്യുകയുണ്ടായി. ഇതുമൂലം 2016-17 കാലയളവിൽ 45.84 കോടി രൂപയുടെ വിറ്റുവരവും 2017-18 കാലയളവിൽ 86.86 കോടി വിറ്റുവരവും 2018-19 കാലയളവിൽ 76.51 കോടി വിറ്റുവരവും 2019-20 കാലയളവിൽ 85.18 കോടി രൂപയുടെ വിറ്റുവരവും 2020-21 കാലയളവിൽ കോവിഡ് മഹാമാരി കാപ്പെക്സിന്റെ ദൈനംദിന പ്രവർത്തനങ്ങളെ സാരമായി ബാധിച്ചുവെങ്കിലും 46.88 കോടി രൂപയുടെ വിറ്റുവരവും കാപ്പെക്സിന് ലഭിക്കുകയുണ്ടായി.

(സി) കാപ്പെക്സിന്റെ നിലവിലെ സ്ഥിതിയെന്താണെന്നും എന്തെല്ലാം പുതിയ പദ്ധതികളാണ് ആസൂത്രണം ചെയ്യുന്നതെന്നും അറിയിക്കാമോ?

കോവിഡ് മഹാമാരിക്കിടയിലും പ്രോട്ടോക്കോൾ അനുസരിച്ച് കാഷ്യൂ ബോർഡ് വഴി തോട്ടണ്ടി ഇറക്കുമതി ചെയ്ത് കാപ്പെക്സിന്റെ അധീനതയിലുള്ള ഫാക്ടറികൾ പ്രവർത്തിച്ചുവരുന്നു. കാപ്പെക്സ് പൂർണ്ണമായും സർക്കാർ ധനസഹായത്തിലാണ് പ്രവർത്തിച്ചുവരുന്നത്. ബാങ്കുകളിൽ നിന്നോ മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നോ കാപ്പെക്സ് യാതൊരു സാമ്പത്തിക സഹായവും സ്വീകരിക്കുന്നില്ല.

വർഷാവർഷം പദ്ധതി വിഹിതത്തിൽ സർക്കാർ വകയിരുത്തി നൽകുന്ന ധനസഹായംകൊണ്ടാണ് കാപ്പെക്സ് പ്രവർത്തിച്ചുവരുന്നത്. 2021-22 കാലയളവിൽ കാപ്പെക്സിന്റെ കശുവണ്ടി ഫാക്ടറികളിലെ നവീകരണത്തിനും ഭാഗിക യന്ത്രവത്കരണത്തിനും (h/a 4851-00-195-99) വകയിരുത്തിയിരുന്ന 5 കോടി രൂപയിൽ നിന്നും 371.50 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. അതുപോലെ ദേശീയ വിപണിയിലും അന്താരാഷ്ട്ര വിപണിയിലും ബ്രാൻഡ് ബിൽഡിംഗിനും കമ്പോള ബോധവത്ക്കരണവും നടത്തുന്നതിന് (h/a 2852-08-600-81) എന്ന ശീർഷകത്തിൽ 2021-22 കാലയളവിൽ വകയിരുത്തിയിരുന്ന 50 ലക്ഷം രൂപയ്ക്ക് ഭരണാനുമതി കാപ്പെക്സിന് നൽകിയിട്ടുണ്ട്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### പ്രളയ പുനരധിവാസം

1(1) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. പി. ടി. തോമസ്:
ശ്രീ. സജീവ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രളയ സെസ്സിന്റെ ഭാഗമായി ലഭിച്ച തുക പ്രളയ പുനരധിവാസ പ്രവർത്തനങ്ങൾക്കായി കൈമാറിയിട്ടുണ്ടോ;

&

(ബി) ഇല്ലെങ്കിൽ പ്രളയംമൂലം വീടുകളും ജീവനോപാധിയും നഷ്ടപ്പെട്ട നിരവധി കുടുംബങ്ങൾ ഇപ്പോഴും ബുദ്ധിമുട്ടുമ്പോൾ പ്രളയ സെസ്സിലൂടെ ലഭിച്ച തുക റീബിൽഡ് കേരളയ്ക്ക് കൈമാറാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

വിവരം ശേഖരിച്ചുവരുന്നു.

(സി) പ്രളയ പുനരധിവാസ പ്രവർത്തനങ്ങൾക്കായി ഏതൊക്കെ അന്താരാഷ്ട്ര ഏജൻസികളിൽനിന്നും സഹായം/വായ്പ ലഭ്യമാക്കിയിട്ടുണ്ടെന്നും എത്ര തുക വീതമാണ് ലഭിച്ചതെന്നുമുള്ള കണക്ക് ലഭ്യമാണെങ്കിൽ വെളിപ്പെടുത്തുമോ?

സംസ്ഥാന ബഡ്ജറ്റ് വിഹിതം (ലോകബാങ്ക്, എ.ഡി.ബി, ജെ.ഐ.സി.എ., കെ.എഫ്.ഡബ്ല്യൂ. എന്നിവയിൽനിന്നുള്ള വായ്പാ വിഹിതം ഉൾപ്പെടെ), കേന്ദ്ര ഫണ്ടുകളിൽനിന്നുള്ള അധികവിഹിതം, കേന്ദ്രാവിഷ്കൃത പദ്ധതികളിലെ ഫ്ലക്സി ഫണ്ട്, ക്രൗഡ് ഫണ്ടിങ്, സി.എം.ഡി.ആർ.എഫ്. തുടങ്ങിയ സ്രോതസ്സുകളിലൂ

ടെയാണ് റീബിൽഡ് കേരള ഇനിഷ്യേറ്റീവ് (RKI) പദ്ധതികൾക്ക് പണം കണ്ടെത്തുന്നതിന് വിഭാവനം ചെയ്തിട്ടുള്ളത്. ലോകബാങ്കിന്റെ ഒന്നാം വികസന നയവായ്പയുടെ ആദ്യ ഗഡുവായി (ഡി.പി.എൽ-1) 250 ദശലക്ഷം യു.എസ്. ഡോളർ 2019 ജൂണിൽ സംസ്ഥാനത്തിന് അനുവദിക്കുകയും ആ തുക സംസ്ഥാനത്തിന് 2019 ആഗസ്റ്റ് മാസത്തിൽ ലഭിക്കുകയും ചെയ്തു. പിന്നീട് ജർമ്മൻ വികസന ബാങ്കായ കെ.എഫ്.ഡബ്ല്യൂ. കൂടി വികസനനയ വായ്പയുടെ ഭാഗമാകുന്നതിന് തയ്യാറാകുകയും ഡി.പി.എൽ-1-ന്റെ അനുബന്ധ സഹായമെന്ന നിലയിൽ 100 ദശലക്ഷം യൂറോ അപ്രകാരം കെ.എഫ്.ഡബ്ല്യൂ-വിൽനിന്ന് 2021 മാർച്ചിൽ സംസ്ഥാനത്തിന് ലഭ്യമായിട്ടുമുണ്ട്. കൂടാതെ, പ്രകൃതിദുരന്തങ്ങളെ ചെറുക്കുന്നതിന് പര്യാപ്തമായ തരത്തിൽ റോഡുകൾ പുനർനിർമ്മിക്കുന്നതിനായി സംസ്ഥാനത്തിന് 170 ദശലക്ഷം യൂറോ ലഭ്യമാക്കുന്നതിന് കെ.എഫ്.ഡബ്ല്യൂ-വുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ഡി.പി.എൽ-1-ന്റെ തുടർച്ച എന്ന നിലയിൽ ഫലപ്രാപ്തി അധിഷ്ഠിത വായ്പാ പദ്ധതിയായി (Program for Results - PfR) ലോകബാങ്കും ഏഷ്യൻ ഇൻഫ്രാസ്ട്രക്ചർ ആൻഡ് ഇൻവെസ്റ്റ്മെന്റ് ബാങ്കും ചേർന്ന് 250 ദശലക്ഷം ഡോളർ വായ്പ അനുവദിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

(ഡി) ഇപ്രകാരം വിവിധ അന്താരാഷ്ട്ര ഏജൻസികളിൽനിന്നും ലഭ്യമാക്കിയ തുക പ്രളയ പുനരധിവാസ പ്രവർത്തനം നടത്തുന്ന റീബിൽഡ് കേരള അടക്കമുള്ള ഏജൻസികൾക്ക് കൈമാറിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

വിവരം ശേഖരിച്ചുവരുന്നു.

**സാമ്പത്തിക പ്രതിസന്ധി**

2(2) ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധിയുണ്ടോ; എങ്കിൽ ഈ പ്രതിസന്ധി നേരിടുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

പ്രകൃതി ദുരന്തങ്ങളും കേന്ദ്ര സർക്കാർ അനുവർത്തിച്ച വികലമായ നയങ്ങളും വേണ്ടത്ര അവധാനതയില്ലാതെ ചരക്ക് സേവന നികുതി നടപ്പിലാക്കിയതും ചരക്ക് സേവന നികുതി വരുമാനനഷ്ടത്തിനുള്ള നഷ്ടപരിഹാരം കൃത്യസമയത്ത് നൽകാത്തതും മുൻകാലങ്ങളിൽനിന്നും വിഭിന്നമായ പുതിയ കാരണങ്ങൾ ചൂണ്ടിക്കാണിച്ച് സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി വെട്ടിക്കുറയ്ക്കുന്നതും കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഏർപ്പെടുത്തിയ ലോക്ഡൗണും തുടർന്നുള്ള നിയന്ത്രണങ്ങളും

കോവിഡ് പ്രതിരോധത്തിൽ മുന്നണിയിൽ നിൽക്കുന്ന സംസ്ഥാന സർക്കാരുകൾക്ക് ആവശ്യമായതും അർഹതപ്പെട്ടതുമായ സാമ്പത്തികസഹായം നൽകുന്നതിൽ കേന്ദ്ര സർക്കാർ തുടരുന്ന നിസ്സംഗതയും സംസ്ഥാനത്ത് സാമ്പത്തിക ഞെരുക്കം സൃഷ്ടിച്ചിട്ടുണ്ട്. ഈ പ്രതിസന്ധി നേരിടുന്നതിന് ഹ്രസ്വകാല, ദീർഘകാല നടപടികളാണ് സർക്കാർ വിഭാവനം ചെയ്തിരിക്കുന്നത്. ഇവയിൽ പ്രധാനപ്പെട്ടവ ചുവടെ ചേർക്കുന്നു :

1. കോവിഡ് രണ്ടാം തരംഗത്തിന്റെ പശ്ചാത്തലത്തിൽ ഉയർന്നുവരുന്ന ആരോഗ്യ, സാമൂഹ്യ, സാമ്പത്തിക വെല്ലുവിളികളെ നേരിടാൻ 20,000 കോടി രൂപയുടെ രണ്ടാം കോവിഡ് പാക്കേജ് ബഡ്ജറ്റിൽ വിഭാവനം ചെയ്തിട്ടുണ്ട്.

2. പ്രാഥമിക സഹകരണ സംഘങ്ങളെയും വാണിജ്യ ബാങ്കുകളെയും ഉൾപ്പെടുത്തിക്കൊണ്ട് വിപുലമായ സാമ്പത്തിക പുനരുജ്ജീവന വായ്പാ പദ്ധതി.

3. തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുള്ള ബൃഹദ്പദ്ധതി.

4. തീരദേശ മേഖലയിൽ പ്രഖ്യാപിച്ച ഏതാണ്ട് 11,000 കോടി രൂപയുടെ വികസന പദ്ധതികൾ

5. 50 കോടി രൂപയുടെ റബ്ബർ സബ്സിഡി.

6. മത്സ്യ സംസ്കരണത്തിനും മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ നിർമ്മാണത്തിനുമുതകുന്ന പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള പദ്ധതി.

7. കുടുംബശ്രീ വഴിയുള്ള വിവിധയിനം സാമൂഹ്യക്ഷേമ പദ്ധതികൾക്കുള്ള ഉയർന്ന ബഡ്ജറ്റ് വിഹിതം.

(ബി) സംസ്ഥാനത്തിന്റെ ധനസ്ഥിതി സംബന്ധിച്ച് ധനകാര്യ വകുപ്പ് എന്തെങ്കിലും റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

കേരള സംസ്ഥാന ആസൂത്രണ ബോർഡ് തയ്യാറാക്കുന്ന സാമ്പത്തിക അവലോകനവും Medium Term Fiscal Policy അടക്കമുള്ള ബഡ്ജറ്റും അനുബന്ധ രേഖകളും സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി സംബന്ധിച്ച വിശദമായ വിവരങ്ങൾ ഉൾക്കൊള്ളുന്നതാണ്.

(സി) വിവിധ വകുപ്പുകൾക്കും കരാറുകാർക്കുമായി എത്ര തുക കൊടുത്തു തീർക്കുവാനുണ്ട്; വ്യക്തമാക്കുമോ?

സംസ്ഥാനതല മുൻഗണനാക്രമം പാലിച്ചും സമയക്രമം നിശ്ചയിച്ചുമാണ് സംസ്ഥാനത്തെ കരാറുകാരുടെ ബില്ലുകൾ തീർപ്പാക്കി വരുന്നത്. ഇതുപ്രകാരം 22-7-2021 വരെ പൊതുമരാമത്ത് (നിരത്ത്-പാലം) വകുപ്പിൽ 818.86 കോടി രൂപയും പൊതുമരാമത്ത് (കെട്ടിടം) വകുപ്പിൽ 338.68 കോടി രൂപയും ജലവിഭവ വകുപ്പിൽ 149.03 കോടി രൂപയും കൊടുത്തു തീർക്കുവാനുണ്ട്.

**സംസ്ഥാനത്തിന്റെ നികുതി വിഹിതം**

3(3) ശ്രീ. എ. സി. മൊയ്തീൻ:

ശ്രീ. സി. കെ ഹരീന്ദ്രൻ:

ശ്രീ. എം. നൗഷാദ്:

ശ്രീ. എ. പ്രഭാകരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ധനകമ്മി നിയന്ത്രിക്കാൻ കേന്ദ്ര സർക്കാർ കർശന നിർദ്ദേശം നല്കുമ്പോൾ ജനസംഖ്യാനുപാതികമായി സംസ്ഥാനത്തിന് ലഭിക്കേണ്ട നികുതി വിഹിതത്തിൽ കുറവുവരുന്നത് ധനദൃഢീകരണ നടപടികളെ പ്രതികൂലമായി ബാധിക്കുന്നുണ്ടോ എന്ന് വിശദമാക്കാമോ ?

സംസ്ഥാനങ്ങളുടെ നികുതി വിഭജനത്തിനുള്ള മാനദണ്ഡങ്ങളിൽ 15-ാം ധനകാര്യ കമ്മീഷൻ 1971-ലെ സെൻസസിനുപകരം 2011-ലെ സെൻസസിന്റെ അടിസ്ഥാനത്തിൽ നികുതി വിഭജനം നടത്തിയതിനാൽ ജനസംഖ്യ നിയന്ത്രണത്തിൽ വളരെയധികം പുരോഗതി കൈവരിച്ച നമ്മുടെ സംസ്ഥാനത്തിന് ലഭിക്കേണ്ട നികുതി വിഹിതത്തിൽ കുറവുവന്നിട്ടുണ്ട്. കൂടാതെ, കോവിഡ് മഹാമാരി സമ്പദ്ഘടനയ്ക്ക് ഉണ്ടാക്കിയിട്ടുള്ള പ്രത്യാഘാതം സംസ്ഥാനങ്ങളുടെയും കേന്ദ്രസർക്കാരിന്റെയും നികുതി വരുമാനത്തിൽ ഗണ്യമായ കുറവിന് കാരണമായിട്ടുണ്ട്. നികുതി വരുമാനത്തിൽ ഉണ്ടായിട്ടുള്ള കുറവും കേന്ദ്ര സർക്കാർ GST Compensation യഥാസമയം സംസ്ഥാന സർക്കാരുകൾക്ക് നൽകുന്നതിൽ ഉണ്ടായിട്ടുള്ള കാലതാമസവും കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി വേണ്ടി വരുന്ന അധിക സാമ്പത്തിക ബാദ്ധ്യതയും സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെ ദോഷകരമായി ബാധിക്കുകയും ഇത് ധനദൃഢീകരണ നടപടികളെ പ്രതികൂലമായി ബാധിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) അശാസ്ത്രീയമായും യുക്തിരഹിതമായും നടപ്പാക്കിയ ജി.എസ്.ടി. സംസ്ഥാനത്തിന്റെ വരുമാനം ഗണ്യമായി കുറച്ചതിനാൽ ഭരണഘടന ഭേദഗതി പ്രകാരം ലഭിക്കേണ്ട നഷ്ടപരിഹാരം യഥാസമയം പൂർണമായും ലഭിക്കുന്നുണ്ടോ?

ജി.എസ്.ടി. നടപ്പിലാക്കിയതുമൂലം നികുതി വരുമാനത്തിലുണ്ടായിട്ടുള്ള കുറവ് GST Compensation-ലൂടെ സംസ്ഥാനങ്ങൾക്ക് നൽകുന്നതിൽ കാലവിളംബം ഉണ്ടാകുന്നുണ്ട്. ഇക്കാര്യത്തിൽ സംസ്ഥാനങ്ങളുടെ നിരന്തരമായ ആവശ്യം പരിഗണിച്ച് കേന്ദ്രസർക്കാർ GST Compensation-ൽ ഉണ്ടായിട്ടുള്ള കുറവ് ഗ്രാന്റായി നൽകുന്ന തിനുപകരം സംസ്ഥാനങ്ങൾക്ക് Special Window Facility മുഖേന Back to Back വായ്പയായി നൽകിവരുന്നുണ്ട്. ഇതിലും കാലവിളംബമുണ്ട്.

(സി) കോവിഡ് പ്രതിസന്ധി നേരിടാൻ കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങൾ ആവശ്യപ്പെട്ടപ്രകാരം വായ്പാപരിധി വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം ഉപാധികളാണ് ഇതിന് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ?

കേരളമുൾപ്പെടെയുള്ള സംസ്ഥാനങ്ങളുടെ നിരന്തരമായ സമ്മർദ്ദങ്ങൾക്കൊടുവിൽ കേന്ദ്രം വായ്പാപരിധി വർദ്ധിപ്പിക്കാൻ നിർബന്ധിതമായിട്ടുണ്ട്. കേന്ദ്രസർക്കാർ 2021-22 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന്റെ വായ്പാപരിധി ജി.എസ്.ഡി.പിയുടെ 3 ശതമാനത്തിൽ നിന്നും പരമാവധി ജി.എസ്.ഡി.പിയുടെ 4.5 ശതമാനമായി പരിഷ്കരിച്ചിട്ടുണ്ട്. ഇതിൽ 3.5 ശതമാനം നിബന്ധനകൾ ഇല്ലാതെയും 2021-22 വർഷത്തേയ്ക്ക് മൂലധന ചെലവിനത്തിൽ കേന്ദ്രസർക്കാർ സംസ്ഥാനത്തിന് നിശ്ചയിച്ചിട്ടുള്ള 12,547 കോടി രൂപയുടെ ലക്ഷ്യം കൈവരിക്കണമെന്ന നിബന്ധനയോടെ 0.50 ശതമാനം വായ്പയും 0.5 ശതമാനം വായ്പ ഊർജ്ജമേഖലയിൽ വരുത്തേണ്ട പരിഷ്കാരങ്ങൾക്ക് അനുസൃതമായിട്ടുമാണ് സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ളത്.

**മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി**

4(4) <u>ഡോ. എം. കെ. മുനീർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയ ദുരിത കാലഘട്ടത്തിൽ (2019-20) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് എത്ര തുക ലഭിച്ചു?

പ്രളയദുരിതാശ്വാസവുമായി ബന്ധപ്പെട്ട് 27-7-2018 മുതൽ 30-7-2019 വരെ 4342.37 കോടി രൂപയും 1-8-2019 മുതൽ 26-3-2020 വരെ 592.63 കോടി രൂപയും ഉൾപ്പെടെ ആകെ 4935 കോടി രൂപ ലഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത തുക ചെലവഴിച്ചിട്ടുണ്ടോ; എങ്കിൽ എത്ര തുക ചെലവഴിച്ചുവെന്നും ഏതെല്ലാം പ്രവൃത്തികൾക്കാണ് തുക ചെലവഴിച്ചതെന്നും വെളിപ്പെടുത്തുമോ?

പ്രസ്തുത തുക ചെലവഴിച്ചതിന്റെ വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് 2020-21 കാലഘട്ടത്തിൽ എത്ര തുക സംഭാവനയായി ലഭിച്ചു; ഇതിൽ എത്ര തുക ചെലവഴിച്ചു; വിശദാംശം ലഭ്യമാക്കുമോ?

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് 2020-21 കാലഘട്ടത്തിൽ സംഭാവനയായി ലഭിച്ച തുകയുടെയും ആയതിൽ നിന്നും ചെലവഴിച്ച തുകയുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

## റവന്യൂ എസ്റ്റിമേറ്റ്

5(6) <u>ശ്രീ. എ. പി. അനിൽ കുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 മുതൽ 2020-21 സാമ്പത്തിക വർഷം വരെ ബഡ്ജറ്റിൽ ലഭിക്കുമെന്ന് പ്രതീക്ഷിച്ച റവന്യൂ എസ്റ്റിമേറ്റ് എത്രയാണ്?

| വർഷം | പ്രതീക്ഷിത റവന്യൂ വരുമാനം (തുക കോടിയിൽ) |
|---|---|
| 2016-17 | 84616.85 |
| 2017-18 | 93584.74 |
| 2018-19 | 102801.24 |
| 2019-20 | 115354.71 |
| 2020-21 | 114635.9 |

(ബി) പ്രസ്തുത സാമ്പത്തിക വർഷങ്ങളിൽ ലഭിച്ച റവന്യൂ വരുമാനം എത്രയാണ്?

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

| വർഷം | ലഭിച്ച റവന്യൂ വരുമാനം (തുക കോടിയിൽ) |
| --- | --- |
| 2016-17 | 75611.72 |
| 2017-18 | 83020.14 |
| 2018-19 | 92854.47 |
| 2019-20 | 90224.67 |
| 2020-21 | 96673.9 |

(സി) റവന്യൂ എസ്റ്റിമേറ്റിനേക്കാൾ റവന്യൂ വരുമാനം കുറയാനുണ്ടായ സാഹചര്യം വ്യക്തമാക്കാമോ?

അപ്രതീക്ഷിതമായ നോട്ട് അസാധുവാക്കൽ നടപടിയെത്തുടർന്ന് ഉടലെടുത്ത പ്രതിസന്ധിയും ചരക്കുസേവന നികുതി നടപ്പിലാക്കിയപ്പോഴുണ്ടായ സാങ്കേതിക പ്രശ്നങ്ങളും സംസ്ഥാനത്തിന്റെ തനത് നികുതി, നികുതിയേതര സമാഹരണത്തിൽ കാര്യമായ പ്രതിസന്ധി ഉണ്ടാക്കിയിട്ടുണ്ട്. ഇതിനുപുറമേ കേന്ദ്ര നികുതി വിഹിതമായി പ്രതീക്ഷിച്ചിരുന്ന തുക ലഭിക്കാതിരുന്നതും, 2018-19, 2019-20 വർഷങ്ങളിലെ പ്രളയം, കോവിഡ്-19 മഹാമാരി സൃഷ്ടിച്ച സാമ്പത്തിക പ്രതിസന്ധി എന്നിവയും റവന്യൂ വരുമാനത്തിൽ കുറവ് വരാൻ കാരണമായിട്ടുണ്ട്.

### 2020-21 സാമ്പത്തിക വർഷത്തിലെ പ്രതീക്ഷിത വരുമാനം

6(7) ശ്രീ. എം. എം. മണി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 സാമ്പത്തിക വർഷത്തിൽ പ്രതീക്ഷിത വരുമാനം എത്രയായിരുന്നു?

2020-21 സാമ്പത്തിക വർഷത്തിൽ 1,14,635.90 കോടി രൂപ റവന്യൂ വരുമാനമായി ബഡ്ജറ്റിൽ പ്രതീക്ഷിച്ചിരുന്നു.

(ബി) പ്രതീക്ഷിത വരുമാനത്തിൽ എത്ര ശതമാനം ലഭിച്ചു എന്നറിയിക്കാമോ?

അക്കൗണ്ടന്റ് ജനറലിന്റെ 2020-21 സാമ്പത്തിക വർഷത്തെ പ്രാരംഭ കണക്കുകൾ പ്രകാരം പ്രതീക്ഷിത റവന്യൂ വരുമാനത്തിന്റെ 84.33 % ലഭിച്ചു.

**കോവിഡ് പാക്കേജ്**

7(8) <u>ശ്രീമതി കെ. കെ. രമ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് ഒന്നാം തരംഗം നേരിടുന്നതിനായി പ്രഖ്യാപിച്ച 20,000 കോടി രൂപയുടെ കോവിഡ് പാക്കേജിലെ ഘടകങ്ങൾ ഏതൊക്കെയാണ്; ഇവയിൽ ഏതൊക്കെ ഇനങ്ങളിലായി, എത്ര രൂപ വീതമാണ് ചെലവഴിച്ചത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

കോവിഡ് ഒന്നാം തരംഗം നേരിടുന്നതിനായി പ്രഖ്യാപിച്ച 20,000 കോടി രൂപയുടെ കോവിഡ് പാക്കേജിലെ വിവിധ ഇനങ്ങളിലായി അനുവദിച്ച തുകയുടെ വിശദാംശങ്ങൾ അനുബന്ധം (1)-ആയി ഇതോടൊപ്പം ചേർക്കുന്നു. *

(ബി) 2021-22 വർഷത്തേയ്ക്കുള്ള ബഡ്ജറ്റിൽ പ്രഖ്യാപിച്ച 20,000 കോടിയുടെ പാക്കേജ് ഏതൊക്കെ ഇനങ്ങളിലായാണ് ചെലവഴിക്കാൻ ഉദ്ദേശിക്കുന്നത്?

2021-22 വർഷത്തേക്കുള്ള കോവിഡ് പാക്കേജിന്റെ വിശദാംശങ്ങൾ അനുബന്ധം (2)-ആയി ഇതോടൊപ്പം ചേർക്കുന്നു.*

(സി) ഈ പാക്കേജിൽ, ഉപജീവനം പ്രതിസന്ധിയിലായവർക്ക് നേരിട്ട് പണം നൽകുന്നതിനായി നീക്കിവച്ചിരുന്ന 8900 കോടി രൂപയിൽ ഇതുവരെ എത്ര തുകയാണ് വിതരണം ചെയ്തിട്ടുള്ളത്; ഇത് ഏതൊക്കെ ഇനങ്ങളിലായാണ് വിതരണം ചെയ്യുക?

രണ്ടാം കോവിഡ് പാക്കേജിൽ ഉപജീവനം പ്രതിസന്ധിയിലായവർക്ക് നേരിട്ട് പണം നല്കുന്നതിനായി നീക്കിവച്ചിരുന്ന 8900 കോടി രൂപയിൽ ഇതുവരെ വിതരണം ചെയ്ത തുകയുടെ ഇനം തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു. ഇത് ഏതൊക്കെ ഇനങ്ങളിലായാണ് വിതരണം ചെയ്യുക എന്നുള്ളതിന്റെ വിശദാംശങ്ങൾ അനുബന്ധം-2-ന്റെ ഇൻകം ട്രാൻസ്ഫർ ഇനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.*

1. വെൽഫെയർ ബോർഡുകൾക്ക് ധനസഹായമായി ഇതുവരെ 183.15 കോടി രൂപ ചെലവായിട്ടുണ്ട്.
2. സാമൂഹ്യസുരക്ഷാ പെൻഷൻ ഇനത്തിൽ 2739 കോടി രൂപ ചെലവായിട്ടുണ്ട്.
3. കോവിഡ് രണ്ടാം തരംഗം അതിജീവിക്കുന്നതിനുള്ള ദുരിതാശ്വാസമായി 2021 മേയ് മാസം 85 ലക്ഷത്തിൽപ്പരം വരുന്ന എല്ലാ റേഷൻ കാർഡ് ഉടമകൾക്കും ഭക്ഷ്യധാന്യ കിറ്റ് വിതരണം ചെയ്ത വകയിൽ സർക്കാർ

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സപ്ലൈകോയ്ക്ക് 410 കോടി രൂപ നൽകിയിട്ടുണ്ട്. ജൂൺ മാസത്തെ ചെലവ് 407.72 കോടി രൂപയാണ്. പൊതുവിതരണ സംവിധാനം വഴി പരിമിതമായ ഭക്ഷ്യധാന്യ വിഹിതം മാത്രം ലഭിച്ചുവരുന്ന സംസ്ഥാനത്തെ 50 ലക്ഷത്തിൽപ്പരം മുൻഗണനേതര വിഭാഗം റേഷൻ കാർഡുകൾക്കും 15 രൂപ നിരക്കിൽ 10 കിലോഗ്രാം വീതം സ്പെഷ്യൽ അരി 20 രൂപ/കി.ഗ്രാം നിരക്കിൽ OMSS സ്കീമിൽ എഫ്.സി.ഐ-യിൽനിന്നും വാങ്ങി 2021 മാർച്ച് മുതൽ ജൂലൈ മാസങ്ങളിലായി വിതരണം ചെയ്തുവരുന്നു. ഈ ഇനത്തിൽ എഫ്.സി.ഐ-യിൽ നിന്നും അരി വാങ്ങുന്നതിനായി ഇതുവരെ 244.07 കോടി രൂപ ചെലവായിട്ടുണ്ട്.

4. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 2021-22 സാമ്പത്തിക വർഷത്തേയ്ക്ക് 750 ലക്ഷം തൊഴിൽദിനങ്ങൾ സൃഷ്ടിക്കുന്നതിനുള്ള ലേബർ ബഡ്ജറ്റിനാണ് കേന്ദ്രസർക്കാർ അനുമതി ലഭ്യമായിട്ടുള്ളത്. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് ഈ സാമ്പത്തിക വർഷം നാളിതുവരെ അവിദഗ്ധ വേതന ഇനത്തിൽ 268.6378 കോടി രൂപയും മെറ്റീരിയൽ ഇനത്തിൽ 679.4434 കോടി രൂപയും (കഴിഞ്ഞ വർഷത്തെ കുടിശ്ശിക ഉൾപ്പെടെ) ചെലവഴിച്ചിട്ടുണ്ട്.

(ഡി) ലോണുകൾ, പലിശ സബ്സിഡി എന്നിവയ്ക്കായി നീക്കി വച്ചിരുന്ന 8300 കോടി രൂപ ഏതൊക്കെ ലോണുകൾക്കും പലിശകൾക്കും സബ്സിഡികൾക്കുമായാണ് ചെലവഴിക്കാനുദ്ദേശിക്കുന്നത്; ഇതിന്റെ നേരിട്ടുള്ള ഗുണഭോക്താക്കൾ ആരൊക്കെയായിരിക്കും; വിശദാംശങ്ങൾ നൽകുമോ?

ലോണുകൾ, പലിശ സബ്സിഡി എന്നിവയ്ക്കായി നേരിട്ട് പണം നല്കുന്നതിനായി നീക്കിവച്ചിരുന്ന 8300 കോടി രൂപ ചെലവഴിക്കാനുദ്ദേശിക്കുന്ന ലോൺ/പലിശ/സബ്സിഡി എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. കാർഷിക ഉൽപ്പാദനവായ്പ- 2000 കോടി രൂപ കോപ്പറേറ്റീവ് ഇനിഷ്യേറ്റീവ് ഫോർ അഗ്രിക്കൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഇൻ കേരള (CIAK)- കാർഷിക മേഖലയിലെ മൂലധന രൂപീകരണത്തിനായി പ്രാഥമിക സഹകരണ സംഘങ്ങൾക്ക് 4% പലിശനിരക്കിൽ നബാർഡിൽ നിന്നുള്ള പശ്ചാത്തലസൗകര്യ പുനർവായ്പ കേരള ബാങ്ക് മുഖേന ലഭ്യമാക്കും. 2021-22 സാമ്പത്തിക വർഷത്തിൽ 2000 കോടി രൂപ വായ്പ ലഭ്യമാക്കുക എന്നതാണ് ഉദ്ദേശ്യം. ഇതിന്റെ പലിശ സബ്സിഡി സർക്കാർ വഹിക്കും. ഇതിലൂടെ സ്വകാര്യ മൂലധനം വർദ്ധിപ്പിച്ച് പ്രാദേശിക വിപണികൾ, ഗോഡൗണുകൾ, കോൾഡ് ചെയിൻ

സൗകര്യങ്ങൾ എന്നിവയും പഴവർഗ്ഗങ്ങളുടെ സംസ്കരണ കേന്ദ്രങ്ങളും സൃഷ്ടിക്കുന്നതിനും പഴം-പച്ചക്കറി മാർക്കറ്റുകൾ, ആധുനിക മത്സ്യ വിപണന സൗകര്യങ്ങൾ, ശുചിത്വമുള്ള ഇറച്ചി വിൽപ്പന സൗകര്യങ്ങൾ, കാർഷിക ഉൽപ്പന്നങ്ങളുടെ സംസ്കരണ കേന്ദ്രങ്ങൾ, മാർക്കറ്റിംഗ് തുടങ്ങിയ മേഖലകളിൽ ഇടപെടാനും കഴിയും.

2. ചെറുകിട വ്യവസായവും കൃഷിയും (തൊഴിൽ സംരംഭങ്ങൾക്കുള്ള വായ്പാ പദ്ധതി)-1600 കോടി രൂപ കാർഷിക വ്യാവസായിക സേവന മേഖലകളിൽ പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനും നിലവിൽ പ്രവർത്തനക്ഷമമല്ലാത്ത സംരംഭങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിനും വാണിജ്യാവശ്യങ്ങൾക്കും കുറഞ്ഞ പലിശനിരക്കിൽ വായ്പ ലഭ്യമാക്കും. 2021-22 സാമ്പത്തിക വർഷം 1600 കോടി രൂപയുടെ വായ്പ ലഭ്യമാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. ഇതിന്റെ പലിശ സബ്സിഡി സർക്കാർ വഹിക്കും.

3. MSME വായ്പകൾ-2000 കോടി രൂപ സൂക്ഷ്മ/ചെറുകിട/ഇടത്തരം വ്യവസായങ്ങൾക്ക് കുറഞ്ഞ പലിശനിരക്കിൽ വായ്പ ലഭ്യമാക്കും. നിലവിലുള്ള വ്യവസായങ്ങൾക്ക് കുറഞ്ഞ നിരക്കിൽ അധിക പ്രവർത്തന മൂലധനവായ്പയും ടേം ലോണും ലഭ്യമാക്കും. ആകെ 2000 കോടി രൂപയുടെ വായ്പ ലഭ്യമാക്കാനാണ് ലക്ഷ്യമിടുന്നത്. പലിശയിളവ് നൽകുന്നതിനായി 50 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

4. ഇലക്ട്രിക്കൽ വാഹന വായ്പ- 200 കോടി രൂപ ഇലക്ട്രിക്കൽ വാഹന വായ്പാ പദ്ധതിയുമായി ബന്ധപ്പെട്ട് തുക വകയിരുത്തുന്നതിനായുള്ള ഭരണപരമായ നീക്കങ്ങൾ തുടങ്ങിയിട്ടുണ്ട്

5. കുടുംബശ്രീ അയൽക്കൂട്ടങ്ങൾ-1000 കോടി രൂപ കോവിഡ് രണ്ടാം തരംഗം നേരിടാൻ 2021-22 സാമ്പത്തിക വർഷം പ്രഖ്യാപിച്ച പാക്കേജിൽ കുടുംബശ്രീ അയൽക്കൂട്ടങ്ങൾ വഴി 1000 കോടി രൂപ ബാങ്ക് വായ്പ എന്ന പദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ട്. 5 ലക്ഷം രൂപ വരെയുള്ള വായ്പകൾക്ക് 4% പലിശ നിരക്കിൽ കുടുംബശ്രീ അംഗങ്ങൾക്ക് ലഭ്യമാക്കലാണ് പ്രസ്തുത പദ്ധതിയുടെ ലക്ഷ്യം.

6. ടൂറിസം വായ്പകൾ-500 കോടി രൂപ ടൂറിസം വായ്പാ പദ്ധതിയുമായി ബന്ധപ്പെട്ട് തുക വകയിരുത്തുന്നതിനായുള്ള ഭരണപരമായ നീക്കങ്ങൾ തുടങ്ങിയിട്ടുണ്ട്.

7. നോർക്ക സെൽഫ് എംപ്ലോയ്മെന്റ്-1000 കോടി രൂപ നോർക്ക സെൽഫ് എംപ്ലോയ്മെന്റ് പദ്ധതിയുമായി ബന്ധപ്പെട്ട് തുക വകയിരുത്തുന്നതിനായുള്ള ഭരണപരമായ നീക്കങ്ങൾ തുടങ്ങിയിട്ടുണ്ട്.

**പദ്ധതി വിഹിതം**

8(9) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 മുതൽ 2020-21 സാമ്പത്തിക വർഷത്തിൽ പദ്ധതിയിനത്തിൽ സ്റ്റേറ്റ് പ്ലാൻ വിഹിതമായി എത്ര തുകയാണ് വകയിരുത്തിയതെന്ന് അറിയിക്കാമോ;

&

(ബി) പ്രസ്തുത സാമ്പത്തിക വർഷങ്ങളിൽ പദ്ധതിയിനത്തിൽ എത്ര തുകയാണ് ചെലവഴിച്ചതെന്ന് അറിയിക്കാമോ?

2016-17 മുതൽ 2020-21 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ പദ്ധതിയിനത്തിൽ സ്റ്റേറ്റ് പ്ലാൻ വിഹിതമായി വകയിരുത്തിയ തുക, ചെലവഴിച്ച തുക (തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെ) എന്നിവ സംബന്ധിച്ച PLANSPACE-ൽ നിന്നുള്ള വിശദാംശങ്ങൾ താഴെ ചേർക്കുന്നു :

(തുക കോടിയിൽ)

| സാമ്പത്തിക വർഷം | വകയിരുത്തിയത് | ചെലവഴിച്ചത് | ചെലവഴിച്ചത് ശതമാനത്തിൽ |
|---|---|---|---|
| 2016-17 | 24000.00 | 16636.01 | 69.32 |
| 2017-18 | 26500.00 | 23099.98 | 87.17 |
| 2018-19 | 29150.00 | 22183.62 | 76.1 |
| 2019-20 | 30610.00 | 21575.21 | 70.48 |
| 2020-21 | 27610.00 | 31415.54* | 113.78* * |

*ബഡ്ജറ്റിൽ വിഭാവനം ചെയ്ത പദ്ധതി പരിപാടികളിൽ വന്ന വർദ്ധിച്ച ചെലവിനുപുറമേ കിഫ്ബി വഴി പദ്ധതിയേതര ഇനത്തിൽ ചെലവഴിക്കുകയും പദ്ധതിയിനത്തിൽ തരംതിരിക്കപ്പെട്ടതുമായ 1633.85 കോടി രൂപ, മുൻവർഷങ്ങളിൽ ട്രഷറി സേവിംഗ്സ് അക്കൗണ്ടുകളിൽ നിന്നും സർക്കാർ തിരിച്ചുപിടിച്ച 2492.50 കോടി രൂപ തിരികെ നൽകിയത് എന്നിവ ഉൾപ്പെടുന്നു.

(സി) പ്രസ്തുത സാമ്പത്തിക വർഷങ്ങളിൽ കേന്ദ്രാവിഷ്കൃത പദ്ധതിയിനത്തിൽ വകയിരുത്തിയ തുക എത്രയെന്നും ചെലവാക്കിയ തുക എത്രയെന്നും വിശദമാക്കാമോ?

2016-17 മുതൽ 2020-21 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ കേന്ദ്രാവിഷ്കൃത പദ്ധതിയിനത്തിൽ വകയിരുത്തിയ തുക, ചെലവഴിച്ച തുക എന്നിവ സംബന്ധിച്ച PLANSPACE-ൽ നിന്നുള്ള വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

(തുക കോടിയിൽ)

| സാമ്പത്തിക വർഷം | വകയിരുത്തിയത് | ചെലവഴിച്ചത് | ചെലവഴിച്ചത് ശതമാനത്തിൽ |
|---|---|---|---|
| 2016-17 | 6534.17 | 2658.06 | 40.68 |
| 2017-18 | 8038.95 | 5355.14** | 66.61** |
| 2018-19 | 8097.99 | 3577.91 | 44.18 |
| 2019-20 | 9172.17 | 3228.40 | 35.20 |
| 2020-21 | 9176.33 | 5476.60 | 59.68 ** |

**പദ്ധതിയിൽ വകയിരുത്തിയതിൻ പ്രകാരം MGNREGA പദ്ധതി വഴി ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേയ്ക്ക് നൽകിയത് ഉൾപ്പെടെ.

(ഡി) പ്രസ്തുത സാമ്പത്തിക വർഷങ്ങളിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച പദ്ധതി വിഹിതം എത്രയെന്നും ചെലവാക്കിയത് എത്രയെന്നും വിശദമാക്കാമോ?

2016-17 മുതൽ 2020-21 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച പദ്ധതി വിഹിതം, ചെലവഴിച്ച തുക എന്നിവ സംബന്ധിച്ച PLANSPACE-ൽ നിന്നുള്ള വിശദാംശങ്ങൾ താഴെ ചേർക്കുന്നു :

(തുക കോടിയിൽ)

| സാമ്പത്തിക വർഷം | വകയിരുത്തിയത് | ചെലവഴിച്ചത് | ചെലവഴിച്ചത് ശതമാനത്തിൽ |
|---|---|---|---|
| 2016-17 | 5500.00 | 2765.11 | 50.27 |
| 2017-18 | 6227.50 | 5299.45 | 85.1 |
| 2018-19 | 7000.00 | 5739.38 | 81.99 |
| 2019-20 | 7500.00 | 4036.55 | 53.82 |
| 2020-21 | 7158.00 | 6927.82 | 96.78 |

**കുറ്റ്യാടിയിലെ പദ്ധതികൾ**

9(10) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി നിയോജകമണ്ഡലത്തിൽ 2020-21 സാമ്പത്തികവർഷം ബഡ്ജറ്റിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ പ്രവൃത്തികൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ;

&

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലെ അവസ്ഥ അറിയിക്കാമോ?

വിവരം ശേഖരിച്ചുവരുന്നു.

**കുന്നത്തുനാട് മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള പദ്ധതികൾ**

10(11) ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-2017 മുതൽ 2021-22 വരെയുള്ള കാലയളവിൽ കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ ഏതെല്ലാം പദ്ധതികൾക്കാണ് സംസ്ഥാന ബഡ്ജറ്റിൽ തുക വകയിരുത്തി അനുമതി നൽകിയിട്ടുള്ളത് എന്ന് അറിയിക്കാമോ;

(ബി) ഇവയിൽ ഏതെല്ലാം പദ്ധതികൾക്കാണ് ഭരണാനുമതി ലഭിച്ചിട്ടുള്ള തെന്ന് വ്യക്തമാക്കാമോ;

&

(സി) പ്രസ്തുത പദ്ധതികളുടെ പുരോഗതി വിവരം ലഭ്യമാക്കുമോ?

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

**കോവിഡ് റിലീഫ് പാക്കേജ്**

11(12) ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോവിഡ് കാലത്ത് ജീവനം വഴിമുട്ടിയ സെയിൽസ് ഗേളുകൾ, പന്തൽ തൊഴിലാളികൾ, കാറ്ററിംഗ് തൊഴിലാളികൾ, ലോട്ടറി വിൽപ്പനക്കാർ, കയർ-കശുവണ്ടി തൊഴിലാളികൾ, സ്വകാര്യ ബസ് തൊഴിലാളികൾ തുടങ്ങിയവർക്കായി സർക്കാരിന്റെ സാമ്പത്തിക പരിമിതിയിൽ നിന്നുകൊണ്ട് ഒരു വൺ ടൈം ആശ്വാസ ധനസഹായ പദ്ധതിയും പഠനോപകരണ വിതരണ പദ്ധതിയും നടപ്പിലാക്കുന്നത് പരിഗണിക്കാമോ?

കോവിഡ് സാഹര്യത്തിൽ വിവിധ ക്ഷേമനിധി ബോർഡുകളിലെ അംഗങ്ങൾക്ക് ആശ്വാസ ധനസഹായം നൽകിയ വകയിൽ സാമ്പത്തിക ഭദ്രത കുറഞ്ഞ ക്ഷേമനിധി ബോർഡുകൾക്ക് സർക്കാർ 1,000 രൂപയുടെ ആശ്വാസ ധനസഹായം 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിൽ അനുവദിച്ചിട്ടുണ്ട്. കൂടാതെ കോവിഡ് സാഹചര്യത്തിൽ സാമൂഹ്യ സുരക്ഷാ/ക്ഷേമ പെൻഷനുകൾ ലഭിക്കാത്ത ഓരോ BPL(PHH), AAY കുടുംബത്തിനും 1,000 രൂപയുടെ ധനസഹായവും സർക്കാർ അനുവദിച്ചിരുന്നു. ചോദ്യത്തിൽ ഉന്നയിച്ചിട്ടുള്ള മറ്റ് വിഷയങ്ങളെ സംബന്ധിച്ച് വിവരം ശേഖരിച്ചുവരുന്നു.

(ബി) പ്രസ്തുത വിഭാഗം തൊഴിലാളികൾക്ക് പ്രത്യേകമായി ഒരു ഭക്ഷ്യേതര കോവിഡ് റിലീഫ് പാക്കേജ് നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോ?

സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് പരിശോധി ക്കുന്നതാണ്.

**സാമ്പത്തിക പുനരുജ്ജീവന വായ്പാ പദ്ധതി**

12(14) ശ്രീ. ടി. സിദ്ദിഖ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രാഥമിക സഹകരണ സംഘങ്ങളെയും വാണിജ്യ ബാങ്കുകളെയും ഉൾപ്പെടുത്തി സാമ്പത്തിക പുനരുജ്ജീവന വായ്പാ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കൾ ആരൊക്കെയാണെന്നും ഇതിനായി എത്ര ഫണ്ട് വകയിരുത്തിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

&

(സി) ഇതിന്റെ പലിശ, തിരിച്ചടവ് കാലാവധി എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(എ-സി) പ്രാഥമിക സഹകരണ സംഘങ്ങളെയും വാണിജ്യ ബാങ്കുകളെയും ഉപയോഗപ്പെടുത്തിക്കൊണ്ട് വിപുലമായ സാമ്പത്തിക പുനരുജ്ജീവന വായ്പാ പദ്ധതി ആവിഷ്കരിക്കുന്നതാണ്. പലിശയുടെ ഒരു ഭാഗം സംസ്ഥാന സർക്കാർ വഹിക്കുന്നതാണ്. നബാർഡിന്റെ പുനർവായ്പാ സ്കീമിന്റെ സാദ്ധ്യത പൂർണ്ണമായി ഉപയോഗപ്പെടുത്തു ന്നതാണ്. കേന്ദ്ര സർക്കാരും റിസർവ് ബാങ്കും പ്രഖ്യാപിച്ചിട്ടുള്ള വായ്പാ പാക്കേജുകളുടെ സാദ്ധ്യതയും പരമാവധി ഉപയോഗപ്പെടുത്തും. സാമ്പത്തിക പുനരുജ്ജീവന വായ്പാ പദ്ധതിക്ക് മൂന്ന് ഘടകങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

(i) Co-operative Initiative for Agriculture Infrastructure in Kerala (CAIK) കാർഷിക മേഖലയുടെ വികസന പ്രക്രിയയിലെ ഒരു പ്രധാന തടസ്സം മൂലധന രൂപീകരണത്തിന്റെ അഭാവമാണ്. മെച്ചപ്പെട്ട നിക്ഷേപ വായ്പാ സംവിധാനം ഒരുക്കിയാൽ സ്വകാര്യ മൂലധന രൂപീകരണം വർദ്ധിപ്പിച്ച് പ്രാദേശിക വിപണികൾ, ഗോഡൗണുകൾ, കോൾഡ് ചെയിൻ സൗകര്യങ്ങൾ എന്നിവയും പൈനാപ്പിൾ, വാഴപ്പഴം, മാമ്പഴം മുതലായ പഴവർഗ്ഗങ്ങളുടെ സംസ്കരണ കേന്ദ്രങ്ങളും സൃഷ്ടിക്കുന്നതിന് കഴിയും. ഇതിലൂടെ പഴം-പച്ചക്കറി മാർക്കറ്റുകൾ, ആധുനിക മത്സ്യ വിപണന സൗകര്യങ്ങൾ, ശുചിത്വമുള്ള ഇറച്ചി വില്പന സൗകര്യങ്ങൾ, കാർഷിക ഉൽപന്നങ്ങളായ പച്ചക്കറികൾ, പാൽ, മാംസം, മത്സ്യം എന്നിവയുടെ സംസ്കരണ കേന്ദ്രങ്ങൾ, മാർക്കറ്റിംഗ് തുടങ്ങിയ മേഖലകളിൽ ഇടപെടാൻ കഴിയും. പ്രാഥമിക സഹകരണ സംഘങ്ങൾക്ക് (PACS) നാല് ശതമാനം പലിശ നിരക്കിൽ നബാർഡിൽ നിന്നുള്ള പശ്ചാത്തല സൗകര്യ പുനർവായ്പ കേരള ബാങ്ക് മുഖേന ലഭ്യമാക്കും. 2021-22 സാമ്പത്തിക വർഷത്തിൽ 2000 കോടി രൂപയുടെ വായ്പ ലഭ്യമാക്കുന്നതാണ് ഉദ്ദേശ്യം.

(ii) തൊഴിൽ സംരംഭങ്ങൾക്കുള്ള വായ്പാപദ്ധതി കാർഷിക-വ്യാവസായിക-സേവനമേഖലകളിൽ പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനും നിലവിൽ പ്രവർത്തനക്ഷമമല്ലാത്ത സംരംഭങ്ങൾ പുനരുജ്ജീവിപ്പിക്ക

ന്നതിനും വാണിജ്യ ആവശ്യങ്ങൾക്കും കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭ്യമാക്കും. 2021-22-ൽ 1600 കോടി രൂപയുടെ വായ്പ ലഭ്യമാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

(iii) കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് വായ്പ-2021-22 സാമ്പത്തിക വർഷത്തിൽ ചുരുങ്ങിയത് 1,000 കോടി രൂപയുടെ ബാങ്ക് വായ്പ കുടുംബശ്രീ വഴി അയൽക്കൂട്ടങ്ങൾക്ക് ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നു. 5 ലക്ഷം രൂപ വരെയുള്ള വായ്പയെല്ലാം 4 ശതമാനം പലിശ നിരക്കിൽ ലഭ്യമാക്കും. മേൽ പറഞ്ഞ വായ്പാ പദ്ധതികളുടെ പലിശ ഇളവ് വഹിക്കുന്നതിനായി 100 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

**നിലമ്പൂർ ബൈപ്പാസ് നിർമ്മാണം**

13(15) ശ്രീ. പി. വി. അൻവർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ നിലമ്പൂർ ബൈപ്പാസിന്റെ ഒന്നാം ഘട്ട നിർമ്മാണം പൂർത്തീകരിക്കുന്നതിനായി സ്ഥലം ഏറ്റെടുക്കുന്നതിന് ധനകാര്യവകുപ്പിൽനിന്ന് പണം അനുവദിക്കണമെന്നഭ്യർത്ഥിച്ചുകൊണ്ട് പൊതുമരാമത്ത് വകുപ്പിൽനിന്നുള്ള ലെറ്റർ ഓഫ് ക്രെഡിറ്റിന്മേൽ ധനകാര്യവകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

മലപ്പുറം ജില്ലയിലെ നിലമ്പൂർ ബൈപ്പാസിന്റെ ഒന്നാംഘട്ട നിർമ്മാണം പൂർത്തീകരിക്കുന്നതിനായി സ്ഥലം ഏറ്റെടുക്കുന്നതിനായി 29-10-2018-ലെ G.O(Rt) No.8878/ 2018/Fin പ്രകാരം 10 കോടി രൂപയുടെയും 31-10-2019-ലെ G.O(Rt)No.8564 /2019/Fin പ്രകാരം 10 കോടി രൂപയുടെയും (ആകെ 20 കോടി രൂപ) ലെറ്റർ ഓഫ് ക്രെഡിറ്റ് അനുവദിച്ചിട്ടുണ്ട്.

(ബി) നിലമ്പൂർ ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട് 21-1-2021-ലെ പുതുക്കിയ സമഗ്ര ഭരണാനുമതി ഉത്തരവ് സ.ഉ(സാധാ) 90/2021/ പൊ.മ.വ. പ്രകാരം പ്രസരണ ലൈനുകൾ മാറ്റി സ്ഥാപിക്കുന്നതിനായി ധനകാര്യവകുപ്പ് കെ.എസ്.ഇ.ബി.ക്ക് എത്ര തുകയാണ് നൽകേണ്ടതെന്ന് അറിയിക്കാമോ; ഇതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ;

&

(സി) ഘട്ടംഘട്ടമായി തുക അനുവദിക്കുന്നതുമൂലം ബൈപ്പാസ് നിർമ്മാണ പ്രവൃത്തികൾ അനന്തമായി നീണ്ടുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നിലമ്പൂർ ബൈപ്പാസ് നിർമ്മാണത്തിന്റെ ഒന്നാം ഘട്ടം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സ്ഥലം ഏറ്റെടുക്കുന്നതിനായി ശേഷിക്കുന്ന 33.365 കോടി രൂപയും ഒന്നിച്ച് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

വിവരം ശേഖരിച്ചുവരുന്നു.

## ട്രാൻസ്ഗ്രിഡ് 2.0 പദ്ധതി

14(17) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയും വൈദ്യുതി ബോർഡും സംയുക്തമായി നടപ്പിലാക്കുന്ന ട്രാൻസ്ഗ്രിഡ് 2.0 പദ്ധതിയുടെ എത്ര ശതമാനം നാളിതുവരെ പൂർത്തീകരിക്കാൻ സാധിച്ചിട്ടുണ്ട്; പ്രസ്തുത പദ്ധതി എന്ന് പൂർത്തീകരിക്കാൻ സാധിക്കുമെന്നാണ് കണക്കാക്കുന്നത്?

ട്രാൻസ്ഗ്രിഡ് 2.0 പദ്ധതിയിൽ ഒന്നാം ഘട്ടത്തിൽ കിഫ്ബിയുടെ ധന സഹായത്തോടെ ആവിഷ്കരിച്ച 7 ലൈൻ പാക്കേജുകളും 5 സബ്സ്റ്റേഷൻ പാക്കേജുകളും ഉൾപ്പെടുന്നു. ഒന്നാം ഘട്ടത്തിൽ ഉൾപ്പെട്ട പ്രവൃത്തികളിൽ 45% പൂർത്തിയായിട്ടുണ്ട്. ട്രാൻസ്ഗ്രിഡ് 2.0 പദ്ധതിയിൽ രണ്ടാം ഘട്ടത്തിൽ കിഫ്ബിയുടെ ധനസഹായത്തോടെ ആവിഷ്കരിച്ച പദ്ധതികളിൽ 11 ലൈൻ പാക്കേജുകളും 13 സബ് സ്റ്റേഷനുകളും ഉൾപ്പെടുന്നു. രണ്ടാം ഘട്ട പദ്ധതികൾ 2024-ൽ പൂർത്തീകരിക്കാനാണ് ലക്ഷ്യ മിടുന്നത്.

(ബി) പ്രസ്തുത പദ്ധതിക്കായി കിഫ്ബി നാളിതുവരെ എത്ര തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ?

പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് കിഫ്ബിയിൽ സമർപ്പിക്കപ്പെട്ട വിവിധ ബില്ലുകളിലായി നാളിതുവരെ 895,30,48,159.81 രൂപ റിലീസ് ചെയ്തിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതിക്കായി ഏതൊക്കെ കമ്പനികൾക്കാണ് കരാറുകൾ നൽകിയിരിക്കുന്നത് എന്നറിയിക്കാമോ?

ഭരണ വകുപ്പ് നിയമിച്ചിരിക്കുന്ന നിർവ്വഹണ ഏജൻസി താഴെക്കാണുന്ന കമ്പനികൾക്കാണ് ട്രാൻസ്ഗ്രിഡ് പദ്ധതികളുടെ കരാറുകൾ നൽകിയിട്ടുള്ളത്.

1. M/s Sterlite Power Transmission Ltd.
2. M/s Larsen & Toubro Ltd,
3. M/s KEI Industries Ltd,
4. M/s Toshiba T&D systems India Pvt. Ltd,
5. M/s GE T & D India Ltd,
6. M/s Seimens Ltd, M/s Sterlite Power Transmission Ltd.,
7. M/S Techno Electric & Engineering company Ltd.

(ഡി) ഈ പദ്ധതിയുടെ ഭാഗമായി കിഫ്ബി നൽകുന്ന വായ്പയുടെ പലിശ നിരക്ക് എത്രയെന്ന് വ്യക്തമാക്കുമോ?

പ്രസ്തുത പദ്ധതിയിൽ കിഫ്ബിയുമായി ഏർപ്പെട്ടിരിക്കുന്ന ത്രികക്ഷി കരാറിലെ വ്യവസ്ഥകൾ പ്രകാരം, പദ്ധതി വിഹിതത്തിന്റെ 40 ശതമാനം തുക കിഫ്ബി അനുവദിച്ചതിനുശേഷം ബന്ധപ്പെട്ട പദ്ധതി നിർവ്വഹണ ഏജൻസിയുമായി തിരിച്ചടവ് കരാറിൽ ഏർപ്പെടുകയുള്ളൂ. അപ്പോൾ മാത്രമേ പലിശ നിരക്ക് നിശ്ചയിക്കുകയുള്ളൂ.

## വാമനപുരം നിയോജകമണ്ഡലത്തിലെ പ്രവൃത്തികൾ

15(19) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിൽ 2016-17 മുതൽ 2020-21 വരെയുള്ള ഓരോ സാമ്പത്തിക വർഷത്തിലും ഏതൊക്കെ പ്രവൃത്തികൾക്കാണ് ബഡ്ജറ്റിൽ തുക വകയിരുത്തിയിരുന്നത് എന്നറിയിക്കാമോ;

(ബി) ഓരോന്നിനും എത്ര തുക വീതമാണ് വകയിരുത്തിയിരുന്നതെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികളിൽ ഏതിനൊക്കെ ഭരണാനുമതി നൽകി;

&

(ഡി) അവ ഓരോന്നിന്റെയും പ്രവർത്തന പുരോഗതി അറിയിക്കാമോ?

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

## കെ-ഫോൺ പദ്ധതിയുടെ നടത്തിപ്പ്

16(20) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയും വൈദ്യുതി ബോർഡും സംയുക്തമായി നടപ്പിലാക്കുന്ന കെ-ഫോൺ പദ്ധതിയുടെ എത്ര ശതമാനം നാളിതുവരെ പൂർത്തീകരിക്കാൻ സാധിച്ചിട്ടുണ്ടെന്നറിയിക്കാമോ?

കെ-ഫോൺ പദ്ധതിയുടെ 37 ശതമാനം പ്രവൃത്തി പൂർത്തീകരിച്ചതായി പദ്ധതി നിർവ്വഹണ ഏജൻസിയായ കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് അറിയിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി എന്ന് പൂർത്തീകരിക്കാൻ സാധിക്കുമെന്നാണ് കണക്കാക്കുന്നത്?

പദ്ധതി നിർവ്വഹണ ഏജൻസിയായ കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് അറിയിച്ചിട്ടുള്ളത് പ്രകാരം 2021 ഡിസംബർ മാസത്തിൽ പദ്ധതി പൂർത്തീകരിക്കും.

(സി) പ്രസ്തുത പദ്ധതിക്കായി കിഫ്ബി നാളിതുവരെ എത്ര തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ?

പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് നാളിതുവരെ കിഫ്ബിയിൽ സമർപ്പിക്കപ്പെട്ട വിവിധ ബില്ലുകളിന്മേൽ 128,78,52,540.96 രൂപ റിലീസ് ചെയ്തിട്ടുണ്ട്.

(ഡി) ഈ പദ്ധതിയുടെ ഭാഗമായി ഏതൊക്കെ കമ്പനികൾക്കാണ് കരാറുകൾ നൽകിയിരിക്കുന്നത് എന്ന വിവരം ലഭ്യമാക്കാമോ?

ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡിന്റെ നേതൃത്വത്തിലുള്ള കൺസോർഷ്യം ആണ് കരാർ ഏറ്റെടുത്തിരിക്കുന്നത്.

(ഇ) പ്രസ്തുത പദ്ധതിക്ക് എത്ര ശതമാനം പലിശ നിരക്കിലാണ് കിഫ്ബി വായ്പ നൽകുന്നതെന്ന് വ്യക്തമാക്കാമോ?

9 ശതമാനം പലിശ നിരക്കിലാണ് പ്രസ്തുത പദ്ധതിക്ക് കിഫ്ബി വായ്പ നൽകുവാൻ നിശ്ചയിച്ചിട്ടുള്ളത്.

## വായ്പകൾക്ക് മൊറട്ടോറിയം

17(21) ശ്രീ. കെ. ബി. ഗണേഷ് കുമാർ:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കെ. പി. മോഹനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് ലോക്ഡൗൺ നിയന്ത്രണങ്ങളുടെ പശ്ചാത്തലത്തിൽ, ധനകാര്യ സ്ഥാപനങ്ങളിൽനിന്നും വായ്പ എടുത്തിട്ടുള്ളവർക്ക് വായ്പാ തിരിച്ചടവിന് ഒരു വർഷക്കാലത്തേയ്ക്ക് ഇളവുകൾ നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

&

(ബി) വായ്പാ തിരിച്ചടവ് മുടങ്ങിയതിന്റെ പേരിൽ ജപ്തി നടപടികൾ നേരിടുന്നവർക്ക് ഒരു വർഷക്കാലത്തേയ്ക്ക് മൊറട്ടോറിയം ആനുകൂല്യം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

കോവിഡ്-19 രണ്ടാംഘട്ട വ്യാപനം സൃഷ്ടിച്ച പ്രതിസന്ധികളുടെ പശ്ചാത്തലത്തിൽ വ്യക്തികളുടെയും സൂക്ഷ്മ ഇടത്തരം സംരംഭങ്ങളുടെയും അർഹതപ്പെട്ട വായ്പകൾക്കായി വായ്പയുടെ അക്കൗണ്ട് സ്ഥിതി മാറ്റാതെ തന്നെ വായ്പാ റീഷെഡ്യൂളിംഗ്

അനുവദിച്ചും രണ്ടുവർഷം വരെ മൊറട്ടോറിയം ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ വായ്പക്കാരന് അനുവദിക്കാവുന്ന രീതിയിലും Resolution Framework 2.0 – Resolution of Covid-19 related stress of Individual and Small Business, Resolution Framework 2.0 – Resolution of Covid-19 related stress of Micro Small and Medium Enterprises എന്നിവപ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ ബാങ്കുകൾ, സഹകരണ ബാങ്കുകൾ, ബാങ്ക് ഇതര ധനകാര്യ സ്ഥാപനങ്ങൾ എന്നിവ ഉൾപ്പെടെ എല്ലാ ധനകാര്യ സ്ഥാപനങ്ങൾക്കും റിസർവ് ബാങ്ക് നൽകിയിട്ടുള്ളതാണ്. ഇത് അർഹരായ വായ്പക്കാർക്ക് വായ്പകളുടെ റീസ്ട്രക്ച്ചറിംഗ്, റീഷെഡ്യൂളിംഗ്, മൊറട്ടോറിയം എന്നീ സൗകര്യങ്ങൾ ഉറപ്പുവരുത്തുന്നു. ടി മൊറട്ടോറിയം കാലയളവിലെ പലിശ, പിഴപ്പലിശ എന്നിവ ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സംസ്ഥാന സർക്കാർ റിസർവ് ബാങ്കിനോട് കത്ത് മുഖേന അഭ്യർത്ഥിച്ചിട്ടുണ്ട്. കൂടാതെ, കോവിഡ്-19 രണ്ടാംഘട്ട വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ എല്ലാവിധ വായ്പാ തിരിച്ചടവുകൾക്കും 31-12-2021 വരെ മൊറട്ടോറിയം പ്രഖ്യാപിക്കണമെന്നും മൊറട്ടോറിയം കാലയളവിലെ പലിശയും പിഴപ്പലിശയും ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും ബഹുമാന്യരായ മുഖ്യമന്ത്രിയും വകുപ്പുമന്ത്രിയും കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

**ലോക ബാങ്ക് സഹായം**

18(22) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് ലോകബാങ്കിൽനിന്ന് സംസ്ഥാനത്തിന് സാമ്പത്തിക സഹായം ലഭിച്ചിരുന്നോ; എങ്കിൽ ഏതെല്ലാം പദ്ധതികൾക്ക് വേണ്ടിയാണെന്നും ഓരോ പദ്ധതിക്കും ലഭിച്ച തുക എത്രയെന്നും വിശദമാക്കാമോ;

&

(ബി) പ്രസ്തുത തുക ഏതെല്ലാം ആവശ്യങ്ങൾക്കാണ് വിനിയോഗിച്ചതെന്നും ഈ ആവശ്യങ്ങൾക്ക് നാളിതുവരെ ചെലവഴിച്ച തുക എത്രയെന്നും പദ്ധതി തിരിച്ച് വിശദമാക്കുമോ?

വിവരം ശേഖരിച്ചുവരുന്നു.

**സർക്കാർ വായ്പ**

19(23) ശ്രീ. റോജി എം. ജോൺ: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ എൽ.ഡി.എഫ് സർക്കാരിന്റെ കാലഘട്ടത്തിൽ ഓരോ വർഷവും എത്ര കോടി രൂപയാണ് സർക്കാർ വായ്പ ഇനത്തിൽ ലഭ്യമാക്കിയത് എന്ന് വിശദമാക്കാമോ; ഇതിൽ എത്ര കോടി രൂപ വിദേശത്തുനിന്നും എത്ര കോടി രൂപ രാജ്യത്തിനകത്തുനിന്നും ലഭ്യമാക്കിയെന്നും വർഷം തിരിച്ച് കണക്ക് ലഭ്യമാക്കാമോ?

അക്കൗണ്ടന്റ് ജനറലിൽനിന്നും ലഭ്യമായ കണക്കുകളുടെ അടിസ്ഥാനത്തിൽ 2016-17 മുതൽ 2020-21 വരെയുള്ള (2020-21-ലെ താല്ക്കാലിക കണക്കുകൾ ഉൾപ്പെടെ) ആഭ്യന്തര വായ്പായിനത്തിലും കേന്ദ്ര സർക്കാരിൽ നിന്നുള്ള വായ്പായിനത്തിലും എടുത്തിട്ടുള്ള വായ്പ (തനി) സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു :

(തുക കോടിയിൽ)

| വർഷം | 2016-17 | 2017-18 | 2018-19 | 2019-20 | 2020-21 |
|---|---|---|---|---|---|
| ആഭ്യന്തര വായ്പ (തനി) | 15772.46 | 17231.81 | 15490.50 | 14969.00 | 24514.06 |
| കേന്ദ്ര സർക്കാരിൽ നിന്നുള്ള വായ്പ(തനി) വിദേശ സഹായ പദ്ധതികൾക്കായുള്ള വായ്പകൾ ഉൾപ്പെടെ | 379.43 | 130.15 | 240.58 | 1436.77 | 6293.44 |
| ആകെ | 16151.89 | 17101.66 | 15249.92 | 16405.77 | 30807.50 |

**മാന്ദ്യവിരുദ്ധ പാക്കേജ്**

20(24) ഡോ. എം. കെ. മുനീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2008 മുതൽ എത്ര മാന്ദ്യവിരുദ്ധ പാക്കേജുകൾ പ്രഖ്യാപിച്ചിട്ടുണ്ട്; ഓരോന്നിനും വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും വർഷം തിരിച്ച് വ്യക്തമാക്കുമോ;

(ബി) രണ്ടാം മാന്ദ്യവിരുദ്ധ പാക്കേജ് എന്ന് നടപ്പാക്കിയെന്നും ഇതിനായി എത്ര തുക 2021 ജൂൺ 30 വരെ ചെലവഴിച്ചിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ;

(സി) രണ്ടാം മാന്ദ്യവിരുദ്ധ പാക്കേജിനായി തുക കണ്ടെത്തിയത് കടമെടുപ്പിലൂടെയാണോ എന്ന് വ്യക്തമാക്കുമോ;

&

(ഡി) രണ്ടാം മാന്ദ്യവിരുദ്ധ പാക്കേജ് വഴി സംസ്ഥാനത്തിനുണ്ടായ നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ?

(എ-ഡി) സാമ്പത്തിക മാന്ദ്യത്തിൽനിന്ന് സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയെ ഉത്തേജിപ്പിക്കുവാൻ തൊഴിലും വരുമാനവും ഉത്പാദനവും വർദ്ധിപ്പിക്കാനുതകുന്ന പൊതുനിക്ഷേപം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 2009-10 സാമ്പത്തിക വർഷത്തിൽ 10,000 കോടി രൂപയുടേയും 2016-17 സാമ്പത്തിക വർഷത്തിൽ 12,000 കോടി രൂപയുടേയും രണ്ട് മാന്ദ്യവിരുദ്ധ പാക്കേജുകൾ പ്രഖ്യാപിക്കുകയുണ്ടായി. ഒന്നാം പാക്കേജിൽ സർക്കാരും അർദ്ധ സർക്കാർ സ്ഥാപനങ്ങളും നേരിട്ട് പശ്ചാത്തല സൗകര്യങ്ങളുടെ നിർമ്മാണത്തിന് മുടക്കുന്ന പണവും വായ്പകളും മാത്രമേ ഉൾപ്പെടുന്നുള്ളൂ. 2009-10-ൽ പദ്ധതിയിലും പദ്ധതിക്ക് പുറത്തുമായി പുതുതായി ഭരണാനുമതി നൽകുന്ന 5,000 കോടി രൂപയുടെ കുടിവെള്ള-ജലസേചന-മരാമത്ത് പണികളാണ് ഇതിൽ ഏറ്റവും പ്രധാനം. ഇ.എം.എസ് പാർപ്പിട പദ്ധതി, സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ, വ്യവസായം, ഐ.ടി, ടൂറിസം പ്രോൽസാഹന ഏജൻസികൾ, കെ.എഫ്.സി, റോഡ്സ് & ബ്രിഡ്ജസ് കോർപ്പറേഷൻ, ഭവന നിർമ്മാണ ബോർഡ് പോലുള്ള അർദ്ധ സർക്കാർ സ്ഥാപനങ്ങളുടെ നേരിട്ടുള്ള മുതൽ മുടക്കം ചേർത്ത് മറ്റൊരു 5,000 കോടി രൂപയുടെ നിക്ഷേപവും ഇതിൽ ഉൾപ്പെടുന്നു. മാന്ദ്യവിരുദ്ധ പാക്കേജിനായി പദ്ധതി-പദ്ധതിയേതര മേഖലകളിൽ വിവിധ സെക്ടറുകളിലായിട്ടാണ് തുക വകയിരുത്തി നൽകിയിരുന്നത്. ആയതിനാൽ ഈ സാമ്പത്തിക വർഷങ്ങളിലെ പദ്ധതി-പദ്ധതിയേതര ചെലവുകളിൽ മാന്ദ്യവിരുദ്ധ പാക്കേജിനായിട്ടുള്ള ചെലവുകളും ഉൾപ്പെടും. രണ്ടാം മാന്ദ്യവിരുദ്ധ പാക്കേജിൽ വലിയ റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ, പാർക്കുകൾ തുടങ്ങിയ മൂലധന ചെലവുകൾ മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ പാക്കേജിനായി സെബിയും ആർ.ബി.ഐ.യും അംഗീകരിച്ചിട്ടുള്ള നൂതന ധനസമാഹരണ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തി കിഫ്ബി വഴി ധനസമാഹരണം നടത്തുവാനാണ് ലക്ഷ്യമിട്ടിരുന്നത്. സംസ്ഥാനത്ത് ഇതുവരെ 63,259.32 കോടി രൂപയുടെ 903 പദ്ധതികൾക്കാണ് കിഫ്ബിയിൽ ഉൾപ്പെടുത്തി സാമ്പത്തികാനുമതി നൽകിയിട്ടുള്ളത്. ഇതിൽ 23,197.90 കോടി രൂപയുടെ പ്രവൃത്തികൾ ടെണ്ടർ ചെയ്തിട്ടുണ്ട്. 2,942.63 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. മാന്ദ്യവിരുദ്ധ പാക്കേജ് നടപ്പിലാക്കുന്നതുവഴി സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയ്ക്ക് ഉത്തേജനം നൽകുവാൻ സാധിച്ചിട്ടുണ്ട്.

## കിഫ്ബി' ഫണ്ട് ഉപയോഗിച്ചുള്ള നിർമ്മാണങ്ങൾ

21(25)ശ്രീ. കെ. പ്രേംകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് (2016-2021) ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ 'കിഫ്ബി' ഫണ്ട് ഉപയോഗിച്ച് ഏതെല്ലാം പ്രവൃത്തികൾ നിർദ്ദേശിച്ചിട്ടുണ്ട്?

കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് (2016-2021) ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ ധനാനുമതി നൽകിയ കിഫ്ബി പദ്ധതികളുടെ വിശദ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) അവയിൽ ഇനി പൂർത്തീകരിക്കാൻ ബാക്കിയുള്ള പ്രവൃത്തികൾ ഏതൊക്കെയാണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഈ പദ്ധതികളിൽ പൂർത്തിയാക്കുവാൻ ബാക്കിയുള്ള പ്രവർത്തികളുടെ വിശദ വിവരങ്ങൾ അനുബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.*

## കിഫ്ബി വഴി നടപ്പാക്കുന്ന കുറവിലങ്ങാട് താലൂക്ക് ആശുപത്രിയുടെ നിർമ്മാണം

22(26) ശ്രീ. മോൻസ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിഫ്ബി വഴി നടപ്പാക്കുന്ന കുറവിലങ്ങാട് താലൂക്ക് ആശുപത്രിയുടെ കെട്ടിട നിർമ്മാണത്തിന് കിഫ്ബി അംഗീകാരം ലഭിച്ചിട്ടുണ്ടോ; ആയത് എന്നേയ്ക്ക് ലഭ്യമാകും എന്നറിയിക്കാമോ?

കുറവിലങ്ങാട് താലൂക്കാശുപത്രിയുടെ നവീകരണത്തിനായുള്ള വിശദമായ പദ്ധതി റിപ്പോർട്ട് കേരള ഹൗസിംഗ് ബോർഡ് കിഫ്ബിയിൽ സമർപ്പിച്ചിട്ടുള്ളതും അതിന്മേൽ സാങ്കേതിക അവലോകന റിപ്പോർട്ട് കിഫ്ബി നൽകിയിട്ടുള്ളതുമാണ്. ഇതിന്റെ മറുപടി ലഭിക്കുന്ന മുറയ്ക്ക് അംഗീകാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) ഈ പദ്ധതിക്ക് കേരളാ ഹൗസിംഗ് ബോർഡ് എത്ര കോടി രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിരിക്കുന്നത് എന്നറിയിക്കാമോ?

കുറവിലങ്ങാട് താലൂക്ക് ആശുപത്രിയുടെ നവീകരണത്തിനായി 39.43 കോടി രൂപയുടെ പദ്ധതി റിപ്പോർട്ട് ആണ് കേരള ഹൗസിംഗ് ബോർഡ് കിഫ്ബിയിൽ സമർപ്പിച്ചിട്ടുള്ളത്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പ്രസ്തുത പദ്ധതിക്കാവശ്യമായ സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഈ പദ്ധതിക്കുവേണ്ടി 2-6-2020-ലെ സ.ഉ.(സാധാ) നമ്പർ 1001/2020/ ആ.കു.വ. പ്രകാരം ഭരണാനുമതി പുറപ്പെടുവിച്ചിട്ടുണ്ട്.

**കിഫ്ബിയുടെ പ്രവർത്തനം**

23(27) <u>ശ്രീ. കെ. ജെ. മാക്സി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിഫ്ബി നാളിതുവരെ ഏതൊക്കെ ഏജൻസികളിൽനിന്നും എത്ര കോടി രൂപ സമാഹരിച്ചുവെന്നും ആയതിൽ എത്ര കോടി രൂപ ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ?

കിഫ്ബി 2021 ജൂൺ 30 പ്രകാരം വിവിധ ലോണുകളിലൂടെയും ബോണ്ടുകളിലൂടെയും 9061.90 കോടി രൂപയും മോട്ടോർ വാഹന നികുതിയുടെയും പെട്രോളിയം സെസ്സിന്റെയും വിഹിതമായി 8536.19 കോടി രൂപയും ഉൾപ്പെടെ ആകെ 17598.09 കോടി രൂപ സമാഹരിച്ചിട്ടുണ്ട്. ഇതിൽനിന്നും 12577.8 കോടി രൂപ പദ്ധതികൾക്കായും 1075.8 കോടി രൂപ വായ്പയുടെ തിരിച്ചടവിനും (മുതലും പലിശയും) വിനിയോഗിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(ബി) കിഫ്ബിയിലൂടെ എപ്രകാരമുള്ള പദ്ധതികൾക്കാണ് ഈ സർക്കാർ മുൻതൂക്കം നൽകാൻ ഉദ്ദേശിക്കുന്നത്: 2021-22 വർഷം എത്ര കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് കിഫ്ബി മുഖാന്തരം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

കിഫ്ബി മുഖാന്തരം പൊതുമരാമത്ത്, ഗതാഗതം, കൃഷി, പിന്നാക്ക സമുദായ വികസനം, സാംസ്കാരികം, ഫിഷറീസ്, വനം, ദേവസ്വം, വ്യവസായം, വൈദ്യുതി, തദ്ദേശസ്വയംഭരണം, കായികം, പട്ടികജാതി-പട്ടികവർഗ്ഗ വികസനം, റവന്യൂ, രജിസ്ട്രേഷൻ, ടൂറിസം, കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാൻഡ് നാവിഗേഷൻ, ആരോഗ്യം, ജലവിഭവം, വിദ്യാഭ്യാസം മുതലായ അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾ നടപ്പിലാക്കാനാണ് ഈ സർക്കാർ മുൻതൂക്കം നൽകുന്നത്. 2021-22 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ 4 പദ്ധതികളാണ് കിഫ്ബിവഴി നടത്തുവാനായി പ്രഖ്യാപിച്ചിട്ടുള്ളത്. പദ്ധതികളുടെ പൂർത്തീകരണത്തിനാവശ്യമായ അടങ്കൽ തുക നിർണ്ണയിച്ചുവരുന്നതേയുള്ളു.

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) കിഫ്ബി മുഖേന നിലവിൽ എത്ര കോടി രൂപയുടെ വിവിധ പദ്ധതികൾ നടന്നുവരുന്നുവെന്നും ആയവ എപ്പോൾ പൂർത്തീകരിക്കുവാൻ കഴിയുമെന്നും വ്യക്തമാക്കുമോ?

കിഫ്ബി മുഖേന നിലവിൽ 63,257.74 കോടി രൂപയുടെ 903 പദ്ധതികൾക്ക് അംഗീകാരം നൽകിക്കഴിഞ്ഞിട്ടുണ്ട്. ഇതിൽ 16,746.07 കോടി രൂപയുടെ 486 പദ്ധതികളുടെ പ്രവൃത്തി ആരംഭിക്കുകയും 2,956.14 കോടി രൂപയുടെ പദ്ധതികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. മറ്റ് പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള ചുമതല ഭരണ വകുപ്പ് ചുമതലപ്പെടുത്തിയിട്ടുള്ള പദ്ധതി നിർവ്വഹണ ഏജൻസികളുടേതാണ്. കിഫ്ബി അതിനുള്ള ക്രിയാത്മക നിർദ്ദേശങ്ങൾ നൽകാറുണ്ട്.

## പൊന്നാനി മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

24(28) ശ്രീ. പി. നന്ദകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊന്നാനി നിയോജകമണ്ഡലത്തിൽ നിലവിലുള്ള കിഫ്ബി പദ്ധതികൾ ഏതൊക്കെയാണ്?

പൊന്നാനി നിയോജകമണ്ഡലത്തിൽ നിലവിൽ കിഫ്ബിയുടെ പരിഗണനയിലുള്ള പദ്ധതികൾ അനുബന്ധം 1-ആയി ചേർക്കുന്നു.*

(ബി) കിഫ്ബി ഫണ്ട് അനുവദിച്ചത് ഏതെല്ലാം പദ്ധതികൾക്കാണ്?

പൊന്നാനി നിയോജകമണ്ഡലത്തിൽ നിലവിൽ കിഫ്ബി ഫണ്ട് അനുവദിച്ചിട്ടുള്ള പദ്ധതികളുടെ വിവരങ്ങൾ അനുബന്ധം 2- ആയി ചേർക്കുന്നു.*

(സി) നിലവിൽ പൂർത്തീകരിക്കാനുള്ള പദ്ധതികൾ പൂർത്തീകരിക്കുന്നതിന് അടിയന്തര നടപടികൾ കൈക്കൊള്ളുമോ?

കിഫ്ബി അംഗീകരിച്ച പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാനുള്ള ചുമതല ഭരണ വകുപ്പ് നിർദ്ദേശിച്ചിട്ടുള്ള എസ്.പി.വി.കൾക്കാണ്. അംഗീകരിച്ച പദ്ധതികൾ നിർദ്ദിഷ്ട സമയത്തിനുള്ളിൽ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ എസ്.പി.വി. സ്വീകരിച്ചുവരുന്നു. പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുവേണ്ടിയുള്ള നിർദ്ദേശങ്ങൾ നൽകൽ, പുരോഗതി സംബന്ധിച്ചുള്ള അവലോകന യോഗങ്ങൾ എന്നിവ കിഫ്ബി നിശ്ചിത ഇടവേളകളിൽ നടത്തുന്നുണ്ട്.

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കിഫ്ബി പദ്ധതിയിലൂടെ നടപ്പിലാക്കുന്ന പ്രവൃത്തികൾ

25(29) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലിക്കര നിയോജകമണ്ഡലത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന വിവിധ പ്രവൃത്തികളുടെ (ആശുപത്രികൾ, സ്കൂളുകൾ, ആർ.ഒ.ബി. എന്നിവ ഉൾപ്പെടെ) വിശദവിവരം ലഭ്യമാക്കുമോ?

മാവേലിക്കര നിയോജകമണ്ഡലത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന വിവിധ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് അനുവദിച്ച തുകയും നിർവ്വഹണ ഏജൻസികൾ ഏതൊക്കെയെന്നും വ്യക്തമാക്കുമോ?

മാവേലിക്കര നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുന്ന കിഫ്ബി പദ്ധതികളുടെ തുകയും നിർവ്വഹണ ഏജൻസി സംബന്ധിച്ച വിവരങ്ങളും അനുബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.*

## കിഫ്ബിയിലെ ജീവനക്കാർക്ക് അലവൻസ്

26(30) ശ്രീ. റോജി എം. ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിഫ്ബിയിലെ ജീവനക്കാർക്ക് അലവൻസ് നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ എത്ര രൂപയാണ് നിലവിലെ അലവൻസ് എന്ന് വ്യക്തമാക്കാമോ?

നിലവിൽ കിഫ്ബിയിൽ സർക്കാർ ജീവനക്കാർക്ക് തസ്തിക അനുസരിച്ച് 3,000 രൂപ മുതൽ 10,000 രൂപ വരെ അലവൻസ് അനുവദിക്കുന്നുണ്ട്.

(ബി) അഞ്ചുവർഷംകൊണ്ട് അൻപതിനായിരം കോടി രൂപയുടെ വികസന പ്രവർത്തനം നടപ്പിലാക്കും എന്ന് വാഗ്ദാനം നൽകി രൂപീകരിച്ച കിഫ്ബിക്ക് അതിന്റെ പത്തുശതമാനം പോലും നടപ്പിലാക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ ജീവനക്കാർക്ക് ഉയർന്ന നിരക്കിൽ അലവൻസ് നൽകുന്നത് എന്തടിസ്ഥാനത്തിലാണ് എന്ന് വ്യക്തമാക്കാമോ?

കേരളത്തിന്റെ അടിസ്ഥാനസൗകര്യ മേഖല വർഷങ്ങളായി അഭിമുഖീകരിച്ചുകൊണ്ടിരുന്ന അടിസ്ഥാന സൗകര്യ വിടവ് നികത്തുന്നതിനും പത്തോ ഇരുപതോ വർഷങ്ങൾക്കുശേഷം സംഭവിക്കുമായിരുന്ന പശ്ചാത്തല സൗകര്യ പദ്ധതികൾ

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഇപ്പോൾത്തന്നെ നടപ്പിലാക്കി തലമുറ ഭേദമില്ലാതെ സമത്വം ഉറപ്പുവരുത്തുന്നതിനും കിഫ്ബി ചാലകശക്തിയായി പ്രവർത്തിക്കുന്ന എന്നുള്ളത് ഇതിനകം തെളിയിക്കപ്പെട്ട വസ്തുതയാണ്. സാമ്പത്തികരംഗത്ത് നിലനിന്നിരുന്ന മാന്ദ്യത്തെ ഫലപ്രദമായി പ്രതിരോധിക്കുന്നതിനും സമ്പദ്‌വ്യവസ്ഥയെ ഉത്തേജിപ്പിക്കുന്നതിനും 2016-ൽ എകദേശം 50,000 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കണം എന്ന ലക്ഷ്യത്തോടെയാണ് കിഫ്ബി പുന:സംഘടിപ്പിക്കപ്പെട്ട് പ്രാരംഭമായി പ്രവർത്തനം ആരംഭിക്കുന്നത്. എന്നാൽ കിഫ്ബി വിഭാവനം ചെയ്യുന്ന സാമ്പത്തിക മാതൃക പരക്കെ അംഗീകരിക്കപ്പെട്ടതിന്റെയും വിപണി വിശ്വാസമാർജ്ജിച്ചതിന്റെയും ഫലമായി ഇന്ന് കിഫ്ബി 63257.74 കോടി രൂപയുടെ പദ്ധതികൾക്ക് അംഗീകാരം നൽകിക്കഴിഞ്ഞു. ഇതിൽ 23197.9 കോടി രൂപയുടെ പദ്ധതികളുടെ ടെണ്ടറിംഗ് പൂർത്തീകരിച്ച് നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. അംഗീകാരം ലഭിച്ച പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കേണ്ട ഉത്തരവാദിത്വം ഭരണ വകുപ്പുകൾക്കും അവർ നിയമിക്കുന്ന എസ്.പി.വി-കൾക്കുമാണെങ്കിലും മറ്റ് പദ്ധതി നിർവ്വഹണങ്ങളിൽനിന്നും വ്യത്യസ്തമായി, കിഫ്ബി അനുശാസിക്കുന്ന ഗുണനിലവാരവും സമയക്രമവും കൃത്യമായി ഉറപ്പുവരുത്തുന്നതിനായി എസ്.പി.വി-കൾക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ, ട്രെയിനിംഗ് എന്നിവ കിഫ്ബി നൽകിവരുന്നു. നാളിതുവരെ 12,832 കോടി രൂപ വിവിധ പദ്ധതികൾക്കായി ചെലവഴിച്ച് കഴിഞ്ഞിട്ടുണ്ട്. ആരോഗ്യ-കുടുംബക്ഷേമം, പൊതുമരാമത്ത്, പൊതുവിദ്യാഭ്യാസം, ജലവിഭവം, പട്ടികജാതി/പട്ടികവർഗ്ഗ വികസനം, രജിസ്ട്രേഷൻ, കായികം തുടങ്ങി വിവിധ വകുപ്പുകളിലായി 2956.14 കോടി രൂപയുടെ പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. ദ്രുതഗതിയിലുള്ള ഈ വളർച്ചയ്ക്ക് പിന്നിലുള്ള ജീവനക്കാരുടെ ആത്മാർത്ഥതയും കഠിനാദ്ധ്വാനവും വലുതാണ്. കിഫ്ബിവഴി വിഭാവനം ചെയ്തിട്ടുള്ള വലിയ ലക്ഷ്യം യാഥാർത്ഥ്യമാക്കുന്നതിന് ജീവനക്കാർ അവരിലർപ്പിതമാക്കപ്പെട്ട കർത്തവ്യം അധികസമയവും, അവധി ദിവസങ്ങളിലും വരെ ജോലി ചെയ്താണ് പൂർത്തീകരിച്ചുകൊണ്ടിരിക്കുന്നത്. ജോലിയുടെ സ്വഭാവവും ഭാരവും അധികസമയവും കണക്കിലെടുത്തും, സമാന തസ്തികയിൽ കരാറടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ ശമ്പളവുമായുള്ള അന്തരം കുറയ്ക്കുന്നതിനുമാണ് അലവൻസ് അനുവദിച്ചുനൽകുന്നത്. ഇത്തരത്തിൽ കിഫ്ബിയെ വളർത്തിയെടുക്കുന്നതിനും അടിസ്ഥാനസൗകര്യ വികസന പദ്ധതികൾ സമബന്ധിതമായി നടപ്പിലാക്കുന്നതിനും ആത്മാർത്ഥമായും സമയക്ലിപ്തത മാറ്റിവച്ചും പ്രവർത്തിക്കുന്ന ജീവനക്കാരുടെ സേവനത്തെ അംഗീകരിക്കുകയാണ് സർക്കാർ അലവൻസ് അനുവദിച്ചതിലൂടെ ചെയ്തിരിക്കുന്നത്.

**അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ**

27(31) ശ്രീ. എച്ച്. സലാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ പട്ടികയും അവയ്ക്ക് ഓരോന്നിനും അനുവദിച്ച തുകയും നിർവ്വഹണ ഏജൻസിയുടെ പേരും വർഷം തിരിച്ച് വിശദാംശം വ്യക്തമാക്കാമോ; ഇവ ഓരോന്നിന്റെയും നിർമ്മാണ പുരോഗതി അറിയിക്കാമോ?

അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ കിഫ്ബി ധനാനുമതി നൽകിയിട്ടുള്ള പദ്ധതികളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ഭരണാനുമതി നൽകുന്നതിനായി കിഫ്ബി പരിഗണിക്കുന്ന ഈ നിയോജകമണ്ഡലത്തിലെ പ്രവൃത്തികളുടെ പട്ടികയും തുകയും വ്യക്തമാക്കാമോ?

പ്രസ്തുത മണ്ഡലത്തിൽ ധനാനുമതി നൽകുന്നതിലേയ്ക്കായി നിലവിൽ കിഫ്ബിയിൽ അവലോകനത്തിലുള്ള പദ്ധതി 'അമ്പലപ്പുഴ ഗവണ്മെന്റ് കോളേജ്' ആണ്. അതിന്റെ 10.34 കോടി രൂപയുടെ ഡി.പി.ആർ. ആണ് കിഫ്ബിയിൽ ലഭിച്ചിട്ടുള്ളത്.

(സി) ഇവയ്ക്ക് എന്നത്തേയ്ക്ക് ഭരണാനുമതി നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത പദ്ധതിയുടെ സാങ്കേതിക അവലോകന റിപ്പോർട്ടിൽ ആവശ്യപ്പെട്ടതനുസരിച്ച് കിഫ്ബി മാനദണ്ഡപ്രകാരമുള്ള മാറ്റങ്ങൾ വരുത്തി ടി റിപ്പോർട്ടിനുള്ള മറുപടി പദ്ധതി നിർവ്വഹണ ഏജൻസി സമർപ്പിക്കുന്ന മുറയ്ക്ക് പദ്ധതിയുടെ അന്തിമ അവലോകന റിപ്പോർട്ട് തയ്യാറാക്കി കിഫ്ബി എക്സിക്യൂട്ടീവ് കമ്മിറ്റി/ബോർഡ് മുൻപാകെ സമർപ്പിച്ച് ധനാനുമതി നൽകുന്നതിനുള്ള നടപടികൾ കിഫ്ബി സ്വീകരിക്കുന്നതാണ്.

**വടകര നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ**

28(32) ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വടകര നിയോജകമണ്ഡലത്തിൽ നടപ്പാക്കിവരുന്ന കിഫ്ബി പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ?

വടകര നിയോജകമണ്ഡലത്തിൽ നടപ്പാക്കിവരുന്ന കിഫ്ബി പദ്ധതികളുടെ വിവരം അനുബന്ധം -1 ആയി ചേർക്കുന്നു.*

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത പദ്ധതികൾ നിലവിൽ ഏത് ഘട്ടത്തിലാണ്; പദ്ധതികളുടെ എസ്റ്റിമേറ്റ് തുക എത്ര വീതമാണ്; വിശദാംശങ്ങൾ നൽകുമോ?

പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി, തുക ഉൾപ്പെടെയുള്ള വിവരം അനുബന്ധം 1-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.*

(സി) ഈ പദ്ധതികളിൽ കിഫ്ബി അനുമതി ലഭിച്ചിട്ടുള്ളത് ഏതിനൊക്കെയാണ്; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

പ്രസ്തുത പദ്ധതികളിൽ കിഫ്ബി ധനാനുമതി നൽകിയ പദ്ധതികളുടെ വിവരം അനുബന്ധം-1-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ധനാനുമതിയുടെ പകർപ്പ് അനുബന്ധം-2 ആയി ചേർക്കുന്നു.*

(ഡി) ഏറാമല ഗ്രാമപഞ്ചായത്തിലെ കെ.കെ.എം. ഗവൺമെന്റ് വി.എച്ച്.എസ്. സ്കൂളിലെ പുതിയ കെട്ടിടത്തിന്റെ പ്രവൃത്തിക്ക് കിഫ്ബി അനുമതി ലഭ്യമാക്കിയിരുന്നോ; എങ്കിൽ ഈ പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; അനുമതി ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

കെ.കെ.എം. ഗവണ്മെന്റ് വി.എച്ച്.എസ്. സ്കൂളിന് കിഫ്ബി ധനാനുമതി നൽകിയിട്ടുണ്ട്. പദ്ധതി സാങ്കേതിക അനുമതി ഘട്ടത്തിലാണ്. ധനാനുമതിയുടെ പകർപ്പ് അനുബന്ധം-3 ആയി നൽകുന്നു.*

**ഷൊർണ്ണൂർ നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ**

29(33) <u>ശ്രീ. പി. മമ്മിക്കുട്ടി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിഫ്ബിയിൽ എത്ര പദ്ധതികളാണ് ഷൊർണ്ണൂർ നിയോജക മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ളത്?

ഷൊർണ്ണൂർ നിയോജകമണ്ഡലത്തിൽ ആകെ 12 പദ്ധതികൾക്കാണ് കിഫ്ബി ധനാനുമതി നൽകിയിട്ടുള്ളത്.

(ബി) ഓരോ പദ്ധതിയുടെയും വിശദാംശങ്ങൾ നൽകുമോ?

പ്രസ്തുത പദ്ധതികളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) ഇതിൽ എത്ര പദ്ധതികൾ പൂർത്തീകരിച്ച് തുക പൂർണ്ണമായി നൽകിയിട്ടുണ്ട്?

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഷൊർണ്ണൂർ നിയോജകമണ്ഡലത്തിൽ Augmentation of Urban Water Supply to Shornur Municipality and Vaniyamkulam Panchayath (Project Code: WRD002-02) എന്ന കിഫ്ബി പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ 2 പാക്കേജുകളിലുള്ള ഫൈനൽ ബിൽ എസ്.പി.വി. സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് നാളിതുവരെ കിഫ്ബിയിൽ സമർപ്പിക്കപ്പെട്ട വിവിധ ബില്ലുകളിന്മേൽ ആകെ 24,15,65,715 രൂപ റിലീസ് ചെയ്തിട്ടുണ്ട്. എന്നാൽ ടി പദ്ധതിയുടെ കീഴിലുള്ള 2 പാക്കേജുകൾക്ക് ഫൈനൽ ബില്ലുകൾ സമർപ്പിക്കപ്പെട്ടെങ്കിലും അവയിൽ കിഫ്ബിയുടെ വിവിധ വിഭാഗങ്ങൾ ചൂണ്ടിക്കാണിച്ച പോരായ്മകൾ പരിഹരിക്കുവാൻ നിർദ്ദേശിച്ചുകൊണ്ട് പ്രസ്തുത ബില്ലുകൾ പദ്ധതി നിർവ്വഹണ ഏജൻസിയായ കേരള വാട്ടർ അതോറിറ്റിക്ക് തിരികെ നൽകിയിട്ടുണ്ട്. അവ വീണ്ടും കിഫ്ബിയിൽ സമർപ്പിക്കപ്പെട്ടിട്ടില്ല.

(ഡി) ഭരണാനുമതി നൽകുവാൻ ഇനി എത്ര പദ്ധതികളാണ് ബാക്കിയുള്ളത്?

ഷൊർണ്ണൂർ നിയോജകമണ്ഡലത്തിൽ സർക്കാർ കിഫ്ബി പദ്ധതിയായി പ്രഖ്യാപിക്കുകയും തുടർന്ന് ധനാനുമതിക്കായി പദ്ധതികളുടെ എസ്.പി.വി-കൾ കിഫ്ബിയിൽ സമർപ്പിച്ച ഡി.പി.ആർ-കളിൽ പട്ടാമ്പി-ചെർപ്പുളശ്ശേരി റോഡ് പദ്ധതി ഒഴിച്ച് മറ്റെല്ലാ പദ്ധതികൾക്കും കിഫ്ബി ധനാനുമതി നൽകിയിട്ടുണ്ട്. പട്ടാമ്പി-ചെർപ്പുളശ്ശേരി റോഡ് മുൻ എം.എൽ.എ.(ഷൊർണ്ണൂർ)-യുടെ അഭ്യർത്ഥന പ്രകാരം കിഫ്ബിയുടെ പരിഗണനയിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്.

(ഇ) കൂടുതൽ പദ്ധതികൾ കിഫ്ബിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ബഡ്ജറ്റ് പ്രസംഗത്തിൽ കിഫ്ബി പദ്ധതിയായി പ്രഖ്യാപിച്ചിട്ടുള്ളതോ അല്ലെങ്കിൽ കിഫ്ബി പദ്ധതിയായി മന്ത്രിസഭ അംഗീകാരം നൽകിയിട്ടുള്ളതോ ആയ പദ്ധതികൾ മാത്രമാണ് കിഫ്ബി മുഖേന നടപ്പിലാക്കുന്നത്. പദ്ധതികൾക്ക് വേണ്ടിവരുന്ന തുക എല്ലാം മുൻകൂട്ടി സമാഹരിച്ച് വയ്ക്കുന്നരീതിയല്ല കിഫ്ബി അവലംബിച്ചിരിക്കുന്നത്. 'കൺട്രോൾഡ് ലെവറേജിംഗ്' മാതൃകയിൽ പദ്ധതികൾക്കുള്ള ബിൽ വരുന്നമുറയ്ക്ക് അവയ്ക്ക് പണം നൽകുന്നതിന് ആവശ്യമായ രീതിയിലാണ് കിഫ്ബി ധനസമാഹരണം നടത്തുന്നത്. നിലവിൽ ഏകദേശം 63,000 കോടി രൂപയുടെ പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. മേൽ മാതൃകയുടെ അടിസ്ഥാനത്തിൽ കൂടുതൽ പദ്ധതികൾ കിഫ്ബിയിൽ ഉൾപ്പെടുത്തുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുണ്ട്.

## കുറ്റ്യാടി നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

30(34) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുറ്റ്യാടി നിയോജകമണ്ഡലത്തിൽ കിഫ്ബി സഹായത്തോടെ നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വിവരങ്ങൾ ലഭ്യമാക്കാമോ?

കുറ്റ്യാടി നിയോജകമണ്ഡലത്തിൽ കിഫ്ബി ധനാനുമതി നൽകി നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വിവരങ്ങൾ നിലവിലെ സ്ഥിതി സഹിതം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) പ്രസ്തുത പ്രവൃത്തികൾക്കുവേണ്ടി സൗജന്യമായി ഭൂമി നൽകുന്നവർക്ക് കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഇളവ് അനുവദിക്കുമോ?

കെട്ടിട നിർമാണ ചട്ടങ്ങൾ സംബന്ധിക്കുന്ന തീരുമാനങ്ങൾ അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ വരുന്ന വിഷയമാണ്.

(സി) അവർക്ക് മതിൽ നിർമ്മിക്കുന്നതിനുള്ള തുക എസ്റ്റിമേറ്റിൽ വകയിരുത്താറുണ്ടോ?

ഭൂമി സൗജന്യ ദാനം നൽകിയവർക്ക് ചുറ്റുമതിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ചുനൽകിയ പദ്ധതികളും ഉണ്ടായിട്ടുണ്ട്.

(ഡി) കെട്ടിടങ്ങളുടെ മികച്ച രൂപകല്പനയ്ക്ക് ആർക്കിടെക്ടുകളുടെ സേവനം ഉറപ്പുവരുത്താറുണ്ടോ?

എസ്.പി.വി-കൾക്കാണ് നിർമ്മാണത്തിന്റെ പൂർണ്ണചുമതല. എന്നിരുന്നാലും എസ്.പി.വി-കൾ ആവശ്യപ്പെടുകയാണെങ്കിൽ ആർക്കിടെക്ടുകളുടെ സേവനം കിഫ്ബി ടെക്നിക്കൽ റിസോഴ്സ് സെന്റർവഴി നൽകുന്നതാണ്.

(ഇ) ആധുനിക സാങ്കേതികവിദ്യകൾ കിഫ്ബി പ്രവൃത്തികൾക്ക് സ്വീകരിക്കുന്നുണ്ടോ; വിശദമാക്കുമോ?

ജിയോ സെൽസ്, സോയിൽ നൈലിംഗ്, സെമെന്റൽ ബ്ലോക്സ്, ഫുൾ ഡെപ്ത് റിക്ലമേഷൻ, മൈക്രോ സർഫസിംഗ് തുടങ്ങിയ സാങ്കേതികവിദ്യകൾ പൈലറ്റ് പ്രോജക്ടായി കിഫ്ബി പദ്ധതികളിൽ നടപ്പാക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

### വാമനപുരം മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

31(35) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാമനപുരം നിയോജകമണ്ഡലത്തിലെ കല്ലറ ഗ്രാമപഞ്ചായത്തിൽ കിഫ്ബി പദ്ധതി പ്രകാരം ആധുനിക മത്സ്യ മാർക്കറ്റ് നിർമ്മിക്കുന്നതിനുള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ?

വാമനപുരം നിയോജകമണ്ഡലത്തിലെ കല്ലറ ഗ്രാമപഞ്ചായത്തിൽ കിഫ്ബി പദ്ധതി പ്രകാരം ആധുനിക മത്സ്യമാർക്കറ്റ് നിർമ്മിക്കുന്നതിലേയ്ക്കായി ഭരണ വകുപ്പ് ചുമതലപ്പെടുത്തിയ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയ കേരള തീരദേശ വികസന കോർപ്പറേഷൻ (KSCADC) 4.19 കോടി രൂപയുടെ വിശദമായ പദ്ധതി റിപ്പോർട്ട് കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. ഇത് പരിശോധിച്ച് തയ്യാറാക്കിയിട്ടുള്ള അവലോകന റിപ്പോർട്ട് കിഫ്ബിയുടെ അടുത്ത ബോർഡ് മീറ്റിംഗിൽ അംഗീകാരത്തിനായി സമർപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിക്കുവേണ്ടി എത്ര തുകയാണ് അനുവദിച്ചത്; ഇതുമായി ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പ് നൽകാമോ?

ബോർഡ് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ധനാനുമതി ഉത്തരവ് കിഫ്ബിയിൽ നിന്നും പുറപ്പെടുവിക്കുന്നതാണ്.

### വെഞ്ഞാറമൂട് ഫ്ലൈ ഓവർ നിർമ്മാണം

32(36) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിൽ കിഫ്ബി പദ്ധതി പ്രകാരം അനുവദിച്ച വെഞ്ഞാറമൂട് ഫ്ലൈ ഓവർ നിർമ്മാണം എന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ?

വാമനപുരം നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതിയായ വെഞ്ഞാറമൂട് ഫ്ലൈ ഓവർ ആദ്യം ടെണ്ടർ ചെയ്തുവെങ്കിലും രണ്ട് കരാറുകാരിൽ ഒരാൾ മാത്രം സാങ്കേതിക യോഗ്യത ചെയ്ത സാഹചര്യത്തിൽ ചീഫ് എഞ്ചിനീയർമാർ ഉൾപ്പെടുന്ന ടെക്നിക്കൽ കമ്മിറ്റി റീ-ടെണ്ടർ നിർദേശിച്ചു. റീ-ടെണ്ടർ ചെയ്തപ്പോഴും സിംഗിൾ ടെണ്ടർ ആയിരുന്നെങ്കിലും, സാങ്കേതികമായി യോഗ്യത നേടിയതിനാൽ രണ്ടാം ടെണ്ടർ ടെക്നിക്കൽ കമ്മിറ്റി അംഗീകരിച്ചു. കരാറുകാരൻ ക്വാട്ട് ചെയ്ത തുക ടെണ്ടർ അപ്രൂവൽ കമ്മിറ്റിക്ക് അംഗീകരിക്കാവുന്ന തുകയായ 10%-നെക്കാൾ

കൂടുതലായതിനാൽ സർക്കാർ അംഗീകാരത്തിനായി 14-9-2020-ൽ സമർപ്പിച്ചു. എന്നാൽ മാതൃകാ പെരുമാറ്റച്ചട്ടം പിൻവലിച്ചതിനുശേഷം ടെണ്ടർ അപ്രൂവലിന് സമർപ്പിക്കുവാൻ നിർദേശിച്ചതിൻപ്രകാരം 28-12-2020-ൽ വീണ്ടും സമർപ്പിക്കുകയും എസ്റ്റിമേറ്റ് പുതുക്കി റീടെണ്ടർ ചെയ്യാനായി സർക്കാരിൽനിന്നും നിർദ്ദേശം ലഭിക്കുകയുമുണ്ടായി. അംഗീകരിച്ച ഡിസൈൻ പ്രകാരം ഫ്ലൈ ഓവറിന്റെ വീതി 10.5 മീറ്ററും സർവ്വീസ് റോഡിന് ഡ്രെയിനും നടപ്പാതയും ഉൾപ്പടെ 3.5 മീറ്ററും മാത്രമാണ് വീതി ഉണ്ടായിരുന്നത്. അതിനാൽ സർവ്വീസ് റോഡിനാവശ്യമായ വീതി ലഭ്യമാക്കുന്നതിന് ഫ്ലൈ ഓവറിന്റെ വീതി 7.5 മീറ്റർ ആയി കുറയ്ക്കുവാൻ 19-1-2021-ലെ യോഗത്തിൽ പദ്ധതി നിർവ്വഹണ ഏജൻസിയായ കേരള റോഡ് ഫണ്ട് ബോർഡിനോട് കിഫ്ബി നിർദ്ദേശിക്കുകയുണ്ടായി. അതിൻപ്രകാരം ഫ്ലൈ ഓവറിന്റെ പുതുക്കിയ ഡിസൈൻ തയ്യാറാക്കി വരികയാണ്.

(ബി) പ്രസ്തുത പദ്ധതി എന്ന് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

പുതുക്കിയ ഡിസൈൻ അന്തിമമാക്കിയതിനുശേഷം പദ്ധതിക്ക് സാങ്കേതിക അനുമതി ലഭ്യമാക്കി എസ്.പി.വി-ക്ക് ടെണ്ടർ നടപടികൾ ആരംഭിക്കാവുന്നതാണ്.

## കിഫ്ബി പദ്ധതികൾ

33(37) <u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിൽ ഇതുവരെ സംസ്ഥാനത്ത് എത്ര കോടി രൂപയുടെ പ്രവൃത്തികൾക്കാണ് അനുമതി നൽകിയിട്ടുള്ളത്?

കിഫ്ബി മുഖേന നിലവിൽ 63,257.74 കോടി രൂപയുടെ പദ്ധതികൾക്കാണ് അനുമതി നൽകിയിട്ടുള്ളത്.

(ബി) സാമ്പത്തിക അനുമതിക്കായി എത്ര പദ്ധതികളാണ് കിഫ്ബിയിൽ പരിഗണനയിൽ ഉള്ളത് എന്നറിയിക്കാമോ?

നിലവിൽ 161 പദ്ധതികൾ സാമ്പത്തികാംഗീകാരത്തിനായി കിഫ്ബിയുടെ പരിഗണനയിലുണ്ട്.

## പുതുക്കാട് നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

34(38) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് നിയോജകമണ്ഡലത്തിൽ ഏതെല്ലാം പദ്ധതികൾ കിഫ്ബി ഫണ്ടുപയോഗിച്ച് നിർമ്മാണം നടത്തുന്നതിന് അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

പുതുക്കാട് നിയോജകമണ്ഡലത്തിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് നിർമ്മാണം നടത്തുന്നതിന് ധനാനുമതി നൽകിയ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) അനുവദിക്കപ്പെട്ട പദ്ധതികളുടെ നിർമ്മാണ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

പുതുക്കാട് നിയോജകമണ്ഡലത്തിൽ കിഫ്ബി ധനാനുമതി നൽകിയ പദ്ധതികളുടെ നിലവിലെ സ്ഥിതി അനുബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.*

(സി) ഇനിയും നിർമ്മാണം ആരംഭിക്കാത്ത റോഡുകൾ, റെയിൽവേ മേൽ പ്പാലങ്ങൾ തുടങ്ങിയവയുടെ നിർമ്മാണം ആരംഭിക്കുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

കിഫ്ബി ധനാനുമതി നൽകിയ പദ്ധതികൾ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് സമയബന്ധിതമായി പ്രവൃത്തികൾ പ്രാവർത്തികമാക്കുന്നതിനുള്ള ചുമതല ഭരണ വകുപ്പ് ചുമതലപ്പെടുത്തിയിട്ടുള്ള പദ്ധതി നിർവഹണ ഏജൻസികളുടേതാണ്. പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുവേണ്ടിയുള്ള നിർദ്ദേശങ്ങൾ നൽകൽ, പുരോഗതി സംബന്ധിച്ചുള്ള അവലോകന യോഗങ്ങൾ എന്നിവ കിഫ്ബി നിശ്ചിത ഇടവേളകളിൽ നടത്താറുണ്ട്.

## കിഫ്ബി ഫണ്ട് മുഖാന്തരം മലമ്പുഴ മണ്ഡലത്തിൽ നടപ്പിലാക്കുന്ന വികസന പദ്ധതികൾ

35(39) <u>ശ്രീ. എ. പ്രഭാകരൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഫണ്ട് മുഖാന്തരം മലമ്പുഴ നിയോജകമണ്ഡലത്തിൽ എന്തെല്ലാം വികസന പദ്ധതികളാണ് നടപ്പിലാക്കി വരുന്നത് എന്ന് അറിയിക്കാമോ?

കിഫ്ബി നാളിതുവരെ ധനാനുമതി നൽകിയ മലമ്പുഴ നിയോജക മണ്ഡലത്തിലെ പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ഇതിൽ ഓരോ പദ്ധതിക്കും അനുവദിച്ച തുകയും പ്രവൃത്തിയുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ?

പദ്ധതികളുടെ തുകയും നിലവിലെ സ്ഥിതിയും അനുബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## മലപ്പുറം മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

36(40) ശ്രീ. പി. ഉബൈദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മുഖേന മലപ്പുറം നിയോജകമണ്ഡലത്തിൽ നടപ്പാക്കുന്ന വിവിധ പദ്ധതികളുടെ പുരോഗതികൾ വെളിപ്പെടുത്തുമോ; അവ ഓരോന്നും ഇപ്പോൾ ഏത് ഘട്ടത്തിലാണ്?

കിഫ്ബി മുഖേന മലപ്പുറം നിയോജകമണ്ഡലത്തിൽ നടപ്പാക്കുന്ന വിവിധ പദ്ധതികളുടെ നിലവിലെ സ്ഥിതി ഉൾപ്പെടെയുള്ള വിവരങ്ങൾ അനുബന്ധത്തിൽ ചേർത്തിരിക്കുന്നു.*

(ബി) പദ്ധതികൾ ഓരോന്നും സമയബന്ധിതമായി പൂർത്തീകരിക്കുവാനും ഗുണനിലവാരം ഉറപ്പുവരുത്തുവാനും സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കാമോ?

കിഫ്ബി അംഗീകരിച്ച പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാനുള്ള ചുമതല ഭരണ വകുപ്പ് നിർദ്ദേശിച്ചിട്ടുള്ള എസ്.പി.വി-കൾക്കാണ്. അംഗീകരിച്ച പദ്ധതികൾ നിർദ്ദിഷ്ട സമയത്തിനുള്ളിൽ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ എസ്.പി.വി-കൾ സ്വീകരിച്ചുവരുന്നു. പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുവേണ്ടിയുള്ള നിർദ്ദേശങ്ങൾ നൽകൽ, പുരോഗതി സംബന്ധിച്ചുള്ള അവലോകന യോഗങ്ങൾ എന്നിവ കിഫ്ബി നിശ്ചിത ഇടവേളകളിൽ നടത്താറുണ്ട്. കൂടാതെ പദ്ധതികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി കിഫ്ബി പരിശോധനാ വിഭാഗം സ്ഥലം സന്ദർശിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) കാലതാമസം ഒഴിവാക്കി പദ്ധതികൾ എത്രയുംവേഗം നാടിന് സമർപ്പിക്കുവാൻ അടിയന്തര നിർദ്ദേശങ്ങൾ നൽകുമോ?

പദ്ധതികളുടെ സമയബന്ധിതമായ പൂർത്തീകരണത്തിനായി കിഫ്ബി ക്രിയാത്മകനിർദ്ദേശങ്ങളും സഹായവും നൽകുന്നുണ്ട്.

## തലശ്ശേരി നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖാന്തരം നടപ്പിലാക്കുന്ന പ്രവൃത്തികൾ

37(41) ശ്രീ. എ. എൻ. ഷംസീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖാന്തരം നടപ്പിലാക്കുന്ന പ്രവൃത്തികൾ ഏതൊക്കെയാണെന്നും മുഴുവൻ പ്രവൃത്തികളുടെയും നിലവിലെ അവസ്ഥ എന്താണെന്നും വ്യക്തമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തലശ്ശേരി നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖാന്തരം നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(ബി) പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് ഇനി എന്തൊക്കെ നടപടിക്രമങ്ങളാണുള്ളത്; ആയത് അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

കിഫ്ബി ധനാനുമതി നൽകിയ പദ്ധതികൾ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് സമയബന്ധിതമായി പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള ചുമതല ഭരണ വകുപ്പ് ചുമതലപ്പെടുത്തിയിട്ടുള്ള പദ്ധതി നിർവഹണ ഏജൻസികളുടേതാണ്. ഇതിനുള്ള ക്രിയാത്മക നിർദ്ദേശങ്ങൾ കിഫ്ബി നൽകാറുണ്ട്.

## കിഫ്ബി പദ്ധതികൾ

38(42) ശ്രീ. എൻ. കെ. അക്ബർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ നിയോജകമണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള കിഫ്ബി പദ്ധതികളുടെ നിലവിലെ പുരോഗതി വിശദമാക്കാമോ?

ഗുരുവായൂർ നിയോജകമണ്ഡലത്തിൽ കിഫ്ബി ധനാനുമതി നൽകിയിട്ടുള്ള പദ്ധതികളുടെയും പുരോഗതിയുടെയും വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നതിന് അടിയന്തര നിർദ്ദേശം നൽകുമോ?

പൊതുവിൽ കിഫ്ബി പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പുകളുമായും എസ്.പി.വി-കളുമായും പദ്ധതി അവലോകന യോഗങ്ങൾ നിശ്ചിത ഇടവേളകളിൽ കിഫ്ബി നടത്തിവരുന്നു. ടി യോഗത്തിൽ പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുവാൻ നിർദേശം നൽകുന്നതാണ്.

## കിഫ്ബിയും പെട്രോളിയം സെസ്സും

39(43) ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെട്രോളിയം സെസ്സിലൂടെ കിഫ്ബി നാളിതുവരെ എത്ര തുക സമാഹരിച്ചു; സാമ്പത്തിക വർഷം തിരിച്ച് വിശദമാക്കാമോ?

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പെട്രോളിയം സെസ്സിലൂടെ കിഫ്ബിയിലേയ്ക്ക് 2021 ജൂൺ 30 വരെ 2673.71 കോടി രൂപ ലഭ്യമായിട്ടുണ്ട്. വർഷം തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ഒരു ലിറ്റർ പെട്രോളിലും ഡീസലിലുംനിന്ന് എത്ര തുകയാണ് സെസ്സായി കിഫ്ബിക്ക് ലഭിക്കുന്നത്?

പെട്രോൾ, ഡീസൽ എന്നിവയിൽനിന്നും ലിറ്ററൊന്നിന് ഒരു രൂപ നിരക്കിലാണ് സെസ്സ് ഈടാക്കുന്നത്.

(സി) മോട്ടോർ വാഹന സെസ്സ് വഴി എത്ര തുക കിഫ്ബി നാളിതുവരെ സമാഹരിച്ചു?

മോട്ടോർ വാഹന നികുതിയുടെ വിഹിതമായി 2021 ജൂൺ 30 വരെ 5862.48 കോടി രൂപ ലഭ്യമായിട്ടുണ്ട്. വർഷം തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) മോട്ടോർ വാഹന സെസ്സിന്റെ എത്ര ശതമാനമാണ് കിഫ്ബിക്ക് ലഭിക്കുന്നത് എന്നറിയിക്കാമോ ?

മോട്ടോർ വാഹന നികുതിയുടെ 50 ശതമാനമാണ് നിലവിൽ കിഫ്ബിക്ക് ലഭിക്കുന്നത്.

## കിഫ്ബിക്ക് കൈമാറുന്ന തുക

40(44) ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ കിഫ്ബിക്ക് ഏതെല്ലാം ഇനത്തിൽ തുക കൈമാറുന്നുണ്ട്?

കിഫ്ബി പുനഃസംഘടിപ്പിക്കപ്പെട്ടതിനോടനുബന്ധിച്ച് കോർപ്പസായി കൈമാറിയ 2498.4 കോടി രൂപയ്ക്കുപുറമേ 2016-17 സാമ്പത്തിക വർഷം മുതൽ മോട്ടോർ വാഹന നികുതിയുടെ ഒരു നിശ്ചിത ശതമാനവും പെട്രോൾ/ഡീസൽ സെസ്സും കിഫ്ബിക്ക് കൈമാറുന്നുണ്ട്.

(ബി) 2021 ജൂൺ 30 വരെ സർക്കാരിൽനിന്ന് ഓരോ ഇനത്തിലും എത്ര തുക വീതം കിഫ്ബിക്ക് ലഭിച്ചു എന്ന് അറിയിക്കുമോ?

2021 ജൂൺ 30 വരെ സർക്കാരിൽനിന്ന് ലഭ്യമാക്കിയ തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) സംസ്ഥാന സർക്കാർ വിഹിതം എത്ര കാലത്തേയ്ക്കാണ് കിഫ്ബിക്ക് ലഭിക്കുന്നത്?

നിലവിൽ 63257.74 കോടി രൂപയുടെ പദ്ധതികൾ കിഫ്ബി അംഗീകരിച്ചിട്ടുണ്ട്. കൂടാതെ മറ്റ് വൻകിട പദ്ധതികളും ഭൂമിയേറ്റെടുക്കാനുള്ള പദ്ധതികളും പരിഗണനയിലാണ്. ഈ പദ്ധതികളുടെ പൂർത്തീകരണച്ചെലവും വായ്പാ തിരിച്ചടവും പൂർത്തിയാകുന്നതുവരെയും കിഫ്ബി ആക്ട് വിവക്ഷിക്കുംപ്രകാരം സർക്കാർ വിഹിതം ലഭ്യമാക്കേണ്ടതുണ്ട്.

(ഡി) പ്രസ്തുത വിഹിതം എന്ത് ആവശ്യത്തിനാണ് കിഫ്ബി ഉപയോഗിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ?

കിഫ്ബി ആക്ടിൽ വിവക്ഷിക്കുംപ്രകാരം പദ്ധതി നടത്തിപ്പിനും അനുബന്ധ ചെലവുകൾക്കും വായ്പ തിരിച്ചടവുകൾക്കുമാണ് തുക വിനിയോഗിക്കുന്നത്.

(ഇ) സംസ്ഥാന സർക്കാർ വിഹിതത്തിൽനിന്നും കിഫ്ബി എത്ര തുക നാളിതുവരെ ചെലവഴിച്ചുവെന്ന് വെളിപ്പെടുത്തുമോ?

കിഫ്ബി 2021 ജൂൺ 30 പ്രകാരം വിവിധ ലോണുകളിലൂടെയും ബോണ്ടുകളിലൂടെയും 9061.90 കോടി രൂപയും മോട്ടോർ വാഹന നികുതിയുടെയും പെട്രോളിയം സെസിന്റെയും വിഹിതമായി 8536.19 കോടി രൂപയും ഉൾപ്പെടെ ആകെ 17598.09 കോടി രൂപ സമാഹരിച്ചിട്ടുണ്ട്. ഇതിൽനിന്നും 12577.8 കോടി രൂപ പദ്ധതികൾക്കായും 1075.8 കോടി രൂപ വായ്പയുടെ തിരിച്ചടവിനും (മുതലും പലിശയും) വിനിയോഗിച്ചിട്ടുണ്ട്. സർക്കാർ വിഹിതവും പൊതു വിപണിയിൽ നിന്നും സമാഹരിക്കുന്ന തുകയും കിഫ്ബിയുടെ പൊതുവായ പൂൾ അക്കൗണ്ടിലേയ്ക്ക് വരവുവച്ച് അതിൽനിന്നുമാണ് പദ്ധതിച്ചെലവിനും ലോണുകളുടെ തിരിച്ചടവിനും വിനിയോഗിക്കുന്നത്. കൂടാതെ വിവിധ സ്രോതസ്സുകളിൽനിന്നും ലഭ്യമായ തുകയിൽ ചെലവിനുശേഷം നിൽക്കുന്ന നീക്കിയിരിപ്പ് തുക കിഫ്ബിയുടെ ഇൻവെസ്റ്റ്മെന്റ് മാനേജ്മെന്റ് നയം പ്രകാരം നിക്ഷേപിക്കുകയും ചെയ്യുന്നുണ്ട്. ആയതിനാൽ സർക്കാർ വിഹിതത്തിൽനിന്നുമാത്രമായി ചെലവഴിച്ച തുക രേഖപ്പെടുത്തുന്നതിൽ പ്രായോഗികതയില്ല.

**കിഫ്ബിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ പദ്ധതികൾ**

41(45) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി എന്നാണ് തുടങ്ങിയതെന്നും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയ ആദ്യത്തെ പദ്ധതി/പ്രവൃത്തി സംബന്ധിച്ച വിശദാംശങ്ങളും അറിയിക്കാമോ?

1999-ലാണ് കിഫ്ബി നിലവിൽ വരുന്നത്. എന്നാൽ 2016-ലെ കേരള അടിസ്ഥാന സൗകര്യ വികസന നികുതി (ഭേദഗതി) ആക്റ്റിലൂടെ നിലവിലെ രീതിയിൽ കിഫ്ബി പുനഃസംഘടിപ്പിക്കപ്പെടുകയും പദ്ധതികൾക്ക് ധനസഹായം നൽകിത്തുടങ്ങുകയും ചെയ്തു. കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ ആദ്യത്തെ പദ്ധതി/പ്രവൃത്തി സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം 1-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.*

(ബി) നാളിതുവരെ കിഫ്ബിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ പദ്ധതികൾ ഏതൊക്കെയാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

നാളിതുവരെ കിഫ്ബി സാമ്പത്തികാനുമതി നൽകിയ പദ്ധതികളുടെ ജില്ല ഉൾപ്പടെയുള്ള വിശദാംശം അനുബന്ധം 2-ൽ ചേർത്തിരിക്കുന്നു.*

(സി) പ്രസ്തുത ഓരോ പദ്ധതിക്കും എന്നാണ് ഭരണാനുമതി നൽകിയത്; തുക എത്ര; നിലവിലെ അവസ്ഥ എന്നിവ വ്യക്തമാക്കാമോ?

പ്രസ്തുത പദ്ധതികൾക്ക് അനുമതി നൽകിയ തീയതി, തുക, നിലവിലെ അവസ്ഥ എന്നിവ അനുബന്ധം 2-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.*

(ഡി) കിഫ്ബിയിൽ ഉൾപ്പെടുത്തിയതും ഭരണ-സാമ്പത്തികാനുമതികൾ ലഭ്യമാകാത്തതുമായ പദ്ധതികൾ/പ്രവൃത്തികൾ ഏതെല്ലാമെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

കിഫ്ബിയിൽ സമർപ്പിച്ചിട്ടുള്ള പദ്ധതികളിൽ ധനാനുമതി ലഭിച്ചിട്ടില്ലാത്ത പ്രവൃത്തികളുടെ ജില്ല ഉൾപ്പടെയുള്ള വിശദാംശം അനുബന്ധം 3 ആയി ചേർത്തിരിക്കുന്നു.*

(ഇ) കിഫ്ബിയിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ച ഏതെല്ലാം പ്രവൃത്തികൾക്കുള്ള ബില്ലുകളാണ് കുടിശ്ശികയായിട്ടുള്ളത്; കരാറുകാരന്റെ/കമ്പനിയുടെ വിവരങ്ങളും കുടിശ്ശിക തുകയും പ്രവൃത്തിയുടെ വിശദാംശങ്ങളും ജില്ല തിരിച്ച് വ്യക്തമാക്കാമോ?

കിഫ്ബിയിൽ സമർപ്പിക്കുന്ന ബില്ലുകളെല്ലാം അതാത് പദ്ധതി നിർവഹണ ഏജൻസിയുടെ ധനാനുമതി ഉത്തരവോടുകൂടി കിഫ്ബിയിൽ സമർപ്പിക്കപ്പെടുകയും ആയത് കിഫ്ബി മാനദണ്ഡങ്ങൾക്ക് അനുസൃതമാണോ എന്ന് പരിശോധിച്ചതിനുശേഷം ബന്ധപ്പെട്ട കരാറുകാർക്ക് തുക നേരിട്ട് അവരുടെ അക്കൗണ്ടിലേയ്ക്ക് നൽകുകയും ചെയ്യുന്ന രീതിയാണ് അവലംബിക്കുന്നത്. ഇതിൽ ആദ്യത്തെ പാർട്ട് ബിൽ, പദ്ധതിയുടെ 40%/80% സാമ്പത്തിക പുരോഗതിക്ക് അനുസൃതമായി സമർപ്പിക്കപ്പെടുന്ന ബില്ലുകൾ, ഫൈനൽ ബിൽ എന്നിവ ഒഴിച്ച് മറ്റ് ബില്ലുകൾ പ്രതികൂല നിരീക്ഷണങ്ങളില്ലാത്ത പക്ഷം ബിൽ ലഭിക്കുന്ന മുറയ്ക്ക് തന്നെ തുക

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നൽകിവരുന്നുണ്ട്. ബില്ലുകളിൽ ഏതെങ്കിലും വിധത്തിലുള്ള പോരായ്മകൾ കാണപ്പെടുന്ന സാഹചര്യങ്ങളിൽ ആ പോരായ്മ പരിഹരിച്ച് എസ്.പി.വി. ബിൽ വീണ്ടും സമർപ്പിക്കുമ്പോൾ മാത്രമേ തുക നൽകുവാൻ സാധിക്കുകയുള്ളൂ. പണം നൽകുന്നതിൽ കാലതാമസം ഉണ്ടാകാതിരിക്കാൻ ആവശ്യമായ എല്ലാ മുൻകരുതലും കിഫ്ബി സ്വീകരിച്ചിട്ടുണ്ട്. 2021 ഏപ്രിൽ മുതൽ, കിഫ്ബിയിൽ സമർപ്പിക്കപ്പെട്ടിട്ടുള്ള 923 ബില്ലുകളിന്മേൽ 72 എണ്ണത്തിന് നിലവിൽ പണം നൽകാനുണ്ട്. ഇവ നിയമപ്രകാരമുള്ള പരിശോധനയുടെ വിവിധ ഘട്ടങ്ങളിലാണ്. കിഫ്ബിയുടെ വിവിധ വിഭാഗങ്ങളിൽനിന്ന് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ഈ ബില്ലുകളിന്മേൽ സമയബന്ധിതമായി പണം നൽകുന്നതാണ്. പോരായ്മകളില്ലാതെ സമർപ്പിക്കപ്പെടുന്ന ബില്ലുകളിന്മേൽ പരിശോധന നടത്തി അംഗീകാരം നൽകിയശേഷവും പണം നൽകുന്നതിൽ കാലതാമസമുണ്ടാകുന്ന സാഹചര്യത്തിൽ മാത്രമേ അത് കുടിശ്ശികയായി കണക്കാക്കാനാവൂ. അത്തരത്തിൽ ബില്ലുകളൊന്നും കിഫ്ബിയിൽ നിലവിലില്ല.

**കിഫ്ബി വായ്പാ തിരിച്ചടവ്**

42(46) ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി 2021 ജൂൺ 30 വരെ ആകെ എത്ര തുക കടമെടുത്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

2021 ജൂൺ 30 വരെയുള്ള കാലയളവിൽ വിവിധ സ്രോതസ്സുകളിലൂടെ കിഫ്ബി 10,124.43 രൂപ ഉറപ്പുവരുത്തിയിട്ടുണ്ട്. ഇതിൽ 9,061.90 രൂപ കിഫ്ബിയുടെ അക്കൗണ്ടിൽ വന്നിട്ടുണ്ട്.

(ബി) കിഫ്ബി വായ്പയുടെ തിരിച്ചടവ് എന്ന് തുടങ്ങുമെന്ന് അറിയിക്കുമോ?

ബാങ്ക്/മറ്റ് ഡെവലപ്മെന്റ് ഫിനാൻഷ്യൽ ഇൻസ്റ്റിറ്റ്യൂഷൻ വഴിയുള്ള ലോണുകൾ എല്ലാംതന്നെ 10 മുതൽ 15 വർഷം വരെ കാലാവധിയുള്ള ദീർഘകാല ലോണുകളാണ്. 2017-2019 കാലഘട്ടത്തിൽ സമാഹരിച്ച ബാങ്ക് വായ്പകളുടെ തിരിച്ചടവ് മൊറട്ടോറിയം കാലാവധിയായ 2 വർഷത്തിനുശേഷം ആരംഭിച്ചിട്ടുണ്ട്.

(സി) കിഫ്ബി വായ്പാ തിരിച്ചടവിന് മൊറട്ടോറിയം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ എത്ര കാലത്തേയ്ക്കെന്ന് വെളിപ്പെടുത്താമോ?

നിലവിലെ എല്ലാ ബാങ്ക് വായ്പകളുടെയും മൊറട്ടോറിയം കാലാവധി 2 വർഷമാണ്. എന്നാൽ കിഫ്ബി പുറപ്പെടുവിച്ചിട്ടുള്ള വിവിധ ബോണ്ടുകളുടെ തിരിച്ചടവ്, ബോണ്ട് കാലാവധിക്കുശേഷമാണ് തുടങ്ങുക. നിലവിൽ 3 മുതൽ 6 വർഷക്കാലയളവിലുള്ള ബോണ്ടുകളാണ് പുറപ്പെടുവിച്ചിട്ടുള്ളത്.

(ഡി) കിഫ്ബി എടുത്തിട്ടുള്ള വായ്പയുടെ തിരിച്ചടവ് 2026-ൽ എത്ര തുകയാണെന്നാണ് ഇപ്പോൾ കണക്കാക്കിയിട്ടുള്ളത്; വിശദാംശം വെളിപ്പെടുത്തുമോ?

2021 ജൂൺ 30 വരെയുള്ള വായ്പകളുടെ കണക്കുകൾ പ്രകാരം 2026 സാമ്പത്തിക വർഷത്തിൽ ഏകദേശം 852.02 കോടി രൂപ വിവിധ വായ്പകളിലേയ്ക്കായി തിരിച്ചടയ്ക്കേണ്ടതായിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി നൽകുന്നു.*

**അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ**

43(47) <u>ശ്രീ. എച്ച്. സലാം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ പട്ടികയും അവയ്ക്ക് ഓരോന്നിനും അനുവദിച്ച തുകയും നിർവ്വഹണ ഏജൻസിയുടെ പേരും വർഷം തിരിച്ച് വ്യക്തമാക്കാമോ; ഇവയുടെ ഓരോന്നിന്റെയും നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ?

അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ കിഫ്ബി ധനാനുമതി നൽകിയിട്ടുള്ള പദ്ധതികളുടെയും പുരോഗതിയുടെയും വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ഭരണാനുമതി നൽകുന്നതിനായി ഇപ്പോൾ കിഫ്ബിയിൽ പരിഗണിക്കുന്ന ഈ നിയോജകമണ്ഡലത്തിലെ പ്രവൃത്തികളുടെ പട്ടികയും തുകയും വ്യക്തമാക്കാമോ; എന്നത്തേയ്ക്ക് ഇവയ്ക്ക് ഭരണാനുമതി നൽകാൻ കഴിയുമെന്ന് വിശദമാക്കാമോ?

പ്രസ്തുത നിയോജകമണ്ഡലത്തിൽ ധനാനുമതി നൽകുന്നതിലേയ്ക്കായി നിലവിൽ കിഫ്ബിയിൽ അവലോകനത്തിലുള്ള പദ്ധതി 'അമ്പലപ്പുഴ ഗവൺമെന്റ് കോളേജ്' ആണ്. പ്രസ്തുത പദ്ധതിയുടെ 10.34 കോടി രൂപയുടെ ഡി.പി.ആർ. ആണ് കിഫ്ബിയിൽ ലഭിച്ചത്. സാങ്കേതിക അവലോകന റിപ്പോർട്ടിൽ ആവശ്യപ്പെട്ടതനുസരിച്ച് കിഫ്ബി മാനദണ്ഡപ്രകാരമുള്ള മാറ്റങ്ങൾ വരുത്തി ടി റിപ്പോർട്ടിനുള്ള മറുപടി പദ്ധതി നിർവ്വഹണ ഏജൻസി സമർപ്പിക്കുന്ന മുറയ്ക്ക് പദ്ധതിയുടെ അന്തിമ അവലോകന റിപ്പോർട്ട് തയ്യാറാക്കി കിഫ്ബി എക്സിക്യൂട്ടീവ് കമ്മിറ്റി/ബോർഡ് മുൻപാകെ സമർപ്പിച്ച് ധനാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കിഫ്ബിയുടെ വരവും ചെലവും

44(48) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിഫ്ബിക്ക് തുടക്കമിട്ടത് എന്നാണെന്നും ഈ പദ്ധതിയുടെ ധനസമാഹരണത്തിന്റെ ഭാഗമായി ആദ്യമായി തുക നൽകിയ വ്യക്തി/സ്ഥാപനം ഏതാണന്നും തുക എത്രയാണെന്നും വ്യക്തമാക്കാമോ?

1999-ലാണ് കിഫ്ബി നിലവിൽ വരുന്നതെങ്കിലും 2016-ൽ കിഫ്ബി ആക്ടിലുണ്ടായ സമഗ്ര ഭേദഗതിക്കുശേഷമാണ് നിലവിലെ രീതിയിലുള്ള ധനസമാഹരണവും പദ്ധതി നിർവഹണവും ആരംഭിച്ചത്. 2016-ലെ ഭേദഗതിക്കുശേഷം നടന്ന ധനസമാഹരണത്തിൽ ആദ്യമായി കിഫ്ബിക്ക് വായ്പ അനുവദിച്ചത് നബാർഡ് ആണ്. 565 കോടി രൂപയാണ് നബാർഡ് വായ്പയായി നൽകിയത്.

(ബി) ഏതൊക്കെ വ്യക്തികളിൽനിന്നും സ്ഥാപനങ്ങളിൽനിന്നും രാജ്യങ്ങളിൽ നിന്നും നാളിതുവരെ കിഫ്ബിക്ക് വേണ്ടി പണം സമാഹരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; സമാഹരിച്ച തുക എത്രയാണെന്നും നിബന്ധനകൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ?

വ്യക്തികളിൽനിന്നും നേരിട്ട് ധനസമാഹരണം നടത്തുന്ന പദ്ധതികൾ ഒന്നും കിഫ്ബി നിലവിൽ ചെയ്യുന്നില്ല. കിഫ്ബിയുടെ നിക്ഷേപകരെല്ലാംതന്നെ ഇൻസ്റ്റിറ്റ്യൂഷണൽ നിക്ഷേപകരാണ്. ആഭ്യന്തര വിപണിയിലൂടെ വിവിധ ബാങ്കുകളിൽ നിന്നും മറ്റ് ഡെവലപ്മെന്റ് ഫിനാൻഷ്യൽ ഇൻസ്റ്റിറ്റ്യൂഷനുകളിൽനിന്നുമുള്ള ലോണുകളും കെ.എസ്.എഫ്.ഇ. മുഖേന പ്രവാസി ചിട്ടിയുടെ ലഭിക്കുന്ന ഫണ്ടും NORKWB മുഖേന പ്രവാസി ഡിവിഡന്റ് സ്കീമിലൂടെ ലഭിക്കുന്ന ഫണ്ടുമാണ് പ്രധാനമായും കിഫ്ബിയുടെ വരുമാന സ്രോതസ്സുകൾ. ഇതിനുപുറമെ 2019-ൽ മസാലബോണ്ടു വഴി ലഭിച്ച 2150 കോടിയും വിദേശ ധനസമാഹരണ ഇനത്തിൽ കിഫ്ബിക്ക് വന്നിട്ടുണ്ട്. Financial Action Task Force (FATF)-ൽ അംഗമായിട്ടുള്ള രാജ്യങ്ങളിലെ ഇൻസ്റ്റിറ്റ്യൂഷണൽ നിക്ഷേപകർക്ക് മാത്രമാണ് മസാലബോണ്ടിൽ പങ്കെടുക്കാൻ സാധിക്കുമായിരുന്നത്. കിഫ്ബിയുടെ ധനസമാഹരണ രീതികൾ എല്ലാംതന്നെ ഇന്ത്യയിലെ നിയമങ്ങൾക്കും ഇതുസംബന്ധിച്ച് നിയന്ത്രണ ഏജൻസികളായ റിസർവ് ബാങ്ക്, സെബി എന്നീ സ്ഥാപനങ്ങൾ നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾക്കും വിധേയമായാണ്. 2021 ജൂൺ 30-ലെ കണക്കുകൾ പ്രകാരമുള്ള കിഫ്ബിയുടെ വായ്പകളുടെ വിവരങ്ങൾ അനുബന്ധം 1 ആയി നൽകുന്നു.*

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) കുറഞ്ഞ പലിശ നിരക്കിൽ ആഭ്യന്തരമായി പണം സമാഹരിക്കാനുള്ള സാദ്ധ്യത ഉണ്ടായിരിക്കെ എന്തുകൊണ്ടാണ് വിദേശങ്ങളിൽനിന്ന് ഉയർന്ന നിരക്കിൽ പണം സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

വിപണിയിലെ വായ്പാ നിരക്ക് നിശ്ചയിക്കപ്പെടുന്നത് വിവിധ ഘടകങ്ങളെ ആശ്രയിച്ചാണ്. വായ്പയെടുക്കുന്ന സ്ഥാപനത്തിന്റെ വിശ്വാസ്യത, തിരിച്ചടവുശേഷി, ഗ്യാരണ്ടികൾ, വായ്പാ കാലയളവ്, വായ്പാ തുക, ധനകാര്യ വിപണിയുടെ സ്ഥിതി തുടങ്ങിയവയാണ് ഇതിൽ മുഖ്യം. വിദേശ ധനസമാഹരണത്തിനുമുന്നേ കിഫ്ബി ആഭ്യന്തര വിപണിയുടെ സാദ്ധ്യത നോക്കിയിരുന്നു. ഇന്ത്യയിലെ ആഭ്യന്തര വിപണിയിൽ കിഫ്ബി അതിനകം രണ്ടുതവണ വായ്പാശ്രമങ്ങൾ നടത്തുകയുണ്ടായി. 10.20% മുതൽ 10.25% വരെയാണ് അപ്പോഴൊക്കെ നമുക്ക് വാഗ്ദാനം ചെയ്ത ഏറ്റവും കുറഞ്ഞ പലിശനിരക്ക്. അതിനോടൊപ്പം അറിയേണ്ട കാര്യം, കിഫ്ബിക്ക് തുല്യം വ്യവസ്ഥാപിത സ്ഥാപനമായ ആന്ധ്രാപ്രദേശ് കാപ്പിറ്റൽ റീജിയണൽ ഡവലപ്മെന്റ് അതോറിറ്റി (APCRDA)ക്ക് പണം എടുത്തത് 10.34% എന്ന നിരക്കിൽ ത്രൈമാസ അടിസ്ഥാനത്തിലാണ്. എന്നാൽ മസാല ബോണ്ടിന്റെ ഭാഗമായി താരതമ്യേന മികച്ച നിരക്കായ 9.723% നിരക്കിലാണ് കിഫ്ബി 2150 കോടി രൂപ സമാഹരിച്ചത്. കിഫ്ബിയുടെ ക്രെഡിറ്റ് റേറ്റിംഗ് കണക്കിലെടുത്താൽ അന്ന് ലഭ്യമായിരുന്ന മികച്ച നിരക്കിൽ തന്നെയാണ് മസാല ബോണ്ട് പുറപ്പെടുവിച്ചത്. ആയതിനാൽ ഉയർന്ന നിരക്കിലാണ് വിദേശ പണം സ്വീകരിച്ചത് എന്ന പരാമർശം വസ്തുതാപരമായി തെറ്റാണ്. കിഫ് ബോർഡും, ഫണ്ട് ട്രസ്റ്റീ ആൻഡ് അഡ്വൈസറി കമ്മീഷനും മസാല ബോണ്ടിന്റെ നിരക്ക് അന്നത്തെ വിപണി സാഹചര്യവും കിഫ്ബിയുടെ റേറ്റിംഗും കണക്കിലെടുക്കുമ്പോൾ എന്തുകൊണ്ടും മികച്ചതാണെന്ന് വിലയിരുത്തിയിരുന്നു.

(ഡി) കിഫ്ബിയുടെ ഇതുവരെയുള്ള വരവിന്റെയും ചെലവിന്റെയും വിശദാംശം നൽകാമോ?

കിഫ്ബിയുടെ മാർച്ച് 2020 വരെയുള്ള വരവിന്റെയും ചെലവിന്റെയും ഓഡിറ്റഡ് സ്റ്റേറ്റ്മെന്റ് അനുബന്ധം 2- ആയി നൽകുന്നു.*

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**കിഫ്ബിയുടെ പദ്ധതികൾ**

45(49) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. റോജി എം. ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 ഫെബ്രുവരി പതിനഞ്ചാം തീയതി ചേർന്ന കിഫ്ബിയുടെ യോഗം 2,600 കോടി രൂപയുടെ പദ്ധതികൾക്ക് അംഗീകാരം നല്കിയിരുന്നോ?

2021 ഫെബ്രുവരി പതിനഞ്ചാം തീയതി ചേർന്ന കിഫ് ബോർഡ് യോഗം 2613.38 കോടി രൂപയുടെ പദ്ധതികൾക്ക് അംഗീകാരം നൽകിയിരുന്നു.

(ബി) കിഫ്ബി മുൻപ് അംഗീകാരം നൽകിയ പദ്ധതികളിൽ ഭൂരിഭാഗവും ആരംഭിക്കാൻ കഴിഞ്ഞിട്ടില്ലെന്ന് ആക്ഷേപമുള്ള സാഹചര്യത്തിൽ കൂടുതൽ പദ്ധതികൾക്ക് അംഗീകാരം നൽകുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

കിഫ്ബി നാളിതുവരെ 63,257.74 കോടി രൂപയുടെ 903 പദ്ധതികൾക്ക് ധനാനുമതി നൽകിയിട്ടുണ്ട്. കിഫ്ബി അംഗീകാരം നൽകിയിട്ടുള്ള പദ്ധതികൾ ത്വരിതഗതിയിൽ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ ബന്ധപ്പെട്ട ഭരണവകുപ്പുകളും എസ്.പി.വി.കളും സ്വീകരിച്ചുവരുന്നു. കിഫ്ബി അതിനുള്ള ക്രിയാത്മക നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. സ്ഥലമേറ്റെടുപ്പ്, നിയമാനുസൃതമായുള്ള ക്ലിയറൻസുകൾ എന്നിവയ്ക്കുള്ള സ്വാഭാവികമായ കാലതാമസമല്ലാതെ അംഗീകരിച്ച പദ്ധതികളിലൊന്നും കാലതാമസം വന്നിട്ടില്ല. ആയതിന്റെ നിർവ്വഹണം കിഫ്ബി മാനദണ്ഡങ്ങൾക്കും കിഫ്ബി നിഷ്കർഷിക്കുന്ന ഗുണനിലവാരത്തിന്റെ അടിസ്ഥാനത്തിലും പുരോഗമിച്ചുവരുന്നു. അടുത്ത രണ്ടുവർഷ കാലയളവിൽ വലിയൊരു ശതമാനം പദ്ധതികളും പൂർത്തീകരിക്കാൻ സാധിക്കും. പദ്ധതികളുടെ വിശദമായ പുരോഗതി റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

കിഫ്ബി അംഗീകാരം നൽകിയതിൽ 20,000 കോടി രൂപയുടെ 6 പദ്ധതികളിൽ 5 എണ്ണം വിവിധ വ്യവസായങ്ങൾക്കായുള്ള സ്ഥലം ഏറ്റെടുപ്പ് സംബന്ധിച്ചതും, ഒരെണ്ണം ദേശീയപാതാ വികസനത്തിന്റെ സ്ഥലമേറ്റെടുപ്പുമായി ബന്ധപ്പെട്ടതുമാണ്. അംഗീകരിച്ച 903 പദ്ധതികളിൽ 23,741.96 കോടി രൂപയ്ക്കുള്ള 542 പദ്ധതികൾക്ക് ടെണ്ടർ നടപടികൾ പൂർത്തിയാക്കിയിട്ടുള്ളതും, അവയിൽ 21,171.43 കോടി രൂപയ്ക്കുള്ള 485 പദ്ധതികളുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുള്ളതുമാണ്. 2021 ജൂലൈ 20 വരെ 12,799.47 കോടി രൂപ പദ്ധതികൾക്കായി ഇതുവരെ

ചെലവഴിച്ചിട്ടുണ്ട്. ആരോഗ്യവും കുടുംബക്ഷേമവും വകുപ്പിൽ ഉൾപ്പെടുത്തി 7 CCU, 8 കാത്ത് ലാബുകൾ, 43 ഡയാലിസിസ് കേന്ദ്രങ്ങൾ, പുനലൂർ താലൂക്ക് ആശുപത്രി യുൾപ്പെടെ ആകെ 199 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിനുകീഴിൽ വൈറ്റില-കുണ്ടന്നൂർ മേൽപ്പാലങ്ങൾ ഉൾപ്പെടെ ആകെ 996.84 കോടി രൂപയുടെ 24 പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. പൊതു വിദ്യാഭ്യാസ വകുപ്പിനുകീഴിൽ 507.61 കോടി രൂപയുടെ 125 സ്കൂളുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട് (3 കോടി രൂപയുടെ 58 സ്കൂളുകൾ, 5 കോടി രൂപയുടെ 67 സ്കൂളുകൾ). ജലവിഭവ വകുപ്പിനുകീഴിൽ 178.34 കോടി രൂപയുടെ 9 പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിൽ ഐ.ടി.ഐ. കെട്ടിടങ്ങൾ/പ്രീ-മെട്രിക് ഹോസ്റ്റലുകൾ തുടങ്ങി ആകെ 34.31 കോടിരൂപയുടെ വിവിധ പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. രജിസ്ട്രേഷൻ വകുപ്പിനുകീഴിൽ 28.78 കോടി രൂപയുടെ 25 സബ്-രജിസ്ട്രാർ ഓഫീസ് കെട്ടിടങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. കായിക യുവജനക്ഷേമ വകുപ്പിനുകീഴിൽ ചാലക്കുടി മുനിസിപ്പൽ സ്റ്റേഡിയം, കുത്തുപ്പറമ്പ് മുനിസിപ്പൽ സ്റ്റേഡിയം, ഏടപ്പാൾ ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ മിനി സ്റ്റേഡിയം, പറളി സ്പോർട്സ് പ്രോജക്ട്, അയ്മനം ഗ്രാമപഞ്ചായത്ത് മിനി സ്റ്റേഡിയം എന്നീ 33.65 കോടി രൂപയുടെ 5 സ്റ്റേഡിയങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ 977.46 കോടി രൂപയുടെ പെട്രോ കെമിക്കൽ പാർക്കിനുള്ള സ്ഥലമേറ്റെടുപ്പ് പൂർത്തീകരിച്ചിട്ടുണ്ട്. കിഫ്ബി അംഗീകരിച്ച പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാനുള്ള ചുമതല ഭരണ വകുപ്പ് നിർദ്ദേശിച്ചിട്ടുള്ള എസ്.പി.വി-കൾക്കാണ്. അംഗീകരിച്ച പദ്ധതികൾ നിർദ്ദിഷ്ട സമയത്തിനുള്ളിൽ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ എസ്.പി.വി-കൾ സ്വീകരിച്ചുവരുന്നു. പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകൽ, പുരോഗതി സംബന്ധിച്ചുള്ള അവലോകന യോഗങ്ങൾ എന്നിവ കിഫ്ബി നിശ്ചിത ഇടവേളകളിൽ നടത്തിവരുന്നു. കിഫ്ബി മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് സമയബന്ധിതമായി ഉന്ന നിലവാരവും ധനലഭ്യതയും ഉറപ്പുവരുത്തി പദ്ധതികൾ നടപ്പിലാക്കിവരുന്ന സാഹചര്യത്തിൽ കിഫ്ബി അംഗീകാരം നൽകിയ പദ്ധതികളിൽ ഭൂരിഭാഗവും ആരംഭിക്കാൻ കഴിഞ്ഞില്ല എന്ന ആരോപണത്തിന് പ്രസക്തിയില്ല.

(സി) കിഫ്ബി അംഗീകാരം നൽകിയ 63,250 കോടി രൂപയുടെ പദ്ധതികളിൽ എത്ര ശതമാനം പദ്ധതികൾ നടപ്പിലാക്കാനുള്ള വിഭവസമാഹരണമാണ് കിഫ്ബി നാളിതുവരെ നടത്തിയിരിക്കുന്നത്?

കഴിഞ്ഞ 5 വർഷക്കാലയളവിൽ കിഫ്ബി 63,000 കോടി രൂപയിൽപ്പരം ചെലവുവരുന്ന പദ്ധതികൾക്കാണ് അംഗീകാരം നൽകിയിട്ടുള്ളത്. ഇവയെല്ലാം തന്നെ സ്ഥലമേറ്റെടുപ്പ്, ടെണ്ടറിംഗ്, നിർമ്മാണം എന്നിങ്ങനെ പദ്ധതി നിർവ്വഹണത്തിന്റെ

വിവിധ ഘട്ടങ്ങളിലാണ്. ചില പദ്ധതികൾ പൂർത്തിയാക്കിയിട്ടുമുണ്ട്. പദ്ധതികൾക്ക് വേണ്ടിവരുന്ന തുക എല്ലാം മുൻകൂട്ടി സമാഹരിച്ചുവയ്ക്കുന്ന രീതിയല്ല കിഫ്ബി അവലംബിച്ചിരിക്കുന്നത്. 'കൺട്രോൾഡ് ലെവറേജിംഗ്' മാതൃകയിൽ പദ്ധതികൾക്കുള്ള ഫണ്ട് റിലീസിന് സമയമാകുന്ന മുറക്ക് അവയ്ക്കുവേണ്ട ധനം സമാഹരിക്കുന്ന രീതിയിലാണ് കിഫ്ബി ധനസമാഹാരണം നടത്തുന്നത്. ഇത്തരത്തിൽ 6 മാസക്കാലയളവിലേയ്ക്കുള്ള ഫണ്ട് റിലീസിന് ആവശ്യമായ ബഫർ തുക കിഫ്ബി ഉറപ്പുവരുത്തുന്നുണ്ട്. കിഫ്ബി തദ്ദേശീയമായി വികസിപ്പിച്ചെടുത്ത ഒരു അസറ്റ്-ലയബിലിറ്റി മാനേജ്മെന്റ് സോഫ്റ്റ്‌വെയറാണ് (ALM Software) ഇതിന് സഹായിക്കുന്നത്. ഓരോ സമയത്തും കിഫ്ബിയുടെ പദ്ധതികളും അവയുടെ പുരോഗതിയും പേമെന്റ് വ്യവസ്ഥകളും കൈവശമുള്ള തുകയും വിലയിരുത്തി ശാസ്ത്രീയമായ രീതിയിൽ കിഫ്ബിയുടെ കടമെടുപ്പ് നിർദ്ദേശിക്കുവാൻ കെല്പുള്ളതാണ് ഈ സംവിധാനം. ഇങ്ങനെ ചെയ്യുന്നതുവഴി അനാവശ്യമായി കടമെടുത്ത് പലിശ കൊടുക്കുന്ന സാഹചര്യം ഒഴിവാക്കുവാൻ സാധിക്കും. വിവിധ ലോണുകളിലൂടെയും ബോണ്ടുകളിലൂടെയും 9,061.90 കോടി രൂപയും മോട്ടോർ വാഹന നികുതിയുടെയും പെട്രോളിയം സെസ്സിന്റെയും വിഹിതമായി 8,536.19 കോടി രൂപയും ഉൾപ്പെടെ ആകെ 17,598.09 കോടി രൂപ സമാഹരിച്ചിട്ടുണ്ട്. ഇതിൽനിന്നും 2021 ജൂലൈ 20 വരെ 12,799.47 കോടി രൂപ പദ്ധതികൾക്കായും 1,075.8 കോടി രൂപ വായ്പയുടെ തിരിച്ചടവിനും (മുതലും പലിശയും) വിനിയോഗിച്ചിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തിൽ 10,000 കോടിയോളം രൂപ സമാഹരിക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഇത്തരത്തിൽ കൃത്യമായ സാമ്പത്തിക മാതൃകയുടെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നതിനാൽ ഏറ്റെടുത്ത പദ്ധതികൾക്ക് പണം ലഭ്യമാക്കുന്നതിൽ ഒരു തരത്തിലുള്ള ബുദ്ധിമുട്ടും പ്രതീക്ഷിക്കുന്നില്ല. ഫണ്ട് ട്രസ്റ്റീ ആൻഡ് അഡ്വൈസറി കമ്മീഷൻ (FTAC) ഇക്കാര്യം ആറ് മാസത്തിലൊരിക്കൽ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നുണ്ട്.

(ഡി) അധിക വിഭവ സമാഹരണം നടക്കാത്തതായി ആക്ഷേപമുള്ള സാഹചര്യത്തിൽ കൂടുതൽ പദ്ധതികൾക്ക് അംഗീകാരം നൽകുന്നതിന്റെ അടിസ്ഥാനം വ്യക്തമാക്കാമോ?

കഴിഞ്ഞ 5 വർഷക്കാലയളവിൽ കിഫ്ബി 63,000 കോടിരൂപയിൽപ്പരം ചെലവുവരുന്ന പദ്ധതികൾക്കാണ് അംഗീകാരം നൽകിയിട്ടുള്ളത്. ഇവയെല്ലാം തന്നെ സ്ഥലമേറ്റെടുപ്പ്, ടെണ്ടറിംഗ്, നിർമ്മാണം എന്നിങ്ങനെ പദ്ധതി നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. ചില പദ്ധതികൾ പൂർത്തിയാക്കിയിട്ടുമുണ്ട്. പദ്ധതികൾക്ക് വേണ്ടിവരുന്ന തുക എല്ലാം മുൻകൂട്ടി സമാഹരിച്ചുവയ്ക്കുന്ന രീതിയല്ല കിഫ്ബി അവലംബിച്ചിരിക്കുന്നത്. 'കൺട്രോൾഡ് ലെവറേജിംഗ്' മാതൃകയിൽ പദ്ധതികൾക്കുള്ള ബിൽ വരുന്ന മുറയ്ക്ക് അവയ്ക്ക് പണം നൽകുന്നതിനാവശ്യമായ

രീതിയിലാണ് കിഫ്ബി ധനസമാഹാരണം നടത്തുന്നത്. ഇത്തരത്തിൽ 6 മാസം കാലയളവിലേയ്ക്കുള്ള ബില്ലുകൾ കൊടുക്കുന്നതിന് ആവശ്യമായ ബഫർ തുക കിഫ്ബി ഉറപ്പുവരുത്തുന്നുണ്ട്. കിഫ്ബി തദ്ദേശീയമായി വികസിപ്പിച്ചെടുത്ത ഒരു അസറ്റ്-ലയബിലിറ്റി മാനേജ്മെന്റ് സോഫ്റ്റ്‌വെയറാണ് (ALM Software) ഇതിന് സഹായിക്കുന്നത്. ഓരോ സമയത്തും കിഫ്ബിയുടെ പദ്ധതികളും അവയുടെ പുരോഗതിയും പേമെന്റ് വ്യവസ്ഥകളും കൈവശമുള്ള തുകയും വിലയിരുത്തി ശാസ്ത്രീയമായ രീതിയിൽ കിഫ്ബിയുടെ കടമെടുപ്പ് നിർദ്ദേശിക്കുവാൻ കെല്പുള്ളതാണ് ഈ സംവിധാനം. ഇങ്ങനെ ചെയ്യുന്നതുവഴി അനാവശ്യമായി കടമെടുത്ത് പലിശ കൊടുക്കുന്ന സാഹചര്യം ഒഴിവാക്കുവാൻ സാധിക്കും. 2021 ജൂൺ 30 വരെ 9,061.90 കോടി രൂപ കിഫ്ബി വിവിധ മാർഗ്ഗങ്ങളിലൂടെ സമാഹരിച്ചിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തിൽ 10,000 കോടിയോളം രൂപ സമാഹരിക്കുവാനാണ് ഉദ്ദേശിക്കുന്നത്. നടപ്പ് സാമ്പത്തിക വർഷത്തിൽ മോട്ടോർ വാഹന നികുതി-പെട്രോളിയം സെസ്സ് ഇനത്തിലുള്ള കിഫ്ബിയുടെ വിഹിതമായി സർക്കാരിൽനിന്ന് ലഭിച്ച ആകെ തുക 10,158.94 കോടി രൂപയാകും. ഇത്തരത്തിൽ കൃത്യമായ സാമ്പത്തിക മാതൃകയുടെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നതിനാൽ ഏറ്റെടുത്ത പദ്ധതികൾക്ക് പണം ലഭ്യമാക്കുന്നതിൽ ഒരു തരത്തിലുള്ള ബുദ്ധിമുട്ടും പ്രതീക്ഷിക്കുന്നില്ല. ഫണ്ട് ട്രസ്റ്റി ആൻഡ് അഡ്വൈസറി കമ്മീഷൻ (FTAC) ഇക്കാര്യം ആറു മാസത്തിലൊരിക്കൽ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നുണ്ട്. പ്രസ്തുത സാഹചര്യത്തിൽ അധിക വിഭവ സമാഹരണം നടക്കാത്തതായി ആക്ഷേപമുണ്ടെന്ന പ്രസ്താവനയ്ക്ക് അടിസ്ഥാനമില്ല.

(ഇ) കിഫ്ബി വായ്പകളുടെ തിരിച്ചടവിന്റെ മൊറട്ടോറിയം കാലാവധി രണ്ടുമൂന്ന് വർഷങ്ങൾക്കുള്ളിൽ അവസാനിക്കുന്ന സാഹചര്യത്തിൽ പുതിയ അധിക ബാദ്ധ്യത എങ്ങനെ പരിഹരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

കിഫ്ബിക്ക് നിലവിലുള്ള ബാങ്ക്/ഡെവലപ്മെന്റ് ഫിനാൻഷ്യൽ ഇൻസ്റ്റിറ്റ്യൂഷനുകൾ നൽകുന്ന ലോണുകൾ എല്ലാംതന്നെ 10 മുതൽ 15 വർഷം വരെ കാലാവധിയുള്ള ദീർഘകാല ലോണുകളാണ്. 2017-2019 കാലഘട്ടത്തിൽ സമാഹരിച്ച ബാങ്ക് വായ്പകളുടെ തിരിച്ചടവ് മൊറട്ടോറിയം കാലാവധിയായ 2 വർഷത്തിനു ശേഷം ആരംഭിച്ചിട്ടുണ്ട്. ഇവ മാസ/ത്രൈമാസ ഗഡുക്കളായി സാവകാശം അടച്ചു തീരുന്നവയാണ്. കിഫ്ബിക്ക് വായ്പ നൽകുന്നതിന് കൂടുതൽ ബാങ്കുകൾ/ സ്ഥാപനങ്ങൾ താല്പര്യം കാണിക്കുന്നുണ്ട്. നിലവിൽ വായ്പകൾ അനുവദിച്ചിട്ടുള്ള സ്ഥാപനങ്ങളും കൂടുതൽ വായ്പ തരുന്നതിന് സന്നദ്ധത അറിയിച്ചിട്ടുണ്ട്. ആയതിനാൽ ധനസമാഹരണം സംബന്ധിച്ച ആശങ്കകൾ ഒന്നുംതന്നെയില്ല. നിലവിൽ കിഫ്ബി ആക്ട് പ്രകാരം ലഭിച്ചുകൊണ്ടിരിക്കുന്ന തുക കാലാകാലങ്ങളിലുള്ള കിഫ്ബിയുടെ തിരിച്ചടവിന് പര്യാപ്തമാണ്. ഈയിനത്തിൽ അധിക ബാദ്ധ്യതകളൊന്നും പ്രതീക്ഷിക്കുന്നില്ല.

## ടെണ്ടർ സേവിംഗ്സ്

46(50) ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര നിയോജകമണ്ഡലത്തിൽ എം.എൽ.എ-യുടെ ആസ്തി വികസന പദ്ധതി പ്രകാരമുള്ള വിവിധ പദ്ധതികളിൽ ടെണ്ടർ സേവിംഗ്സായി ബാക്കിയുള്ള തുക എത്ര രൂപയാണ്?

4-8-2018-ലെ സ.ഉ.(സാധാ) നമ്പർ 119/2018/ധന പ്രകാരം 2017-18 സാമ്പത്തിക വർഷം മുതലാണ് ടെണ്ടർ സേവിംഗ്സിന് പ്രാബല്യമുള്ളത്. ഓരോ വർഷവും ഭരണാനുമതി നൽകുന്ന പ്രവൃത്തികളുടെ ടെണ്ടർ അംഗീകരിച്ച് കഴിഞ്ഞു ണ്ടാകുന്ന ടെണ്ടർ സേവിംഗ്സ് ആ വർഷത്തെ പരമാവധി അഞ്ചുകോടി രൂപയിൽ കണക്കാക്കി കുറവ് വരുന്ന തുക അടുത്ത വർഷം അനുവദിച്ചിരിക്കുന്ന 5 കോടി രൂപയിൽ തട്ടിക്കിഴിക്കേണ്ടതാണ്. ഒരു സാമ്പത്തികവർഷം അനുമതി നൽകിയ മുഴുവൻ പ്രവൃത്തികളുടെയും ടെണ്ടർ സേവിംഗ്സ് ഒരുമിച്ച് ആയതിനായി പരിഗണി ക്കേണ്ടതാണ്. അതായത് ഓരോ എം.എൽ.എ-യും അതാത് വർഷം ശിപാർശ ചെയ്യുന്ന എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ച് തുക അനുവദിച്ച് നൽകിയാൽ മാത്രമേ ആ വർഷം പ്രസ്തുത എം.എൽ.എ-യുടെ നിയോജകമണ്ഡലത്തിൽ എത്ര തുക ടെണ്ടർ സേവിംഗ്സ് ഇനത്തിൽ ഉണ്ടെന്ന് കണക്കാക്കുവാൻ സാധിക്കുകയുള്ളൂ. ഇപ്രകാരം ടെണ്ടർ സേവിംഗ്സ് അനുവദിക്കുന്നതിന് 2017-18 സാമ്പത്തികവർഷം മുതലാണ് പ്രാബല്യമുള്ളത്. 2017-18 മുതൽ 2019-20 വരെ വർഷങ്ങളിലെ പൂർത്തീകരിച്ച പ്രവൃത്തികളുടെ ടെണ്ടർ സേവിംഗ്സ് സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ഓരോ സാമ്പത്തിക വർഷത്തെയും ടെണ്ടർ സേവിംഗ്സ് തുക എത്ര രൂപ വീതമാണെന്ന് വ്യക്തമാക്കുമോ;

&

(സി) പ്രസ്തുത ടെണ്ടർ സേവിംഗ്സ് തുക ഉപയോഗിച്ച് ഇനി എത്ര രൂപയുടെ പദ്ധതികൾക്കാണ് ശിപാർശ ചെയ്യാൻ സാധിക്കുക; ഇതിനായി എന്നുവരെയാണ് ശിപാർശകൾ നൽകാൻ കഴിയുക?

ഓരോ സാമ്പത്തിക വർഷത്തെയും അനുമതി നൽകിയ മുഴുവൻ പ്രവൃത്തികളും പൂർത്തീകരിച്ചശേഷം മാത്രമേ ആ സാമ്പത്തിക വർഷത്തിലെ ടെണ്ടർ സേവിംഗ്സ് തുക എത്രയെന്ന് കണക്കാക്കുവാനും ആയത് ഉപയോഗിച്ച് ഇനി എത്ര രൂപയുടെ പദ്ധതികൾക്ക് ശിപാർശ ചെയ്യുവാൻ സാധിക്കു എന്ന് പറയുവാനും കഴിയുകയുള്ളൂ.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ആസ്തി വികസന ഫണ്ടിൽ ഉപയോഗിക്കാൻ സാധിക്കാത്ത തുക ഉപയോഗിക്കുന്നതിന് പ്രത്യേകാനുമതി

47(51) ശ്രീ. ജോബ് മൈക്കിൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ ഏതെല്ലാം പ്രവൃത്തികൾക്കാണ് (ആസ്തി വികസന ഫണ്ട് ഉൾപ്പെടെ) ഭരണാനുമതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; ഉത്തരവിന്റെ പകർപ്പുകൾ ലഭ്യമാക്കുമോ?

കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് 2017-18 വർഷം മുതൽ, ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കാൻ ഭരണാനുമതി നല്കിയ പ്രവൃത്തികളുടെ പട്ടികയും ഉത്തരവിന്റെ പകർപ്പുകളും അനുബന്ധമായി ചേർക്കുന്നു.* 2016-17 വർഷത്തിലെ വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(ബി) കഴിഞ്ഞ അഞ്ച് വർഷത്തെ എം.എൽ.എ-യുടെ ആസ്തി വികസന ഫണ്ടിൽ ഉപയോഗിക്കാൻ സാധിക്കാത്ത തുക ഉപയോഗിക്കുന്നതിന് പ്രത്യേകാനുമതി നൽകുന്ന കാര്യം പരിഗണിക്കുമോ?

14-7-2021-ലെ സ.ഉ.(സാധാ.) നമ്പർ 4957/2021/ധന പ്രകാരം LAC ADS 2020-21 സാമ്പത്തിക വർഷത്തിൽ ബഹുമാനപ്പെട്ട മുൻ എം.എൽ.എ-മാർ ശിപാർശ ചെയ്തിരുന്ന പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള സമയ പരിധി 31-12-2021 വരെ ദീർഘിപ്പിച്ച് നൽകി ഉത്തരവായിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തിൽ ബഹുമാനപ്പെട്ട മുൻ എം.എൽ.എ-മാർ ശിപാർശ ചെയ്തിരുന്ന പ്രവൃത്തികൾക്ക് ഒഴികെ മറ്റ് പ്രവൃത്തികൾക്ക് അനുമതി നല്കുന്നത് പരിഗണനയിലില്ല.

(സി) പ്രസ്തുത ഫണ്ടിൽ ഉൾപ്പെടുത്തി നടപ്പിലാക്കാനുദ്ദേശിക്കുന്ന പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകുമോ; വിശദാംശം ലഭ്യമാക്കുമോ?

മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ആസ്തി വികസന ഫണ്ട്

48(52) ശ്രീ. പി. നന്ദകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊന്നാനി നിയോജകമണ്ഡലത്തിൽ 2017-18, 2018-19, 2019-20, 2020-21 സാമ്പത്തിക വർഷങ്ങളിൽ ആസ്തി വികസന ഫണ്ടിൽ സമർപ്പിച്ച പദ്ധതികളും ഭരണാനുമതി ലഭിച്ച പദ്ധതികളും ഏതെല്ലാമാണ്;

(ബി) എത്ര തുക വീതമാണ് ഓരോ പദ്ധതിക്കും അനുവദിച്ചിട്ടുള്ളത്;

&

(സി) പ്രസ്തുത പദ്ധതികളുടെ പുരോഗതി എത്രത്തോളമായിട്ടുണ്ടെന്ന വിവരം ലഭ്യമാക്കുമോ?

പൊന്നാനി നിയോജകമണ്ഡലത്തിൽ 2017-18, 2018-19, 2019-20, 2020-21 സാമ്പത്തിക വർഷങ്ങളിൽ ആസ്തി വികസന ഫണ്ടിൽ സമർപ്പിച്ച പദ്ധതികൾ, ഭരണാനുമതി ലഭിച്ച പദ്ധതികൾ, ഓരോ പദ്ധതിക്കും അനുവദിച്ചിട്ടുള്ള തുക, പ്രസ്തുത പദ്ധതികളുടെ പുരോഗതി എന്നിവ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

## ആസ്തി വികസന ഫണ്ട് വിനിയോഗം

49(53) ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20 സാമ്പത്തിക വർഷം ആലത്തൂർ നിയോജകമണ്ഡലത്തിൽ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയ പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ?

2019-20 സാമ്പത്തിക വർഷം ആലത്തൂർ നിയോജകമണ്ഡലത്തിൽ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയ പ്രവൃത്തികൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) പ്രസ്തുത പ്രവൃത്തികളിൽ പൂർത്തീകരിച്ചവ ഏതൊക്കെയാണെന്നും പൂർത്തീകരിക്കാനുള്ളവ ഏതൊക്കെയാണെന്നും വിശദീകരിക്കാമോ?

അനുബന്ധം 1-ലെ ക്രമ നം. 5, 7, 11, 14 എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ആസ്തിവികസന ഫണ്ട് ഉപയോഗിച്ചുള്ള നിർമ്മാണപ്രവർത്തനങ്ങൾ

50(54) ശ്രീ. രമേശ് ചെന്നിത്തല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹരിപ്പാട് നിയോജകമണ്ഡലത്തിൽ ആസ്തിവികസന ഫണ്ട് ഉപയോഗിച്ച് നിർവ്വഹിക്കാൻ ഭരണാനുമതി ലഭിച്ചിട്ടുള്ള പെരുമ്പള്ളി ഫിഷറീസ് ആശുപത്രിയുടെ പുതിയ കെട്ടിട നിർമ്മാണപ്രവർത്തനങ്ങൾ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നിർമ്മാണവുമായി ബന്ധപ്പെട്ട് ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് നൽകുന്ന കാര്യത്തിൽ എന്ത് തടസ്സമാണ് നിലവിലുള്ളത്; ഏത് ഏജൻസി/ വകുപ്പാണ് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകേണ്ടത്;

&

(സി) ഇക്കാര്യം പരിഹരിക്കുന്നതിന് എന്തുനടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

(എ-സി) പ്രസ്തുത പ്രവൃത്തിയുടെ ഡി.പി.ആർ. ലഭ്യമാകാത്തതിനാൽ ഭരണാനുമതി നൽകിയിട്ടില്ല. ആയതിനാൽ പ്രസ്തുത പ്രവൃത്തിയിന്മേൽ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

## എം.എൽ.എ. ആസ്തിവികസന ഫണ്ട്

51(55) ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

എം.എൽ.എ-മാരുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 2020-21 വർഷത്തെ പ്രൊപ്പോസൽ സമർപ്പിക്കുന്നതിനുള്ള തീയതി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ കോപ്പി ലഭ്യമാക്കാമോ?

എം.എൽ.എ-മാരുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 2020-21 വർഷത്തെ പ്രൊപ്പോസൽ സമർപ്പിക്കുന്നതിനുള്ള സമയപരിധി 14-7-2021-ലെ സ.ഉ.(സാധാ.)നമ്പർ 4957/2021/ധന. പ്രകാരം 31-12-2021 വരെ ദീർഘിപ്പിച്ച് നൽകി ഉത്തരവായിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## എം.എൽ.എ-മാരുടെ പ്രത്യേക വികസന ഫണ്ട്-ആസ്തി വികസന ഫണ്ട് പ്രൊപ്പോസലുകൾ

52(56) ശ്രീ. എച്ച്. സലാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തിക വർഷത്തിന്റെ (2020-21) അവസാനപാദം വിവിധ തെരഞ്ഞെടുപ്പുകളുമായി ബന്ധപ്പെട്ട് ഏർപ്പെടുത്തിയ മാതൃകാ പെരുമാറ്റച്ചട്ടംമൂലവും തുടർന്ന് സാമ്പത്തിക വർഷം അവസാനിച്ചതുമൂലവും എം.എൽ.എ-മാരുടെ പ്രത്യേക വികസന ഫണ്ട്, ആസ്തി വികസന ഫണ്ട് എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി നൽകിയിരുന്ന പ്രൊപ്പോസലുകൾക്ക് ഭരണാനുമതി നൽകാൻ കഴിയാതിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇത്തരം പ്രവൃത്തികൾക്ക് ഇനി ഭരണാനുമതി നൽകണമെങ്കിൽ സർക്കാരിന്റെ പ്രത്യേകാനുമതി കൂടിയേ കഴിയൂ എന്നതിനാൽ ഇതുസംബന്ധിച്ച് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പ്രത്യേക വികസന നിധിയിൻകീഴിലെ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നത് സംബന്ധിച്ച് 12-12-2018-ലെ സ.ഉ.(സാധാ) നമ്പർ 194/2018/ധന. പ്രകാരം ഒരു സാമ്പത്തിക വർഷം ഒരു നിയോജകമണ്ഡലത്തിന് അനുവദിക്കുന്ന തുകയ്ക്കുള്ള പ്രവൃത്തികളുടെ ഭരണാനുമതി തൊട്ടടുത്ത രണ്ട് വർഷങ്ങൾക്കുള്ളിൽ പുറപ്പെടുവിക്കാവുന്നതാണ്. എം.എൽ.എ-മാരുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 2020-21 വർഷത്തെ പ്രൊപ്പോസൽ സമർപ്പിക്കുന്നതിനുള്ള സമയ പരിധി 14-7-2021-ലെ സ.ഉ.(സാധാ.)നമ്പർ 4957/2021/ധന. പ്രകാരം 31-12-2021 വരെ ദീർഘിപ്പിച്ച് നൽകി ഉത്തരവായിട്ടുണ്ട്. ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

## ടെണ്ടർ സേവിംഗ് തുക

53(57) ശ്രീ. അനൂപ് ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പിറവം നിയോജകമണ്ഡലത്തിലെ ആസ്തി വികസന ഫണ്ടിന്റെ ടെണ്ടർ സേവിംഗ് തുക എത്രയെന്ന് വിശദമാക്കാമോ;

(ബി) അപ്രകാരമുള്ള ടെണ്ടർ സേവിംഗ് തുക ഓരോവർഷവും തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ;

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

&

(സി) നിലവിൽ അവശേഷിക്കുന്ന ടെണ്ടർ സേവിംഗ്സ് തുകയിൽ എത്ര രൂപ പുതിയ പദ്ധതിക്കായി ഉപയോഗിക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ?

വിവരം ശേഖരിച്ചുവരുന്നു.

**ചാലക്കുടി നിയോജകമണ്ഡലത്തിലെ ആസ്തി വികസന ഫണ്ട്**

54(58) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി നിയോജകമണ്ഡലത്തിൽ 2016-17, 2017-18, 2018-19, 2019-20, 2020-21 സാമ്പത്തിക വർഷങ്ങളിലെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ പ്രവൃത്തികൾ ഏതൊക്കെയെന്ന് വെളിപ്പെടുത്തുമോ;

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക എത്രയെന്നും നിലവിലെ സ്ഥിതിയും വിശദീകരിക്കുമോ;

&

(സി) ഇനിയും പൂർത്തീകരിക്കുവാനുള്ള പ്രവൃത്തികൾ ഏതൊക്കെയെന്നും അവയുടെ നിലവിലെ സ്ഥിതിയും അറിയിക്കുമോ?

(എ-സി) 2016-17 സാമ്പത്തിക വർഷത്തെ വിവരങ്ങൾ ശേഖരിച്ചുവരുന്നു. ചാലക്കുടി നിയോജകമണ്ഡലത്തിൽ 2017-18 മുതൽ 2020-21 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ പ്രവൃത്തികളും ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക എത്രയെന്നും നിലവിലെ സ്ഥിതിയും ഇനിയും പൂർത്തീകരിക്കുവാനുള്ള പ്രവൃത്തികൾ ഏതൊക്കെയെന്നും അവയുടെ നിലവിലെ സ്ഥിതിയും അനുബന്ധമായി ചേർത്തിരിക്കുന്നു.*

**ആസ്തി വികസന പദ്ധതി**

55(59) ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) എം.എൽ.എ. ആസ്തി വികസന പദ്ധതി പ്രകാരം കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ അനുവദിച്ച പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദീകരിക്കുമോ;

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഇവയിൽ ഏതെല്ലാം പദ്ധതികൾ പൂർത്തീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) പൂർത്തീകരിക്കാത്ത പദ്ധതികൾ ഏതൊക്കെയാണെന്നും അവയുടെ നിലവിലെ അവസ്ഥ എന്താണെന്നും കാലതാമസത്തിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ;

&

(ഡി) പ്രസ്തുത പദ്ധതികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ?

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

**ഹരിപ്പാട് നിയോജകമണ്ഡലത്തിലെ ആസ്തിവികസന പദ്ധതി**

56(61) <u>ശ്രീ. രമേശ് ചെന്നിത്തല</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് നിയോജകമണ്ഡലത്തിൽ ആസ്തിവികസന പദ്ധതിയിൽ ഉൾപ്പെടുത്തി 22-8-2020-ലെ 4889/2020/ധന. നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി ലഭിച്ചിട്ടുള്ള കുമാരപുരം ഗവ. ആയുർവ്വേദ ഡിസ്‌പെൻസറിക്ക് പുതിയ കെട്ടിടം നിർമ്മിക്കാനുള്ള പ്രവൃത്തിയുടെ നിലവിലെ അവസ്ഥ എന്തെന്ന് അറിയിക്കാമോ;

&

(ബി) ഈ പ്രവൃത്തിയുടെ നിർവ്വഹണം വൈകുന്നതിന്റെ കാരണം അറിയിക്കാമോ?

വിവരം ശേഖരിച്ചുവരുന്നു.

**എം.എൽ.എ. ആസ്തി വികസന ഫണ്ട് വിനിയോഗം**

57(62) <u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ ചേലമ്പ്ര കുടുംബാരോഗ്യ കേന്ദ്രത്തിലേയ്ക്ക് എം.എൽ.എ. ആസ്തി വികസന ഫണ്ടിൽനിന്നും തുക വിനിയോഗിക്കുന്നതിന് പ്രത്യേകാനുമതി ആവശ്യപ്പെട്ട് നൽകിയ നിവേദനത്തിൻമേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് വിശദമാക്കാമോ;

&

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് എം.എൽ.എ. ഫണ്ട് നേരിട്ട് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്ക് നൽകുന്നതിനുള്ള അനുമതി ലഭിക്കുമോ; വിശദമാക്കാമോ?

വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ ചേലമ്പ്ര ഗ്രാമപഞ്ചായത്തിലെ കുടുംബാരോഗ്യ കേന്ദ്രത്തിലേയ്ക്ക് കിടപ്പുരോഗികളുടെ ഗൃഹപരിചരണ പദ്ധതിയായ 'പരിരക്ഷ'യ്ക്ക് ഒരു വാഹനം വാങ്ങി നൽകുന്നതിന് പ്രത്യേകാനുമതി ആവശ്യപ്പെട്ട് നൽകിയ നിവേദനം ധനകാര്യ വകുപ്പ് പരിശോധിച്ചു. എന്നാൽ പ്രസ്തുത വാഹനം വാങ്ങുന്നതിന് വേണ്ട തുക, വാഹനം GeM പോർട്ടലിൽനിന്നാണോ വാങ്ങുന്നത് മുതലായ വിവരങ്ങൾ ലഭ്യമല്ല. പ്രസ്തുത വിവരങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് ടി വിഷയത്തിൽ അടിയന്തര പ്രാധാന്യം നൽകി തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**ആസ്തി വികസന ഫണ്ട് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ**

58(63) <u>ശ്രീ. എ. പ്രഭാകരൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലമ്പുഴ മണ്ഡലത്തിൽ 2016 മുതൽ 2021 വരെയുള്ള കാലയളവിൽ ആസ്തി വികസന ഫണ്ട് മുഖേന നടപ്പിലാക്കുന്ന ഏതെല്ലാം പദ്ധതികൾക്കാണ് ഇനിയും ഭരണാനുമതി നൽകുവാനുള്ളതെന്ന് അറിയിക്കാമോ?

2016-17 വർഷത്തിലെ വിവരം ശേഖരിച്ചുവരുന്നു. മലമ്പുഴ നിയോജക മണ്ഡലത്തിൽ 2017 മുതൽ 2021 വരെയുള്ള കാലയളവിൽ ആസ്തിവികസന ഫണ്ട് മുഖേന നടപ്പിലാക്കുന്ന പദ്ധതികളിൽ ഇനിയും ഭരണാനുമതി നൽകുവാനുള്ളവയുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ഭരണാനുമതി ലഭിച്ച പ്രവൃത്തികളിൽ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് എഗ്രിമെന്റ് വയ്ക്കാത്ത പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ?

മലമ്പുഴ നിയോജകമണ്ഡലത്തിൽ 2017 മുതൽ 2021 വരെയുള്ള കാലയളവിൽ ആസ്തിവികസന ഫണ്ട് മുഖേന നടപ്പിലാക്കുന്ന പദ്ധതികളിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികളിൽ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് എഗ്രിമെന്റ് വയ്ക്കാത്ത പ്രവൃത്തികൾ ഇല്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## വികസന ഫണ്ട് ഉപയോഗിച്ച് ഐസൊലേഷൻ വാർഡുകൾ നിർമ്മിക്കൽ

59(64) ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ-മാരുടെ വികസന ഫണ്ടിൽനിന്നും പണം കണ്ടെത്തി എല്ലാ സി.എച്ച്.സി., താലൂക്ക്, ജില്ലാ, ജനറൽ ആശുപത്രികളിലും പകർച്ച വ്യാധികൾക്കായി 10 ബെഡ്ഡുകൾ വീതമുള്ള ഐസൊലേഷൻ വാർഡുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്ന പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) ഈ പദ്ധതിക്കായി ഓരോ ആരോഗ്യ സ്ഥാപനത്തിനും എത്ര രൂപ വീതമാണ് അനുവദിക്കുക: ഏത് ഏജൻസി മുഖേനയാണ് ഈ പദ്ധതി നടപ്പാക്കു കയെന്ന് അറിയിക്കാമോ;

&

(സി) കോവിഡ് മൂന്നാം തരംഗത്തെ നേരിടാൻ തയ്യാറെടുക്കുന്ന സാഹചര്യം മുൻനിർത്തി ഈ പദ്ധതി അടിയന്തരമായി നടപ്പാക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

(എ-സി) 2021 ജൂൺ 4-ാം തീയതി അവതരിപ്പിച്ച 2021-22 വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗം ഖണ്ഡിക 21-ൽ പ്രഖ്യാപിച്ചിരുന്ന, എം.എൽ.എ-മാരുടെ വികസന ഫണ്ടിൽനിന്നും പണം കണ്ടെത്തി എല്ലാ സി.എ.ച്ച്സി., താലൂക്ക്, ജില്ലാ, ജനറൽ ആശുപത്രികളിലും പകർച്ചവ്യാധികൾക്കായി 10 ബെഡ്ഡുകൾ വീതമുള്ള ഐസൊലേഷൻ വാർഡുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന എന്ന പദ്ധതിയിന്മേൽ നടപടി സ്വീകരിച്ചുവരുന്നു.

## മണ്ണാർക്കാട് നിയോജകമണ്ഡലത്തിലെ ഭരണാനുമതി ലഭിക്കാത്ത പ്രവൃത്തികൾ

60(65) ശ്രീ. എൻ. ഷംസുദീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് നിയോജകമണ്ഡലത്തിൽ 2019-20, 2020-21 സാമ്പത്തിക വർഷത്തിൽ എം.എൽ.എ-യുടെ ആസ്തി വികസന പദ്ധതിയിൽ ശിപാർശ നൽകിയ ഏതെല്ലാം പ്രവൃത്തികൾക്കാണ് ഇനിയും ഭരണാനുമതി ലഭിക്കാത്തത് എന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ?

മണ്ണാർക്കാട് നിയോജകമണ്ഡലത്തിൽ 2019-20, 2020-21 സാമ്പത്തിക വർഷത്തിൽ എം.എൽ.എ-യുടെ ആസ്തി വികസന പദ്ധതിയിൽ ശിപാർശ നൽകിയ എല്ലാ പ്രവൃത്തികൾക്കും ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) എങ്കിൽ ഭരണാനുമതി ലഭിക്കുന്നതിനുള്ള കാലതാമസത്തിന് കാരണം എന്തെന്ന് അറിയിക്കുമോ?

പദ്ധതികൾ അനുവദിക്കുന്നതിൽ ധനകാര്യ വകുപ്പിൽ കാലതാമസം ഉണ്ടായിട്ടില്ല.

**എം.എൽ.എ. ആസ്തി വികസന ഫണ്ട്**

61(66) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ-മാരുടെ ആസ്തി വികസന ഫണ്ട് വെട്ടിക്കുറച്ചത് സംബന്ധിച്ച് പുനഃപരിശോധന നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) നിലവിൽ ഇത് എത്ര കാലത്തേയ്ക്കാണ് തുടരാൻ ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത തുകയിലെ കുറവ് നിയോജകമണ്ഡലത്തിലെ വികസന പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുമോ എന്നത് സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ; കണ്ടെത്തലുകൾ വിശദമാക്കാമോ;

&

(ഡി) പ്രസ്തുത തുക അടുത്ത സാമ്പത്തിക വർഷം മുതൽ പുനഃസ്ഥാപിക്കാൻ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(എ-ഡി) എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ട് വെട്ടിക്കുറച്ചത് സംബന്ധിച്ച് ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല.

**ആലത്തൂർ നിയോജകമണ്ഡലത്തിലെ പദ്ധതികൾ**

62(67) <u>ശ്രീ. കെ. ഡി. പ്രസേനൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിൽ എം.എൽ.എ-യുടെ ആസ്തി വികസന ഫണ്ട് പ്രകാരം 2016-17 മുതൽ 2019-20 വരെ വർഷങ്ങളിലെ പദ്ധതികളുടെ പുരോഗതി ലഭ്യമാക്കാമോ?

2016-17 വർഷത്തെ വിവരങ്ങൾ ശേഖരിച്ചുവരുന്നു. ആലത്തൂർ നിയോജക മണ്ഡലത്തിൽ എം.എൽ.എ-യുടെ ആസ്തി വികസന ഫണ്ട് പ്രകാരം 2017-18 മുതൽ 2019-20 വരെ വർഷങ്ങളിലെ പദ്ധതികളുടെ പുരോഗതിയും എത്ര പദ്ധതികൾ പൂർത്തീകരിച്ചുവെന്നും, പൂർത്തീകരിച്ച പദ്ധതികളിൽ ബില്ലുകൾ മാറി നൽകാൻ ബാക്കിയുള്ളവയുടെ വിവരവും അനുബന്ധമായി ചേർക്കുന്നു.*

(ബി) എത്ര പദ്ധതികൾ പൂർത്തീകരിച്ചുവെന്നും ഏതെല്ലാം പദ്ധതികളുടെ ബില്ലുകൾ മാറിനൽകിയെന്നും പൂർത്തീകരിച്ച പദ്ധതികളിൽ ബില്ലുകൾ മാറി നൽകാൻ ബാക്കിയുണ്ടോയെന്നും വിശദമാക്കാമോ?

നിയോജകമണ്ഡലത്തിൽ എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ട് പ്രകാരം 2017-18 മുതൽ 2019-20 വരെ വർഷങ്ങളിലെ പദ്ധതികളുടെ പുരോഗതിയും എത്ര പദ്ധതികൾ പൂർത്തീകരിച്ചുവെന്നും, പൂർത്തീകരിച്ച പദ്ധതികളിൽ ബില്ലുകൾ മാറി നൽകാൻ ബാക്കിയുള്ളവയുടെ വിവരവും അനുബന്ധമായി ചേർക്കുന്നു.*

(സി) പ്രസ്തുത വർഷങ്ങളിലെ പദ്ധതികളിൽ ഇനിയും നിർമ്മാണം ആരംഭിച്ചിട്ടില്ലാത്ത പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ?

അനുബന്ധത്തിലെ 2019-20 സാമ്പത്തിക വർഷത്തെ ക്രമ നം. 1, 3, 6, 12, 13, 16, 20, 21 എന്നീ പ്രവൃത്തികൾ.*

(ഡി) ഭരണാനുമതി നൽകാനുള്ള പ്രവൃത്തികൾ ഏതെല്ലാം; ഭരണാനുമതി നൽകിയിട്ടും ആരംഭിക്കാൻ കഴിയാത്ത പ്രവൃത്തികൾ ഏതെല്ലാമെന്നും ആയതിനുള്ള കാരണവും വിശദമാക്കാമോ?

അനുബന്ധത്തിലെ 2019-20 സാമ്പത്തിക വർഷത്തെ ക്രമ നം. 1, 3, 6, 13, 16, 20, 21 എന്നീ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടില്ല. ക്രമ നം. 12 ആയ പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടും വനം, ഇറിഗേഷൻ വകുപ്പുകളിൽനിന്നും എൻ.ഒ.സി. ലഭ്യമാകാത്തതിനാൽ ആരംഭിക്കാൻ സാധിച്ചിട്ടില്ല.*

## ആസ്തി വികസന ഫണ്ട്

63(68) ശ്രീ. ആന്റണി ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-21 സർക്കാരിന്റെ ഭരണകാലത്ത് കോതമംഗലം നിയോജക മണ്ഡലത്തിൽ എം.എൽ.എ. ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് എന്തെല്ലാം പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്; വർഷം തിരിച്ച് വിശദമാക്കാമോ;

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഇതിൽ ഏതെല്ലാം പ്രവൃത്തികൾ പൂർത്തിയാക്കിയെന്നും ഏതെല്ലാം പ്രവൃത്തികളാണ് ഇനിയും പൂർത്തീകരിക്കാനുള്ളതെന്നും വിശദമാക്കാമോ;

(സി) ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ഡി) പൂർത്തീകരിക്കാത്ത പ്രവൃത്തികൾ പൂർത്തീകരിക്കാത്തത് എന്തുകൊണ്ടെന്നും, ഇവ എന്നത്തേയ്ക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്നും വ്യക്തമാക്കാമോ;

&

(ഇ) മുഴുവൻ പ്രവൃത്തികളും പൂർത്തീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

(എ-ഇ) വിവരം ശേഖരിച്ചുവരുന്നു.

**ചൊക്ലി ഗവൺമെന്റ് കോളേജിന്റെ ചുറ്റുമതിൽ നിർമ്മാണം**

64(69) <u>ശ്രീ. എ. എൻ. ഷംസീർ</u>: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തലശ്ശേരി നിയോജകമണ്ഡലത്തിലെ ചൊക്ലി ഗവൺമെന്റ് കോളേജിന്റെ ചുറ്റുമതിൽ നബാർഡ് ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തിക്ക് ധനകാര്യ വകുപ്പിന്റെ അംഗീകാരം ലഭ്യമായിട്ടുണ്ടോ; ആയതിന്റെ നിലവിലുള്ള അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ?

തലശ്ശേരി നിയോജകമണ്ഡലത്തിലെ ചൊക്ലി ഗവൺമെന്റ് കോളേജിന്റെ ചുറ്റുമതിൽ നബാർഡ് ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തിക്ക് ധനകാര്യ വകുപ്പിന്റെ അംഗീകാരം ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത പ്രവൃത്തി നബാർഡ് ആർ.ഐ.ഡി.എഫ്. ട്രാഞ്ചെ 26-ൽ ഉൾപ്പെടുത്തി അംഗീകാരം നൽകുന്നതിനായി ഉന്നത വിദ്യാഭ്യാസ വകുപ്പ് ലഭ്യമാക്കിയ 7.34 കോടി രൂപയുടെ ശിപാർശ 14-9-2020-ലെ 1465337/NC-A1/10/2020-ധന നമ്പർ കത്ത് പ്രകാരം ധനകാര്യ വകുപ്പ് നബാർഡിന് ലഭ്യമാക്കിയെങ്കിലും 19-4-2021-ലെ No.NB(Kerala)/ SPD/121/RIDF-40(A)/2021-22 നമ്പർ കത്ത് പ്രകാരം ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ പദ്ധതി രേഖകൾ അംഗീകരിക്കാൻ നിർവ്വാഹമില്ലായെന്ന് നബാർഡ് അറിയിച്ചിട്ടുള്ള വിവരം 04.05.2021-ലെ 1754790/NC-A1/15/2021-ധന നമ്പർ അനൗദ്യോഗിക കുറിപ്പ് മുഖേന ഉന്നത വിദ്യാഭ്യാസ വകുപ്പിനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

## ജീവനക്കാർക്ക് ഹിൽടാക്ട് അലവൻസ് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

65(70) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജീവനക്കാർക്ക് ഹിൽടാക്ക് അലവൻസ് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ;

&

(ബി) ഏതൊക്കെ വകുപ്പുകളിലെ ജീവനക്കാർക്കാണ് ഹിൽടാക്ക് അലവൻസ് അനുവദിക്കുന്നതെന്ന് വിശദമാക്കാമോ?

കേരള സർവീസ് ചട്ടങ്ങൾ ഭാഗം I അപ്പെൻഡിക്സ് IX-ൽ ഉൾപ്പെടുത്തിയിട്ടുള്ള മലമ്പ്രദേശങ്ങളിൽ സ്ഥിതി ചെയ്യുന്ന ഓഫീസുകളിലെ ജീവനക്കാർക്കാണ് ഹിൽ ടാക്ക് അലവൻസിന് അർഹതയുള്ളത്.

(സി) ഇതുസംബന്ധിച്ച ഏറ്റവും പുതിയ ഉത്തരവുകളുടെയും സർക്കുലറുകളുടെയും പകർപ്പ് ലഭ്യമാക്കാമോ?

കേരള സർവീസ് ചട്ടങ്ങൾ ഭാഗം I അപ്പെൻഡിക്സ് -IX അല്ലാതെ ഈ വിഷയത്തിൽ പുതിയ ഉത്തരവുകളോ സർക്കുലറുകളോ പുറപ്പെടുവിച്ചിട്ടില്ല.

(ഡി) കാസർഗോഡ് ജില്ലയിലെ ഏതൊക്കെ പഞ്ചായത്തുകളിലെ ജീവനക്കാർക്കാണ് ഹിൽടാക്ക് അലവൻസിന് അർഹതയുള്ളതെന്ന് അറിയിക്കാമോ?

കേരള സർവീസ് ചട്ടങ്ങൾ ഭാഗം I അപ്പെൻഡിക്സ് -IX പ്രകാരം കാസർഗോഡ് ജില്ലയിലെ ഒരു പ്രദേശവും ഹിൽ ടാക്ക് അലവൻസിന് അർഹതയുള്ള പ്രദേശങ്ങളിൽ ഉൾപ്പെടുന്നില്ല.

## പങ്കാളിത്ത പെൻഷൻ പദ്ധതി

66(71) ശ്രീ. ടി. വി. ഇബ്രാഹിം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുന്നതിന് വിദഗ്ദ്ധ സമിതിയെ നിയമിച്ചിരുന്നുവോ?

സർക്കാർ ജീവനക്കാരുടെ പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുന്നതിനായി സർക്കാർ 7-11-2018-ലെ സ.ഉ.(പി) നമ്പർ 172/2018/ധന. ഉത്തരവ് പ്രകാരം ശ്രീ. എസ്. സതീഷ്ചന്ദ്രബാബു, ജില്ലാ ജഡ്ജി (റിട്ട.) ചെയർമാനും, ശ്രീ. പി. മാരപാണ്ഡ്യൻ ഐ.എ.എസ് (റിട്ട.), പ്രൊഫ. ഡി. നാരായണ, ഡയറക്ടർ, ജി.ഐ.എഫ്.റ്റി. എന്നിവർ അംഗങ്ങളുമായി പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധന സമിതിയെ നിയമിച്ചിരുന്നു.

(ബി) സമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ കോപ്പി ലഭ്യമാക്കുമോ?

സമിതി സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. സർക്കാർ പരിശോധന പൂർത്തിയായതിനുശേഷം കോപ്പി ലഭ്യമാക്കാം.

(സി) പങ്കാളിത്ത പെൻഷൻ പദ്ധതി തുടരേണ്ടതുണ്ടോ എന്ന കാര്യത്തിൽ നിലപാട് വിശദമാക്കുമോ?

പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധനാ സമിതിയുടെ റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരികയാണ്.

**വിദ്യാലക്ഷ്മി വായ്പ**

67(72) ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാലക്ഷ്മി പോർട്ടൽ നിലവിൽ വന്നതിനുശേഷം കേരളത്തിലെ എത്ര വിദ്യാർത്ഥികൾക്ക് എത്ര രൂപ വിദ്യാഭ്യാസ വായ്പ ലഭിച്ചു; വിശദാംശങ്ങൾ നൽകാമോ;

&

(ബി) പ്രസ്തുത പോർട്ടൽ മുഖേന അപേക്ഷിച്ചിട്ടും പലർക്കും വായ്പ ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

NSDL-ൽ നിന്ന് ലഭിച്ച വിവരങ്ങൾ പ്രകാരം വിദ്യാലക്ഷ്മി പോർട്ടൽ നിലവിൽ വന്ന 2015 ആഗസ്റ്റ് 15 മുതൽ 2021 ജൂലൈ 25 വരെ കേരളത്തിലെ വിദ്യാർത്ഥികളുടെ 103426 അപേക്ഷകളാണ് പോർട്ടലിൽ ലഭിച്ചിട്ടുള്ളത്. ഇതിൽ 40829 അപേക്ഷകൾക്ക് വായ്പ അനുവദിച്ച് നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത പോർട്ടൽ മുഖേനയുള്ള ക്രമപ്രകാരമുള്ള എല്ലാ അപേക്ഷകൾക്കും വായ്പ ലഭിക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിന് എസ്.എൽ.ബി.സി-യെ സ്റ്റേക് ഹോൾഡറായി ഉൾപ്പെടുത്തി സർക്കാർ തലത്തിൽ ഒരു സംവിധാനം ഏർപ്പെടുത്താമോ?

വിദ്യാലക്ഷ്മി പോർട്ടൽ ഡെവലപ്പ് ചെയ്യുകയും പരിപാലിക്കുകയും ചെയ്യുന്നത് കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന് കീഴിലുള്ള National Securities Depository Limited (NSDL) എന്ന സ്ഥാപനമാണ്. ബാങ്ക് ലോൺ അനുവദിക്കുന്നതിലുള്ള കാലതാമസം, അമിത ചാർജ് ഈടാക്കൽ എന്നിവ സംബന്ധിച്ച പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുന്ന പക്ഷം ആയത് സംസ്ഥാനതല ബാങ്കേഴ്സ് സമിതി (SLBC) വഴി യഥാസമയം പരിഹരിക്കുന്നതിന് നടപടി കൈക്കൊള്ളാറുണ്ട്.

## കരുനാഗപ്പള്ളിയിൽ സാംസ്കാരിക നിലയം

68(74) ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ 5 വർഷത്തെ ബഡ്ജറ്റിൽ കരുനാഗപ്പള്ളിയിൽ സാംസ്കാരിക നിലയം നിർമ്മിക്കുന്നതിനായി പണം അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര തുകയാണ്; വർഷം തിരിച്ച് കണക്ക് നൽകാമോ?

2020-21 വർഷത്തിലേയ്ക്കുള്ള വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം-II (ഭരണാനുമതിയില്ലാത്ത മരാമത്തുപണികൾ) വാല്യം-II എന്ന ബഡ്ജറ്റ് രേഖയിൽ കരുനാഗപ്പള്ളി സാംസ്കാരിക സമുച്ചയം എന്ന പ്രവൃത്തി സാംസ്കാരിക വകുപ്പ് മുഖാന്തരം നടപ്പിലാക്കുന്നതിനായി 2 കോടി രൂപ അടങ്കൽ തുക നിശ്ചയിച്ച് 100 രൂപ ടോക്കൺ വിഹിതം വകയിരുത്തിയിരുന്നു. ഇക്കാര്യത്തിൽ സാംസ്കാരിക വകുപ്പ് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി പുറപ്പെടുവിച്ചശേഷം അധിക തുക അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ പ്രവൃത്തികൾ

69(77) ശ്രീ. ജോബ് മൈക്കിൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20, 2020-21, 2021-22 വർഷങ്ങളിലെ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II-ൽ ഉൾപ്പെടുത്തി ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികൾക്കാണ് 20% തുക അനുവദിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

&

(ബി) ഇവയിൽ ഏതെല്ലാം പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയെന്നും ഭരണാനുമതി ലഭ്യമാകാത്ത പ്രവൃത്തികൾക്ക് കാലതാമസം ഒഴിവാക്കി ഭരണാനുമതി ലഭ്യമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്നും വ്യക്തമാക്കുമോ?

വിവരം ശേഖരിച്ചുവരുന്നു.

**ബഡ്ജറ്റിൽ തുക വകയിരുത്തിയ പ്രവൃത്തികൾ**

70(79) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ 2016 മുതൽ 2021 വരെയുള്ള കാലഘട്ടത്തിൽ ബഡ്ജറ്റിൽ 20% തുക വകയിരുത്തിയ എത്ര പ്രവൃത്തികൾ ഉണ്ട്; വർഷം തിരിച്ചുള്ള വിശദാംശങ്ങൾ നൽകാമോ;

(ബി) ഇതിൽ എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

&

(ഡി) 100 രൂപ ടോക്കൺ പ്രൊവിഷൻ നൽകിയ പ്രവൃത്തികളിൽ എത്ര എണ്ണത്തിന് പ്രസ്തുത കാലയളവിൽ ഭരണാനുമതി നല്കിയിട്ടുണ്ട്; വർഷം തിരിച്ചുള്ള കണക്ക് നൽകാമോ?

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

**ചാലക്കുടി നിയോജകമണ്ഡലത്തിലെ പദ്ധതികൾ**

71(80) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി നിയോജകമണ്ഡലത്തിൽ 2016-17, 2017-18, 2018-19, 2019-20, 2020-21, 2021-22 വർഷങ്ങളിലെ ബഡ്ജറ്റിൽ ഏതൊക്കെ പ്രവൃത്തികൾക്ക് തുക വകയിരുത്തിയിട്ടുണ്ടെന്നും തുക എത്രയെന്നും വെളിപ്പെടുത്തുമോ;

(ബി) ഇവയിൽ ഏതൊക്കെ പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പ്രവൃത്തികളിൽ പൂർത്തീകരിച്ചവ ഏതൊക്കെയെന്ന് വെളിപ്പെടുത്തുമോ;

&

(ഡി) പൂർത്തീകരിക്കുവാനുള്ള പ്രവൃത്തികൾ ഏതൊക്കെയെന്നും അവയുടെ നിലവിലെ സ്ഥിതിയും വിശദീകരിക്കുമോ?

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

## സാമൂഹ്യസുരക്ഷാ പെൻഷൻ കുടിശ്ശിക

72(81) ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മസ്റ്ററിംഗ് ചെയ്യാത്തതിനാലും സർട്ടിഫിക്കറ്റുകൾ യഥാസമയം ലഭ്യമാക്കാത്തതിനാലും ഡാറ്റാ എൻട്രി ചെയ്യുമ്പോൾ ഉണ്ടായ പിഴവുകൊണ്ടും സാമൂഹ്യസുരക്ഷാ പെൻഷൻ കുടിശ്ശികയായവർക്ക് പ്രസ്തുത തുക ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

മസ്റ്ററിംഗ് ചെയ്യാത്തതിനാലും സർട്ടിഫിക്കറ്റുകൾ യഥാസമയം ലഭ്യമാക്കാത്തതിനാലും ഡാറ്റാ എൻട്രി ചെയ്യുമ്പോഴുണ്ടായ പിഴവുകൊണ്ടും സാമൂഹ്യസുരക്ഷാ പെൻഷൻ കുടിശ്ശികയായവർക്ക് പ്രസ്തുത കുടിശ്ശിക തുക ഫണ്ട് ലഭ്യമാകുന്ന അവസരത്തിൽ നൽകുന്നതായിരിക്കും.

## സാമൂഹ്യസുരക്ഷാ പെൻഷൻ

73(82) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യസുരക്ഷാ പെൻഷന്റെ അർഹതാ മാനദണ്ഡത്തിൽ വരുമാന പരിധി എത്രയാണ്?

സാമൂഹ്യസുരക്ഷാ പെൻഷൻ ലഭിക്കുന്നതിനുള്ള വരുമാന പരിധി നിലവിൽ ഒരു ലക്ഷം രൂപയാണ്.

(ബി) ഒരു വ്യക്തിക്ക് വ്യത്യസ്തമായ രണ്ട് പെൻഷൻ ലഭിക്കാൻ അർഹതയുണ്ടോ?

പൊതുവായി അർഹതയില്ല. എന്നാൽ വികലാംഗർ, 6-2-2017-നുമുമ്പ് രണ്ട് പെൻഷൻ വാങ്ങിവന്നിരുന്നവർ, തനതുഫണ്ട് ഉപയോഗിച്ച് പെൻഷൻ വിതരണം ചെയ്യുന്ന ക്ഷേമനിധി ബോർഡ് പെൻഷൻ ഗുണഭോക്താക്കൾ, ഇ.പി.എഫ്. പെൻഷൻ ലഭിക്കുന്നവർ, 4,000 രൂപവരെ എക്സ്ഗ്രേഷ്യ/എൻ.പി.എസ്. പെൻഷനുകൾ ലഭിക്കുന്നവർ എന്നിവർക്ക് മറ്റ് അർഹതാ മാനദണ്ഡങ്ങൾക്ക് വിധേയമായി രണ്ട് പെൻഷന് അർഹതയുണ്ട്.

(സി) സാമൂഹ്യസുരക്ഷാ പെൻഷൻ ലഭിക്കുന്നവർക്ക് ക്ഷേമനിധി ബോർഡുകളിൽ നിന്നുള്ള പെൻഷൻ ലഭിക്കുന്നതിന് അർഹതയുണ്ടോ?

6-2-2017-നുമുൻപ് സാമൂഹ്യസുരക്ഷാ പെൻഷനും ക്ഷേമനിധി ബോർഡ് പെൻഷനും വാങ്ങിവരുന്നവർക്ക് ക്ഷേമനിധി ബോർഡ് പെൻഷൻ സാധാരണ നിരക്കിലും ഒരു സാമൂഹ്യസുരക്ഷാ പെൻഷൻ 600 രൂപ നിരക്കിലും ലഭിക്കാൻ അർഹതയുണ്ടായിരിക്കുന്നതാണ്. 6-2-2017 മുതൽ ഏതെങ്കിലും ഒരു പെൻഷന് (ക്ഷേമനിധി ബോർഡ് പെൻഷനോ സാമൂഹ്യസുരക്ഷാ പെൻഷനോ) മാത്രമേ അർഹതയുണ്ടായിരിക്കുകയുള്ളൂ. തനതുഫണ്ട് ഉപയോഗിച്ച് പെൻഷൻ നൽകുന്ന ക്ഷേമനിധി ബോർഡ് ഗുണഭോക്താക്കൾക്ക് മറ്റൊരു സാമൂഹ്യ സുരക്ഷാ പെൻഷൻ 600 രൂപ നിരക്കിൽ ലഭിക്കുന്നതാണ്. 6-7-2018-ന് മുമ്പ് സാമൂഹ്യസുരക്ഷാ പെൻഷൻ അനുവദിക്കപ്പെട്ടവർക്ക് ലഭിച്ചുവന്നിരുന്ന ഉയർന്ന നിരക്കിലുള്ള സാമൂഹ്യസുരക്ഷാ പെൻഷൻ തുടർന്നും ലഭിക്കുന്നതാണ്.

(ഡി) പി.എഫ്. പെൻഷൻ ലഭിക്കുന്നവർക്ക് സാമൂഹ്യസുരക്ഷ പെൻഷന് അപേക്ഷിക്കാൻ കഴിയുമോ?

പ്രതിമാസം 4,000 രൂപ വരെ ഇ.പി.എഫ്. പെൻഷൻ ലഭിക്കുന്നവർക്ക് അർഹതാ മാനദണ്ഡങ്ങൾക്ക് വിധേയമായി സാമൂഹ്യസുരക്ഷാ പെൻഷൻ/ ക്ഷേമനിധി ബോർഡ് പെൻഷൻ നിലവിലുള്ള പുതുക്കിയ നിരക്കിലും പ്രതിമാസം 4,000 രൂപയ്ക്ക് മുകളിൽ ഇ.പി.എഫ്. പെൻഷൻ ലഭിക്കുന്നവർക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ/ക്ഷേമനിധി ബോർഡ് പെൻഷൻ 600 രൂപ നിരക്കിലും ലഭിക്കുന്നതിന് അർഹതയുണ്ട്.

## സാമൂഹ്യസുരക്ഷാ പെൻഷൻ

74(83) ശ്രീ. ടി. ജെ. വിനോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യസുരക്ഷാ പെൻഷൻ വിതരണത്തിനായി പ്രത്യേക കമ്പനി രൂപീകരിച്ചിട്ടുണ്ടോ?

സാമൂഹ്യസുരക്ഷാ പെൻഷൻ വിതരണം സുഗമമാക്കുന്നതിനായി 26-6-2018-ലെ സ.ഉ.(കൈ) നമ്പർ 232/2018/ധന. പ്രകാരം കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് എന്ന പേരിൽ കമ്പനി രൂപീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത കമ്പനിയിലേയ്ക്ക് ഏതെല്ലാം രീതിയിൽ ഫണ്ട് സമാഹരണം നടത്തുന്നുണ്ടെന്നും ഇത്തരം ഫണ്ടുകൾ എവിടെയാണ് സൂക്ഷിക്കുന്നതെന്നും അറിയിക്കുമോ?

സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘങ്ങളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു കൺസോർഷ്യത്തിൽ നിന്നും, കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ്, കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ, മോട്ടോർ വാഹന ക്ഷേമനിധി ബോർഡ് എന്നിവയിൽനിന്നുമാണ് കമ്പനി ഫണ്ട് സമാഹരണം നടത്തിയിട്ടുള്ളത്. ഇത്തരം ഫണ്ടുകൾ കമ്പനിയുടെ പേരിലുള്ള ട്രഷറി അക്കൗണ്ടിലും സ്റ്റേറ്റ് ബാങ്ക്, കേരള ബാങ്ക്, യൂണിയൻ ബാങ്ക് എന്നിവയുടെ അക്കൗണ്ടുകളിലും സൂക്ഷിക്കുന്നു.

(സി) ഈ കമ്പനി എൻ.എസ്.എ.പി. മുഖേനയുള്ള കേന്ദ്ര വിഹിതം കൈകാര്യം ചെയ്യുന്നതിന്റെ മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ?

എൻ.എസ്.എ.പി. മുഖേനയുള്ള കേന്ദ്ര വിഹിതംകൂടി ഉൾപ്പെടുത്തിയാണ് കമ്പനി പെൻഷൻ വിതരണം ചെയ്യുന്നത്.

(ഡി) മേൽപ്പറഞ്ഞ കമ്പനിയിലേയ്ക്ക് എത്തുന്ന ഫണ്ടുകൾ ഏതെങ്കിലും രീതിയിൽ വകമാറ്റുകയോ ഇതര ആവശ്യങ്ങൾക്കായി മറ്റ് അക്കൗണ്ടുകളിലേയ്ക്ക് മാറ്റുകയോ ചെയ്യുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

ഇല്ല.

**റീ ബിൽഡ് കേരളയ്ക്കായി നീക്കിവച്ച തുക**

75(84) <u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി കേരള പുനർനിർമ്മാണത്തിനായി വിഭാവനം ചെയ്തിരിക്കുന്ന പദ്ധതികൾ ഏതെല്ലാമെന്നും ഇതിനുവേണ്ടി നീക്കിവച്ചിരിക്കുന്ന തുക എത്രയെന്നും വ്യക്തമാക്കുമോ;

&

(ബി) ഇങ്ങനെ നീക്കിവച്ച തുകയിൽ എത്ര തുക വീതം ഏതെല്ലാം പദ്ധതികൾക്കുവേണ്ടി നാളിത് വരെ ചെലവഴിച്ചെന്ന് വ്യക്തമാക്കാമോ?

റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുള്ള പദ്ധതികൾ, ഭരണാനുമതി നൽകിയിരിക്കുന്ന തുക, പദ്ധതികൾക്കായി നാളിതുവരെ ചെലവഴിച്ചിട്ടുള്ള തുക എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**പെട്രോൾ/ഡീസൽ വില വർദ്ധന**

76(85) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെട്രോൾ/ഡീസൽ വില വർദ്ധിക്കുന്ന സാഹചര്യത്തിൽ ജനങ്ങളുടെ പ്രയാസങ്ങൾ ലഘൂകരിക്കുന്നതിന് സംസ്ഥാന സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന വില്പന നികുതി 2016-ൽ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വരുമ്പോൾ യഥാക്രമം 31.80%-ഉം 24.52%-ഉം ആയിരുന്നു. എന്നാൽ 2018-ൽ പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന വില്പന നികുതി യഥാക്രമം 30.08%-ഉം 22.76%-ഉം ആയി കുറച്ചിട്ടുണ്ട്. വികലമായ കേന്ദ്ര നയത്തിന്റെ ഭാഗമായ പെട്രോളിയം ഉൽപ്പന്നങ്ങളുടെ ദിനം പ്രതിയുള്ള വിലവർദ്ധനവ് ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിലെ ജനങ്ങളുടെ ദൈനംദിന ജീവിതം ദുസ്സഹമാക്കിയെന്നത് വസ്തുതയാണ്. ഇന്ധനവിലയിലെ വർദ്ധനവ് ട്രാൻസ്പോർട്ടേഷൻ ചെലവ് ഉയർത്തിയതുമൂലം എല്ലാ അവശ്യ സാധനങ്ങളുടേയും വിലക്കയറ്റത്തിന് ഇടയാക്കി. ഇത് ജനങ്ങളുടെ വാങ്ങൽശേഷിയെയും നിക്ഷേപ സാധ്യതയെയും ദുർബ്ബലപ്പെടുത്തി. കോവിഡിന്റെകൂടി പശ്ചാത്തലത്തിൽ അതിരൂക്ഷമായ സാമ്പത്തികമാന്ദ്യം അഭിമുഖീകരിക്കുന്ന സമ്പദ്ഘടനയെ പുനരുജ്ജീവിപ്പിക്കുന്നതിന് സംസ്ഥാന സർക്കാർ ക്രിയാത്മക നടപടികൾ കൈക്കൊണ്ടുവരുന്നുണ്ട്. എന്നാൽ വിലവർദ്ധനവിന്റെ അനന്തരഫലമായ നാണയപ്പെരുപ്പം ഇത്തരം നടപടികൾക്ക് വിഘാതം സൃഷ്ടിച്ചിരിക്കുകയാണ്.

(ബി) പെട്രോൾ/ഡീസൽ വിലയുടെ കേന്ദ്ര-സംസ്ഥാന തീരുവ കുറയുന്നതിന് ജി.എസ്.ടി. കൗൺസിലിൽ സംസ്ഥാനം നിലപാട് സ്വീകരിച്ചിട്ടുണ്ടോ;

&

(സി) ഇല്ലെങ്കിൽ നടപടി സ്വീകരിക്കുന്നതിന് തയ്യാറാകുമോ?

പെട്രോൾ, ഡീസൽ എന്നിവയുടെ വിലയിൽ സംസ്ഥാന പൊതുവില്പന നികുതിയും കേന്ദ്ര നികുതികളും ഉൾപ്പെടുന്നുണ്ട്. പെട്രോളും ഡീസലും നിലവിൽ ജി.എസ്.ടി. നിയമത്തിന്റെ പരിധിയിലേയ്ക്ക് കൊണ്ടുവന്നിട്ടില്ല. കേരളത്തിൽ ഇവ കേരള പൊതുവില്പന നികുതിയുടെ പരിധിയിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. നിലവിൽ കേരളത്തിലെ പൊതുവില്പന നികുതി പെട്രോളിന് 30.08%-ഉം ഡീസലിന് 22.76%-ഉം ആണ്. 31-5-2018-ലെ എസ്.ആർ.ഒ. നമ്പർ 345/2018 പ്രകാരം പെട്രോളിന്റെ സംസ്ഥാന നികുതി 31.80%-ൽനിന്നും 30.08% ആയും ഡീസലിന്റെ

സംസ്ഥാന നികുതി 24.52%-ൽനിന്നും 22.76% ആയും കുറയ്ക്കുകയുണ്ടായി. 1-6-2018 മുതൽ ഈ നിരക്ക് പ്രാബല്യത്തിൽ വന്നു. എന്നാൽ കേന്ദ്ര ഗവൺമെന്റ് ഈ കാലയളവിൽ കേന്ദ്ര അഡീഷണൽ എക്സൈസ് നിരക്ക് പലതവണ വർദ്ധിപ്പിച്ചതായി കണ്ടുവരുന്നു. ഇത് ഇന്ധന വില വർദ്ധനവിന് കാരണമാകുന്നുണ്ട്. കേന്ദ്ര നികുതി നിരക്ക് കുറച്ചാൽ സംസ്ഥാന നികുതി അതനുസരിച്ച് താനേ കുറയുന്നതാണ്. കമ്പോളവിലയിലുണ്ടാകുന്ന ഇടിവ് ഓഫ്സെറ്റ് ചെയ്ത് കേന്ദ്ര അഡീഷണൽ എക്സൈസ് നിരക്ക് വർദ്ധിപ്പിക്കുന്ന രീതിയാണ് കേന്ദ്ര സർക്കാർ സ്വീകരിക്കുന്നത്. ഇങ്ങനെ കേന്ദ്ര സർക്കാർ സമാഹരിക്കുന്ന പണം സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കേണ്ടതുമില്ല. കമ്പോളത്തിൽ ക്രൂഡ് ഓയിൽ വില കുറയുമ്പോൾ പോലും ആയതിന്റെ നേട്ടം ജനങ്ങൾക്ക് കൈമാറ്റം ചെയ്യാത്ത തുടർച്ചയായ ജനദ്രോഹ നടപടികൾ പിൻവലിക്കാൻ കേന്ദ്ര സർക്കാർ തയ്യാറാകുകയാണ് വേണ്ടത്.

**വരുമാനക്കുടിശ്ശിക**

77(86) <u>ശ്രീ. സജീവ് ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ വിവിധ വകുപ്പുകളിൽനിന്ന് ഇതുവരെ വരുമാനക്കുടിശ്ശികയിനത്തിൽ എത്ര തുക പിരിച്ചെടുക്കാനുണ്ട്;

(ബി) അപ്രകാരം ഏതൊക്കെ വകുപ്പുകളിൽനിന്നാണ് കുടിശ്ശിക പിരിച്ചെടുക്കാനുള്ളത്; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

&

(സി) വരുമാനക്കുടിശ്ശിക യഥാസമയം പിരിച്ചെടുക്കാൻ കഴിയാത്തതിനുള്ള കാരണം വ്യക്തമാക്കാമോ; കുടിശ്ശിക പിരിച്ചെടുക്കുന്നതിൽ വീഴ്ച വരുത്തുന്നവർക്കെതിരെ നടപടി സ്വീകരിക്കുമോ?

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

**പെട്രോൾ-ഡീസൽ-പാചക വാതക വിലവർദ്ധന**

78(87) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെട്രോൾ-ഡീസൽ-പാചക വാതക വില ക്രമാതീതമായി വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) പെട്രോൾ, ഡീസൽ, പാചക വാതകം എന്നിവയിൽനിന്ന് സംസ്ഥാനത്തിന് ലഭിക്കുന്ന നികുതി എത്ര വീതമാണെന്ന് അറിയിക്കുമോ?

പെട്രോളിന് ലിറ്ററിന് 30.08% വില്പന നികുതി, ഒരു രൂപ അധിക വില്പന നികുതി, വില്പന നികുതിയുടെയും അധിക വില്പന നികുതിയുടെയും ഒരു ശതമാനം സെസ്സ് എന്നിവയും ഡീസലിന് ലിറ്ററിന് 22.76% വില്പന നികുതി, ഒരു രൂപ അധിക വില്പന നികുതി, വില്പന നികുതിയുടെയും അധിക വില്പന നികുതിയുടെയും ഒരു ശതമാനം സെസ്സ് എന്നിവയും, പാചകവാതകത്തിന് സംസ്ഥാന ചരക്കു സേവന നികുതി 9%-വും ഗാർഹികാവശ്യത്തിനുള്ള പാചക വാതകത്തിന് സംസ്ഥാന ചരക്കു സേവന നികുതി 2.5%-ഉം എന്നിങ്ങനെയാണ് സംസ്ഥാനത്തിന് ലഭിക്കുന്ന നികുതി നിരക്ക്.

(സി) പ്രസ്തുത നികുതിയിൽ ഇളവ് വരുത്തുന്നതിലൂടെ സംസ്ഥാനത്തിനുണ്ടാകാവുന്ന നഷ്ടം മറ്റ് രീതിയിൽ ക്രമീകരിക്കാൻ സാധിക്കുമോ എന്ന് പരിശോധിക്കാമോ;

&

(ഡി) കോവിഡ് മഹാമാരിയിൽ കഷ്ടതയനുഭവിക്കുന്ന സാധാരണക്കാരായവർക്ക് അനുഭവവേദ്യമാകുന്ന രീതിയിൽ ഇത്തരം നികുതിയിളവ് നൽകുന്ന കാര്യം പരിഗണിക്കുമോ; വ്യക്തമാക്കുമോ?

നിലവിൽ പെട്രോളിയം ഉല്പന്നങ്ങൾക്ക് കേരള പൊതുവില്പന നികുതി നിയമപ്രകാരമാണ് നികുതി ചുമത്തുന്നത്. പെട്രോളിന് ചുമത്തുന്ന നികുതി 30.08%-വും ഡീസലിന് ചുമത്തുന്ന നികുതി 22.76%-വും ആണ്. എന്നാൽ ചരക്കുസേവന നികുതി നിയമപ്രകാരം സംസ്ഥാനത്തിന് പരമാവധി ചുമത്താവുന്ന നികുതി 28% (14% CGST + 14% SGST) മാത്രമാണ്. അതിനാൽ മേൽ നിരക്കുകളിലെ വ്യത്യാസത്തിന് ആനുപാതികമായി പെട്രോൾ, ഡീസൽ എന്നിവയിൽ നിന്നുമുള്ള നികുതി വരുമാനത്തിൽ കുറവ് വരുന്നതാണ്. ഇപ്രകാരം നികുതി വരുമാനത്തിൽ വരുന്ന കുറവ് കേന്ദ്ര സർക്കാർ നികത്തിയില്ലെങ്കിൽ അത് സംസ്ഥാനത്തിന്റെ സാമ്പത്തികനിലയെ ബാധിക്കുന്നതാണ്. ചരക്കുസേവന നികുതി നിയമപ്രകാരം നികുതി ചുമത്തിയിരിക്കുന്ന ഉൽപ്പന്നങ്ങളുടെ നികുതി പരിഷ്കരിക്കുന്നതിന് സംസ്ഥാനത്തിനു മാത്രമായി തീരുമാനം കൈക്കൊള്ളാൻ കഴിയുകയില്ല. ചരക്കുസേവന നികുതി നിയമപ്രകാരം നികുതി പരിഷ്കരിക്കുന്നതിന് ചരക്കുസേവന നികുതി കൗൺസിലിന്റെ ശിപാർശയോടുകൂടി മാത്രമേ കഴിയുകയുള്ളൂ.

(ഇ) 2011-16, 2016-21 കാലയളവിൽ ഇപ്രകാരം നികുതിയിളവ് നൽകിയിരുന്നോ എന്നും എത്ര പ്രാവശ്യം നികുതിയിളവ് നൽകി എന്നും എത്ര രൂപ ഇപ്രകാരം കുറവ് വരുത്തിയിരുന്നു എന്നും അറിയിക്കുമോ?

2011-2016 കാലയളവിൽ പെട്രോളിന്റെ സംസ്ഥാന വിൽപ്പന നികുതി 13 തവണ വർദ്ധിപ്പിക്കുകയും 4 തവണ കുറയ്ക്കുകയും ചെയ്തിട്ടുണ്ട്. മേൽ കാലയളവിൽ ഡീസലിന്റെ സംസ്ഥാന വിൽപ്പന നികുതി 5 തവണ വർദ്ധിപ്പിക്കുയും 2 തവണ കുറയ്ക്കുകയും ചെയ്തിട്ടുണ്ട്. പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന വിൽപ്പന നികുതി 2011-ൽ യഥാക്രമം 29.01 ശതമാനവും 24.69 ശതമാനവും ആയിരുന്നത് 2016-ൽ യഥാക്രമം 31.8 ശതമാനവും 24.52 ശതമാനവുമായി. പെട്രോളിന്റെയും ഡീസലിന്റെയും നികുതി നിരക്ക് 2016-ൽ യഥാക്രമം 31.8 ശതമാനവും 24.52 ശതമാനവും ആയിരുന്നു. തുടർന്ന് 2018-ൽ പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന വിൽപ്പന നികുതി യഥാക്രമം 30.08 ശതമാനവും 22.76 ശതമാനവും ആയി കുറച്ചിട്ടുണ്ട്. 2016-നുശേഷം പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന വിൽപ്പന നികുതിയിൽ വർദ്ധനവ് വരുത്തിയിട്ടില്ല. നികുതി നിരക്ക് കുറച്ചതിന്റെ ഭാഗമായി മേല്പറഞ്ഞ കാലയളവുകളിൽ പെട്രോളിന്റെയും ഡീസലിന്റെയും വിലയിലുണ്ടായ ഇളവ് അനുബന്ധമായി* ചേർക്കുന്നു.

(എഫ്) ഇപ്രകാരം നികുതിയിളവ് നൽകിയതിലൂടെ സർക്കാരിനുണ്ടായ സാമ്പത്തിക നഷ്ടം വ്യക്തമാക്കുമോ?

നികുതി നിരക്കിൽ കുറവ് വരുത്തിയതുമൂലം 2011 മുതൽ 2016 വരെ 375.75 കോടി രൂപ പെട്രോളിലും 243.42 കോടി രൂപ ഡീസലിലും വരുമാന നഷ്ടമുണ്ടായിട്ടുണ്ട്. 2016 മുതൽ 2020-21 വരെ 566.17 കോടി രൂപ പെട്രോളിലും 767.8 കോടി രൂപ ഡീസലിലും നികുതി നിരക്കിൽ കുറവ് വരുത്തിയതുമൂലം വരുമാനനഷ്ടം ഉണ്ടായിട്ടുണ്ട്.

## പ്രളയ സെസ്സ്

79(88) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയ സെസ്സ് ഏർപ്പെടുത്തിയത് എന്തിനുവേണ്ടിയായിരുന്നു; വിശദമാക്കാമോ?

2018 ഓഗസ്റ്റിലുണ്ടായ പ്രളയത്തിൽ തകർന്നടിഞ്ഞ കേരളത്തിന്റെ പുനർനിർമ്മാണത്തിനുവേണ്ടി ഫണ്ട് സ്വരൂപിക്കുന്നതിന്റെ ഭാഗമായാണ് സംസ്ഥാന സർക്കാർ പ്രളയ സെസ്സ് ഏർപ്പെടുത്തിയത്. ജി.എസ്.ടി. കൗൺസിലിന്റെ അനുമതിയോടെ കേരള ഫിനാൻസ് ആക്ട് 2019-ലെ വകുപ്പ് 14 പ്രകാരം ആണ് പ്രളയ സെസ്സ് ചുമത്തിയിരിക്കുന്നത്. 30.06.2017-ലെ എസ്.ആർ.ഒ. 360/2017-ൽ

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഷെഡ്യൂൾ II, III, IV എന്നിവയിൽ വരുന്ന ചരക്കുകളുടെയും സേവനങ്ങളുടെയും സംസ്ഥാനത്തിനകത്തുള്ള കൈമാറ്റങ്ങൾക്ക് 1% പ്രളയ സെസ്സ് ബാധകമാണ്. എസ്.ആർ.ഒ. 360/2017-ലെ അഞ്ചാം ഷെഡ്യൂളിൽ വരുന്ന ചരക്കുകളുടെ (സ്വർണം, വെള്ളി മുതലായവ) കൈമാറ്റങ്ങൾക്ക് 0.25% പ്രളയ സെസ്സ് ബാധകമാണ്. പ്രളയ സെസ്സ് ചരക്കുകളുടെയും സേവനങ്ങളുടെയും അന്തിമ ഉപഭോക്താവിലേയ്ക്കുള്ള (B to C) കൈമാറ്റങ്ങൾക്ക് മാത്രമാണ് ചുമത്തിയിട്ടുള്ളത്.

(ബി) പ്രളയസെസ്സിന്റെ കാലാവധി വ്യക്തമാക്കാമോ?

പ്രളയ സെസ്സ് 2019 ആഗസ്റ്റ് മുതൽ രണ്ട് വർഷത്തേയ്ക്കാണ് ചുമത്തിയിട്ടുള്ളത്.

(സി) പ്രളയ സെസ്സിലൂടെ നാളിതുവരെ എത്ര തുക സമാഹരിക്കാൻ കഴിഞ്ഞു; വിശദമാക്കുമോ?

30-6-2021-ലെ കണക്കനുസരിച്ച് 1929.78 കോടി രൂപ പ്രളയ സെസ്സിലൂടെ സമാഹരിച്ചിട്ടുണ്ട്.

(ഡി) പ്രളയ സെസ്സിലൂടെ സമാഹരിച്ച തുക റീബിൽഡ് കേരളയ്ക്ക് നൽകിയോ; എങ്കിൽ എത്ര തുകയാണ് ഇതുവരെ കൈമാറിയത്; വിശദമാക്കാമോ?

വിവരം ശേഖരിച്ചുവരുന്നു.

## പ്രളയ സെസ്സ്

80(89) <u>ശ്രീ. ഷാഫി പറമ്പിൽ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രളയ സെസ്സ് ഏർപ്പെടുത്താനുള്ള സാഹചര്യം വിശദമാക്കാമോ;?

2018 ആഗസ്റ്റിലുണ്ടായ പ്രളയത്തിൽ തകർന്നടിഞ്ഞ കേരളത്തിന്റെ പുനർ നിർമ്മാണത്തിനുവേണ്ടി ഫണ്ട് സ്വരൂപിക്കുന്നതിന്റെ ഭാഗമായാണ് സംസ്ഥാന സർക്കാർ പ്രളയ സെസ്സ് ഏർപ്പെടുത്തിയത്. ജി.എസ്.ടി. കൗൺസിലിന്റെ അനുമതിയോടെ കേരള ഫിനാൻസ് ആക്ട് 2019-ലെ വകുപ്പ് 14 പ്രകാരമാണ് പ്രളയ സെസ്സ് ചുമത്തി യിരിക്കുന്നത്. 30-6-2017-ലെ എസ്.ആർ.ഒ. 360/2017-ൽ ഷെഡ്യൂൾ II, III, IV എന്നിവയിൽ വരുന്ന ചരക്കുകളുടെയും സേവനങ്ങളുടെയും സംസ്ഥാനത്തിനകത്തുള്ള കൈമാറ്റങ്ങൾക്ക് 1% പ്രളയ സെസ്സ് ബാധകമാണ്. എസ്.ആർ.ഒ. 360/2017-ലെ അഞ്ചാം ഷെഡ്യൂളിൽ വരുന്ന ചരക്കുകളുടെ (സ്വർണം, വെള്ളി മുതലായവ)

കൈമാറ്റങ്ങൾക്ക് 0.25% പ്രളയ സെസ്സ് ബാധകമാണ്. പ്രളയ സെസ്സ് ചരക്കുകളുടെയും സേവനങ്ങളുടെയും അന്തിമ ഉപഭോക്താവിലേയ്ക്കുള്ള (B to C) കൈമാറ്റങ്ങൾക്ക് മാത്രമാണ് ചുമത്തിയിട്ടുള്ളത്.

(ബി) പ്രളയ സെസ്സിലൂടെ നാളിതുവരെ എത്ര തുക ലഭിച്ചു; എന്നുവരെയാണ് പ്രളയ സെസ്സ് ഈടാക്കുന്നത്?

30-6-2021-ലെ കണക്കനുസരിച്ച് 1929.78 കോടി രൂപ പ്രളയ സെസ്സിലൂടെ സമാഹരിച്ചിട്ടുണ്ട്. പ്രളയ സെസ്സ് ആഗസ്റ്റ് 2019 മുതൽ രണ്ടു വർഷത്തേയ്ക്കാണ് ചുമത്തിയിട്ടുള്ളത്. ഇതനുസരിച്ച് 2021 ജൂലൈ 31-ന് പ്രളയ സെസ്സിന്റെ കാലാവധി അവസാനിക്കും.

(സി) പ്രളയസെസ്സിലൂടെ ലഭിച്ച തുക എന്തൊക്കെ കാര്യങ്ങൾക്കാണ് ചെലവാക്കിയതെന്ന് ഇനം തിരിച്ച് വിശദമാക്കാമോ?

വിവരം ശേഖരിച്ചുവരുന്നു.

### ഇന്ധന നികുതി

81(90) <u>ശ്രീ. റോജി എം. ജോൺ</u>: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ (2011-2016) കാലഘട്ടത്തിൽ ഓരോ സാമ്പത്തിക വർഷങ്ങളിലും ഇന്ധന നികുതി ഇനത്തിൽ സംസ്ഥാന സർക്കാരിന് എത്ര കോടി രൂപ വീതം ലഭിച്ചുവെന്ന് വ്യക്തമാക്കാമോ?

കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ (2011-2016) കാലഘട്ടത്തിൽ ഓരോ സാമ്പത്തിക വർഷങ്ങളിലും ഇന്ധന നികുതി ഇനത്തിൽ (പെട്രോൾ, ഡീസൽ) സംസ്ഥാന സർക്കാരിന് ലഭിച്ച തുക അനുബന്ധമായി ചേർക്കുന്നു.*

### പ്രളയ സെസ്സ്

82(91) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയ സെസ്സ് ഇനത്തിൽ നാളിതുവരെ എത്ര തുക പിരിച്ചെടുത്തുവെന്ന് വ്യക്തമാക്കാമോ?

30-6-2021-ലെ കണക്കനുസരിച്ച് 1929.78 കോടി രൂപ പ്രളയ സെസ്സിലൂടെ സമാഹരിച്ചിട്ടുണ്ട്.

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രളയ സെസ്സ് പിരിച്ചെടുക്കുന്നതിന് കാലപരിധി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ എന്നുമുതൽ എന്നുവരെയാണ് ഇത് പിരിച്ചെടുത്തത് എന്ന് വെളിപ്പെടുത്തുമോ?

പ്രളയ സെസ്സ് ആഗസ്റ്റ് 2019 മുതൽ രണ്ടുവർഷത്തേയ്ക്കാണ് ചുമത്തിയിട്ടുള്ളത്. ഇതനുസരിച്ച് 2021 ജൂലൈ 31-ന് പ്രളയ സെസ്സിന്റെ കാലാവധി അവസാനിക്കും.

(സി) പിരിച്ചെടുത്ത തുക ആർക്കെങ്കിലും കൈമാറിയിട്ടുണ്ടോയെന്നും ആയത് ചെലവഴിച്ചിട്ടുണ്ടോയെന്നും അറിയിക്കാമോ;

&

(ഡി) എങ്കിൽ എത്ര തുക ചെലവഴിച്ചുവെന്നും എത്ര തുക ശേഷിക്കുന്നുവെന്നും വെളിപ്പെടുത്തുമോ?

വിവരം ശേഖരിച്ചുവരുന്നു.

## കോവിഡ് - 19 -മൂലം സമ്പദ് വ്യവസ്ഥയ്ക്ക് വരുന്ന നഷ്ടം

83(92) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ്-19-മൂലം സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയ്ക്ക് വരുന്ന നഷ്ടം എത്രയാണെന്ന് വ്യക്തമാക്കുമോ?

കോവിഡ് മഹാമാരി സംസ്ഥാന സമ്പദ്‌വ്യവസ്ഥയിൽ സൃഷ്ടിച്ച പ്രത്യാഘാതം കാരണം കഴിഞ്ഞ വർഷം (2020-21-ൽ) നമ്മുടെ മൊത്തം സംസ്ഥാന ആഭ്യന്തര ഉല്പാദനം (GSDP) 3.82 ശതമാനം കണ്ട് കുറയുമെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ട്. 2021-22-ൽ 6.60 ശതമാനം കുത്തനെയുള്ള സാമ്പത്തിക വളർച്ച വീണ്ടെടുക്കുമെന്ന് നാം പ്രതീക്ഷിച്ചിരുന്നെങ്കിലും കോവിഡ്-19 മഹാമാരിയുടെ രണ്ടാം തരംഗം ഈ പ്രതീക്ഷയ്ക്ക് ഒരു പ്രതിബന്ധമാകാൻ സാദ്ധ്യതയുണ്ട്. GSDP-യുടെ വളർച്ചയിലുള്ള മാന്ദ്യം സ്വാഭാവികമായും സംസ്ഥാനത്തിന്റെ റവന്യൂ വരുമാനങ്ങളിൽ അതിന്റെ പ്രതികൂല ഫലങ്ങൾ കൊണ്ടുവരുന്നതാണ്. 2020-21-ൽ ആദ്യ ബഡ്ജറ്റ് എസ്റ്റിമേറ്റിൽ പ്രതീക്ഷിച്ചതിനേക്കാൾ 18.77 ശതമാനം ഇടിവ് ഇതിനകം ഉണ്ടായിട്ടുണ്ട്. 2021-22-ൽ റവന്യൂ വരുമാനത്തിൽ 40.67 ശതമാനം കുത്തനെയുള്ള വളർച്ച പ്രതീക്ഷിക്കുന്നുവെങ്കിലും ഉയർന്ന കോവിഡ്-19 കേസുകൾ അനിവാര്യമാക്കിയ ലോക്ഡൗണിന്റെ അനന്തരഫലമായി ഇതിന് പ്രതിബന്ധങ്ങൾ ഉണ്ടാകാവുന്നതാണ്. അധിക ചെലവ് ബാദ്ധ്യതകളോടൊപ്പം സംസ്ഥാന ധനസ്ഥിതിക്ക്, ഉയർന്ന വരുമാന കമ്മിയും അതുപോലെ ധനകമ്മിയും ഉണ്ടാകാൻ സാദ്ധ്യതയുണ്ട്. വാക്സിനേഷനിലൂടെ കോവിഡ് മഹാമാരി നിയന്ത്രിക്കുവാൻ സാധിച്ചുകഴിഞ്ഞാൽ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) സമ്പദ് വ്യവസ്ഥ മാന്ദ്യത്തിലേയ്ക്ക് നീങ്ങുന്ന സാഹചര്യത്തിൽ കാർഷിക വായ്പകൾ ഉൾപ്പെടെ കൂടുതൽ വായ്പകൾ നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

പ്രാഥമിക സഹകരണ സംഘങ്ങളെയും വാണിജ്യ ബാങ്കുകളെയും ഉപയോഗപ്പെടുത്തിക്കൊണ്ട് വിപുലമായ സാമ്പത്തിക പുനരുജ്ജീവന വായ്പാ പദ്ധതി ആവിഷ്കരിക്കും. പലിശയുടെ ഒരു ഭാഗം സംസ്ഥാന സർക്കാർ വഹിക്കും. നബാർഡിന്റെ പുനർവായ്പാ സ്കീമിന്റെ സാദ്ധ്യത പൂർണ്ണമായി ഉപയോഗപ്പെടുത്തുന്നതാണ്. കേന്ദ്ര സർക്കാരും റിസർവ് ബാങ്കും പ്രഖ്യാപിച്ചിട്ടുള്ള വായ്പാ പാക്കേജുകളുടെ സാദ്ധ്യതയും പരമാവധി ഉപയോഗപ്പെടുത്തും. സാമ്പത്തിക പുനരുജ്ജീവന വായ്പാ പദ്ധതിക്ക് മൂന്ന് ഘടകങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

(i) Co-operative Initiative for Agriculture Infrastructure in Kerala (CAIK)- കാർഷിക മേഖലയുടെ വികസന പ്രക്രിയയിലെ ഒരു പ്രധാന തടസ്സം മൂലധന രൂപീകരണത്തിന്റെ അഭാവമാണ്. മെച്ചപ്പെട്ട നിക്ഷേപ വായ്പാ സംവിധാനം ഒരുക്കിയാൽ സ്വകാര്യ മൂലധന രൂപീകരണം വർദ്ധിപ്പിച്ച് പ്രാദേശിക വിപണികൾ, ഗോഡൗണുകൾ, കോൾഡ് ചെയിൻ സൗകര്യങ്ങൾ എന്നിവയും പൈനാപ്പിൾ, വാഴപ്പഴം, മാമ്പഴം മുതലായ പഴവർഗ്ഗങ്ങളുടെ സംസ്കരണ കേന്ദ്രങ്ങളും സൃഷ്ടിക്കുന്നതിന് കഴിയും. ഇതിലൂടെ പഴം പച്ചക്കറി മാർക്കറ്റുകൾ, ആധുനിക മത്സ്യ വിപണന സൗകര്യങ്ങൾ, ശുചിത്വമുള്ള ഇറച്ചി വില്പന സൗകര്യങ്ങൾ, കാർഷിക ഉൽപന്നങ്ങളായ പച്ചക്കറികൾ, പാൽ, മാംസം, മത്സ്യം എന്നിവയുടെ സംസ്കരണ കേന്ദ്രങ്ങൾ, മാർക്കറ്റിംഗ് തുടങ്ങിയ മേഖലകളിൽ ഇടപെടാൻ കഴിയും. പ്രാഥമിക സഹകരണ സംഘങ്ങൾക്ക് (PACS) നാല് ശതമാനം പലിശ നിരക്കിൽ നബാർഡിൽനിന്നുള്ള പശ്ചാത്തല സൗകര്യ പുനർവായ്പ കേരള ബാങ്ക് മുഖേന ലഭ്യമാക്കും. 2021-22 സാമ്പത്തിക വർഷത്തിൽ 2000 കോടി രൂപയുടെ വായ്പ ലഭ്യമാക്കുന്നതാണ് ഉദ്ദേശ്യം.

(ii) തൊഴിൽ സംരംഭങ്ങൾക്കുള്ള വായ്പാപദ്ധതി - കാർഷിക- വ്യാവസായിക-സേവനമേഖലകളിൽ പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനും നിലവിൽ പ്രവർത്തനക്ഷമമല്ലാത്ത സംരംഭങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിനും വാണിജ്യ ആവശ്യങ്ങൾക്കും കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭ്യമാക്കും. 2021-22-ൽ 1,600 കോടി രൂപയുടെ വായ്പ ലഭ്യമാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

(iii) കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് വായ്പ-2021-22 സാമ്പത്തിക വർഷത്തിൽ ചുരുങ്ങിയത് 1,000 കോടി രൂപയുടെ ബാങ്ക് വായ്പ കുടുംബശ്രീ വഴി അയൽക്കൂട്ടങ്ങൾക്ക് ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നു. 5 ലക്ഷം രൂപ വരെയുള്ള വായ്പയെല്ലാം 4 ശതമാനം പലിശ നിരക്കിൽ ലഭ്യമാക്കും. മേൽ പറഞ്ഞ വായ്പാ പദ്ധതികളുടെ പലിശ ഇളവ് വഹിക്കുന്നതിനായി 100 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

## ഓവർഡ്രാഫ്റ്റ് പുനഃസ്ഥാപനം

84(93) ശ്രീ. അനൂപ് ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിൽ ചെറുകിട കരാറുകാരുടെ ബില്ലുകൾ മാറുന്നതിനായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽനിന്നും ഓവർഡ്രാഫ്റ്റ് നൽകുന്ന സമ്പ്രദായം നിർത്തലാക്കി ധനകാര്യ വകുപ്പ് നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ;

&

(ബി) ഉണ്ടെങ്കിൽ, സർക്കാരിനും അതോറിറ്റിക്കും യാതൊരു സാമ്പത്തിക ബാദ്ധ്യതയും ഇല്ലാതെ കരാറുകാരനിൽ നിന്നുതന്നെ ഓവർഡ്രാഫ്റ്റിന്റെ പലിശ ഈടാക്കുന്ന സാഹചര്യത്തിൽ പ്രസ്തുത രീതി പുന:സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കേരള വാട്ടർ അതോറിറ്റിയിൽ ചെറുകിട കരാറുകാരുടെ ബില്ലുകൾ മാറുന്നതിനായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽനിന്നും ഓവർഡ്രാഫ്റ്റ് നൽകുന്ന സമ്പ്രദായം നിർത്തലാക്കി ധനകാര്യ വകുപ്പ് നിർദ്ദേശം നൽകിയിട്ടില്ല. 30-7-2015-ലെ കേരള വാട്ടർ അതോറിറ്റി 379-ാമത് ബോർഡിന്റെ 10144-ാമത് തീരുമാനം അനുസരിച്ച് കരാറുകാരുടെ ബില്ലുകൾ എസ്.ബി.ഐ.യിൽനിന്നും ഓവർ ഡ്രാഫ്റ്റ് അടിസ്ഥാനത്തിൽ താൽക്കാലികമായി നൽകിയിരുന്നു. സർക്കാരിൽനിന്നും ബഡ്ജറ്റ് വിഹിതം കിട്ടുന്ന മുറയ്ക്ക് ഈ ബിൽ തുക ഓവർ ഡ്രാഫ്റ്റിൽ അടയ്ക്കുവാനും, അതുവരെയുള്ള ബാങ്ക് പലിശ കോൺട്രാക്ടർ വഹിച്ചോളാമെന്നും ഒരു ഉടമ്പടി പ്രകാരമാണ് ഈ തുക വിട്ടുതൽ നൽകിയത്. കോൺട്രാക്ടർമാർക്ക് ഒരു ഇടക്കാല ആശ്വാസം എന്ന രീതിയിലാണ് ഈ ഓവർ ഡ്രാഫ്റ്റ് സമ്പ്രദായം അനുവദിച്ചത്. വർഷംതോറും അതോറിറ്റിയുടെ ബോർഡിന്റെ അനുമതിയോടെ ഈ ഓവർ ഡ്രാഫ്റ്റ് സമ്പ്രദായം 31-3-2021 വരെ തുടർന്നുവന്നിരുന്നു. 1-4-2021-നുശേഷം ഈ സമ്പ്രദായം പുനഃസ്ഥാപിച്ചിട്ടില്ല. സർക്കാരിൽനിന്നും ബഡ്ജറ്റ് വിഹിതം കിട്ടുന്ന മുറയ്ക്ക് ബിൽ

തുക ഓവർ ഡ്രാഫ്റ്റിൽ അടയ്ക്കുവാനും അതുവരെയുള്ള ബാങ്ക് പലിശ കോൺട്രാക്ടർ വഹിച്ചോളാമെന്നുമുള്ള ഒരു ഉടമ്പടി പ്രകാരമാണ് ഓവർ ഡ്രാഫ്റ്റ് സമ്പ്രദായം അനുവദിച്ചുനൽകിയത്. 2020-21 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റ് വിഹിതം പൂർണ്ണമായി ചെലവഴിക്കാനും കൂടുതൽ തുക നേടിയെടുക്കാനും സാധിച്ചുവഴി 262.53 കോടി രൂപയുടെ കുടിശ്ശിക ബില്ലുകൾ കൊടുത്തു തീർക്കുവാൻ കഴിഞ്ഞു. എന്നാൽ ചില കോൺട്രാക്ടർമാർ അതാതു ബില്ലുകളുടെ ഓവർ ഡ്രാഫ്റ്റ് കാലാവധിയുടെ പലിശ അടയ്ക്കുവാനുള്ള എതിർപ്പ് പ്രകടിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയെ സമീപിച്ചു. ഇത് കേരള വാട്ടർ അതോറിറ്റിക്ക് അധിക സാമ്പത്തിക ബാദ്ധ്യത വരുവാനുള്ള സാഹചര്യം ഉള്ളതിനാൽ 1-4-2021 മുതൽ ഓവർ ഡ്രാഫ്റ്റ് സമ്പ്രദായം പുനഃസ്ഥാപിച്ചിട്ടില്ല.

**ബാങ്കുകളുടെ ഉപഭോക്തൃ സൗഹൃദമല്ലാത്ത നടപടികൾ**

85(94) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ഡോ. എൻ. ജയരാജ്:
ശ്രീ. പ്രമോദ് നാരായൺ:
ശ്രീ. ജോബ് മൈക്കിൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന പൊതുമേഖല ബാങ്കുകൾ ഉൾപ്പടെയുള്ള ബാങ്കുകൾ ഉപഭോക്തൃ സൗഹൃദമല്ലാത്ത നടപടികൾ സ്വീകരിച്ചുവരുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബാങ്കിംഗ് കോഡ്സ് ആൻഡ് സ്റ്റാൻഡേർഡ്സ് ബോർഡ് ഓഫ് ഇന്ത്യയുടെ കോഡ്സ് ആൻഡ് സ്റ്റാൻഡേർഡ്സ് അനുസരിച്ചാണ് സംസ്ഥാനത്തെ ബാങ്കുകളെല്ലാംതന്നെ ബാങ്കിംഗ് ഉപഭോക്താക്കൾക്ക് സുതാര്യമായതും മികവുറ്റതുമായ ബാങ്കിംഗ് സർവ്വീസ് നൽകുന്നത്. ഈ കോഡ്സ് ആൻഡ് സ്റ്റാൻഡേർഡ്സ് യഥാസമയം റിവ്യൂ ചെയ്യുകയും കാലത്തിനനുസരിച്ച് മാറ്റം വരുത്തേണ്ടതുണ്ട്.

(ബി) ബാങ്കുകൾ ഈടാക്കുന്ന അമിത ഫീസ്, വിവിധ തരം പിഴകൾ, ഇടപാടുകളിലെ നിയന്ത്രണം തുടങ്ങിയവ നിയന്ത്രിക്കുന്നതിന് സർക്കാർ തലത്തിൽ എന്തെല്ലാം ഇടപെടലുകളാണ് നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ബാങ്കുകൾ ഇടപാടുകാരിൽനിന്നും ഓരോ സേവനങ്ങൾക്കും ഈടാക്കുന്ന ചാർജ്ജുകൾ സംബന്ധിച്ച വിവരം, അതിൽ വരുന്ന മാറ്റങ്ങൾ എന്നിവ യഥാസമയം ഉപഭോക്താക്കളെ അറിയിക്കുന്നതിനായി നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്ന തോടൊപ്പംതന്നെ അതാതു ബാങ്കുകളുടെ വെബ്സൈറ്റിലും പ്രസിദ്ധീകരിക്കുന്നുണ്ട്.

(സി) പ്രസ്തുത വിഷയത്തിൽ പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ബാങ്ക് ലോൺ അനുവദിക്കുന്നതിലുള്ള കാലതാമസം, അമിത ചാർജ്ജ് ഈടാക്കൽ എന്നിവ സംബന്ധിച്ച പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുന്നപക്ഷം ആയത് സംസ്ഥാന തല ബാങ്കേഴ്സ് സമിതിയുടെ (SLBC) ശ്രദ്ധയിൽപ്പെടുത്തുന്നുണ്ട്.

**സ്പാർക്ക്**

86(96) ശ്രീ. മോൻസ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യ വകുപ്പിന്റെ കീഴിലുള്ള സ്പാർക്ക് സംവിധാനത്തിന്റെ ചുമതലയും മേൽനോട്ടവും ആർക്കാണെന്ന് വ്യക്തമാക്കാമോ; ഇവിടെ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടന്നുവരുന്നത് എന്നറിയിക്കാമോ?

ധനകാര്യ വകുപ്പിന് കീഴിലുള്ള സ്പാർക്ക് (പി.എം.യു.) വകുപ്പിന്റെ ചുമതല ചീഫ് പ്രോജക്ട് മാനേജർക്കാണ് (ധനകാര്യ അഡീഷണൽ സെക്രട്ടറി) മെയിൽ, ഫോൺ, ചാറ്റ് എന്നിവയിലൂടെ സ്പാർക്ക് സോഫ്റ്റ്‌വെയർ സംബന്ധമായ സംശയ ദൂരീകരണവും ഇതുമായി ബന്ധപ്പെട്ട് സ്പാർക്ക് (പി.എം.യു.) ഓഫീസ് സന്ദർശിക്കുന്ന ജീവനക്കാർക്ക് ആവശ്യമായ സഹായങ്ങളും നൽകിവരുന്നു.

(ബി) ഈ സ്ഥാപനത്തിൽ എത്ര ജീവനക്കാരാണ് നിലവിലുള്ളത്; സ്ഥിരം/താല്ക്കാലികം എന്ന തരത്തിൽ വിശദമാക്കാമോ?

ഈ സ്ഥാപനത്തിൽ മൊത്തം 60 ജീവനക്കാരുണ്ട്. അതിൽ സ്ഥിരം- 6, താൽക്കാലികം-54, മാസ്റ്റർ ട്രെയിനേഴ്സ്-43 (6 പേര് കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, എറണാകുളം, മലപ്പുറം, കാസർഗോഡ് ജില്ലാ ട്രഷറികളിലും 3 പേർ കണ്ണൂർ സ്പാർക്കിന്റെ റീജിയണൽ ഓഫീസിലും) പ്രോഗ്രാമേഴ്സ് -5 (NIC-യിൽ) സിസ്റ്റം അഡ്മിൻ- 2, സെക്യൂരിറ്റി-3, ഓഫീസ് അറ്റൻഡൻഡ് -1.

(സി) പ്രസ്തുത ഓഫീസിൽ ഫോൺ അനുവദിച്ചിട്ടുണ്ടോ; ആയതിന്റെ നമ്പർ അറിയിക്കാമോ; ഇതിൽ വിളിച്ചാൽ എടുക്കുന്നില്ല എന്ന പരാതി നിലനിൽക്കുന്നുണ്ടോ; സംസ്ഥാനത്തെ ജീവനക്കാരുടെ സർവ്വീസ് സംബന്ധമായ സംശയങ്ങളും പരാതികളും പരിഹരിക്കുന്നതിനായി ഈ ഫോണിൽ വിളിച്ചാൽ മറുപടി കിട്ടുന്നില്ല എന്ന അവസ്ഥയ്ക്ക് പരിഹാരം കണ്ടെത്തുമോ?

ഓഫീസിന് ലാൻഡ് ഫോൺ ഉണ്ട്. ഫോൺ നമ്പർ:0471-2579700. പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിലേയ്ക്കായി കൂടുതൽ മാസ്റ്റർ ട്രെയിനേഴ്സ് ഫോൺ അറ്റൻഡ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

(ഡി) പരാതിക്കാരോട് പ്രസ്തുത ഓഫീസിലെ ജീവനക്കാർ അപമര്യാദയോടെ പെരുമാറുന്നുവെന്നും പരാതികൾ ഒന്നുംതന്നെ പരിഹരിക്കുന്നില്ലെന്നുമുള്ള ആക്ഷേപത്തിന്മേൽ നടപടി സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പരാതികളുടെ സ്വഭാവം അനുസരിച്ച് തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

(ഇ) ഇത്തരം വിഷയങ്ങൾക്ക് പരിഹാരം കണ്ടെത്തുവാൻ എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും സ്പാർക്ക് സെന്ററുകൾ തുടങ്ങാൻ നടപടി സ്വീകരിക്കുമോ; ജീവനക്കാരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിനും മാന്യമായ പെരുമാറ്റം ഉറപ്പാക്കുന്നതിനും നടപടി സ്വീകരിക്കുമോ?

എല്ലാ ജില്ലാ ട്രഷറികളിലും സ്പാർക്ക് ഹെല്പ് ഡെസ്ക് പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ഇതിനകം 6 ജില്ലാ ട്രഷറികളിൽ സ്പാർക്ക് (പി.എം.യു) ഓഫീസിൽ നിന്നുള്ള മാസ്റ്റർ ട്രെയിനേഴ്സിന്റെ സേവനം ഹെൽപ് ഡെസ്ക് വഴി നൽകി വരുന്നുണ്ട്. ജീവനക്കാരുടെ പ്രശ്നങ്ങൾ എത്രയുംവേഗം പരിഹരിക്കുന്നതിനുള്ള മറ്റ് നടപടികൾ സത്വരമായി സ്വീകരിക്കുന്നതാണ്.

## വർക്കല സബ് ട്രഷറിക്ക് പുതിയ കെട്ടിടം

87(97) ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വർക്കല സബ് ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

വർക്കല സബ് ട്രഷറി സ്ഥിതി ചെയ്തിരുന്ന പഴയ കെട്ടിടം പൊളിച്ചുനീക്കി അവിടെ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് 24-12-2019-ലെ G.O. (Rt) 10130/2019/Fin പ്രകാരം 3,48,95,000 രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുള്ളതും നിർമ്മാണ നിർവ്വഹണ ഏജൻസിയായ ഇൻകെൽ ലിമിറ്റഡ് സിവിൽ, ഇലക്ട്രിക്കൽ വർക്കുകൾക്കായി 2,60,13,524 രൂപയുടെ സാങ്കേതികാനുമതി പുറപ്പെടുവിച്ചിട്ടുള്ളതും തെരഞ്ഞെടുക്കപ്പെട്ട കോൺട്രാക്ടർക്ക് 20-1-2021-ൽ സ്ഥലം കൈമാറി നൽകിയിട്ടുള്ളതും അവിടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുള്ളതുമാണ്. നിലവിൽ കെട്ടിടത്തിന്റെ ഒന്നാം നിലയുടെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുകയാണ്.

## കിഫ്ബിയുടെ പ്രവർത്തനം

88(98) ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീമതി യു. പ്രതിഭ:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സമ്പദ് വ്യവസ്ഥയെ കരുത്തുറ്റതാക്കി മാറ്റുന്നതിൽ കിഫ്ബി വഹിക്കുന്ന പങ്കിനെക്കുറിച്ച് വിശദമാക്കാമോ?

സാമ്പത്തിക മേഖലയിൽ നിലനിൽക്കുന്ന മാന്ദ്യത്തെ ഫലപ്രദമായി പ്രതിരോധിക്കുക, സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥയെ ഉത്തേജിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് 2016-ലെ ബഡ്ജറ്റിൽ കിഫ്ബി വഴിയുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ പ്രഖ്യാപിച്ചത്. ഏകദേശം 50,000 കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് കിഫ്ബി വഴി നടപ്പിലാക്കാൻ ഉദ്ദേശിച്ചിരുന്നത്. സർക്കാരിന്റെ ഭാവി വരുമാനത്തിന്റെ ചെറിയൊരു പങ്ക് വർഷംതോറും കിഫ്ബിക്ക് ഗ്രാന്റായി നൽകിക്കൊണ്ട് നാടിന്റെ പശ്ചാത്തല സൗകര്യ വികസനം ഇന്നുതന്നെ സാധ്യമാക്കുകയെന്ന ലക്ഷ്യമാണ് ഇതിലൂടെ നേടുന്നത്. ഭാവി വരുമാനത്തെ സെക്യൂരിറ്റൈസ് ചെയ്തുകൊണ്ട് ഇരുപതോ ഇരുപത്തിയഞ്ചോ വർഷം കാത്തു നിൽക്കാതെ അത്യന്താപേക്ഷിതമായ പശ്ചാത്തല സൗകര്യം ഇപ്പോൾ തന്നെ സൃഷ്ടിക്കുക എന്നതാണ് കിഫ്ബിയുടെ സ്ഥാപിതലക്ഷ്യം. കിഫ്ബി മുഖേന നാളിതു വരെ ആകെ 63,257.74 കോടി രൂപയുടെ 903 പദ്ധതികൾക്ക് അംഗീകാരം നൽകിക്കഴിഞ്ഞു. ഇത്തരം അടിസ്ഥാനസൗകര്യ വികസന പദ്ധതികൾ വഴി സംസ്ഥാനത്തിന്റെ സമഗ്രമായ സാമ്പത്തികവും, സാംസ്കാരികവും, ആരോഗ്യ, വിദ്യാഭ്യാസ, വ്യവസായിക മേഖലകളുടെ വികസനം സാദ്ധ്യമാവുകയും കൂടാതെ ഇത്തരത്തിലുള്ള വികസന പ്രവർത്തന രീതി കോവിഡ് പ്രതിസന്ധികാലത്തും പ്രത്യക്ഷവും പരോക്ഷവുമായ തൊഴിലവസരങ്ങൾ നടപ്പിലാക്കുകയും ധനവിപണിയെ കാര്യമായി ഉത്തേജിപ്പിക്കുകയും ചെയ്യുന്നുണ്ട്. ഈ രീതിയിൽ പദ്ധതികൾ നടപ്പിലാക്കുക വഴി സംസ്ഥാനത്തെ സമ്പദ്ഘടനയെ ചലനാത്മകമാക്കുന്നതിലും അടിസ്ഥാന സൗകര്യ വികസനം സാധ്യമാക്കുന്നതിലും സുപ്രധാനമായ പങ്ക് കിഫ്ബി വഹിക്കുന്നുണ്ട്. കിഫ്ബി പദ്ധതികൾ പൂർത്തിയാകുന്നതോടെ കേരളത്തിന്റെ വികസന ചരിത്രത്തിൽ ഒരു പുതിയ അദ്ധ്യായം രചിക്കപ്പെടും.

(ബി) കിഫ്ബി വിവിധ മേഖലകളിലായി അംഗീകരിച്ചിട്ടുള്ള പദ്ധതികൾ ആകെ എത്ര തുകയുടേതെന്നും ഏതൊക്കെ പ്രധാന മേഖലകളിലെ പദ്ധതികളാണ് ഏറ്റെടുത്തിരിക്കുന്നതെന്നും അറിയിക്കാമോ?

കിഫ്ബി വിവിധ മേഖലകളിലായി അംഗീകരിച്ചിട്ടുള്ള പദ്ധതികളുടെ ആകെ തുകയും അവ ഏതൊക്കെ മേഖലകളിലെ പദ്ധതികളാണെന്നുമുള്ള വിവരം അനുബന്ധമായി നൽകുന്നു.*

(സി) കിഫ്ബിക്കെതിരെ ചിലർ സി&എ.ജി. ഉൾപ്പെടെയുള്ള കേന്ദ്ര ഏജൻസികളുടെ സഹായത്തോടെ സംഘടിത നീക്കം നടത്തുന്നതായുള്ള ആക്ഷേപം പരിശോധിക്കുമോ?

2016-ൽ ഐകകണ്ഠ്യേനയാണ് കേരള നിയമസഭാ കിഫ്ബി ഭേദഗതി നിയമം പാസ്സാക്കിയത്. തുടർന്നുള്ള കാലയളവിൽ സമാനതകളില്ലാത്ത പ്രവർത്തന മികവാണ് കിഫ്ബി എന്ന സ്ഥാപനം കാഴ്ചവച്ചത്. വളരെ പ്രൊഫഷണലായുള്ള പ്രവർത്തനരീതികളാണ് കിഫ്ബിയെ ഇതിന് സഹായിച്ചത്. ചുരുങ്ങിയ കാലയളവിൽ തന്നെ കിഫ്ബി ആഭ്യന്തര അന്താരാഷ്ട്ര തലത്തിൽ ശ്രദ്ധ പിടിച്ചുപറ്റി. മാറ്റങ്ങൾ കൺമുൻപിൽ കണ്ടു തുടങ്ങി. ഇങ്ങനെ നാളത്തെ കേരളത്തെ നിർവ്വചിക്കുന്ന ഒരു സംവിധാനമായി കിഫ്ബി ഇന്ന് രൂപാന്തരപ്പെട്ടിരിക്കുന്നു. ഈ കാലയളവിലെല്ലാം തന്നെ കിഫ്ബിയെ മോശമായി ചിത്രീകരിക്കുവാനുള്ള ബോധപൂർവ്വമായ ശ്രമങ്ങൾ വിവിധ കോണുകളിൽനിന്നും ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഇത്തരത്തിലുള്ള എല്ലാ ആക്ഷേപങ്ങൾക്കും ആശങ്കകൾക്കും സമയാസമയം വിവിധ മാർഗ്ഗങ്ങളിലൂടെ കൃത്യമായ വിശദീകരണം നൽകുവാൻ സർക്കാരിനും കിഫ്ബിക്കും കഴിഞ്ഞു. ഉചിതമായ ഈ ഇടപെടലുകളിലൂടെ പൊതുജനങ്ങൾക്ക് കിഫ്ബിയോടും അതിന്റെ പ്രവർത്തനങ്ങളോടുമുള്ള വിശ്വാസം കാത്തുസൂക്ഷിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ആഭ്യന്തര- അന്താരാഷ്ട്ര നിക്ഷേപകരെയും പൊതുജനങ്ങളെയും പൂർണ്ണമായും വിശ്വാസത്തിലെടുത്ത് മാത്രമേ കിഫ്ബി പോലെയുള്ള ഒരു സ്ഥാപനത്തിന് മുന്നോട്ടുപോകുവാൻ കഴിയുകയുള്ളൂ. അതിനാൽ ഇത്തരത്തിൽ തെറ്റായ വിവരങ്ങൾ പ്രചരിപ്പിക്കുന്നതിനെതിരെ ശക്തമായ നിലപാടുകൾ സ്വീകരിച്ചുകൊണ്ട് മുന്നോട്ട് പോകുവാനും, കിഫ്ബി മുഖേനയുള്ള കേരളത്തിന്റെ സുപ്രധാന അടിസ്ഥാന പദ്ധതികൾ നിശ്ചയിച്ച പ്രകാരം പൂർത്തിയാക്കുവാനുമാണ് ഈ സർക്കാരിന്റെ തീരുമാനം.

(ഡി) ഡെവലപ്മെന്റ് ഫിനാൻഷ്യൽ ഇൻസ്റ്റിറ്റ്യൂഷൻ എന്ന പേരിൽ കിഫ്ബിക്ക് സമാനമായ സംവിധാനം കേന്ദ്ര സർക്കാർ ആരംഭിച്ചിട്ടുണ്ടോ; അതിനെ അനുകൂലിക്കുന്നവരും വിയോജിപ്പ് പ്രകടിപ്പിക്കാത്തവരും സംസ്ഥാനത്തെ സംവിധാനം അട്ടിമറിക്കാൻ നടത്തുന്നതായി പറയപ്പെടുന്ന നീക്കം നിഷ്ഫലമാക്കാൻ നടപടിയെടുത്തിട്ടുണ്ടോ?

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നാഷണൽ ബാങ്ക് ഫോർ ഫൈനാൻസിംഗ് ഇൻഫ്രാസ്ട്രാക്ചർ ഡെവലപ്മെന്റ് (NBFID) എന്ന പേരിൽ ഒരു ബിൽ 2021-ൽ ലോക് സഭയിൽ അവതരിപ്പിക്കുക യുണ്ടായി. അടിസ്ഥാന സൗകര്യപദ്ധതികൾക്ക് വേണ്ട ധനസമാഹരണത്തിനുള്ള ഒരു നോഡൽ ഏജൻസിയായി ആകും NBFID പ്രവർത്തിക്കുക. കിഫ്ബി മുന്നോട്ടു വയ്ക്കുന്ന മാതൃകയുടെ ഒരു അവലംബമാണിത്. ഇതിനോടകം തന്നെ കൂടുതൽ സംസ്ഥാനങ്ങൾ കിഫ്ബി മുന്നോട്ടുവയ്ക്കുന്ന ആശയത്തിൽ വിശ്വാസമർപ്പിച്ച് അതേ മാതൃകയിലുള്ള സംരംഭങ്ങൾ തുടങ്ങുവാൻ താല്പര്യപ്പെട്ടിട്ടുണ്ട്. നിലവിലെ സാമൂഹ്യ-സാമ്പത്തിക സ്ഥിതിയിൽ കിഫ്ബി എന്ന ആശയം എത്രമാത്രം പ്രാധാന്യമർഹിക്കുന്നു എന്നതിന്റെ തെളിവാണ് ഇവയെല്ലാം. നാളത്തെ കേരളത്തെ നിർവചിക്കുന്ന ഒരു സംവിധാനമായി കിഫ്ബി മാറിയിരിക്കുന്നു. ഈ കാലയളവിലെല്ലാം തന്നെ കിഫ്ബിയെ മോശമായി ചിത്രീകരിക്കാനുള്ള ബോധപൂർവ്വമായ ശ്രമങ്ങൾ വിവിധ കോണുകളിൽ നിന്നും ഉണ്ടായിട്ടുണ്ട്. കിഫ്ബി അതിനെല്ലാം മറുപടി നൽകിയത് വിട്ടുവീഴ്ചയില്ലാത്ത അതിന്റെ പ്രവർത്തനമികവിലൂടെയാണ്. പൊതുജനം അർപ്പിച്ച വിശ്വാസം നിലനിർത്തികൊണ്ട് ഏറ്റെടുത്ത പദ്ധതികൾ കൃത്യതയോടും മികവോടും സമയബന്ധിതമായി നടപ്പിലാക്കുക എന്നതാണ് കിഫ്ബിയുടെ ലക്ഷ്യം.

**കിഫ്ബിയിൽ ഉൾപ്പെടുത്തിയ പറക്കുന്നം പാലം നിർമ്മാണം**

89(99) ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിലുൾപ്പെടുത്തിയ ആലത്തൂർ നിയോജക മണ്ഡലത്തിലെ പറക്കുന്നം പാലത്തിന്റെയും അപ്രോച്ച് റോഡിന്റെയും നിർമ്മാണവുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

സർക്കാർ കിഫ്ബി പദ്ധതിയായി പ്രഖ്യാപിച്ചിട്ടുള്ള ആലത്തൂർ നിയോജക മണ്ഡലത്തിലെ പറക്കുന്നം പാലത്തിന്റെയും അപ്രോച്ച് റോഡിന്റെയും ഡി.പി.ആർ. കിഫ്ബിയിൽ ലഭിക്കുകയും ആയത് കിഫ്ബി അവലോകന വിഭാഗം പരിശോധിച്ച് സ്ഥലസന്ദർശനം നടത്തി സാങ്കേതിക അവലോകന റിപ്പോർട്ട് തയ്യാറാക്കുകയും അത് പദ്ധതി നിർവ്വഹണ ഏജൻസിയായ കേരള റോഡ് ഫണ്ട് ബോർഡിന് 9-12-2020-ൽ നൽകുകയും ചെയ്തു.

(ബി) പ്രസ്തുത പ്രവൃത്തികൾ എന്ന് തുടങ്ങാൻ കഴിയുമെന്ന് വിശദമാക്കാമോ?

പ്രസ്തുത പദ്ധതിയുടെ സാങ്കേതിക അവലോകന റിപ്പോർട്ടിൽ ആവശ്യപ്പെട്ടതനുസരിച്ചുള്ള മാറ്റങ്ങൾ വരുത്തി ടി റിപ്പോർട്ടിനുള്ള മറുപടി പദ്ധതി നിർവ്വഹണ ഏജൻസി നൽകുന്ന മുറയ്ക്ക് പദ്ധതിയുടെ അന്തിമ അവലോകന റിപ്പോർട്ട്

തയ്യാറാക്കി കിഫ്ബി എക്സിക്യൂട്ടീവ് കമ്മിറ്റി/ബോർഡ് മുൻപാകെ സമർപ്പിച്ച് ധനാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. അതിനുശേഷം പദ്ധതിക്ക് സങ്കേതികാനുമതി നൽകി ടെണ്ടർ ചെയ്ത് സമയബന്ധിതമായി പദ്ധതി നടപ്പിലാക്കേണ്ടത് കേരള റോഡ് ഫണ്ട് ബോർഡാണ്.

**റാന്നി നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ**

90(100) ശ്രീ. പ്രമോദ് നാരായൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി നിയോജകമണ്ഡലത്തിൽ കിഫ്ബി വഴി പൂർത്തിയാക്കുവാൻ വേണ്ടി 2021 ജൂൺ 30 വരെ ഭരണാനുമതി നൽകിയ പദ്ധതികളുടെ വിവരം ഉത്തരവിന്റെ പകർപ്പ് സഹിതം ലഭ്യമാക്കാമോ?

റാന്നി നിയോജകമണ്ഡലത്തിൽ കിഫ്ബി നാളിതുവരെ ധനാനുമതി നൽകിയ പദ്ധതികളുടെ വിവരങ്ങൾ അനുബന്ധം 1* ആയും ഉത്തരവിന്റെ പകർപ്പുകൾ അനുബന്ധം 2 ആയും ചേർക്കുന്നു.*

(ബി) ഭരണാനുമതി നൽകിയ പദ്ധതികളിൽ എത്ര പ്രോജക്ടുകൾ ആരംഭിച്ചിട്ടുണ്ടെന്നും അവയുടെ നിലവിലെ സ്ഥിതി എന്താണെന്നും വിശദമാക്കുമോ?

കിഫ്ബി ധനാനുമതി നൽകിയിട്ടുള്ള പദ്ധതികളുടെ നിലവിലെ സ്ഥിതി ഉൾപ്പെടെയുള്ള വിവരങ്ങൾ അനുബന്ധം 1-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.*

(സി) ഭരണാനുമതി ലഭിച്ചിട്ടും ആരംഭിക്കുവാൻ സാധിക്കാത്ത പദ്ധതികളുടെ വിവരം തടസ്സകാരണ സഹിതം പട്ടികയായി ലഭ്യമാക്കാമോ?

കിഫ്ബി അംഗീകരിച്ച പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാനുള്ള ചുമതല ഭരണവകുപ്പ് നിർദ്ദേശിച്ചിട്ടുള്ള എസ്.പി.വി-കൾക്കാണ്. അംഗീകരിച്ച പദ്ധതികൾ നടപ്പിലാക്കുന്നതിൽ കാലതാമസം ഉണ്ടാകുന്ന അവസരത്തിൽ അവ പരിഹരിക്കുന്നതിനുള്ള നടപടികൾ കിഫ്ബി സ്വീകരിച്ചുവരുന്നു.

**വർക്കല നിയോജകമണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ**

91(101) ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല നിയോജകമണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി ഫണ്ട് അനുവദിച്ച സ്കൂളുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വർക്കല നിയോജകമണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി ധനാനുമതി നൽകിയ സ്കൂൾ പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) ഓരോ സ്കൂളിനും എത്ര തുക വീതം അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഓരോ സ്കൂളിനും കിഫ്ബി നൽകിയ ധനാനുമതിയുടെ തുക അനുബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.*

(സി) പ്രസ്തുത സ്കൂളുകളുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ?

പ്രസ്തുത സ്കൂളുകളുടെ നിർമ്മാണ പുരോഗതി അനുബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.*

**ചാലക്കുടി നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ**

92(102) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി നിയോജകമണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുള്ള പദ്ധതികൾ ഏതൊക്കെയെന്ന് വെളിപ്പെടുത്തുമോ?

ചാലക്കുടി നിയോജകമണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി ധനാനുമതി നൽകിയ പദ്ധതികളുടെ വിശദാശംങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ഓരോ പദ്ധതിക്കും അനുവദിച്ച തുക എത്രയെന്നും നിലവിലെ സ്ഥിതിയും വിശദീകരിക്കുമോ?

പ്രസ്തുത പദ്ധതികൾക്ക് അനുവദിച്ച തുകയും നിലവിലെ സ്ഥിതിയും സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.*

**തോട്ടശേരിയറ-ഇല്ലത്ത്മാട് റോഡ് നവീകരണ പ്രവൃത്തി**

93(103) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ 2016-17-ൽ കിഫ്ബിയിൽ ഉൾപ്പെടുത്തി തത്വത്തിൽ ഭരണാനുമതി നൽകിയ തോട്ടശേരിയറ-ഇല്ലത്ത്മാട് റോഡ് നവീകരണ പ്രവൃത്തിയുടെ പുരോഗതി വ്യക്തമാക്കാമോ?

വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ സർക്കാർ കിഫ്ബി പദ്ധതിയായി പ്രഖ്യാപിച്ചിട്ടുള്ള തോട്ടശേരിയറ-ഇല്ലത്ത്മാട് റോഡിന്റെ ഡി.പി.ആർ. പദ്ധതിയുടെ എസ്.പി.വി.-യായ കേരള റോഡ് ഫണ്ട് ബോർഡ് കിഫ്ബിയിൽ സമർപ്പിക്കുകയും ആയത് പരിശോധിച്ച് തയ്യാറാക്കിയ സാങ്കേതിക അവലോകന റിപ്പോർട്ടും സ്ഥലസന്ദർശന റിപ്പോർട്ടും എസ്.പി.വി-ക്ക് നൽകിയിരിക്കുകയാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഭരണാനുമതി ലഭിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും റോഡിന്റെ നിർമ്മാണം ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

പ്രസ്തുത റോഡിന്റെ നിലവിലെ വീതി 8 മീറ്റർ മാത്രമാണ്. ജനങ്ങൾ തിങ്ങിപ്പാർക്കുന്ന സ്ഥലമായതിനാൽ സ്ഥലം ഏറ്റെടുക്കൽ ബുദ്ധിമുട്ടാണെന്നതാണ് കിഫ്ബിക്ക് ലഭിച്ചിരിക്കുന്ന വിവരം. കിഫ്ബി മാനദണ്ഡപ്രകാരമുള്ള വീതിയിൽ പ്രവൃത്തി നടപ്പിലാക്കുവാൻ ബുദ്ധിമുട്ടായതിനാലാണ് പ്രസ്തുത പദ്ധതിക്ക് ധനാനുമതി നൽകുവാനും നടപ്പിലാക്കുവാനും കാലതാമസം നേരിടുന്നത്.

(സി) അടിയന്തരമായി പ്രസ്തുത റോഡ് നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ?

പ്രസ്തുത പദ്ധതിയുടെ സാങ്കേതിക അവലോകന റിപ്പോർട്ടിൽ ആവശ്യപ്പെട്ടതനുസരിച്ച് കിഫ്ബി മാനദണ്ഡപ്രകാരമുള്ള മാറ്റങ്ങൾ വരുത്തി ടി റിപ്പോർട്ടിനുള്ള മറുപടി പദ്ധതി നിർവ്വഹണ ഏജൻസി സമർപ്പിക്കുന്ന മുറയ്ക്ക് പദ്ധതിയുടെ അന്തിമ അവലോകന റിപ്പോർട്ട് തയ്യാറാക്കി കിഫ്ബി എക്സിക്യൂട്ടീവ് കമ്മിറ്റി/ബോർഡ് മുൻപാകെ സമർപ്പിച്ച് ധനാനുമതി നൽകുന്നതാണ്. അതിനുശേഷം പദ്ധതിക്ക് സാങ്കേതികാനുമതി നൽകി ടെണ്ടർ ചെയ്ത് സമയബന്ധിതമായി പദ്ധതി നടപ്പിലാക്കേണ്ടത് പദ്ധതിയുടെ എസ്.പി.വി-യായ കേരള റോഡ് ഫണ്ട് ബോർഡാണ്.

(ഡി) ഇതുസംബന്ധിച്ച് നൽകിയ നിവേദനത്തിന്മേൽ കിഫ്ബി സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത നിവേദനം കിഫ്ബിയിൽ പരിശോധിച്ച് 4-7-2021-ലെ PWD004-140-MISC-01-ാം നമ്പർ കത്ത് പ്രകാരം മറുപടി നൽകിയിട്ടുണ്ട്. കത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

**കോതമംഗലം നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ**

94(104) <u>ശ്രീ. ആന്റണി ജോൺ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 ബഡ്ജറ്റിൽ കിഫ്ബിയിൽ ഉൾപ്പെടുത്തിയ കോതമംഗലം നിയോജകമണ്ഡലത്തിലെ പ്ലാമുടി-ഊരംകുഴി റോഡിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

കോതമംഗലം നിയോജകമണ്ഡലത്തിലെ പ്ലാമുടി-ഊരംകുഴി റോഡിന്റെ നിർമ്മാണം പുരോഗമിച്ചുവരികയാണ്. ടി റോഡിന്റെ പ്ലാമൂടി മുതൽ ഇരുമലപ്പടി വരെയുള്ള 300 മീറ്റർ ഒഴികെയുള്ള ഭാഗങ്ങളിൽ ബി.എം. പൂർത്തീകരിച്ചിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) 16.6 കി.മീ. ദൂരമുള്ള പ്രസ്തുത റോഡിൽ എത്ര ദൂരം നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി എന്ന് വിശദമാക്കാമോ?

പ്രസ്തുത റോഡിന്റെ 0/000 ചെയിനേജ് മുതൽ 10/680 വരെയുള്ള ഭാഗങ്ങളിലെ ബി.എം, ഓടകൾ, കലുങ്കുകൾ ഉൾപ്പടെയുള്ള നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

(സി) പ്രസ്തുത റോഡിൽ നെല്ലിക്കുഴി മുതൽ ഊരംകുഴി വരെ യാതൊരു പ്രവൃത്തിയും ആരംഭിക്കുവാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കാമോ?

നെല്ലിക്കുഴി മുതൽ ഊരംകുഴി വരെയുള്ള ഭാഗങ്ങളിൽ കിഫ്ബി മാനദണ്ഡമനുസരിച്ചുള്ള വീതി ഇല്ലാത്തതിനാലും നിലവിൽ വാട്ടർ അതോറിറ്റിയുടെ പൈപ്പ്ലൈൻ മാറ്റി സ്ഥാപിക്കുവാനുള്ള സ്ഥലം ഇല്ലാത്തതിനാലുമാണ് പ്രവൃത്തി ആരംഭിക്കുവാൻ കഴിയാത്തത്. മാർഗ്ഗരേഖയിൽ നിഷ്കർച്ചിട്ടുള്ള വീതിയിൽ സ്ഥലം ഏറ്റെടുത്താൽ മാത്രമേ റോഡിൽ പ്രവൃത്തി ആരംഭിക്കാൻ കഴിയുകയുള്ളൂ.

(ഡി) പ്രസ്തുത റോഡ് നിലവിലുള്ള വീതിയിൽതന്നെ കിഫ്ബിയിൽ നിലനിർത്തി നിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

കിഫ്ബി മാനദണ്ഡമനുസരിച്ചുള്ള വീതിയും ഗുണമേൻമയും മറ്റ് സൗകര്യങ്ങളുള്ളതുമായ റോഡുകളാണ് കിഫ്ബി ധനാനുമതി നൽകി നടപ്പിലാക്കുന്നത്. അതിൽനിന്നും വ്യതിചലിക്കാൻ നിർവ്വാഹമില്ല.

(ഇ) അല്ലാത്തപക്ഷം സംസ്ഥാന സർക്കാരിന്റെ ഫണ്ടിൽ ഉൾപ്പെടുത്തി പ്രസ്തുത റോഡ് നവീകരണത്തിനുവേണ്ട സത്വര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

സർക്കാരിന്റെ ഫണ്ടിൽ ഉൾപ്പെടുത്തി പ്രവൃത്തി നടപ്പിലാക്കാൻ തീരുമാനം എടുക്കേണ്ടത് ബന്ധപ്പെട്ട ഭരണ വകുപ്പാണ്.

**കൊടുന്താർമേൽപ്പാടം പാലം നിർമ്മാണം**

95(105) <u>ശ്രീ. രമേശ് ചെന്നിത്തല</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന നിർവ്വഹിക്കുന്നതിന് അനുമതി ലഭിച്ചിട്ടുള്ള കൊടുന്താർമേൽപ്പാടം പാലത്തിന്റെ നിർമ്മാണം വൈകുന്നതിന്റെ കാരണം എന്തെന്ന് അറിയിക്കാമോ?

സർക്കാർ കിഫ്ബി പദ്ധതിയായി പ്രഖ്യാപിച്ചിട്ടുള്ള ഹരിപ്പാട് നിയോജക മണ്ഡലത്തിലെ പള്ളിപ്പാട്-കൊടുന്താർമേൽപ്പാടം പാലത്തിന്റെ ഡി.പി.ആർ. കിഫ്ബിയിൽ ലഭിക്കുകയും ആയത് കിഫ്ബി അവലോകന വിഭാഗം പരിശോധിച്ച് സ്ഥല

സന്ദർശനം നടത്തി സാങ്കേതിക അവലോകന റിപ്പോർട്ട് തയ്യാറാക്കുകയും അത് പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ കേരള റോഡ് ഫണ്ട് ബോർഡിന് 16-9-2019-ൽ നൽകുകയും ചെയ്തു. പ്രസ്തുത റിപ്പോർട്ടിന്റെ മറുപടി ഇതുവരെ കിഫ്ബിയിൽ ലഭിച്ചിട്ടില്ല. മറുപടി ലഭ്യമാകുന്ന മുറയ്ക്ക് കിഫ്ബി ആവശ്യപ്പെട്ടതിൻ പ്രകാരം മാറ്റങ്ങൾ ഡി.പി.ആർ.-ൽ വരുത്തിയിട്ടുണ്ടോ എന്നത് പരിശോധിച്ച് സാമ്പത്തികാനുമതി നൽകുന്നതിനുള്ള നടപടി കിഫ്ബി സ്വീകരിക്കുന്നതാണ്.

(ബി) പ്രസ്തുത പാലത്തിന്റെ നിർമ്മാണത്തിന് എന്നാണ് ഭരണാനുമതി നൽകിയിരുന്നത്?

ടി പദ്ധതിക്ക് 10-7-2017-ലെ ജി. ഒ.(ആർ.ടി) നമ്പർ 942/2017/PWD പ്രകാരം ഭരണാനുമതി ലഭിച്ചു.

(സി) ഇതിന്റെ സാമ്പത്തിക അനുമതി വൈകുന്നത് എന്തുകൊണ്ടെന്നും ഈ പ്രതിസന്ധി പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ?

സാമ്പത്തിക അനുമതിക്കായി എസ്.പി.വി. കിഫ്ബിക്ക് സമർപ്പിച്ചിരുന്ന ഡി.പി.ആർ.-ന്മേൽ കിഫ്ബി അവലോകനം നടത്തി സാങ്കേതിക അവലോകന റിപ്പോർട്ട് തയ്യാറാക്കി എസ്.പി.വി.ക്ക് നൽകി. ടി റിപ്പോർട്ടിൽ ചില വിശദീകരണങ്ങൾ ആവശ്യപ്പെടുകയും പാലത്തിന്റെയും അനുബന്ധ നിർമ്മിതികളുടെയും ഡിസൈനിൽ മാറ്റങ്ങൾ നിർദ്ദേശിക്കുകയും കൂടുതൽ വിശദമായ ജിയോടെക്നിക്കൽ ഇൻവെസ്റ്റിഗേഷൻ നടത്തുവാൻ നിർദ്ദേശിക്കുകയും ചെയ്തു. ജിയോടെക്നിക്കൽ ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കുന്നതിന് കാലതാമസം നേരിട്ടു. ജിയോ ടെക്നിക്കൽ ഇൻവെസ്റ്റിഗേഷൻ ഇപ്പോൾ പൂർത്തിയായിട്ടുണ്ടെന്നും കിഫ്ബി ആവശ്യപ്പെട്ട വിശദീകരണങ്ങൾക്കുള്ള വിശദമായ മറുപടി തയ്യാറാക്കിക്കൊണ്ടിരിക്കുകയാണെന്നും എസ്.പി.വി. അറിയിച്ചിട്ടുണ്ട്. പൊതുവിൽ കിഫ്ബി പദ്ധതികളുടെ നടത്തിപ്പ് ത്വരിതപ്പെടുത്തുന്നതിനായി ബന്ധപ്പെട്ട എസ്.പി.വി-കളുമായി നിശ്ചിത ഇടവേളകളിൽ കിഫ്ബി അവലോകന യോഗങ്ങൾ നടത്താറുണ്ട്.

## കിഫ്ബി മുഖേനയുള്ള ആലപ്പുഴ നിയോജകമണ്ഡലത്തിലെ പ്രവൃത്തികൾ

96(106) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മുഖേന ആലപ്പുഴ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുന്ന ചെത്തി ഹാർബർ, മൊബിലിറ്റി ഹബ്ബ്, ജില്ലാകോടതി പാലം എന്നീ പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയെക്കുറിച്ച് വിശദമാക്കാമോ?

ചെത്തി ഫിഷിംഗ് ഹാർബർ, ആലപ്പുഴ ജില്ല:

ചെത്തി മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണത്തിനായി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ സമർപ്പിച്ച പദ്ധതിക്ക് 13-2-2020-ൽ കിഫ്ബി 97.43 കോടി രൂപയുള്ള ധനാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി ഇതിനോടകംതന്നെ ടെണ്ടർ ചെയ്തുകഴിഞ്ഞു. ഹാർബർ നിർമ്മാണം 36 മാസംകൊണ്ട് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

ജില്ലാ കോടതി പാലം:

ജില്ലാ കോടതി പാലത്തിന്റെ നിർമ്മാണത്തിനായി 120.52 കോടി രൂപയുള്ള പദ്ധതി കിഫ്ബി അംഗീകരിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്കുവേണ്ടിയുള്ള സ്ഥലം ഏറ്റെടുക്കുന്ന നടപടികൾ പുരോഗമിക്കുകയാണ്.

ആലപ്പുഴ മൊബിലിറ്റി ഹബ്ബ്:

ആലപ്പുഴ മൊബിലിറ്റി ഹബ്ബ് നിർമ്മാണപ്രവർത്തനങ്ങൾ പ്രധാനമായും രണ്ടുഘട്ടമായിട്ടാണ് നടത്തുന്നത്. ഒന്നാം ഘട്ടത്തിൽ താത്കാലിക ഗ്യാരേജിന്റെ നിർമ്മാണ പ്രവർത്തനങ്ങളാണ് ഉൾപ്പെട്ടിട്ടുള്ളത്. ഇതിനോടനുബന്ധിച്ച ലാൻഡ് ഡെവലപ്മെന്റ് പ്രവൃത്തികൾ പൂർത്തിയായി കഴിഞ്ഞു, കൂടാതെ ഗ്യാരേജിന്റെ നിർമ്മാണപ്രവർത്തനങ്ങളും പുരോഗമിക്കുകയാണ്. മൂന്ന് മാസത്തിനുള്ളിൽതന്നെ ഈ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. രണ്ടാം ഘട്ടത്തിൽ മൊബിലിറ്റി ഹബ്ബിന്റെ നിർമ്മാണ പ്രവർത്തനങ്ങളാണ് ഉൾപ്പെട്ടിട്ടുള്ളത്. താത്കാലിക ഗ്യാരേജിന്റെ നിർമ്മാണ പ്രവർത്തനങ്ങളോടുകൂടി തന്നെ മൊബിലിറ്റി ഹബ്ബിന്റെ പൈലിംഗ് പ്രവൃത്തികളുടെ ജോലിയും കരാറുകാരനെ ഏല്പിച്ചിട്ടുണ്ട്. പൈലിംഗ് പ്രവൃത്തികൾ അധികം വൈകാതെ തന്നെ ആരംഭിക്കുമെന്ന് എസ്.പി.വി. അറിയിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതികൾ നടപ്പിൽ വരുത്തുന്നതിനായി അടിയന്തര നടപടികൾ സ്വീകരിക്കുമോ?

സ്വീകരിക്കുന്നതാണ്.

**മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ**

97(107) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പദ്ധതികൾ ഏതൊക്കെയാണ്; വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

കിഫ്ബി നാളിതുവരെ ധനാനുമതി നൽകിയ മഞ്ചേശ്വരം നിയോജക മണ്ഡലത്തിലെ പദ്ധതികളുടെ വിവരങ്ങൾ അനുബന്ധം 1* ആയി ചേർക്കുന്നു.

(ബി) പ്രസ്തുത പദ്ധതികളുടെ നിർവ്വഹണ ഏജൻസികളുടെ വിവരങ്ങൾ ലഭ്യമാക്കുമോ?

പദ്ധതികളുടെ നിർവ്വഹണ ഏജൻസികളുടെ വിവരങ്ങൾ അനുബന്ധം 1-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.*

(സി) ഓരോ പദ്ധതിയുടെയും നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

കിഫ്ബി ധനാനുമതി നൽകിയ പദ്ധതികളുടെ നിലവിലെ സ്ഥിതി അനുബന്ധം 1-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.*

(ഡി) മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ ഏതൊക്കെ പദ്ധതികൾക്കാണ് കിഫ്ബി അംഗീകാരം ലഭിക്കാനുള്ളത്; പ്രസ്തുത പദ്ധതികൾക്ക് വേഗത്തിൽ അംഗീകാരം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ?

മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ നിലവിൽ കിഫ്ബിയുടെ പരിഗണനയിലുള്ളതും അംഗീകാരം ലഭിക്കാൻ ബാക്കി നിൽക്കുന്നതുമായ പദ്ധതിയുടെ വിവരങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു.* കിഫ്ബി മാനദണ്ഡങ്ങൾ പ്രകാരം സമർപ്പിക്കപ്പെട്ട പദ്ധതികൾക്ക് ധനാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില വർദ്ധനവ്

98(109) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ പെട്രോളിയം ഉൽപ്പന്നങ്ങളുടെ നികുതി ഇനത്തിൽ സംസ്ഥാന സർക്കാരിന് ലഭിച്ച വരുമാനം എത്ര കോടി രൂപയാണ്; പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില വർദ്ധനവുമൂലം സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിൽ വർദ്ധനവ് ലഭിക്കുന്നുണ്ടോ; എങ്കിൽ ഇതിൽനിന്നും എത്ര ശതമാനം വർദ്ധനവാണ് മേൽപ്പറഞ്ഞ കാലയളവിൽ ലഭിച്ചത് എന്നതിന്റെ വിശദാംശംകൂടി ലഭ്യമാക്കുമോ?

2016 മുതൽ നാളിതുവരെ പെട്രോളിയം ഉൽപ്പന്നങ്ങളുടെ നികുതി ഇനത്തിൽ സംസ്ഥാന സർക്കാരിന് ലഭിച്ച വരുമാനം, മുൻ വർഷങ്ങളെ അപേക്ഷിച്ചുള്ള വർദ്ധനവ്/കുറവ്, മുൻ വർഷത്തെ അപേക്ഷിച്ചുള്ള വർദ്ധനവിന്റെ/കുറവിന്റെ ശതമാനം എന്നിവ സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) കേന്ദ്ര സർക്കാർ നയത്തിന്റെ ഭാഗമായി പെട്രോളിന്റെയും ഡീസലിന്റെയും വില വർദ്ധിക്കുന്നതുമൂലം പൊറുതിമുട്ടിയ സാധാരണക്കാർക്ക് ആശ്വാസം നൽകുവാൻ സംസ്ഥാന സർക്കാരിന് ലഭിക്കുന്ന അധിക നികുതിവരുമാനം വേണ്ടെന്നുവയ്ക്കുവാൻ നടപടി സ്വീകരിക്കുമോ?

പെട്രോൾ, ഡീസൽ എന്നിവയുടെ വിലയിൽ സംസ്ഥാന പൊതുവില്പന നികുതിയും കേന്ദ്ര നികുതികളും ഉൾപ്പെടുന്നുണ്ട്. പെട്രോളും ഡീസലും നിലവിൽ ജി.എസ്.ടി. നിയമത്തിന്റെ പരിധിയിലേയ്ക്ക് കൊണ്ടുവന്നിട്ടില്ല. കേരളത്തിൽ ഇവ കേരള പൊതുവില്പന നികുതിയുടെ പരിധിയിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. നിലവിൽ കേരളത്തിലെ പൊതു വില്പന നികുതി പെട്രോളിന് 30.08%-ഉം ഡീസലിന് 22.76%-ഉം ആണ്. 31-5-2018-ലെ എസ്.ആർ.ഒ. നമ്പർ 345/2018 പ്രകാരം പെട്രോളിന്റെ സംസ്ഥാന നികുതി 31.80%-ൽനിന്നും 30.08% ആയും ഡീസലിന്റെ സംസ്ഥാന നികുതി 24.52%-ൽനിന്നും 22.76% ആയും കുറയ്ക്കുകയുണ്ടായി. 1-6-2018 മുതൽ ഈ നിരക്ക് പ്രാബല്യത്തിൽ വന്നു. എന്നാൽ കേന്ദ്ര ഗവൺമെന്റ് ഈ കാലയളവിൽ കേന്ദ്ര അഡീഷണൽ എക്സൈസ് നിരക്ക് പലതവണ വർദ്ധിപ്പിച്ചതായി കണ്ടുവരുന്നു. ഇത് ഇന്ധനവില വർദ്ധനവിന് കാരണമാകുന്നുണ്ട്. കേന്ദ്ര നികുതി നിരക്ക് കുറച്ചാൽ സംസ്ഥാന നികുതി അതനുസരിച്ചുകുറയുന്നതാണ്.

(സി) പെട്രോളിന്റെയും ഡീസലിന്റെയും വിലവർദ്ധന തടയുവാനായി പെട്രോളിയം ഉൽപ്പന്നങ്ങൾ ജി.എസ്.ടി-യിൽ ഉൾപ്പെടുത്താൻ കേന്ദ്ര സർക്കാരിനോടും ജി.എസ്.ടി. കൗൺസിലിനോടും ആവശ്യപ്പെടുവാൻ സംസ്ഥാന സർക്കാർ നടപടി സ്വീകരിക്കുമോ; എങ്കിൽ ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ?

പെട്രോളിയം ഉല്പന്നങ്ങളെ ജി.എസ്.ടി-യിൽ ഉൾപ്പെടുത്തുന്നത് സംസ്ഥാനത്തിന് വൻ നികുതി നഷ്ടത്തിന് വഴിയൊരുക്കുന്ന സാഹചര്യമുള്ളതിനാൽ പെട്രോളിയം ഉല്പന്നങ്ങളെ പൂർണ്ണമായും ജി.എസ്.ടി-യിൽ ഉൾപ്പെടുത്താതെ സംസ്ഥാനങ്ങൾക്ക് നികുതി ചുമത്താനുള്ള അധികാരം നിലനിർത്തണമെന്ന് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സംയുക്ത ചർച്ചകളുടെ അടിസ്ഥാനത്തിൽ തീരുമാനമെടുത്തിട്ടുണ്ട്. പെട്രോളിയം ഉല്പന്നങ്ങളായ പെട്രോൾ, ഡീസൽ എന്നിവയ്ക്ക് 1963-ലെ കേരള പൊതുവിൽപന നികുതി നിയമം അനുസരിച്ച് യഥാക്രമം 30.08, 22.76 ശതമാനം വീതമാണ് നികുതി നിരക്ക്. എന്നാൽ ജി.എസ്.ടി-യിൽ ഉൾപ്പെടുത്തുമ്പോൾ ചരക്കുസേവന നികുതി നിയമ ഷെഡ്യൂൾ പ്രകാരം നിശ്ചയിച്ചിരിക്കുന്ന പരമാവധി നികുതി നിരക്കായ 28% ചുമത്തിയാൽപോലും സംസ്ഥാനത്തിന് SGST വിഹിതമായ 14% മാത്രമേ ലഭ്യമാകുകയുള്ളൂ. ഉചിതമായ നഷ്ടപരിഹാരം ലഭിക്കുകയാണെങ്കിൽ മാത്രമെ പെട്രോളിയം ഉല്പന്നങ്ങളെ ജി.എസ്.ടി.യിൽ ഉൾപ്പെടുത്തുന്ന ചർച്ചകൾ ആരംഭിക്കുവാൻ കഴിയുകയുള്ളൂ എന്നാണ് സർക്കാരിന്റെ നിലപാട്.

## ചരക്കുസേവന നികുതി കുടിശ്ശിക തീർപ്പാക്കൽ

99(110) ശ്രീ. മോൻസ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചരക്കുസേവന നികുതി കുടിശ്ശിക തീർപ്പാക്കാൻ സർക്കാർ എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ചരക്കുസേവന നികുതി കുടിശ്ശിക തീർപ്പാക്കുന്നതിനായി നിലവിൽ പ്രത്യേക പദ്ധതികൾ ഒന്നുംതന്നെ ഒരുക്കിയിട്ടില്ല. നിലവിൽ നികുതി കുടിശ്ശിക തീർപ്പാക്കുന്നതുമായി ബന്ധപ്പെട്ട ആംനസ്റ്റി സ്കീം പ്രഖ്യാപിച്ചിരിക്കുന്നത് ചരക്കു സേവന നികുതി നിയമത്തിനു മുൻപ് ഉണ്ടായിരുന്ന നിയമങ്ങളുമായി ബന്ധപ്പെട്ട (വാറ്റ്, സി.എസ്.ടി., കേരള ജനറൽ സെയിൽസ് ടാക്സ്, ലക്ഷ്വറി ടാക്സ്, കേരള കാർഷികാദായ നികുതി, സർചാർജ് തുടങ്ങിയവ) കുടിശ്ശികയിന്മേലാണ്. നിലവിലെ ആംനസ്റ്റി സ്കീം അനുസരിച്ച് ജി.എസ്.ടി.ക്ക് മുൻപുള്ള നിയമങ്ങളുമായി ബന്ധപ്പെട്ട നികുതി കുടിശ്ശികയിന്മേലുള്ള (കേരള ജനറൽ സെയിൽസ് ടാക്സ് നിയമപ്രകാരം 1-4-2005-നു ശേഷമുള്ള കുടിശ്ശികകൾ ഒഴികെ) പലിശയും പിഴയും പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ ആംനസ്റ്റി സ്കീം അനുസരിച്ച് ഒറ്റത്തവണയായി കുടിശ്ശിക തീർപ്പാക്കുകയാണെങ്കിൽ നികുതി കുടിശ്ശികയുടെ 40%-ഉം തവണകളായി അടയ്ക്കുകയാണെങ്കിൽ 30%-ഉം ഒഴിവാക്കപ്പെടും. കേരള ജനറൽ സെയിൽസ് ടാക്സ് നിയമപ്രകാരം 1-4-2005 മുതൽ 31-3-2021 വരെയുള്ള കുടിശ്ശികകൾക്ക് നികുതി കുടിശ്ശികയും പലിശയും അടച്ചാൽ മതിയാകും. പിഴ പൂർണ്ണമായും ഒഴിവാക്കപ്പെടും. ആംനസ്റ്റി സ്കീം സ്വീകരിക്കുന്നതിനായി 31-8-2021-ന് മുൻപ് ഓൺലൈനായി അപേക്ഷ സമർപ്പിക്കേണ്ടതാണ്.

(ബി) നികുതി കുടിശ്ശികയുടെ പലിശയും പിഴപ്പലിശയും സർക്കാർ ഒഴിവാക്കിയിട്ടുണ്ടോ എന്നറിയിക്കാമോ?

നിലവിലെ ആംനസ്റ്റി സ്കീം അനുസരിച്ച് ജി.എസ്.ടി-ക്ക് മുമ്പുള്ള നിയമങ്ങളുമായി ബന്ധപ്പെട്ട നികുതി കുടിശ്ശികയിന്മേലുള്ള (കേരള ജനറൽ സെയിൽസ് ടാക്സ് നിയമപ്രകാരം 1-4-2005-നുശേഷമുള്ള കുടിശ്ശികകൾ ഒഴികെ) പലിശയും പിഴയും പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ ആംനസ്റ്റി സ്കീം അനുസരിച്ച് ഒറ്റത്തവണയായി കുടിശ്ശിക തീർപ്പാക്കുകയാണെങ്കിൽ നികുതി കുടിശ്ശികയുടെ 40%-ഉം തവണകളായി അടയ്ക്കുകയാണെങ്കിൽ 30%-ഉം ഒഴിവാക്കപ്പെടും. കേരള ജനറൽ സെയിൽസ് ടാക്സ് നിയമപ്രകാരം 1-4-2005 മുതൽ 31-3-2021 വരെയുള്ള കുടിശ്ശികകൾക്ക് നികുതി കുടിശ്ശികയും പലിശയും അടച്ചാൽ മതിയാകും. പിഴ പൂർണ്ണമായും ഒഴിവാക്കപ്പെടും.

## ഡീസലിന്റെയും പെട്രോളിന്റെയും സംസ്ഥാന നികുതി

100(111) ശ്രീ. പി. ടി. തോമസ്:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിൽക്കുന്ന ഡീസലിനും പെട്രോളിനും ലിറ്ററിന് സംസ്ഥാന സർക്കാർ ഈടാക്കുന്ന നികുതി എത്ര ശതമാനമെന്ന് വ്യക്തമാക്കാമോ?

നിലവിൽ സംസ്ഥാനത്ത് പെട്രോളിന് 30.08%-ഉം ഡീസലിന് 22.76%-ഉം നികുതിയാണുള്ളത്. കൂടാതെ പെട്രോളിനും ഡീസലിനും പ്രതിലിറ്ററിന് ഒരു രൂപാ നിരക്കിൽ അധിക വില്പന നികുതിയും, വില്പന നികുതി, അധിക വില്പന നികുതി എന്നിവയുടെ 1% എന്ന നിരക്കിൽ സെസ്സും ഈടാക്കുന്നുണ്ട്.

(ബി) നടപ്പുസാമ്പത്തിക വർഷം നാളിതുവരെ ഡീസലിന്റെയും പെട്രോളിന്റെയും വില വർദ്ധനമൂലം സംസ്ഥാന സർക്കാരിന് നികുതിയിനത്തിൽ ലഭിച്ച അധിക തുകയെത്രയെന്ന് വിശദമാക്കാമോ? 2021-22 സാമ്പത്തിക വർഷം ജൂൺ മാസം വരെ പെട്രോളിന് 19.64 കോടി രൂപയും ഡീസലിന് 22.56 കോടി രൂപയും അധിക നികുതി വരുമാനമായി ലഭിച്ചു.

(സി) കോവിഡ് പ്രതിസന്ധിമൂലം സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന ജനങ്ങൾക്ക് ആശ്വാസം നൽകുന്നതിനായി ഡീസലിന്റെയും പെട്രോളിന്റെയും നികുതി കുറയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ?

പെട്രോൾ, ഡീസൽ എന്നിവയുടെ വിലയിൽ സംസ്ഥാന പൊതുവില്പന നികുതിയും കേന്ദ്ര നികുതികളും ഉൾപ്പെടുന്നുണ്ട്. കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് 31-5-2018-ലെ എസ്.ആർ.ഒ. നമ്പർ 345/2018 പ്രകാരം പെട്രോളിന്റെ സംസ്ഥാന നികുതി 31.80%-ൽനിന്നും 30.08%-ഉം ആയും ഡീസലിന്റെ സംസ്ഥാന നികുതി 24.52%-ൽനിന്നും 22.76% ആയും കുറയ്ക്കുകയുണ്ടായി. 1-6-2018 മുതൽ ഈ നിരക്ക് പ്രാബല്യത്തിൽ വന്നു. എന്നാൽ കേന്ദ്ര അഡീഷണൽ എക്സൈസ് നിരക്ക് പല തവണ വർദ്ധിപ്പിച്ചതായി കണ്ടുവരുന്നു. ഇത് ഇന്ധനവില വർദ്ധനവിന് കാരണമാകുന്നുണ്ട്. കേന്ദ്ര നികുതിനിരക്ക് കുറച്ചാൽ സംസ്ഥാന നികുതി അതനുസരിച്ച് കുറയുന്നതാണ്.

**നികുതി വരുമാനം**

101(112) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തിക വർഷം രജിസ്ട്രേഷൻ ചാർജ് ഇനത്തിലും പെട്രോൾ സെസ്സ് ഇനത്തിലും എത്ര കോടി രൂപ സർക്കാരിന് ലഭിച്ചു?

കഴിഞ്ഞ സാമ്പത്തിക വർഷം മുദ്രപത്രങ്ങളും രജിസ്ട്രേഷനും ചാർജ് ഇനത്തിൽ 3489.59 കോടി രൂപയും പെട്രോൾ സെസ്സ് ഇനത്തിൽ 66.56 കോടി രൂപയും ലഭിച്ചു.

(ബി) വാഹന നികുതി ഇനത്തിൽ എത്ര തുകയാണ് ലഭിച്ചത്?

വാഹന നികുതി ഇനത്തിൽ 3386.28 കോടി രൂപ ലഭിച്ചു.

(സി) ഈ സാമ്പത്തിക വർഷം നാളിതുവരെ ലഭിച്ച തുക എത്രയെന്ന് അറിയിക്കാമോ?

ഈ സാമ്പത്തിക വർഷം ആധാര രജിസ്ട്രേഷൻ, സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ് ഇനങ്ങളിൽ 482.83 കോടി രൂപയും പെട്രോൾ സെസ്സ് ഇനത്തിൽ 19.94 കോടി രൂപയും വാഹന നികുതി ഇനത്തിൽ ഏപ്രിൽ മുതൽ ജൂൺ വരെ 550.2 കോടി രൂപയും ലഭിച്ചു.

**ഇന്ധന വില വർദ്ധനവ്**

102(115) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. സനീഷ്കുമാർ ജോസഫ്:
ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇന്ധന വില നൂറുരൂപ കടന്ന സാഹചര്യത്തിൽ മുൻ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ചെയ്തതുപോലെ അധിക ഇന്ധന നികുതി വേണ്ടെന്നുവയ്ക്കാനുള്ള തീരുമാനം ഈ സർക്കാർ കൈക്കൊള്ളുമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ?

2011-2016 കാലയളവിൽ പെട്രോളിന്റെ സംസ്ഥാന വിൽപ്പന നികുതി 13 തവണ വർദ്ധിപ്പിക്കുകയും 4 തവണ കുറയ്ക്കുകയും ചെയ്തിട്ടുണ്ട്. മേൽ കാലയളവിൽ ഡീസലിന്റെ സംസ്ഥാന വിൽപ്പന നികുതി 5 തവണ വർദ്ധിപ്പിക്കുകയും 2 തവണ

കുറയ്ക്കുകയും ചെയ്തിട്ടുണ്ട്. പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന വിൽപ്പന നികുതി 2011-ൽ യഥാക്രമം 29.01 ശതമാനവും 24.69 ശതമാനവും ആയിരുന്നത് 2016-ൽ യഥാക്രമം 31.8 ശതമാനവും 24.52 ശതമാനവുമായി. ഇന്ധന വില വർദ്ധനവിനനുസരിച്ച് കൂടിയ വിലയിൻമേലുള്ള അധിക നികുതി വേണ്ടെന്നുവയ്ക്കുന്ന സാഹചര്യം ഉണ്ടായെങ്കിലും 18-02-2015-ലെ എസ്.ആർ.ഒ. 92/2015 പ്രകാരം പെട്രോളിന്റെ നികുതിനിരക്ക് 31.80% ആയി ഉയർത്തുകയും ഡീസലിന്റേത് 24.52% ആയി നിശ്ചയിക്കുകയുമുണ്ടായി. എന്നാൽ, കഴിഞ്ഞ സർക്കാർ അധികാരമേറ്റശേഷം 1-6-2018 മുതൽ പെട്രോളിന്റെ നികുതി നിരക്ക് 30.08% ആയും ഡീസലിന്റേത് 22.76% ആയും കുറയ്ക്കുകയാണ് ചെയ്തത്. എന്നാൽ 6-5-2020-ൽ കേന്ദ്ര നികുതികളിൽ പെട്രോളിന് പ്രതിലിറ്ററിന് 10 രൂപയുടേയും ഡീസലിന് പ്രതിലിറ്ററിന് 13 രൂപയുടേയും വർദ്ധനവ് വരുത്തിയിട്ടുണ്ട്. ഇത് ഇന്ധനവില വർദ്ധനവിന് കാരണമാകുന്നുണ്ട്. കേന്ദ്ര നികുതി നിരക്ക് കുറച്ചാൽ സംസ്ഥാന നികുതി അതനുസരിച്ച് കുറയുന്നതാണ്.

(ബി) പ്രസ്തുത സാഹചര്യത്തിൽ പെട്രോളിനെയും ഡീസലിനെയും ജി.എസ്.ടി.-യിൽ ഉൾപ്പെടുത്തണമെന്ന വിഷയം സംബന്ധിച്ച് സംസ്ഥാന സർക്കാർ സ്വീകരിക്കാനുദ്ദേശിക്കുന്ന സമീപനം എന്താണെന്ന് അറിയിക്കാമോ?

പെട്രോളിയം ഉല്പന്നങ്ങളെ ജി.എസ്.ടി.-യിൽ ഉൾപ്പെടുത്തുന്നത് സംസ്ഥാനത്തിന് വൻ നികുതി നഷ്ടത്തിന് വഴിയൊരുക്കുന്ന സാഹചര്യമുള്ളതിനാൽ പെട്രോളിയം ഉല്പന്നങ്ങളെ പൂർണ്ണമായും ജി.എസ്.ടി-യിൽ ഉൾപ്പെടുത്താതെ സംസ്ഥാനങ്ങൾക്ക് നികുതി ചുമത്താനുള്ള അധികാരം നിലനിർത്തണമെന്ന് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സംയുക്ത ചർച്ചകളുടെ അടിസ്ഥാനത്തിൽ തീരുമാനമെടുത്തിട്ടുണ്ട്. പെട്രോളിയം ഉല്പന്നങ്ങളായ പെട്രോൾ, ഡീസൽ എന്നിവയ്ക്ക് 1963-ലെ കേരളാ പൊതുവിൽപന നികുതി നിയമം അനുസരിച്ച് യഥാക്രമം 30.08, 22.76 ശതമാനം വീതമാണ് നികുതി നിരക്ക്. എന്നാൽ ജി.എസ്.ടി-യിൽ ഉൾപ്പെടുത്തുമ്പോൾ ചരക്കുസേവന നികുതി നിയമ ഷെഡ്യൂൾ പ്രകാരം നിശ്ചയിച്ചിരിക്കുന്ന പരമാവധി നികുതി നിരക്കായ 28% ചുമത്തിയാൽ പോലും സംസ്ഥാനത്തിന് SGST വിഹിതമായ 14% മാത്രമേ ലഭ്യമാകുകയുള്ളൂ. ഉചിതമായ നഷ്ടപരിഹാരം ലഭിക്കുകയാണെങ്കിൽ മാത്രമേ പെട്രോളിയം ഉല്പന്നങ്ങളെ ജി.എസ്.ടി-യിൽ ഉൾപ്പെടുത്തുന്ന ചർച്ചകൾ ആരംഭിക്കുവാൻ കഴിയുകയുള്ളൂ എന്നാണ് സർക്കാരിന്റെ നിലപാട്.

(സി) ജി.എസ്.ടി. നിയമപ്രകാരം സംസ്ഥാനങ്ങൾക്ക് നിശ്ചിത ശതമാനം ജി.എസ്.ടി. കോമ്പൻസേഷൻ നൽകാമെന്ന വ്യവസ്ഥ ഏത് വർഷം വരെയാണ് ബാധകമാകുന്നത്?

ജി.എസ്.ടി. നിയമപ്രകാരം സംസ്ഥാനങ്ങൾക്ക് നിശ്ചിത ശതമാനം ജി.എസ്.ടി. കോമ്പൻസേഷൻ നൽകാമെന്ന വ്യവസ്ഥ 2022 വർഷം വരെ ബാധകമാണ്.

(ഡി) പ്രസ്തുത കാലാവധി അവസാനിച്ചുകഴിഞ്ഞാൽ ജി.എസ്.ടി. വരുമാനത്തിലുണ്ടാകുന്ന കുറവ് നികത്താൻ എന്തൊക്കെ കർമ്മ പരിപാടികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ചരക്കുസേവന നികുതി നിയമപ്രകാരം സമർപ്പിക്കുന്ന റിട്ടേണുകളുടെയും ലഭ്യമായ മറ്റു വിവരങ്ങളുടെയും അടിസ്ഥാനത്തിൽ സൂക്ഷ്മ പരിശോധനയ്ക്കും ഓഡിറ്റിനും വിധേയമാക്കി നികുതി വെട്ടിപ്പും തെറ്റായ ഇൻപുട്ട് ടാക്സ് ക്രെഡിറ്റും കണ്ടെത്തുവാനും പരിശോധിക്കുന്നതിനുമായി ഓഡിറ്റ് അസെസ്സ്മെന്റ് വിഭാഗം രൂപീകരിക്കുന്നതാണ്. ജി.എസ്.ടി. പൂർണ്ണമായും വിവരസാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ ഒരു നികുതി വ്യവസ്ഥയാണ്. നികുതിദായകന്റെ ക്രയവിക്രയങ്ങൾ സംബന്ധിച്ച് ജി.എസ്.ടി. നെറ്റ്വർക്കിൽ ലഭ്യമായ വിവരങ്ങളുടെ വിശകലനങ്ങൾ നടത്തുന്നതിനുവേണ്ടി വകുപ്പിൽ പ്രത്യേക ഡാറ്റാ അനലിറ്റിക്കുകൾ രൂപീകരിച്ചിട്ടുണ്ട്. ചരക്കുകളുടേയും സേവനങ്ങളുടേയും മേഖല തിരിച്ചുള്ള വിശകലനവും തെറ്റായി എടുത്തിട്ടുള്ള ഇൻപുട്ട് ടാക്സ് കണ്ടുപിടിക്കുന്നതിനുള്ള നടപടികളും ഇതിനെ അടിസ്ഥാനമാക്കി ഓഡിറ്റും എൻഫോഴ്സ്മെന്റ് നടപടികളും സ്വീകരിക്കുന്നതുമാണ്. ജി.എസ്.ടി. നിലവിൽവന്നതോടുകൂടി അതിർത്തിയിൽ നിലനിന്നിരുന്ന ചെക്ക് പോസ്റ്റുകൾ ഇല്ലാതായി. ജി.എസ്.ടി. നിലവിൽ വന്നതിനുശേഷം അതിർത്തി വഴിയുള്ള കള്ളക്കടത്ത് തടയുന്നതിനുവേണ്ടിയും സംശയാസ്പദമായ വാഹനങ്ങളുടെ പരിശോധനയ്ക്കായും അതിർത്തിപ്രദേശങ്ങൾ കേന്ദ്രീകരിച്ച് എ.എൻ.പി.ആർ. ക്യാമറ സ്ഥാപിച്ച് പരിശോധന നടത്തുന്നുണ്ട്. എ.എൻ.പി.ആർ. ക്യാമറ സംവിധാനം വഴി ശേഖരിച്ച വാഹനത്തിന്റെ നമ്പർ പ്രസ്തുത വാഹനത്തിന് എടുത്തിട്ടുള്ള ഇ-വേ ബില്ലിൽ ലഭ്യമായിട്ടുള്ള വിവരങ്ങളുമായി യഥാസമയം പരിശോധിക്കാനുള്ള സംവിധാനം സജ്ജമാക്കിയിട്ടുണ്ട്. കൂടാതെ മോട്ടോർ വാഹന വകുപ്പിന്റെ വാഹൻ സാരഥി എന്ന പോർട്ടലിലെ വിവരങ്ങളും ആർ.എഫ്.ഐ.ഡി. ഫാസ്റ്റ് ടാഗിന്റെ വിവരങ്ങളും സംയോജിപ്പിച്ച് പ്രസ്തുത വാഹനത്തിന്റെയും ചരക്കുകളുടേയും നീക്കം നിരീക്ഷിക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. ഈ സംവിധാനം വഴി ഇ-വേ ബിൽ എടുക്കാത്ത ചരക്കുവാഹനങ്ങൾ തിരിച്ചറിയുവാനും ഈ വാഹനങ്ങൾ പരിശോധനയ്ക്ക് വിധേയമാക്കുന്നതിനുവേണ്ടി ഇന്റലിജൻസ് സ്ക്വാഡിന് അലർട്ട് നൽകുന്നതിനും സാധിക്കും. കൂടാതെ ഒരു ഇ-വേ ബിൽ ഒന്നിൽ കൂടുതൽ തവണ ചരക്കുനീക്കുന്നതിന് ഉപയോഗിക്കുന്നത് തടയുന്നതിനും ചരക്കുനീക്കം നടത്തിയതിനുശേഷം ഇ-വേ ബിൽ ക്യാൻസൽ ചെയ്യുന്നത് തടയുന്നതിനും ഇതുവഴി സാധിക്കുന്നു. നികുതി വെട്ടിപ്പ് സംശയമുള്ള വ്യാപാരികളുടെ ചരക്കുനീക്കം കണ്ടെത്തി വിശദ പരിശോധനയ്ക്ക് സ്ക്വാഡുകളെ അലർട്ട് ചെയ്യുന്നതിനും ഈ സംവിധാനം ഉപയോഗിക്കുന്നു.

## ഇന്ധന നികുതി

103(116) ശ്രീ. റോജി എം. ജോൺ: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016-17, 2017-18, 2018-19, 2019-20, 2020-21, 2021-22 (നാളിതുവരെ) എന്നീ സാമ്പത്തിക വർഷങ്ങളിൽ ഇന്ധന നികുതിയിനത്തിൽ സംസ്ഥാന സർക്കാരിന് എത്ര കോടി രൂപ ലഭിച്ചു എന്ന് വ്യക്തമാക്കാമോ?

2016-17, 2017-18, 2018-19, 2019-20, 2020-21, 2021-22 (നാളിതുവരെ) എന്നീ സാമ്പത്തിക വർഷങ്ങളിൽ ഇന്ധന നികുതിയിനത്തിൽ (പെട്രോൾ, ഡീസൽ എന്നിവയിൽ നിന്ന് ലഭിച്ചത്) സംസ്ഥാന സർക്കാരിന് ലഭിച്ച വരുമാനം അനുബന്ധമായി ചേർക്കുന്നു*.

## ജി.എസ്.ടി. ഇനത്തിലുള്ള നികുതി നഷ്ടം

104(117) ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡിനെ തുടർന്ന് 2020-21, 2021-22 (2021 ജൂലൈ വരെ) എന്നീ വർഷങ്ങളിൽ ജി.എസ്.ടി. ഇനത്തിൽ എത്ര കോടി രൂപയുടെ നികുതി നഷ്ടമുണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

&

(ബി) ഈ നഷ്ടം പരിഹരിക്കാൻ കേന്ദ്രസഹായമായി തുക ലഭ്യമായിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

വിവരം ശേഖരിച്ചുവരുന്നു.

## ജി.എസ്.ടി.

105(119) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. നടപ്പിലാക്കിയപ്പോഴുണ്ടായ സാമ്പത്തികനഷ്ടം നികത്തുന്നതിന് ഓരോ സാമ്പത്തിക വർഷവും സംസ്ഥാനത്തിന് ജി.എസ്.ടി. കോമ്പൻസേഷൻ ഇനത്തിൽ എത്ര കോടി രൂപ ലഭിച്ചു എന്നതിന്റെ വിവരം നൽകുമോ?

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2017-18 മുതൽ 2021-22 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാനത്തിന് ജി.എസ്.ടി. കോമ്പൻസേഷൻ ഇനത്തിൽ ലഭിച്ച തുകയുടെ വിവരം അനുബന്ധമായി ചേർക്കുന്നു*.

(ബി) ജി.എസ്.ടി. നടപ്പിലാക്കിയതുമുതലുള്ള വർഷങ്ങളിൽ സംസ്ഥാനത്തിന് നികുതി വരുമാനത്തിൽ പ്രതീക്ഷിച്ച വളർച്ച കൈവരിക്കാൻ സാധിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; പ്രസ്തുത വർഷങ്ങളിൽ പ്രതീക്ഷിച്ച വരുമാനവും ലഭിച്ച വരുമാനവും സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

ഉണ്ട്. 2017-18 മുതൽ 2021-22 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാനത്തിന് ജി.എസ്.ടി. കളക്ഷൻ (എസ്.ജി.എസ്.ടി., ഐ.ജി.എസ്.ടി. സെറ്റിൽമെന്റ്), ഐ.ജി.എസ്.ടി. Adhoc ആയി 2021 ജൂൺ 30 വരെ ലഭിച്ച തുകയുടെ വിവരം അനുബന്ധമായി ചേർക്കുന്നു.*

**പെട്രോളിയം ഉൽപ്പന്നങ്ങളുടെ നികുതി**

106(120) ശ്രീ. പി. കെ. ബഷീർ:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെട്രോൾ-ഡീസൽ ഉൾപ്പെടെയുള്ള പെട്രോളിയം ഉൽപ്പന്നങ്ങളുടെ അനുസ്യൂതമായ വിലവർദ്ധന സാധാരണക്കാരെ പ്രതികൂലമായി ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) പെട്രോളിയം ഉൽപന്നങ്ങളുടെ തുടരെയുള്ള വിലവർദ്ധനവ് ഒഴിവാക്കുന്നതിനായി അവയെ ജി.എസ്.ടി-യിൽ ഉൾപ്പെടുത്തണമെന്ന നിർദ്ദേശത്തോട് സർക്കാർ യോജിക്കുന്നുണ്ടോ?

പെട്രോളിയം ഉല്പന്നങ്ങളെ ജി.എസ്.ടി-യിൽ ഉൾപ്പെടുത്തുന്നത് സംസ്ഥാനത്തിന് വൻ നികുതിനഷ്ടത്തിന് വഴിയൊരുക്കുന്ന സാഹചര്യമുള്ളതിനാൽ പെട്രോളിയം ഉല്പന്നങ്ങളെ പൂർണ്ണമായും ജി.എസ്.ടി-യിൽ ഉൾപ്പെടുത്താതെ സംസ്ഥാനങ്ങൾക്ക് നികുതി ചുമത്താനുള്ള അധികാരം നിലനിർത്തണമെന്ന് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സംയുക്ത ചർച്ചകളുടെ അടിസ്ഥാനത്തിൽ തീരുമാനമെടുത്തിട്ടുണ്ട്. പെട്രോളിയം ഉല്പന്നങ്ങളായ പെട്രോൾ, ഡീസൽ എന്നിവയ്ക്ക് 1963-ലെ കേരള

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പൊതുവിൽപന നികുതി നിയമം അനുസരിച്ച് യഥാക്രമം 30.08, 22.76 ശതമാനം വീതമാണ് നികുതി നിരക്ക്. എന്നാൽ ജി.എസ്.ടി-യിൽ ഉൾപ്പെടുത്തുമ്പോൾ ചരക്കുസേവന നികുതി നിയമ ഷെഡ്യൂൾ പ്രകാരം നിശ്ചയിച്ചിരിക്കുന്ന പരമാവധി നികുതി നിരക്കായ 28% ചുമത്തിയാൽപോലും സംസ്ഥാനത്തിന് SGST വിഹിതമായ 14% മാത്രമേ ലഭ്യമാകുകയുള്ളൂ. ഉചിതമായ നഷ്ടപരിഹാരം ലഭിക്കുകയാണെങ്കിൽ മാത്രമേ പെട്രോളിയം ഉല്പന്നങ്ങളെ ജി.എസ്.ടി-യിൽ ഉൾപ്പെടുത്തുന്ന ചർച്ചകൾ ആരംഭിക്കുവാൻ കഴിയുകയുള്ളൂ എന്നാണ് സർക്കാരിന്റെ നിലപാട്.

(സി) ഇല്ലെങ്കിൽ വിലക്കയറ്റം ഒഴിവാക്കുന്നതിന് മറ്റ് എന്തെല്ലാം നിർദ്ദേശങ്ങളാണുള്ളതെന്ന് വ്യക്തമാക്കുമോ?

വികലമായ കേന്ദ്ര നയത്തിന്റെ ഭാഗമായ പെട്രോളിയം ഉൽപ്പന്നങ്ങളുടെ ദിനംപ്രതിയുള്ള വിലവർദ്ധനവ് ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിലെ ജനങ്ങളുടെ ദൈനംദിന ജീവിതം ദുസ്സഹമാക്കിയെന്നത് വസ്തുതയാണ്. ഇന്ധനവിലയിലെ വർദ്ധന ട്രാൻസ്പോർട്ടേഷൻ ചെലവ് ഉയർത്തിയതുമൂലം എല്ലാ അവശ്യ സാധനങ്ങളുടേയും വിലക്കയറ്റത്തിന് ഇടയാക്കി. ഇത് ജനങ്ങളുടെ വാങ്ങൽശേഷിയേയും നിക്ഷേപ സാദ്ധ്യതയേയും ദുർബ്ബലപ്പെടുത്തി. കോവിഡിന്റെകൂടി പശ്ചാത്തലത്തിൽ അതിരൂക്ഷമായ സാമ്പത്തികമാന്ദ്യം അഭിമുഖീകരിക്കുന്ന സമ്പദ്ഘടനയെ പുനരുജ്ജീവിപ്പിക്കുന്നതിന് സംസ്ഥാന സർക്കാർ ക്രിയാത്മക നടപടികൾ കൈക്കൊണ്ടുവരുന്നുണ്ട്. എന്നാൽ വിലവർദ്ധനവിന്റെ അനന്തരഫലമായ നാണയപ്പെരുപ്പം ഇത്തരം നടപടികൾക്ക് വിഘാതം സൃഷ്ടിച്ചിരിക്കുകയാണ്.

## ചിറ്റാറിലെ സബ് ട്രഷറിയുടെ പ്രവർത്തനം

107(121) <u>ശ്രീ. കെ. യു. ജനീഷ് കുമാർ</u>: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചിറ്റാറിൽ അനുവദിച്ച സബ് ട്രഷറിയുടെ പ്രവർത്തനം എന്നത്തേയ്ക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി പരിഗണിച്ച് പുതിയ ട്രഷറികൾ ആരംഭിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

## പാവറട്ടിയിൽ സബ് ട്രഷറി ആരംഭിക്കാൻ നടപടി

108(122) <u>ശ്രീ. മുരളി പെരുനെല്ലി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ നിയോജകമണ്ഡലത്തിലെ പാവറട്ടിയിൽ സബ് ട്രഷറി നിലവിലില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പാവറട്ടിയിൽ സബ് ട്രഷറി അനുവദിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

&

(സി) ഇല്ലെങ്കിൽ പാവറട്ടിയിൽ സബ് ട്രഷറി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

തൃശ്ശൂർ ജില്ലയിൽ പാവറട്ടി ആസ്ഥാനമാക്കി ഒരു പുതിയ സബ് ട്രഷറി ആരംഭിക്കുന്നതിന് 28-6-2013-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 5438/13/ ധന. പ്രകാരം ഭരണാനുമതി നൽകുകയും സബ് ട്രഷറി ഓഫീസർ, ഓഫീസ് അറ്റൻഡന്റ് എന്നീ തസ്തികകൾ പുനർവിന്യാസം വഴി കണ്ടെത്തുവാൻ നിർദ്ദേശിക്കുകയും ചെയ്തിരുന്നു. എന്നാൽ ട്രഷറി പ്രവർത്തിക്കുന്നതിനുള്ള കെട്ടിടം ലഭ്യമല്ലാത്തതിനാൽ പുതിയ ട്രഷറിയുടെ പ്രവർത്തനം ആരംഭിക്കാൻ നാളിതുവരെ കഴിഞ്ഞിട്ടില്ല.

**പഴയങ്ങാടി സബ് ട്രഷറി കെട്ടിട നിർമ്മാണം**

109(123) <u>ശ്രീ. എം. വിജിൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇൻകെൽ നിർമ്മാണ നിർവ്വഹണ ഏജൻസിയായിട്ടുള്ള, 243 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചതും നിർമ്മാണ പ്രവൃത്തികൾ അവസാനഘട്ടത്തിലെത്തി നിൽക്കുന്നതുമായ കണ്ണൂർ ജില്ലയിലെ പഴയങ്ങാടി സബ് ട്രഷറി കെട്ടിട നിർമ്മാണം പൂർത്തിയാക്കാനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

പഴയങ്ങാടി സബ് ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് പഴയങ്ങാടി ഹോസ്പിറ്റൽ ഡെവലപ്മെന്റ് കമ്മിറ്റിയിൽനിന്നും 11.75 സെന്റ് സ്ഥലം ലഭ്യമാക്കിയിട്ടുള്ളതും, അവിടെ ട്രഷറിക്ക് എല്ലാവിധ സൗകര്യങ്ങളോടുംകൂടിയ കെട്ടിടം നിർമ്മിക്കുന്നതിന് സർക്കാരിൽനിന്നും 2,43,18,330 രൂപയുടെ ഭരണാനുമതിയും സിവിൽ, ഇലക്ട്രിക്കൽ ഉൾപ്പെടെയുള്ള ജോലികൾക്കായി 2,13,91,000 രൂപയുടെ സാങ്കേതികാനുമതിയും ലഭ്യമായിട്ടുള്ളതും, നിർമ്മാണ നിർവ്വഹണ ഏജൻസിയായ ഇൻകെൽ ലിമിറ്റഡ് പ്രസ്തുത നിർമ്മാണ പ്രവൃത്തികൾക്കായി തെരഞ്ഞെടുക്കപ്പെട്ട കോൺട്രാക്ടർ ആയ ശ്രീ. അബ്ദുൽ ഷെരീഫിനെ ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്. നിലവിൽ പഴയങ്ങാടി സബ് ട്രഷറിയുടെ പുതിയ കെട്ടിടത്തിന്റെ സിവിൽ, ഇലക്ട്രിക്കൽ അനുബന്ധ ജോലികൾ ഏകദേശം പൂർത്തിയായിട്ടുണ്ട്. ഫർണിഷിംഗ് പ്രവൃത്തികൾ പൂർത്തിയായിട്ടില്ല.

## തൃശ്ശൂർ നിയോജകമണ്ഡലത്തിൽ ട്രഷറികളുടെ പ്രവർത്തന വിപുലീകരണം

110(124) ശ്രീ. പി. ബാലചന്ദ്രൻ: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃശ്ശൂർ നിയോജകമണ്ഡലത്തിൽ ട്രഷറികളുടെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കാമോ?

തൃശ്ശൂർ ജില്ലാ ട്രഷറി, സബ് ട്രഷറി തൃശ്ശൂർ, അഡീഷണൽ സബ് ട്രഷറി തൃശ്ശൂർ എന്നിവയാണ് തൃശ്ശൂർ നിയോജകമണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന ട്രഷറികൾ. ഇതിൽ സർക്കാർ കെട്ടിടത്തിലല്ലാത്ത തൃശ്ശൂർ അഡീഷണൽ സബ് ട്രഷറിക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി എഞ്ചിനീയറിംഗ് കോളേജ് കോമ്പൗണ്ടിൽ 10 സെന്റ് സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ പരിഗണനയിലാണ്. ട്രഷറികളുടെ ഭൗതിക സാഹചര്യം വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി തൃശ്ശൂർ ജില്ലാ ട്രഷറിക്കും തൃശ്ശൂർ സബ് ട്രഷറിക്കും യഥാക്രമം അനുവദിച്ച 5,78,000 രൂപയുടേയും 21,05,000 രൂപയുടേയും നവീകരണ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. കൂടാതെ ട്രഷറി സേവനങ്ങൾ ആധുനികവൽക്കരിക്കുന്നതിനായി IFMS സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ഓൺലൈൻ സേവനങ്ങളുടെ സുരക്ഷയെ കരുതിയുള്ള ISO27001 സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിന്റെ ഭാഗമായി ക്യാമറകൾ സ്ഥാപിക്കുകയും ഇടപാടുകാർക്ക് വിശ്രമിക്കാനുള്ള സ്ഥലത്ത് കസേര, ഫാൻ, ലൈറ്റുകൾ, വാട്ടർ പ്യൂരിഫയർ എന്നിവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഇടപാടുകാർക്ക് ട്രഷറിയിൽ ത്വരിതഗതിയിൽ പരമാവധി സേവനം ലഭ്യമാക്കുന്നതിനാവശ്യമായ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

## പുതുക്കാട് സബ് ട്രഷറി കെട്ടിട നിർമ്മാണം

111(125) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് സബ് ട്രഷറി ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ?

സ്വീകരിച്ചിട്ടുണ്ട്.

(ബി) എങ്കിൽ നടപടികൾ ഏത് ഘട്ടത്തിലാണെന്നും എന്നത്തേയ്ക്ക് നിർമ്മാണം ആരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

പുതുക്കാട് സബ് ട്രഷറിക്കായി, പുതുക്കാട് പഞ്ചായത്ത് സൗജന്യമായി നൽകാമെന്നേറ്റിരിക്കുന്ന സ്ഥലം ട്രഷറി വകുപ്പിന് കൈമാറിക്കിട്ടുന്നതിനുള്ള ഫയൽ ഇപ്പോൾ റവന്യൂ വകുപ്പിന്റെ പരിഗണനയിലാണ്.

## ട്രഷറികളിലെ സ്ഥിരനിക്ഷേപ പലിശ നിരക്ക്

112(126) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 സാമ്പത്തിക വർഷം ട്രഷറികളിലെ സ്ഥിരനിക്ഷേപ പലിശ നിരക്ക് എത്രയായിരുന്നു; എത്ര കോടി രൂപയാണ് സ്ഥിരനിക്ഷേപമായി ഇക്കാലയളവിൽ ട്രഷറിക്ക് ലഭിച്ചത്; വിശദമാക്കുമോ?

2020-21 സാമ്പത്തിക വർഷം ട്രഷറികളിൽ സ്ഥിരനിക്ഷേപ പലിശ നിരക്ക് ചുവടെ ചേർക്കും പ്രകാരമാണ് :

| നിക്ഷേപ കാലയളവ് | പലിശ നിരക്ക് | പലിശ നിരക്ക് | പലിശ നിരക്ക് | പലിശ നിരക്ക് | പലിശ നിരക്ക് |
|---|---|---|---|---|---|
| 1-4-2020 മുതൽ 31-1-2021 വരെ | 46 മുതൽ ദിവസം 90 ദിവസം വരെ | 91 ദിവസം മുതൽ 180 ദിവസം വരെ | 181 ദിവസം മുതൽ 365 ദിവസം വരെ | 366 ദിവസവും മുകളിലും (രണ്ട് വർഷം വരെ) | രണ്ടുവർഷ ത്തിനു മുകളിൽ |
| | 6.50% | 7.25% | 8.00% | 8.50% | 8.50% |
| 1-2-2021 മുതൽ | 5.40% | 5.90% | 5.90% | 6.40% | 7.50% |

2020-21 സാമ്പത്തിക വർഷം ലഭിച്ച സ്ഥിര നിക്ഷേപ തുക വ്യക്തിഗത സ്ഥിര നിക്ഷേപം-₹16247,64,65,821, സ്ഥാപനങ്ങൾ നടത്തിയിട്ടുള്ള സ്ഥിരനിക്ഷേപം-₹12246,10,42,370, ആകെ നിക്ഷേപം- ₹28493,75,08,191. സ്ഥാപനങ്ങളുടെ പേരിലുള്ള നിക്ഷേപങ്ങളായി വരുന്നത് കെ.എസ്.എഫ്.ഇ., ബിവറേജസ് കോർപ്പറേഷൻ, വിവിധ ക്ഷേമനിധി ബോർഡുകൾ, പ്രാഥമിക സർവീസ് സഹകരണ ബാങ്കുകൾ എന്നിവയാണ്.

(ബി) 2021-ൽ ട്രഷറി സ്ഥിരനിക്ഷേപങ്ങളുടെ പലിശ കുറയ്ക്കുകയുണ്ടായോ; എങ്കിൽ പലിശ കുറച്ചതിനുശേഷം എത്ര തുകയ്ക്കുള്ള സ്ഥിരനിക്ഷേപങ്ങൾ ലഭിച്ചു എന്നറിയിക്കുമോ?

2021 ഫെബ്രുവരി 1 മുതൽ ട്രഷറി സ്ഥിരനിക്ഷേപങ്ങളുടെ പലിശ നിരക്ക് കുറയ്ക്കുകയുണ്ടായി. പലിശനിരക്ക് കുറച്ച 2021 ഫെബ്രുവരി മാസം മുതൽ 2021 ജൂൺ 30 വരെ ലഭിച്ച ആകെ നിക്ഷേപം ചുവടെ പറയും പ്രകാരമാണ്. വ്യക്തിഗത സ്ഥിര നിക്ഷേപം-₹3878,10,75,040, സ്ഥാപനങ്ങൾ നടത്തിയിട്ടുള്ള സ്ഥിര നിക്ഷേപം-₹3107,78,61,585, ആകെ സ്ഥിര നിക്ഷേപം- ₹6985,89,36,625.

**ട്രഷറി ഇടപാടുകളിൽ എസ്.എം.എസ്. അലർട്ട് സംവിധാനം**

113(127) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. സനീഷ്കുമാർ ജോസഫ്:
ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ ഭരണകാലത്ത് ട്രഷറി അക്കൗണ്ടുകളിൽ ഇടപാടുകൾ നടത്തുമ്പോൾ എസ്.എം.എസ്. അലർട്ട് സംവിധാനം ഏർപ്പെടുത്തുമെന്ന് പ്രഖ്യാപിച്ചിരുന്നോ എന്ന് അറിയിക്കുമോ?

മുൻ സർക്കാരിന്റെ ഭരണകാലത്ത് ട്രഷറി അക്കൗണ്ടുകളിൽ ഇടപാടുകൾ നടത്തുമ്പോൾ എസ്.എം.എസ്. അലർട്ട് സംവിധാനം ഏർപ്പെടുത്തുമെന്ന് തീരുമാനിച്ചിരുന്നു.

(ബി) എങ്കിൽ ഈ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

ട്രഷറി അക്കൗണ്ടുകളിൽ ഇടപാടുകൾ നടത്തുമ്പോൾ എസ്.എം.എസ്. അലർട്ട് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരുന്നു. ഓൺലൈൻ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് രജിസ്ട്രേഷൻ നടത്തുമ്പോഴും ഓൺലൈൻ ഫണ്ട് ട്രാൻസ്ഫർ നടത്തുമ്പോഴും അക്കൗണ്ട് ഉടമയ്ക്ക് ഒ.ടി.പി. ലഭിക്കുന്നത് എസ്.എം.എസ്. ആയിട്ടാണ്. ഇപ്രകാരം ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകൾക്ക് ഭാഗികമായി എസ്.എം.എസ്. അലർട്ട് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. അതോടൊപ്പം ഓൺലൈനായി ട്രഷറി മുഖേന നടത്തുന്ന എല്ലാ ഇടപാടുകൾക്കും എസ്.എം.എസ്. അലർട്ട് ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

(സി) ട്രഷറി ബാങ്കിംഗ് നടപടികളിലെ സുരക്ഷ ഉറപ്പാക്കുന്നതിന് ഇത്തരം സംവിധാനങ്ങൾ അടിയന്തരമായി നടപ്പാക്കുമോ; എങ്കിൽ വിശദാംശം നൽകുമോ?

നടപ്പിലാക്കുന്നതാണ്. സെൻട്രൽ സെർവറിന്റെ ശേഷിക്കുറവ് കാരണമാണ് എസ്.എം.എസ്. അലർട്ട് സംവിധാനം പൂർണ്ണമായും നടപ്പിലാക്കാൻ കഴിയാതിരുന്നത്. ഓൺലൈനായി നടത്തുന്ന എല്ലാ ട്രഷറി സേവിംഗ്സ് ബാങ്ക് ഇടപാടുകൾക്കും എസ്.എം.എസ്. അലർട്ട് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ ഉടൻ പൂർത്തീകരിക്കുന്നതാണ്. ഇപ്രകാരം ട്രഷറി സേവിംഗ്സ് ബാങ്ക് ഇടപാടുകളിൽ സുരക്ഷ ഉറപ്പാക്കുവാൻ കഴിയുന്നതാണ്.

**ലോട്ടറിത്തൊഴിലാളി ക്ഷേമ നടപടികൾ**

114(128) ശ്രീ. പി. ബാലചന്ദ്രൻ: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവിഡുമായി ബന്ധപ്പെട്ട് തൊഴിൽ നഷ്ടപ്പെട്ട ലോട്ടറി തൊഴിലാളികൾക്കു വേണ്ടി നടപ്പിലാക്കിയ ക്ഷേമ നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

കോവിഡ്-19 പശ്ചാത്തലത്തിൽ ഭാഗ്യക്കുറി വില്പന പുനരുജ്ജീവിപ്പിക്കുന്നതിനായി സജീവ അംഗങ്ങൾക്കും പെൻഷൻകാർക്കും യഥാക്രമം 3,500 രൂപയുടെയും 2,000 രൂപയുടെയും ഭാഗ്യക്കൂപ്പണുകൾ വിതരണം ചെയ്യുകയുണ്ടായി. സാമൂഹ്യ സുരക്ഷാ പെൻഷനും ബോർഡ് പെൻഷനും ലഭിക്കാത്ത ക്ഷേമനിധി ബോർഡിലെ അംഗങ്ങൾക്ക് കോവിഡ് ആശ്വാസ ധനസഹായമായി 1,000 രൂപാ വീതം മൂന്ന് ഘട്ടങ്ങളിലായി ആകെ 3000/-രൂപ വിതരണം ചെയ്യുകയുണ്ടായി. തൊഴിൽ മേഖലയിൽ സുരക്ഷിതരായി തുടരുന്നതിലേയ്ക്കായി സാനിറ്റൈസർ, മാസ്ക് എന്നിവ സൗജന്യമായി വിതരണം ചെയ്തിട്ടുണ്ട്. കോവിഡ് രണ്ടാംഘട്ട വ്യാപനവുമായി ബന്ധപ്പെട്ട ലോക്ക്ഡൗൺ പശ്ചാത്തലത്തിൽ സ്തംഭവനാവസ്ഥയിലായ വിപണി ഉത്തേജിപ്പിക്കുന്നതിലേയ്ക്കായി ക്ഷേമനിധി പദ്ധതി വിജ്ഞാപന പ്രകാരം അംഗത്വ കാലാവധി ഒരു വർഷം പൂർത്തിയാക്കിയ സജീവ അംഗങ്ങൾക്കും പ്രസ്തുത വർഷം ഏപ്രിൽ മുതൽ പെൻഷന് അർഹത നേടുന്ന എല്ലാ പെൻഷൻകാർക്കും 2021 ജൂലൈ 31 വരെയുള്ള കാലയളവിനുള്ളിൽ അംശദായ കുടിശ്ശിക ഒടുക്കി സജീവമാകുന്ന അംഗങ്ങൾക്കും 3,000/- രൂപ വീതവും പെൻഷൻകാർക്ക് 1,000 രൂപ വീതവും ഭാഗ്യക്കുറി ടിക്കറ്റ് വാങ്ങുന്നതിലേയ്ക്കായി ഡി.ബി.ടി. മുഖേന അംഗങ്ങളുടെ അക്കൗണ്ടിൽ നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

**കെ.എസ്.എഫ്.ഇ. ബ്രാഞ്ചുകൾ ആരംഭിക്കുന്നതിന് നടപടി**

115(129) ശ്രീ. തോമസ് കെ. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനങ്ങൾക്ക് കൂടുതൽ ആശ്വാസവും സാമ്പത്തിക സ്വാതന്ത്ര്യവും നൽകുന്നതിന് എല്ലാ പഞ്ചായത്തുകളിലും കെ.എസ്.എഫ്.ഇ.-യുടെ ശാഖകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

കെ.എസ്.എഫ്.ഇ.-ക്ക് ഇപ്പോൾ കേരളത്തിൽ അങ്ങോളമിങ്ങോളമായി 620 ശാഖകളുണ്ട്. ഈ വർഷം 64 ശാഖകൾ തുറക്കാൻ ഉദ്ദേശിക്കുന്നുണ്ട്. 2025-ഓടെ എല്ലാ പഞ്ചായത്തുകളിലും കെ.എസ്.എഫ്.ഇ. ശാഖകൾ തുറക്കാനുള്ള പദ്ധതിയാണ് കെ.എസ്.എഫ്.ഇ. വിഭാവനം ചെയ്യുന്നത്.

(ബി) കെ.എസ്.എഫ്.ഇ. മുഖേന കൂടുതൽ ചിട്ടികൾ ആരംഭിക്കുന്നതിനും വായ്പകൾ നൽകുന്നതിനും നടപടി സ്വീകരിക്കുമോ ?

2021 ജൂലൈ 1 മുതൽ 'കെ.എസ്.എഫ്.ഇ. ഭദ്രതാ സ്മാർട്ട് ചിട്ടികൾ' എന്ന പേരിൽ പുതിയ ചിട്ടി പദ്ധതി കെ.എസ്.എഫ്.ഇ. അവതരിപ്പിച്ചിട്ടുണ്ട്. 2022 ഫെബ്രുവരി 28 വരെയാണ് നിരവധി സമ്മാന പദ്ധതികളും ആനുകൂല്യങ്ങളും കോർത്തിണക്കിയിട്ടുള്ള ഈ ചിട്ടികളുടെ കാലാവധി. കെ.എസ്.എഫ്.ഇ-യുടെ ഏത് ശാഖയിൽ ചെന്നും ഈ ചിട്ടിയിൽ ചേരാവുന്നതാണ്. ഒട്ടേറെ വായ്പാ പദ്ധതികൾ കെ.എസ്.എഫ്.ഇ. ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. സ്വർണ്ണപ്പണയ വായ്പ, വ്യക്തിഗത വായ്പ, ഭവന വായ്പ, ഗൃഹോപകരണങ്ങളും വാഹനങ്ങളും വാങ്ങുന്നതിനുവേണ്ടിയുള്ള കൺസ്യൂമർ വെഹിക്കിൾ ലോൺ, ചിട്ടി പിടിക്കാത്ത ചിട്ടി വരിക്കാർക്ക് നൽകുന്ന ചിട്ടി ലോൺ, പാസ്സ് ബുക്ക് ലോൺ ഉൾപ്പെടെ നിരവധി വായ്പാ പദ്ധതികൾ കെ.എസ്.എഫ്.ഇ. ശാഖകളിലൂടെ നടപ്പാക്കിയിട്ടുണ്ട്. കോവിഡ് ബാധിച്ച കുടുംബങ്ങൾക്കുവേണ്ടി പ്രഖ്യാപിച്ച 5% വാർഷിക പലിശ നിരക്കിലുള്ള പ്രത്യേക സ്വർണ്ണപ്പണയ വായ്പാ പദ്ധതിയും നിലവിലുണ്ട്. ഇപ്പോൾ പ്രഖ്യാപിച്ച സ്മാർട്ട് കിച്ചൺ വായ്പാ പദ്ധതിയും കെ.എസ്.എഫ്.ഇ.-യിലൂടെയാണ് നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നത്.

## സർക്കാർ ജീവനക്കാരുടെ ആരോഗ്യ ഇൻഷ്വറൻസ്

116(130) ശ്രീ. പ്രമോദ് നാരായൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും നടപ്പിലാക്കേണ്ട ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയായ മെഡിസെപ്പിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ?

2019-20 സാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ച സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കുമായി നടപ്പിലാക്കുന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ പുതുക്കിയ Request For Proposal (RFP) 22-1-2021-ൽ പ്രസിദ്ധീകരിക്കുകയും റീ-ടെണ്ടർ നടപടികൾ ആരംഭിക്കുകയും ചെയ്തു. റീ-ടെണ്ടർ നടപടികളിൽ പങ്കെടുത്ത നാല് ഇൻഷ്വറൻസ് കമ്പനികളുടേയും

ധനകാര്യ ബിഡ് (financial bid) പരിഗണിക്കുന്നതിനുവേണ്ടി ടി കമ്പനികൾ സമർപ്പിച്ചിരുന്ന സാങ്കേതിക ബിഡുകൾ (technical bids) Technical Evaluation Committee പരിശോധിച്ച് അംഗീകരിച്ചിട്ടുണ്ട്. പിന്നീട് അഡ്വക്കേറ്റ് ജനറൽ കേരളയുടെ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ Request For Proposal (RFP)-യിൽ ഉൾപ്പെടുത്തിയ നിബന്ധനക്കെതിരെ (Special Clause) റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനി ബഹു. ഹൈക്കോടതിക്ക് മുൻപാകെ റിട്ട് പെറ്റീഷൻ (Writ Petition) ഫയൽ ചെയ്തിരുന്നുവെങ്കിലും ആയത് തള്ളിക്കളഞ്ഞുകൊണ്ട് വിധി വന്നതിന്റെ അടിസ്ഥാനത്തിൽ ധനകാര്യ ബിഡ് 7-4-2021-ൽ തുറന്നിരുന്നു. എന്നാൽ ടി വിധിക്കെതിരെ റിലയൻസ് കമ്പനി അപ്പീൽ ഫയൽ ചെയ്യുകയും ആയതിന്മേലുള്ള ഇടക്കാല ഉത്തരവ് പ്രകാരം അപ്പീലിന്മേലുള്ള അന്തിമ വിധിക്ക് വിധേയമായി മാത്രമേ ടെണ്ടർ നടപടികൾ പൂർത്തീകരിക്കുവാൻ പാടുള്ളൂ എന്ന് വ്യവസ്ഥ ചെയ്തിരിക്കുന്ന സാഹചര്യത്തിൽ ധനകാര്യ ബിഡിൽ യോഗ്യത നേടിയ ഇൻഷ്വറൻസ് കമ്പനിയെ പ്രഖ്യാപിക്കുവാനോ തുടർനടപടികൾ സ്വീകരിക്കുവാനോ കഴിഞ്ഞിട്ടില്ല. ടി അപ്പീലിനെതിരെ നിയമ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിലെ കാലതാമസം എന്തുകൊണ്ടാണെന്നും ഏതൊക്കെ ഏജൻസികളാണ് പരിഗണനയിൽ ഉള്ളതെന്നും വിശദമാക്കാമോ?

ഹെൽത്ത് ഇൻഷ്വറൻസ് കമ്പനിയായ RGICL (Reliance General Insurance Company Ltd.) സർക്കാരിനെതിരെ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് അപ്പീൽ ഇപ്പോഴും കോടതിയുടെ പരിഗണനയിലാണ്. ഇടക്കാല ഉത്തരവ് പ്രകാരം അപ്പീലിന്മേലുള്ള അന്തിമ വിധിക്ക് വിധേയമായി മാത്രമേ ടെണ്ടർ നടപടികൾ പൂർത്തീകരിക്കുവാൻ പാടുള്ളൂ എന്ന് വ്യവസ്ഥ ചെയ്തിരിക്കുന്ന സാഹചര്യത്തിൽ ധനകാര്യ ബിഡിൽ യോഗ്യത നേടിയ ഇൻഷ്വറൻസ് കമ്പനിയെ പ്രഖ്യാപിക്കുവാനോ തുടർ നടപടികൾ സ്വീകരിക്കുവാനോ കഴിഞ്ഞിട്ടില്ല. ടി അപ്പീലിനെതിരെ നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. Oriental Insurance Company, National Insurance Company എന്നീ ഹെൽത്ത് ഇൻഷ്വറൻസ് കമ്പനികളാണ് പരിഗണനയ്ക്കായുള്ള പട്ടികയിൽ ഇടംനേടിയിരിക്കുന്നത്.

(സി) സ്റ്റേറ്റ് ഇൻഷ്വറൻസ് വകുപ്പ് മുഖേന പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

സംസ്ഥാന സർക്കാർ ജീവനക്കാരും പെൻഷൻകാരും ഉൾപ്പെടെ 30 ലക്ഷത്തോളം ഗുണഭോക്താക്കളെ ഉൾപ്പെടുത്തിക്കൊണ്ട് സംസ്ഥാന സർക്കാർ വിഭാവനം ചെയ്ത ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയാണ് മെഡിസെപ്. സംസ്ഥാന സർക്കാർ ജീവനക്കാർക്കായി സ്റ്റേറ്റ് ഇൻഷ്വറൻസ് വകുപ്പ് മുഖേന നടപ്പിലാക്കുന്ന

മറ്റു ലൈഫ് ഇൻഷ്വറൻസ് സ്കീമുകളുമായി (SLI, GIS, GPAIS മുതലായവ) താരതമ്യപ്പെടുത്തുമ്പോൾ ആരോഗ്യ ഇൻഷ്വറൻസ് സ്കീമുകൾ വളരെ സങ്കീർണ്ണമാണ്. ആരോഗ്യ ഇൻഷ്വറൻസ് സ്കീം നടത്തിപ്പിലെ സങ്കീർണ്ണതകൾ കണക്കിലെടുക്കുമ്പോൾ നിർദ്ദിഷ്ട സ്കീം നിലവിൽ സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖാന്തരം നടപ്പാക്കുന്നതിനെ കുറിച്ച് ആലോചിച്ചിട്ടില്ല.

**സ്റ്റാമ്പ് വെണ്ടർമാരുടെ തൊഴിൽ നിലനിർത്താൻ നടപടി**

117(131)<u>ശ്രീ. എ. സി. മൊയ്തീൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ-സ്റ്റാമ്പ് സംവിധാനം നടപ്പിലാക്കുന്നതോടെ നിലവിലുള്ള സ്റ്റാമ്പ് വെണ്ടർമാരുടെ തൊഴിൽ നിലനിർത്താൻ എന്ത് നടപടിയാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

നിലവിൽ ഭൗതികമുദ്രയും മുദ്രപ്പത്രങ്ങളും ലൈസൻസുള്ള സ്റ്റാമ്പ് വെണ്ടർമാർ മുഖാന്തരമാണ് വിതരണം നടത്തുന്നത്. 29-1-2021-ലെ സ.ഉ. (സാധാ) നമ്പർ 66/2021/നികുതി പ്രകാരം ഒരു ലക്ഷം രൂപ വരെയുള്ള രജിസ്ട്രബിൾ/നോൺ രജിസ്ട്രബിൾ ഡോക്യുമെന്റുകൾക്ക് കൂടി ഇ-സ്റ്റാമ്പിംഗ് നടപ്പിലാക്കുവാൻ തീരുമാനിക്കുകയും ആയത് 13-2-2021-ലെ സ.ഉ. (സാധാ) നമ്പർ 120/2021/നികുതി പ്രകാരം അടുത്ത ഒരു ഉത്തരവ് ഉണ്ടാകുന്നതുവരെ മരവിപ്പിച്ചിട്ടുമുണ്ട്. ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

(ബി) മരണപ്പെട്ട വെണ്ടർമാരുടെ ഒഴിവിൽ താൽക്കാലികമായി നിയമിച്ചിരുന്ന അവരുടെ ആശ്രിതരുടെ ലൈസൻസ് പുതുക്കേണ്ടതില്ല എന്ന ട്രഷറി ഡയറക്ടറുടെ ഉത്തരവ് പ്രകാരം ഇത്തരം ആളുകളെ തൊഴിൽ രഹിതരാക്കുന്ന നടപടി പിൻവലിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

മരണപ്പെട്ട വെണ്ടർമാരുടെ ഒഴിവിൽ സ്പെഷ്യൽ വെണ്ടർ ലൈസൻസ് നൽകിയിട്ടുള്ള സ്റ്റാമ്പ് വെണ്ടർമാരുടെ ലൈസൻസ് പുതുക്കേണ്ടതില്ലായെന്ന ഉത്തരവ് ട്രഷറി വകുപ്പ് നൽകിയിട്ടില്ല.

(സി) താൽക്കാലിക വെണ്ടർമാരെ സംരക്ഷിക്കാൻ നടപടി സ്വീകരിക്കാമോ?

സ്ഥിരം സ്റ്റാമ്പ് വെണ്ടർ മരണപ്പെടുമ്പോൾ ചട്ടപ്രകാരം അവകാശിക്കോ തീറുകാരനോ വെണ്ടറുടെ കൈവശം അവശേഷിക്കുന്ന മുദ്രയും മുദ്രപ്പത്രങ്ങളും വിൽപ്പന നടത്തുന്നതിന് ആറുമാസത്തേയ്ക്ക് സ്പെഷ്യൽ വെണ്ടർ ലൈസൻസ് അനുവദിച്ച് നൽകിവരുന്നു. കൂടാതെ പ്രസ്തുത സ്പെഷ്യൽ വെണ്ടർ ലൈസൻസിക്ക് പുതിയ സ്റ്റോക്ക് നൽകുകയും നിലവിലുള്ള സ്പെഷ്യൽ ലൈസൻസുകൾ ആറുമാസം വീതം പുതുക്കി നൽകുകയും ചെയ്തുവരുന്നു.

**പട്ടയഭൂമിയിലെ മരം മുറിക്കുന്നതിനുള്ള നിയമോപദേശം**

118(132) ശ്രീ. പി. ടി. തോമസ്:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടയഭൂമിയിലെ മരം മുറിക്കുന്നതിനായി 2020 ഒക്ടോബർ 24-ന് റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഇറക്കിയ ഉത്തരവിന്മേൽ വ്യക്തതയ്ക്ക് വേണ്ടി നിയമോപദേശം തേടിക്കൊണ്ട് ഏതെങ്കിലും ഫോറസ്റ്റ് റേഞ്ച് ഓഫീസർമാർ അഡ്വക്കേറ്റ് ജനറലിന് കത്ത് നൽകിയിരുന്നോയെന്ന് അറിയിക്കുമോ?

തൃശ്ശൂർ സെൻട്രൽ സർക്കിളിന് കീഴിലെ ചാലക്കുടി ഡിവിഷനിലെ പാലപ്പിള്ളി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ പട്ടയഭൂമിയിലെ മരം മുറിക്കുന്നതുമായി ബന്ധപ്പെട്ട് 24-10-2020-ന് റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഇറക്കിയ ഉത്തരവിന്മേൽ വ്യക്തതയ്ക്കുവേണ്ടി നിയമോപദേശം തേടിക്കൊണ്ട് അഡ്വക്കേറ്റ് ജനറലിന് കത്ത് നൽകിയിരുന്നു.

(ബി) എങ്കിൽ പ്രസ്തുത കത്തിൽ നൽകിയ നിയമോപദേശം എന്തായിരുന്നു എന്ന് വ്യക്തമാക്കുമോ?

നിയമോപദേശം ലഭ്യമായില്ല എന്ന് ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (സെൻട്രൽ സർക്കിൾ) അറിയിച്ചിട്ടുണ്ട്.

(സി) ഇക്കാര്യത്തിൽ അഡ്വക്കേറ്റ് ജനറൽ ഓഫീസിന്റെ ഭാഗത്തുനിന്ന് തുടർനടപടികൾ ഉണ്ടായിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

അഡ്വക്കേറ്റ് ജനറലിന്റെ ഓഫീസിൽനിന്ന് തുടർനടപടികൾ ഉണ്ടായിട്ടില്ല എന്ന് ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സെൻട്രൽ സർക്കിൾ) അറിയിച്ചിട്ടുണ്ട്.

**അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശം**

119(133) ശ്രീ. പി. ടി. തോമസ്:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015 മാർച്ച് 13-ന് നിയമസഭയിൽ നടന്ന അനിഷ്ടസംഭവങ്ങളുമായി ബന്ധപ്പെട്ട കേസിൽ നിലവിലെ മന്ത്രിയും രണ്ട് മുൻ മന്ത്രിമാരും രണ്ട് മുൻ സാമാജികരും വിചാരണ നേരിടണമെന്ന ഹൈക്കോടതി ഉത്തരവിനെതിരെ സുപ്രീംകോടതിയെ സമീപിക്കുന്ന കാര്യത്തിൽ നിയമവകുപ്പിന്റെയും അഡ്വക്കേറ്റ് ജനറലിന്റെയും നിയമോപദേശം തേടിയിരുന്നോ;

(ബി) എങ്കിൽ പ്രസ്തുത കേസിൽ ലഭിച്ച നിയമോപദേശം എന്തായിരുന്നു എന്ന് വ്യക്തമാക്കാമോ;

(സി) പൊതുമുതലും സ്വകാര്യസ്വത്തും നശിപ്പിക്കുന്നത് തടയാൻ നിയമ നിർമ്മാണം നടത്തിയ സഭയിലെ അംഗങ്ങൾ തന്നെ അത് ലംഘിക്കുന്നത് കുറ്റകര മാണെന്ന് കരുതുന്നുണ്ടോ; വ്യക്തമാക്കുമോ;

(ഡി) നിയമസഭയിൽ നടന്ന ഒരു ക്രിമിനൽ നടപടിയുടെ കേസ് എഴുതി ത്തള്ളുന്നത് ഇത്തരം അക്രമസംഭവങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് ഇടയാകുമെന്ന് വിലയിരുത്തുന്നുണ്ടോ;

&

(ഇ) നിയമവിരുദ്ധ പ്രവർത്തനങ്ങൾക്ക് കൂട്ടുനിന്നവരെ സംരക്ഷിക്കുന്നതിനായി രാജ്യത്തെ പ്രമുഖരായ അഭിഭാഷകരെ കോടികൾ മുടക്കി കോടതിയിൽ ഹാജരാക്കുന്ന പ്രവണത സർക്കാരിന്റെ നയങ്ങൾക്ക് അനുസൃതമാണോയെന്ന് വ്യക്തമാക്കുമോ?

(എ-ഇ) വിവരം ശേഖരിച്ചുവരുന്നു.

**നഷ്ടത്തിലായ പൊതുമേഖലാസ്ഥാപനങ്ങൾ**

120(134) ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലാഭത്തിൽ പ്രവർത്തിച്ചിരുന്നതും എന്നാൽ നഷ്ടത്തിലാ യതിനെത്തുടർന്ന് കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് അടച്ചുപൂട്ടിയതുമായ വ്യവസായ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ ഏതൊക്കെയാണ്; വിശദാംശം ലഭ്യമാക്കുമോ?

കഴിഞ്ഞ സർക്കാരിന്റെ ഭരണകാലയളവിൽ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളൊന്നും അടച്ചുപൂട്ടിയിട്ടില്ല.

(ബി) കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് നഷ്ടത്തിലായതോ നഷ്ടം കൂടിയതോ ആയ പൊതുമേഖലാ സ്ഥാപനങ്ങൾ ഏതൊക്കെയാണ്; വിശദാംശം ലഭ്യമാക്കുമോ?

2015-16 സാമ്പത്തിക വർഷത്തെ അടിസ്ഥാനമാക്കി 2015-16 മുതൽ 2020-21 വരെയുള്ള കാലഘട്ടത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ലാഭ/ നഷ്ടക്കണക്കുകൾ സർക്കാർ വിലയിരുത്തിയിട്ടുണ്ട്. കമ്പനികളുടെ ലാഭ/നഷ്ടക്കണക്കുകൾ പരിശോ ധിച്ചപ്പോൾ ഏറ്റക്കുറച്ചിലുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2019-20-ലെ കോവിഡ്

മഹാമാരിയെ തുടർന്ന് കമ്പനികളുടെ പ്രവർത്തനത്തിൽ മന്ദതയുണ്ടായെങ്കിലും സർക്കാരിന്റെ മൂലധന സഹായംകൊണ്ടും തുടർച്ചയായുള്ള വിലയിരുത്തൽകൊണ്ടും കോവിഡ് മഹാമാരിമൂലമുണ്ടായ ഗുരുതര പ്രതിസന്ധി തരണം ചെയ്യുവാൻ ഒരുപരിധി വരെ സാദ്ധ്യമായിട്ടുണ്ട്. നിലവിലെ ആഡിറ്റ് സ്റ്റാറ്റസിന്റെ അടിസ്ഥാനത്തിൽ 2015-16 മുതൽ 2020-21 വരെയുള്ള പൊതുമേഖലാസ്ഥാപനങ്ങളുടെ പ്രവർത്തന ലാഭം/നഷ്ടം എന്നിവയുടെ ക്രോഡീകരിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

(സി) സംസ്ഥാനത്ത് പൊതുമേഖലാ സ്ഥാപനങ്ങളുടെ ആകെ നഷ്ടം എത്രയാണ്; വിശദാംശം ലഭ്യമാക്കുമോ?

വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ 2020-21 സാമ്പത്തിക വർഷത്തെ ആഡിറ്റിന് മുൻപുള്ള കണക്കുകൾ പ്രകാരം ലാഭത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ മൊത്തം പ്രവർത്തനലാഭം 214.16 കോടി രൂപയും നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ മൊത്തം പ്രവർത്തന നഷ്ടം 102.86 കോടി രൂപയുമാണ്. വ്യവസായ വകുപ്പിന്റെ കീഴിലുള്ള എല്ലാ സ്ഥാപനങ്ങളുംകൂടി 111.30 കോടി രൂപ പ്രവർത്തന ലാഭത്തിലാണ് പ്രവർത്തിക്കുന്നത്.

## കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡ്

121(135) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>:
<u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>:
<u>ശ്രീ. മുരളി പെരുനെല്ലി</u>:
<u>ശ്രീ. എം. വിജിൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡ് ആരംഭിച്ചിട്ടുള്ള ഇലക്ട്രിക് വാഹനത്തിന്റെ റിസർച്ച് & ഡെവലപ്പ്മെന്റ് പ്രോജക്ടിന്റെ പുരോഗതി വ്യക്തമാക്കുമോ?

കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡ് നിലവിൽ നിർമ്മിച്ചുവരുന്ന എൽ-5 കാറ്റഗറി പാസഞ്ചർ ഇലക്ട്രിക്ക് ഓട്ടോയ്ക്ക് ARAI സർട്ടിഫിക്കേഷനുണ്ട്. കൂടാതെ ഇലക്ട്രിക്ക് Load Carriage ഓട്ടോറിക്ഷയുടെ റിസർച്ച് & ഡെവലപ്മെന്റ് പൂർത്തീകരിച്ച് ARAI സർട്ടിഫിക്കേഷൻ നേടുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഭാവിയിൽ ഇലക്ട്രിക്ക് സ്കൂട്ടർ നിർമ്മിക്കുന്നതിനുള്ള പദ്ധതികളും കമ്പനി വിഭാവനം ചെയ്തുവരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഓരോ വർഷവും ഓട്ടോമോട്ടീവ് വാഹനങ്ങളുടെ പുതിയ മോഡലുകൾ നിരത്തിലിറക്കി വൻകിട വാഹന നിർമ്മാതാക്കളുമായി മത്സരിക്കാൻ ആവശ്യമായ അടിസ്ഥാന സൗകര്യ വികസനം ഒരുക്കുവാൻ എന്തെല്ലാം പ്രവൃത്തികളാണ് ആരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഇ-മൊബിലിറ്റിയുടെ തുടക്കത്തിൽതന്നെ കേരള ഓട്ടോ മൊബൈൽസ് ലിമിറ്റഡ് തനതായി ഇലക്ട്രിക്ക് ഓട്ടോയുടെ റിസർച്ച് & ഡെവലപ്മെന്റ് നടത്തുകയും ആദ്യ മോഡൽ പുറത്തിറക്കുകയും ചെയ്തു. ഈ വാഹനം റോഡ് സാഹചര്യങ്ങൾക്കനുസൃതമായി പരമാവധി 90 km ദൂരം ഒറ്റചാർജിൽ സഞ്ചരിക്കാൻ കഴിയുന്നവയാണ്. വിപണിയുടെ ആവശ്യത്തിന് അനുസൃതമായി ഇപ്പോൾ ഒറ്റ ചാർജിൽ കൂടുതൽ ദൂരം സഞ്ചരിക്കുവാൻ കഴിയുന്ന പുതിയ ഇലക്ട്രിക്ക് ഓട്ടോകൾ നിരത്തിലിറക്കുവാൻ പദ്ധതിയുണ്ട്. അടിസ്ഥാനസൗകര്യം ഒരുക്കുന്നതിനും ഇ-ഓട്ടോയുടെ വികസനത്തിനുമായി സർക്കാർ ബഡ്ജറ്റിൽ ഈ വർഷം 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കേരളത്തിലെ പ്രമുഖ എഞ്ചിനീയറിംഗ് വിദ്യാഭ്യാസ സ്ഥാപനങ്ങളായ SCT, CET, TKM എന്നിവയുമായി ചേർന്ന് industry institution linkage വഴി പുതിയ മോഡലുകൾ വികസിപ്പിക്കുവാനും പദ്ധതിയുണ്ട്.

(സി) പുതിയ ഏതെല്ലാം തരം ഇലക്ട്രിക്ക് വാഹനങ്ങളുടെ നിർമ്മാണമാണ് കെ.എ.എൽ. ലക്ഷ്യംവയ്ക്കുന്നതെന്ന് അറിയിക്കാമോ?

ഏറ്റവുംചുരുങ്ങിയത് 700 kg മുതൽ ഭാരം വലിക്കുവാൻ കഴിയുന്ന ഇലക്ട്രിക്ക് ഓട്ടോറിക്ഷകളും ലാസ്റ്റ് മൈൽ കണക്ടിവിറ്റിക്ക് ആവശ്യമായ ഇ-റിക്ഷാ, ഇ-സ്കൂട്ടർ തുടങ്ങി 4 വീലർ വരെയുള്ള വിവിധ വാഹനങ്ങളും നിർമ്മിക്കുവാൻ കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡ് ലക്ഷ്യമിടുന്നുണ്ട്.

(ഡി) കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡ് കെ.എസ്.ആർ.ടി.സി.-യുമായി ആലോചിച്ച് കെ.എസ്.ആർ.ടി.സി.-യുടെ പഴയ ബസ്സുകൾ ഇലക്ട്രിക്ക് ബസ്സായി മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡ് കെ.എസ്.ആർ.ടി.സി.-യുടെ പഴയ ബസ്സുകൾ ഇലക്ട്രിക് ബസ്സായി മാറ്റുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഇതിന്റെ മുന്നോടിയായി കെ.എസ്.ആർ.ടി.സി. മാനേജ്മെന്റുമായി ചർച്ച ചെയ്യുകയും കെ.എ.എൽ-കെ, എസ്.ആർ.ടി.സി.-എസ്., സി.ടി. എഞ്ചിനീയറിംഗ് കോളേജ് എന്നിവരുമായി ചേർന്നുകൊണ്ട് prototype ആയി ഒരു വാഹനം ഇലക്ട്രിക് ബസ് ആക്കി മാറ്റുവാനുള്ള നടപടികൾ നടന്നുവരുന്നു. ഇതുമായി ബന്ധപ്പെട്ടുള്ള റിസർച്ച് & ഡെവലപ്മെന്റ് നടപടികളും പുരോഗമിക്കുന്നുണ്ട്.

## കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡ്

122(136) ശ്രീ. എം. രാജഗോപാലൻ:
ശ്രീ. കെ. എം. സച്ചിൻദേവ്:
ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ:
ശ്രീ. ആന്റണി ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഹനങ്ങൾമൂലമുള്ള അന്തരീക്ഷമലിനീകരണം അപകടകരമായവിധം വർദ്ധിക്കുന്ന കാലത്ത് വൈദ്യുതി വാഹനങ്ങൾ നിർമ്മിക്കുന്നതിനുള്ള 'കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡിന്റെ' പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ?

ഉണ്ട്.

(ബി) കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് ആരംഭിച്ച ഈ പദ്ധതി കൂടുതൽ കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോകുന്നതിന് ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ?

കഴിഞ്ഞ സർക്കാരിന്റെ ഇ-വെഹിക്കിൾ നയത്തിന്റെ ഭാഗമായിട്ടാണ് കേരള ആട്ടോമൊബൈൽസ് ലിമിറ്റഡ് ഇലക്ട്രിക് വാഹന നിർമ്മാണം തുടങ്ങിയത്. അതിനുവേണ്ടി വിവിധ പദ്ധതികൾ സർക്കാർ ആവിഷ്കരിച്ചിരുന്നു. അതിന്റെ തുടർച്ചയെന്നോണം ഈ സർക്കാർ ഇലക്ട്രിക് വാഹനനിർമ്മാണം ത്വരിതപ്പെടുത്തുന്നതിന് കേരള ആട്ടോമൊബൈൽസ് ലിമിറ്റഡിന് 10 കോടി രൂപ ബഡ്ജറ്റിൽ അനുവദിച്ചു. കൂടാതെ കമ്പനിയുടെ ഭാവിനിർമ്മാണ പദ്ധതിക്ക് രൂപം നൽകുന്നതിന്റെ ഭാഗമായുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത് അന്തിമഘട്ടത്തിലാണ്.

(സി) ഏതെല്ലാം തരത്തിലുള്ള ഇലക്ട്രിക് വാഹനങ്ങളാണ് നിർമ്മാണം പൂർത്തീകരിച്ച് പുറത്തിറക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ?

നിലവിൽ L5 കാറ്റഗറി പാസ്സഞ്ചർ ഇലക്ട്രിക് ഓട്ടോയാണ് നിർമ്മാണം പൂർത്തീകരിച്ച് പുറത്തിറക്കിയിട്ടുള്ളത്.

## കാസർഗോഡ് ജില്ലയിലെ പൊതുമേഖല വ്യവസായസ്ഥാപനങ്ങൾ

123(137) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ല രൂപീകരിച്ചതിനുശേഷം ജില്ലയിൽ പൊതുമേഖല വ്യവസായ സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

&

(ബി) എങ്കിൽ ഏതെല്ലാം സ്ഥാപനങ്ങളാണാരംഭിച്ചതെന്നും പ്രസ്തുത സ്ഥാപനങ്ങൾ ഇപ്പോൾ എങ്ങനെ പ്രവർത്തിക്കുന്നുണ്ടെന്നും എത്ര ജീവനക്കാരുണ്ടെന്നും വ്യക്തമാക്കാമോ?

ഉണ്ട്. കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ബി.എച്ച്.ഇ.എൽ.-ഉം സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള കേരള ഇലക്ട്രിക്കൽ ആൻഡ് അലൈഡ് എൻജിനീയറിംഗ് കമ്പനിയുടെ കാസർഗോഡ് യൂണിറ്റിന്റെയും സംയുക്ത സംരഭമായി ഭെൽ ഇലക്ട്രിക്കൽ മെഷീൻ ലിമിറ്റഡ് (BHEL-Electrical Machines Ltd) എന്ന സ്ഥാപനം 2011-ൽ പ്രവർത്തനം ആരംഭിച്ചു. ഭെല്ലിന്റെ ഓഹരികൾ വിറ്റഴിക്കുന്നതിനായി കേന്ദ്രസർക്കാർ തീരുമാനിച്ചതിനെ തുടർന്ന് ഭെൽ-ഇ.എം.എൽ.-നെ സംസ്ഥാന സർക്കാർ ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ ഒരു യൂണിറ്റായി ഉദുമ ടെക്സ്റ്റൈൽ മിൽ കാസർഗോഡ് ജില്ലയിൽ 2018 ഒക്ടോബർ 29 മുതൽ പ്രവർത്തനം ആരംഭിച്ചു. കോട്ടൺ നൂലാണ് സ്ഥാപനം ഉൽപ്പാദിപ്പിക്കുന്നത്. 11088 സ്പിൻഡിൽസ് കപ്പാസിറ്റിയാണുള്ളത്. 141 ജീവനക്കാരാണ് സ്ഥാപനത്തിലുള്ളത്.

(സി) ജില്ല രൂപീകരിച്ചതിനുശേഷം ആരംഭിച്ച ഏതെങ്കിലും വ്യവസായ സ്ഥാപനങ്ങൾ പൂട്ടിയിട്ടുണ്ടോ; എങ്കിൽ പൂട്ടാനുള്ള കാരണവും സാഹചര്യവും വ്യക്തമാക്കാമോ?

ഇല്ല.

(ഡി) ഇന്നത്തെ കാസർഗോഡ് ജില്ല, അവിഭക്ത കണ്ണൂർ ജില്ലയിലായിരുന്നപ്പോൾ ഇപ്പോഴത്തെ കാസർഗോഡ് ജില്ലയിൽ ഉൾപ്പെടുന്ന പ്രദേശങ്ങളിൽ ഏതെങ്കിലും വ്യവസായ സ്ഥാപനങ്ങൾ തുടങ്ങിയിരുന്നോ; എങ്കിൽ പ്രസ്തുത സ്ഥാപങ്ങളുടെ ഇപ്പോഴത്തെ സ്ഥിതി വിശദീകരിക്കാമോ?

ഉണ്ട്. കാസർഗോഡ് ബീച്ച് റോഡിൽ പ്രവർത്തിച്ചിരുന്ന ആസ്ട്രൽ വാച്ചസ് കമ്പനി ആരംഭിച്ചത് 1978-ൽ ആയിരുന്നു. എച്ച്.എം.റ്റി.-ക്കുവേണ്ടി വാച്ച് അസംബിൾ ചെയ്യുന്ന യൂണിറ്റായിട്ടാണ് ആസ്ട്രൽ വാച്ചസ് പ്രവർത്തിച്ചിരുന്നത്. വിപണിയിലെ കടുത്ത മത്സരം കാരണം എച്ച്.എം.റ്റി.-യിൽനിന്നും ഓർഡർ ലഭിക്കാതെ വന്നതിനെത്തുടർന്ന് ടി കമ്പനി പ്രതിസന്ധിയിലാകുകയും 2002 മുതൽ പ്രവർത്തനരഹിതവുമാണ്.

**ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സിന്റെ ആധുനികവൽക്കരണ പദ്ധതി**

124(138) <u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ:</u>
<u>ശ്രീ. ജി. സ്റ്റീഫൻ:</u>
<u>ശ്രീ. വി. കെ. പ്രശാന്ത്:</u>
<u>ശ്രീ. കെ. ആൻസലൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സിന്റെ ആധുനികവൽക്കരണ പദ്ധതികളുടെ ഭാഗമായി മാലിന്യത്തിൽനിന്നും മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കുന്ന പദ്ധതിയുടെ പുരോഗതി വ്യക്തമാക്കുമോ?

ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സിന്റെ ആധുനികവൽക്കരണ പദ്ധതികളുടെ ഭാഗമായി മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള 3 പ്രോജക്ടുകളുടെ വിശദ പദ്ധതിരേഖ കമ്പനി സമർപ്പിച്ചിട്ടുണ്ട്. ടി പ്രോജക്ടുകൾക്ക് ഭരണാനുമതി നൽകുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) മലിന വസ്തുക്കളിൽനിന്നും പ്ലാസ്റ്റർ ഓഫ് പാരീസും മലിന ജലത്തിൽ നിന്നും അയൺ ഓക്സൈഡും സോഡിയം സൾഫേറ്റും ഉത്പാദിപ്പിക്കുന്ന പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ?

കമ്പനി ഉത്പാദിപ്പിക്കുന്ന വൈറ്റ് ജിപ്സത്തിൽനിന്നും കൂടുതൽ വിപണന സാദ്ധ്യതയുള്ള മൂല്യവർദ്ധിത ഉത്പന്നമായ പ്ലാസ്റ്റർ ഓഫ് പാരീസ് ഉത്പാദിപ്പിക്കാനാണ് ഒരു പദ്ധതി. മലിനജലത്തിൽനിന്നും സോഡിയം ഹൈഡ്രോക്സൈഡ് ഉപയോഗിച്ച് അയൺ ഓക്സൈഡ് ഉത്പാദിപ്പിക്കുന്ന പദ്ധതിയിൽ ഉപോത്പന്നമായി സോഡിയം സൾഫൈറ്റ് ഉത്പാദിപ്പിക്കുന്ന പദ്ധതി നടപ്പാക്കുന്നതോടെ മലിനജലം പൂർണ്ണമായും പുനരുപയോഗിക്കാൻ കഴിയും. സോഡിയം സൾഫേറ്റും അയൺ ഓക്സൈയിഡും കൂടുതൽ വിപണന സാദ്ധ്യതയുള്ള മൂല്യവർദ്ധിത ഉത്പന്നങ്ങളാണ്. ഈ പദ്ധതികൾ പൂർത്തിയാകുന്നതോടെ കമ്പനിയിലെ മലിനീകരണ നിയന്ത്രണ പ്രവർത്തനങ്ങൾ ലാഭകരവും തൃപ്തികരവുമായി പൂർത്തിയാകുകയും ഉത്പാദനശേഷി വർദ്ധിക്കുകയും ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) ടൈറ്റാനിയം ഡയോക്സൈഡിൽനിന്നും പേളസെന്റ് പിമെന്റും കാറ്റലിറ്റിക് പിമെന്റും നിർമ്മാണം ആരംഭിക്കാൻ ഇതിനകം കഴിഞ്ഞിട്ടുണ്ടോ?

ഈ പദ്ധതിയുടെ വിശദ പദ്ധതിരേഖ (ഡി.പി.ആർ.) സർക്കാർ പരിശോധിച്ചു വരികയാണ്.

(ഡി) ഇതോടൊപ്പം മറ്റെന്തെല്ലാം പദ്ധതികളാണ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്; പദ്ധതി എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കാമോ?

മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പദ്ധതികളോടൊപ്പം ഇനോർഗാനിക് പിഗ്മെന്റ്സ്, ലിഥിയം ടൈറ്റാനേറ്റ് എന്നിവയും ഉത്പാദിപ്പാക്കാൻ പദ്ധതികളുണ്ട്. പ്രസ്തുത പദ്ധതികൾ മൂന്നുവർഷങ്ങൾ കൊണ്ട് പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

**പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനം**

125(139) <u>ശ്രീ. എച്ച്. സലാം</u>:
<u>ശ്രീ. കെ. വി. സുമേഷ്</u>:
<u>ശ്രീ. കെ. പ്രേംകുമാർ</u>:
<u>ശ്രീ. പി. വി. ശ്രീനിജിൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാരെ നിയമിക്കുന്നതിന് നിലവിലെ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

പൊതുമേഖലാ സ്ഥാപനങ്ങളിലെ ജോലി സ്വഭാവത്തിൽ വ്യത്യാസമുള്ള തിനാൽ അവിടത്തെ ജീവനക്കാരെ നിയമിക്കുന്നതിന് പൊതുവായ മാനദണ്ഡങ്ങൾ ഒന്നുംതന്നെ പുറപ്പെടുവിച്ചിട്ടില്ല. നിയമനചട്ടം രൂപീകരിച്ചിട്ടുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെ വർക്കർ, സൂപ്പർവൈസറി/മാനേജീരിയൽ തസ്തികകൾ ഒഴികെയുള്ള നിയമനങ്ങളെല്ലാം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ വഴിയാണ് നടത്തുന്നത്. 28-2-1992-ലെ 14896/BPE2/91/Plg നമ്പർ സർക്കുലർ പ്രകാരം പി.എസ്.സി.-യുടെ പരിധിയിൽ വരാത്ത നിയമനങ്ങൾ എല്ലാം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയാണ് നിയമനം നടത്തേണ്ടത്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്ന് ഉദ്യോഗാർത്ഥി ലഭ്യമല്ല എന്ന സർട്ടിഫിക്കറ്റ് (Non-availability certificate) ലഭ്യമായാൽ മാത്രമാണ് പത്രമാധ്യമങ്ങളിൽ പരസ്യം നൽകി ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്നത്. നിലവിൽ പൊതുമേഖലാ സ്ഥാപനങ്ങളിലെ പി.എസ്.സി.-യുടെ പരിധിയിൽ വരാത്ത തസ്തികകളിലെ നിയമനത്തിന്റെ ചുമതല അതാത് കമ്പനികളുടെ ഡയറക്ടർ ബോർഡിനാണ്. ഈ നിയമനങ്ങൾ സുതാര്യമായ രീതിയിൽ നടത്തുന്നതിനുള്ള നിർദ്ദേശങ്ങളും അനുവർത്തിക്കേണ്ട മാനദണ്ഡങ്ങളും 10-8-2012-ലെ സ.ഉ.(സാധാ) നമ്പർ 1228/2012/വ്യവ., 5-1-2013-ലെ സ.ഉ.(സാധാ) നമ്പർ 31/2013/വ്യവ., 17-6-2013-ലെ സ.ഉ.(സാധാ) നമ്പർ 773/2013/വ്യവ എന്നിവ പ്രകാരം നൽകി യിട്ടുണ്ട്. സീനിയർ സൂപ്പർവൈസറി പോസ്റ്റുകളിലെ നിയമനങ്ങളെ സംബന്ധിച്ച

18-1-1997-ലെ 11119/BPE2/96/Plg നമ്പർ സർക്കുലർ പ്രകാരം പ്രസ്തുത നിയമനങ്ങൾ പ്രൊമോഷൻ മുഖേന മെറിറ്റോ/സീനിയോറിറ്റിയോ അടിസ്ഥാനപ്പെടുത്തിയോ ആകണമെന്നും ഇതിനായി ഡയറക്ടർ ബോർഡ് രൂപീകരിക്കുന്ന മൂന്നംഗങ്ങളെങ്കിലും ഉള്ള ഒരു കമ്മിറ്റിയിലൂടെ ആകണമെന്നും ഇതിൽ ഒരംഗം സർക്കാർ പ്രതിനിധിയായിരിക്കണമെന്നും പ്രതിപാദിക്കുന്നുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളിലെ എം.ഡി./സി.ഇ.ഒ.-മാരുടെ നിയമനത്തിനായി സർക്കാർ 26-5-2018-ലെ സ.ഉ.(കൈ)നമ്പർ 16/2018/P&EA പ്രകാരവും 13-12-2018-ലെ സ.ഉ.(കൈ)നമ്പർ 30/2018/P&EA പ്രകാരവും പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ ബോർഡ് രൂപീകരിച്ചിട്ടുണ്ട്.

(ബി) നിയമനവുമായി ബന്ധപ്പെട്ട കാലതാമസം ഒഴിവാക്കുന്നതിന് നിലവിലെ സംവിധാനം പര്യാപ്തമാണോയെന്ന് വ്യക്തമാക്കാമോ;

&

(സി) പ്രസ്തുത സ്ഥാപനങ്ങളിലേയ്ക്കുള്ള ജീവനക്കാരുടെ നിയമനം വേഗത്തിലും കുറ്റമറ്റവിധത്തിലുമാക്കുന്നതിനായി റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കാൻ ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

പൊതുമേഖലാ സ്ഥാപനങ്ങളിലെ പി.എസ്.സി.-യുടെ പരിധിയിൽ വരാത്ത തസ്തികകളിലെ നിയമനങ്ങൾ കൂടുതൽ കാര്യക്ഷമമായി നടത്തുന്നതിനായി പുതിയതായി ഒരു പബ്ലിക് സെക്ടർ സെലക്ഷൻ ആൻഡ് റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**റൂട്രോണിക്സ് സെന്ററുകൾ**

126(140) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന റൂട്രോണിക്സ് സെന്ററുകൾ നേരിടുന്ന പ്രതിസന്ധി സർക്കാർ തലത്തിൽ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

റൂട്രോണിക്സിന്റെ കീഴിൽ പ്രവർത്തിക്കുന്ന അംഗീകൃത പഠന കേന്ദ്രങ്ങളുടെ നിവേദനം മാനേജിംഗ് ഡയറക്ടറുടെ 13-7-2021-ലെ RX/CT-1/108/1/2021-22 നമ്പർ കത്ത് പ്രകാരം ലഭ്യമായിട്ടുണ്ട്. പ്രസ്തുത ശിപാർശ പരിശോധിച്ചുവരുന്നു.

(ബി) പ്രസ്തുത സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ രജിസ്ട്രേഷനിലേയ്ക്ക് മാറ്റുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

ഇപ്പോൾ പരിഗണനയിലില്ല.

(സി) കോവിഡുമായി ബന്ധപ്പെട്ട പ്രതിസന്ധി നേരിടുന്നതിനായി റൂട്രോണിക്സ് സെന്ററുകൾക്ക് പുതിയ ഇളവുകൾ നൽകാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

റൂട്രോണിക്സിന്റെ കീഴിൽ പ്രവർത്തിക്കുന്ന അംഗീകൃത പഠന കേന്ദ്രങ്ങളുടെ നിവേദനം മാനേജിംഗ് ഡയറക്ടറുടെ 13-7-2021-ലെ RX/CT-1/108/1/2021-22 നമ്പർ കത്ത് പ്രകാരം ലഭ്യമായിട്ടുണ്ട്. പ്രസ്തുത ശിപാർശ പരിശോധിച്ചുവരുന്നു.

**ഫോം മാറ്റിംഗ്സ് - ഇ.ആർ.പി. സംവിധാനം**

127(141) <u>ശ്രീ. എ. പി. അനിൽ കുമാർ</u>: താഴെക്കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡിൽ ഇ.ആർ.പി. സംവിധാനം നടപ്പാക്കുന്നത് പൂർണ്ണമായും പരാജയപ്പെട്ടതിന്റെ കാരണം വിലയിരുത്തിയിട്ടുണ്ടോ; എന്തൊക്കെ തിരുത്തൽ നടപടിയാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കുമോ?

സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളിൽ എന്റർപ്രൈസ് റിസോഴ്സ് പ്ലാനിംഗ് (ഇ.ആർ.പി.) നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പൊതുമേഖലാ സ്ഥാപനങ്ങൾ കൃത്യമായി പാലിക്കുന്നതിൽ വീഴ്ചവരുത്തി എന്ന അക്കൗണ്ടന്റ് ജനറലിന്റെ റിപ്പോർട്ടിലെ പരാമർശങ്ങളിന്മേൽ കയർ വികസന വകുപ്പിന് കീഴിലെ സ്ഥാപനങ്ങളിൽനിന്നും വിശദീകരണം തേടിയിരുന്നു. ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡിൽ ഇ.ആർ.പി. സംവിധാനം നടപ്പിലാക്കുന്നതിനായി ഒരു ഏജൻസിക്ക് ചുമതല നൽകിയിരുന്നു. എന്നാൽ കമ്പനിക്ക് ആവശ്യമായ രീതിയിൽ പദ്ധതി നടപ്പാക്കുന്നതിൽ ടി സ്ഥാപനത്തിന് സാധിക്കാതെ വന്ന സാഹചര്യത്തിൽ, ബന്ധപ്പെട്ടവർക്കെതിരെ കമ്പനി നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**പ്രവർത്തനം അവസാനിപ്പിച്ച കെൽട്രോൺ സ്ഥാപനങ്ങളുടെ ആസ്തി**

128(142) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുളങ്കുന്നത്തുകാവ് പഞ്ചായത്തിൽ സ്ഥിതിചെയ്യുന്നതും 2003-ൽ പ്രവർത്തനം അവസാനിപ്പിച്ചതുമായ കെൽട്രോൺ പവ്വർഡിവൈസസ്, കെൽട്രോൺ റെക്റ്റിഫയേർസ് എന്നീ സ്ഥാപനങ്ങളുടെ നശിച്ചുകൊണ്ടിരിക്കുന്ന ആസ്തിയും ഭൂമിയും ഫലപ്രദമായി പ്രയോജനപ്പെടുത്താൻ കഴിയുന്ന ഏതെങ്കിലും പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ?

2003-ൽ പ്രവർത്തനം അവസാനിപ്പിച്ച കെൽട്രോൺ പവ്വർ ഡിവൈസസ്, കെൽട്രോൺ റെക്റ്റിഫയേർസ് എന്നീ സ്ഥാപനങ്ങൾ ലിക്വിഡേഷൻ നടപടികൾ നേരിടുന്നുണ്ട്. ബഹു. ഹൈക്കോടതിയിലുള്ള ലിക്വിഡേഷൻ നടപടികൾ അവസാനിപ്പിച്ച് കെൽട്രോണിന് ഭൂമി തിരികെ വേണമെന്ന ആവശ്യം പരിഗണനയിലാണ്. മേൽ സ്ഥാപനങ്ങളുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് 100 MW സോളാർ പാനൽ മാനുഫാക്ചറിംഗ് യൂണിറ്റ് തുടങ്ങുന്നതിനായിട്ടുള്ള പ്രോജക്ടും ഇതിനോടൊപ്പമുള്ള റിവൈവൽ പ്രൊപ്പോസലിനായുള്ള സ്കീമും ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ സമർപ്പിച്ചിട്ടുള്ളതും ആയത് കോടതിയുടെ പരിഗണനയിലുമാണ്.

(ബി) ഈ സ്ഥാപനങ്ങളുടെ ആസ്തി ബാദ്ധ്യതകളുടെ കണക്ക് ലഭ്യമാക്കാമോ?

സ്ഥാപനത്തിന്റെ ആസ്തി തൃശ്ശൂർ മുളങ്കുന്നത്തുകാവിലുള്ള 12.19 ഏക്കർ വസ്തുവും കെട്ടിടങ്ങളുമാണ്. കമ്പനിയുടെ പൂർവ ഡയറക്ടർമാർ ഒഫീഷ്യൽ ലിക്വിഡേറ്റർക്ക് 2006-ൽ നൽകിയിട്ടുള്ള സ്റ്റേറ്റ്മെന്റ് ഓഫ് അഫയേർസിൽ രേഖപ്പെടുത്തിയിട്ടുള്ള കണക്കുപ്രകാരം ഏകദേശ ബാദ്ധ്യത 44.13 കോടി രൂപയാണ്. (കെൽട്രോൺ റെക്റ്റിഫയേർസ് - 15.68 കോടി രൂപയും കെൽട്രോൺ പവർ ഡിവൈസസ്- 28.45 കോടി രൂപയുമാണ്).

(സി) ഇതുമായി ബന്ധപ്പെട്ട് നിലവിൽ കോടതി വ്യവഹാരങ്ങൾ നിലനിൽക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ആയത് തീർപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

ഉണ്ട്. ആയത് തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**ഇ-ഗവേണൻസ് സംരംഭങ്ങൾ**

129(143) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെക്കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇ-ഗവേണൻസ് സംരംഭങ്ങൾ നടപ്പാക്കുന്നതിനുള്ള സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാത്തത് പൊതുമേഖലാ സ്ഥാപനങ്ങളിൽ ഇ.ആർ.പി. (എന്റർപ്രൈസ് റിസോഴ്സ് പ്ലാനിംഗ്) നടപ്പിലാക്കുന്നതിനെ ദോഷകരമായി ബാധിച്ചതായുള്ള സി. ആൻഡ് എ. ജി.-യുടെ കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും തിരുത്തൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഇ.ആർ.പി. സംവിധാനം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് വ്യവസായ വകുപ്പിനുകീഴിലുള്ള കേരള ഇലക്ട്രിക്കൽ ആൻഡ് അലൈഡ് എൻജിനീയറിങ് കമ്പനി ലിമിറ്റഡ്, കെൽട്രോൺ, കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ലിമിറ്റഡ്, കേരള ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ്, ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ്

ലിമിറ്റഡ്, ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ്, കേരള സ്റ്റേറ്റ് കാഷ്യൂ ഡെവലപ്മെന്റ് കോർപ്പറേഷൻ എന്നീ പൊതുമേഖലാ സ്ഥാപനങ്ങളെക്കുറിച്ച് സി&എ.ജി.-യുടെ ഡ്രാഫ്റ്റ് പാരയിൽ പരാമർശമുണ്ടായിരുന്നു. ഇക്കാര്യം സർക്കാർ തലത്തിൽ വിശദമായി പരിശോധിക്കുകയും ഇ.ആർ.പി. സംവിധാനം നടപ്പാക്കുന്നതിലുണ്ടായ പാളിച്ചകൾ പരിഹരിക്കുവാൻ താഴെപ്പറയുന്ന നടപടി സ്വീകരിക്കുകയും ചെയ്തു.

1. കേരള ഇലക്ട്രിക്കൽ ആൻഡ് അലൈഡ് എഞ്ചിനീയറിങ് കമ്പനി ലിമിറ്റഡ് : കേരള ഇലക്ട്രിക്കൽ ആൻഡ് അലൈഡ് എഞ്ചിനീയറിങ് കമ്പനി ലിമിറ്റഡിൽ ഇ.ആർ.പി. സംവിധാനം നടപ്പിലാക്കുന്ന കാര്യത്തിൽ ഒരു സീനിയർ മാനേജരെ നോഡൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്. കെല്ലിലെ മറ്റ് ഉദ്യോഗസ്ഥരും പ്രസ്തുത പ്രവർത്തനം ഏകോപിപ്പിക്കുന്നതിനായി പ്രവർത്തിക്കുന്നുണ്ട്. കേരള ഇലക്ട്രിക്കൽ ആൻഡ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡിൽ ഇ.ആർ.പി. സംവിധാനം നടപ്പിലാക്കുന്ന പ്രവർത്തനം അന്തിമഘട്ടത്തിലാണ്.

2. ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ് : ഫോംമാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡിൽ ഇ.ആർ.പി. സംവിധാനം നടപ്പിലാക്കുന്ന കാര്യത്തിൽ ഒരു ബാഹ്യ ഏജൻസിയെ ഏൽപ്പിച്ചിരുന്നുവെങ്കിലും ഈ സംവിധാനം യഥാവിധി നടപ്പാക്കാനാവാത്തതിനാൽ ബന്ധപ്പെട്ടവർക്കെതിരെ നിയമ നടപടി സ്വീകരിച്ചിട്ടുണ്ട്.

3. കേരള സ്റ്റേറ്റ് കാഷ്യൂ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് : സി&എ.ജി.-യുടെ ആഡിറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇ.ആർ.പി സംവിധാനം നടപ്പാക്കുന്നതിനായി ഒരു നോഡൽ ഓഫീസറെ നിയമിക്കുകയും അതിന്റെ പ്രവർത്തനം നല്ല രീതിയിൽ തുടരുകയുമാണ്.

4. ഹോർട്ടികോർപ്പിൽ കെൽട്രോൺ നടപ്പിലാക്കിയ ഇ.ആർ.പി. സംവിധാനം സ്ഥാപനത്തിന് പ്രയോജനകരമാണെന്നും റ്റി.എസ്.പി. എന്ന നിലയിൽ കെൽട്രോൺ അധികചാർജ് ഈടാക്കുന്നില്ലെന്നും എ.ജി.-യെ അറിയിച്ചിട്ടുണ്ട്.

5. ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ് (റ്റി.റ്റി.പി.എൽ.) കമ്പനിയിൽ 2012-13 മുതൽ വിജയകരമായി പ്രവർത്തിച്ചുവരുന്ന ഇ.ആർ.പി. സംവിധാനത്തെ കുറ്റമറ്റരീതിയിൽ മുന്നോട്ടുകൊണ്ട് പോകുന്നതിന് കെ.എസ്.ഐ.റ്റി.എം.-ൽനിന്നുള്ള ഒരു എക്സ്പെർട്ടിനെ ഉൾക്കൊള്ളിച്ച് ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

6. ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ് എ.ജി.-യുടെ പരാമർശത്തിന്റെ അടിസ്ഥാനത്തിൽ കമ്പനിയുടെ ഐ.റ്റി. പോളിസി, സെക്യൂരിറ്റി പോളിസി, ബാക്ക് അപ് പോളിസി എന്നിവ ഉൾപ്പെടുത്തിക്കൊണ്ടുള്ള സമഗ്ര ഐ.റ്റി. പോളിസി ഡോക്യുമെന്റ് രൂപകല്പന അവസാന ഘട്ടത്തിലാണ്.

7. കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ലിമിറ്റഡ് കമ്പനിയിൽ 2014-ൽ നടപ്പാക്കിയ ഇ.ആർ.പി. സംവിധാനത്തിന്റെ പോരായ്മകൾ പരിഹരിക്കുകയും ഭാവിയിൽ ആവർത്തിക്കാതിരിക്കാനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതുകൂടാതെ ചെലവേറിയ ഇ.ആർ.പി. സംവിധാനം നടപ്പാക്കുന്നതിന്റെ പ്രയോജനം എത്രത്തോളമുണ്ടെന്നും വ്യവസായ വകുപ്പിന് കീഴിലുള്ള വിവിധ സ്ഥാപനങ്ങളിൽ ഇ.ആർ.പി. നടപ്പാക്കുന്നതിലെ പ്രായോഗികത സംബന്ധിച്ചും പഠനം നടത്തുവാൻ കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസസ് ആൻഡ് ഇന്നവേഷൻ ടെക്നോളജി (KUDSIT) എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഓരോ പൊതുമേഖലാ സ്ഥാപനങ്ങളിലും അത്യാവശ്യംവേണ്ട പ്രവർത്തനമേഖലകളെ സംയോജിപ്പിച്ചുകൊണ്ട് ചെലവ് കുറഞ്ഞ രീതിയിൽ ഇ.ആർ.പി. സംവിധാനം നടപ്പിലാക്കുന്നതിനുള്ള സാദ്ധ്യതകളും ഇതിന്റെ ഭാഗമായി പരിശോധിക്കുന്നതാണ്.

**ടൈറ്റാനിയം കോപ്രാസ് റിക്കവറി പ്ലാന്റിന്റെ പ്രവർത്തനം**

130(144) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 ഫെബ്രുവരി 15-ന് ഉദ്ഘാടനം കഴിഞ്ഞ ട്രാവൻകൂർ ടൈറ്റാനിയത്തിലെ (ടി.ടി.പി.) കോപ്രാസ് റിക്കവറി പ്ലാന്റിന്റെ പ്രവർത്തനം (സി.ആർ.പി.) ഇതുവരേയും ആരംഭിച്ചിട്ടില്ലെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ബി) ടി.ടി.പി.-യിലെ ടൈറ്റാനിയം ഡയോക്സൈഡ് നിർമ്മാണത്തിലെ നിർണ്ണായക ഘടകമായി മാറാവുന്ന പ്ലാന്റിന്റെ പ്രവർത്തനം എന്നത്തേയ്ക്ക് പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് വെളിപ്പെടുത്താമോ?

ഉണ്ട്. കോപ്രാസ് റിക്കവറി പ്ലാന്റിന്റെ കമ്മീഷനിംഗുമായി ബന്ധപ്പെട്ട അവസാനഘട്ട പ്രവർത്തനങ്ങൾകൂടി നടപ്പാക്കാനുണ്ട്. നിലവിലെ സാഹചര്യത്തിൽ പ്ലാന്റിന്റെ അവസാനഘട്ട കമ്മീഷനിംഗ് 2021 സെപ്റ്റംബർ മാസം പൂർത്തീകരിക്കാൻ സാധിക്കുമെന്നാണ് കരുതുന്നത്.

## മലമ്പുഴ നിയോജകമണ്ഡലത്തിൽ വ്യവസായ വകുപ്പ് മുഖേനയുള്ള വികസന പ്രവർത്തനങ്ങൾ

131(145) <u>ശ്രീ. എ. പ്രഭാകരൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016 മുതൽ 2021 വരെയുള്ള കാലയളവിൽ വ്യവസായ വകുപ്പ് മുഖാന്തരം മലമ്പുഴ നിയോജകമണ്ഡലത്തിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കിവരുന്നതെന്ന് അറിയിക്കാമോ; പദ്ധതികളുടെ വിശദാംശങ്ങളും അനുവദിച്ച തുകയും അറിയിക്കാമോ?

1. 2016 മുതൽ 2021 വരെ സംരംഭക സഹായ പദ്ധതി പ്രകാരം 78 വ്യവസായ സ്ഥാപനങ്ങൾക്ക് 8.16 കോടി രൂപ സബ്സിഡി അനുവദിച്ചു.
2. പി.എം.ഇ.ജി.പി. പദ്ധതി പ്രകാരം 2016 മുതൽ 2021 വരെ 66 പേർക്ക് വായ്പ നൽകി. 1.61 കോടി രൂപ സബ്സിഡിയായി അനുവദിച്ചു.
3. മലമ്പുഴ നിയോജകമണ്ഡലത്തിൽ ജില്ലാ വ്യവസായ കേന്ദ്രത്തിന് കീഴിലുള്ള കഞ്ചിക്കോട്, പുതുശ്ശേരി എന്നീ വ്യവസായ വികസന ഏരിയായിൽ 81 സംരംഭകർക്കായി 62.73 ഏക്കർ വ്യവസായ ഭൂമി അനുവദിച്ചിട്ടുണ്ട്.
4. കഞ്ചിക്കോട് ന്യൂ ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് ഏരിയായിലെ ആഭ്യന്തര റോഡുകളുടെ നവീകരണത്തിനും അറ്റകുറ്റപ്പണിക്കൾക്കായി 22.76 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.
5. പുതുശ്ശേരി വ്യവസായ വികസന ഏരിയായിലെ റോഡുകളുടെ നവീകരണത്തിനും ടാറിംഗിനുമായി 41.8 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.
6. LSGD പദ്ധതി പ്രകാരം 10 ഗ്രൂപ്പുകൾക്ക് 20 ലക്ഷം രൂപ സബ്സിഡി നൽകി.
7. എസ്.സി.എ. റ്റു എസ്.സി.പി. ഫണ്ട് ഉപയോഗിച്ച് നീലക്കുറിഞ്ഞി ബാംബൂ ക്ലസ്റ്റർ എന്ന ട്രെയിനിംഗ് പ്രോഗ്രാം 5 ലക്ഷം രൂപ ഉപയോഗിച്ച് നടത്തിയിട്ടുണ്ട്. മുള ഉൽപ്പന്ന നിർമ്മാണം സംബന്ധിച്ച് 30 ദിവസത്തെ ട്രെയിനിംഗിൽ 30 പേർ പങ്കെടുത്തു.
8. കിൻഫ്ര മെഗാ ഫുഡ് പാർക്കിൽ KBI-ന് കീഴിൽ റൈസ് ടെക്നോളജി പാർക്കിലെ ശിലാസ്ഥാപനം 2018-ൽ നടത്തിയിട്ടുണ്ട്.

കൈത്തറി മേഖലയിൽ മലമ്പുഴ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങളും അനുവദിച്ച തുകയുടെ വിവരങ്ങളും ചുവടെ ചേർക്കുന്നു :

1. എക്സിബിഷൻ ഗ്രാന്റ് - എക്സിബിഷൻ നടത്തുന്ന സംഘങ്ങൾക്ക് നൽകുന്ന പ്രോത്സാഹന പദ്ധതിയാണ് എക്സിബിഷൽ ഗ്രാന്റ്. ടി പദ്ധതി വഴി 2016-17 മുതൽ 2020-21 വർഷം വരെ ആകെ 66,524 രൂപ ചെലവഴിച്ചിട്ടുണ്ട്.

2. അംശദാന മിതവ്യയ പദ്ധതി - കൈത്തറി മേഖലയിലെ തൊഴിലാളികളുടെ പ്രോത്സാഹനത്തിനും ക്ഷേമത്തിനുമായി ആരംഭിച്ച ഈ പദ്ധതി വരിക്കാരുടെയും അവരുടെ കുടുംബങ്ങളുടെയും വിവാഹം, വിദ്യാഭ്യാസം, മുതലായവയ്ക്ക് ഉപയോഗിക്കാവുന്നതാണ്. ടി പദ്ധതി വഴി 2016-17 മുതൽ 2020-21 വർഷം വരെ ആകെ 17,92,077 രൂപ ചെലവഴിച്ചിട്ടുണ്ട്.

3. നെയ്ത്ത് ഉപകരണങ്ങൾക്കുള്ള ധനസഹായം-കൈത്തറി നെയ്ത്തിനു പയോഗിക്കുന്ന തറികളിൽ ഉപയോഗിക്കുന്ന ഓടം, അച്ച്, വിഴത് എന്നിവയ്ക്കുള്ള ധനസഹായം. ടി പദ്ധതി വഴി 2016-17 മുതൽ 2020-21 വർഷം വരെ ആകെ 9,82,514 രൂപ ചെലവഴിച്ചിട്ടുണ്ട്.

4. ടെക്നോളജി അപ്ഗ്രഡേഷൻ - വർക്ക് ഷെഡ് നവീകരണം തറികളുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി സാങ്കേതിക വിദ്യ, നിലവാരം മെച്ചപ്പെടുത്തൽ, ആധുനികവത്കരണം, വർക്ക് ഷെഡ് നവീകരണം എന്നിവയ്ക്കുള്ള പദ്ധതിയാണിത്. ടി പദ്ധതി വഴി 2016-17 മുതൽ 2020-21 വർഷം വരെ ആകെ 2,00,000 രൂപ ചെലവഴിച്ചിട്ടുണ്ട്.

5. സർക്കാർ ഓഹരി പങ്കാളിത്ത പദ്ധതി - സഹകരണ സംഘങ്ങളുടെ നെറ്റ് ഡിസ്പോസിബിൾ, വിഭവ സ്ഥിതി ഉയർത്തുന്നതിനും ആസ്തി സൃഷ്ടിക്കുന്നതിനും വേണ്ടിയാണ് സർക്കാർ ഓഹരി പങ്കാളിത്തം പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. ടി പദ്ധതി വഴി 2016-17 മുതൽ 2020-21 വർഷം ആകെ 16,93,,000 രൂപ ചെലവഴിച്ചിട്ടുണ്ട്.

6. ഉല്പാദന പ്രചോദന പദ്ധതി - അംഗീകൃത നിബന്ധനകളനുസരിച്ച് ശാസ്ത്രീയമായ വർക്ക് അസ്സെസ്സ്മെന്റ് നടത്തി വാർഷിക വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ അധികമായി ചെയ്യുന്ന ജോലിക്കനുസരിച്ച് അധികമായ ആനുകൂല്യങ്ങൾ നൽകി നെയ്ത്തുകാരുടെയും അനുബന്ധ തൊഴിലാളികളുടെയും ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതിയാണിത്. ടി പദ്ധതി വഴി 2016-17 മുതൽ 2020-21 വർഷം വരെ ആകെ 97,76,932 രൂപ ചെലവഴിച്ചിട്ടുണ്ട്.

7. റിബേറ്റ് - ഉത്സവ സീസണുകളിൽ സർക്കാർ പുറപ്പെടുവിക്കുന്ന റിബേറ്റ് പ്രകാരം നിശ്ചിത ശതമാനം വിലകുറച്ച് സംഘങ്ങൾ തുണിത്തരങ്ങൾ വില്പന നടത്തുന്നു. കൈത്തറി സംഘങ്ങളുടെ നഷ്ടം സർക്കാർ സംഘങ്ങൾക്ക് നൽകി നികത്തുന്നു. ടി പദ്ധതി വഴി 2016-17 മുതൽ 2020-21 വർഷം വരെ ആകെ 1,74,06,198/- രൂപ ചെലവഴിച്ചിട്ടുണ്ട്.

8. ഹാൻഡ്‌ലൂം മാർക്ക് പദ്ധതി-പൊതുജനങ്ങൾക്ക് കൈത്തറി ഉത്പന്നങ്ങൾ തിരിച്ചറിയുന്നതിനും അതുവഴി കൈത്തറി ഉത്പന്നങ്ങൾക്ക് പ്രചാരണം നല്കുന്നതിനുമായി ആരംഭിച്ച പദ്ധതിയാണിത്. സംഘങ്ങൾ വാങ്ങുന്ന ഹാൻഡ്‌ലൂം മാർക്ക് ലേബൽ വാങ്ങുന്നതിന് ചെലവഴിച്ച തുകയുടെ 75% ആണ് ധനസഹായമായി അനുവദിക്കുന്നത്. ടി പദ്ധതി വഴി 2016-17 മുതൽ 2020-21 വർഷം വരെ ആകെ 6264 രൂപ ചെലവഴിച്ചിട്ടുണ്ട്.

9. സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം - നെയ്ത്തുകാരുടെ കഴിവ് വർദ്ധിപ്പിക്കുന്നതിനും പുതിയ ടെക്നോളജി വഴി ഗുണമേന്മ വർധിപ്പിക്കുന്നതിനും ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും ആരംഭിച്ച പരിശീലന പദ്ധതിയാണ് സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം. ടി പദ്ധതി വഴി 2016-17 മുതൽ 2020-21 വർഷം വരെ ആകെ 4,45,000 രൂപ ചെലവഴിച്ചിട്ടുണ്ട്.

10. മാർജിൻ മണി വായ്പ-സംഘങ്ങൾക്ക് ആവശ്യമായ സാമ്പത്തിക സഹായം, സംഘങ്ങൾക്ക് ആവശ്യമായ നൂൽ, മറ്റ് അസംസ്കൃത വസ്തുക്കൾ എന്നിവ വാങ്ങുന്നതിനായുള്ള സാമ്പത്തിക സഹായ പദ്ധതിയാണിത്. ടി പദ്ധതി വഴി 2016-17 മുതൽ 2020-21 വർഷം ആകെ 14,00,000 രൂപ ചെലവഴിച്ചിട്ടുണ്ട്.

11. ഹാങ്ക് യാൺ, ഡൈസ് ആൻഡ് കെമിക്കൽ സബ്സിഡി - ഗുണമേന്മയുള്ള അസംസ്കൃതവസ്തുക്കൾ ന്യായമായ വിലയ്ക്ക് സബ്സിഡിയോടുകൂടിയാണ് ബാങ്കുകൾ വഴി യഥാസമയം നെയ്ത്തുകാർക്ക് ലഭിക്കുന്നതിനായി നടപ്പിലാക്കിയ പദ്ധതിയാണിത്. സംഘങ്ങളുടെ പ്രോത്സാഹനത്തിനും വികസനത്തിനുമാണ് ഈ പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. ടി പദ്ധതി വഴി 2016-17 മുതൽ 2020-21 വർഷം വരെ ആകെ 7,29,754 രൂപ ചെലവഴിച്ചിട്ടുണ്ട്.

12. സ്കൂൾ യൂണിഫോം പദ്ധതി - സംസ്ഥാനത്തെ ഒന്ന് മുതൽ ഏഴാം ക്ലാസ്സ് വരെയുള്ള സർക്കാർ സ്കൂൾ വിദ്യാർത്ഥികൾക്കും ഒന്ന് മുതൽ നാലാം ക്ലാസ്സ് വരെയുള്ള എയ്ഡഡ് സ്കൂൾ വിദ്യാർത്ഥികൾക്കും കൈത്തറി സ്കൂൾ യൂണിഫോം വിതരണം ചെയ്യുന്നതിന് കൈത്തറി സംഘങ്ങളിൽ സ്കൂൾ യൂണിഫോം നെയ്യുന്ന നെയ്ത്തുകാർക്ക് വേതനമായി 2016-17 മുതൽ 2020-21 വർഷം വരെ ആകെ 1,93,47,671 രൂപ ചെലവഴിച്ചിട്ടുണ്ട്.

## സംസ്ഥാനത്തെ വ്യവസായ സൗഹൃദമാക്കുന്നതിനുള്ള പദ്ധതികൾ

132(146) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കൂടുതൽ വ്യവസായ സൗഹൃദമാക്കുന്നതിനും നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനുമായി വ്യവസായ പാർക്കുകളിൽ അതിവേഗ അനുമതിക്ക് ഏകജാലക ബോർഡ് രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കാമോ; എങ്കിൽ ആയതിന്റെ വിശദാംശം വ്യക്തമാക്കുമോ?

സംസ്ഥാനത്തെ വ്യവസായ വകുപ്പിന് കീഴിലുള്ള കെ.എസ്.ഐ.ഡി.സി.-യുടെയും കിൻഫ്രയുടെ നിലവിലുള്ള വ്യവസായ ഗ്രോത്ത് സെന്ററുകൾക്കും വ്യവസായ പാർക്കുകൾക്കും നേരത്തേതന്നെ ഏകജാലക ബോർഡുകൾ നിലവിലുണ്ട്. പുതുതായി സ്ഥാപിക്കുന്ന വ്യവസായ പാർക്കുകൾക്കുകൂടി ഏകജാലക ബോർഡുകൾ രൂപീകരിക്കുന്നതായിരിക്കും.

(ബി) സംസ്ഥാനത്തെ വ്യവസായ വികസന പുരോഗതി വിലയിരുത്താൻ സർക്കാർ എന്തൊക്കെ നൂതന നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

&

(സി) സംസ്ഥാനത്തെ വ്യവസായവുമായി ബന്ധപ്പെട്ട പരാതികൾ തീർപ്പാക്കുന്നതിന് നിയമാനുസൃതമായ എന്തൊക്കെ പുതിയ സംവിധാനങ്ങൾ കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാനത്തിന്റെ വ്യവസായ വികസന പുരോഗതി സർക്കാർ വിവിധ ഘട്ടങ്ങളിൽ വിലയിരുത്തുകയും ക്രിയാത്മകമായ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. ഒരു വ്യവസായ സംരംഭം തുടങ്ങുന്നതിനും നടത്തിക്കൊണ്ട് പോകുന്നതിനും വിവിധ വകുപ്പുകളിൽനിന്നും സമയബന്ധിതമായി അനുമതികൾ ലഭ്യമാക്കേണ്ടതുണ്ട്. കാലഹരണപ്പെട്ടവയും ആവർത്തന സ്വഭാവമുള്ളവയുമായ നിയമങ്ങളിലും ചട്ടങ്ങളിലും കാലാനുസൃതമായ ഭേദഗതികൾ വരുത്തുക, സംരംഭകർക്ക് അനുമതികൾ ലഭ്യമാക്കുന്നതിന് വകുപ്പുകൾ ഓൺലൈൻ സംവിധാനങ്ങൾ ഏർപ്പെടുത്തുക, സംരംഭകരുടെ പരാതികൾക്കും സംശയങ്ങൾക്കും പരിഹാരങ്ങൾ നിർദ്ദേശിക്കാൻ വേണ്ട സംവിധാനങ്ങൾ ഒരുക്കുക എന്നിവ പരമ പ്രധാനങ്ങളാണ്. വ്യാവസായിക അനുമതികൾ നൽകുന്നതിന് വിവിധ വകുപ്പുകൾ നിലവിൽ ഏർപ്പെടുത്തിയിട്ടുള്ള ഓൺലൈൻ സംവിധാനങ്ങൾ വിപുലീകരിക്കുകയും മറ്റ് വകുപ്പുകളിൽ പ്രസ്തുത സംവിധാനം ആരംഭിക്കുന്നത് പരിഗണിക്കുന്നതുമാണ്. വിവിധ വകുപ്പുകൾ സംരംഭകർക്ക് ലഭ്യമാക്കേണ്ട അനുമതികൾക്കായുള്ള അപേക്ഷകൾ സമയബന്ധിതമായി തീർപ്പാ

ക്കിയില്ലെങ്കിൽ അത്തരം പരാതികൾ പരിഗണിക്കുന്നതിനും അവ സമയബന്ധി തമായി പരിഹരിക്കുന്നതിനുംവേണ്ടി നിയമപിന്തുണയുള്ള ഒരു പരാതി പരിഹാര കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള നടപടി അന്തിമഘട്ടത്തിലാണ്. 1999-ലെ കേരള വ്യവസായ ഏകജാലക ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും നിയമത്തിൽ ആവശ്യാനുസൃതമായ ഭേദഗതികൾ വരുത്തിക്കൊണ്ടാണ് പ്രസ്തുത കമ്മിറ്റി രൂപീകരിക്കുന്നത്. വിവിധ വകുപ്പുകൾ ഒരുമിച്ച് പരിശോധനകൾ നടത്തുവാൻവേണ്ടി ഒരു ഓൺലൈൻ ഏകീകൃത പരിശോധനാ സംവിധാനം ഏർപ്പെടുത്തുന്നതാണ്. ഇവയെല്ലാം നടപ്പാകുന്നതിലൂടെ സംസ്ഥാനത്തിന്റെ വ്യവസായ വികസന പുരോഗതിയുടെ വേഗം കൂട്ടുവാൻ സാധിക്കുന്നതാണ്. കൂടാതെ കാലഹ രണപ്പെട്ട നിയമങ്ങളും ചട്ടങ്ങളും ഉണ്ടെങ്കിൽ ആയത് പരിശോധിച്ച് കാലാനുസൃതമായ മാറ്റം വരുത്തുന്നതിനുള്ള കരട് നിർദ്ദേശം സമർപ്പിക്കുന്നതിന് മൂന്നംഗ വിദഗ്ദ്ധ സമിതിയെ നിയമിക്കുന്നതിനും തീരുമാനമായിട്ടുണ്ട്. ഇവയെല്ലാം പൂർത്തീകരിക്കു ന്നതോടെ സംസ്ഥാനത്തിന്റെ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് റാങ്കിംഗും മെച്ചപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) എത്ര പുതിയ ചെറുകിട, ഇടത്തരം വ്യവസായ സംരംഭങ്ങളാണ് ഈ അടുത്തകാലത്ത് സംസ്ഥാനത്ത് വന്നത്; ഇതുവഴി എത്ര പേർക്ക് പ്രത്യക്ഷമായും പരോക്ഷമായും തൊഴിൽ ലഭിക്കുമെന്ന് വ്യവസായ വകുപ്പ് കണക്കാക്കുന്നുവെന്ന് വ്യക്തമാക്കുമോ?

സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾക്കുള്ള 'MSME Acknowledgement Certificate' K-SWIFT-ൽ കൂടി നൽകിവരുന്നുണ്ട്. ഇതിൽ നിന്നും ശേഖരിച്ച വിവരപ്രകാരം സംസ്ഥാനത്ത് കഴിഞ്ഞ ഒന്നര വർഷത്തിനിടയ്ക്ക് 11,538 സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങൾ സ്ഥാപിതമായിട്ടുണ്ട്. ഇവയിൽനിന്നും പ്രത്യക്ഷമായും പരോക്ഷമായും ഏകദേശം രണ്ട് ലക്ഷത്തോളം തൊഴിലവസരങ്ങൾ ലഭ്യമായിട്ടുണ്ടെന്ന് വിലയിരുത്തുന്നു.

## കുടിൽ വ്യവസായങ്ങളുടെ ഉന്നമനം

133(147) <u>ശ്രീ. പി. വി. ശ്രീനിജിൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തെ നിക്ഷേപസൗഹൃദ സംസ്ഥാനമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

വ്യവസായ സൗഹൃദാന്തരീക്ഷം ഒരു പ്രത്യേക നയമായി സംസ്ഥാന സർക്കാർ ഏറ്റെടുത്തിട്ടുണ്ട്. സംസ്ഥാനം വ്യവസായ സൗഹൃദമാക്കുവാനായി 7 നിയമങ്ങളിലും 9 ചട്ടങ്ങളിലും ഭേദഗതി വരുത്തി കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ആക്ട് രൂപീകരിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളിൽനിന്നുള്ള

ലൈസൻസുകളും അനുമതികളും ലഭ്യമാക്കുന്നത് സുഗമമാക്കാൻ ഓൺലൈൻ ഏകജാലക പോർട്ടൽ കെ-സ്വിഫ്റ്റ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പുതിയതായി ആരംഭിക്കുന്ന മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവപ്പ് വിഭാഗത്തിൽപ്പെടാത്ത സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്ക് സംസ്ഥാന നിയമ പ്രകാരമുള്ള ലൈസൻസുകൾ സ്വയം സാക്ഷ്യപ്പെടുത്തൽ വഴി മൂന്ന് വർഷത്തേയ്ക്ക് ഒഴിവാക്കുന്നതിനായി "സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്ട്" നിലവിൽ വന്നിട്ടുണ്ട്. സൂക്ഷ്മ-ചെറുകിട- ഇടത്തരം വ്യവസായ സ്ഥാപനങ്ങളുടെ പ്രശ്നപരിഹാരത്തിനായി കെ.എസ്.ഐ.ഡി.സി.-യുടെ നേതൃത്വത്തിൽ ഒരു കാൾ സെന്റർ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളിലെ വ്യവസായവുമായി ബന്ധപ്പെട്ട നിയമങ്ങൾ സുഗമമാക്കുന്നതിനും ഗുരുതരമല്ലാത്ത പിഴവുകൾക്ക് ശിക്ഷാ നടപടികൾ ഒഴിവാക്കുന്നതിനുമായുള്ള ഭേദഗതികൾ വരുത്തുവാനുള്ള നടപടികൾ വകുപ്പ് തലങ്ങളിൽ സ്വീകരിച്ചുവരുന്നുണ്ട്. വിവിധ വകുപ്പുകളുടെ സേവനങ്ങൾ ഓൺലൈൻ ആക്കുന്നതിനും അവയെ കെ-സ്വിഫ്റ്റ് ഏകജാലക സംവിധാനവുമായി ഏകോപിപ്പിക്കുന്നതിനുമുള്ള നടപടികൾ ത്വരിതഗതിയിൽ സ്വീകരിച്ചുവരുന്നുണ്ട്. ജില്ലാ സംസ്ഥാന തലങ്ങളിൽ ഏകജാലക ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. സേവനങ്ങളും മറ്റു വിവരങ്ങളും സംരംഭകരിൽ എത്തിക്കുന്നതിനായി വ്യവസായ വാണിജ്യ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഒരു യൂറ്റ്യൂബ് ചാനൽ ആരംഭിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. നിക്ഷേപകരുടെ പരാതി ബുദ്ധിമുട്ടുകൾ എന്നിവ സമയബന്ധിതമായി പരിഹരിക്കുവാൻ സംസ്ഥാനത്ത് ഒരു സ്റ്റാറ്റ്യൂട്ടറി ഗ്രിവൻസ് റിഡ്രസ്സൽ കമ്മിറ്റി രൂപീകരിക്കുന്നതിന്റെ നിയമനിർമ്മാണത്തിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. വ്യവസായ സംരംഭകർക്ക് ഭൂമി നൽകുന്നതിന് ഏകീകൃത വ്യവസ്ഥ ഉൾപ്പെടുത്തിക്കൊണ്ടുള്ള Unified Land Lease Policy പുറപ്പെടുവിക്കുന്നതാണ്. വ്യവസായ സ്ഥാപനങ്ങളിലെ പരിശോധനാ സംവിധാനം പുനഃക്രമീകരിച്ചുകൊണ്ട് വിവിധ വകുപ്പുകൾ ഉൾപ്പെടുന്ന സോഫ്റ്റ്‌വെയർ അധിഷ്ഠിത ഏകീകൃത പരിശോധനാ സംവിധാനം ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. കാലഹരണപ്പെട്ട നിയമങ്ങളും ചട്ടങ്ങളും ഉണ്ടെങ്കിൽ ആയത് പരിശോധിച്ച് കാലാനുസൃതമായ മാറ്റംവരുത്തുന്നതിനുള്ള കരട് നിർദേശങ്ങൾ സമർപ്പിക്കുന്നതിന് മൂന്നംഗ വിദഗ്ദ്ധ കമ്മിറ്റിയെ നിയമിക്കുന്നതിനും തീരുമാനമെടുത്തിട്ടുണ്ട്. വ്യവസായ നിക്ഷേപകരുടെ സംഘടനാ പ്രതിനിധികളുമായി നിരന്തരം ആശയവിനിമയം നടത്തുന്നതിനും നിർദ്ദേശങ്ങൾ സ്വീകരിക്കുന്നതിനുമുള്ള നടപടികൾ ഏർപ്പെടുത്തിയിട്ടുണ്ട്. ജില്ലാ വ്യവസായ കേന്ദ്രങ്ങളുമായി ബന്ധപ്പെട്ട് വ്യവസായ സംരംഭങ്ങൾ നടത്തുന്നവരുടെയും പുതുതായി തുടങ്ങുവാൻ ആഗ്രഹിക്കുന്നവരുടെയും പരാതികളും പ്രശ്നങ്ങളും നേരിട്ട് കേൾക്കുന്നതിന് ജില്ലാ തലത്തിൽ "മീറ്റ് ദ മിനിസ്റ്റർ" പരിപാടി ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു.

(ബി) കേരളത്തിന്റെ ഭൂപ്രകൃതിക്കനുസരിച്ച് വലിയ വ്യവസായങ്ങളോടൊപ്പം കുടിൽ വ്യവസായങ്ങളെക്കൂടി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

&

(സി) കുടിൽ വ്യവസായങ്ങൾക്കുള്ള വായ്പാ ആനുകൂല്യങ്ങളെക്കുറിച്ച് വിശദമാക്കാമോ?

നിലവിൽ കുടിൽ വ്യവസായങ്ങൾക്ക് നേരിട്ട് വായ്പ നൽകുന്ന പദ്ധതികൾ വകുപ്പിലില്ലെങ്കിലും സൂക്ഷ്മ-ചെറുകിട-ഇടത്തരം മേഖലയിലുള്ള സംരംഭങ്ങൾക്ക് സാമ്പത്തിക സഹായം അനുവദിക്കുന്ന വായ്പാധിഷ്ഠിത പദ്ധതികളായ നാനോ ഗാർഹിക സംരംഭങ്ങൾക്കുള്ള പലിശ സബ്സിഡി, ചെറുകിട യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണി ഗ്രാന്റ് എന്നീ പദ്ധതികളുടെ ആനുകൂല്യവും കുടിൽ വ്യവസായങ്ങൾക്കും പ്രയോജനപ്പെടുത്താവുന്നതാണ്. നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതി പ്രകാരം ധനകാര്യ സ്ഥാപനങ്ങളിൽനിന്നും ടേം വായ്പ എടുത്ത സംരംഭകർക്ക് കാർഷിക പലിശയിൽ 6% മുതൽ 8% വരെ സബ്സിഡിയായി തിരികെ നൽകുന്നു. വനിതകൾ/പട്ടികജാതി/വർഗ്ഗ വിഭാഗങ്ങൾക്ക് ഇത് 8% വരെ ലഭിക്കുന്നു. മൂന്ന് വർഷത്തേയ്ക്കാണ് ഇപ്രകാരം റീ-ഇംബേഴ്സ്ചെയ്ത് നൽകുന്നത്. ചെറുകിട യൂണിറ്റുകൾക്ക് നല്കുന്ന മാർജിൻ മണിഗ്രാന്റ് പദ്ധതി പ്രകാരം ഉൽപ്പന്നനിർമ്മാണം, ഭക്ഷ്യസംസ്കരണം എന്നിവയിൽ ആരംഭിക്കുന്ന ചെറുസംരംഭങ്ങൾക്ക് (മൂല്യാധിഷ്ഠിത പ്രവർത്തനങ്ങൾ നടത്തുന്ന സേവനമേഖല ഉൾപ്പെടെ) സ്ഥിരമൂലധനവും പ്രവർത്തനമൂലധനവും ഉൾപ്പെടെ ആകെ പ്രോജക്ട് ചെലവ് 10 ലക്ഷം രൂപ വരെയുള്ള യൂണിറ്റുകൾ ഈ പദ്ധതിയുടെ സഹായത്തിന് അർഹരാണ്. ഈ പദ്ധതിയുടെ 30% ഗുണഭോക്താക്കളും സ്ത്രീ സംരംഭകരായിരിക്കും. ഈ പദ്ധതിയിലൂടെ നല്കുന്ന പരമാവധി സഹായം ജനറൽ വിഭാഗത്തിന് 3 ലക്ഷം രൂപയും മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെട്ടവർക്ക് 4 ലക്ഷം രൂപയും ആണ്. കുടിൽ വ്യവസായങ്ങൾക്ക് ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ് വഴി ധനസഹായം നൽകുന്നുണ്ട്.

## കേരള ഇൻഫ്രാസ്ട്രക്ചർ ഫണ്ട് മാനേജ്മെന്റ് ലിമിറ്റഡ് നടപ്പാക്കുന്ന പദ്ധതികൾ

134(148) ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അസൻഡ്-2020-ന്റെ ഭാഗമായി കേരള ഇൻഫ്രാസ്ട്രക്ചർ ഫണ്ട് മാനേജ്മെന്റ് ലിമിറ്റഡിന്റെ സാമ്പത്തിക സഹകരണത്തോടെ നടപ്പാക്കുന്ന പദ്ധതികൾ ഏതൊക്കെയാണ്; ഇവയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

അസൻഡ്-2020-ന്റെ ഭാഗമായി കേരള ഇൻഫ്രാസ്ട്രക്ചർ ഫണ്ട് മാനേജ്മെന്റ് ലിമിറ്റഡിന്റെ സാമ്പത്തിക സഹകരണത്തോടെ നടപ്പാക്കാൻ ധാരണയായ 4 പ്രോജക്ടുകൾ ചുവടെ പറയുന്നു.

(i) ലൈഫ് സയൻസ് പാർക്ക് -കെ.എസ്.ഐ.ഡി.സി.

(ii) ബ്ലിസ് സിറ്റി പ്രോജക്ട് -കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ്.

(iii) വാട്ടർ മെട്രോ പ്രോജക്ട്-കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ്.

(iv) കൊച്ചിൻ പോർട്ട് ട്രസ്റ്റ് ഭൂമിയിൽ മാരിടൈം ക്ലസ്റ്റർ വികസനം-കെ.എസ്.ഐ.ഡി.സി. കേരള ഇൻഫ്രാസ്ട്രക്ചർ ഫണ്ട് മാനേജ്മെന്റ് ലിമിറ്റഡ് വിവിധ ഏജൻസികളുമായി ഒപ്പിട്ട ധാരണാപത്രത്തിന്റെ കാലാവധി മാർച്ച് 2021-ന് അവസാനിച്ചുവെങ്കിലും കോവിഡ് -19 മഹാമാരിമൂലം നിലനിൽക്കുന്ന നിയന്ത്രണങ്ങൾ കാരണം ധാരണാ പത്രം വീണ്ടും ഒപ്പുവയ്ക്കുന്ന നടപടി പൂർത്തിയായിട്ടില്ല.

**സംസ്ഥാനത്തെ വ്യവസായ സൗഹൃദ അന്തരീക്ഷം**

135(149) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. സജീവ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ സംരംഭങ്ങൾ ഇതര സംസ്ഥാനങ്ങളിലേയ്ക്ക് മാറിപ്പോകുന്നത് കേരളത്തിലെ വ്യവസായ സൗഹൃദ അന്തരീക്ഷം മോശമായതിനാലാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇല്ല. വ്യവസായ സംരംഭങ്ങൾ സംസ്ഥാനം വിട്ടുപോകുന്ന പൊതുസാഹചര്യം നിലനിൽക്കുന്നില്ല.

(ബി) ഇത്തരം സാഹചര്യങ്ങൾ വ്യവസായ സംരംഭങ്ങളുടെ പ്രവർത്തനത്തെ ദോഷകരമായി ബാധിച്ചുവെന്ന് ആക്ഷേപമുയരുമ്പോൾ ഇക്കാര്യത്തിൽ എന്തൊക്കെ നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

വ്യവസായ വകുപ്പിന്റെ ഭാഗത്തുനിന്നും വ്യവസായ സംരംഭങ്ങളെ ദോഷകരമായി ബാധിക്കുന്ന യാതൊരുവിധ നടപടികളും ഉണ്ടായിട്ടില്ല. വ്യവസായങ്ങൾക്കാവശ്യമായ ലൈസൻസുകൾ ലഭിക്കുവാൻ ഏകജാലക സംവിധാനം നിലവിലുണ്ട്. വ്യവസായി കളുടെയും വ്യവസായ സംരംഭങ്ങളുടെയും പരാതികളും നിവേദനങ്ങളും ജില്ലാടിസ്ഥാ

നത്തിൽതന്നെ നേരിട്ട് കേൾക്കുകയും മറ്റു വകുപ്പുകളുമായി സംബന്ധിച്ച പരാതികൾ അവരുമായി കൂടിയാലോചിച്ച് പരിഹരിക്കുകയും ചെയ്തുവരികയാണ്. വിവിധ വകുപ്പുകൾ സംരംഭകർക്ക് ലഭ്യമാക്കേണ്ട അനുമതികൾക്കായുള്ള അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കിയില്ലെങ്കിൽ അത്തരം പരാതികൾ പരിഗണിക്കു ന്നതിനും അവ സമയബന്ധിതമായി പരിഹരിക്കുന്നതിനുംവേണ്ടി സ്റ്റാറ്റ്യൂട്ടറി ഗ്രീവൻസ് റിഡ്രസ്സൽ കമ്മിറ്റി രൂപീകരിക്കുന്നതിന്റെ നടപടികൾ അന്തിമഘട്ടത്തിലാണ്. 1999-ലെ കേരള വ്യവസായ ഏകജാലക ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും നിയമത്തിൽ ആവശ്യാനുസൃതമായ ഭേദഗതികൾ വരുത്തിക്കൊണ്ടാണ് പ്രസ്തുത കമ്മിറ്റി രൂപീകരിക്കുന്നത്. കൂടാതെ വ്യവസായ നിക്ഷേപകർക്ക് ഭൂമി നല്കുന്നതിന് ഏകീകൃത വ്യവസ്ഥ ഉൾപ്പെടുന്ന Unified Land Lease Policy, വ്യവസായ സ്ഥാപനങ്ങളിലെ നിയമപരമായ പരിശോധനാ സംവിധാനം പുനഃക്രമീകരിച്ചുകൊണ്ട് വിവിധ വകുപ്പുകൾ ഉൾപ്പെടുന്ന സോഫ്റ്റ്വെയർ അധിഷ്ഠിത ഏകീകൃത പരിശോധനാ സംവിധാനം എന്നിവ പുതിയതായി ഏർപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വ്യവസായ സംരംഭകരുടെ പരാതികൾ നേരിട്ട് കേൾക്കുന്നതിന് ജില്ലാ തലത്തിൽ 'മീറ്റ് ദ മിനിസ്റ്റർ' പരിപാടി വിജയകരമായി നടപ്പിലാക്കി വരുന്നു.

(സി) കിറ്റെക്സ് ഗ്രൂപ്പ് കേരളത്തിൽ പ്രഖ്യാപിച്ചിരുന്ന 3,500 കോടി രൂപയുടെ നിക്ഷേപ പദ്ധതി ഉപേക്ഷിച്ചതിലൂടെ വലിയ രീതിയിൽ തൊഴിലവസരങ്ങൾ നഷ്ടപ്പെടുമെന്ന് ആരോപണം ഉയർന്ന സാഹചര്യത്തിൽ ഇതിനെ മറികടക്കാൻ ബദൽ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

കിറ്റെക്സ് ഗ്രൂപ്പ് കേരളത്തിൽ പ്രഖ്യാപിച്ചിരുന്ന പുതിയ പദ്ധതിയിൽനിന്നും പിന്മാറിയതായി പറയുന്നത് ഒറ്റപ്പെട്ട സംഭവമായി കണക്കാക്കുന്നു. ഇക്കാര്യത്തിൽ രേഖാമൂലമുള്ള ഒരു അറിയിപ്പും മേൽ കമ്പനിയിൽനിന്നും ലഭിച്ചിട്ടില്ല. കിറ്റെക്സ് ഗ്രൂപ്പ് 3500 കോടി രൂപയുടെ താല്പര്യപത്രം സർക്കാരുമായി ഒപ്പുവച്ചിരുന്നു. ഇതിനുശേഷം 2020 മാർച്ചിൽ ഒരു പ്രാവശ്യം മീറ്റിംഗ് നടത്തിയിരുന്നുവെങ്കിലും പിന്നീട് വ്യവസായ വകുപ്പുമായി തുടർചർച്ചയ്ക്ക് അവർ സന്നദ്ധമായിട്ടില്ല. ആയതിനാൽ പ്രസ്തുത നിക്ഷേപപദ്ധതിയുടെ വിശദാംശങ്ങൾ സർക്കാരിൽ ലഭ്യമല്ല. വ്യവസായ രംഗത്ത് കൂടുതൽ നിക്ഷേപം ആകർഷിക്കുവാനും അതിലൂടെ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും സംരംഭങ്ങൾ തുടങ്ങാനുദ്ദേശിക്കുന്നവരെ സഹായിക്കാനും ഉതകുന്ന വിവിധ നിയമനിർമ്മാണങ്ങൾ കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് നടത്തുക യുണ്ടായി. '2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും നിയമം' സർക്കാർ കൊണ്ടുവന്നു. ഇതോടൊപ്പം 2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമം' സംസ്ഥാന സർക്കാർ

നടപ്പിലാക്കിയിട്ടുണ്ട്. ഈ നിയമപ്രകാരം 10 കോടി രൂപയിൽ താഴെ നിക്ഷേപമുള്ളതും മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവന്ന കാറ്റഗറിയിൽ പെടാത്തതുമായ സ്ഥാപനങ്ങൾക്ക് മൂന്നുവർഷം വരെ സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള ചില ലൈസൻസുകൾ എടുക്കേണ്ടതില്ല. സ്വയം സാക്ഷ്യപ്പെടുത്തിയ ഓൺലൈൻ സത്യവാങ്മൂലം സമർപ്പിച്ച് വ്യവസായം തുടങ്ങാൻ സാധിക്കുന്നതാണ്. മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവന്ന കാറ്റഗറിയിൽ പെടാത്ത MSME- ഇതര വ്യവസായങ്ങൾക്ക് ഒരു വർഷത്തേയ്ക്ക് സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള ചില അനുമതികൾ ഒഴിവാക്കിക്കൊണ്ട് മേൽസൂചിപ്പിച്ച 2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമത്തിൽ ഭേദഗതി വരുത്തി ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഇത്തരം വ്യവസായങ്ങൾക്ക് അനുമതി കൊടുക്കുന്നതിന് ഒരു ഇൻവെസ്റ്റ്മെന്റ് ഫെസിലിറ്റേഷൻ ബ്യൂറോ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ വിവിധ വകുപ്പുകൾ സംരംഭകർക്ക് ലഭ്യമാക്കേണ്ട അനുമതികൾക്കായുള്ള അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കിയില്ലെങ്കിൽ അത്തരം പരാതികൾ പരിഗണിക്കുന്നതിനും അവ സമയ ബന്ധിതമായി പരിഹരിക്കുന്നതിനുംവേണ്ടി സ്റ്റാറ്റ്യൂട്ടറി ഗ്രീവൻസ് റിഡ്രസ്സൽ കമ്മിറ്റി രൂപീകരിക്കുന്ന നടപടികൾ അന്തിമഘട്ടത്തിലാണ്. 2016 മുതൽ 2021 വരെയുള്ള കാലഘട്ടത്തിൽ പുതിയതായി തുടങ്ങിയ MSME യൂണിറ്റുകൾക്ക് 100% വർദ്ധനയാണ് മുൻകാലങ്ങളിൽനിന്നും രേഖപ്പെടുത്തിയിട്ടുള്ളത്. മാത്രമല്ല, 100 കോടി രൂപയിൽ അധിക നിക്ഷേപമുള്ള നിരവധി വ്യവസായങ്ങൾ ആരംഭിക്കുന്നതിന് അനുമതി നേടിക്കൊണ്ട് വ്യവസായങ്ങൾ ആരംഭിച്ചിട്ടുണ്ട്. കേരളത്തിൽ നിലവിലുള്ള മികച്ച നിക്ഷേപ സൗഹൃദാന്തരീക്ഷം കണക്കിലെടുത്ത് വൻകിട നിക്ഷേപകർ ഉൾപ്പെടെ നിരവധി വ്യവസായ നിക്ഷേപകർ വ്യവസായം ആരംഭിക്കുന്നതിനുള്ള സാഹചര്യം നിലവിലുണ്ട്.

## വ്യവസായ സൗഹൃദ സംസ്ഥാനം

136(150) ശ്രീ. സജീവ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ സൗഹൃദ സംസ്ഥാനങ്ങളുടെ റാങ്കിംഗിൽ കേരളം ഇപ്പോൾ എത്രാം സ്ഥാനത്താണെന്ന് അറിയിക്കാമോ?

കേന്ദ്ര സർക്കാരിന്റെ ഡിപ്പാർട്ടുമെന്റ് ഓഫ് പ്രൊമോഷൻ ഓഫ് ഇൻഡസ്ട്രി ആൻഡ് ഇന്റേണൽ ട്രേഡ് (DPIIT) ഏറ്റവുമൊടുവിൽ 2019-ൽ പ്രസിദ്ധീകരിച്ച ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് (EODB) റാങ്കിംഗിൽ കേരളം 28-ാമത് സ്ഥാനത്താണ് കാണുന്നത്.

(ബി) വ്യവസായ സൗഹൃദ സംസ്ഥാനങ്ങളുടെ പട്ടികയിൽനിന്ന് കേരളം പിന്നാക്കം പോയതിന്റെ കാരണം വ്യക്തമാക്കാമോ?

കേന്ദ്ര സർക്കാരിന്റെ ഡിപ്പാർട്ടുമെന്റ് ഫോർ പ്രൊമോഷൻ ഓഫ് ഇൻഡസ്ട്രി ആൻഡ് ഇന്റേണൽ ട്രേഡ് (ഡി.പി.ഐ.ഐ.ടി.) ആണ് രാജ്യത്തെ സംസ്ഥാനങ്ങളുടെ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് റാങ്ക് നിർണ്ണയിക്കുന്നത്. വ്യവസായ സംരംഭം തുടങ്ങുന്നതിനും നടത്തിക്കൊണ്ട് പോകുന്നതിനും ആവശ്യമായ അനുമതികളും ലൈസൻസുകളും സമയബന്ധിതമായും സുതാര്യമായും ലഭ്യമാക്കുക, സംരംഭകർക്ക് വകുപ്പുകൾ നൽകുന്ന സേവനങ്ങളെപ്പറ്റിയുള്ള വിവരങ്ങൾ നൽകുക, ഓൺലൈൻ സംവിധാനങ്ങൾ നടപ്പിലാക്കുക, സംരംഭകർക്ക് ഓൺലൈൻ സംവിധാനത്തിലൂടെ അപേക്ഷകൾ സമർപ്പിക്കുന്നതിനും ഫീസടയ്ക്കുന്നതിനും അനുമതികൾ ഡൗൺലോഡ് ചെയ്യുന്നതിനുംവേണ്ട നിർദേശങ്ങൾ വകുപ്പുകളുടെ വെബ്സൈറ്റ് വഴി നൽകുക, നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനുള്ള ചട്ടങ്ങളിലെ ഭേദഗതികൾ കൊണ്ടുവരിക എന്നിവയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന ആക്ഷൻ പോയിന്റുകൾക്ക് ലഭിക്കുന്ന മാർക്കുകൾക്കും സംരംഭകരുടെ ഇടയിൽ ഡി.പി.ഐ.ഐ.ടി. നടത്തുന്ന അഭിപ്രായ സർവ്വേയുടെ അടിസ്ഥാനത്തിലുമാണ് ഓരോ സംസ്ഥാനത്തിന്റെയും സ്ഥാനം നിർണ്ണയിക്കുന്നത്. 2019-ലെ ബിസിനസ് റിഫോം ആക്ഷൻ പ്ലാൻ അനുസരിച്ച് ഓരോ സംസ്ഥാനത്തിനും 187 ദൗത്യങ്ങൾ പൂർത്തിയാക്കേണ്ടതുണ്ട്. ഇതിൽ 157 ദൗത്യങ്ങൾ കേരളം പൂർത്തിയാക്കിയിട്ടുണ്ട്. ഇത് നിർബന്ധിത ദൗത്യത്തിന്റെ 85 ശതമാനം വരും. ഇതിനായി കഴിഞ്ഞ നാല് വർഷമായി, നിർദ്ദേശിച്ച പരിഷ്കാരങ്ങൾ രൂപീകരിക്കുന്നതിലും നടപ്പാക്കുന്നതിലും കേരളം സ്ഥിരവും ആസൂത്രിതവുമായ പുരോഗതി കൈവരിച്ചിരുന്നു. 2020-ലെ ബിസിനസ് റിഫോം ആക്ഷൻ പ്ലാൻ അനുസരിച്ച് ഓരോ സംസ്ഥാനത്തിനും 301 ദൗത്യങ്ങൾ പൂർത്തിയാക്കേണ്ടതുണ്ട്. ഇതിൽ 47 ദൗത്യങ്ങൾ സംസ്ഥാനത്തിന് ബാധകമല്ല എന്ന് രേഖാമൂലം അറിയിച്ചിട്ടുണ്ട്. ബാക്കിയുള്ള 254 ദൗത്യങ്ങളിൽ 238 എണ്ണം പൂർത്തീകരിച്ച് ഡി.പി.ഐ.ഐ.ടി.-ക്ക് തെളിവുകൾ സമർപ്പിച്ചിട്ടുണ്ട്. ഇത് നിർബന്ധിത ദൗത്യത്തിന്റെ 94 ശതമാനം വരും. മുൻ വർഷത്തേക്കാൾ ഏകദേശം 10 ശതമാനം പുരോഗതി ഇക്കാര്യത്തിൽ നേടാനായിട്ടുണ്ട്. ഡി.പി.ഐ.ഐ.ടി., സംസ്ഥാനം സമർപ്പിച്ച രേഖകളുടെ സൂക്ഷ്മപരിശോധന നടത്തിക്കൊണ്ടിരിക്കുകയാണ്. ഇതിനുശേഷം സംരംഭകരുടെ ഇടയിൽ നടത്തുന്ന അഭിപ്രായ സർവ്വേയുടെ അടിസ്ഥാനത്തിലാണ് സംസ്ഥാനത്തിന്റെ റാങ്കിംഗ് നിശ്ചയിക്കുന്നത്. എന്നാൽ റാങ്കിംഗ് നിഷ്കർഷിക്കുന്ന അളവുകോൽ നടപ്പിലാക്കാത്ത സംസ്ഥാനങ്ങൾക്ക് ഉയർന്ന റാങ്കിംഗ് നേടാനായിട്ടുണ്ട്. ഇത് മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിലെ അപാക

തകളാണ് സൂചിപ്പിക്കുന്നത്. ഇക്കാര്യം കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ട്. ഭൂമിശാസ്ത്രപരവും ജനസംഖ്യാധിഷ്ഠിതവും പാരിസ്ഥിതികവുമായ ആവാസ വ്യവസ്ഥയിൽനിന്ന് വ്യത്യസ്ത വെല്ലുവിളികൾ നേരിടുന്ന സംസ്ഥാനങ്ങളെ/ കേന്ദ്ര ഭരണ പ്രദേശങ്ങളെ ഒറ്റ അളവുകോൽ (single yardstick) ഉപയോഗിച്ച് BRAP നിർണ്ണയിക്കുന്നത് യുക്തിപരമല്ലെന്ന് കാണിച്ച് സംസ്ഥാനം പല തവണ DPIIT-യുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. താഴെപ്പറയുന്ന കേരളത്തിന്റെ സവിശേഷ സാഹചര്യങ്ങൾകൂടി റാങ്ക് നിർണ്ണയത്തിൽ പരിഗണിക്കപ്പെടേണ്ടതുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ട്. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങൾ വ്യാവസായികവൽക്കരണത്തിന്റെ വിവിധ തലങ്ങളിലാണ്. അതിനാൽ വ്യവസായവൽക്കരണത്തിൽ ശക്തമായ തുടക്കംകുറിച്ച സംസ്ഥാനങ്ങളെ മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുന്നതിൽ യുക്തിയില്ല. കേരളം ഒരു ചെറിയ സംസ്ഥാനമായതിനാലും ജനസാന്ദ്രത കൂടിയതിനാലും വ്യാവസായിക/ ബിസിനസ് ആവശ്യങ്ങൾക്ക് അനുയോജ്യമായ ഭൂമിയുടെ ലഭ്യത പരിമിതമാണ്. കേരളത്തിന്റെ ഒരു വശത്ത് വനമേഖലയും (പരിസ്ഥിതി ദുർബലവും ലോലവുമായ പ്രദേശങ്ങൾ), മറുവശത്ത് തീരദേശ മേഖലയുമാണ്. ഉയർന്ന റാങ്കിലുള്ള വലിയ സംസ്ഥാനങ്ങളുടെ നിലവാരം പരിഗണിക്കുന്ന അതേ മാനദണ്ഡം ഉപയോഗിച്ച് സംസ്ഥാനത്തെ വ്യവസായ പുരോഗതി അളക്കാൻ കഴിയില്ല. വ്യാവസായികാവശ്യങ്ങൾക്കായി തരംതിരിക്കാൻ കഴിയാത്ത, വിപുലമായ തണ്ണീർത്തടങ്ങളും (wet land) നെൽകൃഷി സ്ഥലങ്ങളുടെയും (paddy land) അളവുകൾ റാങ്കിംഗിൽ കണക്കാക്കപ്പെട്ടിട്ടില്ല. 30%-നുമുകളിൽ വലിയ വനമേഖലയുള്ള കേരളത്തിൽ വിപുലമായ വന്യജീവി സംരക്ഷണ കേന്ദ്രങ്ങൾ, സങ്കേതങ്ങൾ തുടങ്ങിയവയുണ്ട്. വലിയ ഭൂപ്രദേശങ്ങളുടെ ലഭ്യതയെ ഇത് പരിമിതപ്പെടുത്തുന്നു. ഇക്കാര്യങ്ങൾ റാങ്കിംഗ് നിർണ്ണയവേളയിൽ പരിഗണിക്കപ്പെടേണ്ടതായിരുന്നു. സംസ്ഥാനം വളരെ നേട്ടങ്ങൾ കൈവരിച്ച പ്രധാന മേഖലകളായ ടൂറിസം, ഐ.ടി., പ്ലാന്റേഷനുകൾ, ഭക്ഷ്യ സംസ്കരണം തുടങ്ങിയവയുടെ പുരോഗതികൾ പാരാമീറ്ററുകളിൽ പരിഗണിച്ചിട്ടില്ല. ഏകജാലക സംവിധാനം വഴി സമയബന്ധിതമായി പല അനുമതികളും ലഭ്യമായിട്ടും അഭിപ്രായ സർവ്വേകളിൽ വ്യക്തികളും വ്യവസായികളും ഇവയെക്കുറിച്ച് വേണ്ടവിധം അഭിപ്രായങ്ങൾ പ്രകടിപ്പിക്കാറില്ല എന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. വ്യവസായികളിൽനിന്നും ശേഖരിക്കുന്ന അഭിപ്രായങ്ങൾ അഥവാ ഫീഡ്ബാക്ക് സർവേ EODB റാങ്കിംഗ് നിശ്ചയിക്കുന്നതിൽ നിർണ്ണായക ഘടകമാകുന്നു. ആയതിനാൽ ഇവ മെച്ചപ്പെടുത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) കേരളത്തെ വ്യവസായ സൗഹൃദ സംസ്ഥാനമാക്കി മാറ്റുന്നതിന് സ്വീകരിക്കേണ്ട നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

വ്യവസായ സൗഹൃദാന്തരീക്ഷം ഒരു പ്രത്യേക നയമായി സംസ്ഥാന സർക്കാർ ഏറ്റെടുത്തിട്ടുണ്ട്. വ്യവസായ രംഗത്ത് കൂടുതൽ നിക്ഷേപം ആകർഷിക്കുവാനും സംരംഭങ്ങൾ തുടങ്ങാനുദ്ദേശിക്കുന്നവരെ സഹായിക്കാനും ഉതകുന്ന വിവിധ നിയമനിർമ്മാണങ്ങൾ കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് നടത്തുകയുണ്ടായി. '2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും നിയമം' സർക്കാർ കൊണ്ടുവന്നു. ഇതോടൊപ്പം 2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമം' സംസ്ഥാന സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. ഈ നിയമപ്രകാരം 10 കോടി രൂപയിൽ താഴെ നിക്ഷേപമുള്ളതും മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവന്ന കാറ്റഗറിയിൽപ്പെടാത്തതുമായ സ്ഥാപനങ്ങൾക്ക് മൂന്നുവർഷം വരെ സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള ചില ലൈസൻസുകൾ എടുക്കേണ്ടതില്ല. സ്വയം സാക്ഷ്യപ്പെടുത്തിയ ഓൺലൈൻ സത്യവാങ്മൂലം സമർപ്പിച്ച് വ്യവസായം തുടങ്ങാൻ സാധിക്കുന്നതാണ്. മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവന്ന കാറ്റഗറിയിൽ പെടാത്ത MSME-ഇതര വ്യവസായങ്ങൾക്ക് ഒരു വർഷത്തേയ്ക്ക് സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള ചില അനുമതികൾ ഒഴിവാക്കിക്കൊണ്ട് മേൽസൂചിപ്പിച്ച 2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമത്തിൽ ഭേദഗതി വരുത്തി ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഇത്തരം വ്യവസായങ്ങൾക്ക് അനുമതി കൊടുക്കുന്നതിന് ഒരു ഇൻവെസ്റ്റ്മെന്റ് ഫെസിലിറ്റേഷൻ ബ്യൂറോ രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് വ്യവസായ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിന്റെ ഭാഗമായി സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായങ്ങളുടെ നിക്ഷേപത്തിനായി പ്രത്യേകം നിയമനിർമ്മാണം തന്നെ നടത്തിയിട്ടുണ്ട്. വ്യവസായ സൗഹൃദ അന്തരീക്ഷം ഒരു പ്രത്യേക നയമായി സംസ്ഥാന സർക്കാർ ഏറ്റെടുത്തിട്ടുണ്ട്. സംസ്ഥാനത്തെ വ്യവസായ സൗഹൃദ അന്തരീക്ഷം കൂടുതൽ കാര്യക്ഷമമാക്കുവാനും നിക്ഷേപകർക്കുണ്ടാകുന്ന പ്രയാസങ്ങളും ബുദ്ധിമുട്ടുകളും പരാതികളും ഓൺലൈനായി സമർപ്പിക്കുവാനും അവയ്ക്ക് സമയബന്ധിതമായി തീർപ്പുകൽപ്പിക്കാനും/പരിഹരിക്കുവാനുമായി സംസ്ഥാനത്ത് ഒരു സ്റ്റാറ്റ്യൂട്ടറി ഗ്രീവൻസ് റിഡ്രസ്സൽ കമ്മിറ്റി (Statutory Grievenace Redressal Committee) രൂപീകരിക്കുന്ന നടപടികൾ അന്തിമഘട്ടത്തിലാണ്. ഏതെങ്കിലും നിയമപ്രശ്നത്തിൽ പ്രത്യേക പരിശോധന ആവശ്യമില്ലാത്ത കാര്യങ്ങളെല്ലാം തന്നെ, അപേക്ഷ സമർപ്പിച്ച് പരമാവധി വേഗത്തിൽ തീർപ്പുകല്പിക്കാനാണ് ഈ സംവിധാനം വഴി ഉദ്ദേശിക്കുന്നത്. ജില്ലാ വ്യവസായ കേന്ദ്രങ്ങളുമായി ബന്ധപ്പെട്ട് വ്യവസായ സംരംഭങ്ങൾ നടത്തുന്നവരുടെയും പുതുതായി തുടങ്ങുവാൻ ആഗ്രഹിക്കുന്നവരുടെയും പരാതിയും പ്രശ്നങ്ങളും നേരിട്ട് കേൾക്കുന്നതിന് ജില്ലാ തലത്തിൽ 'മീറ്റ് ദി മിനിസ്റ്റർ' പരിപാടി ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. കൂടാതെ കാലഹരണപ്പെട്ട

നിയമങ്ങളും ചട്ടങ്ങളും ഉണ്ടെങ്കിൽ ആയത് പരിശോധിച്ച് കാലാനുസൃതമായ മാറ്റം വരുത്തുന്നതിന് മൂന്നംഗ വിദഗ്ദ്ധ സമിതിയെ നിയമിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. മാത്രമല്ല വ്യവസായ സ്ഥാപനങ്ങളിലെ പരിശോധനാ സംവിധാനം പുനഃക്രമീകരിച്ചു കൊണ്ട് വിവിധ വകുപ്പുകൾ ഉൾപ്പെടുന്ന സോഫ്റ്റ്‌വെയർ അധിഷ്ഠിത ഏകീകൃത പരിശോധനാ സംവിധാനം ആരംഭിക്കുന്നതാണ്.

## പരമ്പരാഗത വ്യവസായങ്ങൾ നവീകരിക്കുന്നതിന് നടപടി

137(151) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പരമ്പരാഗത വ്യവസായങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ എണ്ണത്തിൽ കുറവുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് കരകൗശല മേഖലയിലും ബീഡി നിർമ്മാണ മേഖലയിലും ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ എണ്ണത്തിൽ കുറവ് സംഭവിക്കുന്നുണ്ട്. പുതിയ തലമുറയിൽപ്പെട്ടവർ ഈ മേഖലയിൽ കടന്നുവരുന്നതിന് വൈമുഖ്യം കാണിക്കുന്നതാണ് ഇതിനുകാരണം. ഈറ്റ തൊഴിലാളികളുടെയും പന ഉൽപന്ന വികസന മേഖലയിലെ തൊഴിലാളികളുടേയും ഖാദി മേഖലയിലെ തൊഴിലാളികളുടേയും കൈത്തറി വസ്ത്ര മേഖലയിലെ തൊഴിലാളികളുടേയും എണ്ണത്തിൽ കുറവ് വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ കയർ വ്യവസായ മേഖലയിൽ 2016-17-നും 2020-21-നും ഇടയിൽ തൊഴിലാളികളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

(ബി) പരമ്പരാഗത വ്യവസായങ്ങൾ നവീകരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ; പരമ്പരാഗത വ്യവസായങ്ങളിൽ യുവതലമുറയെ ആകർഷിക്കുന്നതിനും ആവശ്യമായ പരിശീലനം നൽകുന്നതിനും നടപടികൾ സ്വീകരിക്കുന്നുണ്ടോ; വിശദാംശം അറിയിക്കുമോ;

&

(സി) പരമ്പരാഗത വ്യവസായങ്ങൾ പുതിയ ഉൽപ്പന്നങ്ങളിലേയ്ക്ക് വൈവിദ്ധ്യവൽക്കരിക്കാനും ഫലപ്രദമായ വിപണന വിതരണ തന്ത്രങ്ങൾ ആവിഷ്കരിക്കാനും സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കാമോ?

പരമ്പരാഗത വ്യവസായങ്ങൾ നവീകരിക്കുന്നതിന്റെ ഭാഗമായി കയർ, കശുവണ്ടി കൈത്തറി മേഖലയിൽ ആധുനിക യന്ത്രസാമഗ്രികൾ ഘടിപ്പിച്ച് ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും അദ്ധ്വാനഭാരം കുറയ്ക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആയതിന്റെ ഭാഗമായി യുവതലമുറയെ പരമ്പരാഗത വ്യവസായങ്ങളിലേയ്ക്ക് ആകർഷിക്കുന്നതിന് സാധിക്കും എന്ന് പ്രതീക്ഷിക്കുന്നു.

**സംസ്ഥാനത്തെ വ്യവസായ സൗഹൃദമാക്കുന്നതിന് നടപടികൾ**

138(152) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വ്യവസായ സൗഹൃദമാക്കുന്നതിന് കൈക്കൊണ്ട നടപടികൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ?

വ്യവസായ സൗഹൃദാന്തരീക്ഷം ഒരു പ്രത്യേക നയമായി സംസ്ഥാന സർക്കാർ ഏറ്റെടുത്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായങ്ങളുടെ നിക്ഷേപത്തിനായി പ്രത്യേക നിയമനിർമ്മാണം തന്നെ നടത്തിയിട്ടുണ്ട്. വ്യവസായ രംഗത്ത് കൂടുതൽ നിക്ഷേപം ആകർഷിക്കുവാനും സംരംഭങ്ങൾ തുടങ്ങുന്ന പ്രക്രിയ സുഗമമാക്കുന്നതിനും ഉതകുന്ന വിവിധ നിയമ നിർമ്മാണങ്ങൾ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടത്തുകയുണ്ടായി. ' 2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും നിയമം' സർക്കാർ കൊണ്ടുവന്നു. നിലവിലെ ഏഴ് നിയമങ്ങളിൽ വേണ്ട ഭേദഗതികൾ വരുത്തിയാണ് മേൽപ്പറഞ്ഞ നിയമം കൊണ്ടുവന്നത്. ഈ നിയമപ്രകാരം പുതിയതും നിലവിലുള്ളതുമായ വ്യാവസായിക സംരംഭങ്ങൾക്ക് വിവിധ അനുമതികൾ ലഭ്യമാക്കാൻ K-SWIFT എന്ന പേരിൽ ഒരു ഓൺലൈൻ ഏകജാലക സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ഈ സംവിധാനം വഴി അപേക്ഷ സമർപ്പിച്ച ദിവസം മുതൽ 30 ദിവസത്തിനുള്ളിൽ സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള എല്ലാ അനുമതികളും അതതു വകുപ്പുകൾ ലഭ്യമാക്കുന്നതാണ്. അല്ലാത്തപക്ഷം അപേക്ഷയ്ക്ക് ഏകജാലക ബോർഡിന്റെ കല്പിത അനുമതി ലഭ്യമാകുന്നതാണ്. ഇതോടൊപ്പം ' 2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമം' സംസ്ഥാന സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. ഈ നിയമപ്രകാരം 10 കോടി രൂപയിൽ താഴെ നിക്ഷേപമുള്ളതും മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവന്ന കാറ്റഗറിയിൽപ്പെടാത്തതുമായ സ്ഥാപനങ്ങൾക്ക് മൂന്നുവർഷംവരെ സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള ചില ലൈസൻസുകൾ എടുക്കേണ്ടതില്ല. സ്വയം സാക്ഷ്യപ്പെടുത്തിയ ഓൺലൈൻ സത്യവാങ്മൂലം സമർപ്പിച്ച് വ്യവസായം തുടങ്ങാൻ സാധിക്കുന്നതാണ്. K-SWIFT ഓൺലൈൻ ഏകജാലക സംവിധാനം വഴി മേൽസൂചിപ്പിച്ച സൂക്ഷ്മ- ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങൾക്ക് ' MSME Acknowledgement Certificate' ലഭ്യമാകുന്നതുമാണ്. മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവന്ന കാറ്റഗറിയിൽപ്പെടാത്ത MSME-ഇതര വ്യവസായങ്ങൾക്ക് ഒരു വർഷത്തേയ്ക്ക് സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള ചില അനുമതികൾ ഒഴിവാക്കിക്കൊണ്ട് മേൽസൂചിപ്പിച്ച 2019-ലെ കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമത്തിൽ ഭേദഗതി വരുത്തി

ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഇത്തരം വ്യവസായങ്ങൾക്ക് അനുമതി കൊടുക്കുന്നതിന് ഒരു ഇൻവെസ്റ്റ്മെന്റ് ഫെസിലിറ്റേഷൻ ബ്യൂറോ രൂപീകരിച്ചിട്ടുണ്ട്. നിക്ഷേപകരുടെ പരാതി, ബുദ്ധിമുട്ടുകൾ എന്നിവ സമയബന്ധിതമായി പരിഹരിക്കാൻ സംസ്ഥാനത്ത് ഒരു സ്റ്റാറ്റ്യൂട്ടറി ഗ്രീവൻസ് റിഡ്രസ്സൽ കമ്മിറ്റി രൂപീകരിക്കുവാനുള്ള ഒരു നിയമനിർമ്മാണം കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) വ്യവസായ സ്ഥാപനങ്ങളിൽ മാലിന്യനിർമ്മാർജ്ജനം ശരിയായ വിധത്തിൽ നടക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുന്നതിന് എന്തൊക്കെ സംവിധാനങ്ങൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ?

വ്യവസായ സ്ഥാപനങ്ങൾക്ക് 1974-ലെ ജല (മലിനീകരണ നിയന്ത്രണ നിവാരണ) നിയമം, 1981-ലെ വായു (മലിനീകരണ നിയന്ത്രണ നിവാരണ) നിയമം, 1986-ലെ പരിസ്ഥിതി (സംരക്ഷണ) നിയമം എന്നിവ പ്രകാരമുള്ള അനുമതിപത്രം കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നൽകിവരുന്നു. പരിസ്ഥിതി മലിനീകരണം നിയന്ത്രിക്കുന്നതിനാവശ്യമായ വ്യവസ്ഥകൾ ഉൾപ്പെടുത്തിയാണ് അനുമതിപത്രം നൽകുന്നത്. ടി വ്യവസ്ഥകൾ പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തിയതിനുശേഷമാണ് അനുമതി പുതുക്കി നൽകുന്നത്. കൂടാതെ മലിനജല സംസ്കരണ പ്ലാന്റിന്റെ കാര്യക്ഷമത, വായു മലിനീകരണ നിയന്ത്രണ സംവിധാനങ്ങളുടെ പര്യാപ്തത, ഖരമാലിന്യ നിർമ്മാർജ്ജന സംവിധാനങ്ങൾ ഇവ വിലയിരുത്തുന്നതിനായി പരിശോധനകളും നടത്തിവരുന്നു. സംസ്കരിച്ച പാഴ്ജലത്തിലെയും വായുവിലെയും ഘടകങ്ങൾ അനുവദനീയ പരിധിക്കുള്ളിലാണോ എന്ന് ഉറപ്പുവരുത്തുന്നതിലേയ്ക്കായി STP, ETP, Stack എന്നിവയോടൊപ്പം OCEEMS (Online Effluent Emission Monitoring System) ഘടിപ്പിച്ചിട്ടുണ്ട്. ആയത് നിരീക്ഷിക്കുന്നതിനായി കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെയും കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെയും സെർവറുകളുമായി ബന്ധിപ്പിച്ചിട്ടുണ്ട്. പൊതുവായി മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് മാലിന്യ നിർമ്മാർജ്ജന പ്ലാന്റ് അടിസ്ഥാന സൗകര്യങ്ങളുടെ ഭാഗമായി സ്ഥാപിച്ചിട്ടുണ്ട്.

(സി) ത്രിതല ഏകജാലക ബോർഡിന് പുറമെയുള്ള ഏകജാലക ബോർഡുകൾ രൂപീകരിക്കുന്നത് സംസ്ഥാനത്തെ വ്യവസായ സൗഹൃദമാക്കുന്നതിന് സഹായിക്കുന്നതെങ്ങനെയെന്ന് വ്യക്തമാക്കാമോ?

ത്രിതല ഏകജാലക ബോർഡുകൾക്ക് പുറമെ വ്യവസായ പാർക്കുകളിൽ ഏകജാലക ബോർഡുകൾ രൂപീകരിക്കുന്നതിലൂടെ വിവിധ വ്യവസായ പാർക്കുകളിൽ സംരംഭങ്ങൾ ആരംഭിക്കുന്നവർക്ക് അതിവേഗം അനുമതികൾ ലഭ്യമാക്കാൻ സാധിക്കുന്നതാണ്.

വ്യവസായ വകുപ്പിന് കീഴിലുള്ള കെ.എസ്.ഐ.ഡി.സി.-യുടെയും കിൻഫ്രയുടെ നിലവിലുള്ള വ്യവസായ ഗ്രോത്ത് സെന്ററുകളടക്കം ഒട്ടുമിക്ക വ്യവസായ പാർക്കുകൾക്കും നേരത്തേ തന്നെ ഏകജാലക ബോർഡുകൾ നിലവിലുണ്ട്. മറ്റ് വ്യവസായ പാർക്കുകൾക്കും പുതുതായി സ്ഥാപിക്കുന്ന വ്യവസായ പാർക്കുകൾക്കും കൂടി ഏകജാലക ബോർഡുകൾ രൂപീകരിക്കുന്നതായിരിക്കും.

(ഡി) കെ-സ്വിഫ്റ്റ് വഴി കഴിഞ്ഞ അഞ്ച് വർഷത്തിൽ എത്ര വ്യവസായ സംരംഭങ്ങൾക്ക് അനുമതി നൽകിയെന്ന് വ്യക്തമാക്കാമോ?

2019 ഫെബ്രുവരിയിലാണ് കെ-സ്വിഫ്റ്റ് നിലവിൽ വന്നത്. അന്നുമുതൽ ഇന്നുവരെ 23,519 രജിസ്ട്രേഷനുകൾ കെ-സ്വിഫ്റ്റിലൂടെ നടന്നിട്ടുണ്ട്. ഇതുവഴി 11,538 സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങൾക്ക് അനുമതി നല്കിയിട്ടുണ്ട്.

**കേരളത്തിലെ നഷ്ടത്തിലുള്ള വ്യവസായസ്ഥാപനങ്ങൾ**

139(153) ശ്രീ. കെ. പ്രേംകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തുടർച്ചയായി നഷ്ടത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന വ്യവസായ സ്ഥാപനങ്ങളെ ലാഭത്തിലാക്കാനും ആധുനികവൽക്കരിക്കാനും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് അറിയിക്കാമോ;

&

(സി) ഇല്ലെങ്കിൽ പ്രസ്തുത വ്യവസായസ്ഥാപനങ്ങളെ ലാഭത്തിലാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(എ-സി) തുടർച്ചയായി നഷ്ടത്തിൽ പ്രവർത്തിച്ചുക്കൊണ്ടിരിക്കുന്ന വ്യവസായ സ്ഥാപനങ്ങളെ ലാഭത്തിലാക്കാനും ആധുനികവൽക്കരിക്കാനും ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. ആധുനികവത്കരണം, വിപുലീകരണം, വൈവിദ്ധ്യവത്കരണം എന്നിവ ഉൾപ്പെടുത്തികൊണ്ട് മാസ്റ്റർ പ്ലാനുകൾ ഓരോ കമ്പനി തലത്തിലും തയ്യാറാക്കുന്നതിന് മേഖല തിരിച്ച് കമ്പനികളുടെ മാനേജിംഗ് ഡയറക്ടർമാർ ഉൾപ്പെടുന്ന കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. 42 പൊതുമേഖലാ സ്ഥാപനങ്ങളുടെയും കരട് മാസ്റ്റർ പ്ലാൻ വിദഗ്ദ്ധർ അടങ്ങുന്ന സമിതിയുടെ മുമ്പാകെ അവതരിപ്പിച്ചു കഴിഞ്ഞു. വിദഗ്ദ്ധസമിതിയുടെ നിർദ്ദേശങ്ങളും തൊഴിലാളികളുടെയും ഓഫീസർമാരുടെയും അഭിപ്രായങ്ങളും പരിഗണിച്ച് ആഗസ്റ്റ് മാസം 15-ഓടുകൂടി മാസ്റ്റർ പ്ലാനുകൾ സർക്കാരിൽ സമർപ്പിക്കുവാൻ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത

മാസ്റ്റർപ്ലാനുകളുടെ അടിസ്ഥാനത്തിലായിരിക്കും സ്ഥാപനങ്ങളുടെ വരും വർഷങ്ങളിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നത്. വരുന്ന 10 വർഷത്തെ പ്രവർത്തനം മുന്നിൽ കണ്ടുകൊണ്ടുള്ള പദ്ധതികളാണ് സ്ഥാപനങ്ങൾ മാസ്റ്റർ പ്ലാനിന്റെ ഭാഗമായി തയ്യാറാക്കുന്നത്. കോവിഡ്-19-മൂലം പ്രതിസന്ധിയിലായ വ്യവസായ സ്ഥാപനങ്ങളെ കരകയറ്റുന്നതിനായി പ്രവർത്തന മൂലധന സഹായമുൾപ്പെടെയുള്ള സഹായങ്ങൾ സർക്കാർ ചെയ്തുവരുന്നു. സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനായി വിവിധ സാമ്പത്തിക സഹായ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. പ്രവർത്തന മൂലധന സഹായത്തോടെ കശുവണ്ടി സംസ്കരണ യൂണിറ്റുകൾ ഉൾപ്പെടെ പ്രവർത്തനരഹിതമായ/നഷ്ടത്തിൽ പ്രവർത്തിക്കുന്ന സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളെ സഹായിക്കുന്നതിനായി ചുവടെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

(a) The Kerala stressed MSMEs Revival & Rehabilitation Scheme (b) Revival and Rehabilitation Scheme for defunct MSMEs and Cashew Processing Units. (c) Entrepreneurs Support Scheme(ESS).

### ഖരമാലിന്യത്തിൽ നിന്ന് വൈദ്യുതി

140(154) ശ്രീ. മഞ്ഞളാംകുഴി അലി:
ഡോ. എം. കെ. മുനീർ:
ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖരമാലിന്യത്തിൽ നിന്ന് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുള്ള പദ്ധതി പ്രകാരം കെ.എസ്.ഐ.ഡി.സി.യുടെ നേതൃത്വത്തിൽ എവിടെയെല്ലാം പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

സംസ്ഥാന തദ്ദേശ സ്വയംഭരണ വകുപ്പിന്റെ നേതൃത്വത്തിൽ ഖരമാലിന്യം സംസ്കരിച്ച് ഊർജ്ജം ഉത്പാദിപ്പിക്കുന്ന തരത്തിലുള്ള അത്യാധുനിക മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് സംസ്ഥാന സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഡിസൈൻ ബിൽഡ് ഫിനാൻസ് ഓപ്പറേറ്റ് ട്രാൻസ്ഫർ മാതൃകയിൽ നടപ്പിലാക്കാൻ തീരുമാനിച്ചിരിക്കുന്ന പദ്ധതി പൂർണ്ണമായും പൊതു സ്വകാര്യ പങ്കാളിത്ത വ്യവസ്ഥയിലാണ് നടപ്പിലാക്കാൻ സർക്കാർ തീരുമാനിച്ചിരിക്കുന്നത്. പദ്ധതി സംബന്ധിച്ച ടെണ്ടർ നടപടികൾ ഏകോപിപ്പിക്കുന്നതിനും പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനുമുള്ള നോഡൽ ഏജൻസിയായി സർക്കാർ കെ.എസ്.ഐ.ഡി.സി.-യെ

നിയമിച്ചിട്ടുണ്ട്. പദ്ധതി സംബന്ധിച്ച തീരുമാനങ്ങൾ കൈക്കൊള്ളുന്നത് തദ്ദേശ സ്വയംഭരണ വകുപ്പും ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപന ങ്ങളുമാണ്. തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുവാൻ തീരുമാനിച്ചിരിക്കുന്നത്. പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള തുടർനടപടികൾ പുരോഗമിച്ചു വരുന്നു.

(ബി) ഈ പദ്ധതി പ്രകാരം ഖരമാലിന്യ നിർമാർജ്ജനം എത്രത്തോളം സാദ്ധ്യമാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്?

തിരുവനന്തപുരം, കോഴിക്കോട്, കൊച്ചി തുടങ്ങിയ നഗരങ്ങളിൽ സ്ഥാപിക്കുന്ന പ്ലാന്റുകൾ പ്രതിദിനം കുറഞ്ഞത് 300 ടൺ സംസ്കരണ ശേഷിയുള്ളതും മറ്റു ജില്ലകളിൽ സ്ഥാപിക്കുന്ന പ്ലാന്റുകൾ പ്രതിദിനം കുറഞ്ഞത് 200 ടൺ സംസ്കരണ ശേഷിയുള്ളതുമായിരിക്കും.

(സി) ഇപ്രകാരം ഉൽപാദിപ്പിക്കുന്ന വൈദ്യുതി വാങ്ങുന്നത് സംബന്ധിച്ച് കെ.എസ്.ഇ.ബി.യുമായി ധാരണയായിട്ടുണ്ടോ; വിശദമാക്കുമോ?

പദ്ധതിയുടെ സർക്കാർ അംഗീകരിച്ച ഘടനപ്രകാരം പ്ലാന്റിൽ ഉത്പാദിപ്പിക്കപെടുന്ന വൈദ്യുതി പദ്ധതി നടത്തിപ്പിനായി തെരഞ്ഞെടുക്കപ്പെടുന്ന സ്വകാര്യ പങ്കാളിക്ക് നേരിട്ട് വിൽക്കാവുന്നതാണ്. ഇതിനായി പദ്ധതി നടത്തിപ്പിനായി തെരഞ്ഞെടുക്കുന്ന സ്വകാര്യ പങ്കാളി നേരിട്ട് സമർപ്പിക്കുന്ന പദ്ധതി റിപ്പോർട്ടിന്റെയും മറ്റു വിശദാംശങ്ങളുടെയും അടിസ്ഥാനത്തിൽ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനായിരിക്കും ഇത്തരത്തിൽ വിൽക്കുന്ന വൈദ്യുതിയുടെ നിരക്ക് തീരുമാനിക്കുന്നത്.

## പുതുക്കാട് നിയോജകമണ്ഡലത്തിലെ അളഗപ്പ ടെക്സ്റ്റയിൽ ഫാക്ടറി തുറന്ന് പ്രവർത്തിക്കുന്നതിന് നടപടി

141(155) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് നിയോജകമണ്ഡലത്തിലെ അളഗപ്പ ടെക്സ്റ്റൈൽ ഫാക്ടറി കോവിഡിനെ തുടർന്ന് പ്രവർത്തനം നിർത്തിവെച്ചിരിക്കുന്നതും നാളിതുവരെയും തുറന്ന് പ്രവർത്തനം നടത്താതിരിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കമ്പനി തുറന്ന് പ്രവർത്തിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

&

(സി) സർക്കാർ ടെക്സ്റ്റൈൽ കോർപ്പറേഷന് കൈമാറിയ പ്രസ്തുത സ്ഥലത്ത് യാതൊരുവിധ പ്രവർത്തനങ്ങളും നടക്കാത്ത സാഹചര്യത്തിൽ ഭൂമി തിരിച്ചു പിടിക്കുന്നതിനും കിൻഫ്ര പാർക്ക് ഉൾപ്പെടെയുള്ള വ്യവസായ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഈ സ്ഥാപനം കേന്ദ്ര സർക്കാരിന്റെ അധീനതയിലുള്ള നാഷണൽ ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കീഴിൽവരുന്ന ടെക്സ്റ്റൈൽ മിൽ ആയതിനാൽ സ്ഥാപനം തുറന്നുപ്രവർത്തിപ്പിക്കേണ്ടത് നാഷണൽ ടെക്സ്റ്റൈൽ കോർപ്പറേഷന്റെയും കേന്ദ്ര സർക്കാരിന്റെ ടെക്സ്റ്റൈൽ മന്ത്രാലയത്തിന്റെയും നിർദ്ദേശങ്ങൾക്ക് അനുസൃതമായാണ്. നാഷണൽ ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കീഴിലുള്ള കേരളത്തിലെ ടെക്സ്റ്റൈൽ മില്ലുകൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നതിനായി കേന്ദ്ര ടെക്സ്റ്റൈൽ മന്ത്രാലയത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

**ഗ്ലോബൽ ആയുർവേദ വില്ലേജ്**

142(156) <u>ശ്രീ. വി. ജോയി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല നിയോജകമണ്ഡലത്തിലെ അയിരൂർ വില്ലേജിൽ ഗ്ലോബൽ ആയുർവേദ വില്ലേജ് ആരംഭിക്കുന്നതിന് കിൻഫ്ര എത്ര ഭൂമി ഏറ്റെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

വർക്കല നിയോജകമണ്ഡലത്തിലെ അയിരൂർ വില്ലേജിൽ ഗ്ലോബൽ ആയുർവേദ വില്ലേജ് ആരംഭിക്കുന്നതിന് 30.93 ഏക്കർ ഭൂമി കിൻഫ്ര ഏറ്റെടുത്തിട്ടുണ്ട്.

(ബി) ഗ്ലോബൽ ആയുർവേദ വില്ലേജിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

വർക്കല നിയോജകമണ്ഡലത്തിലെ അയിരൂർ വില്ലേജിൽ ഒരു ഗ്ലോബൽ ആയുർവേദ വില്ലേജ് ആരംഭിക്കുന്നതിലേയ്ക്കായി നിക്ഷേപകരിൽ നിന്ന് താല്പര്യപത്രം ക്ഷണിച്ചിരുന്നു. ഇതനുസരിച്ച് 3 പദ്ധതികൾ സമർപ്പിക്കപ്പെട്ടു. പദ്ധതികൾ വിശദമായി പരിശോധിക്കുകയും ഏറ്റവും മികച്ച പ്രൊപ്പോസൽ സമർപ്പിച്ച സമാനാ ഗ്ലോബൽ ബിസിനസ് സൊല്യൂഷൻസ് ലിമിറ്റഡിനെ സംയുക്ത സംരംഭക പങ്കാളിയായി തെരഞ്ഞെടുക്കുകയും ചെയ്തു. മേൽപ്പറഞ്ഞ പ്രകാരം ഗ്ലോബൽ ആയുർവേദ വില്ലേജ് സ്ഥാപിക്കുന്നതിനായി തെരഞ്ഞെടുത്ത വിവരം പ്രസ്തുത കമ്പനിയെ അറിയിച്ചിട്ടുണ്ട്. കിൻഫ്രയുടെ ഇൻവെസ്റ്റ്മെന്റ് കമ്മിറ്റിയുടെയും ബോർഡിന്റെയും തീരുമാനത്തിന് വിധേയമായി പദ്ധതി നടപ്പിലാക്കുന്നതായിരിക്കും.

## കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലെ കിൻഫ്ര വ്യവസായ പാർക്ക്

143(157) ശ്രീ. കെ. പി. മോഹനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലെ നവോദയകുന്നിൽ കിൻഫ്ര വ്യവസായ പാർക്ക് സ്ഥാപിക്കുന്ന നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

കണ്ണൂർ ജില്ലയിലെ, കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലെ മൊകേരി, ചെറുവാഞ്ചേരി, പുത്തൂർ വില്ലേജുകളിൽപ്പെട്ട 506 ഏക്കർ ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിച്ചുവരികയാണ്. ഇതിന്റെ ഭാഗമായി 11(1) വകുപ്പു പ്രകാരമുള്ള പ്രാഥമിക വിജ്ഞാപനം പ്രസിദ്ധീകരിച്ചുകഴിഞ്ഞു.

(ബി) പ്രസ്തുത പാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടികൾ വേഗത്തിലാക്കുന്നതിന് വകുപ്പുതലത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഭൂമി ഏറ്റെടുക്കൽ ത്വരിതപ്പെടുത്തുന്നതിനായി പ്രത്യേക എൽ.എ. യൂണിറ്റ് ചാലോട് എന്ന സ്ഥലത്ത് ആരംഭിക്കുകയും ഏറ്റെടുക്കൽ നടപടികൾ നടന്നു വരികയുമാണ്.

(സി) ഇതുമായി ബന്ധപ്പെട്ട ഭൂമി ഏറ്റെടുക്കൽ നടപടിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ?

11(1) വകുപ്പുപ്രകാരമുള്ള പ്രാഥമിക വിജ്ഞാപനം പ്രസിദ്ധീകരിച്ചു.

(ഡി) വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിലൂടെ പ്രദേശത്ത് ഉണ്ടാവുന്ന വികസന സാദ്ധ്യതകൾ വിശദീകരിക്കുമോ?

വ്യവസായ പാർക്ക് സ്ഥാപിക്കുന്നതുവഴി വ്യാവസായിക വികസനം കൂടാതെ പ്രദേശത്തിന്റെ മൊത്തത്തിലുള്ള വികസനവും നേരിട്ടും പരോക്ഷമായും തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുകയും ചെയ്യും.

## കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്

144(158) ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ സ്ഥിതി ചെയുന്ന ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ സിഡ്കോയുടെ അധീനതയിലുള്ള എത്ര സ്ഥാപനങ്ങളാണ് ഉള്ളത്; അവയിൽ എത്രയെണ്ണം പ്രവർത്തിക്കുന്നുണ്ട്; പ്രവർത്തിക്കാത്ത സ്ഥാപനങ്ങൾ ഏതൊക്കെയാണെന്ന് വിശദീകരിക്കാമോ?

വ്യവസായ വകുപ്പിനുകീഴിലെ പൊതുമേഖലാ സ്ഥാപനമായ സിഡ്കോയുടെ ഉടമസ്ഥതയിലുള്ള കരുനാഗപ്പള്ളി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ 33 വ്യവസായ യൂണിറ്റുകളാണ് ഉള്ളത്. അവയിൽ 28 എണ്ണം പ്രവർത്തിക്കുന്നുണ്ട്. ബാക്കി 5 എണ്ണം പ്രവർത്തിക്കുന്നില്ല. പ്രവർത്തിക്കാത്ത യൂണിറ്റുകൾ താഴെപ്പറയുന്നവയാണ്:

(1) മെസേഴ്സ് ബ്രോസ്കോ പെയിന്റ്സ് (2)മെസേഴ്സ് ബുഹിൻ ഇൻഡസ്ട്രി (3) മെസേഴ്സ് ആദി ഗോൾഡ് (4) മെസേഴ്സ് എമർജി എഞ്ചിനീയറിംഗ് കമ്പനി (5) മെസേഴ്സ് എ.ആർ. ചെയിൻസ്

## കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ പുതുതായി ആരംഭിച്ച ചെറുകിട വ്യവസായങ്ങൾ

145(159) ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ 2021 വരെയുള്ള കാലയളവിൽ കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ പുതുതായി എത്ര ചെറുകിട വ്യവസായങ്ങൾ ആരംഭിച്ചിട്ടുണ്ടെന്നും ഇതിലൂടെ എത്ര പേർക്ക് തൊഴിൽ ലഭ്യമായിട്ടുണ്ടെന്നും അറിയിക്കാമോ?

2016 മുതൽ 2021 വരെയുള്ള കാലയളവിൽ കണ്ണൂർ ജില്ലയിൽ പുതുതായി 3985 ചെറുകിട വ്യവസായങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതിലൂടെ 14470 പേർക്ക് തൊഴിൽ ലഭ്യമായിട്ടുണ്ട്. ഇതുകൂടാതെ കണ്ണൂർ ജില്ലയിൽ കെ.എസ്.ഐ.ഡി.സി.-യുടെ വലിയ വെളിച്ചം വ്യവസായ വളർച്ചാകേന്ദ്രത്തിൽ 18 ചെറുകിട വ്യവസായങ്ങളിലായി 350 പേർക്ക് തൊഴിൽ ലഭ്യമായിട്ടുണ്ട്. 2016 മുതൽ 2021 വരെയുള്ള കാലയളവിൽ കാസർഗോഡ് ജില്ലയിൽ പുതുതായി 1336 ചെറുകിട വ്യവസായങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതിലൂടെ 5042 പേർക്ക് തൊഴിൽ ലഭ്യമായിട്ടുണ്ട്.

(ബി) കാസർഗോഡ് പ്രവർത്തിച്ചുകൊണ്ടിരുന്നതും വർഷങ്ങളായി പൂട്ടിക്കിടക്കുന്നതുമായ ആസ്ട്രൽ വാച്ചസ് എന്ന പൊതുമേഖലാ സ്ഥാപനം തുറന്നു പ്രവർത്തിക്കാൻ നടപടികൾ സ്വീകരിക്കുമോ?

1992-93 മുതൽ നഷ്ടത്തിലായിരുന്ന കാസർഗോഡ് പ്രവർത്തിച്ചിരുന്ന ആസ്ട്രൽ വാച്ചസ് ലിമിറ്റഡ് 2002-ൽ പ്രവർത്തനം നിർത്തുകയും തുടർന്ന് 2009-ൽ കമ്പനി വൈൻഡ് അപ്പ് ചെയ്തിരുന്നു. കമ്പനിയുടെ സ്ഥലവും (1.99 ഏക്കർ) അതിലുള്ള പഴയ കെട്ടിടവും കെ.എസ്.ഐ.ഡി.സി. ഏറ്റെടുത്തു. നിലവിലെ പദ്ധതിപ്രകാരം കെ.എസ്.ഐ.ഡി.സി. ഈ സ്ഥലത്ത് ഒരു സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി കെട്ടിടം നിർമ്മിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

## ചെറുകിട വ്യവസായ സംരംഭകർക്കായുള്ള പദ്ധതികൾ

146(160) ശ്രീ. പി. കെ. ബഷീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട വ്യവസായ സംരംഭകർക്കായി ഈ സർക്കാർ ആവിഷ്കരിച്ചിട്ടുള്ള നൂതന പദ്ധതികൾ വിശദമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോവിഡ് രണ്ടാം തരംഗത്തെ തുടർന്ന് ചെറുകിട വ്യവസായ സംരംഭകരെ പിന്തുണയ്ക്കുന്നതിനുള്ള ശ്രമങ്ങളുടെ ഭാഗമായി, ഉല്പാദനവും വിപണനവും തകർന്ന വ്യവസായ സംരംഭകർക്കായി വിവിധ ദുരിതാശ്വാസ പദ്ധതികളിൽ ഉൾപ്പെടുത്തി കോവിഡ്-19 സമാശ്വാസ പദ്ധതി എന്ന പേരിൽ ഒരു ദുരിതാശ്വാസ പാക്കേജ് രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത പാക്കേജിൽ താഴെപ്പറയുന്ന ദുരിതാശ്വാസ പദ്ധതികൾ വ്യവസായ വാണിജ്യ വകുപ്പുവഴി നടപ്പിലാക്കുന്നുണ്ട്.

1. കോവിഡ്-19-ന്റെ സാഹചര്യത്തിൽ മുൻവർഷം പ്രഖ്യാപിച്ച വ്യവസായ ഭദ്രത പാക്കേജിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്ന പലിശ ഇളവ് പദ്ധതി (Scheme for interest Subvention on term Loan and Working Capital Loan) കൂടുതൽ ഇളവുകളോടെ നടപ്പിലാക്കും. 2020 ഡിസംബർ 31 വരെ ധനകാര്യസ്ഥാപനങ്ങളിൽനിന്നും നേടുന്ന വായ്പകൾക്കാണ് പലിശയിളവ് നൽകിയിരുന്നത്. ഇത് 2021 ഡിസംബർ 31 വരെയുള്ള വായ്പകൾക്കായി ഒരു വർഷത്തേയ്ക്കുകൂടി ദീർഘിപ്പിക്കും. ഈ പദ്ധതി അനുസരിച്ച് ധനകാര്യസ്ഥാപനങ്ങളിൽനിന്നും വായ്പ ലഭിക്കുന്ന എല്ലാ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്കും 12 മാസത്തേയ്ക്ക് 50% പലിശസഹായം ലഭ്യമാകും. പരമാവധി യൂണിറ്റിന് 1,20,000 രൂപ വരെയാണ് സഹായം അനുവദിക്കുക.

2. നിലവിലെ ESS മാർഗ്ഗരേഖ പ്രകാരം യോഗ്യതയുള്ള ഒരു യൂണിറ്റിന് ലഭിക്കുന്ന പരമാവധി സബ്സിഡി പൊതുവിഭാഗങ്ങൾക്ക് 20 ലക്ഷത്തിൽ നിന്ന് 30 ലക്ഷമായി ഉയർത്തും. പിന്നോക്ക ജില്ലകളിലെ വ്യവസായ ങ്ങൾക്കും മുൻഗണന വ്യവസായങ്ങൾക്കും പരമാവധി 30 ലക്ഷം രൂപ എന്നത് 40 ലക്ഷം രൂപ വരെ ഉയർത്തും.

3. ചെറുകിട യൂണിറ്റുകൾക്ക് നല്കുന്ന മാർജിൻ മണിഗ്രാന്റ് സഹായത്തിന്റെ വ്യാപ്തി വിപുലീകരിച്ച് സേവനമേഖലയിൽ ഉൾപ്പെട്ടിരിക്കുന്ന നാനോ യൂണിറ്റുകൾകൂടി പദ്ധതി പ്രകാരം സഹായത്തിന് യോഗ്യരാക്കും.

4. നിലവിൽ 5 ലക്ഷം രൂപ വരെ മൂലധന നിക്ഷേപമുള്ള യൂണിറ്റുകൾക്ക് മാത്രമേ നാനോ യൂണിറ്റുകൾക്കുള്ള പലിശ ഇളവ് പദ്ധതി അനുവദിച്ചിട്ടുള്ളൂ. ഈ സഹായത്തിനായി 10 ലക്ഷം രൂപ വരെ മൂലധന നിക്ഷേപമുള്ള എല്ലാ നാനോ യൂണിറ്റുകളും ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനുപുറമെ, 10 ലക്ഷം രൂപ മൂലധനനിക്ഷേപമുള്ള എല്ലാ സേവനമേഖല നാനോ യൂണിറ്റുകളും ഈ പദ്ധതി പ്രകാരം യോഗ്യമാകും.

(ബി) കോവിഡ് മഹാമാരിയിൽ ഉല്പാദനവും വിപണനവും തകർന്ന വ്യവസായ സംരംഭകർക്കായി പ്രത്യേക പാക്കേജ് നടപ്പിലാക്കുമോ;

&

(സി) ഇത്തരം സംരംഭകരുടെ വായ്പകൾ പുന:ക്രമീകരിക്കുന്നതിനും പുതിയ വായ്പകൾ അനുവദിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

കോവിഡിന്റെ പശ്ചാത്തലത്തിൽ ഏർപ്പെടുത്തിയ ലോക്ക്ഡൗൺമൂലം ആവശ്യത്തിന് ഉൽപ്പാദനമില്ലായ്മ, അസംസ്കൃത വസ്തുക്കളുടെ നഷ്ടം, വ്യാപാര നഷ്ടം, തൊഴിൽ വേതനം, ശമ്പളച്ചെലവുകൾ, ബാങ്ക് ലോൺ അടവ്, മറ്റ് നിയമപരമായ തിരിച്ചടവുകൾ തുടങ്ങിയ പ്രശ്നങ്ങളും അഭിമുഖീകരിച്ച എം.എസ്.എം.ഇ.-കളെ സഹായിക്കുന്നതിനായി കേരള സർക്കാർ പ്രഖ്യാപിച്ച ഒരു പ്രത്യേക പാക്കേജ് ആണ് "വ്യവസായ ഭദ്രത" . 20-5-2020-ലെ G.O.(MS).No.56/2020/ID പ്രകാരം പ്രഖ്യാപിച്ച വ്യവസായ ഭദ്രത പാക്കേജിൽ ചുവടെ വിവരിക്കുന്ന 17 പദ്ധതികളാണ് ഉൾപ്പെട്ടിരുന്നത്.

1. പുതിയ ലാൻഡ് പ്രീമിയം പേമെന്റ് പോളിസി 2. ലാൻഡ് പ്രീമിയം ഒരു വർഷത്തേയ്ക്ക് മരവിപ്പിക്കുന്നത് 3. മൂന്ന് മാസത്തേയ്ക്ക് സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി (SDF) വാടക ഉപേക്ഷിക്കുന്നത് 4. കോമൺ ഫെസിലിറ്റി ചാർജ്ജുകൾ 3 മാസത്തേയ്ക്ക് ഉപേക്ഷിക്കുന്നത് 5. KSIDC-യിൽ ടോപ് അപ് ലോണുകൾ 6. KSIDC-യുടെ നിലവിലുള്ള ഉപഭോക്താക്കൾക്ക് പീനൽ ഇന്ററസ്റ്റ് ഒഴിവാക്കുന്നത് 7. മുതലും പലിശയും അടയ്ക്കുന്നതിനുള്ള മൊറട്ടോറിയം 8. KSIDC-യ്ക്കും KINFRA-യ്ക്കുമുള്ള ഒറ്റത്തവണ തീർപ്പാക്കൽ പോളിസി 9. MSME-കൾക്ക് സ്വത്തുക്കൾ സൃഷ്ടിക്കുന്ന തിനായി KSIDC നൽകുന്ന പ്രത്യേക വായ്പ, 10. സംരംഭക സഹായ പദ്ധതി (ESS) ഉദാരവൽക്കരിക്കുന്നത്, 11. എ) അധിക പ്രവർത്തന മൂലധനത്തിനുവേണ്ടി മാർജിൻ മണി അസിസ്റ്റൻസ് ബി) MSME-കൾക്കുള്ള അധിക പ്രവർത്തന മൂലധനത്തിന് പലിശ ധനസഹായം 12. MSME-കൾക്ക് നൽകുന്ന അധിക ടേം ലോണിനുള്ള പലിശ ധനസഹായം 13. മൂന്ന് മാസത്തേയ്ക്ക് തൊഴിലുടമകൾ നൽകുന്ന ESI വിഹിതം 14.തൊഴിലുടമകളുടെ PF വിഹിതം മൂന്ന് മാസത്തേയ്ക്ക്

15. NPA വ്യവസ്ഥകൾ നവീകരിക്കുന്നത് 16. മുതലും പലിശയും അടയ്ക്കുന്നതിനുള്ള മൊറട്ടോറിയം 6 മാസത്തേയ്ക്ക് ദീർഘിപ്പിക്കുന്നത് 17. MSME-കളുടെ മൊറട്ടോറിയം അടയ്ക്കുന്നതിനുള്ള കാലയളവ്. പ്രവർത്തനരഹിതമായി തീർന്നതും നഷ്ടത്തിൽ പ്രവർത്തിക്കുന്നതുമായ എം.എസ്.എം.ഇ. യൂണിറ്റുകൾ പുനഃരുജ്ജീവിപ്പിക്കുകയും പുനഃരധിവസിപ്പിക്കുകയും ചെയ്യുന്നതിന് താഴെപ്പറയുന്ന പദ്ധതികളും നടപ്പിലാക്കി വരുന്നുണ്ട്.

(a) Revival and rehabilitation scheme for defunct MSMEs and cashew processing units

(b) The Kerala stressed MSMEs Revival & Rehabilitation Scheme.

**ചെറുകിട-ഇടത്തരം വ്യവസായ യൂണിറ്റുകളുടെ പുനരുദ്ധാരണം**

147(161) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ സംരംഭകരുടെ ബുദ്ധിമുട്ടുകൾ ഒഴിവാക്കാൻ ഈ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

വ്യവസായ സൗഹൃദ അന്തരീക്ഷം ഒരു പ്രത്യേക നയമായി സംസ്ഥാന സർക്കാർ ഏറ്റെടുത്തിട്ടുണ്ട്. സംസ്ഥാനത്തെ വ്യവസായ സൗഹൃദമാക്കുവാനായി 7 നിയമങ്ങളിലും 9 ചട്ടങ്ങളിലും ഭേദഗതി വരുത്തി കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആൻഡ് ഫെസിലിറ്റേഷൻ ആക്ട് രൂപീകരിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളിൽനിന്നുള്ള ലൈസൻസുകളും അനുമതികളും ലഭ്യമാക്കുന്നത് സുഗമമാക്കാൻ ഓൺലൈൻ ഏകജാലക പോർട്ടൽ ആയി കെ-സ്വിഫ്റ്റ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പുതിയതായി ആരംഭിക്കുന്ന മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവപ്പ് വിഭാഗത്തിൽ പെടാത്ത സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്ക് മൂന്ന് വർഷത്തേയ്ക്ക് സംസ്ഥാന നിയമപ്രകാരമുള്ള ലൈസൻസുകൾ സ്വയം സാക്ഷ്യപ്പെടുത്തൽ വഴി ഒഴിവാക്കുന്നതിനായി "സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്ട്" നിലവിൽ വന്നിട്ടുണ്ട്. സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങളുടെ പ്രശ്നപരിഹാരത്തിനായി കെ.എസ്.ഐ.ഡി.സി.-യുടെ നേതൃത്വത്തിൽ ഒരു കാൾ സെന്റർ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളിലെ വ്യവസായവുമായി ബന്ധപ്പെട്ട നിയമങ്ങൾ സുഗമമാക്കുന്നതിനും ഗുരുതരമല്ലാത്ത പിഴവുകൾക്ക് ശിക്ഷാ നടപടികൾ ഒഴിവാക്കുന്നതിനുമായുള്ള ഭേദഗതികൾ വരുത്തുവാനുള്ള നടപടികൾ വകുപ്പുതലങ്ങളിൽ സ്വീകരിച്ചു വരുന്നുണ്ട്. വിവിധ വകുപ്പുകളുടെ സേവനങ്ങൾ ഓൺലൈൻ ആക്കുന്നതിനും

അവയെ കെ-സ്വിഫ്റ്റ് ഏകജാലക സംവിധാനവുമായി ഏകോപിപ്പിക്കുന്നതിനുമുള്ള നടപടികൾ ത്വരിതഗതിയിൽ സ്വീകരിച്ചുവരുന്നുണ്ട്. ജില്ലാ-സംസ്ഥാന തലങ്ങളിൽ ഏകജാലക ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. സേവനങ്ങളും മറ്റു വിവരങ്ങളും സംരംഭകരിൽ എത്തിക്കുന്നതിനായി വ്യവസായ-വാണിജ്യ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഒരു യൂ-റ്റ്യൂബ് ചാനൽ ആരംഭിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ ജില്ലാ വ്യവസായ കേന്ദ്രങ്ങളുമായി ബന്ധപ്പെട്ട വ്യവസായ സംരംഭങ്ങൾ നടത്തുന്നവരുടേയും പുതുതായി തുടങ്ങാൻ ആഗ്രഹിക്കുന്നവരുടേയും പരാതികളും പ്രശ്നങ്ങളും നേരിട്ട് കേൾക്കുന്നതിന് ജില്ലാ തലത്തിൽ 'മീറ്റ് ദ മിനിസ്റ്റർ' പരിപാടി ആസൂത്രണം ചെയ്തു നടപ്പിലാക്കിവരുന്നു. വ്യവസായ സംരംഭകർക്ക് ഭൂമി നൽകുന്നതിന് ഏകീകൃത വ്യവസ്ഥ ഉൾപ്പെടുത്തികൊണ്ടുള്ള Unified land lease policy പുറപ്പെടുവിക്കുന്നതാണ്. മാത്രമല്ല, കാലഹരണപ്പെട്ട നിയമങ്ങളും ചട്ടങ്ങളും ഉണ്ടെങ്കിൽ ആയത് പരിശോധിച്ച് കാലാനുസൃതമായ മാറ്റം വരുത്തുന്നതിനുള്ള കരട് നിർദ്ദേശം സമർപ്പിക്കുന്നതിന് മൂന്നംഗ വിദഗ്ദ്ധ കമ്മിറ്റിയെ തീരുമാനിച്ചിട്ടുണ്ട്. വ്യവസായ സ്ഥാപനങ്ങളിലെ പരിശോധനാ സംവിധാനം പുന:ക്രമീകരിച്ചുകൊണ്ട് വിവിധ വകുപ്പുകൾ ഉൾപ്പെടുന്ന സോഫ്റ്റ്‌വെയർ അധിഷ്ഠിത ഏകീകൃത പരിശോധന സംവിധാനം ആരംഭിക്കുന്നതാണ്.

(ബി) കോവിഡ്-19-ന്റെ പശ്ചാത്തലത്തിൽ നിർജ്ജീവമായി കിടക്കുന്ന ചെറുകിട-ഇടത്തരം വ്യവസായ യൂണിറ്റുകളുടെ പുനരുദ്ധാരണത്തിനും അതുവഴി തൊഴിലാളികളുടെ ജോലി സുരക്ഷ ഉറപ്പുവരുത്തുവാനും എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

കോവിഡിന്റെ പശ്ചാത്തലത്തിൽ ഏർപ്പെടുത്തിയ ലോക്ക്ഡൗൺമൂലം ആവശ്യത്തിന് ഉൽപ്പാദനമില്ലായ്മ, അസംസ്കൃത വസ്തുക്കളുടെ നഷ്ടം, വ്യാപാര നഷ്ടം, തൊഴിൽ വേതനം, ശമ്പള ചെലവുകൾ, ബാങ്ക് ലോൺ അടവ്, മറ്റ് നിയമപരമായ തിരിച്ചടവുകൾ തുടങ്ങിയ പ്രശ്നങ്ങളും അഭിമുഖീകരിച്ച എം.എസ്.എം.ഇ.-കളെ സഹായിക്കുന്നതിനായി കേരള സർക്കാർ പ്രഖ്യാപിച്ച ഒരു പ്രത്യേക പാക്കേജ് ആണ് "വ്യവസായ ഭദ്രത" . 20-5-2020-ലെ G.O.(MS).No.56/2020/ID പ്രകാരം പ്രഖ്യാപിച്ച വ്യവസായ ഭദ്രതാ പാക്കേജിൽ ചുവടെ വിവരിക്കുന്ന 17 പദ്ധതികളാണ് ഉൾപ്പെട്ടിരുന്നത്.

1. പുതിയ ലാൻഡ് പ്രീമിയം പേമെന്റ് പോളിസി 2. ലാൻഡ് പ്രീമിയം ഒരു വർഷത്തേക്ക് മരവിപ്പിക്കുന്നത് 3. മൂന്ന് മാസത്തേയ്ക്ക് സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി (SDF) വാടക ഉപേക്ഷിക്കുന്നത് 4. കോമൺ ഫെസിലിറ്റി ചാർജ്ജുകൾ

3 മാസത്തേയ്ക്ക് ഉപേക്ഷിക്കുന്നത് 5. KSIDC-യിൽ ടോപ് അപ് ലോണുകൾ 6. KSIDC-യുടെ നിലവിലുള്ള ഉപഭോക്താക്കൾക്ക് പീനൽ ഇന്ററസ്റ്റ് ഒഴിവാക്കുന്നത് 7. മുതലും പലിശയും അടയ്ക്കുന്നതിനുള്ള മൊറട്ടോറിയം 8. KSIDC-ക്കും KINFRA-യ്ക്കുമുള്ള ഒറ്റതവണ തീർപ്പാക്കൽ പോളിസി 9. MSME-കൾക്ക് സ്വത്തുക്കൾ സൃഷ്ടിക്കുന്നതിനായി KSIDC നൽകുന്ന പ്രത്യേക വായ്പ, 10. സംരംഭക സഹായ പദ്ധതി (ESS) ഉദാരവൽക്കരിക്കുന്നത്, 11. എ) അധിക പ്രവർത്തന മൂലധനത്തിനുവേണ്ടി മാർജിൻ മണി അസിസ്റ്റൻസ് ബി) MSME കൾക്കുള്ള അധിക പ്രവർത്തന മൂലധനത്തിന് പലിശ ധനസഹായം 12. MSME കൾക്ക് നൽകുന്ന അധിക ടേം ലോണിനുള്ള പലിശ ധനസഹായം 13. മൂന്ന് മാസത്തേയ്ക്ക് തൊഴിലുടമകൾ നൽകുന്ന ESI വിഹിതം 14.തൊഴിലുടമകളുടെ PF വിഹിതം മൂന്ന് മാസത്തേയ്ക്ക് 15. NPA വ്യവസ്ഥകൾ നവീകരിക്കുന്നത് 16. മുതലും പലിശയും അടയ്ക്കുന്നതിനുള്ള മൊറട്ടോറിയം 6 മാസത്തേയ്ക്ക് ദീർഘിപ്പിക്കുന്നത് 17. MSME-കളുടെ മൊറട്ടോറിയം അടയ്ക്കുന്നതിനുള്ള കാലയളവ്.

ഇതുകൂടാതെ കോവിഡ് രണ്ടാം തരംഗംമൂലം സംസ്ഥാനത്തെ എം.എസ്.എം.ഇ. മേഖലയ്ക്ക് നേരിട്ട ആഘാതം കുറയ്ക്കുന്നതിനായി കോവിഡ്-19 സമാശ്വാസ പദ്ധതി എന്ന പേരിൽ ഒരു ദുരിതാശ്വാസ പാക്കേജ് ഈ വർഷം പ്രഖ്യാപിച്ചിട്ടുണ്ട്. പ്രസ്തുത പാക്കേജിൽ താഴെപ്പറയുന്ന ദുരിതാശ്വാസ പദ്ധതികൾ വ്യവസായ വാണിജ്യ വകുപ്പ് വഴി നടപ്പിലാക്കുന്നുണ്ട്. 1. കോവിഡ്-19-ന്റെ സാഹചര്യത്തിൽ മുൻവർഷം പ്രഖ്യാപിച്ച വ്യവസായ ഭദ്രത പാക്കേജിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്ന പലിശയിളവ് പദ്ധതി (Scheme for interest Subvention on term Loan and Working Capital Loan) കൂടുതൽ ഇളവുകളോടെ നടപ്പിലാക്കും. 2020 ഡിസംബർ 31 വരെ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും നേടുന്ന വായ്പകൾക്കാണ് പലിശയിളവ് നൽകിയിരുന്നത്. ഇത് 2021 ഡിസംബർ 31 വരെയുള്ള വായ്പകൾക്കായി ഒരു വർഷത്തേയ്ക്കുകൂടി ദീർഘിപ്പിക്കും. ഈ പദ്ധതി അനുസരിച്ച് ധനകാര്യസ്ഥാപനങ്ങളിൽനിന്നും വായ്പ ലഭിക്കുന്ന എല്ലാ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്കും 12 മാസത്തേയ്ക്ക് 50% പലിശസഹായം ലഭ്യമാകും. പരമാവധി യൂണിറ്റിന് 1,20,000 രൂപ വരെയാണ് സഹായം അനുവദിക്കുക. 2. നിലവിലെ ESS മാർഗരേഖ പ്രകാരം യോഗ്യതയുള്ള ഒരു യൂണിറ്റിന് ലഭിക്കുന്ന പരമാവധി സബ്സിഡി പൊതുവിഭാഗങ്ങൾക്ക് 20 ലക്ഷത്തിൽ നിന്ന് 30 ലക്ഷമായി ഉയർത്തും. പിന്നോക്ക ജില്ലകളിലെ വ്യവസായങ്ങൾക്കും മുൻഗണനാ വ്യവസായങ്ങൾക്കും പരമാവധി 30 ലക്ഷം രൂപ എന്നത് 40 ലക്ഷം രൂപ വരെ ഉയർത്തും. 3. ചെറുകിട യൂണിറ്റുകൾക്ക് നല്കുന്ന മാർജിൻ മണിഗ്രാന്റ് സഹായത്തിന്റെ വ്യാപ്തി വിപുലീകരിച്ച് സേവനമേഖലയിൽ ഉൾപ്പെട്ടിരിക്കുന്ന നാനോ യൂണിറ്റുകൾ കൂടി പദ്ധതി പ്രകാരം സഹായത്തിന് യോഗ്യരാക്കും. 4. നിലവിൽ 5 ലക്ഷം രൂപ വരെ മൂലധന നിക്ഷേപമുള്ള യൂണിറ്റുകൾക്ക്

മാത്രമേ നാനോ യൂണിറ്റുകൾക്കുള്ള പലിശയിളവ് പദ്ധതി അനുവദിച്ചിട്ടുള്ളൂ. ഈ സഹായത്തിനായി 10 ലക്ഷം രൂപ വരെ മൂലധനനിക്ഷേപമുള്ള എല്ലാ നാനോ യൂണിറ്റുകളും ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനുപുറമെ, 10 ലക്ഷം രൂപ മൂലധനനിക്ഷേപമുള്ള എല്ലാ സേവനമേഖല നാനോ യൂണിറ്റുകളും ഈ പദ്ധതി പ്രകാരം യോഗ്യമാകും. പ്രവർത്തനരഹിതമായി തീർന്ന എം.എസ്.എം.ഇ. യൂണിറ്റുകൾ മൂലധനഗ്രാന്റുകളുടെയും പ്രവർത്തനമൂലധന പ്രോത്സാഹനങ്ങളുടെയും സഹായത്തോടെ പുനഃരുജ്ജീവിപ്പിക്കുകയും പുനഃരധിവസിപ്പിക്കുകയും ചെയ്യുന്നതിനായി Revival and rehabilitation scheme for defunct MSMEs and cashew processing units എന്ന പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. പദ്ധതിയിലൂടെ പ്രവർത്തനരഹിതമായ MSME-കൾക്ക് പരമാവധി 12 ലക്ഷവും കശുവണ്ടിമേഖലയിലെ സംരംഭങ്ങൾക്ക് പരമാവധി 15 ലക്ഷം രൂപയും ധനസഹായം ലഭ്യമാകുന്നതാണ്. കൂടാതെ തകർച്ച നേരിടുന്ന പീഡിതവ്യവസായങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനും അവയുടെ ഉൽപ്പാദനരഹിതമായ ആസ്തികളെ ഉൽപ്പാദന ആസ്തികളാക്കി മാറ്റുന്നതിനും 5 ലക്ഷം രൂപ വരെ സാമ്പത്തിക സഹായവും മറ്റ് കൈത്താങ്ങ് സഹായവും നൽകുന്ന പദ്ധതിയായ The Kerala stressed MSMEs Revival & Rehabilitation Scheme നടപ്പിലാക്കുന്നുണ്ട്.

(സി) നിലവിൽ സംസ്ഥാനത്ത് വ്യവസായവകുപ്പിന് കീഴിൽ എത്ര ചെറുകിട-ഇടത്തരം വ്യവസായ യൂണിറ്റുകൾ പ്രവർത്തിക്കുന്നുവെന്നും അതിൽ എത്ര പേർ തൊഴിലെടുക്കുന്നുവെന്നും വ്യക്തമാക്കുമോ?

വ്യവസായ വകുപ്പിന് കീഴിൽ 144240 സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ 2016 മുതൽ 2021 വരെ 69138 സംരംഭങ്ങളും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2 മാസങ്ങളിലായി 929 MSME യൂണിറ്റുകളും ആരംഭിച്ചിട്ടുണ്ട്. അതിൽ 718714 പേർ തൊഴിലെടുക്കുന്നുണ്ട്.

**ബീഡി ഉൽപ്പന്നങ്ങളുടെ നികുതി ഇളവ്**

148(162) ശ്രീ. എൻ. കെ. അക്ബർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യന്ത്രവൽകൃതമായി നിർമ്മിക്കുന്ന സിഗരറ്റ് ഉൽപ്പന്നങ്ങൾക്കുള്ള 28% നികുതിയാണ് കുടിൽ വ്യവസായവുമായി നിർമ്മിക്കുന്ന ബീഡി ഉൽപ്പന്നങ്ങൾക്കും നിലവിലുള്ളത് എന്നത് കണക്കിലെടുത്ത് ബീഡി തെറുപ്പ് വ്യവസായത്തിന്റെ നിലനിൽപ്പിനായി ബീഡി ഉൽപ്പന്നങ്ങൾക്ക് നികുതി ഇളവ് നൽകുന്നത് പരിഗണനയിലുണ്ടോയെന്ന് അറിയിക്കുമോ?

പുകയില മേഖലയിലെ പ്രതിസന്ധിക്ക് പരിഹാരം കാണുന്നതിനും തൊഴിൽ ലഭ്യത ഉറപ്പുവരുത്തുന്നതിനും വേണ്ടി കേരള ദിനേശ് ബീഡി കേന്ദ്ര സഹകരണ സംഘം സർക്കാരിന് ഒടുക്കിയ വില്പന നികുതി/ചരക്ക് സേവന നികുതി, പ്രവർത്തന മൂലധനമായി ഉപയോഗിക്കുന്നതിന് സർക്കാർ മടക്കി നൽകുന്നു. 2016-17 വർഷത്തിൽ 8 കോടി രൂപയും 2017-18 വർഷത്തിൽ 4 കോടി രൂപയും ഈ ഇനത്തിൽ മടക്കി നൽകിയിട്ടുണ്ട്.

(ബി) ബീഡി തെറുപ്പ് വ്യവസായത്തിന്റെ സംരക്ഷണത്തിനായി പ്രത്യേക പദ്ധതി പരിഗണനയിലുണ്ടോയെന്ന് വിശദമാക്കാമോ?

പ്രത്യേക പദ്ധതി നിലവിലില്ല.

(സി) അന്യസംസ്ഥാനങ്ങളിൽനിന്നും വരുന്ന വ്യാജ ബീഡികളെ തടയുന്നതിന് വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

അന്യസംസ്ഥാനങ്ങളിൽനിന്നും വരുന്ന വ്യാജ ബീഡികളെ തടയുന്നതിന് പോലീസ് വകുപ്പിന്റേയും നികുതി വകുപ്പിന്റേയും സഹായം തേടിയിട്ടുണ്ട്.

## ചെറുകിട വ്യവസായ പ്രതിസന്ധി

149(163) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് രണ്ടാം തരംഗം സംസ്ഥാനത്തെ ചെറുകിട വ്യവസായങ്ങൾക്ക് വലിയ പ്രതിസന്ധി സൃഷ്ടിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ബി) കോവിഡ് പ്രതിസന്ധിയിലാക്കിയ ചെറുകിട വ്യവസായ സംരംഭകരെ സഹായിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ?

ഉണ്ട്. കോവിഡിന്റെ പശ്ചാത്തലത്തിൽ ഏർപ്പെടുത്തിയ ലോക്ക്ഡൗൺമൂലം ആവശ്യത്തിന് ഉൽപ്പാദനമില്ലായ്മ, അസംസ്കൃത വസ്തുക്കളുടെ നഷ്ടം, വ്യാപാര നഷ്ടം, തൊഴിൽ വേതനം, ശമ്പളച്ചെലവുകൾ, ബാങ്ക് ലോൺ അടവ്, മറ്റ് നിയമപരമായ തിരിച്ചടവുകൾ തുടങ്ങിയ പ്രശ്നങ്ങളും അഭിമുഖീകരിച്ച എം.എസ്.എം.ഇ.-കളെ സഹായിക്കുന്നതിനായി കേരള സർക്കാർ പ്രഖ്യാപിച്ച ഒരു പ്രത്യേക പാക്കേജ് ആണ് "വ്യവസായ ഭദ്രത" . 20-5-2020-ലെ G.O.(MS).No.56/2020/ID പ്രകാരം പ്രഖ്യാപിച്ച വ്യവസായ ഭദ്രത പാക്കേജിൽ ചുവടെ വിവരിക്കുന്ന 17 പദ്ധതികളാണ് ഉൾപ്പെട്ടിരുന്നത്.

1. പുതിയ ലാൻഡ് പ്രീമിയം പെയ്മെന്റ് പോളിസി 2. ലാൻഡ് പ്രീമിയം ഒരു വർഷത്തേയ്ക്ക് മരവിപ്പിക്കുന്നത് 3. മൂന്ന് മാസത്തേയ്ക്ക് സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി (SDF) വാടക ഉപേക്ഷിക്കുന്നത് 4. കോമൺ ഫെസിലിറ്റി ചാർജ്ജുകൾ 3 മാസത്തേയ്ക്ക് ഉപേക്ഷിക്കുന്നത് 5. KSIDC-യിൽ ടോപ് അപ് ലോണുകൾ 6. KSIDC-യുടെ നിലവിലുള്ള ഉപഭോക്താക്കൾക്ക് പീനൽ ഇന്ററസ്റ്റ് ഒഴിവാക്കുന്നത് 7. മുതലും പലിശയും അടയ്ക്കുന്നതിനുള്ള മൊറട്ടോറിയം 8. KSIDC-ക്കും KINFRA-യ്ക്കുമുള്ള ഒറ്റതവണ തീർപ്പാക്കൽ പോളിസി 9. MSME-കൾക്ക് സ്വത്തുക്കൾ സൃഷ്ടിക്കുന്നതിനായി KSIDC നൽകുന്ന പ്രത്യേക വായ്പ, 10. സംരംഭക സഹായ പദ്ധതി (ESS) ഉദാരവൽക്കരിക്കുന്നത്, 11. എ) അധിക പ്രവർത്തന മൂലധനത്തിനു വേണ്ടി മാർജിൻ മണി അസിസ്റ്റൻസ് ബി) MSME കൾക്കുള്ള അധിക പ്രവർത്തന മൂലധനത്തിന് പലിശ ധനസഹായം 12. MSME-കൾക്ക് നൽകുന്ന അധിക ടേം ലോണിനുള്ള പലിശ ധനസഹായം 13. മൂന്ന് മാസത്തേയ്ക്ക് തൊഴിലുടമകൾ നൽകുന്ന ESI വിഹിതം 14.തൊഴിലുടമകളുടെ PF വിഹിതം മൂന്ന് മാസത്തേയ്ക്ക് 15. NPA വ്യവസ്ഥകൾ നവീകരിക്കുന്നത് 16. മുതലും പലിശയും അടയ്ക്കുന്നതിനുള്ള മൊറട്ടോറിയം 6 മാസത്തേക്ക് ദീർഘിപ്പിക്കുന്നത് 17. MSME-കളുടെ മൊറട്ടോറിയം അടയ്ക്കുന്നതിനുള്ള കാലയളവ്. ഇതുകൂടാതെ കോവിഡ് രണ്ടാം തരംഗംമൂലം സംസ്ഥാനത്തെ എം.എസ്സ്.എം.ഇ. മേഖലയ്ക്ക് നേരിട്ട ആഘാതം കുറയ്ക്കുന്നതിനായി കോവിഡ്-19 സമാശ്വാസ പദ്ധതി എന്ന പേരിൽ ഒരു ദുരിതാശ്വാസ പാക്കേജ് ഈ വർഷം പ്രഖ്യാപിച്ചിട്ടുണ്ട്. പ്രസ്തുത പാക്കേജിൽ താഴെപ്പറയുന്ന ദുരിതാശ്വാസ പദ്ധതികൾ വ്യവസായ വാണിജ്യ വകുപ്പ് വഴി നടപ്പിലാക്കുന്നുണ്ട്.

1. കോവിഡ്-19-ന്റെ സാഹചര്യത്തിൽ മുൻവർഷം പ്രഖ്യാപിച്ച വ്യവസായ ഭദ്രതാ പാക്കേജിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്ന പലിശ ഇളവ് പദ്ധതി (Scheme for interest Subvention on term Loan and Working Capital Loan) കൂടുതൽ ഇളവുകളോടെ നടപ്പിലാക്കും.2020 ഡിസംബർ 31 വരെ ധനകാര്യസ്ഥാപനങ്ങളിൽ നിന്നും നേടുന്ന വായ്പകൾക്കാണ് പലിശയിളവ് നൽകിയിരുന്നത്. ഇത് 2021 ഡിസംബർ 31 വരെയുള്ള വായ്പകൾക്കായി ഒരു വർഷത്തേയ്ക്കുകൂടി ദീർഘിപ്പിക്കും. ഈ പദ്ധതി അനുസരിച്ച് ധനകാര്യസ്ഥാപനങ്ങളിൽനിന്നും വായ്പ ലഭിക്കുന്ന എല്ലാ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്കും 12 മാസത്തേയ്ക്ക് 50% പലിശസഹായം ലഭ്യമാകും. പരമാവധി യൂണിറ്റിന് 1,20,000 രൂപ വരെയാണ് സഹായം അനുവദിക്കുക. 2. നിലവിലെ ESS മാർഗരേഖ പ്രകാരം യോഗ്യതയുള്ള ഒരു യൂണിറ്റിന് ലഭിക്കുന്ന പരമാവധി സബ്സിഡി പൊതു വിഭാഗങ്ങൾക്ക് 20 ലക്ഷത്തിൽ നിന്ന് 30 ലക്ഷമായി ഉയർത്തും. പിന്നോക്ക ജില്ലകളിലെ വ്യവസായങ്ങൾക്കും മുൻഗണന വ്യവസായങ്ങൾക്കും പരമാവധി 30 ലക്ഷം രൂപ

എന്നത് 40 ലക്ഷം രൂപ വരെ ഉയർത്തും. 3. ചെറുകിട യൂണിറ്റുകൾക്ക് നല്കുന്ന മാർജിൻ മണിഗ്രാന്റ് സഹായത്തിന്റെ വ്യാപ്തി വിപുലീകരിച്ച് സേവനമേഖലയിൽ ഉൾപ്പെട്ടിരിക്കുന്ന നാനോ യൂണിറ്റുകൾ കൂടി പദ്ധതി പ്രകാരം സഹായത്തിന് യോഗ്യരാക്കും. 4. ആദ്യം 5 ലക്ഷം രൂപ വരെ മൂലധന നിക്ഷേപമുള്ള യൂണിറ്റുകൾക്ക് മാത്രമേ നാനോ യൂണിറ്റുകൾക്കുള്ള പലിശയിളവ് പദ്ധതി അനുവദിച്ചിട്ടുള്ളൂ. ഈ സഹായത്തിനായി 10 ലക്ഷം രൂപ വരെ മൂലധനനിക്ഷേപമുള്ള എല്ലാ നാനോ യൂണിറ്റുകളും ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനുപുറമെ, 10 ലക്ഷം രൂപ മൂലധന നിക്ഷേപമുള്ള എല്ലാ സേവനമേഖല നാനോ യൂണിറ്റുകളും ഈ പദ്ധതി പ്രകാരം യോഗ്യമാകും.

## ചെറുകിട വ്യവസായ വികസനം

150(164) ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വലിയ തോതിലുള്ള വ്യാവസായിക വികസനത്തിനായുള്ള അടിസ്ഥാന സൗകര്യങ്ങൾ നമ്മുടെ സംസ്ഥാനത്ത് പരിമിതമാണെന്നിരിക്കെ എം.എസ്.എം.ഇ./ കോട്ടേജ് വ്യവസായങ്ങൾ വിപുലമായി ഉയർന്നുവരത്തക്കവിധത്തിൽ ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ പദ്ധതി നടപ്പിലാക്കുന്നത് പരിഗണിക്കുമോ?

സൂക്ഷ്മചെറുകിട മേഖലയിൽ ഉല്പാദനക്ഷമതയും കാര്യക്ഷമതയും വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര സംസ്ഥാന സർക്കാർ വിഹിതത്തോടെ ക്ലസ്റ്റർ വികസന പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. ഒരു പ്രദേശത്ത് സമാന മേഖലയിൽ പ്രവർത്തിക്കുന്ന സംരംഭങ്ങളെ ഈ പദ്ധതിയുടെ കീഴിൽ കൊണ്ടുവരുന്നതിനും ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ചുകൊണ്ട് അവർക്കാവശ്യമായ പൊതുവായ സേവനങ്ങളും ഈ പദ്ധതി വഴി ലഭ്യമാക്കുന്നു. ഇതുവരെ 12 ക്ലസ്റ്ററുകൾ രൂപീകരിച്ച് പ്രവർത്തിക്കുന്നു. 4 ക്ലസ്റ്ററുകളുടെ രൂപീകരണം പുരോഗതിയിലാണ്.

(ബി) ശക്തമായ ത്രിതല പഞ്ചായത്ത് സംവിധാനമുള്ള നമ്മുടെ സംസ്ഥാനത്ത് പഞ്ചായത്തുകളെ മുഖ്യ സ്റ്റേക് ഹോൾഡറാക്കി, ചെറുകിട വ്യവസായ രംഗത്ത് ഒരു വിപ്ലവാത്മക 'പാരഡിം ഷിഫ്റ്റ് ' ഉണ്ടാക്കുന്നതിന് സമഗ്രമായ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കാമോ?

വ്യവസായ വകുപ്പുവഴി നടപ്പിലാക്കുന്ന പദ്ധതികൾ ജില്ലാ വ്യവസായ കേന്ദ്രങ്ങൾ വഴി ജില്ലാ തലത്തിലാണ് നടപ്പിലാക്കി വരുന്നത്. കൂടാതെ ബ്ലോക്ക് പഞ്ചായത്തിന്റെ പദ്ധതികൾ വ്യവസായ വികസന ഓഫീസർമാർ വഴിയും ഫലപ്രദമായി നടപ്പിലാക്കി വരുന്നുണ്ട്. വ്യവസായ വികസന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമ്പോൾ ജില്ലാ-ബ്ലോക്ക് ഗ്രാമപഞ്ചായത്തുകൾക്ക് പ്രധാന സ്ഥാനം വഹിക്കേണ്ട സംവിധാനം നിലവിലുണ്ട്.

(സി) ഇത്തരത്തിലുള്ള ചെറുകിട വ്യവസായ വികസനത്തിനായി സ്പെഷ്യൽ എക്കണോമിക് സോണുകൾ ഫീസിബിലിറ്റി പഠനം നടത്തി അവശ്യാധിഷ്ഠിതമായി അനുവദിക്കുന്നത് പരിഗണിക്കാമോ?

പരിഗണനയിലില്ല.

**ബീഡി തെറുപ്പ് വ്യവസായത്തിന്റെ ഉന്നമനം**

151(165) ശ്രീ. എൻ. കെ. അക്ബർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യന്ത്രവത്കൃതമായി നിർമ്മിച്ചിട്ടുള്ള സിഗരറ്റ് ഉൽപ്പന്നങ്ങൾക്കുള്ള 28% നികുതിയാണ് കുടിൽ വ്യവസായമായി നിർമ്മിക്കുന്ന ബീഡി ഉൽപ്പന്നങ്ങൾക്കും നിലവിലുള്ളതായ സാഹചര്യത്തിൽ ബീഡി തെറുപ്പ് വ്യവസായത്തിന്റെ നിലനിൽപ്പിനായി ബീഡി ഉൽപ്പന്നങ്ങൾക്ക് നികുതി ഇളവ് നൽകുന്നത് പരിഗണനയിലുണ്ടോ എന്നറിയിക്കാമോ?

പുകയില മേഖലയിലെ പ്രതിസന്ധിക്ക് പരിഹാരം കാണുന്നതിനും തൊഴിൽ ലഭ്യത ഉറപ്പുവരുത്തുന്നതിനുംവേണ്ടി കേരള ദിനേശ് ബീഡി കേന്ദ്ര സഹകരണ സംഘം സർക്കാരിന് ഒടുക്കിയ വില്പന നികുതി/ചരക്ക് സേവന നികുതി പ്രവർത്തനമൂലധനമായി ഉപയോഗിക്കുന്നതിന് സർക്കാർ മടക്കിനൽകുന്നു. 2016-17 വർഷത്തിൽ 8 കോടി രൂപയും 2017-18 വർഷത്തിൽ 4 കോടി രൂപയും ഈ ഇനത്തിൽ മടക്കിനൽകിയിട്ടുണ്ട്.

(ബി) ബീഡി തെറുപ്പ് വ്യവസായത്തിന്റെ സംരക്ഷണത്തിനായി പ്രത്യേക പദ്ധതി പരിഗണനയിലുണ്ടോ?

പ്രത്യേക പദ്ധതി നിലവിലില്ല.

(സി) അന്യസംസ്ഥാനങ്ങളിൽനിന്നും വരുന്ന വ്യാജ ബീഡികളെ തടയുന്നതിന് വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

അന്യസംസ്ഥാനങ്ങളിൽനിന്നും വരുന്ന വ്യാജ ബീഡികളെ തടയുന്നതിന് പോലീസ് വകുപ്പിന്റെയും നികുതി വകുപ്പിന്റെയും സഹായം തേടിയിട്ടുണ്ട്.

**കൊച്ചി-മംഗലാപുരം വ്യാവസായിക ഇടനാഴി**

152(166) ശ്രീ. പി. മമ്മിക്കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി-മംഗലാപുരം വ്യാവസായിക ഇടനാഴി പദ്ധതിയിൽ മലബാറിന്റെ കേന്ദ്രപ്രദേശമെന്ന നിലയിൽ ഷൊർണ്ണൂർ നിയോജകമണ്ഡലത്തെ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

&

(ബി) നിലവിലുള്ള ഡി.പി.ആർ.-ൽ ഷൊർണ്ണൂർ നിയോജകമണ്ഡലം ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ?

വ്യാവസായിക ഇടനാഴി പദ്ധതി അഖിലേന്ത്യാ തലത്തിലുള്ള പൊതുവായ മാനദണ്ഡപ്രകാരം ദേശീയപാതയോട് ചേർന്ന് പരമാവധി 25 കി.മീ. ചുറ്റളവിലുള്ള ഭൂമി മാത്രമേ പദ്ധതിക്ക് പരിഗണിക്കാനാകുകയുള്ളൂ. നിലവിലുള്ള ഡി.പി.ആർ.-ൽ ഷൊർണ്ണൂർ നിയോജകമണ്ഡലം ഉൾപ്പെട്ടിട്ടില്ല. National Industrial Corridor Development & Implementation Trust (NICDIT)ന്റെ അനുമതിയോടെ മാത്രമേ ദൂരപരിധി ബാധകമാകുന്ന കൂടുതൽ പ്രദേശങ്ങൾ ഉൾപ്പെടുത്താനാകുകയുള്ളൂ.

**കൊച്ചി-ബെംഗളൂരു വ്യവസായ ഇടനാഴി**

153(167) <u>ശ്രീ. എ. സി. മൊയ്തീൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി-ബെംഗളൂരു വ്യവസായ ഇടനാഴിയുടെ ഭൂമി ഏറ്റെടുക്കൽ നടപടിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

സംസ്ഥാനത്ത് കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴി പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി നോഡൽ ഏജൻസിയായ കിൻഫ്ര പാലക്കാട് നോഡ് വികസിപ്പിക്കുന്നതിന് 1720 ഏക്കർ ഭൂമിയും കൊച്ചിയിൽ ഒരു 'ഗിഫ്റ്റ് സിറ്റി' (GIFT City) സ്ഥാപിക്കുന്നതിന് ആലുവ താലൂക്കിൽ അയ്യമ്പുഴയിൽ 500 ഏക്കർ ഭൂമിയും കണ്ടെത്തിയിട്ടുണ്ട്. പാലക്കാട് ജില്ലയിലെ കണ്ണമ്പ്ര 312 ഏക്കർ, പുതുശ്ശേരി-I 600 ഏക്കർ/പുതുശ്ശേരി 558 ഏക്കർ, ഒഴലപ്പതിയിൽ 250 ഏക്കർ എന്നീ ഭൂമികളാണ് വ്യവസായ ഇടനാഴിയിൽ ഉൾപ്പെട്ടിട്ടുള്ളത്. പാലക്കാട് നോഡിൽ ഉൾപ്പെടുന്ന കണ്ണമ്പ്രയിൽ ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ചുകഴിഞ്ഞു. അയ്യമ്പുഴയിലെ ഭൂമി ഏറ്റെടുക്കൽ നടപടിയുമായി ബന്ധപ്പെട്ട് പബ്ലിക് ഹിയറിംഗ് പൂർത്തീകരിച്ചുകഴിഞ്ഞു. തുടർനടപടികൾ പുരോഗമിച്ചുവരുന്നു. സ്ഥലം ഏറ്റെടുക്കൽ ഡിസംബർ 2021-ഓടുകൂടി പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്.

(ബി) ഈ വ്യവസായ ഇടനാഴി കടന്നുപോകുന്ന തൃശ്ശൂർ ജില്ലയിൽ സ്ഥലമേറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ ഉദ്ദേശ്യമുണ്ടോ എന്ന് വ്യക്തമാക്കാമോ?

നിലവിലുള്ള മാനദണ്ഡപ്രകാരം National Industrial Corridor Development & Implementation Trust (NICDIT) യുമായി ചർച്ച ചെയ്തശേഷം മാത്രമേ ഇതുമായി ബന്ധപ്പെട്ട അന്തിമ തീരുമാനം എടുക്കാൻ സാധിക്കുകയുള്ളൂ.

## എല്ലാ നിയോജകമണ്ഡലങ്ങളിലും വ്യവസായ പാർക്ക്

154(168) ശ്രീ. തോമസ് കെ. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൂടുതൽ തൊഴിൽലഭ്യത ഉറപ്പാക്കാൻ എല്ലാ നിയോജക മണ്ഡലങ്ങളിലും ഓരോ വ്യവസായ പാർക്ക് ആരംഭിക്കുന്നതിന് നടപടിയുണ്ടാകുമോ; എങ്കിൽ വിവരങ്ങൾ ലഭ്യമാക്കുമോ?

വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ കീഴിൽ വയനാട് ഒഴികെ എല്ലാ ജില്ലകളിലും നിലവിൽ വ്യവസായ വികസന പാർക്കുകൾ രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ നിയോജകമണ്ഡലങ്ങളിലും വ്യവസായ പാർക്ക് രൂപീകരി ക്കുന്നതുമായി ബന്ധപ്പെട്ട പദ്ധതികളൊന്നും നിലവിലില്ല. വ്യവസായ പാർക്കുകൾ സ്ഥാപിക്കുന്നതിന് വ്യാവസായിക ഭൂമിയുടെ ലഭ്യത, പാർക്ക് സ്ഥാപിക്കുന്നത് സംബന്ധിച്ച സാദ്ധ്യതാ പഠനം, സാങ്കേതികപഠനവും മാർക്കറ്റിംഗും നടത്തി അനുയോജ്യമാകുന്ന സാഹചര്യത്തിൽ മാത്രമേ ടി പദ്ധതി ആവിഷ്കരിക്കുവാൻ കഴിയൂ. കൂടാതെ സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾ/പാർക്കുകൾ ആരംഭിക്കുന്ന നയം സർക്കാർ അംഗീകരിച്ചിട്ടുണ്ട്. നഗരത്തിൽ 15 ഏക്കറും ഗ്രാമത്തിൽ 25 ഏക്കറും ഭൂമി ഇതിന് ആവശ്യമാണ്. ഇങ്ങനെ ആരംഭിക്കുന്ന പാർക്കുകളിൽ അടിസ്ഥാന സൗകര്യങ്ങൾക്കായി സർക്കാർ പിന്തുണ നൽകുന്നതാണ്. നിയോജകമണ്ഡലങ്ങളിൽ ഈ സൗകര്യവും ഉപയോഗപ്പെടുത്താവുന്നതാണ്.

(ബി) കുട്ടനാട്ടിൽ ടൂറിസം, കൃഷി എന്നിവയുമായി ബന്ധപ്പെട്ട വ്യവസായ സംരംഭങ്ങൾ കൂടുതലായി ആരംഭിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

കേന്ദ്രാവിഷ്കൃത പദ്ധതിയായ പി.എം.എഫ്.എം.ഇ. പ്രകാരം ആലപ്പുഴ ജില്ലയുടെ ഉൽപ്പന്നമായി തെരഞ്ഞെടുത്തിരിക്കുന്നത് അരി ഉൽപ്പന്നങ്ങളെയാണ്. ടി പദ്ധതി പ്രകാരം സംരംഭം തുടങ്ങുവാൻ താൽപ്പര്യമുള്ള വ്യക്തികളെ കണ്ടെത്തി അവർക്കുവേണ്ട കൈത്താങ്ങ് സഹായങ്ങൾ ചെയ്യുന്നതിന് ജില്ലാ വ്യവസായ കേന്ദ്രം വഴിയും താലൂക്ക് വ്യവസായ ഓഫീസ് വഴിയും നടപടികൾ സ്വീകരിച്ചു വരുന്നു. കുട്ടനാട്ടിൽ നെൽക്കർഷകരുടെ ഉന്നമനം ലക്ഷ്യമാക്കി ഈ മേഖലയുടെ മൂല്യവർദ്ധനയ്ക്കായി ഒരു റൈസ് ടെക്നോളജി പാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടികൾ കിൻഫ്ര ആരംഭിച്ചിട്ടുണ്ട്. ഇതിന് സർക്കാർ ഭരണാനുമതിയും നൽകിയിട്ടുണ്ട്.

## കാഞ്ഞങ്ങാട് വ്യവസായ പാർക്ക്

155(169) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വിശദീകരിക്കാമോ?

വ്യവസായ പാർക്കിനുള്ള ചുറ്റുമതിൽ പണിയുന്ന ഘട്ടത്തിലാണ്.

(ബി) പദ്ധതിക്കായി ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ചുവോ എന്നറിയിക്കാമോ?

റവന്യൂ വകുപ്പിൽനിന്നും വ്യവസായ വകുപ്പിൽ ഭൂമി ലഭ്യമായിട്ടുണ്ട്. 15-12-2018-ലെ സ.ഉ(എം.എസ്) നമ്പർ 467/2018/റവന്യൂ പ്രകാരം വിശദമായ ഭൂമി കൈമാറ്റ ഉത്തരവ് പുറപ്പെടുവിക്കേണ്ടതുണ്ട്. ഈ ഉത്തരവ് റവന്യൂ വകുപ്പ് പുറപ്പെടുവിച്ച് ലഭ്യമാക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(സി) എങ്കിൽ വ്യവസായ പാർക്ക് യാഥാർത്ഥ്യമാക്കുന്നതിന് കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണെന്ന് അറിയിക്കാമോ;

&

(ഡി) വ്യവസായ പാർക്ക് യാഥാർത്ഥ്യമാക്കുവാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

പ്രസ്തുത വ്യവസായ പാർക്കിന്റെ അതിർത്തിയുമായി ബന്ധപ്പെട്ട് പരാതികളും നിവേദനങ്ങളും ലഭിച്ചിരിക്കുന്ന സാഹചര്യത്തിൽ റവന്യൂ വകുപ്പ്, പഞ്ചായത്ത് എന്നിവരുമായി ചർച്ച ചെയ്ത് പ്രശ്നം പരിഹരിക്കുന്നതിനുള്ള നടപടികൾ തുടർന്ന് വരികയാണ്.

## കുറ്റ്യാടി നിയോജകമണ്ഡലത്തിലെ നാളികേര പാർക്ക്

156(170) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി നിയോജകമണ്ഡലത്തിലെ വേളം ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന നാളികേര പാർക്കിന്റെ സ്ഥലം വ്യവസായ വകുപ്പ് ഏറ്റെടുക്കാനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) വ്യവസായ വകുപ്പ് സ്ഥലം ഏറ്റെടുത്തിട്ടുണ്ടെങ്കിൽ നാളികേര പാർക്ക് പ്രവർത്തനം ആരംഭിക്കാൻ എന്തെങ്കിലും തടസ്സമുണ്ടോ എന്ന് വ്യക്തമാക്കുമോ;

&

(സി) വ്യവസായ പാർക്ക് എത്രയും വേഗം യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

(എ-സി) കുറ്റ്യാടി നിയോജകമണ്ഡലത്തിലെ വേളം പഞ്ചായത്തിൽ നാളികേര വികസന പാർക്കിനായി 115.13 ഏക്കർ (46.5944 ഹെക്ടർ) സ്ഥലം കെ.എസ്.ഐ.ഡി.സി. ഏറ്റെടുത്തിരുന്നു. ടി ഭൂമി നിലവിൽ കെ.എസ്.ഐ.ഡി.സി.യുടെ കൈവശമാണുള്ളത്. ഏറ്റെടുത്ത സ്ഥലം നാളികേര വികസന പാർക്കിനായി വികസിപ്പിച്ചെടുക്കാൻ 16-10-2014-ലെ G.O.(Rt)No.1174/2014/ID പ്രകാരം 42 കോടി രൂപയുടെ ഭരണാനുമതിയും നല്കിയിരുന്നു. ഭൂമി ഏറ്റെടുക്കുന്നതിന് ആകെ ചെലവ് വന്ന തുക 1473.88 ലക്ഷം രൂപയായിരുന്നു. പക്ഷേ ബാക്കി എൽ.എ. നഷ്ടപരിഹാരം ഭൂവുടമകൾ അംഗീകരിച്ചില്ല. എസ്.എൽ.ഇ.സി.-യുടെ തീരുമാനത്തെ ചോദ്യംചെയ്ത് ഏറ്റെടുത്ത ഭൂമിക്ക് കൂടുതൽ നഷ്ടപരിഹാരം നൽകണമെന്നാവശ്യപ്പെട്ട് ഭൂവുടമകൾ ബഹു. ഹൈക്കോടതിയിൽ റിട്ട് ഹർജി ഫയൽ ചെയ്തു. തുടർന്ന് ബഹു. ഹൈക്കോടതി ഭൂവുടമകൾക്ക് റബ്ബർ തടി മൂല്യത്തിനും വാർഷിക ഉല്പന്ന മൂല്യത്തിനും അവകാശ മുണ്ടെന്ന് വിധിക്കുകയുണ്ടായി. ടി വിധിക്കെതിരെ കെ.എസ്.ഐ.ഡി.സി. റിട്ട് അപ്പീൽ ഫയൽ ചെയ്തുവെങ്കിലും ടി റിട്ട് അപ്പീൽ ബഹു. ഹൈക്കോടതി തള്ളുക യുണ്ടായി. തുടർന്ന് കെ.എസ്.ഐ.ഡി.സി. ബഹു. സുപ്രീംകോടതിയിൽ എസ്.എൽ.പി. ഫയൽ ചെയ്യുകയും തുടർന്ന് അപ്പീൽ തള്ളുകയുണ്ടായി. ഇതിനെതിരെ കെ.എസ്. ഐ.ഡി.സി. ബഹു. സുപ്രീംകോടതിയിൽ അവലോകന ഹർജി സമർപ്പിച്ചിട്ടുണ്ട്. ഇതിനിടയിൽ ഭൂവുടമകൾ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത കോടതിയ ലക്ഷ്യക്കേസിൽ ജില്ലാ കളക്ടർ, കോഴിക്കോട് പത്ത് ദിവസത്തിനുള്ളിൽ നഷ്ട പരിഹാരം കണക്കാക്കി നഷ്ടപരിഹാരം നൽകുന്നതിനും വിധിച്ചിട്ടുണ്ട്. ഭൂവുടമകൾക്ക് നൽകേണ്ട Enhanced Compensation-ന്റെ വിശദാംശങ്ങൾ നൽകുന്നതിന് കോഴിക്കോട് ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. മേൽ വിവരിച്ച പ്രകാരം വിവിധ കോടതികളിൽ LA കേസ്സുകൾ നിലനിന്നിരുന്നതിനാലും കെ.എസ്.ഐ. ഡി.സി.ക്ക് നിലവിൽ കുറ്റ്യാടി നാളികേര പാർക്കിന്റെ നിയമപരമായ ഉടമസ്ഥാ വകാശം ഇല്ലാത്തതിനാലും പാർക്കിന്റെ അടിസ്ഥാന വികസന പ്രവർത്തനങ്ങൾ ആരംഭിക്കാൻ സാധിച്ചിട്ടില്ല. സുപ്രീംകോടതി, ഹൈക്കോടതി വിധികൾക്കനുസൃതമായി കോഴിക്കോട് ജില്ലാ ഭരണകൂടവും കെ.എസ്.ഐ.ഡി.സി.യും ഭൂവുടമകളുമായി നിലവിലുള്ള നഷ്ടപരിഹാരത്തുകയിലുള്ള തർക്കങ്ങൾ പരിഹരിച്ച് പാർക്കിന്റെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. കെ.എസ്.ഐ.ഡി.സി.ക്ക് നിലവിൽ കൈവശാവകാശമുള്ള തിനാൽ അടിസ്ഥാന നിർമ്മാണപ്രവൃത്തികൾ തുടങ്ങുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

## ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി

157(171) ശ്രീ. പ്രമോദ് നാരായൺ: താഴെക്കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

റാന്നിയിൽ റബ്ബർ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിനായി ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ?

റബ്ബർ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് റാന്നിയിൽ ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീന് സൊസൈറ്റി രൂപീകരിക്കുന്നത് സംബന്ധിച്ച നിർദ്ദേശം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

## കുറ്റ്യാടി നിയോജകമണ്ഡലത്തിലെ നാളികേര പാർക്ക്

158(172) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ സൗഹൃദ അന്തരീക്ഷം ഇല്ലാതായിരിക്കുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ബി) കേരളത്തിൽനിന്നും വ്യവസായങ്ങളെ പുറത്താക്കുന്നുവെന്ന രീതിയിൽ കിറ്റെക്സ് ഗാർമെന്റ്സ് മാനേജിംഗ് ഡയറക്ടർ പ്രസ്താവന നടത്തിയതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

വ്യവസായ സൗഹൃദാന്തരീക്ഷം ഒരു പ്രത്യേക നയമായി സംസ്ഥാന സർക്കാർ ഏറ്റെടുത്തിട്ടുണ്ട്. സംസ്ഥാനത്ത് വ്യവസായ സൗഹൃദ അന്തരീക്ഷം തികച്ചും സംരംഭാനുകൂലമാണ്. സംരംഭകരുടെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുന്ന ഒന്നുംതന്നെ സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. ആയതിനാൽ സംരംഭകർ കേരളത്തിൽനിന്നും പദ്ധതി ഉപേക്ഷിച്ചുപോകുന്ന സാഹചര്യം നിലവിലില്ല. ചില ഒറ്റപ്പെട്ട സംഭവങ്ങൾ ഒഴികെ കേരളത്തിൽനിന്നും പദ്ധതി ഉപേക്ഷിച്ചുപോകുന്നുവെന്ന ആക്ഷേപം സംരംഭകരുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. ഇക്കാര്യം വ്യവസായ സംരംഭക പ്രതിനിധികളും സംഘടനകളും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ വസ്തുതാപരമല്ലാത്ത ചില തെറ്റായ പ്രചാരണം ബോധപൂർവ്വം നടത്തുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) കിറ്റെക്സ് ഗ്രൂപ്പ് കേരളത്തിൽ നടപ്പാക്കാൻ തീരുമാനിച്ചിരുന്ന മൂവായിരത്തി അഞ്ഞൂറ് കോടി രൂപയുടെ നിക്ഷേപ പദ്ധതി ഏത് രീതിയിലുള്ളതായിരുന്നുവെന്നും എത്രപേർക്ക് തൊഴിൽ നൽകാൻ കഴിയുന്നതായിരുന്നുവെന്നും അറിയാമോ?

കിറ്റെക്സ് ഗ്രൂപ്പ് 3,500 കോടി രൂപയുടെ താല്പര്യപത്രം സർക്കാരുമായി ഒപ്പുവച്ചിരുന്നു. ഇതിനുശേഷം ഒരു പ്രാവശ്യം 2020 മാർച്ചിൽ മീറ്റിംഗ് നടത്തിയിരുന്നുവെങ്കിലും പിന്നീട് വ്യവസായ വകുപ്പുമായി തുടർചർച്ചയ്ക്ക് സന്നദ്ധമായിട്ടില്ല. ആയതിനാൽ പ്രസ്തുത നിക്ഷേപപദ്ധതിയുടെ വിശദാംശങ്ങൾ സർക്കാരിൽ ലഭ്യമല്ല.

(ഡി) പ്രസ്തുത വ്യവസായ സംരംഭകൻ മേൽപ്പറഞ്ഞ പദ്ധതി ഉപേക്ഷിച്ച് സംസ്ഥാനം വിട്ടുപോകുന്ന സാഹചര്യമുണ്ടായത് സംസ്ഥാനത്തെ വ്യവസായ നിക്ഷേപ സാദ്ധ്യതകളെ ഏത് രീതിയിൽ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

വ്യവസായ നിക്ഷേപത്തിന് തികച്ചും അനുകൂലമായ അന്തരീക്ഷമാണ് സംസ്ഥാനത്ത് നിലനിൽക്കുന്നതെന്ന് വിലയിരുത്തിയിട്ടുണ്ട്. 2016 മുതൽ MSME യൂണിറ്റുകളുടെ എണ്ണത്തിൽ 100% വർദ്ധന വന്നിട്ടുള്ളതും 100 കോടി രൂപയ്ക്ക് മുകളിൽ നിക്ഷേപമുള്ള നിരവധി സംരംഭങ്ങൾ ആരംഭിക്കുവാൻ കഴിഞ്ഞിട്ടുള്ളതും ഇതിന് തെളിവാണ്. സംസ്ഥാനത്തെ വ്യവസായികളും അവരുടെ സംഘടനകളുമായി പലവട്ടം ആശയവിനിമയം നടത്തിയിരുന്നു. നിലവിൽ കേരളത്തിലെ വ്യവസായികൾ വളരെ അനുകൂലമായ നിലപാടാണ് കേരളത്തിനായി സ്വീകരിച്ചുവരുന്നത്.

## വ്യവസായ വകുപ്പിന് കീഴിലുള്ള ഭൂമി

159(173) <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ വ്യവസായ വകുപ്പിന് കീഴിൽ എത്ര ഭൂമിയാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ?

മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ വ്യവസായ വകുപ്പിന് കീഴിൽ അനന്തപുരം വ്യവസായ ഏരിയയിൽ 103 ഏക്കർ ഭൂമിയും അനന്തപുരം വ്യവസായ വികസന പ്ലോട്ടിൽ 108 ഏക്കർ ഭൂമിയും നിലവിലുണ്ട്. കൂടാതെ വ്യവസായ വകുപ്പിലെ പ്രധാന പൊതുമേഖലാ സ്ഥാപനമായ കിൻഫ്രയുടെ ഉടമസ്ഥതയിൽ സീതാംഗോളിയിൽ 273.42 ഏക്കർ ഭൂമിയും ഉണ്ട്.

(ബി) പ്രസ്തുത ഭൂമിയിൽ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് എത്ര ഭൂമി അനുവദിച്ച് നൽകിയിട്ടുണ്ട്; ഭൂമി അനുവദിച്ച സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും പേരുവിവരങ്ങളും അനുവദിച്ച ഭൂമിയുടെ അളവും വിശദമാക്കുമോ?

അനന്തപുരം വ്യവസായ ഏരിയയിൽ 77.78 ഏക്കർ ഭൂമിയും വ്യവസായ വികസന പ്ലോട്ടിൽ 72.42 ഏക്കർ ഭൂമിയും വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് അനുവദിച്ചുനൽകിയിട്ടുണ്ട്. സീതാംഗേളിയിലെ കിൻഫ്ര വ്യവസായ പാർക്കിൽ 248.11 ഏക്കർ ഭൂമി വിവിധ വ്യവസായ സംരംഭകർക്കായി അനുവദിച്ച് നൽകിയിട്ടുണ്ട്. ഭൂമി അനുവദിച്ച സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും പേരുവിവരങ്ങളും അനുവദിച്ച ഭൂമിയുടെ അളവും അനുബന്ധമായി ചേർക്കുന്നു.*

(സി) ഭൂമി ലഭ്യമായിട്ടും വ്യവസായ സംരംഭങ്ങൾ ആരംഭിക്കാത്ത അവസ്ഥയുണ്ടോ; എങ്കിൽ ഏത് കാരണത്താലാണെന്ന് വ്യക്തമാക്കുമോ?

ഉണ്ട്. ഭൂമി അനുവദിച്ചു കിട്ടിയ വ്യക്തികളുടെ സാമ്പത്തിക പ്രശ്നങ്ങളും ഇപ്പോഴത്തെ കോവിഡ് സാഹചര്യവുമാണ് ഭൂമി ലഭിച്ചിട്ടും വ്യവസായ സംരംഭങ്ങൾ തുടങ്ങാത്തതിന്റെ അടിസ്ഥാനകാരണങ്ങൾ.

(ഡി) മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ വ്യവസായ വകുപ്പിന് കീഴിൽ എത്ര ഭൂമിയാണ് വ്യവസായ ആവശ്യത്തിന് നൽകാതെ വെറുതെ കിടക്കുന്നതെന്ന് വ്യക്തമാക്കുമോ?

അനന്തപുരം വ്യവസായ ഏരിയയിൽ 5.62 ഏക്കർ ഭൂമിയും വ്യവസായ വികസന പ്ലോട്ടിൽ 7.48 ഏക്കർ ഭൂമിയും സീതാംഗേലിയിലെ കിൻഫ്ര വ്യവസായ പാർക്കിൽ 3 ഏക്കർ ഭൂമിയും വ്യവസായ ആവശ്യത്തിന് നൽകാതെ ശേഷിക്കുന്നുണ്ട്.

### ഏകജാലക സംവിധാനം

160(174) ശ്രീ. സണ്ണി ജോസഫ്: താഴെക്കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വ്യവസായ സംരംഭങ്ങൾ സംസ്ഥാനത്തുനിന്നും വിട്ടുപോകുന്ന സാഹചര്യത്തിൽ സംരംഭകരുടെ പരാതികൾ ഫലപ്രദമായി പരിഹരിക്കുന്നതിനുവേണ്ടി ഏകജാലക സംവിധാനം ഏർപ്പെടുത്തുമോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

വ്യവസായ സംരംഭങ്ങൾ സംസ്ഥാനം വിട്ടുപോകുന്ന പൊതുസാഹചര്യം നിലനിൽക്കുന്നില്ല. വ്യവസായങ്ങൾക്കാവശ്യമായ ലൈസൻസുകൾ ലഭിക്കുവാൻ ഏകജാലക സംവിധാനം നിലവിലുണ്ട്. നിക്ഷേപകരുടെ പരാതി, ബുദ്ധിമുട്ടുകൾ എന്നിവ സമയബന്ധിതമായി പരിഹരിക്കാൻ സംസ്ഥാനത്ത് ഒരു സ്റ്റാറ്റ്യൂട്ടറി ഗ്രീവൻസ് റിഡ്രസ്സൽ കമ്മിറ്റി രൂപീകരിക്കുന്നതിലേയ്ക്കായി ഒരു നിയമനിർമ്മാണം

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നടത്തുവാൻ 20-5-2021-ലെ ആദ്യ മന്ത്രിസഭായോഗത്തിൽ തീരുമാനിക്കുകയും പ്രസ്തുത കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള നിയമനിർമ്മാണത്തിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. 1999-ലെ കേരള വ്യവസായ ഏകജാലക ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും നിയമത്തിൽ ആവശ്യാനുസൃതമായ ഭേദഗതികൾ വരുത്തിക്കൊണ്ടാണ് പ്രസ്തുത കമ്മിറ്റി രൂപീകരിക്കുന്നത്.

**വെന്റിലേറ്റർ നിർമ്മാണ പദ്ധതി**

161(175) ശ്രീ. പി. ടി. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖേന വെന്റിലേറ്റർ നിർമ്മിക്കാനുള്ള പദ്ധതിയുടെ നാളിതുവരെയുള്ള പുരോഗതി വെളിപ്പെടുത്തുമോ?

വെന്റിലേറ്റർ വികസന നിർമ്മാണ പദ്ധതിക്കുവേണ്ടി സാങ്കേതിക സഹായം ലഭിക്കുന്നതിനായി കെൽട്രോണും DEBEL/DRDO ബാംഗ്ലൂർ, ഓഫീസുമായി ധാരണാപത്രം ഒപ്പിട്ടിട്ടുണ്ട്. ഈ ധാരണാപത്രപ്രകാരം DEBEL-ന്റെ സാങ്കേതിക സഹായത്തോടുകൂടി പ്രവർത്തന മാതൃകയിലുള്ള ഒരു വെന്റിലേറ്റർ തയ്യാറാക്കുന്ന നടപടികൾ പുരോഗമിച്ചുവരുന്നു. അതിനായി ആവശ്യമുള്ള അസംസ്കൃതവസ്തുക്കൾ വാങ്ങുന്ന പ്രവർത്തനവും DEBEL-ന്റെ മേൽനോട്ടത്തിൽ വെന്റിലേറ്ററിന്റെ ഹാർഡ്‌വെയർ/സോഫ്റ്റ്‌വെയർ ഡിസൈൻ ചെയ്യുന്ന പ്രവർത്തനവും പുരോഗമിക്കുന്നു. വെന്റിലേറ്ററിന്റെ ഡിസൈൻ തയ്യാറാക്കിയശേഷം അതിന്റെ പ്രവർത്തനമോഡൽ DEBEL അംഗീകരിക്കുന്ന മുറയ്ക്ക് യഥാർത്ഥ മോഡൽ തയ്യാറാക്കി ക്ലിനിക്കൽ ട്രയൽസിന് സമർപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(ബി) കോവിഡ് മൂന്നാം തരംഗത്തിന്റെ ഭീഷണി ഉയർന്നിരിക്കുന്ന സാഹചര്യത്തിൽ അടിയന്തരമായി എന്തെല്ലാം നടപടി ഇക്കാര്യത്തിൽ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

വെന്റിലേറ്ററിന്റെ ക്ലിനിക്കൽ ട്രയൽസ് പൂർത്തിയാകുന്ന മുറയ്ക്ക് വിവിധ അംഗീകൃത ഏജൻസികളുടെ അംഗീകാരത്തോടെ വെന്റിലേറ്റർ വ്യാവസായിക അടിസ്ഥാനത്തിൽ നിർമ്മിച്ച് വിതരണം ചെയ്യുവാനാണ് കെൽട്രോൺ ഉദ്ദേശിക്കുന്നത്. ഈ സാമ്പത്തികവർഷം തന്നെ ഈ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുവാനാണ് കെൽട്രോൺ പരിശ്രമിക്കുന്നത്.

**വ്യവസായ സംരംഭങ്ങൾക്ക് കർമ്മ പദ്ധതി**

162(176) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ സംരംഭങ്ങൾ ആരംഭിച്ച പ്രവാസി മലയാളികൾ ഉൾപ്പെടെയുള്ളവർ നേരിടുന്ന ബുദ്ധിമുട്ടുകൾ ഇല്ലാതാക്കുന്നതിനായി വ്യവസായ നയത്തിൽ എന്തെങ്കിലും തിരുത്തൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ?

സംസ്ഥാനത്ത് പ്രവാസി മലയാളികളുൾപ്പെടെയുള്ളവർ ആരംഭിച്ച വ്യവസായ സംരംഭങ്ങൾക്ക് നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി രണ്ട് സാമ്പത്തിക സഹായ പദ്ധതികൾ നിലവിൽ വ്യവസായ വാണിജ്യ വകുപ്പുവഴി നടപ്പിലാക്കുന്നുണ്ട്.

(a) The Kerala stressed MSMEs Revival & Rehabilitation Scheme- തകർച്ച നേരിടുന്ന പീഡിതവ്യവസായങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനും അവയുടെ ഉൽപ്പാദനരഹിതമായ ആസ്തികളെ ഉൽപ്പാദന ആസ്തികളാക്കി മാറ്റുന്നതിനും 5 ലക്ഷം രൂപ വരെ സാമ്പത്തിക സഹായവും മറ്റ് കൈത്താങ്ങ് സഹായവും നൽകുന്ന പദ്ധതിയാണ് The Kerala stressed MSMEs Revival & Rehabilitation Scheme.

(b) Revival and rehabilitation scheme for defunct MSMEs and cashew processing units - കശുവണ്ടി സംസ്കരണ യൂണിറ്റുകൾ ഉൾപ്പെടെയുള്ള പ്രവർത്തനരഹിതമായ സൂക്ഷ്മ-ചെറുകിട-ഇടത്തരം മേഖലയിലെ സംരംഭങ്ങളെ സ്ഥിര നിക്ഷേപത്തിനും പ്രവർത്തനമൂലധനത്തിനും സഹായം നൽകി പുനരുദ്ധരിക്കുന്നതിനുള്ള പദ്ധതിയാണ് Revival and rehabilitation scheme for defunct MSMEs and cashew processing units. പദ്ധതിയിലൂടെ പ്രവർത്തനരഹിതമായ MSME-കൾക്ക് പരമാവധി 12 ലക്ഷവും കശുവണ്ടിമേഖലയിലെ സംരംഭങ്ങൾക്ക് പരമാവധി 15 ലക്ഷവും വരെ ധനസഹായം അനുവദിക്കുന്നുണ്ട്. കൂടാതെ സംസ്ഥാനത്ത് തിരിച്ചെത്തുന്ന പ്രവാസിമലയാളികൾക്ക് തൊഴിൽ സാദ്ധ്യത ഉറപ്പ് വരുത്തുന്നതിലേയ്ക്കായി മുൻവർഷം പ്രഖ്യാപിച്ച വ്യവസായ ഭദ്രതാ പദ്ധതിയിൽ പ്രത്യേകപ്രാധാന്യം നൽകി ഇളവ് പ്രഖ്യാപിച്ചിരുന്നു. നിലവിൽ നടത്തിവരുന്ന സാമ്പത്തിക സഹായ പദ്ധതിയായ സംരംഭകസഹായ പദ്ധതി (ESS) ഉദാരവൽക്കരിക്കുന്നതിന്റെ ഭാഗമായി സംരംഭകസഹായ പദ്ധതിയുടെ മാർഗ്ഗരേഖ 24-11-2020-ലെ G.O.(MS)No.103/2020/ID പ്രകാരം ഭേദഗതി ചെയ്ത് SC/ST,

വനിതകൾ, യുവാക്കൾ എന്നിവർ ആരംഭിക്കുന്ന MSME യൂണിറ്റുകൾക്ക് നിലവിൽ നൽകിവരുന്ന 20% സബ്സിഡി 25% സബ്സിഡിയായി വർദ്ധിപ്പിക്കുകയും ഈ പ്രത്യേകവിഭാഗത്തിലേയ്ക്ക് പ്രവാസികൾ ആരംഭിക്കുന്ന MSME യൂണിറ്റുകളെ കൂടി പുതുതായി ഉൾപ്പെടുത്തി ആനുകൂല്യം നൽകുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കോവിഡ്-19 സമാശ്വാസ പദ്ധതി വഴി നടപ്പിലാക്കിയ ദുരിതാശ്വാസ പദ്ധതിയിൽ പ്രവാസി സംരംഭകർക്ക് (സംരംഭക സഹായ പദ്ധതിയിൽ ഉൾപ്പെടുത്തി) പ്രത്യേക ഇളവുകളും അനുവദിച്ചിട്ടുണ്ട്. കൂടാതെ തിരിച്ചെത്തുന്ന പ്രവാസികളുടെ വിവരശേഖരണത്തിനായി ഒരു ഓൺലൈൻ പോർട്ടൽ തയ്യാറാക്കുകയും ടി പോർട്ടൽ വഴി ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ അവർക്ക് ആവശ്യമായ കൈത്താങ്ങ് സഹായം നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) വ്യവസായ സംരംഭകർ കേരളത്തിൽനിന്നും പദ്ധതി ഉപേക്ഷിച്ച് പോകുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽവന്നിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

വ്യവസായ സംരംഭകർ സംസ്ഥാനം വിട്ടുപോകുന്ന പൊതുസാഹചര്യവും നിലനിൽക്കുന്നില്ല. കേരളത്തിലെ നിലവിലെ സാഹചര്യം തികച്ചും സംരംഭാനുകൂലമാണ്. സംരംഭകർ കേരളത്തിൽനിന്നും പദ്ധതി ഉപേക്ഷിച്ചുപോകേണ്ട സാഹചര്യം നിലവിലില്ല. വ്യവസായങ്ങൾക്കാവശ്യമായ ലൈസൻസുകൾ ലഭിക്കുവാൻ ഏകജാലക സംവിധാനം നിലവിലുണ്ട്.

(സി) വ്യവസായ സംരംഭങ്ങൾക്ക് തയ്യാറാകുന്ന പ്രവാസികൾ ഉൾപ്പെടെയുള്ള സംരംഭകർക്ക് അനുകൂലമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിന് തടസ്സം നേരിടുന്ന സാഹചര്യമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് എന്താണെന്ന് അറിയിക്കുമോ; ഇതുസംബന്ധിച്ച് എന്തെങ്കിലും പ്രത്യേക കർമ്മപദ്ധതി രൂപപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

വ്യവസായ സംരംഭങ്ങൾക്ക് തയ്യാറാകുന്ന പ്രവാസികൾ ഉൾപ്പെടെയുള്ള സംരംഭകർക്ക് തികച്ചും അനുകൂലമായ അന്തരീക്ഷമാണ് നിലവിലുള്ളത്. വ്യവസായ സംരംഭകർക്ക് ഭൂമി നൽകുന്നതിനുള്ള ഏകീകൃത വ്യവസ്ഥ ഉൾപ്പെടുത്തിക്കൊണ്ടുള്ള Unified Land Policy, കാലഹരണപ്പെട്ട നിയമനങ്ങളും ചട്ടങ്ങളും ഉണ്ടെങ്കിൽ ആയത് മാറ്റം വരുത്തുന്നതിന് പഠനത്തിനായി നിയോഗിച്ചിട്ടുള്ള വിദഗ്ദ്ധ സമിതി, വ്യവസായ സ്ഥാപനങ്ങളിലെ പരിശോധനാ സംവിധാനം പുനഃക്രമീകരിച്ചുകൊണ്ട് വിവിധ വകുപ്പുകൾ ഉൾപ്പെടുന്ന സോഫ്റ്റ്വെയർ അധിഷ്ഠിത ഏകീകൃത പരിശോധനാ സംവിധാനം എന്നിവയെല്ലാം വ്യവസായ സംരംഭകർക്ക് നിക്ഷേപം നടത്തുന്നതിന് സഹായകരമാകുന്നതിന് പുതിയതായി കൊണ്ടുവന്ന സംവിധാനങ്ങളാണ്.

## വ്യവസായ സംരംഭങ്ങൾക്ക് കർമ്മ പദ്ധതി

163(177) ശ്രീ. ജോബ് മൈക്കിൾ:
ഡോ. എൻ. ജയരാജ്:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ. പ്രമോദ് നാരായൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോർപ്പറേറ്റുകൾക്ക് പ്രാധാന്യം നൽകുന്ന കേന്ദ്രനയത്തിന്റെ ന്യൂനതകളിൽ നിന്ന് സംസ്ഥാനത്തെ ചെറുകിട-ഇടത്തരം വ്യവസായങ്ങളെ സംരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്തെ ചെറുകിട-ഇടത്തരം വ്യവസായങ്ങളെ സംരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുംവേണ്ടി താഴെപ്പറയുന്ന ധനസഹായ പദ്ധതികൾ വ്യവസായ വാണിജ്യ വകുപ്പുവഴി നടപ്പിലാക്കുന്നുണ്ട്.

1. സംരംഭക സഹായ പദ്ധതി
2. നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതി
3. ചെറുകിട യൂണിറ്റുകൾക്ക് നല്കുന്ന മാർജിൻ മണിഗ്രാന്റ്
4. പ്രവർത്തനരഹിതമായ എം.എസ്.എം.ഇ. യൂണിറ്റുകളെ പിന്തുണയ്ക്കാൻ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.
   (a) Revival and rehabilitation scheme for defunct MSMEs and cashew processing units
   (b) The Kerala stressed MSMEs Revival & Rehabilitation Scheme
5. കോവിഡ്-19 കാരണം പ്രതിസന്ധിയിലായ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങളെ സഹായിക്കുന്നതിലേയ്ക്കായി വ്യവസായ ഭദ്രതാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.
6. കോവിഡ് രണ്ടാം തരംഗത്തെ തുടർന്ന് വ്യവസായത്തെ പിന്തുണയ്ക്കുന്നതിനുള്ള ശ്രമങ്ങളുടെ ഭാഗമായി, COVID-19 സമാശ്വാസ പദ്ധതി എന്ന പേരിൽ ഒരു ദുരിതാശ്വാസ പാക്കേജ് ഈ സർക്കാർ രൂപീകരിച്ചിട്ടുണ്ട്.

(ബി) തൊഴിൽസാദ്ധ്യത ഏറിയതും പരിസ്ഥിതി നാശം കുറഞ്ഞതുമായ പരമ്പരാഗത മേഖലയെ നവീകരിച്ച് മത്സരക്ഷമത ഉയർത്താനായി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

കേരളത്തിലെ പരമ്പരാഗത കരകൗശല മേഖലകളുടെ പരിപോഷണത്തിനായി കേരള സംസ്ഥാന കരകൗശല വികസന കോർപ്പറേഷൻ, കരകൗശല അപ്പെക്സ് സഹകരണ സംഘം (സുരഭി), കേരള സംസ്ഥാന മുള വികസന കോർപ്പറേഷൻ, കേരള ആർട്ടിസാൻ വികസന കോർപ്പറേഷൻ (കാഡ്കോ), കേരള പനയുൽപ്പന്ന

വികസന കോർപ്പറേഷൻ (കെല്പാം) എന്നീ സംസ്ഥാനതല സ്ഥാപനങ്ങൾ സർക്കാർ നിയന്ത്രണത്തിൽ പ്രവർത്തിച്ചുവരുന്നു. പ്രസ്തുത സ്ഥാപനങ്ങൾ മുഖേന അതത് മേഖലകളിലെ പദ്ധതിപ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുവേണ്ടി വർഷാവർഷം ബഡ്ജറ്റ് വിഹിതം അനുവദിച്ചുവരുന്നു. സർക്കാർ സാമ്പത്തിക സഹായം ഉപയോഗപ്പെടുത്തി പ്രസ്തുത സ്ഥാപനങ്ങൾ ഉൽപ്പന്നങ്ങൾക്ക് ആവശ്യമുള്ള അസംസ്കൃത വസ്തുക്കൾ സംഭരിച്ച് തൊഴിലാളികൾക്ക് വിതരണം ചെയ്യുക, വിപണനത്തിനായി സ്ഥിരം സംവിധാനമൊരുക്കുക, വിശേഷാവസരങ്ങളിൽ മേളകൾ സംഘടിപ്പിക്കുക എന്നിവയ്ക്കുപുറമേ ഉൽപ്പന്നങ്ങൾ കാലാനുസൃതമായി നവീകരിച്ച് മത്സരക്ഷമത ഉയർത്തുന്നത് ഉൾപ്പെടെയുള്ള പരിശീലന പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. മേൽപ്പറഞ്ഞ വിധത്തിൽ സംസ്ഥാനതല സ്ഥാപനങ്ങൾ വഴി മേഖലയെ സഹായിക്കുന്നതോടൊപ്പം സർക്കാർ നേരിട്ടും ഇടപെടുന്നുണ്ട്. കരകൗശല മേഖലയിൽ ചെറുകിട വ്യവസായ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി 'ആഷ' എന്ന പേരിൽ ഒരു പദ്ധതി നടന്നുവരുന്നു. അതുപ്രകാരം കരകൗശല മേഖലയിൽ ആരംഭിക്കുന്ന ചെറുകിട സംരംഭങ്ങൾക്ക് സ്ഥിര നിക്ഷേപത്തിന്റെ 40% തുക പരമാവധി രണ്ട് ലക്ഷം രൂപ ഗ്രാന്റായി നൽകുന്നു. പട്ടികജാതി/ പട്ടികവർഗ്ഗ/വനിതാ സംരംഭകർക്ക് ധനസഹായത്തിന്റെ പരിധി 3 ലക്ഷം രൂപയാണ്. പരമ്പരാഗത/കരകൗശല ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തി നൽകുന്നതിന് വിശേഷാവസരങ്ങളിൽ മേളകൾ സംഘടിപ്പിച്ചുവരുന്നു. കൂടാതെ പരമ്പരാഗത മേഖലയുമായി ബന്ധപ്പെട്ട പൊതുമേഖലാ സ്ഥാപനങ്ങളുടെ മത്സരക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായും ഉത്പാദന പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ആധുനികവത്കരണം, വിപുലീകരണം, വൈവിദ്ധ്യവൽക്കരണം എന്നീ പദ്ധതികൾ ഉൾപ്പെടുത്തികൊണ്ടുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു.

(സി) സംരംഭക സൗകര്യ സൂചികയിൽ കേരളത്തെ കൂടുതൽ മുന്നിലെത്തിക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

കേന്ദ്ര സർക്കാരിന്റെ 2020-ലെ ബിസിനസ്സ് റിഫോം ആക്ഷൻ പ്ലാൻ അനുസരിച്ച് 301 ദൗത്യങ്ങളാണ് സംസ്ഥാനങ്ങളോട് പൂർത്തീകരിക്കാൻ നിർദ്ദേശിച്ചിരുന്നത്. ഇവയിൽ 47 ദൗത്യങ്ങൾ കേരള സംസ്ഥാനത്തിന് ബാധകമല്ലാത്തതാണ്. സംസ്ഥാനത്തിന് ബാധകമായ ബാക്കിയുള്ള 254 ദൗത്യങ്ങളിൽ 238 എണ്ണം പൂർത്തിയാക്കിയിട്ടുണ്ട്. ഇപ്രകാരം 94% ദൗത്യങ്ങളും സംസ്ഥാനം പൂർത്തീക

രിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ വ്യവസായ വികസന പുരോഗതി സർക്കാർ വിവിധ ഘട്ടങ്ങളിൽ വിലയിരുത്തുകയും ക്രിയാത്മകമായ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. ഒരു വ്യവസായ സംരംഭം തുടങ്ങുന്നതിനും നടത്തിക്കൊണ്ട് പോകുന്നതിനും വിവിധ വകുപ്പുകളിൽനിന്നും സമയബന്ധിതമായി അനുമതികൾ ലഭ്യമാക്കേണ്ടതുണ്ട്. കാലഹരണപ്പെട്ടവയും, ആവർത്തനസ്വഭാവമുള്ളവയുമായ നിയമങ്ങളിലും ചട്ടങ്ങളിലും കാലാനുസൃതമായ ഭേദഗതികൾ വരുത്തുക, സംരംഭകർക്ക് അനുമതികൾ ലഭ്യമാക്കുന്നതിന് വകുപ്പുകൾ ഓൺലൈൻ സംവിധാനങ്ങൾ ഏർപ്പെടുത്തുക, സംരംഭകരുടെ പരാതികൾക്കും സംശയങ്ങൾക്കും പരിഹാരങ്ങൾ നിർദ്ദേശിക്കാൻ വേണ്ട സംവിധാനങ്ങൾ ഒരുക്കുക എന്നിവ പരമപ്രധാനങ്ങളാണ്. വ്യാവസായിക അനുമതികൾ നൽകുന്നതിന് വിവിധ വകുപ്പുകൾ ഏർപ്പെടുത്തിയിട്ടുള്ള ഓൺലൈൻ സംവിധാനങ്ങൾ ഇപ്പോൾ തന്നെ നിലവിലുണ്ട്. ഇത് വിപുലീകരിച്ച് കൂടുതൽ വകുപ്പുകൾ ഇത്തരത്തിൽ സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതുണ്ട്. വിവിധ വകുപ്പുകൾ സംരംഭകർക്ക് ലഭ്യമാക്കേണ്ട അനുമതികൾക്കായുള്ള അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കിയില്ലെങ്കിൽ അത്തരം പരാതികൾ പരിഗണിക്കുന്നതിനും അവ സമയബന്ധിതമായി പരിഹരിക്കുന്നതിനുംവേണ്ടി നിയമപിന്തുണയുള്ള ഒരു പരാതിപരിഹാര കമ്മിറ്റി രൂപീകരിക്കുന്നുണ്ട്. 1999-ലെ കേരള വ്യവസായ ഏകജാലക ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും നിയമത്തിൽ ആവശ്യാനുസൃതമായ ഭേദഗതികൾ വരുത്തിക്കൊണ്ടാണ് പ്രസ്തുത കമ്മിറ്റി രൂപീകരിക്കുന്നത്. വിവിധ വകുപ്പുകൾ ഒരുമിച്ച് പരിശോധന നടത്തുവാൻവേണ്ടി ഒരു ഓൺലൈൻ ഏകീകൃത പരിശോധനാ സംവിധാനം ഏർപ്പെടുത്തുന്നതാണ്. ഇവയെല്ലാം നടപ്പാകുന്നതിലൂടെ സംസ്ഥാനത്തിന്റെ വ്യവസായ വികസന പുരോഗതിയുടെ വേഗം കൂട്ടുവാൻ സാധിക്കുന്നതാണ്. കൂടാതെ ഇവയെല്ലാം പൂർത്തീകരിക്കുന്നതോടെ സംസ്ഥാനത്തിന്റെ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് റാങ്കിംഗും മെച്ചപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു.

## നിലമ്പൂർ താലൂക്ക് വ്യവസായ ഓഫീസ്

164(178) ശ്രീ. പി. വി. അൻവർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ താലൂക്ക് വ്യവസായ ഓഫീസ് ഇപ്പോൾ പ്രവർത്തിക്കുന്നത് എവിടെയാണ്; ഓഫീസ് കെട്ടിടം വാടകയ്ക്കാണോ പ്രവർത്തിക്കുന്നതെന്നും എത്ര രൂപയാണ് പ്രതിവർഷം വാടകയിനത്തിൽ നൽകുന്നതെന്നും എന്നുമുതലാണ് ഓഫീസ് വാടക കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്നതെന്നും ഇതുവരെ നൽകിയ ആകെ വാടക എത്രയാണെന്നും അറിയിക്കാമോ?

2015-ൽ പ്രവർത്തനമാരംഭിച്ച നിലമ്പൂർ താലൂക്ക് വ്യവസായ ഓഫീസ് ഇപ്പോൾ പ്രവർത്തിക്കുന്നത് വണ്ടൂർ ബ്ലോക്ക് ഓഫീസ് കെട്ടിടത്തിലാണ്. ബ്ലോക്ക് ഓഫീസ് സൗജന്യമായാണ് കെട്ടിടം നൽകിയിരിക്കുന്നത് എന്നതിനാൽ വാടകയിനത്തിൽ തുകയൊന്നും ചെലവഴിച്ചിട്ടില്ല.

(ബി) നിലമ്പൂർ താലൂക്ക് വ്യവസായ ഓഫീസിന്റെ പ്രവർത്തനം നിലമ്പൂർ മിനി സിവിൽ സ്റ്റേഷനിലേയ്ക്ക് മാറ്റുന്നതിനുവേണ്ടി അപേക്ഷ സമർപ്പിച്ചിരുന്നോ; എങ്കിൽ എന്നാണ് അപേക്ഷ സമർപ്പിച്ചതെന്നും ആർക്കാണ് അപേക്ഷ നൽകിയതെന്നും അറിയിക്കാമോ; അപേക്ഷയുടെ പകർപ്പ് ലഭ്യമാക്കാമോ?

അപേക്ഷ സമർപ്പിച്ചിരുന്നു. നിലമ്പൂരിൽ പണി പൂർത്തിയായ നിർദ്ദിഷ്ട മിനി സിവിൽ സ്റ്റേഷനിൽ 1000 ചതുരശ്ര അടി വിസ്താരമുള്ള ഒരു മുറി അനുവദിക്കണമെന്ന് അപേക്ഷിച്ച് നിലമ്പൂർ താലൂക്ക് ഉപജില്ലാ വ്യവസായ ഓഫീസർ നിലമ്പൂർ തഹസീൽദാർക്ക് 26-2-2020-ൽ ഒരു അപേക്ഷ സമർപ്പിച്ചിരുന്നു. അപേക്ഷയുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(സി) താലൂക്ക് ആസ്ഥാനമായ നിലമ്പൂരിൽ പ്രവർത്തിക്കേണ്ട താലൂക്ക് വ്യവസായ ഓഫീസ് മറ്റൊരിടത്ത് പ്രവർത്തിപ്പിക്കുന്നതിന് പിന്നിൽ ചില ഉദ്യോഗസ്ഥരുടെ നിക്ഷിപ്ത താൽപ്പര്യങ്ങളുണ്ടോ; ചില ഉദ്യോഗസ്ഥരുടെ ഇടപെടൽ മൂലമാണോ നിലമ്പൂരിലേയ്ക്ക് വ്യവസായ ഓഫീസ് മാറുന്നതിന് അപേക്ഷ നൽകുന്നതിൽ പോലും വീഴ്ചയുണ്ടാകാൻ കാരണമെന്ന് വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) നിലമ്പൂരിൽ അടുത്തുതന്നെ നിർമ്മാണം തുടങ്ങാൻ പോകുന്ന റവന്യൂ ടവറിലേയ്ക്ക് താലൂക്ക് വ്യവസായ ഓഫീസ് മാറ്റുന്നതിന് നടപടി സ്വീകരിക്കുകയോ തഹസിൽദാർക്ക് അപേക്ഷ നൽകുകയോ ചെയ്തിട്ടുണ്ടോയെന്ന് അറിയിക്കാമോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ?

നിലമ്പൂർ മിനി സിവിൽ സ്റ്റേഷനിൽ നിലവിൽ ഒഴിവില്ലെന്നും നിർമ്മാണം തുടങ്ങാൻ പോകുന്ന റവന്യൂ ടവറിൽ 74.36 ചതുരശ്ര മീറ്റർ (800 ft) സ്ഥലം വ്യവസായ ഓഫീസിനുവേണ്ടി നീക്കിവച്ചിട്ടുണ്ടെന്നും നിലമ്പൂർ തഹസീൽദാർ അറിയിച്ചിട്ടുണ്ട്. നിലമ്പൂർ താലൂക്ക് തലത്തിൽ പ്രവർത്തിക്കേണ്ട നിലമ്പൂർ താലൂക്ക് വ്യവസായ കേന്ദ്രത്തിന്റെ സുഗമമായ പ്രവർത്തനത്തിന് നിലമ്പൂർ മിനി സിവിൽസ്റ്റേഷനിൽ 1000 ചതുരശ്ര അടി വിസ്താരമുള്ള ഒരു മുറി ലഭ്യമാക്കുന്നത് സംബന്ധിച്ച് മലപ്പുറം ജില്ലാ കളക്ടറോട് റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണ്.

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## വ്യവസായ സ്ഥാപനങ്ങളിലെ പരിശോധന

165(179) ശ്രീമതി കാനത്തിൽ ജമീല:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:
ശ്രീ. പി. പി. സുമോദ്:
ശ്രീമതി ദെലീമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ സ്ഥാപനങ്ങളിലെ പരിശോധനയ്ക്ക് നിലവിലുള്ള സംവിധാനങ്ങൾ പര്യാപ്തമാണെന്ന് സർക്കാർ കരുതുന്നുണ്ടോ; വിശദമാക്കുമോ;

&

(ബി) നിലവിൽ ഏതെല്ലാം തരത്തിലുള്ള പരിശോധനകളാണ് വ്യവസായ സ്ഥാപനങ്ങളിൽ നടക്കുന്നതെന്ന് അറിയിക്കാമോ?

വ്യവസായ സ്ഥാപനങ്ങളിലെ പരിശോധനാ സമ്പ്രദായത്തിൽ കാലോചിതമായ മാറ്റംവരുത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. വ്യവസായ വകുപ്പ് റിയാബ് മുഖേന എല്ലാ മാസവും നടത്തിവരുന്ന പ്രവർത്തന അവലോകന സംവിധാനമാണ് ഇപ്പോൾ നിലവിലുള്ളത്. കൂടാതെ സ്ഥാപനങ്ങളുടെ പ്രവർത്തനം സംബന്ധിച്ച് എന്തെങ്കിലും വിഷയങ്ങൾ ശ്രദ്ധയിൽപ്പെടുമ്പോൾ അതുസംബന്ധിച്ച് പ്രാഥമിക പരിശോധന റിയാബ് മുഖേന സർക്കാർ നടത്താറുണ്ട്. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ നിലവിലുള്ള നിയമങ്ങൾ സംരംഭകർ പാലിക്കുന്നത് ഉറപ്പുവരുത്തുന്നതിനായി സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, ലേബർ വകുപ്പ്, ഫാക്ടറീസ് & ബോയിലേഴ്സ് തുടങ്ങിയ വിവിധ വകുപ്പുകൾ പല അവസരങ്ങളിൽ പരിശോധന നടത്താറുണ്ട്. ഇവ കൂടാതെ അക്കൗണ്ടന്റ് ജനറലിന്റെ ഓഫീസ് ഇൻസ്പെക്ഷൻ ആഡിറ്റ്, കംപ്ലെയിൻസ് ആഡിറ്റ്, പെർഫോമൻസ് ആഡിറ്റ് എന്നിവയും നിലവിലുണ്ട്.

(സി) ഓരോ സ്ഥാപനത്തിലും ഓരോ വകുപ്പും പ്രത്യേകം പരിശോധന നടത്തുന്നതിനുപകരം കേന്ദ്രീകൃതമായ പരിശോധനാ സംവിധാനത്തിന് സർക്കാർ രൂപം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉണ്ട്. വ്യവസായ സ്ഥാപനങ്ങളിലെ പരിശോധനാ സംവിധാനം പുനഃക്രമീകരിച്ചുകൊണ്ട് വിവിധ വകുപ്പുകൾ ഉൾപ്പെടുന്ന സോഫ്റ്റ്‌വെയർ അധിഷ്ഠിത ഏകീകൃത പരിശോധന സംവിധാനം ആരംഭിക്കുന്നതിന്റെ നടപടികൾ അന്തിമഘട്ടത്തിലാണ്.

## കോവിഡ് വാക്സിൻ ഉത്പാദനം

166(180) <u>ശ്രീ. പി. ഉബൈദുള്ള</u>:
<u>ശ്രീ. ടി. വി. ഇബ്രാഹിം</u>:
<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>:
<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡ് വാക്സിൻ ഉത്പാദിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ വ്യവസായ വകുപ്പ് ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ വാക്സിൻ ഉത്പാദനം ഏതുഘട്ടത്തിലാണെന്ന് അറിയിക്കുമോ;

&

(സി) എന്നത്തേയ്ക്ക് ഉത്പാദനം പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ?

(എ-സി) സംസ്ഥാനത്ത് കോവിഡ് വാക്സിൻ ഉത്പാദിപ്പിക്കുന്നതിനുള്ള ചർച്ചകൾ വിവിധ വാക്സിൻ നിർമ്മാതാക്കളുമായി നടത്തിവരുന്നു.

## കോവിഡ് പ്രതിരോധത്തിന്റെ ഭാഗമായുള്ള വ്യവസായ വകുപ്പ് പദ്ധതികൾ

167(181) <u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: താഴെക്കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവിഡ് പ്രതിരോധത്തിന്റെ ഭാഗമായി വ്യവസായ വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെയും പ്രവർത്തനങ്ങളുടെയും വിശദാംശങ്ങൾ അറിയിക്കുമോ?

കോവിഡ് -19 മഹാമാരി വരുത്തിവച്ച ലോക്ക്ഡൗൺ ഉൾപ്പെടെയുള്ള വിവിധ സാഹചര്യങ്ങളുടെ ഭാഗമായി തളർന്നുപോയ സൂക്ഷ്മ-ചെറുകിട- ഇടത്തരം വ്യവസായ മേഖലയെ തിരിച്ചുകൊണ്ടുവരുന്നതിനായി കേരള സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതിയാണ് വ്യവസായ ഭദ്രത. 20-5-2020-ലെ GO(MS).No 56/2020/ID പ്രകാരം പ്രഖ്യാപിച്ച വ്യവസായ ഭദ്രതാ പാക്കേജിൽ വ്യവസായ വാണിജ്യ വകുപ്പുമായി ബന്ധപ്പെട്ട ചുവടെ വിവരിക്കുന്ന പദ്ധതികളാണ് ഉൾപ്പെട്ടിരുന്നത്.

1. സംരംഭക സഹായ പദ്ധതി (ESS) ഉദാരവൽക്കരണം
2. അധിക പ്രവർത്തന മൂലധനത്തിനുവേണ്ടി മാർജിൻ മണി അസിസ്റ്റൻസ് & MSME-കൾക്കുള്ള അധിക പ്രവർത്തനമൂലധനത്തിന് പലിശ ധനസഹായം

3. MSME-കൾക്ക് നൽകുന്ന അധിക Term ലോണിനുള്ള പലിശ ധനസഹായം മേൽ വിവരിച്ചവയിൽ സംരംഭക സഹായ പദ്ധതി (ESS) ഉദാരവൽക്കരണം നടപ്പിലാക്കുന്നതിലേയ്ക്കായി സംരംഭക സഹായ പദ്ധതിയുടെ മാർഗ്ഗരേഖ 24-11-2020-ലെ GO(MS) No.103/2020/ID പ്രകാരം ഭേദഗതി ചെയ്ത് നടപ്പിലാക്കിയിട്ടുണ്ട്. ആയതിലെ പ്രധാന സവിശേഷതകൾ

(a) SC/ST, വനിതകൾ, യുവാക്കൾ എന്നിവർ ആരംഭിക്കുന്ന MSME യൂണിറ്റുകൾക്ക് നിലവിൽ നൽകിവരുന്ന 20% സബ്സിഡി 25% സബ്സിഡിയായി വർദ്ധിപ്പിച്ചു. ഈ പ്രത്യേക വിഭാഗത്തിലേയ്ക്ക് പ്രവാസി കൾ ആരംഭിക്കുന്ന MSME യൂണിറ്റുകളെക്കൂടി ഉൾപ്പെടുത്തി ആനുകൂല്യം നൽകുന്നതാണ്.

(b) മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെട്ട MSME യൂണിറ്റുകളുടെ പട്ടികയിൽ 'Pharmaceutical industries and health care products manu facturing industries' യൂണിറ്റുകളെ ഉൾപ്പെടുത്തി ജനറൽ വിഭാഗത്തിന് അനുവദിക്കുന്ന 15% നിക്ഷേപ സബ്സിഡിക്കുപുറമേ 10% സബ്സിഡി കൂടി അനുവദിച്ചു.

(c) അനുവദിക്കുന്ന തുകകൾക്ക് ബന്ധപ്പെട്ട ബാങ്കുകളുടെയും/ധനകാര്യ സ്ഥാപനങ്ങളുടെയും സഹായത്തോടെ ESS-ന് ബിൽ ഡിസ്കൗണ്ടിംഗ് സ്കീം (BDS) നടപ്പാക്കുന്നതിന് തീരുമാനിച്ചു.

മേൽ വിവരിച്ചവയിൽ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖാന്തരം നടപ്പിലാക്കുന്ന Scheme for Interest Subvention on Term Loan and working capital loan പദ്ധതി പ്രകാരം 1-4-2020 മുതൽ 31-12-2020 വരെ MSME യൂണിറ്റുകൾ (ഉൽപ്പാദക മേഖലയിലും ജോബ് വർക്ക് ചെയ്യുന്നതുമായിട്ടുള്ള) എടുക്കുന്ന വായ്പകൾക്ക് 50% താങ്ങുപലിശ 6 മാസത്തേയ്ക്ക് പരമാവധി ഓരോ ലോണിനും (Term Loan/Working capital) 30,000 രൂപ (യൂണിറ്റിന് പരമാവധി 60,000 രൂപ) വരെ അനുവദിച്ച് വരുന്നുണ്ട്. കൂടാതെ സംസ്ഥാനത്തെ എം.എസ്.എം.ഇ. മേഖലയ്ക്ക് കോവിഡ്മൂലം നേരിട്ട ആഘാതം കുറയ്ക്കുന്നതിനായി ഈ സർക്കാർ 1416 കോടി രൂപയുടെ COVID-19 സമാശ്വാസ പദ്ധതി എന്ന പേരിൽ ഒരു ദുരിതാശ്വാസ പാക്കേജ് പ്രഖ്യാപിച്ച് നടപ്പിലാക്കിവരുന്നുണ്ട്. കോവിഡ്-19-ന്റെ സാഹചര്യത്തിൽ മുൻവർഷം പ്രഖ്യാപിച്ച വ്യവസായ ഭദ്രതാ പാക്കേജിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്ന പലിശയിളവ് പദ്ധതി (Scheme for interest Subvention on term Loan and Working Capital Loan) കൂടുതൽ ഇളവുകളോടെ

നടപ്പിലാക്കും. 2020 ഡിസംബർ 31 വരെ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും നേടുന്ന വായ്പകൾക്കാണ് പലിശയിളവ് നൽകിയിരുന്നത്. ഇത് 2021 ഡിസംബർ 31 വരെയുള്ള വായ്പകൾക്കായി ഒരു വർഷത്തേയ്ക്കുകൂടി ദീർഘിപ്പിക്കും. ഈ പദ്ധതി അനുസരിച്ച് ധനകാര്യ സ്ഥാപനങ്ങളിൽനിന്നും വായ്പ ലഭിക്കുന്ന എല്ലാ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്കും 12 മാസത്തേയ്ക്ക് 50% പലിശസഹായം ലഭ്യമാകും. പരമാവധി യൂണിറ്റിന് 1,20,000 രൂപ വരെയാണ് സഹായം അനുവദിക്കുക. നിലവിലെ സംരംഭക സഹായ പദ്ധതി മാർഗ്ഗരേഖപ്രകാരം താഴെപ്പറയുന്ന ആനുകൂല്യങ്ങൾ ലഭിക്കും.

1. യോഗ്യതയുള്ള ഒരു യൂണിറ്റിന് ലഭിക്കുന്ന പരമാവധി സബ്സിഡി പൊതു വിഭാഗങ്ങൾക്ക് 20 ലക്ഷത്തിൽ നിന്ന് 30 ലക്ഷമായി ഉയർത്തും.

2. പിന്നോക്ക ജില്ലകളിലെ വ്യവസായങ്ങൾക്കും മുൻഗണന വ്യവസായ ങ്ങൾക്കും പരമാവധി 30 ലക്ഷം രൂപ എന്നത് 40 ലക്ഷം രൂപ വരെ ഉയർത്തും.

3. ചെറുകിട യൂണിറ്റുകൾക്ക് നല്കുന്ന മാർജിൻ മണിഗ്രാന്റ് സഹായത്തിന്റെ വ്യാപ്തി വിപുലീകരിച്ച് സേവനമേഖലയിൽ ഉൾപ്പെട്ടിരിക്കുന്ന നാനോ യൂണിറ്റുകളെക്കൂടി പദ്ധതി പ്രകാരം സഹായത്തിന് യോഗ്യരാക്കും.

4. നിലവിൽ 5 ലക്ഷം രൂപ വരെ മൂലധന നിക്ഷേപമുള്ള യൂണിറ്റുകൾക്കു മാത്രമേ നാനോ യൂണിറ്റുകൾക്കുള്ള പലിശ ഇളവ് പദ്ധതി അനുവദിച്ചിട്ടുള്ളൂ. ഈ സഹായത്തിനായി 10 ലക്ഷം രൂപ വരെ മൂലധനനിക്ഷേപമുള്ള എല്ലാ നാനോ യൂണിറ്റുകളും ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനുപുറമെ, 10 ലക്ഷം രൂപ മൂലധനനിക്ഷേപമുള്ള എല്ലാ സേവനമേഖല നാനോ യൂണിറ്റുകളും ഈ പദ്ധതി പ്രകാരം യോഗ്യമാകും. കൂടാതെ കോവിഡ്-19-മൂലം MSME മേഖലയ്ക്ക് നേരിട്ട ആഘാതം കുറയ്ക്കുന്നതിനായി കേന്ദ്രസർക്കാരിന്റെ 'ആത്മനിർഭർ ഭാരത് അഭിയാൻ' പാക്കേജിന്റെ ഭാഗമായി എമർജൻസി ക്രെഡിറ്റ് ലൈൻ ഗ്യാരണ്ടി സ്കീം (ECLGS), ക്രെഡിറ്റ് ഗ്യാരണ്ടി സ്കീം ഫോർ സബോർഡിനേറ്റ് ഡെപ്റ്റ് (CGSSD), പി.എം. ഫോർമാലിസേഷൻ ഓഫ് മൈക്രോ ഫുഡ്പ്രോസസ്സിംഗ് എന്റർപ്രൈസസ് (PMFME) തുടങ്ങിയ പദ്ധതികളും വ്യവസായ-വാണിജ്യ വകുപ്പ് മുഖേന നടപ്പിലാക്കിവരുന്നു. വ്യവസായ വകുപ്പിലെ പൊതുമേഖലാ സ്ഥാപനമായ കിൻഫ്രയുടെ വ്യവസായ പാർക്കുകളിലെ ബഹുനില ഫാക്ടറി കെട്ടിട സമുച്ചയങ്ങളിലെ സംരംഭകർ നൽകേണ്ട വാടകയും കോമൺ ഫെസിലിറ്റി ചാർജ്ജും എപ്രിൽ 2021 മുതൽ ജൂൺ 2021 വരെ ഒഴിവാക്കിയിട്ടുണ്ട്. കിൻഫ്രയുടെ പാർക്കുകളിലെ ഭൂമിയുടെ വില 2020 മാർച്ചിലെ സ്ഥിതി തുടരുന്നതാണ്. സംരംഭകന് 20% ഡൗൺ പേമെന്റ് അടച്ചശേഷം അടുത്ത 5 വർഷത്തിനുള്ളിൽ തുല്യ തവണകളായി പലിശ ഒഴിവാക്കി അടച്ചാൽ മതിയാകും.

## വ്യാപാര വ്യവസായികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ

168(182) ശ്രീ. തോമസ് കെ. തോമസ്:

ശ്രീ. കെ. ബി. ഗണേഷ് കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് ലോക്ക്ഡൗണിന്റെ പശ്ചാത്തലത്തിൽ വ്യാപാരി-വ്യവസായികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

&

(ബി) വ്യാപാരി-വ്യവസായികളുടെ അതിജീവനത്തിന് കൂടുതൽ ഇളവുകൾ അനുവദിക്കുന്നതിനും കൂടുതൽ വായ്പകൾ കുറഞ്ഞ പലിശയ്ക്ക് നൽകുന്നതിനും നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

കോവിഡിന്റെ പശ്ചാത്തലത്തിൽ ഏർപ്പെടുത്തിയ ലോക്ക്ഡൗൺമൂലം ആവശ്യത്തിന് ഉൽപ്പാദനമില്ലായ്മ, അസംസ്കൃതവസ്തുക്കളുടെ നഷ്ടം, വ്യാപാര നഷ്ടം, തൊഴിൽ വേതനം, ശമ്പളച്ചെലവുകൾ, ബാങ്ക് ലോൺ അടവ്, മറ്റ് നിയമപരമായ തിരിച്ചടവുകൾ തുടങ്ങിയ പ്രശ്നങ്ങളും അഭിമുഖീകരിച്ച എം.എസ്.എം.ഇ.-കളെ സഹായിക്കുന്നതിനായി കേരള സർക്കാർ പ്രഖ്യാപിച്ച ഒരു പ്രത്യേക പാക്കേജ് ആണ് "വ്യവസായ ഭദ്രത" . 20-5-2020-ലെ G.O.(MS).No. 56/2020/ID പ്രകാരം പ്രഖ്യാപിച്ച വ്യവസായ ഭദ്രതാ പാക്കേജിൽ ചുവടെ വിവരിക്കുന്ന 17 പദ്ധതികളാണ് ഉൾപ്പെട്ടിരുന്നത്.

1. പുതിയ ലാൻഡ് പ്രീമിയം പെയ്മെന്റ് പോളിസി 2. ലാൻഡ് പ്രീമിയം ഒരു വർഷത്തേയ്ക്ക് മരവിപ്പിക്കുന്നത് 3. മൂന്ന് മാസത്തേയ്ക്ക് സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി (SDF) വാടക ഉപേക്ഷിക്കുന്നത് 4. കോമൺ ഫെസിലിറ്റി ചാർജ്ജുകൾ 3 മാസത്തേയ്ക്ക് ഉപേക്ഷിക്കുന്നത് 5. KSIDC-യിൽ ടോപ് അപ് ലോണുകൾ 6. KSIDC-യുടെ നിലവിലുള്ള ഉപഭോക്താക്കൾക്ക് പീനൽ ഇന്ററസ്റ്റ് ഒഴിവാക്കുന്നത് 7. മുതലും പലിശയും അടയ്ക്കുന്നതിനുള്ള മൊറട്ടോറിയം 8. KSIDC-ക്കും KINFRA-യ്ക്കുമുള്ള ഒറ്റത്തവണ തീർപ്പാക്കൽ പോളിസി 9. MSME-കൾക്ക് സ്വത്തുക്കൾ സൃഷ്ടിക്കുന്നതിനായി KSIDC നൽകുന്ന പ്രത്യേക വായ്പ, 10. സംരംഭക സഹായ പദ്ധതി (ESS) ഉദാരവൽക്കരിക്കുന്നത് 11. എ) അധിക പ്രവർത്തനമൂലധനത്തിനുവേണ്ടി മാർജിൻ മണി അസിസ്റ്റൻസ് ബി) MSME കൾക്കുള്ള അധിക പ്രവർത്തന മൂലധനത്തിന് പലിശ ധനസഹായം 12. MSME കൾക്ക് നൽകുന്ന അധിക ടേം ലോണിനുള്ള പലിശ ധനസഹായം 13. മൂന്ന് മാസത്തേയ്ക്ക് തൊഴിലുടമകൾ നൽകുന്ന ESI വിഹിതം 14.തൊഴിലുടമകളുടെ PF വിഹിതം മൂന്ന് മാസത്തേയ്ക്ക് ദീർഘിപ്പിക്കുന്നത് 15. NPA വ്യവസ്ഥകൾ നവീകരിക്കുന്നത് 16. മുതലും പലിശയും അടയ്ക്കുന്നതിനുള്ള മൊറട്ടോറിയം 6 മാസത്തേയ്ക്ക് ദീർഘിപ്പിക്കുന്നത് 17. MSME-കളുടെ

മൊറട്ടോറിയം അടയ്ക്കുന്നതിനുള്ള കാലയളവ്. കോവിഡ് രണ്ടാം തരംഗത്തെ തുടർന്ന് രൂപീകരിച്ച കോവിഡ്-19 സമാശ്വാസ പദ്ധതി എന്ന പേരിൽ ഒരു ദുരിതാശ്വാസ പാക്കേജ് ഈ സർക്കാർ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത പാക്കേജിൽ താഴെപ്പറയുന്ന ദുരിതാശ്വാസ പദ്ധതികൾ വ്യവസായ വാണിജ്യ വകുപ്പുവഴി നടപ്പിലാക്കുന്നുണ്ട്.

1. കോവിഡ്-19-ന്റെ സാഹചര്യത്തിൽ മുൻവർഷം പ്രഖ്യാപിച്ച വ്യവസായ ഭദ്രത പാക്കേജിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്ന പലിശ ഇളവ് പദ്ധതി (Scheme for interest Subvention on term Loan and Working Capital Loan) കൂടുതൽ ഇളവുകളോടെ നടപ്പിലാക്കും. 2020 ഡിസംബർ 31 വരെ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും നേടുന്ന വായ്പകൾക്കാണ് പലിശയിളവ് നൽകിയിരുന്നത്. ഇത് 2021 ഡിസംബർ 31 വരെയുള്ള വായ്പകൾക്കായി ഒരു വർഷത്തേയ്ക്കുകൂടി ദീർഘിപ്പിക്കും. ഈ പദ്ധതി അനുസരിച്ച് ധനകാര്യസ്ഥാപനങ്ങളിൽനിന്നും വായ്പ ലഭിക്കുന്ന എല്ലാ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്കും 12 മാസത്തേയ്ക്ക് 50% പലിശസഹായം ലഭ്യമാകും. പരമാവധി യൂണിറ്റിന് 1,20,000 രൂപ വരെയാണ് സഹായം അനുവദിക്കുക. 2. നിലവിലെ ESS മാർഗരേഖപ്രകാരം യോഗ്യതയുള്ള ഒരു യൂണിറ്റിന് ലഭിക്കുന്ന പരമാവധി സബ്സിഡി പൊതുവിഭാഗങ്ങൾക്ക് 20 ലക്ഷത്തിൽ നിന്ന് 30 ലക്ഷമായി ഉയർത്തും. പിന്നോക്ക ജില്ലകളിലെ വ്യവസായങ്ങൾക്കും മുൻഗണനാ വ്യവസായങ്ങൾക്കും പരമാവധി 30 ലക്ഷം രൂപ എന്നത് 40 ലക്ഷം രൂപ വരെ ഉയർത്തും. 3. ചെറുകിട യൂണിറ്റുകൾക്ക് നല്കുന്ന മാർജിൻ മണിഗ്രാന്റ് സഹായത്തിന്റെ വ്യാപ്തി വിപുലീകരിച്ച് സേവനമേഖലയിൽ ഉൾപ്പെട്ടിരിക്കുന്ന നാനോ യൂണിറ്റുകൾകൂടി പദ്ധതിപ്രകാരം സഹായത്തിന് യോഗ്യരാക്കും. 4. നിലവിൽ 5 ലക്ഷം രൂപ വരെ മൂലധന നിക്ഷേപമുള്ള യൂണിറ്റുകൾക്ക് മാത്രമേ നാനോ യൂണിറ്റുകൾക്കുള്ള പലിശയിളവ് പദ്ധതി അനുവദിച്ചിട്ടുള്ളൂ. ഈ സഹായത്തിനായി 10 ലക്ഷം രൂപ വരെ മൂലധനനിക്ഷേപമുള്ള എല്ലാ നാനോ യൂണിറ്റുകളും ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനുപുറമേ, 10 ലക്ഷം രൂപ മൂലധനനിക്ഷേപമുള്ള എല്ലാ സേവനമേഖല നാനോ യൂണിറ്റുകളും ഈ പദ്ധതിപ്രകാരം യോഗ്യമാകും. ഇതുകൂടാതെ വ്യാപാരി ക്ഷേമനിധി ബോർഡ് 2020-21 സാമ്പത്തിക വർഷത്തിൽ ദുരിതത്തിലായ വ്യാപാരി ക്ഷേമനിധി അംഗങ്ങൾക്ക് പിഴ ഒഴിവാക്കി അംഗത്വം പുതുക്കുന്നതിന് അവസരം നൽകിയിട്ടുണ്ട്. അതോടൊപ്പം അംഗത്വം പുതുക്കുന്നതിനുള്ള കാലാവധിയും നീട്ടിയിട്ടുണ്ട്. സർക്കാരിൽ നിന്നോ വ്യാപാരി ക്ഷേമനിധിയിൽ നിന്നോ പെൻഷനോ മറ്റ് കോവിഡ് സാമ്പത്തിക സഹായമോ ലഭിക്കാത്ത വ്യാപാരി ക്ഷേമനിധി അംഗങ്ങൾക്ക് 1,000 രൂപ കോവിഡ് 19 ലോക്ക്ഡൗൺ ധനസഹായം അനുവദിച്ച് വിതരണം ചെയ്തുവരുന്നുണ്ട്. വ്യാപാരി ക്ഷേമനിധി വഴി 9000 അംഗങ്ങൾക്ക് പ്രതിമാസം പെൻഷൻ വിതരണം ചെയ്തുവരുന്നുമുണ്ട്.

**ക്വാറി മാഫിയയ്ക്ക് എതിരെ സ്വീകരിച്ച നടപടി**

169(183) ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാർ ഗ്യാപ്പ് റോഡിൽനിന്നും 30 കോടിരൂപയിലധികം രൂപയുടെ പാറ അനധികൃതമായി പൊട്ടിച്ച് മാറ്റിയ ക്വാറി മാഫിയയ്ക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

മൂന്നാർ ഗ്യാപ്പ് റോഡിൽനിന്നും അനധികൃതമായി 44747.52 ക്യൂബിക് മീറ്റർ കരിങ്കല്ല് നീക്കം ചെയ്തതായി തഹസീൽദാർ 2018-ൽ റിപ്പോർട്ട് ചെയ്തതിനെ ത്തുടർന്ന് 2015-ലെ കേരള മൈനർ മിനറൽ കൺസെഷൻ ചട്ടങ്ങൾ പ്രകാരം റോയൽറ്റിയും വിലയും ഈടാക്കുന്നതിന് കോൺട്രാക്ടർക്ക് നോട്ടീസ് നൽകുകയും 80,54,554 രൂപ ഈടാക്കിയിട്ടുള്ളതുമാണ്. ടി സ്ഥലത്ത് വീണ്ടും അനധികൃത ഖനനം നടക്കുന്നതായുള്ള 25-6-2021-ലെ ദേവികുളം സബ്കളക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ റോയൽറ്റിയും വിലയും ചട്ടപ്രകാരം നിശ്ചയിച്ച് കൊടുത്തിട്ടുള്ളതും അനധികൃത ഖനനം നടത്തിയ കോൺട്രാക്ടർക്ക് ഷോ കോസ് നോട്ടീസ് നൽകിയിട്ടുള്ളതുമാണ്.

(ബി) 30 കോടിരൂപയിലധികം രൂപയുടെ പാറ പൊട്ടിച്ച് കടത്തിയവരിൽ നിന്നും വെറും നാലര കോടി രൂപ നഷ്ടപരിഹാരം ഈടാക്കിയാൽ മതി എന്ന രീതിയിൽ ജിയോളജി വകുപ്പ് റിപ്പോർട്ട് നൽകിയത് എന്ത് അടിസ്ഥാനത്തി ലാണെന്ന് വെളിപ്പെടുത്തുമോ?

25-6-2021-ലെ സബ്കളക്ടറുടെ കത്തുപ്രകാരം 251289.33 M3 (628223.33 MT) കരിങ്കല്ലാണ് അനധികൃതമായി നീക്കം ചെയ്തിട്ടുള്ളതായി അറിയിച്ചിട്ടുള്ളത്. 2015-ലെ കേരള മൈനർ മിനറൽ കൺസെഷൻ ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരം അനധികൃതമായി ഖനനം ചെയ്ത കരിങ്കല്ലിന്റെ റോയൽറ്റിയും വിലയുമാണ് (റോയൽറ്റിയുടെ രണ്ട് ഇരട്ടി) പെനാലിറ്റിയായി ഈടാക്കുവാൻ സാധിക്കുന്നത്. ആകയാൽ റോയൽറ്റി ഇനത്തിൽ 1,50,77,360 രൂപയും വിലയായി 3,01,54,720 രൂപയും ചേർത്ത് 4,52,32,080 രൂപയാണ് ഈടാക്കുവാൻ സാധിക്കുന്നത്. സർക്കാർ ഭൂമിയിൽ ഖനനം നടത്തിയതിന് ആയതിന്റെ പെനാലിറ്റി തുക റവന്യൂ വകുപ്പ് നിശ്ചയിച്ച് ഈടാക്കേണ്ടതുണ്ട്.

(സി) ഈ ഭാഗത്ത് റോഡിൽനിന്നും എത്ര മീറ്റർ ദൂരം വരെയുള്ള പാറപൊട്ടിക്കുന്നതിനാണ് അനുമതി നൽകിയിരുന്നത്; നിലവിൽ എത്ര മീറ്റർ ദൂരം വരെ പാറ അധികമായി പൊട്ടിച്ച് മാറ്റിയിട്ടുണ്ടെന്ന് അറിയിക്കുമോ?

പരാമർശിത സ്ഥലത്ത് പാറ പൊട്ടിക്കുന്നതിന് മൈനിംഗ് & ജിയോളജി വകുപ്പ് അനുമതി നൽകിയിട്ടില്ല. 25-6-2021-ലെ ദേവികുളം ജില്ലാ കളക്ടറുടെ കത്തുപ്രകാരം 2.5 കി.മീ. ദൂരം അനുമതി നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അനുമതി നൽകിയ സ്ഥലത്തുനിന്നും 251289.33 M3 (628223.33 MT) പാറ അധികമായി പൊട്ടിച്ചതായാണ് അറിയിച്ചിട്ടുള്ളത്.

(ഡി) പിഴയായി കുറഞ്ഞ തുക ഈടാക്കുന്നതിലൂടെ സർക്കാരിന് കോടികൾ നഷ്ടം ഉണ്ടാകുന്ന സാഹചര്യത്തിൽ ആയത് ഒഴിവാക്കി മുഴുവൻ തുകയും പിഴയായി ഈടാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

അനധികൃത ഖനനത്തിന് 2015-ലെ കേരള മൈനർ മിനറൽ കൺസെഷൻ ചട്ടങ്ങളിലെ ചട്ടം 108(2) പ്രകാരമാണ് പെനാൽറ്റി കണക്കാക്കുന്നത്. സർക്കാർ ഭൂമിയിൽനിന്നും അനധികൃതമായി ഖനനം ചെയ്ത കരിങ്കല്ലിന്റെ സീനിയറേജ് ഈടാക്കേണ്ടത് റവന്യൂ വകുപ്പായതിനാൽ ഇക്കാര്യം പ്രസ്തുത വകുപ്പിനെ അറിയിച്ചിട്ടുണ്ട്.

(ഇ) അനധികൃതമായി പാറഖനനം നടന്ന സംഭവത്തിൽ ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വെളിപ്പെടുത്തുമോ?

അനധികൃതമായി പാറ ഖനനം ചെയ്ത സംഭവത്തിൽ വകുപ്പിലെ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും എന്തെങ്കിലും വീഴ്ച സംഭവിച്ചിട്ടുണ്ടോ എന്നത് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. അനധികൃത ഖനനം സംബന്ധിച്ച വിവരങ്ങൾ ലഭിച്ചപ്പോൾ തന്നെ ചട്ടപ്രകാരമുള്ള നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**ധാതുപര്യവേക്ഷണം**

170(184) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. എൻ. കെ. അക്ബർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൈനിംഗ് & ജിയോളജി വകുപ്പിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടത്തിവന്ന ധാതുപര്യവേക്ഷണത്തിന്റെ വിശദാംശങ്ങൾ സർക്കാർ പരിശോധിച്ചിട്ടുണ്ടോ?

മൈനിംഗ് & ജിയോളജി വകുപ്പിന്റെ നേതൃത്വത്തിൽ അലൂമിനസ് ലാറ്ററൈറ്റ്, ചൈനാക്ലേ എന്നിവയുടെ പര്യവേക്ഷണം കണ്ണൂർ ജില്ലയിൽ താഴെ പറയുന്ന പ്രദേശങ്ങളിൽ നടത്തിവരുന്നു. മടത്തറ ബ്ലോക്ക് തളിപ്പറമ്പ് താലൂക്കിലെ കുവേരി പാണാപ്പുഴ വില്ലേജുകളിൽ ഉൾപ്പെടുന്നതാണ് ഈ ബ്ലോക്ക്. ഈ ബ്ലോക്കിൽ

36 ഹെക്ടറി-ൽ 9 ബോർ ഹോളിൽ നിന്നായി 235.5 മീ. കോർ ഡ്രില്ലിംഗ് നടത്തുകയുണ്ടായി. ഊരാടിപ്പാറ-കോയിപ്ര ബ്ലോക്ക് - I പയ്യന്നൂർ താലൂക്കിലെ വെള്ളോറ വില്ലേജിൽ ഉൾപ്പെടുന്നതാണ് ഈ ബ്ലോക്ക്. ഈ ബ്ലോക്കിൽ 196 ഹെക്ടറിൽ 49 ബോർ ഹോളിൽ നിന്നായി 1409 മീ. കോർ ഡ്രില്ലിംഗ് നടത്തു കയുണ്ടായി. കോയിപ്ര ബ്ലോക്ക് - II -പയ്യന്നൂർ താലൂക്കിൽ വെള്ളോറ വില്ലേജിൽ ഉൾപ്പെടുന്നതാണ് ഈ ബ്ലോക്ക്. ഈ ബ്ലോക്കിൽ 84 ഹെക്ടറിൽ 21 ബോർ ഹോളിൽ നിന്നായി 607 മീ. കോർ ഡ്രില്ലിംഗ് നടത്തുകയുണ്ടായി. ഏഴുംവയൽ ബ്ലോക്ക് തളപ്പറമ്പ് താലൂക്കിലെ പാണപ്പുഴ വില്ലേജിൽ ഉൾപ്പെടുന്നതാണ് ഈ ബ്ളോക്ക്. ഈ ബ്ലോക്കിൽ 76 ഹെക്ടറിൽ 19 ബോർ ഹോളിൽ നിന്നായി 517 മീ. കോർ ഡ്രില്ലിംഗ് നടത്തുകയുണ്ടായി. കാരക്കുണ്ട് ബ്ലോക്ക് തളപ്പറമ്പ് താലൂക്കിലെ പാണപ്പുഴ വില്ലേജിൽ ഉൾപ്പെടുന്നതാണ് ഈ ബ്ളോക്ക്. ഈ ബ്ലോക്കിൽ 90 ഹെക്ടറിൽ 27 ബോർ ഹോളിൽനിന്നായി 707.7 മീ. കോർ ഡ്രില്ലിംഗ് നടത്തു കയുണ്ടായി. മാവിലംപ്പാറ പ്രദേശം തളിപ്പറമ്പ് താലൂക്കിലെ ചുഴലി വില്ലേജിൽ ഉൾപ്പെടുന്നതാണ് ഈ പ്രദേശം. ഈ പ്രദേശത്തിൽ അലുമിനസ് ലാറ്ററൈറ്റിന്റേയും ചൈനാക്ലേയുടേയും നിക്ഷേപം മനസ്സിലാക്കുന്നതിനായി 5 ബോർ ഹോൾ എടുത്ത് പ്രാഥമിക സർവ്വേ നടത്തുകയുണ്ടായി. പുറവട്ടം ബ്ലോക്ക് പയ്യന്നൂർ താലൂക്കിലെ പെരിങ്ങോം, വെള്ളോറ വില്ലേജിൽ ഉൾപ്പെടുന്നതാണ് ഈ ബ്ലോക്ക്. ഈ ബ്ലോക്കിൽ 60 ഹെക്ടറിൽ 15 ബോർ ഹോളിൽനിന്നായി 371.5 മീ. കോർ ഡ്രില്ലിംഗ് നടത്തുകയുണ്ടായി. ഇവിടെ വർക്ക് പുരോഗമിച്ചുവരികയാണ്. ഇരുവള്ളൂർ ബ്ലോക്ക് തളിപ്പറമ്പ് താലൂക്കിലെ ചുഴലി വില്ലേജിൽ ഉൾപ്പെടുന്നതാണ് ഈ ബ്ലോക്ക്. ഈ ബ്ലോക്കിൽ 52 ഹെക്ടറിൽ 13 ബോർ ഹോളുകളിൽ നിന്നായി 377 മീ. കോർ ഡ്രില്ലിംഗ് നടത്തുകയുണ്ടായി. ഇവിടെ വർക്ക് പുരോഗമിച്ച് വരികയാണ്. കുമ്പളം-കോട്ടപ്പുറം പ്രദേശം കൊല്ലം താലൂക്കിലെ പേരയം വില്ലേജിൽ ഉൾപ്പെടുന്ന ഈ ബ്ലോക്കിൽ 24 ഹെക്ടറിൽ 12 ബോർഹോളുകളിൽ നിന്നായി 540 മീ കോർഡ്രില്ലിംഗ് നടത്തുകയുണ്ടായി. ഇവിടെ ലോഗ്രേഡ് ചൈനാക്ലേയുടെ ഘനം 15 മീറ്ററാണ്. ഏകദേശം 9.6 മില്യൺ ടൺ ലോഗ്രേഡ് ചൈനാക്ലേ ടി പ്രദേശത്തുള്ളതായി കണക്കാക്കിയിട്ടുണ്ട്. പ്രസ്തുത പര്യവേക്ഷണങ്ങളുടെ അന്തിമ റിപ്പോർട്ട് തയ്യാറായിട്ടില്ല.

(ബി) ഏതെല്ലാം ധാതുനിക്ഷേപങ്ങളെ സംബന്ധിച്ച പര്യവേഷണങ്ങളാണ് ഇപ്പോൾ പുരോഗമിക്കുന്നതെന്ന് വ്യക്തമാക്കുമോ?

അലുമിനസ് ലാറ്ററൈറ്റ്/ബോക്സൈറ്റ്, ചൈനാക്ലേ.

(സി) സംസ്ഥാനത്തെ ധാതുനിക്ഷേപങ്ങളായ ചീന കളിമണ്ണ്, സിലിക്ക മണൽ, സ്വർണ്ണം, ലൈംഷെൽ, ബോക്സൈറ്റ്, ഇരുമ്പയിര്, ഡൈമൻഷൻ സ്റ്റോൺ, മണൽ എന്നിവയെക്കുറിച്ചുള്ള ഗവേഷണങ്ങളുടെ വിശദാംശം സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

മുൻകാലങ്ങളിൽ വകുപ്പ് സംസ്ഥാനത്ത് ലഭ്യമായ ധാതുനിക്ഷേപങ്ങളെ കുറിച്ച് സമഗ്രപഠനം നടത്തിയിട്ടുണ്ട്. എന്നാൽ സ്വർണ്ണം, ഇരുമ്പയിര് തുടങ്ങി പല നിക്ഷേപങ്ങളും പരിസ്ഥിതിലോല പ്രദേശങ്ങളിലാണുള്ളത് എന്നതിനാൽ ഖനന സാദ്ധ്യതയില്ല. വകുപ്പ് നടത്തിയിട്ടുള്ള ധാതുപര്യവേക്ഷണങ്ങളുടെ രത്നച്ചുരുക്കം ചുവടെ ചേർക്കുന്നു:- ചീനക്കളിമണ്‍ തിരുവനന്തപുരം ജില്ലയിലെ മേൽതോന്നയ്ക്കൽ, പള്ളിപ്പുറം, വെയ്‌ലൂർ, അണ്ടൂർകോണം, അഴൂർ വില്ലേജുകളിലും കൊല്ലം ജില്ലയിലെ കുണ്ടറ, മുളവന, പള്ളിമണ്‍, വെളിച്ചകാല എന്നീസ്ഥലങ്ങളിലും കണ്ണൂർ ജില്ലയിലെ പഴയങ്ങാടി, കണ്ണപുരം, രാമപുരം, ചെറുതാഴം, പട്ടുവം, മാടായി എന്നീ സ്ഥലങ്ങളിലും കാസർഗോഡ് ജില്ലയിലെ പുതുക്കായ്, കണ്ടുകോട്, എരിക്കുളം, നീലേശ്വരം, പാലായി, സീതാംഗോളി, മിയാപദവ് എന്നീ സ്ഥലങ്ങളിലും വകുപ്പ് പര്യവേക്ഷണം നടത്തി ചീനക്കളിമണ്‍ നിക്ഷേപം കണ്ടെത്തിയിട്ടുണ്ട്. സംസ്ഥാനത്തൊട്ടാകെ ഏകദേശം 172 ദശലക്ഷം ടണ്‍ ചീനക്കളിമണ്‍ നിക്ഷേപം ഉള്ളതായി കണക്കാക്കിയിട്ടുണ്ട്. കേരളത്തിൽ ആലപ്പുഴ മുതൽ ചേർത്തലവരെയുള്ള തീരപ്രദേശത്ത് കാണപ്പെടുന്ന സിലിക്കാമണൽ നിക്ഷേപത്തിൽ ഖനന സാദ്ധ്യതയുള്ള ഏകദേശം 28 ദശലക്ഷം ടണ്‍ ഇനിയും ലഭ്യമാണെന്ന് വകുപ്പ് 2002-2004 കാലയളവിൽ തിട്ടപ്പെടുത്തിയിട്ടുണ്ട്. നിലമ്പൂരിലെ മരുതയിൽ നടത്തിയ പര്യവേക്ഷണ ഫലമായി ടണ്ണിൽ 4 ഗ്രാം എന്ന തോതിൽ സ്വർണ്ണം അടങ്ങിയിട്ടുള്ള 0.55 ദശലക്ഷം ടണ്‍ അയിര് ഉണ്ടെന്ന് തെളിയിച്ചിട്ടുണ്ട്. ലൈംഷെൽ ആലപ്പുഴ, എറണാകുളം, കോട്ടയം ജില്ലകളിലായി വ്യാപിച്ചുകിടക്കുന്ന വേമ്പനാട്ട് തടാകത്തിൽ ഏകദേശം 2.5 ദശലക്ഷം ടണ്‍ കക്ക നിക്ഷേപവും കണ്ണൂർ ജില്ലയിലെ പയ്യന്നൂർ, ചെറുവത്തൂർ, തൃക്കരിപ്പൂറ്റ എന്നീ സ്ഥലങ്ങളിലും തൃശ്ശൂർ ജില്ലയിലെ വാടാനപ്പള്ളി, ചേറ്റുവ, ഏങ്ങണ്ടിയൂർ, കാപ്പാട്, നട്ടുവിൽക്കര എന്നീ സ്ഥലങ്ങളിലുമായി 1.55 ദശലക്ഷം ടണ്‍ ചുണ്ണാമ്പുകക്ക നിക്ഷേപവും കണ്ടെത്തിയിട്ടുണ്ട്. വേമ്പനാട് കായൽ റാംസർ സൈറ്റ് ആയതിനാൽ യന്ത്രങ്ങൾ ഉപയോഗിച്ചുള്ള ഖനനം സാദ്ധ്യമല്ല. ബോക്സൈറ്റ് കേരളത്തിൽ 12.5 ദശലക്ഷം ടണ്‍ ബോക്സൈറ്റ് നിക്ഷേപം ഉള്ളതിൽ 10 ലക്ഷവും കണ്ണൂർ, കാസർഗോഡ് ജില്ലകളിലാണ്. ഇരുമ്പയിര് കോഴിക്കോട് ജില്ലയിലെ എലിയട്ടിമല, നട്ടുവള്ളൂർ, നന്മണ്ട, ചെറുപ്പ്, ആലമ്പാറ എന്നീ സ്ഥലങ്ങളിലും മലപ്പുറം ജില്ലയിലെ കോരട്ടിമല എന്നീ സ്ഥലത്തുമായി ഏകദേശം ആകെ 83.4 ദശലക്ഷം ടണ്‍ ഇരുമ്പയിര് നിക്ഷേപം ഉള്ളതായി കണക്കാക്കിയിട്ടുണ്ട്.

(ഡി) ഓട്-ഇഷ്ടിക നിർമ്മാണത്തിനാവശ്യമായ കളിമണ്ണ്, സാധാരണ മണ്ണ് എന്നിവയുടെ നിക്ഷേപത്തെക്കുറിച്ചും പര്യവേഷണങ്ങളെക്കുറിച്ചുമുള്ള റിപ്പോർട്ട് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; ഇവയുടെ ലഭ്യത സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ?

തൃശ്ശൂർ, കോഴിക്കോട്, മലപ്പുറം ജില്ലകളിൽ കളിമണ്ണ് ലഭ്യതയുണ്ടെന്ന് കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് & എൻവയോൺമെന്റ് സെന്റർ (KSREC) ശിപാർശ ചെയ്ത സ്ഥലങ്ങൾ വകുപ്പ് പഠന വിധേയമാക്കി കളിമണ്ണ് ലഭ്യത ഉറപ്പുള്ള സ്ഥലങ്ങളുടെ വിശദാംശങ്ങൾ KSREC-ന് കൈമാറിയിട്ടുണ്ട്. മേൽപ്പറഞ്ഞ 3 ജില്ലകളുടെയും കളിമണ്ണ് ലഭ്യത പ്രദേശങ്ങളുടെ പഠന റിപ്പോർട്ടിന്റെ പകർപ്പ് KSREC വകുപ്പിന് കൈമാറിയിട്ടുണ്ട്.

**സ്പിന്നിംഗ് മില്ലിന്റെ മതിൽ മാറ്റി സ്ഥാപിക്കൽ**

171(185) ശ്രീ. എം. വിൻസെന്റ്: താഴെക്കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ബാലരാമപുരത്ത് ഗതാഗതക്കുരുക്കോ വഴിതിരിച്ച്‌വിടലോ ഉണ്ടാകുമ്പോൾ തിരുവനന്തപുരത്തേയ്ക്കെത്താൻ പകരം റോഡായി മാറേണ്ട ഭഗവതിനട റോഡിൽ വീതി കുറഞ്ഞ ഭാഗമായ തിരുവനന്തപുരം സ്പിന്നിംഗ് മില്ലിന്റെ മതിൽ മാറ്റി സ്ഥാപിച്ച് റോഡ് വീതികൂട്ടുന്നതിന് മുൻവ്യവസായ വകുപ്പുമന്ത്രി തത്വത്തിൽ സമ്മതിച്ചതിനെ തുടർന്ന് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ ?

ഇതുസംബന്ധിച്ച പരാതികളോ പ്രൊപ്പോസലുകളോ വ്യവസായ വകുപ്പിൽ ലഭിച്ചിട്ടില്ല. ആയതിനാൽ ഇക്കാര്യത്തിൽ നടപടി സ്വീകരിച്ചിട്ടില്ല.

**കൈത്തറിമിത്ര പദ്ധതി**

172(186) ശ്രീ. പി. കെ. ബഷീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 വർഷത്തിൽ എത്ര വിദ്യാർത്ഥികൾക്ക് യൂണിഫോം നിർമ്മാണത്തിനായി കൈത്തറി വസ്ത്രം ലഭ്യമാക്കുവാൻ സാധിച്ചുവെന്നും 2021-22-ൽ ഇതിനായി എത്രമാത്രം ഉത്പന്നം നിർമ്മിച്ചിട്ടുണ്ടെന്നും വിതരണം ചെയ്തിട്ടുണ്ടെന്നും അറിയിക്കുമോ?

2020-21 അദ്ധ്യയന വർഷത്തേയ്ക്ക് 9.5 ലക്ഷം കുട്ടികൾക്കായി 46.5 ലക്ഷം മീറ്റർ കൈത്തറി യൂണിഫോം തുണി വിതരണം ചെയ്യുവാനായിരുന്നു ലക്ഷ്യമിട്ടിരുന്നതെങ്കിലും കോവിഡിന്റെ പശ്ചാത്തലത്തിൽ വിതരണം സാദ്ധ്യമായില്ല. 2021-22 അദ്ധ്യയന വർഷം ആദ്യ ഘട്ടമായി 38.02 ലക്ഷം മീറ്റർ യൂണിഫോം തുണി വിതരണം നടത്തിയിട്ടുണ്ട്. 2020-21 അദ്ധ്യയന വർഷത്തേയ്ക്കായി മൊത്തം 52.89 ലക്ഷം മീറ്റർ യൂണിഫോം തുണി ഉത്പാദിപ്പിച്ചിരുന്നു. സ്കൂൾ യൂണിഫോം തുണി വിതരണത്തിന്റെ അന്തിമ കണക്ക് വിദ്യാഭ്യാസ വകുപ്പിൽനിന്നും ലഭ്യമായിട്ടില്ല. 2021-22 അദ്ധ്യയന വർഷത്തെ ഉത്പാദനക്കണക്കും തിട്ടപ്പെടുത്തി വരുന്നു.

(ബി) കണ്ണൂരിലെ നാടുകാണി കിൻഫ്രാ പാർക്കിൽ സ്ഥാപിക്കുന്ന ഡൈയിംഗ് സെന്ററിന്റെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കുമോ; ആയത് എപ്പോൾ പ്രവർത്തനക്ഷമമാകുമെന്ന് അറിയിക്കുമോ?

കണ്ണൂരിലെ നാടുകാണി കിൻഫ്രാ പാർക്കിൽ സ്ഥാപിക്കുന്ന ഡൈയിംഗ് സെന്ററിന്റെ പദ്ധതി അടങ്കൽ തുകയായ 25.55 കോടി രൂപയിൽനിന്നും 2020-21 സാമ്പത്തിക വർഷം സർക്കാർ അനുവദിച്ചിരുന്ന 1.50 കോടി രൂപ കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന് ആദ്യ ഗഡുവായി റിലീസ് ചെയ്യുകയും പ്രസ്തുത തുക ഉപയോഗിച്ചുവാങ്ങിയ ഡിജിറ്റൽ പ്രിന്റിംഗ് മെഷീൻ കിൻഫ്രാ പാർക്കിൽ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ വർഷം ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 10 കോടി രൂപ ഉപയോഗിച്ച് തുടർപ്രവർത്തനം നടത്തുവാനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്.

(സി) കൈത്തറി മിത്ര പദ്ധതിയുടെ ഉദ്ദേശ്യവും പ്രവർത്തനവും വ്യക്തമാക്കുമോ; ഇത് എപ്പോൾ നടപ്പിൽ വരുത്തുവാൻ സാധിക്കുമെന്ന് വിശദമാക്കുമോ?

കൈത്തറി മേഖലയിൽ നിലവിലുള്ള പതിനായിരത്തോളം നെയ്ത്തുകാരിൽ കൈത്തറി സ്കൂൾ യൂണിഫോം നെയ്യുന്നതിനുള്ള അയ്യായിരം നെയ്ത്തുകാരും മറ്റു കൈത്തറി ഉൽപ്പന്നങ്ങൾ നെയ്യുന്നതിനുവേണ്ടി അയ്യായിരം പേരെയും സജ്ജമാക്കി 200 നെയ്ത്തുകാരും/തറികളും അടങ്ങുന്ന 50 ഗ്രൂപ്പുകളിലായി പ്രവർത്തനങ്ങൾ കേന്ദ്രീകൃതമായി നടത്തുക എന്നതാണ് പദ്ധതികൊണ്ട് വിഭാവനം ചെയ്യുന്നത്. ഓരോ കൈത്തറി ഗ്രൂപ്പുകൾക്കും (സഹകരണ സംഘങ്ങളും) അതിന്റെ പരിധിയിലെ ജനങ്ങൾക്ക് ആവശ്യമായ എല്ലാത്തരം കൈത്തറി ഉൽപ്പന്നങ്ങളും ആകർഷകമായ വിധത്തിൽ ഉൽപ്പാദിപ്പിച്ച് മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി വിതരണം നടത്തിയാൽ ആ സംഘത്തിലെ തൊഴിലാളികൾക്ക് മുഴുവൻ സ്ഥിരമായ ജോലിയും കൂലിയും നല്കാൻ കഴിയും. കൈത്തറി മേഖലയുടെ സമഗ്ര വികസനത്തിന് പരമ്പരാഗത കൈത്തറി വസ്ത്രങ്ങളെ അവയുടെ തനതുസവിശേഷത നിലനിർത്തിക്കൊണ്ട് തന്നെ പുതുതലമുറയ്ക്ക് അനുയോജ്യമായ രീതിയിൽ പുനരാവിഷ്കരിക്കുന്നതിനും ലാഭകരമായ വിധത്തിൽ ഉൽപ്പാദനവും വിപണനവും നേടിയെടുക്കുന്നതിനും കഴിയും. പ്രസ്തുത പദ്ധതി 2021-22 സാമ്പത്തിക വർഷംതന്നെ നടപ്പിലാക്കുവാനാണ് ലക്ഷ്യമിടുന്നത്.

**കേരള ബ്രാൻഡ്**

173(187) ശ്രീ. പി. നന്ദകുമാർ: താഴെക്കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ലഭ്യമായിട്ടുള്ള ആധുനിക രീതിയിലുള്ള തുണി നെയ്ത്ത് സംവിധാനവും നല്ല നൂൽ ഉൽപ്പാദനവും ടെക്സ്റ്റൈൽ തുണിത്തരങ്ങൾക്ക് നമ്മുടെ സംസ്ഥാനത്ത് നിലവിലുള്ള വിപുലമായ വിപണന സാദ്ധ്യതയും ഉപയോഗപ്പെടുത്തി ഗാർമെന്റ്, ഫർണിഷിംഗ് ക്ലോത്ത്, ബെഡ് ഷീറ്റ് തുടങ്ങിയ ഉത്പന്നങ്ങളുടെ കേരള ബ്രാൻഡ് തുടങ്ങുവാൻ ഉദ്ദേശ്യമുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഗാർമെന്റ്, ഫർണിഷിംഗ് ക്ലോത്ത്, ബെഡ്ഷീറ്റ് തുടങ്ങിയ ഉത്പന്നങ്ങളുടെ കേരള ബ്രാൻഡ് തുടങ്ങുന്നത് സംബന്ധിച്ച ആശയവിനിമയം നടക്കുന്നുണ്ട്. കേരള ബ്രാൻഡ് പ്രൊമോട്ട് ചെയ്യുന്ന ആശയം സർക്കാർ പരിഗണനയിലുള്ള വിഷയമാണ്.

**ടെക്സ്റ്റൈൽ മേഖലയിലെ പ്രവർത്തനം**

174(188) ശ്രീ. പി. നന്ദകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ പൊതുമേഖലയിൽ-സഹകരണമേഖലയടക്കം എത്ര മില്ലുകളാണ് പ്രവർത്തിപ്പിക്കുന്നതെന്ന് അറിയിക്കുമോ?

സംസ്ഥാനത്ത് പൊതുമേഖലയിലെ കേരള സ്റ്റേറ്റ് ടെക്സ്റ്റൈയിൽ കോർപ്പറേഷന്റെ ഉൾപ്പെടെ 9-ഉം സഹകരണ മേഖലയിലെ 8-ഉം അടക്കം ആകെ 17 മില്ലുകളാണ് പ്രവർത്തിച്ചുവരുന്നത്.

(ബി) ആധുനിക സംവിധാനത്തോടുകൂടി മെച്ചപ്പെട്ട നൂൽ ഉല്പാദനം നടത്താൻ കഴിയുന്ന സ്ഥാപനങ്ങളെ കാര്യക്ഷമമായി പ്രവർത്തിപ്പിക്കാൻ ആവശ്യമായ ഇടപെടൽ നടത്താമോ?

ആധുനിക സംവിധാനത്തോടുകൂടി മെച്ചപ്പെട്ട നൂൽ ഉല്പാദനം നടത്താൻ കഴിയുന്ന മില്ലുകൾക്ക് കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനുവേണ്ടി നല്ല ഗുണനില വാരമുള്ള പഞ്ഞി വാങ്ങുന്നതിനും ഉത്പന്നങ്ങളുടെ ഗുണനിലവാരത്തിനുമായി മില്ലുകൾ നവീകരിക്കുന്നതിന് സർക്കാർ പ്രതിവർഷം ധനസഹായം നൽകുന്നുണ്ട്.

(സി) പൂർണ്ണമായ സംരക്ഷണവും സൗകര്യങ്ങളും നൽകി സ്ത്രീ തൊഴിലാ ളികളുടെ സേവനം അടക്കം ഉപയോഗപ്പെടുത്തി മൂന്ന് ഷിഫ്റ്റും പൂർണ്ണമായി പ്രവർത്തിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

രാത്രി ഷിഫ്റ്റുകളിൽ സ്ത്രീ തൊഴിലാളികൾക്ക് ഫാക്ടറികളിൽ ജോലി ചെയ്യുന്നതിന് അനുമതി നൽകുന്നതിനായി 1948-ലെ ഫാക്ടറീസ് ആക്റ്റിലെ സെക്ഷൻ 66-ൽ നിയമാനുസൃതമായി ഭേദഗതി വരുത്തുന്നതിനുള്ള ഓർഡിനൻസ് പുറപ്പെടുവിക്കുന്നതിന് ബഹു. രാഷ്ട്രപതിയുടെ മുൻകൂർ അനുമതി തേടിയിട്ടുണ്ട്.

(ഡി) ടെക്സ്റ്റൈൽ മേഖലയെ സമഗ്രമായി കണ്ടുകൊണ്ട് പദ്ധതികൾ ആവിഷ്കരിക്കുമോ എന്ന് വ്യക്തമാക്കുമോ?

എല്ലാ സ്പിന്നിംഗ് മില്ലുകളും പുതിയ പദ്ധതികൾക്ക് മാസ്റ്റർ പ്ലാൻ തയ്യാറാക്കി വരുന്നതായി കൈത്തറി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതാണ്.

## ഖാദി ആൻഡ് വില്ലേജ് ഇൻഡസ്ട്രീസ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ

175(189) ശ്രീ. പി. ബാലചന്ദ്രൻ: താഴെക്കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഖാദി ആൻഡ് വില്ലേജ് ഇൻഡസ്ട്രീസുമായി ബന്ധപ്പെട്ട് വ്യവസായ വകുപ്പ് പുതുതായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ വിശദമാക്കാമോ?

ആവിഷ്കരിച്ചിട്ടില്ല. നിലവിലുള്ള പദ്ധതികൾ തുടരുന്നുണ്ട്.

## കരകൗശല വികസന കോർപ്പറേഷൻ

176(190) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരകൗശല വികസന കോർപ്പറേഷൻ നിലവിൽ തൊഴിലാളികളിൽ നിന്ന് ഉൽപ്പന്നങ്ങൾ എടുക്കുന്നില്ലെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; തൊഴിലാളികളിൽനിന്നും സംഭരിച്ച ഉൽപ്പന്നങ്ങളുടെ വില ഇനത്തിൽ എത്ര കോടി രൂപ തൊഴിലാളികൾക്ക് കുടിശ്ശികയായി നൽകുവാൻ ഉണ്ടെന്ന് അറിയിക്കാമോ; കുടിശ്ശിക ഉണ്ടാവാനുള്ള കാരണം വെളിപ്പെടുത്തുമോ?

കരകൗശലവികസന കോർപ്പറേഷൻ തൊഴിലാളികളിൽനിന്നും ആവശ്യാനുസരണം ഉൽപ്പന്നങ്ങൾ ഇപ്പോഴും സംഭരിക്കുന്നുണ്ട്. തൊഴിലാളികളിൽനിന്നും സംഭരിച്ച ഉൽപ്പന്നങ്ങളുടെ വില ഇനത്തിൽ 6.25 കോടി രൂപ കുടിശ്ശികയുണ്ട്. ഇതിൽ 4 കോടിയോളം രൂപ 2016-ന് മുമ്പുണ്ടായ ബാദ്ധ്യതയാണ്. 2016 മുതൽ വാങ്ങുന്ന ഉൽപ്പന്നങ്ങളുടെ തുക തടസ്സംകൂടാതെ നൽകിയിരുന്നു. എന്നാൽ കോവിഡുകാരണം വിൽപ്പനശാലകൾ പൂർണ്ണമായും അടച്ചിട്ടതിനാൽ വിൽപ്പന നടക്കാത്തതുകാരണം കുടിശ്ശിക ഉണ്ടായിട്ടുണ്ട്. വിൽപ്പന നടക്കുന്ന മുറയ്ക്ക് ഈ തുക കൊടുത്ത് തീർക്കുന്നതാണ്.

(ബി) കരകൗശല വിദഗ്ദ്ധർക്ക് ടൂൾകിറ്റ് വാങ്ങാനുള്ള കേന്ദ്ര പദ്ധതിയിൽ കേരള കരകൗശല വികസന കോർപ്പറേഷൻ ക്രമക്കേട് നടത്തിയെന്ന പരാതിയിൽ അന്വേഷണം നടക്കുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

കരകൗശല വിദഗ്ദ്ധർക്ക് ടൂൾ കിറ്റ് വാങ്ങാനുള്ള കേന്ദ്ര പദ്ധതിയിൽ കേരള കരകൗശല വികസന കോർപ്പറേഷനിൽ ക്രമക്കേട് നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഈ പദ്ധതിക്കായി 2016 മാർച്ചിൽ കേന്ദ്രസർക്കാർ അനുവദിച്ച 29.5 കോടി രൂപയിൽ എത്ര കോടി രൂപ നാളിതുവരെ ചെലവഴിച്ചിട്ടുണ്ട്; പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

2016 മാർച്ചിൽ കേന്ദ്ര സർക്കാർ പദ്ധതി പ്രകാരം കരകൗശല വികസന കോർപ്പറേഷന് വിവിധ പദ്ധതികൾക്കായി 9.09 കോടി രൂപയാണ് ലഭ്യമായത്. പ്രസ്തുത പദ്ധതിയിൻകീഴിൽ വരുന്ന ഒരു ഘടകം മാത്രമാണ് കരകൗശല വിദഗ്ദ്ധർക്ക് ടൂൾ കിറ്റ് വാങ്ങി നൽകുന്നതിനുള്ള പദ്ധതി. ടൂൾ കിറ്റ് വാങ്ങി നൽകുന്ന പദ്ധതി പ്രകാരം 1.12 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതികളെല്ലാം തന്നെ കേന്ദ്ര ടെക്സ്റ്റൈൽസ് മന്ത്രാലയത്തിനുകീഴിലുള്ള ഡെവലപ്പ്മെന്റ് കമ്മീഷണറുടെ (ഹാന്റി ക്രാഫ്റ്റ്സ്) നിബന്ധനകൾക്കും നിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് നടപ്പിലാക്കിയിട്ടുള്ളത്.

(ഡി) പ്രസ്തുത പദ്ധതിയിൽനിന്നും തുക വകമാറ്റി ചെലവഴിച്ചിട്ടുണ്ടോ; എങ്കിൽ എത്ര രൂപയാണ് വകമാറ്റി ചെലവഴിച്ചത്; കാരണം വ്യക്തമാക്കുമോ?

പ്രസ്തുത പദ്ധതികളിൽനിന്നും തുക ഒന്നുംതന്നെ വകമാറ്റി ചെലവാക്കിയിട്ടില്ല.

(ഇ) പദ്ധതിയിൽ ക്രമക്കേട് നടത്തിയതുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥർക്കെതിരെ എന്തെങ്കിലും നടപടി നാളിതുവരെ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ക്രമക്കേട് നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ ഒന്നുംതന്നെ സ്വീകരിച്ചിട്ടില്ലാത്തതുമാകുന്നു. എന്നാൽ പദ്ധതിയുടെ ആരംഭഘട്ടത്തിൽ പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുന്നതിൽ വീഴ്ചവരുത്തിയ ഉദ്യോഗസ്ഥനെതിരെ കോർപ്പറേഷന്റെ ബോർഡ് തീരുമാനപ്രകാരം വകുപ്പുതല നടപടി സ്വീകരിച്ചു വരികയാണ്.

(എഫ്) കരകൗശല വികസന കോർപ്പറേഷൻ ആർട്ടിക്കിൾ ഇരുപത് ലംഘിച്ചുകൊണ്ട് ഏതെങ്കിലും സർക്കാർ ഉത്തരവിനെ മാനേജിംഗ് ഡയറക്ടർ ഹൈക്കോടതിയിൽ ചോദ്യം ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ കാര്യത്തിൽ എം.ഡി.-യുടെ പേരിൽ നടപടി സ്വീകരിക്കുമോ?

സർക്കാരിന്റെ അനുമതിയോടുകൂടി WP© 15129/2020 നമ്പരായി റിവ്യൂ പെറ്റീഷൻ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുണ്ട്.

(ജി) ഈ കോർപ്പറേഷന്റെ പ്രവർത്തനത്തിൽ ക്രമക്കേടുകൾ സംബന്ധിച്ച് ആരോപണങ്ങൾ ഉയർന്നുവരുന്ന സാഹചര്യത്തിൽ, മികച്ച ട്രാക്ക് റെക്കോർഡുള്ള ഉദ്യോഗസ്ഥനെ മാനേജിംഗ് ഡയറക്ടറായി നിയമിക്കുവാൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കാമോ?

നിലവിലെ മാനേജിംഗ് ഡയറക്ടർ സർക്കാരിന്റെ റിയാബ് മുഖേനയുള്ള മാനേജിംഗ് ഡയറക്ടർമാരുടെ തെരഞ്ഞെടുപ്പ് പ്രക്രിയയിലൂടെ തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള വ്യക്തിയാണ്. അദ്ദേഹത്തിനെതിരെ അന്വേഷണങ്ങൾ ഒന്നുംതന്നെ നിലവിലില്ല.

## കേരള ഖാദി ഗ്രാമവ്യവസായ ബോർഡ് സ്വീകരിച്ച നടപടികൾ

177(191) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നെടുവാൻവിളയിലെ വീവേഴ്സ് കോളനിയിലെ പതിനെട്ട് താമസ്സക്കാർക്ക് പട്ടയം ലഭ്യമാക്കി നൽകുന്നതിനുള്ള നടപടികൾക്ക് കേരള ഖാദി ഗ്രാമവ്യവസായ ബോർഡിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുള്ള ഫയലിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

പാറശ്ശാല നെടുവാൻവിളയിലെ വീവേഴ്സ് കോളനിയുമായി ബന്ധപ്പെട്ട് ഖാദിബോർഡിൽ അപേക്ഷ ലഭ്യമായതിന്മേൽ ബോർഡ് പരിശോധിച്ചുവരുന്നു.

(ബി) പെരുങ്കടവിള ഓയിൽ കോ-ഓപ്പറേറ്റീവ് സോസൈറ്റി നമ്പർ സി.ഐ.എൻ.ഡി. (ടി) 1 എന്ന സംഘത്തിന് ഖാദി ഗ്രാമവ്യവസായ ബോർഡിൽ എത്ര രൂപയുടെ വായ്പാ കുടിശ്ശികയാണ് നിലവിലുള്ളത്; അറിയിക്കാമോ?

പെരുങ്കടവിള ഓയിൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നമ്പർ സി.ഐ.എൻ.ഡി. (ടി)1 എന്ന സംഘത്തിന് 19-7-2021 വരെ 9,93,597 രൂപ ഖാദിബോർഡിൽ കുടിശ്ശികയുണ്ട്.

(സി) പ്രസ്തുത സംഘത്തിന്റെ കുടിശ്ശികയിന്മേൽ ഖാദി ഗ്രാമവ്യവസായ ബോർഡ് റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

പെരുങ്കടവിള ഓയിൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നമ്പർ സി.ഐ.എൻ.ഡി (ടി)1 ന് എതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടില്ല.

(ഡി) ഈ സംഘം ബോർഡിൽ പണയപ്പെടുത്തിയിട്ടുള്ള റീസർവേ 645/2-ൽ ഉൾപ്പെട്ടുത്തിയിട്ടുള്ള ഒൻപത് ആർ സ്ഥലം മാരായമുട്ടം പോലീസ് സ്റ്റേഷൻ നിർമ്മാണത്തിനായി കൈമാറാനും പ്രസ്തുത സംഘത്തിന് ഖാദി ഗ്രാമവ്യവസായ

ബോർഡിലുള്ള വായ്പാ കുടിശ്ശിക പെരുങ്കടവിള ഗ്രാമപഞ്ചായത്ത് ഒടുക്കാമെന്നും കാണിച്ചുകൊണ്ട് സമർപ്പിച്ചിരുന്ന ഫയലിൻമേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

പെരുങ്കടവിള ഓയിൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നമ്പർ സി.ഐ.എൻ.ഡി (ടി)1 എന്ന സംഘം വക സ്ഥലം പോലീസ് സ്റ്റേഷന് നൽകാൻ 21-4-2016-ലെ ഖാദി ബോർഡ് യോഗം തീരുമാനിച്ചു. ബോർഡിനുള്ള കുടിശ്ശിക അടച്ച് തുടർനടപടികൾ സ്വീകരിക്കാൻ പെരുങ്കടവിള ഗ്രാമ പഞ്ചായത്തിന് നിർദ്ദേശം നൽകിയിരുന്നു. ടി നിർദ്ദേശം പാലിച്ച് പെരുങ്കടവിള ഗ്രാമ പഞ്ചായത്തിന്റെ 9-6-2017-ലെ യോഗത്തിൽ 14 (6) നമ്പർ തീരുമാനമായി വസ്തു ഏറ്റെടുക്കാനും ഖാദി ബോർഡ് ആവശ്യപ്പെട്ടതിൻപ്രകാരം പഞ്ചായത്ത് ചെലവിൽ ടി സ്ഥലത്ത് ഒരു ഖാദി കേന്ദ്രംകൂടി നിർമ്മിച്ചുനൽകാനും തീരുമാനിച്ചതായി ഖാദി ബോർഡിനെ അറിയിച്ചിരുന്നെങ്കിലും കുടിശ്ശിക അടയ്ക്കുകയോ മറ്റു നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല.

(ഇ) ഈ ഫയലുകൾ അതിവേഗത്തിൽ തീർപ്പാക്കി നൽകുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കാമോ; വിശദാംശം അറിയിക്കാമോ?

ഖാദി ഗ്രാമ വ്യവസായ ബോർഡിന് ലഭിക്കേണ്ട കുടിശ്ശിക ലഭിക്കുന്ന മുറയ്ക്ക് ഭൂമി കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ കഴിയും.

**ഭൂമിയുടെ ഉടമസ്ഥാവകാശത്തിന് നടപടി**

178(192) ശ്രീ. ഐ. ബി. സതീഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട നിയോജകമണ്ഡലത്തിലെ പള്ളിച്ചൽ വില്ലേജിൽ റീസർവ്വേ നമ്പർ 151/2-ൽ പെട്ട 17.20 ആർ സ്ഥലം ഖാദി ബോർഡിന്റെ നിയന്ത്രണ ത്തിലാണോ; അറിയിക്കുമോ?

ഖാദി ബോർഡിന്റെ ഉടമസ്ഥതയിൽ ആണെന്ന് രേഖപ്പെടുത്തിയിട്ടില്ല.

(ബി) ഇല്ലെങ്കിൽ ഉടമസ്ഥാവകാശം സ്ഥാപിച്ചെടുക്കുന്നതിന് ബോർഡ് നടപടി സ്വീകരിച്ചിട്ടുണ്ടോ; ആയത് സംബന്ധിച്ച നിലവിലെ സ്ഥിതി വിശദമാക്കാമോ?

പള്ളിച്ചലിലെ പ്രസ്തുത വസ്തുവിന്റെ ആധാരം ഖാദി ബോർഡിൽ ലഭ്യമല്ല. ആയത് ഖാദി ബോർഡിന്റെ അധീനതയിലാക്കാൻ 14-6-2018-തീയതിയിൽ നെടുമങ്ങാട് ആർ.ഡി.ഒ.യ്ക്ക് കത്ത് (നമ്പർ ടി.പി.210/2012/ഖാദി) നൽകിയിരുന്നു. എന്നാൽ 13-9-2018-ൽ ആർ.ഡി. ഓഫീസിൽനിന്നും ലഭിച്ച മറുപടി കത്ത്

നം.ബി1/853/2018-ൽ ഉടമസ്ഥാവകാശം സ്ഥാപിച്ച് കൊടുക്കുവാനുള്ള അധികാരം RDO ഓഫീസിനില്ലെന്നും ആയതിന് ഖാദി ബോർഡ് സിവിൽ കോടതിയെ സമീപിച്ച് പ്രശ്നപരിഹാരം കാണണമെന്ന് നിർദ്ദേശിച്ചതുപ്രകാരം ആയതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കയർ ഭൂവസ്ത്രം പദ്ധതി**

179(193) <u>ശ്രീ. മുരളി പെരുനെല്ലി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ ഭരണകാലത്ത് മണലൂർ നിയോജകമണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളിൽ കയർ ഭൂവസ്ത്രം പദ്ധതി നടപ്പാക്കുകയുണ്ടായി എന്ന് അറിയിക്കാമോ?

മണലൂർ നിയോജകമണ്ഡലത്തിലെ എളവള്ളി, വെങ്കിടങ്ങ്, പാവറട്ടി, ചൂണ്ടൽ, മണലൂർ, മുല്ലശ്ശേരി, അരിമ്പൂർ, കണ്ടാണ്ണശ്ശേരി, വാടാനപ്പള്ളി, എന്നീ പഞ്ചായത്തുകളിൽ കയർ ഭൂവസ്ത്ര പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ഓരോ പഞ്ചായത്തിലും ഇതിനായി ചെലവഴിച്ച തുക എത്രയാണെന്ന് വ്യക്തമാക്കുമോ?

ഓരോ പഞ്ചായത്തിലും ഇതിനായി ചെലവഴിച്ച തുക സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു: 1. വാടാനപ്പള്ളി:- 5,05,050 രൂപ 2. മണലൂർ:- 2,38,875 രൂപ 3. ചൂണ്ടൽ:- 2,04,750 രൂപ 4. എളവള്ളി:- 4,77,750 രൂപ 5. അരിമ്പൂർ:- 3,24,119 രൂപ 6. കണ്ടാണശ്ശേരി:- 2,57,985 രൂപ

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കയർ ഭൂവസ്ത്രം പദ്ധതി പ്രകാരം പ്രസ്തുത മണ്ഡലത്തിൽ എന്തെല്ലാം പ്രവൃത്തികൾ നിർവ്വഹിച്ചിട്ടുണ്ട്; വിശദാംശങ്ങൾ നൽകാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കയർ ഭൂവസ്ത്രം പദ്ധതി പ്രകാരം മണലൂർ മണ്ഡലത്തിൽ പുതിയതായി പ്രവൃത്തികളൊന്നും നിർവ്വഹിച്ചിട്ടില്ല.

**കയർ വകുപ്പിന്റെ തൃശ്ശൂർ നിയോജകമണ്ഡലത്തിലെ പ്രവർത്തനങ്ങൾ**

180(194) <u>ശ്രീ. പി. ബാലചന്ദ്രൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കയർ വകുപ്പുമായി ബന്ധപ്പെട്ട് തൃശ്ശൂർ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

തൃശ്ശൂർ നിയോജകമണ്ഡലത്തിന്റെ ഭൂരിഭാഗവും തൃശ്ശൂർ കോർപ്പറേഷൻ അതിർത്തിയിൽ ആയതിനാൽ കയർ സഹകരണ സംഘങ്ങൾ ഒന്നുംതന്നെ ഈ പ്രദേശങ്ങളിൽ പ്രവർത്തിക്കുന്നില്ല. കയർ ഭൂവസ്ത്രത്തിന് തൃശ്ശൂർ കോർപ്പറേഷനിൽനിന്നും ഓർഡറുകളൊന്നും ലഭ്യമായിട്ടില്ല.

**കയർ മേഖലയ്ക്കുവേണ്ടി നടപ്പിലാക്കിയ പദ്ധതികൾ**

181(195) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-2016 കാലയളവിൽ കയർ മേഖലയ്ക്കുവേണ്ടി നടപ്പിലാക്കിയ പദ്ധതികളുടെ വിവരം ലഭ്യമാക്കാമോ; ചെലവഴിച്ച തുക സഹിതം വിശദവിവരം നൽകുമോ?

അനുബന്ധം (1)- ആയി ചേർത്തിരിക്കുന്നു.*

(ബി) 2016-2021 വരെ നടപ്പിലാക്കിയ പദ്ധതികളുടെ വിവരം ലഭ്യമാക്കാമോ; പ്രസ്തുത കാലയളവിൽ എത്ര തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടുണ്ട്; വ്യക്തമാക്കുമോ?

അനുബന്ധം (2)-ആയി ചേർത്തിരിക്കുന്നു.*

**കയർ മേഖലയെ നവീകരിക്കാൻ നടപടി**

182(196) ശ്രീ. തോമസ് കെ. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത കയർ തൊഴിലാളികളെ സഹായിക്കാൻ എന്തൊക്കെ പുതിയ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

പരമ്പരാഗത തൊഴിലാളികൾ പണിയെടുക്കുന്ന പരമ്പരാഗത റാട്ടുകൾ, ഇലക്ട്രോണിക് റാട്ടുകൾ എന്നിവയിലെ കയർ ഉല്പാദനത്തിന് കൂലിയുടെ ഒരു വിഹിതം ഇൻകം സപ്പോർട്ട് എന്ന രീതിയിൽ സർക്കാർ വഹിക്കുന്നുണ്ട്. പരമ്പരാഗത കയർപിരി മേഖലയിലെയും ഇലക്ട്രോണിക് റാട്ട് ഉപയോഗിക്കുന്നവരുടേയും മിനിമം കൂലി 1-1-2019 മുതൽ പ്രതിദിനം 350 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഇവർക്ക് 110 രൂപ പ്രതിദിനം സർക്കാരിന്റെ വരുമാനം ഉറപ്പാക്കൽ പദ്ധതിപ്രകാരം ലഭ്യമാകും. കേരളത്തിലെ കയർ തൊഴിലാളികൾ ഉൽപ്പാദിപ്പിക്കുന്ന കയർ സംഭരിച്ച് മാർക്കറ്റ് വിലയ്ക്ക് ആനുപാതികമായി പ്രൈസ് ഫ്ളക്ചേഷൻ ഫണ്ട്

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സ്കീമിൽ ഉൾപ്പെടുത്തി ഡിസ്കൗണ്ടുകൾ നൽകി മാറ്റ്സ് & മാറ്റിംഗ്സ് സംഘങ്ങൾക്കും ചെറുകിട ഉൽപ്പാദകർക്കും കയർഫെഡ് വിൽപ്പന നടത്തുന്നുണ്ട്. അതുവഴി സംഘങ്ങൾ ഉൽപ്പാദിപ്പിക്കുന്ന കയറിന് പൂർണ്ണമായും വിപണി കണ്ടെത്തുന്നതിനും കയർ സഹകരണ സംഘങ്ങളിലെ പരമ്പരാഗത തൊഴിലാളികൾക്ക് തൊഴിലും വേതനവും ഉറപ്പാക്കുന്നതിനും സാധിക്കുന്നു. കയർ മേഖലയിൽ ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിക്കുന്നതോടെ തൊഴിലാളികളുടെ അദ്ധ്വാനഭാരം കുറയുകയും ഉൽപ്പാദനക്ഷമത വർദ്ധിക്കുകയും തന്മൂലം വരുമാനം കൂടുകയും ചെയ്യും. മെച്ചപ്പെട്ട വരുമാനം ലഭ്യമാക്കുന്നതോടുകൂടി തൊഴിലാളികളുടെ ജീവിത നിലവാരം മെച്ചപ്പെടുകയും ചെയ്യും.

(ബി) കയർ മേഖലയെ നവീകരിക്കാനും കൂടുതൽ തൊഴിൽ ലഭ്യത ഉറപ്പുവരുത്താനും പുതിയ സംരംഭങ്ങൾ ആരംഭിക്കുമോ?

കയർമേഖലയുടെ നവീകരണത്തിനായി ആവിഷ്കരിച്ച് നടപ്പാക്കി വരുന്ന നൂതന പദ്ധതിയാണ് കയർ രണ്ടാം പുനഃസംഘടന. ചകിരി ഉല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുക, പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിച്ച് സമ്പൂർണ യന്ത്രവൽക്കരണം നടപ്പാക്കുക, കയർ ഭൂവസ്ത്രത്തിന്റെ ഉപയോഗം വർദ്ധിപ്പിക്കുക, ഉല്പന്ന രംഗത്ത് വൈവിദ്ധ്യവൽക്കരണവും നൂതന മാർക്കറ്റിംഗ് സംവിധാനങ്ങളും ഏർപ്പെടുത്തുക എന്നിവയാണ് ഇതിന്റെ പ്രധാന ഘടകങ്ങൾ. കയർ സഹകരണ മേഖലയുടെ കാര്യക്ഷമമായ പുനഃസംഘടന ഇതുവഴി കൈവരിക്കാനാകുമെന്ന് കരുതുന്നു.

**രണ്ടാം കയർ പുനഃസംഘടനാ പദ്ധതി**

183(197) ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2021-22 വർഷത്തിൽ പൂർത്തിയാകേണ്ട രണ്ടാം കയർ പുനഃസംഘടനാ പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; പ്രസ്തുത പദ്ധതിയുടെ ലക്ഷ്യങ്ങളായി നിർണ്ണയിച്ച പ്രധാന പ്രവർത്തനങ്ങൾ എത്ര ശതമാനം പൂർത്തീകരിച്ചിട്ടുണ്ടെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ?

ചകിരി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക, പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിച്ച് സമ്പൂർണ്ണ യന്ത്രവൽക്കരണം നടപ്പാക്കുക, കയർ ജിയോ ടെക്സ്റ്റൈൽസിന്റെ ഉപയോഗം വർദ്ധിപ്പിക്കുക, ഉല്പന്ന രംഗത്ത് വൈവിദ്ധ്യവൽക്കരണവും നൂതന മാർക്കറ്റിംഗ് സംവിധാനങ്ങളും ഏർപ്പെടുത്തുക എന്നുള്ളതാണ് കയർ രണ്ടാം പുന:സംഘടനയുടെ പ്രധാന ഘടകങ്ങൾ.

സംസ്ഥാനത്ത് ഇതിനോടകംതന്നെ 8000 മുതൽ 80,000 തൊണ്ടുവരെ പ്രതിദിനം ചകിരിയാക്കാൻ കഴിയുന്ന 130 ഡി.എഫ്. മില്ലുകൾ സ്ഥാപിച്ചുകഴിഞ്ഞു. 27 ഡി.എഫ്. മില്ലുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു. സ്വകാര്യ സംരംഭകരും സർവ്വീസ് സഹകരണ ബാങ്കുകളും 80 പുതിയ ഡി.എഫ്. മില്ലുകൾ ആരംഭിക്കുന്നതിനുള്ള ധാരണാപത്രം കയർ കേരള 2019-ൽ ഒപ്പുവയ്ക്കുകയും തുടർ പ്രവർത്തനങ്ങൾ നടന്നുവരികയുമാണ്. നിലവിൽ 50000 ടൺ ചകിരി ഉത്പാദിപ്പിക്കാനുള്ള സ്ഥാപിതശേഷി ആർജ്ജിക്കാൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്. പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിച്ചുകൊണ്ട് കയർ വ്യവസായത്തെ ആധുനികവത്ക്കരിക്കുന്നതിനുവേണ്ടി പരമ്പരാഗത തൊഴിലാളികൾ പണിയെടുക്കുന്ന പരമ്പരാഗത റാട്ടുകൾ, ഇലക്ട്രോണിക് റാട്ടുകൾ എന്നിവയിലെ കയർ ഉല്പാദനത്തിന് കൂലിയുടെ ഒരു വിഹിതം ഇൻകം സപ്പോർട്ട് എന്ന രീതിയിൽ സർക്കാർ വഹിക്കുന്നു. കയർ രണ്ടാം പുനഃസംഘടനയുടെ ഭാഗമായി 100 കയർ സഹകരണ സംഘങ്ങളിൽ 1000 ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിച്ചു കഴിഞ്ഞു. ഇതുവഴി തൊഴിലാളികളുടെ അദ്ധ്വാനഭാരം കുറയുകയും ഉല്പാദനക്ഷമത വർദ്ധിക്കുകയും ചെയ്തിട്ടുണ്ട്. 2015-16-ൽ 7880 ടൺ ആയിരുന്ന കയർ ഉത്പാദനം 2020-21 സാമ്പത്തിക വർഷത്തിൽ 25000 ടൺ ആയി ഉയർത്താൻ സാധിച്ചിട്ടുണ്ട്. ഉൽപ്പാദിപ്പിച്ച കയറിന് വിപണി കണ്ടെത്തുന്നതിനായി എം.എൻ.ആർ.ഇ.ജി. എസ്.-മായി ചേർന്ന് തദ്ദേശഭരണ സ്ഥാപനങ്ങളുടെ മണ്ണ്-ജല-സംരക്ഷണ പദ്ധതിക്കും റോഡ് നിർമ്മാണത്തിനും കയർഭൂവസ്ത്ര പദ്ധതി നടപ്പിലാക്കിവരുന്നു. ഇതുവരെ 100 കോടി രൂപയുടെ കയർഭൂവസ്ത്ര പദ്ധതി നടപ്പാക്കിയിട്ടുണ്ട്. 2020-21 വെർച്വൽ കയർകേരളയിൽ 120 കോടി രൂപയുടെ കയർഭൂ വസ്ത്ര ധാരണാപത്രം തദ്ദേശഭരണ സ്ഥാപനങ്ങളുമായി ഒപ്പുവച്ചിട്ടുണ്ട്.

**കയർ മേഖലയിലെ തൊഴിലാളികളുടെ ക്ഷേമം**

184(198) <u>ശ്രീ. എച്ച്. സലാം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതൊക്കെ ജില്ലകളിലാണ് കയറും വിവിധ കയർ ഉത്പന്നങ്ങളും നിർമ്മിക്കുന്നത്; ഓരോ ജില്ലയിലും ഈ മേഖലയിൽ പ്രവർത്തിക്കുന്ന കയർ സംഘങ്ങളുടെയും തൊഴിലാളികളുടെയും എണ്ണം ഇനം തിരിച്ച് വ്യക്തമാക്കാമോ?

തിരുവനന്തപുരം (ചിറയിൻകീഴ്) ജില്ലയിലെ സഹകരണ മേഖലയിൽ 52 കയർ സഹകരണ സംഘങ്ങളും 2 മാറ്റ്സ് & മാറ്റിംഗ്സ് സംഘങ്ങളും പ്രവർത്തിക്കുന്നുണ്ട്. കയർ സഹകരണ സംഘങ്ങളിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ എണ്ണം 1400 ആണ്. കയർ മാറ്റ്സ് & മാറ്റിംഗ്സ് സംഘങ്ങളിൽ 19

തൊഴിലാളികൾ പണിയെടുക്കുന്നു. കൊല്ലം, പത്തനംതിട്ട ജില്ലകൾ ഉൾപ്പെടുന്ന കൊല്ലം കയർ പ്രോജക്ടിൽ കൊല്ലം ജില്ലയിൽ 1598 കയർ തൊഴിലാളികൾ 70 കയർ സംഘങ്ങളിലായി പ്രവർത്തിക്കുന്നു. പത്തനംതിട്ട ജില്ലയിൽ കയർ സഹകരണ സംഘങ്ങൾ ഒന്നുംതന്നെ പ്രവർത്തിക്കുന്നില്ല. ആലപ്പുഴ ജില്ലയിലെ കായംകുളം പ്രോജക്ടിൽ 109 കയർ വ്യവസായ സഹകരണ സംഘങ്ങളുണ്ട്. കയർപിരി മേഖലയിൽ 12000 തൊഴിലാളികളും ചകിരി ഉല്പാദന മേഖലയിൽ 20 തൊഴിലാളികളും പ്രവർത്തിക്കുന്നു. ആലപ്പുഴ കയർ പ്രോജക്ടിന് കീഴിൽ 105 കയർ സഹകരണ സംഘങ്ങളും 26 മാറ്റ്സ് & മാറ്റിംഗ്സ് സംഘങ്ങളും 45 സ്മോൾ സ്കെയിൽ ഉല്പാദക സംഘങ്ങളും പ്രവർത്തിക്കുന്നു. കയർമേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികളുടെ എണ്ണം - 39978. തൃശ്ശൂർ ജില്ലയിൽ 16 കയർപിരി സംഘങ്ങൾ ഉണ്ട്. കയർപിരി മേഖലയിൽ 352 തൊഴിലാളികളും ചകിരി ഉൽപ്പാദന മേഖലയിൽ 6 തൊഴിലാളികളും പ്രവർത്തിക്കുന്നു. കോഴിക്കോട്, വയനാട് ജില്ലകൾ ഉൾപ്പെടുന്ന കോഴിക്കോട് കയർ പ്രോജക്ടിൽ കോഴിക്കോട് ജില്ലയിൽ 60 കയർ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. 2562 കയർ തൊഴിലാളികൾ ഈ സംഘങ്ങളിൽ പ്രവർത്തിക്കുന്നു. വയനാട് ജില്ലയിൽ കയർ സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നില്ല. കണ്ണൂർ, കാസർഗോഡ് ജില്ലകൾ ഉൾപ്പെടുന്ന കണ്ണൂർ കയർ പ്രോജക്ടിന് കീഴിൽ കണ്ണൂർ ജില്ലയിൽ 13 കയർപിരി സംഘങ്ങളിലും 2 യന്ത്രവത്കൃത സംഘങ്ങളിലും കൂടി ആകെ 158 തൊഴിലാളികൾ പ്രവർത്തിക്കുന്നു. കാസർഗോഡ് ജില്ലയിൽ 4 കയർപിരി സംഘങ്ങളും ഒരു യന്ത്രവത്കൃത കയർ സഹകരണ സംഘവും പ്രവർത്തിക്കുന്നു. ഇവയിൽ 66 തൊഴിലാളികളുണ്ട്. പാലക്കാട്, മലപ്പുറം എന്നീ ജില്ലകൾ ഉൾപ്പെടുന്ന പൊന്നാനി പ്രോജക്ടിൽ മലപ്പുറം ജില്ലയിൽ 12 കയർ സഹകരണ സംഘങ്ങൾ ഉണ്ട്. 238 തൊഴിലാളികൾ ജോലിചെയ്തുവരുന്നു. പാലക്കാട് ജില്ലയിൽ കയർ സഹകരണ സംഘങ്ങളില്ല. എറണാകുളം ജില്ലയിലെ നോർത്ത്പറവൂർ കയർ പ്രോജക്ടിനുകീഴിൽ 12 കയർപിരി സംഘങ്ങളും ഒരു കയർ ഉല്പന്ന സംഘവും പ്രവർത്തിക്കുന്നു. കയർപിരി സംഘങ്ങളിലെ കയർ തൊഴിലാളികളുടെ എണ്ണം 194. കയർ ഉൽപ്പന്ന സംഘത്തിലെ തൊഴിലാളികളുടെ എണ്ണം - 53. കോട്ടയം, ഇടുക്കി ജില്ലകൾ ഉൾപ്പെടുന്ന വൈക്കം കയർ പ്രോജക്ടിന്റെ പരിധിയിൽ കോട്ടയം ജില്ലയിൽ 35 കയർ സഹകരണ സംഘങ്ങളും ഒരു മാറ്റ്സ് & മാറ്റിംഗ്സ് സംഘവും ഉൾപ്പെടെ 36 കയർ സംഘങ്ങൾ പ്രവർത്തിച്ചുവരുന്നു. 2818 തൊഴിലാളികൾ 36 സംഘങ്ങളിലായി പ്രവർത്തിച്ചുവരുന്നു. ഇടുക്കി ജില്ലയിൽ കയർ സംഘങ്ങൾ ഒന്നുംതന്നെ പ്രവർത്തിക്കുന്നില്ല.

(ബി) കയർ മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികളുടെ ക്ഷേമത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ?

പരമ്പരാഗത കയർ വ്യവസായ മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനും പരമ്പരാഗത കയർ തൊഴിലാളികളുടെ ഉന്നമനത്തിനുംവേണ്ടി ആവിഷ്കരിച്ച് നടപ്പാക്കിവരുന്ന നൂതന പദ്ധതിയാണ് കയർ രണ്ടാം പുനഃസംഘടന. തൊണ്ട് സംഭരണം ശക്തിപ്പെടുത്തിയും പൂർണ്ണമായും യന്ത്രവൽക്കരണം നടപ്പിലാക്കിയും പരമാവധി ചകിരി ഉല്പാദിപ്പിച്ച് കയർ മേഖലയെ ശക്തിപ്പെടുത്തുക, ചകിരി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക, പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിച്ച് സമ്പൂർണ്ണ യന്ത്രവൽക്കരണം നടപ്പാക്കുക, കയർ ജിയോ ടെക്സ്റ്റൈൽസിന്റെ ഉപയോഗം വർദ്ധിപ്പിക്കുക, ഉല്പന്ന രംഗത്ത് വൈവിദ്ധ്യ വൽക്കരണവും നൂതന മാർക്കറ്റിംഗ് സംവിധാനങ്ങളും ഏർപ്പെടുത്തുക എന്നുള്ളതാണ് ഇതിന്റെ പ്രധാന ഘടകങ്ങൾ. കണ്ണൂർ പ്രോജക്ട് ഓഫീസിനുകീഴിൽ രണ്ടും തൃശ്ശൂർ പ്രോജക്ട് ഓഫീസിനുകീഴിൽ ഒന്നും ഉൾപ്പെടെ മൂന്ന് ഡി.എഫ്. മില്ലുകൾ സംസ്ഥാനത്ത് കുടുംബശ്രീ യൂണിറ്റുകളുടെ ആഭിമുഖ്യത്തിൽ ആരംഭിച്ചിട്ടുണ്ട്. കണ്ണൂർ, തൃശ്ശൂർ, നോർത്ത് പറവൂർ, കോഴിക്കോട്, പൊന്നാനി എന്നീ പ്രോജക്ടുകളിലായി ആറ് ഡി.എഫ്. യൂണിറ്റുകൾ കൂടി സ്ഥാപിക്കുന്നതിനുള്ള നടപടികൾ വിവിധ ഘട്ടങ്ങളിലാണ്. സംസ്ഥാനത്ത് ഇതിനോടകംതന്നെ 8000 മുതൽ 80,000 തൊണ്ട് വരെ പ്രതിദിനം ചകിരിയാക്കാൻ കഴിയുന്ന 130 ഡി.എഫ്. മില്ലുകൾ സ്ഥാപിച്ച് കഴിഞ്ഞു. 27 ഡി.എഫ്. മില്ലുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗ മിക്കുന്നു. കയർ സഹകരണ സംഘങ്ങളിൽ യന്ത്രവത്ക്കരണത്തിന്റെ ഭാഗമായി 23,000 ഇലക്ട്രോണിക് റാട്ടുകൾ നൽകിക്കഴിഞ്ഞു. കൂടാതെ 10/20 ക്രമത്തിൽ ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിച്ച് സഹകരണ സംഘങ്ങളെ ഫാക്ടറി ടൈപ്പ് സംഘങ്ങളാക്കി നവീകരിക്കുന്ന നടപടികളും ആരംഭിച്ചിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തിൽ 100 സംഘങ്ങളിലായി 1000 എ.എസ്.എം.-കൾ സ്ഥാപിച്ചുകഴിഞ്ഞു. 100 സംഘങ്ങളിൽകൂടി 1000 എ.എസ്.എം-കൾ സ്ഥാപിക്കു ന്നതിന് ലക്ഷ്യമിട്ടിരിക്കുന്നു. ഇതുവഴി തൊഴിലാളികളുടെ അദ്ധ്വാനഭാരം കുറയുകയും ഉല്പാദനക്ഷമത വർദ്ധിക്കുകയും ചെയ്തിട്ടുണ്ട്. ഉൽപ്പാദിപ്പിച്ച കയറിന് വിപണി കണ്ടെത്തുന്നതിനായി എം.എൻ.ആർ.ഇ.ജി.എസ്.-മായി ചേർന്ന് തദ്ദേശഭരണ സ്ഥാപനങ്ങളുടെ മണ്ണ് ജല സംരക്ഷണ പദ്ധതിക്കും റോഡ് നിർമ്മാണത്തിനും കയർഭൂവസ്ത്ര പദ്ധതി നടപ്പിലാക്കിവരുന്നു. ഇതുവരെ 100 കോടി രൂപയുടെ കയർഭൂവസ്ത്ര പദ്ധതി നടപ്പാക്കിയിട്ടുണ്ട്. 2020-21 വെർച്വൽ കയർ കേരളയിൽ 120 കോടി രൂപയുടെ കയർഭൂവസ്ത്ര ധാരണാപത്രം തദ്ദേശസ്വയംഭരണ സ്ഥാപന ങ്ങളുമായി ഒപ്പുവച്ചിട്ടുണ്ട്.

(സി) കയർ വ്യവസായത്തെയും തൊഴിലാളികളെയും സംരക്ഷിക്കുന്നതിനായി കയർ ഉൽപ്പന്ന വൈവിധ്യവത്കരണത്തിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് വിശദീകരിക്കാമോ?

കയർ ഉൽപ്പന്നങ്ങൾക്ക് പുതിയ ഉപയോഗ സാദ്ധ്യതകൾ കണ്ടെത്തുന്നതിനായി താഴെപ്പറയുന്ന പഠനങ്ങളും ഗവേഷണങ്ങളും നടത്തുകയും ഉൽപ്പന്നങ്ങൾ വികസിപ്പിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്: കയർ അക്വസ്റ്റിക് പാനൽ (ശബ്ദം നിയന്ത്രിക്കാനായി ജൈവനാരായ കയർ ഉപയോഗിച്ച് അക്വസ്റ്റിക് പാനലുകൾ വികസിപ്പിച്ചെടുക്കുക), കയർ കോമ്പോസിറ്റ്സ് (ചകിരിനാരും, പോളിമറും സംയോജിപ്പിച്ച് നിർമ്മിക്കുന്ന പാർട്ടിക്കിൾ ബോർഡുകളാണ് കയർ കോമ്പോസിറ്റ്സ്), ബൈൻഡർലെസ്സ് ബോർഡ് (അനുയോജ്യമായ ഊഷ്മാവിലും മർദ്ദത്തിലും കയർ പിത്തും കുട്ടിക്കയർ നാരുകളും സംയോജിപ്പിച്ച് ഉല്പാദിപ്പിക്കുന്ന രാസവസ്തു രഹിതമായ ഉല്പന്നമാണ് ബൈൻഡർലെസ്സ് ബോർഡുകൾ), കയർ ജിയോസെൽ, കയർ മൾച്ചിംഗ് മാറ്റ് (ചകിരിനാരും റബ്ബറും ജീർണ്ണിക്കുമ്പോൾ പ്രകൃതിക്കും മണ്ണിനും ജലത്തിനും ദോഷമില്ലാത്തവിധമുള്ള വസ്തുക്കൾ ഉപയോഗിച്ചുകൊണ്ട് പ്രകൃതിദത്തമായ പുതയിടീൽ വസ്തുക്കൾ). കോവിഡ് കാലത്ത് പാദങ്ങളുടെ ശുചിത്വം ലക്ഷ്യംവച്ച് കേരള സ്റ്റേറ്റ് കയർ കോർപ്പറേഷനും കയർഫെഡും സാനിമാറ്റ്, സാനിപാഡ് എന്ന പേരിൽ ഉത്പന്നങ്ങൾ മാർക്കറ്റിൽ ഇറക്കുകയുണ്ടായി.

(ഡി) കയർ ഉത്പന്നങ്ങൾ കെട്ടിക്കിടക്കുന്നതുമൂലം ഈ മേഖല നേരിടുന്ന പ്രതിസന്ധി പരിഹരിക്കാൻ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ; ഇതിനായി എത്ര രൂപയാണ് നാളിതുവരെ ചെലവാക്കിയിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കയർ ഉത്പന്നങ്ങളുടെ വിപണനം കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ, കയർഫെഡ് എന്നീ പൊതുമേഖലാ സ്ഥാപനങ്ങളാണ് നിർവ്വഹിക്കുന്നത്. ആഭ്യന്തര വിപണി വികസിപ്പിക്കുന്നതിനായി റിലയൻസ്, വാൾമാർട്ട് കമ്പനികളുമായി ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. ഉത്സവകാലങ്ങളിൽ പ്രത്യേക ഡിസ്കൗണ്ടുകളോടുകൂടി സംസ്ഥാനത്തിനകത്തും പുറത്തും ഷോറൂമുകൾ വഴി കയർ ഉത്പന്നങ്ങൾ വിറ്റഴിക്കുന്നുണ്ട്. ഉത്പന്ന മേഖലയിൽ കൂടുതൽ ഡിമാന്റ് ഉള്ളത് കയർ ഭൂവസ്ത്രത്തിനാണ്. പി.പി.എസ്.എസ്. വഴി ചെറുകിട ഉത്പാദക സംഘങ്ങളിൽനിന്നും ഉത്പന്ന മേഖലയിലെ മാറ്റ്സ് & മാറ്റിംഗ്സ് സംഘങ്ങളിൽനിന്നും കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ സംഭരിക്കുന്ന ഉത്പന്നങ്ങൾക്ക് കയറ്റുമതിക്കാർക്ക് വിൽക്കുമ്പോൾ 16% ഡിസ്കൗണ്ട് കേരള സ്റ്റേറ്റ് കയർ കോർപ്പറേഷന് നൽകിവരുന്നുണ്ട്. കയർ

കേരളയിൽ പങ്കെടുത്ത് വ്യാപാര കരാർ ഒപ്പുവയ്ക്കുമ്പോൾ 5% അധിക ഡിസ്കൗണ്ടും പ്രോത്സാഹനമായി നൽകിവരുന്നുണ്ട്. 2021 വെർച്വൽ കയർ കേരളയിൽ 616.72 കോടി രൂപയുടെ വ്യാപാര കരാർ ഒപ്പിടുകയുണ്ടായി. ഇപ്രകാരം മേളകൾ സംഘടിപ്പിക്കുകവഴിയും ആഭ്യന്തര വിദേശ വിപണി വിപുലീകരിക്കുന്നതിന് കഴിയുന്നുണ്ട്. കയർ പൊതുമേഖലാ സ്ഥാപനങ്ങൾ സ്വന്തം നിലയ്ക്കും വിപണി വിപുലീകരണത്തിന് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ട്.

**വടകരയിലെ അടഞ്ഞുകിടക്കുന്ന കശുവണ്ടി ഫാക്ടറി**

185(199) ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര നിയോജകമണ്ഡലത്തിലെ അഴിയൂർ പഞ്ചായത്തിൽ കശുവണ്ടി കോർപ്പറേഷനുകീഴിലുള്ള കശുവണ്ടി ഫാക്ടറി കഴിഞ്ഞ മുപ്പത് വർഷത്തോളമായി അടഞ്ഞുകിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

വടകര നിയോജകമണ്ഡലത്തിലെ അഴിയൂർ പഞ്ചായത്തിൽ കശുവണ്ടി വികസന കോർപ്പറേഷന് കശുവണ്ടി ഫാക്ടറി ഇല്ല. ഇവിടെ കശുവണ്ടി വികസന കോർപ്പറേഷന്റെ ഡ്രൈയിംഗ് യാർഡും ഗോഡൗണും മാത്രമാണുള്ളത്.

(ബി) പ്രസ്തുത സ്ഥാപനം എന്നാണ് സ്ഥാപിതമായത്; എന്തൊക്കെ പ്രവർത്തനങ്ങളാണ് ഇവിടെ നടന്നിരുന്നതെന്നും എന്നുമുതലാണ് ഈ സ്ഥാപനത്തിന്റെ പ്രവർത്തനം നിർത്തലാക്കിയതെന്നും വ്യക്തമാക്കുമോ;

&

(സി) പ്രസ്തുത കമ്പനിയുടെ പ്രവർത്തനം നിർത്തിയതിന് പിന്നിലെ കാരണങ്ങൾ എന്തൊക്കെയാണ്?

ബാധകമല്ല.

(ഡി) എത്ര ഏക്കർ ഭൂമിയാണ് കമ്പനിയുടെ അധീനതയിലുള്ളത്; ഇപ്പോൾ ഇത് ആരുടെ ഉടമസ്ഥതയിലാണ് ഉള്ളതെന്ന് വ്യക്തമാക്കുമോ?

3 ഏക്കർ 55 സെന്റ് ഭൂമിയാണ് കശുവണ്ടി വികസന കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ളത്.

(ഇ) ഈ കമ്പനി വീണ്ടും തുറന്നുപ്രവർത്തിപ്പിക്കുന്നകാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ ഇതിനായി എന്തെല്ലാം അടിയന്തര നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കാമോ?

ബാധകമല്ല.

(എഫ്) ഇല്ലെങ്കിൽ ഈ ഭൂമി മറ്റേതെങ്കിലും പദ്ധതിക്കായി ഉപയോഗിക്കുന്ന കാര്യം പരിഗണനയിലുണ്ടോ എന്നറിയിക്കാമോ?

ടി ഭൂമിയുടെ ഒരു ഭാഗം മാഹി-തലശ്ശേരി ബൈപ്പാസിന്റെ നിർമ്മാണ ആവശ്യത്തിന് നൽകുന്നതിനായുള്ള ലാൻഡ് അക്വിസിഷൻ നടപടികൾ പുരോഗമിച്ചുവരുന്നു.

**കാപ്പെക്സ് ഫാക്ടറികളിലെ തൊഴിലാളികളുടെ ക്ഷേമവും അടിസ്ഥാന സൗകര്യവും**

186(200) ശ്രീ. എം. എം. മണി:
ശ്രീമതി യു. പ്രതിഭ:
ഡോ. സുജിത് വിജയൻപിള്ള:
ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാപ്പെക്സ് ഫാക്ടറികളിലെ തൊഴിലാളികളുടെ ക്ഷേമത്തിനും തൊഴിലാളികൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും കഴിഞ്ഞ സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

കാപ്പെക്സ് ഫാക്ടറികളിലെ തൊഴിലാളികളുടെ ക്ഷേമത്തിനും തൊഴിലാളികൾക്ക് അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുന്നതിനും കഴിഞ്ഞ സർക്കാർ കാപ്പെക്സിന്റെ കശുവണ്ടി ഫാക്ടറികൾ നവീകരണത്തിനും ഭാഗികമായ യന്ത്രവത്ക്കരണത്തിനും h/a (4851-00-195-99) എന്ന ശീർഷകത്തിൽ 2016-17 കാലയളവിൽ 12 കോടി രൂപയും (2015-16-ൽ 8 കോടി രൂപയും 2016-17-ൽ 4 കോടി രൂപയും) 2017-18 കാലയളവിൽ 24.15 കോടി രൂപയും 2018-19 കാലയളവിൽ 17.61 കോടി രൂപയും 2020-21 കാലയളവിൽ 4.69 കോടി രൂപയും ധനസഹായമായി പദ്ധതി വിഹിതത്തിൽ നിന്നും വകയിരുത്തി നൽകിയിരുന്നു (ആകെ 58.45 കോടി രൂപ). പ്രസ്തുത ധനസഹായത്തിൽ നിന്നും 2016-17 കാലയളവിൽ 4 കോടി രൂപയും 2020-21 കാലയളവിൽ 1.19 കോടി രൂപയും ചേർത്ത് ആകെ 5.19 കോടി രൂപയാണ് കാപ്പെക്സ് ഫാക്ടറികളുടെ നവീകരണത്തിനും ഭാഗിക യന്ത്രവത്ക്കരണത്തിനുമായി സർക്കാർ അനുവദിച്ചുനൽകിയത്. കാപ്പെക്സിന് മറ്റ് ധനസഹായമില്ലാത്തതിനാൽ ബാക്കി തുക കാപ്പെക്സിന് തോട്ടണ്ടി വാങ്ങുന്നതിനായും തൊഴിലാളികളുടെയും ജീവനക്കാരുടെയും ബോണസ് നൽകുന്നതിനായും കേരളാ കാഷ്യൂ ബോർഡിൽ കാപ്പെക്സിന്റെ ഷെയറായും പിരിഞ്ഞുപോയ തൊഴിലാളികളുടെ ഗ്രാറ്റുവിറ്റി കുടിശ്ശിക നൽകുന്നതിനുമായി സർക്കാർ അനുവദിച്ചുനൽകിയിരുന്നു. ആയതുപ്രകാരം കാപ്പെക്സിന് 2016-17 കാലയളവ് മുതൽ 2020-21 കാലയളവുവരെ കാപ്പെക്സിന്റെ കശുവണ്ടി ഫാക്ടറികളുടെ നവീകരണവും ഭാഗികമായ യന്ത്രവത്കരണവും എന്ന കണക്കിനത്തിൽ

h/a (4851-00-195-99) ആകെ 58.45 കോടി രൂപ ഈ പദ്ധതി വിഹിതത്തിൽ വകയിരുത്തിയിരുന്നു. പ്രസ്തുത കണക്കിനത്തിൽനിന്നും 5.19 കോടി രൂപയുടെ ധനസഹായംകൊണ്ട് കാപ്പെക്സിന്റെ അധീനതയിലുള്ള പെരുമ്പുഴ ഫാക്ടറി പൂർണ്ണമായും പുനർനിർമ്മിക്കുകയും, കാപ്പെക്സ് ഹെഡ്ഓഫീസും 10 ഫാക്ടറികളും, പാക്കിംഗ് സെന്ററും തമ്മിൽ ഇന്റഗ്രേറ്റഡ് സോഫ്റ്റ്വെയർ കൊണ്ട് CCTV-കൾ മുഖേന ബന്ധിപ്പിക്കുകയും കാപ്പെക്സിന്റെ അധീനതയിലുള്ള 10 ഫാക്ടറികളിലെ ഷെല്ലിംഗ്, പീലിംഗ്, ഗ്രേഡിംഗ് ഷെഡ്ഡുകൾ അറ്റകുറ്റപ്പണികൾ നടത്തുകയും 10 ഫാക്ടറികളിൽ ആവശ്യമായ ടോയ്‌ലറ്റ്, ചുറ്റുമതിൽ മുതലായവ നിർമ്മിക്കുകയും തൊഴിലാളികളുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി ആധുനിക നിലവാരമുള്ള കട്ടിംഗ് മെഷീനുകൾ, പീലിംഗ് ടേബിളുകൾ, ഗ്രേഡിംഗ് ടേബിളുകൾ മുതലായവ വാങ്ങി 10 ഫാക്ടറികളിലായി സ്ഥാപിക്കുകയും ചെയ്തു. കൂടാതെ തോട്ടുപുര, ഗോഡൗണുകൾ, യാർഡുകൾ, കുടിവെള്ള സംഭരണികൾ മുതലായവ അറ്റകുറ്റപ്പണികൾ നടത്തുകയുണ്ടായി.

(ബി) 2015 വരെയുള്ള കാലയളവിൽ പിരിഞ്ഞുപോയ തൊഴിലാളികളുടെ ഗ്രാറ്റുവിറ്റി കുടിശ്ശിക ഇനത്തിൽ കഴിഞ്ഞ സർക്കാർ കൊടുത്ത് തീർത്ത തുകയുടെ വിശദാംശം നൽകാമോ?

കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ 2012 മുതൽ 2014 വരെയുള്ള സമയത്തെ പിരിഞ്ഞുപോയ തൊഴിലാളികളുടെ ഗ്രാറ്റുവിറ്റി കുടിശ്ശിക നൽകുന്നതിന് 4.61 കോടി രൂപയും 2015-ൽ ഗ്രാറ്റുവിറ്റി കുടിശ്ശിക നൽകുന്നതിന് 3.50 കോടി രൂപയും ചേർത്ത് ആകെ 8.11 കോടി രൂപ സർക്കാർ ധനസഹായമായി ഗ്രാറ്റുവിറ്റി നൽകുന്നതിനായി അനുവദിച്ചിട്ടുണ്ട്.

(സി) 2016-17 മുതൽ 2020-21 വരെയുള്ള കാലയളവിനുള്ളിൽ കാപ്പെക്സിന് അനുവദിച്ച തുകയുടെ വിശദവിവരം ലഭ്യമാക്കാമോ?

കാപ്പെക്സിന്റെ ഫാക്ടറികളിൽ ആധുനികവത്കരണവും ഭാഗികമായ യന്ത്രവത്ക്കരണവും (കാപ്പെക്സിൽ ഓഹരി മൂലധനം നിക്ഷേപ സഹായങ്ങൾ) (h/a 4851-00-195-99) എന്ന ശീർഷകത്തിൽ 58.45 കോടി രൂപയും ദേശീയ വിപണിയിലും അന്താരാഷ്ട്ര വിപണിയിലും ബ്രാൻഡ് ബിൽഡിംഗും കമ്പോള ബോധവത്കരണവും (h/a 2852-08-600-81) എന്ന കണക്കിനത്തിൽ 2.40 കോടി രൂപയും ചേർത്ത് ആകെ 60.85 കോടി രൂപയുടെ ധനസഹായം 2016-17 മുതൽ 2020-21 വരെയുള്ള കാലയളവിൽ പദ്ധതി വിഹിതത്തിൽ വകയിരുത്തി നൽകിയിട്ടുണ്ട്. ധനസഹായത്തിന്റെ വിശദവിവരങ്ങൾ ചുവടെ പ്രതിപാദിക്കുന്നു.

തൊഴിലാളികളുടെ ബോണസ് നൽകുന്നതിനായി 12.15 കോടി രൂപ ആധുനിക വത്കരണത്തിനും ഭാഗികമായ യന്ത്രവത്കരണത്തിനുമായി 5.19 കോടി രൂപ 2012 മുതൽ 2015 വരെയുള്ള പിരിഞ്ഞുപോയ തൊഴിലാളികളുടെ ഗ്രാറ്റുവിറ്റി നൽകുന്നതിനായി-8.11 കോടി രൂപ- തോട്ടണ്ടി വാങ്ങുന്നതിനായി 28 കോടി രൂപ കേരളാ കാഷ്യൂ ബോർഡിന് കാപ്പെക്സിന്റെ ഷെയറായി 5 കോടി രൂപ ബ്രാൻഡ് ബിൽഡിംഗും കമ്പോള ബോധവത്കരണത്തിനുമായി 2.40 കോടി രൂപ ചേർത്ത് ആകെ ധനസഹായം 60.85 കോടി രൂപ.

**തോട്ടം മേഖല സംരക്ഷണം**

187(201) ശ്രീ. പി. നന്ദകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടം മേഖലയെ സംരക്ഷിക്കുന്നതിനുവേണ്ടി പഠനം നടത്താൻ നിയോഗിച്ച കൃഷ്ണൻനായർ കമ്മീഷൻ റിപ്പോർട്ട് ലഭിച്ചത് ഏതുവർഷമാണ്?

2016-ലാണ് റിപ്പോർട്ട് ലഭിച്ചത്.

(ബി) പ്രസ്തുത കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കാൻ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

i. കമ്മീഷൻ ശിപാർശകളിൽ എസ്റ്റേറ്റുകളിൽനിന്നും റബ്ബർ മരങ്ങൾ മുറിച്ച് മാറ്റുമ്പോൾ വനം വന്യജീവി വകുപ്പ് ഈടാക്കുന്ന സീനിയറേജ് തുക പൂർണ്ണമായും ഒഴിവാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ii. തൊഴിലാളികൾ താമസിക്കുന്ന ലയങ്ങളെ കെട്ടിട നികുതി ഈടാക്കുന്നതിൽനിന്നും ഒഴിവാക്കി തദ്ദേശ സ്വയം ഭരണ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. iii. പ്ലാന്റേഷൻ ടാക്സ്, കാർഷികാദായ നികുതി ഒഴിവാക്കൽ എന്നിവയിൽ നിയമനിർമ്മാണം ആവശ്യമായതിനാൽ ഇത് സംബന്ധിച്ച് ബില്ലുകൾ നിയമസഭയുടെ പരിഗണനയിലാണ്. iv. തോട്ടം മേഖലയിൽ ഇ.എസ്.ഐ. സ്കീം നടപ്പിലാക്കുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാരിന്റെ പുതിയ സോഷ്യൽ സെക്യൂരിറ്റി കോഡിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ സോഷ്യൽ സെക്യൂരിറ്റി കോഡ് പ്രാബല്യത്തിൽ വരുന്നതോടുകൂടി തോട്ടം മേഖലയും ഇ.എസ്.ഐ. പദ്ധതിയിൽപ്പെടുത്തുന്നത് പരിഗണിക്കാവുന്നതാണ്. v. തൊഴിലാളികളുടെ വേതന കരാർ കാലോചിതമായി പരിഷ്കരിക്കുന്നതുമായി ബന്ധപ്പെട്ട് അടിസ്ഥാന വേതനത്തിൽ 52 രൂപയുടെ വർദ്ധനവ് വരുത്തി ഉത്തരവായിട്ടുണ്ട്. vi. തോട്ടംമേഖലയുടെ വികസനവുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളുടെ ഏകോപനത്തിനായി പ്ലാന്റേഷൻ ഡയറക്ടറേറ്റ് രൂപീകരണത്തിനായി തത്വത്തിൽ അംഗീകാരം നൽകി ഉത്തരവായിട്ടുണ്ട്. vii. തോട്ടം മേഖലയുടെ പുനരുദ്ധാര

ണവുമായി ബന്ധപ്പെട്ട് സമഗ്രമായ ഒരു തോട്ടം നയം പ്രഖ്യാപിച്ച് ഉത്തരവായിട്ടുണ്ട്. viii. തോട്ടം മേഖലയിലെ ഭവനരഹിതരായ എല്ലാ തോട്ടംതൊഴിലാളികൾക്കും സൗജന്യമായി വീട് നിർമ്മിച്ച് നൽകുകയെന്ന സർക്കാർ പദ്ധതിയുമായി ബന്ധപ്പെട്ട് ഭവനം ഫൗണ്ടേഷന്റെ സഹകരണത്തോടെ മൂന്നാർ മേഖലയിൽ ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ട തോട്ടം തൊഴിലാളികൾക്കുള്ള വീടുകളുടെ നിർമ്മാണം തുടങ്ങുകയും പൂർത്തീകരിച്ച 5 വീടുകൾ തൊഴിലാളികൾക്ക് കൈമാറിയിട്ടുള്ളതുമാണ്.

## കെ.എസ്.ഇ.ബി. എസ്റ്റിമേറ്റുകൾ

188(202) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയോജകമണ്ഡലത്തിലെ പ്രധാന ക്ഷേത്രങ്ങളായ നൂറനാട് പടനിലം ക്ഷേത്രം, ചുനക്കര ക്ഷേത്രം എന്നിവയുടെ പരിസര പ്രദേശങ്ങളിൽ എ.ബി.സി. ലൈനുകളും യു.ജി. ലൈനുകളും സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി. എസ്റ്റിമേറ്റുകൾ തയ്യാറാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത പ്രവൃത്തികൾക്കാവശ്യമായ തുക അനുവദിക്കുമോ; വിശദമാക്കുമോ?

മാവേലിക്കര നിയോജകമണ്ഡലത്തിലെ പ്രധാന ക്ഷേത്രങ്ങളായ നൂറനാട് പടനിലം ക്ഷേത്രം, ചുനക്കര ക്ഷേത്രം എന്നിവയുടെ പരിസരപ്രദേശങ്ങളിൽ എ.ബി.സി. യു.ജി. കേബിൾ സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി. എസ്റ്റിമേറ്റുകൾ തയ്യാറാക്കി യിട്ടുണ്ട്. നൂറനാട് പടനിലം ക്ഷേത്ര പരിസരത്തെ പ്രവൃത്തികൾക്കായി 1,18,61,846 രൂപയുടെ എസ്റ്റിമേറ്റും ചുനക്കര ക്ഷേത്ര പരിസരത്തെ പ്രവൃത്തികൾക്കായി 61,00,000 രൂപയുടെ എസ്റ്റിമേറ്റും ആണ് തയ്യാറാക്കിയിട്ടുള്ളത്. നൂറനാട് പടനിലം ക്ഷേത്രം പ്രവൃത്തി ഫെബ്രുവരി 2020-ൽ നടന്ന വൈദ്യുതി അദാലത്തിൽ, ടി പ്രവൃത്തിയുടെ തുക അടയ്ക്കുന്നതിൽ ഇളവ് ആവശ്യപ്പെട്ടുകൊണ്ട്, സെക്രട്ടറി, പടനിലം ക്ഷേത്ര ഭരണസമിതിയുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ, ടി കാര്യം പരിശോധിക്കുകയും അദാലത്ത് കമ്മിറ്റി തീരുമാനപ്രകാരം, എസ്റ്റിമേറ്റ് തുകയിൽ 25% ഇളവ് അനുവദിച്ചുകൊണ്ട് ബാക്കി തുക അപേക്ഷകൻ ഒടുക്കിയാൽ മതിയെന്ന് ഉത്തരവാകുകയും ചെയ്തു. അപേക്ഷകൻ തുക ഒടുക്കുന്നതനുസരിച്ച്, റോഡ് കട്ടിംഗിനുള്ള അനുമതിയും ലഭ്യമാക്കുന്ന മുറയ്ക്ക്, പ്രവൃത്തി പൂർത്തികരിക്കുവാൻ സാധിക്കു ന്നതാണ്. ചുനക്കര ക്ഷേത്ര പരിസരത്തെ പ്രവൃത്തി ഫെബ്രുവരി 2020-ൽ നടന്ന വൈദ്യുതി അദാലത്തിൽ, ചുനക്കര അമ്പലത്തിലെ കെട്ടുത്സവത്തോട് ബന്ധപ്പെട്ട് ഉണ്ടാകുന്ന വൈദ്യുതി തടസ്സം ഒഴിവാക്കുന്നതിനുവേണ്ടിയുള്ള മേൽ പ്രവൃത്തിയുടെ

തുക അടയ്ക്കുന്നതിൽ ഇളവ് ആവശ്യപ്പെട്ടുകൊണ്ട്, സെക്രട്ടറി, തിരുവൈരൂർ ദേവസ്വം ഭരണസമിതി, ചുനക്കര എന്നിവരുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ഇക്കാര്യം പരിശോധിക്കുകയും അദാലത്ത് കമ്മിറ്റി തീരുമാനപ്രകാരം എസ്റ്റിമേറ്റ് തുകയിൽ ഉൾപ്പെട്ട 15.6 ലക്ഷം രൂപയുടെ പ്രവൃത്തി PMU-PMSU വർക്കുകളിൽ വിഭാവന ചെയ്തിട്ടുള്ളതാണെന്നും ബാക്കി തുകയായ 45.4 ലക്ഷം രൂപയിൽ 25% ഇളവ് അനുവദിച്ചതിനുശേഷമുള്ള തുകയായ 34.05 ലക്ഷം രൂപ മാത്രം അപേക്ഷകൻ ഒടുക്കിയാൽ മതിയെന്ന് ഉത്തരവാകുകയും ചെയ്തു. ബഹുമാനപ്പെട്ട മുൻ എം.എൽ.എ. ശ്രീ. ആർ. രാജേഷ് 25-9-2020-ൽ നൽകിയ കത്തുപ്രകാരം ടി പ്രവൃത്തിക്ക് ആവശ്യപ്പെട്ട 34.05 ലക്ഷം രൂപ ബഹുമാനപ്പെട്ട എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽനിന്നും അനുവദിക്കുവാൻ സമ്മതം അറിയിച്ചതിൻപ്രകാരം ചുനക്കര അമ്പലത്തിലെ കെട്ടുകാഴ്ച സഞ്ചരിക്കുന്നവഴി, കെട്ടുകാഴ്ചകളുടെ ഉയരം എന്നിവ ദേവസ്വം ഭരണസമിതിയുമായി ആലോചിച്ചതിനുശേഷം, വിശദമായ എസ്റ്റിമേറ്റ് സഹിതം ആലപ്പുഴ ജില്ലാകളക്ടർക്ക് 1-7-2021-ൽ സമർപ്പിക്കുക യുണ്ടായി. എന്നാൽ മുൻ എം.എൽ.എ.യുടെ ആസ്തിവികസന ഫണ്ടിൽ നിന്നും തുക അനുവദിക്കുന്ന കാര്യത്തിൽ സംശയം പ്രകടിപ്പിച്ചതിനെ തുടർന്ന് നിലവിലെ ബഹുമാനപ്പെട്ട എം.എൽ.എ.-യോട് ടി തുക അനുവദിക്കുന്ന കാര്യം അനുഭാവ പൂർവം പരിഗണിക്കണമെന്ന് കെ.എസ്.ഇ.ബി.എൽ. മാവിലേക്കര ഇലക്ട്രിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ അപേക്ഷിച്ചിട്ടുണ്ട്.

## മലമ്പുഴ നിയോജകമണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ

189(203) ശ്രീ. എ. പ്രഭാകരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ 2021 വരെയുള്ള കാലയളവിൽ മലമ്പുഴ നിയോജക മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് മുഖാന്തരം എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

2016 മുതൽ 2021 വരെയുള്ള കാലയളവിൽ മലമ്പുഴ നിയോജകമണ്ഡലത്തിൽ വിതരണ വിഭാഗത്തിൽ, സമ്പൂർണ വൈദ്യുതീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി 293.22 ലക്ഷം രൂപയുടെ പ്രവൃത്തികളും ഗ്രാമപ്രദേശങ്ങളിലെ വൈദ്യുതീകരണ പ്രവർത്തനങ്ങൾക്കായി നടപ്പിലാക്കിയ DDUGJY പദ്ധതിയിൽ ഉൾപ്പെടുത്തി 256.32 ലക്ഷം രൂപയുടെ പ്രവൃത്തികളും നഗരപ്രദേശങ്ങളിലെ വൈദ്യുതി മേഖലയുടെ ഗുണമേന്മ വർധിപ്പിക്കുന്നതിനും ഊർജ്ജനഷ്ടം കുറയ്ക്കുന്നതിനും നടപ്പിലാക്കിയ

IPDS പദ്ധതിയിൽ ഉൾപ്പെടുത്തി 865 ലക്ഷം രൂപയുടെ പ്രവൃത്തികളും KSEBL-ന്റെ തനതു ഫണ്ടുപയോഗിച്ച് (2016 മുതൽ 2018 വരെ) 2365.73 ലക്ഷം രൂപയുടെ പ്രവൃത്തികളും ‘ ദ്യുതി' പദ്ധതിയിൽ (KSEBL-ന്റെ തനതു ഫണ്ടുപയോഗിച്ച് 2018 മുതൽ 2021 വരെ) ഉൾപ്പെടുത്തി 3560.48 ലക്ഷം രൂപയുടെ പ്രവൃത്തികളും തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ടുപയോഗിച്ച് 149.54 ലക്ഷം രൂപയുടെ പ്രവൃത്തികളും നടപ്പിലാക്കിയിട്ടുണ്ട്. മേൽപ്പറഞ്ഞ പദ്ധതികളിൽ ഉൾപ്പെടുത്തി 2016 മുതൽ ഇതുവരെ 39.38 കി. മീ. എച്ച്.ടി. ലൈനും 98.18 കി.മീ. എൽ.ടി. ലൈനും നിർമ്മിക്കുകയും 2374 പുതിയ ട്രാൻസ്ഫോമറുകൾ സ്ഥാപിക്കുകയും 42.83 കി. മീ. ലൈനിന്റെ സ്ഥാപിതശേഷി കൂട്ടുകയും 44.07 കി. മീ. എച്ച്. ടി. ലൈനും 632.8 കി. മീ. എൽ.ടി. ലൈനും റീ കണ്ടക്ടറിംഗ് നടത്തുകയും ചെയ്തിട്ടുണ്ട്. ടി കാലയളവിൽ 10054 കണക്ഷനുകൾ നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഫിലമെന്റ് ബൾബുകൾക്കും ഫ്ലൂറസെന്റ് വിളക്കുകൾക്കും പകരം കാര്യക്ഷമതയുള്ള എൽ.ഇ.ഡി. ബൾബുകൾ വിതരണം ചെയ്യുന്ന 'ഫിലമെന്റ് രഹിത കേരളം' പദ്ധതി, പരമ്പരാഗത തെരുവു വിളക്കുകൾ മാറ്റി എൽ.ഇ.ഡി. ലൈറ്റുകൾ സ്ഥാപിക്കുന്ന "നിലാവ്" പദ്ധതി എന്നിവയും മലമ്പുഴ നിയോജകമണ്ഡലത്തിൽ നടന്നുവരുന്നു. വാളയാർ സെക്ഷൻ ഓഫീസിന് കെട്ടിടം നിർമ്മിക്കുന്ന പ്രവൃത്തിയും അന്തിമഘട്ടത്തിലാണ്. കൂടാതെ 2016 മുതൽ 2021 വരെയുള്ള കാലയളവിൽ മലമ്പുഴ നിയോജകമണ്ഡലത്തിൽ താഴെ പറയുന്ന പ്രവൃത്തികളും നടപ്പിലാക്കിയിട്ടുണ്ട്.

(1) 33 കെ.വി. കൺടൈനറൈസ്ഡ് സബ്സ്റ്റേഷൻ ഒലവക്കോട് - കല്പാത്തി 2 Nos., 33/11 kV 5 എം.വി.എ. ട്രാൻസ്ഫോമർ സ്ഥാപിക്കുന്ന പ്രവൃത്തി. പദ്ധതി തുക : 845 ലക്ഷം രൂപ (12-4-2019-ൽ പൂർത്തീകരിച്ചു). (2) മലമ്പുഴയിൽ 110 കെ.വി സബ്സ്റ്റേഷൻ - 1 No., 110/33 kV, 16 എം.വി.എ. ട്രാൻസ്ഫോർമർ സ്ഥാപിക്കുകയും 6.5 കി.മീ. 33 kV ഒ.എച്ച്. ലൈൻ, 110 കെ.വി സബ്സ്റ്റേഷൻ മലമ്പുഴയിൽനിന്നും 33 കെ.വി ഒലവക്കോട് - കല്പാത്തി സബ്സ്റ്റേഷനിലേക്ക് വലിക്കുകയും ചെയ്ത് ഇന്റർലിങ്ക് ചെയ്യുന്ന പ്രവൃത്തി. പദ്ധതി തുക : 4.8 കോടി രൂപ (പ്രവൃത്തി പുരോഗമിക്കുന്നു). (3) 220 കെ.വി. സബ്സ്റ്റേഷൻ പാലക്കാടിൽ (കഞ്ചിക്കോട്) നിന്നും 110 കെ.വി. സബ്സ്റ്റേഷൻ മലമ്പുഴയിലേയ്ക്ക് 19 കി.മീ. 110 കെ.വി ഡി.സി.ലൈൻ വലിക്കുന്ന പ്രവൃത്തി - പദ്ധതി തുക : 14.86 കോടി രൂപ (പ്രവൃത്തി പുരോഗമിക്കുന്നു). (4) കഞ്ചിക്കോട് 220 കെ.വി. സബ്സ്റ്റേഷന്റെ ശേഷി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി മൂന്നാമതായി 220/110 കെ.വി, 160 എം.വി.എ. ട്രാൻസ്ഫോമർ 2019-ൽ സ്ഥാപിച്ചു. ചെലവഴിച്ച തുക : 6.26 കോടി രൂപ.

## വൈദ്യുതി കുടിശ്ശിക

190(204) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി കുടിശ്ശികയിനത്തിൽ 2016 മുതൽ എത്ര തുക കിട്ടുവാനുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

31-3-2021-ലെ കണക്കുകൾപ്രകാരം അന്നുവരെയുള്ള ആകെ വൈദ്യുതി കുടിശ്ശിക 2342.34 കോടി രൂപയാണ്. 30-6-2021-ലെ കണക്കുകൾപ്രകാരം അന്നുവരെയുള്ള ആകെ വൈദ്യുതി കുടിശ്ശിക 2935.77 കോടി രൂപയാണ്. 30-6-2021 വരെയുള്ള ആകെ കുടിശ്ശികയിൽ LT വിഭാഗത്തിലെ വൈദ്യുതി കുടിശ്ശിക 1479.86 കോടി രൂപയാണ്. LT വിഭാഗത്തിലെ ജില്ല തിരിച്ചുള്ള കണക്ക് പട്ടിക ഇതോടൊപ്പം അനുബന്ധം -I ആയി ചേർക്കുന്നു.*

(ബി) വൈദ്യുതി കുടിശ്ശിക അടയ്ക്കുവാനുള്ള സർക്കാർ/അർദ്ധസർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങളുടെ വിവരം ലഭ്യമാക്കുമോ;വ്യക്തികളുടെ ആകെ കുടിശ്ശിക തുക വിവരം ലഭ്യമാക്കുമോ?

വൈദ്യുതി കുടിശ്ശിക അടയ്ക്കുവാനുള്ള സർക്കാർ/ അർദ്ധസർക്കാർ/ പൊതുമേഖലാ സ്ഥാപനങ്ങൾ, വ്യക്തികൾ എന്നീ വിഭാഗങ്ങളുടെ 30-6-2021 വരെയുള്ള ആകെ കുടിശ്ശിക വിവരം ഇതോടൊപ്പം അനുബന്ധം -II ആയി ചേർക്കുന്നു.*

(സി) വൈദ്യുതി കുടിശ്ശിക അടയ്ക്കുവാനുള്ള എത്ര സ്ഥാപനങ്ങൾക്ക് ബോർഡും സർക്കാരും സ്റ്റേ നൽകിയിട്ടുണ്ട്; സ്റ്റേ ലഭിച്ചിട്ടുള്ള സ്ഥാപനങ്ങളുടെ വിവരം ലഭ്യമാക്കുമോ?

കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ, 2020 മാർച്ച് മാസം മുതൽ സർക്കാർ പ്രഖ്യാപിച്ച ലോക്ക്ഡൗൺ നിയന്ത്രണ കാലങ്ങളിലെ വൈദ്യുതി ബിൽ തുക ഒടുക്കുന്നതിൽ സർക്കാർ നിർദ്ദേശപ്രകാരം ഉപഭോക്താക്കൾക്ക് ഇളവുകൾ നൽകുകയും തവണകളായി തുക അടയ്ക്കുവാനുള്ള സൗകര്യം അനുവദിക്കുകയും പലിശയില്ലാതെ 31 ഡിസംബർ 2020 വരെ ബിൽ അടയ്ക്കുവാൻ സാവകാശം നൽകുകയും ചെയ്തിരുന്നു. മേൽപ്പറഞ്ഞ ആനുകൂല്യം പ്രയോജനപ്പെടുത്തി നിരവധി ഉപഭോക്താക്കളും സ്ഥാപനങ്ങളും വൈദ്യുതി ചാർജ്ജ് അടയ്ക്കുവാൻ സാവകാശം നേടിയിട്ടുണ്ട്. ഇതുകൂടാതെ, കോവിഡ് വ്യാപനം രണ്ടാം തരംഗത്തിൽ അതിരൂക്ഷമായി പടരുന്ന സാഹചര്യത്തിൽ, സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച ലോക്ക്ഡൗൺമൂലം വൈദ്യുതി മോഷണം, വൈദ്യുതി സുരക്ഷാ ഭീഷണി എന്നിവ

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഒഴികെയുള്ള സാഹചര്യങ്ങളിൽ വൈദ്യുതി വിച്ഛേദിക്കൽ നടപടികൾ കെ.എസ്.ഇ.ബി.എൽ. നിർത്തിവയ്ക്കുകയും ചെയ്തിട്ടുണ്ട്. കോവിഡിന്റെ രണ്ടാം തരംഗത്തിനെ തുടർന്ന് സംസ്ഥാന സർക്കാർ നിർദ്ദേശങ്ങൾക്ക് അനുസൃതമായി ചില ഉപഭോക്താക്കൾക്ക് ഇളവുകൾ നൽകുകയും തവണകൾ അനുവദിക്കുകയും 2021 സെപ്തംബർ 30 വരെ ബിൽ അടയ്ക്കുവാൻ സാവകാശം നൽകുകയും ചെയ്തിട്ടുണ്ട്.

(ഡി) കുടിശ്ശിക അടയ്ക്കാത്ത എത്ര സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും വൈദ്യുതി ഡിസ്കണക്ട് ചെയ്തിട്ടുണ്ട്; വ്യക്തമായ വിവരം ലഭ്യമാക്കുമോ?

2016 മുതൽ 2021 വരെ വൈദ്യുതി തുക അടയ്ക്കാത്തതിനാൽ വൈദ്യുതി ബന്ധം വിച്ഛേദിക്കപ്പെട്ടിട്ടുള്ള ഉപഭോക്താക്കളുടെ വിവരം ഇതോടൊപ്പം അനുബന്ധം -III ആയി ചേർക്കുന്നു.*

## ആലപ്പുഴ നിയോജകമണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ

191(205) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആലപ്പുഴ നിയോജകമണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കാമോ?

ആലപ്പുഴ നിയോജകമണ്ഡലത്തിൽ വിതരണ വിഭാഗത്തിൽ, 'ദ്യുതി' പദ്ധതിയിൽ ഉൾപ്പെടുത്തി 36 കി.മീ എച്ച്.ടി. ABC ലൈനും 53 കി.മീ. എൽ.ടി. ABC ലൈനും 219 കി.മീ. എൽ.ടി. OH ലൈനും നിർമ്മിക്കുന്ന പ്രവൃത്തികളും 21 പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്ന പ്രവൃത്തിയും 235 കി.മീ. ലൈൻ റീ-കണ്ടക്റ്ററിംഗ് നടത്തുന്ന പ്രവൃത്തികളും ഉൾപ്പെടെ ആകെ 1583 ലക്ഷം രൂപയുടെ പ്രവൃത്തികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കിവരുന്നു. കൂടാതെ ഫിലമെന്റ് ബൾബുകൾക്കും ഫ്ലൂറസെന്റ് വിളക്കുകൾക്കും പകരം കാര്യക്ഷമതയുള്ള എൽ.ഇ.ഡി. ബൾബുകൾ വിതരണം ചെയ്യുന്ന 'ഫിലമെന്റ് രഹിത കേരളം' പദ്ധതി, പരമ്പരാഗത തെരുവ് വിളക്കുകൾ മാറ്റി എൽ.ഇ.ഡി. ലൈറ്റുകൾ സ്ഥാപിക്കുന്ന "നിലാവ്" പദ്ധതി എന്നിവയും ആലപ്പുഴ നിയോജകമണ്ഡലത്തിൽ നടന്നുവരുന്നു. ആലപ്പുഴ നിയോജകമണ്ഡലത്തിൽ വൈദ്യുതി പ്രസരണ മേഖലയിൽ നിലവിലുള്ള 66 കെ.വി. സ്റ്റാൻഡേർഡിലുള്ള ആലപ്പുഴ സബ്സ്റ്റേഷനും അനുബന്ധ ലൈനുകളും 110 കെ.വി ആക്കുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു.

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ചെറുകിട ജലവൈദ്യുത പദ്ധതികൾ

192(206) ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചെറുകിട ജലവൈദ്യുത പദ്ധതികൾ കൂടുതലായി ആരംഭിക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉണ്ട്.

(ബി) കണ്ണൂർ ജില്ലയിൽ എവിടെയൊക്കെയാണ് ഇത്തരത്തിൽ സ്ഥലം പരിശോധിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

കണ്ണൂർ ജില്ലയിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് പരിശോധിച്ച ചെറുകിട ജലവൈദ്യുത പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.* എനർജി മാനേജ്മെന്റ് സെന്റർ നടത്തിയ പ്രാഥമിക പഠനങ്ങളിൽ നിന്ന് കണ്ണൂർ ജില്ലയിൽ പലയിടത്തായി 34 പദ്ധതിക്ക് സാദ്ധ്യത ഉള്ളതായി പ്രാഥമിക നിഗമനത്തിൽ എത്തിയിട്ടുണ്ട്. പദ്ധതിക്ക് സാദ്ധ്യതയുള്ള സ്ഥലങ്ങളുടെ പട്ടിക അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.*

## കല്ലമ്പലം ഡീസന്റ്മുക്ക് പ്രദേശത്ത് വൈദ്യുതി തടസ്സം പരിഹരിക്കുന്നതിന് നടപടി

193(207) ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല നിയോജകമണ്ഡലത്തിലെ കല്ലമ്പലം ഡീസന്റ്മുക്ക് പ്രദേശത്ത് നിരന്തരമായി വൈദ്യുതി തടസ്സം ഉണ്ടാകുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

നടപടി സ്വീകരിച്ചിട്ടുണ്ട്. ഡീസന്റ്മുക്ക് ട്രാൻസ്ഫോർമറിന്റെ പരിധിയിലുള്ള ഉപഭോക്താക്കൾക്ക് ടി ട്രാൻസ്ഫോർമറിലേക്ക് വരുന്ന 11 കെ.വി. ലൈനിൽ തകരാറുകൾ വരുമ്പോൾ വൈദ്യുതി തടസ്സം ഉണ്ടാവുന്നുണ്ട്. നിലവിൽ ഈ ട്രാൻസ്ഫോർമറിന് ബാക്ക് ഫീഡിംഗ് സംവിധാനം ഇല്ല. പ്രശ്നം പരിഹരിക്കുന്നതിലേയ്ക്ക് കാഷ്യൂ ഫാക്ടറി മുതൽ ഡീസന്റ്മുക്ക് ട്രാൻസ്ഫോർമർ വരെ ബാക്ക് ഫീഡിംഗ് സംവിധാനം ഉറപ്പാക്കുന്നതിന് 600 മീറ്റർ പുതിയ 11 കെ. വി. ലൈൻ നിർമ്മിക്കുന്നതിലേയ്ക്ക് 9,30,922 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. മേൽ പ്രവൃത്തി രണ്ട് മാസത്തിനുള്ളിൽ പൂർത്തീകരിക്കുവാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## പട്ടിക ഗോത്രവർഗ്ഗ ഊരുകളിൽ വൈദ്യുതി എത്തിക്കാനായി സർക്കാർ നടത്തുന്ന ശ്രമങ്ങൾ

194(208) ശ്രീ. പി. വി. അൻവർ:
ശ്രീ. ഒ. ആർ. കേളു:
ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. ഐ. ബി. സതീഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇതുവരെ വൈദ്യുതി എത്താതിരുന്ന ഒറ്റപ്പെട്ടുകിടക്കുന്ന പട്ടിക ഗോത്രവർഗ്ഗ ഊരുകളിൽ വൈദ്യുതി എത്തിക്കാനായി സർക്കാർ നടത്തുന്ന ശ്രമങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

വനത്തിൽകൂടി ലൈൻ വലിച്ച് വൈദ്യുതി നൽകേണ്ട എറണാകുളം, വയനാട്, പാലക്കാട്, ഇടുക്കി, തൃശ്ശൂർ, കണ്ണൂർ, പത്തനംതിട്ട, മലപ്പുറം ജില്ലകളിലെ വനാന്തരങ്ങളിൽ സ്ഥിതി ചെയ്യുന്ന 64 പട്ടിക ഗോത്രവർഗ്ഗക്കാരുടെ കോളനികളിൽ വൈദ്യുതി ലഭ്യമല്ലെന്നുള്ളത് കണ്ടെത്തുകയും അവയുടെ DPR തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയും ചെയ്തുവരുന്നു. വൈദ്യുതീകരണത്തിനാവശ്യമായ തുക ലഭ്യമാക്കുന്ന മുറയ്ക്ക് പ്രവൃത്തികൾ നടപ്പിലാക്കുന്നതാണ്.

(ബി) ഗോത്രവർഗ്ഗക്കാരുടെ ഊരുകളിൽ വൈദ്യുതി ലഭ്യത ഉറപ്പാക്കുന്നതിനായി വിവിധ വകുപ്പുകളെ ഏകോപിപ്പിക്കുന്നതിന് സംസ്ഥാന, ജില്ലാതല സമിതികൾ രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ ഘടന എന്താണെന്നറിയിക്കുമോ?

പ്രസ്തുത ഗോത്രവർഗ്ഗ ഊരുകൾ വനാന്തർഭാഗത്ത് സ്ഥിതി ചെയ്യുന്ന വിദൂര കോളനികളായതിനാൽ ഈ പ്രദേശങ്ങളിലെ വൈദ്യുതീകരണത്തിന് വനത്തിൽക്കൂടി ലൈൻ വലിക്കുന്നതിന് വനം വകുപ്പിന്റെ അനുമതി ആവശ്യമായി വരുമെന്നതും വളരെ കുറച്ച് കണക്ഷൻ നൽകുവാനായി കൂടുതൽ തുക ചെലവഴിക്കേണ്ടി വരുമെന്നതും ഈ പ്രദേശങ്ങളിൽ ഗ്രിഡ് വൈദ്യുതി എത്തിക്കുന്നതിനുള്ള വെല്ലുവിളിയാണ്. അതിനാൽ വൈദ്യുതീകരണ പ്രവർത്തനം വേഗത്തിലാക്കുന്നതിനായി സംസ്ഥാന ജില്ലാ തല സമിതികൾ 5-7-2021-ലെ ഗവൺമെന്റ് ഉത്തരവ് G.O. (Rt) No.87/2021/PD പ്രകാരം രൂപീകരിച്ചിട്ടുണ്ട്. ഊർജ്ജ വകുപ്പ് സെക്രട്ടറി കൺവീനറായും തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, വനം വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്ക വിഭാഗ വികസന വകുപ്പ് സെക്രട്ടറി, ചെയർമാൻ, കെ.എസ്.ഇ.ബി.എൽ., ഡയറക്ടർ അനെർട്ട്, ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്, മറ്റു ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവർ അംഗങ്ങളായുമാണ് സംസ്ഥാനതല സമിതി രൂപീകരിച്ചിട്ടുള്ളത്. ഓരോ ജില്ലയിലെയും

ജില്ലാ കളക്ടർ ചെയർമാനായും അതാത് ജില്ലയിലെ KSEBL-ന്റെ പ്രതിനിധി കൺവീനറായും, പട്ടികവർഗ്ഗ വികസന വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, വനം വകുപ്പ് പ്രതിനിധികൾ, ജില്ലാ പഞ്ചായത്ത് സെക്രട്ടറി എന്നിവർ അംഗങ്ങളായുമാണ് ജില്ലാ തല സമിതി രൂപീകരിച്ചിട്ടുള്ളത്.

(സി) നിലവിൽ വൈദ്യുതി എത്താത്ത ഏതെല്ലാം ഗോത്രവർഗ്ഗ ഊരുകൾ ഉണ്ടെന്നും ഇവിടെ വൈദ്യുതി എത്തിക്കുന്നതിനായി എത്ര തുക ചെലവ് പ്രതീക്ഷിക്കുന്നുണ്ടെന്നും അറിയിക്കാമോ?

വൈദ്യുതി എത്താത്ത 64 ആദിവാസി കോളനികളാണ് നിലവിൽ KSEBL കണ്ടെത്തിയിട്ടുള്ളത്. കോളനികളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.* ഇതിൽ രണ്ടു കോളനികളിൽ ഇപ്പോൾ ആൾതാമസമില്ല. 47 കോളനികളുടെ വൈദ്യുതീകരണത്തിനായി 38.11 കോടി രൂപയുടെ എസ്റ്റിമേറ്റ് KSEBL തയ്യാറാക്കിയിട്ടുണ്ട്. റോഡുകൾ ഇല്ലാത്തതുമൂലം എത്തിപ്പെടാനുള്ള ബുദ്ധിമുട്ടും വന്യമൃഗങ്ങളുടെ സാന്നിദ്ധ്യവും കാരണം 15 കോളനികളുടെ ഗ്രിഡ് വൈദ്യുതീകരണത്തിനായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കാൻ സാധിച്ചിട്ടില്ല. എസ്റ്റിമേറ്റ് തയ്യാറാക്കാത്ത 15 കോളനികളിലും എസ്റ്റിമേറ്റ് തയ്യാറാക്കിയ 47 കോളനികളിൽ 6 കോളനികളിലും സോളാർ വൈദ്യുതിയാണ് അഭികാമ്യമെന്നാണ് കണ്ടെത്തിയിരിക്കുന്നത്. എസ്റ്റിമേറ്റ് തയ്യാറാക്കാത്ത 15 കോളനികളിൽ 5 കോളനികളിൽ നിലവിൽ സോളാർ വൈദ്യുതി ലഭ്യമാണ്.

(ഡി) പ്രസ്തുത പദ്ധതി കൂടുതൽ സുരക്ഷിതമായി നടപ്പിലാക്കുന്നതിനും പ്രസരണനഷ്ടം ഒഴിവാക്കുന്നതിനും മുൻഗണന നൽകുന്നുണ്ടോ; വിശദമാക്കുമോ?

വനത്തിൽക്കൂടി വലിക്കുന്ന വൈദ്യുതലൈനുകളിൽനിന്നും വന്യമൃഗങ്ങൾക്ക് അപകടം ഉണ്ടാകാതിരിക്കുവാനായി മിക്കസ്ഥലങ്ങളിലും bare conductor ഉപയോഗിക്കാതെ കവചിത ചാലകങ്ങൾ (covered conductor/ABC) അല്ലെങ്കിൽ ഭൂഗർഭ കേബിളുകൾ ഉപയോഗിച്ച് വൈദ്യുതി എത്തിക്കുന്നതിനായാണ് എസ്റ്റിമേറ്റ് എടുത്തിട്ടുള്ളത്.

## തൃശ്ശൂർ ജില്ലയിൽ ചൂലിശ്ശേരിയിൽ പോൾകാസ്റ്റിംഗ് യൂണിറ്റ്

195(209) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ ചൂലിശ്ശേരിയിൽ വൈദ്യുത ബോർഡിന്റെ കൈവശത്തിൽ ഏകദേശം 4 ഏക്കർ ഭൂമി യാതൊരു പ്രവർത്തനവും ഇല്ലാതെ കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തൃശ്ശൂർ ജില്ലയിലെ ചൂലിശ്ശേരിയിൽ പ്രവർത്തനമില്ലാതെ കിടന്നിരുന്ന പോൾകാസ്റ്റിംഗ് യാർഡ് പുനർനിർമ്മിച്ച് പ്രവർത്തനക്ഷമമാക്കുവാൻ കെ.എസ്.ഇ.ബി.എൽ. തീരുമാനിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത സ്ഥലത്ത് വൈദ്യുതി ബോർഡ് പോൾകാസ്റ്റിംഗ് യൂണിറ്റ് നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

തൃശ്ശൂർ ജില്ലയിലെ ചൂലിശ്ശേരിയിൽ പ്രവർത്തനമില്ലാതെ കിടന്നിരുന്ന പോൾകാസ്റ്റിംഗ് യാർഡ് പുനർനിർമ്മിച്ച് പ്രവർത്തനക്ഷമമാക്കുവാൻ കെ.എസ്.ഇ.ബി.എൽ. തീരുമാനിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(സി) തെക്കുംകര പഞ്ചായത്ത് കൊടുത്ത കെട്ടിടത്തിൽ പരിമിതമായ സൗകര്യത്തിൽ പ്രവർത്തിക്കുന്ന പുന്നംപറമ്പ് സെക്ഷനോഫീസ്സിന് സ്വന്തമായി കെട്ടിടം പണിയാൻ ഉദ്ദേശിക്കുന്നുണ്ടോ?

പുന്നംപറമ്പ് സെക്ഷൻ ഓഫീസ് നിലവിൽ തെക്കുംകര ഗ്രാമ പഞ്ചായത്ത് നൽകിയ വാടകരഹിത കെട്ടിടത്തിലാണ് പ്രവർത്തിച്ചുവരുന്നത്. പുന്നംപറമ്പ് സെക്ഷൻ ഓഫീസിന് അനുയോജ്യമായ സ്ഥലം സൗജന്യമായി ലഭ്യമാക്കിയാൽ കെട്ടിടം പണിയുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

**പട്ടിമറ്റം കെ.എസ്.ഇ.ബി സെക്ഷൻ ഓഫീസ് നിർമ്മാണം**

196(210) <u>ശ്രീ. പി. വി. ശ്രീനിജിൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ പട്ടിമറ്റം കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസിന് സ്വന്തമായി കെട്ടിടമില്ലാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പട്ടിമറ്റം നീലിമലയിൽ സർക്കാർ വക ഭൂമിയിൽ കെട്ടിടം നിർമ്മിച്ച് കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ് അവിടേയ്ക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

പട്ടിമറ്റം ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് സ്ഥാപിക്കുന്നതിന് നീലിമലയിൽ സർക്കാർ ഭൂമി സൗജന്യമായോ പാട്ടത്തിനോ അനുവദിക്കണമെന്ന് എറണാകുളം ജില്ലാ കളക്ടറോട് അഭ്യർത്ഥിച്ചിരുന്നു. എന്നാൽ ടി വസ്തു കേരള സ്റ്റേറ്റ് വെയർ ഹൗസിംഗ് കോർപ്പറേഷന് പാട്ടത്തിന് അനുവദിക്കുന്നതിനായി ലാൻഡ് റവന്യൂ കമ്മീഷണർ മുഖാന്തരം സർക്കാരിലേയ്ക്ക് ശിപാർശ സമർപ്പിച്ചിട്ടുള്ളതിനാൽ കെ.എസ്.ഇ.ബി.-ക്ക് പാട്ടത്തിന് അനുവദിക്കുന്നതിന് ഭൂമി ലഭ്യമല്ലെന്ന് എറണാകുളം ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്.

## കെ.എസ്.ഇ.ബി.-യുടെ സേവനം കൂടുതൽ കാര്യക്ഷമമാക്കാൻ നടപടി

197(211) ശ്രീ. എം. എം. മണി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യുടെ സേവനം ജനങ്ങളിലേയ്ക്ക് കൂടുതൽ കാര്യക്ഷമമായി എത്തിക്കുന്നതിന് സേവനം വാതിൽപ്പടിയിൽ എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ?

ഉണ്ട്.

(ബി) ഈ പദ്ധതി സംബന്ധിച്ച കൂടുതൽ വിശദാംശം നൽകാമോ?

കെ.എസ്.ഇ.ബി.എൽ.-ന്റെ സേവനം ജനങ്ങളിലേയ്ക്ക് കാര്യക്ഷമമായി എത്തിക്കുന്നതിന് " സേവനം വാതിൽപ്പടിയിൽ" എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ഈ സേവനം ഉപയോഗിച്ച് വീട്ടിലിരുന്ന് ഫോൺ വഴി പുതിയ കണക്ഷനുകൾ എടുക്കുന്നതിനും ഉടമസ്ഥാവകാശം, ലോഡ്/താരിഫ്/ഫേസ് തുടങ്ങിയവ മാറ്റുന്നതിനും ഉപഭോക്താവിന് സാധിക്കുന്നു. ഇതിനായി ഉപഭോക്താവ് സെക്ഷൻ ഓഫീസിൽ എത്തേണ്ടതില്ല. സ്വന്തം വീട്ടിലിരുന്നുകൊണ്ടുതന്നെ ഫോൺ വഴി ഓഫീസിൽ ബന്ധപ്പെട്ട് സേവനം രജിസ്റ്റർ ചെയ്യുകയും ജീവനക്കാരൻ ഉപഭോക്താവിന്റെ വീട് സന്ദർശിച്ച് ആവശ്യമായ രേഖകൾ പരിശോധിക്കുകയും നിർദ്ദേശങ്ങൾ നൽകുകയും ആവശ്യമായ തുക അടയ്ക്കുന്ന മുറയ്ക്ക് സേവനം ലഭ്യമാക്കുകയും ചെയ്യുന്നു.

(സി) സംസ്ഥാനത്തെ എല്ലാ സെക്ഷൻ ഓഫീസുകളിലും ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോയെന്നറിയിക്കാമോ?

നിലവിൽ 425 സെക്ഷനുകളിൽ ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. മറ്റു സെക്ഷനുകളിൽകൂടി ഈ പദ്ധതി വ്യാപിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

## കെ.എസ്.ഇ.ബി.യുടെ ആസ്തി സൗകര്യങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ

198(212) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. സനീഷ്കുമാർ ജോസഫ്:
ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.യുടെ ഉടമസ്ഥതയിലുള്ള അണക്കെട്ടുകൾ, പവർ ഹൗസുകൾ, പെൻസ്റ്റോക്കുകൾ, പ്രസരണ വിതരണ ലൈനുകൾ തുടങ്ങിയ സുപ്രധാന ആസ്തികളെയും സൗകര്യങ്ങളെയും ഇൻഷ്വറൻസ് പരിരക്ഷയിലൂടെ സംരക്ഷിക്കുന്നതിൽ വീഴ്ച സംഭവിച്ചതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കെ.എസ്.ഇ.ബി.എൽ-ന്റെ ഉടമസ്ഥതയിലുള്ള പവർ ഹൗസുകൾ ഇൻഷ്വറൻസ് ചെയ്തിട്ടില്ല. എന്നാൽ കോഴിക്കോട് ഡീസൽ പവർ പ്ലാന്റിനും ബ്രഹ്മപുരം ഡീസൽ പവർ പ്ലാന്റിനും നിലവിൽ സ്റ്റാന്റേർഡ് ഫയർ ആൻഡ് സ്പെഷ്യൽ ഇൻഷ്വറൻസ് പോളിസിയും പബ്ലിക് ലയബിലിറ്റി ഇൻഷ്വറൻസ് പോളിസിയും ഉണ്ട്. ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

(ബി) 2019-ലെ പ്രളയത്തിൽ കുറ്റ്യാടി ജലവൈദ്യുത പദ്ധതി ഉൾപ്പെടെ കെ.എസ്.ഇ.ബി.യുടെ നിരവധി ആസ്തി സൗകര്യങ്ങൾക്ക് തകരാറുകൾ സംഭവിക്കുകയും കേടുപാടുകൾ പരിഹരിക്കാൻ വലിയ തുക ചെലവിടേണ്ടി വരികയും ചെയ്തിട്ടും ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കാതിരുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

&

(സി) ഈ സാഹചര്യത്തിൽ കെ.എസ്.ഇ.ബി.യുടെ ഉടമസ്ഥതയിലുള്ള എല്ലാ സുപ്രധാന ആസ്തി സൗകര്യങ്ങൾക്കും ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

കെ.എസ്.ഇ.ബി.എൽ-ന്റെ ഉടമസ്ഥതയിലുള്ള പവർ ഹൗസുകൾ ഇൻഷ്വറൻസ് ചെയ്തിട്ടില്ല. എന്നാൽ കോഴിക്കോട് ഡീസൽ പവർ പ്ലാന്റിനും ബ്രഹ്മപുരം ഡീസൽ പവർ പ്ലാന്റിനും നിലവിൽ സ്റ്റാന്റേർഡ് ഫയർ ആൻഡ് സ്പെഷ്യൽ ഇൻഷ്വറൻസ് പോളിസിയും പബ്ലിക് ലയബിലിറ്റി ഇൻഷ്വറൻസ് പോളിസിയും ഉണ്ട്. ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നകാര്യം പരിശോധിക്കുന്നതാണ്.

**മണ്ണാർക്കാട് വൈദ്യുതി ഭവൻ നിർമ്മാണം**

199(213) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെക്കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് വിവിധ സ്ഥലങ്ങളിൽ വാടകക്കെട്ടിടത്തിലും മറ്റുമായി പ്രവർത്തിക്കുന്ന കെ.എസ്.ഇ.ബി. കമ്പനിക്ക് കീഴിലുള്ള വിവിധ ഓഫീസുകൾ ഒരു കുടക്കീഴിൽ സ്ഥാപിക്കുന്നതിനായി മണ്ണാർക്കാട് വൈദ്യുതി ഭവൻ നിർമ്മാണവുമായി ബന്ധപ്പെട്ട് എന്തെങ്കിലും തുടർനടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ?

മണ്ണാർക്കാട് ഇലക്ട്രിക്കൽ ഡിവിഷൻ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ, ഇലക്ട്രിക്കൽ സെക്ഷൻ എന്നീ ഓഫീസുകൾ പ്രവർത്തിക്കുന്നതിന് മൂന്ന് നിലകളിലായി 620.03 ചതുരശ്ര മീറ്റർ വിസ്തൃതിയുള്ള ഒരു മിനി വൈദ്യുതി ഭവനം നിർമ്മിക്കുന്നതിന് 1.60 കോടി രൂപയുടെ ഭരണാനുമതി 5-3-2019-ൽ കെ.എസ്.ഇ.ബി.എൽ.

നൽകിയിരുന്നു. കെട്ടിടത്തിന്റെ നിർമ്മാണപ്രവൃത്തികൾ 2020 സെപ്റ്റംബർ മാസം ആരംഭിച്ചിട്ടുണ്ട്. 2022 മാർച്ച് മാസത്തോടുകൂടി കെട്ടിട നിർമ്മാണം പൂർത്തീകരിച്ച് ഓഫീസ് പ്രവർത്തനം ആരംഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## 'ദ്യുതി' പദ്ധതി

200(214) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. ലിമിറ്റഡ് നടപ്പിലാക്കുന്ന 'ദ്യുതി' പദ്ധതി എന്താണെന്ന് വിശദമാക്കാമോ?

വൈദ്യുതി വിതരണരംഗം കാര്യക്ഷമമാക്കുന്നതിന് ഊർജ്ജ കേരളാമിഷനിൽ ഉൾപ്പെടുത്തി വിതരണ ശൃംഖലയിൽ കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് തുടങ്ങിയ KSEBL-ന്റെ തനതുഫണ്ട് ഉപയോഗിച്ച് നടത്തുന്ന പദ്ധതിയാണ് " ദ്യുതി" . 2022-ഓടുകൂടി ആഗോള നിലവാരത്തിലുള്ളതും തടസ്സരഹിതമായതും ഗുണമേന്മയേറിയതും അപകട രഹിതവുമായ വൈദ്യുതി ഉപഭോക്താക്കൾക്ക് എത്തിക്കാൻ നടപ്പിലാക്കുന്ന ദ്യുതി പദ്ധതിയുടെ ലക്ഷ്യങ്ങൾ താഴെപ്പറയുന്നവയാണ്.

1. എച്ച്.ടി. ശൃംഖലയുടെ എല്ലാഭാഗത്തും കുറഞ്ഞത് രണ്ട് സ്രോതസ്സിൽ നിന്നെങ്കിലും വൈദ്യുതി എത്തിക്കുന്നതിന് സംവിധാനം ഒരുക്കുക 2. Arial Bunched Cable (എ.ബി.സി.), ഭൂഗർഭ കേബിൾ തുടങ്ങിയ കവചിത ചാലകങ്ങൾ, ആർ.എം.യു. എന്നിവയുപയോഗിച്ച് വൈദ്യുതി തടസ്സം പരമാവധി കുറയ്ക്കുക 3. പുരയിടങ്ങൾക്ക് കുറുകെ കടന്നുപോകുന്ന ലൈനുകൾ വൈദ്യുതി തടസ്സത്തിനോ അപകടങ്ങൾക്കോ കാരണമാകുന്നുവെങ്കിൽ അവ മാറ്റി സ്ഥാപിക്കുക, ലൈനുകളുടെയും പ്രതിഷ്ഠാപനങ്ങളുടെയും നവീകരണം ഉറപ്പാക്കുക 4. ഫോൾട്ട് പാസ് ഇൻഡിക്കേറ്ററുകൾ, സെക്ഷലൈസറുകൾ തുടങ്ങിയ സാങ്കേതികവിദ്യകളുടെ ഉപയോഗം ഉറപ്പുവരുത്തി വൈദ്യുതി പുനഃസ്ഥാപനം ത്വരിതത്തിലാക്കുക. 2018-ൽ ആരംഭിച്ച് 2022-ൽ പൂർത്തീകരിക്കുവാൻ ഉദ്ദേശിച്ചിരുന്ന ഈ പദ്ധതിയിൽ 2018, 2019 വർഷങ്ങളിലെ മഹാപ്രളയങ്ങളും കോവിഡ്-19-ന്റെ ഭാഗമായി ഏർപ്പെടുത്തിയ സമ്പൂർണ്ണ ലോക്ക്ഡൗണും കാരണം ഉദ്ദേശിച്ച പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടില്ല. എന്നിരുന്നാലും ഈ പദ്ധതിയിൽ ഇതുവരെ 1547.92 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ സാധിച്ചിട്ടുണ്ട്. ടി പദ്ധതി പ്രകാരം ലോഡ് സെന്ററുകളിൽ പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക, പുതിയ 11 കെ.വി. ലൈൻ നിർമ്മിച്ച് എൽ.റ്റി./എച്ച്.റ്റി അനുപാതം കുറയ്ക്കുക, പുതിയ മെച്ചപ്പെട്ട കമ്പികൾ ഉപയോഗിച്ച് നിലവിലുള്ള ചാലകശേഷി കുറഞ്ഞ വൈദ്യുതി കമ്പികൾ (Conductor) മാറ്റുക (Reconductoring), സിംഗിൾഫേസ് ടു ത്രീ ഫേസ് ലൈൻ കൺവർഷൻ, മെച്ചപ്പെട്ട മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുക തുടങ്ങിയ പ്രവൃത്തികൾ ചെയ്തുവരുന്നു.

(ബി) ഈ പദ്ധതിപ്രകാരം വാമനപുരം നിയോജകമണ്ഡലത്തിൽ എത്ര രൂപയുടെ എന്തൊക്കെ പദ്ധതികളാണ് പുരോഗമിക്കുന്നതെന്ന് വിശദമാക്കാമോ;

&

(സി) അതിൽ ഏതൊക്കെ പദ്ധതികൾ പൂർത്തിയായെന്ന് അറിയിക്കാമോ; വിശദവിവരങ്ങൾ നൽകാമോ?

വാമനപുരം നിയോജകമണ്ഡലത്തിൽ ആകെ 29.836 കോടി രൂപയുടെ പദ്ധതികൾ ആണ് (2018-2022 വർഷങ്ങളിലായി) ' ദ്യുതി' പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതിൽ 76.53 കി. മീ. എച്ച്.ടി. ലൈൻ, 4.46 കി. മീ. എൽ.ടി. ലൈൻ എന്നിവ നിർമ്മിക്കുകയും 1107 കി. മീ. എൽ.ടി. ലൈൻ റീകണ്ടക്ടറിംഗ് നടത്തുകയും 44.46 കി.മീ. സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ലൈൻ ആക്കി മാറ്റുകയും 6 പുതിയ ട്രാൻസ്ഫോമറുകൾ സ്ഥാപിക്കുകയും കേടായ 550 മീറ്ററുകൾ മാറ്റിവയ്ക്കുകയും ചെയ്യുന്ന 15.03 കോടി രൂപയുടെ പ്രവൃത്തികൾ പുരോഗമിക്കുന്നുണ്ട്. 40.515 കി. മീ. എച്ച്. ടി. ലൈൻ, 1.23 കി. മീ. എൽ.ടി. ലൈൻ എന്നിവ നിർമ്മിക്കുകയും 0.9 കി.മീ. എച്ച്.ടി. ലൈനും 557.1 കി.മീ. എൽ.ടി. ലൈനും റീകണ്ടക്ടറിംഗ് നടത്തുകയും 66.04 കി.മീ. സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ലൈൻ ആക്കി മാറ്റുകയും 7 പുതിയ ട്രാൻസ്ഫോമറുകൾ സ്ഥാപിക്കുകയും കേടായ 15815 മീറ്ററുകൾ മാറ്റിവയ്ക്കുകയും ചെയ്യുന്ന 9.49 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

**റോഡ് നവീകരണത്തിന് ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കാൻ നടപടി**

201(215) <u>ശ്രീ. പി. വി. അൻവർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയോര ഹൈവേയുടെ ഭാഗമായി നിലമ്പൂർ നിയോജകമണ്ഡലത്തിലെ കാറ്റാടിക്കടവ് പാലം മുതൽ പൂക്കോട്ടുംപാടം വരെ റോഡ് വീതി കൂട്ടി നവീകരിക്കുന്നതിന് കെ.എസ്.ഇ.ബി.യുടെ ഇലക്ട്രിക് പോസ്റ്റുകൾ മാറ്റിസ്ഥാപിക്കുന്നതിന് ഒരു കോടിയിൽപ്പരം രൂപ അടച്ചിട്ടും തുടർനടപടികൾ ആരംഭിക്കാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാണ് കെ.എസ്.ഇ.ബി. ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

മലയോര ഹൈവേയുടെ ഭാഗമായി നിലമ്പൂർ നിയോജകമണ്ഡലത്തിലെ കാറ്റാടിക്കടവ് പാലം മുതൽ പൂക്കോട്ടുംപാടം വരെ റോഡ് വീതി കൂട്ടി നവീകരിക്കുന്നതിന് കെ.എസ്.ഇ.ബി.യുടെ ഇലക്ട്രിക് പോസ്റ്റുകൾമാറ്റി സ്ഥാപിക്കുന്ന

തിനായി 1,04,22,145 രൂപ 1-7-2021-ന് കെ.എസ്.ഇ.ബി.യിൽ അടച്ചിട്ടുണ്ട്. ആയതിന്റെ ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ടെണ്ടർ നടപടികൾ പൂർത്തീകരിച്ചതിനുശേഷം ഒരു മാസം കൊണ്ട് ടി പ്രവൃത്തി പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) മലയോര ഹൈവേയുടെ ഭാഗമായി തമ്പുരാട്ടിക്കല്ല് ഫാം ഗേറ്റ് മുതൽ ചാത്തമുണ്ട വരെയുള്ള ഇലക്ട്രിക് പോസ്റ്റുകൾ മാറ്റുന്നതിനുള്ള നടപടികളുടെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ?

മലയോര ഹൈവേയുടെ ഭാഗമായി തമ്പുരാട്ടിക്കല്ല് ഫാം ഗേറ്റ് മുതൽ ചാത്തമുണ്ട വരെയുള്ള ഇലക്ട്രിക് പോസ്റ്റുകൾ മാറ്റുന്നതിനുള്ള പ്രവൃത്തിക്കായി 19-11-2020-ന് 1,07,51,567 രൂപയുടെ ഭരണാനുമതി നൽകുകയും 21-12-2020-ന് അറിയിക്കുകയും ചെയ്തിട്ടുണ്ടെങ്കിലും ഇതുവരെ കിഫ്ബിയിൽനിന്നും തുക അടവാക്കിയിട്ടില്ല.

(സി) മലയോര ഹൈവേയ്ക്കായി ചാത്തമുണ്ട മുതൽ കുറ്റിക്കടവ് പാലം വരെയുള്ള ഭാഗത്തെ ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി. വിശദമായ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേയ്ക്ക് തയ്യാറാക്കി നൽകാനാണ് സാധിക്കുക എന്നറിയിക്കാമോ?

മലയോര ഹൈവേയ്ക്കായി ചാത്തമുണ്ട മുതൽ കുറ്റിക്കടവ് പാലം വരെയുള്ള ഭാഗത്തെ ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി. 20,70,441 രൂപയുടെയും 8,93,644 രൂപയുടെയും വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുകയും 12-11-2020-ലും 18-11-2020-ലും ഭരണാനുമതി നൽകുകയും 23-1-2021, 22-1-2021 എന്നീ തീയതികളിൽ അറിയിക്കുകയും ചെയ്തിട്ടുണ്ടെങ്കിലും ഇതുവരെ തുക അടവാക്കിയിട്ടില്ല.

(ഡി) മലയോര ഹൈവേയുടെ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് കെ.എസ്.ഇ.ബി.യുടെ ഭാഗത്തുനിന്നുള്ള ഇലക്ട്രിക് പോസ്റ്റുകൾ മാറ്റുന്ന ജോലികൾ പ്രത്യേകമായി പൂർത്തീകരിക്കുന്നതിന് സർക്കാർ നിർദ്ദേശം നൽകുമോ?

മലയോര ഹൈവേയുടെ പ്രവൃത്തികൾ (ഇലക്ട്രിക് പോസ്റ്റുകൾ മാറ്റുന്ന ജോലികൾ) തുക അടയ്ക്കുന്ന മുറയ്ക്ക് സമയബന്ധിതമായി പൂർത്തീകരിക്കുന്നതാണ്.

## വൈദ്യുതി സബ്സിഡി

202(216) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. റോജി എം. ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കർഷകർക്കുള്ള വൈദ്യുതി സബ്സിഡി നേരിട്ട് അക്കൗണ്ടിലേയ്ക്ക് നൽകുന്നതിനുള്ള സംവിധാനം നിലവിൽ ഉണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യം നടപ്പാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

GSDP-യുടെ 2% അധിക വായ്പ സംസ്ഥാനങ്ങൾക്ക് 2020-21 വർഷത്തിൽ അനുവദിക്കുന്നതിന്റെ ഭാഗമായുള്ള വ്യവസ്ഥപ്രകാരം പത്തനംതിട്ട ജില്ലയിൽ പൈലറ്റ് അടിസ്ഥാനത്തിൽ Direct Benefit Transfer Scheme (DBT) നടപ്പിലാക്കുകയുണ്ടായി. ടി സ്കീം പ്രകാരം കൃഷിഭവൻ മുഖേന ബോർഡിലേയ്ക്ക് ലഭ്യമാക്കികൊണ്ടിരുന്ന കർഷകരുടെ വൈദ്യുതി ചാർജ്ജിന് തുല്യമായ തുക കാർഷിക ഉപഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് നൽകുന്നു. ടി അക്കൗണ്ടിൽനിന്ന് ബോർഡിലേയ്ക്ക് വൈദ്യുതി ചാർജ് ലഭ്യമാക്കുന്നു. 0.5% അധിക വായ്പാ 2021-22 മുതൽ 2024-25 വർഷം വരെ അനുവദിക്കുന്നതിനായി കേന്ദ്ര സർക്കാർ 9-6-2021-ൽ പ്രഖ്യാപിച്ച ടി പദ്ധതി സംസ്ഥാന വ്യാപകമായി നടപ്പിലാക്കേണ്ടതുണ്ട്. ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) സംസ്ഥാനങ്ങൾക്ക് കൂടുതൽ വായ്പ അനുവദിക്കുന്നതിനുള്ള കേന്ദ്ര മാനദണ്ഡങ്ങളായ വൈദ്യുതി മീറ്റർ സാർവ്വത്രികമാക്കുക, കർഷകർക്കുള്ള സബ്സിഡി നേരിട്ട് അക്കൗണ്ടിൽ നൽകുക, സ്മാർട്ട് മീറ്റർ ഉൾപ്പെടെയുള്ള സങ്കേതങ്ങൾ സ്വീകരിക്കുക തുടങ്ങിയവ പാലിക്കുന്നതിൽ വൈദ്യുതി വകുപ്പ് എന്തെങ്കിലും നടപടികൾ സ്വീകരിക്കുന്നുണ്ടോയെന്ന് വിശദീകരിക്കാമോ?

സംസ്ഥാനത്ത്, നേരത്തേ തന്നെ എല്ലാ ഉപഭോക്താക്കൾക്കും (LT VIII [A]-തെരുവുവിളക്കുകൾ ഒഴിച്ച്), വൈദ്യുതി മീറ്റർ സാർവത്രികമാക്കിയിട്ടുണ്ട്. ' LT VIII [A]-തെരുവുവിളക്ക്' താരിഫ് കാറ്റഗറിയിൽപ്പെടുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്ഥാപിച്ചിട്ടുള്ള തെരുവ് വിളക്കുകൾക്ക് റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച നിരക്കിലാണ് ബില്ല് ചെയ്തുവരുന്നത്. കർഷകർക്കുള്ള സബ്സിഡി, പൈലറ്റ് അടിസ്ഥാനത്തിൽ Direct Benefit Transfer (DBT) സ്കീം പ്രകാരം പത്തനംതിട്ട ജില്ലയിൽ നടപ്പിലാക്കിവരുന്നു. 31-12-2020-ൽ കേന്ദ്രഗവൺമെന്റ് പുറപ്പെടുവിച്ചിട്ടുള്ള 'ഇലക്ട്രിസിറ്റി റൂൾസ് 2020' പ്രകാരം സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ടുള്ള ' പദ്ധതി രൂപരേഖ' തയ്യാറാക്കുന്ന നടപടിക്രമങ്ങൾ പുരോഗമിച്ചു വരുന്നു.

(സി) മേൽപ്പറഞ്ഞ നടപടികൾ കാര്യക്ഷമമാക്കാതെ കേന്ദ്രഫണ്ട് ലഭ്യമാക്കു ന്നതിനുള്ള എളുപ്പമാർഗ്ഗം എന്ന നിലയിൽ സ്വകാര്യവൽക്കരണത്തിലേയ്ക്ക് നീങ്ങുവാൻ ശ്രമം നടത്തുന്നതായുള്ള ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിലുള്ള നിലപാട് വ്യക്തമാക്കുമോ?

ഇല്ല. കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരിനെ അറിയിച്ച പ്രസ്തുത കൂടുതൽ വായ്പ അനുവദിക്കുന്നതിനെപ്പറ്റിയുള്ള വ്യവസ്ഥകളിന്മേൽ ബദൽ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും സർക്കാർ പരിശോധിച്ചുവരുന്നു.

## കടമെടുപ്പ് പരിധി ഉയർത്താൻ വൈദ്യുതി ബോർഡിന്റെ ബാധ്യത ഏറ്റെടുക്കൽ

203(217) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. സജീവ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി ഉയർത്താൻ വൈദ്യുതി ബോർഡിന്റെ നിലവിലുള്ളതും ഭാവിയിൽ വരുന്നതുമായ ബാദ്ധ്യത സംസ്ഥാന സർക്കാർ ഏറ്റെടുക്കണമെന്ന് കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുണ്ടോ?

ഉണ്ട്. കെ.എസ്.ഇ.ബി.-യുടെ 2022-23 മുതൽ 2025-26 സാമ്പത്തിക വർഷം വരെ മുൻ വർഷങ്ങളിലെ നഷ്ടത്തിന്റെ ഒരു ഭാഗം ഏറ്റെടുക്കണമെന്ന് കേന്ദ്ര സർക്കാർ സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി ഉയർത്തുന്നതിനുള്ള മാനദണ്ഡങ്ങളിൽ നിർദ്ദേശിച്ചിട്ടുണ്ട്.

(ബി) എങ്കിൽ ഇക്കാര്യത്തിൽ സർക്കാരിന്റെ നയം എന്താണെന്ന് വ്യക്തമാക്കുമോ?

സംസ്ഥാന സർക്കാർ നയപരമായ തീരുമാനം കൈക്കൊണ്ടിട്ടില്ല.

(സി) കടമെടുപ്പ് പരിധി ഉയർത്തുന്നതിനായി വൈദ്യുതി വിതരണ കമ്പനികളുടെ സ്വകാര്യവൽക്കരണം നടത്തണമെന്ന കേന്ദ്ര നിർദ്ദേശത്തിൽ സംസ്ഥാന സർക്കാരിന്റെ അഭിപ്രായം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്താണെന്ന് വെളിപ്പെടുത്തുമോ?

സംസ്ഥാന സർക്കാർ നയപരമായ തീരുമാനം കൈക്കൊണ്ടിട്ടില്ല.

**നിർമ്മാണത്തിലിരിക്കുന്ന പ്രധാന വൈദ്യുത പദ്ധതികൾ**

204(218) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിർമ്മാണത്തിലിരിക്കുന്ന പ്രധാന വൈദ്യുത പദ്ധതികൾ ഏതെല്ലാമാണെന്നും അവയുടെ പൂർത്തീകരണം എപ്പോൾ നടക്കുമെന്നും വ്യക്തമാക്കുമോ;

&

(ബി) നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്ന വൈദ്യുത പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാനത്ത് കെ.എസ്.ഇ.ബി.എൽ.-ന്റെ കീഴിൽ 193.5 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള 10 ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം പുരോഗമിക്കുന്നു. പദ്ധതികളുടെ വിവരം അനുബന്ധം ആയി ചേർത്തിരിക്കുന്നു.* എനർജി മാനേജ്മെന്റിന്റെ കീഴിൽ 2013-2014-ൽ സ്വകാര്യ സംരംഭകർക്ക് സർക്കാർ BOOT അടിസ്ഥാനത്തിൽ അനുവദിച്ച പദ്ധതികളിൽ സിയാൽ ഇൻഫ്രാസ്ട്രക്ചറിന് നൽകിയ അരിപ്പാറ - 4.5 MW നിർമ്മാണം പൂർത്തിയായി ഗ്രിഡ് കണക്ഷന് വേണ്ടിയുള്ള പ്രവർത്തനങ്ങളിലാണ്.

(സി) സൗരോർജ്ജം വികസിപ്പിക്കുന്നതിനും പുനരുപയോഗ ഊർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ?

സൗരോർജ്ജം വികസിപ്പിക്കുന്നതിനും സംസ്ഥാന വൈദ്യുതി ഉത്പാദനം വർദ്ധിപ്പിക്കുന്നതിനുമായി ഊർജ്ജ കേരളാ മിഷനിലൂടെ 1000 മെഗാവാട്ട് ഉത്പാദനശേഷി കൈവരിക്കുന്നതിനുള്ള സൗരോർജ്ജ പദ്ധതി കെ.എസ്.ഇ.ബി.എൽ. വിഭാവന ചെയ്തിട്ടുണ്ട്. ഇതിന്റെ അനുബന്ധ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇതിൽ 500 മെഗാവാട്ട് പുരപ്പുറ സൗര നിലയങ്ങളിൽനിന്നും ശേഷിക്കുന്ന 500 മെഗാവാട്ട് സോളാർപാർക്ക്, സ്വകാര്യ സംരംഭകർ, ഫ്ലോട്ടിംഗ് സോളാർ എന്നിവയിൽ നിന്നും കൈവരിക്കാനുള്ള പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്. സൗര ഫേസ് I പ്രോഗ്രാം: - 200 മെഗാവാട്ട് പദ്ധതിയിൽ ഏകദേശം 5000 ഉപഭോക്താക്കളെ തെരഞ്ഞെടുത്തിട്ടുണ്ട് (46.5 മെഗാവാട്ട്). ഇതിൽനിന്നും 24 മെഗാവാട്ടിന്റെ work order നൽകി നിർമ്മാണപ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. ഡിസംബർ 2021-ഓടുകൂടി പൂർത്തീകരിക്കാനാണ് പദ്ധതി ലക്ഷ്യമിടുന്നത്. ബാക്കിശേഷിയുടെ നൽകാനുള്ള work order നടപടികൾ പുരോഗമിച്ചുവരുന്നു. സൗര ഫേസ് II സബ്സിഡി

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രോഗ്രാം- 12.5 മെഗാവാട്ട് പൂർത്തീകരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു വരുന്നു. ഡിസംബർ 2021-ഓടുകൂടി പദ്ധതി പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. ബാക്കിയുള്ള 16500 അപേക്ഷകരിന്മേൽ ഇതിന്റെ രണ്ടാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്കായി (118 മെഗാവാട്ട്), ഏഴ് കമ്പനികളെ തെരഞ്ഞെടുത്ത് തുടർ നടപടികൾ നടത്തിവരുന്നു. 2022 മാർച്ച് 31-ന് പൂർത്തീകരിക്കാനാണ് പദ്ധതി ലക്ഷ്യമിടുന്നത്. ആയതിനുള്ള തുടർനടപടികൾ ആരംഭിച്ചുകഴിഞ്ഞു. അനെർട്ട് മുഖേന അക്ഷയ ഊർജ്ജപദ്ധതികൾ നടപ്പിലാക്കുക വഴി കേരളത്തെ ഒരു വൈദ്യുതി മിച്ച സംസ്ഥാനമാക്കുകയും ഹരിത ഊർജ്ജ സ്രോതസ്സുകളുടെ ഉപഭോഗം വർദ്ധിപ്പിക്കുകവഴി പരിസ്ഥിതി സംരക്ഷണവും ലക്ഷ്യമിടുന്നു. അക്ഷയ ഊർജ്ജ ഉപകരണങ്ങളുടെ ഉപയോഗം വർദ്ധിപ്പിക്കുക വഴി കൃഷി ഉൾപ്പെടെയുള്ള വിവിധ മേഖലകളിൽ ഉത്പന്നങ്ങൾക്ക് മൂല്യവർദ്ധനയും അധികവരുമാനവും ജീവിതനിലവാരം മെച്ചപ്പെടുത്തുകയുമാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഹൈഡ്രജൻ ഇന്ധനം ഉൾപ്പെടെയുള്ള ആധുനിക ഊർജ്ജോല്പാദന മാർഗ്ഗങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കാനും ലക്ഷ്യമിടുന്നു. സൗരോർജ്ജ ഉല്പാദനശേഷി വർദ്ധിപ്പിക്കുന്നതിലേയ്ക്കായി അനെർട്ട് വിവിധ പദ്ധതികൾ വിഭാവന ചെയ്യുന്നുണ്ട്. ഇവയിൽ പ്രധാനപ്പെട്ടവ താഴെ പറയുന്നു: 1. ഗാർഹിക ഉപഭോക്താക്കൾക്ക് സബ്സിഡി നൽകികൊണ്ട് സ്ഥാപിതശേഷി വർദ്ധിപ്പിക്കൽ 2. സർക്കാർ സ്ഥാപനങ്ങളുടെ സൗരവൈദ്യുതീകരണം 3. കാർഷിക പമ്പുകളുടേയും മറ്റ് അനുബന്ധ ഉപകരണങ്ങളുടെയും സൗരവൽക്കരണം 4. സാദ്ധ്യതയുള്ള ഇലക്ട്രിക് വാഹന ചാർജിംഗ് സ്റ്റേഷനുകളിൽ സോളാർ പ്ലാന്റ് സ്ഥാപിക്കുക.

**ഇന്റഗ്രേറ്റഡ് പവർ ഡെവലപ്മെന്റ് സ്കീം**

205(219) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്റഗ്രേറ്റഡ് പവർ ഡെവലപ്മെന്റ് സ്കീം (ഐ.പി.ഡി.എസ്.) ഏത് പദ്ധതിയാണെന്ന് വ്യക്തമാക്കാമോ?

24 മണിക്കൂറും വൈദ്യുതി, ഊർജ്ജ പ്രസരണ/വിതരണ നഷ്ടം കുറയ്ക്കൽ, ഊർജ്ജ ശൃംഖല നവീകരണം എന്നീ ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിനായി നഗര/നഗര-പ്രാന്ത പ്രദേശങ്ങൾക്ക് മാത്രമായി ഭാരത സർക്കാർ ആവിഷ്ക്കരിച്ചിരിക്കുന്ന പദ്ധതിയാണ് ഇന്റഗ്രേറ്റഡ് പവർ ഡെവലപ്മെന്റ് സ്കീം (ഐ.പി.ഡി.എസ്).

(ബി) ഈ പദ്ധതിയനുസരിച്ച് സംസ്ഥാനത്ത് നടത്തിയ പ്രവർത്തനങ്ങൾ ഏതൊക്കെയാണെന്നും ചെലവഴിച്ച തുക എത്രയാണെന്നും ജില്ലതിരിച്ച് വ്യക്തമാക്കാമോ?

പ്രസ്തുത പദ്ധതിയിൽ താഴെപ്പറയുന്ന ഉപപദ്ധതികൾ ഉൾപ്പെട്ടിരിക്കുന്നു.

1. ഉപപ്രസരണ വിതരണ ശൃംഖലയുടെ ശാക്തീകരണം ഉപപ്രസരണ/ വിതരണ സംവിധാനം ശക്തിപ്പെടുത്തുക, കൺസ്യൂമർ-ഫീഡർ- ട്രാൻസ്ഫോർമർ മീറ്ററിംഗ് എന്നീ ഘടകങ്ങൾക്ക് പുറമേ റൂഫ് ടോപ് സൗരോർജ്ജ പദ്ധതി, സ്മാർട്ട്/നെറ്റ് മീറ്ററുകൾ എന്നീ നിർബന്ധിത ഘടകങ്ങളുമുണ്ട്. സംസ്ഥാന ഡിസ്ട്രിബ്യൂഷൻ റിഫോംസ് കമ്മിറ്റി (DRC) ശിപാർശ ചെയ്ത KSEBL-ന്റെ 25 സർക്കിൾതല പദ്ധതികൾക്കുള്ള 592.07 കോടി രൂപയുടെ പ്രവൃത്തികൾക്കുള്ള കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന്റെ അംഗീകാരം 15-6-2016-ൽ ലഭിച്ചു. കേരളത്തിലെ 63 പട്ടണങ്ങളെ ഉൾപ്പെടുത്തിയ പ്രസ്തുത പദ്ധതി പൂർത്തിയാക്കുവാൻ ഡിസംബർ 2019 വരെ കാലാവധി നീട്ടി നൽകിയിരുന്നു. ദീർഘിപ്പിച്ച് നൽകിയ സമയപരിധിക്കുള്ളിൽ തന്നെ 25 സർക്കിൾതല പദ്ധതികളും 579.51 കോടി രൂപയ്ക്ക് പൂർത്തീകരിച്ചു. പ്രസ്തുത പദ്ധതിക്കായി കേന്ദ്ര ഗ്രാന്റ് ആയി 337.88 കോടി രൂപ നാളിതുവരെ ലഭിച്ചിട്ടുണ്ട്. പൂർത്തീകരിച്ച പ്രധാന പ്രവൃത്തികൾ അനുബന്ധമായി ചേർത്തിരിക്കുന്നു.* പ്രസ്തുത പദ്ധതി പൂർത്തീകരണത്തിനായി ജില്ല തിരിച്ച് ചെലവഴിച്ച തുക ചുവടെ ചേർക്കുന്നു :

| ജില്ല | ചെലവഴിച്ച തുക (കോടി) രൂപ |
|---|---|
| ആലപ്പുഴ | 24.25 |
| തൃശ്ശൂർ | 37.24 |
| എറണാകുളം | 123.25 |
| വയനാട് (കൽപ്പറ്റ ) | 12.68 |
| കണ്ണൂർ | 51.94 |
| കാസർഗോഡ് | 27.16 |
| കൊല്ലം | 45.56 |

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

| | |
|---|---|
| കോട്ടയം | 28.09 |
| കോഴിക്കോട് | 25.14 |
| മലപ്പുറം | 41.42 |
| പാലക്കാട് | 38.39 |
| പത്തനംതിട്ട | 46.84 |
| തിരുവനന്തപുരം | 68.25 |
| ഇടുക്കി (തൊടുപുഴ) | 9.30 |
| ആകെ | 579.51 |

2. ഈ സ്കീമിന്റെ ഭാഗമായി വിവരസാങ്കേതിക വിദ്യാടിസ്ഥാനത്തിൽ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു. (i)കമ്പ്യൂട്ടറധിഷ്ഠിത സംവിധാനങ്ങളിലൂടെ വൈദ്യുതി വിതരണ ശൃംഖല നവീകരിക്കുന്നതിന് വേണ്ടി 21 നഗരങ്ങളിൽ രണ്ടാം ഘട്ടത്തിലേയ്ക്കുള്ള വിവര സാങ്കേതികവിദ്യ പദ്ധതികൾ (ഫേസ്-2 ഐ.ടി. പദ്ധതി) നടപ്പിലാക്കുന്നു. വിതരണ ശൃംഖലയുടെ ജി.ഐ.എസ്. മാപ്പിംഗ് നടത്തി വൈദ്യുതി നഷ്ടം കുറയ്ക്കാനും ഈ പദ്ധതി വഴി കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ഈ പദ്ധതിയിൽ ഇതുവരെ ചെലവഴിച്ച തുക താഴെ നൽകുന്നു.

തിരുവനന്തപുരം - 6.71 കോടി രൂപ കൊല്ലം - 37 ലക്ഷം രൂപ പത്തനംതിട്ട - 43 ലക്ഷം രൂപ കോട്ടയം - 3 ലക്ഷം രൂപ. ഈ ജില്ലകളിലും ബാക്കി ജില്ലകളിലും പദ്ധതി നിർവ്വഹണം പുരോഗമിച്ചുകൊണ്ടിരിക്കുന്നു. (ii) വൈദ്യുതി വിതരണ രംഗത്ത് ഉയർന്ന കാര്യക്ഷമത ഉറപ്പുവരുത്തി പ്രസരണ വിതരണനഷ്ടം കുറച്ചുകൊണ്ടു വരുന്നതിന് എന്റർപ്രൈസ് റിസോഴ്സ് പ്ലാനിംഗ് (ഇ.ആർ.പി.) പദ്ധതി നടപ്പിലാക്കി വരുന്നു. ഇത് കെ.എസ്.ഇ.ബി.എൽ.-നുള്ളിൽ പൂർണ്ണമായി നടപ്പിലാക്കുന്ന പദ്ധതിയാണ്. പദ്ധതി നിർവ്വഹണം ജില്ല തിരിച്ചല്ല നടപ്പിലാക്കുന്നത്. ഈ പദ്ധതിക്കായി ഇതുവരെ ചെലവഴിച്ച തുക 10.68 കോടി രൂപയാണ്. പദ്ധതി നിർവ്വഹണം പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

3. റീയൽ ടൈംഡാറ്റാ അക്വിസിഷൻ സിസ്റ്റം (ആർ.റ്റി.ഡി.എസ്.) നടപ്പിലാക്കി, ഐ.പി.ഡി.എസ്. പട്ടണങ്ങളിലുള്ള സബ്സ്റ്റേഷൻ ഫീഡറുകളുടെ സ്ഥിതി തൽസമയം നിരീക്ഷിച്ച് വൈദ്യുതി വിതരണരംഗത്ത് ഉയർന്ന കാര്യക്ഷമത ഉറപ്പുവരുത്തി

പ്രസരണ വിതരണനഷ്ടം കുറച്ചുകൊണ്ടുവരുന്നതിന് ലക്ഷ്യമിടുന്നു. ഈ പദ്ധതിക്കായി ഇതുവരെ തിരുവനന്തപുരം ജില്ലയിൽ 49.6 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. എല്ലാ ജില്ലകളിലും പദ്ധതി നിർവ്വഹണം പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

(സി) ഈ പദ്ധതി നിലവിലുണ്ടോയെന്നും ഇല്ലെങ്കിൽ ഇനി തുടരാൻ സാധ്യതയുണ്ടോയെന്നും വ്യക്തമാക്കാമോ?

കേന്ദ്ര സർക്കാർ നടപ്പിലാക്കിവരുന്ന ഐ.പി.ഡി.എസ്. പദ്ധതി ഇപ്പോൾ നിലവിലുണ്ട്.

(ഡി) ഈ പദ്ധതിയുടെ കീഴിൽ മുഴുവൻ പഞ്ചായത്തുകളിലും നഗരസഭകളിലും പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടോ; എങ്കിൽ ഓരോ പഞ്ചായത്തിലും നഗര സഭയിലും നടത്തിയ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ?

കേന്ദ്ര സർക്കാർ നടപ്പിലാക്കി വരുന്ന ഐ.പി.ഡി.എസ്. പദ്ധതി നഗര പ്രദേശങ്ങളിലെ ഊർജ്ജ പ്രസരണ വിതരണ സംവിധാനം ശക്തിപ്പെടുത്തുന്നതിനും നവീകരിക്കുന്നതിനും വേണ്ടിയുള്ളതാണ്.

**വൈദ്യുതി അപകടരഹിത കേരളം**

206(220) ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. പി. എസ്. സുപാൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി അപകടരഹിത കേരളം എന്ന ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിനായി പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ?

ഉണ്ട്. സുരക്ഷയ്ക്ക് അതീവ പ്രാധാന്യം നൽകുന്ന ദ്യുതി 2021 പദ്ധതിയിൽ ഉൾപ്പെടുത്തി ശക്തി കുറഞ്ഞതും പൊട്ടിവീഴാൻ സാദ്ധ്യതയുള്ളതുമായ AAC കണ്ടക്ടറുകൾ പൂർണ്ണമായും ഒഴിവാക്കി, ACSR കണ്ടക്ടറുകൾ സ്ഥാപിക്കുന്നതിനും പഴയ ACSR കണ്ടക്ടർ മാറ്റി പുതിയ ACSR കണ്ടക്ടറാക്കുന്നതിനും കെ.എസ്.ഇ.ബി.എൽ അതീവ പ്രാധാന്യം നൽകിവരുന്നു.

(ബി) വൈദ്യുതി മേഖലയിൽ അപകടസാദ്ധ്യത കുറയ്ക്കുന്നതിനായി അടിസ്ഥാനസൗകര്യ വികസന മേഖല ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

വൈദ്യുതി മേഖലയിൽ അപകടസാദ്ധ്യത കുറയ്ക്കുന്നതിനും വൈദ്യുതി വിതരണ ശൃംഖല ശക്തിപ്പെടുത്താനും നിർമ്മാണത്തിലെ മാനദണ്ഡങ്ങൾ കൃത്യമായി പാലിച്ചു കൊണ്ട് വിതരണശൃംഖല ആധുനികവത്കരിക്കാനും കേരളസർക്കാർ പ്രഖ്യാപിച്ച 'ഊർജ്ജ കേരള മിഷനിൽ' ഉൾപ്പെടുത്തി ' ദ്യുതി 2021' എന്ന പേരിൽ ബൃഹത്തായ വിതരണശൃംഖല നവീകരണ പദ്ധതിക്ക് രൂപം നൽകുകയും പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. സുരക്ഷയ്ക്ക് അതീവ പ്രാധാന്യം നൽകുന്ന ദ്യുതി 2021 പദ്ധതിയിൽ ഉൾപ്പെടുത്തി കാലപ്പഴക്കം ചെന്ന ലൈനുകളും പോസ്റ്റുകളും മാറ്റി സ്ഥാപിക്കുന്നതിനും ഘട്ടംഘട്ടമായി എ.ബി.സി. കണ്ടക്ടറുകളും കവേർഡ് കണ്ടക്ടറുകളും ഭൂഗർഭ കേബിളുകളും സ്ഥാപിക്കുന്നതിനും നിർമ്മിക്കുന്ന ലൈനുകളുടെ ഗുണമേന്മ പൂർണ്ണമായും ഉറപ്പുവരുത്തുന്നതിനും കെ.എസ്.ഇ.ബി.എൽ. അതീവ പ്രാധാന്യം നൽകുകയും ഫോൾട്ട് പാസ്സ് ഇൻഡിക്കേറ്ററുകൾ, സെക്ഷനലൈസറുകൾ തുടങ്ങിയ സാങ്കേതികവിദ്യകളുടെ ഉപയോഗം ഉറപ്പുവരുത്തുന്നതുവഴി വൈദ്യുതി അപകടങ്ങൾ പരമാവധി ഒഴിവാക്കാൻ ശ്രദ്ധിക്കുകയും ചെയ്യുന്നു.

(സി) വൈദ്യുതി വിതരണം അപകട രഹിതമായി അന്താരാഷ്ട്ര നിലവാരത്തിൽ നടത്തുന്നതിനായി ആവിഷ്കരിച്ച 'ദ്യുതി പദ്ധതി'-യുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ?

വൈദ്യുതി 2021 പദ്ധതിയിൽ ഉൾപ്പെടുത്തി 19-7-2021 വരെ 2669 കി. മീ. HT OH ലൈനുകളും എ.ബി.സി. ഉപയോഗിച്ച് 496 കി. മീ. HT ലൈനുകളും 277 കി. മീ. HT ഭൂഗർഭകേബിളുകളും 1221 കി.മീ. LT OH ലൈനുകളും എ.ബി.സി. ഉപയോഗിച്ച് 843 കി.മീ. LT ലൈനുകളും 2372 ട്രാൻസ്ഫോർമറുകളും പുതുതായി സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ 222 കി. മീ. HT ലൈനുകൾ എ.ബി.സി. ആക്കുന്ന പ്രവൃത്തിയും 4893 കി.മീ. LT സിംഗിൾ ഫേസ് ലൈനുകൾ ത്രീ ഫേസ് ആക്കുന്ന പ്രവൃത്തിയും 53502 കി. മീ. ലൈനുകളുടെ റീ-കണ്ടക്റ്ററിംഗും നാളിതുവരെ പൂർത്തിയാക്കിയിട്ടുണ്ട്. ഇതോടൊപ്പം 1161 ട്രാൻസ്ഫോർമറുകളുടെ ശേഷി വർദ്ധിപ്പിച്ചിട്ടുണ്ട്. ടി പദ്ധതിയിൽ ഇതുവരെ 1547.92 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(ഡി) അപകടസാദ്ധ്യത കുറയ്ക്കുന്നതിനായി നൂതന സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ ?

വൈദ്യുതി ശൃംഖലകളിൽ വരുന്ന കേടുപാടുകൾ പെട്ടെന്നുകണ്ടെത്തി അപകടസാദ്ധ്യത കുറയ്ക്കുന്നതിനും പ്രശ്നം പരിഹരിക്കുന്നതിനുമായി "Communicable Fault Pass Detector" (CFPD) എന്ന നൂതന സംവിധാനം വളരെ ചെലവുകുറഞ്ഞ രീതിയിൽ ബോർഡ് ജീവനക്കാർ വികസിപ്പിച്ചെടുത്തിട്ടുണ്ട്. 11 കെ.വി., 33 കെ.വി. വൈദ്യുത വിതരണ ലൈനുകളിൽ ഉണ്ടാകുന്ന തകരാറുകൾ പെട്ടെന്ന് കണ്ടുപിടിച്ച്

വിവരം ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ SMS-മൂലവും തകരാറുണ്ടായ സ്ഥലം GIS മാപ് വഴിയും അറിയിച്ച് പ്രശ്നപരിഹാരം വേഗത്തിലാക്കാൻ സഹായിക്കുന്ന സംവിധാന മാണിത്. ഇതുവരെ 7400 എണ്ണം (11 kV ലൈനിൽ - 7250 + 33 kV ലൈനിൽ - 150) Communicable Fault Pass Detector സ്ഥാപിച്ചിട്ടുണ്ട്. വിതരണ മേഖലയിൽ നടപ്പിലാക്കിവരുന്ന "ദ്യുതി" പദ്ധതിയിൽ ഉൾപ്പെടുത്തി ഇത്തരത്തിലുള്ള 16223 CFPD സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ആദ്യഘട്ടത്തിൽ തകരാറുകൾ സംഭവിക്കാൻ സാദ്ധ്യത കൂടുതലുള്ള സ്ഥലങ്ങളിൽ ഇവ സ്ഥാപിക്കുവാനും പിന്നീട് മറ്റിടങ്ങളി ലേയ്ക്ക് വ്യാപിപ്പിക്കാനുമാണ് നിശ്ചയിച്ചിരിക്കുന്നത്. വൈദ്യുതി കമ്പികൾ പൊട്ടി വീണുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിനായി എൽ.റ്റി. ലൈനുകളിൽ ആവശ്യത്തിന് സ്പേസറുകളും ഗാർഡിംഗുകളും അപകടസാദ്ധ്യതയുള്ള സ്ഥലങ്ങളിൽ മുൻഗണനാക്രമത്തിൽ ഘട്ടംഘട്ടമായി സ്ഥാപിക്കുന്നതിനുമുള്ള നിർദ്ദേശം എല്ലാ ഡെപ്യൂട്ടി ചീഫ് എൻജിനീയർമാർക്കും നൽകിയിട്ടുണ്ട്.

**നിലാവ് പദ്ധതി**

207(221) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈദ്യുത മേഖലയിൽ പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആഭ്യന്തര ഉത്പാദനം വർദ്ധിപ്പിച്ച് വൈദ്യുതി ഇറക്കുമതി ആവശ്യകത ക്രമേണ കുറച്ചുകൊണ്ടുവരാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. സംസ്ഥാനത്തിന്റെ വൈദ്യുതി ആവശ്യകതയുടെ ഉദ്ദേശം 30% മാത്രമാണ് ആഭ്യന്തര ഉത്പാദനത്തിലൂടെ കണ്ടെത്തുന്നത്. അതിനാൽ കൂടുതൽ ചെറുകിട ജലവൈദ്യുത പദ്ധതികളും സൗരോർജ്ജ പദ്ധതികളും സംസ്ഥാനത്തിനുള്ളിൽ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. പ്രസരണമേഖലയിൽ രണ്ടുഘട്ടങ്ങളിലായി നടപ്പാക്കുന്ന ട്രാൻസ്ഗ്രിഡ് പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികളുടെ നിർമ്മാണം ഉടൻ ആരംഭിക്കും. ഇതിൽ ഗ്രീൻ കോറിഡോർ - II പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ള വയനാട് 400 കെ.വി. സബ്സ്റ്റേഷനുകൾ ഉൾപ്പെടെ രണ്ട് 400 കെ.വി. സബ്സ്റ്റേഷനുകളുടെയും പതിനൊന്ന് 220 കെ.വി. സബ്സ്റ്റേഷനുകളുടെയും നിർമ്മാണം ഉൾപ്പെടുന്നു. കൂടാതെ, വയനാട് – കാസർഗോഡ് 400 കെ.വി. പ്രസരണ ലൈനിന്റെ നിർമ്മാണവും ഏറ്റെടുക്കും. ഈ പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പുരോഗമിക്കുകയാണ്. കൂടാതെ, 2022-27 കാലയളവിലേയ്ക്കുള്ള ദീർഘകാല പ്രസരണ ശൃംഖല വികസനപദ്ധതി ബോർഡിന്റെ പരിഗണനയിലാണ്.

പ്രസ്തുത പദ്ധതി തയ്യാറാകുന്ന മുറയ്ക്ക് അതിലുൾപ്പെടുന്ന പദ്ധതികളും ഏറ്റെടുത്ത് നടപ്പിലാക്കുന്നതാണ്. അതോടൊപ്പംതന്നെ, ഇപ്പോൾ പ്രസരണ ശൃംഖലയുടെ ഭാഗമായിട്ടുള്ള 33 കെ.വി. ഔട്ട്ഡോർ സബ്സ്റ്റേഷനുകളെ വിദൂര നിയന്ത്രിത സംവിധാനത്തോടെ ഇൻഡോർ സബ്സ്റ്റേഷനുകളാക്കി മാറ്റുന്നതിനായി വിശദമായ പദ്ധതി തയ്യാറാക്കി ഘട്ടംഘട്ടമായി നടപ്പിലാക്കും. എല്ലാ 220 കെ.വി. സബ്സ്റ്റേഷനുകളിലും പ്രധാനപ്പെട്ട 110 കെ.വി. സബ്സ്റ്റേഷനുകളിൽ SCADA സംവിധാനത്തോടുകൂടിയ സബ്സ്റ്റേഷൻ ഓട്ടോമേഷൻ സംവിധാനം ഏർപ്പെടുത്തും. സംസ്ഥാനത്ത് ലോഡ് ഷെഡിംഗും പവർക്കട്ടും ഒഴിവാക്കികൊണ്ട് 24 x 7 വൈദ്യുതി എല്ലാ ഉപഭോക്താക്കൾക്കും നൽകുവാനുള്ള സംവിധാനങ്ങൾ തുടർന്നും ഉറപ്പു വരുത്തും.

(ബി) മുൻ സർക്കാർ വൈദ്യുത മേഖലയിൽ ആരംഭിച്ചിട്ടുള്ള പദ്ധതികൾ ഏതൊക്കെയാണ്; ഈ പദ്ധതികളുടെ പുരോഗതി വ്യക്തമാക്കാമോ?

മുൻ സർക്കാരിന്റെ ഭരണകാലത്ത് സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പാക്കിക്കൊണ്ട് എല്ലാ വീടുകളിലും വൈദ്യുതി എത്തിച്ച ആദ്യത്തെ ഇന്ത്യൻ സംസ്ഥാനം എന്ന ബഹുമതി 2017 മേയ് മാസത്തോടെ കേരളം സ്വായത്തമാക്കി. അടിസ്ഥാന സൗകര്യ വികസനമേഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സമസ്ത മേഖലകളിലെയും വികസനത്തിനാവശ്യമായ ഗുണമേന്മയുള്ള വൈദ്യുതി ഉറപ്പാക്കുന്നതിനായി ട്രാൻസ്ഗ്രിഡ് 2.0, ദ്യുതി 2021, സൗര, ഫിലമെന്റ്രഹിത കേരളം, ഇ-സേഫ് തുടങ്ങിയ പദ്ധതികൾ അടങ്ങുന്ന ഊർജ്ജ കേരളമിഷൻ ജൂലൈ 2018-ൽ സർക്കാർ പ്രഖ്യാപിച്ചുനടപ്പിലാക്കിവരുന്നു. ഉപഭോക്തൃ സേവനം മെച്ചപ്പെടുത്തുന്നതിനുള്ള വിവിധ നടപടികൾ സ്വീകരിച്ചു. ഇതോടൊപ്പം സംസ്ഥാനത്തിന്റെ വൈദ്യുതി ഇറക്കുമതിശേഷി വർദ്ധിപ്പിക്കുന്നതിനായി അന്തർസംസ്ഥാന പ്രസരണശൃംഖലയുടെ വികസനം ത്വരിതപ്പെടുത്തുന്നതിനും ശ്രമിച്ചതിന്റെ ഫലമായി ഇടമൺ-കൊച്ചി 400 കെ.വി. പ്രസരണ ലൈനിന്റെയും പുഗലൂർ-മാടക്കത്തറ 320 കെ.വി. HVDC ലൈനിന്റെയും നിർമ്മാണം പൂർത്തീകരിക്കാൻ കഴിഞ്ഞു. ഇതുവഴി ഇറക്കുമതി ശേഷിയിൽ ഏകദേശം 2000 മെഗാവാട്ടിന്റെ വർദ്ധനവ് കൈവരിക്കാനായി. ഇതിനുപുറമേ ആഭ്യന്തര ഉത്പാദനം മെച്ചപ്പെടുത്താനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. പുതിയ ചെറുകിട ജലവൈദ്യുത പദ്ധതികൾ ആരംഭിക്കുകയും പ്രവൃത്തികൾ മുടങ്ങിക്കിടന്ന ജലവൈദ്യുത പദ്ധതികൾ പുനരാരംഭിക്കുകയും ചെയ്തിട്ടുണ്ട്. പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളിൽനിന്നും വൈദ്യുതി ലഭ്യമാക്കുന്നതിന് വിവിധ കരാറുകളിൽ ഏർപ്പെടുകയും സൗരോർജ്ജ സ്രോതസ്സുകളിൽനിന്നും വൈദ്യുതി ഉത്പാദിപ്പിക്കാനുള്ള സൗരപദ്ധതി നടപ്പിലാക്കി വരികയും ചെയ്യുന്നു. ഇപ്രകാരം സമസ്ത മേഖലകളിലും ഗുണമേന്മയുള്ള വൈദ്യുതി ലഭ്യത ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടുണ്ട്.

(സി) നിലാവ് പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ; മട്ടന്നൂർ നിയോജകമണ്ഡലത്തിൽ നിലാവ് പദ്ധതിയിൽ എത്ര സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ; ഇപ്പോൾ പ്രസ്തുത പദ്ധതിയുടെ അവസ്ഥ എന്താണെന്നും പ്രസ്തുത പദ്ധതി നിയോജകമണ്ഡലത്തിൽ എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്നും വിശദമാക്കാമോ?

നിലാവ് പദ്ധതി പ്രകാരം കേരളത്തിലുടനീളം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സ്ഥാപിച്ചിട്ടുള്ള 10.5 ലക്ഷത്തോളം പരമ്പരാഗത തെരുവുവിളക്കുകൾ മാറ്റി ഊർജ്ജ ക്ഷമതയുള്ളതും ഏഴുവർഷം വാറണ്ടി ഉള്ളതുമായ പരിസ്ഥിതി സൗഹൃദ LED വിളക്കുകൾ സ്ഥാപിച്ചുനൽകുന്നു. പദ്ധതി രണ്ടുഘട്ടങ്ങളിലായാണ് നടപ്പിലാക്കുന്നത്. ഒന്നാംഘട്ടത്തിൽ രണ്ടുലക്ഷം വിളക്കുകൾ 2021 ജൂൺ 30-ഓടെ സ്ഥാപിച്ചു കഴിഞ്ഞു. രണ്ടാം ഘട്ടത്തിൽ 8.5 ലക്ഷം തെരുവുവിളക്കുകൾ 2021 ഡിസംബർ മാസത്തോടെ സ്ഥാപിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഈ പദ്ധതി മുഖ്യമന്ത്രിയുടെ പന്ത്രണ്ടിന മുൻഗണനാ പദ്ധതികളിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഈ പദ്ധതി നടപ്പാക്കുന്നതിലൂടെ പ്രതിവർഷം 185 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉപഭോഗത്തിൽ കുറവ് വരുന്നതുമൂലം വൈദ്യുതി ബിൽ ഇനത്തിൽ 80 കോടി രൂപ ലാഭിക്കുവാൻ കഴിയും. കൂടാതെ പ്രതിവർഷം 165 കിലോടൺ കാർബൺ ബഹിർഗമനം കുറയ്ക്കുവാനും 10.5 കിലോഗ്രാം മെർക്കുറി ഭൂമിയിൽ ലയിക്കുന്നത് കുറയ്ക്കുവാനും കഴിയുന്നു. 290 കോടി രൂപയാണ് പദ്ധതി ചെലവുകണക്കാക്കിയിട്ടുള്ളത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ, തദ്ദേശ സ്വയംഭരണ വകുപ്പാണ് പദ്ധതിയുടെ നോഡൽ ഡിപ്പാർട്ടുമെന്റ്. കെ.എസ്.ഇ.ബി.എൽ. ആണ് പദ്ധതി നടപ്പാക്കുന്ന എസ്.പി.വി. കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഇ.ഇ.എസ്.എൽ. ആണ് മത്സരാധിഷ്ഠിത ടെണ്ടർവഴി LED വിളക്കുകൾ വാങ്ങി സപ്ലൈ ചെയ്യുന്നത്. LED വിളക്കുകൾക്കുള്ള ഏഴുവർഷ വാറണ്ടി ഇ.ഇ.എസ്.എൽ. ഉറപ്പാക്കും. നിലവിലുള്ള പരമ്പരാഗത തെരുവുവിളക്കുകൾ അഴിച്ചുമാറ്റി LED വിളക്കുകൾ സ്ഥാപിച്ചുനൽകുന്നത് കെ.എസ്.ഇ.ബി.എൽ. ആണ്. തുടർന്ന് വിളക്കുകൾ പരിപാലിക്കേണ്ടത് തദ്ദേശഭരണ സ്ഥാപനങ്ങളാണ്. കിഫ്ബി ആണ് പദ്ധതിക്ക് വേണ്ട ധനസഹായം ചെയ്യുന്നത്. LED വിളക്കുകൾ സ്ഥാപിക്കുമ്പോൾ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് വൈദ്യുതി ബിൽ ഇനത്തിൽ ലഭിക്കുന്ന ലാഭത്തിൽ നിന്നാണ് കിഫ്ബിക്കുള്ള തിരിച്ചടവ് നടത്തേണ്ടത്. മട്ടന്നൂർ നിയോജകമണ്ഡലത്തിലെ നിലാവ് പദ്ധതിയിൽ സ്ഥാപിച്ച സ്ട്രീറ്റ് ലൈറ്റുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(1) പടിയൂർ പഞ്ചായത്ത്-ആകെ എണ്ണം-500, സ്ഥാപിച്ചത്-220. (2) മാലൂർ - ആകെ എണ്ണം - 500, സ്ഥാപിച്ചത് - 325. (3) മട്ടന്നൂർ മുനിസിപ്പാലിറ്റി-ആകെ എണ്ണം-500, സ്ഥാപിച്ചത്-225.

LED ബൾബുകളുടെ പാക്കേജിലെ എണ്ണം സംബന്ധിച്ചും ബൾബുകളുടെ വിലയെ സംബന്ധിച്ചുമുള്ള തീരുമാനം കൈക്കൊള്ളുന്ന മുറയ്ക്ക് പർച്ചേസ് ഓർഡർ നൽകി 4 മാസത്തിനകം പദ്ധതി പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## പമ്പാനദിയിൽ ആരംഭിക്കുന്ന ജലവൈദ്യുത പദ്ധതി

208(222) ശ്രീ. പ്രമോദ് നാരായൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പമ്പാനദിയിൽ പുതിയ ജലവൈദ്യുത പദ്ധതി ആരംഭിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ജലവൈദ്യുത പദ്ധതിയുടെ രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

&

(ബി) നിർദ്ദിഷ്ട ജലവൈദ്യുത പദ്ധതിയിൽനിന്നും എത്ര മെഗാവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കുവാനാണ് ലക്ഷ്യമിടുന്നതെന്ന് അറിയിക്കാമോ?

പമ്പാനദിയിൽ താഴെപ്പറയുന്ന രണ്ട് ജലവൈദ്യുത പദ്ധതികൾ പ്രാരംഭ പര്യവേക്ഷണ പ്രവർത്തനങ്ങൾ നടത്തി റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളതാകുന്നു. പുതുക്കിയ വിശദമായ രൂപരേഖ തയ്യാറാക്കിയിട്ടില്ല.

1. പാറക്കടവ് ചെറുകിട ജലവൈദ്യുത പദ്ധതി (10 മെഗാവാട്ട്).

2. പെരുന്തേനരുവി സ്റ്റേജ് II ചെറുകിട ജലവൈദ്യുത പദ്ധതി (4 മെഗാവാട്ട്).

## പ്രസരണനഷ്ടം ഒഴിവാക്കുവാൻ പദ്ധതികൾ

209(223) ശ്രീ. പി. അബ്ദുൽ ഹമീദ്:
ശ്രീ. കെ. പി. എ. മജീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുത മേഖലയിലെ പ്രസരണനഷ്ടം ഒഴിവാക്കുന്നതിനായി പുതിയ പദ്ധതികൾ ആവിഷ്കരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ?

സംസ്ഥാനത്തിന്റെ വൈദ്യുതി പ്രസരണനഷ്ടം കുറയ്ക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി സാങ്കേതിക പഠനത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യമുള്ള സ്ഥലങ്ങളിൽ പുതിയ സബ്സ്റ്റേഷനുകളും അനുബന്ധ ലൈനുകളും സ്ഥാപിക്കുക, നിലവിലുള്ള സബ്സ്റ്റേഷനുകളുടേയും ലൈനുകളുടേയും വോൾട്ടേജ് നിലവാരം ഉയർത്തുകയും

ശേഷി വർദ്ധിപ്പിക്കുകയും ചെയ്യുക മുതലായ മുൻകാലങ്ങളിൽ സ്വീകരിച്ചിരുന്ന നടപടികൾ തുടരുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. കൂടാതെ പ്രസരണനഷ്ടം കുറയ്ക്കുന്നതിനും ഭാവിയിലെ വൈദ്യുതി ആവശ്യകത നിറവേറ്റുന്നതിനും ലക്ഷ്യമിട്ട് ദീർഘകാലാടിസ്ഥാനത്തിൽ ആവിഷ്കരിച്ചിട്ടുള്ള ട്രാൻസ്ഗ്രിഡ് പദ്ധതി പൂർത്തീകരിക്കുന്ന നടപടി സ്വീകരിച്ചുവരുന്നു. ട്രാൻസ്ഗ്രിഡ് പദ്ധതിയിലെ ഓരോ പ്രവൃത്തിയും പൂർത്തിയാക്കുന്ന മുറയ്ക്ക് കൂടുതൽ സാങ്കേതികപഠനം നടത്തി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ഘടകപ്രവൃത്തികൾ പരിഷ്കരിക്കുകയും പുതിയവ ഉൾപ്പെടുത്തുകയും ചെയ്യുന്നതിനും ഉദ്ദേശിക്കുന്നുണ്ട്. ഏകദേശം 10,000 കോടി രൂപയാണ് ട്രാൻസ്ഗ്രിഡ് പദ്ധതിക്കായി പ്രാഥമികമായി ചെലവ് കണക്കാക്കിയിട്ടുള്ളത്.

(ബി) എങ്കിൽ ഇതിനാവശ്യമായ തുക എപ്രകാരം സമാഹരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ?

ട്രാൻസ്ഗ്രിഡ് പദ്ധതിയുടെ നടത്തിപ്പിനാവശ്യമായ 10,000 കോടി രൂപ പ്രധാനമായും സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യവികസന നിധിയായ കിഫ്ബിയിൽനിന്നും വായ്പയായി സമാഹരിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. പദ്ധതിയുടെ നൂതനത്വം കണക്കിലെടുത്ത് കേന്ദ്രാവിഷ്കൃത പി.എസ്.ഡി.എഫ് - ഫണ്ടിൽ നിന്നും 400 കോടി രൂപ ഗ്രാന്റ് ലഭിച്ചിട്ടുണ്ട്. ഇതിനുപുറമെ കേന്ദ്ര പദ്ധതിയായ ഗ്രീൻ എനർജി കോറിഡോർ-II (GEC-II) പദ്ധതിയിൽ നിന്നുള്ള ധനസഹായവും ട്രാൻസ്ഗ്രിഡ് പദ്ധതിയിലെ ചില പ്രവൃത്തികൾക്ക് പ്രതീക്ഷിക്കുന്നുണ്ട്. ശേഷിക്കുന്ന തുക കെ.എസ്.ഇ.ബി.-യുടെ തനതുഫണ്ടിൽനിന്നും ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നു.

(സി) പ്രസ്തുത പദ്ധതികൾ എന്നത്തേയ്ക്ക് നടപ്പിലാക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദീകരിക്കുമോ?

ട്രാൻസ്ഗ്രിഡ് പദ്ധതി രണ്ടുഘട്ടങ്ങളിലായാണ് നടപ്പാക്കുന്നത്. ഒരു 400 കെ.വി. സബ്സ്റ്റേഷനും പതിനൊന്ന് 220 കെ.വി. സബ്സ്റ്റേഷനുകളും ലക്ഷ്യമിടുന്ന ഒന്നാം ഘട്ടം 2022-ലും രണ്ട് 400 കെ.വി. സബ്സ്റ്റേഷനുകളും പതിനൊന്ന് 220 കെ.വി. സബ്സ്റ്റേഷനുകളും ഉൾപ്പെടുന്ന രണ്ടാം ഘട്ടം 2024-ലും പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## വൈദ്യുതി ഉത്പാദനത്തിലെ വർദ്ധനവ്

210(224) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:</u> താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മേയ് മാസത്തിൽ സംസ്ഥാനത്തിന്റെ ശരാശരി പ്രതിദിന വൈദ്യുതി ഉത്പാദനവും ഉപഭോഗവും എത്ര യൂണിറ്റ് വീതമായിരുന്നുവെന്ന് വ്യക്തമാക്കാമോ?

2016 മേയ് മാസത്തിൽ സംസ്ഥാനത്തിന്റെ ശരാശരി പ്രതിദിന വൈദ്യുതി ഉത്പാദനം 13.42 ദശലക്ഷം യൂണിറ്റും പ്രതിദിന ശരാശരി ഉപഭോഗം ഏകദേശം 68.853 ദശലക്ഷം യൂണിറ്റും ആയിരുന്നു.

(ബി) 2021 മേയ് മാസത്തിലെ ശരാശരി പ്രതിദിന വൈദ്യുതി ഉത്പാദനവും ഉപഭോഗവും എത്ര യൂണിറ്റ് വീതമായിരുന്നുവെന്ന് വ്യക്തമാക്കാമോ?

2021 മേയ് മാസത്തിൽ സംസ്ഥാനത്തിന്റെ ശരാശരി പ്രതിദിന വൈദ്യുതി ഉത്പാദനം 25.117 ദശലക്ഷം യൂണിറ്റും പ്രതിദിന ശരാശരി ഉപഭോഗം ഏകദേശം 66.186 ദശലക്ഷം യൂണിറ്റും ആയിരുന്നു.

(സി) മുൻ സർക്കാരിന്റെ കാലഘട്ടത്തിൽ വൈദ്യുതി ഉത്പാദനത്തിൽ എത്ര മെഗാ വാട്ട് അധിക ഉത്പാദനം കൈവരിക്കാൻ സാധിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

മുൻ സർക്കാരിന്റെ കാലഘട്ടത്തിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ കീഴിൽ ജലവൈദ്യുത പദ്ധതികളായ വെള്ളത്തൂവൽ (3.6 MW), പെരുന്തേനരുവി (6 MW), കക്കയം (3 MW) എന്നീ പദ്ധതികൾ പൂർത്തീകരിച്ച് ആകെ 12.6 MW വൈദ്യുതി അധികമായി ഉല്പാദിപ്പിക്കുവാൻ സാധിച്ചു. മുൻ സർക്കാരിന്റെ കാലഘട്ടത്തിൽ (2016-2021) സൗരോർജ്ജ വൈദ്യുതോത്പ്പാദനത്തിൽ ആകെ 284.3005 MW വൈദ്യുതിയുടെ അധിക ഉല്പാദനം ഉണ്ടായിട്ടുണ്ട്. ഇതിന്റെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.* കൂടാതെ അനെർട്ട് 16 മെഗാവാട്ട് സോളാർ ഓഫ് ഗ്രിഡ് നിലയങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. മുൻ സർക്കാരിന്റെ കാലഘട്ടത്തിൽ (2016-2021) എനർജി മാനേജ്മെന്റ് സെന്റർ ചെറുകിട ജലവൈദ്യുത പദ്ധതി സെൽ മുഖാന്തരം സ്വകാര്യ സംരംഭകർക്ക് അനുവദിച്ചുനൽകിയ പദ്ധതികളിലൂടെ 20.50MW സ്ഥാപിതശേഷിയുള്ള ചെറുകിട ജലവൈദ്യുത പദ്ധതികൾ ഗ്രിഡിൽ കണക്ട് ചെയ്തു (പാതംകയം -8MW, കാരിക്കയം 2-ാം ഘട്ടം - 4.5MW, ആനക്കാംപോയിൽ - 8 MW). ഇതുകൂടാതെ ഇ.എം.സി. നേരിട്ട് നടപ്പിലാക്കിയ പദ്ധതികളുടെ ഇനത്തിൽ 25 പീക്കോ ജലവൈദ്യുത പദ്ധതികളും (30kW മൊത്തം സ്ഥാപിത ശേഷിയുള്ളവ) നടപ്പിലാക്കിയിരുന്നു. ഇതുകൂടാതെ ഒരു 20kW സ്ഥാപിതശേഷിയുള്ള വോർട്ടെക്സ് സാങ്കേതികവിദ്യ ഉപയോഗിച്ച് വൈദ്യുതി ഉണ്ടാക്കുന്ന പദ്ധതിയും (കാട്ടുവെട്ടി) നിർമ്മിച്ച് ഗ്രിഡിൽ കണക്ട് ചെയ്തിട്ടുണ്ട്.

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ജലവൈദ്യുതി ഉത്പാദനം

211(225) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേനൽ മാസങ്ങളിലെ പീക്ക് അവറുകളിൽ അധിക വൈദ്യുതിയുടെ ആവശ്യകത മുന്നിൽക്കണ്ട് ജലവൈദ്യുതി ഉത്പാദനം നടത്തുന്നതിൽ കെ.എസ്.ഇ.ബി. പരാജയപ്പെട്ടതായി എ.ജി. നിരീക്ഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഇല്ല.

(ബി) 2018-ലെ പ്രളയദുരന്തത്തിന്റെ പശ്ചാത്തലത്തിൽ, പരമാവധി വൈദ്യുതോല്പാദനം നടത്തുമ്പോൾതന്നെ ഡാമുകളുടെ സുരക്ഷയുംകൂടി ഉറപ്പാക്കുന്ന ഒരു ഫലപ്രദമായ ഡാം മാനേജ്മെന്റ് സംവിധാനം രൂപപ്പെടുത്തുവാൻ സാധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ചീഫ് എഞ്ചിനീയർ (സിവിൽ-ഡാം സേഫ്റ്റി & ഡ്രിപ്പ്)-ന്റെ നേതൃത്വത്തിൽ അണക്കെട്ടുകളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി ഡാം സുരക്ഷാ വിഭാഗം പ്രവർത്തിക്കുന്നുണ്ട്. കേന്ദ്ര ജല കമ്മീഷന്റെ മാർഗ്ഗനിർദ്ദേശമനുസരിച്ച് കെ.എസ്.ഇ. ബി.എൽ.-ന്റെ കീഴിലുള്ള എല്ലാ പ്രധാന അണക്കെട്ടുകൾക്കും അടിയന്തര കർമ്മപദ്ധതി, ഓപ്പറേഷൻ & മെയിന്റനൻസ് മാന്വൽ എന്നിവ നിലവിലുണ്ട്. കൂടാതെ 200 MCM-ൽ കൂടുതൽ സംഭരണശേഷിയുള്ള ജലസംഭരണികൾക്ക് കേന്ദ്ര ജലകമ്മീഷൻ അംഗീകരിച്ച റൂൾ കർവുകളും മറ്റ് ജലാശയങ്ങളിൽ അലർട്ട് ലെവലുകളും നിശ്ചയിച്ചിട്ടുണ്ട്. ഇതുകൂടാതെ ഡാമുകളിൽ സാറ്റലൈറ്റ് ഫോണുകൾ ഉൾപ്പെടെയുള്ള വാർത്താവിനിമയ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കേന്ദ്ര ജലകമ്മീഷന്റെ ഡാം സുരക്ഷാ മാനദണ്ഡങ്ങൾ ഉറപ്പുവരുത്തുന്നതിനായി മൺസൂണിന് മുമ്പും ശേഷവും വിശദമായ പരിശോധനകളും നടത്തുന്നുണ്ട്. ബോർഡ് തലത്തിലും ദുരന്തനിവാരണ അതോറിറ്റി തലത്തിലും ഡാമുകളിലെ ജലനിരപ്പും പ്രളയ സാദ്ധ്യതയും നിരന്തരം നിരീക്ഷണത്തിന് വിധേയമാക്കുന്നുണ്ട്.

(സി) അംഗീകൃത വാർഷിക ഉൽപ്പാദന പദ്ധതിക്ക് അനുസൃതമായും ജലവൈദ്യുത പദ്ധതികളിലെ ജലലഭ്യത കണക്കിലെടുത്തും വൈദ്യുത നിലയങ്ങളിലെ ദൈനംദിന ഉൽപ്പാദനം നിയന്ത്രിക്കേണ്ട ലോഡ് ഡെസ്പാച്ച് കേന്ദ്രത്തിന്റെ പ്രവർത്തനം കെ.എസ്.ഇ.ബി. വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഡയറക്ടർ (T&SO), ഡയറക്ടർ (D, IT&HRM), ഡയറക്ടർ (GE&SCM), ഡയറക്ടർ (P&S), ഡയറക്ടർ (GC) എന്നിവരും ട്രാൻസ്മിഷൻ സിസ്റ്റം ഓപ്പറേഷൻ, കമേഴ്ഷ്യൽ & താരിഫ്, ട്രാൻസ്മിഷൻ നോർത്ത്, ട്രാൻസ്മിഷൻ സൗത്ത്, ഡാം സേഫ്റ്റി എന്നീ വിഭാഗങ്ങളിലെ ചീഫ് എഞ്ചിനീയർമാരെയും ഉൾപ്പെടുത്തി രൂപീകരിച്ചിട്ടുള്ള Power Supply Position (PSP) കമ്മിറ്റി നിലവിലുണ്ട്. ചെയർമാൻ & മാനേജിംഗ് ഡയറക്ടർ/ഡയറക്ടർ (T&SO)-യുടെ അദ്ധ്യക്ഷതയിൽ എല്ലാ മാസവും ടി കമ്മിറ്റി യോഗം കൂടാറുണ്ട്. ടി യോഗങ്ങളിൽ ലോഡ് ഡെസ്പാച്ച് കേന്ദ്രം മുന്നോട്ടുവയ്ക്കുന്ന ഡാറ്റയുടെ അടിസ്ഥാനത്തിൽ ദൈനംദിന ഊർജ്ജ ലഭ്യതയും ജലലഭ്യതയും നിർണ്ണയിച്ച് ഡാം സേഫ്റ്റി വിഭാഗത്തിന്റെ നിർദ്ദേശം, മഴ സംബന്ധിച്ചുള്ള IMD-യുടെ പ്രവചനം എന്നിവ ഉൾക്കൊണ്ട് അതത് മാസങ്ങളിലെ ദൈനംദിനം ഊർജ്ജ ഉൽപ്പാദനം, ഊർജ്ജ ലഭ്യത (Power sourcing) എന്നിവ തീരുമാനിക്കപ്പെടുന്നു. ഇത്തരത്തിൽ ലോഡ് ഡെസ്പാച്ച് കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്.

**ത്രീ ഫേസ് ലൈൻ സ്ഥാപിക്കുന്നതിനുള്ള മാനദണ്ഡം**

212(226) <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ത്രീ ഫേസ് ലൈൻ ഇല്ലാത്ത നഗരപ്രദേശങ്ങളിലെ റോഡരികിൽ താമസിക്കുന്ന ഗാർഹിക ഉപഭോക്താക്കൾക്ക് ത്രീ ഫേസ് ലൈൻ സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി. നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ?

കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014-ലെ റെഗുലേഷൻ (8) പ്രകാരം വൈദ്യുതി കണക്ഷനാവശ്യമായ ചെലവുകൾ ഉപഭോക്താവ് വഹിക്കേണ്ടതാണ്. വൈദ്യുതി കണക്ഷനുള്ള അപേക്ഷ സമർപ്പിച്ചശേഷം സെക്ഷൻ തലത്തിലെ ഉദ്യോഗസ്ഥർ സ്ഥലപരിശോധന നടത്തുകയും പുതുതായി ലൈൻ വലിക്കേണ്ട ആവശ്യകത ഉറപ്പാക്കുകയും പ്രാഥമിക പരിശോധനയുടെ അടിസ്ഥാനത്തിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച കോസ്റ്റ് ഡേറ്റ നിരക്കുകൾക്ക് (28-4-2018-ലെ O.A. No. 17 of 2017) അനുസൃതമായി എസ്റ്റിമേറ്റ് തയ്യാറാക്കി ഉപഭോക്താവിനെ അറിയിക്കുകയും ടി തുക അപേക്ഷകൻ ഒടുക്കുന്നപക്ഷം മുൻഗണനാക്രമം അനുസരിച്ച് വൈദ്യുതി കണക്ഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയുമാണ് ചെയ്യുന്നത്.

(ബി) ത്രീ ഫേസ് ലൈൻ സ്ഥാപിക്കുന്നതിന് വരുന്ന ചെലവ് എത്രയാണെന്ന് വ്യക്തമാക്കാമോ?

കേരള സംസ്ഥാന ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച (28-4-2018-ലെ O.A. No. 17 of 2017) കോസ്റ്റ് ഡാറ്റയിലെ നിരക്കുകൾക്ക് അനുസൃതമായി ത്രീ ഫേസ് ലൈൻ സ്ഥാപിച്ച് വൈദ്യുതി കണക്ഷൻ നൽകുന്നതിന് ചെലവാകുന്ന തുക സംബന്ധിച്ച വിവരം ചുവടെ ചേർത്തിരിക്കുന്നു :

1. 50 മീറ്റർ വരെ ലോ ടെൻഷൻ ത്രീഫേസ് ഓവർ ഹെഡ് ലൈൻ വലിച്ച് പരമാവധി ഒരു പോസ്റ്റ് ഇട്ട് ത്രീഫേസ് സർവീസ് കണക്ഷൻ നല്കുന്നതിന് ചെലവാകുന്ന തുക - 11,550 + ഓരോ മീറ്റർ ഓവർ ഹെഡ് ലൈൻ നിർമ്മിക്കുന്നതിന് 160 രൂപ വീതവും

2. 50 മുതൽ 100 മീറ്റർ വരെ ലോ ടെൻഷൻ ത്രീഫേസ് ഓവർ ഹെഡ് ലൈൻ വലിച്ച് പരമാവധി രണ്ട് പോസ്റ്റ് ഇട്ട് ത്രീഫേസ് സർവീസ് കണക്ഷൻ നല്കുന്നതിന് ചെലവാകുന്ന തുക-28,800+50 മീറ്ററിലധികമായുള്ള ഓരോ മീറ്റർ ഓവർ ഹെഡ് ലൈൻ നിർമ്മിക്കുന്നതിനും 160 രൂപ അധികമായും

3. 100 മുതൽ 150 മീറ്റർ വരെ ലോ ടെൻഷൻ ത്രീഫേസ് ഓവർ ഹെഡ് ലൈൻ വലിച്ച് പരമാവധി മൂന്ന് പോസ്റ്റ് ഇട്ട് ത്രീഫേസ് സർവീസ് കണക്ഷൻ നല്കുന്നതിന് ചെലവാകുന്ന തുക - 46,600 100 മീറ്ററിലധികമായുള്ള ഓരോ മീറ്റർ ഓവർ ഹെഡ് ലൈൻ നിർമ്മിക്കുന്നതിനും 160 രൂപ അധികമായും

4. 150 മുതൽ 200 മീറ്റർ വരെ ലോ ടെൻഷൻ ത്രീഫേസ് ഓവർ ഹെഡ് ലൈൻ വലിച്ച് പരമാവധി 4 പോസ്റ്റ് ഇട്ട് ത്രീഫേസ് സർവീസ് കണക്ഷൻ നല്കുന്നതിന് ചെലവാകുന്ന തുക- 64,100+150 മീറ്ററിലധികമായുള്ള ഓരോ മീറ്റർ ഓവർ ഹെഡ് ലൈൻ നിർമ്മിക്കുന്നതിനും 160 രൂപ അധികമായും.

## സമ്പൂർണ്ണ വൈദ്യുതീകരണം

213(227) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ വൈദ്യുതി ലഭ്യമല്ലാത്ത എത്ര വീടുകളാണ് ഉള്ളതെന്ന വിവരം ജില്ല തിരിച്ച് ലഭ്യമാക്കാമോ?

സംസ്ഥാനത്ത് നിലവിൽ വയറിംഗ് പൂർത്തീകരിച്ചുകൊണ്ട് വൈദ്യുതി കണക്ഷനുകൾക്കുള്ള അപേക്ഷ സമർപ്പിക്കുന്ന എല്ലാ ഉപഭോക്താക്കൾക്കും ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014-ൽ പറഞ്ഞിരിക്കുന്ന സമയപരിധി പാലിച്ചുകൊണ്ട്

കെ.എസ്.ഇ.ബി.എൽ.-ൽ വൈദ്യുതി കണക്ഷൻ നൽകിവരുന്നു. എന്നാൽ വയറിംഗ് പൂർത്തീകരിക്കാത്തതോ വയറിംഗ് പൂർത്തീകരിച്ചിട്ടും വൈദ്യുതി കണക്ഷന് അപേക്ഷ സമർപ്പിക്കാത്തതോ ആയ വീടുകളുടെ എണ്ണം കെ.എസ്.ഇ.ബി.എൽ.-ൽ ലഭ്യമല്ല.

(ബി) മുൻ സർക്കാരിന്റെ കാലഘട്ടത്തിൽ എത്ര വീടുകൾക്കാണ് പുതുതായി വൈദ്യുതി കണക്ഷൻ നല്കാൻ സാധിച്ചത്; ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ?

മുൻസർക്കാരിന്റെ കാലഘട്ടത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണത്തിൽ നൽകിയതുൾപ്പെടെ പുതുതായി 8,90,959 വീടുകളിൽ വൈദ്യുതി കണക്ഷൻ ലഭ്യമാക്കാൻ സാധിച്ചു. ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ഈ സർക്കാർ അധികാരമേൽക്കുമ്പോൾ വൈദ്യുതി കണക്ഷൻ ലഭ്യമല്ലാത്ത എത്ര വീടുകൾ സംസ്ഥാനത്തുണ്ടെന്ന വിവരം ലഭ്യമാക്കാമോ;

ഈ സർക്കാർ അധികാരമേൽക്കുമ്പോൾ ഇനിയും വൈദ്യുതി കണക്ഷൻ ലഭ്യമാക്കിയിട്ടില്ലാത്ത വീടുകളെ സംബന്ധിച്ച വിവരങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ശേഖരിക്കുവാനും തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സഹകര ണത്തോടെ അത്തരം വീടുകളിൽ വൈദ്യുതി എത്തിക്കുന്നതിനുള്ള കർമ്മപദ്ധതി തയ്യാറാക്കാനും കെ.എസ്.ഇ.ബി.എൽ. നടപടി ആരംഭിച്ചിട്ടുണ്ട്.

(ഡി) ആദിവാസി മേഖലകളിലടക്കം എല്ലാ വീടുകളിലും വൈദ്യുതി ലഭ്യമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ?

സംസ്ഥാനത്തെ പിന്നോക്ക പ്രദേശങ്ങളിലെ വൈദ്യുതി അപര്യാപ്തത പരിഹരിച്ച് എല്ലാ കുട്ടികൾക്കും ഓൺലൈൻ ക്ലാസ്സുകൾ ലഭ്യമാക്കുന്നതിലേയ്ക്കായി വൈദ്യുതീകരിക്കാത്ത 64 ആദിവാസി കോളനികൾ കണ്ടെത്തുകയും അവയുടെ DPR തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയും ചെയ്തുവരുന്നു. ഇവ വനാന്തർഭാഗത്ത് സ്ഥിതി ചെയ്യുന്ന വിദൂര കോളനികളായതിനാൽ, ഈ പ്രദേശ ങ്ങളിലെ വൈദ്യുതീകരണത്തിന് വനത്തിൽകൂടി ലൈൻ വലിച്ച് വൈദ്യുതി നൽകുന്നതിന് വനം വകുപ്പിന്റെ അനുമതി ആവശ്യമായി വരുമെന്നതും വളരെ കുറച്ചു കണക്ഷൻ നൽകുവാനായി കൂടുതൽ തുക ചെലവഴിക്കേണ്ടി വരുമെന്നതും ഈ പ്രദേശങ്ങളിൽ ഗ്രിഡ് വൈദ്യുതി എത്തിക്കുന്നതിനുള്ള വെല്ലുവിളിയാണ്. അതിനാൽ വൈദ്യുതീകരണ പ്രവർത്തനം വേഗത്തിലാക്കുന്നതിനായി സംസ്ഥാന ജില്ലാ തല സമിതികൾ 5-7-2021-ലെ G.O(Rt)No.87/2021/PD പ്രകാരം രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത സർക്കാർ ഉത്തരവ് ഉള്ളടക്കം ചെയ്യുന്നു.*

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## വൈദ്യുതി കണക്ഷൻ ഇല്ലാത്ത വിദ്യാർത്ഥികളുള്ള വീടുകൾക്ക് കണക്ഷൻ നൽകുവാൻ നടപടി

214(228) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഓൺലൈൻ പഠനത്തിന് വൈദ്യുതി ആവശ്യമായതിനാൽ വൈദ്യുതി കണക്ഷൻ ഇല്ലാത്ത വിദ്യാർത്ഥികൾ ഉള്ള വീടുകൾക്ക് നിലവിലെ മാനദണ്ഡത്തിൽ ഇളവുവരുത്തി കണക്ഷൻ നൽകാൻ ആവശ്യമായ നടപടികൾ പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. 1000W വരെ കണക്റ്റഡ് ലോഡുള്ള BPL കുടുംബങ്ങൾക്ക്, പോസ്റ്റ് ആവശ്യമില്ലാത്ത എല്ലാ കണക്ഷനുകളും 200 മീറ്റർ വരെ ലൈൻ വലിക്കേണ്ടുന്ന പോസ്റ്റ് ആവശ്യമുള്ള കണക്ഷനുകളും സൗജന്യമായി KSEBL-ന്റെ തനതുഫണ്ടിൽ നിന്നും നൽകിവരുന്നു. ഓൺലൈൻ പഠനത്തിനായി വൈദ്യുതി കണക്ഷൻ ഇല്ലാത്ത വിദ്യാർത്ഥികളുള്ള ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട വീടുകൾക്കും ഈ സൗജന്യം ബാധകമാണ്. അതോടൊപ്പം സംസ്ഥാനത്തെ പിന്നോക്ക പ്രദേശങ്ങളിലെ വൈദ്യുതി അപര്യാപ്തത പരിഹരിച്ച് എല്ലാ കുട്ടികൾക്കും ഓൺലൈൻ ക്ലാസ്സുകൾ ലഭ്യമാക്കുന്നതിലേയ്ക്കായി വൈദ്യുതി എത്തിയിട്ടില്ലാത്ത ആദിവാസി കോളനികൾ കണ്ടെത്തുകയും അവയുടെ DPR തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയും ചെയ്തു വരുന്നു. ഇവ വനാന്തർഭാഗത്ത് സ്ഥിതി ചെയ്യുന്ന വിദൂര കോളനികളായതിനാൽ ഈ പ്രദേശങ്ങളിലെ വൈദ്യുതീകരണത്തിന് വനത്തിൽക്കൂടി ലൈൻ വലിച്ചു വൈദ്യുതി നൽകുന്നതിന് വനം വകുപ്പിന്റെ അനുമതി ആവശ്യമായി വരുമെന്നതും വളരെ കുറച്ചുകണക്ഷൻ നൽകുവാനായി കൂടുതൽ തുക ചെലവഴിക്കേണ്ടി വരുമെന്നതും ഈ പ്രദേശങ്ങളിൽ ഗ്രിഡ് വൈദ്യുതി എത്തിക്കുന്നതിനുള്ള വെല്ലുവിളി കണക്കിലെടുത്ത് വൈദ്യുതീകരണ പ്രവർത്തനം വേഗത്തിലാക്കുന്നതിനായി സംസ്ഥാന ജില്ലാ തല സമിതികൾ 5-7-2021-ലെ ഗവണ്മെന്റ് ഉത്തരവ് G.O(Rt) No.87/2021/Power Department പ്രകാരം രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ഗവൺമെന്റ് ഉത്തരവ് ഉള്ളടക്കം ചെയ്യുന്നു.*

## കൽപ്പറ്റ നിയോജകമണ്ഡലത്തിലെ വൈദ്യുതീകരിക്കാത്ത വീടുകൾ

215(229) ശ്രീ. ടി. സിദ്ദിഖ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ നിയോജകമണ്ഡലത്തിൽ വൈദ്യുതീകരിക്കാത്ത എത്ര വീടുകൾ ഉണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കൽപ്പറ്റ നിയോജകമണ്ഡലത്തിൽ വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിനായി അപേക്ഷ ലഭ്യമായിട്ടും കണക്ഷൻ നൽകാൻ കഴിയാത്ത 80 വീടുകൾ വൈത്തിരി ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിലും 5 വീടുകൾ മുട്ടിൽ ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിലും നിലവിലുണ്ട്.

(ബി) വൈദ്യുതീകരിക്കാത്ത മുഴുവൻ വീടുകളും വൈദ്യുതീകരിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

&

(സി) ഇതിനായി പ്രത്യേക ഫണ്ട് എന്തെങ്കിലും വകയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

വൈത്തിരിയിൽ ഹാരിസൺ മലയാളം ലിമിറ്റഡിന്റെ അധീനതയിലുള്ള പെരുങ്കോടയിൽ കയ്യേറ്റ ഭൂമിയിൽ 80 വീടുകൾക്ക് സർവ്വീസ് കണക്ഷൻ നൽകുന്നതിനുവേണ്ടി സമ്പൂർണ്ണ വൈദ്യുതീകരണ സമയത്തുതന്നെ ശ്രമം നടന്നിരുന്നുവെങ്കിലും കേസ് നിലവിലുള്ളതിനാൽ വൈദ്യുതി കണക്ഷൻ നൽകാൻ കഴിഞ്ഞിട്ടില്ല. ADM മുമ്പാകെ സമർപ്പിക്കപ്പെട്ട റിപ്പോർട്ടിൻമേൽ അനുകൂല തീരുമാനമുണ്ടാകുന്ന മുറയ്ക്ക് സർവ്വീസ് കണക്ഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. മുട്ടിൽ ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിലെ കാർളംകോട്ട കോളനിയിൽ 5 വീടുകൾക്ക് വൈദ്യുതി കണക്ഷൻ നൽകേണ്ടതുണ്ട്. മലമുകളിലായതിനാലും പാറക്കെട്ടുകൾ നിറഞ്ഞ പ്രദേശമായതിനാലും കണക്ഷൻ ലഭ്യമാകുന്നതിൽ തടസ്സങ്ങളുണ്ടായിട്ടുണ്ട്. എന്നിരുന്നാലും 650 മീ. പുതുതായി ലൈൻ നിർമ്മിക്കേണ്ടതിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇനിയും വൈദ്യുതി കണക്ഷൻ എടുക്കാത്ത വീടുകളെ സംബന്ധിച്ച വിവരങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ശേഖരിക്കുവാനും എസ്റ്റിമേറ്റ് തയ്യാറാക്കാനും കെ.എസ്.ഇ.ബി.എൽ. നടപടി ആരംഭിച്ചിട്ടുണ്ട്. വൈദ്യുതീകരണത്തിന് ആവശ്യമായ തുക ട്രൈബൽ ഡിപ്പാർട്ട്മെന്റ്/തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ/ഉപഭോക്താക്കൾ എന്നിവരിൽനിന്നും ലഭ്യമാക്കുന്ന മുറയ്ക്ക് ലൈൻ നിർമ്മാണവും സർവ്വീസ് കണക്ഷനും നൽകി വൈദ്യുതീകരണം പൂർത്തിയാക്കാവുന്നതാണ്. നിലവിൽ 1000W വരെ കണക്റ്റഡ് ലോഡുള്ള BPL കുടുംബങ്ങൾക്ക് പോസ്റ്റ് ആവശ്യം ഇല്ലാത്ത എല്ലാ കണക്ഷനുകളും 200 മീറ്റർ വരെ ലൈൻ വലിക്കേണ്ടുന്ന പോസ്റ്റ് ആവശ്യമുള്ള കണക്ഷനുകളും സൗജന്യമായി കെ.എസ്.ഇ.ബി.എൽ-ന്റെ ഫണ്ട് ഉപയോഗിച്ച് നൽകിവരുന്നു. കെ.എസ്.ഇ.ബി.-യുടെ ബഡ്ജറ്റിൽ 2021-22 സാമ്പത്തിക വർഷത്തേയ്ക്ക് ഇലക്ട്രിക്കൽ ഡിവിഷൻ കൽപ്പറ്റയുടെ കീഴിലുള്ള നിയോജകമണ്ഡലങ്ങളുടെ ഇലക്ട്രിഫിക്കേഷനു വേണ്ടി ആകെ 31 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

## വൈദ്യുതീകരണം

216(230) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികവർഗ്ഗ കുടുംബങ്ങളിൽ എല്ലാ വീടുകളും വൈദ്യുതീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ?

വനത്തിൽക്കൂടി ലൈൻ വലിച്ച് വൈദ്യുതി നൽകേണ്ട (എറണാകുളം, വയനാട്, പാലക്കാട്, ഇടുക്കി, തൃശ്ശൂർ, കണ്ണൂർ, പത്തനംതിട്ട, മലപ്പുറം ജില്ലകളിലെ) വനാന്തരങ്ങളിൽ സ്ഥിതി ചെയ്യുന്ന വിദൂര കോളനികൾ വൈദ്യുതി ലഭ്യമല്ലെന്നുള്ളതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇല്ലെങ്കിൽ ഇതിനായി ഒരു പ്രത്യേക പദ്ധതി തയ്യാറാക്കുമോ; വ്യക്തമാക്കുമോ?

പ്രസ്തുത കോളനികൾ വനാന്തർഭാഗത്ത് സ്ഥിതി ചെയ്യുന്ന വിദൂര കോളനികളായതിനാൽ ഈ പ്രദേശങ്ങളിലെ വൈദ്യുതീകരണത്തിന് വനത്തിൽക്കൂടി ലൈൻ വലിച്ച് വൈദ്യുതി നൽകുന്നതിന് വനം വകുപ്പിന്റെ അനുമതി ആവശ്യമായി വരുമെന്നതും വളരെ കുറച്ചുകണക്ഷൻ നൽകുവാനായി കൂടുതൽ തുക ചെലവഴിക്കേണ്ടി വരുമെന്നതും ഈ പ്രദേശങ്ങളിൽ ഗ്രിഡ് വൈദ്യുതി എത്തിക്കുന്നതിനുള്ള വെല്ലുവിളിയാണ്. വൈദ്യുതി എത്തിയിട്ടില്ലാത്ത ആദിവാസി കോളനികൾ കണ്ടെത്തുകയും അവയുടെ DPR തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയും ചെയ്തുവരുന്നു. ഈ പ്രദേശങ്ങളിലെ വൈദ്യുതീകരണ പ്രവർത്തനം വേഗത്തിലാക്കുന്നതിനായി സംസ്ഥാന-ജില്ലാതല സമിതികൾ രൂപീകരിച്ചിട്ടുണ്ട്.

## സമ്പൂർണ്ണ വൈദ്യുതീകരണം പദ്ധതി

217(231) ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമ്പൂർണ്ണ വൈദ്യുതീകരണം പദ്ധതിയുടെ ഭാഗമായി കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് മങ്കട നിയോജകമണ്ഡലത്തിൽ ആകെ എത്ര വീടുകൾക്ക് വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ട്; വ്യക്തമാക്കുമോ; എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

സമ്പൂർണ്ണ വൈദ്യുതീകരണം പദ്ധതിയുടെ ഭാഗമായി കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് മങ്കട നിയോജകമണ്ഡലത്തിൽ 1615 വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ട്. സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി പൂർത്തീകരിക്കുന്നതിനായി ആകെ 143.6 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 30 ലക്ഷം രൂപ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽനിന്നും ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

(ബി) വൈദ്യുതി കണക്ഷൻ ലഭിക്കാത്ത വീടുകളുടെ എണ്ണം സംബന്ധിച്ച് പഞ്ചായത്ത് തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ; ഇതിനായി എത്ര തുക ചെലവ് വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; വ്യക്തമാക്കുമോ?

വയറിംഗ് പൂർത്തീകരിച്ചുകൊണ്ട് വൈദ്യുതി കണക്ഷനുകൾക്കുള്ള അപേക്ഷ സമർപ്പിക്കുന്ന എല്ലാ ഉപഭോക്താക്കൾക്കും ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014-ൽ പറഞ്ഞിരിക്കുന്ന സമയപരിധി പാലിച്ചുകൊണ്ട് കെ.എസ്.ഇ.ബി. ലിമിറ്റഡ് വൈദ്യുതി കണക്ഷൻ നൽകിവരുന്നു. എന്നാൽ വയറിംഗ് പൂർത്തീകരിക്കാത്തതോ വയറിംഗ് പൂർത്തീകരിച്ചിട്ടും വൈദ്യുതി കണക്ഷന് അപേക്ഷ സമർപ്പിക്കാത്തതോ ആയ വീടുകളുടെ എണ്ണം കെ.എസ്.ഇ.ബി. ലിമിറ്റഡിൽ ലഭ്യമല്ല. നിലവിൽ 1000 W വരെ കണക്ടഡ് ലോഡുള്ള BPL കുടുംബങ്ങൾക്ക് പോസ്റ്റ് ആവശ്യം ഇല്ലാത്ത എല്ലാ കണക്ഷനുകളും 200 മീറ്റർ വരെ ലൈൻ വലിക്കേണ്ടുന്ന പോസ്റ്റ് ആവശ്യമുള്ള കണക്ഷനുകളും സൗജന്യമായി KSEBL-ന്റെ ഫണ്ട് ഉപയോഗിച്ച് നൽകിവരുന്നു. ഇനിയും വൈദ്യുതി കണക്ഷൻ എടുക്കാത്ത വീടുകളെ സംബന്ധിച്ച വിവരങ്ങൾ തദ്ദേശഭരണസ്ഥാപനങ്ങളുടെ സഹകരണത്തോടെ ശേഖരിക്കുവാനും തുടർന്ന് എസ്റ്റിമേറ്റ് തയ്യാറാക്കാനും KSEBL നടപടി ആരംഭിച്ചിട്ടുണ്ട്. വൈദ്യുതീകരണത്തിന് ആവശ്യമായ തുക തദ്ദേശ സ്വയംഭരണ വകുപ്പ്/പട്ടികവർഗ്ഗ വകുപ്പ് /ഉപഭോക്താവ് അടയ്ക്കുന്ന മുറയ്ക്ക് വൈദ്യുതീകരണം പൂർത്തീകരിക്കുന്നതാണ്.

**കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിലെ കിഴക്കൻ മലയോര മേഖലയിലെ വൈദ്യുതി വിതരണത്തിലെ തടസ്സങ്ങൾ**

218(232) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിലെ കിഴക്കൻ മലയോര മേഖല വൈദ്യുതി വിതരണത്തിലെ തടസ്സങ്ങൾ, വോൾട്ടേജ് ക്ഷാമം എന്നിവമൂലം പ്രയാസങ്ങൾ നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിലെ രാജപുരം, ബളാംതോട്, ഭീമനടി എന്നീ ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിൽ വൈദ്യുതി തടസ്സങ്ങൾ, വോൾട്ടേജ് ക്ഷാമം എന്നിവമൂലം പ്രയാസങ്ങൾ നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ടെങ്കിൽ പ്രശ്നങ്ങൾ പരിഹരിക്കാൻ എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കാമോ?

ടി പ്രദേശത്തെ വൈദ്യുതി വിതരണത്തിലെ തടസ്സങ്ങൾ കുറയ്ക്കുന്നതിനുവേണ്ടി ലൈൻ റീ-കണ്ടക്ടറിംഗ്, ട്രാൻസ്ഫോർമർ സ്റ്റാൻഡേർഡൈ-സേഷൻ, ലൈൻ റീ-റൂട്ടിംഗ് എന്നീ പ്രവൃത്തികൾ ദ്യുതി പദ്ധതിയിൽ ഉൾപ്പെടുത്തി നടന്നുവരുന്നു.

വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി ലൈൻ കൺവെർഷൻ, ട്രാൻസ്ഫോർമർ സ്ഥാപിക്കുക എന്നീ പ്രവൃത്തികളും നടന്നുവരുന്നു. ബളാംതോട് ഇലക്ട്രിക്കൽ സെക്ഷനിലേയ്ക്കും രാജപുരം ഇലക്ട്രിക്കൽ സെക്ഷനിലേയ്ക്കും വൈദ്യുതി വിതരണം ചെയ്യുന്നത് 33 കെ.വി. ബേളൂർ, കള്ളാർ എന്നീ സബ്സ്റ്റേഷനുകളിൽ നിന്നുമാണ്. കാഞ്ഞങ്ങാട് 110 കെ.വി. സബ്സ്റ്റേഷനിൽ നിന്നുമുള്ള 33 കെ.വി. ലൈനിലൂടെയാണ് നിലവിൽ ബേളൂർ, കള്ളാർ സബ്സ്റ്റേഷനുകളിലേയ്ക്ക് വൈദ്യുതി എത്തിക്കുന്നത്. ടി 33 കെ.വി. ലൈനിലുണ്ടാകുന്ന ഫോൾട്ടാണ് വൈദ്യുതി വിതരണ തടസ്സത്തിനുള്ള പ്രധാന കാരണം. വളരെ ബുദ്ധിമുട്ടുള്ള പ്രദേശങ്ങളിലൂടെ കടന്നുപോകുന്ന ഈ 33 കെ.വി. ലൈനിലെ തകരാർ പരിഹരിക്കാനുള്ള കാലതാമസം പരാതിക്കിടയാക്കുന്നുണ്ട്. ലൈൻ ഫോൾട്ട് ഉണ്ടാവുകയാണെങ്കിൽ രണ്ട് സബ്സ്റ്റേഷനുകളിലും വൈദ്യുതി മുടങ്ങുമെന്നതിനാൽ അമ്പലത്തറ 220 കെ.വി. സബ്സ്റ്റേഷനിൽനിന്നും ബേളൂർ 33 കെ.വി സബ്സ്റ്റേഷനിലേയ്ക്ക് 33 കെ.വി. ഫീഡർ നിർമ്മിക്കുകയാണെങ്കിൽ മേൽപ്പറഞ്ഞ വൈദ്യുതി തടസ്സം പരിഹരിക്കാൻ സാധിക്കുന്നതാണ്. ആയതിനുവേണ്ടി ഒരു നിർദ്ദേശം പ്രസരണ വിഭാഗത്തിന്റെ പരിഗണനയിലുള്ളതും ഭരണാനുമതി ആയിട്ടുള്ളതുമാണ്.

(സി) അമ്പലത്തറ 220 കെ.വി. സബ്സ്റ്റേഷനിൽ നിന്നും ബേളൂർ 33 കെ.വി. സബ്സ്റ്റേഷനിലേയ്ക്ക് നിലവിലുള്ള 33 കെ. വി. ഫീഡറിന് സമാന്തരമായി അണ്ടർ ഗ്രൗണ്ട് കേബിൾ കൂടി ഉൾപ്പെടുത്തി പുതിയ ഫീഡർ സ്ഥാപിക്കുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ?

അമ്പലത്തറ 220kV സബ്സ്റ്റേഷനിൽനിന്നും 33kV ബേളൂർ സബ്സ്റ്റേഷനിലേക്കു ഭൂഗർഭ കേബിളും ലൈനും ചേർത്തുകൊണ്ടുള്ള പുതിയ ഫീഡറിന് ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

(ഡി) ഉണ്ടെങ്കിൽ ഇതിന്റെ തുടർപ്രവർത്തനങ്ങൾക്ക് എന്തൊക്കെ സ്വീകരിച്ചു എന്ന് വിശദീകരിക്കാമോ?

ഈ പ്രവൃത്തിയുമായി ബന്ധപ്പെട്ട് തുടർ പ്രവർത്തനങ്ങൾ നടത്തിയിട്ടില്ല.

(ഇ) പ്രസ്തുത സമാന്തര ഫീഡർ സ്ഥാപിക്കുന്നതിന് കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണെന്ന് അറിയിക്കാമോ?

കുറ്റിക്കോലിൽ പുതുതായി നിർമ്മിക്കാനുദ്ദേശിക്കുന്ന 110KV സബ്സ്റ്റേഷനിൽ നിന്നും രാജപുരം 33KV സബ്സ്റ്റേഷനിലേയ്ക്ക് ഒരു ഇന്റർലിങ്കിംഗ് ലൈൻ വലിച്ചാൽ ബേളൂർ സബ്സ്റ്റേഷനിലേയ്ക്ക് രണ്ടാമത്തെ ഫീഡിംഗ് ലഭ്യമാകും എന്നതുകൊണ്ട് അമ്പലത്തറയിൽനിന്നും ബേളൂർ സബ്സ്റ്റേഷനിലേയ്ക്കുള്ള പ്രസ്തുത ലൈനിന്റെ പ്രവൃത്തി താത്കാലികമായി മാറ്റിവച്ചിരിക്കുകയാണ്.

## സ്കൂളുകളിലും സർക്കാർ ഓഫീസുകളിലും സൗരോർജ്ജ പ്ലാന്റുകൾ

219(233) ശ്രീ. ഐ. ബി. സതീഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ കാട്ടാക്കട നിയോജക മണ്ഡലത്തിലെ മുഴവൻ സ്കൂളുകളിലും സർക്കാർ ഓഫീസുകളിലും സൗരോർജ്ജ സ്ഥാപിക്കുന്നതിന് (Grid Connected Solar Generation Plant) തുക വകയിരുത്തിയിരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ആയതിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കപ്പെട്ടിട്ടുണ്ടോ; തുടർ നടപടികൾ എന്തൊക്കെയാണെന്നറിയിക്കുമോ?

കാട്ടാക്കട നിയോജകമണ്ഡലത്തിലെ മുഴവൻ സ്കൂളുകളിലും (64) പ്രാരംഭഘട്ട സർവ്വേ നടത്തുകയുണ്ടായി. ആയതിൽനിന്ന് feasible ആണെന്ന് കണ്ടെത്തിയ 23 സൈറ്റുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ബന്ധപ്പെട്ട അധികാരികൾക്ക് നൽകുന്നതാണ്. ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് ഡെവലപ്പർ സർവ്വേ ആരംഭിക്കുന്നതും തുക കെ.എസ്.ഇ.ബി.എൽ.-ന് ലഭ്യമാക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങളുടെ നടപടികൾ ആരംഭിക്കാവുന്നതുമാണ്. കൂടാതെ സർക്കാർ ഓഫീസുകളുടെ ലിസ്റ്റ് ലഭ്യമാക്കുന്നതിനായി ബന്ധപ്പെട്ട MLA ഓഫീസിൽ അറിയിച്ചിട്ടുള്ളതുമാണ്. ലിസ്റ്റ് ലഭ്യമാക്കുന്നമുറയ്ക്ക് സർവ്വേ നടപടികൾ തുടരുന്നതും മേൽപ്പറഞ്ഞപ്രകാരം നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതുമാണ്.

## കാസർഗോഡ് ജില്ലയിലെ സോളാർ പാർക്കുകളിൽ നിന്നുള്ള വൈദ്യുതി

220(234) ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ പ്രവർത്തിക്കുന്ന സോളാർ പാർക്കുകളിൽനിന്നും എത്ര യൂണിറ്റ് വൈദ്യുതിയാണ് പ്രതിദിനം ഉൽപാദിപ്പിക്കുന്നതെന്ന് വ്യക്തമാക്കാമോ?

കാസർഗോഡ് ജില്ലയിലെ അമ്പലത്തറയിൽ 50 MW-ഉം പൈവെളികയിൽ 50 MW-ഉം സോളാർ പ്ലാന്റുകളാണ് ഉള്ളത്. അമ്പലത്തറ സോളാർ പ്ലാന്റിൽ നിന്നുള്ള ശരാശരി പ്രതിദിന വൈദ്യുതോല്പാദനം ഏകദേശം 2 ലക്ഷം യൂണിറ്റും പൈവെളികെ പ്ലാന്റിൽ നിന്നുള്ള ശരാശരി പ്രതിദിന വൈദ്യുതോല്പാദനം ഏകദേശം 2.2 ലക്ഷം യൂണിറ്റും ആണ്. കാലാവസ്ഥാ വ്യതിയാനത്തിനനുസരിച്ച് ഉല്പാദനത്തിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടാകും.

(ബി) പ്രസ്തുത സോളാർ വൈദ്യുതി നിലയങ്ങൾക്കായി എത്ര കോടി രൂപ ഇതുവരെ ചെലവഴിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

കാസർഗോഡ് സോളാർ നിലയങ്ങൾക്കായി 560 കോടി രൂപ ചെലവായിട്ടുണ്ട്. സോളാർ പാർക്കിന്റെ വികസനം (അടിസ്ഥാനസൗകര്യം ഒരുക്കൽ, കൺസൾട്ടൻസി, സർവ്വേ, കെട്ടിടം, internal power evacuation മുതലായവ), സോളാർ നിലയങ്ങൾ സ്ഥാപിക്കൽ എന്നിവയ്ക്കുള്ള മൊത്തം ചെലവാണിത്. സോളാർ നിലയങ്ങൾ സ്ഥാപിച്ചിരിക്കുന്നത് IREDA, THDCIL എന്നിവരാണ്. സോളാർ പാർക്കിന്റെ വികസനത്തിനുള്ള ചെലവിൽ 12.6 കോടി രൂപ MNRE ഗ്രാന്റാണ്. പ്രസ്തുത നിലയങ്ങളിൽ നിന്നുമുള്ള പവർ ഇവാക്വേഷനായി (power evacuation) KSEBL-ന് ഏകദേശം 29.678 കോടി രൂപയും ചെലവായിട്ടുണ്ട്. ഇതിനും MNRE ഗ്രാന്റ് ലഭ്യമാണ്.

**സൗരമേൽക്കൂര വൈദ്യുത നിലയങ്ങൾ**

221(235) <u>ശ്രീ. പി. ബാലചന്ദ്രൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സൗരമേൽക്കൂര വൈദ്യുത നിലയങ്ങളുമായി ബന്ധപ്പെട്ട് തൃശ്ശൂർ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ വിശദീകരിക്കാമോ?

കെ. എസ്. ഇ. ബി. എൽ. മുഖാന്തരം തൃശ്ശൂർ നിയോജകമണ്ഡലത്തിൽ 1 MW-ന്റെ നിർമ്മാണ പ്രവർത്തനങ്ങൾ 116 സൈറ്റുകളിലായി പുരോഗമിച്ചുവരുന്നു. ഇതിൽ എഞ്ചിനീയറിംഗ് കോളേജ് (300 KW), പോലീസ് അക്കാഡമി (100 KW), ഐ.ആർ.ബി. ബറ്റാലിയൻ (100 KW) എന്നീ ഗവൺമെന്റ് സ്ഥാപനങ്ങൾ ഉൾപ്പെടുന്നു. കൂടാതെ, ഗാർഹിക ഉപഭോക്താക്കൾക്ക് സബ്സിഡി നൽകി സൗരോർജ്ജ നിലയം സ്ഥാപിക്കുന്നതിന്റെ ഭാഗമായുള്ള സർവ്വേ നടപടികൾ 249 സൈറ്റുകളിൽ പൂർത്തീകരിച്ച് നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചുവരുന്നു. തൃശ്ശൂർ മെഡിക്കൽ കോളേജിന്റെ പുരപ്പുറത്ത് 150 കിലോവാട്ട് പീക്ക് സ്ഥാപിതശേഷിയുള്ള സൗരനിലയം സ്ഥാപിക്കുന്നതിനുള്ള അനുമതി ലഭിച്ചിട്ടുണ്ട്. എന്നാൽ തൃശ്ശൂർ മെഡിക്കൽ കോളേജ് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡുമായി ധാരണാപത്രം ഒപ്പിടാത്തതിനാൽ നാളിതുവരെയും പദ്ധതി തുടങ്ങാനായിട്ടില്ല. തൃശ്ശൂർ നിയമസഭാ മണ്ഡലത്തിൽ ഉൾപ്പെടുന്ന സർക്കാർ മാനസിക ആരോഗ്യകേന്ദ്രത്തിൽ 10kWp ശേഷിയുള്ള ഹൈബ്രിഡ് റൂഫ്ടോപ് സൗരോർജ്ജ നിലയം സ്ഥാപിക്കുന്നതിന്റെ പ്രവൃത്തി അനെർട്ട് പൂർത്തിയാക്കിയിട്ടുണ്ട്. ഇതിനായി 9.72 ലക്ഷം രൂപ അനെർട്ടിന്റെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത സൗരോർജ്ജ നിലയം തൃശ്ശൂർ കോർപ്പറേഷന്റെ ഇലക്ട്രിസിറ്റി ഗ്രിഡുമായി ബന്ധിപ്പിക്കുന്നതിനുള്ള അനുമതിക്കായി കോർപ്പറേഷൻ ഇലക്ട്രിസിറ്റി വിഭാഗത്തിന് അപേക്ഷ സമർപ്പിച്ചിരിക്കുകയാണ്. അനുമതി ലഭിച്ചതിനുശേഷം സൗരോർജ്ജ നിലയം കമ്മീഷനിംഗ് ചെയ്യുന്നതാണ്.

## പുരപ്പുറ സോളാർ പദ്ധതി

222(236) ശ്രീ. ടി. ജെ. വിനോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുരപ്പുറ സോളാർ പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോയെന്നറിയിക്കുമോ?

പുരപ്പുറ സോളാർ പദ്ധതിയുടെ പുരോഗതി സംസ്ഥാന സർക്കാർതലത്തിലും Central Renewable Energy Department-ഉം Kerala State Electricity Board Limited-ഉം വിലയിരുത്തുന്നുണ്ട്.

(ബി) ഈ പദ്ധതിയിൽ ലക്ഷക്കണക്കിന് കുടുംബങ്ങൾ രജിസ്ട്രേഷൻ നടത്തിയെങ്കിലും ആയിരത്തിൽ താഴെ സ്ഥലങ്ങളിൽ മാത്രമാണ് സോളാർ പാനൽ സ്ഥാപിക്കുവാൻ സാധിച്ചിട്ടുള്ളതെന്നതിന്റെ കാരണം വ്യക്തമാക്കുമോ?

2019-20 കാലഘട്ടത്തിൽ രണ്ട് ലക്ഷത്തിലധികം പേർ രജിസ്റ്റർ ചെയ്തെങ്കിലും ഇവയിൽനിന്നും പരിശോധനയ്ക്കുശേഷം 42,458 സൈറ്റുകൾ തെരഞ്ഞെടുക്കുകയുണ്ടായി. ലഭിച്ച സൈറ്റുകളിൽനിന്നും അനുയോജ്യമെന്ന് കണ്ടെത്തിയ 2331 സൈറ്റുകളിൽ വർക്ക് അവാർഡ് ചെയ്തിട്ടുണ്ട്. ഗാർഹിക ഉപഭോക്താക്കൾക്കുള്ള സബ്സിഡി പദ്ധതിയിൽ 21000 ഉപഭോക്താക്കൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കൺസ്യൂമറും കെ.എസ്.ഇ.ബി.എൽ.-ഉം ആയി എഗ്രിമെന്റ് വയ്ക്കുന്നതിലുള്ള കാലതാമസവും കൺസ്യൂമർ പണം മുടക്കേണ്ട മോഡലുകളിൽ പണം മുടക്കാത്തതും കോവിഡ്-19 പകർച്ചവ്യാധിയും ലോക്ഡൗൺ, ട്രിപ്പിൾ ലോക്ഡൗൺ, കമ്പനി ലോക്ഡൗൺ മുഖേനയുള്ള സോളാർ പാനലുകളുടെ ദൗർലഭ്യം എന്നിവയാണ് ആയിരത്തിൽ താഴെ സൈറ്റുകളിൽ മാത്രം പാനലുകൾ സ്ഥാപിക്കാൻ ഇടയായത്. എന്നാൽ, ഇപ്പോൾ നിർമ്മാണപ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നുവരുന്നു.

(സി) പ്രസ്തുത പദ്ധതി ത്വരിതപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നതിനായി ഗവൺമെന്റ് വകുപ്പുകളുമായി മീറ്റിംഗ് നടത്താനുള്ള തീരുമാനമെടുത്തിട്ടുണ്ട്. ഇവ ത്വരിതപ്പെടുത്തുന്നതിനായി എല്ലാ ഇലക്ട്രിക്കൽ സെക്ഷനിലും/ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിലും നോഡൽ ഓഫീസറെ തെരഞ്ഞെടുക്കുന്നതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും അസ്സോസിയേഷനുകളുമായി മീറ്റിംഗുകൾ നടത്താൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ, കെ.എസ്.ഇ.ബി. മോഡലിന്റെ കപ്പാസിറ്റി 28 മെഗാവാട്ടിൽനിന്നും 35 മെഗാവാട്ട് ആയി വർദ്ധിപ്പിക്കാനുള്ള പ്രൊപ്പോസലായി മുന്നോട്ടുപോകുന്നു.

## സൗരോർജ്ജ പാനൽ സ്ഥാപിച്ച് വൈദ്യുതി ഉത്പാദനം

223(237) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സൗരോർജ്ജ പാനൽ സ്ഥാപിച്ച് എത്ര മെഗാവാട്ട് വൈദ്യുതി ഉത്പാദനത്തിനാണ് ലക്ഷ്യമിടുന്നതെന്ന് വിശദമാക്കാമോ?

കെ.എസ്.ഇ.ബി.എൽ.-ഉം അനെർട്ടും സംയുക്തമായി നടപ്പിലാക്കുന്ന 'ഊർജ്ജ കേരള മിഷൻ-സൗര' പദ്ധതിയിലൂടെ 3 വർഷത്തിനുള്ളിൽ 1000 മെഗാവാട്ട് വൈദ്യുതി സൗരോർജ്ജത്തിൽനിന്ന് ഉത്പാദിപ്പിക്കുവാൻ ലക്ഷ്യമിടുന്നു. ഇതിൽ 500 മെഗാവാട്ട് കെട്ടിടങ്ങളുടെ മേൽക്കൂരകളിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുന്നതിൽനിന്നും ഉത്പാദിപ്പിക്കുകയാണ് ലക്ഷ്യം. പാഴ്നിലങ്ങളിലും ജലോപരിതലത്തിലും സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ച് 500 മെഗാവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കുവാനും ലക്ഷ്യമിടുന്നു.

(ബി) വീടുകളിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിച്ച് എത്ര മെഗാവാട്ട് വൈദ്യുതി ഉത്പാദനമാണ് അടുത്ത 5 വർഷ കാലയളവിൽ പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കാമോ?

വീടുകൾ ഉൾപ്പെടെയുള്ള കെട്ടിടങ്ങളുടെ മേൽക്കൂരകളിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുന്നതുവഴി 1000MW വൈദ്യുതി ഉത്പാദനം ലക്ഷ്യമിടുന്നു.

(സി)കഴിഞ്ഞ അഞ്ചുവർഷത്തിനിടയ്ക്ക് എത്ര മെഗാവാട്ട് വൈദ്യുതി ഉത്പാദനം ഇതുവഴി സാധ്യമായി എന്ന് വ്യക്തമാക്കാമോ?

സൗര പദ്ധതിയുടെ കീഴിൽ കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ 1.5MW-ന്റെ പദ്ധതി പൂർത്തിയായി കമ്മീഷൻ ചെയ്തു. 6MW-ന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് ഗ്രിഡ് കണക്ഷൻ ഉടൻ നൽകുന്നതാണ്. 24MW-ന്റെ നിർമ്മാണം പുരോഗതിയിലാണ്.

## മാലിന്യത്തിൽനിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്ന പദ്ധതി

224(238) ശ്രീ. പി. കെ. ബഷീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാലിന്യത്തിൽനിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്ന പദ്ധതി മുഖേന എത്ര യൂണിറ്റ് വൈദ്യുതി സംസ്ഥാനത്ത് ലഭ്യമാകുമെന്ന് അറിയിക്കുമോ?

മാലിന്യത്തിൽനിന്നും വൈദ്യുതി ഉണ്ടാക്കുന്ന പദ്ധതികളുടെ പ്രവർത്തനങ്ങൾ കേരളത്തിൽ പ്രാരംഭദശയിലാണ്. ഇതിനായി KSIDC-യെ നോഡൽ ഏജൻസിയായി നിയമിച്ചിട്ടുണ്ട്. ഈ പദ്ധതികളുടെ നിർമ്മാണം KSIDC ടെണ്ടർ നടത്തി

കണ്ടെത്തുന്ന കൺസഷണർ വഴി തദ്ദേശഭരണ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിൽ നടത്തുന്നതിനാണ് ആസൂത്രണം ചെയ്തിരിക്കുന്നത്. 5 മെഗാവാട്ട് ശേഷിയുള്ള ഇത്തരം നിലയങ്ങൾ സ്ഥാപിക്കാനാണ് സർക്കാർ പദ്ധതിയിട്ടിരിക്കുന്നത്. ഈ നിലയങ്ങളിൽ നിന്നുള്ള വൈദ്യുതിയുടെ ഉൽപാദനം, പദ്ധതി സ്ഥാപിക്കുന്ന പ്രദേശത്ത് ലഭ്യമാകുന്ന മാലിന്യത്തിന്റെ അളവിനെയും പ്ലാന്റിന്റെ അവൈലബിലിറ്റി ഫാക്ടറിനെയും ആശ്രയിച്ചിരിക്കുന്നു. പ്രസ്തുത വിവരങ്ങൾ ലഭ്യമായെങ്കിൽ മാത്രമേ ടി നിലയങ്ങളിൽനിന്ന് എത്ര വൈദ്യുതി ഉൽപാദിപ്പിക്കാൻ സാധിക്കുമെന്ന് കണക്കാക്കാൻ പറ്റുകയുള്ളൂ. കോഴിക്കോട് ജില്ലയിലെ ഞെളിയംപറമ്പ് കേന്ദ്രമാക്കി മലബാർ വേസ്റ്റ് മാനേജ്മെന്റ് ലിമിറ്റഡ് എന്ന സ്ഥാപനം മാലിന്യത്തിൽനിന്നും 6 മെഗാവാട്ട് വൈദ്യുതി ഉണ്ടാക്കുന്ന ഒരു വൈദ്യുതി നിലയം നിർമ്മിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിൽനിന്നും വൈദ്യുതി വാങ്ങുന്നതിനുള്ള വൈദ്യുതി വാങ്ങൽ കരാർ ഒപ്പിടുന്നതിനുള്ള നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

(ബി) സംസ്ഥാനത്ത് നിലവിൽ ലഭ്യമാകുന്ന വൈദ്യുതിയെ അപേക്ഷിച്ച് ലാഭകരമായി ഈ പദ്ധതി പ്രവർത്തനക്ഷമമാക്കുവാൻ സാധിക്കുമോ എന്നറിയിക്കുമോ?

മാലിന്യത്തിൽ നിന്നുള്ള വൈദ്യുതിയുടെ വില നിലവിൽ ലഭ്യമാകുന്ന വൈദ്യുതിയുടെ വിലയേക്കാൾ കൂടുതലാകാനാണ് സാധ്യത. ഇത്തരം പദ്ധതികൾ പ്രവർത്തനക്ഷമമായാൽ മാത്രമേ ഇവ ലാഭകരമായി പ്രവർത്തിക്കാൻ കഴിയുമോ എന്ന് വിലയിരുത്താനാകൂ.

(സി) മാലിന്യനിർമ്മാർജ്ജനം കാര്യക്ഷമമായി പ്രാവർത്തികമാക്കുന്നതിലേയ്ക്കായി സംസ്ഥാനത്ത് ഇത്തരം കൂടുതൽ പദ്ധതികൾക്ക് ഊർജ്ജ വകുപ്പ് മുൻകയ്യെടുക്കുമോ എന്ന് വ്യക്തമാക്കുമോ?

മാലിന്യനിർമ്മാർജ്ജനം കാര്യക്ഷമമാക്കുന്നതിനുവേണ്ടി മാലിന്യത്തിൽനിന്ന് വൈദ്യുതി ഉൽപാദിപ്പിക്കുന്ന നിലയങ്ങൾ നിർമ്മിക്കുന്നതിന് 11-6-2018-ലെ G.O.(Ms) No.82/2018/LSGD പ്രകാരം ഉത്തരവായിട്ടുള്ളതാണ്. ഇതിൻപ്രകാരം ഇത്തരം നിലയങ്ങളിൽ നിന്നുമുള്ള മുഴുവൻ വൈദ്യുതിയും കേരള സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ നിശ്ചയിക്കുന്ന നിരക്കിൽ കെ.എസ്.ഇ.ബി. ലിമിറ്റഡ് വാങ്ങണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. മാലിന്യത്തെ ബയോഗ്യാസ് ആക്കി മാറ്റുന്നതിനും അതിൽനിന്ന് വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനുള്ള ചെറുകിട പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുമുള്ള പദ്ധതി അനെർട്ട് മുഖേനയും നടപ്പിലാക്കുന്നതാണ്.

**തെരുവുവിളക്കുകൾ കത്തിക്കുന്നതിന് നടപടി**

225(239) ശ്രീ. മാണി സി. കാപ്പൻ: താഴെക്കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

റോഡപകടങ്ങൾ പതിവായ പാല-പൊൻകുന്നം-തൊടുപുഴ റോഡിൽ സോളാർ പാനലുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും കത്താതെ കിടക്കുന്ന തെരുവുവിളക്കുകൾ കത്തിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

PWD തങ്ങളുടെ KSTP റോഡ് വർക്കിന്റെ ഭാഗമായിട്ടാണ് പാലാ- പൊൻകുന്നം-തൊടുപുഴ റോഡിൽ സോളാർ തെരുവുവിളക്കുകൾ സ്ഥാപിച്ചിരിക്കുന്നത്. ഇതിന്റെ പരിപാലനം കെ.എസ്.ഇ.ബി. ലിമിറ്റഡിൽ നിക്ഷിപ്തമല്ല.

**മഞ്ചേശ്വരം മണ്ഡലത്തിലെ കെ.എസ്.ഇ.ബി. ഓഫീസുകൾ**

226(240) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ എത്ര കെ.എസ്.ഇ.ബി. ഓഫീസുകളാണ് നിലവിലുള്ളതെന്നും ഓരോ സെക്ഷൻ ഓഫീസിലും എത്ര വീതം ഉപഭോക്താക്കളാണ് ഉള്ളതെന്നും വ്യക്തമാക്കുമോ?

മഞ്ചേശ്വരം മണ്ഡലത്തിന്റെ കീഴിലുള്ള സെക്ഷൻ ഓഫീസുകളും നിലവിലുള്ള ഉപഭോക്താക്കളുടെ എണ്ണവും അനുബന്ധമായി ചേർത്തിരിക്കുന്നു.* ഇവ കൂടാതെ വിതരണ വിഭാഗത്തിന്റെ കിഴിൽ ഇലക്ട്രിക്കൽ സബ്ഡിവിഷൻ ഉപ്പളയും പ്രസരണ വിഭാഗത്തിന്റെ കിഴിൽ മഞ്ചേശ്വരം 110 കെ.വി. സബ്സ്റ്റേഷൻ, കുബനൂർ 110 കെ.വി. സബ്സ്റ്റേഷൻ, അനന്തപുരം 33 കെ.വി. സബ്സ്റ്റേഷൻ, പെർള 33 കെ.വി. സബ്സ്റ്റേഷൻ എന്നീ ഓഫീസുകളും പ്രവർത്തിക്കുന്നുണ്ട്.

(ബി) ഒരു സെക്ഷൻ ഓഫീസ് വിഭജിച്ച് പുതിയ ഓഫീസ് തുടങ്ങുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നറിയിക്കുമോ?

പുതിയ സെക്ഷൻ ഓഫീസുകൾ അനുവദിക്കുന്നതിന് പ്രത്യേക മാനദണ്ഡങ്ങൾ നിലവിലില്ല.

(സി) ഉപഭോക്താക്കളുടെ വർദ്ധനവിന് അനുസൃതമായി മഞ്ചേശ്വരം മണ്ഡലത്തിൽ പുതിയ സെക്ഷൻ ഓഫീസിന്റെ ആവശ്യമുണ്ടോ; ഇത് സംബന്ധിച്ച് എന്തെങ്കിലും പ്രൊപ്പോസലുകൾ നിലവിലുണ്ടോ; വിശദമാക്കാമോ;

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

&

(ഡി) ഉപ്പള സെക്ഷൻ ഓഫീസ് വിഭജിച്ച് പുതിയ സെക്ഷൻ ഓഫീസ് തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

പുതുതായി സെക്ഷൻ ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും ഇതിനായി ചെലവഴിക്കേണ്ടി വരുന്ന തുക താരിഫിൽ ഉൾക്കൊള്ളിക്കുന്നതുവഴി വൈദ്യുതി നിരക്ക് വർദ്ധനവിന് കാരണമാകുമെന്നതിനാലും നിലവിലുള്ള സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ ഓഫീസുകൾ ആരംഭിക്കുന്ന കാര്യം ഇപ്പോൾ ബോർഡിന്റെ പരിഗണനയിലില്ല. എന്നാൽ ആധുനിക സാങ്കേതിക വിദ്യകൾകൂടി ഉപയോഗപ്പെടുത്തി വൈദ്യുത സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സമയബന്ധിതമായി നടപ്പിലാക്കുന്നതിനും വേണ്ടി ബോർഡ് നടപടികൾ സ്വീകരിച്ചുവരുന്നു.

**കെ.എസ്.ഇ.ബി. വടകര സബ്ഡിവിഷൻ ഓഫീസ് മാറ്റാനുള്ള തീരുമാനം**

227(241) <u>ശ്രീമതി കെ. കെ. രമ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യിൽ റീ-സ്ട്രക്ച്ചറിംഗ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതുകൊണ്ട് ബോർഡിനുണ്ടാകുന്ന ലാഭനഷ്ടങ്ങളും മറ്റ് വിശദാംശങ്ങളും ലഭ്യമാക്കുമോ?

കെ.എസ്.ഇ.ബി. ലിമിറ്റഡിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന റീസ്ട്രക്ചറിംഗ് സംബന്ധിച്ചുള്ള കരട് നിർദ്ദേശങ്ങൾ വിശദമായ ചർച്ചകൾക്കും അഭിപ്രായ രൂപീകരണത്തിനുമായി കെ.എസ്.ഇ.ബി. ലിമിറ്റഡിലെ രജിസ്റ്റേർഡ് തൊഴിലാളി യൂണിയനുകൾക്കും ഓഫീസർമാരുടെ അസോസിയേഷനുകൾക്കും നൽകിയിട്ടുണ്ട്. വിവിധ തലത്തിലുള്ള ചർച്ചകൾക്കുശേഷം പ്രസ്തുത നിർദ്ദേശങ്ങളുടെ അന്തിമ രൂപീകരണമാകുന്ന മുറയ്ക്ക് കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ അംഗീകാരത്തിന് വിധേയമായി ആയത് സംബന്ധിച്ച ലാഭനഷ്ടങ്ങളും മറ്റ് വിശദാംശങ്ങളും വിലയിരുത്തുന്നതിലേയ്ക്കായി ലഭ്യമാക്കുന്നതാണ്.

(ബി) ഇത് വൈദ്യുത വിതരണ മേഖലയെ പ്രതികൂലമായി ബാധിക്കുമെന്ന റിപ്പോർട്ടുകൾ സർക്കാർ പരിശോധിക്കുകയുണ്ടായോ?

പ്രസ്തുത റിപ്പോർട്ട് ചർച്ചകൾക്കുശേഷം അന്തിമ രൂപമാകുന്ന മുറയ്ക്ക് കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ അംഗീകാരത്തിന് വിധേയമായി സർക്കാരിൽ ലഭ്യമായതിനുശേഷം റീസ്ട്രക്ച്ചറിംഗുമായി ബന്ധപ്പെട്ട വൈദ്യുത മേഖലയെ ബാധിക്കുവാൻ സാദ്ധ്യതയുള്ള വിവിധ വിഷയങ്ങളും റിപ്പോർട്ടുകളും സർക്കാർ പരിശോധിക്കുന്നതാണ്.

(സി) വടകരയിലെ വൈദ്യുതി ഭവനിൽ പ്രവർത്തിക്കുന്ന ട്രാൻസ്മിഷൻ ഡിവിഷൻ ഓഫീസ് ബാലുശ്ശേരിയിലേയ്ക്ക് മാറ്റുന്നതിന് ബോർഡ് തീരുമാനിക്കുകയുണ്ടായോ; എങ്കിൽ ഈ തീരുമാനത്തിനുപിന്നിലെ കാരണങ്ങളെന്തൊക്കെയാണെന്നറിയിക്കുമോ ;

(ഡി) വടകരയിൽ നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഓഫീസിന് സ്വന്തമായി സ്ഥലവും കെട്ടിടവുമുണ്ടായിരിക്കെ പ്രാഥമിക സൗകര്യങ്ങൾ പോലുമില്ലാത്ത ബാലുശ്ശേരിയിലേയ്ക്ക് ഈ ഓഫീസ് മാറ്റുന്നതിലൂടെ ബോർഡിന് അധിക ബാദ്ധ്യത യുണ്ടാകുമെന്ന് സർക്കാർ കരുതുന്നുണ്ടോ;

(ഇ) 220 കെ.വി. സബ്സ്റ്റേഷന് സമീപപ്രദേശത്തായി സബ്ഡിവിഷൻ ഓഫീസ് സ്ഥാപിക്കുന്നതാണോ ബോർഡിലെ നിലവിലെ കീഴ്വഴക്കമെന്ന് അറിയിക്കാമോ;

(എഫ്) ഓഫീസ് ബാലുശേരിയിലേയ്ക്ക് മാറ്റുന്നതോടെ ഓർക്കാട്ടേരി, കുറ്റ്യാടി, നാദാപുരം, വടകര തുടങ്ങിയ സ്ഥലങ്ങളിൽ പ്രവർത്തിക്കുന്ന ഓഫീസുകൾ ഡിവിഷനിൽ നിന്നും വളരെയധികം ദൂരത്തേയ്ക്ക് മാറ്റപ്പെടുന്ന അവസ്ഥയുണ്ടാകുന്നതുമൂലം ഭരണപരമായ ബുദ്ധിമുട്ടുകൾ ഉണ്ടാകുമെന്ന് സർക്കാർ കരുതുന്നുണ്ടോ;

&

(ജി) എങ്കിൽ ഈ ഓഫീസ് വടകരയിൽനിന്ന് മാറ്റുന്നതിനായി ബോർഡിലെ ജീവനക്കാരും ജനപ്രതിനിധികളുമറിയാതെ ഏതാനും ചില ഉന്നതതല ഉദ്യോഗസ്ഥർ മാത്രം ചേർന്ന് നടത്തുന്ന നീക്കം പുനഃപരിശോധിക്കുന്നതിന് സർക്കാർ തയ്യാറാകുമോ?

വടകരയിൽ പ്രവർത്തിക്കുന്ന ട്രാൻസ്മിഷൻ ഡിവിഷൻ ഓഫീസ് ബാലുശ്ശേരിയിലേയ്ക്ക് മാറ്റുന്നകാര്യം തീരുമാനിച്ചിട്ടില്ല. ഓരോ പ്രദേശത്തിന്റെയും ഭൂമിശാസ്ത്രപരമായ സവിശേഷതകൾ പരിഗണിച്ചും ഭരണ സൗകര്യം കണക്കിലെടുത്തുമാണ് വിവിധ ഓഫീസുകളുടെ ആസ്ഥാനം നിശ്ചയിക്കുന്നത്. വടകര ട്രാൻസ്മിഷൻ ഡിവിഷൻ ഓഫീസിന്റെ കാര്യത്തിലും മേൽ പരിഗണനകൾക്ക് വിധേയമായിട്ടായിരിക്കും തീരുമാനം എടുക്കുക.

## കെ.എസ്.ഇ.ബി. പുതിയ സെക്ഷൻ

228(242) <u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ പെരുവള്ളൂർ ഗ്രാമപഞ്ചായത്തിലെ പറമ്പിൽ പീടിക കേന്ദ്രീകരിച്ചും ചേലേമ്പ്ര ഗ്രാമപഞ്ചായത്തിലെ ഇടിമുഴിക്കൽ കേന്ദ്രീകരിച്ചും കെ.എസ്.ഇ.ബി. പുതിയ സെക്ഷൻ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

&

(ബി) ഈ വിഷയവുമായി ബന്ധപ്പെട്ട് സർക്കാർ തലത്തിലോ കെ.എസ്.ഇ.ബി.-യിലോ നിലവിൽ ഫയൽ ഉണ്ടോ; ഉണ്ടെങ്കിൽ ഫയൽ നമ്പർ അടക്കമുള്ള വിവരങ്ങൾ നൽകാമോ?

ഇല്ല. നിവേദനം ലഭിച്ചിട്ടുണ്ട്. പുതിയ സെക്ഷൻ ഓഫീസുകൾ ആരംഭിക്കുന്ന കാര്യം ഇപ്പോൾ ബോർഡിന്റെ പരിഗണനയിലില്ല.

**പുളിക്കൽ സബ്സ്റ്റേഷൻ**

229(243) ശ്രീ. ടി. വി. ഇബ്രാഹിം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി വൈദ്യുത ഡിവിഷന് കീഴിൽ പുളിക്കൽ കേന്ദ്രമായി 110 കെ.വി. സബ്സ്റ്റേഷന് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് ലഭിച്ചതെന്നും അതിൻമേൽ ഇതുവരെ സ്വീകരിച്ച തുടർനടപടികളുടെ വിശദാംശങ്ങളും വ്യക്തമാക്കുമോ?

മലപ്പുറം ജില്ലയിലെ പുളിക്കൽ എന്ന സ്ഥലത്ത് ആറ് കോടി മുപ്പത് ലക്ഷം രൂപ ചെലവിൽ ഒരു 110 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിന് 27-2-2013-ൽ കെ.എസ്.ഇ.ബി. ഭരണാനുമതി നല്കിയിരുന്നു. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനായി കൊണ്ടോട്ടി താലൂക്കിലെ ചെറുകാവ് വില്ലേജിൽ ഇതിനായി സ്ഥലം ബോർഡ് കണ്ടെത്തുകയും ചെയ്തു. എന്നാൽ 2018-ലെ കാലവർഷത്തിൽ ടി പ്രദേശത്ത് മണ്ണിടിച്ചിൽ ഉണ്ടായതിനെത്തുടർന്ന് പ്രസ്തുത സ്ഥലം സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിന് അനുയോജ്യമാണോ എന്ന് കണ്ടെത്തുന്നതിനായി കോഴിക്കോട് NIT (National Institute of Technology)- യിലെ വിദഗ്ധരിൽനിന്നും കെ.എസ്. ഇ.ബി. അഭിപ്രായം തേടുകയുണ്ടായി. തുടർന്ന് ടി സ്ഥാപനത്തിലെ സിവിൽ എഞ്ചിനീയറിംഗ് വിഭാഗം ഇതുസംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. മൺതിട്ടകൾ ഉള്ള സ്ഥലം ആയതിനാൽ സബ്സ്റ്റേഷൻ നിർമ്മാണത്തിനായി മണ്ണ് നീക്കം ചെയ്യുമ്പോൾ അത് മണ്ണിടിച്ചിലിന് കാരണമാകുമെന്നും സ്ഥലത്തെ മണ്ണിന്റെ ഘടന കണക്കിലെടുക്കുമ്പോൾ സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിന് പ്രസ്തുത സ്ഥലം അനുയോജ്യമല്ല എന്നും റിപ്പോർട്ടിൽ പറയുന്നു. മണ്ണിടിച്ചിൽ ഉണ്ടാകുന്നതിനുള്ള സാദ്ധ്യത ഉള്ളതിനാൽ സബ്സ്റ്റേഷൻ നിർമ്മാണത്തിന് മേൽ സ്ഥലം അനുയോജ്യമല്ല എന്ന് ജിയോളജി വകുപ്പും റിപ്പോർട്ട് നല്കി. ടി റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിന് പുളിക്കൽ പ്രദേശത്ത് മറ്റ് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിന് കെ.എസ്.ഇ.ബി.എൽ. ട്രാൻസ്മിഷൻ നോർത്ത് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പന്തീരൻകാവിൽ ഒരു

110 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ നിലവിലുള്ളതിനാൽ പുളിക്കലിൽ സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള സാങ്കേതിക സാദ്ധ്യത ഒന്നുകൂടി പരിശോധിക്കാനും കെ.എസ്.ഇ.ബി.എൽ. തീരുമാനിച്ചിട്ടുണ്ട്.

(ബി) ഇതിന്റെ നിർവ്വഹണ ചുമതല പ്രവർത്തന സൗകര്യാർത്ഥം തിരൂർ ട്രാൻസ്മിഷൻ ഡിവിഷനിൽ നിന്നും മലപ്പുറം ട്രാൻസ്മിഷൻ ഡിവിഷന് നൽകുവാൻ നടപടി സ്വീകരിക്കുമോ?

സബ്സ്റ്റേഷൻ നിർമ്മാണത്തിന് അനുയോജ്യമായ സ്ഥലം ഏത് ട്രാൻസ്മിഷൻ ഡിവിഷന്റെ പരിധിയിലാണോ ലഭിക്കുന്നത് ആ ഡിവിഷന് ആയിരിക്കും സബ്സ്റ്റേഷന്റെ നിർമ്മാണ ചുമതല ഉണ്ടായിരിക്കുന്നത്.

**കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ ഇരിമ്പിളിയം**
**കേന്ദ്രമാക്കി കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ്**

230(244) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ കോട്ടയ്ക്കൽ മണ്ഡലത്തിലെ ഇരിമ്പിളിയം കേന്ദ്രമാക്കി ഒരു കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

പുതിയ സെക്ഷൻ ഓഫീസുകൾ ആരംഭിക്കുന്ന കാര്യം ഇപ്പോൾ കെ.എസ്.ഇ.ബി.എൽ.-ന്റെ പരിഗണനയിലില്ല.

(ബി) ഇതുസംബന്ധിച്ച് വൈദ്യുതി ബോർഡിന് ലഭിച്ച പരാതികളിൽ പരിശോധന നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(സി) വൈദ്യുതി ബോർഡിലെയും സെക്ഷനുകളിലെയും ഇത് സംബന്ധിച്ച ഫയലിന്റെ മുഴുവൻ പകർപ്പും ലഭ്യമാക്കുമോ;

&

(ഡി) ഇരിമ്പിളിയം കേന്ദ്രമാക്കി കസ്റ്റമർ കെയർ സെന്ററോ സെക്ഷൻ ഓഫീസോ തുടങ്ങുവാൻ അടിയന്തര നിർദ്ദേശം നൽകുമോ?

മലപ്പുറം ജില്ലയിലെ കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ ഇരിമ്പിളിയം കേന്ദ്രമാക്കി ഒരു കെ.എസ്.ഇ.ബി.എൽ. സെക്ഷൻ ഓഫീസോ കസ്റ്റമർ കെയർ സെന്ററോ ആരംഭിക്കുന്നതിനുള്ള നിവേദനം ലഭിക്കുകയും അതിന്മേൽ പരിശോധന നടത്തുകയും ചെയ്തിരുന്നു. പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും ഇതിനായി ചെലവഴിക്കേണ്ടി വരുന്ന

തുക താരിഫിൽ ഉൾക്കൊള്ളിക്കുന്നതുവഴി വൈദ്യുതി നിരക്ക് വർദ്ധനവിന് കാരണമാകുമെന്നതിനാലും സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ ഓഫീസുകൾ ആരംഭിക്കുന്ന കാര്യം ഇപ്പോൾ ബോർഡിന്റെ പരിഗണനയിലില്ല. എന്നാൽ ആധുനിക സാങ്കേതികവിദ്യകൾകൂടി ഉപയോഗപ്പെടുത്തി വൈദ്യുത സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സമയബന്ധിതമായി നടപ്പിലാക്കുന്നതിനുംവേണ്ടി ബോർഡ് നടപടികൾ സ്വീകരിച്ചുവരുന്നു. ഫയലിന്റെ പകർപ്പ് ശേഖരിച്ചുനൽകുന്നതാണ്. കെ.എസ്.ഇ.ബി.എൽ. കൂടുതൽ ഉപഭോക്തൃ സൗഹൃദമാക്കുന്നതിന്റെ ഭാഗമായി ഉപഭോക്താക്കൾക്ക് 1912 എന്ന ടോൾ ഫ്രീ നമ്പറിലേയ്ക്ക് വിളിച്ചാൽ വൈദ്യുതി സംബന്ധമായ പരാതികൾ പരിഹരിക്കുന്നതിന് 24 മണിക്കൂറും പ്രവർത്തിക്കുന്ന കേന്ദ്രീകൃത ഉപഭോക്തൃ സേവന കേന്ദ്രവും WhatsApp എന്ന സോഷ്യൽ മീഡിയ സംവിധാനം വഴി 9496001912 എന്ന നമ്പറിൽ ഉപഭോക്താക്കളുടെ പരാതി സ്വീകരിക്കുന്നതിനുള്ള സംവിധാനവും വൈദ്യുതി സംബന്ധമായ അപകടങ്ങളും അടിയന്തിര സാഹചര്യങ്ങളും അറിയിക്കുന്നതിന് 24 മണിക്കൂറും പ്രവർത്തിക്കുന്ന 9496061061/9496010101 ഹോട്ട്ലൈൻ ഡെസ്ക് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. ഉപഭോക്താക്കൾക്ക് തങ്ങൾക്ക് ലഭിക്കേണ്ടുന്ന സേവനം വീട്ടിൽ ഇരുന്ന് ഫോൺ വിളിച്ചാൽ തന്നെ ലഭ്യമാക്കുന്നതിനായി " Service at doorsteps" പദ്ധതി തെരഞ്ഞെടുക്കപ്പെട്ട 425 സെക്ഷൻ ഓഫീസുകളിൽ നടപ്പിലാക്കിയിട്ടുണ്ട്. ബാക്കി സെക്ഷൻ ഓഫീസുകളിൽ ഏർപ്പെടുത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്. കൂടാതെ ഏത് സെക്ഷൻ ഓഫീസുകളിലും വൈദ്യുതി ബിൽ അടയ്ക്കുന്ന സൗകര്യത്തിനുപുറമെ വൈദ്യുതി ബിൽ ഓൺലൈൻ ആയി അടയ്ക്കുവാൻ നെറ്റ് ബാങ്കിംഗ്, ക്രെഡിറ്റ് കാർഡ്, ഡെബിറ്റ് കാർഡ്, ഭാരത് ബിൽ പേയ്മെന്റ് (BBPS), സ്റ്റേറ്റ് സർവീസ് ഡെലിവറി ഗേറ്റ് വേ പോർട്ടൽ (SSDG), എം.കേരള മൊബൈൽ ആപ്പ്, പേ ടി എം, NACH, ഫോൺപേ, ഗൂഗിൾപേ, മൊബിക്വിക്, പേ യു, ആമസോൺ പേ തുടങ്ങിയ വിവിധ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഇതോടൊപ്പം പുതിയ കണക്ഷനുകൾക്കുള്ള അപേക്ഷകൾ കൂടാതെ നിലവിലുള്ള ഉപഭോക്താക്കളുടെ താരിഫ്, ഉടമസ്ഥാവകാശം, കണക്ടഡ് ലോഡ് എന്നിവ മാറ്റുന്നതിനും മീറ്റർ മാറ്റി സ്ഥാപിക്കുന്നതിനുമുള്ള അപേക്ഷകൾ ഓൺലൈൻ ആയി സ്വീകരിക്കുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

**പുതിയ സെക്ഷൻ ഓഫീസ്**

231(245) ശ്രീ. പി. ഉബൈദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം നിയോജകമണ്ഡലത്തിലെ പൂക്കൊളത്തൂർ കേന്ദ്രമായി പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏതുഘട്ടത്തിലാണെന്നറിയിക്കുമോ;

&

(ബി) ആവശ്യത്തിലധികം ഉപഭോക്താക്കളും സൗകര്യങ്ങളുടെ അപര്യാപ്തതയുമുള്ള മഞ്ചേരി നോർത്ത് വള്ളുവമ്പ്രം, കിഴിശ്ശേരി സെക്ഷനുകൾ വിഭജിച്ച് പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുവാൻ സത്വര നടപടികൾ സ്വീകരിക്കുമോ?

നിവേദനം ലഭിച്ചിട്ടുണ്ട്. പുതിയ സെക്ഷൻ ഓഫീസുകൾ ആരംഭിക്കുന്ന കാര്യം ഇപ്പോൾ ബോർഡിന്റെ പരിഗണനയിലില്ല.

**ഭരണാനുമതി ലഭിച്ച സബ്സ്റ്റേഷൻ**

232(246) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ ജനസാന്ദ്രത കൂടിയ കൊണ്ടോട്ടി മുനിസിപ്പാലിറ്റിയിൽ ഏതെല്ലാം ഫീഡറുകളിൽ നിന്നുള്ള വൈദ്യുതിയാണ് ലഭിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി മുൻസിപ്പാലിറ്റി പ്രദേശങ്ങളിൽ, 110 കെ.വി. കിഴിശ്ശേരി സബ്സ്റ്റേഷനുകീഴിലുള്ള പുളിക്കൽ, കുമ്മിണി പറമ്പ്, കരിപ്പൂർ, കൊണ്ടോട്ടി, എ.ആർ.നഗർ, എടപ്പറമ്പ്, എയർപോർട്ട് എന്നീ 11 കെ.വി. ഫീഡറുകളിലൂടെയാണ് വൈദ്യുതി ലഭ്യമാക്കുന്നത്.

(ബി) നിലവിലെ 110 കെ.വി. സബ്സ്റ്റേഷനിൽ അറ്റകുറ്റപ്പണി നടക്കുമ്പോൾ കൊണ്ടോട്ടി ടൗണിലും പരിസര പ്രദേശങ്ങളിലും ബാക്ക്ഫീഡിംഗിനുള്ള സംവിധാനം എന്താണെന്ന് വ്യക്തമാക്കുമോ?

നിലവിലെ 110 കെ.വി. സബ്സ്റ്റേഷനിൽ അറ്റകുറ്റപ്പണികൾ നടക്കുമ്പോൾ കൊണ്ടോട്ടി ടൗണിലും പരിസര പ്രദേശങ്ങളിലും ബാക്ക്ഫീഡിംഗ് പ്രായോഗികമല്ല. എന്നാൽ 33 കെ.വി. വള്ളുവമ്പ്രം സബ്സ്റ്റേഷനിലെ ട്രാൻസ്ഫോർമറുകളുടെ ശേഷി വർദ്ധിപ്പിക്കുന്ന പ്രവൃത്തിയും കൊണ്ടോട്ടി സെക്ഷനുകീഴിലെ Aerial Bunched conductor (ABC) ഉപയോഗിച്ച് 8 കി.മീ. 11 കെ.വി. ലൈൻ നിർമ്മിക്കുന്ന പ്രവൃത്തിയും പൂർത്തിയാകുന്നമുറയ്ക്ക് കൊണ്ടോട്ടി ടൗണിൽ ഭാഗികമായി വൈദ്യുതി ബാക്ക് ഫീഡിങ് ചെയ്യാവുന്നതാണ്.

(സി) ഭരണാനുമതി ലഭിച്ച സബ്സ്റ്റേഷൻ വേഗത്തിൽ തുടങ്ങി ഇതിന് പരിഹാരം കാണുന്നതിന് നടപടി സ്വീകരിക്കുമോ?

മലപ്പുറം ജില്ലയിൽ പുളിക്കലിൽ സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിന് ഭരണാനുമതി നല്കുകയും സ്ഥലം കണ്ടെത്തുകയും ചെയ്തെങ്കിലും ടി സ്ഥലത്തെ മണ്ണിന്റെ ഘടന കണക്കിലെടുക്കുമ്പോൾ സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിന് പ്രസ്തുത

സ്ഥലം അനുയോജ്യമല്ല എന്ന് കോഴിക്കോട് NIT (National Institute of Technology)-യിലെ വിദഗ്ദ്ധരും ജിയോളജി വകുപ്പും കണ്ടെത്തിയതിനെത്തുടർന്ന് സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിന് പുളിക്കൽ പ്രദേശത്ത് മറ്റ് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിന് ട്രാൻസ്മിഷൻ നോർത്ത് ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പന്തീരൻകാവിൽ ഒരു 110 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ നിലവിലുള്ളതിനാൽ പുളിക്കലിൽ സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള സാങ്കേതിക സാദ്ധ്യത ഒന്നുകൂടി പരിശോധിക്കാനും തീരുമാനിച്ചിട്ടുണ്ട്.

**മണിയങ്കോട് സബ്സ്റ്റേഷൻ**

233(247) <u>ശ്രീ. ടി. സിദ്ദിഖ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ നിയോജകമണ്ഡലത്തിലുള്ള മണിയങ്കോട് 33 കെ.വി. സബ്സ്റ്റേഷനിൽ വെള്ളം കയറുന്നതുമൂലം ആയത് മാറ്റി സ്ഥാപിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കല്പറ്റ നിയോജകമണ്ഡലത്തിലെ മണിയങ്കോട് 33 കെ.വി. സബ്സ്റ്റേഷനിൽ വെള്ളം കയറുന്നതുമൂലമുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ പരിശോധിക്കുന്നതാണ്. കൂടാതെ വിതരണ വിഭാഗം നിർമ്മിക്കുന്ന പുതിയ വൈദ്യുതിഭവനോട് ചേർന്ന് ഒരു 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള ഡി.പി.ആർ. തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. പ്രസ്തുത സബ്സ്റ്റേഷൻ നിർമ്മാണം പൂർത്തീകരിച്ചാൽ നിലവിലുള്ള മണിയങ്കോട് സബ്സ്റ്റേഷനിൽ നിന്നുള്ള ഫീഡറുകൾ പുതിയ സബ്സ്റ്റേഷനിലേയ്ക്ക് മാറ്റി സ്ഥാപിക്കാവുന്നതാണ്.

(ബി) ഇത് മാറ്റി സ്ഥാപിക്കാത്തത് സംബന്ധിച്ച പരാതികൾ എന്തെങ്കിലും ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിൻമേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

&

(സി) മണിയങ്കാട് സബ്സ്റ്റേഷൻ സംബന്ധിച്ച് എന്തെങ്കിലും അഴിമതി കേസുകൾ നിലവിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഇല്ല.

## 110 KV സബ്സ്റ്റേഷൻ നിർമ്മാണം

234(248) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ 110 KV സബ്സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട് വൈദ്യുതി ബോർഡ് സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(ബി) സ്ഥലത്തിന്റെ അക്വിസിഷൻ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

&

(സി) സബ്സ്റ്റേഷൻ നിർമ്മാണ പദ്ധതി അടിയന്തരമായി ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ കാടാമ്പുഴയിൽ 19.8 കോടി രൂപ ചെലവിൽ ഒരു 110 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിന് 22-11-2019-ൽ കെ.എസ്.ഇ.ബി. ഭരണാനുമതി നല്കിയിട്ടുണ്ട്. ടി സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള സ്ഥലം കണ്ടെത്തിയിട്ടുണ്ട്. സ്ഥലത്തിന്റെ അക്വിസിഷൻ നടപടികൾക്കാവശ്യമായ രേഖകൾ ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. സ്ഥലം ലഭ്യമാകുന്നമുറയ്ക്ക് സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുന്നതാണ്.

## കല്ലിക്കണ്ടിയിൽ കെ.എസ്.ഇ.ബി. സബ്സ്റ്റേഷൻ

235(249) ശ്രീ. കെ. പി. മോഹനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ് മണ്ഡലത്തിലെ പാറാട് സബ്ഡിവിഷന് കീഴിൽ കല്ലിക്കണ്ടിയിൽ പുതിയ കെ.എസ്.ഇ.ബി. സബ്സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടികൾ എവിടെവരെയെത്തി എന്ന് വിശദമാക്കാമോ;

(ബി) കല്ലിക്കണ്ടി ഭാഗത്ത് ഇത്തരത്തിലൊരു സബ്സ്റ്റേഷന്റെ അഭാവംമൂലം ജനങ്ങൾ അനുഭവിക്കുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(സി) സബ്സ്റ്റേഷൻ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് നൽകിയ നിവേദനത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലെ പാറാട് സബ്ഡിവിഷന് കീഴിൽ കല്ലിക്കണ്ടിയിൽ സബ്സ്റ്റേഷന്റെ അഭാവംമൂലം ജനങ്ങൾ അനുഭവിക്കുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കല്ലിക്കണ്ടിയിൽ പുതിയ 110 കെ.വി സബ്സ്റ്റേഷൻ

നിർമ്മിക്കുന്നതിന് അനുയോജ്യമായ സ്ഥലം കണ്ടെത്തിയിട്ടുണ്ട്. ടി വിഷയത്തിൽ സാങ്കേതിക പഠനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ടി പ്രവൃത്തിക്കുള്ള വിശദമായ പ്രോജക്റ്റ് റിപ്പോർട്ടും തയ്യാറാക്കിവരുന്നു. സാങ്കേതിക പഠന റിപ്പോർട്ടും ഡി.പി.ആർ.-ഉം പൂർത്തിയാക്കുന്ന മുറയ്ക്ക് സബ്സ്റ്റേഷന് ഭരണാനുമതി നല്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## കെ.എസ്.ഇ.ബി. ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ തസ്തിക

236(250) ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യിലെ ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ തസ്തികയിൽ കഴിഞ്ഞ നാല് വർഷത്തിനിടയിൽ ഏതാണ്ട് അറുന്നൂറ്റി അമ്പതോളം സ്ഥാനക്കയറ്റങ്ങൾ നടന്നിട്ടും പ്രസ്തുത തസ്തികയിൽ കമ്പനി ബോർഡ് അസിസ്റ്റന്റ് റാങ്ക് ലിസ്റ്റിൽ (കാറ്റഗറി നമ്പർ 399/17) നിന്നും നിയമനം നടത്തുന്നതിനായി ഒരു പുതിയ ഒഴിവ് പോലും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാത്തതിന്റെ കാരണം വിശദമാക്കാമോ?

ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവിൻപ്രകാരം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽനിന്നും ജൂനിയർ അസിസ്റ്റന്റ്/ കാഷ്യർ തസ്തികയിൽ 14-9-2017-ന് 60 ഒഴിവുകൾ സ്ഥിരമായും 19-9-2017-ന് 520 ഒഴിവുകൾ പ്രൊവിഷണലായും കേരള പബ്ലിക് സർവ്വീസ് കമ്മീഷനിലേയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രൊവിഷണൽ ആയി റിപ്പോർട്ട് ചെയ്ത 520 ഒഴിവുകളിൽ 14-8-2019-ന് 200 ഒഴിവുകളും 22-2-2020-ന് 320 ഒഴിവുകളും സ്ഥിര ഒഴിവുകളായി കേരള പബ്ലിക് സർവ്വീസ് കമ്മീഷനിലേയ്ക്ക് റിപ്പോർട്ട് ചെയ്യുകയും മേൽ സൂചിപ്പിച്ച 580 (60+520) ഒഴിവുകളിലും കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ നിയമന ശിപാർശപ്രകാരം നിയമനം നൽകിയിട്ടുമുണ്ട്. നിലവിൽ അക്ഷയ, ഫ്രണ്ട്സ് ജനസേവന കേന്ദ്രം, ക്യാഷ് ഡെപ്പോസിറ്റ് മെഷീൻ തുടങ്ങിയവ വഴിയും ഇന്റർനെറ്റ് ബാങ്കിംഗ്, മൊബൈൽ ആപ്ലിക്കേഷനുകൾ എന്നീ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തി ഓൺലൈനായും വൈദ്യുതി ചാർജ് അടയ്ക്കുവാനുള്ള സൗകര്യം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ഏർപ്പെടുത്തിയിട്ടുണ്ട്. ഈ സൗകര്യങ്ങളൊക്കെ ലഭിക്കുന്നതുമൂലം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ കാര്യാലയ ത്തിലെത്തി നേരിട്ട് വൈദ്യുതി ചാർജ് ഒടുക്കുന്നവരുടെ എണ്ണം ഗണ്യമായി കുറഞ്ഞിട്ടുണ്ട്. കൂടാതെ സാമ്പത്തിക ഇടപാടുകൾ ഡിജിറ്റലൈസ് ചെയ്യുക എന്ന കേന്ദ്രാവിഷ്കൃത നയം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലും നടപ്പിൽ വരുത്തുന്നതിന്റെ ഭാഗമായി 15-11-2018-ലെ B.O (FTD) No.1925/2018 D(D&IT)06-AE2/Cashiers/2018-19/6001, 14-12-2018-ലെ B.O. (FTD)/

No.1994/2018 D(D&IT)06/AE2/Cashiers/2018-19 എന്നീ ബോർഡ് ഉത്തരവുകൾ പ്രകാരം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലെ സെക്ഷൻ ഓഫീസുകളിലെ ക്യാഷ് കൗണ്ടറുകളുടെ എണ്ണം കുറയ്ക്കുകയും പ്രവർത്തനസമയം പുനഃക്രമീകരിക്കുകയും ചെയ്തു. തുടർന്നും ഓൺലൈനായി വൈദ്യുതി ചാർജ് അടയ്ക്കുന്ന ഉപഭോക്താക്കളുടെ എണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുകയും കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ കാര്യാലയത്തിലെത്തി നേരിട്ട് വൈദ്യുതി ചാർജ് ഒടുക്കുന്നവരുടെ എണ്ണം ഗണ്യമായി കുറഞ്ഞുവരികയും ചെയ്യുന്നു. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലെ ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ തസ്തികയിലേതുൾപ്പെടെയുള്ള 2021 കലണ്ടർ വർഷത്തിലുണ്ടാകാവുന്ന പ്രതീക്ഷിത ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷനിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നത് ബോർഡിന്റെ പരിഗണനയിലാണ്.

(ബി) പ്രസ്തുത കാലയളവിൽ പ്രസ്തുത തസ്തികയിൽ നടന്ന സ്പോർട്സ് ക്വാട്ടാ നിയമനങ്ങളുടെയും ആശ്രിത നിയമനങ്ങളുടെയും എണ്ണമെത്രയാണെന്നും ഈ തസ്തികയിൽ അവയുടെ അനുവദനീയമായ പരമാവധി ശതമാനമെത്രയാണെന്നും നിലവിൽ ജോലി ചെയ്യുന്നവരുടെ ശതമാനമെത്രയാണെന്നും വ്യക്തമാക്കാമോ?

ടി കാലയളവിൽ സ്പോർട്സ് ക്വാട്ടയിലൂടെ 9 പേർക്കും ആശ്രിത നിയമന വ്യവസ്ഥയിലൂടെ 68 പേർക്കും നിയമനം നൽകി. ഈ തസ്തികയിൽ സ്പോർട്സ് ക്വാട്ട/ആശ്രിത നിയമന വ്യവസ്ഥ എന്നിവ വഴിയുള്ള നിയമനങ്ങളിൽ ശതമാനക്കണക്ക് നിശ്ചയിച്ചിട്ടില്ല. കെ.എസ്.ഇ.ബി. ലിമിറ്റഡിലെ അപകട മേഖലയായ ഫീൽഡ് തലത്തിൽ ജോലിക്കിടെ ജീവനക്കാർക്ക് ജീവഹാനി സംഭവിക്കുന്നുണ്ട്. അത്തരം ജീവനക്കാരുടെ ആശ്രിതർക്ക് ആശ്രിതനിയമന വ്യവസ്ഥപ്രകാരം നിയമനം നൽകേണ്ടതായി വരുന്നു. ആയതിനാൽതന്നെ കെ.എസ്.ഇ.ബി.ലിമിറ്റഡിൽ മറ്റു സർക്കാർ സർവ്വീസിനേക്കാൾ ആശ്രിതനിയമന വ്യവസ്ഥ പ്രകാരമുള്ള നിയമനം കൂടുതലാണ്.

(സി) പ്രസ്തുത തസ്തികയിൽ ഡെപ്യൂട്ടേഷൻ/വർക്ക് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ ജോലി ചെയ്യുന്ന കെ.എസ്.ഇ.ബി. ജീവനക്കാരുടെയും അവരുടെ യഥാർത്ഥ തസ്തികയുടെയും പേരുവിവരങ്ങൾ ലഭ്യമാക്കാമോ?

കെ.എസ്.ഇ.ബി. ലിമിറ്റഡിലെ ഇലക്ട്രിക്കൽ സെക്ഷൻ കാര്യാലയങ്ങളിൽ ക്യാഷ് കളക്ഷനുവേണ്ടി ക്യാഷ്യർ വിഭാഗം ജീവനക്കാരുടെ അഭാവം ഉണ്ടാകുന്ന അടിയന്തിര സാഹചര്യങ്ങളിൽ പൊതുജനങ്ങൾക്ക് അസൗകര്യം ഉണ്ടാകാതിരിക്കുന്നതിനായി മറ്റുതസ്തികയിലെ ജീവനക്കാരെ താത്ക്കാലികമായി അതത് ഇലക്ട്രിക്കൽ ഡിവിഷൻ കാര്യാലയങ്ങളിൽനിന്നും ക്യാഷ് കളക്ഷനുവേണ്ടി നിയോഗിക്കുന്നുണ്ട്. കൂടാതെ ജോലിക്കിടെ ഗുരുതരമായി അപകടം സംഭവിക്കുന്ന

ജീവനക്കാരെ അവർക്ക് ലൈനിൽ ജോലി ചെയ്യാൻ കഴിയാത്ത സാഹചര്യത്തിൽ ടി ജീവനക്കാരേയും ക്യാഷ് കളക്ഷനുവേണ്ടി താത്ക്കാലികമായി നിയോഗിക്കാറുണ്ട്. ജൂനിയർ അസിസ്റ്റന്റ്/ക്യാഷ്യർ തസ്തികയിൽ വർക്ക് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ ജോലി ചെയ്യുന്ന കെ.എസ്.ഇ.ബി. ജീവനക്കാരുടെ പേരും അവരുടെ യഥാർത്ഥ തസ്തിക സംബന്ധിച്ച വിവരവും അനുബന്ധമായി* ചേർക്കുന്നു.

(ഡി) കെ.എസ്.ഇ.ബി. റീ-സ്ട്രക്ചറിംഗ് എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയും എന്നറിയിക്കാമോ?

കെ.എസ്.ഇ.ബി.-യിലെ റീ-സ്ട്രക്ച്ചറിംഗ് സംബന്ധിച്ച കരട് നിർദ്ദേശങ്ങൾ വിശദമായ പരിശോധനയ്ക്കും അഭിപ്രായ രൂപീകരണത്തിനുമായി സ്ഥാപനത്തിലെ രജിസ്റ്റേർഡ് യൂണിയനുകൾക്കും ഓഫീസർ അസോസിയേഷനുകൾക്കും നൽകിയിട്ടുണ്ട്. വിവിധ തലത്തിലുള്ള ചർച്ചകൾക്കുശേഷം നിർദ്ദേശങ്ങൾ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെയും സർക്കാരിന്റെയും പരിഗണനയ്ക്ക് വിധേയമായി അന്തിമരൂപത്തിലായതിനുശേഷം അംഗീകാരം ലഭിക്കുന്നതുൾപ്പെടെയുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ച് മുന്നോട്ട് പോകാൻ സാധിക്കുന്നതാണ്.

## കെ.എസ്.ഇ.ബി. ഫീൽഡ് സ്റ്റാഫ്

237(251) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രതികൂലമായ കാലാവസ്ഥയിലും അപകടകരമായ ജോലി ചെയ്യുന്ന കെ.എസ്.ഇ.ബി.യി.-ലെ ഫീൽഡ് സ്റ്റാഫുകൾക്ക് മതിയായ ഇൻഷ്വറൻസ് പരിരക്ഷ സർക്കാർ ഉറപ്പാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ?

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിനുവേണ്ടി ജോലിയിൽ ഏർപ്പെട്ടിരിക്കുമ്പോൾ അപകടമരണം സംഭവിക്കുന്ന ബോർഡ് ജീവനക്കാർ/കരാർ തൊഴിലാളിക്ക് കെ.എസ്.ഇ.ബി. ലിമിറ്റഡ് കാലാകാലങ്ങളിൽ പ്രത്യേക ഉത്തരവുകൾ പ്രകാരം ബാധകമാക്കിയിട്ടുള്ള വ്യവസ്ഥകൾക്ക് വിധേയമായി 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമം അനുസരിച്ച് നഷ്ടപരിഹാരം അനുവദിക്കപ്പെടുന്നതിന് അർഹതയുണ്ട്. പ്രായത്തിനും മാസവേതനത്തിനും ആനുപാതികമായി വ്യവസ്ഥകൾക്ക് വിധേയമായി നഷ്ടപരിഹാരം 7,45,275 രൂപ മുതൽ 17,14,050 രൂപ വരെ ലഭിക്കുന്നതിനും ശവസംസ്കാര ചെലവിനായി 10,000 രൂപ പരേതരുടെ ആശ്രിതർക്ക് ലഭിക്കുന്നതിനും അർഹതയുണ്ട്. Group Personal Accident Insurance പദ്ധതിയിലെ അംഗത്വം പുതുക്കുന്നതിനായി സർക്കാരിന്റെ SLI/GIS

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പദ്ധതികളിൽക്കൂടി അംഗത്വം നിർബന്ധമാക്കിയ സാഹചര്യത്തിൽ തൊഴിലാളി/ ഓഫീസർ സംഘടനകൾ SLI/GIS പദ്ധതികളിൽ ചേരുന്നതിന് വിമുഖത അറിയിച്ചതിനാൽ 2021 വർഷത്തെ GPAIS പദ്ധതിയിൽ അംഗത്വം പുതുക്കാനാകാതെ വരികയും ഇതിനുപകരമായി കെ.എസ്.ഇ.ബി. ലിമിറ്റഡ് 'എംപ്ലോയീസ് വെൽഫെയർ ഫണ്ട് മുഖാന്തരം അപകട ആശ്വാസ ധനസഹായ പദ്ധതി ആവിഷ്കരിച്ച് നടപ്പി ലാക്കുകയും ഈ പദ്ധതി അനുസരിച്ച് അപകടമരണങ്ങൾക്ക് 10,00,000 രൂപയും മാരകമല്ലാത്ത അപകടങ്ങൾക്ക് മെഡിക്കൽ ബോർഡ് നൽകുന്ന സ്ഥിരവും സ്ഥായിയുമായ അംഗവൈകല്യത്തിന്റെ ശതമാനത്തിന് ആനുപാതികമായി അപകട ആശ്വാസ ധനസഹായം (പരമാവധി 10 ലക്ഷം രൂപ)-യും കെ.എസ്.ഇ.ബി. ലിമിറ്റഡ് ജീവനക്കാർക്ക് വ്യവസ്ഥകൾക്ക് വിധേയമായി ലഭ്യമാകുന്നതിന് അർഹതയുണ്ട്. കൂടാതെ കെ.എസ്.ഇ.ബി. ലിമിറ്റഡ് ജീവനക്കാർക്ക് തൊഴിലാളി ക്ഷേമനിധിയിൽ നിന്നും നിലവിൽ 10 ലക്ഷം രൂപ (07/2021 മുതൽ 12 ലക്ഷം രൂപയായി വർദ്ധനവ് വരുത്തിയിട്ടുണ്ട്) മരണാനന്തര ആനുകൂല്യവും സ്ഥിരവും സ്ഥായിയുമായ അംഗവൈകല്യങ്ങൾക്ക് പരമാവധി 3,50,000 രൂപയും (07/2021 മുതൽ 4,50,000 രൂപയും) വ്യവസ്ഥകൾക്ക് വിധേയമായി ലഭിക്കുന്നതിന് അർഹതയുണ്ട്.

(ബി) ഇവർക്ക് ആധുനിക രീതിയിലുള്ള സുരക്ഷാ ഉപകരണങ്ങളും മറ്റും നൽകി അപകടങ്ങളുടെ തോത് പരമാവധി കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരി ക്കുമോയെന്ന് വ്യക്തമാക്കാമോ?

അപകടങ്ങളുടെ തോത് പരമാവധി കുറയ്ക്കാനായി കെ.എസ്.ഇ.ബി. ലിമിറ്റഡിലെ വൈദ്യുത വിതരണ വിഭാഗത്തിലെ എല്ലാ ഓഫീസുകളിലെയും എല്ലാ ലൈൻമാൻമാർക്കും 14 ഇനം സുരക്ഷാ ഉപകരണങ്ങൾ അടങ്ങിയ സേഫ്റ്റി കിറ്റ് (ഷോൾഡർ ബാഗോടുകൂടി) ഉപയോഗിക്കുന്നതിനായി വിതരണം ചെയ്തിട്ടുണ്ട്. എർത്ത് റോഡ്, ഷോർട്ടിംഗ് ക്ലിപ്പ്, ഫുൾ ബോഡി സേഫ്റ്റി ബെൽറ്റ്, സേഫ്റ്റി ഷൂസ്, സേഫ്റ്റി ഹെൽമെറ്റ്, ഗ്ലൗസ്, എർത്ത് സ്പൈക്ക് തുടങ്ങിയ സുരക്ഷാ ഉപകരണങ്ങൾ അടങ്ങിയ സേഫ്റ്റി കിറ്റ് ആണ് നൽകിയിട്ടുള്ളത്. നൂതന വർക്ക് സൈറ്റ് എർത്തിംഗ് രീതിയായ "ഇക്വിപൊട്ടൻഷ്യൽ ബോണ്ട് എർത്തിംഗ്" നടപ്പാക്കിയിട്ടുണ്ട്.

**റീ ചാർജിംഗ് സെന്ററുകൾ**

238(252) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുനിരത്തുകളിൽ വൈദ്യുത വാഹനങ്ങൾക്ക് റീ-ചാർജിംഗ് സെന്ററുകൾ ആരംഭിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

&

(ബി) ഇന്ധനവില കുത്തനെ ഉയർന്നുകൊണ്ടിരിക്കുകയും ഇലക്ട്രിക് വാഹനങ്ങൾക്ക് താൽപ്പര്യക്കാർ വർദ്ധിച്ചുവരികയും ചെയ്യുന്ന സാഹചര്യത്തിൽ ഇലക്ട്രിക് വാഹനങ്ങൾക്ക് കൂടുതൽ ചാർജിംഗ് സ്റ്റേഷനുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

പരിസ്ഥിതി മലിനീകരണം ലഘൂകരിക്കുക, ഊർജ്ജ സുരക്ഷ ഉറപ്പാക്കുക തുടങ്ങിയ സുപ്രധാനമായ, അടുത്ത തലമുറയെ വരെ സ്വാധീനിക്കുന്ന വൻലക്ഷ്യങ്ങൾ മുന്നിൽക്കണ്ട് വൈദ്യുതി വാഹനങ്ങൾക്ക് അതീവ പ്രാധാന്യം നൽകിവരുന്നു. ഇതിന്റെ ഭാഗമായി കേരള സർക്കാർ ഇ-വെഹിക്കിൾ പോളിസി തയ്യാറാക്കിയിട്ടുണ്ട്. വൈദ്യുതി വാഹനങ്ങളുടെ ഉപയോഗത്തിനും വിപണിയുടെ ഉണർവിനും സുപ്രധാനമായ പങ്ക് വഹിക്കേണ്ടത് ചാർജിംഗ് സംവിധാനങ്ങളുടെ പര്യാപ്തതയാണ്. കേരള സർക്കാരിന്റെ ഈ മൊബിലിറ്റി പോളിസി പ്രകാരം സംസ്ഥാനത്തുടനീളം മതിയായ തോതിൽ ചാർജിംഗ് സ്റ്റേഷൻ ശൃംഖല സ്ഥാപിക്കുന്നതിനായി കെ.എസ്.ഇ.ബി.എൽ.-നെയാണ് നോഡൽ ഏജൻസി ആയി തെരഞ്ഞെടുത്തിട്ടുള്ളത്. ഇപ്രകാരം എല്ലാ ജില്ലകളിലും ആയി 250-ൽപരം വരുന്ന ഒരു ചാർജിംഗ് സ്റ്റേഷൻ ശൃംഖല സ്ഥാപിക്കാൻ ലക്ഷ്യമിട്ട് കെ.എസ്.ഇ.ബി. പ്രവർത്തിക്കുന്നു. സംസ്ഥാന സർക്കാരിന്റെ ഇ-മൊബിലിറ്റി പ്രമോഷൻ ഫണ്ടിൽനിന്നും പ്രാരംഭഘട്ടമായി ആറ് ജില്ലകളിൽ കെ.എസ്.ഇ.ബി.-യുടെ സ്വന്തം സ്ഥലത്ത് ഇത്തരം സ്റ്റേഷനുകൾ സ്ഥാപിക്കുകയും അവ 7-11-2020 മുതൽ പൊതുജനങ്ങൾക്കായി തുറന്നുകൊടുക്കുകയും ചെയ്തിരിക്കുന്നു. കേരളത്തിൽ ഇതുവരെ കമ്മീഷൻ ചെയ്തുകഴിഞ്ഞ സ്റ്റേഷനുകൾ താഴെ ചേർക്കുന്നു.

1. നേമം, തിരുവനന്തപുരം 2. ഓലൈ, കൊല്ലം 3.പാലാരിവട്ടം, എറണാകുളം 4. വിയ്യൂർ, തൃശ്ശൂർ 5. നല്ലളം, കോഴിക്കോട് 6. ചൊവ്വ, കണ്ണൂർ

സംസ്ഥാന ഗവൺമെന്റിന്റെ ഇ-മൊബിലിറ്റി പ്രൊമോഷൻ ഫണ്ടിൽനിന്നും 26 പുതിയ ചാർജിംഗ് സ്റ്റേഷനുകൾ നിർമ്മിക്കുന്നതിനുള്ള ഭരണാനുമതികൂടി ലഭിച്ചിട്ടുണ്ട്. അത്രയും സ്റ്റേഷനുകളുടെ നിർമ്മാണപ്രവർത്തനം പുരോഗമിക്കുകയാണ്. അതോടൊപ്പം കേന്ദ്ര ഗവൺമെന്റിന്റെ ഫെയിം-II പദ്ധതി പ്രകാരമുള്ള 30 ചാർജിംഗ് സ്റ്റേഷനുകളുടെ നിർമ്മാണപ്രവർത്തനങ്ങൾകൂടി നടന്നുവരികയാണ്. ഇത്തരത്തിൽ 56 സ്റ്റേഷനുകളുടെ നിർമ്മാണം ഏതാനും മാസങ്ങൾക്കുള്ളിൽ തന്നെ പൂർത്തീകരിക്കുന്നതായിരിക്കും. പൊതുനിരത്തുകളിൽ വൈദ്യുത വാഹനങ്ങൾക്ക് റീ-ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി ദേശീയ-സംസ്ഥാന പാതകൾ ഉൾപ്പെടെയുള്ള പ്രധാന റോഡുകൾക്ക് സമീപം ചാർജിംഗ് സ്റ്റേഷനുകൾ അനെർട്ട് മുഖേനയും സ്ഥാപിച്ചുവരുന്നു. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം

എന്നീ ജില്ലകളിലായി ആകെ 6 ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചുകഴിഞ്ഞു. ഇടുക്കി, തൃശ്ശൂർ, പാലക്കാട്, വയനാട്, കാസർഗോഡ് എന്നീ 5 ജില്ലകളിൽ ഓരോ ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്ന പ്രവൃത്തി അവസാന ഘട്ടത്തിലാണ്. സർക്കാർ വകുപ്പുകളുടെയോ പൊതുമേഖലാ സ്ഥാപനങ്ങളുടെയോ ഉടമസ്ഥതയിൽ പ്രധാന റോഡുകളുടെ സമീപം കുറഞ്ഞത് 5 സെന്റ് സൗകര്യപ്രദമായ സ്ഥലം 10 വർഷ കരാർ കാലാവധിയിൽ ലഭ്യമാണെങ്കിൽ ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി അനെർട്ട് സ്വീകരിച്ചിട്ടുണ്ട്. ഒരു യൂണിറ്റിന് 70 പൈസ നിരക്കിൽ തറവാടക ബന്ധപ്പെട്ട സ്ഥാപനത്തിന് നൽകുന്നതാണ്. സ്വകാര്യ ഹോട്ടലുകൾ, മാളുകൾ, മറ്റു പാർക്കുകൾ എന്നിവിടങ്ങളിൽ സ്ഥാപിക്കുന്ന ചാർജിംഗ് സ്റ്റേഷനുകളിൽ സോളാർ വൈദ്യുതി പ്ലാന്റ് സ്ഥാപിക്കുന്നതിന് മുൻഗണനാക്രമത്തിൽ അനെർട്ട് സബ്സിഡി അനുവദിക്കുന്നതിനുള്ള പദ്ധതി ഈ വർഷം നടപ്പിലാകുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) മലപ്പുറം ജില്ലയിൽ നിലവിൽ ചാർജിംഗ് സ്റ്റേഷനുകൾ എവിടെയെല്ലാമാണ്; കൂടുതൽ കേന്ദ്രങ്ങൾ അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ;

&

(ഡി) കെ.എസ്.ഇ.ബി.-ക്കുകീഴിൽ ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകൾ മലപ്പുറം ജില്ലാ ആസ്ഥാനമുൾപ്പെടെയുള്ള കേന്ദ്രങ്ങളിൽ ആരംഭിക്കുമോ?

ഇപ്പോൾ മലപ്പുറം ജില്ലയിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ ചാർജിംഗ് സ്റ്റേഷനുകൾ ഒന്നും നിലവിലില്ല. കെ.എസ്.ഇ.ബി.എൽ. ചാർജിംഗ് സ്റ്റേഷനുകൾ നിർമ്മിക്കാൻ നിർദ്ദേശിക്കപ്പെട്ട സ്ഥലങ്ങൾ ചുവടെ ചേർക്കുന്നു.

1. 110 കെ.വി. സബ് സ്റ്റേഷൻ പരിസരം, മലപ്പുറം 2. 110 കെ.വി. സബ് സ്റ്റേഷൻ പരിസരം, പെരിന്തൽമണ്ണ 3. മിനി വൈദ്യുതി ഭവനം പരിസരം, വെണ്ണിയൂർ 4. 110 കെ.വി. സബ് സ്റ്റേഷൻ പരിസരം, പൊന്നാനി 5. 110 കെ.വി. സബ്സ്റ്റേഷൻ പരിസരം, തിരൂർ 6. 33 കെ.വി. സബ്സ്റ്റേഷൻ പരിസരം വള്ളുവമ്പ്രം 7. 110 കെ.വി. സബ്സ്റ്റേഷന് പരിസരം, ചേളാരി 8. കരിപ്പൂർ ഇന്റർനാഷണൽ എയർപോർട്ട്.

നിലവിൽ മലപ്പുറം ജില്ലയിൽ അനെർട്ട് മുഖേനയും ചാർജിംഗ് സ്റ്റേഷൻ സ്ഥാപിച്ചിട്ടില്ല. സർക്കാർ വകുപ്പുകളുടെയോ പൊതുമേഖലാ സ്ഥാപനങ്ങളുടെയോ ഉടമസ്ഥതയിൽ സൗകര്യപ്രദമായ സ്ഥലം കണ്ടെത്തി ചാർജിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള നടപടി അനെർട്ട് കൈക്കൊണ്ടുവരുന്നു.

## കക്കയം കുടുംബാരോഗ്യ കേന്ദ്രത്തിന് ഭൂമി വിട്ടുനൽകുവാൻ നടപടി

239(253) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂരാച്ചുണ്ട് പഞ്ചായത്തിലെ കക്കയം കുടുംബാരോഗ്യ കേന്ദ്രത്തിന് കെ.എസ്.ഇ.ബി.-യുടെ ഉടമസ്ഥതയിലുള്ള ഭൂമി വിട്ടുനൽകുന്നതിനുള്ള അപേക്ഷ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത അപേക്ഷയിന്മേൽ സ്വീകരിച്ച നടപടി അറിയിക്കാമോ;

&

(ബി) കക്കയത്തെ കെ.എസ്.ഇ.ബി. ജീവനക്കാരുൾപ്പെടെയുള്ളവർക്ക് പ്രാഥമിക ചികിത്സ നൽകുന്ന കുടുംബാരോഗ്യ കേന്ദ്രം നവീകരിക്കുന്നതിനായി കെ.എസ്.ഇ.ബി.-യുടെ ഉടമസ്ഥതയിലുള്ള ഭൂമി ആരോഗ്യ വകുപ്പിന് വിട്ടുകൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ?

ഭൂമി വിട്ടുനൽകുന്നതിനുള്ള അപേക്ഷ ലഭിച്ചിട്ടുണ്ട്. കക്കയം ഹൈഡൽ പ്രോജക്ടിനുവേണ്ടി അവാർഡ് നമ്പർ. 3/66 പ്രകാരം അക്വയർ ചെയ്ത ഭൂമി റവന്യൂ രേഖകളിൽ പോക്കുവരവ് നടത്തി, തണ്ടപ്പേർ മാറ്റി, നികുതി അടച്ച് ബോർഡിന്റെ പേരിലേയ്ക്ക് മാറ്റിയാൽ മാത്രമേ ഭൂമി കൈമാറ്റം ചെയ്യുവാൻ സാധിക്കുകയുള്ളൂ. പോക്കുവരവ് നടത്തിക്കിട്ടുവാൻ റവന്യൂ ഡിപ്പാർട്ട്മെന്റിലേയ്ക്ക് അപേക്ഷ കൊടുക്കുകയും കെ.എസ്.ഇ.ബി.-യുടെ ലാൻഡ് മാനേജ്മെന്റ് യൂണിറ്റിൽനിന്നും കൂരാച്ചുണ്ട് വില്ലേജ് ഓഫീസ്, കൊയിലാണ്ടി താലൂക്ക് ഓഫീസ് (LR) എന്നീ ഓഫീസുകളിൽ നേരിട്ട് പോയി നടപടികൾ ത്വരിതഗതിയിലാക്കണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്.

## സീതത്തോട് ആശുപത്രിക്ക് സ്ഥലം അനുവദിക്കുന്ന നടപടി

240(254) ശ്രീ. കെ. യു. ജനീഷ് കുമാർ: താഴെക്കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.ഇ.ബി. ഡാം സേഫ്റ്റി വിഭാഗത്തിന്റെ കൈവശം സീതത്തോട്ടിലുള്ള ഭൂമിയിൽനിന്ന് സീതത്തോട് ആശുപത്രിക്ക് സ്ഥലം അനുവദിക്കാമോ?

കെ.എസ്.ഇ.ബി. ഡാം സേഫ്റ്റി വിഭാഗത്തിന്റെ കൈവശം സീതത്തോട്ടിലുള്ള ഭൂമിയിൽനിന്ന് സീതത്തോട് സർക്കാർ ആശുപത്രിക്കുവേണ്ടി സ്ഥലം അനുവദിക്കുന്നതിന് ഹെൽത്ത് ഡിപ്പാർട്ടുമെന്റിന്റെ അപേക്ഷ ആവശ്യമാണ്. പ്രസ്തുത അപേക്ഷ കെ.എസ്.ഇ.ബി. ലിമിറ്റഡിന് ഇതുവരെ ലഭ്യമായിട്ടില്ല.

## കേന്ദ്ര സഹകരണ മന്ത്രാലയ രൂപീകരണം

241(255) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. റോജി എം. ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണഘടനയുടെ ഏഴാം പട്ടിക പ്രകാരം സഹകരണ സ്ഥാപനങ്ങളെ സംബന്ധിക്കുന്ന നിയമനിർമ്മാണം സംസ്ഥാനങ്ങളുടെ അധികാരപരിധിയിലുള്ള വിഷയമായിട്ടും ബാങ്കിംഗ് റെഗുലേഷൻ നിയമത്തിൽ സഹകരണ സ്ഥാപനങ്ങളെ ഉൾപ്പെടുത്തിയതും പുതിയ സഹകരണ മന്ത്രാലയം രൂപീകരിച്ചതും സംസ്ഥാനങ്ങളുടെ ഭരണഘടനാപരമായ അധികാരങ്ങളിലേയ്ക്കുള്ള കേന്ദ്രസർക്കാരിന്റെ കടന്നുകയറ്റവും ഫെഡറൽ തത്വങ്ങളുടെ ലംഘനവുമാണെന്ന് കരുതുന്നുണ്ടോ; വ്യക്തമാക്കുമോ;

&

(ബി) ഇതിനെതിരെ എന്തൊക്കെ നടപടികളാണ് നാളിതുവരെ സ്വീകരിച്ചിരിക്കുന്നത്; ഇതിനെ നിയമപരമായി നേരിടാൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കുമോ?

ബാങ്കിംഗ് റെഗുലേഷൻ നിയമത്തിൽ സഹകരണ സ്ഥാപനങ്ങളെ ഉൾപ്പെടുത്തിയത് സഹകരണ മേഖലയിലെ പ്രവർത്തനങ്ങളെ മൊത്തമായി ബാധിക്കുന്നതാണ്. കൂടാതെ കേന്ദ്ര സർക്കാർ സഹകരണ വകുപ്പ് എന്ന ഒരു പുതിയ മന്ത്രാലയം രൂപീകരിച്ചത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത മന്ത്രാലയത്തിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തി ഇക്കാര്യത്തിൽ നിലപാട് സ്വീകരിക്കുന്നതാണ്.

## അമിത പലിശക്കാരെ നേരിടാൻ പദ്ധതികൾ

242(256) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമിതപലിശ ഈടാക്കുന്ന പണമിടപാട് സ്ഥാപനങ്ങളെ നേരിടാൻ സഹകരണ മേഖലയിൽ നടപ്പിലാക്കിയ പദ്ധതികളെക്കുറിച്ച് വിശദമാക്കുമോ?

സമൂഹത്തിന്റെ താഴെത്തട്ടിലുള്ളവർ, കൂലിവേലക്കാർ, ചെറുകിട കച്ചവടക്കാർ എന്നിവരെ അമിതപലിശക്കാരിൽനിന്നും ഒഴിവാക്കി സഹകരണ പ്രസ്ഥാനത്തെ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ കുടുംബശ്രീയുമായി സഹകരിച്ച് " മുറ്റത്തെ മുല്ല" എന്ന പേരിൽ ഗ്രാമീണ ലഘുവായ്പാ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്.

ഉദ്ദേശ്യ ലക്ഷ്യങ്ങൾ :1. ബ്ലേഡ് പലിശക്കാരുടെയും, സ്വകാര്യ മൈക്രോ ഫിനാൻസ് കമ്പിനി കളുടെയും സാമ്പത്തിക ചൂഷണത്തിൽനിന്ന് സാധാരണക്കാരും പാവപ്പെട്ടവരുമായ ജനസമൂഹത്തെ മോചിപ്പിക്കുക. 2. സഹകരണ പ്രസ്ഥാനത്തിന്റെ ജനങ്ങളോടുള്ള പ്രതിബദ്ധത ഉയർത്തിപ്പിടിക്കുകയും ഈ പ്രസ്ഥാനത്തിന്റെ സാമൂഹിക-സാമ്പത്തിക അടിത്തറ വിപുലപ്പെടുത്തുകയും ചെയ്യുക. 3. ജനങ്ങളെ കൂടുതലായി സാമ്പത്തിക ഉൾച്ചേർക്കലിലേയ്ക്ക് നയിക്കുകയും അവരിൽ സാമ്പത്തിക സാക്ഷരത വളർത്തുകയും ചെയ്യുക. വായ്പാരീതിയും സാമ്പത്തിക വശവും പദ്ധതി പ്രകാരം 1,000 രൂപ മുതൽ 50,000 രൂപ വരെയാണ് ഒരാൾക്ക് വായ്പയായി നൽകുക. നിലവിൽ കൊള്ള പലിശക്കാരിൽനിന്നും എടുത്ത വായ്പ ഒറ്റത്തവണയായി അടച്ച് തീർക്കുന്നതിനും വായ്പ നൽകാവുന്നതാണ്. വായ്പക്കാരിൽ നിന്നും 12 ശതമാനം പലിശ (100 രൂപയ്ക്ക് പ്രതിമാസം 1 രൂപ) മാത്രമാണ് ഈടാക്കുക. ഇതിൽനിന്നും 9 ശതമാനം പലിശ പ്രാഥമിക കാർഷിക ബാങ്കുകളിൽ അടയ്ക്കണം. ബാക്കി കുടുംബശ്രീ യൂണിറ്റുകൾക്ക്/ വായ്പ ഇടപാട് നടത്തുന്ന യൂണിറ്റ് അംഗത്തിന് അവരുടെ ഉചിതമായ തീരുമാന പ്രകാരം എടുക്കാവുന്നതാണ്. പരമാവധി 52 ആഴ്ചകളാണ് (1 വർഷം) വായ്പ തിരിച്ചടയ്ക്കേണ്ടത്. അതായത് 1,000 രൂപ വായ്പ എടുത്ത ഒരാൾ 1 വർഷം കൊണ്ട് 52 ആഴ്ചകളിൽ തുല്യഗഡുക്കളായി 1,120 രൂപ തിരിച്ചടയ്ക്കണം. 10 ആഴ്ചകളിൽ തിരിച്ചടവ് പൂർത്തിയാകുന്ന വായ്പകളും നൽകാവുന്നതാണ്. വായ്പയുടെ തിരിച്ചടവ് ഉറപ്പുവരുത്തൽ-വായ്പയുടെ തിരിച്ചടവ് കുടുംബശ്രീ യൂണിറ്റുകൾ ഉറപ്പുവരുത്തേണ്ടതാണ്. ഏതെങ്കിലും വായ്പക്കാരൻ തിരിച്ചടവ് 3 മാസത്തിലധികം മുടക്കുന്നപക്ഷം വായ്പക്കാരനും കുടുംബശ്രീ അംഗവും ഒറ്റയ്ക്കും കൂട്ടായും ഉത്തരവാദികളായിരിക്കും. അത്തരം വായ്പക്കാരെ നേരിട്ട് പ്രാഥമിക സംഘത്തിലെ വായ്പക്കാരനായി മാറ്റി അവരിൽനിന്നും വായ്പാ തുക വസൂലാക്കുന്നതിന് സംഘത്തിന് നിയമാനുസൃത നടപടികൾ സ്വീകരിക്കാൻ അധികാരമുണ്ട്. കുടിശ്ശികവായ്പയുടെ 20 ശതമാനത്തിൽ അധികരിക്കുന്ന സാഹചര്യം ഉണ്ടായാൽ അതിന് ഉത്തരവാദികളായ കുടുംബശ്രീ യൂണിറ്റുകളുടെ ക്യാഷ് ക്രെഡിറ്റ് വായ്പ പരിധി തുടർവർഷങ്ങളിൽ പുതുക്കി നൽകില്ല.

(ബി) പ്രസ്തുത പദ്ധതികൾ പൊതുജനങ്ങളിൽ എത്തിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

പദ്ധതിയുടെ സുഗമവും സുതാര്യവും കാര്യക്ഷമവുമായ നടത്തിപ്പ് നിരീക്ഷിക്കുന്നതിനും വിലയിരുത്തുന്നതിനുമായി സംഘം തലത്തിൽ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും സഹകരണ സംഘം സെക്രട്ടറി കൺവീനറും ജില്ലാ തലത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) കൺവീനറും സംസ്ഥാന തലത്തിൽ സഹകരണ വകുപ്പുമന്ത്രി ചെയർമാനും സഹകരണ സംഘം രജിസ്ട്രാർ കൺവീനറുമായ മോണിറ്ററിംഗ് കമ്മിറ്റികൾ

പ്രവർത്തിക്കുന്നു. ഓരോ തലത്തിലും മോണിറ്ററിംഗ് കമ്മിറ്റിയിൽ കുടുംബശ്രീ പ്രതിനിധികൾ, പ്രാഥമിക/ജില്ല/സംസ്ഥാന സഹകരണ ബാങ്ക് ഭരണ സമിതി പ്രതിനിധികൾ, സഹകരണ വകുപ്പ് ഉദ്യോഗസ്ഥർ, തദ്ദേശ സ്വയംഭരണ വകുപ്പ് ഉദ്യോഗസ്ഥർ എന്നിങ്ങനെ 7 അംഗങ്ങൾ ഉണ്ടായിരിക്കും. മോണിറ്ററിംഗ് കമ്മിറ്റി ഓരോ 3 മാസത്തിലും ഏറ്റവും ചുരുങ്ങിയത് ഒരു യോഗമെങ്കിലും കൂടണം. വിവിധ തലങ്ങളിൽ ഉണ്ടാകുന്ന പരാതികൾ പരിഹരിക്കേണ്ട ചുമതലയും മോണിറ്ററിംഗ് കമ്മിറ്റിക്കാണ്.

### വായ്പകൾക്ക് മൊറട്ടോറിയം

243(257) ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെക്കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സഹകരണ ബാങ്കുകളിൽനിന്നും എടുത്തിട്ടുള്ള വായ്പകൾക്ക് കോവിഡ് മഹാമാരിയെത്തുടർന്ന് മൊറട്ടോറിയം ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ?

സംസ്ഥാനത്ത് 2020-ലുണ്ടായ കോവിഡ്-19 രോഗബാധയെത്തുടർന്ന് ലോക്ഡൗൺ ഏർപ്പെടുത്തിയതിലൂടെ വിവിധ മേഖലകളിൽ കനത്ത സാമ്പത്തിക പ്രതിസന്ധിയുണ്ടായ പശ്ചാത്തലത്തിൽ വാണിജ്യബാങ്കുകൾ, സഹകരണ ബാങ്കുകൾ, NBFCs എന്നിവിടങ്ങളിൽ നിന്നുള്ള വായ്പകൾക്ക് മോറട്ടോറിയം അനുവദിച്ച് ആർ.ബി.ഐ. നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ, സഹകരണ സ്ഥാപനങ്ങൾക്കും/ബാങ്കുകൾക്കുംകൂടി ടി നിർദ്ദേശം ബാധകമാക്കി. എല്ലാ സഹകരണ സ്ഥാപനങ്ങൾ/ബാങ്കുകളിൽനിന്നും എടുത്തിട്ടുള്ള എല്ലാവിധ വായ്പകൾക്കും 1-3-2020 മുതൽ 31-5-2020 വരെയും തുടർന്ന് 1-6-2020 മുതൽ 31-8-2020 വരെയും ദീർഘിപ്പിച്ച് മോറട്ടോറിയം പ്രഖ്യാപിച്ച് സഹകരണ സംഘം രജിസ്ട്രാർ സർക്കുലർ പുറപ്പെടുവിച്ചിരുന്നു. കോവിഡിന്റെ രണ്ടാം വ്യാപനത്തെ തുടർന്നുള്ള അടച്ചിടൽ കാരണം മോറട്ടോറിയം പ്രഖ്യാപിച്ച് ആർ.ബി.ഐ. നിർദ്ദേശം പുറപ്പെടുവിച്ചിട്ടില്ല. മൊറട്ടോറിയം കാലത്തെ പിഴപ്പലിശ ഈടാക്കുവാൻ പാടുള്ളതല്ല എന്നും ബാങ്ക്/സഹകരണ സ്ഥാപനം എന്നിവ സ്വന്തം ഫണ്ട് ഉപയോഗിച്ച് നൽകുന്ന വായ്പകളുടെ മേൽ കാലയളവിലെ പലിശ അതത് സ്ഥാപനങ്ങളുടെ ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഇളവ് ചെയ്ത് നൽകാവുന്നതാണെന്ന് രജിസ്ട്രാർ നേരത്തെ പുറപ്പെടുവിച്ച സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്. ബാങ്ക് ലോണുകൾക്ക് മോറട്ടോറിയം പ്രഖ്യാപിക്കുന്നതിനും തിരിച്ചടവുകൾക്ക് ഇളവ് നൽകുന്നതും സംബന്ധിച്ച നയപരമായ തീരുമാനങ്ങൾ എടുക്കേണ്ടത് റിസർവ് ബാങ്ക് ഓഫ് ഇന്ത്യയാണ്.

**സഹകരണ മേഖലയിലെ കേന്ദ്രസർക്കാർ ഇടപെടലുകൾ**

244(258) ശ്രീ. പി. മമ്മിക്കുട്ടി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ പുതുതായി രൂപീകരിച്ച സഹകരണ മന്ത്രാലയം സംസ്ഥാനത്തെ സഹകരണ മേഖലയെ ഏതെല്ലാം തരത്തിലാണ് സ്വാധീനിക്കുന്നത്; വിശദവിവരം നൽകുമോ;

&

(ബി) കേന്ദ്ര സർക്കാരിന്റെ ഇത്തരം ഇടപെടലുകൾ സംസ്ഥാനത്തെ സഹകരണ മേഖല ദുർബലപ്പെടുന്നതിന് കാരണമാകുമോ; വിശദമാക്കുമോ?

കേന്ദ്ര സർക്കാർ സഹകരണ വകുപ്പ് എന്ന ഒരു പുതിയ മന്ത്രാലയം രൂപീകരിച്ചത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത മന്ത്രാലയത്തിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തി ഇക്കാര്യത്തിൽ നിലപാട് സ്വീകരിക്കുന്നതാണ്.

**കോവിഡിനെ അതിജീവിക്കാൻ സഹകരണ വകുപ്പിന്റെ സഹായം**

245(259) ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് സാഹചര്യത്തെ അതിജീവിക്കുന്നതിനായി പൊതുജനങ്ങൾക്ക് എന്തെല്ലാം സഹായങ്ങളാണ് സഹകരണ വകുപ്പ് ചെയ്തുവരുന്നതെന്ന് വ്യക്തമാക്കാമോ?

കോവിഡ് സാഹചര്യത്തെ അതിജീവിക്കുന്നതിനായി സഹകരണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ചെയ്തുവരുന്ന സഹായങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു :

1. മുഖ്യമന്ത്രിയുടെ സഹായഹസ്തം വായ്പാ പദ്ധതി (CM' s Helping Hand Loan Scheme- CMHLS) -2020 വർഷത്തിൽ ഏർപ്പെടുത്തിയിരുന്ന ലോക്ക്ഡൗണിനെ തുടർന്നുള്ള തൊഴിൽനഷ്ടവും തൻമൂലം സാധാരണക്കാർക്ക് ഉണ്ടാകുന്ന ദുരിതവും കണക്കിലെടുത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രഖ്യാപിച്ച പാക്കേജിൽ ഉൾപ്പെട്ട, കുടുംബശ്രീ മുഖേനയുള്ള വായ്പാ പദ്ധതിയായ " മുഖ്യമന്ത്രിയുടെ സഹായഹസ്തം വായ്പാ പദ്ധതി (CM' s Helping Hand Loan Scheme- CMHLS)" പ്രകാരം കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് അക്കൗണ്ടുള്ള കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ (കേരള ബാങ്ക്) ശാഖകൾ, മലപ്പുറം ജില്ലാ സഹകരണ ബാങ്ക്, പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ എന്നിവ മുഖേന 2020 വർഷത്തിൽ നടപ്പിലാക്കിയിരുന്നു. ബാങ്കുകൾ 8.50%

മുതൽ 9% വരെ പലിശനിരക്കിൽ (പരമാവധി 9%) അയൽക്കൂട്ടങ്ങൾക്ക് വായ്പ ലഭ്യമാക്കുന്നു. 6 മാസം മൊറട്ടോറിയം ഉൾപ്പെടെ 36 മാസമാണ് വായ്പാ കാലാവധി. വായ്പയുടെ പലിശ തുക 3 വാർഷിക ഗഡുക്കളായി സർക്കാരിൽനിന്നും സബ്സിഡിയായി അയൽക്കൂട്ടങ്ങളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് കുടുംബശ്രീ മുഖേന ലഭ്യമാക്കുന്നതാണ്.

2. SLF (Special Liquidity Facility) വായ്പാ പദ്ധതി - കോവിഡ്-19 രോഗവ്യാപനത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ കാർഷിക മേഖലയേയും ചെറുകിട വ്യവസായ മേഖലയേയും (MSME) സജീവമായി നിലനിർത്തുന്നതിനായി ബാങ്കുകളിൽ നിന്നുള്ള ധനസഹായം മുടക്കം കൂടാതെ നൽകുന്നതിനായി സംസ്ഥാനത്തെ സഹകരണ മേഖലയിൽക്കൂടി വിനിയോഗിക്കുന്നതിന് Special Liquidity Facility (SLF) എന്ന പേരിൽ 2020 വർഷത്തിൽ 2,000 കോടി രൂപയും (SLF-I) 2021 വർഷത്തിൽ 1,670 കോടി രൂപയും (SLF – II) നബാർഡിൽ നിന്നും കേരള സംസ്ഥാന സഹകരണ ബാങ്കിന് ധനസഹായം അനുവദിച്ചിരുന്നു.

3. കൺസ്യൂമർഫെഡിന്റെ സേവനങ്ങൾ- കോവിഡ്കാല ഭക്ഷ്യക്ഷാമം പരിഹരിക്കുന്നതിനായി കൺസ്യൂമർഫെഡ് ഭക്ഷ്യശേഖരം മൂന്ന് ഇരട്ടിയായി വർദ്ധിപ്പിച്ചു. മരുന്നുകളും ഭക്ഷ്യസാധനങ്ങളും വാട്സ് ആപ് നമ്പറുകളിൽ ഓർഡറുകൾ സ്വീകരിച്ച് ഹോം ഡെലിവറിയായി വീടുകളിലെത്തിച്ചു നൽകുന്നു. ക്വാറന്റൈൻ ഇരിക്കുന്നവരുടേയും കണ്ടെയിൻമെന്റ് സോണുകളിൽ താമസിക്കുന്നവരുടേയും കൂടാതെ ഒറ്റപ്പെട്ട് താമസിക്കുന്ന വൃദ്ധ ജനങ്ങളുടേയും വീടുകളിലേയ്ക്ക് ഭക്ഷ്യധാന്യങ്ങൾ കൺസ്യൂമർഫെഡ് എത്തിച്ചുനൽകുന്നുണ്ട്. www.consumerfed.in എന്ന വെബ്പോർട്ടൽ ആരംഭിച്ച് ഓൺലൈനായി ഓർഡറുകൾ സ്വീകരിക്കുകയും സാധനങ്ങൾ ഓൺലൈൻ വ്യാപാരത്തിലൂടെ വീടുകളിലെത്തിക്കുകയും മൊബൈൽ ത്രിവേണികളുടെ റൂട്ടുകൾ പ്രത്യേകം ഷെഡ്യൂൾ ചെയ്ത് മലയോര, തീരദേശ മേഖലകളിലും കണ്ടെയിൻമെന്റ് സോണുകളിലും അവശ്യസാധനങ്ങൾ വിതരണം നടത്തുകയും ചെയ്യുന്നു. കോവിഡ് പ്രതിരോധത്തിനായി ആരോഗ്യദായക ഇനങ്ങളും മരുന്നുകളും ഉൾപ്പെടുത്തി കുറഞ്ഞ വിലയ്ക്ക് പ്രതിരോധ മെഡിക്കൽ കിറ്റ് നീതി മെഡിക്കൽ സ്റ്റോറുകളിലൂടെ വിപണിയിലെത്തിച്ചും കുറഞ്ഞ വിലയ്ക്ക് മാസ്ക്, സാനിറ്റൈസർ എന്നിവ സംഭരിച്ച് കൺസ്യൂമർഫെഡ് നടത്തുന്ന നീതി മെഡിക്കൽ സ്റ്റോറുകൾ വഴിയും വിപണിയിലെത്തിക്കുന്നു.

4. കോവിഡിനെ അതിജീവിക്കാൻ സംസ്ഥാനത്തെ വിവിധ ജില്ലകളിലുള്ള അംഗ സംഘങ്ങൾക്ക് ക്ലോത്ത്ബാഗ്, മാസ്ക് നിർമ്മാണം എന്നീ പദ്ധതികൾക്കായി വനിതാഫെഡ്, സർക്കാർ സഹായം വിനിയോഗിച്ച് വായ്പ നൽകിവരുന്നു. ഈയിനത്തിൽ 14,00,000 രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്.

5. കോവിഡ് പ്രതിരോധ സാമഗ്രികളായ മാസ്ക്, ഹാൻഡ് വാഷ്, ക്യാരിബാഗ്, പി.പി.ഇ.കിറ്റ് തുടങ്ങിയവ മിതമായ നിരക്കിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനും വനിതകൾക്ക് തൊഴിലവസരം സൃഷ്ടിക്കുന്നതിനുമായി നൂറുദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി വനിതാ സഹകരണ സംഘങ്ങൾ മുഖേന 10 നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

6. കോവിഡ്-19 മഹാമാരിയെത്തുടർന്ന് സർക്കാർ വിക്ടേഴ്സ് ചാനൽവഴി ലഭ്യമാക്കുന്ന ഓൺലൈൻ ക്ലാസ്സുകൾ ലഭിക്കാത്ത സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക്, അതത് പ്രദേശങ്ങളിലെ വിദ്യാലയങ്ങളിലെ പ്രഥമ അദ്ധ്യാപകർ നൽകുന്ന പട്ടികപ്രകാരമുള്ളതോ, അല്ലെങ്കിൽ ബാങ്ക് കണ്ടെത്തുന്ന അർഹരായ വിദ്യാർത്ഥികൾക്കോ, ടെലിവിഷൻ സൗകര്യം ഏർപ്പെടുത്തുന്നതിന് സഹകരണ സംഘങ്ങൾ വഴി സംഭാവന നൽകുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

7. 1 മുതൽ 12 വരെയുള്ള ക്ലാസ്സുകളിലേയ്ക്ക് ഓൺലൈൻ വഴി പഠനം നടത്തുന്നതിന് സൗകര്യങ്ങൾ ലഭ്യമല്ലാത്ത വിദ്യാർത്ഥികൾക്ക് ടി സൗകര്യം ലഭ്യമാക്കുന്നതിനായി മൊബൈൽ ഫോണുകൾ വാങ്ങുന്നതിനായി സഹകരണ സംഘങ്ങൾ/ബാങ്കുകൾ വഴി ഒരു ഗുണഭോക്താവിന് പരമാവധി 10,000 രൂപ വരെ പലിശരഹിതവായ്പ നൽകുന്നതിനായി 'വിദ്യാ തരംഗിണി വായ്പ പദ്ധതി' നടപ്പിലാക്കിയിട്ടുണ്ട്.

**പുതിയ സഹകരണ സ്ഥാപനങ്ങൾ**

246(260) ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ എത്ര സഹകരണ സ്ഥാപനങ്ങൾ പുതുതായി രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

&

(ബി) അവയുടെ ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്താമോ?

കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ 994 സഹകരണ സ്ഥാപനങ്ങൾ പുതുതായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. അവയുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | ജില്ല | രജിസ്റ്റർ ചെയ്ത സഹകരണ സ്ഥാപനങ്ങൾ |
|---|---|---|
| 1 | തിരുവനന്തപുരം | 157 |
| 2 | കൊല്ലം | 52 |
| 3 | പത്തനംതിട്ട | 39 |
| 4 | ആലപ്പുഴ | 30 |
| 5 | കോട്ടയം | 23 |
| 6 | ഇടുക്കി | 79 |
| 7 | എറണാകുളം | 104 |
| 8 | തൃശ്ശൂർ | 83 |
| 9 | പാലക്കാട് | 46 |
| 10 | മലപ്പുറം | 68 |
| 11 | കോഴിക്കോട് | 141 |
| 12 | വയനാട് | 35 |
| 13 | കണ്ണൂർ | 93 |
| 14 | കാസർഗോഡ് | 44 |
| | ആകെ | 994 |

### സഹകരണ മന്ത്രാലയം രൂപീകരണം

247(261) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 ജൂലൈ 6-ന് കേന്ദ്രസർക്കാർ രൂപീകരിച്ച സഹകരണ മന്ത്രാലയം സംസ്ഥാനത്തെ സഹകരണ പ്രസ്ഥാനത്തെ ദുർബലപ്പെടുത്താൻ ലക്ഷ്യമിട്ടിട്ടുള്ളതും വർഗ്ഗീയവത്കരിക്കാനുള്ള ശ്രമത്തിന്റെ ഭാഗമാണെന്നും കരുതുന്നുണ്ടോ;

(ബി) എങ്കിൽ ഇതിനെതിരെ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു; വിശദമാക്കുമോ;

&

(സി) ഭരണഘടന പ്രകാരം പൂർണ്ണമായും സംസ്ഥാന വിഷയമായിരിക്കെ പുതിയ മന്ത്രാലയം രൂപീകരിച്ചതുവഴി എന്തുസന്ദേശമാണ് കേന്ദ്ര സർക്കാർ നൽകുന്നതെന്നാണ് കണക്കാക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ?

കേന്ദ്ര സർക്കാർ സഹകരണ വകുപ്പ് എന്ന ഒരു പുതിയ മന്ത്രാലയം രൂപീകരിച്ചത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത മന്ത്രാലയത്തിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയശേഷം ഇക്കാര്യത്തിൽ നിലപാടുകൾ സ്വീകരിക്കുന്നതാണ്.

(ഡി) സംസ്ഥാനത്തെ സഹകരണ മേഖലയിൽ നിലവിൽ എത്ര കോടി രൂപയുടെ നിക്ഷേപമാണുള്ളതെന്ന് അറിയിക്കാമോ?

സംസ്ഥാനത്തെ സഹകരണ മേഖലയിൽ നിലവിൽ 246326.97 കോടി രൂപയുടെ നിക്ഷേപമാണ് ഉള്ളത്.

### സഹകരണ വായ്പകൾക്ക് മൊറട്ടോറിയം

248(262) ശ്രീ. തോമസ് കെ. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് പശ്ചാത്തലത്തിൽ സഹകരണ മേഖലയിലെ വിവിധ ധനകാര്യ സ്ഥാപനങ്ങൾ വഴി നൽകിയിട്ടുള്ള വായ്പകൾക്ക് ഒരു വർഷത്തെ മൊറട്ടോറിയം പ്രഖ്യാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

2020 വർഷത്തിൽ സംസ്ഥാനത്ത് കോവിഡ്-19 രോഗവ്യാപനം രൂക്ഷമായ സാഹചര്യത്തിൽ റിസർവ് ബാങ്ക്, സഹകരണ ബാങ്ക്, വാണിജ്യ ബാങ്കുകൾ എന്നിവയിലെ വായ്പകൾക്ക് 1-6-2020 മുതൽ 31-6-2020 വരെ മൊറട്ടോറിയം

പ്രഖ്യാപിച്ചു. അതിന്റെ ചുവടുപിടിച്ച് രജിസ്ട്രാറും മൊറട്ടോറിയം സംബന്ധിച്ച സർക്കുലർ പുറപ്പെടുവിച്ചിരുന്നു. നിലവിൽ കോവിഡ്-19 വ്യാപനം വീണ്ടും അതിരൂക്ഷമാകുകയും എല്ലാ മേഖലകളെയും അത് പൂർണ്ണമായി ബാധിക്കുകയും ചെയ്തിട്ടുള്ള സാഹചര്യത്തിൽ മൊറട്ടോറിയം പ്രഖ്യാപിക്കുന്നത് സംബന്ധിച്ച് റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ നയപരവും അനുകൂലവുമായ തീരുമാനം വരുന്നമുറയ്ക്ക് മൊറട്ടോറിയം പ്രഖ്യാപിക്കുന്നത് സംബന്ധിച്ച് തീരുമാനം കൈക്കൊള്ളുന്നതാണ്.

(ബി) ലോക്ക്ഡൗൺ കാലത്ത് ജപ്തി നടപടികൾ ഒരു വർഷത്തേയ്ക്ക് നിർത്തിവയ്ക്കാൻ നിർദ്ദേശം നൽകുമോ: എങ്കിൽ വിശദാംശം നൽകുമോ?

നിലവിൽ തീരുമാനങ്ങളൊന്നും കൈക്കൊണ്ടിട്ടില്ല.

**കെയർ ഹോം പദ്ധതി**

249(263) ശ്രീ. ജോബ് മൈക്കിൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെയർ ഹോം പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര വീടുകൾ നിർമ്മിച്ച് നൽകിയിട്ടുണ്ടെന്നും എത്ര വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കാനുണ്ടെന്നും ജില്ല തിരിച്ച് വ്യക്തമാക്കുമോ?

കെയർ ഹോം പദ്ധതിയിൽ ഉൾപ്പെടുത്തി 2091 വീടുകൾ നിർമ്മിച്ച് നൽകുന്നതിനാണ് അനുമതി നൽകിയത്. 14-7-2021 വരെ സംസ്ഥാനത്തൊട്ടാകെ 2067 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ച് അതത് ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്. 24 വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലായി തുടരുന്നു. ജില്ല തിരിച്ചുള്ള പട്ടിക ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | ജില്ല | ആകെ വീടുകളുടെ എണ്ണം | കൈമാറിയ വീടുകളുടെ എണ്ണം | പൂർത്തീകരിക്കാനുള്ള വീടുകളുടെ എണ്ണം |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | തിരുവനന്തപുരം | 74 | 69 | 5 |
| 2 | കൊല്ലം | 42 | 42 | 0 |
| 3 | പത്തനംതിട്ട | 114 | 114 | 0 |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 4 | ആലപ്പുഴ | 201 | 189 | 12 |
| 5 | കോട്ടയം | 83 | 83 | 0 |
| 6 | ഇടുക്കി | 213 | 213 | 0 |
| 7 | എറണാകുളം | 409 | 405 | 4 |
| 8 | തൃശ്ശൂർ | 503 | 501 | 2 |
| 9 | പാലക്കാട് | 206 | 206 | 0 |
| 10 | മലപ്പുറം | 90 | 90 | 0 |
| 11 | കോഴിക്കോട് | 45 | 44 | 1 |
| 12 | വയനാട് | 84 | 84 | 0 |
| 13 | കണ്ണൂർ | 20 | 20 | 0 |
| 14 | കാസർഗോഡ് | 7 | 7 | 0 |
|  | ആകെ | 2091 | 2067 | 24 |

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയ വീടുകൾക്ക് എത്ര രൂപ വീതമാണ് അനുവദിക്കുന്നതെന്ന് വ്യക്തമാക്കുമോ?

കെയർഹോം പദ്ധതിയിൽ ഉൾപ്പെടുത്തി ഭവന നിർമ്മാണം നടത്തുന്നതിന് വീടൊന്നിന് 5 ലക്ഷം രൂപയാണ് അനുവദിക്കുന്നത്. ഈ തുകയിൽ സംസ്ഥാന ദുരന്ത പ്രതികരണനിധിയിൽ നിന്നുള്ള സഹായവും (ഉയർന്ന പ്രദേശങ്ങളിൽ- 1,01,900 രൂപയും നിരപ്പായ പ്രദേശങ്ങളിൽ 95,100 രൂപയും) ഉൾപ്പെടുന്നു. പദ്ധതിപ്രകാരം അനുവദിക്കുന്ന തുകയ്ക്കുപുറമേ ഗുണഭോക്താക്കൾ അവരുടെ വിഹിതം നിർമ്മാണത്തിനായി വിനിയോഗിച്ചിട്ടുണ്ട്. സഹകാരികൾ, സന്നദ്ധ സംഘടനകൾ, സുമനസ്സുകൾ തുടങ്ങിയവർ പണമായും നിർമ്മാണ സാമഗ്രികളായും അനുവദിക്കുന്ന സംഭാവനകളും ടി പദ്ധതിക്കായി വിനിയോഗിച്ചിട്ടുണ്ട്. ഭൂപ്രകൃതി,

മണ്ണിന്റെ ഘടന എന്നിവയുടെ അടിസ്ഥാനത്തിൽ സാങ്കേതിക വിദഗ്ദ്ധർ ലഭ്യമാക്കിയ റിപ്പോർട്ട് പരിഗണിച്ച് ആലപ്പുഴ ജില്ലയിൽ നിർമ്മിക്കുന്ന 82 വീടുകൾക്ക് അടിത്തറ ബലപ്പെടുത്തുന്നതിനായി 63,55,972 രൂപയും തൃശ്ശൂർ ജില്ലയിൽ നിർമ്മിക്കുന്ന 16 വീടുകൾക്ക് 7,00,800 രൂപയും ചേർത്ത് ആകെ 70,56,772 രൂപ അധിക ധനസഹായമായി അതത് ജില്ലകൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്.

**റിസ്ക് ഫണ്ട്, ക്ഷേമ വികസന പദ്ധതികൾ**

250(264) <u>ശ്രീ. സജീവ് ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ജൂൺ 1 മുതൽ 2021 മേയ് 31 വരെ റിസ്ക് ഫണ്ട്, ക്ഷേമ വികസന പദ്ധതികൾ പ്രകാരം ഇരിക്കൂർ നിയോജകമണ്ഡലത്തിലെ എത്ര പേർക്ക് സാമ്പത്തിക സഹായം ലഭിച്ചുവെന്നും ആകെ എത്ര തുക അനുവദിച്ചുവെന്നും വ്യക്തമാക്കാമോ?

ഇരിക്കൂർ നിയോജകമണ്ഡലത്തിൽ 2016 ജൂൺ 1 മുതൽ 2021 മേയ് 31 വരെ റിസ്ക് ഫണ്ട് പദ്ധതിയിൽനിന്നും സാമ്പത്തിക സഹായമായി 278 പേർക്ക് ആകെ 1,20,69,587 രൂപ (ഒരു കോടി ഇരുപത് ലക്ഷത്തി അറുപത്തി ഒൻപതിനായിരത്തി അഞ്ഞൂറ്റി എൺപത്തി ഏഴ് രൂപ) അനുവദിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതികൾ പ്രകാരം സാമ്പത്തിക സഹായം ലഭിച്ചവരുടെ പേരുവിവരങ്ങളും നല്കിയ തുകയും പഞ്ചായത്ത് തിരിച്ച് നൽകാമോ?

പ്രസ്തുത പദ്ധതികൾ പ്രകാരം സാമ്പത്തിക സഹായം ലഭിച്ചവരുടെ പേരു വിവരങ്ങളും നൽകിയ തുകയും പഞ്ചായത്ത് തിരിച്ച് അനുബന്ധമായി ചേർക്കുന്നു.*

**സഹകരണ മെമ്പർ റിലീഫ് പദ്ധതി**

251(265) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മെമ്പർ റിലീഫ് പദ്ധതി പ്രകാരം ഏത് വിഭാഗത്തിൽപ്പെട്ട വർക്കാണ് സാമ്പത്തിക സഹായം അനുവദിക്കുന്നതെന്ന് വ്യക്തമാക്കാമോ?

അർബുദം, വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയ, കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ, വൃക്ക രോഗം ബാധിച്ച് ഡയാലിസിസിന് വിധേയരായവർ, ഗുരുതര കരൾ രോഗം ബാധിച്ചവർ (ലിവർ സിറോസിസ്), ഗുരുതര ഹൃദയ ശസ്ത്രക്രിയയ്ക്ക് വിധേയരായവർ (ബൈപ്പാസ്/ഓപ്പൺ ഹാർട്ട് സർജറി), പരാലിസിസ് ബാധിച്ച് ശയ്യാവലംബരായവർ,

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എച്ച്.ഐ.വി. ബാധിതർ, അപകടത്തിൽപ്പെട്ട് ശയ്യാവലംബരായവർ എന്നിവർക്കും മാതാപിതാക്കൾ മരിച്ചുപോയ സാഹചര്യത്തിൽ അവർ എടുത്ത വായ്പയ്ക്ക് ബാദ്ധ്യതപ്പെട്ട പ്രായപൂർത്തിയാവാത്ത കുട്ടികൾ എന്നിവർക്കുമാണ് സഹകരണ മെമ്പർ റിലീഫ് പദ്ധതിപ്രകാരം ധനസഹായം അനുവദിക്കുന്നത്. ടി വ്യക്തികൾ സംഘത്തിലെ എ ക്ലാസ്സ് അംഗമായിരിക്കണം.

(ബി) പ്രസ്തുത പദ്ധതിപ്രകാരം എത്ര അംഗങ്ങൾക്ക് എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

പ്രസ്തുത പദ്ധതിപ്രകാരം 14 ജില്ലകളിലായി 11194 അംഗങ്ങൾക്ക് 23,94,10,000 (ഇരുപത്തിമൂന്ന് കോടി തൊണ്ണൂറ്റി നാല് ലക്ഷത്തി പതിനായിരം രൂപ) അനുവദിച്ചിട്ടുണ്ട്.

## ഇടുക്കി ജില്ലയിലെ കെയർ ഹോം പദ്ധതി

252(266) ശ്രീ. എം. എം. മണി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെയർ ഹോം പദ്ധതിപ്രകാരം ഇടുക്കി ജില്ലയിൽ വിവിധ സഹകരണ സംഘങ്ങൾ വഴി എത്ര വീടുകൾ നിർമ്മിച്ച് നൽകാനാണ് പദ്ധതിയിട്ടിട്ടുള്ളത്?

213 വീടുകൾ.

(ബി) 30-6-2021 വരെ എത്ര വീടുകൾ പ്രസ്തുത പദ്ധതിപ്രകാരം പണിപൂർത്തീകരിച്ചുനൽകിയിട്ടുണ്ട്;

&

(സി) ബാക്കി വീടുകൾ അടിയന്തരമായി പൂർത്തിയാക്കി ഗുണഭോക്താക്കളെ ഏൽപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

213 വീടുകളുടെയും നിർമ്മാണം പൂർത്തീകരിച്ച് അതത് ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്.

## വിദ്യാതരംഗിണി വായ്പ

253(267) ശ്രീ. പി. വി. അൻവർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പല സഹകരണ സംഘങ്ങളും ബാങ്കുകളും വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠനാവശ്യത്തിനായുള്ള വിദ്യാതരംഗിണി പലിശരഹിത വായ്പ നിരസിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇപ്രകാരം ചില പരാതികൾ ആദ്യഘട്ടത്തിൽ ശ്രദ്ധയിൽപ്പെട്ടിരുന്നു. എന്നാൽ ഇതുസംബന്ധിച്ച് അധിക മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ഈ പരാതികൾ പരിഹരിക്കുന്നതിന് ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) ആഫീസുകളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

(ബി) അഞ്ച് ലക്ഷം രൂപ വരെ ഈയിനത്തിൽ വായ്പ നൽകാമെന്നിരിക്കെ എ ക്ലാസ്സ് സംഘങ്ങൾ/ബാങ്കുകൾപോലും പരമാവധി പതിനായിരം രൂപ വീതം അഞ്ച് പേർക്ക് മാത്രമേ വായ്പ നൽകൂ എന്ന നിബന്ധന മുന്നോട്ടുവയ്ക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം സഹകരണ സംഘങ്ങൾക്കെതിരെ എന്ത് നടപടിയാണ് സ്വീകരിക്കുകയെന്ന് അറിയിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) അർഹരായ വിദ്യാർത്ഥികളുടെ അപേക്ഷകൾപോലും ചില സംഘങ്ങൾ സ്വീകരിക്കാത്ത സാഹചര്യത്തിൽ സഹകരണ സംഘങ്ങൾക്ക് കിട്ടിയ അപേക്ഷകളുടെയും നൽകിയ വായ്പയുടെയും വിശദാംശങ്ങൾ ആവശ്യപ്പെടുമോ; ഇതിനായി അവലോകന യോഗം ചേരുന്നതിന് ശ്രമം നടത്തുമോ?

ഇക്കാര്യങ്ങൾ പരിശോധിക്കുന്നതിന് രജിസ്ട്രാർക്ക് നിർദ്ദേശം നൽകുന്നതാണ്. 15-7-2021 വരെ 19114 വിദ്യാർഥികൾക്ക് 18,16,62,491 രൂപ വായ്പയായി നൽകിയിട്ടുണ്ട്.

(ഡി) നിലമ്പൂർ നിയോജകമണ്ഡലത്തിൽ ഇതുവരെ ലഭിച്ച അപേക്ഷകളുടെയും അനുവദിച്ച വിദ്യാതരംഗിണി വായ്പയുടെയും വിവരങ്ങൾ ലഭ്യമാക്കാമോ?

നിലമ്പൂർ നിയോജകമണ്ഡലത്തിൽ 15-7-2021 വരെ 28 സഹകരണ സംഘങ്ങളിലായി 1093 അപേക്ഷകൾ ലഭ്യമാകുകയും അതിൽ 505 അപേക്ഷകൾ ഭരണസമിതി തീരുമാനപ്രകാരം പാസ്സാക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ 154 വായ്പകൾ വിതരണം ചെയ്തിട്ടുണ്ട്. ബാക്കിയുള്ള 351 വായ്പകൾ അപേക്ഷകർ എത്തുന്ന മുറയ്ക്ക് നൽകുന്നതാണ്. 15,36,450 രൂപ വായ്പ ഇനത്തിൽ ഇതുവരെ നൽകിയിട്ടുണ്ട്.

## ഭവനനിർമ്മാണ മേഖലയിലെ പദ്ധതികൾ

254(268) ശ്രീ. വി. ജോയി:
ശ്രീ. എ. രാജ:
ശ്രീ. കെ. ജെ. മാക്സി:
ശ്രീമതി ശാന്തകുമാരി കെ.: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭവനനിർമ്മാണ മേഖലയിൽ സഹകരണ വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്തെല്ലാമെന്ന് അറിയിക്കാമോ?

പ്രാഥമിക ഭവനനിർമ്മാണ സഹകരണ സംഘങ്ങൾ മുഖേന ഭവന നിർമ്മാണ മേഖലയിൽ നിർമ്മാണ പദ്ധതികൾ നടപ്പാക്കുന്നതിന് വായ്പ എടുക്കാൻ പര്യാപ്തമായ മൂലധനം സമാഹരിക്കുന്നതിന് ഗവൺമെന്റ് സഹായം നൽകുന്നു. വ്യക്തിഗത അംഗങ്ങളുടെ ഓഹരി തുകയുടെ 4 ഇരട്ടി പരമാവധി 10 ലക്ഷം രൂപയാണ് ധനസഹായമായി അനുവദിക്കുന്നത്. 2020-21 സാമ്പത്തിക വർഷം 50 ലക്ഷം രൂപ ധനസഹായമായി സംഘങ്ങൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. കൂടാതെ 2021-22 സാമ്പത്തിക വർഷം സംഘങ്ങൾക്ക് അനുവദിക്കുന്നതിനായി 50 ലക്ഷം രൂപ എല്ലാ ജില്ലാ ജോയിന്റ് രജിസ്ട്രാർമാർക്കും അനുവദിച്ചുനൽകിയിട്ടുണ്ട്.

(ബി) പ്രാഥമിക ഭവനനിർമ്മാണ സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും അവയ്ക്ക് ഓഹരി മൂലധനസഹായം നൽകുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

&

(സി) ഈ രംഗത്ത് കേരള സംസ്ഥാന സഹകരണ ഭവനനിർമ്മാണ ഫെഡറേഷന്റെ പ്രവർത്തനങ്ങൾ എന്തെല്ലാം; വിശദമാക്കാമോ ?

കേരള സംസ്ഥാന സഹകരണ ഹൗസിംഗ് ഫെഡറേഷൻ അംഗസംഘങ്ങൾ വഴി ഭവനനിർമ്മാണത്തിനും അറ്റകുറ്റപ്പണികൾക്കും ദീർഘകാല വായ്പ നൽകി വരുന്നു. EWS, LIG വിഭാഗങ്ങൾക്ക് മുൻഗണന നൽകിവരുന്നുണ്ട്. ഫെഡറേഷൻ നാളിതുവരെ 242236 ഭവനങ്ങൾ നിർമ്മിക്കുന്നതിന് 2,31,358.57 ലക്ഷം രൂപ വിതരണം നടത്തിയിട്ടുണ്ട്.

## കേരള ബാങ്കിനെ പ്രൊഫഷണലാക്കാനുള്ള കരാർ

255(269) ശ്രീ. ഷാഫി പറമ്പിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്കിനെ പ്രൊഫഷണലാക്കുന്നതിന്റെ ഭാഗമായി എന്തെല്ലാം സേവനങ്ങളാണ് പുതിയതായി ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ മുഴുവൻ ശാഖകളെയും ബന്ധിപ്പിച്ചുകൊണ്ടുള്ള കോർ ബാങ്കിംഗ് (CBS) നടപ്പാക്കുന്നതിന്റെ അവസാന ഘട്ടത്തിലാണ്. ഇതോടൊപ്പം ഡിജിറ്റൽ ബാങ്കിംഗ് പദ്ധതിയും നടപ്പാക്കുന്നുണ്ട്. ഇതോടുകൂടി എല്ലാ ആധുനിക ബാങ്കിംഗ് സൗകര്യവും ഇടപാടുകാർക്ക് നൽകാൻ പ്രാപ്തമാകും. വ്യത്യസ്ത കോർബാങ്കിംഗ് സൊല്യൂഷനുകളിൽ പ്രവർത്തിക്കുന്ന കേരള ബാങ്കിന്റെ ഓഫീസുകളെ ഒരു ഏകീകൃത കോർബാങ്കിംഗ് സംവിധാനത്തിൽ കൊണ്ടുവരുകയും അതുമുഖാന്തരം കേരളത്തിലെ എല്ലാ വിഭാഗം ജനങ്ങൾക്കും ഉപയോഗപ്രദമായ രീതിയിൽ ആധുനിക ഡിജിറ്റൽ ബാങ്കിംഗ് സേവനങ്ങൾ ലഭ്യമാക്കുകയാണ് ലക്ഷ്യം. ഏകീകൃത കോർബാങ്കിംഗ് സംവിധാനം നടപ്പിൽ വരുന്നതോടുകൂടി RTGS/NEFT, Mobile Banking, IMPS (Immediate Payment System), Internet Banking, UP I(Unified Payment Interface), BBPS (Bharat Bill Payment System), CTS (Cheque Truncation System), ATM, Micro ATM, FAST ag, AEPS (Aadhaar Enabled Payment System), E-KYC, CKYC, PFMS (Public Finance Management System), DMR (Digital Member Register), NACH (National Automated Clearing House) മുതലായ ഡിജിറ്റൽ സേവനങ്ങൾ എല്ലാംതന്നെ കേരള ബാങ്കിലൂടെ ലഭ്യമാകുന്നതാണ്. കേരളത്തിലെ എല്ലാ ജന വിഭാഗങ്ങളുടെയും വായ്പാ ആവശ്യങ്ങൾക്കും ഉതകുന്ന പുതിയ വായ്പാ പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. സൂക്ഷ്മ-ചെറുകിട-ഇടത്തരം വായ്പ (MSME) പദ്ധതിവഴി സ്റ്റാർട്ടപ്പുകൾക്കും സ്വയം സംരംഭകർക്കും വിവിധ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി വായ്പകൾ അനുവദിച്ചിട്ടുണ്ട്. കാർഷിക ആവശ്യങ്ങൾക്കായി കർഷകർക്ക് സബ്സിഡിയോടുകൂടിയ വായ്പാ പദ്ധതികൾ കേരള ബാങ്ക് ആവിഷ്കരിച്ചിട്ടുണ്ട്. സമൂഹത്തിലെ എല്ലാ ജനവിഭാഗങ്ങൾക്കും ഉതകുന്ന രൂപത്തിൽ പല വിധത്തിലുള്ള CASA (Current/Savings) അക്കൗണ്ടുകൾ ആരംഭിച്ചിട്ടുണ്ട്.

(ബി) ഏതുകമ്പനിക്കാണ് ഇത് സംബന്ധിച്ച കരാർ നൽകിയിട്ടുള്ളത്?

പ്രൊഫഷണിലിസവുമായി ബന്ധപ്പെട്ട് ഒരു കമ്പനിയുമായും കരാറിൽ ഏർപ്പെട്ടിട്ടില്ല.

(സി) ഏതൊക്കെ കമ്പനികളാണ് ഇതുസംബന്ധിച്ച ടെണ്ടറിൽ പങ്കെടുത്തിട്ടുള്ളത്; വിശദമാക്കുമോ?

CBS (Core Banking Solutions) DC/DR/NDR അനുബന്ധ സർവ്വീസുകൾ RFP-ക്ക് രണ്ട് വെണ്ടർമാരിൽനിന്നും പ്രൊപ്പോസൽ (bid) ലഭിക്കുകയുണ്ടായി. M/s.Wipro, M/s EIT എന്നിവരാണ് ടി വെണ്ടർമാർ. Omni Channel RFP-ക്ക് 5 വെണ്ടർമാരിൽനിന്നും പ്രൊപ്പോസൽ (bid) ലഭിക്കുകയുണ്ടായി. M/s. Brainotics, M/s. Ewire, M/s.lexced, M/s. Infrasoft, M/s.Profinch എന്നിവരാണ് ടി വെണ്ടർമാർ.

## കേരള ബാങ്കിന്റെ മത്സരക്ഷമത ഉയർത്തൽ

256(270) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ദേശസാൽകൃത-വാണിജ്യ-ന്യൂജനറേഷൻ ബാങ്കുകളോട് മത്സരിക്കാൻ കഴിയുന്ന രീതിയിൽ കേരള ബാങ്കിനെ മാറ്റിയെടുക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം; വിശദമാക്കുമോ?

കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ മുഴുവൻ ശാഖകളെയും ബന്ധിപ്പിച്ചു കൊണ്ടുള്ള കോർ ബാങ്കിംഗ് (CBS) നടപ്പാക്കുന്ന നടപടികൾ അവസാന ഘട്ടത്തിലാണ്. ഇതോടൊപ്പം എല്ലാ ആധുനിക ബാങ്കിംഗ് സൗകര്യവും ഇടപാടുകാർക്ക് നൽകാൻ പ്രാപ്തമാകുന്ന ഡിജിറ്റൽ ബാങ്കിംഗ് പദ്ധതിയും നടപ്പാക്കുന്നുണ്ട്. കേരള ബാങ്ക് പ്രൊഫഷണൽ ആക്കുന്നതിന്റെ ഭാഗമായി അംഗീകൃത ട്രെയിനിംഗ് സ്ഥാപനങ്ങൾ മുഖേനയും കൂടാതെ RBI, BIRD എന്നിവ നടത്തുന്ന ട്രെയിനിംഗ് പ്രോഗ്രാമുകളിലും എല്ലാ വിഭാഗം ജീവനക്കാരെയും പങ്കെടുപ്പിച്ചുവരുന്നു. വ്യത്യസ്ത കോർബാങ്കിംഗ് സൊല്യൂഷനുകളിൽ പ്രവർത്തിക്കുന്ന കേരള ബാങ്കിന്റെ ഓഫീസുകളെ ഒരു ഏകീകൃത കോർ ബാങ്കിംഗ് സംവിധാനത്തിൽ കൊണ്ടുവരികയും അതുമുഖാന്തരം കേരളത്തിലെ എല്ലാവിഭാഗം ജനങ്ങൾക്കും ഉപയോഗപ്രദമായ രീതിയിൽ ആധുനിക ഡിജിറ്റൽ ബാങ്കിംഗ് സേവനങ്ങൾ ലഭ്യമാക്കുകയാണ് ലക്ഷ്യം. ഏകീകൃത കോർ ബാങ്കിംഗ് സംവിധാനം നടപ്പിൽ വരുന്നതോടുകൂടി RTGS/NEFT, Mobile Banking, IMPS (Immediate Payment System), Internet Banking, UPI (Unified Payment Interface), BBPS (Bharath Bill Payment System), CTS (Cheque Truncation System), ATM, Micro ATM, FAST ag, AEPS (Aadhar Enabled Payment System), E-KYC, CKYC, PFMS (Public Finance Management System), DMR (Digital Member Register), NACH (National Automated Clearing House) മുതലായ ഡിജിറ്റൽ സേവനങ്ങൾ എല്ലാംതന്നെ കേരള ബാങ്കിലൂടെ ലഭ്യമാകുന്നതാണ്. കേരള ബാങ്ക് രൂപീകരിച്ചശേഷം സമൂഹത്തിലെ എല്ലാ വിഭാഗങ്ങൾക്കും ഉതകുന്ന രൂപത്തിൽ പല വിധത്തിലുള്ള CASA (കറന്റ്/സേവിംഗ്സ് അക്കൗണ്ടുകൾ) ആരംഭിച്ചിട്ടുണ്ട്. കേരള ബാങ്ക് വായ്പാ പദ്ധതികൾ പ്രവർത്തന വിപുലീകരണത്തിന്റെ ഭാഗമായി പുതിയ ലോൺ പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്.

## കേരള ബാങ്ക് മുഖേനയുള്ള വായ്പകൾ

257(271) ശ്രീ. ടി. സിദ്ദിഖ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്ക് മുഖേന കർഷകർക്കും ചെറുകിട വ്യവസായ സംരംഭകർക്കും ഏർപ്പെടുത്തിയിട്ടുള്ള വായ്പാ പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ?

കാർഷികാവശ്യങ്ങൾക്കായി കേരളാ ബാങ്കിൽനിന്നും താഴെ പറയുന്ന വായ്പാ പദ്ധതികൾ ലഭ്യമാണ്.

1. കെ.ബി കിസാൻ മിത്ര (Above 3 lakhs)

2. KBLT Agricultural Refinance

3. K B കിസാൻ മിത്ര

1. കർഷകർക്ക് വസ്തു ഈടിൻമേൽ അതത് വർഷത്തെ വായ്പാ തോത് അനുസരിച്ച് 8.50 ശതമാനം പലിശനിരക്കിൽ ഓരോ വർഷവും പുതുക്കി പരമാവധി 5 വർഷം വരെ ഹ്രസ്വകാല കാർഷിക വായ്പയായി അനുവദിച്ചുവരുന്നു. 2. കർഷകർക്ക് 3 ലക്ഷം രൂപ വരെ KCC രീതിയിൽ വായ്പ അനുവദിച്ചുവരുന്നു. 3. പരമാവധി 15 വർഷത്തേയ്ക്ക് 60 ലക്ഷം രൂപ വരെ 9 ശതമാനം പലിശ നിരക്കിൽ കർഷകർക്ക് വിവിധ കാർഷിക ആവശ്യങ്ങൾക്കായി അനുവദിച്ചു വരുന്നു. 4. കാർഷിക അനുബന്ധ ആവശ്യങ്ങൾക്കായി 8.50 ശതമാനം പലിശ നിരക്കിൽ കേന്ദ്രസർക്കാർ സബ്സിഡിയോടുകൂടി KB Micro food processing വായ്പ നൽകിവരുന്നു. ചെറുകിട വ്യവസായ സംരംഭകർക്കായി താഴെപ്പറയുന്ന വായ്പാ പദ്ധതികൾ ലഭ്യമാണ്.

1. KB MITRA(MSME) വായ്പാ പദ്ധതി - 8.75% പലിശ നിരക്കിൽ 60 ലക്ഷം രൂപ വരെയും കമ്പനികൾക്ക് 1 കോടി രൂപ വരെയും ചെറുകിട വ്യവസായസംരംഭകർക്കായി നൽകിയിരിക്കുന്നു. 2. KB SUVIDHA (MSME) 10 ലക്ഷം രൂപ വരെ 10 വർഷ കാലയളവിൽ നൽകിവരുന്നു. 3. തിരികെയെത്തിയ പ്രവാസികൾക്കായി നോർക്ക് റൂട്ട്സുമായി സഹകരിച്ച് സബ്സിഡിയോടുകൂടി ചെറുകിട വ്യവസായ സംരംഭങ്ങൾ തുടങ്ങുവാൻ 11 ശതമാനം പലിശനിരക്കിൽ 24 ലക്ഷം രൂപ വരെ അനുവദിച്ചുവരുന്നു.

(ബി) ജില്ലാസഹകരണ ബാങ്കുകൾ കേരള ബാങ്ക് ആക്കി മാറ്റിയതിനുശേഷം കർഷകർക്കും വ്യാപാരികൾക്കും നൽകിവരുന്ന ഏതെങ്കിലും ലോൺ നിർത്തലാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

സംസ്ഥാന സഹകരണ ബാങ്കിലും മുൻ ജില്ലാ സഹകരണ ബാങ്കുകളിലും നിലവിലുണ്ടായിരുന്ന വായ്പാ പദ്ധതികളിൽ സമാന ആവശ്യങ്ങൾക്കായി നൽകി വന്നിരുന്ന വായ്പകൾ കേരളാ ബാങ്കിന്റെ രൂപീകരണത്തോടെ ഏകീകൃത രീതിയിൽ നടപ്പിലാക്കിയിട്ടുണ്ട്. ഇതിൽ ഉൾപ്പെടാത്ത വായ്പകൾ നിലവിലും അനുവദിച്ചുവരുന്നുണ്ട്.

(സി) വയനാട് ജില്ലയിൽ കേരള ബാങ്കിൽനിന്നും അനുവദിച്ചുവന്നിരുന്ന വ്യാപാർ സുലഭ് വായ്പ നിർത്തലാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

വയനാട് ജില്ലയിൽ കേരള ബാങ്കിൽനിന്നും അനുവദിച്ചുവന്നിരുന്ന വ്യാപാർ സുലഭ് വായ്പാ പദ്ധതി പ്രകാരം കൃത്യമായി തിരിച്ചടക്കുന്നവർക്ക് വായ്പ നൽകുന്നുണ്ട്.

### കേരള ബാങ്കിന്റെ കോർ ബാങ്കിംഗ് സൊല്യൂഷൻ വികസനം

258(272) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്കിന്റെ കോർ ബാങ്കിംഗ് സൊല്യൂഷൻ വികസനത്തിനായും സാങ്കേതികവിദ്യാ നിലവാരം ഉയർത്തുന്നതിനുമായി നടപ്പുസാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പ്രത്യേകം തുക വകയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഇല്ല.

(ബി) പ്രസ്തുത പദ്ധതിക്കായി ദേശീയതലത്തിലുള്ള ഐ.ടി. വിദഗ്ധരെ കേരള ബാങ്കിൽ താൽക്കാലികമായി നിയമിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

സ്റ്റേറ്റ് ഇ-ഗവേണൻസ് മിഷനിൽ സേവനം അനുഷ്ഠിച്ചിരുന്ന ശ്രീ. ആദി ശേഷുവിനെ IT Integration Advisor ആയി കരാർ വ്യവസ്ഥയിൽ ഒരു വർഷ കാലയളവിലേയ്ക്ക് നിയമിച്ചിട്ടുണ്ട്.

(സി) കേരള ബാങ്കിനെ പ്രൊഫഷണലാക്കുന്നതിനുവേണ്ടി പ്രമുഖ ഐ.ടി. കമ്പനിയുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്ര കോടി രൂപയുടെ കരാർ; വ്യക്തമാക്കുമോ?

ഇല്ല. ഏജൻസിയെ (സൊല്യൂഷൻ പ്രൊവൈഡർ) തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്.

(ഡി) പ്രസ്തുത കരാർ മുഖാന്തരം എന്തെല്ലാം സേവനങ്ങളാണ് കേരള ബാങ്കിന് ലഭ്യമാകുന്നത്; വ്യക്തമാക്കുമോ?

ബാധകമല്ല.

(ഇ) കരാറിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ബാധകമല്ല.

### പ്രവർത്തനരഹിതമായ സംഘങ്ങളുടെ പുനരുജ്ജീവനം

259(273) ശ്രീ. ടി. ജെ. വിനോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവർത്തനരഹിതമായ സഹകരണ സംഘങ്ങളുടെ പുനരുജ്ജീവനത്തിനായി എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

പ്രത്യേക പദ്ധതികൾ തയ്യാറാക്കിയിട്ടില്ല. എന്നാൽ പുനരുജ്ജീവനത്തിനായി അപേക്ഷ സമർപ്പിക്കുന്ന സംഘങ്ങളെ പ്രത്യേകമായി പരിഗണിച്ചുവരുന്നുണ്ട്.

(ബി) ഇത്തരം സംഘങ്ങൾക്ക് സഹായം അനുവദിക്കുന്നതിൽ മാനദണ്ഡങ്ങൾ പാലിക്കുന്നത് ഉറപ്പുവരുത്താൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ശക്തിയാർജ്ജിക്കാൻ സാദ്ധ്യതയുള്ള സഹകരണ സംഘങ്ങളെ പുനരുദ്ധരിപ്പിക്കുന്നതിനായി വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ട് റിപ്പോർട്ടിന്റെ 65% സർക്കാർ ധനസഹായമായി അനുവദിക്കുന്നുണ്ട്. സബ്സിഡി 20%, ഓഹരി 20%, വായ്പ 25% എന്ന നിരക്കിലാണ് ധനസഹായം അനുവദിക്കുന്നത്. കുറഞ്ഞത് 10 വർഷത്തെ ഫലപ്രദമായ പ്രവർത്തനപരിചയം ഉള്ളതും സംഘങ്ങളുടെ സഞ്ചിതനഷ്ടം സ്വന്തം ഫണ്ടിനെക്കാൾ അധികരിക്കാത്തതുമായ സംഘങ്ങൾക്കാണ് ഇപ്രകാരം ധനസഹായം അനുവദിക്കുന്നത്.

(സി) ഇല്ലെങ്കിൽ ഇതിനായി ഒരു നിരീക്ഷണ സംവിധാനം ഏർപ്പെടുത്തുമോ?

പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

**മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ**

260 (274) ശ്രീ. പി. ടി. തോമസ്:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. സി. ആർ. മഹേഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ സംബന്ധിച്ച വിവരം ചുവടെ ചേർത്തിരിക്കുന്നു.

1. The Knanaya Multi state Co-operative Credit Society Ltd., Cathedral Parish Building, Opp. BCM College, K.K. Road, Kottayam, Kerala.
2. Sanghamam Multi State Co-operative Credit Society Ltd., I.S.T. Building, 42/8544, Stadium View, Kozhikode, Kerala.
3. ESAF Swasraya Multi State Co-operative Credit Society Ltd., First Floor, JSR Square, Kalathode, Thrissur, Kerala - 680655.
4. The Central Financial Credit and Investment Co-operative (India) Ltd., Building No.444/8, Ward No.XVII, Maryars Complex, Kurisupally Junction, Kottayam District, Kerala.

5. Southern Multi State Co-operative Credit Society Ltd., Sree Rengon Building, Chettoor Road, Cochin.

6. Malankara Multi-State Co-operative Credit Society Ltd., Malankara Centre, Cochin, Ernakulam Dist., Kerala.

7. Sahyadri Co-operative Credit Society Ltd., Amaljyoti Building, Kajirapally, Kottayam.

8. The Malabar Multi State Agro Co-operative Society Limited, 1st Floor, Aiswarya Complex, Thevakkara, Kannur, Kerala.- 670002.

9. Agri-Tourism Co-operative Society Ltd., Pipeline, Palarivattom, Kochi, Kerala - 682025.

10. Multi State Agri-Horticultural Developement Co-operative Society Ltd., Poonjar South P.O., Kottayam District, Kerala - 685582.

11. Southern Green Farming and Marketing Multi-State Co-operative Society Ltd., Achu Karuvissery P.O., Near Karaparamb Junctions, Kozhikode, Kerala.

12. Bharath Handloom & Handicraft Multistate Co-operative Society Ltd., Chiltira, Vandanoor, Perumpazhuthoor, P.O., Neyyathikara, Thiruvananathapuram, Kerala - 695126.

13. Multistate Agricultural Producer's Processing & Marketing Co-operative Society India Ltd., Pala P.O. Kottayam, Kerala - 686575. 14. Agricultural Produces & Spices Marketing Multi State Co-operative Society Ltd., Plot No.11, 7/508-A, Mavelipuram Housing Colony, Kakkanadu, Cochin, Kerala.

15. The Cardamom Planters Marketing Co-operative Society Ltd., Spice House, P.O., Thekkady, Idukki district, Kerala.

16. Garments Manufacturing and Marketing Co-operative Ltd., TC 25/2894, MRRA B-18/ Vanchiyoor, Thiruvananthapuram.

17. Kerala State Horticultural and Agricultural Producer's Processing and Marketing Co-operative Society Ltd., Panamaram, Wayanad District, Kerala.

18. Bharati Agro Processing and Marketing Co-operative Ltd., Sahyadri, Illipparampil Lane, Ashoka Road, Ernakulam.

19. Farmers Agro Products Marketing Co-operative Society Ltd., Municipal Building, Opposite Old Private Bus Stand, Thodupuzha, Indukki District, Kerala.

20. Carmel Alumni Multistate Co-operative Society, 30/1201, G-1, Second Floor, Safdar Hashmi Lane, Vyttila Jn. Kochi, Kerala – 682019.

മറ്റ് സംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്ത് കേരളത്തിൽ പ്രവർത്തിക്കുന്ന മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങൾ:

21. Indian Co-operative Credit Society Ltd.(ICCS), No. 8/1, Sunderamurthy Road, Cox Town, Bangalore - 560005. New Address: First Floor, Sy. No. 90, Hosakerehalli Banashankari III Stage, Bangalore, Karnataka - 560005.

22. National Yuva Co-operative Society Ltd., B-12, Gopal Nagar, Azadpur, Delhi - 110033 National Yuva Co-operative Society Ltd. (NYCS), 209, 2nd Floor, Vardhaman Janak Market, Janakpuri, New Delhi - 110058.

23. BharathLajhna Multi State Housing Co-operative Society Ltd., 48/1, Salma's Royal Residency, Muthu Kumarappa Street, T-6, Arcot Road, Saligram, Chennai, Tamil Nadu.

24. Viswadeepti Multi State Agri Co-operative Society Ltd., C/O Sai Trading Company, No. 5/240, Vigneswara Complex, Covai Main Road, Kariyapalayam, Annur, Tamil Nadu - 641653.

(ബി) ഇത്തരം സൊസൈറ്റികളുടെ നിയന്ത്രണത്തിനായി പ്രത്യേക നിയമങ്ങൾ നിലവിലുണ്ടോ; വിശദാംശം നൽകാമോ?

കേന്ദ്ര സർക്കാരിന്റെ 2002-ലെ മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ട് പ്രകാരമാണ് മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങൾ പ്രവർത്തിച്ചുവരുന്നത്. സംസ്ഥാന സർക്കാരിന് മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങളുടെമേൽ നിയന്ത്രണത്തിനായി പ്രത്യേക നിയമങ്ങൾ നിലവിലില്ല.

(സി) കേന്ദ്ര സർക്കാർ സഹകരണ മന്ത്രാലയം രൂപീകരിച്ചതിലൂടെ മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ പേരിൽ സംസ്ഥാന വിഷയമായ സഹകരണ മേഖലയിൽ കടന്നുകയറാനുള്ള ശ്രമമാണ് നടത്തുന്നതെന്ന് വിലയിരുത്തുന്നുണ്ടോ;

&

(ഡി) ഇതിനെ ഫലപ്രദമായി പ്രതിരോധിക്കാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

കേന്ദ്ര സർക്കാർ സഹകരണ വകുപ്പ് എന്ന ഒരു പുതിയ മന്ത്രാലയം രൂപീകരിച്ചത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത മന്ത്രാലയത്തിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയശേഷം ഇക്കാര്യത്തിൽ നിലപാട് സ്വീകരിക്കുന്നതാണ്.

**മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങളുടെ പ്രവർത്തനം**

261(275) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ:</u>
<u>ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ:</u>
<u>ശ്രീ. പി. പി. സുമോദ്:</u>
<u>ശ്രീ. പി. വി. ശ്രീനിജിൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മൾട്ടി സ്റ്റേറ്റ് സഹകരണ നിയമപ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന എത്ര സഹകരണ സംഘങ്ങൾ നിലവിലുണ്ടെന്ന കണക്ക് ലഭ്യമാണോ; എങ്കിൽ നൽകുമോ?

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ സംബന്ധിച്ച വിവരം ചുവടെ ചേർത്തിരിക്കുന്നു :

1. The Knanaya Multi state Co-operative Credit Society Ltd., Cathedral Parish Building, Opp. BCM College, K.K. Road, Kottayam, Kerala.
2. Sanghamam Multi State Co-operative Credit Society Ltd., I.S.T. Building, 42/8544, Stadium View, Kozhikode, Kerala.
3. ESAF Swasraya Multi State Co-operative Credit Society Ltd., First Floor, JSR Square, Kalathode, Thrissur, Kerala - 680655.
4. The Central Financial Credit and Investment Co-operative (India) Ltd., Building No.444/8, Ward No.XVII, Maryars Complex, Kurisupally Junction, Kottayam District, Kerala.

5. Southern Multi State Co-operative Credit Society Ltd., Sree Rengon Building, Chettoor Road, Cochin.

6. Malankara Multi-State Co-operative Credit Society Ltd., Malankara Centre, Cochin, Ernakulam Dist., Kerala.

7. Sahyadri Co-operative Credit Society Ltd., Amaljyoti Building, Kajirapally, Kottayam.

8. The Malabar Multi State Agro Co-operative Society Limited, 1st Floor, Aiswarya Complex, Thevakkara, Kannur, Kerala.- 670002.

9. Agri-Tourism Co-operative Society Ltd., Pipeline, Palarivattom, Kochi, Kerala - 682025.

10. Multi State Agri-Horticultural Developement Co-operative Society Ltd., Poonjar South P.O., Kottayam District, Kerala - 685582.

11. Southern Green Farming and Marketing Multi-State Co-operative Society Ltd., Achu Karuvissery P.O., Near Karaparamb Junctions, Kozhikode, Kerala.

12. Bharath Handloom & Handicraft Multistate Co-operative Society Ltd., Chiltira, Vandanoor, Perumpazhuthoor, P.O., Neyyathikara, Thiruvananathapuram, Kerala - 695126.

13. Multistate Agricultural Producer's Processing & Marketing Co-operative Society India Ltd., Pala P.O. Kottayam, Kerala - 686575. 14. Agricultural Produces & Spices Marketing Multi State Co-operative Society Ltd., Plot No.11, 7/508-A, Mavelipuram Housing Colony, Kakkanadu, Cochin, Kerala.

15. The Cardamom Planters Marketing Co-operative Society Ltd., Spice House, P.O., Thekkady, Idukki district, Kerala.

16. Garments Manufacturing and Marketing Co-operative Ltd., TC 25/2894, MRRA B-18/ Vanchiyoor, Thiruvananthapuram.

17. Kerala State Horticultural and Agricultural Producer's Processing and Marketing Co-operative Society Ltd., Panama ram, Wayanad District, Kerala.

18. Bharati Agro Processing and Marketing Co-operative Ltd., Sahyadri, Illipparampil Lane, Ashoka Road, Ernakulam.

19. Farmers Agro Products Marketing Co-operative Society Ltd., Municipal Building, Opposite Old Private Bus Stand, Thodupuzha, Indukki District, Kerala.

20. Carmel Alumni Multistate Co-operative Society, 30/1201, G-1, Second Floor, Safdar Hashmi Lane, Vyttila Jn. Kochi, Kerala – 682019.

മറ്റ് സംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്ത് കേരളത്തിൽ പ്രവർത്തിക്കുന്ന മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങൾ:

21. Indian Co-operative Credit Society Ltd.(ICCS), No. 8/1, Sunderamurthy Road, Cox Town, Bangalore - 560005. New Address: First Floor, Sy. No. 90, Hosakerehalli Banashankari III Stage, Bangalore, Karnataka - 560005.

22. National Yuva Co-operative Society Ltd., B-12, Gopal Nagar, Azadpur, Delhi - 110033 National Yuva Co-operative Society Ltd. (NYCS), 209, 2nd Floor, Vardhaman Janak Market, Janakpuri, New Delhi - 110058.

23. BharathLajhna Multi State Housing Co-operative Society Ltd., 48/1, Salma's Royal Residency, MuthuKumarappa Street, T-6, Arcot Road, Saligram, Chennai, Tamil Nadu.

24. Viswadeepthi Multi State Agri Co-operative Society Ltd., C/O Sai Trading Company, No. 5/240, Vigneswara Complex, Covai Main Road, Kariyapalayam, Annur, Tamil Nadu - 641653.

(ബി) ഇത്തരം സഹകരണ സംഘങ്ങൾ അധിക പലിശ നൽകി നിക്ഷേപങ്ങൾ സ്വീകരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(സി) ഇപ്രകാരം അധിക പലിശ നൽകുന്നത് സംസ്ഥാന സഹകരണ നിയമ പ്രകാരം രജിസ്റ്റർ ചെയ്തുപ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളുടെ നിലനിൽപ്പിന് ഭീഷണി ആകുവാൻ സാദ്ധ്യതയുണ്ടോ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ?

കേന്ദ്ര സർക്കാരിന്റെ 2002-ലെ മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ട് പ്രകാരമാണ് മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങൾ പ്രവർത്തിച്ചുവരുന്നത്. സംസ്ഥാന സർക്കാരിന് മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങളുടെമേൽ നിയന്ത്രണ ത്തിനായി പ്രത്യേക നിയമങ്ങൾ നിലവിലില്ല.

(ഡി) ഇത്തരം സഹകരണ സംഘങ്ങൾ സ്വീകരിക്കുന്ന നിക്ഷേപങ്ങൾ സുരക്ഷിതമാണോ;

(ഇ) മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങളുടെ പ്രവർത്തനം പരിശോധിക്കു ന്നതിന് സംസ്ഥാന സഹകരണ സംഘം രജിസ്ട്രാർക്ക് അധികാരം ഉണ്ടോ;

&

(എഫ്) മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങളുടെ സംസ്ഥാനത്തെ പ്രവർത്തനം നിയന്ത്രിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

മൾട്ടിസ്റ്റേറ്റ് സഹകരണ സംഘങ്ങൾ സംസ്ഥാന സഹകരണ നിയമത്തിന്റെ അധികാര പരിധിയിൽ വരുന്നതല്ലാത്തതിനാൽ മൾട്ടിസ്റ്റേറ്റ് സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങളിന്മേൽ സംസ്ഥാന സർക്കാരിന് പ്രത്യേക അധികാരങ്ങൾ ഇല്ല.

**അഗ്രികൾച്ചറൽ ഇൻഫ്രാസ്ട്രക്ചർ ഫണ്ട്**

262(276) <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പുമുഖേന നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ അഗ്രികൾച്ചറൽ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് പദ്ധതിയുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

കാർഷിക മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ച് കർഷകരുടെ വരുമാനം ഉയർത്തുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര ഗവൺമെന്റ് ആവിഷ്കരിച്ച് നബാർഡ് മുഖേന നടപ്പാക്കുന്ന പദ്ധതിയാണ് അഗ്രിക്കൽച്ചറൽ ഇൻഫ്രാസ്ട്രക്ചർ ഫണ്ട്. കാർഷിക മേഖലയുമായി ബന്ധപ്പെട്ട് 2 കോടി രൂപ വരെയുള്ള പ്രാഥമിക മൂല്യ വർദ്ധിത സംരംഭ വായ്പകൾക്ക് (വ്യക്തികൾക്കും സംഘങ്ങൾക്കും) അഗ്രികൾച്ചറൽ ഇൻഫ്രാസ്ട്രക്ചർ ഫണ്ടിൽനിന്നുള്ള 3% പലിശയിളവിന് അർഹത ഉണ്ടായിരിക്കു ന്നതാണ്. ആകെ പ്രഖ്യാപിച്ച ഒരു ലക്ഷം കോടി രൂപയിൽ കേരളത്തിന്റെ വിഹിതം 2520 കോടി രൂപയാണ്. പദ്ധതി കാലാവധി 2020-21 മുതൽ 2029-30 വരെ 10 വർഷമായിരിക്കും. കാർഷിക ഉല്പാദനം, വിളവെടുപ്പിനുശേഷമുള്ള അടിസ്ഥാനസൗകര്യ വികസനം, കമ്മ്യൂണിറ്റി ആസ്തി വികസനം, വിഭവ സമാഹരണം എന്നീ മേഖലകളുടെ ശക്തിപ്പെടുത്തലിനും വികസനത്തിനുമാണ് ഉപയോഗിക്കുന്നത്. ഇത്തരം പദ്ധതികളിൽ 2 കോടി രൂപ വരെ മുതലിന് 3% പലിശ സബ്സിഡി ഈ പദ്ധതിയിൽനിന്നും ലഭിക്കുന്നതാണ്.

(ബി) പ്രസ്തുത പദ്ധതിപ്രകാരം സംസ്ഥാനത്ത് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ?

കേരള ബാങ്ക് പ്രാഥമിക സഹകരണ സംഘങ്ങൾക്കായി 56 കോടി രൂപയുടെ 18 സംരംഭങ്ങൾക്ക് അംഗീകാരം നൽകിട്ടുണ്ട്. 11 പ്രൊപ്പോസലുകളിലായി 45 കോടി രൂപയുടെ പദ്ധതികളുടെ പ്രോസസ്സിംഗ് പുരോഗതിയിലാണ്. ഇ-മാർക്കറ്റിംഗ് പ്ലാറ്റ്ഫോം ഉൾപ്പെടെയുള്ള സപ്ലൈ ചെയിൻ സർവ്വീസുകൾ, വെയർഹൗസുകൾ, സൈലോ (SILOS) കൾ, പാക്കേജിംഗ് യൂണിറ്റുകൾ, പരിശോധനാ യൂണിറ്റുകൾ, സോർട്ടിംഗ് ആൻഡ് ഗ്രേഡിംഗ് യൂണിറ്റുകൾ, കോൾഡ് സ്റ്റോറുകളും കോൾഡ് ചെയിനുകളും, ലോജിസ്റ്റിക് സൗകര്യങ്ങൾ, പ്രാഥമിക പ്രോസസ്സിംഗ് സെന്ററുകൾ, റൈപനിംഗ് ചേംബറുകൾ, വാക്സിംഗ് പ്ലാന്റുകൾ എന്നിവ പോലുള്ള പോസ്റ്റ് ഹാർവെസ്റ്റ് മാനേജ്മെന്റ് പദ്ധതികൾക്കാണ് ഈ പദ്ധതിയിലൂടെ ധനസഹായം അനുവദിക്കുന്നത്.

(സി) മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുന്ന പ്രസ്തുത പ്രോജക്ടുകളുടെ വിവരങ്ങൾ ലഭ്യമാക്കുമോ; നിലവിൽ ഇവ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ പെർള സർവ്വീസ് സഹകരണ ബാങ്ക് ഒരു കോടി രൂപ മതിപ്പുതുകയുള്ള ഗോഡൗൺ നിർമ്മാണത്തിന് താല്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്. ആയതിനാവശ്യമായ പ്രോജക്ട് ബാങ്ക് നാളിതുവരെ തയ്യാറാക്കി സമർപ്പിച്ചിട്ടില്ല. കൂടാതെ മഞ്ചേശ്വരം സർവ്വീസ് സഹകരണ ബാങ്കും പദ്ധതിയിലെ താല്പര്യം സംസ്ഥാന സഹകരണ ബാങ്കിനെ അറിയിച്ചിട്ടുണ്ട്.

## ഊരാളുങ്കൽ സൊസൈറ്റിയിലെ സ്ഥിരനിക്ഷേപങ്ങൾ

263(277) <u>ശ്രീ. സണ്ണി ജോസഫ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു ശതമാനം അധിക പലിശ നൽകി സ്ഥിരനിക്ഷേപങ്ങൾ സ്വീകരിക്കാൻ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സംഘത്തിന് അനുമതി നൽകാനുണ്ടായ സാഹചര്യം വിശദമാക്കാമോ?

ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി സംഘം ക്ലിപ്തം നമ്പർ. 10957, 1925-ൽ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ച സഹകരണ സംഘമാണ്. സർക്കാരിന്റെ ഓഹരി പങ്കാളിത്തത്തോടെ പ്രവർത്തിക്കുന്ന സംഘത്തിൽ ഇപ്പോൾ 15000-ത്തിൽ കൂടുതൽ തൊഴിലാളികൾ നിത്യവും നേരിട്ടും അത്രതന്നെ അല്ലാതെയും ജോലി ചെയ്യുന്നുണ്ട്. തൊഴിലാളികൾക്ക് നിത്യവും തൊഴിൽ കൊടുക്കുന്നതിനായി ഏറ്റെടുത്ത ചെയ്തുതീർക്കാൻ ബാക്കിയുള്ള പ്രവൃത്തികൾ

സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതായിട്ടുണ്ടെന്നും ഏറ്റെടുത്ത മുഴുവൻ പ്രവൃത്തികളും കേരള സർക്കാരിന്റെ വിവിധ വകുപ്പുകളിൽനിന്നും ഏറ്റെടുത്തതാണെന്നും ബിൽ തുക ലഭിക്കുന്നതിന് കാലതാമസം വരുന്നതിനാൽ ഏറ്റെടുത്ത പ്രവൃത്തികൾ കൃത്യസമയത്ത് പൂർത്തിയാക്കണമെങ്കിൽ ഫണ്ട് ആവശ്യമാണെന്നും എങ്കിൽ മാത്രമേ സർക്കാരിന്റെ പദ്ധതികൾ കൃത്യസമയത്ത് പൂർത്തിയാക്കി നാടിനു സമർപ്പിക്കുവാൻ കഴിയുകയുള്ളൂവെന്നും ഇത്തരത്തിലുള്ള എല്ലാ പ്രവൃത്തികളും സമയബന്ധിതമായി ഗുണനിലവാരത്തോടെ പൂർത്തിയാക്കുക എന്നതാണ് സംഘത്തിന്റെ പ്രവർത്തന വിജയമെന്നും കൂടാതെ പ്രവൃത്തികൾ കൃത്യസമയത്തുതന്നെ പൂർത്തിയാക്കിയില്ലെങ്കിൽ ഭീമമായ സംഖ്യ ഫൈൻ അടക്കേണ്ടതായിവരുമെന്നും സംഘത്തിന്റെ പ്രവർത്തനമൂലധനത്തിൽ പ്രധാനമായും പൊതുജനങ്ങളിൽനിന്നും വാങ്ങുന്ന നിക്ഷേപങ്ങളാണെന്നും ജില്ലാ സഹകരണ ബാങ്കിൽനിന്നും ക്യാഷ് ക്രെഡിറ്റ് വായ്പാസൗകര്യം മാത്രമേയുള്ളൂവെന്നും ജില്ലാബാങ്കിനെ മാത്രം ആശ്രയിച്ചാൽ ഏറ്റെടുത്ത പ്രവൃത്തികൾ പൂർത്തിയാക്കുവാൻ പറ്റാത്ത സ്ഥിതിയുണ്ടാകുമെന്നും പൊതുജനങ്ങളിൽനിന്നും സ്വീകരിക്കുന്ന ഡെപ്പോസിറ്റ് മുഖേനയുള്ള ഫണ്ട് സർക്കാരിൽനിന്നും ഏറ്റെടുത്ത പ്രവൃത്തികളുടെ നിർവ്വഹണത്തിനായാണ് നിക്ഷേപിക്കുന്നതെന്നും സംഘം സ്വീകരിക്കുന്ന മുഴുവൻ ഡെപ്പോസിറ്റും സർക്കാരിന്റെ ഡെപ്പോസിറ്റ് ഗ്യാരണ്ടിയുള്ള സ്കീമിൽ ഉൾപ്പെടുത്തിയിട്ടുള്ളതായും സംഘം ഒരു നോൺ ക്രെഡിറ്റ് സഹകരണ സംഘമായതുകൊണ്ടുതന്നെ ബാങ്ക് നിരക്കിൽ ഡെപ്പോസിറ്റുകൾ സ്വീകരിക്കുമ്പോൾ ഒരു ലേബർ കോൺട്രാക്ട് സഹകരണ സംഘം എന്ന നിലയിൽ ഡെപ്പോസിറ്റുകൾ ലഭിക്കുന്നതിന് സാദ്ധ്യത കുറവാണെന്നും അറിയിച്ച സാഹചര്യത്തിലാണ് സംഘത്തിന്റെ അപേക്ഷ പരിഗണിച്ച് ഒരു ശതമാനം അധികനിരക്കിൽ പലിശ നൽകിക്കൊണ്ട് സ്ഥിരനിക്ഷേപം സ്വീകരിക്കുവാൻ അനുമതി നൽകിയത്.

(ബി) ഈ സാമ്പത്തികവർഷവും പ്രസ്തുത അനുമതി നൽകിയിട്ടുണ്ടോ?

ഉണ്ട്.

(സി) സ്ഥിരനിക്ഷേപങ്ങൾക്ക് ഊരാളുങ്കൽ സൊസൈറ്റി നൽകുന്ന പലിശ നിരക്ക് എത്രയാണെന്ന് കാലയളവ് ഉൾപ്പെടെ വിശദമാക്കാമോ?

ഒരു വർഷത്തിൽ കൂടുതലുള്ള നിക്ഷേപങ്ങൾക്ക് 8.50% പലിശ നിരക്ക് അനുവദിക്കുന്നു. മുതിർന്ന പൗരന്മാർക്ക് 0.50% അധികപലിശ അനുവദിക്കുന്നുണ്ട്.

(ഡി) 2020-21 കാലയളവിൽ ഊരാളുങ്കൽ സഹകരണ സംഘത്തിലെ സ്ഥിരനിക്ഷേപത്തിൽ എത്ര കോടിയുടെ വർദ്ധനവ് ഉണ്ടായെന്ന് അറിയിക്കുമോ?

2020-21 കാലയളവിൽ ഊരാളുങ്കൽ സഹകരണ സംഘത്തിലെ സ്ഥിര നിക്ഷേപത്തിൽ 371.84 കോടി രൂപയുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

(ഇ) 31-3-2021-ൽ ഊരാളുങ്കൽ സൊസൈറ്റിയിലെ സ്ഥിരനിക്ഷേപം എത്രയാണ്?

31-3-2021-ൽ ഊരാളുങ്കൽ സൊസൈറ്റിയിലെ സ്ഥിരനിക്ഷേപം 1400.04 കോടി രൂപയാണ്.

**സഹകരണ മേഖലയിലെ സ്ഥിരനിക്ഷേപങ്ങൾ**

264(278) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിലെയും സഹകരണ സംഘങ്ങളിലെയും സ്ഥിരനിക്ഷേപങ്ങളിൻമേലുള്ള പലിശനിരക്കും കാലയളവും വ്യക്തമാക്കാമോ?

സഹകരണ ബാങ്കുകളിലെയും സഹകരണ സംഘങ്ങളിലെയും സ്ഥിര നിക്ഷേപങ്ങളിൻമേലുള്ള പലിശ നിരക്കും കാലയളവും സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ഏതെല്ലാം സഹകരണ സംഘങ്ങളാണ് അധികപലിശ നൽകി സ്ഥിരനിക്ഷേപങ്ങൾ സ്വീകരിക്കാൻ അനുമതി നൽകണമെന്ന് ആവശ്യപ്പെട്ടിട്ടുള്ളത്; വിശദമാക്കുമോ?

അധികപലിശ നൽകി സ്ഥിരനിക്ഷേപങ്ങൾ സ്വീകരിക്കാൻ അനുമതി നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് അപേക്ഷ സമർപ്പിച്ച സഹകരണ സംഘങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു :

1. തൃശ്ശൂർ ജില്ലാ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (ക്ലിപ്തം) നമ്പർ 1389.
2. ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സംഘം ക്ലിപ്തം, നമ്പർ 10957
3. വയനാട് ജില്ലാ ഡിസ്ട്രിക്ട് കോൺട്രാക്ടേർസ് സർവീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ - W.298.
4. ഉദയപുരം ലേബർ കോൺട്രാക്ട് സഹകരണ സംഘം ക്ലിപ്തം നമ്പർ എസ്.259

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

5. കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് ഏരിയാ ലേബർ കോൺട്രാക്ട് സഹകരണ സംഘം ക്ലിപ്തം നമ്പർ സി: 2054

6. ഇമ്പിച്ചിബാവ മെമ്മോറിയൽ സഹകരണ ആശുപത്രി ആന്റ് റിസർച്ച് സെന്റർ സൊസൈറ്റി ക്ലിപ്തം നമ്പർ എം - 841

7. കുത്തുപറമ്പ് സഹകരണ ആശുപത്രി ക്ലിപ്തം നമ്പർ -1048

8. പാലക്കാട് ജില്ലാ സഹകരണ ആശുപത്രി ആന്റ് റിസർച്ച് സെന്റർ ക്ലിപ്തം നമ്പർ- പി.878

9. മന്തരത്തൂർ കോ-ഓപ്പറേറ്റീവ് റൂറൽ ബാങ്ക് ക്ലിപ്തം നമ്പർ- എഫ്-1226

10. ചുങ്കത്തറ സർവ്വീസ് സഹകരണ ബാങ്ക് നം. എഫ് - 1807

11. കേരള പോലീസ് ഹൗസിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ- 4384

അപേക്ഷ സമർപ്പിച്ച മേൽ സഹകരണ സംഘങ്ങളിൽ

1. തൃശ്ശൂർ ജില്ലാ ലേബർ കോൺട്രാക്ട് കോ ഓപ്പറേറ്റീവ് സൊസൈറ്റി നമ്പർ (ക്ലിപ്തം) 1389,

2. ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സംഘം ക്ളിപ്തം.നമ്പർ. 10957,

3. ഇമ്പിച്ചിബാവ മെമ്മോറിയൽ സഹകരണ ആശുപത്രി ആന്റ് റിസർച്ച് സെന്റർ സൊസൈറ്റി ക്ലിപ്തം നമ്പർ. എം - 841

4. പാലക്കാട് ജില്ലാ സഹകരണ ആശുപത്രി ആന്റ് റിസർച്ച് സെന്റർ ക്ലിപ്തം നമ്പർ - പി.878 എന്നീ സഹകരണ സംഘങ്ങൾക്ക് പലിശ നിരക്കിൽ നിന്നും 1 ശതമാനം പലിശ അധികരിച്ച് നൽകുന്നതിന് സർക്കാർ അനുവാദം നൽകിയിട്ടുണ്ട്.

5. കേരള പോലീസ് ഹൗസിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ 4384.

എന്നിവയ്ക്ക് പലിശ നിരക്കിൽനിന്നും അരശതമാനം അധികരിച്ച് 2020 ഏപ്രിൽ 1 മുതൽ 6 മാസത്തേയ്ക്ക് നിക്ഷേപം സ്വീകരിക്കുന്നതിന് അനുവാദം നൽകിയിട്ടുണ്ട്. മറ്റ് സംഘങ്ങളുടെ അപേക്ഷകൾ പരിശോധിച്ചുവരുന്നു.

## സഹകരണ വായ്പകൾക്ക് ഇൻഷ്വറൻസ് പരിരക്ഷ

265(279) ശ്രീ. എൻ. കെ. അക്ബർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങളിൽനിന്നും വായ്പയെടുത്തവർ നിര്യാതരായാൽ ഇൻഷ്വറൻസ് പരിരക്ഷ ഇല്ലാത്ത വായ്പകൾ റിസ്ക് ഫണ്ടിൽ ഉൾപ്പെടുത്തി വായ്പാ ബാദ്ധ്യത ഒഴിവാക്കാൻ കഴിയാത്ത സാഹചര്യം നിലവിലുള്ളതിനാൽ മുഴുവൻ സഹകരണ വായ്പകൾക്കും ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിന്റെ നിയമാവലി വ്യവസ്ഥകൾക്ക് വിധേയമായാണ് റിസ്ക് ഫണ്ട് ആനുകൂല്യം അനുവദിച്ചുവരുന്നത്. കേരളത്തിലെ മുഴുവൻ വായ്പാ സഹകരണ സംഘങ്ങളിൽനിന്നും കാർഷിക, കാർഷികേതര ആവശ്യങ്ങൾക്കെടുക്കുന്ന വായ്പകൾക്ക് (സ്വർണ്ണപ്പണയ വായ്പകളും നിക്ഷേപ വായ്പകളും ഒഴികെയുള്ളവ) റിസ്ക് ഫണ്ട് നിയമാവലി നിബന്ധന ഒന്ന് പ്രകാരം റിസ്ക് ഫണ്ട് ആനുകൂല്യം അനുവദിച്ചുവരുന്നു. സഹകരണ വായ്പാ സംഘങ്ങളിൽനിന്നും അംഗങ്ങൾക്ക് വായ്പ അനുവദിക്കുമ്പോൾ റിസ്ക് ഫണ്ട് പ്രീമിയം നിയമാനുസൃതമുള്ള തുക ഈടാക്കി ബോർഡിലേയ്ക്ക് അടയ്ക്കേണ്ടത് സംഘം സെക്രട്ടറിയുടെ ഉത്തരവാദിത്വമാണ്. സംഘങ്ങളിലെ ഡെപ്പോസിറ്റുകൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്ന scheme നിലവിലുണ്ട്.

(ബി) യുവ സംരംഭകർക്കും സേവനദാതാക്കൾക്കുംവേണ്ടി രൂപീകരിക്കുന്ന പുതിയ സഹകരണ സംഘങ്ങളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

നൂറുദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി 25 സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഒരു ജില്ലയ്ക്കകത്ത് പ്രവർത്തന പരിധി യായിട്ടുള്ള യുവജന സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തുനൽകുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. 18 വയസ്സിനും 45 വയസ്സിനും ഇടയിൽ പ്രായമുള്ളവരും നൂതന ആശയങ്ങൾ പ്രാവർത്തികമാക്കുന്നതിൽ തൽപരരുമായ സഹകരണ മൂല്യങ്ങളിൽ വിശ്വസിക്കുന്ന യുവജനങ്ങൾക്ക് സാമൂഹ്യ-സാമ്പത്തിക-സാംസ്കാരിക പുരോഗതി കൈവരിക്കുന്നതിനായി സംരംഭങ്ങൾ ആരംഭിക്കുക എന്നതാണ് ലക്ഷ്യം. വിശദാംശങ്ങൾ തയ്യാറാക്കിവരുന്നു.

## കാർഷിക വായ്പാ സഹകരണ സംഘങ്ങളും ബാങ്കിംഗ് റെഗുലേഷൻ നിയമവും

266(280) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ 2020-ലെ ബാങ്കിംഗ് റെഗുലേഷൻ (ഭേദഗതി) നിയമത്തിന്റെ പരിധിയിൽ ഉൾപ്പെട്ടതിനാൽ സഹകരണ മേഖലയിൽ ഉളവായിരിക്കുന്ന പ്രതിസന്ധി പരിഹരിക്കുവാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

2020-ലെ ബാങ്കിംഗ് റെഗുലേഷൻ (ഭേദഗതി) നിയമത്തിന്റെ പരിധിയിൽ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ ഉൾപ്പെടുന്നില്ല. ആയതിനാൽ പ്രസ്തുത സ്ഥാപനങ്ങൾ 'Bank, Banking' എന്നീ പേരുകൾ സംഘങ്ങളുടെ പേരിനോടൊപ്പം ചേർത്ത് ഉപയോഗിക്കുന്നതിന് വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ട്. ഭേദഗതിമൂലം ഇപ്പോൾ സഹകരണ സംഘങ്ങൾ നടത്തിവരുന്ന ചെക്ക് പോലുള്ള സൗകര്യങ്ങൾ നൽകാനാവില്ല.

## ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തുവാൻ നടപടി

267(281) ശ്രീ. എൻ. കെ. അക്ബർ: താഴെക്കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സഹകരണ ബാങ്കുകളിൽനിന്നും വായ്പ എടുക്കുന്ന കുടുംബനാഥൻ മരണപ്പെട്ട് കഴിഞ്ഞാൽ തിരിച്ചടയ്ക്കാൻ കഴിയാത്ത ലോണുകൾ വായ്പ എടുത്ത സഹകരണ സംഘത്തിന് ഇൻഷ്വറൻസ് പരിരക്ഷ ഇല്ലാത്തതിന്റെ ഭാഗമായി റിസ്ക് ഫണ്ടിൽ ഉൾപ്പെടുത്തി ലോൺ ഒഴിവാക്കുന്നതിന് കഴിയാത്ത സാഹചര്യം നിലവിലുള്ളതിനാൽ ഇത് ഒഴിവാക്കുന്നതിനായി സംസ്ഥാനത്തെ മുഴുവൻ സഹകരണ സംഘങ്ങളും ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

കേരള സഹകരണ റിസ്ക്ഫണ്ട് പദ്ധതി നിയമാവലി വ്യവസ്ഥകൾക്ക് വിധേയമായാണ് റിസ്ക് ഫണ്ട് ആനുകൂല്യം അനുവദിച്ചുവരുന്നത്. കേരളത്തിലെ മുഴുവൻ വായ്പാ സഹകരണ സംഘങ്ങളിൽനിന്നും കാർഷിക, കാർഷികേതര ആവശ്യങ്ങൾക്കെടുക്കുന്ന വായ്പകൾക്ക് (സ്വർണ്ണപ്പണയ വായ്പകളും നിക്ഷേപ വായ്പകളും ഒഴികെയുള്ളവ) റിസ്ക് ഫണ്ട് നിയമാവലി നിബന്ധനപ്രകാരം റിസ്ക് ഫണ്ട് ആനുകൂല്യം അനുവദിച്ചുവരുന്നു. സഹകരണ വായ്പാ സംഘങ്ങളിൽനിന്നും അംഗങ്ങൾക്ക് വായ്പ അനുവദിക്കുമ്പോൾ റിസ്ക് ഫണ്ട് പ്രീമിയം നിയമാനുസൃതമുള്ള തുക ഈടാക്കി ബോർഡിലേയ്ക്ക് അടയ്ക്കേണ്ടത് സംഘം സെക്രട്ടറിയുടെ

ഉത്തരവാദിത്വമാണ്. കേരള സഹകരണ റിസ്ക്ഫണ്ട് പദ്ധതിയിൽ ചേരുന്നതിൽ വീഴ്ച ഉണ്ടായാൽ വായ്പ സംഘങ്ങൾക്ക് വായ്പ നൽകാൻ അവകാശമുണ്ടായിരിക്കില്ലെന്നും പ്രസ്തുത സംഘങ്ങൾക്ക് വിലക്ക് ഏർപ്പെടുത്തുമെന്നും അറിയിച്ചുകൊണ്ട് വിവിധ സർക്കുലറുകൾ സഹകരണ സംഘം രജിസ്ട്രാർ പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാനത്തെ മുഴുവൻ സഹകരണ സംഘങ്ങളും ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ച് നടപടികൾ കൈക്കൊള്ളുന്നതാണ്.

**കലാകാരന്മാരുടെ സഹകരണ സംഘം**

268(282) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കലാകാരന്മാരുടെ സഹകരണ സംഘം രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ?

ഉണ്ട്.

(ബി) എങ്കിൽ വിശദവിവരങ്ങൾ നൽകാമോ?

ബഹു. കേരളാ ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ സംഗീതം, നാടകം, പ്രകടനകലകൾ എന്നിവ അവതരിപ്പിക്കുന്ന കലാകാരന്മാരുടെ സാമ്പത്തിക ഉന്നമനത്തിനായി സാഹിത്യ പ്രവർത്തക സഹകരണ സംഘത്തിന്റെ മാതൃകയിൽ സംസ്ഥാനമൊട്ടാകെ പ്രവർത്തനപരിധിയായി കലാകാരന്മാരുടെ ഒരു സഹകരണസംഘം രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം ഉൾപ്പെടുത്തിയിട്ടുണ്ട്. കലാകാരൻമാർക്ക് അവരുടെ കലകൾ അവതരിപ്പിക്കുന്നതിന് സ്ഥിരം വേദിയൊരുക്കി അവരുടെ സാമ്പത്തികവും സാമൂഹികവുമായ ഉന്നമനം ലക്ഷ്യമിട്ടാണ് ടി സംഘം രൂപീകരിക്കാൻ തീരുമാനിച്ചിട്ടുള്ളത്. ആയതിന്റെ പ്രാരംഭ നടപടികൾ പുരോഗമിച്ചുവരുന്നു.

**സഹകരണ സ്ഥാപനങ്ങൾക്ക് എൻ.സി.ഡി.സി. സഹായം**

269(283) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ സഹകരണ വികസന കോർപ്പറേഷൻ മുഖേന സഹകരണ സ്ഥാപനങ്ങൾക്ക് കാർഷിക ഉപയോഗ സാധനങ്ങൾ ഉൽപാദിപ്പിക്കാനും സംസ്കരണം, വിതരണം, സംഭരണം, കയറ്റുമതി, ഇറക്കുമതി എന്നിവയ്ക്കും വേണ്ടിയുള്ള പരിപാടികൾ ആസൂത്രണം ചെയ്യുന്നതിനായി സാമ്പത്തികസഹായം ലഭിച്ചത് എന്നാണെന്നും ഏതൊക്കെ ഇനങ്ങൾക്കാണെന്നും വ്യക്തമാക്കുമോ?

ദേശീയ സഹകരണ വികസന കോർപ്പറേഷനിൽനിന്നും കാർഷിക ഉപയോഗ സാധനങ്ങൾ ഉൽപ്പാദിപ്പിക്കാനും സംസ്കരണം, വിതരണം, സംഭരണം എന്നീ ഇനങ്ങൾക്കുമായി സഹകരണ വകുപ്പ് മുഖേന സഹകരണ സ്ഥാപനങ്ങൾക്ക് 1972-73 സാമ്പത്തിക വർഷം മുതൽ ധനസഹായം അനുവദിച്ചുവരുന്നു.

(ബി) ദേശീയ സഹകരണ വികസന കോർപ്പറേഷന്റെ സഹായത്തോടെ കാർഷിക അനുബന്ധ മേഖലകളിലെ സമഗ്ര വികസനത്തിനും പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളെ മൾട്ടിപർപ്പസ് സൊസൈറ്റികളായി വികസിപ്പിക്കുന്നതിനും ചെറുകിട നാമമാത്ര കർഷകരുടെയും ദുർബല വിഭാഗങ്ങളുടെയും ആവശ്യങ്ങൾ നിറവേറ്റുന്നതിനുമായുള്ള പ്രവർത്തനങ്ങൾ സംസ്ഥാനത്ത് എത്രമാത്രം സാധ്യമായി എന്ന് വിശദമാക്കുമോ?

പ്രാഥമിക സഹകരണ സംഘങ്ങളെ മൾട്ടിപർപ്പസ് സൊസൈറ്റികളായി വികസിപ്പിക്കുന്നതിന് എൻ.സി.ഡി.സി. ധനസഹായം അനുവദിക്കുന്ന പദ്ധതികൾ നിലവിൽ സഹകരണ വകുപ്പ് മുഖേന നടപ്പിലാക്കുന്നില്ല. ദേശീയ സഹകരണ വികസന കോർപ്പറേഷനിൽ നിന്നുള്ള ധനസഹായം വിനിയോഗിച്ച് സഹകരണ സ്ഥാപനങ്ങൾ മുഖേന കർഷകർക്ക് കൃഷിക്കാവശ്യമായ വിത്ത്, വളം, കീടനാശിനികൾ മുതലായവ വിതരണം ചെയ്യുന്നതിനും കാർഷിക ഉൽപ്പന്നങ്ങളുടെ സംഭരണം, സംസ്കരണം എന്നിവ നടത്തുന്നതിനും ധനസഹായം അനുവദിക്കുന്നുണ്ട്. ആയതിലൂടെ ചെറുകിട നാമമാത്ര കർഷകരുടേയും ദുർബല വിഭാഗങ്ങളുടേയും ആവശ്യങ്ങൾ നിറവേറ്റുന്നതിന് സഹായകമായിട്ടുണ്ട്.

(സി) ഐ.സി.ഡി.പി. പ്രവർത്തനങ്ങൾ നിലവിൽ ഏതൊക്കെ ജില്ലകളിലാണ് നടപ്പിലാക്കുന്നതെന്നും ജില്ലകൾ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം എന്താണെന്നും അറിയിക്കുമോ?

ഐ.സി.ഡി.പി. രണ്ടാംഘട്ടം പ്രവർത്തനങ്ങൾ നിലവിൽ ഇടുക്കി, പാലക്കാട്, തൃശ്ശൂർ ജില്ലകളിലാണ് നടപ്പിലാക്കിവരുന്നത്. ജില്ലകൾ തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം ചുവടെ പറയും പ്രകാരമാണ്.

1. ഒന്നാംഘട്ടം നടപ്പിലാക്കി 8 വർഷം പൂർത്തിയായാൽ കേരള സംസ്ഥാന സഹകരണ ബാങ്കിന്റെയും സർക്കാരിന്റെയും ശിപാർശയോടുകൂടി എൻ.സി.ഡി.സി.-യുടെ അനുമതിയോടെ രണ്ടാംഘട്ടം ആരംഭിക്കാവുന്നതാണ്.

2. ഒന്നാംഘട്ടം നടപ്പിലാക്കുന്നതിന് അനുവദിച്ച ധനസഹായം പൂർണ്ണമായും സർക്കാരിലേയ്ക്ക് തിരിച്ചടച്ചിരിക്കണം.

3. കേരള സംസ്ഥാന സഹകരണ ബാങ്ക് ശിപാർശ ചെയ്യുന്ന ജില്ലയിലെ സഹകരണ സംഘങ്ങളുടെ ആവശ്യകത സംബന്ധിച്ചുള്ള വിശദപദ്ധതി റിപ്പോർട്ട് എൻ.സി.ഡി.സി.-യും സംസ്ഥാന സർക്കാരും അംഗീകരിക്കേണ്ടതുമാണ്.

(ഡി) ഐ.സി.ഡി.പി. പ്രവർത്തനങ്ങൾ കൂടുതൽ ജില്ലകളിൽ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഐ.സി.ഡി.പി. പ്രവർത്തനങ്ങൾ കൂടുതൽ ജില്ലകളിൽ നടപ്പിലാക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

**മുറ്റത്തെ മുല്ല ലഘു വായ്പാ പദ്ധതി**

270(284) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാഥമിക കാർഷിക വായ്പ സംഘങ്ങളിൽ നടപ്പിലാക്കിയിട്ടുള്ള മുറ്റത്തെ മുല്ല ലഘു വായ്പാ പദ്ധതി വഴി എത്ര കോടി രൂപ വായ്പ നൽകാൻ കഴിഞ്ഞിട്ടുണ്ടെന്ന് അറിയിക്കുമോ?

മുറ്റത്തെ മുല്ല ലഘു വായ്പാ പദ്ധതി വഴി 30-6-2021 വരെ 12,070,052,457 രൂപ വിതരണം ചെയ്തിട്ടുണ്ട്.

(ബി) ഈ പദ്ധതിയുടെ വ്യവസ്ഥകൾ ഏതെല്ലാം; വ്യക്തമാക്കാമോ?

കുടുംബശ്രീയുമായി സഹകരിച്ച് നടപ്പിലാക്കിവരുന്ന " മുറ്റത്തെ മുല്ല" ഗ്രാമീണ ലഘു വായ്പാ പദ്ധതി പ്രകാരം 1,000 രൂപ മുതൽ 50,000 രൂപ വരെയാണ് ഒരാൾക്ക് വായ്പയായി നൽകുക. വായ്പക്കാരിൽനിന്നും 12 ശതമാനം പലിശ (100 രൂപയ്ക്ക് പ്രതിമാസം 1 രൂപ) മാത്രമാണ് ഈടാക്കുക. ഇതിൽനിന്നും 9 ശതമാനം പലിശ പ്രാഥമിക കാർഷിക ബാങ്കുകളിൽ അടയ്ക്കണം. ബാക്കി കുടുംബശ്രീ യൂണിറ്റുകൾക്ക്/വായ്പാ ഇടപാട് നടത്തുന്ന യൂണിറ്റ് അംഗത്തിന് അവരുടെ ഉചിതമായ തീരുമാനപ്രകാരം എടുക്കാവുന്നതാണ്. പരമാവധി 52 ആഴ്ചകളാണ് (1 വർഷം) വായ്പ തിരിച്ചടയ്ക്കേണ്ടത്. അതായത് 1,000 രൂപ വായ്പ എടുത്ത ഒരാൾ 1 വർഷംകൊണ്ട് 52 ആഴ്ചകളിൽ തുല്യഗഡുക്കളായി 1,120 രൂപ തിരിച്ചടയ്ക്കണം. 10 ആഴ്ചകളിൽ തിരിച്ചടവ് പൂർത്തിയാകുന്ന വായ്പകളും നൽകാവുന്നതാണ്. വായ്പയുടെ തിരിച്ചടവ് കുടുംബശ്രീ യൂണിറ്റുകൾ ഉറപ്പുവരുത്തേണ്ടതാണ്. ഇതിനായി കുടുംബശ്രീ യൂണിറ്റും പ്രാഥമിക കാർഷിക വായ്പാ സംഘവും വായ്പക്കാരനും തമ്മിൽ ഒരു ത്രികക്ഷി സമ്മതപത്രം ഒപ്പിടുന്നു. ടി സമ്മതപത്രത്തിൽ ഒന്നാം കക്ഷി പ്രാഥമിക സഹകരണ സംഘവും രണ്ടാംകക്ഷി കുടുംബശ്രീ അംഗവും മൂന്നാംകക്ഷി വായ്പക്കാരനുമാണ്. ഏതെങ്കിലും വായ്പക്കാരൻ തിരിച്ചടവ് 3 മാസത്തിലധികം മുടക്കുന്നപക്ഷം വായ്പക്കാരനും കുടുംബശ്രീ അംഗവും ഒറ്റയ്ക്കും കൂട്ടായും ഉത്തരവാദികളായിരിക്കും. അത്തരം വായ്പക്കാരെ നേരിട്ട് പ്രാഥമിക സംഘത്തിലെ വായ്പക്കാരനായി മാറ്റി അവരിൽനിന്നും വായ്പ തുക വസൂലാക്കുന്നതിന് സംഘത്തിന് നിയമാനുസൃത നടപടികൾ സ്വീകരിക്കാൻ അധികാരമുണ്ട്. കുടിശ്ശിക വായ്പയുടെ 20 ശതമാനത്തിൽ

അധികരിക്കുന്ന സാഹചര്യം ഉണ്ടായാൽ അതിന് ഉത്തരവാദികളായ കുടുംബശ്രീ യൂണിറ്റുകളുടെ ക്യാഷ് ക്രെഡിറ്റ് വായ്പ പരിധി തുടർവർഷങ്ങളിൽ പുതുക്കി നൽകില്ല.

(സി) ഈ പദ്ധതി വിപുലീകരിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

നടപടികൾ സ്വീകരിക്കുന്നതാണ്.

**പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിൽ ഏകീകൃത സോഫ്റ്റ്‌വെയർ**

271(285) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാഥമിക കാർഷിക വായ്പ സംഘങ്ങളിലെ അംഗങ്ങൾക്ക് ആധുനിക ബാങ്കിംഗ് സേവനങ്ങൾ ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിലെ അംഗങ്ങൾക്ക് ആധുനിക ബാങ്കിംഗ് സേവനങ്ങൾ ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതിനുള്ള RFP (Request For Proposal) ഇ-ടെണ്ടർ ചെയ്തിട്ടുണ്ട്. ടെണ്ടർ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതാണ്.

(ബി) എങ്കിൽ പ്രസ്തുത സോഫ്റ്റ്‌വെയർ മുഖേന ഏതൊക്കെ സേവനങ്ങൾ ലഭ്യമാകുമെന്ന് വ്യക്തമാക്കാമോ?

നിലവിൽ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ നടത്തുന്ന നിക്ഷേപം, വായ്പ, എം.ഡി.എസ്. തുടങ്ങി എല്ലാ സേവനങ്ങളും ലഭ്യമാകുന്ന തരത്തിലാണ് RFP (Request For Proposal) തയ്യാറാക്കിയിട്ടുള്ളത്. കൂടാതെ കേരള ബാങ്കിന്റെ കോർ ബാങ്കിംഗ് സോഫ്റ്റ്‌വെയറുമായി ബന്ധിപ്പിച്ച് NEFT, RTGS, ATM തുടങ്ങിയ ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ റിസർവ് ബാങ്കിന്റെ നിബന്ധനകൾക്ക് വിധേയമായി പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിലെ അംഗങ്ങൾക്ക് ലഭ്യമാകുന്ന രീതിയിലാണ് ഏകീകൃത സോഫ്റ്റ്‌വെയർ തയ്യാറാക്കിയിട്ടുള്ളത്. അതോടൊപ്പം സംഘങ്ങളുടെ ഭരണനിർവ്വഹണം, സംഘം ജീവനക്കാരുടെ ശമ്പളം, വിദ്യാഭ്യാസ യോഗ്യത, ഉദ്യോഗക്കയറ്റം എന്നിവ സംബന്ധിച്ചുള്ള വിവരവും ആഡിറ്റിന് ആവശ്യമായ റിപ്പോർട്ടുകൾ, ഭരണപരമായ റിപ്പോർട്ടുകൾ, സംഘങ്ങളുടെ ഹെഡ് ആഫീസ്/ ശാഖകളിലെ ദൈനംദിന കണക്കുകളെ സംബന്ധിച്ചുള്ള റിപ്പോർട്ട് തുടങ്ങി സഹകരണ സംഘം രജിസ്ട്രാർ/ സർക്കാർ നിർദ്ദേശിക്കുന്ന രീതിയിലുള്ള എല്ലാ റിപ്പോർട്ടുകളും ഈ സോഫ്റ്റ്‌വെയറിലൂടെ ലഭ്യമാകുന്നതാണ്.

**സഹകരണ മേഖലയിലെ ഇടപെടലുകളും പ്രത്യാഘാതങ്ങളും**

272(286) ശ്രീ. പ്രമോദ് നാരായൺ:
ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ഡോ. എൻ. ജയരാജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥയിൽ നിർണ്ണായക പങ്ക് വഹിക്കുന്ന സഹകരണ പ്രസ്ഥാനത്തെ ദുർബലപ്പെടുത്തുന്ന തരത്തിലുള്ള കേന്ദ്ര സർക്കാർ നടപടികളെ അതിജീവിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ?

കേന്ദ്ര സർക്കാരിന്റെ ആദായ നികുതി നിയമത്തിലെ വകുപ്പ് 80(പി)(2) പ്രകാരമുള്ള നികുതിയിളവ് പിൻവലിച്ചത്, സാമ്പത്തികവർഷം ഒരു കോടിയിലധികം രൂപ പണമായി ബാങ്കിൽനിന്നും പിൻവലിക്കുന്നതിന് ആദായനികുതി നിയമത്തിൽ പുതുതായി കൂട്ടിച്ചേർത്ത 194(എൻ) വകുപ്പ് പ്രകാരം സ്രോതസ്സിൽ 2 ശതമാനം നികുതി (TDS) ഈടാക്കണമെന്നുള്ള വ്യവസ്ഥ എന്നിവ സംഘങ്ങളുടെ നിലനില്പിനെ തന്നെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ പ്രസ്തുത നടപടി പിൻവലിക്കണമെന്നും സഹകരണ സ്ഥാപനങ്ങൾക്ക് വരുമാന നികുതിയിൽ ഇളവ് നൽകണമെന്നുമുള്ള ആവശ്യം കേന്ദ്ര സർക്കാറിന്റെ മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. ഇതിനുപുറമേ കേന്ദ്ര ആദായനികുതി നിയമത്തിൽ പുതിയതായി കൂട്ടിചേർത്ത 194 N എന്ന വകുപ്പ് പ്രാബല്യത്തിൽ വന്നതോടെ സംസ്ഥാനത്തെ പ്രാഥമിക വായ്പ സഹകരണ ബാങ്കുകളെ ടി വ്യവസ്ഥയിൽനിന്ന് ഒഴിവാക്കുന്നതിനായി കേന്ദ്ര ധനകാര്യ, കൃഷി വകുപ്പുമന്ത്രിമാർക്ക് നിവേദനം നൽകിയിട്ടുണ്ട്. ഈ വിഷയത്തിൽ നിയമനടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശവും തേടാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) സഹകരണ മേഖലയിൽ കോർപ്പറേറ്റുകളുടെ ഇടപെടൽ മൂലമുണ്ടാകുന്ന പ്രത്യാഘാതങ്ങൾ പഠനവിധേയമാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

&

(സി) എങ്കിൽ ഇത്തരം പ്രത്യാഘാതങ്ങൾ തടയുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഇല്ല.

## മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങൾ

273(287) ശ്രീ. കെ. ബി. ഗണേഷ് കുമാർ:
ശ്രീ. കെ. പി. മോഹനൻ:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:
ശ്രീ കോവൂർ കുഞ്ഞുമോൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൾട്ടി സ്റ്റേറ്റ് സഹകരണ നിയമത്തിനുകീഴിൽ രജിസ്റ്റർ ചെയ്ത് സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾ നിക്ഷേപങ്ങൾക്ക് കൂടുതൽ ഉയർന്ന പലിശ നൽകിയും വായ്പകൾക്ക് ഉയർന്ന പലിശ ഈടാക്കിയും സാമ്പത്തിക മേഖലയിൽ നടത്തുന്ന അനാരോഗ്യകരമായ മത്സരം അവസാനിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

കേന്ദ്ര സർക്കാരിന്റെ മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ട്, 2002 പ്രകാരമാണ് മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങൾ സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നത്. ഇവയുടെ നിയന്ത്രണത്തിനായി സംസ്ഥാന സർക്കാരിന് പ്രത്യേക നിയമങ്ങൾ നിലവിലില്ല. മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങളുടെ നിക്ഷേപ-സമാഹരണ പ്രവർത്തനങ്ങൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തണമെന്നാവശ്യപ്പെട്ട് സംസ്ഥാന ചീഫ് സെക്രട്ടറി കേന്ദ്ര അഗ്രിക്കൾച്ചർ & ഫാർമേഴ്സ് വെൽഫയർ മന്ത്രാലയത്തിന് കത്തയച്ചിട്ടുണ്ട്.

(ബി) പ്രസ്തുത സഹകരണ സംഘങ്ങളുടെ സാമ്പത്തികഭദ്രത സംബന്ധിച്ച് നിക്ഷേപകർക്ക് ഉറപ്പുനൽകുവാൻ പ്രാപ്തമായ എന്തെങ്കിലും സംവിധാനങ്ങൾ നിലവിലുണ്ടോ; വിശദമാക്കുമോ?

കേന്ദ്ര സർക്കാരിന്റെ മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ട്, 2002 പ്രകാരമാണ് മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങൾ പ്രവർത്തിച്ചുവരുന്നത്. സംസ്ഥാന സർക്കാരിന് മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങളിന്മേൽ നിയന്ത്രണത്തിനായി പ്രത്യേക നിയമങ്ങൾ നിലവിലില്ല. എന്നിരുന്നാലും കേന്ദ്ര സർക്കാരിന്റെ 7-8-2018-ലെ R-11017/31/2012-l&m (Part II) നമ്പർ നോട്ടീസ് പ്രകാരം എല്ലാ മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങളും ചുവടെ ചേർക്കും പ്രകാരം നോട്ടീസ് സംഘങ്ങളിൽ പ്രദർശിപ്പിക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. " Multi-state co-operative societies are functioning as autonomous co-operative organizations accountable to their members and not under the administrative control of Central Registrar, Ministry of Agriculture and Farmers' Welfare. Therefore, the depositors/members are advised to take decision for

investing deposits based on the performance of the society at their own risk. Central Registrar, Ministry of Agriculture and Farmers' Welfare does not provide any guarantee for these deposits" . ടി നിർദ്ദേശത്തെ തുടർന്ന് ആയത് നടപ്പിൽ വരുത്തുന്നതിനായി സഹകരണ സംഘം രജിസ്ട്രാർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ടി സർക്കുലർ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എല്ലാ മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങളുടെയും പ്രവേശന കവാടത്തിൽ പ്രദർശിപ്പിക്കുന്നതിനും ആയത് ഉറപ്പു വരുത്തുന്നതിന് എല്ലാ ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ)മാർക്കും നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്.

**കാർഷിക സംഘങ്ങൾക്ക് വായ്പ ഇനത്തിൽ അനുവദിക്കാനുള്ള തുക**

274(288) ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ കാർഷിക സഹകരണ സംഘങ്ങൾ നൽകിയ പലിശരഹിത ഹ്രസ്വകാല വായ്പകളുടെ സബ്സിഡി ഇനത്തിൽ ഇതുവരെയായി എത്ര കോടി രൂപ അനുവദിക്കാനുണ്ടെന്ന് വ്യക്തമാക്കാമോ?

കാസർഗോഡ് ജില്ലയിൽ 32,47,29,335 രൂപ അനുവദിച്ച് നൽകുവാനുണ്ട്.

(ബി) അഞ്ച് കോടി രൂപ വരെ പ്രസ്തുത ഇനത്തിൽ ലഭിക്കാനുള്ള സഹകരണ സംഘങ്ങൾ പ്രതിസന്ധിയിലായതിനാൽ ടി തുക എന്നനുവദിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

2011-12 മുതൽ പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ/സർവ്വീസ് സഹകരണ ബാങ്കുകൾ/കാർഷിക ഗ്രാമവികസന ബാങ്കുകൾ മുഖേന വിതരണം ചെയ്യുന്ന കാർഷിക വായ്പകൾ കൃത്യമായി തിരിച്ചടയ്ക്കുന്ന കർഷകർക്ക് പലിശയിളവ് നല്കുന്നതിനായി "ഉത്തേജന പലിശയിളവ് പദ്ധതി" നടപ്പാക്കിവരുന്നു. ടി പദ്ധതി നടപ്പിലാക്കുന്നതിനായി സംസ്ഥാന സർക്കാർ ബഡ്ജറ്റിൽ വകയിരുത്തുന്ന തുക ജില്ലകളിൽനിന്നും ലഭ്യമാകുന്ന ക്ലെയിം സ്റ്റേറ്റുമെന്റ് പ്രകാരം അതത് വർഷം ജില്ലകൾക്ക് അനുവദിച്ച് നൽകുന്നുണ്ട്. മേൽപ്രകാരം 2020-21 സാമ്പത്തികവർഷം വരെ ബഡ്ജറ്റിൽ വകയിരുത്തിയ തുകയിൽ 2014 മാർച്ച് മാസം വരെയുള്ള തുക സംഘങ്ങൾക്ക് അനുവദിച്ചുനൽകിയിട്ടുണ്ട്. ഇനിയും അനുവദിച്ചുനൽകുവാനുള്ള തുക ലഭ്യമാക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്.

(സി) മറ്റ് ജില്ലകളിൽ പ്രസ്തുത ഇനത്തിൽ എത്ര കോടി രൂപയാണ് വിതരണം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

മറ്റ് ജില്ലകളിൽ പ്രസ്തുത ഇനത്തിൽ 2020-21 സാമ്പത്തിക വർഷത്തിൽ 18,06,73,149 രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

## വിദ്യാ തരംഗിണി പദ്ധതി

275(289) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ കുട്ടികളുടെ ഡിജിറ്റൽ പഠനം ഉറപ്പുവരുത്തുവാനായി സഹകരണ വകുപ്പ് നടപ്പിലാക്കിയിട്ടുള്ള വിദ്യാ തരംഗിണി പദ്ധതിപ്രകാരം എത്ര കുട്ടികൾക്ക് എത്ര തുക വായ്പയായി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

സഹകരണ വകുപ്പ് നടപ്പിലാക്കിയ വിദ്യാതരംഗിണി പദ്ധതിപ്രകാരം 15-7-2021 വരെ 19114 വിദ്യാർത്ഥികൾക്ക് 18,16,62,491 രൂപ വായ്പയായി നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയുടെ കാലാവധി നീട്ടുന്നതിനും വിപുലീകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

വിദ്യാതരംഗിണി പദ്ധതിപ്രകാരം ഒരു സംഘത്തിന് നൽകാവുന്ന പരമാവധി വായ്പ പരിധി 5,00,000 രൂപയായി നിജപ്പെടുത്തിയിരുന്നു. വർദ്ധിച്ച വായ്പാ ആവശ്യം കണക്കിലെടുത്ത് ടി പദ്ധതിപ്രകാരം ഒരു സംഘത്തിന്റെ വായ്പ പരിധി 10,00,000 രൂപ വരെ ഉയർത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ടി പദ്ധതിപ്രകാരം എ ക്ലാസ്സ് അംഗങ്ങൾക്ക് മാത്രമായി നൽകിയിരുന്ന വായ്പ, തിരിച്ചടവ് ഉറപ്പാക്കി സി ക്ലാസ്സ് അംഗങ്ങൾക്കുകൂടി അനുവദിക്കുവാൻ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്.

## റിസ്ക് ഫണ്ടിൽനിന്ന് ധനസഹായം

276(290) ശ്രീ. ജോബ് മൈക്കിൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലയളവിൽ ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽനിന്ന് റിസ്ക് ഫണ്ട് സ്കീമിൽ ഉൾപ്പെടുത്തി ധനസഹായം അനുവദിക്കുന്നതിന് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

220 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത അപേക്ഷകളിൽ എത്രയെണ്ണത്തിന് സഹായം അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ; വിശദവിവരം ലഭ്യമാക്കുമോ?

പ്രസ്തുത അപേക്ഷകളിൽ 179 അപേക്ഷകൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## റിസ്ക് ഫണ്ട്

277(291) ശ്രീ. ഷാഫി പറമ്പിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റിസ്ക് ഫണ്ട് മുഖേന സഹായം അനുവദിക്കുന്നതിനുള്ള നടപടിക്രമം വിശദമാക്കാമോ?

റിസ്ക് ഫണ്ട് ആനുകൂല്യം ലഭിക്കുന്നതിനായി നിർദ്ദിഷ്ട മാതൃകയിലുള്ള റിസ്ക് ഫണ്ട്/ചികിത്സാ ധനസഹായ അപേക്ഷ ബന്ധപ്പെട്ട രേഖകൾ സഹിതം കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിൽ സമർപ്പിക്കേണ്ടതാണ്. അർഹതാ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ അപേക്ഷ പരിശോധിച്ചശേഷം റിസ്ക് ഫണ്ട് പദ്ധതി നിയമാവലിപ്രകാരം അർഹതപ്പെട്ട തുക ധനസഹായമായി അനുവദിച്ചു വരുന്നു. (വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.)*

(ബി) റിസ്ക് ഫണ്ട് ആനുകൂല്യങ്ങൾ വേഗത്തിൽ വിതരണം ചെയ്യുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

റിസ്ക് ഫണ്ട് അപേക്ഷകളിൽ തീരുമാനം എടുക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കി ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് കഴിയുന്നത്ര വേഗത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഓൺലൈൻ ആയി അപേക്ഷ സമർപ്പിച്ച് സമയബന്ധിതമായി തീർപ്പുകൽപ്പിക്കുന്നതിനുള്ള സോഫ്റ്റ്‌വെയർ സംവിധാനം ബോർഡിൽ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## സഹകരണ മന്ത്രാലയം രൂപീകരണം

278(292) ശ്രീ. എച്ച്. സലാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സഹകരണമേഖലയെ കോർപ്പറേറ്റ് താല്പര്യങ്ങൾക്ക് വിട്ടുകൊടുക്കാനും ഇതിന്റെ നിയന്ത്രണം ഏറ്റെടുക്കാനും കഴിയുംവിധം കേന്ദ്ര സർക്കാർ സഹകരണ മന്ത്രാലയം രൂപീകരിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഭരണഘടനാ പ്രകാരം സംസ്ഥാന സർക്കാരുകളുടെ അധികാര പരിധിയിലുള്ള സഹകരണ സംഘങ്ങളുടെ രൂപീകരണവും നിയന്ത്രണവും കേന്ദ്ര സർക്കാർ ഏറ്റെടുക്കാൻ പോകുന്നതിന്റെ സൂചനയായി ഇതിനെ കാണുന്നുണ്ടോ;

&

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ഇതിനെതിരെ എന്ത് ചെയ്യാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

(എ-സി) കേന്ദ്ര സർക്കാർ സഹകരണ വകുപ്പ് എന്ന ഒരു പുതിയ മന്ത്രാലയം രൂപീകരിച്ചത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത മന്ത്രാലയത്തിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തി ഇക്കാര്യത്തിൽ നിലപാട് സ്വീകരിക്കുന്നതാണ്.

**ബാങ്കിംഗ് നിയമ ഭേദഗതിയും സഹകരണ മേഖലയും**

279(293) ഡോ. എം. കെ. മുനീർ:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ ബാങ്കിംഗ് നിയമഭേദഗതിമൂലം സഹകരണ മേഖലയിൽ ഉണ്ടാകുന്ന പ്രശ്നങ്ങൾ വിലയിരുത്തിയിട്ടുണ്ടോ?

(i) ബാങ്കിംഗ് ഭേദഗതി നിയമത്തിൽ വരുത്തിയ ഭേദഗതി നിർദ്ദേശങ്ങൾ കാർഷിക വായ്പ നൽകുന്ന പ്രാഥമിക സംഘങ്ങൾക്ക് ബാധകമല്ല. പ്രസ്തുത സ്ഥാപനങ്ങൾ 'Bank, Banking' എന്നീ പദങ്ങൾ സംഘങ്ങളുടെ പേരിനോടൊപ്പം ചേർത്ത് ഉപയോഗിക്കുന്നതിന് വിലക്ക് ഏർപ്പെടുത്തിയ ഭേദഗതിമൂലം ഇപ്പോൾ ബാങ്ക് നടത്തി വരുന്ന ചെക്ക് പോലുള്ള സൗകര്യങ്ങൾ നൽകാനാവില്ല. ടി ഭേദഗതി പ്രാഥമിക സംഘങ്ങളെ (ബാങ്ക് എന്ന പേരിൽ) Banking പ്രവർത്തനങ്ങൾ നടത്തുന്നതിന് നിയന്ത്രണം ഏർപ്പെടുത്തുന്നു. തന്മൂലം Bank എന്ന പേരിൽ പ്രവർത്തിക്കുന്ന സംഘങ്ങളുടെ മതിപ്പ് ഇല്ലാതാക്കാനും ആയതുവഴി നിക്ഷേപത്തിൽ കുറവു വരുന്നതിനും കാരണമാകും.

(ii) പുതിയ ഭേദഗതിയിലൂടെ സെക്ഷൻ 10-ലെ വ്യവസ്ഥകൾ സഹകരണ ബാങ്കുകൾക്കും ബാധകമാക്കുകയുണ്ടായി. ഈ നിയമത്തിലെ വ്യവസ്ഥപ്രകാരം സഹകരണ ബാങ്കിന്റെ ചെയർമാന് മറ്റൊരു ബാങ്കിൽ ചെയർമാനോ അംഗമോ ആകാൻ കഴിയില്ല. പ്രസ്തുത നിയമ വ്യവസ്ഥകൾ പ്രകാരം മാനേജിംഗ് ഡയറക്ടറുടെ നിയമനത്തിനുള്ള യോഗ്യതയും നിയമന കാലാവധിയും നിശ്ചയിക്കുന്നതിനുള്ള അധികാരം റിസർവ് ബാങ്ക് ഓഫ് ഇന്ത്യയിൽ അർപ്പിതമാണ്. 10(B)-യിലെ വ്യവസ്ഥകൾ ചെയർമാന്റെ

യോഗ്യത നിശ്ചയിക്കുന്നതാണ്. ചെയർമാനെ നിയമിക്കുന്നതിനും നീക്കം ചെയ്യുന്നതിനും റിസർവ് ബാങ്ക് ഓഫ് ഇന്ത്യയ്ക്ക് അധികാരം നൽകുന്നുണ്ട്. ടി ഭേദഗതികളെല്ലാം സഹകരണ നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിരുദ്ധമാണ്.

(iii) സെക്ഷൻ 12-ൽ വരുത്തിയ ഭേദഗതിമൂലം ജില്ലാ സഹകരണ ബാങ്കുകൾ, സംസ്ഥാന സഹകരണ ബാങ്കുകൾ എന്നിവയ്ക്ക് ആർ.ബി.ഐ.-യുടെ മുൻകൂർ അനുമതി വാങ്ങിയശേഷം public issue, private placement of share, preference share issue എന്നിവ നടത്താവുന്നതാണ്. അംഗങ്ങൾക്ക് മെമ്പർഷിപ്പ് സറണ്ടർ ചെയ്ത് ഓഹരി തിരിച്ച് വാങ്ങുന്നതിനും കഴിയുന്നതല്ല. ഇതുമൂലം ഓഹരി പിൻവലിക്കാനുള്ള അവസരം ഇല്ലാതാകുന്നതാണ്. ആയത് സഹകരണ നിയമത്തിനും വ്യവസ്ഥകൾക്കും വിരുദ്ധമാണ്.

(iv) ബാങ്കിംഗ് നിയമത്തിലെ 36 AA നിയമപ്രകാരം ബാങ്കിംഗ് സ്ഥാപനങ്ങളിലെ മാനേജിംഗ് കമ്മിറ്റിയെ supersede ചെയ്യാൻ ആർ.ബി.ഐ.-യ്ക്ക് അധികാരമുണ്ട്. നിയമ ഭേദഗതിയിലൂടെ 36AAA എന്ന പുതിയ ഭേദഗതി ഉൾപ്പെടുത്തുകയുണ്ടായി. ഈ ഭേദഗതിയിലൂടെ സഹകരണ ബാങ്കിംഗ് സ്ഥാപനങ്ങളുടെ ഭരണ സമിതിക്കെതിരെ നടപടിയെടുക്കാൻ ആർ.ബി.ഐ.-യ്ക്ക് അധികാരമുണ്ട്.

(v) ടി നിയമ ഭേദഗതിയിലൂടെ ബാങ്കുകളുടെ ഭരണസമിതിയെ നീക്കം ചെയ്യാൻ ആർ.ബി.ഐ.-യ്ക്ക് അധികാരം നൽകുന്നുണ്ട്.

(vi) ആക്ടിന്റെ 56-ാം വകുപ്പിൽ വരുത്തിയ ഭേദഗതിയിലൂടെ, സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ ഇടപെടാൻ ആർ.ബി.ഐ.-യ്ക്ക് വിപുലമായ അധികാരം നൽകുന്നുണ്ട്. സംഘത്തിന്റെ Bye-law റദ്ദാക്കാൻ പോലും ആർ.ബി.ഐ.-യ്ക്ക് അധികാരം നൽകുന്നുണ്ട്. കൂടാതെ 20, 24, 36, 45 വകുപ്പുകളിലും ഭേദഗതി വരുത്തി യിട്ടുണ്ട്. ഇതെല്ലാം സഹകരണ മേഖലയിലെ പ്രവർത്തനങ്ങളെ മൊത്തമായി ബാധിക്കുന്നതാണ്.

(ബി) ഈ നിയമഭേദഗതിമൂലം സഹകരണ മേഖലയിലുണ്ടാകുന്ന പ്രതിസന്ധി എപ്രകാരം തരണം ചെയ്യാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

ബാങ്കിംഗ് നിയമ (ഭേദഗതി) 2020 ബിൽ, നിയമമാകുന്നതിന് മുൻപ് ഈ നിയമത്തിലെ സഹകരണ ബാങ്കുകളെ ബാധിക്കുന്ന വിഷയങ്ങളിൽ ഭേദഗതി വേണമെന്ന് 14-ാം കേരള നിയമസഭ ഒരു പ്രമേയത്തിലൂടെ ഐകകണ്ഠ്യേന ആവശ്യപ്പെടുകയുണ്ടായി. സംസ്ഥാനത്തുനിന്നുള്ള പാർലമെന്റ് അംഗങ്ങൾ മുഖാന്തരവും പ്രശ്നം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. ബിൽ നിയമമായതിനു ശേഷമുള്ള ഭാവി നടപടികൾ ചർച്ചചെയ്യുന്നതിന് കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് ഒരു സർവ്വകക്ഷി യോഗം വിളിച്ചുചേർക്കുന്നതിന് തീരുമാനിച്ചിരുന്നെങ്കിലും പൊതു തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ച സാഹചര്യത്തിലും കോവിഡുമായി ബന്ധപ്പെട്ട് ലോക്ക്ഡൗൺ നടപ്പിലാക്കിയിരുന്നതിനാലും ടി യോഗം വിളിച്ചു ചേർക്കുന്നതിന് കഴിഞ്ഞിരുന്നില്ല. പ്രസ്തുത യോഗം വിളിച്ചുചേർക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

### സഹകരണ മേഖലയിൽ കേന്ദ്രസർക്കാരിന്റെ ഇടപെടലുകൾ

280(294) ശ്രീ. എ. സി. മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിലെ കേന്ദ്രസർക്കാരിന്റെ ഇടപെടലുകൾ സംസ്ഥാനത്തെ ഏതുതരത്തിൽ ബാധിക്കും എന്നത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ;

&

(ബി) കേന്ദ്രസർക്കാരിന്റെ പുതിയ സഹകരണ മന്ത്രാലയ രൂപീകരണം സംസ്ഥാന സഹകരണ മേഖലയെ ഏതുതരത്തിലാണ് ബാധിക്കുക എന്ന് വ്യക്തമാക്കാമോ?

സഹകരണ മേഖലയിലെ കേന്ദ്ര സർക്കാരിന്റെ ഇടപെടലുകൾ സംസ്ഥാനത്തെ ഏതുതരത്തിൽ ബാധിക്കും എന്നത് സംബന്ധിച്ച് പഠനം നടത്തിയിട്ടില്ല. എന്നാൽ കേന്ദ്ര സർക്കാർ സഹകരണ വകുപ്പ് എന്ന ഒരു പുതിയ മന്ത്രാലയം രൂപീകരിച്ചത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത മന്ത്രാലയത്തിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയശേഷം ഇക്കാര്യത്തിൽ നിലപാടുകൾ സ്വീകരിക്കുന്നതാണ്.

### നൂറുദിന കർമ്മപരിപാടി

281(295) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെക്കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നൂറുദിന കർമ്മപരിപാടിയുടെ ഭാഗമായി സംസ്ഥാനത്തെ സഹകരണ മേഖല തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ?

നൂറുദിന കർമ്മ പരിപാടിയുടെ ഭാഗമായി സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ, സഹകരണ അപ്പെക്സ് ഫെഡറേഷനുകൾ, മറ്റ് സഹകരണ സംഘങ്ങൾ, കേരളാ ബാങ്കിന്റെ 769 ശാഖകൾ എന്നിവയിലൂടെ തൊഴിലധിഷ്ഠിതമായ സൂക്ഷ്മ-ചെറുകിട സംരംഭങ്ങൾ, ചെറുകിട കച്ചവടം എന്നീ പദ്ധതികൾക്കായി വായ്പകൾ അനുവദിച്ചുകൊണ്ട് 10000 തൊഴിൽ ഉറപ്പാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

**ടൂർഫെഡ്**

282(296) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവിഡ് പശ്ചാത്തലത്തിൽ പ്രതിസന്ധിയിലായിരിക്കുന്ന വിനോദസഞ്ചാര മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിന് ടൂർഫെഡ് എന്തെങ്കിലും ഇടപെടലുകൾ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

കോവിഡിന്റെ പശ്ചാത്തലത്തിൽ വിനോദസഞ്ചാര മേഖല വലിയ പ്രതിസന്ധികൾ നേരിടുന്നുണ്ട്. കോവിഡ് പ്രതിസന്ധി അവസാനിക്കുന്ന മുറയ്ക്ക് വിനോദസഞ്ചാര മേഖലയുടെ പുനരുജ്ജീവനത്തിന് ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതാണ്.

**ലൈഫ് മിഷൻ പദ്ധതി**

283(297) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി മാവേലിക്കര നിയോജക മണ്ഡലത്തിലെ തഴക്കരയിൽ ഫ്ളാറ്റ് നിർമ്മിക്കുന്നതിന് സഹകരണ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ആലപ്പുഴ ജില്ലയിൽ മാവേലിക്കര താലൂക്കിലെ തഴക്കര ഗ്രാമ പഞ്ചായത്തിൽ കെയർ ഹോം രണ്ടാംഘട്ട പദ്ധതിയിൽപ്പെടുത്തി ഫ്ലാറ്റ് നിർമ്മിക്കുന്നതിനുള്ള പദ്ധതി സഹകരണ വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. സ്ഥലത്തിന്റെ മണ്ണുപരിശോധന നടത്തിയ റിപ്പോർട്ട് കൊല്ലം ടി.കെ.എം. എഞ്ചിനീയറിംഗ് കോളേജിൽനിന്നും ലഭിച്ചിട്ടുണ്ട്. ആലപ്പുഴയിലെ CAPE എഞ്ചിനീയറിംഗ് കോളേജ് പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കി നൽകിയിട്ടുണ്ട്. തുടർനടപടി ചർച്ച ചെയ്യുന്നതിന് ജില്ലാതല സാങ്കേതിക സമിതിയോഗം ചേർന്നു. പ്ലാനും എസ്റ്റിമേറ്റും ജില്ലാതല സാങ്കേതിക സമിതി അംഗീകരിക്കണമെങ്കിൽ കേരള പഞ്ചായത്ത് ബിൽഡിംഗ് റൂൾസിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ടുള്ള, ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് (DPR)

ആവശ്യമാണെന്ന സാങ്കേതിക സമിതിയുടെ നിർദ്ദേശം അനുസരിച്ച് ഡി.പി.ആർ. തയ്യാറാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള സങ്കേതിക സംവിധാനങ്ങൾ CAPE എഞ്ചിനീയറിംഗ് കോളേജിൽ ഇല്ലാത്തതിനാൽ സർക്കാർ അക്രെഡിറ്റഡ് എജൻസിയായ തൃശ്ശൂർ ഡിസ്ട്രിക്റ്റ് ലേബർ കോൺട്രാക്റ്റ് സൊസൈറ്റിയുമായി ആശയ വിനിമയം നടത്തിവരുന്നു.

(ബി) പ്രസ്തുത നിർമ്മാണം അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

അനുബന്ധ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് പദ്ധതി പ്രവർത്തനം ഉടൻ ഏറ്റെടുക്കുന്നതാണ്.

**ഭൂമി രജിസ്ട്രേഷനും അണ്ടർ വാല്യുവേഷനും**

284(298) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ നിശ്ചയിച്ചിട്ടുള്ള ഭൂമിയുടെ ന്യായവിലയെക്കാൾ കുറച്ച് വസ്തു കൈമാറ്റ രജിസ്ട്രേഷൻ നടപടി പൂർത്തീകരിക്കാൻ കഴിയില്ല എന്ന സാഹചര്യം നിലവിലുണ്ടോ?

ഉണ്ട്; കേരള മുദ്രപ്പത്ര ആക്റ്റിലെ 45-എ വകുപ്പ് പ്രകാരം, ആധാരത്തിൽ കാണിച്ചിട്ടുള്ള വസ്തുവിന്റെ വില അല്ലെങ്കിൽ പ്രതിഫലം ന്യായവിലയിൽ കുറവല്ല എന്ന് രജിസ്റ്ററിംഗ് ഉദ്യോഗസ്ഥന് ബോദ്ധ്യമായാൽ മാത്രമേ ആധാരം രജിസ്റ്റർ ചെയ്യാൻ കഴിയുകയുള്ളൂ. ആധാരത്തിൽ കാണിച്ചിട്ടുള്ള വസ്തുവിന്റെ വില അല്ലെങ്കിൽ പ്രതിഫലം ന്യായവിലയിൽ കുറവാണെങ്കിൽ, ന്യായവില പ്രകാരമുള്ള ശരിയായ മുദ്രവില അടയ്ക്കാൻ രജിസ്റ്ററിംഗ് ഓഫീസർ നോട്ടീസ് നൽകുകയും ഏഴ് ദിവസങ്ങൾക്കുള്ളിൽ അപ്രകാരം ശരിയായ മുദ്രവില അടച്ചാൽ ആധാരം രജിസ്റ്റർ ചെയ്തുനൽകുന്നതുമാണ്.

(ബി) എങ്കിൽ ഇത്തരം രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ചശേഷം രജിസ്ട്രേഷൻ ഉദ്യോഗസ്ഥർമുഖേന അണ്ടർ വാല്യുവേഷൻ നോട്ടീസ് നൽകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വസ്തുവിന്റെ വില/പ്രതിഫലം അല്ലെങ്കിൽ ന്യായവില ഇതിൽ ഏതാണോ കൂടുതൽ അതിനാണ് മുദ്രവില ചുമത്തേണ്ടത്. കേരള മുദ്രപ്പത്ര ആക്റ്റിലെ വകുപ്പ് 45-ബി പ്രകാരം വസ്തു കൈമാറ്റം നടന്നശേഷം, അതിലെ വസ്തുവിന്റെ വില/പ്രതിഫലം ശരിയായിട്ടല്ല നിർണ്ണയിച്ചതെന്ന് പിന്നീട് ശ്രദ്ധയിൽപ്പെട്ടാൽ വാല്യുവേഷൻ നോട്ടീസ് നൽകിവരുന്നുണ്ട്.

(സി) അണ്ടർ വാല്യുവേഷൻ കേസ്സുകൾ അവസാനിപ്പിക്കാൻ വകുപ്പ് സ്വീകരിച്ച നടപടികളെകുറിച്ച് വ്യക്തമാക്കുമോ?

1. 2010-ൽ ഭൂമിയുടെ ന്യായവില നിർണ്ണയിച്ച് പ്രസിദ്ധപ്പെടുത്തി. പ്രസ്തുത ന്യായവില 2014-ൽ 50 ശതമാനവും 2018, 2019, 2020 വർഷങ്ങളിൽ 10 ശതമാനം വീതവും വർദ്ധിപ്പിച്ചു.

2. ഫ്ലാറ്റുകൾ/അപ്പാർട്ടുമെന്റുകൾ എന്നിവ വിലകുറച്ച് രജിസ്റ്റർ ചെയ്യുന്നത് കാരണമുള്ള റവന്യൂനഷ്ടം ഒഴിവാക്കുന്നതിനായി 2016-ലെ ഫിനാൻസ് ആക്റ്റിലൂടെ ഫ്ലാറ്റുകൾ/അപ്പാർട്ടുമെന്റുകൾ എന്നിവ കൈമാറ്റം ചെയ്യുന്ന ആധാരങ്ങളിൽ കേന്ദ്ര പൊതുമരാമത്ത് വകുപ്പിന്റെ മാനദണ്ഡം അനുസരിച്ചുള്ള വാല്യുവേഷൻ സർട്ടിഫിക്കറ്റ് നിർബന്ധമാക്കി.

3. ഫ്ലാറ്റുകൾ/അപ്പാർട്ടുമെന്റുകൾ ഒഴികെയുള്ള കെട്ടിടങ്ങൾ കൈമാറ്റം ചെയ്യുന്ന ആധാരങ്ങൾക്കും കേന്ദ്ര പൊതുമരാമത്ത് വകുപ്പിന്റെ മാനദണ്ഡം അനുസരിച്ചുള്ള വാല്യുവേഷൻ സർട്ടിഫിക്കറ്റ് വേണമെന്ന വ്യവസ്ഥ 2020 ഏപ്രിൽ 1 മുതൽ ബാധകമാക്കി.

**രജിസ്ട്രേഷൻ വകുപ്പിന്റെ ആധുനികവൽക്കരണം**

285(299) ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. കെ. പ്രേംകുമാർ:
ശ്രീ. എ. രാജ:
ശ്രീ. ജി. സ്റ്റീഫൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രജിസ്ട്രേഷൻ വകുപ്പിനെ ആധുനീകരിക്കാൻ കഴിഞ്ഞ സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നതിന് പദ്ധതിയുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

രജിസ്ട്രേഷൻ വകുപ്പിന്റെ ആധുനികവൽക്കരണവുമായി ബന്ധപ്പെട്ട് ചുവടെ വിവരിക്കുന്ന പരിപാടികൾ മുൻ സർക്കാരിന്റെ ഭരണകാലത്ത് നടപ്പിലാക്കിയിരുന്നു.

(1) വിൽക്കുന്നയാളിനോ വാങ്ങുന്നയാളിനോ സ്വയം ആധാരം തയ്യാറാക്കുന്നതിനുള്ള നിയമഭേദഗതി. (2) സ്വയം ആധാരം തയ്യാറാക്കുന്നതിനെ പ്രോൽസാഹിപ്പിക്കുന്നതിനും സബ്‌രജിസ്ട്രാർ ഓഫീസിൽ ഫയൽ ചെയ്യുന്ന ആധാരപകർപ്പുകൾ കമ്പ്യൂട്ടറിൽ തയ്യാറാക്കുന്നതിനുമായി ഫയലിംഗ് ഷീറ്റുകളുടെ രൂപം എ 3 സൈസിൽനിന്നും

എ 4 സൈസിലേയ്ക്ക് മാറ്റിയിരുന്നു. (3) സബ്‌രജിസ്ട്രാർ ഓഫീസിൽ നിന്നുള്ള എല്ലാ സേവനങ്ങൾക്കും ഇ-പേമെന്റ് സൗകര്യം ഒരുക്കുകയും സബ് രജിസ്ട്രാർ ഓഫീസുകളിൽ ഇ-പോസ് ഉപകരണങ്ങൾ സ്ഥാപിക്കുകയും ചെയ്തിരുന്നു. (4) ഒരു ലക്ഷം രൂപയ്ക്ക് മുകളിൽ മുദ്രവില വരുന്ന എല്ലാ ആധാരങ്ങൾക്കും ഇ-സ്റ്റാമ്പിംഗ് സൗകര്യം. (5) ആധാര രജിസ്ട്രേഷൻ നടത്തേണ്ട തീയതിയും സമയവും മുൻകൂട്ടി നിശ്ചയിച്ചുകൊണ്ട് ടോക്കൺ ഓൺലൈനായി എടുക്കുന്നതിനുള്ള സൗകര്യം. (6) വകുപ്പ് ആസ്ഥാന ഓഫീസിൽ ഇ-ഓഫീസ് സൗകര്യം നടപ്പിലാക്കി. (7) സഹകരണ ബാങ്കുകളിൽ നിന്നുള്ള ലോണുകൾക്കായുള്ള ഗഹാൻ ആധാരങ്ങൾക്ക് പൂർണ്ണമായും ഓൺലൈൻ സൗകര്യം. (8) KSFE-യുമായി ചേർന്നുകൊണ്ട് പ്രവാസി ചിട്ടികൾക്ക് പൂർണ്ണമായും ഓൺലൈൻ സൗകര്യം. 9) സബ്‌രജിസ്ട്രാർ ഓഫീസുകളിൽ പോകാതെതന്നെ ആധാരപ്പകർപ്പുകൾ ഓൺലൈനായി ലഭ്യമാക്കുന്നതിനുള്ള പദ്ധതിയുടെ പരീക്ഷണ പരിപാടികൾക്ക് തുടക്കംകുറിച്ചു. (10) മുൻ ആധാര വിവരങ്ങൾ ഡിജിറ്റൈസ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് 'അനശ്വര' എന്ന പദ്ധതി 6 ജില്ലകളിൽ ആരംഭിച്ചു. (11) 51 സബ്‌രജിസ്ട്രാർ ഓഫീസുകൾക്ക് കിഫ്ബി പദ്ധതിയിലൂടെ സ്വന്തം കെട്ടിട നിർമ്മാണം ആരംഭിക്കുകയും അതിൽപ്പെട്ട 29 സബ്‌രജിസ്ട്രാർ ഓഫീസുകൾ പുതിയ കെട്ടിടത്തിൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. (12) സബ്‌രജിസ്ട്രാർ ഓഫീസുകളിലെ റിക്കാർഡ് മുറികൾ നവീകരിക്കുന്നതിനുള്ള പദ്ധതിയുടെ ഭാഗമായി 37 സബ്‌രജിസ്ട്രാർ ഓഫീസുകളിൽ ആധുനിക രീതിയിലുള്ള കോംപാക്റ്ററുകൾ സ്ഥാപിച്ചു. (13) പാർട്ണർഷിപ്പ് രജിസ്ട്രേഷൻ പൂർണ്ണമായും ഓൺലൈൻ സൗകര്യമൊരുക്കി. (14) സൊസൈറ്റി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട വിവിധ സേവനങ്ങൾക്ക് ഓൺലൈൻ സൗകര്യം. (15) ഒരു ജില്ലയിലുള്ള ഏത് ആധാരവും അതേ ജില്ലയിലെ ഏത് സബ്‌രജിസ്ട്രാർ ഓഫീസിലും രജിസ്റ്റർ ചെയ്യുന്നതിനുള്ള ഓൺലൈൻ സൗകര്യം.

മേൽ വിവരിച്ച പരിപാടികൾ വിപുലീകരിക്കുന്നതിന്റെ ഭാഗമായി ചുവടെ വിവരിക്കുന്ന പരിഷ്കാരങ്ങളും വകുപ്പിന്റെ പരിഗണനയിലാണ്.

1. എല്ലാ മൂല്യങ്ങൾക്കുമുള്ള മുദ്രപ്പത്രങ്ങൾക്ക് പകരമായി സമ്പൂർണ്ണ ഇ-സ്റ്റാമ്പിംഗ് സൗകര്യം.

2. ബാങ്കുകളിൽനിന്നും മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽനിന്നും ലോണുകളുമായി ബന്ധപ്പെട്ട കരാറുകൾ ചെയ്യുന്നതിന് ബന്ധപ്പെട്ട സ്ഥാപനങ്ങൾ സന്ദർശിക്കാതെതന്നെ ഡിജിറ്റൽ രൂപത്തിൽ കരാറുകൾ തയ്യാറാക്കുന്നതിനുള്ള സൗകര്യം.

3. രജിസ്ട്രേഷൻ സംവിധാനമായ 'PEARL' സാങ്കേതികമായി കൂടുതൽ മികവുറ്റതാക്കുന്നതിനായി ബ്ലോക്ക് ചെയിൻ അധിഷ്ഠിതമാക്കിക്കൊണ്ട് 'smart contract' എന്ന ആശയം നടപ്പിലാക്കിക്കൊണ്ട് എല്ലാ തരം ആധാരങ്ങൾക്കും ഡിജിറ്റൽ രൂപം.

4. മുൻ ആധാരവിവരങ്ങൾ ഡിജിറ്റൈസ് ചെയ്യുന്ന പദ്ധതി എല്ലാ ജില്ലകളിലും നടപ്പിലാക്കും.

5. ആധാരപ്പകർപ്പുകൾക്കായി അപേക്ഷാ കക്ഷികൾ ഓഫീസിൽ വരാതെതന്നെ ഓൺലൈനായി ലഭ്യമാക്കുന്നതിനുള്ള സൗകര്യം.

6. വിവാഹ രജിസ്ട്രേഷനായുള്ള അപേക്ഷാ നടപടിക്രമങ്ങൾ പൂർണ്ണമായും ഓൺലൈനിലാക്കും.

7. പാർട്ട്ണർഷിപ്പ്, സൊസൈറ്റി രജിസ്ട്രേഷൻ നടപടികൾ പൂർണ്ണമായും ഓൺലൈനാക്കും.

8. ചിട്ടി രജിസ്ട്രേഷന് പൂർണ്ണമായി ഡിജിറ്റൽ രൂപം.

9. സംസ്ഥാനത്തിന്റെ Ease of doing business പരിപാടികളുടെ ഭാഗമായി തെരഞ്ഞെടുക്കപ്പെടുന്ന സബ് രജിസ്ട്രാർ ഓഫീസുകളിൽ അവധിദിന രജിസ്ട്രേഷൻ ഏർപ്പെടുത്തും.

10. തെരഞ്ഞെടുക്കപ്പെടുന്ന സബ്‌രജിസ്ട്രാർ ഓഫീസുകൾ ISO നിലവാരത്തിലേയ്ക്കുയർത്തും.

11. ആധാരം ഹാജരാക്കിയ ദിവസംതന്നെ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കിക്കൊണ്ട് അന്നേദിവസംതന്നെ ആധാരം മടക്കി നൽകുകയെന്ന ലക്ഷ്യം കൈവരിക്കുന്നതിനായി രജിസ്ട്രേഷനോട നുബന്ധിച്ചുള്ള വിവിധ നടപടിക്രമങ്ങളുടെ ലളിതവൽക്കരണവും ആധാര കക്ഷികളുടെ ഫോട്ടോയും വിരൽപ്പതിപ്പും കമ്പ്യൂട്ടർ മുഖാന്തരം എടുക്കുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതാണ്.

12. രജിസ്ട്രാറുടെ മുമ്പാകെ ഹാജരാകേണ്ടതില്ലാത്ത ആധാരങ്ങൾക്ക് പൂർണ്ണമായും ഓൺലൈൻ രജിസ്ട്രേഷൻ സാദ്ധ്യത പരിശോധിക്കും.

13. രജിസ്ട്രേഷൻ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള എല്ലാ ഓഫീസുകളിലും ഇ-ഓഫീസ് സൗകര്യം.

14. എല്ലാ സബ്‌രജിസ്ട്രാർ ഓഫീസുകളിലെയും റിക്കാർഡ് മുറികൾ നവീകരിക്കുന്നതിന്റെ ഭാഗമായി ആധുനിക രീതിയിലുള്ള കോംപാക്ടറുകൾ സ്ഥാപിക്കും.

15. എല്ലാ സബ്‌രജിസ്ട്രാർ ഓഫീസുകളും ജനസൗഹാർദ്ദമാക്കുന്നതി നാവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കും. 16 രജിസ്ട്രേഷൻ വകുപ്പിന്റെ വെബ് സൈറ്റ് കൂടുതൽ മികവുറ്റതാക്കും.

17. റവന്യൂ-സർവ്വെ വകുപ്പുകളുടെ ഡിജിറ്റൈസേഷൻ പദ്ധതി പൂർത്തി യാകുന്ന മുറയ്ക്ക് ഏത് ആധാരവും സംസ്ഥാനത്തെ ഏത് ഓഫീസിലും രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യം.

18. രജിസ്ട്രേഷൻ-റവന്യൂ-സർവ്വെ വകുപ്പുകളിൽ നിന്നുള്ള വിവിധ സേവന ങ്ങൾക്ക് ഏകജാലക സംവിധാനം.

19. നിലവിൽ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന എല്ലാ ഓഫീസു കൾക്കും സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള പദ്ധതി.

(ബി) സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിൽ സാരമായ പങ്ക് നൽകുന്ന രജിസ്ട്രേഷൻ വകുപ്പിൽ ഉള്ളതായി പറയപ്പെടുന്ന അഴിമതി അവസാനിപ്പിക്കു ന്നതിനും പ്രവർത്തനം ജനസൗഹൃദമാക്കുന്നതിനും സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ അറിയിക്കാമോ?

1. എല്ലാ മൂല്യങ്ങൾക്കുമുള്ള മുദ്രപ്പത്രങ്ങൾക്ക് പകരമായി സമ്പൂർണ്ണ ഇ-സ്റ്റാമ്പിംഗ് സൗകര്യം

2. ബാങ്കുകളിൽനിന്നും മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽനിന്നും ലോണുകളുമായി ബന്ധപ്പെട്ട കരാറുകൾ ചെയ്യുന്നതിന് ബന്ധപ്പെട്ട സ്ഥാപനങ്ങൾ സന്ദർശിക്കാതെതന്നെ ഡിജിറ്റൽ രൂപത്തിൽ കരാറുകൾ തയ്യാറാക്കുന്നതിനായുള്ള സൗകര്യം

3. രജിസ്ട്രേഷൻ സംവിധാനമായ 'PEARL' സാങ്കേതികമായി കൂടുതൽ മികവുറ്റതാക്കുന്നതിനായി ബ്ലോക്ക് ചെയിൻ അധിഷ്ഠിത മാക്കിക്കൊണ്ട് 'smart contract' എന്ന ആശയം നടപ്പിലാക്കി ക്കൊണ്ട് എല്ലാ തരം ആധാരങ്ങൾക്കും ഡിജിറ്റൽ രൂപം.

4. മുൻ ആധാരവിവരങ്ങൾ ഡിജിറ്റൈസ് ചെയ്യുന്ന പദ്ധതി എല്ലാ ജില്ലകളിലും നടപ്പിലാക്കും.

5. ആധാരപ്പകർപ്പുകൾക്കായി അപേക്ഷാ കക്ഷികൾ ഓഫീസിൽ വരാതെതന്നെ ഓൺലൈനായി ലഭ്യമാക്കുന്നതിനുള്ള സൗകര്യം.

6. വിവാഹ രജിസ്ട്രേഷനായുള്ള അപേക്ഷാ നടപടിക്രമങ്ങൾ പൂർണ്ണമായും ഓൺലൈനിലാക്കും.

7. പാർട്ട്ണർഷിപ്പ്, സൊസൈറ്റി രജിസ്ട്രേഷൻ നടപടികൾ പൂർണ്ണമായും ഓൺലൈനാക്കും.

8. ചിട്ടി രജിസ്ട്രേഷന് പൂർണ്ണമായി ഡിജിറ്റൽ രൂപം

9. സംസ്ഥാനത്തിന്റെ Ease of doing business പരിപാടികളുടെ ഭാഗമായി തെരഞ്ഞെടുക്കപ്പെടുന്ന സബ്‌രജിസ്ട്രാർ ഓഫീസു കളിൽ അവധി ദിന രജിസ്ട്രേഷൻ ഏർപ്പെടുത്തും

10. തെരഞ്ഞെടുക്കപ്പെടുന്ന സബ്‌രജിസ്ട്രാർ ഓഫീസുകൾ ISO നിലവാരത്തിലേയ്ക്കുയർത്തും.

11. ആധാരം ഹാജരാക്കിയ ദിവസംതന്നെ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കിക്കൊണ്ട് അന്നേ ദിവസംതന്നെ ആധാരം മടക്കി നൽകുകയെന്ന ലക്ഷ്യം കൈവരിക്കുന്നതിനായി രജിസ്ട്രേഷനോടനുബന്ധിച്ചുള്ള വിവിധ നടപടിക്രമങ്ങളുടെ ലളിതവൽക്കരണവും ആധാര കക്ഷികളുടെ ഫോട്ടോയും വിരൽപ്പതിപ്പും കമ്പ്യൂട്ടർ മുഖാന്തരം എടുക്കുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതാണ്.

12. രജിസ്ട്രാറുടെ മുമ്പാകെ ഹാജരാകേണ്ടതില്ലാത്ത ആധാരങ്ങൾക്ക് പൂർണ്ണമായും ഓൺലൈൻ രജിസ്ട്രേഷൻ സാധ്യത പരിശോധിക്കും.

13. രജിസ്ട്രേഷൻ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള എല്ലാ ഓഫീസുകളിലും ഇ-ഓഫീസ് സൗകര്യം.

14. എല്ലാ സബ്‌രജിസ്ട്രാർ ഓഫീസുകളിലെയും റിക്കാർഡ് മുറികൾ നവീകരിക്കുന്നതിന്റെ ഭാഗമായി ആധുനിക രീതിയിലുള്ള കോംപാക്ടറുകൾ സ്ഥാപിക്കും.

15. എല്ലാ സബ്‌രജിസ്ട്രാർ ഓഫീസുകളും ജനസൗഹാർദ്ദമാക്കുന്നതിനാവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കും.

16. രജിസ്ട്രേഷൻ വകുപ്പിന്റെ വെബ് സൈറ്റ് കൂടുതൽ മികവുറ്റതാക്കും.

17. റവന്യൂ-സർവ്വെ വകുപ്പുകളുടെ ഡിജിറ്റൈസേഷൻ പദ്ധതി പൂർത്തിയാകുന്നമുറയ്ക്ക് ഏത് ആധാരവും സംസ്ഥാനത്തെ ഏത് ഓഫീസിലും രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യം.

18. രജിസ്ട്രേഷൻ-റവന്യൂ-സർവ്വെ വകുപ്പുകളിൽനിന്നുള്ള വിവിധ സേവനങ്ങൾക്ക് ഏകജാലക സംവിധാനം.

19. നിലവിൽ വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന എല്ലാ ഓഫീസുകൾക്കും സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള പദ്ധതി.

(സി) രജിസ്ട്രേഷൻ വകുപ്പിൽ ആധുനിക സാങ്കേതികവിദ്യയുടെ പ്രയോഗം കാര്യക്ഷമവും സുതാര്യവും അതോടൊപ്പം സുരക്ഷിതവുമായിരിക്കുമെന്ന് ഉറപ്പുവരുത്താൻ ചെയ്യാനുദ്ദേശിക്കുന്ന കാര്യങ്ങൾ എന്തെല്ലാം; അറിയിക്കുമോ?

കമ്പ്യൂട്ടർവൽകൃത രജിസ്ട്രേഷൻ സംവിധാനം കൂടുതൽ സുതാര്യവും ഡിജിറ്റൽ ഇടപാടുകൾക്ക് സുരക്ഷിതത്വവും ഉറപ്പാക്കിക്കൊണ്ട് നിലവിലെ സംവിധാനം കുറ്റമറ്റതാക്കുക എന്ന ലക്ഷ്യവും മുൻനിർത്തിക്കൊണ്ട് നിലവിലെ ഓൺലൈൻ സംവിധാനം ആധുനിക സാങ്കേതികവിദ്യയായ ബ്ലോക്ക് ചെയിൻ അധിഷ്ഠിതമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കമ്പ്യൂട്ടർവത്കൃത രജിസ്ട്രേഷൻ സംവിധാനം

286(300) <u>ശ്രീ. എ. പി. അനിൽ കുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഡിജിറ്റൽ ഇടപാടുകളിലെ സുരക്ഷിതത്വമില്ലായ്മ കമ്പ്യൂട്ടർവത്കൃത രജിസ്ട്രേഷൻ സംവിധാനത്തിന്റെ വിശ്വാസ്യതയെ ബാധിച്ചിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഡിജിറ്റൽ ഇടപാടുകൾ കമ്പ്യൂട്ടർവത്കൃത രജിസ്ട്രേഷൻ സംവിധാനത്തിന്റെ വിശ്വാസ്യതയെ ബാധിച്ചിട്ടില്ല. കമ്പ്യൂട്ടർവത്കൃത രജിസ്ട്രേഷൻ സംവിധാനം കൂടുതൽ സുതാര്യവും ഡിജിറ്റൽ ഇടപാടുകൾക്ക് സുരക്ഷിതത്വവും ഉറപ്പാക്കിക്കൊണ്ടും നിലവിലെ സംവിധാനം കുറ്റമറ്റതാക്കുക എന്ന ലക്ഷ്യം മുൻനിർത്തിക്കൊണ്ടും നിലവിലെ ഓൺലൈൻ സംവിധാനം ആധുനിക സാങ്കേതിക വിദ്യയായ ബ്ലോക്ക് ചെയിൻ അധിഷ്ഠിതമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## പാറശ്ശാല നിയോജകമണ്ഡലത്തിലെ സബ്‌രജിസ്ട്രാർ ആഫീസുകളുടെ നവീകരണം

287(301) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജകമണ്ഡലത്തിലെ സബ്‌രജിസ്ട്രാർ ആഫീസുകളുടെ നവീകരണവുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള നടപടികളും ആയതിന്റെ പുരോഗതിയും അറിയിക്കാമോ?

പാറശാല സബ്‌രജിസ്ട്രാർ ഓഫീസിന്റെ അറ്റകുറ്റപ്പണികളുമായി ബന്ധപ്പെട്ട് ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഒറ്റശേഖരമംഗലം സബ്‌രജിസ്ട്രാർ ഓഫീസിന്റെ അറ്റകുറ്റപ്പണികൾ നടത്തുകയും ഓഫീസിന്റെ കവാടത്തിൽ ഓഫീസ് ബോർഡ് സ്ഥാപിക്കുകയും പുതിയ നോട്ടീസ് ബോർഡ് സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. കുന്നത്തുകാൽ സബ് രജിസ്ട്രാർ ആഫീസിലെ നവീകരണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. പെരുങ്കടവിള സബ് രജിസ്ട്രാർ ഓഫീസിന്റെ കുഴൽക്കിണർ, ശുചിമുറി മെയിന്റനൻസ് എന്നിവയുമായി ബന്ധപ്പെട്ടുള്ള നടപടികൾ പുരോഗമിക്കുന്നു.

(ബി) നിയോജകമണ്ഡലത്തിലെ ഏതെല്ലാം ഓഫീസുകളിലാണ് മോഡേൺ റിക്കാർഡ് റൂം സംവിധാനം ആരംഭിക്കാൻ ഉദ്ദേശിക്കുന്നതെന്നും അവയുടെ നിർമ്മാണ പുരോഗതി സംബന്ധിച്ച വിശദാംശവും അറിയിക്കാമോ?

ഈ വിഷയത്തിൽ തീരുമാനം എടുത്തിട്ടില്ല.

## കല്ല്യാശ്ശേരി സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടം

288(302) ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി സബ് രജിസ്ട്രാർ ഓഫീസിന് പുതുതായി കെട്ടിടം നിർമ്മിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

കല്ല്യാശ്ശേരി സബ് രജിസ്ട്രാർ ഓഫീസിന് പുതുതായി കെട്ടിടം നിർമ്മിക്കുന്നതിനായി കല്യാശ്ശേരി ധർമ്മശാല എന്ന സ്ഥലത്ത് റീസർവേ നമ്പർ 387/2 ഭൂമി എക്സൈസ്/രജിസ്ട്രേഷൻ വകുപ്പുകൾക്ക് കൈമാറുന്നതിനായി ഭൂമികൈമാറ്റ പ്രൊപ്പോസൽ തളിപ്പറമ്പ് ആർ.ഡി.ഒ. മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. തളിപറമ്പ് ആർ.ഡി.ഒ. നടത്തിയ സ്ഥല പരിശോധനയിൽ പ്രസ്തുത ഭൂമിയിൽ കയ്യേറ്റം നടന്നതായി കണ്ടെത്തിയതിനെത്തുടർന്ന് കയ്യേറ്റം ഒഴിപ്പിക്കുന്നതിന് റവന്യൂ വകുപ്പ് നടപടികൾ സ്വീകരിച്ചു വരുന്നു.

## വാടാനപ്പള്ളി സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടം

289(303) ശ്രീ. മുരളി പെരുനെല്ലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ നിയോജകമണ്ഡലത്തിലെ വാടാനപ്പള്ളി സബ് രജിസ്ട്രാർ ഓഫീസ് കെട്ടിട നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ?

വാടാനപ്പള്ളി സബ് രജിസ്ട്രാർ ഓഫീസിനായി പണികഴിപ്പിച്ച പുതിയ കെട്ടിടത്തിന്റെ റിക്കാർഡ് റൂം പണിയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത ഓഫീസ് കെട്ടിട നിർമ്മാണത്തിന്റെ അടങ്കൽ തുക എത്രയാണെന്ന് അറിയിക്കുമോ?

വാടനപ്പള്ളി ഓഫീസ് കോംപ്ലക്സിന്റെ നിർമ്മാണത്തിന് എം.എൽ.എ. ഫണ്ടിൽ നിന്നും 65,00,000 രൂപ അനുവദിച്ചിട്ടുണ്ട്. സബ് രജിസ്ട്രാർ ആഫീസിനായി പണിത ആദ്യനിലയിലെ നിലവിലെ റെക്കോർഡ് റൂം അപര്യാപ്തമായതിനാൽ റെക്കോർഡ് റൂമിനുള്ള 24,00,000 രൂപയുടെ പുതിയ പ്ലാൻ തയ്യാറാക്കി തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഈ ഓഫീസിന്റെ പ്രവർത്തനം പുതിയ കെട്ടിടത്തിൽ എന്ന് ആരംഭിക്കാനാകുമെന്ന് അറിയിക്കാമോ; വിശദാംശങ്ങൾ നൽകാമോ?

റെക്കോർഡ് റൂം നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് പുതിയ കെട്ടിടത്തിൽ പ്രവർത്തനം ആരംഭിക്കുന്നതാണ്.

## പൂവാർ, ബാലരാമപുരം സബ് രജിസ്ട്രാർ ഓഫീസുകൾക്ക് കെട്ടിടം

290(304) ശ്രീ. എം. വിൻസെന്റ്: താഴെക്കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പരിമിതമായ സൗകര്യത്തോടെ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന പൂവാർ, ബാലരാമപുരം സബ് രജിസ്ട്രാർ ഓഫീസുകൾക്ക് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

പൂവാർ സബ് രജിസ്ട്രാർ ഓഫീസിനായി സർക്കാർ വക സ്ഥലം കണ്ടെത്തുന്നതിനായി ഓഫീസിന്റെ അധികാരപരിധിയിലെ തദ്ദേശഭരണ സ്ഥാപന അധികാരികളുമായി ബന്ധപ്പെട്ട് അടിയന്തരമായി നടപടി സ്വീകരിക്കുന്നതിന് പൂവാർ സബ് രജിസ്ട്രാറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചു വരുന്നു.

ബാലരാമപുരം സബ് രജിസ്ട്രാർ ഓഫീസിന് കെട്ടിടം നിർമ്മിക്കുന്നതിനായി 2.02 ആർ. സ്ഥലം നൽകുവാൻ ബാലരാമപുരം പഞ്ചായത്ത് സന്നദ്ധത പ്രകടിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് വകുപ്പ് അസിസ്റ്റന്റ് എഞ്ചിനീയർ സ്ഥലം സന്ദർശിച്ച് റിപ്പോർട്ട് നൽകിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മണ്ണ് പരിശോധന തുടങ്ങിയ നടപടികൾ സ്വീകരിച്ചുവരുന്നു.

## മുല്ലശ്ശേരി സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടം

291(305) ശ്രീ. മുരളി പെരുനെല്ലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ മുല്ലശ്ശേരി സബ് രജിസ്ട്രാർ ഓഫീസ് കാലപ്പഴക്കംമൂലം ശോച്യാവസ്ഥയിലായ കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

വെങ്കിടങ്ങ് വില്ലേജിലെ സർവ്വേ നമ്പർ 32/4-ലെ 30 സെന്റ് സ്ഥലത്ത് സ്ഥിതി ചെയ്യുന്ന മുല്ലശ്ശേരി സബ് രജിസ്ട്രാർ ഓഫീസ് 1-10-1895 മുതൽ പ്രവർത്തിച്ചുവരുന്നു. കെട്ടിടത്തിന് 2200 ചതുരശ്രയടി വിസ്തീർണമുള്ളതും പ്രധാന കെട്ടിടം ഓടുകൊണ്ടും വരാന്ത ആസ്ബറ്റോസ് ഷീറ്റുകൊണ്ടും നിർമ്മിച്ചതും ബാക്കി ഭാഗം ടെറസുമാണ്. നിലവിൽ ഓഫീസ് കെട്ടിടം അപകടാവസ്ഥയിൽ അല്ല.

(ബി) പ്രസ്തുത കെട്ടിടത്തിന്റെ ശോച്യാവസ്ഥ പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

മുല്ലശ്ശേരി സബ് രജിസ്ട്രാർ ഓഫീസിൽ നവീകരണ പ്രവർത്തനം നടത്തി കക്ഷികൾക്കുള്ള സൗകര്യങ്ങൾ വർദ്ധിപ്പിച്ചിട്ടുണ്ട്. ടി ഓഫീസിലെ പ്രധാന ഓഫീസ് കെട്ടിടത്തോട് ചേർന്നുള്ള കാലപ്പഴക്കംമൂലം ചോർന്നൊലിച്ച് ഉപയോഗ ശൂന്യമായി കിടന്നിരുന്ന റെക്കോർഡ് മുറി മേൽക്കൂരയിലെ പഴയ ആസ്ബറ്റോസ് ഷീറ്റുകൾ മാറ്റി പുതിയവ സ്ഥാപിച്ച് ഉപയോഗയോഗ്യമാക്കിയിട്ടുണ്ട്.

(സി) പഴയ കെട്ടിടം പൊളിക്കാതെതന്നെ പുതിയ കെട്ടിടം നിർമ്മിക്കാൻ മതിയായ സ്ഥലമുള്ളതിനാൽ ഇവിടെ പുതിയ കെട്ടിടം നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ?

നിലവിൽ പരിഗണനയിലില്ല.

**വെങ്ങാനൂർ വില്ലേജ് വെങ്ങാനൂർ സബ് രജിസ്ട്രാർ ഓഫീസ് പരിധി**

292(306) <u>ശ്രീ. എം. വിൻസെന്റ്</u>: താഴെക്കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുവല്ലം സബ് രജിസ്ട്രാർ ഓഫീസിന്റെ പരിധിയിൽ ഉൾപ്പെടുന്ന വെങ്ങാനൂർ വില്ലേജിനെ സമീപത്തുള്ളതും താരതമ്യേന രജിസ്ട്രേഷൻ കുറവുള്ളതുമായ വെങ്ങാനൂർ സബ് രജിസ്ട്രാർ ഓഫീസിന്റെ പരിധിയിൽ ഉൾപ്പെടുത്തി ജനങ്ങളുടെ ബുദ്ധിമുട്ട് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

തിരുവല്ലം സബ് രജിസ്ട്രാർ ഓഫീസിൽനിന്നും വെങ്ങാനൂർ വില്ലേജിനെ മാറ്റി വെങ്ങാനൂർ സബ് രജിസ്ട്രാർ ഓഫീസിന്റെ പരിധിയിൽ കൊണ്ടുവരുമ്പോൾ രണ്ട് ഓഫീസിലേയും ജോലിഭാരത്തിൽ അസന്തുലിതമായ സ്ഥിതി ഉണ്ടാകും. നിലവിൽ ഒരു ജില്ലയിലുള്ള ഏത് സബ് രജിസ്ട്രാർ ഓഫീസിന്റെ പരിധിയിലുള്ള ആധാരങ്ങളും ആ ജില്ലയിലെ തന്നെ മറ്റൊരു സബ് രജിസ്ട്രാർ ഓഫീസിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. ആയതിനാൽ വെങ്ങാനൂർ വില്ലേജിൽ ഉൾപ്പെടുന്ന വസ്തുക്കൾ തിരുവല്ലം സബ് രജിസ്ട്രാർ ഓഫീസിന്റെ പരിധിയിൽ ആണെങ്കിൽപ്പോലും വെങ്ങാനൂർ ഓഫീസിലും രജിസ്റ്റർ ചെയ്യാവുന്നതാണ്.

(5, 13, 16, 18, 60, 73, 75, 76, 78, 95, 108, 113, 114, 118 എന്നീ നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ലഭ്യമായിട്ടില്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

10.00 A.M]

## III ചെയർമാൻമാരുടെ പാനൽ

മി. സ്പീക്കർ: ഓർഡർ....ഓർഡർ.....സർവ്വശ്രീ വി. ജോയി, മുഹമ്മദ് മുഹസിൻ, എൻ. എ. നെല്ലിക്കുന്ന് എന്നിവരെ പതിനഞ്ചാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനകാലത്തെ ചെയർമാൻമാരുടെ പാനലിലേയ്ക്ക് നാമനിർദ്ദേശം ചെയ്യുന്നു.

## IV അടിയന്തരപ്രമേയം

### സ്ത്രീപീഡന കേസ് ഒതുക്കിത്തീർക്കാനുള്ള ശ്രമം

മി. സ്പീക്കർ: കൊല്ലം ജില്ലയിലെ കുണ്ടറയിൽ പ്രാദേശിക രാഷ്ട്രീയ നേതാവിന്റെ മകൾ നൽകിയ പരാതി ഒതുക്കിത്തീർക്കാൻ സംസ്ഥാന വനം-വന്യജീവി വകുപ്പുമന്ത്രി പരാതിക്കാരിയുടെ അച്ഛനെ ഫോണിൽ വിളിച്ചതുമൂലം കേരള സമൂഹത്തിലുണ്ടായിരിക്കുന്നതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ പി. സി. വിഷ്ണുനാഥ്, എൻ. ഷംസുദ്ദീൻ, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, അടിയന്തരപ്രമേയത്തിൽ സൂചിപ്പിക്കുന്ന പരാതിക്കാരി, 28-6-2021-ൽ കുണ്ടറ പോലീസ് സ്റ്റേഷനിൽ ഹാജരായി സാമൂഹ്യ മാധ്യമങ്ങളിൽ പരാതിക്കാരിയെ മോശമായി ചിത്രീകരിക്കുന്ന തരത്തിലുള്ള സന്ദേശങ്ങളും പത്മാകരൻ എന്നയാളുടെ വോയിസ് ക്ലിപ്പ്, രാജീവ് എന്നയാളുടെ ഫോണിൽനിന്നും 'എൻ.സി.പി. കൊല്ലം' എന്ന വാട്സ്ആപ്പ് ഗ്രൂപ്പിൽ പ്രചരിക്കുന്നതായും പരാതി നൽകുകയുണ്ടായി. ഫോട്ടോയും പേരും ഉപയോഗിച്ച് വ്യാജ ഫെയ്സ്ബുക്ക് അക്കൗണ്ടുകളുണ്ടാക്കി അപകീർത്തിപ്പെടുത്തുന്ന പല സന്ദേശങ്ങളും നേരത്തെയും പ്രചരിപ്പിച്ചിരുന്നതായി പരാതിയിൽ പറഞ്ഞിരുന്നു. അതോടൊപ്പം, മുമ്പൊരിക്കൽ റോഡിലൂടെ പോകുമ്പോൾ, പത്മാകരൻ മുക്കട ജംഗ്ഷനിലുള്ള തന്റെ കടയിലേയ്ക്ക് പരാതിക്കാരിയെ വിളിച്ച് സ്ഥാനാർത്ഥിയായി മത്സരിച്ചതിന് എത്ര പണം കിട്ടിയെന്ന് ചോദിച്ചുവെന്നും പണത്തിന് വേണ്ടിയല്ല ഞാൻ നിന്നതെന്ന് പറഞ്ഞതിനെത്തുടർന്ന് കയ്യിൽ കയറിപ്പിടിച്ചുവെന്നും പരാതിയിൽ പറയുന്നതായി പോലീസ് റിപ്പോർട്ടിൽ വ്യക്തമാക്കുന്നുണ്ട്. നമ്പർ 1153/TPTN/ 2021 പ്രകാരം പരാതി രജിസ്റ്ററിൽ പതിച്ച്, IAPS നമ്പർ. 77342/2021 ആയി പ്രസ്തുത പരാതിയുടെ രസീത് പോലീസ് നൽകിയിരുന്നു. തുടർന്ന് പരാതിക്കാരിയെയും പത്മാകരനെയും സ്റ്റേഷനിലേയ്ക്ക് പോലീസ് വിളിപ്പിച്ചിരുന്നു. പോലീസ് വിളിപ്പിച്ചതിന്റെ

അടിസ്ഥാനത്തിൽ പത്മാകരൻ 30-6-2021-ൽ സ്റ്റേഷനിലെത്തി. പോലീസ് റിപ്പോർട്ടിൽ പരാതിക്കാരി അന്നേ ദിവസം സ്റ്റേഷനിൽ ഹാജരായിരുന്നില്ലെന്നും വ്യക്തമാക്കുന്നുണ്ട്. 1-7-2021-ൽ സ്റ്റേഷനിൽ ഹാജരായ പരാതിക്കാരിയോട് പരാതിയിൽ പറയുന്ന വിഷയങ്ങളെ സംബന്ധിച്ച വിശദാംശങ്ങൾ ആരാഞ്ഞെങ്കിലും വാട്സാപ് ഗ്രൂപ്പിലൂടെ പ്രചരിച്ചതായി പറയുന്ന സന്ദേശങ്ങളെ സംബന്ധിച്ച കൂടുതൽ വിവരങ്ങൾ ലഭിച്ചില്ല. പരാതിയിന്മേൽ വിശദമായ അന്വേഷണം ആവശ്യമാണെന്ന് പരാതിക്കാരിയെ ധരിപ്പിച്ചിരുന്നതായി പോലീസ് റിപ്പോർട്ടിൽ വ്യക്തമാക്കുന്നുണ്ട്. മേൽപ്പറഞ്ഞ പരാതിയിൽ 20-7-2021-ൽ ഐ.പി.സി. 354, 509, 34 എന്നീ വകുപ്പുകൾ പ്രകാരം കുണ്ടറ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 1876/21 ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നുണ്ട്. പ്രസ്തുത വിഷയത്തിൽ കേസ് രജിസ്റ്റർ ചെയ്യുന്നതിന് കാലതാമസമുണ്ടായെന്ന പരാതി പോലീസ് മേധാവി അന്വേഷിക്കുന്നതാണ്. പരാതിയുടെ നിജസ്ഥിതി അന്വേഷിച്ച് ആവശ്യമായ നടപടി പോലീസ് സ്വീകരിക്കുന്നുണ്ടെന്ന് സർക്കാർ ഉറപ്പുവരുത്തുന്നതുമാണ്. പരാതിക്കാരി എൻ.സി.പി. നേതാവിന്റെ മകളും ആരോപണ വിധേയനായിട്ടുള്ളയാൾ എൻ.സി.പി.യുടെ പ്രവർത്തകനുമാണെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. ഇവർ തമ്മിലുള്ള തർക്കമെന്ന നിലയിലാണ് എൻ.സി.പി. നേതാവുകൂടിയായ മന്ത്രി പ്രസ്തുത വിഷയം അന്വേഷിക്കാനുണ്ടായ സാഹചര്യമെന്ന് ബഹുമാനപ്പെട്ട മന്ത്രിതന്നെ പൊതുസമൂഹത്തിനുമുന്നിൽ വ്യക്തമാക്കിയിട്ടുള്ളതുമാണ്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യത്തക്ക ഗൗരവാവസ്ഥയില്ലെന്ന് വ്യക്തമാക്കുകയാണ്.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ,...ബഹളം.....

<u>മി. സ്പീക്കർ</u>: ശ്രീ. വി. ജോയി, അദ്ദേഹത്തെ സംസാരിക്കാൻ ചെയർ അനുവദിച്ചതാണ്, ശ്രീ. പി. സി. വിഷ്ണുനാഥ്, അങ്ങ് സംസാരിക്കൂ.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ അനുദിനം വർദ്ധിച്ചുവരുന്ന അതീവഗുരുതരമായ സാഹചര്യം നിലനിൽക്കുമ്പോൾ, സ്ത്രീ സുരക്ഷയ്ക്കായി സംസ്ഥാനത്തിന്റെ ബഹുമാന്യനായ ഗവർണർതന്നെ ഉപവാസം അനുഷ്ഠിക്കുന്ന അപൂർവ്വതയ്ക്ക് സംസ്ഥാനം സാക്ഷ്യം വഹിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിലാണ് സംസ്ഥാനത്തെ വനം-വന്യജീവി വകുപ്പുമന്ത്രി പീഡനത്തിനിരയായ പരാതിക്കാരിയുടെ അച്ഛനെ ഫോണിൽ വിളിച്ച് ഒത്തുതീർപ്പിന് ശ്രമിച്ചുവെന്ന വാർത്ത പുറത്തുവരുന്നത്. ഒരു സ്ത്രീ ആക്രമിക്കപ്പെട്ടാൽ തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധി അല്ലെങ്കിൽ അധികാരമേറ്റ ഒരു മന്ത്രി, ആ സ്ത്രീയുടെ പിതാവിനെ വിളിക്കുന്നത് എന്തിനായിരിക്കും? സംഭവത്തിൽ സമാശ്വസിപ്പിക്കാനും നിയമപരമായ നീതി ഉറപ്പുവരുത്താനും ആവശ്യമായ പിന്തുണ

എന്തെല്ലാമാണെന്ന് അന്വേഷിക്കാനുമായിരിക്കും സാധാരണഗതിയിൽ വിളിക്കുന്നത്. എന്നാൽ എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട യുവതിക്ക് അത്തരമൊരു പരാതി ഉണ്ടായപ്പോൾ സംസ്ഥാനത്തെ മന്ത്രി അവരുടെ പിതാവിനെ വിളിച്ചത് നിയമ നടപടികളുണ്ടാകില്ലെന്ന് ഉറപ്പുവരുത്താനാണ്, നീതി നടപ്പാകില്ലെന്നുറപ്പുവരുത്താനാണ്. നഗ്നമായ സത്യപ്രതിജ്ഞാ ലംഘനമാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ നടത്തിയിരിക്കുന്നത്. ഭീതിയോ പക്ഷപാതമോ പ്രീതിയോ ഇല്ലാതെ എല്ലാ തരത്തിലുമുള്ള ജനങ്ങൾക്കും നീതി ചെയ്യുമെന്ന പ്രതിജ്ഞയുടെ ലംഘനമാണ് ഇവിടെയുണ്ടാ യിരിക്കുന്നത്. അരിയാഹാരം കഴിക്കുന്ന മുഴുവൻ ജനങ്ങൾക്കും ഇക്കാര്യം മനസ്സിലായിട്ടും മന്ത്രിക്കും മന്ത്രിയെ സംരക്ഷിക്കുന്ന മുഖ്യമന്ത്രിക്കും മനസ്സിലായിട്ടില്ല. മാധ്യമ ങ്ങളിൽക്കൂടി പുറത്തുവന്ന സംഭാഷണത്തിൽ 'നല്ലനിലയിൽ തീർക്കണം' എന്ന് പലയാവർത്തി മന്ത്രി പറയുന്നുണ്ട്. ഒരു പെൺകുട്ടി തനിക്ക് നീതി ലഭിക്കുന്നതിനു വേണ്ടി നൽകിയ പരാതിയെ അതിന്റെ ഭ്രൂണാവസ്ഥയിൽത്തന്നെ ഇല്ലാതാക്കുന്ന അനീതിയുടെ ആരാച്ചാരായിട്ടാണ് സംസ്ഥാന വനം-വന്യജീവി വകുപ്പുമന്ത്രി പ്രവർത്തിച്ചിരിക്കുന്നത്. പെൺകുട്ടി പരാതി നൽകി മൂന്നാഴ്ച കഴിഞ്ഞിട്ടും എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യാൻ കഴിയാത്ത സാഹചര്യമുണ്ടായത് അധികാര ദുർവിനിയോഗത്തിന്റെ പ്രത്യാഘാതമാണ്. 'Lalita Kumari vs Govt. of U.P' കേസിന്റെ വിധി, സമാനമായ മറ്റ് വിധികൾ, ഈ ഗവൺമെന്റിന്റെ ആഭ്യന്തര വകുപ്പും ഡി.ജി.പി.യും പുറപ്പെടുവിച്ചിട്ടുള്ള സർക്കുലറുകൾ മുതലായവയ്ക്കെല്ലാം പുല്ലുവിലയാണ് ഈ കേസിൽ പോലീസ് കൽപ്പിച്ചുകൊടുത്തിട്ടുള്ളത്. ഇവിടെ കാണിക്കുന്നത് മന്ത്രിയുടെ സ്വാധീനമല്ലാതെ മറ്റെന്താണ്? ഈ വിഷയത്തിൽ ഗുരുതരമായ മൂന്ന് പ്രശ്നങ്ങളുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ പോലീസ് തെറ്റിദ്ധരിപ്പിച്ചുവെന്ന് പറയാനാണ് ഞാൻ ആഗ്രഹി ക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരു കളവ് പറഞ്ഞുവെന്ന് ഈ ഘട്ടത്തിൽ ഞാനിവിടെ ആരോപിക്കുന്നില്ല. 28-ാം തീയതി അവർ പരാതി നൽകുന്നു, 30-ാം തീയതി പരാതിക്കാരിയെ പോലീസ് സ്റ്റേഷനിലേയ്ക്ക് വിളിപ്പിച്ചു, പരാതിക്കാരിയും അച്ഛനും സ്റ്റേഷനിൽ ചെന്നപ്പോൾ അവരെ അകത്തിരുത്തിയില്ല, പുറത്തിറങ്ങി നിൽക്കാൻ പറഞ്ഞു. രാവിലെ 11.30 ആയപ്പോൾ ഒരു പോലീസ് ഉദ്യോഗസ്ഥൻ വന്ന് ഇന്ന് ഇവിടെ ഉയർന്ന ഉദ്യോഗസ്ഥരില്ലെന്നും അതുകൊണ്ട് നിങ്ങൾക്ക് പോകാമെന്നും പറഞ്ഞു. എന്നാൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ വായിച്ച റിപ്പോർട്ടിൽ മറിച്ചാണുള്ളത്. പ്രതി പോലീസ് സ്റ്റേഷനിൽ വന്നുവെന്നും പരാതിക്കാരി വിളിച്ചിട്ടും സ്റ്റേഷനിൽ വന്നില്ലെന്നുമുള്ള കളവാണ് പോലീസ് ധരിപ്പിച്ചിരിക്ക ന്നതെന്ന കാര്യം ഞാൻ സഭയുടെയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും ശ്രദ്ധയിൽ കൊണ്ടുവരികയാണ്. ഇത്തരമൊരു കള്ള റിപ്പോർട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് പോലീസ് നൽകിയെങ്കിൽ ഈ കേസ്സിനെ എങ്ങനെയൊക്കെ അട്ടിമറിക്കാമെന്നാണ് ഭരണകൂടവും മന്ത്രിയും പോലീസും പരിശ്രമിച്ചതെന്നകാര്യം പകൽപോലെ

വ്യക്തമല്ലേ? നമുക്കെല്ലാമറിയുന്നതുപോലെ Section 166 (A)(c) of the Indian Penal Code provides for punishment to a public servant for failure to record FIR in relation to cognizable offences punishable under Sections 326A, 326B, 354. 28-ാം തീയതി cognizable സ്വഭാവമുള്ള ഒരു offence പരാതിക്കാരി നേരിട്ട് കൊടുത്തിട്ടും ഇക്കാര്യത്തിലെടുത്ത നടപടിയെന്താണ്? അങ്ങത് പരിശോധിക്കണം. മാധ്യമങ്ങളിൽക്കൂടി ബഹുമാനപ്പെട്ട മന്ത്രിയുടെ സംഭാഷണം പുറത്തുവന്നതിനുശേഷം പരാതി കൊടുത്തതിന്റെ അടുത്ത മാസം 20-ാം തീയതി വരെ ഈ കേസിൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യാത്ത ഉദ്യോഗസ്ഥർക്കെതിരെ എന്ത് നടപടിയെടുത്തുവെന്നാണ് അങ്ങ് സഭയോടും കേരളത്തോടും പറയേണ്ടത്. ഒരു നടപടിയും എടുത്തിട്ടില്ല. അവരുടെ റിപ്പോർട്ടാണ് ദൗർഭാഗ്യവശാൽ അങ്ങ് ഇവിടെ ഉദ്ധരിച്ചത്. ബഹുമാനപ്പെട്ട മന്ത്രിയുടെ സംഭാഷണങ്ങൾ മാധ്യമങ്ങൾ സംപ്രേഷണം ചെയ്തു. അതിനുശേഷമാണ് ഈ കേസിന് എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തത്. എന്റെ നിയോജകമണ്ഡലത്തിലുള്ള ആ കുട്ടിയുടെ വീട്ടിൽ ഞാൻ ഇന്നലെ പോയിരുന്നു. കുട്ടിയെയും അച്ഛനെയും കണ്ടു. എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തതിനു ശേഷം ഇന്നലെ ഉച്ചവരെ ഒരു പോലീസ് ഉദ്യോഗസ്ഥനും കുട്ടിയുടെ മൊഴി എടുത്തിട്ടില്ല. ഈ കേസ് അട്ടിമറിക്കണമെന്നുള്ള ദുരുദ്ദേശ്യത്തോടുകൂടിയാണ് പോലീസ് ഇപ്പോഴും ഇക്കാര്യത്തിൽ ഇടപെട്ടുകൊണ്ടിരിക്കുന്നത്? ആഭ്യന്തര കാരണങ്ങളാണെന്നും കേസ്സിന്റെ സ്വഭാവമറിയാതെയാണ് ഇടപെട്ടതെന്നും മന്ത്രി വിശദീകരിച്ചതായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞു. ബഹുമാനപ്പെട്ട മന്ത്രിയുടെ സംഭാഷണം ഇതാണ്-

മന്ത്രി: "ഞാൻ ശശീന്ദ്രൻ ആണ്. അവിടെ ചെറിയൊരു വിഷയമുണ്ടല്ലോ; അതങ്ങ് തീർക്കണം."

പിതാവ്: "സർ പറയുന്നത് മനസ്സിലായില്ല. ഏത് വിഷയമാണ്?" മന്ത്രി: "നമ്മുടെ പാർട്ടിക്കാർക്കെതിരെ ഒരു വിഷയമുണ്ടല്ലോ;"

പിതാവ്: "പത്മാകരൻ എന്റെ മകളുടെ കയ്യിൽ കയറിപ്പിടിച്ച കേസല്ലേ;"

മന്ത്രി: "അതുതന്നെ. അത് നല്ല നിലയിൽ തീർക്കണം."

ഈ സംഭാഷണം കേരളം മുഴുവൻ കേട്ടു. എന്നിട്ടും ഈ കേസിൽ അറിയാതെയാണ് ഇടപെട്ടതെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞാൽ അതെങ്ങനെയാണ് വിശ്വസിക്കാൻ കഴിയുന്നത്; കോഗ്നൈസബിൾ സ്വഭാവമുള്ള ഒരു കേസ് രജിസ്റ്റർ ചെയ്യാതിരിക്കാൻവേണ്ടിയും ഇല്ലാതാക്കാൻവേണ്ടിയും ബഹുമാനപ്പെട്ട മന്ത്രി ഇടപെട്ടു. വളരെ ഗുരുതരമായ ഭരണഘടനാലംഘനവും സത്യപ്രതിജ്ഞാ ലംഘനവുമാണ്

നടന്നിരിക്കുന്നത്. എന്നിട്ടും അദ്ദേഹം മന്ത്രിക്കസേരയിൽ തുടരുന്നത് ശരിയല്ല. ഒന്നുകിൽ അദ്ദേഹം രാജിവയ്ക്കണം അല്ലെങ്കിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അദ്ദേഹത്തിന്റെ രാജി എഴുതി വാങ്ങണം. ഇവിടെയിത് രണ്ടുമുണ്ടായിട്ടില്ല. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ പോലീസ് അവിടെ പോയിട്ടുമില്ല, പെൺകുട്ടിയുടെ മൊഴി രേഖപ്പെടുത്തിയിട്ടുമില്ല. പക്ഷേ, പാർട്ടിയുടെ കമ്മിഷൻ അവിടെ അന്വേഷണം നടത്തുകയും മൊഴിയെടുക്കുകയും തെളിവെടുപ്പ് നടത്തുകയുമാണ്. ഞങ്ങളുടെ പാർട്ടിക്ക് പോലീസ് സ്റ്റേഷനും കോടതിയുമുണ്ടെന്ന് മുൻവനിതാ കമ്മിഷൻ അദ്ധ്യക്ഷ പറഞ്ഞിട്ടുണ്ട്. അതുപോലെ എൻ.സി.പി-ക്ക് കോടതിയും പോലീസ് സ്റ്റേഷനുമുണ്ടെന്ന് ഇപ്പോഴാണ് ഞങ്ങൾക്ക് മനസ്സിലായത്. എല്ലാ പാർട്ടിയിലും ഉൾപ്പെടുന്നവരുടെ ഇത്തരത്തിലുള്ള സ്വഭാവങ്ങളും കുറ്റങ്ങളും അന്വേഷിക്കാൻ അതത് പാർട്ടിക്കാരെ ചുമതലപ്പെടുത്തി സർക്കാർ ഉത്തരവിറക്കിയിട്ടുണ്ടോ? അങ്ങനെയാണെങ്കിൽ അതുപറഞ്ഞാൽ മതി. പോലീസ് സ്റ്റേഷനിൽ തെളിവ് കൊടുക്കേണ്ട ആവശ്യമില്ലല്ലോ; പോലീസ് സ്റ്റേഷൻ പ്രവർത്തിക്കേണ്ടതില്ലല്ലോ; അതാത് പാർട്ടി ഓഫീസുകളിൽ ഇത്തരത്തിലുള്ള കാര്യങ്ങൾ അന്വേഷിക്കുന്നതിന് സംവിധാനമൊരുക്കാൻ ഉത്തരവ് ഇറക്കിയാൽ പോരെ? അതുകൊണ്ട് ഇക്കാര്യത്തിൽ ഗുരുതരമായ വീഴ്ചയുണ്ടാവുകയും അത് ആവർത്തിക്കുകയും ചെയ്യുകയാണെങ്കിൽ ഭരണസ്വാധീനത്തിന്റെ മറവിലാണെന്നുള്ള കാര്യം വ്യക്തമാകുന്ന സാഹചര്യമാണ് ഇവിടെ ഉണ്ടായിട്ടുള്ളത്. അതുകൊണ്ടാണ് ഞാൻ നേരത്തെ ബഹുമാനപ്പെട്ട ഗവർണർ സ്ത്രീ സുരക്ഷയ്ക്കുവേണ്ടി ഉപവാസമനുഷ്ഠിച്ച കാര്യം സൂചിപ്പിച്ചത്. അതിനുശേഷവും കേരളത്തിലെ സ്ത്രീ സുരക്ഷ സംബന്ധിച്ചുള്ള സമീപനങ്ങൾ ഇതാണെങ്കിൽ നമ്മുടെ ഭരണകൂടത്തിനും ബഹുമാനപ്പെട്ട മന്ത്രിമാർക്കും ഗവർണറോടുള്ള ബഹുമാനമെന്താണ്; ഗവർണർ നടത്തിയ ഉപവാസത്തിന്റെ ഫലം എന്താണ്; ഗവർണറുടെ ഉപവാസത്തെ അപമാനിക്കുകയല്ലേ ചെയ്യുന്നത്? ഈ കേസ്സിന്റെ തുടക്കംമുതൽ ഗുരുതരമായ വീഴ്ച ഓരോ ഘട്ടത്തിലും സംഭവിച്ചിട്ടുണ്ടെന്ന് നമുക്ക് മനസ്സിലാക്കാൻ സാധിക്കും. ആക്രമിക്കപ്പെട്ട പെൺകുട്ടിയുടെ പിതാവിനെ നിയമം നടപ്പാകില്ലെന്ന് ഉറപ്പുവരുത്താൻവേണ്ടി വിളിക്കുന്ന ഒരാൾ സംസ്ഥാന മന്ത്രിയായിരിക്കുമ്പോൾ പരസ്യവാചകങ്ങളിലെ ഉറപ്പുകൊണ്ട് കേരളത്തിലെ സ്ത്രീകൾക്ക് സുരക്ഷിതരായിരിക്കാൻ കഴിയില്ല. വാളയാർ, പാലത്തായ്, വണ്ടിപ്പെരിയാർ എന്നിവിടങ്ങളിൽ കേരളത്തിന്റെ തകർന്നുകിടക്കുന്ന ക്രമസമാധാനത്തിന്റെ ഭൂപടം കാണാം. പരസ്യവാചകങ്ങളിലെ ഉറപ്പുകൊണ്ടുമാത്രം അതിനെ മായ്ക്കാൻ കഴിയില്ല. നിയമനങ്ങളിൽ തുടങ്ങി സ്വജനപക്ഷപാതങ്ങളിൽക്കൂടി പടരുന്ന നീതിനിഷേധത്തിന്റെ, അധികാര ദുർവിനിയോഗത്തിന്റെ, മനുഷ്യത്വരഹിതമായ മാതൃകകളെ പരസ്യപ്പല കകളിലെ ഉറപ്പുകൊണ്ട് അധികകാലം മറച്ചുവയ്ക്കാൻ കഴിയുകയില്ല. അതുകൊണ്ട് ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ചചെയ്യണം. ഉത്തരവാദിത്വപ്പെട്ടവരെ, ഇതിൽ വീഴ്ചവരുത്തിയവരെ നിയമ നടപടികളിലേയ്ക്ക് കൊണ്ടുവരാനുള്ള തീരുമാനം

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയിൽനിന്നും ഗവൺമെന്റിൽനിന്നും ഉണ്ടാകണമെന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഒരിക്കൽക്കൂടി ആവശ്യപ്പെട്ടുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇവിടെ ശ്രീ. പി. സി. വിഷ്ണുനാഥ് ബഹുമാനപ്പെട്ട ഗവർണറുടെ ഉപവാസത്തെക്കുറിച്ച് പറയുകയുണ്ടായി. ഗവർണറുടെ ഉപവാസം കേരളീയ സമൂഹത്തെ വലിയതോതിൽ ബോധവല്ക്കരിക്കാനുതകുന്ന ഒന്നുതന്നെയാണ്. അത് നാം തള്ളിക്കളയേണ്ട കാര്യമല്ല. നമ്മുടെ രാജ്യത്തിന്റെ നവോത്ഥാന മൂല്യങ്ങളെ ഉയർത്തിപ്പിടിക്കുന്ന ഒരു സമൂഹമെന്ന നിലയ്ക്ക് കേരളീയ സമൂഹത്തിന് വലിയതോതിലുള്ള പ്രത്യേകതയുണ്ട്. എന്നിട്ടും നമ്മുടെ നാട്ടിൽ സ്ത്രീധനത്തിന്റെ ബീഭത്സരൂപം ഇപ്പോഴും നിലനില്ക്കുന്നുണ്ട്. ഇക്കാര്യത്തിൽ സമൂഹമാകെ, ഓരോ കുടുംബവും ഓരോ വ്യക്തിയും ബോധവല്ക്കരിക്കപ്പെടേണ്ടതുണ്ട് എന്നതിന്റെ ഭാഗമായാണ് ഗാന്ധിയൻ മുറയിലുള്ള ഉപവാസരീതി ബഹുമാന്യനായ ഗവർണർ സ്വീകരിച്ചത്. ഗാന്ധിയൻ രീതിയെക്കുറിച്ച് അറിയാത്ത ആളല്ല ബഹുമാന്യനായ അംഗം. പക്ഷേ, നമ്മുടെ രാജ്യത്ത് ഗാന്ധിയൻ രീതി സ്വീകരിക്കുന്ന ഒട്ടേറെപ്പേർ ഇപ്പോഴും ഉണ്ടെന്നുള്ളത് വസ്തുതയാണ്. അങ്ങനെയുള്ളവരുമായി ചേർന്നുകൊണ്ട് സമൂഹത്തെ ബോധവല്ക്കരിക്കുക എന്ന രീതിയാണ് ഗവർണർ സ്വീകരിച്ചത്. അതിനെ മറ്റൊരുരീതിയിൽ കാണേണ്ടതില്ല. ചിലർ അത് സർക്കാരിനെതിരെയുള്ള ഒരു നീക്കമാണെന്ന് വരുത്തിത്തീർക്കാൻ ശ്രമിക്കുകയുണ്ടായി. നമ്മുടെ സമൂഹത്തിന് വന്നുചേർന്നിട്ടുള്ള അപമാനകരമായ സ്ഥിതിവിശേഷത്തിന് തിരുത്തലുകൾ വരുത്തേണ്ടതുണ്ട്. എല്ലാ നിലയിലും നാം ഒന്നിച്ച് മാറ്റിത്തീർക്കേണ്ട ഒരു പൊതു ബോധമാണിത്. ഒരു പെൺകുട്ടി ഏതെങ്കിലും തരത്തിൽ വിലപേശാനുള്ള, സ്ത്രീധനത്തിന്റെ പേരിൽ വിലയുറപ്പിക്കാനുള്ള ഒരു ജീവിയായി മാറേണ്ടതല്ല. അന്തസ്സും ആത്മാഭിമാനവും സംരക്ഷിച്ചുപോകേണ്ടതുണ്ട്. അതുതന്നെയാണ് നാം പൊതുവെ കാണേണ്ടത്. എന്തിനാണ് ഞാനിത് പറയുന്നതെന്നൊരു സംശയം പ്രതിപക്ഷത്തുനിന്നുമുണ്ടായിട്ടുണ്ട്. രണ്ട് തവണ ബഹുമാന്യനായ അംഗം ഇതെടുത്ത് പരാമർശിച്ചതുകൊണ്ടാണ് ഇതുപറയേണ്ടി വന്നത്. ഇവിടെ ഉന്നയിച്ച പ്രശ്നത്തെ ക്കുറിച്ച് ഞാൻ നേരത്തെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. പോലീസ് തെറ്റായ റിപ്പോർട്ട് നൽകിയിരിക്കുന്നുവെന്നുള്ളതാണ് പ്രമേയാവതാരകൻ ചൂണ്ടിക്കാണിച്ച ഒരു കാര്യം. ഹാജരാകാൻ ആവശ്യപ്പെട്ട തീയതിയിൽ പരാതിക്കാരി വന്നില്ല. പക്ഷേ, അടുത്ത ദിവസം വന്നുവെന്ന് പോലീസ് പറയുന്നുണ്ട്; ഒരുദിവസവും വന്നില്ലെന്നല്ല റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളത്. അപ്പോൾ അതിലെന്തെങ്കിലും മറച്ചുവയ്ക്കാൻ പോലീസ് ശ്രമിച്ചിട്ടുണ്ടോ എന്നത് സംശയകരമായ കാര്യമാണ്. കാരണം, രണ്ടുമൂന്ന് ദിവസത്തിന്റെ വ്യത്യാസം മാത്രമാണുണ്ടായിട്ടുള്ളത്. ഇക്കാര്യം വലിയതോതിലുള്ള മറ്റൊരാക്ഷേപത്തിന് ഇടയാക്കുന്നില്ല. എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യാൻ വൈകിയെന്നുള്ളതാണ് ഒരു

പ്രശ്നം. അതുസംബന്ധിച്ച് സംസ്ഥാന പോലീസ് മേധാവിയോടുതന്നെ അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. എന്തുകൊണ്ടാണ് വൈകാനിടയായത്? അങ്ങനെ വൈകാൻ പാടില്ലായിരുന്നു. ചില പരാതികളിന്മേൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യാൻ വൈകുന്ന സംഭവങ്ങൾ മുമ്പും ഉണ്ടായിട്ടുണ്ട്. സാധാരണഗതിയിൽ ഇതുപോലുള്ള വിഷയങ്ങളിൽ കാലതാമസം ഉണ്ടാകാൻ പാടില്ല. പരാതിയിൽ പറഞ്ഞിട്ടുള്ള പ്രശ്നങ്ങളിൽ പെൺകുട്ടിക്ക് പൂർണ്ണ സംരക്ഷണവും നിയമപരമായ പരിരക്ഷയും ഉണ്ടാകുമോയെന്ന സംശയം അദ്ദേഹം പ്രകടിപ്പിക്കുകയുണ്ടായി. അക്കാര്യത്തിലൊരു സംശയവുമുണ്ടാകേണ്ടതില്ല. ബഹുമാന്യനായ മന്ത്രി ഇടപെടാനിടയായ സാഹചര്യം അദ്ദേഹം വ്യക്തമാക്കിയിട്ടുണ്ട്. ഇത് തന്റെ പാർട്ടിക്കാര്യമാണെന്ന മട്ടിൽ തന്റെ പാർട്ടിക്കാരനായ അച്ഛനെ വിളിച്ചതെന്നാണ് അദ്ദേഹം പറയുന്നത്. അപ്പോഴേയ്ക്കും അവർ പലയിടത്തും എത്തിക്കഴിഞ്ഞത് ബഹുമാനപ്പെട്ട മന്ത്രി മനസ്സിലാക്കിയിട്ടില്ലെന്ന് തോന്നുന്നു; യഥാർത്ഥത്തിൽ അതാണ് സംഭവിച്ചത്. അദ്ദേഹത്തിന് ഈ കേസ്സിനെ ഏതെങ്കിലും തരത്തിൽ ദുർബലപ്പെടുത്തുകയെന്ന ഉദ്ദേശ്യമേ ഉണ്ടായിട്ടില്ല. അതിനുള്ള ഒരിടപെടലും അദ്ദേഹത്തിന്റെ ഭാഗത്തുനിന്നുമുണ്ടായിട്ടില്ല. ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥനെയോ ഇതുമായി ബന്ധപ്പെട്ട് മറ്റാരെയെങ്കിലുമോ അദ്ദേഹം വിളിച്ചിട്ടില്ല. ബഹുമാനപ്പെട്ട മന്ത്രി വിളിച്ചയാൾ പാർട്ടിയുടെ ഏതോ തലത്തിലുള്ള ഭാരവാഹിയോ മറ്റോ ആണെന്നുതോന്നുന്നു. അങ്ങനെ ഒരു പാർട്ടി പ്രവർത്തകനെ പാർട്ടി നേതാവായ ബഹുമാനപ്പെട്ട മന്ത്രി വിളിച്ചു. എന്നാൽ, പ്രശ്നം ഇതാണെന്നറിഞ്ഞതോടെ ഞാൻ അതിൽനിന്ന് പൂർണ്ണമായി ഒഴിവായിയെന്ന് അദ്ദേഹം പറഞ്ഞു. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രി തെറ്റ് ചെയ്തുവെന്ന് ഒരു തരത്തിലും പറയാനില്ല. കേസ്സന്വേഷണം ഫലപ്രദമായി നടക്കണമെന്നാണ് ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ചത്. അതിന്റെ മെരിറ്റനുസരിച്ച് കാര്യങ്ങൾ മുന്നോട്ടുപോകും. ഒരു തരത്തിലുള്ള സംശയവും ആശങ്കയും ഈ കാര്യത്തിലുണ്ടാകേണ്ടതില്ല. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിച്ചിരിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഗാന്ധിയൻ സമരരീതികൾ നടത്തുന്നത് ശരിയാണോ; സ്ത്രീധനം വാങ്ങിക്കുന്നത് ശരിയാണോ എന്നീ രണ്ട് പ്രധാനപ്പെട്ട വിഷയങ്ങൾക്കാണ് ഇവിടെ നോട്ടീസ് കൊടുത്തതെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മറുപടി കേട്ടപ്പോൾ എനിക്ക് തോന്നിയ സംശയം. ഈ വിഷയത്തിന് മറുപടി പറയാൻ സാധിക്കാത്തതുകൊണ്ട് വേറെ രണ്ട്

വിഷയത്തിലേയ്ക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പോയതാണ്. ഉദ്ദേശിച്ചകാര്യത്തിൽ മറുപടി പറയാനുള്ള ജാള്യതകൊണ്ട് തലകുനിച്ചാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവിടെ ഇരിക്കുന്നത്. വനം വകുപ്പുമന്ത്രിക്കുവേണ്ടി അനാവശ്യ ന്യായീകരണം ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടത്തിയിരിക്കുകയാണ്. എന്താണ് അനാവശ്യമായ ന്യായീകരണം? ഏതോ പാർട്ടിക്കാര്യമാണെന്ന് കരുതി ബഹുമാനപ്പെട്ട മന്ത്രി പരാതിക്കാരിയുടെ പിതാവിനെ വിളിച്ചുവെന്നാണ് പറഞ്ഞത്. ഇവിടെ നോട്ടീസ് അവതരിപ്പിച്ചുകൊണ്ട് സംസാരിച്ച ശ്രീ. പി. സി. വിഷ്ണുനാഥ് വളരെ വ്യക്തമായി പറഞ്ഞു. മന്ത്രിയുടെ സംഭാഷണം എല്ലാ മാധ്യമങ്ങളിലും വന്നു. ആ ശബ്ദം കേരളം മുഴുവനും കേട്ടു. എല്ലാ പത്രങ്ങളിലും അതിന്റെ പ്രിന്റ്ഔട്ട് വന്നു. ബഹുമാനപ്പെട്ട മന്ത്രി സംസാരിച്ചപ്പോൾ പരാതിക്കാരിയുടെ പിതാവ് തിരിച്ചുചോദിച്ചു; "പത്മാകരൻ എന്റെ മകളുടെ കയ്യിൽ കയറിപ്പിടിച്ച വിഷയമല്ലേ മന്ത്രി ശ്രീ. എ. കെ. ശശീന്ദ്രൻ എന്നോട് സംസാരിക്കുന്നത്, അത് തീർക്കാൻവേണ്ടിയിട്ടല്ലേ പറയുന്നത്" എന്നതിന് 'അതെ' എന്നാണ് ഉത്തരം പറഞ്ഞത്. എന്നിട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ന്യായീകരിക്കുന്നത് ശരിയാണോ. അറിയാതെ വിളിച്ചതാണത്രേ! പാർട്ടിയുടെ സംസ്ഥാന കമ്മിറ്റിയിലേയ്ക്ക് അദ്ദേഹത്തെ നോമിനേറ്റ് ചെയ്യുന്ന കാര്യം പറയാൻ വേണ്ടിയാണോ വിളിച്ചത്, ആണോ? അദ്ദേഹത്തിന്റെ മകൾ കൊടുത്തിരിക്കുന്ന അങ്ങയുടെ വകുപ്പിന്റെ കീഴിലുള്ള പോലീസ് സ്റ്റേഷനിലെ പെൻഡിംഗായിരിക്കുന്ന പരാതിയിലാണ് അങ്ങയുടെ മന്ത്രിസഭയിലെ ഒരു മന്ത്രി പരാതിക്കാരിയുടെ പിതാവിനെ വിളിച്ച് നല്ല രീതിയിൽ തീർക്കണമെന്ന് പറഞ്ഞത്. പത്മാകരൻ പെൺകുട്ടിയുടെ കയ്യിൽ കയറിപ്പിടിച്ച, സ്ത്രീ പീഡനത്തിന്റെ പരിധിയിൽ വരുന്ന വിഷയം എങ്ങനെയാണ് നല്ല രീതിയിൽ തീർക്കുന്നതെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഞങ്ങൾക്കൊന്ന് പറഞ്ഞുതരണം. അങ്ങ് ആഭ്യന്തര വകുപ്പുമന്ത്രിയല്ലേ? പത്മാകരൻ എന്നയാൾ പെൺകുട്ടിയുടെ കയ്യിൽ കയറിപ്പിടിച്ചു. ആ പെൺകുട്ടിയെ സാമൂഹ്യ മാധ്യമങ്ങളിലൂടെ അപകീർത്തിപ്പെടുത്തി എന്ന ഗുരുതരമായ ആരോപണമുള്ള കൊഗ്നൈസബിൾ കേസ് എങ്ങനെയാണ് നല്ല രീതിയിൽ തീർക്കുന്നത്? ഇത്തരം കാര്യങ്ങളിൽ അങ്ങ് മന്ത്രിമാർക്ക് എന്തെങ്കിലും ഉപദേശം കൊടുത്തിട്ടുണ്ടോ? കേരളത്തിലെ സ്ത്രീപീഡനക്കേസുകളെല്ലാം അദാലത്ത് വച്ച് തീർക്കാൻ കഴിയുമോ; അങ്ങ് നീതി നടപ്പിലാക്കേണ്ട ആളല്ലേ? ഇതുപോലുള്ള പരാതി വന്നാൽ ഒരു പെൺകുട്ടിയെ സംരക്ഷിക്കേണ്ടയാളല്ലേ; ഇതൊരു വ്യക്തമായ കേസല്ലേ? പോലീസ് സ്റ്റേഷനിൽ ആ കേസ് പെൻഡിംഗിലിരിക്കുന്ന സമയത്ത് പരാതിക്കാരിയുടെ പിതാവിനെ ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രി ഫോണിൽ വിളിച്ച് ഒത്തുതീർപ്പാക്കാൻവേണ്ടി ശ്രമിക്കുന്നു. അദ്ദേഹത്തിന്റെ ഔദ്യോഗിക പദവി ദുരുപയോഗപ്പെടുത്തുന്നു. പാർട്ടിയുടെ നിയോജകമണ്ഡലം പ്രസിഡന്റാണെങ്കിൽ പാർട്ടി പ്രശ്നം തീർക്കാൻ

ബഹുമാനപ്പെട്ട മന്ത്രി എന്തിനാണ് ഇടപെടുന്നത്? ഞാൻ ചോദിക്കട്ടെ, ബഹുമാനപ്പെട്ട മന്ത്രി അദ്ദേഹത്തിന്റെ ഔദ്യോഗികപദവി ദുരുപയോഗപ്പെടുത്തിക്കൊണ്ട്, സമ്മർദ്ദം ചെലുത്തിക്കൊണ്ട് പരാതിക്കാരിയുടെ പിതാവിൽനിന്ന് പരാതി പിൻവലിപ്പിക്കാൻ വേണ്ടിയല്ലേ ശ്രമിച്ചത്? ഇതിനേക്കാൾ വലിയ കേസെന്താണ്; ഇതാണോ മന്ത്രിമാരുടെ ജോലി; ഇതാണോ മന്ത്രിമാരോട് അങ്ങ് പറഞ്ഞുകൊടുത്തിട്ടുള്ളത്? പോലീസ് സ്റ്റേഷനിലുള്ള കേസുകളെല്ലാം ഒത്തുതീർപ്പാക്കാൻ പോലീസ് സ്റ്റേഷനിൽ പരാതി കൊടുക്കുന്നവരുടെ വീട്ടിൽ വിളിച്ച്, അവരുടെ ബന്ധുക്കളെ വിളിച്ച് പരാതി പിൻവലിപ്പിക്കാൻ നിർബന്ധിപ്പിക്കുന്ന ജോലി എന്നുമുതലാണ് മന്ത്രിമാർ ചെയ്തുതുടങ്ങിയത്; അങ്ങ് അറിഞ്ഞുകൊണ്ടാണോ ഇത് ചെയ്യുന്നത്? അങ്ങ് ഇതിനെ ന്യായീകരിച്ചത് എനിക്ക് വിസ്മയമുണ്ടാക്കി. സി.പി.ഐ.(എം.) അല്ലേ ഈ ഗവൺമെന്റിന് നേതൃത്വം കൊടുക്കുന്നത്? കഴിഞ്ഞ ദിവസമല്ലേ 'സ്ത്രീപക്ഷം' എന്ന പരിപാടിക്ക് തുടക്കംകുറിച്ചത്? ഈ മന്ത്രിസഭയിൽ വനിതാ മന്ത്രിമാർ ഇല്ലേ? ഇതാണോ സ്ത്രീപക്ഷം; ഇങ്ങനെയാണോ സ്ത്രീപക്ഷത്ത് നിൽക്കുന്നത്? സ്ത്രീപീഡനം നടത്തിയെന്ന വ്യക്തമായ പരാതി ഒരു പെൺകുട്ടി കൊടുക്കുമ്പോൾ അതിൽ മന്ത്രിമാർ ഇടപെട്ട് പരാതി പിൻവലിക്കുന്നതാണോ സ്ത്രീപക്ഷ നിലപാട്? ഇതാണോ അങ്ങ് നേരത്തെ സൂചിപ്പിച്ച നവോത്ഥാനം. അങ്ങ് മറുപടി പറയണം. ഏത് കാലത്താണ് നമ്മൾ ജീവിക്കുന്നത്? സ്ത്രീകളും കുട്ടികളും വ്യാപകമായി അതിക്രമങ്ങൾക്കിരയാകുന്ന ഒരു കെട്ട കാലത്താണ് നമ്മൾ ജീവിക്കുന്നത്. ബഹുമാനപ്പെട്ട ഗവർണർ ഉപവാസം നടത്തിയത് സ്ത്രീധനവുമായി ബന്ധപ്പെട്ട മരണങ്ങൾക്കും കൊലപാതകങ്ങൾക്കും സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾക്കും എതിരായിട്ടാണ്. 'മകൾക്കൊപ്പം' എന്നൊരു ക്യാമ്പയിൻ ഞങ്ങൾ നടത്തുന്നുണ്ട്. സി.പി.ഐ.(എം.) 'സ്ത്രീപക്ഷം' എന്നുള്ള ക്യാമ്പയിൻ നടത്തുന്നുണ്ട്. ഇത് എന്തു കൊണ്ടാണ്? സ്ത്രീകൾ ആക്രമിക്കപ്പെടുന്നു, കുഞ്ഞുങ്ങൾ ആക്രമിക്കപ്പെടുന്നു. ഇതിന്റെ ഗൗരവമറിയാത്ത ഏത് മലയാളിയുണ്ട് കേരളത്തിൽ? എല്ലാവരും ഗൗരവത്തോടു കൂടി ഈ വിഷയം കൈകാര്യം ചെയ്ത് സ്ത്രീപക്ഷത്തും മകൾക്കൊപ്പവും നിൽക്കാൻ ശ്രമിക്കുമ്പോൾ ഒരു പെൺകുട്ടി കൊടുത്ത പരാതി ഇല്ലാതാക്കുന്നതിനുവേണ്ടി അങ്ങയുടെ മന്ത്രിസഭയിലെ ഒരു മന്ത്രി ശ്രമിച്ചതിനെ അങ്ങ് ന്യായീകരിക്കുന്നത് ശരിയാണോ, ഇതാണോ ശരി; ഇതാണോ നവോത്ഥാനം? നിങ്ങൾ ഇരയ്ക്കൊപ്പമാണോ; വേട്ടക്കാർക്കൊപ്പമാണോ? അതാണ് വ്യക്തമാക്കേണ്ടത്. അങ്ങയുടെ മറുപടി കേട്ടപ്പോൾ നിങ്ങൾ വേട്ടക്കാർക്കൊപ്പമാണെന്ന് മനസ്സിലായി. സ്ത്രീകളെ അധിക്ഷേപിക്കുന്നവർക്ക് സ്ത്രീകൾക്കെതിരായി അതിക്രമം നടത്തുന്നവർക്കുള്ള ലൈസൻസാകും അങ്ങയുടെ മറുപടി എന്നുപറയുന്നതിൽ എനിക്ക് ദുഃഖമുണ്ട്. ആഭ്യന്തര വകുപ്പിന്റെ ചുമതല വഹിക്കുന്ന ഒരു മുഖ്യമന്ത്രി പറയാൻ പാടില്ലാത്ത

വാക്കുകളാണ് പറഞ്ഞത്. ജൂൺ 28-ാം തീയതി പരാതി കൊടുക്കുന്നു. ഇത്രയും കേസുകൾ കേരളത്തിലുണ്ടായിട്ടും അങ്ങ് പോലീസ് ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചുകൂട്ടി പറഞ്ഞില്ല എന്ന് ഞാൻ കരുതുന്നു. അങ്ങ് പറഞ്ഞിരുന്നുവെങ്കിൽ ഇതുപോലെ സംഭവിക്കുമോ? ക്രിമിനൽ പ്രൊസീഡ്യുവർ കോഡ് എന്താണ്? ഇതുപോലെയുള്ള ഒരു കേസ് വന്നാൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യണ്ടേ? ഈ സംഭവം ഒരു വിവാദമായി മാധ്യമങ്ങളിൽ വന്ന ഈ ഇരുപത്തിരണ്ടാമത്തെ ദിവസംവരെ എന്തുകൊണ്ട് എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തില്ല? ബഹുമാനപ്പെട്ട മന്ത്രി പോലീസ് ഉദ്യോഗസ്ഥരെ വിളിച്ചിട്ടില്ലായെന്ന് എന്ത് ഉറപ്പിന്റെ പേരിലാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞത്? പരാതിക്കാരിയുടെ പിതാവിനെ വിളിക്കാമെങ്കിൽ ആരെയൊക്കെ വിളിച്ചുകാണും; ആരൊക്കെ വിളിച്ചുകാണും? ഈ സ്വാധീനമുള്ളതുകൊണ്ടല്ലേ ഇരുപത്തിരണ്ട് ദിവസം പോലീസ് സ്റ്റേഷനിൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യാതിരുന്നത്. ഇത് പരാതിക്കാരിയുടെ പിതാവിനെ മാത്രം വിളിച്ച കേസ്സല്ല. ഈ കേസ് ഒതുക്കിത്തീർക്കാൻ രാഷ്ട്രീയമായ ഇടപെടലുകൾ നടത്തിയിട്ടുണ്ട്. പെൺകുട്ടി പരാതി കൊടുത്താൽ എഫ്.ഐ.ആർ. എടുക്കാൻ പോലീസുകാർക്കെന്താണ് മടി? അങ്ങനെ വല്ല നിർദ്ദേശവും കൊടുത്തിട്ടുണ്ടോ? തെറ്റായതും അവാസ്തവമായതുമായ റിപ്പോർട്ട് നൽകി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെവരെ പോലീസ് പറ്റിക്കുന്നു. പരാതിക്കാരി പോലീസ് സ്റ്റേഷനിൽ വന്നില്ലായെന്ന് റിപ്പോർട്ടിൽ കള്ളം പറയുന്നു. അങ്ങ് ആ റിപ്പോർട്ട് വായിക്കാൻ വിധിക്കപ്പെട്ട വനായി ഇവിടെ ഞങ്ങളുടെ മുമ്പിൽ നിൽക്കുന്നു. പോലീസ് പറയുന്ന കള്ളം, അവാസ്തവമായ കാര്യം ഈ സഭയുടെ മുമ്പാകെ അങ്ങേയ്ക്ക് പറയേണ്ടിവന്നു. ഒരു പെൺകുട്ടി സ്ത്രീപീഡന പരാതി കൊടുത്തിട്ട് ഇരുപത്തിരണ്ട് ദിവസം അത് മടക്കി പരണത്തുവച്ച പോലീസാണോ കേരളത്തിലുള്ളത്. അങ്ങാണ് ആഭ്യന്തര വകുപ്പുമന്ത്രി. അതുകൊണ്ടാണ് അങ്ങയോട് ചോദിക്കുന്നത്. ഇരുപത്തിരണ്ട് ദിവസം കഴിഞ്ഞിട്ടും എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്ത് ഒരു മൊഴിപോലുമെടുക്കാൻ പോലീസ് പോകുന്നില്ല. എങ്ങനെയാണ് ഈ കേസ് കൈകാര്യം ചെയ്യുന്നത്? മന്ത്രിമാരൊക്കെ ഇടപെട്ടാൽ ഇങ്ങനെയൊക്കെത്തന്നെയായിരിക്കും കേസ്. അതുകൊണ്ട് സ്ത്രീപീഡന പരാതി പിൻവലിപ്പിക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട മന്ത്രി സമ്മർദ്ദം ചെലുത്തിയത് ഔദ്യോഗിക പദവിയുടെ ദുരുപയോഗമാണ്. അതിനാൽ ഒരു നിമിഷംപോലും മന്ത്രിസ്ഥാനത്തിരിക്കാൻ അദ്ദേഹം യോഗ്യനല്ല. അദ്ദേഹം രാജി വയ്ക്കണം. രാജി വച്ചില്ലെങ്കിൽ ഈ മന്ത്രിസഭയിൽനിന്ന് അദ്ദേഹത്തെ പുറത്താക്കി ഈ നാടിന് മുഴുവൻ മാതൃക കാണിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തയ്യാറാകണം. അതിൽ തയ്യാറാകാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, കുട്ടികളുടെയും സ്ത്രീകളുടെയും നേരെയുള്ള അതിക്രമം, സ്ത്രീധനത്തിന്റെ പേരിലുള്ള മർദ്ദനം, ക്രൂരതകൾ എന്നിവയെല്ലാം സമൂഹത്തിൽ വർദ്ധിച്ചുവരുന്ന സാഹചര്യത്തിലാണ് ബഹുമാനപ്പെട്ട ഗവർണർപോലും ഗാന്ധിമാർഗ്ഗത്തിൽ സത്യാഗ്രഹം ചെയ്യാൻ തയ്യാറായത്. കുട്ടികളുടെയും സ്ത്രീകളുടെയും നേരെയുള്ള ഇത്തരം അതിക്രമങ്ങൾക്കെതിരായി വലിയ ക്യാമ്പയിൻ നടത്തുന്ന ഈയൊരു സമയത്ത് സംസ്ഥാനത്തെ മന്ത്രിതന്നെ ഇതുപോലുള്ള ഒരു അതിക്രമം കാണിക്കാൻ തയ്യാറായി എന്നത് അതീവഗൗരവമുള്ള കാര്യമാണ്. അതിന്റെ സന്ദേശം ക്യാമ്പയിന്റെ അന്തഃസത്തയ്ക്ക് നിരക്കുന്നതല്ല. അതുകൊണ്ടുതന്നെ ഈ വിഷയം വളരെ ലഘൂകരിച്ച് 'യാതൊരു കാര്യവുമില്ല, പാർട്ടിക്കാര്യമാണ്' എന്നുള്ള നിലയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറഞ്ഞത് ശരിയല്ല. ഇപ്പോൾ നടന്നു കൊണ്ടിരിക്കുന്ന ക്യാമ്പയിൻ ഉൾക്കൊണ്ട്, ബഹുമാനപ്പെട്ട മന്ത്രിയുടെ ഇത്തര ത്തിലുള്ള പെരുമാറ്റം ദൗർഭാഗ്യകരമാണ് എന്നുപറയാനെങ്കിലും ബഹുമാനപ്പെട്ട മുഖ്യമന്ത്രി തയ്യാറാകേണ്ടതായിരുന്നു. പ്രശ്നത്തെ വളരെ ലഘൂകരിക്കുന്ന ഈ നടപടിയിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. പി. ജെ. ജോസഫ്: സർ, ഇതിൽ ഏറ്റവും ഗൗരവതരമായ കാര്യം ഒരു പരാതി നൽകി ഇരുപത്തിരണ്ട് ദിവസം വരെ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തില്ല എന്നുള്ളതാണ്. ഇക്കാര്യത്തിൽ അനാവശ്യമായ സ്വാധീനം ഉണ്ടായിരിക്കുന്നു. പെൺകുട്ടിയുടെ പരാതിയിന്മേൽ നടപടി സ്വീകരിക്കാതിരിക്കാൻ വനം-വന്യജീവി വകുപ്പുമന്ത്രി പരാതിക്കാരിയുടെ അച്ഛനെ സ്വാധീനിച്ചു എന്നുള്ളതാണ് ആക്ഷേപം. പോലീസിന്റെ ഭാഗത്തുനിന്നുണ്ടായ തെറ്റായ സമീപനത്തിന്റെ പേരിൽ നടപടി യെടുക്കാൻ കഴിയണം. ഈ ഗൗരവമായ വിഷയം അന്വേഷിക്കാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. ജെ. ജോസഫും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. അനൂപ് ജേക്കബ്: സർ, പ്രമേയാവതാരകൻ സൂചിപ്പിച്ച ഒരു കാര്യം എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യാനുണ്ടായ കാലതാമസമാണ്. കഴിഞ്ഞ ദിവസം വരെ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്ത് പരാതിക്കാരിയുടെ മൊഴിയെടുക്കാൻ തയ്യാറായിട്ടില്ല. ഇത് ബോധപൂർവം വൈകിപ്പിക്കുന്നുവെന്ന കാര്യത്തിൽ യാതൊരു

സംശയവുമില്ല. സാധാരണ ഒരു പരാതി ലഭിച്ചുകഴിഞ്ഞാൽ ഇരുപത്തിനാല് മണിക്കൂറിനുള്ളിൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യേണ്ടതാണ്. ഇരുപത്തിരണ്ട് ദിവസങ്ങൾക്കുശേഷം അങ്ങനെ ചെയ്യാതിരിക്കുന്നത് അനാവശ്യമായ സ്വാധീന മുണ്ടായി എന്നുള്ളതുകൊണ്ടാണ്. പാർട്ടി വിഷയമാണെങ്കിൽ പാർട്ടിക്ക് പ്രസിഡന്റ് അടക്കമുള്ളവരുണ്ട്. അദ്ദേഹം ഇടപെടുമ്പോൾ ഒരു മന്ത്രിയുടെ പദവിയാണ് ദുരുപയോഗപ്പെടുത്തിയത്. .....(മൈക്ക് ഓഫ്)..... കാര്യങ്ങൾ പറഞ്ഞ് അവസാനിപ്പിക്കാനുള്ള സമയം തരണം.

മി. സ്പീക്കർ: പറഞ്ഞ കാര്യങ്ങൾ അങ്ങ് ആവർത്തിക്കുകയാണ്.

ശ്രീ. അനൂപ് ജേക്കബ്: സർ, ഒരു മിനിറ്റ് പോലുമെടുത്തില്ല. ഇക്കാര്യത്തിൽ ഇത്രയും അസഹിഷ്ണുത കാണിക്കേണ്ട കാര്യമില്ല. .....(മൈക്ക് ഓഫ്)..... ഗുരുതരമായ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭവിട്ട് പുറത്തുപോയി.

സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനുശേഷം സഭയിൽ തിരികെ പ്രവേശിച്ചു.)

## V ശ്രദ്ധ ക്ഷണിക്കൽ

### (1) ഇന്ത്യക്കാർക്ക് ഏർപ്പെടുത്തിയിട്ടുള്ള യാത്രാവിലക്ക്

ഡോ. കെ. ടി. ജലീൽ: സർ, വളരെ പ്രധാനപ്പെട്ട ഒരു കാര്യത്തിലേയ്ക്കാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും സഭയുടെയും ശ്രദ്ധ ക്ഷണിക്കുന്നത്. സംസ്ഥാനത്ത് രണ്ടുതരം പ്രവാസികളാണുള്ളത്. ഒന്ന്, വിദേശ രാജ്യങ്ങളിൽ സ്ഥാപനങ്ങളും സംരംഭങ്ങളും നടത്തുന്ന, വിവിധ തൊഴിൽ മേഖലകളിൽ ജോലി ചെയ്യുന്ന ഏതാണ്ട് മുപ്പത് ലക്ഷത്തിലധികം വരുന്ന പ്രവാസികൾ. രണ്ടാമത്തേത്, ഇന്ത്യയിലെതന്നെ മറ്റ് സംസ്ഥാനങ്ങളിൽ സ്ഥാപനങ്ങൾ നടത്തുന്നവരും സർക്കാർ/സർക്കാരിതര മേഖലകളിൽ ജോലി ചെയ്യുന്നവരുമായ നാൽപ്പത് ലക്ഷത്തിലധികം വരുന്ന പ്രവാസികൾ. വിദേശ രാജ്യങ്ങളിൽ ജോലി ചെയ്യുകയും സംരംഭങ്ങൾ നടത്തുകയും ചെയ്യുന്ന പ്രവാസികളുമായി ബന്ധപ്പെട്ട വിഷയമാണ് ഇന്നിവിടെ അവതരിപ്പിക്കുന്നത് കോവിഡ് വ്യാപനത്തെത്തുടർന്ന് തങ്ങൾ ജോലി ചെയ്യുന്ന രാജ്യങ്ങളിൽ സുരക്ഷിതത്വമില്ല എന്നുള്ള ആശങ്കയുടെ പശ്ചാത്തലത്തിൽക്കൂടിയാണ് ലക്ഷക്കണക്കിന് മലയാളികൾ കേരളത്തിന്റെ സംരക്ഷിത കവചത്തിലേയ്ക്ക് തിരിച്ചെത്തിയത്. കോവിഡ് തുടങ്ങിയ ദിവസം മുതൽ

21-7-2021 വരെ 1553866 ആളുകൾ നമ്മുടെ നാട്ടിൽ തിരിച്ചെത്തുകയുണ്ടായി. ഇതേ കാലയളവിൽ ഏതാണ്ട് ഇരുപത് ലക്ഷത്തോളം ആളുകൾ തിരിച്ച് പോകുകയും ചെയ്തു. തിരിച്ചെത്തിയ 1,553,866 ആളുകളിൽ ജോലി നഷ്ടപ്പെട്ടവർ 1110848 ആണ്. വിസാ കാലാവധി കഴിഞ്ഞവർ 306,829-ഉം പത്ത് വയസ്സിന് താഴെയുള്ളവർ 87,944-ഉം ഗർഭിണികൾ 13,826-ഉം മുതിർന്ന പൗരന്മാർ 31,395-ഉം ആണ്. ശരാശരി ഒരു ലക്ഷം കോടി രൂപയാണ് വിദേശ രാജ്യങ്ങളിൽ ജോലി ചെയ്യുന്ന ഇന്ത്യാക്കാർ ബാങ്കുകൾ മുഖേന നിയമപരമായി പ്രതിവർഷം ഇന്ത്യയിലേയ്ക്ക് അയയ്ക്കുന്നത്. ഇതിന്റെ പത്തൊൻപത് ശതമാനം കേരളത്തിൽനിന്നുള്ള മലയാളികളായ പ്രവാസികളുടെ അദ്ധ്വാനഫലമാണ്. ആറ് മിഡിൽ ഈസ്റ്റ് രാജ്യങ്ങളിൽ നിലവിൽ ഖത്തറിലേയ്ക്കും ബഹറിനിലേയ്ക്കും മാത്രമാണ് ഫ്ലൈറ്റ് സർവീസുകളുള്ളത്. ഏറ്റവുമധികം മലയാളികൾ ജോലി ചെയ്യുന്ന സൗദി അറേബ്യ, യു.എ.ഇ., ഒമാൻ, കുവൈറ്റ് എന്നീ രാജ്യങ്ങളിലേയ്ക്ക് ഫ്ലൈറ്റുകളില്ല. മറ്റ് രാജ്യങ്ങളിലേയ്ക്കുള്ള ഫ്ലൈറ്റുകളിൽ പോയി അവിടെ പതിനാല് ദിവസം ക്വാറന്റൈനിൽ കഴിഞ്ഞശേഷം യു.എ.ഇ. ഉൾപ്പെടെയുള്ള രാജ്യങ്ങളിലേയ്ക്ക് പോകേണ്ട സ്ഥിതിയാണ് നിലവിലുള്ളത്. ഇതിനാകട്ടെ ഭീമമായ ചാർജാണ് ഫ്ലൈറ്റ് കമ്പനികൾ ഈടാക്കുന്നത്. അഞ്ച് പ്രശ്നങ്ങളാണ് പ്രവാസികൾ പ്രധാനമായും നേരിടുന്നത്. ഒന്ന്, കോവാക്സിൻ രണ്ട് ഡോസ് സ്വീകരിച്ചവർക്ക് വിദേശ രാജ്യങ്ങളിൽ പോകാൻ സാധിക്കുന്നില്ല. വിദേശ രാജ്യങ്ങളിൽ പലതും കോവാക്സിൻ അംഗീകരിക്കുന്നില്ല എന്നതുകൊണ്ടുണ്ടാകുന്ന ബുദ്ധിമുട്ട് ചെറുതല്ല. കോവാക്സിൻ രണ്ട് ഡോസ് സ്വീകരിച്ചവർക്ക് വിദേശ രാജ്യങ്ങൾക്കൂടി അംഗീകരിക്കുന്ന മെഡിസിൻ വാക്സിനേറ്റ് ചെയ്യാൻ നിലവിലുള്ള നിയമം അനുവദിക്കുന്നുമില്ല. അതിന്റെ അനന്തരഫലത്തെക്കുറിച്ചുള്ള ആശങ്ക നിലനിൽക്കുന്നതുകൊണ്ടാണ് അതിനുള്ള സാഹചര്യമില്ലാത്തത്. ഈ മഹാമാരിക്ക് പ്രതിരോധം തീർക്കാൻ ശക്തമായ മെഡിസിൻ തന്നെയാണ് കോവാക്സിൻ എന്ന് കേന്ദ്ര സർക്കാർ അടിയന്തരമായി ബന്ധപ്പെട്ട രാജ്യങ്ങളെ ബോദ്ധ്യപ്പെടുത്തണം. അതിനുവേണ്ടിയുള്ള ഇടപെടലാണ് കേന്ദ്ര സർക്കാർ നടത്തേണ്ടത്. രണ്ടാമത്തെ പ്രശ്നം യു.എ.ഇ. പോലുള്ള രാജ്യങ്ങളിലേയ്ക്ക് നേരിട്ട് ഫ്ലൈറ്റ് ഇല്ലായെന്നുള്ളതാണ്. കസാക്കിസ്ഥാൻ, ഉക്രെയിൻ എന്നിങ്ങനെ മറ്റുപല രാജ്യങ്ങളിലെത്തി അവിടെ പതിനാല് ദിവസം ക്വാറന്റൈനിൽ കഴിഞ്ഞിട്ടാണ് പ്രവാസികളിൽ പലരും യു.എ.ഇ. അടക്കമുള്ള പല ഗൾഫ് രാജ്യങ്ങളിലേയ്ക്കും പോകുന്നത്. മൂന്നാമത്തെ പ്രശ്നം, ഖത്തർ വഴി പോകുന്ന രണ്ട് ഡോസ് വാക്സിൻ സ്വീകരിച്ചവർക്ക് പതിനാല് ദിവസം ക്വാറന്റൈനിൽ കഴിഞ്ഞുവെന്ന് ഉറപ്പുവരുത്തിയതിനുശേഷമേ യു.എ.ഇ-ലേയ്ക്ക് പോകാൻ കഴിയൂ എന്നതാണ്. മാൽദീവ്സ് വഴി പോകുന്നവർക്ക് ജനവാസമില്ലാത്ത ദ്വീപുകളിലെ റിസോർട്ടുകളിൽ പതിനാല് ദിവസം താമസിച്ചിട്ടുമാത്രമേ യു.എ.ഇ-ലേയ്ക്ക് പോകാൻ

സാധിക്കുന്നുള്ളൂ. നിരവധി പേർക്ക് ഇതുകാരണം ജോലി നഷ്ടപ്പെടുന്ന സാഹചര്യമു ണ്ടായിരിക്കുകയാണ്. നാലാമത്തേത്, നാട്ടിൽ അവർ നിൽക്കേണ്ടി വരുമ്പോഴുണ്ടാകുന്ന സാമ്പത്തിക ബുദ്ധിമുട്ടുകൾ വിവരണാതീതമാണ്. അഞ്ചാമത്തെ പ്രശ്നം, വളഞ്ഞു തിരിഞ്ഞ് ജോലി സ്ഥലത്തെത്താൻ ഭീമമായ തുക പ്രവാസികൾക്ക് ചെലവാകുന്നു എന്നതാണ്. ഇപ്പോൾ യു.എ.ഇ-ലേയ്ക്ക് ഒരാൾക്ക് പോകണമെങ്കിൽ ഒന്നേകാൽ മുതൽ ഒന്നര ലക്ഷം രൂപ വരെയാണ് കൊടുക്കേണ്ടതായി വരുന്നത്. അവിടെ നിന്നും ഇങ്ങോട്ടുവരുന്ന ഫ്ലൈറ്റുകളിൽ തിരിച്ചുപോകാൻ ഭാഗ്യം സിദ്ധിച്ചിട്ടുള്ളവരുമുണ്ട്. ഗോൾഡൻ വിസയുള്ളവർ, ഒഫിഷ്യൽ ഡെലിഗേഷന്റെ ഭാഗമായി പോകുന്നവർ, സ്വന്തം ഫ്ലൈറ്റുകളുള്ള ബിസിനസ്സ് മാഗ്നറ്റുകൾ, ഗോൾഡൻ റസിഡൻസ് വിസ ഹോൾഡേഴ്സ്, സിൽവർ വിസ ഹോൾഡേഴ്സ്, നിക്ഷേപകർ, സംരംഭകർ, ഔട്ട്സ്റ്റാൻഡിംഗ് പ്രൊഫഷണൽസ്, ഔട്ട്സ്റ്റാൻഡിംഗ് സ്റ്റുഡൻസ് എന്നിവരാണ് ആ ഗണത്തിൽ പ്പെടുന്നത്. ഇത് മൊത്തം പ്രവാസികളിൽ ഒരു ശതമാനം പോലുമില്ല എന്നുള്ളതാണ് വസ്തുത. ഈ മർമ്മപ്രധാനമായ വിഷയത്തിൽ കേന്ദ്ര സർക്കാരിന്റെ ശക്തമായ ഇടപെടൽ അനിവാര്യമാണ്. പ്രവാസികളുടെ ക്ഷേമത്തിനായി സംസ്ഥാന സർക്കാർ കഴിയുന്നതിന്റെ പരമാവധി പ്രവർത്തനങ്ങൾ ചെയ്തിട്ടുണ്ടെന്നുള്ള കാര്യവും ഞാൻ ഈ സന്ദർഭത്തിൽ ഓർമ്മിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഫലവത്തായ ഇടപെടൽ കേന്ദ്ര സർക്കാരുമായി ബന്ധപ്പെട്ട് ഈ വിഷയത്തിലുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, വളരെ ഗൗരവമായ ഒരു പ്രശ്നമാണ് ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ചിരിക്കുന്നത്. കോവിഡ്-19 മഹാമാരി ലോകമെമ്പാടും വ്യാപിക്കുന്ന പശ്ചാത്തലത്തിൽ ജി.സി.സി. രാജ്യങ്ങൾ പ്രഖ്യാപിച്ച യാത്രാവിലക്കുമൂലം പ്രവാസി മലയാളികൾക്ക് ആശങ്കാജനകമായ സാഹചര്യമാണ് നിലവിലുള്ളത്. കോവിഡ് രണ്ടാം തരംഗത്തെത്തുടർന്ന് ചില രാജ്യങ്ങൾ നമ്മുടെ രാജ്യത്തെ പ്രവാസികൾക്ക് പ്രവേശനാനുമതി നിഷേധിച്ചിരിക്കുകയാണ്. ഇത്തരമൊരു ഘട്ടത്തിൽ എയർപോർട്ടുകളിൽ സൗജന്യ കോവിഡ് ടെസ്റ്റ് നടത്താനും ക്വാറന്റൈൻ സംവിധാനം സജ്ജമാക്കാനും കൂടുതൽ വിമാന സർവ്വീസുകൾ ആരംഭിക്കാനും ആവശ്യപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട കേന്ദ്ര വ്യോമയാന മന്ത്രിക്ക് സംസ്ഥാന സർക്കാർ കത്തുകളയച്ചിട്ടുണ്ട്. വിദേശരാജ്യങ്ങൾ കോവിഡ് വാക്സിനേഷൻ സംബന്ധിച്ച് മാനദണ്ഡം പുറപ്പെടുവിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ നിലനിൽക്കുന്ന ആശങ്കകൾക്കും ആശയക്കുഴപ്പത്തിനും പരിഹാരമായി മടങ്ങിപ്പോകേണ്ട പ്രവാസികൾക്ക് വാക്സിനേഷന് മുൻഗണന നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ, വിദേശത്തുനിന്നും വന്നിട്ട് മടങ്ങിപ്പോകേണ്ടവർ, വിദ്യാർത്ഥികൾ, തൊഴിലിനായും സന്ദർശനത്തിനായും പോകേണ്ടവർ തുടങ്ങിയവരിൽ കോവാക്സിൻ സ്വീകരിച്ചവർക്ക് പ്രവേശനാനുമതി

നിഷേധിക്കപ്പെട്ട സാഹചര്യമുണ്ട്. അതുപോലെ ആദ്യ ഡോസ് വിദേശത്തുനിന്നും സ്വീകരിച്ച് നാട്ടിൽ എത്തിയവർക്ക് ചില വാക്സിനുകൾ ഇവിടെ ലഭ്യമല്ലാത്തതിനാൽ രണ്ടാം ഡോസ് എടുക്കാൻ കഴിയാതെ മടക്കയാത്ര മുടങ്ങിയ സാഹചര്യവുമുണ്ട്. ഈ വിഷയത്തിൽ അടിയന്തര നടപടി സ്വീകരിക്കുവാൻ കേന്ദ്ര വിദേശകാര്യ മന്ത്രാലയത്തിന് സംസ്ഥാന ചീഫ് സെക്രട്ടറി കത്തയച്ചിട്ടുണ്ട്. അതത് രാജ്യങ്ങളിലെ എംബസികളുമായി ആശയവിനിമയം നടത്തി ഈ പ്രശ്നത്തിന് പരിഹാരം കാണാനും ശ്രമം നടക്കുന്നുണ്ട്. ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ചതുപോലെ കോവാക്സിന് പെട്ടെന്നുതന്നെ അംഗീകാരം ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. അതിന് വേൾഡ് ഹെൽത്ത് ഓർഗനൈസേഷന്റെ അംഗീകാരം ലഭ്യമാകാനിരിക്കുകയാണ്. ഈ വിഷയം സംബന്ധിച്ച് ബഹുമാനപ്പെട്ട പ്രധാനമന്ത്രിയുമായി ചർച്ച ചെയ്തപ്പോഴും പെട്ടെന്ന് ലഭ്യമാകാൻ സാധ്യതയുണ്ടെന്നാണ് മറുപടി ലഭിച്ചിരിക്കുന്നത്. പ്രവാസികൾ യാത്രാവിലക്ക് കാരണം അനുഭവിക്കേണ്ടിവരുന്ന പ്രയാസം, വിമാനമില്ലാത്തതു കൊണ്ടുണ്ടാകുന്ന പ്രശ്നങ്ങൾ എന്നിവ കേന്ദ്ര ഗവൺമെന്റിന്റെ, പ്രത്യേകിച്ച് ബഹുമാനപ്പെട്ട പ്രധാനമന്ത്രിയുടെതന്നെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണ്; എത്രയുംവേഗം പരിഹാരമുണ്ടാകുമെന്ന് പ്രതീക്ഷിക്കാം. കോവിഡിനെ നേരിടുന്ന കാര്യത്തിൽ ഇത്തരം സമീപനങ്ങളാണ് ചില രാജ്യങ്ങൾ സ്വീകരിക്കുന്നതെന്ന് നാം തിരിച്ചറിയേണ്ടതായിട്ടുണ്ട്. രാജ്യത്തെ കോവിഡ് വ്യാപനം തടയാനുള്ള നടപടികളുടെ ഭാഗമായി നിബന്ധനകൾ പാലിക്കപ്പെടാതെ ആളുകൾ വരാൻ പാടില്ല എന്നുപറയുന്നത് അവരുടെ സുരക്ഷ കണക്കിലെടുത്ത് സ്വീകരിക്കുന്ന നയമാണ്. അപ്പോൾ അവരെ കുറ്റം പറയാനും പറ്റില്ല, നമുക്കത് വലിയ വിഷമമായി മാറുകയും ചെയ്യുന്നു. ഇതാണ് സംഭവിക്കുന്നത്.

ഡോ. കെ. ടി. ജലീൽ: സർ, ഉപചോദ്യം ചോദിക്കാനുദ്ദേശിച്ചതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറഞ്ഞുകഴിഞ്ഞു. കോവാക്സിന്റെ വിഷയം കേന്ദ്ര സർക്കാർ ഉടനെതന്നെ പരിഹരിക്കുമെന്നാണ് പറഞ്ഞത്. വളരെ പ്രധാനപ്പെട്ടൊരു പ്രശ്നമാണിത്. നിരവധിയാളുകൾക്ക് തിരിച്ചുപോകാൻ കഴിയാതെ ജോലിയും ബിസിനസ്സുമെല്ലാം അവതാളത്തിലായി ആത്മഹത്യയുടെ മുനമ്പിലാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിന് മറുപടി പറഞ്ഞിട്ടുണ്ട്.

## 2. കോവിഡ് വ്യാപനംമൂലം സ്വകാര്യ വാഹന ഉടമകൾ നേരിടുന്ന പ്രതിസന്ധി

ശ്രീ. റോജി എം. ജോൺ: സർ, സംസ്ഥാനത്ത് പൊതുഗതാഗത മേഖലയിൽ പ്രവർത്തിക്കുന്ന ഓട്ടോ, ടാക്സി, ടൂറിസ്റ്റ് വാഹനങ്ങൾ, സ്വകാര്യ ബസ്സുകൾ, സ്കൂൾ-കോളേജ് ബസ്സുകൾ തുടങ്ങിയവയുടെ ഉടമകളും തൊഴിലാളികളും കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ നേരിടുന്ന അതീവ ഗുരുതരമായ പ്രതിസന്ധിയിലേയ്ക്കാണ് ശ്രദ്ധ

ക്ഷണിക്കലിലൂടെ സർക്കാരിന്റെ ഭാഗത്തുനിന്നും നടപടികൾ സ്വീകരിക്കണമെന്ന് ആഗ്രഹിക്കുന്നത്. 2020-ലെ കണക്കനുസരിച്ച് സംസ്ഥാനത്ത് ഏകദേശം 657000-ത്തോളം ചരക്കുവാഹനങ്ങളും 130000-ത്തോളം സ്റ്റേജ് ക്യാരേജുകളും അതുപോലെതന്നെ കോൺട്രാക്ട് ക്യാരേജുകളും ഏകദേശം മൂന്ന് ലക്ഷം ടാക്സി കാറുകളും ജീപ്പുകളും ഏകദേശം ഏഴ് ലക്ഷത്തോളം ഓട്ടോറിക്ഷകളുമുണ്ടെന്നാണ് കണക്കാക്കുന്നത്. ഈ മേഖലയിലെ തൊഴിലാളികളെയുൾപ്പെടെ കണക്കാക്കിയാൽ ഏകദേശം 25 ലക്ഷത്തോളം പേർ തൊഴിലെടുക്കുന്ന ഒരു മേഖലയാണിത്. കിടപ്പാടം പണയം വച്ചും കിട്ടാവുന്നിടത്തുനിന്നെല്ലാം കടം വാങ്ങിയും പ്രവാസ ജീവിതത്തിൽ വിയർപ്പൊഴുക്കി സമ്പാദിച്ചതുമെല്ലാം സ്വരുക്കൂട്ടിയും സ്വയംതൊഴിലെന്ന നിലയിൽ ഒരു വാഹനം വാങ്ങി ജീവിതം മുന്നോട്ടുകൊണ്ടുപോകുന്നവരാണ് ഇതിൽ ബഹുഭൂരിപക്ഷം വരുന്നവരും. സർക്കാരിന് ഒരു രൂപ മുതൽമുടക്കില്ലാതെയാണ് ഈ മേഖലയിൽ തൊഴിലെടുക്കുന്ന ലക്ഷക്കണക്കിനാളുകൾ പ്രവർത്തിക്കുന്നത്. സർക്കാരിന് മുതൽ മുടക്കില്ല എന്നുമാത്രമല്ല, കോടിക്കണക്കിന് രൂപ ഖജനാവിലേയ്ക്ക് നികുതിയടയ്ക്കുന്ന ഒരു മേഖലകൂടിയാണിത്. ഉദാഹരണത്തിന് ആൾ ഇന്ത്യ പെർമിറ്റുള്ള 49 സീറ്റുള്ള ഒരു ടൂറിസ്റ്റ് വാഹനം ഏകദേശം 5,88,000 രൂപയാണ് ഒരു വർഷം നികുതിയായി സർക്കാരിന് അടയ്ക്കുന്നത്. സാധാരണക്കാരനായ ഒരു ഓട്ടോറിക്ഷക്കാരൻ ഒരുവർഷം പതിനായിരത്തോളം രൂപ ഇൻഷ്വറൻസായി അടയ്ക്കേണ്ടിവരും. ടാക്സ് കൊടുക്കണമെന്നുമാത്രമല്ല, ഓരോ വർഷവും 25,000-30,000 രൂപയുടെ പണിയെടുപ്പിച്ചാൽ മാത്രമേ ഒരു ഓട്ടോറിക്ഷയ്ക്ക് ആർ.ടി.ഒ.യുടെ ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് ലഭിക്കുകയുള്ളൂ. മഴയും വെയിലും വകവയ്ക്കാതെ കാറ്റും പൊടിയുമെല്ലാം അനുഭവിച്ചുകൊണ്ട് രാത്രിയെന്നോ പകലെന്നോ ഇല്ലാതെ കഷ്ടപ്പെട്ട് തൊഴിലെടുക്കുന്നവരാണിവർ. പെട്രോളിന്റെയും ഡീസലിന്റെയും വിലവർദ്ധനവ് ഈ മേഖലയുടെ നട്ടെല്ലൊടിച്ചിരിക്കുമ്പോൾ തന്നെയാണ് കഴിഞ്ഞ ഒന്നര വർഷമായി കോവിഡ് പ്രതിസന്ധിമൂലം പലരും ആത്മഹത്യയുടെ വക്കിലെത്തി നിൽക്കുന്നതും ഇതിനോടകംതന്നെ ആത്മഹത്യ ചെയ്തിരിക്കുന്നതുമായ സാഹചര്യമുണ്ടായത്. വയനാട്ടിൽ ഒരു സ്വകാര്യ ബസ്സുടമ ജീവനൊടുക്കിയ വാർത്ത നമ്മളെല്ലാവരും വായിച്ചതാണ്. അങ്കമാലി കറുകുറ്റി സ്വദേശിയായ ബസ് തൊഴിലാളി ജോലി നഷ്ടപ്പെട്ട വിഷമത്തിൽ ആത്മഹത്യ ചെയ്തത് ഏതാനും ദിവസങ്ങൾക്കുമുൻപാണ്. ഒന്നരവർഷമായി സർവ്വീസുകൾ നടത്തുവാൻ ഇവർക്ക് സാധിക്കുന്നില്ല, ഒരു രൂപയുടെപോലും വരുമാനം ലഭിക്കാത്ത സാഹചര്യവും നിലനിൽക്കുകയാണ്. കോവിഡ് പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ റിസർവ് ബാങ്കും സർക്കാരും പ്രഖ്യാപിച്ച വിവിധ പദ്ധതികളും ഇളവുകളും ലഭ്യമാക്കാൻവേണ്ടി ബാങ്കുകളും N.B.F.C. (Non-Banking Financial Company)-കളും തയ്യാറാകുന്നില്ല. പ്രീമിയം അടവ് മുടക്കം വരുമ്പോൾതന്നെ ബാങ്കുകളും

എൻ.ബി.എഫ്.സി-കളും ഇവരെ ഭീഷണിപ്പെടുത്തുകയും എത്രയുംവേഗം തുകയടയ്ക്കാൻ നിർബന്ധിച്ചുകൊണ്ടിരിക്കുകയുമാണ്. ഇവരിൽ പലരും ജപ്തിയുടെ വക്കിലാണ്. അതുകൊണ്ടാണ് പലരും വ്യവസായം മുന്നോട്ട് കൊണ്ടുപോകാൻ സാധിക്കില്ലെന്ന് മനസ്സിലാക്കി മറ്റ് മാർഗ്ഗങ്ങളില്ലാതെ ആത്മഹത്യയിലേയ്ക്ക് പോകുന്ന കാഴ്ച കാണാൻ കഴിയുന്നത്. കഴിഞ്ഞ ഒന്നര വർഷമായി പല വാഹനങ്ങളും ഓടാൻ സാധിക്കാതെ നശിക്കുകയാണ്. G-form സമർപ്പിച്ച വാഹനങ്ങൾക്ക് മുന്നോട്ടോ പിന്നോട്ടോ അനക്കാൻപോലും അനുവാദമില്ല; കാരണം, അങ്ങനെ ചെയ്താൽ അതിൽ കേസ്സെടുക്കാനുള്ള നിയമമുണ്ട്. അങ്ങനെ വരുമ്പോൾ പല വാഹനങ്ങളും നശിച്ചുപോകുന്ന സാഹചര്യം നിലനിൽക്കുകയാണ്. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ നല്ലൊരു തുക നികുതിയായി ലഭിക്കുന്ന ഒരു മേഖലയാണിത്. കോവിഡിന്റെ ഒന്നാം വ്യാപനത്തിൽ സർക്കാർ ചില ഇളവുകൾ പ്രഖ്യാപിച്ചിരുന്നു. അതുപോലെ ഈ വർഷം ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ - അതായത് തെരഞ്ഞെടുപ്പിനുമുമ്പ് സർക്കാർ നികുതി ഒഴിവാക്കി ക്കൊടുത്തിരുന്നു. എന്നാൽ, ഈ സാമ്പത്തിക വർഷത്തെ ആദ്യ പാദത്തിലെ നികുതി അടയ്ക്കുന്നതിന് രണ്ട് മാസത്തേയ്ക്ക് സമയം ദീർഘിപ്പിച്ചുകൊടുത്തുവെങ്കിലും ഇവർക്ക് യാതൊരുതരത്തിലുമുള്ള പ്രയോജനമുണ്ടാകുന്നില്ല. രണ്ടുമാസം കഴിഞ്ഞാൽ വീണ്ടും തുക അടയ്ക്കേണ്ട സാഹചര്യം വന്നുചേരുകയാണ്. മൂന്ന് മാസക്കാലയളവിൽ ബഹു ഭൂരിപക്ഷം സമയവും സംസ്ഥാനത്ത് സമ്പൂർണ്ണ ലോക്ക്ഡൗണായിരുന്നു. ഏപ്രിൽ, മേയ്, ജൂൺ മാസങ്ങളിൽ സംസ്ഥാനത്തുണ്ടായിരുന്ന സാഹചര്യം എന്തായിരുന്നു വെന്ന് നമുക്കെല്ലാവർക്കും അറിയാം. ഇങ്ങനെ വാഹനമോടാതിരുന്ന സമയത്തുകൂടി അവർ പൂർണ്ണമായി ടാക്സ് അടയ്ക്കേണ്ട സാഹചര്യം നിലനിൽക്കുകയാണ്. കാലാവധി ദീർഘിപ്പിച്ചുകൊടുത്തതുകൊണ്ടുമാത്രം അവരുടെ പ്രശ്നം പരിഹരിക്ക പ്പെടുന്നില്ല. കഴിഞ്ഞ ദിവസം എറണാകുളത്തുവച്ച് കൂടിയ യോഗത്തിലും ഞങ്ങൾ ഈ വിഷയം ഉന്നയിച്ചതാണ്. നിയമസഭയിൽ ബഹുമാനപ്പെട്ട മന്ത്രി ഉറപ്പു നൽകിയിട്ടും സർക്കാർ ഉത്തരവ് ഇറങ്ങിയില്ലായെന്ന കാരണം പറഞ്ഞ് ഉദ്യോഗസ്ഥർ പലരിൽനിന്നും പിഴ ഈടാക്കുന്ന സാഹചര്യവുമുണ്ടായിട്ടുണ്ട്. അങ്ങനെ എല്ലാ അർത്ഥത്തിലും ഈ മേഖലയിൽ തൊഴിലെടുക്കുന്ന ലക്ഷക്കണക്കിന് ആളുകൾ വലിയ പ്രതിസന്ധിയിലാണ്. എം.എൽ.എ. ഫണ്ട് വിനിയോഗിച്ച് വാങ്ങിക്കൊടുത്ത നിരവധി സ്കൂൾ ബസ്സുകൾ ഒന്നരവർഷമായി ഓടിയിട്ടില്ല. ഓടാതെ കിടക്കുന്ന വാഹനങ്ങളിലെ ജീവനക്കാർക്ക് ഒരു രൂപ ശമ്പളം കൊടുക്കാൻ കഴിഞ്ഞിട്ടില്ല. ആ വാഹനങ്ങൾക്കുപോലും ഇപ്പോൾ നികുതി അടയ്ക്കേണ്ട സാഹചര്യം വന്നു ചേർന്നിരിക്കുകയാണ്. സ്കൂളുകളിലെ പി.റ്റി.എ-കൾ ജനപ്രതിനിധികളെ വിളിച്ച് പരാതി പറയുന്നു. ഇവർക്ക് എങ്ങനെ പണം അടയ്ക്കാൻ സാധിക്കും? കൂടുതൽ തുക ചെലവുചെയ്തെങ്കിൽ മാത്രമേ അവർക്ക് വീണ്ടും വാഹനങ്ങൾ നിരത്തിലിറക്കാൻ

സാധിക്കുകയുള്ളൂ. പൊതുഗതാഗത രംഗത്ത് കെ.എസ്.ആർ.ടി.സി-ക്ക് നൽകുന്ന പരിഗണന മറ്റ് വാഹനങ്ങൾക്കും ലഭ്യമാക്കി തുല്യനീതിയും പരിഗണനയും ഉറപ്പു വരുത്തേണ്ടതുണ്ട്. കെ.എസ്.ആർ.ടി.സി-ക്ക് നൽകുന്ന എല്ലാ ആനുകൂല്യങ്ങളും സ്വകാര്യ വാഹനങ്ങൾക്കും നൽകണം എന്നൊന്നും പറയുന്നില്ല. പക്ഷേ, ആ മേഖലയിൽ തൊഴിലെടുക്കുന്ന സാധാരണക്കാരായിട്ടുള്ള ഓട്ടോറിക്ഷാ തൊഴിലാളികൾ, ടാക്സി ഡ്രൈവർമാർ, ബസ് ഡ്രൈവർമാർ, ബസ് ജീവനക്കാർ, ബസുടമകൾ, ടൂറിസ്റ്റ് വാഹനങ്ങളിലെ ജീവനക്കാർ തുടങ്ങിയ ലക്ഷക്കണക്കിന് ആളുകൾ ആത്മഹത്യയുടെ വക്കിലാണ്. പലരും ആത്മഹത്യ ചെയ്തുകൊണ്ടിരിക്കുന്നു. ഈ മേഖലയിലെ അതീവഗുരുതരമായ പ്രതിസന്ധി പരിഹരിക്കുന്നതിനുവേണ്ടി സർക്കാരിന്റെ ക്രിയാത്മകമായ ഇടപെടലുകളുണ്ടാകണം. അവർക്ക് ടാക്സ് ഒഴിവാക്കിക്കൊടുത്തുകൊണ്ട് ഒരു താൽക്കാലിക ആശ്വാസമെങ്കിലും പ്രഖ്യാപിക്കാൻ സർക്കാർ തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. വി. ജോയി]

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു): സർ, കോവിഡ് മഹാമാരിയുടെ പ്രത്യാഘാതംമൂലം വാഹന ഉടമകൾ നേരിടുന്ന പ്രയാസങ്ങളാണ് ബഹുമാനപ്പെട്ട അംഗം ശ്രദ്ധ ക്ഷണിക്കലിലൂടെ ഉന്നയിച്ചിരിക്കുന്നത്. കോവിഡ് മഹാമാരിയുമായി ബന്ധപ്പെട്ട് ലോക്ക്ഡൗൺ ഏർപ്പെടുത്തിയതിനാൽ വിവിധ വിഭാഗങ്ങളിലുള്ള വാഹനങ്ങളുടെ വാഹനനികുതി ഒഴിവാക്കുകയും നികുതി അടയ്ക്കുന്നതിന് സമയം ദീർഘിപ്പിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. ഓട്ടോ, ടാക്സി, ടൂറിസ്റ്റ് ബസ്സുകളുൾപ്പെടെയുള്ള കോൺട്രാക്ട് ക്യാരേജ് വാഹനങ്ങൾക്ക് 2020-21 സാമ്പത്തിക വർഷത്തിൽ രണ്ട് ക്വാർട്ടറുകളിലെ നികുതി പൂർണ്ണമായും ഒഴിവാക്കി നൽകുകയുണ്ടായി. ഒരു ക്വാർട്ടറിലെ നികുതി 20 ശതമാനവും മറ്റൊരു ക്വാർട്ടറിൽ 50 ശതമാനവും ഇളവ് നൽകിയിട്ടുണ്ട്. സ്വകാര്യ ബസ്സുകൾക്ക് കഴിഞ്ഞ സാമ്പത്തിക വർഷത്തെ മൂന്ന് ക്വാർട്ടറുകളിലെ നികുതി പൂർണ്ണമായും ഒരു ക്വാർട്ടറിലേത് 50 ശതമാനവും ഒഴിവാക്കി നൽകുകയുണ്ടായി. സ്റ്റേജ് ക്യാരേജുകളുടെയും കോൺട്രാക്ട് ക്യാരേജുകളുടെയും ഈ സാമ്പത്തിക വർഷത്തെ നികുതി അടയ്ക്കാൻ 2021 ആഗസ്റ്റ് 31 വരെ സമയം ദീർഘിപ്പിച്ചുനൽകി ഉത്തരവ് ഇറക്കിക്കഴിഞ്ഞിരിക്കുന്നു. പ്രസ്തുത നികുതി ഒഴിവാക്കണമെന്ന ആവശ്യം വാഹന ഉടമകളുടെ സംഘടനകൾ ഉന്നയിച്ചിട്ടുണ്ട്. ഈ ആവശ്യം ധനകാര്യ വകുപ്പുമായി ആലോചിച്ച് പരിഗണിക്കാൻ സാധിക്കുമോയെന്ന കാര്യം പരിശോധിച്ചുവരികയാണ്. ചരക്കുവാഹനങ്ങളുടെ നികുതി അടയ്ക്കുന്നതിനുള്ള കാലാവധി കഴിഞ്ഞ സാമ്പത്തിക വർഷം നാല് തവണ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. ഈ വർഷത്തെ നികുതി അടയ്ക്കുന്നതിനുള്ള കാലാവധി ദീർഘിപ്പിക്കണമെന്ന ആവശ്യവും പരിഗണനയിലാണ്.

വാഹന സംബന്ധമായ എല്ലാ രേഖകളുടെയും കാലാവധി 30-9-2021 വരെ ദീർഘിപ്പിച്ചു നൽകിക്കഴിഞ്ഞു. ബാങ്ക് ലോൺ തവണകളിലെ പലിശയും പിഴപ്പലിശയും ഒഴിവാക്കണമെന്ന് ബാങ്കുകളോട് ആവശ്യപ്പെട്ടിട്ടുണ്ട്. കോവിഡ്-19 രണ്ടാംഘട്ട വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ എല്ലാവിധ വായ്പാ തിരിച്ചടവുകൾക്കും 31-12-2021-വരെ മൊറട്ടോറിയം പ്രഖ്യാപിക്കണമെന്നും മൊറട്ടോറിയം കാലയളവിലെ പലിശയും പിഴപ്പലിശയും ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇൻഷ്വറൻസ് പ്രീമിയം ഇളവുകൾ നൽകുന്നത് ദേശീയ തലത്തിൽ കൈക്കൊള്ളേണ്ട തീരുമാനമായതിനാൽ ഇക്കാര്യത്തിൽ ഇടപെടണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നതാണ്. 2016-നുശേഷം പെട്രോളിന്റെയും ഡീസലിന്റെയും സംസ്ഥാന വിൽപ്പന നികുതിയിൽ വർദ്ധനവ് വരുത്തിയിട്ടില്ല. എന്നാൽ കേന്ദ്ര ഗവൺമെന്റ് ഈ കാലയളവിൽ കേന്ദ്ര അഡീഷണൽ എക്സൈസ് നിരക്ക് പല തവണ വർദ്ധിപ്പിച്ചിട്ടുണ്ട്. ഇത് ഇന്ധന വിലവർദ്ധനവിന് കാരണമാകുന്നുണ്ട്. കേന്ദ്ര നികുതി നിരക്ക് കുറച്ചാൽ സംസ്ഥാന നികുതി അതിനനുസരിച്ച് കുറയുന്നതാണ്. ലോക്ഡൗൺമൂലം കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിട്ട കേരളത്തിലെ മോട്ടോർ വാഹന തൊഴിലാളികൾക്ക് സമാശ്വാസമെന്ന നിലയിൽ കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽനിന്നും ഒട്ടേറെ ധനസഹായങ്ങൾ സർക്കാർ നൽകിയിരുന്നു. ആദ്യഘട്ടത്തിൽ മോട്ടോർ തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ അംഗങ്ങളായ സ്റ്റേജ് ക്യാരേജ്, കോൺട്രാക്ട് ക്യാരേജ് വാഹനങ്ങളുടെ തൊഴിലാളികൾക്ക് 5,000 രൂപ വീതവും ഗുഡ്സ് വാഹനങ്ങളുടെ തൊഴിലാളികൾക്ക് 3,500 രൂപയും ടാക്സി കാർ, ഒമ്നി വാൻ എന്നിവയിലെ തൊഴിലാളികൾക്ക് 2,500 രൂപ വീതവും ഓട്ടോറിക്ഷ, ട്രാക്ടർ തൊഴിലാളികൾക്ക് 2,000 രൂപ വീതവും ബോർഡിന്റെ തനത് ഫണ്ടിൽനിന്നും അനുവദിച്ചുനൽകിയിരുന്നു. കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്ത മോട്ടോർ മേഖലയിൽ പണിയെടുക്കുന്ന സ്കാറ്റേഡ് തൊഴിലാളികൾക്ക് 1,000 രൂപ വീതം ധനസഹായം അനുവദിച്ചിരുന്നു. ഇതോടൊപ്പം ആനുകൂല്യവും പെൻഷനും ഇനത്തിൽ തൊഴിലാളികൾക്ക് 40,37,42,886 രൂപ വിതരണം ചെയ്തിട്ടുണ്ട്. കോവിഡ് മഹാമാരിയുടെ വ്യാപനം അതിരൂക്ഷമാകുകയും ലോക്ക്ഡൗൺ നീളുകയും ചെയ്ത സാഹചര്യത്തിൽ മേൽ വിഭാഗത്തിലെ എല്ലാ തൊഴിലാളികൾക്കും രണ്ടാംഘട്ട ധനസഹായമെന്ന നിലയിൽ 1,000 രൂപ വീതം അനുവദിച്ചുനൽകിയിരുന്നു. തൊഴിലാളികളുടെ സാമ്പത്തിക അരക്ഷിതാവസ്ഥ കണക്കിലെടുത്ത് 2020 ഏപ്രിൽ മുതൽ 2021 മാർച്ച് വരെയുള്ള ഒരു വർഷക്കാലയളവിലെ ഉടമ-തൊഴിലാളി അംശദായമായ ഏകദേശം 200 കോടി രൂപ സർക്കാർ ഉത്തരവിൻപ്രകാരം കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് ഒഴിവാക്കി നൽകിയിട്ടുണ്ട്. 2021-ൽ കോവിഡിന്റെ രണ്ടാം തരംഗത്തെ

തുടർന്നുണ്ടായ ലോക്ഡൗൺമൂലം കടുത്ത സാമ്പത്തിക പ്രതിസന്ധിയിലായ കേരളത്തിലെ മോട്ടോർ വാഹന തൊഴിലാളികൾക്ക് സമാശ്വാസമെന്ന നിലയിൽ ക്ഷേമനിധിയിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള സ്റ്റാറ്റേഡ് തൊഴിലാളികൾ ഉൾപ്പെടെ എല്ലാ വിഭാഗത്തിലെയും തൊഴിലാളികൾക്ക് 1,000 രൂപ വീതം അടിയന്തര ധനസഹായമായി നൽകി. നാളിതുവരെ 141,029 തൊഴിലാളികൾക്ക് 14,10,29,000 രൂപ ബോർഡിന്റെ തനത് ഫണ്ടിൽനിന്നും അനുവദിച്ച് നൽകിയിട്ടുണ്ട്. കൂടാതെ 2021 ഏപ്രിൽ 1 മുതൽ സെപ്റ്റംബർ 30 വരെയുള്ള ഉടമ-തൊഴിലാളി അംശദായം ഒഴിവാക്കി നൽകുന്നതിനും ഉത്തരവായിട്ടുണ്ട്.

ശ്രീ. റോജി എം. ജോൺ: സർ, അങ്ങ് ഇവിടെ പറഞ്ഞ പല ആനുകൂല്യങ്ങളും പ്രത്യേകിച്ച് റോഡ് ടാക്സുമായി ബന്ധപ്പെട്ട് പറഞ്ഞ ഇളവുകൾ കോവിഡിന്റെ ഒന്നാം തരംഗത്തിൽ അതായത് കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ തെരഞ്ഞെടുപ്പിന് മുമ്പ് നൽകിയതാണ്. കോവിഡിന്റെ രണ്ടാം തരംഗത്തിൽ പ്രത്യേകിച്ച് ദീർഘനാൾ സംസ്ഥാനത്ത് സമ്പൂർണ്ണ ലോക്ഡൗൺ നിലനിന്നിരുന്ന ഘട്ടത്തിൽ റോഡ് ടാക്സ് അടയ്ക്കുന്നതിന് രണ്ട് മാസത്തെ കാലാവധി ദീർഘിപ്പിച്ചുനൽകുക മാത്രമാണ് ചെയ്തിരിക്കുന്നത്. പക്ഷേ, ലോക്ഡൗൺ കാലത്ത് ബഹുഭൂരിപക്ഷം വാഹനങ്ങളും ഒരു ദിവസംപോലും നിരത്തിലിറക്കാൻ സാധിക്കാത്ത ഒരു രൂപ വരുമാനം പോലും ലഭിക്കാത്ത സാഹചര്യമാണ് നിലനിന്നിരുന്നത്. അതുകൊണ്ട് ഈ സാമ്പത്തിക വർഷത്തെ ആദ്യ പാദത്തിൽ ഇപ്പോൾ സമയം ദീർഘിപ്പിച്ചു നൽകിയിരിക്കുന്ന റോഡ് ടാക്സ് ഒഴിവാക്കിക്കൊടുക്കുന്നതിനുള്ള നടപടി സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകുമോ?

ശ്രീ. ആന്റണി രാജു: സർ, ഈ ആവശ്യത്തെക്കുറിച്ച് എന്റെ മറുപടിയിൽ തന്നെ വളരെ വ്യക്തമായി പറഞ്ഞതാണ്. വാഹന നികുതി ഒഴിവാക്കണമെന്ന ആവശ്യം സംഘടനകളെല്ലാം ഉന്നയിച്ചിട്ടുണ്ട്. ഇതിനെക്കുറിച്ച് ധനകാര്യ വകുപ്പുമായി ആലോചിച്ച് പരിഗണിക്കാൻ സാധിക്കുമോയെന്ന കാര്യം പരിശോധിച്ചുവരികയാണ്.

11.00 AM]

## VI സബ്മിഷൻ

### 1. പി.എസ്.സി. റാങ്ക് ലിസ്റ്റുകളുടെ കാലാവധി

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, സംസ്ഥാനത്തെ വിവിധ വകുപ്പുകളിൽ ലാസ്റ്റ് ഗ്രേഡ്, എൽ.ഡി.സി., എൽ.ഡി.വി. ഡ്രൈവർ, ഫാർമസിസ്റ്റ് ഗ്രേഡ്-II, വിമൺ പോലീസ് കോൺസ്റ്റബിൾ തുടങ്ങി 493 തസ്തികകളിലെ റാങ്ക് ലിസ്റ്റിന്റെ കാലാവധി ഈ വരുന്ന ആഗസ്റ്റ് 4-ന് അവസാനിക്കുന്നതോടുകൂടി ഈ

റാങ്ക് ലിസ്റ്റുകൾ റദ്ദായിപ്പോകുകയാണ്. നിയമനങ്ങൾ നടക്കാത്തതുമൂലം റാങ്ക് ലിസ്റ്റിലുള്ള ഉദ്യോഗാർത്ഥികളുടെ പ്രക്ഷോഭത്തെത്തുടർന്നാണ് കാലാവധി ആഗസ്റ്റ് 4 വരെ ദീർഘിപ്പിച്ചുനൽകിയത്. എല്ലാ റാങ്ക് ലിസ്റ്റുകൾക്കും ആറ് മാസം കാലാവധി ലഭിച്ചിട്ടുമില്ല. ഒരു ദിവസം മുതൽ ആറ് മാസം വരെയുള്ള റാങ്ക് ലിസ്റ്റിന്റെ പട്ടികയാണ് ദീർഘിപ്പിച്ചുകൊടുത്തിരിക്കുന്നത്. എന്നാൽ കോവിഡിന്റെ രണ്ടാം വ്യാപനംമൂലം ലോക്ഡൗണും ഓഫീസുകളുടെ ഭാഗികമായ പ്രവർത്തനവും കാരണം ഒഴിവുകൾ റിപ്പോർട്ട് ചെയ്യപ്പെടാതിരിക്കുകയും കാര്യമായ തോതിൽ നിയമനങ്ങൾ അധിക കാലാവധിയിൽ നടന്നില്ല എന്നതും നമുക്കെല്ലാവർക്കും അറിയാവുന്ന കാര്യമാണ്. 10 ശതമാനം മുതൽ 20 ശതമാനം വരെയുള്ള നിയമനങ്ങൾ മാത്രമാണ് ഈ പട്ടികയിൽനിന്നും നടന്നിട്ടുള്ളത്. പുതിയ റാങ്ക്‌ലിസ്റ്റ് തയ്യാറാക്കുന്ന നടപടികൾ വൈകുകയാണ്. 493 തസ്തികകളിലും പുതിയ റാങ്ക് ലിസ്റ്റ് വന്നിട്ടുമില്ല. ഈ ലിസ്റ്റ് റദ്ദായാൽ വേറെയൊരു റാങ്ക് ലിസ്റ്റും നിലവിലില്ലാത്ത സാഹചര്യമുണ്ടാകും. ലാസ്റ്റ് ഗ്രേഡ്, എൽ.ഡി.സി., ഡ്രൈവർ (എൽ.ഡി.വി.) തുടങ്ങിയ ലിസ്റ്റുകളിൽ നിന്നാണ് സംസ്ഥാനത്ത് ഏറ്റവും കൂടുതൽ നിയമനങ്ങൾ നടക്കുന്നത്. കഴിഞ്ഞ വർഷങ്ങളിലെ നിയമനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ വളരെ കുറച്ച് നിയമനങ്ങൾ മാത്രമാണ് ഈ ലിസ്റ്റിൽനിന്നും നടന്നിരിക്കുന്നത്. സർക്കാർ ആറുമാസത്തേയ്ക്ക് റാങ്ക്‌ലിസ്റ്റ് ദീർഘിപ്പിച്ചുവെങ്കിലും വളരെക്കുറച്ച് നിയമനങ്ങൾ മാത്രമാണ് നടന്നിരിക്കുന്നത്. അതുകൊണ്ട് എല്ലാ റാങ്ക് ലിസ്റ്റുകളുടെയും കാലാവധി കുറഞ്ഞത് ആറ് മാസക്കാലത്തേയ്ക്ക് ദീർഘിപ്പിക്കണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്.

ബഹുമാനപ്പെട്ട മുഖ്യമന്ത്രി കഴിഞ്ഞ ദിവസം വളരെ നല്ലൊരു പ്രസ്താവന നടത്തുകയുണ്ടായി. എത്രയുംപെട്ടെന്ന് എല്ലാ ഒഴിവുകളും നികത്തണമെന്ന് ആവശ്യപ്പെട്ടു. എന്നാൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രസ്താവന നടപ്പാക്കാനുള്ള സമയമില്ല, കേവലം പന്ത്രണ്ട് ദിവസം മാത്രമേയുള്ളൂ. ആറുമാസം കാലാവധി ദീർഘിപ്പിച്ചിട്ടും നിയമനങ്ങൾ കൃത്യമായി നടക്കുന്നില്ലായെന്ന് ബോദ്ധ്യപ്പെട്ടതിനെത്തുടർന്നാണ് നിയമനങ്ങൾ എത്രയുംപെട്ടെന്ന് നടക്കണമെന്ന് അങ്ങ് ആവശ്യപ്പെട്ടതെന്നാണ് ഞാൻ കരുതുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ആവശ്യം നടപ്പാക്കുന്നതിനുവേണ്ടി ആറുമാസത്തെ സമയം ദീർഘിപ്പിച്ചുനൽകണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്. പി.എസ്.സി. ഉദ്യോഗാർത്ഥികൾ 34 ദിവസം നടത്തിയ സമരം അന്നത്തെ മന്ത്രിയായിരുന്ന ശ്രീ. എ. കെ. ബാലൻ മുൻകയ്യെടുത്ത് ഒത്തുതീർപ്പിലെത്തിക്കുകയുണ്ടായി. ആ പാവങ്ങൾക്ക് ഒത്തുതീർപ്പിൽ പറഞ്ഞിരുന്ന ഒരു കാര്യവും ഇതുവരെയും ചെയ്തുകൊടുത്തിട്ടില്ല. അക്കാര്യം അങ്ങ് പരിശോധിക്കണം. സമരം ചെയ്യുന്ന സമയത്ത്, തെരഞ്ഞെടുപ്പിനുമുമ്പ് സമരം അവസാനിപ്പിക്കാനായി സർക്കാർ അവരുമായി ഒത്തുതീർപ്പിലെത്തുകയാണുണ്ടായത്. ആ സർക്കാരിന്റെ തുടർഭരണമല്ലേയിത്;

അങ്ങയുടെതന്നെ ഗവൺമെന്റല്ലേ വീണ്ടും അധികാരത്തിൽ വന്നിരിക്കുന്നത്? ഉദ്യോഗാർത്ഥികളുമായി നടത്തിയ ഒത്തുതീർപ്പിന്റെ ഭാഗമായി കുറേ കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. സ്പാർക്ക് മുഖേന ആന്റിസിപ്പേറ്റഡ് വേക്കൻസി കണ്ടെത്തി പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്യുമെന്നും പ്രൊവിഷണൽ പ്രൊമോഷൻ നൽകി എൻട്രി കേഡറിൽ പ്രൊമോഷൻ നടത്തുമെന്നുമുള്ള വാഗ്ദാനങ്ങളൊന്നും പാലിക്കപ്പെട്ടിട്ടില്ല. അതായത്, കേസ്സുകളുള്ള പല തസ്തികകളിലും പ്രൊമോഷൻ നൽകാൻ സാധിക്കാത്തതുകൊണ്ട് പ്രൊവിഷണൽ പ്രൊമോഷൻ നൽകി എൻട്രി കേഡറിൽ നിയമനം നടത്തുമെന്ന് പറഞ്ഞിരുന്നു. നൈറ്റ് വാച്ച്മാൻമാരുടെ ഡ്യൂട്ടി സമയം എട്ട് മണിക്കൂറായി ക്രമീകരിച്ച് പോസ്റ്റ് ക്രിയേറ്റ് ചെയ്യാമെന്ന് പറഞ്ഞിട്ടുണ്ട്. ബാക്കിയുള്ള കാര്യങ്ങൾ സമയക്കുറവുമൂലം ഞാൻ പറയുന്നില്ല. റാങ്ക് ലിസ്റ്റുകളുടെ കാലാവധി ആറ് മാസക്കാലത്തേയ്ക്ക് അടിയന്തരമായി ദീർഘിപ്പിച്ചുനൽകണമെന്നാണ് അഭ്യർത്ഥിക്കുന്നത്. താല്ക്കാലികക്കാരെ സ്ഥിരപ്പെടുത്തുന്ന സമീപനം അല്ലെങ്കിൽ പിൻവാതിലിലൂടെ താല്ക്കാലികക്കാരെ കൂടുതലായി നിയമിക്കുന്ന സമീപനം അവസാനിപ്പിക്കണം. പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലിരിക്കുകയല്ലേ? എത്ര വർഷം കഠിനാദ്ധ്വാനം ചെയ്ത് പഠിച്ച് പരീക്ഷ എഴുതിയിട്ടാണ് ഒരാൾ റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുന്നത്. റാങ്ക് ലിസ്റ്റ് വന്നതിനുശേഷവും രണ്ടുമൂന്ന് വർഷം കാത്തിരിക്കുകയാണ്. മനുഷ്യായുസ്സിലെ ഏഴ് വർഷക്കാലമാണ് ഒരു ഉദ്യോഗാർത്ഥി പ്രതീക്ഷയോടുകൂടി കാത്തിരിക്കുന്നത്. പല റാങ്ക് ലിസ്റ്റിലെയും ഒന്നാം റാങ്കുകാരനുപോലും നിയമനം ലഭിച്ചിട്ടില്ല. ചില റാങ്ക് ലിസ്റ്റുകളിൽനിന്നും നിയമനം തീരെ നടത്തിയിട്ടുമില്ല. റാങ്ക് ലിസ്റ്റിൽ നൂറിനകത്ത് റാങ്ക് ലഭിച്ചവർക്ക് നിയമനം ലഭിച്ചിട്ടില്ല. അതുകൊണ്ട് ഈ റാങ്ക് ലിസ്റ്റ് റദ്ദായാൽ ഒരുപാടുപേരുടെ സ്വപ്നങ്ങളും പ്രതീക്ഷകളുമാണ് നഷ്ടപ്പെടുന്നത്. മറ്റു റാങ്ക് ലിസ്റ്റുകൾ നിലവിലുണ്ടെങ്കിൽ എനിക്ക് സഭയിൽ വന്ന് ഇക്കാര്യം ആവശ്യപ്പെടാൻ കഴിയില്ല. മറ്റു റാങ്ക് ലിസ്റ്റുകൾ തയ്യാറാക്കാൻ പി.എസ്.സി. ഇനിയും ആറുമാസം മുതൽ ഒരുവർഷംവരെ സമയമെടുക്കുന്ന സാഹചര്യത്തിൽ നിലവിലുള്ള 493 റാങ്ക് ലിസ്റ്റുകൾ മിനിമം ആറ് മാസത്തേയ്ക്ക് ദീർഘിപ്പിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, പി.എസ്.സി. റാങ്ക് ലിസ്റ്റുകളുടെ കാലാവധിക്കുള്ളിൽ ലഭ്യമാകുന്ന മുഴുവൻ ഒഴിവുകളിലും നിയമനം നടത്തുകയെന്നതാണ് സർക്കാരിന്റെ നയം. ഇതിനാവശ്യമായ സത്വര നടപടികൾ സർക്കാരും നിയമനാധികാരികളും പബ്ലിക് സർവ്വീസ് കമ്മീഷനും സ്വീകരിക്കുന്നതാണ്. കോവിഡ് വ്യാപനത്തെത്തുടർന്ന് യഥാസമയം മത്സരപ്പരീക്ഷകൾ നടത്താൻ പി.എസ്.സി-ക്ക് കഴിയാത്ത സാഹചര്യമുണ്ടായി. എന്നാൽ, ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനെയും നിയമന ശിപാർശ നൽകുന്നതിനെയും ഇത് ബാധിക്കുന്നില്ല. മാത്രമല്ല, ബഹുമാന്യനായ പ്രതിപക്ഷനേതാവ് ചൂണ്ടിക്കാണിച്ചതുപോലെ 5-2-2021-നും 3-8-2021-നുമിടയിൽ

കാലാവധി പൂർത്തിയാക്കുന്ന വിവിധ റാങ്ക് ലിസ്റ്റുകൾ 4-8-2021 വരെ ദീർഘിപ്പിച്ചിരുന്നു. റാങ്ക് ലിസ്റ്റുകളുടെ കാലാവധി ആഗസ്റ്റ് 4-ന് അവസാനിക്കുന്നത് കണക്കിലെടുത്ത് അതുവരെയുള്ള മുഴുവൻ ഒഴിവുകളും നിയമനാധികാരികൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്യുന്നുണ്ടെന്ന് ഉറപ്പാക്കണമെന്നും ഇതിനായി സെക്രട്ടറിമാരുടെ യോഗം വിളിച്ച് അവരെ ചുമതലപ്പെടുത്തണമെന്നും മന്ത്രിമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിൽ വീഴ്ച വരുത്തുന്ന വകുപ്പ് മേധാവികൾക്കും നിയമനാധികാരികൾക്കുമെതിരെ കർശനനടപടി സ്വീകരിക്കും. സീനിയോറിറ്റി തർക്കം, പ്രൊമോഷന് യോഗ്യരായവരുടെ അഭാവം, കോടതി കേസ്സുകൾ എന്നിവമൂലം റെഗുലർ പ്രൊമോഷനുകൾ തടസ്സപ്പെട്ട് എൻട്രി കേഡറിൽ ഒഴിവുകൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്യാൻ കഴിയാത്ത കേസ്സുകൾ കണ്ടെത്തി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സമിതിക്ക് റിപ്പോർട്ട് ചെയ്യാൻ വകുപ്പ് അദ്ധ്യക്ഷൻമാർക്ക് നിർദ്ദേശം നൽകുകയുണ്ടായി. ഇക്കാര്യത്തിൽ വകുപ്പ് അദ്ധ്യക്ഷൻമാർ സമിതിക്ക് റിപ്പോർട്ട് നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ സീനിയോറിറ്റി തർക്കം നിലനിൽക്കുന്ന കേസ്സുകളിൽ റെഗുലർ പ്രൊമോഷൻ സ്റ്റേ ചെയ്തുകൊണ്ട് ബഹുമാനപ്പെട്ട കോടതിയിൽനിന്നും ട്രിബ്യൂണലിൽനിന്നും ഇടക്കാല ഉത്തരവുകൾ നൽകിയിട്ടുള്ള കേസ്സുകളിൽ താല്ക്കാലിക പ്രൊമോഷൻ നടത്തി അതിന്റെ ഫലമായി വരുന്ന ഒഴിവുകൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്യാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ബഹുമാന്യനായ പ്രതിപക്ഷനേതാവ് ഉന്നയിച്ച ഒരു പ്രശ്നമാണത്. ഒരു തസ്തികയിൽ പ്രൊമോഷൻ അനുവദിക്കുന്നതിന് ഒഴിവുകൾ നിലനിൽക്കുകയും എന്നാൽ പ്രൊമോഷൻ നൽകുന്നതിന് അർഹത, യോഗ്യതയുള്ളവരുടെ അഭാവം എന്നിവ നിലനിൽക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ പ്രസ്തുത തസ്തികകൾ റാങ്ക്ലിസ്റ്റ് നിലവിലുള്ള കേഡറിലേയ്ക്ക് താൽക്കാലികമായി തരംതാഴ്ത്തി അപ്രകാരമുണ്ടാകുന്ന ഒഴിവുകൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. എല്ലാ ഒഴിവുകളും കൃത്യതയോടെ യഥാസമയം റിപ്പോർട്ട് ചെയ്യുന്നതിന് ഓൺലൈൻ സംവിധാനം ഇതിനോടകം ഏർപ്പെടുത്തിയിട്ടുണ്ട്. ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിന്റെ കൃത്യത പരിശോധിക്കുന്നതിനായി അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് വിവിധ ഓഫീസുകളിൽ പരിശോധനയും നടത്തുന്നുണ്ട്. ഇതിനുപുറമേ ഒഴിവുകൾ കൃത്യമായി റിപ്പോർട്ട് ചെയ്യുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി ചീഫ് സെക്രട്ടറിയുടെ മേൽനോട്ടച്ചുമതലയിൽ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി എന്നിവരുൾപ്പെട്ട സമിതി 13-2-2021-ൽ രൂപീകരിച്ചിരുന്നു. മുൻസർക്കാരിന്റെ ഭരണകാലത്ത് ആരോഗ്യം, പോലീസ് തുടങ്ങിയ വിവിധ വകുപ്പുകളിലായി ഇരുപതിനായിരത്തിലധികം പുതിയ തസ്തികകൾ സൃഷ്ടിക്കുകയുണ്ടായി. 25-5-2016 മുതൽ 19-5-2021 വരെ 4223 റാങ്ക് ലിസ്റ്റുകളാണ് പി.എസ്.സി. പ്രസിദ്ധീകരിച്ചത്. അതിന് തൊട്ടുമുമ്പുള്ള യു.ഡി.എഫ്. ഭരണ കാലത്ത്

3418 റാങ്ക് ലിസ്റ്റുകൾ മാത്രമായിരുന്നു പ്രസിദ്ധപ്പെടുത്തിയത്. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് 161,361 നിയമന ശിപാർശകൾ നൽകിയിട്ടുണ്ട്. അതിനുമുമ്പുള്ള യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് 154,384 നിയമന ശിപാർശകൾ നൽകിയെങ്കിലും അതിലുൾപ്പെട്ട 4031 പേർക്ക് എൽ.ഡി.എഫ്. സർക്കാരാണ് നിയമനങ്ങൾ നൽകിയത്. നിയമനങ്ങൾ പരമാവധി പി.എസ്.സി. മുഖേന നടത്തണമെന്നതാണ് സർക്കാരിന്റെ നയം. കോവിഡ് വ്യാപനം കാരണം മാറ്റിവച്ചിട്ടുള്ള പി.എസ്.സി. പരീക്ഷകളും ഇന്റർവ്യൂകളും കോവിഡ് വ്യാപനത്തിന്റെ തീവ്രത കുറഞ്ഞാലുടനെ പുനരാരംഭിക്കാൻ പി.എസ്.സി. നടപടി സ്വീകരിക്കുന്നതാണ്. നിലവിലുള്ള ഒഴിവുകൾ റിപ്പോർട്ട് ചെയ്യാതിരിക്കുകയും റാങ്ക് ലിസ്റ്റുകളുടെ കാലാവധി ദീർഘിപ്പിച്ചുനൽകുകയും ചെയ്യുകയെന്നുള്ളത് സർക്കാരിന്റെ നയമല്ല. റാങ്ക് ലിസ്റ്റുകളിൽനിന്നും മുഴുവൻ ഒഴിവുകളിലും നിയമനം നടത്താൻ നടപടികൾ സ്വീകരിച്ചിട്ടുള്ളതിനാൽ അവയുടെ കാലാവധി ദീർഘിപ്പിച്ചുനൽകേണ്ട സാഹചര്യം നിലവിലില്ല.

## 2. തീരദേശ പരിപാലന നിയമത്തിൽ ഇളവ്

ശ്രീ. എം. രാജഗോപാലൻ: സർ, കായലിനും കടലിനുമിടയിൽ 25 മീറ്റർ മുതൽ 500 മീറ്റർ വരെ വീതിയിലും 24 കിലോമീറ്റർ നീളത്തിലും നിലകൊള്ളുന്ന ദ്വീപ് ഗ്രാമമാണ് തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിലെ വലിയപറമ്പ് ഗ്രാമപഞ്ചായത്ത്. സസ്യമേഖലയിലും മത്സ്യമേഖലയിലും ജൈവവൈവിധ്യങ്ങൾ നിറഞ്ഞ വലിയപറമ്പ് സംസ്ഥാനത്തുതന്നെ ഏറ്റവും കടലേറ്റ ഭീഷണിയുള്ള ഒരു പഞ്ചായത്തുകൂടിയാണ്. തീരദേശ പരിപാലന നിയമം ഇവിടെ വലിയ കുരുക്കായി മാറിയിരിക്കുകയാണ്. ടൂറിസ്റ്റ് കേന്ദ്രങ്ങളും ഹൗസ്ബോട്ടുകളുമുള്ള ഇവിടം ടൂറിസം മേഖലയ്ക്ക് ഏറെ സാധ്യതയുണ്ടെങ്കിലും തീരദേശ പരിപാലന നിയമത്തിൽ കുരുങ്ങി ഒരു നിർമ്മാണ പ്രവൃത്തിയും നടത്താൻ കഴിയാത്ത നിലയിൽ സങ്കീർണ്ണമാണ്. ജനങ്ങളുടെ നിത്യജീവിതത്തെത്തന്നെ പ്രതിസന്ധിയിലാക്കുംവിധം ലൈഫ് പദ്ധതിയിലുൾപ്പെടെയുള്ള ഭവനനിർമ്മാണങ്ങളും ഇതുമൂലം തടസ്സപ്പെട്ടിരിക്കുകയാണ്. വീട് നിർമ്മിക്കുന്നതിന് വായ്പ തേടിയെത്തുന്നവർക്ക് CRZ (Coastal Regulation Zone) നിയമത്തിന്റെ വെളിച്ചത്തിൽ റവന്യൂ, പഞ്ചായത്ത് അധികൃതരുടെ അനുമതി ലഭിക്കാത്തതും ജനങ്ങളിൽ വലിയ പ്രതിഷേധം ഉളവാക്കിയിരിക്കുകയാണ്. വീടുകൾക്ക് നമ്പർ ലഭിക്കാത്ത സ്ഥിതിയുമുണ്ട്. തീരദേശ പരിപാലന നിയമത്തിൽ ഇളവ് ലഭിക്കുന്നതിനായി ഭൂമിശാസ്ത്രഘടന പരിഗണിച്ച് ഈ ദ്വീപ് പഞ്ചായത്തിനെ ഉൾനാടൻ ദ്വീപ് സമൂഹത്തിലോ തീരദേശ ദ്വീപിലോ ഉൾപ്പെടുത്തണമെന്നാണ് ഇവിടത്തെ ജനങ്ങളുടെ ആവശ്യം. ഈ വിഭാഗത്തിലുൾപ്പെട്ടാൽ സമുദ്രതീരത്തുനിന്നും 20 മീറ്റർ പരിധിവരെ നിർമ്മാണങ്ങൾക്ക് ഇളവ് ലഭ്യമാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. CRZ III (B)-യിൽ

ഉൾപ്പെടുത്താനുള്ള നിർദ്ദേശമാണ് കരട് റിപ്പോർട്ടിലുള്ളത്. ഭേദഗതി നിർദ്ദേശത്തിൽ ഇളവ് ലഭിച്ചില്ലെങ്കിൽ ഇവിടെ ഒരു നിർമ്മാണപ്രവർത്തനവും നടത്താൻ കഴിയാത്ത അവസ്ഥയുണ്ടാകും. വിനോദസഞ്ചാര ഭൂപടത്തിൽ ഇടംപിടിച്ച ടൂറിസം വില്ലേജുകൂടിയായ വലിയപറമ്പ് പഞ്ചായത്തിൽ സഞ്ചാരികളെ ആകർഷിക്കുംവിധം കായൽ ടൂറിസം വിപുലപ്പെടുത്തുന്നതിന് സ്വാഭാവികമായും കൂടുതൽ നിർമ്മാണങ്ങൾ നടത്തേണ്ടി വരും. നിലവിൽ ഒരു ടൂറിസം പ്രവർത്തനവും നടത്താൻ കഴിയാത്ത സ്ഥിതിയാണ് സംജാതമായിരിക്കുന്നത്. ജനങ്ങൾക്ക് വീട് വയ്ക്കാനും മറ്റ് തൊഴിൽ സംരംഭങ്ങൾ ആരംഭിക്കാനുള്ള സാഹചര്യവും നിഷേധിക്കപ്പെടുകയാണ്. ഇതെല്ലാം കണക്കിലെടുത്ത് വലിയപറമ്പ് പഞ്ചായത്തിന് തീരദേശ പരിപാലന നിയമത്തിൽ ഇളവ് നൽകാൻ ആവശ്യമായ നടപടിയുണ്ടാകണമെന്ന് ഈ സബ്മിഷനിലൂടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും സർക്കാരിനോടും ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഒരു പഞ്ചായത്തിന്റെ പ്രശ്നമാണെങ്കിലും കേരളത്തെ ബാധിക്കുന്ന ഗൗരവമായ കാര്യമാണ് ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചിരിക്കുന്നത്. 2011-ലെ തീരദേശ പരിപാലന നിയമത്തിൽ ഭേദഗതി വരുത്തി കേന്ദ്രസർക്കാർ 18-1-2019-ൽ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന തീരദേശ പരിപാലന പ്ലാൻ കേന്ദ്ര പരിസ്ഥിതി-വനം-കാലാവസ്ഥാ വ്യതിയാന മന്ത്രാലയം അംഗീകരിക്കുന്ന മുറയ്ക്ക് വിജ്ഞാപനത്തിലെ ഇളവുകൾ സംസ്ഥാനത്തിന് ബാധകമാകും. തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കുന്നതിന് 20-8-2019-ലെ ഉത്തരവ് പ്രകാരം തിരുവനന്തപുരത്തെ കേന്ദ്ര ഭൗമശാസ്ത്ര പഠന കേന്ദ്രത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്ലാനിന്റെ ആദ്യ കരട് തയ്യാറായിട്ടുണ്ട്. കരട് തീരദേശ പ്ലാൻ പരിശോധിച്ച് അപാകതകൾ പരിഹരിക്കുന്നതിന് മൂന്നംഗ വിദഗ്ദ്ധ സമിതി രൂപീകരിച്ച് 1-7-2021-ൽ സംസ്ഥാന സർക്കാർ ഉത്തരവായിട്ടുണ്ട്. പരിസ്ഥിതി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയും ഈ രംഗത്തെ വിദഗ്ദ്ധരായ ശ്രീ. പി. ഇസഡ്. തോമസ്, ശ്രീ. പി. ബി. സഹസ്രനാമൻ എന്നിവരുമാണ് സമിതി അംഗങ്ങൾ. താഴെപ്പറയുന്ന കാര്യങ്ങൾ പരിശോധിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

1. കേന്ദ്ര ഭൗമശാസ്ത്ര പഠന കേന്ദ്രം തീരദേശ പരിപാലന അതോറിറ്റി മുമ്പാകെ സമർപ്പിച്ച പ്രീ-ഡ്രാഫ്റ്റ് തീരദേശ പരിപാലന പ്ലാൻ പരിശോധിച്ച് അപാകതകളുണ്ടെങ്കിൽ പരിഹരിക്കുന്നതിനുള്ള നിർദ്ദേശം.

2. 2019-ലെ തീരദേശ നിയന്ത്രണമേഖലാ വിജ്ഞാപനം വഴി സംസ്ഥാനത്തുണ്ടാകാവുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് സ്വീകരിക്കാവുന്ന നടപടികൾ സംബന്ധിച്ച മാർഗ്ഗനിർദ്ദേശം.

3. ഇതുസംബന്ധിച്ച മുൻപത്തെ എല്ലാ കമ്മിറ്റികളുടെയും കണ്ടെത്തലുകളും

ശിപാർശകളും പരിഗണിച്ചുകൊണ്ടുള്ള നിർദ്ദേശങ്ങൾ.

4. ജുഡീഷ്യൽ പ്രഖ്യാപനങ്ങൾ, വിവിധ സ്റ്റേക്ക് ഹോൾഡേഴ്സ് പ്രാതിനിധ്യം എന്നിവകൂടി പരിഗണിച്ച് ആവശ്യമെങ്കിൽ ഉചിതമായ ഭേദഗതി നിർദ്ദേശിക്കുക.

5. തീരദേശ പരിപാലന പ്ലാൻ പോരായ്മകളില്ലാതെ തയ്യാറാക്കുന്നതിന് വേണ്ടി സംസ്ഥാന സർക്കാരിന് പരിഗണിക്കാവുന്ന മറ്റ് ശിപാർശകൾ.

വിദഗ്ദ്ധ സമിതി ഇതിനകം രണ്ടുതവണ യോഗം ചേർന്നു. പ്രീ-ഡ്രാഫ്റ്റ് തയ്യാറാക്കുന്ന ഘട്ടത്തിൽ ടൂറിസം പ്ലാൻ, ഫിഷറീസ് പ്ലാൻ എന്നിവ ലഭ്യമാക്കേണ്ടതുണ്ട്. അതിൽ ടൂറിസം പ്ലാൻ ലഭ്യമായിട്ടുണ്ട്. ഫിഷറീസ് പ്ലാൻ ജൂലൈ 25-ന് ലഭ്യമാകുമെന്ന് അറിയിച്ചിട്ടുണ്ട്. തുടർന്ന്, തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കരട് പ്ലാൻ നൽകി അഭിപ്രായങ്ങൾ സ്വീകരിച്ചശേഷം പബ്ലിക് ഹിയറിംഗ് നടത്തും. ആഗസ്റ്റ് മാസം അവസാനത്തോടെ പബ്ലിക് ഹിയറിംഗ് പൂർത്തിയാക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കൽ സമയബന്ധിതമായി പൂർത്തിയാക്കണമെന്നും സാങ്കേതിക കാര്യങ്ങൾ പൂർത്തീകരിച്ച് പുതുക്കിയ പ്ലാൻ 30-9-2021-ന് സമർപ്പിക്കാനാകണമെന്നും തീരുമാനിച്ചിട്ടുണ്ട്. പൊക്കാളി നിലങ്ങളുൾപ്പെടെയുള്ള വയലുകളെല്ലാം നെൽവയൽ നീർത്തട സംരക്ഷണ നിയമത്തിലൂടെ സംരക്ഷിക്കപ്പെട്ടവയായതിനാൽ അവ ആ നിലയിൽ തുടരുന്നതാണ്. 2019-ലെ CRZ നോട്ടിഫിക്കേഷൻ പ്രകാരം സ്വകാര്യമേഖലയിലെ കണ്ടലുകൾ ബഫർ സോൺ പരിധിയിൽ ഉൾപ്പെടാത്തതിനാൽ അത്തരം പ്രദേശങ്ങളെ കോസ്റ്റൽ സോൺ മാനേജ്മെന്റ് പ്രീ-ഡ്രാഫ്റ്റിൽ ഉൾപ്പെടുത്തേണ്ടതില്ലെന്നാണ് ലഭിച്ചിട്ടുള്ള അഭിപ്രായം. വകുപ്പുതലത്തിൽത്തന്നെ പരമാവധി അപാകതകൾ പരിഹരിച്ചാൽ പബ്ലിക് ഹിയറിംഗ് സമയത്ത് പരാതികൾ കുറഞ്ഞിരിക്കുമെന്നതിനാൽ അതിനുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച വലിയപറമ്പ് പ്രദേശം കരട് പ്ലാൻ പ്രകാരം CRZ III (B)-യിലാണ്. ഈ പഞ്ചായത്തിന് പുതിയ വിജ്ഞാപനപ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ വിദഗ്ദ്ധ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ സംസ്ഥാന തീരദേശ പരിപാലന അതോറിറ്റി പരിശോധിക്കുന്നതാണ്.

## 3. സാംസ്കാരിക കേന്ദ്രം സ്ഥാപിക്കൽ

ശ്രീ. കെ. പി. മോഹനൻ: സർ, നമ്മുടെ നാടിന്റെ സാമൂഹ്യ- സാംസ്കാരിക ചരിത്രത്തിൽ എടുത്തുപറയേണ്ടവരായ വാഗ്ഭടാനന്ദ ഗുരു മുതൽ സംഗീത സമ്രാട്ട് രമേഷ് നാരായൺ വരെയുള്ള നിരവധി സാമൂഹ്യ- സാംസ്കാരിക-കലാരംഗത്തെ പ്രതിഭകളുടെ ജന്മംകൊണ്ട് ധന്യമായ നാടാണ് എന്റെ നിയോജകമണ്ഡലമായ

കൂത്തുകളുടെ പറമ്പായ കൂത്തുപറമ്പ്. കൂത്തുപറമ്പിൽ ജനിച്ച ലോകപ്രശസ്തനായ ചിത്രകാരൻ കെ. ജി. സുബ്രഹ്മണ്യന്റെ പേരിൽ ഒരു സാംസ്കാരിക കേന്ദ്രം സ്ഥാപിക്കണമെന്നാണ് ഞാൻ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്. കെ. ജി. സുബ്രഹ്മണ്യൻ 1924-ൽ വടക്കേ മലബാറിലെ കൂത്തുപറമ്പിൽ ജനിച്ചു. കൊൽക്കത്ത വിശ്വഭാരതിയിലെ കലാഭവനിൽനിന്ന് ചിത്രകലയിൽ ഡിപ്ലോമ നേടിയശേഷം ലണ്ടനിലെ യൂണിവേഴ്സിറ്റിയിൽനിന്ന് ഉപരിപഠനം നേടി. ബറോഡ എം.എസ്. യൂണിവേഴ്സിറ്റി, വിശ്വഭാരതി എന്നിവിടങ്ങളിൽ പെയിന്റിംഗ് വിഭാഗം മേധാവിയായി പ്രവർത്തിച്ചിട്ടുണ്ട്. കേരള സർക്കാരിന്റെ ചിത്രകലയ്ക്കുള്ള പരമോന്നത ബഹുമതിയായ രാജാരവിവർമ്മ പുരസ്കാരം നേടിയിട്ടുണ്ട്. പത്മവിഭൂഷൺ പുരസ്കാരത്തിന് അർഹനായ ഭാരതീയ ചിത്രകാരനും പ്രഭാഷകനുംകൂടിയാണ് കെ. ജി. സുബ്രഹ്മണ്യൻ. അദ്ദേഹം ശിൽപ്പകലയിലും പ്രാഗത്ഭ്യം തെളിയിച്ചിട്ടുണ്ട്. പത്മശ്രീ, കാളിദാസ് സമ്മാൻ, രബീന്ദ്ര ഭാരതി യൂണിവേഴ്സിറ്റിയുടെ ഹോണററി ഡി-ലിറ്റ് ബിരുദം, കേരള ലളിതകലാ അക്കാദമിയുടെ ഫെല്ലോഷിപ്പ് എന്നിങ്ങനെ നിരവധി പുരസ്കാരങ്ങൾ നേടിയ കെ. ജി. സുബ്രഹ്മണ്യന്റെ പേരിൽ ഒരു സാംസ്കാരിക കേന്ദ്രം കൂത്തുപറമ്പ് മുനിസിപ്പാലിറ്റി പരിസരത്ത് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ശ്രീ. കെ. പി. മോഹനൻ ഉന്നയിച്ച എല്ലാകാര്യങ്ങളും വളരെ പ്രാധാന്യമുള്ളതും വസ്തുതാപരവുമാണ്. പ്രശസ്ത ചിത്രകാരൻ കെ. ജി. സുബ്രഹ്മണ്യന്റെ നാമധേയത്തിൽ ഒരു സാംസ്കാരിക കേന്ദ്രം കൂത്തുപറമ്പിൽ അനുവദിക്കണമെന്നുള്ളതാണ് അദ്ദേഹത്തിന്റെ പ്രധാനപ്പെട്ട ആവശ്യം. കൂത്തുപറമ്പിനെ വലിയ തലത്തിലുള്ള സാംസ്കാരിക കേന്ദ്രമാക്കാനുള്ള ചില പ്രവർത്തനങ്ങൾ ഗവൺമെന്റ് ഇപ്പോൾ നടത്തിവരികയാണ്. സംസ്ഥാനത്തെ പതിനാല് ജില്ലകളിലും കിഫ്ബി ധനസഹായത്തോടെ നവോത്ഥാന നായകന്മാരുടെ പേരിൽ സാംസ്കാരിക സമുച്ചയങ്ങൾ സ്ഥാപിക്കുന്ന പദ്ധതിയുടെ ഭാഗമായിട്ടാണത്. കണ്ണൂർ ജില്ലയിൽ വാഗ്ഭടാനന്ദന്റെ നാമധേയത്തിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന നവോത്ഥാന സാംസ്കാരിക സമുച്ചയം കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലെ തലശ്ശേരി താലൂക്കിൽ പാട്യം വില്ലേജിലാണ്. ഇതിനുവേണ്ടി 3.4 ഏക്കർ സ്വകാര്യ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി ഏകദേശം പൂർത്തിയാകുകയും 50 കോടി രൂപ ഈ പദ്ധതിക്കുവേണ്ടി ചെലവഴിക്കാൻ പോകുകയുമാണ്. അതിന്റെ ഭാഗമായി ഓപ്പൺ എയർ ഓഡിറ്റോറിയം, സെമിനാർ ഹാൾ, എക്സിബിഷൻ ഹാൾ, ചിത്രകാരൻമാർക്കും ശിൽപ്പികൾക്കുമുള്ള പടിപ്പുര, ഡിജിറ്റൽ ലൈബ്രറി, പുസ്തക പ്രദർശന ഹാൾ, നൃത്ത-സംഗീത-നാടക ശാലകൾ, കലാകാരൻമാർക്കുള്ള ഹ്രസ്വകാല താമസ സൗകര്യം എന്നിവയടക്കമുള്ള ബൃഹത് പദ്ധതിയാണ് ബഹുമാനപ്പെട്ട എം.എൽ.എ-യുടെ നിയോജകമണ്ഡലത്തിൽ നടപ്പാ

ക്കുന്നത്. ഇതുകൂടാതെയാണ് അദ്ദേഹം ഉന്നയിച്ച കെ. ജി. സുബ്രഹ്മണ്യന്റെ നാമധേയത്തിലുള്ള സ്ഥാപനം. കണ്ണൂർ ജില്ലയിൽ ശ്രീകണ്ഠാപുരം കാക്കണ്ണൻപാറയിൽ കേരള ലളിതകലാ അക്കാദമിയുടെ ആഭിമുഖ്യത്തിൽ ആരംഭിച്ച ആദ്യത്തെ കലാഗ്രാമത്തിന് 2019-ൽ കെ. ജി. സുബ്രഹ്മണ്യം കലാഗ്രാമമെന്ന് നാമകരണം ചെയ്തിട്ടുണ്ട്. ദേശത്തും വിദേശത്തും ചിത്ര-ശിൽപ്പ കലാകാരൻമാർക്ക് താമസിച്ച് സർഗ്ഗസൃഷ്ടി നടത്തുന്നതിന് അന്താരാഷ്ട്ര നിലവാരത്തിൽ വിപുലമായ സൗകര്യങ്ങളോടുകൂടിയ കലാഗ്രാമത്തിലെ ആദ്യഘട്ടമാണ് നിലവിൽ പൂർത്തിയായിട്ടുള്ളത്. കലാകാരൻമാർക്ക് താമസിക്കുന്നതിനുള്ള കോട്ടേജുകൾ, ക്ലേ ആൻഡ് സിറാമിക് ഗ്രാഫിക്, ഗ്രാനൈറ്റ്/ബ്രോൺസ് കാസ്റ്റിംഗ്, ഗ്ലാസ്സ് ആൻഡ് ഫൈബർ കാസ്റ്റിംഗ്, പെയിന്റിംഗ്, ഫോട്ടോഗ്രാഫി, ന്യൂ മീഡിയ തുടങ്ങി വിവിധ തരത്തിലുള്ള സ്റ്റുഡിയോ സൗകര്യങ്ങൾ, ഓഡിറ്റോറിയം, ലൈബ്രറി ആൻഡ് ആർക്കൈവ്സ് എന്നിവയടങ്ങുന്ന കലാഗവേഷണകേന്ദ്രം, കലാസൃഷ്ടികൾ സൂക്ഷിക്കുന്നതിനുള്ള ശാസ്ത്രീയമായ സ്റ്റോറേജ് സൗകര്യം തുടങ്ങിയ വിപുലമായ സൗകര്യങ്ങളാണ് കലാഗ്രാമത്തിൽ സജ്ജമാക്കുന്നത്. അദ്ദേഹം സൂചിപ്പിച്ച കാര്യം തീർച്ചയായും ഗവൺമെന്റ് പരിഗണിക്കുമെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

## 4. വന്യമൃഗ ശല്യം

ശ്രീ. ആന്റണി ജോൺ: സർ, ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്ന വിഷയം ഇതിനുമുമ്പും നിരവധി തവണ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുള്ളതാണ്. ഞാൻ മാത്രമല്ല മറ്റ് എം.എൽ.എ-മാരും ഈ വിഷയത്തിന്റെ ഗൗരവം പലപ്രാവശ്യം സഭയിൽ ബോദ്ധ്യപ്പെടുത്തിയിട്ടുള്ളതുമാണ്. കോതമംഗലം നിയോജക മണ്ഡലത്തിൽ രൂക്ഷമായിക്കൊണ്ടിരിക്കുന്ന കാട്ടാനശല്യത്തിൽ നിന്നും നാട്ടിലെ ജനങ്ങളെ രക്ഷിക്കുന്നതിനുവേണ്ടി അടിയന്തര ഇടപെടലും പ്രതിരോധമാർഗ്ഗങ്ങളും ഉണ്ടാകണമെന്നതാണ് എന്റെ സബ്മിഷൻ. ലക്ഷക്കണക്കിന് രൂപയുടെ നഷ്ടമുണ്ടായ വിവിധ പഞ്ചായത്തുകളിലെ കർഷകർക്ക് സമയബന്ധിതമായി സാമ്പത്തികസഹായം നൽകണമെന്ന ആവശ്യംകൂടി ഈ സബ്മിഷനിലൂടെ ഞാൻ മുന്നോട്ടുവയ്ക്കുകയാണ്. കോതമംഗലം നിയോജകമണ്ഡലത്തിലെ കോട്ടപ്പടി, പിണ്ടിമന, കുട്ടമ്പുഴ, കവളങ്ങാട്, കീരമ്പാറ എന്നീ അഞ്ച് പഞ്ചായത്തുകളിൽ കാട്ടാനശല്യം സമീപനാളുകളിൽ രൂക്ഷമായിക്കൊണ്ടിരിക്കുകയാണ്. നിരന്തരമായ ആനശല്യത്തെത്തുടർന്ന് ഈ പ്രദേശങ്ങളിലെ കർഷകർ കൃഷി ഉപേക്ഷിച്ചുപോകേണ്ട സാഹചര്യത്തിലാണ് എത്തിനിൽക്കുന്നത്. കൊക്കോ, തെങ്ങ്, റബ്ബർ, അടയ്ക്ക, വാഴ ഉൾപ്പെടെ കാർഷിക വിളകളെല്ലാം കാട്ടാനക്കൂട്ടം തുടർച്ചയായെത്തി നശിപ്പിച്ചുകൊണ്ടിരിക്കുകയാണ്. വളർത്തുമൃഗങ്ങളെ ആക്രമിച്ചുകൊല്ലുന്ന സംഭവങ്ങൾ നിത്യേന ആ പ്രദേശങ്ങളിൽ റിപ്പോർട്ട് ചെയ്യുകയാണ്. കൃഷിയെ മാത്രം ആശ്രയിച്ച് ജീവിക്കുന്ന സാധാരണ

ക്കാരായ കർഷകർക്ക് വന്യമൃഗശല്യംമൂലം യാതൊരുതരത്തിലും കൃഷി മുന്നോട്ടു കൊണ്ടുപോകാൻ കഴിയാത്ത ദുസ്സഹമായ സാഹചര്യമാണുള്ളത്. ഇപ്പോൾ രാത്രിയോ പകലോ എന്ന വ്യത്യാസമില്ലാതെ കാട്ടാനകൾ കൂട്ടമായി ഈ പ്രദേശങ്ങളിലേയ്ക്ക് എത്തുകയാണ്. ബഹുമാന്യനായ പ്രതിപക്ഷനേതാവ് കഴിഞ്ഞ ദിവസം ആ പ്രദേശങ്ങളിലെല്ലാം വന്ന് കാര്യങ്ങളെല്ലാം നേരിട്ടുകണ്ട് ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്. ഇതെന്റെ നിയോജകമണ്ഡലത്തിലെ മാത്രം പ്രശ്നമല്ല; എങ്കിൽക്കൂടിയും മുൻ കാലങ്ങളിൽ നിന്നെല്ലാം വ്യത്യസ്തമായി യാതൊരുതരത്തിലും മുന്നോട്ടുപോകാൻ കഴിയാത്ത സ്ഥിതിയിലാണ് ആ പ്രദേശത്തെ കർഷകരടങ്ങുന്ന ജനവിഭാഗങ്ങൾ. കോതമംഗലം നിയോജകമണ്ഡലത്തിലെ കുട്ടമ്പുഴ പഞ്ചായത്തിൽ മാത്രം കഴിഞ്ഞ കുറച്ചുവർഷങ്ങളിലെ കണക്കുകൾ പരിശോധിച്ചാൽ മൂന്നുപേരെയാണ് കാട്ടാന ആക്രമിച്ച് കൊലപ്പെടുത്തിയിട്ടുള്ളതെന്ന് കാണാൻ കഴിയും. കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്തും കഴിഞ്ഞ വർഷങ്ങളിലുമൊക്കെ അവിടെ നിരവധി പ്രതിരോധമാർഗ്ഗങ്ങളും പ്രവർത്തനങ്ങളും സംഘടിപ്പിച്ചുവെങ്കിലും അതുകൊണ്ടൊന്നും ഇതിനെ ഇല്ലാതാക്കാൻ കഴിയുന്ന നിലയിലേയ്ക്ക് കാര്യങ്ങൾ എത്തിയിട്ടില്ല. ഇക്കാര്യം ബന്ധപ്പെട്ട ഉദ്യോഗസ്ഥരോട് സംസാരിച്ചപ്പോൾ ഫണ്ടിന്റെ അപര്യാപ്തതയാണ് പ്രധാനമായും ചൂണ്ടിക്കാണിക്കുന്നത്. ഇപ്പോൾ വിശദമായ ഒരു പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. കോതമംഗലം നിയോജകമണ്ഡലത്തിലെ വന്യമൃഗശല്യമുള്ള പ്രദേശങ്ങളിൽ അടിയന്തര ഇടപെടലുണ്ടാകണമെന്നും കൂടുതൽ ഫലപ്രദമായിട്ടുള്ള പ്രതിരോധമാർഗ്ഗങ്ങൾ കൊണ്ടുവരണമെന്നും അതോടൊപ്പംതന്നെ കർഷകർക്കുണ്ടായിട്ടുള്ള കൃഷിനാശത്തിന് അടിയന്തര സാമ്പത്തിക സഹായങ്ങൾ നൽകുന്നതിനുള്ള ഇടപെടൽ ഉണ്ടാകണമെന്നുമാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, കോതമംഗലം നിയോജകമണ്ഡലത്തിലെ വന്യജീവികളുടെ ശല്യംമൂലം പ്രയാസമനുഭവിക്കുന്ന ജനങ്ങളുടെ പ്രശ്നങ്ങളാണ് ബഹുമാനപ്പെട്ട എം.എൽ.എ. വിശദീകരിച്ചിട്ടുള്ളത്. ഈ നിയോജകമണ്ഡലത്തിലുൾപ്പെട്ട മലയാറ്റൂർ ഡിവിഷനുകീഴിലെ കോട്ടപ്പടി, പിണ്ടിമന, കുട്ടമ്പുഴ എന്നീ പഞ്ചായത്തുകളിൽ കാട്ടാനയുൾപ്പെടെയുള്ള വന്യമൃഗങ്ങളുടെ ആക്രമണസാധ്യതയുള്ള പ്രദേശങ്ങളിൽ പട്രോളിംഗ് നടത്തി അവ ജനവാസ മേഖലയിൽ ഇറങ്ങുന്നത് പരമാവധി ലഘൂകരിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തിവരുന്നുണ്ട്. സ്പെഷ്യൽ പ്രൊട്ടക്ഷൻ ഫോഴ്സിനെയും വാച്ചർമാരെയും ഉൾപ്പെടുത്തി സ്ക്വാഡുകൾ രൂപീകരിച്ച് അവരുടെ പ്രവർത്തനവും സേവനവും ഉപയോഗപ്പെടുത്തിവരുന്നുണ്ട്. ഉടൻതന്നെ സംഭവസ്ഥലത്തെത്തി വന്യജീവികളെ തിരികെ കാട്ടിലേയ്ക്ക് കയറ്റിവിടുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. സൗരോർജ്ജ വേലികൾ അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്.

കോതമംഗലം വനം റേഞ്ചിന്റെ ഭാഗത്തുവരുന്നതും കീരമ്പാറ പഞ്ചായത്തുൾപ്പെട്ടുന്നതായ കുട്ടിക്കൽ, ചേരമല, കരികുളം ഭാഗങ്ങളിൽ കാട്ടാനകൾ വരുന്ന പ്രദേശത്ത് 3 കിലോമീറ്റർ സോളാർ പവർ ഫെൻസിംഗ് സ്ഥാപിച്ചുകഴിഞ്ഞിട്ടുണ്ട്. കാട്ടാനകൾ കടന്നുവരുന്നത് നിരീക്ഷിക്കുന്നതിനും ആക്രമണം തടയുന്നതിനുമായി പെരിയാർ തീരത്ത് watch cam സ്ഥാപിച്ചിട്ടുള്ളതും നാല് വാച്ചർമാരെ നിയോഗിച്ചിട്ടുള്ളതുമാണ്. കൂടാതെ പ്രസ്തുത പ്രദേശത്ത് രാത്രികാലങ്ങളിൽ പ്രത്യേകമായ പട്രോളിംഗ് ഏർപ്പെടുത്തിയിട്ടുമുണ്ട്. മൂന്നാർ ഫോറസ്റ്റ് ഡിവിഷനിൽപ്പെട്ട കുട്ടമ്പുഴ, കവളങ്ങാട് പഞ്ചായത്തുകൾ നേര്യമംഗലം റേഞ്ചിന്റെ പരിധിയിൽ വരുന്നതാണ്. കവളങ്ങാട് പഞ്ചായത്ത് പരിധിയിൽ വന്യമൃഗശല്യം താരതമ്യേന കുറവാണ്. കുട്ടമ്പുഴ പഞ്ചായത്തിൽ വരുന്ന ക്ണാച്ചേരി, അനന്തൻകുടി, വെളിയത്തുപറമ്പ്, ഇഞ്ചത്തൊട്ടി, ഇളംപ്ലാശ്ശേരി എന്നീ ഭാഗങ്ങളിൽ 15.8 കിലോമീറ്റർ ദൂരം സോളാർ ഫെൻസിംഗ് നിർമ്മിച്ചിട്ടുണ്ട്. തട്ടേക്കാട് വന്യജീവി സങ്കേതത്തിൽ 8 കിലോമീറ്റർ സോളാർ ഫെൻസിംഗ് അറ്റകുറ്റപ്പണികൾ നടത്തുന്നതിനും പൂർണ്ണമായും മാറ്റി സ്ഥാപിക്കേണ്ട ഭാഗങ്ങൾ പുനഃസ്ഥാപിക്കുന്നതിനുമായി 9 ലക്ഷം രൂപയുള്ള ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്; ജോലി ഉടനെ ആരംഭിക്കുന്നതാണ്. ബാക്കിവരുന്ന 4.5 കി.മീറ്റർ ഭാഗത്തുള്ള സോളാർ ഫെൻസിംഗ് നവീകരിക്കുന്നതിനായി 6 ലക്ഷം രൂപയുടെ പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്. ഇതുകൂടി പൂർത്തിയാകുമ്പോൾ 12.5 കിലോമീറ്റർ നവീകരിക്കാൻ കഴിയും. പ്രദേശത്തെ ജനജാഗ്രതാ സമിതിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സോളാർ ഫെൻസിംഗിനോട് ചേർന്ന് പരീക്ഷണാടിസ്ഥാനത്തിൽ നാരകം വച്ചുപിടിപ്പിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള നടപടികളൊക്കെ സ്വീകരിക്കുന്നുണ്ടെങ്കിലും വന്യജീവികളുടെ കടന്നാക്രമണം വലിയ പ്രതിസന്ധിയാണ് കേരളത്തിലെ മലയോരമേഖലകളിലുണ്ടാക്കിയിരിക്കുന്നത്. ഇതെല്ലാം കണക്കിലെടുത്തുകൊണ്ട് ഈ മേഖലയിൽ സുരക്ഷിതനടപടികൾ സ്വീകരിക്കുന്നതിനുള്ള ശാസ്ത്രീയ മാർഗ്ഗനിർദ്ദേശങ്ങളും ആവശ്യമായ പ്രൊപ്പോസലും സമർപ്പിക്കുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിലുള്ള നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ഇത്തരത്തിലുള്ള ഒരു കർമ്മപദ്ധതി ആവിഷ്ക്കരിക്കുന്നതിന്റെ ഭാഗമായി തീർച്ചയായും കോതമംഗലം നിയോജകമണ്ഡലത്തിലെ പ്രശ്നബാധിത വനപ്രദേശങ്ങളെ ഉൾപ്പെടുത്തുന്നതിന് പരമാവധി ശ്രമിക്കുന്നതാണ്. കർഷകർക്ക് നഷ്ടപരിഹാരം നൽകുന്ന കാര്യം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുമായി സംസാരിക്കുകയും അതിനാവശ്യമായ തുക നൽകാമെന്ന് അദ്ദേഹം വാക്കു നൽകുകയും ചെയ്തിട്ടുണ്ട്. അങ്ങനെവരുമ്പോൾ ആ പ്രശ്നത്തിനും ഒരു പരിധിവരെ പരിഹാരം കാണാൻ കഴിയുമെന്നാണ് കരുതുന്നത്. ഈ പ്രശ്നം ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ ഗൗരവത്തിൽ ഏറ്റെടുത്തിട്ടുള്ളതാണ്. വനമേഖലയിൽനിന്നുള്ള എം.എൽ.എ-മാർ ഈ പ്രശ്നങ്ങൾ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്. അതിന്റെ ഗൗരവമനുസരിച്ചുള്ള പരിഗണന സർക്കാർ നൽകുന്നതാണ്.

## 5. നാളികേര പാർക്ക്

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: സർ, ഗുണമേന്മയുള്ള നാളികേരം ഉല്പാദിപ്പിക്കുന്ന പ്രദേശമാണ് കുറ്റ്യാടി. WCT (Indian West Coast Tall) ഇനത്തിൽപ്പെട്ട പാരമ്പര്യ ഇനങ്ങളാണ് ഈ പ്രദേശത്തുള്ളത്. അറുപത് വർഷക്കാലത്തിലധികമായി വിത്തുനാളികേരം ശേഖരിക്കുന്നതും ഈ മേഖലയിൽ നിന്നാണ്. തൂക്കവും എണ്ണയുടെ അളവും കൂടുതൽ ലഭിക്കുന്ന ഈ മേഖലയിപ്പോൾ വലിയ ഭീഷണി നേരിടുകയാണ്. കീടരോഗബാധ, വിലസ്ഥിരതയില്ലായ്മ എന്നിവയാണ് ഈ മേഖലയുടെ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. നാളികേരത്തിന്റെ മൂല്യവർദ്ധിത ഉല്പന്നങ്ങളുണ്ടാക്കുന്ന വ്യവസായ ശൃംഖല സ്ഥാപിച്ചാൽ കുറെയേറെ ആശ്വാസ മാകുമെന്നതിന്റെ അടിസ്ഥാനത്തിലാണ് കുറ്റ്യാടി കേന്ദ്രമാക്കി ഒരു നാളികേര പാർക്ക് രൂപീകരിക്കാൻ തീരുമാനിച്ചത്. 2009-10 സാമ്പത്തിക വർഷം എന്റെ നിയോജകമണ്ഡലത്തിൽ തന്നെയുള്ള വേളം ഗ്രാമപഞ്ചായത്തിൽ ഇതിനനു യോജ്യമായ സ്ഥലം കണ്ടെത്തുകയും മണിമലയിൽ 116 ഏക്കർ സ്ഥലം വ്യവസായ വകുപ്പ് വിലയ്ക്ക് വാങ്ങുകയും ചെയ്തു. ഇപ്പോൾ ആ സ്ഥലം KSIDC (Kerala State Industrial Development Corporation Limited)-യുടെ കൈവശമാണുള്ളത്. എന്നാൽ വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനാവശ്യമായ യാതൊരു പ്രവർത്തനങ്ങളും ഇന്നുവരെ അവിടെ നടന്നിട്ടില്ല. ഇപ്പോൾ പ്രസ്തുത സ്ഥലം കാടുപിടിച്ച് കാട്ടു മൃഗങ്ങളുടെ ആവാസകേന്ദ്രമായി മാറിയിരിക്കുകയാണ്. കർഷകർക്കും നാട്ടുകാർക്കും വലിയ ഭീഷണിയായിത്തീർന്നിട്ടുമുണ്ട്. അതുകൊണ്ട് അടിയന്തരമായി കാടുവെട്ടി ത്തെളിച്ച് മതിൽകെട്ടി സ്ഥലം സംരക്ഷിക്കുന്നതിനും നാളികേരാധിഷ്ഠിത വ്യവസായം ആരംഭിക്കുന്നതിനാവശ്യമായ പശ്ചാത്തലം ഒരുക്കുന്നതിനും അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുകയാണ്.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, കുറ്റ്യാടി നിയോജകമണ്ഡലത്തിലെ വേളം പഞ്ചായത്തിൽ 2012-ൽ കെ.എസ്.ഐ.ഡി.സി. ഏറ്റെടുത്ത 115.13 ഏക്കർ സ്ഥലം നാളികേര വികസന പാർക്കിനായി വികസിപ്പി ച്ചെടുക്കാൻ 42 കോടി രൂപയുടെ ഭാരണാനുമതി നൽകിയിരുന്നു. ഭൂമി ഏറ്റെടുക്കു ന്നതിന് ആകെ ചെലവുവന്ന തുക 1473.88 ലക്ഷം രൂപയായിരുന്നു. ബാക്കി എൽ.എ. നഷ്ടപരിഹാരം ഭൂവുടമകൾ അംഗീകരിച്ചില്ല. SLEC (Special Law Enforcement Commission) -യുടെ തീരുമാനത്തെ ചോദ്യം ചെയ്ത് ഏറ്റെടുത്ത ഭൂമിക്ക് കൂടുതൽ നഷ്ടപരിഹാരം നൽകണമെന്നാവശ്യപ്പെട്ട് ഭൂവുടമകൾ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ റിട്ട് ഹർജി ഫയൽ ചെയ്തു. തുടർന്ന് കേസ്സിന്റെ വാദം 2014 ജൂലൈ മാസത്തിൽ ആരംഭിച്ചു. 11-3-2020-ലാണ് ഉത്തരവ് വരുന്നത്. അതുപ്രകാരം ഭൂവുടമകൾക്ക് റബ്ബർതടി മൂല്യത്തിനും വാർഷിക ഉൽപ്പന്ന മൂല്യത്തിനും അവകാശമുണ്ടെന്നാണ് വിധിച്ചത്. ഈ വിധിക്കെതിരെ കെ.എസ്.ഐ.ഡി.സി.

റിട്ട് അപ്പീൽ ഫയൽ ചെയ്തെങ്കിലും പ്രസ്തുത അപ്പീൽ ബഹുമാനപ്പെട്ട ഹൈക്കോടതി തള്ളുകയാണ് ചെയ്തത്. കെ.എസ്.ഐ.ഡി.സി. ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ ഫയൽ ചെയ്ത എസ്.എൽ.പി. തള്ളിപ്പോയി. ഇതിന്മേൽ തുടർന്ന് ഒരു അവലോകന ഹർജി സമർപ്പിച്ചിട്ടുണ്ട്. ഇതിനിടയിൽ ഭൂവുടമകൾ ഹൈക്കോടതിയിൽ ഫയൽ ചെയ്ത കോടതിയലക്ഷ്യക്കേസിൽ കോഴിക്കോട് ജില്ലാ കളക്ടർ പത്ത് ദിവസത്തിനുള്ളിൽ നഷ്ടപരിഹാരം കണക്കാക്കി ഭൂവുടമകൾക്ക് നൽകുന്നതിന് വിധിച്ചിട്ടുണ്ട്. ഭൂവുടമകൾക്ക് നൽകേണ്ട നഷ്ടപരിഹാരത്തുകയുടെ വിശദാംശങ്ങൾ നൽകുന്നതിന് കോഴിക്കോട് ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇപ്രകാരം വിവിധ കോടതികളിൽ എൽ.എ. കേസ്സുകൾ നിലനിൽക്കുന്നതിനാലും കെ.എസ്.ഐ.ഡി.സി-ക്ക് നിലവിൽ കുറ്റ്യാടി നാളികേര പാർക്കിന്റെ നിയമപരമായ ഉടമസ്ഥാവകാശമില്ലാത്തതിനാലും പാർക്കിന്റെ അടിസ്ഥാന വികസന പ്രവർത്തനങ്ങൾ ആരംഭിക്കാൻ സാധിച്ചിട്ടില്ല. സുപ്രീംകോടതി, ഹൈക്കോടതി വിധികൾക്കനുസൃതമായി കോഴിക്കോട് ജില്ലാഭരണകൂടവും കെ.എസ്.ഐ.ഡി.സി-യും ഭൂവുടമകളുമായി നഷ്ടപരിഹാരത്തുക സംബന്ധിച്ച് നിലനിൽക്കുന്ന തർക്കങ്ങൾ പരിഹരിച്ച് എത്രയുംവേഗം പാർക്കിന്റെ അടിസ്ഥാന സൗകര്യവികസന പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. കെ.എസ്.ഐ.ഡി.സി-ക്ക് നിലവിൽ കൈവശാവകാശമുള്ളതിനാൽ അടിസ്ഥാന നിർമ്മാണപ്രവർത്തനം തുടങ്ങാൻ ആവശ്യപ്പെട്ടിട്ടുണ്ട്. മറ്റ് കാര്യങ്ങൾ ബഹുമാനപ്പെട്ട എം.എൽ.എ. ഉൾപ്പെടെ എല്ലാവരുമായി ബന്ധപ്പെട്ട് തർക്കങ്ങൾ പരിഹരിച്ചാൽ അതിവേഗത്തിൽ പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങളിലേയ്ക്ക് കടക്കാൻ കഴിയുമെന്നാണ് അറിയിക്കാനുള്ളത്.

## 6. കശുവണ്ടി വ്യവസായ മേഖലയിലെ പ്രതിസന്ധി

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, സംസ്ഥാനത്തെ കശുവണ്ടി വ്യവസായം വലിയ പ്രതിസന്ധി നേരിടുകയാണ്. നമ്മുടെ സംസ്ഥാനത്ത് 864 രജിസ്റ്റേർഡ് കശുവണ്ടി ഫാക്ടറികളുള്ളതിൽ നൂറോളം ഫാക്ടറികൾ മാത്രമാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. അതിൽത്തന്നെ കാപ്പെക്സിന്റെ 30-ഉം കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെ 10-ഉം ഫാക്ടറികൾ മാറ്റിയാൽ ചുരുക്കം ചില സ്വകാര്യ ഫാക്ടറികളാണ് ഇന്ന് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. കോവിഡ് കാലത്ത് വലിയ പട്ടിണിയിലും പ്രയാസത്തിലും ദുരിതത്തിലുമാണ് കശുവണ്ടി തൊഴിലാളികൾ. മദ്ധ്യതിരുവിതാംകൂറിലെ കൊല്ലം അടക്കമുള്ള ജില്ലകളുടെ സാമ്പത്തിക ഘടനയെ നിയന്ത്രിച്ചിരുന്നതുതന്നെ കശുവണ്ടി മേഖലയാണ്. രണ്ടര ലക്ഷത്തോളം തൊഴിലാളികൾ പണിയെടുത്തുകൊണ്ടിരുന്ന മേഖല ഇന്ന് വലിയ പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുകയാണ്. അഞ്ചുവർഷത്തിലൊരിക്കൽ മിനിമം വേജസ് വർദ്ധിപ്പിച്ചിരുന്നു.

ഇപ്പോൾ അഞ്ച് വർഷം കഴിഞ്ഞിട്ടും മിനിമം വേജസ് വർദ്ധിപ്പിക്കുന്നതിനുള്ള തീരുമാനമുണ്ടായിട്ടില്ല. അത് അടിന്തരമായി കൈക്കൊള്ളേണ്ടതായിട്ടുണ്ട്. കശുവണ്ടി വ്യവസായ മേഖലയിലെ അഞ്ച് മുതലാളിമാർ കടക്കെണിമൂലം ആത്മഹത്യ ചെയ്തു. ഈ മേഖലയിലുള്ളവരെ പിന്തുണച്ചെങ്കിൽമാത്രമെ വ്യവസായം ഇനി മുന്നോട്ട് കൊണ്ടുപോകാൻ കഴിയുകയുള്ളൂ. മറ്റൊരു പ്രധാനപ്പെട്ട വിഷയംകൂടി അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. 2017-നുശേഷം പിരിയുന്ന കശുവണ്ടി തൊഴിലാളികൾക്ക് ഏതെങ്കിലും സാമൂഹ്യക്ഷേമ പെൻഷൻ ലഭിക്കുന്നുണ്ടെങ്കിൽ അവർക്ക് കശുവണ്ടി തൊഴിലാളി ക്ഷേമനിധിയിൽ നിന്നുമുള്ള പെൻഷൻ ലഭിക്കുന്നില്ല. വിധവാ പെൻഷനോ അഗതി പെൻഷനോ പോലെയുള്ള സാമൂഹ്യക്ഷേമ പെൻഷൻ ലഭിക്കുന്നുണ്ടെങ്കിൽ കശുവണ്ടി തൊഴിലാളി ക്ഷേമനിധിയിൽനിന്നുള്ള പെൻഷൻ നിഷേധിക്കുകയാണ്. കശുവണ്ടി തൊഴിലാളി ക്ഷേമനിധിയിൽ തൊഴിലാളികൾ അംശദായം അടയ്ക്കുന്നുണ്ട്. തൊഴിലാളിയുടെ വിഹിതം, മുതലാളിയുടെ വിഹിതം, സർക്കാരിന്റെ വിഹിതം എല്ലാംകൂടി ചേർത്ത അവരുടെ അംശദായം പിരിച്ചിട്ടുള്ള ക്ഷേമനിധി പെൻഷൻ, സാമൂഹ്യക്ഷേമ പെൻഷൻ ലഭിക്കുന്നുവെന്നതിന്റെ പേരിൽ നിഷേധിക്കപ്പെടുന്നത് കടുത്ത അനീതിയാണ്. അത് കേന്ദ്ര സർക്കാരിന്റെ തീരുമാനമാണ്. അങ്ങ് പാർലമെന്റിലുണ്ടായിരുന്നതുകൊണ്ട് അതിനെക്കുറിച്ച് അറിയാവുന്നതാണ്. തുടർച്ചയായി 78 ദിവസം ഹാജരുണ്ടെങ്കിൽ മാത്രമേ സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ കശുവണ്ടി തൊഴിലാളികൾക്ക് ലഭിക്കുകയുള്ളൂ. കാപ്പെക്സിലും കോർപ്പറേഷനിലുംപോലും തുടർച്ചയായി 78 ദിവസം ഹാജരില്ലാത്ത സാഹചര്യമുണ്ട്. ഓണത്തിന് അവർക്ക് പതിനയ്യായിരം രൂപയെങ്കിലും ബോണസ് അഡ്വാൻസായി അനുവദിച്ചുകൊണ്ട് ഈ വ്യവസായ മേഖലയെയും അവിടെ പ്രവർത്തിക്കുന്ന തൊഴിലാളികളെയും സംരക്ഷിക്കുന്ന നിലപാട് ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, വളരെ ഗൗരവമുള്ള പ്രശ്നമാണ് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചിട്ടുള്ളത്. കേരളത്തിലെ പരമ്പരാഗത വ്യവസായങ്ങളിൽ പ്രമുഖമായ കശുവണ്ടി വ്യവസായത്തെ സംരക്ഷിക്കുന്നതിന് സർക്കാർ സാധ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നതിന് പ്രതിജ്ഞാബദ്ധമാണ്. കശുവണ്ടി വ്യവസായവുമായി ബന്ധപ്പെട്ട് സർക്കാർ നിയന്ത്രണത്തിലുള്ള കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ, കേരള കാഷ്യൂ വർക്കേഴ്സ് അപ്പെക്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി (കാപ്പെക്സ്) എന്നിവയ്ക്ക് കീഴിലുള്ള ഫാക്ടറികളുടെ നവീകരണത്തിനും തൊഴിലാളികളുടെ

തൊഴിൽ സാഹചര്യം വർദ്ധിപ്പിക്കുന്നതിനും വർഷാവർഷം ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷം ഇതിനായി കശുവണ്ടി വികസന കോർപ്പറേഷന് 550 ലക്ഷം രൂപയും കാപ്പെക്സിന് 500 ലക്ഷം രൂപയും കശുവണ്ടി തൊഴിലാളികൾക്ക് വർഷംമുഴുവനും തടസ്സമില്ലാതെ തൊഴിൽ ലഭ്യമാക്കു ന്നതിനും ആവശ്യമായ തോട്ടണ്ടി സംഭരിക്കുന്നതിനുമായി കേരള കാഷ്യൂ ബോർഡിന് 2021-22-ൽ 3,730 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. അത്യുല്പാദന ശേഷിയുള്ള കശുമാവിൻ തൈകൾ ഉത്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിനും കൂടുതൽ കർഷകരെ കശുമാവ് കൃഷിയിലേയ്ക്ക് ആകർഷിക്കുന്നതിനുമായി 650 ലക്ഷം രൂപ കേരള കശുമാവ് വികസന ഏജൻസിക്ക് 2021-22 വർഷത്തിലെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. കശുവണ്ടി ഫാക്ടറികൾ തുടർച്ചയായി പ്രവർ ത്തിക്കുന്നതിനാവശ്യമായ തോട്ടണ്ടിയുടെ ദൗർലഭ്യം പരിഹരിക്കുന്നതിന് 2017-ൽ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി രൂപീകരിച്ച കേരള കാഷ്യൂ ബോർഡ് ലിമിറ്റഡ് മുഖേന വിദേശ രാജ്യങ്ങളിൽനിന്നും തോട്ടണ്ടി ലഭ്യമാക്കിയാണ് കാപ്പെക്സും കശുവണ്ടി വികസന കോർപ്പറേഷനും പ്രവർത്തിക്കുന്നത്. കേരള കാഷ്യൂ ബോർഡ് ലിമിറ്റഡ് ഈ സാമ്പത്തിക വർഷം 5117.064 മെട്രിക് ടണ്ണിലധികം തോട്ടണ്ടി ഇറക്കുമതി ചെയ്തിട്ടുണ്ട്. കൂടാതെ ഐവറി കോസ്റ്റിൽനിന്നും 4000 മെട്രിക് ടൺ തോട്ടണ്ടിയുടെ ഇറക്കുമതി നടന്നുവരികയാണ്. ഇതുകൂടാതെ ഗിനി ബസാവോയിൽനിന്നും 4000 മെട്രിക് ടൺ തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നതിനുള്ള എഗ്രിമെന്റും ഒപ്പുവച്ചിട്ടുണ്ട്. ഇതുവഴി 2021 ഒക്ടോബർ മാസം വരെ കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെയും കാപ്പെക്സിന്റെയും ഫാക്ടറികൾ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ തോട്ടണ്ടി ഉറപ്പാക്കാൻ സാധിച്ചിട്ടുണ്ട്. 2021 ജൂലൈ മുതൽ കാപ്പെക്സ്, കശുവണ്ടി വികസന കോർപ്പറേഷൻ എന്നിവയുടെ കീഴിലുള്ള ഫാക്ടറികൾ കർശന കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് പൂർണ്ണതോതിൽ പ്രവർത്തിച്ച് തുടങ്ങിയിട്ടുണ്ട്. കോവിഡ് മഹാമാരി സൃഷ്ടിച്ച രൂക്ഷമായ സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും 2020-21 കാലയളവിൽ കാപ്പെക്സ് 46.88 കോടി രൂപയുടെ വിറ്റുവരവ് നേടിയിട്ടുണ്ട്. കാപ്പെക്സ് 2020 കലണ്ടർ വർഷം 160 തൊഴിൽ ദിനങ്ങളും Kerala State Cashew Development Corporation (KSCDC) 113 തൊഴിൽ ദിനങ്ങളും നൽകിയിട്ടുണ്ട്. കൂടാതെ തൊഴിലാളികളുടെയും ജീവനക്കാരുടെയും ക്ഷേമപദ്ധതികളായ ഇ.എസ്.ഐ, ഇ.പി.എഫ്. മുതലായവയും തൊഴിലാളികളുടെ വേതനം, മറ്റ് ആനുകൂല്യങ്ങൾ, ബോണസ് തുടങ്ങിയവയും മുടക്കംകൂടാതെ നൽകിവരുന്നു. സ്വകാര്യ കശുവണ്ടി വ്യവസായ മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനായി നിരവധി നടപടികൾ

സർക്കാർ സ്വീകരിച്ചിരുന്നു. ഒരു പുനരുദ്ധാരണ പാക്കേജ് നടപ്പാക്കാൻ സർക്കാർ തീരുമാനിച്ചതിന്റെ ഭാഗമായി 21-12-2020-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കശുവണ്ടി വ്യവസായികളുടെ വിവിധ ബാങ്കുകളുടെ വായ്പകൾ പുനഃക്രമീകരിക്കുന്നതിനും പുനഃക്രമീകരിക്കാനാകാത്ത വായ്പകളിന്മേൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കുന്നതിനുമായി വ്യവസായ പ്രതിനിധി, സർക്കാർ പ്രതിനിധി, എസ്.എൽ.ബി.സി. കൺവീനർ എന്നിവരുൾപ്പെടെ മൂന്നംഗ കമ്മിറ്റി രൂപീകരിക്കാനും തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത തീരുമാനപ്രകാരം രൂപീകരിച്ച മൂന്നംഗ കമ്മിറ്റി ഇതിനകം മൂന്ന് യോഗങ്ങൾ ചേർന്നു. ഇതുമായി ബന്ധപ്പെട്ട പ്രവർത്തനം അവലോകനം ചെയ്യാനായി 2021 ജൂലൈ 12-ന് വ്യവസായ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ വ്യവസായ പ്രതിനിധികളുമായും ബാങ്ക് പ്രതിനിധികളുമായും യോഗം ചേരുകയും പ്രസ്തുത യോഗത്തിൽ പുനരുദ്ധാരണ പാക്കേജ് നടപ്പിലാക്കുന്നതുവരെ വ്യവസായികൾക്കെതിരായ റിക്കവറിയുൾപ്പെടെയുള്ള നടപടികൾ നിർത്തിവയ്ക്കാനുള്ള നിർദ്ദേശം ബാങ്കുകൾക്ക് നൽകുകയും ചെയ്തു. ഇതുകൂടാതെ ഈ കമ്മിറ്റി ജൂലൈ 15-ന് ഇതുസംബന്ധിച്ച് മറ്റ് കാര്യങ്ങൾ പരിശോധിക്കാൻ യോഗം ചേർന്നിട്ടുണ്ട്. ഇവിടെ ഉന്നയിച്ച ക്ഷേമനിധി പെൻഷൻ സംബന്ധിച്ച് പൊതുവായൊരു നിലപാട് ധനകാര്യ വകുപ്പ് സ്വീകരിച്ചിട്ടുള്ളതാണ്. അംശദായം നൽകുന്നവരെയെല്ലാം സാമൂഹ്യക്ഷേമ പെൻഷൻ നൽകുന്നതിൽനിന്ന് ഒഴിവാക്കുന്നൊരു സമീപനമാണുള്ളത്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച ആ പ്രശ്നം ഒന്നുകൂടി പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

7. മത്സ്യബന്ധന തുറമുഖം

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിലെ അജാനൂർ മത്സ്യബന്ധന തുറമുഖത്തിന് വേണ്ടിയുള്ള ആവശ്യം ഉന്നയിച്ചുതുടങ്ങിയിട്ട് ഏതാണ്ട് രണ്ട് ദശാബ്ദം കഴിഞ്ഞിരിക്കുന്നു. ദശാബ്ദങ്ങൾ നീണ്ടുനിന്ന അന്വേഷണത്തിനും സർവ്വേയ്ക്കുംശേഷം ഇപ്പോഴും ഈ മത്സ്യബന്ധന തുറമുഖം യാഥാർത്ഥ്യമാകാത്ത സാഹചര്യത്തിൽ തീരദേശമേഖലയിലെ മത്സ്യത്തൊഴിലാളികൾ ഏറെ പ്രതിഷേധത്തിലും സമരത്തിന്റെ പാതയിലേയ്ക്കും നീങ്ങുകയാണ്. രണ്ട് ദശാബ്ദക്കാലത്തിനിടയിൽ ഇതുമായി ബന്ധപ്പെട്ട് നടത്തിയ സർവ്വേ ഉൾപ്പെടെയുള്ള നടപടികളെല്ലാം പൂർത്തീകരിച്ചതിനുശേഷം അതോടൊപ്പമുണ്ടായിരുന്ന മറ്റ് മത്സ്യബന്ധന തുറമുഖങ്ങളിൽ ചിലത് ആരംഭിച്ച സാഹചര്യത്തിൽ ഇതുകൂടി എത്രയുംപെട്ടെന്ന് ആരംഭിക്കുന്നതിനുള്ള നടപടിയുണ്ടാകണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുന്നത്.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ശ്രീ. ഇ. ചന്ദ്രശേഖരൻ ഉന്നയിച്ച പ്രശ്നം വസ്തുതാപരവും അതീവഗൗരവവുമാണ്. പതിറ്റാണ്ടുകളായി കാസർഗോഡ് ജില്ലയിലെ ജനങ്ങളുടെ ഒരു സ്വപ്നമാണ് അജാനൂർ മത്സ്യബന്ധന തുറമുഖം. ഹോസ്ദുർഗ് താലൂക്കിലെ ചിത്താരി കടൽപ്പുറം ഉൾപ്പെടുന്ന അജാനൂർ ഭാഗത്തൊരു ഫിഷിംഗ് ഹാർബർ നിർമ്മിക്കുന്നതിനുള്ള അന്വേഷണ ഗവേഷണ പ്രവർത്തനം നടത്തുന്നതിനായി 53 ലക്ഷം രൂപയുടെ ഭരണാനുമതി ഗവൺമെന്റ് നൽകിയിരുന്നു. അതിന്റെയടിസ്ഥാനത്തിൽ മാത്തമാറ്റിക്കൽ മോഡൽ സ്റ്റഡി നടത്തുന്നതിന് സി.ഡബ്ല്യു. പി.ആർ.എസ്., പൂനെയെ ചുമതലപ്പെടുത്തി. ടെക്നിക്കൽ സ്റ്റഡി റിപ്പോർട്ട് 2016-ൽ ലഭിക്കുകയും ചെയ്തു. 22-11-2017-ൽ അന്നത്തെ റവന്യൂ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. ഇ. ചന്ദ്രശേഖരന്റെ സാന്നിധ്യത്തിൽ ചേർന്ന യോഗത്തിൽ ഗതിമാറി ഒഴുകിക്കൊണ്ടിരിക്കുന്ന ചിത്താരിപ്പുഴയുടെ അഴിമുഖത്തെ പ്രശ്നങ്ങൾക്ക് പരിഹാരം കാണത്തക്കവിധത്തിൽ വേണം അജാനൂർ മത്സ്യബന്ധന തുറമുഖത്തിന്റെ രൂപകല്പന നടത്തേണ്ടതെന്ന് തീരുമാനിച്ചു. അതിന്റെയടിസ്ഥാനത്തിൽ അജാനൂർ മത്സ്യബന്ധന തുറമുഖം നിർമ്മിക്കുമ്പോൾ ഷോർലൈൻ മാറ്റങ്ങൾ, ചിത്താരിപ്പുഴയുടെ ഗതിമാറ്റം എന്നിവകൂടി കണക്കിലെടുത്ത് ആവശ്യമായ റിവർ ട്രെയിനിംഗ് വർക്കുകൾ കൂടി ഉൾപ്പെടുത്തിയ റിപ്പോർട്ട് സമർപ്പിക്കാൻ പഠന ഏജൻസിയായ പൂനെ സി.ഡബ്ല്യു.പി.ആർ.എസ്-നോട് വീണ്ടും ആവശ്യപ്പെട്ടു. തുടർന്ന് സി.ഡബ്ല്യു.പി.ആർ.എസ്. ഉദ്യോഗസ്ഥർ 11-7-2019-ന് അജാനൂർ മത്സ്യബന്ധന തുറമുഖം സന്ദർശിച്ച് പഠനത്തിനാവശ്യമായ അധിക ഡാറ്റകൾകൂടി സമർപ്പിക്കാൻ ആവശ്യപ്പെടുകയും ചെയ്തു. ഇതിൻപ്രകാരം നിർദ്ദിഷ്ട പുലിമുട്ടിന്റെയും റിവർ ട്രെയിനിംഗ് വർക്കിന്റേയും ജിയോറഫറൻസ് ഇലക്ട്രോണിക് ഫോർമാറ്റിൽ ഒരു ഡ്രോയിംഗ് തയ്യാറാക്കി സി.ഡബ്ല്യു.പി.ആർ.എസ്., പൂനെയ്ക്ക് സമർപ്പിക്കുകയും ചെയ്തു. എന്നാൽ, സി.ഡബ്ല്യു.പി.ആർ.എസ്-ൽനിന്നും അന്തിമ റിപ്പോർട്ട് ഇതുവരെ ലഭിച്ചിട്ടില്ല. സി.ഡബ്ല്യു.പി.ആർ.എസ്-ൽനിന്നും അന്തിമ റിപ്പോർട്ട് ലഭിച്ചതിനുശേഷം ഇ.ഐ.എ. പഠനം, സി.ആർ.ഇസഡ്. ക്ലിയറൻസ്, പൊല്യൂഷൻ കൺട്രോൾ ബോർഡിൽ നിന്നുള്ള അനുമതി എന്നിവ ലഭ്യമാകുന്നതിനുള്ള നടപടി പൂർത്തിയാക്കേണ്ടതുണ്ട്. ബഹുമാനപ്പെട്ട അംഗം പറഞ്ഞത് വസ്തുതാപരമാണ്. ജനകീയമായ വലിയ തോതിലുള്ള പ്രക്ഷോഭങ്ങളും പ്രതിഷേധങ്ങളും വരികയാണ്. ശ്രീ. ഇ. ചന്ദ്രശേഖരൻ നിരന്തരം ഈ പ്രശ്നം സർക്കാരിൽ ഉന്നയിക്കുന്നുമുണ്ട്. ഞാൻ കൂടി പങ്കെടുത്ത് അജാനൂരിൽ പ്രത്യേകയോഗം നടത്തി ഈ പ്രശ്നത്തിന് ശാശ്വതമായ പരിഹാരം കാണാൻ തീരുമാനിച്ചിട്ടുണ്ടെന്ന കാര്യം സഭയെ അറിയിക്കുകയാണ്.

## 8. ഡ്രഡ്ജിംഗ്

ഡോ. സുജിത് വിജയൻപിള്ള: സർ, കൊല്ലം ജില്ലയിലെ അഷ്ടമുടിക്കായൽ ജൈവ വൈവിദ്ധ്യങ്ങളുടെ ആവാസകേന്ദ്രമാണ്. അപൂർവ്വയിനം കണ്ടൽ ചെടികളാലും സംരക്ഷിക്കേണ്ടയിനം കക്കകളടക്കമുള്ള മത്സ്യസമ്പത്തിന്റെയും ഉറവിടമാണ് അഷ്ടമുടിക്കായൽ. ദൗർഭാഗ്യവശാൽ പലഭാഗങ്ങളിലും കായൽ മണ്ണടിഞ്ഞ് നികന്നു കൊണ്ടിരിക്കുന്നതിന്റെ ഫലമായി ചെറുദ്വീപുകൾ രൂപപ്പെടുകയും കായലിന്റെ ആവാസവ്യവസ്ഥിതിതന്നെ തകിടംമറിയുകയും ചെയ്യുന്നു. പ്രത്യേകിച്ചും ചവറ നിയോജകമണ്ഡലത്തിലെ നീണ്ടകര പാലത്തിനും ദളവാപുരം പാലത്തിനുമിടയിലുള്ള ഭാഗം വലിയ രീതിയിൽ മണ്ണടിഞ്ഞ് കായൽ നികന്നുകൊണ്ടിരിക്കുകയാണ്. ദളവാപുരം പാലത്തിന്റെ നിർമ്മാണകാലത്ത് തകർന്ന സെൻട്രൽ സ്പാൻ കായലിന്റെ അടിത്തട്ടിൽ കിടപ്പുണ്ട്. അത് ഇതുവരെയും മാറ്റാൻ സാധിച്ചിട്ടില്ല. ഇത് കായലിന്റെ സ്വാഭാവികമായ ഒഴുക്കിനെ ബാധിക്കുകയും മണ്ണ് വലിയ രീതിയിൽ അടിയുന്നതിന് കാരണമാകുകയും ചെയ്തു. ഇത് ഫിഷിംഗ് ബോട്ടുകളുടെയും വള്ളങ്ങളുടെയും മത്സ്യബന്ധനത്തിനുള്ള യാത്രയെ കാര്യമായി തടയുന്ന രീതിയിൽ തടസ്സങ്ങൾ സൃഷ്ടിക്കുന്നു. വൻതോതിൽ ലഭിച്ചുകൊണ്ടിരുന്ന മത്സ്യസമ്പത്ത് ഇതുമൂലം കുറയാൻ കാരണമായിട്ടുണ്ട്. ഡ്രഡ്ജിംഗിനായി 8 കോടി രൂപ അനുവദിച്ചെങ്കിലും ആധുനിക സംവിധാനങ്ങൾ ഉപയോഗിച്ചുള്ള മണ്ണുമാറ്റൽ നടക്കുന്നില്ല. സാധാരണരീതിയിലുള്ള ഡ്രഡ്ജിംഗ് നടത്തുമ്പോൾ ഡ്രഡ്ജിംഗ് മെഷീൻ അടക്കമുള്ള അതിന്റെ ബ്ലേഡുകൾക്ക് തകരാർ സംഭവിക്കുന്നതിനാൽ പലപ്പോഴും കോൺട്രാക്ടർമാർ വർക്ക് ഉപേക്ഷിച്ചുപോകുന്ന സ്ഥിതിയാണുള്ളത്. ഇത് ഡ്രഡ്ജിംഗ് അനന്തമായി നീണ്ടുപോകാൻ കാരണമാകുന്നുണ്ട്. നീണ്ടകര ഫിഷിംഗ് ഹാർബറിലെ വാർഫുകളിൽ പകുതിയിലേറെയും സമയ ബന്ധിതമായി ഡ്രഡ്ജിംഗ് നടത്താത്ത അവസ്ഥയുണ്ടായിട്ടുണ്ട്. ഡ്രഡ്ജിംഗ് കോൺട്രാക്ട് കാലോചിതമായി പരിഷ്കരിച്ച് നടപ്പാക്കണം. അതുവഴി അഷ്ടമുടിക്കായലിന്റെ ആവാസ പരിസ്ഥിതിനില സംരക്ഷിക്കണം.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ഇത് വളരെ സങ്കീർണ്ണമായൊരു പ്രശ്നമാണ്. ഡോ. സുജിത് വിജയൻപിള്ള ആവശ്യപ്പെട്ടതുപ്രകാരം പ്രസ്തുത സ്ഥലം ഞാൻ സന്ദർശിച്ചിരുന്നു. നീണ്ടകര പാലം മുതൽ ഏതാണ്ട് എഴുന്നൂറ് മീറ്റർ വരെയുള്ള ഭാഗം ഡ്രഡ്ജ് ചെയ്യുന്നതിനും അതുവഴി ലഭ്യമാകുന്ന മണൽ കടലിൽ നിക്ഷേപിക്കുന്നതിനുമുള്ള ഇനങ്ങൾ ഉൾപ്പെടുന്ന ഒരു പ്രവൃത്തിക്ക് 3-4-2017-ലെ സർക്കാർ ഉത്തരവുപ്രകാരം 2 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. അതനുസരിച്ച് പ്രവൃത്തി ആരംഭിച്ചെങ്കിലും ഡ്രഡ്ജ് ചെയ്ത് ലഭിക്കുന്ന മണൽ മത്സ്യത്തൊഴിലാളികൾ താമസിക്കുന്ന താഴ്ന്ന പ്രദേശങ്ങൾ നികത്തുന്നതിന് ലഭ്യമാക്കണമെന്നാവശ്യപ്പെട്ട്

അവിടത്തെ തദ്ദേശവാസികൾ പ്രവൃത്തി തടസ്സപ്പെടുത്തിയതിനാൽ ആ ഘട്ടത്തിൽ ഇത് മുന്നോട്ടുകൊണ്ടുപോകാൻ കഴിയാതെ വന്നു. അതുകൊണ്ട് ക്ലോഷർ എഗ്രിമെന്റ് വച്ച് കരാർ അവസാനിപ്പിക്കുകയും ചെയ്തു. 9-8-2018-ലെ സർക്കാർ ഉത്തരവുപ്രകാരം നൽകിയ ഭരണാനുമതിയുടെ അടിസ്ഥാനത്തിൽ ഡ്രഡ്ജിംഗ് വീണ്ടും നടത്തി. മണൽ ഡമ്പിംഗ് യാർഡിൽ നിക്ഷേപിക്കുന്ന പ്രവൃത്തിക്ക് 530 ലക്ഷം രൂപയുടെ സാങ്കേതികാനുമതി ലഭിക്കുകയും ദർഘാസ് ക്ഷണിച്ച് ഡ്രഡ്ജിംഗ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുമായി കരാറിൽ ഏർപ്പെടുകയും ചെയ്തു. എന്നാൽ, കരാറുകാരന്റെ ഭാഗത്തുനിന്ന് വീഴ്ചയുണ്ടാകുകയും കരാറുകാരന്റെ പൂർണ്ണ ഉത്തരവാദിത്വത്തിൽ നഷ്ടം കരാറുകാരനിൽനിന്നും ഈടാക്കുന്ന തരത്തിൽ കരാർ റദ്ദാക്കുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ പുനർദർഘാസ് ക്ഷണിച്ച് 8-6-2021-ൽ പുതിയ കരാറിൽ ഏർപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 17-6-2021-ന് പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. അതനുസരിച്ച് ഹാർബർ ബേസിനും മാമൻ തുരുത്തുവരെയുള്ള ചാലിന്റെ അൻപത് മീറ്റർ വീതിയുള്ള ഭാഗത്തും ഡ്രഡ്ജിംഗ് പ്രവൃത്തി നടന്നുവരുന്നു. രണ്ടാമത്തെ പ്രശ്നം, പൊതുമരാമത്ത് വകുപ്പ് നടത്തിയ ദളവാപുരം പാലം നിർമ്മാണത്തിനിടെ ബീമുകൾ തകർന്ന് കായലിൽ പതിച്ച അവശിഷ്ടങ്ങൾ നീക്കം ചെയ്യുന്നതിന് നിരവധി തവണ ശ്രമിച്ചെങ്കിലും ആയത് നീക്കം ചെയ്യാനായിട്ടില്ല. ഇത് നീക്കംചെയ്ത് യാനങ്ങളുടെ സുഗമമായ സഞ്ചാരം ഉറപ്പാക്കുക അത്യന്താപേക്ഷി തമായതിനാൽ നീണ്ടകര ഹാർബർ ഡ്രഡ്ജിംഗ് പ്രവൃത്തിയിലുൾപ്പെടുത്തി അവശിഷ്ടങ്ങൾ നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ 6-11-2020-ലെ സർക്കാർ ഉത്തരവുപ്രകാരം നീണ്ടകര പാലം മുതൽ ദളവാപുരം പാലം വരെയുള്ള ചാനലിന്റെ വീതികൂട്ടി ആഴം വർദ്ധിപ്പിക്കുന്നതിന് 9.991 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മറ്റൊരു പ്രശ്നം, ഡ്രഡ്ജിംഗ് നടത്തുമ്പോൾ വിവിധ സ്വഭാവത്തിലുള്ള അവശിഷ്ടങ്ങൾ ഈ കായലിനകത്ത് കിടക്കുന്നത് സംബന്ധിച്ചാണ്. ഇത് നീക്കം ചെയ്യുന്നതിന് പ്രത്യേക വിഭാഗത്തിലുള്ള യന്ത്രങ്ങൾ നിഷ്കർഷിക്കാതെ അനുയോജ്യമായ ഉപകരണങ്ങൾ ഉപയോഗിക്കുന്നതിനാണ് നിലവിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. അതിനാൽ ഉപകരണങ്ങൾ കേടുവന്ന് ഡ്രഡ്ജിംഗ് നിർത്തിവയ്ക്കേണ്ട സാഹചര്യമില്ല. നേരിട്ട് സ്ഥലം സന്ദർശിച്ചപ്പോൾ ഡ്രഡ്ജറുകൾക്കെല്ലാം കേടുപാട് സംഭവിക്കുന്നതായാണ് കാണാൻ കഴിഞ്ഞത്. അതുകൊണ്ട് പുതിയ തരത്തിലുള്ള യന്ത്രങ്ങൾ നിഷ്കർഷിക്കുന്ന ഒരു സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചുകൊണ്ട് ഈ പ്രശ്നത്തിന് ശാശ്വത പരിഹാരം കാണാൻ അവിടെ മീറ്റിംഗ് കൂടി തീരുമാനിച്ചിട്ടുണ്ട്. അത് ഉടൻതന്നെ നടപ്പാക്കുന്നതാണ്.

{അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ}

## 9. താലൂക്കാശുപത്രിയുടെ പ്രവർത്തനം

ശ്രീ. എ. പി. അനിൽ കുമാർ: സർ, ആയിരക്കണക്കിന് പാവപ്പെട്ട രോഗികൾ ചികിത്സയ്ക്കായി ആശ്രയിക്കുന്ന വണ്ടൂർ താലൂക്കാശുപത്രിയിൽ ആവശ്യമായ ഡോക്ടർമാരുടെയും ജീവനക്കാരുടെയും തസ്തികകൾ സൃഷ്ടിക്കാത്തതുകാരണം ആശുപത്രിയുടെ പ്രവർത്തനത്തെ സാരമായി ബാധിക്കുന്ന വിഷയമാണ് ഈ സബ്മിഷനിലൂടെ അവതരിപ്പിക്കുന്നത്. 2013-ലാണ് കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ വണ്ടൂർ താലൂക്കാശുപത്രിയായി ഉയർത്തിയത്. 2011-2016 കാലഘട്ടത്തിൽ ഗൈനക്കോളജി, പീഡിയാട്രിക് എന്നീ വിഭാഗങ്ങളിലേയ്ക്കും രണ്ട് ജൂനിയർ കൺസൾട്ടന്റുമാരും അത്യാഹിത വിഭാഗത്തിലേയ്ക്ക് നാല് കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർമാരും ഒരു ഡന്റൽ യൂണിറ്റും ഉൾപ്പെടുന്ന ഏഴ് തസ്തികകൾ സൃഷ്ടിക്കുകയുണ്ടായി. ഈ കാലഘട്ടത്തിൽ ഗൈനക്കോളജി വിഭാഗത്തിൽ ഒരു ഡോക്ടർ മാത്രമാണുണ്ടായിരുന്നതെങ്കിലും പ്രസവചികിത്സ നല്ല രീതിയിൽ നടന്നിരുന്നു. ഇപ്പോഴത്തെ മാറിയ സാഹചര്യത്തിൽ താലൂക്കാശുപത്രിയിൽ ഒരു ഗൈനക്കോളജിസ്റ്റോ ഒരു പീഡിയാട്രിഷനോ മാത്രം ഉണ്ടായാൽ പ്രസവചികിത്സയോ കുട്ടികളുടെ ചികിത്സയോ നടക്കുന്നില്ല. കൂടുതൽ ഡോക്ടർമാരെ നിയമിക്കണമെന്നാണ് ആവശ്യപ്പെടുന്നത്. താലൂക്കാശുപത്രിയെ സംബന്ധിച്ചിടത്തോളം വളരെയധികം സൗകര്യങ്ങൾ നിലവിലുണ്ട്. എം.എൽ.എ. ഫണ്ടുപയോഗിച്ചും നബാർഡ് ഫണ്ടുപയോഗിച്ചും ബ്ലോക്ക് പഞ്ചായത്തിന്റെ സഹകരണത്തോടെയും ഓപ്പറേഷൻ തീയേറ്ററുൾപ്പെടെ എല്ലാ സൗകര്യങ്ങളോടും കൂടി നിർമ്മിച്ച കെട്ടിടമാണ് നിലവിലുള്ളത്. അടിസ്ഥാനസൗകര്യങ്ങളുടെ കാര്യത്തിൽ യാതൊരു അപര്യാപ്തതയുമില്ല. ഏതാണ്ട് എഴുപത്തിയഞ്ച് ശതമാനത്തോളം എല്ലാ സൗകര്യങ്ങളുമുണ്ട്. ഈ വിഭാഗങ്ങളിലെ ഡോക്ടർമാരുടെ അഭാവമാണ് പ്രധാനപ്പെട്ട പ്രശ്നം. ഡയാലിസിസ് യൂണിറ്റ് തുടങ്ങാൻ ശ്രീ. രാഹുൽ ഗാന്ധി, എം.പി. 50 ലക്ഷം രൂപ ഇതിനകം അനുവദിക്കുകയും അതിന്റെ നടപടികളുമായി മുന്നോട്ടു പോകുകയുമാണ്. അതിനാവശ്യമായ ജീവനക്കാരെ നിയമിക്കണം. ഓക്സിജൻ സംഭരണ യൂണിറ്റ് ആരംഭിക്കുന്നതിന് എം.എൽ.എ. ഫണ്ടും അനുവദിച്ചിട്ടുണ്ട്. ഈ ആശുപത്രിയെ കോവിഡ് വ്യാപനത്തെത്തുടർന്ന് ജില്ലാഭരണകൂടത്തിന്റെ തീരുമാനപ്രകാരം കോവിഡ് ഹോസ്പിറ്റലാക്കി മാറ്റിയിരുന്നു. അതിനുശേഷം ജില്ലയിലെതന്നെ ഒരു പ്രസവാശുപത്രിയായി വണ്ടൂർ ഹോസ്പിറ്റലിനെ മാറ്റാൻ ജില്ലാഭരണകൂടം തീരുമാനമെടുക്കുകയും അതിനാവശ്യമായ ഉത്തരവിറക്കുകയും ചെയ്തു. എന്നിട്ടും പ്രസവചികിത്സയോ കുട്ടികളുടെ ചികിത്സയോ ഒന്നുംതന്നെ നടന്നില്ല. ഗൈനക്കോളജി-പീഡിയാട്രിക് വിഭാഗങ്ങളിൽ കൂടുതൽ തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് കഴിഞ്ഞകാലത്തുണ്ടായിരുന്നതും ഇപ്പോൾ മുടങ്ങിക്കിടക്കുന്നതുമായ പ്രസവചികിത്സ പുനരാരംഭിക്കാനാവശ്യമായ നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്നതാണ്

എന്റെ പ്രധാനപ്പെട്ട ആവശ്യം. ഞാൻ ഇക്കാര്യം കഴിഞ്ഞ ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നതാണ്. അന്ന് പോസ്റ്റ് ക്രിയേഷനുൾപ്പെടെ അതിനാവശ്യമായ നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നുവെന്നാണ് ഞാൻ മനസ്സിലാക്കിയിരുന്നത്. പക്ഷേ, നിയമസഭാ തെരഞ്ഞെടുപ്പിന് മുൻപ് പോസ്റ്റ് ക്രിയേഷനുണ്ടായില്ല. അതുകൊണ്ട് എത്രയും പെട്ടെന്ന് പുതിയ തസ്തികകൾ സൃഷ്ടിച്ച് ഈ പ്രശ്നത്തിന് പരിഹാരം കാണണമെന്ന് അഭ്യർത്ഥിക്കുന്നു.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ മലപ്പുറം ജില്ലയിലെ നിലമ്പൂർ താലൂക്കിൽ പ്രവർത്തിച്ചുവന്നിരുന്ന വണ്ടൂർ സാമൂഹിക ആരോഗ്യകേന്ദ്രം 2013-ലാണ് താലൂക്കാശുപത്രിയായി ഉയർത്തപ്പെട്ടത്. നിലമ്പൂർ താലൂക്കിൽത്തന്നെ എല്ലാ സ്പെഷ്യാലിറ്റി സേവനങ്ങളുമുള്ള നിലമ്പൂർ ജില്ലാ ആശുപത്രി പ്രവർത്തിച്ചുവരുന്നുണ്ട്. ഈ ആശുപത്രിയുടെ ഇരുപത് കിലോമീറ്റർ ദൂരത്താണ് മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജ് പ്രവർത്തിച്ചുവരുന്നത്. വണ്ടൂർ താലൂക്ക് ആശുപത്രിയിലെ പ്രതിദിന ശരാശരി ഒ.പി. 500-ഉം ഐ.പി. 10 മുതൽ 12 വരെയുമാണ്. ഈ ആശുപത്രിക്കായി അനുവദിക്കപ്പെട്ട അംഗീകൃത കിടക്കകൾ 42 ആണ്. നിലവിൽ ഈ ആശുപത്രിയിൽ 12 ഡോക്ടർമാർ, 9 നഴ്സുമാർ, 2 ഫാർമസിസ്റ്റുകൾ, 4 നഴ്സിംഗ് അസിസ്റ്റന്റ്മാർ, 2 ലാബ്ടെക്നീഷ്യൻമാർ ഉൾപ്പെടെയുള്ള അംഗീകൃത തസ്തികകളിലായി 57 സ്ഥിരം ജീവനക്കാരുണ്ട്. സിവിൽ സർജൻ - 1, അസിസ്റ്റന്റ് സർജൻ -4, ജൂനിയർ കൺസൾട്ടന്റ് (ഗൈനക്കോളജി) - 1, ജൂനിയർ കൺസൾട്ടന്റ് (പീഡിയാട്രിക്സ്) - 1, കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ - 4, ദന്തൽ സർജൻ - 1 എന്നിങ്ങനെ 12 ഡോക്ടർമാരാണുള്ളത്. ഇതിനുപുറമെ എൻ.എച്ച്.എം. വഴി അസിസ്റ്റന്റ് സർജനും ദന്തൽ സർജനുമായി രണ്ട് ഡോക്ടർമാരെയുൾപ്പെടെ 11 പേരെ നിയമിച്ചിട്ടുണ്ട്. കോവിഡ് ബ്രിഗേഡിൽ നിന്നും എൻ.എച്ച്.എം. വഴി ഒരു ദന്തൽ സർജൻ, രണ്ട് സ്റ്റാഫ് നഴ്സ് ഉൾപ്പെടെ 8 പേരെ നിയമിച്ചിട്ടുണ്ട്. 3 ഫാർമസിസ്റ്റ്, 4 ഹോസ്പിറ്റൽ അറ്റന്റർ ഉൾപ്പെടെ 11 പേരെ എച്ച്.എം.സി. മുഖാന്തരം നിയമിച്ചിട്ടുണ്ട്. കൂടാതെ KASP പ്രകാരം മൂന്നുപേരെയും MLSP (Mid Level Service Provider) പ്രകാരം രണ്ട് പേരെയും നിയമിച്ചിട്ടുണ്ട്. മേൽ പറഞ്ഞപ്രകാരം 57 അംഗീകൃത തസ്തികകളിൽ ജോലി ചെയ്യുന്ന സ്ഥിരം ജീവനക്കാരും എൻ.എച്ച്.എം., കോവിഡ് ബ്രിഗേഡ്, എച്ച്.എം.സി., കാസ്പ്, എം.എൽ.എസ്.പി. പ്രകാരം നിയമിക്കപ്പെട്ട 35 താൽക്കാലിക ജീവനക്കാരുമുൾപ്പെടെ മൊത്തം 92 ജീവനക്കാർ ഈ ആശുപത്രിയിൽ സേവനം അനുഷ്ഠിക്കുന്നു. ആർദ്രം മിഷന്റെ ഭാഗമായി ഓരോ ജില്ലയിൽനിന്നും ഓരോ ആശുപത്രിയെ ജില്ലാതല ആശുപത്രിയായി വികസിപ്പിക്കാനും ഓരോ താലൂക്കിലെ ഒരാശുപത്രി വീതം താലൂക്കുതല ആശുപത്രിയായി നിശ്ചിത മാനദണ്ഡങ്ങളോടുകൂടി വികസിപ്പിക്കാനും

തീരുമാനിച്ചിരുന്നു. അതനുസരിച്ച് മലപ്പുറം ജില്ലയിലെ തിരൂർ ആശുപത്രിയെ ജില്ലാതല ആശുപത്രിയായും മലപ്പുറം, പൊന്നാനി, കുറ്റിപ്പുറം, തിരൂരങ്ങാടി, നിലമ്പൂർ, പെരിന്തൽമണ്ണ, കൊണ്ടോട്ടി എന്നീ ആശുപത്രികളെ താലൂക്കുതല ആശുപത്രികളായും തെരഞ്ഞെടുത്തുകൊണ്ടുള്ള വികസന പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. നിലവിൽ വണ്ടൂർ താലൂക്കാശുപത്രിയിൽ ഒരു ഗൈനക്കോളജിസ്റ്റും ഒരു പീഡിയാട്രിഷനുമാണുള്ളത്. സർക്കാരിന്റെ സാമ്പത്തിക സ്ഥിതികൂടി പരിഗണിച്ച് അവിടെ അധിക തസ്തികകൾ സൃഷ്ടിച്ച് പ്രസവചികിത്സ തുടങ്ങാൻ കഴിയുമോ എന്ന കാര്യം നിശ്ചയമായും പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

## 10. <u>എസ്.എം.എ. രോഗികൾക്കുള്ള ചികിത്സാ ആനുകൂല്യങ്ങൾ</u>

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, സംസ്ഥാനത്ത് സ്പൈനൽ മസ്കുലർ അട്രോഫി (എസ്.എം.എ.) എന്ന ജനിതകരോഗം വളരെയധികം വർദ്ധിച്ചുവരികയാണ്. അടുത്തകാലത്തായി ധാരാളം കേസ്സുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടു. അതിന്റെ ചികിത്സാ ചെലവുമായി ബന്ധപ്പെട്ട് തുക സമാഹരിക്കുന്ന കാര്യത്തിൽ കേരളീയ സമൂഹം വലിയ ഐക്യമാണ് പ്രകടിപ്പിച്ചത്. മാട്ടൂലിലെ മുഹമ്മദ് എന്ന കുരുന്നിന്റെ ചികിത്സാച്ചെലവുമായി ബന്ധപ്പെട്ട് ഏഷ്യാനെറ്റ്, മനോരമ, മാതൃഭൂമി, ട്വന്റിഫോർ തുടങ്ങിയ മാധ്യമങ്ങളൊക്കെ നന്നായി ഇടപെട്ടതിന്റെ ഫലമായി ഒറ്റദിവസംകൊണ്ട് 18 കോടി രൂപ സമാഹരിക്കാൻ സാധിച്ചു. പെരിന്തൽമണ്ണയിൽ അങ്ങാടിപ്പുറത്ത് ശ്രീ. മഞ്ഞളാംകുഴി അലിയുടെ നിയോജകമണ്ഡലമായ മങ്കടയിൽ ഇമ്രാൻ മുഹമ്മദ് എന്ന കുട്ടിക്കുവേണ്ടി സ്ഥലം എം.എൽ.എ. ചെയർമാനായി ഒരു സമിതി രൂപീകരിക്കുകയും അതിനുവേണ്ടി 17 കോടി രൂപ സമാഹരിക്കുകയും ചെയ്തു. എന്നാൽ അതിനൊന്നും കാത്തുനിൽക്കാതെ ആ കുഞ്ഞ് മരണപ്പെടുകയാണുണ്ടായത്. തിരുവനന്തപുരത്ത് നവനീത് എന്ന കുട്ടിക്ക് കമ്പനിയുടെ തന്നെ ഇളവിൽ മരുന്ന് ലഭിച്ചു. ആ കുട്ടി രോഗത്തെ മറികടന്ന് പുരോഗതി പ്രാപിച്ചുവരുന്നുണ്ട്. കാസർഗോഡ് ഇത്തരത്തിലുള്ള ധാരാളം കേസ്സുകളുണ്ട്. കേരളത്തിൽ ഇത്തരം കേസ്സുകൾ വർദ്ധിച്ചു വരികയാണ്. കഴിഞ്ഞ ഒരുവർഷം 29 എസ്.എം.എ. കേസ്സുകളാണ് സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. മാതൃഭൂമി ദിനപ്പത്രം നടത്തിയ ഒരു സർവ്വേയിൽ പറയുന്നത് 3 വയസ് മുതൽ 53 വയസ്സുവരെയുള്ളവർക്ക് ഈ രോഗം ബാധിക്കുന്നുണ്ട് എന്നാണ്. ഈ രോഗം ബാധിച്ച കുട്ടികളുള്ള കുടുംബത്തിന്റെ കാര്യം നരകതുല്യമാണ്. കുഞ്ഞുങ്ങളെ പ്രസവിച്ച് മൂന്നുനാല് മാസം കഴിയുമ്പോഴാണ് ഈ പ്രശ്നം മാതാപിതാക്കളുടെ ശ്രദ്ധയിൽപ്പെടുന്നത്. കുട്ടികളുടെ ജീവൻ നിലനിർത്താൻവേണ്ടി വല്ലാത്തൊരു പോരാട്ടമാണ് അവർ നടത്തുന്നത്. ഈ സാഹചര്യത്തിൽ ചികിത്സാച്ചെലവുകൾ സർക്കാരിന് ഏറ്റെടുക്കാൻ സാധിക്കണം; ഇത്തരം ജനിതകരോഗങ്ങൾക്ക് ഇൻഷുറൻസ് പരിരക്ഷയില്ല. അത് വലിയ പോരായ്മയാണ്. ഇത്തരം രോഗങ്ങൾക്ക്

ഇൻഷ്വറൻസ് പരിരക്ഷ നൽകാനുള്ള ഇടപെടലുകളുണ്ടാകണം. ഏറ്റവും വേദനാജ നകമായ വിഷയം, ഈ പതിനെട്ട് കോടി രൂപയുടെ അൻപത് ശതമാനത്തിലധികം കേന്ദ്രഗവൺമെന്റിലേയ്ക്കുള്ള നികുതിയാണ് എന്നതാണ്. ഒരു കുട്ടിയുടെ ജീവൻ നിലനിർത്താൻ ചികിത്സയ്ക്കുവേണ്ടി മരുന്ന് അമേരിക്കയിൽനിന്ന് കൊണ്ടുവരണമെങ്കിൽ 18 കോടി രൂപ സമാഹരിച്ചാൽ അതിൽ ഒൻപത് കോടി രൂപ കേന്ദ്രസർക്കാരിന് നികുതിയിനത്തിൽ നൽകണമെന്നാണ്. എന്തൊരു വിരോധാഭാസമാണിത്? അതിനെതിരെ കേന്ദ്ര സർക്കാരിൽ അതിശക്തമായ സമ്മർദ്ദം ചെലുത്തണം. ഇവിടെനിന്ന് ഒരു കുട്ടിയെ ഗൾഫിൽ കൊണ്ടുപോയി ചികിത്സിക്കുകയാണെങ്കിൽ ഇതിന്റെ പകുതി ചെലവ് മതിയാകും. ഈ മരുന്ന് അമേരിക്കയിൽനിന്ന് റാസൽ ഖൈമയിലോ, ഖത്തറിലോ, കുവൈറ്റിലോ കൊണ്ടുവരണമെങ്കിൽ ഇത്ര ചെലവ് വരുന്നില്ല. പക്ഷേ, ഇത് എല്ലാവർക്കും സാധിക്കണമെന്നില്ല. ഈ സാഹചര്യത്തിൽ ടാക്സ് കുറയ്ക്കാനുള്ള അതിശക്തമായ ഇടപെടലുകൾ ഗവൺമെന്റിന്റെ ഭാഗത്തു നിന്നു ണ്ടാകണം, മറ്റ് ആനുകൂല്യങ്ങൾ പ്രഖ്യാപിക്കണം. ചില ദമ്പതിമാരിൽ ജനിക്കുന്ന കുഞ്ഞുങ്ങൾക്ക് ഈ രോഗം ഉണ്ടാകാനുള്ള സാധ്യത മുൻകൂട്ടി കണ്ടെത്താനുമുള്ള ചില പരീക്ഷണങ്ങൾ ഇപ്പോൾ നടക്കുന്നുണ്ട്. മുൻകൂട്ടി കണ്ടെത്താൻ സാധിച്ചാൽ അത്തരം കുഞ്ഞുങ്ങൾ ജനിക്കുന്നതും ആ പ്രയാസങ്ങൾ ഒഴിവാക്കാനും സാധിക്കുമെന്നും പറയപ്പെടുന്നു. നരകതുല്യമാണ് ഈ കുടുംബങ്ങളുടെ ജിവിതം. അതിനായി പ്രത്യേകമായ ചില സംവിധാനം രൂപീകരിക്കാൻ സർക്കാർ ഇടപെടണമെന്നാണ് ഈ സബ്മിഷ നിലൂടെ ഉന്നയിക്കാനുള്ളത്.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, ശരീരചലനത്തിന് സഹായിക്കുന്ന പേശികളെ ബാധിക്കുന്ന ഒരു ജനിതക രോഗമാണ് സ്പൈനൽ മസ്കുലർ അട്രോഫി എന്ന അപൂർവ്വരോഗം. സ്പൈനൽ കോഡിലെ ചലനത്തിന് സഹായിക്കുന്ന മോട്ടോർ നേർവ് കോശങ്ങൾക്ക് ആവശ്യമായ പ്രോട്ടീൻ ഉത്പാദിപ്പിക്കുന്ന ജീനിന്റെ കുറവാണ് ഈ രോഗത്തിന്റെ കാരണം. ഈ ജീനിന്റെ കുറവുമൂലം ചലനത്തിന് സഹായിക്കുന്ന മസിലുകൾ ദുർബലമാകുകയും നടക്കാനും നിൽക്കാനും ഇരിക്കാനും കഴിയാതെ രോഗികളുടെ ജീവിതം ദുരിത പൂർണ്ണമാകുകയും ക്രമേണ വീൽചെയറിലേയ്ക്ക് ഒതുങ്ങിപ്പോകുകയും ചെയ്യുന്നു. അസുഖത്തിന്റെ കാഠിന്യം വർദ്ധിക്കുന്നതനുസരിച്ച് ശ്വസനത്തിനും ഭക്ഷണമിറ ക്കുന്നതിനും ബുദ്ധിമുട്ട് അനുഭവപ്പെടുകയും ഇത്തരം രോഗികളിൽ ന്യൂമോണിയ ഉൾപ്പെടെയുള്ള ശ്വാസകോശരോഗങ്ങൾ പെട്ടെന്ന് പിടിപെടുകയും ചെയ്യും. രോഗകാഠിന്യമനുസരിച്ച് പ്രധാനമായും ടൈപ്പ് 1, ടൈപ്പ് 2, ടൈപ്പ് 3, ടൈപ്പ് 4 എന്നിങ്ങനെ ഈ അസുഖം നാല് തരത്തിലുണ്ട്. ഈ രോഗം തലച്ചോറിലെ ന്യൂറോണുകളെ ബാധിക്കാത്തതിനാൽ കാഴ്ച, കേൾവി, രുചി, ബുദ്ധിശക്തി

എന്നിവയ്ക്ക് തകരാർ സംഭവിക്കില്ല. എസ്.എം.എ.-യ്ക്ക് നിലവിൽ മൂന്ന് തരം മരുന്നുകൾ കണ്ടുപിടിക്കപ്പെട്ടിട്ടുണ്ട്. Zolgensma എന്ന മരുന്ന് സ്പൈനൽ മസ്കുലാർ അട്രോഫി ടൈപ്പ് വണ്ണിന്റെ ചികിത്സയ്ക്കായി ഇന്ത്യയിൽ അംഗീകരിക്കപ്പെട്ടതോ ലൈസൻസുള്ളതോ അല്ല. കൂടാതെ സ്പൈനൽ മസ്കുലാർ അട്രോഫി ടൈപ്പ്-1 ബാധിച്ചവരും ഇതിനകം വെന്റിലേറ്ററിലുള്ളവരുമായ രോഗികളിൽ ഈ മരുന്ന് ഫലപ്രദമാണോ എന്നത് സംബന്ധിച്ച് വ്യക്തതയുമില്ല. നിലവിൽ ഈ രോഗത്തിന്റെ ഒരു ഡോസ് മരുന്നിന് ഭീമമായ തുകയാണ് വിലവരുന്നത്. നാൽപ്പത്തിരണ്ടോളം അപേക്ഷകരാണ് ചികിത്സാ സഹായത്തിനായി ഇതിനോടകം സർക്കാരിനെ സമീപിച്ചിട്ടുള്ളത്. ഇവർക്കുള്ള ചികിത്സാ സഹായം നൽകുന്നതിനായി 400 കോടിയിലധികം രൂപ വേണ്ടിവരുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഒട്ടുമിക്ക അപൂർവ്വ രോഗങ്ങൾക്കും ആജീവനാന്ത ചികിത്സയും ആവശ്യമാണ്. പല അപൂർവ്വരോഗങ്ങൾക്കും ചികിത്സ ലഭ്യമായാൽപ്പോലും അവ സ്ഥിരമായി ഭേദപ്പെട്ട് ജീവിതനിലവാരം മെച്ചപ്പെടുകയോ ആയുർദൈർഘ്യം വർദ്ധിക്കുകയോ ചെയ്യുന്നില്ലയെന്നുള്ളതാണ് കണ്ടുവരുന്നത്. അപൂർവ്വ ജനിതകരോഗമായ Pompe disease-മായി ബന്ധപ്പെട്ട റിട്ട് പെറ്റീഷനിൽ 2016-ലെ വിധിന്യായത്തിനെതിരെ 2017-ൽ സർക്കാർ ഫയൽചെയ്ത അപ്പീലിൽ 20-1-2021-ലെ ഇടക്കാല ഉത്തരവിൽ അപൂർവ്വരോഗങ്ങളുടെ ചികിത്സയ്ക്കായി പ്രത്യേക അക്കൗണ്ടിലേയ്ക്ക് പ്രതിവർഷം 50 ലക്ഷം രൂപ നിക്ഷേപിക്കണമെന്ന് കേരള സർക്കാരിനോട് ബഹുമാനപ്പെട്ട ഹൈക്കോടതി നിർദ്ദേശിക്കുകയും പ്രസ്തുത തുക 2020 നവംബറിൽ ആരോഗ്യ വകുപ്പ് സെക്രട്ടറിയുടെ പേരിലുള്ള പ്രത്യേക അക്കൗണ്ടിൽ നിക്ഷേപിക്കുകയും ചെയ്തു. ഇതുകൂടാതെ കേന്ദ്രസർക്കാർ നൽകിയ ഒന്നരക്കോടി രൂപയും കേരള ഹൈക്കോടതി അഡ്വക്കേറ്റ്സ് അസോസിയേഷൻ നൽകിയ അഞ്ച് ലക്ഷം രൂപയും ടി അക്കൗണ്ടിൽ നിക്ഷേപിക്കുകയും ആയത് Kerala Medical Services Corporation Limited (KMSCL)-ന്റെ അക്കൗണ്ടിലേയ്ക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. ലാഭകരമായ പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നും കോർപ്പറേറ്റ് സ്ഥാപനങ്ങളിൽനിന്നും സി.എസ്.ആർ. ഫണ്ട് സമാഹരിച്ച് 2021-22 വർഷത്തേയ്ക്ക് അൻപത് ലക്ഷം രൂപ കൂടി നിക്ഷേപിക്കുന്നതിനുള്ള നടപടികൾ കേരള സാമൂഹ്യ സുരക്ഷാ മിഷനും കൈക്കൊണ്ടു വരുന്നുണ്ട്. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ നിർദ്ദേശാനുസരണം എസ്.എം.എ-യെക്കുറിച്ചും ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ച വിഷയങ്ങളെക്കുറിച്ചും മരുന്നിന്റെ ലഭ്യതയെക്കുറിച്ചും ചികിത്സയെക്കുറിച്ചും പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഒരു എക്സ്പെർട്ട് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. അപൂർവ്വ രോഗങ്ങളുടെയും ചികിത്സാച്ചെലവ് കൂടുതലുള്ള രോഗങ്ങളുടെയും ചികിത്സയ്ക്കായി ധനസഹായം നൽകാനുള്ള പൊതു മാർഗ്ഗരേഖകൾ തയ്യാറാക്കുന്നത് സംബന്ധിച്ച് സർക്കാർ ഗൗരവമായി പരിഗണിച്ചുവരികയാണ്. ചരക്ക് സേവന നികുതി നിയമത്തിലെ

വകുപ്പ് 11 പ്രകാരം ചരക്ക് സേവന നികുതി കൗൺസിലിന്റെ ശിപാശയോടുകൂടി മാത്രമേ വിദേശത്തുനിന്നും ഇറക്കുമതി ചെയ്യുന്ന വിലകൂടിയ മരുന്നുകളിൽ ചുമത്തുന്ന ചരക്ക് സേവന നികുതിയിൽ ഇളവ് നൽകാൻ സാധിക്കുകയുള്ളൂ. ഇങ്ങനെയൊരു വിഷയം വന്നതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ ബഹുമാനപ്പെട്ട പ്രധാനമന്ത്രിക്ക് ഇത്തരത്തിൽ ഇളവുനൽകണമെന്ന ആവശ്യം ഉന്നയിച്ചുകൊണ്ട് കത്തയച്ചിട്ടുണ്ട്.

12.00 NOON]

## VII മേശപ്പുറത്തുവച്ച കടലാസുകൾ

I. മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ക്രമ നമ്പർ | ഓർഡിനൻസിന്റെ | | | ചട്ടം 75(2) പ്രകാരമുള്ള പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | വർഷം | നമ്പർ | പേര് | |
| 1 | 2021 | 80 | ദി കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസസ്, ഇന്നോവേഷൻ ആൻഡ് ടെക്നോളജി ഓർഡിനൻസ്, 2021 | അല്ല |

II. തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ക്രമ നമ്പർ | ഓർഡിനൻസിന്റെ | | | ചട്ടം 75(2) പ്രകാരമുള്ള പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | വർഷം | നമ്പർ | പേര് | |
| (1) | (2) | (3) | (4) | (5) |
| 1 | 2021 | 53 | ദി കേരള എംപ്ലോയ്മെന്റ് ഗാരന്റി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ഓർഡിനൻസ്, 2021 | അല്ല |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 2 | 2021 | 56 | ദി കേരള പഞ്ചായത്ത് രാജ് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2021 | അല്ല |
| 3 | 2021 | 83 | ദി കേരള ടൗൺ ആൻഡ് കൺട്രി പ്ലാനിംഗ് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2021 | അല്ല |
| 4 | 2021 | 86 | ദി കേരള ടോഡി ഇൻഡസ്ട്രി ഡെവലപ്മെന്റ് ബോർഡ് ഓർഡിനൻസ്, 2021 | അല്ല |
| 5 | 2021 | 88 | ദി കേരള മുനിസിപ്പാലിറ്റി (അമെന്റ്മെന്റ്) ഓർഡിനൻസ്, 2021 | അല്ല |

III. വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ക്രമ നമ്പർ | ഓർഡിനൻസിന്റെ | | | ചട്ടം 75(2) പ്രകാരമുള്ള പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | വർഷം | നമ്പർ | പേര് | |
| 1 | 2021 | 52 | ദി കേരള പ്രൈവറ്റ് ഫോറസ്റ്റ്സ് (വെസ്റ്റിംഗ് ആൻഡ് അസൈൻമെന്റ്) (അമെന്റ്മെന്റ്) ഓർഡിനൻസ്, 2021 | അല്ല |

IV. പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ക്രമ നമ്പർ | ഓർഡിനൻസിന്റെ | | | ചട്ടം 75(2) പ്രകാരമുള്ള പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | വർഷം | നമ്പർ | പേര് | |
| 1 | 2021 | 87 | ദി കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2021 | അല്ല |

V. ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ക്രമ നമ്പർ | ഓർഡിനൻസിന്റെ | | | ചട്ടം 75(2) പ്രകാരമുള്ള പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | വർഷം | നമ്പർ | പേര് | |
| (1) | (2) | (3) | (4) | (5) |
| 1 | 2021 | 59 | ദി കേരള സ്റ്റേറ്റ് ഗുഡ്സ് ആൻഡ് സർവ്വീസസ് ടാക്സ് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2021 | അല്ല |
| 2 | 2021 | 60 | ദി കേരള ജനറൽ സെയിൽസ് ടാക്സ് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2021 | അല്ല |
| 3 | 2021 | 61 | ദി കേരള പ്രൊവിഷണൽ കളക്ഷൻ ഓഫ് റവന്യൂസ് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2021 | അല്ല |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 4 | 2021 | 62 | ദി കേരള ഫിസ്കൽ റെസ്പോൺസിബിലിറ്റി (അമെന്റ്മെന്റ്) ഓർഡിനൻസ്, 2021 | അല്ല |
| 5 | 2021 | 71 | ദി കേരള ഡിസാസ്റ്റർ ആൻഡ് പബ്ലിക് ഹെൽത്ത് എമർജൻസി (സ്പെഷ്യൽ പ്രൊവിഷൻസ്) ഓർഡിനൻസ്, 2021 | അല്ല |

VI. നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (<u>ശ്രീ. പി. രാജീവ്</u>): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ക്രമ നമ്പർ | ഓർഡിനൻസിന്റെ | | | ചട്ടം 75(2) പ്രകാരമുള്ള പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | വർഷം | നമ്പർ | പേര് | |
| 1 | 2021 | 76 | ദി കേരള കയർ വർക്കേഴ്സ് വെൽഫെയർ ഫണ്ട് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2021 | അല്ല |
| 2 | 2021 | 85 | ദി കേരള മൈക്രോ സ്മാൾ ആൻഡ് മീഡിയം എന്റർപ്രൈസസ് ഫെസിലിറ്റേഷൻ (അമെന്റ്മെന്റ്) ഓർഡിനൻസ്, 2021 | അല്ല |
| 3 | 2021 | 91 | ദി കേരള മിനറൽസ് (വെസ്റ്റിംഗ് ഓഫ് റൈറ്റ്സ്) ഓർഡിനൻസ്, 2021 | അല്ല |

VII. ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ക്രമ നമ്പർ | ഓർഡിനൻസിന്റെ | | | ചട്ടം 75(2) പ്രകാരമുള്ള പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | വർഷം | നമ്പർ | പേര് | |
| 1 | 2021 | 50 | ദി എ.പി.ജെ. അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി (അമെന്റ്മെന്റ്) ഓർഡിനൻസ്, 2021 | അല്ല |
| 2 | 2021 | 51 | ദി കേരള സെൽഫ് ഫിനാൻസിംഗ് കോളേജ് ടീച്ചിംഗ് ആൻഡ് നോൺ-ടീച്ചിംഗ് എംപ്ലോയീസ് (അപ്പോയിന്റ്മെന്റ് ആൻഡ് കണ്ടീഷൻസ് ഓഫ്സർവ്വീസ്) ഓർഡിനൻസ്, 2021 | അല്ല |
| 3 | 2021 | 67 | ദി ശ്രീ ശങ്കരാചാര്യ യൂണിവേഴ്സിറ്റി ഓഫ് സാൻസ്ക്രിറ്റ് (അമെന്റ്മെന്റ്) ഓർഡിനൻസ് , 2021 | അല്ല |
| 4 | 2021 | 68 | ദി യൂണിവേഴ്സിറ്റി ലോസ് (അമെന്റ്മെന്റ്) ഓർഡിനൻസ് , 2021 | അല്ല |
| 5 | 2021 | 69 | ദി യൂണിവേഴ്സിറ്റി ലോസ് (അമെന്റ്മെന്റ്)(നം.2) ഓർഡിനൻസ് , 2021 | അല്ല |
| 6 | 2021 | 70 | ദി യൂണിവേഴ്സിറ്റി ലോസ് (അമെന്റ്മെന്റ്)(നം.3) ഓർഡിനൻസ് , 2021 | അല്ല |

VIII. സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ക്രമ നമ്പർ | ഓർഡിനൻസിന്റെ | | | ചട്ടം 75(2) പ്രകാരമുള്ള പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | വർഷം | നമ്പർ | പേര് | |
| 1 | 2021 | 92 | ദി കേരള കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2021 | അല്ല |
| 2 | 2021 | 93 | ദി കേരള കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് (സെക്കൻഡ് അമെന്റ്മെന്റ്) ഓർഡിനൻസ്, 2021 | അല്ല |

IX. മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ക്രമ നമ്പർ | ഓർഡിനൻസിന്റെ | | | ചട്ടം 75(2) പ്രകാരമുള്ള പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | വർഷം | നമ്പർ | പേര് | |
| (1) | (2) | (3) | (4) | (5) |
| 1 | 2021 | 64 | ദി കേരള ഫിഷ് ഓക്ഷനിംഗ്, മാർക്കറ്റിംഗ് ആൻഡ് മെയിന്റനൻസ് ഓഫ് ക്വാളിറ്റി ഓർഡിനൻസ്, 2021 | അല്ല |
| 2 | 2021 | 66 | ദി കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആൻഡ് ഓഷ്യൻ സ്റ്റഡീസ് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2021 | അല്ല |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 3 | 2021 | 81 | ദി കേരള മറൈൻ ഫിഷിംഗ് റെഗുലേഷൻ (അമെന്റ്മെന്റ്) ഓർഡിനൻസ്, 2021 | അല്ല |
| 4 | 2021 | 82 | ദി കേരള ഇൻലാന്റ് ഫിഷറീസ് ആൻഡ് അക്വാകൾച്ചർ (അമെന്റ്മെന്റ്) ഓർഡിനൻസ്, 2021 | അല്ല |

X. പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ക്രമ നമ്പർ | ഓർഡിനൻസിന്റെ | | | ചട്ടം 75(2) പ്രകാരമുള്ള പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | വർഷം | നമ്പർ | പേര് | |
| (1) | (2) | (3) | (4) | (5) |
| 1 | 2021 | 54 | ദി കേരള കാഷ്യൂ വർക്കേഴ്സ് റിലീഫ് ആൻഡ് വെൽഫയർ ഫണ്ട് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2021 | അല്ല |
| 2 | 2021 | 55 | ദി കേരള അഗ്രിക്കൾച്ചറൽ വർക്കേഴ്സ് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2021 | അല്ല |
| 3 | 2021 | 57 | ദി കേരള ലേബർ വെൽഫെയർ ഫണ്ട് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2021 | അല്ല |
| 4 | 2021 | 72 | ദി കേരള എഡ്യൂക്കേഷൻ (അമെന്റ്മെന്റ്) ഓർഡിനൻസ്, 2021 | അല്ല |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 5 | 2021 | 74 | ദി കേരള ടൈലറിംഗ് വർക്കേഴ്സ് വെൽഫയർ ഫണ്ട് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2021 | അല്ല |
| 6 | 2021 | 75 | ദി കേരള ബാംബൂ, കാട്ടുവള്ളി ആൻഡ് പന്റാനസ് ലീഫ് വർക്കേഴ്സ് വെൽഫെയർ ഫണ്ട് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2021 | അല്ല |
| 7 | 2021 | 77 | ദി കേരള ഷോപ്പ്സ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് വർക്കേഴ്സ് വെൽഫെയർ ഫണ്ട് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2021 | അല്ല |
| 8 | 2021 | 79 | ദി കേരള ജ്വവലറി വർക്കേഴ്സ് വെൽഫെയർ ഫണ്ട് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2021 | അല്ല |
| 9 | 2021 | 84 | ദി കേരള സ്മാൾ പ്ലാന്റേഷൻ വർക്കേഴ്സ് വെൽഫെയർ ഫണ്ട് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2021 | അല്ല |
| 10 | 2021 | 89 | ദി കേരള ഷോപ്പ്സ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2021 | അല്ല |
| 11 | 2021 | 90 | ദി കേരള ഹെഡ് ലോഡ് വർക്കേഴ്സ് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2021 | അല്ല |

XI. മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ക്രമ നമ്പർ | ഓർഡിനൻസിന്റെ | | | ചട്ടം 75(2) പ്രകാരമുള്ള പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | വർഷം | നമ്പർ | പേര് | |
| 1 | 2021 | 65 | ദി കേരള ലൈവ്സ്റ്റോക്ക് ആൻഡ് പൗൾട്രി ഫീഡ് ആൻഡ് മിനറൽ മിക്സ്ച്ചർ(റെഗുലേഷൻ ഓഫ് മാനുഫാക്ച്ചർ ആൻഡ് സെയിൽ) ഓർഡിനൻസ്, 2021 | അല്ല |

XII. ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ക്രമ നമ്പർ | ഓർഡിനൻസിന്റെ | | | ചട്ടം 75(2) പ്രകാരമുള്ള പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | വർഷം | നമ്പർ | പേര് | |
| 1 | 2021 | 63 | ദി കേരള പബ്ലിക് ഹെൽത്ത് ഓർഡിനൻസ്, 2021 | അല്ല |
| 2 | 2021 | 73 | ദി കേരള സ്റ്റേറ്റ് മെഡിക്കൽ പ്രാക്ടീഷണേഴ്സ് ഓർഡിനൻസ്, 2021 | അല്ല |
| 3 | 2021 | 78 | ദി കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്സ് (രജിസ്ട്രേഷൻ ആൻഡ് റെഗുലേഷൻ) അമെന്റ്മെന്റ് ഓർഡിനൻസ്, 2021 | അല്ല |

XIII. കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

| ക്രമ നമ്പർ | ഓർഡിനൻസിന്റെ | | | ചട്ടം 75(2) പ്രകാരമുള്ള പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | വർഷം | നമ്പർ | പേര് | |
| 1 | 2021 | 58 | ദി കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ( അഡീഷണൽ ഫങ്ഷൻസ് ആസ് റെസ്പെക്ട്സ് ദി സർവ്വീസസ് അണ്ടർ ദി വഖഫ് ബോർഡ്) ഓർഡിനൻസ്, 2021 | അല്ല |

## VIII റിപ്പോർട്ട് സമർപ്പണം

### 1. സബ്ജക്ട് കമ്മിറ്റി I-ന്റെ ഒന്നാമത് റിപ്പോർട്ട്

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി I-ന്റെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

### 2. സബ്ജക്ട് കമ്മിറ്റി II-ന്റെ ഒന്നാമത് റിപ്പോർട്ട്

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, റവന്യൂവും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

### 3. സബ്ജക്ട് കമ്മിറ്റി III-ന്റെ ഒന്നാമത് റിപ്പോർട്ട്

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III-ന്റെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

4. സബ്ജക്റ്റ് കമ്മിറ്റി IV-ന്റെ ഒന്നാമത് റിപ്പോർട്ട്

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി IV-ന്റെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

5. സബ്ജക്റ്റ് കമ്മിറ്റി V-ന്റെ ഒന്നാമത് റിപ്പോർട്ട്

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്):

സർ, മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി V-ന്റെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

6. സബ്ജക്റ്റ് കമ്മിറ്റി VI-ന്റെ ഒന്നാമത് റിപ്പോർട്ട്

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി VI-ന്റെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

7. സബ്ജക്റ്റ് കമ്മിറ്റി VII-ന്റെ ഒന്നാമത് റിപ്പോർട്ട്

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളി ക്ഷേമവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി VII-ന്റെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

8. സബ്ജക്റ്റ് കമ്മിറ്റി VIII-ന്റെ ഒന്നാമത് റിപ്പോർട്ട്

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി VIII-ന്റെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

9. സബ്ജക്റ്റ് കമ്മിറ്റി IX-ന്റെ ഒന്നാമത് റിപ്പോർട്ട്

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവന നിർമ്മാണവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി IX-ന്റെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

10. സബ്ജക്ട് കമ്മിറ്റി X-ന്റെ ഒന്നാമത് റിപ്പോർട്ട്

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X-ന്റെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

11. സബ്ജക്ട് കമ്മിറ്റി XI-ന്റെ ഒന്നാമത് റിപ്പോർട്ട്

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI-ന്റെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

12. സബ്ജക്ട് കമ്മിറ്റി XII-ന്റെ ഒന്നാമത് റിപ്പോർട്ട്

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII-ന്റെ അദ്ധ്യക്ഷയായ ഞാൻ സമിതിയുടെ 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

13. സബ്ജക്ട് കമ്മിറ്റി XIII-ന്റെ ഒന്നാമത് റിപ്പോർട്ട്

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII-ന്റെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

14. സബ്ജക്ട് കമ്മിറ്റി XIV-ന്റെ ഒന്നാമത് റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

15. അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ട്

ശ്രീ. പ്രമോദ് നാരായൺ: സർ, അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ ഒന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിച്ചിരിക്കുന്നു.

# IX ക്രമപ്രശ്നം

നിയമസഭാ ചട്ടലംഘനം

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ഇന്ന് എല്ലാ മന്ത്രിമാരും സഭയിൽ സമർപ്പിച്ചിരിക്കുകയാണ്. ഇന്നുതന്നെ ധനാഭ്യർത്ഥന നമ്പർ II-ന്റേയും III-ന്റേയും ചർച്ചയും വച്ചിരിക്കുകയാണ്. സഭയിൽ തുടർന്നുവരുന്ന കീഴ്വഴക്കം അനുസരിച്ച്, ഇതുവരെയുള്ള നടപടിക്രമപ്രകാരം സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സഭയിൽ സമർപ്പിക്കുന്നതിന്റെ അടുത്ത ദിവസം മാത്രമാണ് ചർച്ച ആരംഭിക്കേണ്ടത്. അംഗങ്ങൾക്ക് റിപ്പോർട്ട് പഠിക്കാനുള്ള സമയം നൽകുക എന്നതാണ് ഉദ്ദേശിക്കുന്നത്. റൂൾസ് ഓഫ് പ്രൊസീഡ്യൂറിലെ 143 (1) വളരെ വ്യക്തമാണ്.

"143. Voting of Demands for Grants:- (1) After the Subject Committees have presented their reports, the Speaker, in consultation with the Leader of the House and the Leader of the Opposition shall allot so many days as may be compatible with public interest for discussion and voting of the demands for grants. "

നിയമസഭയുടെ നടപടിക്രമങ്ങൾക്കും ഇതിനുമുമ്പുള്ള കീഴ്വഴക്കങ്ങൾക്കും വിരുദ്ധമായിട്ടാണ് ഇന്ന് ചെയ്യുന്നത്. അതൊരു ഒബ്ജക്ഷനായി സഭയിൽ ഉന്നയിക്കുന്നു.

മി. സ്പീക്കർ: ഇതുസംബന്ധിച്ച് അങ്ങയുടെ നോട്ടീസ് ലഭിച്ചിട്ടുണ്ടായിരുന്നു. റൂളിംഗ് നൽകാൻ ആഗ്രഹിക്കുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇവിടെ ചൂണ്ടിക്കാണിച്ചത് ശരിയാണ്. സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ട് പഠിച്ചതിനുശേഷം അംഗങ്ങൾക്ക് ചർച്ചയിൽ പങ്കെടുക്കുവാൻ അവസരം നൽകണമെന്നുള്ളത് ശരിയാണ്. ആദ്യത്തെ കലണ്ടർ പ്രകാരം നിയമസഭാ സമ്മേളനം ചേരാൻ തീരുമാനിച്ചിരുന്നത് 21-7-2021-നാണ്. ബലിപെരുന്നാൾ തീയതി മാറി വന്ന സാഹചര്യത്തിലാണ് നിയമസഭാ സമ്മേളനം 22-ലേയ്ക്ക് മാറ്റേണ്ടി വന്നത്. 21-ാം തീയതി തന്നെ സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകൾ സമർപ്പിക്കേണ്ടതായിരുന്നു. 22-ാം തീയതിയിലേയ്ക്ക് സഭാ സമ്മേളനം മാറ്റേണ്ടി വന്നതുകൊണ്ടാണ് ഇത്തരത്തിൽ ഒരു ബുദ്ധിമുട്ടുണ്ടായിരിക്കുന്നത്. ചില പ്രത്യേക സാഹചര്യങ്ങളിൽ ഇത്തരത്തിൽ

മുൻകാലങ്ങളിലും സംഭവിച്ചിട്ടുണ്ട്. സഭാ നേതാവും, പ്രതിപക്ഷ നേതാവുമൊക്കെയായി ബഹുമാനപ്പെട്ട സ്പീക്കർ ഇക്കാര്യം സംസാരിച്ചിരുന്നതായി ഞാൻ മനസ്സിലാക്കുന്നു. ഞാനും പ്രസ്തുത വിഷയം സംസാരിച്ചിരുന്നു. 1998-ലും സമാനമായിട്ടുള്ള ഒരു സംഭവം സഭയിൽ ഉണ്ടായിട്ടുണ്ട്. തീർച്ചയായിട്ടും അംഗങ്ങൾക്ക് റിപ്പോർട്ട് പഠിക്കുവാനുള്ള അവസരം നൽകണമെന്ന കാര്യത്തിൽ തർക്കമില്ല. അസാധാരണമായ സാഹചര്യത്തിലാണ് ഇങ്ങനെയൊരു തീരുമാനം എടുക്കേണ്ടി വന്നതെന്ന് സഭയെ അറിയിക്കുകയാണ്.

## റൂളിംഗ്

മി. സ്പീക്കർ: പതിനഞ്ചാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിന്റെ പ്രാരംഭ ദിവസമായ ഇന്നാണ് 2021-22 വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന പൂർത്തീകരിച്ചതിന്റെ അടിസ്ഥാനത്തിലുള്ള വിവിധ സബ്ജക്ട് കമ്മിറ്റികളുടെ റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കപ്പെട്ടിരിക്കുന്നത്. രണ്ടാം സമ്മേളനത്തിന്റെ കലണ്ടർ പ്രകാരം ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും ഇന്നുതന്നെ ആരംഭിക്കുകയും ചെയ്യേണ്ടതുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ ചട്ടം 143(1)-ലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് സബ്ജക്ട് കമ്മിറ്റികളുടെ സൂക്ഷ്മപരിശോധനാ റിപ്പോർട്ട് സഭയിൽ സമർപ്പിക്കുന്നതിന്റെ അടുത്ത ദിവസം തന്നെയാണ് ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും നടത്തുന്നത്. അതുതന്നെയാണ് സഭയിലെ കീഴ്‌വഴക്കവും. ബഹുമാനപ്പെട്ട മന്ത്രിയും അക്കാര്യം ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. എന്നാൽ, 2021 ജൂലൈ 21-ാം തീയതി ആരംഭിക്കാൻ തീരുമാനിച്ചിരുന്ന രണ്ടാം സമ്മേളനം ബലിപെരുന്നാൾ ദിനം മാറിവന്ന സാഹചര്യത്തിലാണ് കലണ്ടറിൽ മാറ്റം വരുത്തി ഇന്ന് ചേരാൻ തീരുമാനിച്ചത് എന്ന വസ്തുത നമുക്കെല്ലാം അറിയാവുന്നതാണ്. അതുപോലെ, കോവിഡ് പശ്ചാത്തലത്തിൽ ചേരുന്ന സഭാ സമ്മേളന ദിനങ്ങളിൽ സാരമായിട്ടുള്ള മാറ്റങ്ങൾ വരുത്താൻ കഴിയാത്ത സാഹചര്യവും നിലനിൽക്കുന്നുണ്ട്. അപൂർവ്വമായിട്ടാണെങ്കിലും മുൻകാലങ്ങളിലും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സഭയിൽ സമർപ്പിക്കപ്പെട്ട അതേദിവസം തന്നെ ധനാഭ്യർത്ഥനകളിന്മേൽ ചർച്ചയാരംഭിച്ച സന്ദർഭങ്ങൾ നമ്മുടെ സഭയിൽ ഉണ്ടായിട്ടുമുണ്ട്. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ 1998 ജൂൺ 30-ാം തീയതി ഇങ്ങനെയൊരു നടപടി സഭയിൽ ഉണ്ടായിട്ടുള്ള കീഴ്‌വഴക്കവും നമ്മുടെ മുമ്പിലുണ്ട്. റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കപ്പെട്ട ഇന്നേദിവസം നടക്കുന്ന ചർച്ച XIV-ാം സബ്ജക്ട് കമ്മിറ്റിയുടെ പരിധിയിൽവരുന്ന II, III എന്നീ ധനാഭ്യർത്ഥനകളിന്മേലാണ്. നിലവിലെ പ്രത്യേക സാഹചര്യം പരിഗണിച്ച് സൂക്ഷ്മപരിശോധനാ റിപ്പോർട്ട് പഠിക്കുന്നതിലേയ്ക്കായി ബഹുമാനപ്പെട്ട അംഗങ്ങൾക്ക് പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പുകൾ മാത്രം മുൻകൂറായി ഇന്ന് രാവിലെ അവരവരുടെ ഇരിപ്പിടങ്ങളിൽ ലഭ്യമാക്കിയിട്ടുണ്ട് എന്നുകൂടി അറിയിക്കുന്നു. അതിനാൽ, ക്രമപ്രശ്നം നിലനിൽക്കുന്നതല്ലെന്ന് ചെയർ റൂൾ ചെയ്യുന്നു.

# X ധനകാര്യം

## 2021-22 സാമ്പത്തിക വർഷത്തേയ്ക്കുള്ള പുതുക്കിയ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെയും നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്ക നേരെ 9-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2021-22 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

| ധനാഭ്യർത്ഥന നമ്പർ | ധനാഭ്യർത്ഥനയുടെ പേര് | ബഡ്ജറ്റ് എസ്റ്റിമേറ്റ് 2021-22 | | | | | | |
|---|---|---|---|---|---|---|---|---|
| | | 25-1-2021 -ൽ സഭ പാസ്സാക്കിയ വോട്ട് ഓൺ അക്കൗണ്ട് തുക | | 10-6-2021-ൽ സഭ പാസ്സാക്കിയ വോട്ട് ഓൺ അക്കൗണ്ട് തുക | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക | | ആകെ (രൂപ) |
| | | റവന്യൂ (രൂപ) | മൂലധനം (രൂപ) | റവന്യൂ (രൂപ) | മൂലധനം (രൂപ) | റവന്യൂ (രൂപ) | മൂലധനം (രൂപ) | |
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) |
| II | സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ | 264,33,21,000 | - | 198,24,90,000 | - | 330,41,51,000 | - | 330,41,51,000 |
| III | നീതിന്യായ നിർവ്വഹണം | 321,60,95,000 | - | 241,20,72,000 | - | 402,01,19,000 | - | 402,01,19,000 |

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയെയും നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയെയും സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ടിലെ ശിപാർശകളിന്മേൽ ചട്ടം 236 (3) പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

## XI അറിയിപ്പ്

റിപ്പോർട്ടുകൾ വെബ്സൈറ്റിൽ ലഭ്യമാക്കിയത് സംബന്ധിച്ച്

മി. സ്പീക്കർ: ധനകാര്യ വകുപ്പുമന്ത്രിയുടെ പ്രസ്താവനയും 2021-22 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റികളുടെ റിപ്പോർട്ടുകളും ഇ-നിയമസഭ ആപ്ലിക്കേഷനിലെ ഡോക്യുമെന്റ്സ് അദേഴ്സ് എന്ന ഫോൾഡറിലും നിയമസഭാ വെബ്സൈറ്റിലെ കമ്മിറ്റീസ് എന്ന പേജിലും ബഹുമാനപ്പെട്ട അംഗങ്ങൾക്കും മാധ്യമപ്രവർത്തകർക്കും ലഭ്യമാണ്. നിയമസഭാ പ്രവർത്തനങ്ങൾ കടലാസുരഹിതമാക്കുന്നതിന്റെ ഭാഗമായി മേൽപ്പറഞ്ഞവ അച്ചടിച്ച് വിതരണം ചെയ്യുന്നതല്ലെന്ന വിവരം കൂടി അറിയിക്കുന്നു.

## ധനകാര്യം (തുടർച്ച)

മി. സ്പീക്കർ: ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കാവുന്നതാണ്.

### ധനാഭ്യർത്ഥന നമ്പർ II-സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ

നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ ആവശ്യപ്പെടുന്ന ഉപക്ഷേപങ്ങൾ

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 330,41,51,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സ്വർണ്ണക്കടത്ത് കേസിലെ പ്രതികൾ മുഖ്യമന്ത്രിയുടെ ഓഫീസ് സംവിധാനം ദുരുപയോഗം ചെയ്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. പി. അനിൽ കുമാർ: സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 330,41,51,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (മുഖ്യമന്ത്രിയുടെ മുൻ പ്രിൻസിപ്പൽ സെക്രട്ടറിയെ സ്വർണ്ണക്കടത്ത് കേസിൽ പ്രതിചേർത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോ പക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. സനീഷ്കുമാർ ജോസഫ്:</u> സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 330,41,51,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കേരളത്തിലെ പ്രളയാനന്തര പുനർനിർമ്മാണ പ്രവർത്തനങ്ങൾ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. സജീവ് ജോസഫ്:</u> സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 330,41,51,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സർക്കാർ ജീവനക്കാരെ മാനദണ്ഡങ്ങൾ പാലിക്കാതെ സ്ഥലം മാറ്റുന്നതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ഡോ. എം. കെ. മുനീർ:</u> സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 330,41,51,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (നിയമനങ്ങൾ പി.എസ്.സി.ക്ക് വിട്ടെങ്കിലും സ്പെഷ്യൽ റൂൾസ് ഉണ്ടാക്കാത്തതുമൂലം നിയമന നടപടി ആരംഭിക്കാൻ കഴിയാത്തതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. ടി. വി. ഇബ്രാഹിം:</u> സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 330,41,51,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സർക്കാർ ഓഫീസുകളിൽ വിവിധ തസ്തികകളിലെ എല്ലാ ഒഴിവുകളും പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. യു. എ. ലത്തീഫ്:</u> സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 330,41,51,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കോവിഡ് പ്രതിസന്ധിയിൽ വരുമാനം നിലച്ചുപോയ എല്ലാവർക്കും സാമ്പത്തിക സഹായം നൽകാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. സണ്ണി ജോസഫ്:</u> സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 330,41,51,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കോവിഡ് ബാധിച്ച് മരിച്ചവരുടെ കുടുംബങ്ങൾക്ക് സുപ്രീംകോടതി നിർദ്ദേശിച്ച

പ്രകാരം നഷ്ടപരിഹാരം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അൻവർ സാദത്ത്: സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 330,41,51,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (റീബിൽഡ് കേരള പദ്ധതിക്കായി മാറ്റിവച്ച തുക ചെലവഴിക്കാതിരുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഡോ. മാത്യു കുഴൽനാടൻ: സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 330,41,51,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പെട്രോളിയം ഉല്പന്നങ്ങളുടെ വിലവർദ്ധനവുമൂലം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി നടപടി സ്വീകരിക്കാതിരുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. കെ. ബഷീർ: സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 330,41,51,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സാമ്പത്തിക ഞെരുക്കത്തിനിടയിൽ സർക്കാരിന്റെ നൂറുദിന പദ്ധതികളുടെ പ്രചാരണത്തിനായി വൻതുക ചെലവഴിക്കാൻ അനുമതി നൽകിയതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. പി. എ. മജീദ്: സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 330,41,51,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വകുപ്പുമന്ത്രിമാരോട് കൂടിയാലോചിക്കാതെ വകുപ്പ് സെക്രട്ടറിമാർ തന്നിഷ്ടപ്രകാരം തീരുമാനങ്ങൾ എടുക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 330,41,51,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വിവരാവകാശ നിയമപ്രകാരം വിവരങ്ങൾ നൽകുന്ന ജീവനക്കാരെ സർക്കാർ നയത്തിനു വിരുദ്ധമായി പ്രവർത്തിച്ചുവെന്ന് പറഞ്ഞ് ശിക്ഷാ നടപടികൾ സ്വീകരിച്ചതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 330,41,51,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (മുസ്ലീം സമുദായത്തിന് അനർഹമായ പലതും ലഭിച്ചുവെന്ന പ്രചാരണം സോഷ്യൽ മീഡിയയിലും മറ്റും നടക്കുന്ന സാഹചര്യത്തിൽ സത്യാവസ്ഥ പുറത്തുകൊണ്ടുവരാൻ യാതൊരു നടപടിയും സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 330,41,51,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സാമൂഹ്യനീതി ഉറപ്പുവരുത്തുന്നതിനായി ജീവനക്കാരുടെ ജാതി തിരിച്ചുള്ള പട്ടിക പ്രസിദ്ധീകരിച്ച്, കുറവു സംഭവിച്ച വിഭാഗങ്ങൾക്ക് സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തണമെന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 330,41,51,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സർക്കാർ സർവ്വീസിലും, പൊതുമേഖലാ സ്ഥാപനങ്ങളിലും മുസ്ലീം, പിന്നാക്ക-ദളിത് വിഭാഗത്തിൽപ്പെട്ടവർക്ക് മതിയായ പ്രാതിനിധ്യം ലഭിച്ചിട്ടില്ലാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 330,41,51,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വിവിധ വകുപ്പുകൾ തമ്മിലുള്ള ഏകോപനമില്ലായ്മ സംസ്ഥാന പുരോഗതിയെ തടസ്സപ്പെടുത്തുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 330,41,51,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള ധനസഹായം മുടങ്ങിയതായി പറയപ്പെടുന്ന സ്ഥിതിവിശേഷം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 330,41,51,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ന്യൂനപക്ഷ സ്കോളർഷിപ്പ് വിഷയത്തിൽ വിവിധ ജനവിഭാഗങ്ങളിൽ ഭിന്നിപ്പുണ്ടാക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 330,41,51,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വിവിധ സർക്കാർ ഓഫീസുകളിൽ കെട്ടിക്കിടക്കുന്ന ഫയലുകളിൽ യഥാസമയം തീരുമാനം എടുക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 330,41,51,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സംസ്ഥാനത്ത് ഉദ്യോഗസ്ഥരെ മാനദണ്ഡങ്ങൾ പാലിക്കാതെ സ്ഥലം മാറ്റുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## മിതവ്യയ വെട്ടിക്കുറയ്ക്കൽ ആവശ്യപ്പെടുന്ന ഉപക്ഷേപങ്ങൾ

ശ്രീ. റോജി എം. ജോൺ: സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ബഡ്ജറ്റ് ഹെഡിനുകീഴെ 2013-00-101-99(01) എന്ന ഇനത്തിന് വകകൊള്ളിച്ചിട്ടുള്ള 2,87,07,000 രൂപ 2,77,07,000 രൂപയായി കുറവ് ചെയ്യേണ്ടതാണ് (വനംകൊള്ളയ്ക്ക് വഴിവയ്ക്കുന്ന രീതിയിൽ ചട്ടവിരുദ്ധമായ ഉത്തരവുകളിറക്കാനും ആയത് പൊതുജനങ്ങളിൽനിന്ന് മറച്ചുവയ്ക്കുന്നതിനും മന്ത്രിമാരുടെ ഇടപെടലുണ്ടായതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. ജെ. വിനോദ്: സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ബജറ്റ് ഹെഡിനുകീഴെ 2052-00-090-95(01) എന്ന ഇനത്തിന് വകകൊള്ളിച്ചിട്ടുള്ള 25,09,67,000 രൂപ 24,09,67,000 രൂപയായി കുറവ് ചെയ്യേണ്ടതാണ് (വനംകൊള്ളയ്ക്ക് കാരണമായ സർക്കാർ ഉത്തരവ് ഇറക്കുന്നതുമായി ബന്ധപ്പെട്ട് കൃത്യമായ നിയമോപദേശം നൽകാതിരുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ:</u> സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ബജറ്റ് ഹെഡിനുകീഴെ 2052-00-090-97(01) എന്ന ഇനത്തിന് വകകൊള്ളിച്ചിട്ടുള്ള 41,58,94,000 രൂപ 40,58,94,000 രൂപയായി കുറവ് ചെയ്യേണ്ടതാണ് (മുൻമന്ത്രിയുടെ പേഴ്സണൽ സ്റ്റാഫ് അംഗം ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥർ വനംകൊള്ളയ്ക്ക് കൂട്ടുനിന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:</u> സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ബജറ്റ് ഹെഡിനുകീഴെ 2052-00-090-98(01) എന്ന ഇനത്തിന് വകകൊള്ളിച്ചിട്ടുള്ള 3,63,89,000 രൂപ 3,53,89,000 രൂപയായി കുറവ് ചെയ്യേണ്ടതാണ് (യോഗ്യതാ മാനദണ്ഡങ്ങൾ മറികടന്ന് ലെക്സിക്കൻ മേധാവി നിയമനം നടത്തിയതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>സൂചക വെട്ടിക്കുറയ്ക്കൽ ആവശ്യപ്പെടുന്ന ഉപക്ഷേപങ്ങൾ</u>

സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 330,41,51,000 രൂപയിൽ നിന്ന് 100 രൂപ കുറവ് ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിക്കുന്നു.

ശ്രീ. മോൻസ് ജോസഫ്

ശ്രീ. അനൂപ് ജേക്കബ്

**ധനാഭ്യർത്ഥന നമ്പർ III**

**നീതിന്യായ നിർവ്വഹണം**

<u>നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ ആവശ്യപ്പെടുന്ന ഉപക്ഷേപങ്ങൾ</u>

<u>ശ്രീ. അൻവർ സാദത്ത്:</u> സർ, നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 402,01,19,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (2015 മാർച്ച് 13-ന് നിയമസഭയിൽ നടന്ന അതിക്രമങ്ങളിൽ പങ്കാളികളാണെന്ന് പറയപ്പെടുന്നവരെ സംരക്ഷിക്കുന്നതിനായി ഹൈക്കോടതി വിധിക്കെതിരെ സുപ്രീംകോടതിയെ സമീപിച്ചതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എൻ. ഷംസുദ്ദീൻ:</u> സർ, നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 402,01,19,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സ്ത്രീധന പീഡന കേസുകൾ വർദ്ധിച്ചുവരുന്നതിനാൽ അവയുടെ വിചാരണയ്ക്കായി ഫാസ്റ്റ് ട്രാക്ക് കോടതി സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. അബ്ദുൽ ഹമീദ്:</u> സർ, നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 402,01,19,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കുട്ടികളെ ലൈംഗികമായി പീഡിപ്പിച്ചുകൊന്നു കെട്ടിത്തൂക്കുന്ന സംഭവങ്ങൾ വർദ്ധിച്ച് വരുന്നതായി പറയപ്പെടുന്ന സാഹചര്യത്തിൽ കൂടുതൽ പോക്സോ കോടതികൾ ആരംഭിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. അനൂപ് ജേക്കബ്:</u> സർ, നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 402,01,19,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സംസ്ഥാനത്ത് പോക്സോ കോടതികളുടെ പ്രവർത്തനം വിപുലീകരിക്കുന്നത് സംബന്ധിച്ച വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ഡോ. എം. കെ. മുനീർ:</u> സർ, നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 402,01,19,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സ്ത്രീധന - ഗാർഹിക പീഡന കേസുകളിൽ പ്രഗൽഭരായ സ്പെഷ്യൽ പ്രോസിക്യൂട്ടർമാരെ നിയമിക്കണം എന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എ. പി. അനിൽ കുമാർ:</u> സർ, നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 402,01,19,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ജുഡീഷ്യറിയുടെ സ്വതന്ത്ര പ്രവർത്തനത്തെ നിരുത്സാഹപ്പെടുത്തുവാൻ അധികാരം ദുരുപയോഗപ്പെടുത്തുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. യു. എ. ലത്തീഫ്:</u> സർ, നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 402,01,19,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കോടതികളിലെ ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 402,01,19,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കോടതികളിൽ എത്തുന്നവർക്ക് ഇരിപ്പിടം, കുടിവെള്ളം എന്നിവ ഏർപ്പെടുത്താത്തതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഡോ. മാത്യു കുഴൽനാടൻ: സർ, നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 402,01,19,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കോടതികളിലെ വ്യവഹാരഭാഷ മലയാളമാക്കുന്നതിന് കാര്യക്ഷമമായ നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 402,01,19,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (രാഷ്ട്രീയ കൊലപാതക കേസുകളിലെ പ്രതികളെ സംരക്ഷിക്കുന്നതിനായി ഖജനാവിൽ നിന്നും കോടികൾ മുടക്കി സീനിയർ അഭിഭാഷകരെ കോടതികളിൽ ഹാജരാക്കുന്നതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. പി. എ. മജീദ്: സർ, നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 402,01,19,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലെ ജുഡീഷ്യൽ ഓഫീസർമാരുടെ ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 402,01,19,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പൊതുമുതൽ നശിപ്പിച്ചതുമായി ബന്ധപ്പെട്ട്, ജനപ്രതിനിധികൾ പ്രതികളായ ക്രിമിനൽ കേസ്സുകൾ പിൻവലിക്കാൻ ശ്രമം നടത്തുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. കെ. ബഷീർ: സർ, നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 402,01,19,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (സ്വർണ്ണക്കടത്ത് ക്വട്ടേഷൻ സംഘങ്ങളുടെ

പ്രവർത്തനങ്ങളെ തുടർന്ന് ഉണ്ടായതായി പറയപ്പെടുന്ന കൊലപാതകക്കേസ്സുകളുടെ വിചാരണയ്ക്കായി പ്രത്യേക കോടതി സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 402,01,19,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കോടതിക്കേസ്സുകളിൽ പ്രത്യേകിച്ച് സിവിൽ കേസ്സുകളിൽ തീർപ്പുണ്ടാക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 402,01,19,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കോടതി രേഖകളുടെ ഡിജിറ്റൈസേഷൻ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 402,01,19,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (എല്ലാ വിചാരണത്തടവുകാരെയും വീഡിയോ കോൺഫറൻസിംഗ് വഴി കോടതിയിൽ ഹാജരാക്കാൻ കഴിയാത്തതായി പറയപ്പെടുന്ന സാഹചര്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 402,01,19,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (ന്യൂനപക്ഷ ക്ഷേമ വകുപ്പ് നടപ്പാക്കുന്ന വിവിധ സ്കോളർഷിപ്പുകളുടെ 80:20 എന്ന അനുപാതം റദ്ദാക്കിയ വിധിയിന്മേൽ അപ്പീൽ നൽകാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 402,01,19,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (കൊടകര കുഴൽപ്പണക്കേസിലെ കുറ്റപത്രത്തിൽ, പണത്തിന്റെ ഉറവിടത്തെ സംബന്ധിച്ചും, ആർക്ക് വിതരണം ചെയ്യുവാൻ കൊണ്ടു വന്നു എന്നും പറയപ്പെടുന്ന വിഷയം ഉൾപ്പെടുത്താത്തത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>സൂചക വെട്ടിക്കുറയ്ക്കൽ ആവശ്യപ്പെടുന്ന ഉപക്ഷേപങ്ങൾ</u>

നീതിന്യായനിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 402,01,19,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവ് ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിക്കുന്നു.

ശ്രീ. സജീവ് ജോസഫ്

ശ്രീ. ടി. ജെ. വിനോദ്

ശ്രീ. സനീഷ്കുമാർ ജോസഫ്

ശ്രീ. ഐ. സി. ബാലകൃഷ്ണൻ

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

ശ്രീ. സണ്ണി ജോസഫ്

ശ്രീ. റോജി എം. ജോൺ

ശ്രീ. മോൻസ് ജോസഫ്

ശ്രീ. അനൂപ് ജേക്കബ്

<u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുന്നു. വികസനത്തുടർച്ച ഉറപ്പുവരുത്തി ഇടതുപക്ഷ ജനാധിപത്യമുന്നണിയെ വീണ്ടും അധികാരത്തിലെത്തിച്ച പ്രബുദ്ധരായ കേരള ജനത പുതിയ രാഷ്ട്രീയ ചരിത്രം സൃഷ്ടിച്ച സന്ദർഭമാണിത്. ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഈ ഗവൺമെന്റ് ഭാവി കേരള ചരിത്രത്തിലെ അഭിമാനകരമായ അദ്ധ്യായമായി മാറാൻ പോകുകയാണ്. വികസനക്ഷേമ പ്രവർത്തനങ്ങളുടെ ഗതി തടസ്സപ്പെടുത്തി നാടിനെ പുറകോട്ട് വലിക്കുന്ന രീതിക്കാണ് കേരളത്തിലെ പ്രബുദ്ധരായ ജനത അന്ത്യംകുറിച്ചത്. ക്ഷേമപ്രവർത്തനങ്ങളും വികസന മുന്നേറ്റവും തുടരാൻ എൽ.ഡി.എഫ്-ന് ജനങ്ങൾ നൽകിയ ഉറപ്പാണ് 2021-ലെ ജനവിധി. എൽ.ഡി.എഫ്-ന്റെ ജനകീയ അടിത്തറ കൂടുതൽ സുദൃഢമായതിന്റെയും കഴിഞ്ഞ 5 വർഷം നടപ്പിലാക്കിയ ജനപക്ഷ ബദൽനയങ്ങളുടെ തുടർച്ചയായും ജനക്ഷേമത്തിലും വികസനത്തിലും അധിഷ്ഠിതമായ നവകേരളം യാഥാർത്ഥ്യമാകുമെന്നതിന്റെയും പ്രഖ്യാപനമാണ് രണ്ടാം പിണറായി വിജയൻ സർക്കാർ. അഞ്ച് വർഷംമുമ്പ് കേരളം എൽ.ഡി.എഫ്-ൽ അർപ്പിച്ച വിശ്വാസം പാഴാകില്ലെന്ന് കാലം തെളിയിച്ചുകൊണ്ടിരിക്കുകയാണ്. വിവാദങ്ങളുടെ ഭാണ്ഡക്കെട്ടുകളഴിച്ചും കേന്ദ്ര ഏജൻസികളെ

കയറൂരിവിട്ടും പിണറായി വിജയൻ സർക്കാരിനെ താഴെയിറക്കാൻ ശ്രമിച്ചവർക്ക് മതനിരപേക്ഷ ജനാധിപത്യ കേരളം നൽകിയ മറുപടിയാണ് എൽ.ഡി.എഫ്-ന് ലഭിച്ച ഉജ്ജ്വല വിജയം. 2016-ലെ തെരഞ്ഞെടുപ്പിൽ 91 നിയോജക മണ്ഡലങ്ങളിലാണ് എൽ.ഡി.എഫ്. വിജയിച്ചത്. സർക്കാരിനെ കരിവാരിത്തേച്ച് കള്ളക്കഥകളുടെ പ്രളയം സൃഷ്ടിച്ച യു.ഡി.എഫ്-ന്റെ അവസ്ഥ എന്താണ്? 2016-ലെ 47 സീറ്റിൽ നിന്ന് അഞ്ച് വർഷം കഴിഞ്ഞപ്പോൾ യു.ഡി.എഫ്. 41 സീറ്റിലേയ്ക്ക് ചുരുങ്ങി. 91 സീറ്റിനുപകരം ജനങ്ങൾ എൽ.ഡി.എഫ്-ന് 99 നിയോജകമണ്ഡലങ്ങളിൽ തിളങ്ങുന്ന വിജയം സമ്മാനിച്ചു. 2016-ൽ യു.ഡി.എഫ്-ന്റെ പൂർണ്ണ പിന്തുണയോടെ ബി.ജെ.പി. കേരള നിയമസഭയിൽ അക്കൗണ്ട് തുറന്നു. ആ അക്കൗണ്ട് ഇത്തവണ പൂട്ടിക്കുമെന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രഖ്യാപനവും മതനിരപേക്ഷ കേരളം ഏറ്റെടുത്തു. വർഗ്ഗീയശക്തികളുമായി ഒരു സന്ധിയുമില്ലെന്ന് തെളിയിച്ചവരാണ് ഞങ്ങൾ. പ്രതിപക്ഷം മാധ്യമങ്ങളിലെ നെടുങ്കൻ തലക്കെട്ടുകളിലും ചാനലുകളിലെ വൻ ബ്രേക്കുകളിലും അഭിരമിക്കുമ്പോൾ ഞങ്ങൾ ജനഹൃദയങ്ങളിൽ വേരുറപ്പിക്കുക യായിരുന്നു. അവരുടെ പ്രയാസങ്ങൾ കണ്ടറിഞ്ഞ് ആശ്വാസം പകരുകയായിരുന്നു. ഈ ശൈലിയാണ് തുടർന്നും സ്വീകരിക്കുന്നത്. ആ സമീപനത്തിന്റെ ഉല്പന്നമാണ് ഈ ബഡ്ജറ്റ്. ജീവിതാനുഭവങ്ങളിലൂടെയാണ് കേരളത്തിലെ ജനങ്ങൾ എൽ.ഡി.എഫ്-ൽ അടിയുറച്ച വിശ്വാസം അർപ്പിച്ചത്. കള്ളക്കഥകളും വ്യക്തിഹത്യയും അപവാദ പ്രചരണങ്ങളുംകൊണ്ട് ആ വിശ്വാസത്തിന് നേരിയ പോറൽപോലും ഏല്പിക്കാനാവില്ല. കേരളത്തെ തകർത്ത പ്രളയം മനുഷ്യനിർമ്മിതമെന്ന് പ്രചരിപ്പിച്ചവരാണ് പ്രതിപക്ഷം. കേരളം ഒറ്റക്കെട്ടായി രക്ഷാപ്രവർത്തനങ്ങളിലും ദുരിതാശ്വാസ പ്രവർത്തനങ്ങളിലും മുഴുകുമ്പോൾ ഭിന്നിപ്പിന്റെ വഴിതേടുകയല്ലേ പ്രതിപക്ഷം ചെയ്തത്? മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് ജനങ്ങൾ സംഭാവന ചെയ്യുന്നത് തടയാൻ ശ്രമിച്ചു. സർക്കാരിനെ ദുർബലപ്പെടുത്താനുള്ള വഴികളെക്കുറിച്ച് മാത്രമായിരുന്നു അപ്പോഴും പ്രതിപക്ഷത്തിന്റെ ചിന്ത. സ്വന്തമായി വീടെന്ന പാവപ്പെട്ടവരുടെ ജീവിതാഭിലാഷം സാക്ഷാത്കരിച്ച ലൈഫ് പദ്ധതിയുടെ അടിത്തറയിളക്കാൻ ശ്രമിക്കുകയായിരുന്നു പ്രതിപക്ഷം. 281,684 കുടുംബങ്ങളെ എൽ.ഡി.എഫ്. സർക്കാർ സ്വന്തം വീടിന്റെ ഉടമകളായി മാറ്റി. 2021-22 സാമ്പത്തിക വർഷത്തിൽ ഒന്നര ലക്ഷം കുടുംബങ്ങ ൾക്കുകൂടി ഈ ഗവൺമെന്റ് സ്വന്തം വീട് നൽകാൻ പോകുകയാണ്. നവകേരള സൃഷ്ടിക്കായി ഒന്നാം പിണറായി വിജയൻ സർക്കാർ ആവിഷ്കരിച്ച ലൈഫ് അടക്കമുള്ള നാല് മിഷനുകളും തങ്ങൾക്ക് ഭരണം കിട്ടിയാൽ പിരിച്ചു വിടുമെന്നാണ് പ്രതിപക്ഷം പ്രഖ്യാപിച്ചത്. തടയാൻ നിങ്ങൾ എത്രതന്നെ ശ്രമിച്ചാലും സാമൂഹ്യ നീതിയിലധിഷ്ഠിതമായ നവകേരളം യാഥാർത്ഥ്യമാക്കുകതന്നെ ചെയ്യും. ഇനിയും പ്രതിപക്ഷത്തെ സഹകരിപ്പിക്കാൻ ശ്രമിക്കും. പൊതുവിദ്യാഭ്യാസ മേഖലയിൽ കേരളം അത്ഭുതങ്ങൾ സൃഷ്ടിക്കുകയാണ്. ആറ് ലക്ഷത്തിലേറെ കുട്ടികളെ പൊതുവിദ്യാലയ

ങ്ങളിലേയ്ക്ക് കൂടുതലായെത്തിക്കാൻ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന് കഴിഞ്ഞു. യു.ഡി.എഫ്. ഭരണത്തിൽ തകർന്നുപോയ സർക്കാർ വിദ്യാലയങ്ങൾ ഇന്ന് അന്താരാഷ്ട്ര നിലവാരത്തിലെത്തി. അടിസ്ഥാന സൗകര്യവികസനത്തിൽ വിസ്മയമായി മാറിയ കിഫ്ബിക്കെതിരെ പ്രതിപക്ഷം ആസൂത്രിതമായ നീക്കം നടത്തി. കിഫ്ബി പദ്ധതികളുടെ പ്രയോജനം ലഭിക്കാത്ത ഒരു നിയോജക മണ്ഡലവും കേരളത്തിലില്ല. എന്നിട്ടും വ്യാജ ആരോപണങ്ങളുയർത്തി കിഫ്ബിയെ തകർക്കാൻ ശ്രമിച്ചു.

നിയമസഭാ തെരഞ്ഞെടുപ്പിന് തൊട്ടുമുമ്പുള്ള ഒരു വർഷം പ്രതിപക്ഷം ചെയ്തു കൂട്ടിയത് എന്തൊക്കെയാണെന്ന് ഓർമ്മയുണ്ടല്ലോ. കഴിഞ്ഞ ഒരു വർഷം വ്യക്തി ഹത്യയും കള്ളക്കഥകളും വിവാദപ്പെരുമഴയുംകൊണ്ട് എല്ലാ അതിരുകളും ലംഘിച്ചു. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് പ്രതിപക്ഷം ഇടങ്കോലിട്ടു. കോവിഡ് രണ്ടാം തരംഗത്തിന്റെ വ്യാപനഘട്ടത്തിലും കുത്തിത്തിരുപ്പുണ്ടാക്കനല്ലേ പ്രതിപക്ഷം മുതിർന്നത്? പ്രതിപക്ഷത്തിന്റെ എല്ലാ കുതന്ത്രങ്ങളും സർക്കാരിന്റെ ഇച്ഛാ ശക്തിയുടെയും ജനാഭിലാഷത്തിന്റെയും മുന്നിൽ തകർന്നടിഞ്ഞു. പ്രതിസന്ധികളിൽ തങ്ങൾക്ക് കൈത്താങ്ങാകുന്നത് എൽ.ഡി.എഫ്. സർക്കാരാണെന്ന് ജനങ്ങൾക്കറിയാം. സർക്കാരിന്റെ കരുതലും സംരക്ഷണവും ജനങ്ങളിൽ, പ്രത്യേകിച്ച് വീട്ടമ്മമാർക്കിടയിൽ, സർക്കാരിനും മുഖ്യമന്ത്രിക്കും അനുകൂലമായി വലിയ പ്രതികരണമാണുളവാക്കിയത്. ജനതയെ ചേർത്തുപിടിച്ച് അവരുടെ ജീവിതപ്രശ്നങ്ങൾക്ക് പരിഹാരം കണ്ട് എൽ.ഡി.എഫ്. സർക്കാർ ഇനിയും മുന്നോട്ടുപോകും. കടുത്ത പ്രയാസങ്ങളുടെ നടുവിലും ഭാവി കേരളത്തെ സംബന്ധിച്ച ശുഭപ്രതീക്ഷകളും കർമ്മപദ്ധതികളുമാണ് രണ്ടാം പിണറായി വിജയൻ സർക്കാരിന്റെ ആദ്യ സമ്മേളനത്തിൽ ബഹുമാനപ്പെട്ട ഗവർണർ നടത്തിയ നയപ്രഖ്യാപനത്തിലും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ പ്രഥമ ബഡ്ജറ്റിലും ഉൾക്കൊള്ളുന്നത്. എൽ.ഡി.എഫ്-ന്റെ കരങ്ങളിൽ കേരളത്തിന്റെ ഭാവി ഭദ്രമായിരിക്കുമെന്ന ഉറപ്പ് പൂർണ്ണതയിലെത്തുമെന്ന ആത്മവിശ്വാസം നയ പ്രഖ്യാപനവും ബഡ്ജറ്റും നാടിന് പകർന്നുനൽകുന്നു. കോവിഡ് പ്രതിസന്ധികളുടെയും കേന്ദ്രസർക്കാരിന്റെ ജനവിരുദ്ധ സാമ്പത്തിക നയങ്ങളുടെ ഗുരുതര പ്രത്യാഘാ തങ്ങളുടെയും നടുവിൽ നിന്നുകൊണ്ടാണ് ജനപക്ഷ ബദൽനയങ്ങളും ജനക്ഷേമ പദ്ധതികളും നടപ്പാക്കാനുള്ള മഹാദൗത്യം എൽ.ഡി.എഫ്. സർക്കാർ നിറവേറ്റുന്നത്. അസമത്വത്തിന്റെ കണികപോലുമില്ലാതെ സംസ്ഥാന സർക്കാരിന്റെ ജനക്ഷേമ പദ്ധതികളുടെ പ്രയോജനം എല്ലാവരിലും എത്തിക്കുക എന്നതിലാണ് ബഡ്ജറ്റ് ഊന്നിനിൽക്കുന്നത്. സർക്കാരിന്റെ ആശ്വാസ ക്ഷേമവികസന പദ്ധതികളിൽ നിന്ന് ഒരാൾപോലും ഒഴിവാക്കപ്പെടുകയില്ലെന്ന് ബഡ്ജറ്റ് ഉറപ്പുവരുത്തുന്നു. വരുമാനത്തിൽ വലിയ ഇടിവുണ്ടായിട്ടും ബദൽ മാർഗ്ഗങ്ങളിലൂടെ സംസ്ഥാനത്തെ മുഴുവൻ ജനവിഭാഗങ്ങൾക്കും ആശ്വാസം പകരാനുള്ള കർമ്മപദ്ധതികളാണ് സർക്കാർ

മുന്നോട്ടുവയ്ക്കുന്നത്. സമൂഹത്തിനാകെ തുല്യാവകാശം ഉറപ്പാക്കുകയാണ് എൽ.ഡി.എഫ്. സർക്കാരിന്റെ ലക്ഷ്യം. സമ്പദ്വ്യവസ്ഥയുടെ എല്ലാ മേഖലകളിലും ഈ പുരോഗതി ഉറപ്പുവരുത്തും. ജനങ്ങൾക്ക് ആശ്വാസമെത്തിക്കുന്നതിൽനിന്ന് കേന്ദ്രസർക്കാർ പിന്മാറുകയും കോർപ്പറേറ്റ് താല്പര്യങ്ങൾമാത്രം സംരക്ഷിക്കപ്പെടുകയും ചെയ്യുമ്പോഴാണ് തീർത്തും വ്യത്യസ്തമായ നിലപാടുമായി കേരളം രാജ്യത്തിനാകെ മാർഗ്ഗ ദർശന മേകുന്നത്. അത് പ്രതിപക്ഷം കാണാതെ പോയാലും ജനങ്ങൾ ഉൾക്കൊള്ളുമെന്ന് ഞങ്ങൾക്കുറപ്പുണ്ട്. കോവിഡും കേന്ദ്രസമീപനങ്ങളും സംസ്ഥാനത്തിന്റെ വരുമാനത്തെ സാരമായി ബാധിച്ച സാഹചര്യത്തിൽ ഏറെ ശ്രമകരമായ ദൗത്യമാണ് സർക്കാർ ഏറ്റെടുക്കുന്നത്. വരുമാനത്തിൽ 18.77 ശതമാനത്തിന്റെ കുറവാണുണ്ടായത്. കേന്ദ്രത്തിൽനിന്നുള്ള നികുതി വിഹിതവും കുറഞ്ഞു. ഈ പ്രതികൂല സാഹചര്യത്തിലും ജനക്ഷേമത്തിന്റെയും സമഗ്രവികസനത്തിന്റെയും പാതയിൽ നിന്ന് എൽ.ഡി.എഫ്. തെല്ലിടപോലും പിന്നിലേയ്ക്ക് പോയിട്ടില്ല. യു.ഡി.എഫ്. സർക്കാർ 5 വർഷം കൊണ്ട് സാമൂഹ്യ സുരക്ഷാ പെൻഷനായി 9,311 കോടി രൂപ വിതരണം ചെയ്തപ്പോൾ 5 വർഷംകൊണ്ട് 35,157 കോടി രൂപയാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ നൽകിയത്. സാമൂഹ്യസുരക്ഷാ പെൻഷൻ വർദ്ധിപ്പിച്ച് കൂടുതൽ ആളുകളിലേയ്ക്കെത്തിക്കാൻ പോകുകയാണ്. ഒന്നാം പിണറായി വിജയൻ സർക്കാർ നടപ്പിലാക്കിയ 'വിശപ്പുരഹിത കേരളം പദ്ധതി' മാനവികതയുടെ മഹത്തായ സന്ദേശമാണുയർത്തുന്നത്. ആയിരത്തിലേറെ ജനകീയ ഹോട്ടലുകൾ തുറന്ന് ആരും പട്ടിണികിടക്കുകയില്ലെന്ന് സർക്കാർ ഉറപ്പുവരുത്തി. അതിദാരിദ്ര്യം ഇല്ലാതാക്കു കയാണ് സർക്കാരിന്റെ പ്രധാന ലക്ഷ്യങ്ങളിലൊന്ന്. ആശ്രയ പദ്ധതിയുടെ പരിധിയിൽ വരുന്നതും എന്നാൽ വിട്ടുപോയവരുമായ ദരിദ്രരെ കണ്ടെത്തി വരുമാനം ഉറപ്പുവരുത്താനുള്ള പദ്ധതി നടപ്പാക്കുമെന്ന് സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. എൽ.ഡി.എഫ്. പ്രകടനപത്രികയിലെ പ്രധാന വാഗ്ദാനമാണിത്. പുതുജീവൻ പകരുന്ന പദ്ധതി നാടിന്റെ മുഖഛായ മാറ്റും. പാവപ്പെട്ടവരുടെ ജീവിതത്തെ തൊട്ടറിഞ്ഞു കൊണ്ടുള്ള നിലപാടിന്റെ പ്രതിഫലനമാണിത്. അഞ്ച് വർഷം കൊണ്ട് 20 ലക്ഷം പേർക്ക് ഡിജിറ്റൽ പ്ലാറ്റ്ഫോം വഴി തൊഴിൽ നൽകുന്ന പദ്ധതി നടപ്പിലാക്കാൻ പോകുകയാണ്. തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് നൈപുണി പരിശീലനം നൽകി അഭ്യസ്തവിദ്യരെ ഡിജിറ്റൽ പ്ലാറ്റ്ഫോം വഴി ആഗോള തൊഴിൽ വിപണിയുമായി ബന്ധപ്പെടുത്തും. കേരളത്തെ വൈജ്ഞാനിക സമ്പദ്ഘടനയായി രൂപാന്തരപ്പെടുത്തും. ആരോഗ്യ സംരക്ഷണത്തിന് പ്രാധാന്യം നൽകുന്ന ബഡ്ജറ്റ്, വിദ്യാഭ്യാസം, സാമൂഹ്യസുരക്ഷ, എല്ലാവർക്കും ആഹാരം ഉറപ്പുവരുത്തൽ, തൊഴിലും വരുമാനവും വർദ്ധിപ്പിക്കൽ, സ്ത്രീകളുടെ ഉന്നമനം, പാർപ്പിടം, കൃഷി, പ്രവാസിക്ഷേമം തുടങ്ങി എല്ലാ മേഖലകളിലും കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ വെട്ടിത്തെളിച്ച പുരോഗതിയുടെ പാതയിലൂടെ നവകേരളം യാഥാർത്ഥ്യമാക്കാൻ ലക്ഷ്യമിടുന്നു.

ഒരുതരത്തിലുള്ള അധിക നികുതികളും ചുമത്താതെ ജനങ്ങൾക്ക് സഹായം നൽകാനും ക്ഷേമവികസന പദ്ധതികൾ നടപ്പിലാക്കാനും കഴിയുമെന്ന് എൽ.ഡി.എഫ്. സർക്കാർ തെളിയിക്കുകയാണ്. കോവിഡ് പ്രതിസന്ധികളിൽ ജനങ്ങൾക്ക് ആശ്വാസമെത്തിക്കാൻ രാജ്യത്ത് ആദ്യമായി ഇരുപതിനായിരം കോടി രൂപയുടെ പാക്കേജ് പ്രഖ്യാപിച്ച സംസ്ഥാനമാണ് കേരളം. കോവിഡ് രണ്ടാം തരംഗത്തിന്റെ ഘട്ടത്തിലും ജനങ്ങളെ സഹായിക്കാൻ ഇരുപതിനായിരം കോടി രൂപയുടെ രണ്ടാം പാക്കേജ് പ്രഖ്യാപിച്ചിരിക്കുകയാണ്. ഇതിന്റെ പകുതിയോളം തുക ജനങ്ങളുടെ കയ്യിൽ പണമായെത്തിക്കും. ആരോഗ്യമേഖലയെ ശക്തിപ്പെടുത്താനും സാമ്പത്തിക മേഖലയുടെ പുനരുജ്ജീവനത്തിനും പാക്കേജ് ലക്ഷ്യമിടുന്നു. കോവിഡിന്റെ മൂന്നാം തരംഗമുണ്ടായാൽ അതിനെ നേരിടുന്നതിന് സംസ്ഥാനത്തെ സജ്ജമാക്കാനുള്ള പദ്ധതിയും സർക്കാർ മുന്നോട്ടുവച്ചിട്ടുണ്ട്. കോവിഡിൽനിന്ന് സംരക്ഷണം നൽകുന്ന തിനൊപ്പം ആഭ്യന്തര വരുമാനവർദ്ധനവിനുള്ള വ്യക്തമായ പദ്ധതികളും ബഡ്ജറ്റിനെ വേറിട്ട് നിർത്തുന്നു. കാർഷിക മേഖലയിൽ പുരോഗതി സാധ്യമാക്കി കൃഷിക്കാരുടെ വരുമാനം വർദ്ധിപ്പിക്കും; വ്യവസായ മേഖല ശക്തിപ്പെടുത്തും. വിനോദസഞ്ചാര മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതുവഴി ആഭ്യന്തരവരുമാനം വർദ്ധിപ്പിക്കാനുള്ള സാധ്യതകളും മുന്നോട്ടുവയ്ക്കുന്നു. ദുരാരോപണങ്ങളുടെയും വ്യക്തിഹത്യയുടെയും പാതയിൽനിന്ന് മോചിതരാകാൻ പ്രതിപക്ഷത്തിന് കഴിയുമെന്ന വ്യാമോഹം ഞങ്ങൾക്കില്ല. പ്രതിപക്ഷം വാഗ്ദാനം ചെയ്ത ക്രിയാത്മകതയുടെ പിന്നിലെ കാപട്യമല്ലേ ഓരോ ദിവസവും മറനീക്കി പുറത്തുവരുന്നത്? വിവാദങ്ങൾക്ക് തിരികൊളുത്തുന്നതിൽനിന്നും പ്രതിപക്ഷം മാറിയിട്ടില്ല, അവർക്ക് മാറാൻ കഴിയുകയുമില്ല. അതാണ് നിങ്ങളുടെ രീതി, അതാണ് നിങ്ങളുടെ ശീലം. എന്നാൽ ജനങ്ങൾ ഈ നിലപാടുകൾ സ്വീകരിക്കാൻ പോകുന്നില്ല. ജനങ്ങളുടെ താക്കീത് മനസ്സിലാക്കി തെറ്റായ പാതയിൽനിന്ന് മാറിനടക്കാൻ പ്രതിപക്ഷത്തിന് ഇനിയും അവസരമുണ്ട്. അതിന് തയ്യാറായാൽ നിങ്ങൾക്കും നാടിനും നല്ലത്. ബി.ജെ.പി. ഭരണത്തിൽ ജനാധിപത്യവും പൗരാവകാശവും മനുഷ്യാവകാശവും തകർന്നുവീഴുകയാണ്. ജനാധിപത്യത്തിന്റെയും മതനിരപേക്ഷതയുടെയും കാവലാളാണ് ഈ സർക്കാരെന്ന് പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ ചുരുക്കുന്നു.

മി. സ്പീക്കർ: സമയം അധികം എടുക്കാതിരിക്കുന്നത് നല്ല മാതൃകയാണ്. അങ്ങയെ ചെയർ അഭിനന്ദിക്കുന്നു. രാവിലെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും ശ്രീ. പി. സി. വിഷ്ണുനാഥും സമയപരിധിക്കകത്ത് നിന്നുകൊണ്ട് സംസാരിക്കാൻ പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ട്. ഈ നല്ല മാതൃക മറ്റുള്ളവരും പിന്തുടരുമെന്ന് പ്രതീക്ഷിക്കുന്നു.

ഡോ. മാത്യു കുഴൽനാടൻ: സർ, സമയക്ലിപ്തത പാലിക്കുന്ന കാര്യത്തിൽ നല്ല മാതൃക പിന്തുടരാൻ ഞാനും പരിശ്രമിക്കും. എനിക്ക് മുൻപ് പ്രസംഗിച്ച മുതിർന്ന അംഗമായ ശ്രീ. ടി. പി. രാമകൃഷ്ണൻ ധനാഭ്യർത്ഥനകളെ സംബന്ധിച്ച് ഒരു രാഷ്ട്രീയ

വിശകലനം അല്ലെങ്കിൽ രാഷ്ട്രീയ അവകാശവാദമാണ് ഉന്നയിച്ചത്. ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ഞാൻ അദ്ദേഹം പറഞ്ഞ ഒരു ഭാഗത്തുനിന്ന് തുടങ്ങുകയാണ്. കഴിഞ്ഞയാഴ്ച കേരളം ദേശീയതലത്തിൽ ശ്രദ്ധിക്കപ്പെട്ടത് രണ്ട് കാര്യങ്ങളിലാണ്. ഒരുപക്ഷേ, ദേശീയ മാധ്യമങ്ങൾ വായിക്കുന്നവർക്കും ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും ബാക്കിയുള്ള എല്ലാവർക്കും അതിന്റെ ഇൻപുട്ട് കിട്ടിക്കാണും. ഒന്ന്, കേരളം കോവിഡ് മാനേജ്മെന്റിൽ സമ്പൂർണ്ണമായി പരാജയപ്പെട്ടുവെന്ന് വിവിധ ദേശീയ മാധ്യമങ്ങൾ വിലയിരുത്തുകയുണ്ടായി. ഇത് പ്രതിപക്ഷം പറഞ്ഞതല്ല. എന്നിട്ടും കോവിഡിനെ ഗംഭീരമായി ഞങ്ങൾ കൈകാര്യം ചെയ്തുവെന്ന് ഈ സഭയിൽവന്ന് പറയുകയാണ്. എങ്ങനെയാണ് ഇങ്ങനെ പറയാൻ കഴിയുന്നത്? ഞാൻ വ്യക്തമായ ഡാറ്റയുടെ അടിസ്ഥാനത്തിലാണ് പറയുന്നത്. ഇന്നലത്തെ ഡാറ്റയാണിത്. ഇന്നലെ കേരളത്തിൽ കോവിഡ് പോസിറ്റീവായവർ 17481 പേരാണ്. മഹാരാഷ്ട്രയിൽ ഇന്നലെ കോവിഡ് പോസിറ്റീവായവർ 8159, കർണ്ണാടക-1639, തമിഴ്നാട്-1891 എന്നിങ്ങനെയാണ്. നമ്മൾ എവിടെ എത്തിനിൽക്കുന്നുവെന്ന് ഇതിൽനിന്നും മനസ്സിലാകും. ഇതുപറയുമ്പോൾ ടെസ്റ്റ് കൂടുതലാണ്, കുറവാണ് എന്നെല്ലാം പറയും. അതിന്റെ കണക്ക് എന്റെ കയ്യിലുണ്ട്. ടെസ്റ്റ് പോസിറ്റിവിറ്റി റേറ്റ് (ടി.പി.ആർ.) നോക്കിയാൽ കേരളത്തിന്റെ ടി.പി.ആർ. 11.1% ആണ്. മഹാരാഷ്ട്ര -3.9%, ആന്ധ്രാപ്രദേശ്-2.8%, ഒഡീഷ-2.8%, വെസ്റ്റ് ബംഗാൾ-1.6%, തമിഴ്നാട്-1.5% എന്നിങ്ങനെയാണ് കണക്കുകൾ. ഈ സർക്കാർ കോവിഡിനെ പ്രതിരോധിച്ച രീതി കണ്ട് ലോകം അന്തംവിട്ടുനിൽക്കുകയാണെന്നാണ് നിയമ സഭയിൽവന്ന് പറയുന്നത്. ഇത് ആരോടാണ് പറയുന്നത്? കുറഞ്ഞപക്ഷം യാഥാർത്ഥ്യങ്ങളെ ഉൾക്കൊള്ളാനെങ്കിലും ശ്രമിക്കണമെന്നാണ് എനിക്ക് അതു സംബന്ധിച്ച് പറയാനുള്ളത്. കോവിഡിന്റെ മാനേജ്മെന്റിൽ അതിഗംഭീര പരാജ യമായിരുന്നുവെന്ന് മാത്രമല്ല, ഒന്നാം സമ്മേളനത്തിൽ പങ്കെടുക്കുമ്പോൾ ബഹുമാ ന്യനായ പ്രതിപക്ഷനേതാവ് പറഞ്ഞത്, മരണനിരക്ക് കുറയ്ക്കാൻ ശ്രമിച്ചാൽ അതിന്റെ ദുരിതം പേറാൻപോകുന്നത് കേരളത്തിലെ ജനങ്ങളായിരിക്കുമെന്നാണ്. അതിന് എന്ത് ആക്ഷേപമായിരുന്നു; എന്ത് ബഹളമായിരുന്നു; ഇപ്പോൾ കണ്ടില്ലേ, കോവിഡ് മരണത്തിന്റെ കണക്ക് കോവിഡ് ലിസ്റ്റിൽനിന്നും മാറ്റിയപ്പോൾ ജനങ്ങൾക്ക് അർഹമായ ആനുകൂല്യങ്ങളാണ് നഷ്ടപ്പെട്ടത്. അതിന് ഈ സർക്കാർ മറുപടി പറയുമോ? അത് പിന്നീട് കറക്റ്റ് ചെയ്യും എന്നെല്ലാം ഇപ്പോൾ പറയുന്നുണ്ട്. രണ്ടാമത്, ദേശീയ മാധ്യമങ്ങൾ കേരളത്തിന്റെ നിയമസഭയെക്കുറിച്ച് ഇന്നുവരെ ഇത്ര അപമാനകരമായി ചർച്ച ചെയ്തിട്ടില്ല എന്നതാണ്. ഞാനും നിങ്ങളും അംഗമായിരിക്കുന്ന ഈ നിയമസഭയെക്കുറിച്ചാണ് കഴിഞ്ഞയാഴ്ച ദേശീയ മാധ്യമങ്ങൾ എഴുതിയത്. കേരളത്തിന്റെ ജനാധിപത്യ നിലവാരം എവിടെയാണ്? കേരളം ഇന്ത്യയ്ക്ക് മാതൃകയായിരുന്നു, ലോകത്തിന് മാതൃകയായിരുന്നു. വലിയ ജനാധിപത്യ സംസ്കാരമുള്ള ഒരു

സംസ്ഥാനമാണെന്ന് പറഞ്ഞിരുന്നു. ഈ നിയമസഭയിൽ നടന്ന കയ്യാങ്കളിയുമായി ബന്ധപ്പെട്ട കേസ്സിൽ സുപ്രീംകോടതിയെ സമീപിച്ചില്ലേ; ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ ജസ്റ്റിസ് ചന്ദ്രചൂഡന്റെ ഒബ്സർവേഷൻസ് കേട്ടില്ലേ; നിങ്ങൾക്ക് മാത്രമല്ല, ഈ സംസ്ഥാനത്തിന് മുഴുവൻ അപമാനമായി മാറിയില്ലേ? നിങ്ങൾ എന്താണ് ചെയ്തത്? 2015-ൽ ക്രൈം നമ്പർ 236/2015 ആയി മ്യൂസിയം പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത കേസ്സാണ്. ഞാൻ എന്റെ വിഷയത്തിൽനിന്നും വിട്ടുപോകുന്നില്ല. ധനാഭ്യർത്ഥനയുടെ പേജ് 13-ൽ ഗവൺമെന്റ് പ്ലീഡർമാർക്കുള്ള ചെലവും പബ്ലിക് പ്രോസിക്യൂട്ടർമാർക്കുള്ള ഫീസും വർദ്ധിപ്പിച്ചുനൽകുന്നതിനുവേണ്ടി 14 കോടി രൂപയാണ് ചോദിച്ചിരിക്കുന്നത്. ഒരു ഗവൺമെന്റ് പ്ലീഡറെക്കൊണ്ടാണ് ഈ സർക്കാർ കേസ് വിത്ഡ്രോ ചെയ്യാനുള്ള അപേക്ഷ നൽകിയത്. ഇതുപോലുള്ള പ്ലീഡർമാർക്കുവേണ്ടിയാണോ 14 കോടി രൂപ ആവശ്യപ്പെട്ടിരിക്കുന്നത്? ആ കേസ്സിൽ ഇങ്ങനെ ചെയ്യുന്നത് യുക്തിയല്ലായെന്ന് തിരുവനന്തപുരം ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് പറഞ്ഞു. അതിനുശേഷം ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ പോകുകയും ഇത് ശരിയല്ലെന്നും പിൻവലിക്കാൻ ശ്രമിക്കരുതെന്നും സിംഗിൾ ബെഞ്ച് പറയുകയും ചെയ്തതാണ്. എന്നിട്ടും ഈ സർക്കാർ സുപ്രീംകോടതിയിൽ പോയില്ലേ? ഇനിയും കുറച്ച് തുകകൂടി ആവശ്യപ്പെടണം. സുപ്രീംകോടതിയിൽ രഞ്ജിത് കുമാർ എന്ന അഭിഭാഷകന് നൽകണ്ടേ; മുതിർന്ന അഭിഭാഷകനെ വച്ചില്ലേ? കേരളത്തിന്റെ മുഖത്ത് അടിവാങ്ങാൻ വേണ്ടിയാണ് ഈ പണം മുടക്കുന്നത്. ജസ്റ്റിസ് ചന്ദ്രചൂഡന്റെ ജഡ്ജ്മെന്റ് വരുമ്പോൾ കേരളം ഈ നിയമസഭയിൽ നാണിച്ച് തലകുനിക്കേണ്ടി വരുമെന്ന് ഞാൻ നിസ്സംശയം പറയുന്നു.

മി. സ്പീക്കർ: ചെയറിനെ അഡ്രസ്സ് ചെയ്ത് സംസാരിക്കു.

ഡോ. മാത്യു കുഴൽനാടൻ: സർ, പണം മാറ്റിവച്ചിരിക്കുന്നത് ആർക്കുവേണ്ടിയാണ്? പേജ് 5-ൽ കേരള സംസ്ഥാന വിവരാവകാശ കമ്മീഷന് അധികമായി 5.85 കോടി രൂപ ചോദിക്കുന്നു. വിവരാവകാശത്തെ നിങ്ങൾ എങ്ങനെയാണ് കൈകാര്യം ചെയ്തതെന്ന് കഴിഞ്ഞ ദിവസം കണ്ടില്ലേ? വിവരാവകാശ നിയമപ്രകാരം രേഖ നൽകിയതിന്റെ പേരിൽ ഉദ്യോഗസ്ഥയായ ശാലിനി ഒ. ജി.-ക്ക് എതിരെ നടപടിയുണ്ടായി. മുട്ടിൽ മരം മുറി കേസ്സുമായി ബന്ധപ്പെട്ട ഒരു ഓർഡറിന്റെ കോപ്പി നൽകിയതിന്റെ പേരിൽ, വിവരാവകാശത്തെ ബഹുമാനിച്ച ഒരു ഉദ്യോഗസ്ഥയുടെ ഗുഡ് സർവ്വീസ് എൻട്രി റദ്ദാക്കിയ സർക്കാരാണ് എൽ.ഡി.എഫ്. എന്നിട്ടാണ് വിവരാവകാശത്തിനുവേണ്ടി പണം ചോദിക്കുന്നത്. വിവരാവകാശരേഖ നൽകിയതിന്റെ പേരിൽ ഒരു ഉദ്യോഗസ്ഥയെ വേട്ടയാടുന്ന സർക്കാർ എങ്ങനെയാണ് വിവരാവകാശത്തിന്റെ മർമ്മം ഉയർത്തിപ്പിടിക്കുമെന്ന് വിശ്വസിക്കാൻ കഴിയുന്നത്? ഉത്തരവ് സർക്കാരിനെതിരായിരുന്നു. അതിന്റെ രേഖകൾ പുറത്തുവന്നപ്പോഴാണ് മുൻമന്ത്രിക്കുൾപ്പെടെ

ഇതിൽ ഇടപാടുണ്ടെന്ന് മനസ്സിലായത്. ഒരു കാര്യംകൂടി വളരെ വേദനയോടെ ചോദിക്കട്ടെ, അടുത്തതായി കൂടുതൽ തുക ചോദിച്ചിരിക്കുന്നത്, പേജ് 2-ൽ 137.5 കോടി രൂപ പബ്ലിക് സർവ്വീസ് കമ്മീഷനുവേണ്ടിയാണ്. ഞാൻ വൈകാരികമായി പറയുകയല്ല. സംസ്ഥാനത്തെ ആയിരക്കണക്കിന് പി.എസ്.സി. ഉദ്യോഗാർത്ഥികൾ കരഞ്ഞും കാലുപിടിച്ചും മുട്ടിലിഴഞ്ഞും നിങ്ങളോട് ചോദിച്ചു, അവസാനം തെരഞ്ഞെടുപ്പിന് തൊട്ടുമുൻപ് ഈ സർക്കാർ ആഗസ്റ്റ് 4-വരെ പി.എസ്.സി. റാങ്ക് ലിസ്റ്റുകളുടെ കാലാവധി ദീർഘിപ്പിച്ചുനൽകുകയാണെന്ന് പറഞ്ഞു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി സ്വീകരിച്ച നടപടി ആത്മാർത്ഥമായിരുന്നുവെങ്കിൽ, എത്ര ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി. വഴി നിയമനം നൽകാൻ കഴിഞ്ഞുവെന്ന് അങ്ങ് സ്വയം അന്വേഷിക്കണം. കോവിഡിന്റെ പേര് പറഞ്ഞ്, സർക്കാരിന്റെ മറ്റ് പ്രാരാബ്ധങ്ങളുടെ പേരുപറഞ്ഞ് കഴിഞ്ഞ കാലങ്ങളിലൊന്നും ഒരു നിയമനവും നടന്നിട്ടില്ല. മറിച്ച് താൽക്കാലിക നിയമനങ്ങൾ തകൃതിയായി നടക്കുകയും ചെയ്തു. കഴിഞ്ഞ സർക്കാരിന്റെ അവസാന കാലത്ത് യുവജനപ്രക്ഷോഭമുണ്ടായപ്പോൾ, പി.എസ്.സി. ഉദ്യോഗാർത്ഥികളുടെ സമരമുണ്ടായപ്പോൾ നിലവിലുള്ള ഒഴിവുകൾ മുഴുവൻ നികത്തുമെന്ന് അങ്ങ് പ്രഖ്യാപിച്ചു. അത് നടന്നില്ലായെന്നുമാത്രമല്ല കോവിഡിന്റെ കാലഘട്ടത്തിൽ സർക്കാർ ഓഫീസുകളിൽ 50 ശതമാനം ജീവനക്കാർ മാത്രമാണുണ്ടായിരുന്നത്. ഇതിൽനിന്നെല്ലാം വേക്കൻസി റിപ്പോർട്ട് ചെയ്യാൻ നിർദ്ദേശം നൽകിയത് പതിവ് പ്രഹസനമാണെന്ന് തിരിച്ചറിയുന്നു. വിവിധ അദ്ധ്യാപക തസ്തികകൾ, പഞ്ചായത്ത് ലൈബ്രേറിയൻ തുടങ്ങിയ വിവിധ റാങ്ക് ലിസ്റ്റുകളിൽ നിന്ന് നാമമാത്രമായ നിയമനങ്ങൾ മാത്രമാണ് നടന്നിട്ടുള്ളത്. വനിതാ പോലീസ് കോൺസ്റ്റബിൾ റാങ്ക് ലിസ്റ്റടക്കം ലാസ്റ്റ് ഗ്രേഡ് സെർവന്റ്സ്, എൽ.ഡി.സി, ഡ്രൈവർ ഗ്രേഡ് - II (എൽ.ഡി.വി.) തുടങ്ങിയ റാങ്ക് ലിസ്റ്റുകളിൽനിന്നും ഒരു നിയമനവും നടന്നില്ല. അതുകൊണ്ട് ആഗസ്റ്റ് 4 വരെ ദീർഘിപ്പിച്ചുനൽകിയ പി.എസ്.സി. റാങ്ക് ലിസ്റ്റുകൾ ഇനിയും ദീർഘിപ്പിച്ചുനൽകാൻ തയ്യാറാകണമെന്ന അഭ്യർത്ഥനയാണ് പി.എസ്.സി. ഉദ്യോഗാർത്ഥികൾ ഒന്നടങ്കം ഉന്നയിക്കുന്നത്. ഒരു കാര്യംകൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. പോലീസ് വകുപ്പിന്റെ നവീകരണവുമായി ബന്ധപ്പെട്ട് പണം കൂടുതലായി ആവശ്യപ്പെട്ടിട്ടുണ്ട്. സൈബർ ക്രൈമുകൾ അന്വേഷിക്കു ന്നതിൽ കേരള പോലീസിന്റെ ഇന്നത്തെ നിലവാരം much below the desired levels ആണ്. ഇന്നത്തെ കാലഘട്ടത്തിൽ ക്രിമിനൽ കുറ്റകൃത്യത്തിന്റെ രീതിയും ക്രിമിനലുകളുടെ സോഫിസ്റ്റിക്കേഷനും മാറി, ഇന്ന് ഏറ്റവും കൂടുതൽ ക്രൈം നടക്കുന്നത് വിവരസാങ്കേതികവിദ്യ ഉപയോഗിച്ചുകൊണ്ടാണ്. ഈ രാജ്യത്ത് വർഗ്ഗീയതയെ നിലംതൊടാൻ സമ്മതിക്കില്ലായെന്ന് ഇരുകക്ഷികളും പറയും, അത് ശരിയാണ്. വർഗ്ഗീയതയ്ക്കെതിരെയുള്ള പോരാട്ടമാണെന്ന് പറയുമ്പോഴും ഇന്ന് കേരള സമൂഹത്തിലേയ്ക്ക് ഏറ്റവും കൂടുതൽ വർഗ്ഗീയത കുത്തിവയ്ക്കുന്നത് സാമൂഹ്യ

മാധ്യമങ്ങളിലൂടെയാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഇവിടെ ന്യൂനപക്ഷ വിഭാഗങ്ങളുടെ സ്കോളർഷിപ്പ് സംബന്ധിച്ച 80:20 അനുപാതം എന്ന പ്രശ്നം വന്നു. ഇരുകൂട്ടരും രണ്ടഭിപ്രായത്തിൽ നിൽക്കുകയാണ്. പക്ഷേ, 80:20 വിഷയത്തിന്റെ പേരിൽ സാമൂഹ്യ മാധ്യമങ്ങൾ നടത്തുന്ന വർഗ്ഗീയ പ്രചരണം തടയാനുള്ള ആർജ്ജവം സർക്കാരിനുണ്ടാകണ്ടേ?

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്...........

ഡോ. മാത്യു കുഴൽനാടൻ: സർ, പല മത-സമുദായ സംഘടനകളുടെ ഔദ്യോഗികമായ പേര് ഉപയോഗപ്പെടുത്തി വ്യാജ പ്രൊഫൈൽ നിർമ്മിച്ച് വർഗ്ഗീയ പ്രചരണം നടത്തുന്നത് തടയാനുള്ള ശേഷി വേണ്ടേ; ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കെതിരെ ഒരു പരാമർശമുണ്ടായാൽ അപ്പോൾതന്നെ കേസ് ഫയൽ ചെയ്യുകയാണെന്ന് പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്. കോൺഗ്രസ്സിന്റെയും ബി.ജെ.പി-യുടെയും ഗവൺമെന്റുകൾ സ്വീകരിച്ചുപോരുന്ന നയങ്ങളും ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് സ്വീകരിക്കുന്ന നിലപാടുകളും നയങ്ങളും വ്യത്യസ്തമാണെന്നത് സാമാന്യജനങ്ങൾക്കെല്ലാം ബോധ്യമുള്ളതാണ്. കോൺഗ്രസ്സിന്റെയും ബി.ജെ.പി.യുടെയും നയങ്ങളിൽനിന്നും വ്യത്യസ്തമായ ബദൽനയം നടപ്പാക്കുന്നൊരു ഗവൺമെന്റെന്ന നിലയിൽ ആ നയങ്ങളെ പ്രതിപക്ഷം ഏതെല്ലാം രീതിയിൽ എതിർത്താലും കടന്നാക്രമണങ്ങൾ നടത്തിയാലും കേരളീയ സമൂഹം അംഗീകരിച്ചിരിക്കുന്നുവെന്നതിന്റെ ഉത്തമ ദൃഷ്ടാന്തമാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി കഴിഞ്ഞ തെരഞ്ഞെടുപ്പിൽ നേടിയ വമ്പിച്ച വിജയം. 2016 മുതലുള്ള അഞ്ച് വർഷക്കാലം നടപ്പാക്കിയ ജനക്ഷേമ പദ്ധതികൾ, ജനങ്ങളെ ഉൾക്കൊള്ളുന്ന വികസന നയം നടപ്പാക്കിയതിന്റെ ഫലമായുണ്ടായ നേട്ടങ്ങൾ എന്നിവയാണ് 2021-ലെ തെരഞ്ഞെടുപ്പിൽ കാണാൻ കഴിഞ്ഞതെന്നത് ആരെല്ലാം എതിർത്താലും എന്തെല്ലാം അഭിപ്രായവ്യത്യാസങ്ങൾ ഉന്നയിച്ചാലും യാഥാർത്ഥ്യമാണെന്ന് കാണേണ്ടിവരും. 1990 മുതൽ നമ്മുടെ രാജ്യത്ത് നിലനിൽക്കുന്ന സാമ്പത്തിക രംഗത്തെ നയങ്ങളും സമീപനങ്ങളും വികസന കാര്യങ്ങളിൽ ജനങ്ങളെ ഉൾക്കൊള്ളാത്ത നിലപാട് സ്വീകരിക്കുന്ന ഭരണാധികാരികളുടെ നയമാണെന്ന് കാണാൻ കഴിയും. 2004-നുശേഷമുള്ള അഞ്ചു വർഷം ഒന്നാം യു.പി.എ. ഗവൺമെന്റ് സ്വീകരിച്ച നയങ്ങളും നടപടികളും ചിലപ്പോൾ അതിനൊരു അപവാദമായി കാണാൻ കഴിയും. എന്നാൽ പത്തിരുപത്തിയഞ്ച് വർഷത്തെ രാജ്യത്തിന്റെ സാമ്പത്തിക മേഖലയിലെ നടപടികളും നയങ്ങളും ജനങ്ങളെ വിശ്വാസത്തിലെടുത്തിട്ടുള്ളതോ ജനങ്ങൾക്ക് ക്ഷേമകരമായ നടപടികൾ

സ്വീകരിക്കുന്നതോ ആയിരുന്നില്ല. അക്കാര്യത്തിൽ കോൺഗ്രസ്, ബി.ജെ.പി. ഗവൺമെന്റുകളുണ്ടെന്ന് കാണാൻ സാധിക്കും. അതിൽനിന്നും വ്യത്യസ്തമായൊരു നയം നടപ്പിലാക്കുന്ന ഗവൺമെന്റെന്ന നിലയിൽ 2016-ൽ അധികാരത്തിൽവന്ന എൽ.ഡി.എഫ്. ഗവൺമെന്റും തുടർഭരണത്തിലേറിയ ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള രണ്ടാം ഗവൺമെന്റും ജനങ്ങളെ ഉൾക്കൊള്ളുന്ന വികസന നയമാണ് സ്വീകരിക്കുന്നതെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. സമസ്ത ജന വിഭാഗങ്ങളെയുമുൾക്കൊള്ളുന്ന വികസന കാഴ്ചപ്പാടോടുകൂടിയ സർവ്വ തലസ്പർശിയായ വികസനം നടപ്പാക്കിയാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. ഓരോ കാര്യത്തെക്കുറിച്ചും വിശദമായി സംസാരിക്കുന്നില്ല. ഈ ഗവൺമെന്റിന്റെ ആദ്യ ക്യാബിനറ്റ് യോഗത്തെത്തുടർന്നുണ്ടായ പ്രഖ്യാപനങ്ങളും ഇപ്പോൾ നടപ്പാക്കിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളും അതിന് ഉത്തമദൃഷ്ടാന്തമാണ്. മടങ്ങിവന്ന പ്രവാസികളുൾപ്പെടെ സംരംഭകരാകാൻ സാധ്യതയുള്ള നിരവധിപേർ ഇന്ന് കേരളത്തിലുണ്ട്. അവർക്ക് അവസരം നൽകാനാവശ്യമായ സാങ്കേതികവിദ്യ പഠിപ്പിക്കുന്നതിനും അങ്ങനെയുള്ള മുഴുവൻപേരെയും ഉൾക്കൊണ്ടുകൊണ്ട് അവശ്യമായ സഹായങ്ങൾ നൽകുന്നതിനും വ്യവസ്ഥാപിതമായ മാർഗ്ഗങ്ങൾ തുറക്കാനുമുള്ള തീരുമാനമാണ് ഈ ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്. ജനങ്ങളുടെ പ്രയാസങ്ങൾ നേരിട്ട് മനസ്സിലാക്കി ആവശ്യമായ സഹായങ്ങൾ ചെയ്യണമെന്ന കാഴ്ചപ്പാടുള്ളതുകൊണ്ടാണ് ഇങ്ങനെയൊരു നിലപാട് സ്വീകരിക്കാൻ കഴിയുന്നത്. സ്ത്രീകൾ സമുന്നത പദവികളിൽ എത്തുന്നതിനുള്ള മുൻഗണന, സർക്കാരിന്റെയും തദ്ദേശഭരണ സ്ഥാപനങ്ങളുടെയും ജെൻഡർ ബഡ്ജറ്റ് ഉൾപ്പെടെ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ, സംസ്ഥാനാടിസ്ഥാനത്തിൽ സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങൾ കുറയ്ക്കുന്നതിന് ക്രൈം മാപ്പിംഗ് അടിസ്ഥാനത്തിൽ ജനകീയ ഇടപെടൽ തുടങ്ങിയ തീരുമാനങ്ങളെടുത്ത് നടപ്പാക്കുകയാണ്. സർക്കാരിന്റെ എല്ലാ സേവനങ്ങളും ജനങ്ങളുടെ അവകാശമാണെന്നും സർക്കാരിനെ നയിക്കുന്ന ഓരോ തീരുമാനവും ജനങ്ങൾക്കുവേണ്ടിയുള്ളതാണെന്നുമുള്ള കാഴ്ചപ്പാടോടെയാണ് ഈ ഗവൺമെന്റ് പ്രവർത്തിക്കുന്നത്. അത് ജനങ്ങൾക്ക് ലഭ്യമാക്കാൻ തടസ്സങ്ങളുണ്ടാകരുതെന്ന് ഈ ഗവൺമെന്റിന് നിർബന്ധമുണ്ട്. സർക്കാർ സേവനങ്ങൾ വീട്ടുപടിക്കലെത്തുന്ന ബൃഹത്തായ പദ്ധതിക്ക് തുടക്കം കുറിക്കുകയാണ് ഈ ഗവൺമെന്റ്.

രണ്ടാം പിണറായി വിജയൻ സർക്കാർ നടത്തിയിട്ടുള്ള പ്രഖ്യാപനത്തിലെ ഉള്ളടക്കത്തിലേയ്ക്കാണ് ഞാൻ സഭയുടെ ശ്രദ്ധക്ഷണിക്കുന്നത്. പാർപ്പിടമെന്നത് അവകാശമായി ഈ സർക്കാർ കാണുന്നു. എല്ലാവർക്കും ഭവനം എന്ന ലക്ഷ്യത്തിലേയ്ക്ക് തുടർയാത്രചെയ്യുന്നതിന് പ്രതിജ്ഞാബദ്ധതയോടുകൂടി ഈ സർക്കാർ മുന്നോട്ടു പോകുകയാണ്. അടുത്ത അഞ്ചുവർഷംകൊണ്ട് ദാരിദ്ര്യം ഇല്ലാതാക്കുകയും ദാരിദ്ര്യത്തിൽ

കഴിയുന്ന ഓരോ വ്യക്തിയെയും കുടുംബത്തെയും കണ്ടെത്തി പ്രാദേശികവും ഗാർഹികവുമായ പദ്ധതികളിലൂടെ ദാരിദ്ര്യരേഖയ്ക്ക് മുകളിൽക്കൊണ്ടുവരാൻ ആവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്യും. അത് ഈ ഗവൺമെന്റ് പുതിയതായി പ്രഖ്യാപിച്ച കാര്യമാണ്. അഞ്ചുവർഷംകൊണ്ട് ആധുനികവും ഉയർന്ന തൊഴിൽശേഷിയുള്ളതും ഉല്പാദനപരവുമായ സമ്പദ്ഘടന സൃഷ്ടിക്കുമെന്നത് ഈ ഗവൺമെന്റിന്റെ പ്രഖ്യാപിത നയമാണ്. അടുത്ത 25 വർഷംകൊണ്ട് കേരളത്തിന്റെ ജീവിതനിലവാരം അന്താരാഷ്ട്ര തലത്തിലെതന്നെ വികസിത രാജ്യങ്ങൾക്കൊപ്പമെത്തിക്കുന്നതിന് വേണ്ടിയാണ് സർക്കാർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. അതുപോലെ പെട്രോ കെമിക്കൽസ്, സ്പെഷ്യാലിറ്റി കെമിക്കൽസ്, ഫാർമസ്യൂട്ടിക്കൽസ്, പോളിമേഴ്സ്, ഫൈബർ എന്നിവയുടെ നിർമ്മാണത്തിലേർപ്പെടുന്ന സംരംഭകർക്ക് മികച്ച സാധ്യതകൾ ഉറപ്പാക്കും. കൊച്ചിയിലെ പെട്രോ കെമിക്കൽസ്, പോളിമർ ടെക്നോളജീസ് അതുപോലെ റബ്ബറുമായി ബന്ധപ്പെട്ട എല്ലാ വ്യവസായങ്ങളുമായി ബന്ധപ്പെട്ടും ഗവേഷണ കേന്ദ്രം സ്ഥാപിക്കുന്നതിനും ഗവേഷണ സ്ഥാപനങ്ങളും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും വ്യവസായ സ്ഥാപനങ്ങളും പരസ്പരം ബന്ധപ്പെട്ട് പ്രവർത്തിക്കുന്നതിനുംവേണ്ട പ്രവൃത്തികളുമായി ഈ ഗവൺമെന്റ് മുന്നോട്ടുപോകുകയാണ്. കോവിഡ് പ്രതിരോധ പ്രവർത്തനത്തിൽ പാളിപ്പോയി എന്നുപറയുന്നവർ ആലോചിക്കേണ്ടൊരു കാര്യം, കോവിഡിന്റെ കാലഘട്ടത്തിൽ എൽ.ഡി.എഫ്. അല്ല ഭരിച്ചിരുന്നതെങ്കിൽ കേരളവും മറ്റൊരു ശവപ്പറമ്പായി മാറുമായിരുന്നു എന്നതാണ്. കഴിഞ്ഞ അഞ്ച് വർഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും 5571.87 കോടി രൂപയാണ് ധനസഹായമായി നൽകിയത്. യു.ഡി.എഫ്-ന്റെ ഭരണകാലത്ത് അഞ്ചുവർഷത്തിനിടയിൽ ആകെ നൽകിയത് 802 കോടി രൂപമാത്രമാണ്. പ്രളയ സഹായനിധിയായി 3778.84 കോടി രൂപയും കോവിഡ് സഹായമായി 729.13 കോടി രൂപയും സൗജന്യ ഭക്ഷ്യക്കിറ്റ് നൽകുന്നതിന് 350 കോടി രൂപയും ഓഖി ദുരന്തബാധിതർക്ക് 111 കോടി രൂപയുമാണ് നൽകിയത്. സി.എം.ഡി.ആർ.എഫ്. ആധുനികവത്കരിച്ച് സുതാര്യമാക്കിയത് എൽ.ഡി.എഫ്. ഗവൺമെന്റാണ്. യു.ഡി.എഫ്. ഭരണകാലത്ത് നടത്തിയ ജനസമ്പർക്ക പരിപാടികളിൽ അനുവദിച്ച പണംപോലും ലഭിക്കാതിരുന്നവർ നിരവധിയാണ്. എന്നാൽ എൽ.ഡി.എഫ്. സർക്കാർ 2016-ൽത്തന്നെ സി.എം.ഡി.ആർ.എഫ്-ന്റെ അപേക്ഷ ഓൺലൈനായി സ്വീകരിക്കുകയും അനുവദിക്കുന്ന പണം അക്കൗണ്ടിലൂടെ നേരിട്ട് നിക്ഷേപിക്കുന്ന സംവിധാനം ഒരുക്കുകയും ചെയ്തു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രഖ്യാപനത്തെത്തുടർന്ന് ജനങ്ങളുടെ സഹായത്തോടെ സി.എം.ഡി.ആർ.എഫ്. ശക്തിപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്. എൽ.ഡി.എഫ്-ന്റെ ഭരണകാലത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അഭ്യർത്ഥനയെത്തുടർന്ന് കോവിഡ് സഹായമായി 523.48 കോടി രൂപയും 2018-19 വർഷത്തിൽ പ്രളയവും

അതിവൃഷ്ടിയുമുണ്ടായപ്പോൾ 4912 കോടി രൂപയും ലഭിക്കുകയുണ്ടായി. സാലറി ചലഞ്ചുൾപ്പെടെ ആകെ ലഭിച്ചത് 5435.45 കോടി രൂപയാണ്. എന്നാൽ 5571.87 കോടി രൂപ വിതരണം ചെയ്തു. കോവിഡ് പ്രതിരോധത്തിനുമാത്രം 729.13 കോടി രൂപയും അനുവദിക്കുകയുണ്ടായി. പ്രളയദുരിതാശ്വാസ സഹായത്തിന് അനുവദിച്ച 3778.84 കോടി രൂപയിൽ 2354.25 കോടി രൂപ പ്രളയത്തിൽ ഭൂമിയും വീടും നഷ്ടപ്പെട്ടവർക്ക് നൽകിയതായിരുന്നു. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റ് ചെയ്തിട്ടുള്ള സേവനങ്ങളുടെയും പ്രവർത്തനങ്ങളുടെയും തുടർച്ചയെന്ന നിലയിൽ കേരളത്തിലെ ജനങ്ങൾ പൂർണ്ണമായ പിന്തുണ നൽകി തെരഞ്ഞെടുത്ത പുതിയ ഗവൺമെന്റ് അതിന്റെ പ്രവർത്തനങ്ങളുമായി വിജയകരമായി മുന്നോട്ടുപോകുകയാണ്.

ശ്രീ. പി. കെ. ബഷീർ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. 2016-ലെ ഇലക്ഷൻ കഴിഞ്ഞ് ബഹുമാന്യനായ മുഖ്യമന്ത്രി ആദ്യം നൽകിയ ഇന്റർവ്യൂവിൽ പറഞ്ഞത്, 'സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷയ്ക്ക് പ്രാധാന്യം നൽകും, സുരക്ഷ ഉറപ്പാക്കും' എന്നാണ്. ഒന്നാം ഘട്ടത്തിലെ അഞ്ച് വർഷവും രണ്ടാം വരവിലെ രണ്ടര മാസവും പിന്നിടുമ്പോൾ സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷ ഉറപ്പാക്കാനാവശ്യപ്പെട്ട് ബഹുമാനപ്പെട്ട ഗവർണർ ഉപവസിക്കുന്ന സംസ്ഥാനമായി കേരളം മാറി. മാത്രമല്ല, സ്ത്രീകളെയും കുട്ടികളെയും പീഡിപ്പിക്കുന്നവർക്ക് പിണറായി മന്ത്രിസഭയിലെ മന്ത്രിതന്നെ സംരക്ഷണം നൽകുന്ന അവസ്ഥയിലേയ്ക്കും ഈ മന്ത്രിസഭ എത്തി എന്നുള്ളതാണ് ഏറ്റവും വലിയ പ്രശ്നം. വിവരാവകാശ നിയമത്തിന്റെ അപ്പോസ്തലരാണ് സഖാക്കൾ. പക്ഷേ, സർക്കാരിനെതിരെയുള്ള വിവരാവകാശം കൊടുത്താൽ കളി മാറും. ജീവനക്കാർക്ക് നൽകിയ Good Service Entry തിരിച്ചെടുത്ത് പടിയടച്ച് പിണ്ഡം വയ്ക്കും. മന്ത്രിസഭയിലെ മന്ത്രിമാരുടെ ഓഫീസിലെ സ്ഥിതി എന്താണ്; പ്രൈവറ്റ് സെക്രട്ടറി വരുമ്പോൾ മന്ത്രി എഴുന്നേറ്റ് നിൽക്കുന്ന സ്ഥിതിയാണ് മന്ത്രിമാരുടെ ഓഫീസുകളിലുള്ളത്. പലതവണ ലോക്സഭാംഗവും കഴിഞ്ഞതവണ ക്യാബിനറ്റ് റാങ്കോടെ ഡൽഹിയിൽ വിരാജിച്ചയാളുമായ ഒരു സഖാവാണ് ഇപ്പോൾ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയെന്നത് സംബന്ധിച്ച് നിങ്ങളൊന്ന് ആലോചിച്ച് നോക്കണം. വ്യവസായ വികസനത്തിന്റെ കാര്യത്തിൽ ഈ സർക്കാരിന് നൂറ് നാവാണ്. ഇടത്തരം, ചെറുകിടം, സൂക്ഷ്മം, അതിസൂക്ഷ്മം എന്നിങ്ങനെ വാതോരാതെ വർത്തമാനം പറയുകയാണ്. കേരളത്തിൽ ഈ സർക്കാർ കൊണ്ടുവന്ന ഏറ്റവും വലിയ വ്യവസായം എന്താണെന്ന് ചോദിച്ചാൽ അത് കള്ളക്കടത്ത് വ്യവസായമാണ്. അത് വികസിച്ചാൽ പാർട്ടി വികസിക്കും. സ്വർണ്ണക്കടത്ത്, മരം കടത്ത് എന്നിങ്ങനെ പല കള്ളക്കടത്തുകളെക്കുറിച്ചും കേട്ടിട്ടുണ്ട്. ...(ബഹളം)... ശ്രീ. എ. എൻ. ഷംസീറേ, ഇന്ന് കള്ളക്കടത്ത് അതെല്ലാം കടന്ന് തിമിംഗല വിസർജ്ജ്യത്തിൽ എത്തിനിൽക്കുകയാണ്.

കോവിഡിന്റെ കാര്യത്തിൽ കേരളം നമ്പർ വൺ ആണെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും സർക്കാരും പറയുന്നത്. അതിപ്പോൾ സത്യമായി. കാരണം, കോവിഡ് രോഗികളുടെ വർദ്ധനവിന്റെ കാര്യത്തിലും ടി.പി.ആർ-ന്റെ കാര്യത്തിലുമെല്ലാം കേരളം ഇന്ത്യയിൽ ഒന്നാമതാണ്. പക്ഷേ, ഒന്നാമതാകേണ്ട വാക്സിനേഷന്റെ കാര്യത്തിൽ നമ്മൾ പിന്നിലാണ്. മറ്റ് സംസ്ഥാനങ്ങൾ പലതും വാക്സിന്റെ കാര്യത്തിൽ കേരളത്തേക്കാൾ മുന്നിലാണ്. രോഗികളുടെ എണ്ണം കൂടുതലാണെന്ന കാര്യം ചൂണ്ടിക്കാണിച്ച് കേന്ദ്ര ഗവൺമെന്റിൽനിന്നും കൂടുതൽ വാക്സിൻ വാങ്ങിച്ചെടുക്കേണ്ടസ്ഥാനത്ത് വെറുതേ ഇവിടെയിരുന്ന് പത്രസമ്മേളനം നടത്തിയിട്ടും കത്തെഴുതിയിട്ടും കാര്യമില്ല. സർവ്വകക്ഷി സംഘം ഡൽഹിയിൽപോയി സമ്മർദ്ദം ചെലുത്തി വാക്സിൻ ലഭ്യമാക്കാനുള്ള നടപടിയെടുക്കണമെന്നാണ് എനിക്ക് സർക്കാരിനോട് പറയാനുള്ളത്. വെറുതേയിങ്ങനെ ബഡായി പറയുകയാണോ? കോവിഡ് മൂന്നാം തരംഗം കുട്ടികളെയാണ് ബാധിക്കുകയെന്ന് വിദഗ്ദ്ധർ പറയുന്നുണ്ട്. കേരളത്തിൽ ഒന്നും രണ്ടും തരംഗമുണ്ടായി. എത്ര കുട്ടികൾക്ക് രോഗം ബാധിച്ചുവെന്ന് സർക്കാരിന് അറിയാൻ സാധിക്കും. All India Institute Of Medical Sciences അഞ്ച് സംസ്ഥാനങ്ങളിൽ നടത്തിയ സർവ്വേയിൽ 55.7 ശതമാനം പേരിൽ ആന്റിബോഡി സാന്നിദ്ധ്യം കണ്ടെത്തി. കുട്ടികൾക്കിടയിലെ കോവിഡ് വ്യാപനത്തോത് അറിയാൻ ആരോഗ്യവകുപ്പ് Seroprevalence Survey നടത്തണമെന്ന വിദഗ്ദ്ധ സമിതിയുടെ ശിപാർശ ഇതുവരെ നടപ്പാക്കാത്ത ഒരു സംസ്ഥാനമാണ് കേരളം. എന്നിട്ടിങ്ങനെ "കേരളം നമ്പർ വൺ" എന്ന് നാഴികയ്ക്ക് നാൽപ്പതുവട്ടം പറഞ്ഞാൽ പോര, വിവരങ്ങൾ മറച്ചുവയ്ക്കാതെ പൊതുസമൂഹത്തെ അറിയിക്കണം. അതിന് നിങ്ങൾ തമിഴ്നാട് സർക്കാരിനെ കണ്ടുപഠിക്കണം. എങ്ങനെയാണ് കേരളത്തിലെ ലോക്ഡൗൺ? സ്റ്റേഡിയം തുറക്കാം, പക്ഷേ അവിടെ കളിക്കാൻ പറ്റില്ല. ബാർബർ ഷോപ്പ് തുറക്കാം, മുടിവെട്ടാൻ പറ്റില്ല. ഫർണിച്ചറുണ്ടാക്കാം, ഷോപ്പ് തുറക്കാൻ പറ്റില്ല. ക്രഷറും ക്വാറിയും തുറന്ന് പ്രവർത്തിക്കാം. പക്ഷേ, അവിടെനിന്ന് സാധനങ്ങൾ കൊണ്ടുപോകാൻ ലോറികൾക്ക് അനുമതിയില്ല. വർക്ഷോപ്പുകൾ തുറന്ന് പ്രവർത്തിക്കാം, പക്ഷേ അന്ന് സ്പെയർ പാർട്സ് കടകൾ തുറക്കാൻ പാടില്ല. ഇങ്ങനെയാണ് കാര്യങ്ങൾ. ഇതാണ് ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ പറഞ്ഞ 'വൈരുദ്ധ്യാധിഷ്ഠിത ലോക്ഡൗൺ നയം'. ശ്രീ. എ. എൻ. ഷംസീർ ഇക്കാര്യം സ്റ്റേറ്റ് കമ്മിറ്റിയിൽ പറയണം. ഇങ്ങനെയുള്ള അശാസ്ത്രീയമായ ലോക്ഡൗണാണ് കോവിഡ് കാലത്തെ ഏറ്റവും വലിയ വില്ലൻ. ഇത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും ഉപദേശകർക്കും മനസ്സിലാകണ്ടേ. അതാണ് ശ്രദ്ധിക്കേണ്ടത്. നിയമസഭയിൽ എന്തുമാകാം. നിയമസഭ പൊതുമുതൽ അല്ലെന്നുള്ള വിഡ്ഢിത്തം നിങ്ങളല്ലാതെ വേറെ ആരെങ്കിലും പറയുമോ; ഇതൊരു പൊതുമുതലല്ലേ; എന്റെയും നിങ്ങളുടെയും വാപ്പയുടെ മുതലാണോ; ഇത് സർക്കാരിന്റെ മുതലല്ലേ; ജനങ്ങളുടെ നികുതിപ്പണമല്ലേ;

അതൊക്കെ 45 ലക്ഷം രൂപ കൊടുത്ത് ഒരു വക്കീലിനെക്കൊണ്ട് സുപ്രീം കോടതിയിൽ പറയിപ്പിക്കേണ്ട ആവശ്യവുമുണ്ടായിരുന്നോ? ഒന്നുമില്ലെങ്കിലും കോട്ട് ഇട്ടുവിച്ചുകൊണ്ട് ശ്രീ. എ. എൻ. ഷംസീറിനെയോ മറ്റാരെയെങ്കിലുമോ അങ്ങോട്ട് പറഞ്ഞയച്ചാൽ പോരായിരുന്നോ? അടുത്തത് കിറ്റെക്സിന്റെ വിഷയമാണ്. കോർപ്പറേറ്റുകൾക്കൊന്നും നമ്മളെ ഭരിക്കാൻ പറ്റില്ല. അവരെയെല്ലാം നിലയ്ക്കുനിർത്തണം. 3,500 കോടി രൂപയുടെ ഇൻവെസ്റ്റ്മെന്റുണ്ടെന്ന് പറയുന്നു. ഇവിടെയുള്ളവർ ചോര നീരാക്കി ഇവർക്ക് സമ്പാദ്യം ഉണ്ടാക്കികൊടുത്താൽ അവരുടെ എല്ലാ കാര്യങ്ങൾക്കും നമുക്ക് കൂട്ടുനിൽക്കാൻ പറ്റില്ല. കിറ്റെക്സ് ഇവിടെനിന്ന് പോകും. ആദ്യം കിഴക്കമ്പലം പഞ്ചായത്തിലെ ഒരു കൂട്ടർക്ക് മാത്രമായിരുന്നു അരിയും മറ്റ് സാധനങ്ങളും നൽകിയിരുന്നത്. നാല് പഞ്ചായത്തുകളിലുംകൂടി കൊടുക്കാൻ കഴിയില്ല. അപ്പോൾ ഇനി ഇവിടെനിന്ന് പോകുകയാണ് നല്ലത്. കേരളം ഒരു വ്യവസായ സൗഹൃദ സംസ്ഥാനമാണ്. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി, താങ്കൾ നല്ലൊരു രാജ്യസഭാംഗമായിരുന്നു. വളരെ സ്ട്രോംഗായിത്തന്നെ നിൽക്കണം. അതിന് എന്റെ വ്യക്തിപരമായ പിന്തുണ നിങ്ങൾക്കുണ്ടാകും. മുന്നണിയുടെ കാര്യം നേതാക്കൾ പറയും.

എം.എൽ.എ.-മാർ വലിയ കോർപ്പറേറ്റുകളുടെ ദാസൻമാരാണോ; രവി പിള്ള ഫൗണ്ടേഷൻ ആകെ 10 കോടി രൂപ കൊടുക്കുമെന്ന് പറഞ്ഞു. എന്നാൽ, അതിന് എം.എൽ.എ-മാരുടെ ശിപാർശ വേണം. നാട്ടിലെ ആളുകൾ നൂറും ഇരുന്നൂറും കിലോമീറ്റർ ദൂരം അപ്പുറത്തുനിന്നുവന്നിട്ട് എന്തിനാണ് ശിപാർശ വാങ്ങുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് അതിനെല്ലാം നട്ടെല്ലുണ്ടാകണം. വലിയ കോർപ്പറേറ്റുകളെ കാണുമ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പഞ്ചപുച്ഛമടക്കിയാൽ പോര. ഇതിനൊക്കെയാണ് നിലപാടെടുക്കേണ്ടത്. എന്തിനാണ് ഇതിനെല്ലാം എം.എൽ.എ-മാർ ശിപാർശ ചെയ്യുന്നത്? എന്നിട്ട് പാവപ്പെട്ടവർക്ക് സഹായം ലഭിക്കുന്നുണ്ടോ? ഞാൻ നിങ്ങൾക്കെല്ലാവർക്കും വേണ്ടിയാണ് ഇത് പറയുന്നത്. നമ്മളെ ഭരിക്കാൻ ഇവർ ആരാണ്; നമുക്കൊന്നും അങ്ങനെ ശിപാർശ ചെയ്യാൻ സാധിക്കില്ല. അയാൾക്ക് എല്ലാ ഡാറ്റകളും കിട്ടിയില്ലേ. നമ്മുടെ സ്വകാര്യത അറിഞ്ഞു. ആധാറിന്റെ ഡാറ്റയും ആളുകളുടെ അസുഖത്തിന്റെ ഡാറ്റയും ബാങ്ക് അക്കൗണ്ട് ഡീറ്റെയിൽസും ലഭിച്ചില്ലേ? ഇതൊക്കെ നമ്മൾ മനസ്സിലാക്കണം. നിങ്ങളുടെ വിപ്ലവമെല്ലാം എവിടെപ്പോയി, അണ്ണാക്കിലൂടെ ഇറങ്ങിപ്പോയോ? ഇതൊക്കെ നിങ്ങൾ പറയേണ്ടതല്ലേ; എന്നെക്കൊണ്ട് പറയിപ്പിക്കണോ? ബഹുമാനപ്പെട്ട മന്ത്രിമാരോട് എനിക്കൊരു കാര്യം പറയാനുണ്ട്. പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി ശ്രീ. പി. എ. മുഹമ്മദ് റിയാസിനോട് ഞാനത് പറഞ്ഞിട്ടുണ്ട്. എന്റെ നിയോജക മണ്ഡലത്തിൽ ഒരു വിഷയമുണ്ടായി. ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോടുതന്നെ

പറഞ്ഞു. എല്ലാ നടപടിക്രമങ്ങളും പൂർത്തിയാക്കി എ.എസ്. ലഭിച്ച വർക്കാണ്. ബഹുമാനപ്പെട്ട മന്ത്രിയെ ബ്രാഞ്ച് സെക്രട്ടറിയുടെ അഞ്ച് വയസ്സുള്ള ഒരു കുട്ടി വിളിക്കുന്നു. എന്നിട്ട് അഞ്ചുകോടി രൂപ ആ കുട്ടി പറഞ്ഞതുകൊണ്ട് അനുവദിച്ചു എന്നുപറയുന്നു. എം.എൽ.എ-മാരായ നമ്മൾ അതിലൊന്നുമില്ല. എന്നാൽ ഇവിടെ സർക്കാരും മറ്റ് കാര്യങ്ങളുമൊന്നും ആവശ്യമില്ലല്ലോ. 'അത്തഹിയാത്തിൽ വുളു മുറിഞ്ഞതുപോലെയായി' നമ്മുടെ കാര്യം. ബഹുമാന്യരായ മന്ത്രിമാരെല്ലാം ഇതിനെക്കുറിച്ച് ആലോചിക്കണം. നിങ്ങളെല്ലാം ജനാധിപത്യവാദികളല്ലേ. ഒന്നുമില്ലെങ്കിലും അവിടത്തെ എം.എൽ.എ-യെ എങ്കിലും വിളിക്കേണ്ടതല്ലേ? ഞാൻ കുറച്ച് രാഷ്ട്രീയം പറയാം. ന്യൂനപക്ഷ സ്കോളർഷിപ്പിലെ 80:20 അനുപാതത്തെക്കുറിച്ച് ഞങ്ങളുടെ പാർട്ടി നേതാവ് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി വിശദീകരിക്കും. ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. മുസ്ലീം സമുദായത്തിന്റെ അട്ടിപ്പേറവകാശം മുസ്ലീംലീഗിനാണോ എന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചോദിക്കുകയുണ്ടായി. കേരളത്തിൽ അട്ടിപ്പേറ് ഞങ്ങൾ തന്നെയാണ്. അതിലെന്താണ് നിങ്ങൾക്ക് സംശയം? ഒരുകാലത്ത് ആരാന്റെ വിറകുവെട്ടികളും വെള്ളം കോരികളുമായിരുന്ന ഒരു സമുദായം. വിദ്യാഭ്യാസ രംഗത്ത് പിന്നോട്ട് പോയിരുന്നൊരു കാലഘട്ടം, മലബാറിൽ നല്ല വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇല്ലാതിരുന്നൊരു കാലഘട്ടം, 250 വർഷത്തെ രാജഭരണത്തിൽ ഇതെല്ലാമായിരുന്നു അവസ്ഥ. തിരുവിതാംകൂറിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുണ്ടായി. ക്രിസ്ത്യൻ മിഷണറിമാരുടെ വരവോടെ തൃശ്ശൂർ മുതൽ തിരുവനന്തപുരം വരെ വിദ്യാഭ്യാസ സ്ഥാപനങ്ങളുണ്ടായി. ചരിത്രപരമായ കാരണങ്ങളാൽ മലബാർ മദ്രാസ് സംസ്ഥാനത്തിന്റെ ഭാഗമായപ്പോൾ ഞങ്ങളുടെ പൂർവ്വികർ ബ്രിട്ടീഷുകാരോടുള്ള വിരോധംകൊണ്ട് കുട്ടികളെ സ്കൂളിലേയ്ക്ക് അയച്ചില്ല. 'മഴ പെയ്തപ്പോൾ പോലും സ്കൂളിന്റെ വരാന്തയിൽ കയറാൻ യോഗ്യത ഇല്ലാത്തവനായിരുന്നു' എന്ന് എന്റെ വന്ദ്യനായ പിതാവ് 1980-ൽ മലബാറിലെ വിദ്യാഭ്യാസ കാര്യങ്ങളെ സംബന്ധിച്ച് ഈ സഭയിൽ വികാരഭരിതമായി പ്രസംഗിച്ചിട്ടുണ്ട്. എന്താണ് കാരണം? മഴ പെയ്തപ്പോൾപോലും സ്കൂളിന്റെ വരാന്തയിൽ കയറാൻ നല്ലൊരു സ്കൂൾ കെട്ടിടമില്ല. സ്കൂളിന്റെ വരാന്തയിൽപ്പോലും കയറി നിൽക്കാനുള്ള അവസ്ഥ അന്നുണ്ടായിരുന്നില്ല. പിന്നീട് മഹാനായ സി. എച്ച്. മുഹമ്മദ് കോയ, ചാക്കീരി അഹമ്മദ് കുട്ടി, മുസ്ലീംലീഗിന്റെ മുൻകാല നേതാക്കൾ എന്നിവരൊക്കെ വന്നപ്പോൾ വിദ്യാഭ്യാസ സ്ഥാപനങ്ങൾ അനുവദിച്ചു. എല്ലാ പഞ്ചായത്തുകളിലും ഹൈസ്കൂൾ അനുവദിച്ചു. അങ്ങനെ വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ ഉണർവുണ്ടായി. പേന പിടിക്കാൻ കഴിയാത്തവന്റെ കയ്യിൽ കമ്പ്യൂട്ടറിന്റെ മൗസ് പിടിപ്പിച്ചത് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി കേരളത്തിന്റെ ഐ.ടി. വകുപ്പുമന്ത്രി ആയിരുന്നപ്പോഴത്തെ അക്ഷയ സംരംഭത്തിലൂടെയാണെന്നത് നിങ്ങൾ മനസ്സിലാക്കണം. അങ്ങനെ ചരിത്രപരമായ പിന്നോക്കാവസ്ഥയിൽനിന്ന്

മുന്നോട്ടുവന്നു. ഏഴാം ക്ലാസ്സിൽനിന്നും എട്ടാം ക്ലാസ്സിലേയ്ക്ക് മുസ്ലീം പെൺകുട്ടികളെ കാണാത്തൊരു അവസ്ഥയുണ്ടായിരുന്നു. അങ്ങനെയാണ് സ്കോളർഷിപ്പ് സമ്പ്രദായം ഏർപ്പെടുത്തുന്നത്. നിങ്ങൾ വന്നപ്പോഴത്തെ സ്ഥിതിയെന്താണ്; 1980-ൽ അറബി ഭാഷ ഇല്ലാതാക്കാൻ, അറബി അദ്ധ്യാപകരെ ഇല്ലാതാക്കാൻ Accreditation Qualification Declaration Act എന്ന കരിനിയമം കൊണ്ടുവന്നു. ഞങ്ങളുടെ മൂന്ന് ചെറുപ്പക്കാർ അന്ന് നിങ്ങളുടെ പോലീസിന്റെ വെടിയേറ്റ് മരിച്ചു. നിങ്ങളെക്കൊണ്ട് ഞങ്ങളത് തിരുത്തിച്ചു. 1987-ൽ ശരീഅത്ത് വിവാദം വന്നു. അന്നും നിങ്ങൾ എന്തൊക്കെ പറഞ്ഞു. മൂന്നും നാലും കെട്ടലാണെന്നുവരെ പറഞ്ഞു. അന്നും ഞങ്ങളുടെ രക്ഷയ്ക്ക് ഇന്ത്യൻ പാർലമെന്റിൽ വന്നത് രാജീവ് ഗാന്ധിയും ഇന്ത്യൻ നാഷണൽ കോൺഗ്രസ്സുമായിരുന്നു. അന്ന് ആ ശരീഅത്ത് നിയമം സംബന്ധിച്ച് ബഹുമാനപ്പെട്ട സുപ്രീംകോടതി വിധി പറഞ്ഞ് ആ നിയമം പാസ്സാക്കി. അന്നും മുസ്ലീംലീഗാണ് മുന്നിലുണ്ടായിരുന്നത്. അന്നും നിങ്ങൾ ഞങ്ങളെ കളിയാക്കി പറഞ്ഞു. 1991-ൽ ബാബ്റി മസ്ജിദിന്റെ കാര്യം വന്നു. അന്ന് ഇ.എം.എസ്. ഞങ്ങളെ പരിഹസിച്ചു. അടിയിൽ അമ്പലവും മുകളിൽ പള്ളിയും ആയിക്കോട്ടെ എന്നുപറഞ്ഞു. അതുംകഴിഞ്ഞു. 2006-ൽ എൽ.ഡി.എഫ്-ന്റെ ഭരണകാലത്ത് 'മതമില്ലാത്ത ജീവൻ' എന്ന് ഏഴാം ക്ലാസ്സിൽ പാഠമുണ്ടാക്കി. എന്തിനാണ് നിരീശ്വരവാദം. ഞങ്ങൾ സമരം ചെയ്ത് നിങ്ങളെക്കൊണ്ട് അത് തിരുത്തിച്ചു. ഇതും ഞങ്ങൾ നിങ്ങളെക്കൊണ്ട് തിരുത്തിക്കും. യാതൊരു സംശയവുമില്ല. ഡിവൈഡ് ഉണ്ടാക്കുന്ന നിങ്ങളുടെ ഈ നടപടി അവസാനിപ്പിക്കണമെന്ന് പറയുകയാണ്. കേരളത്തിലെ മുഴുവൻ തൊഴിലാളി വർഗ്ഗത്തിന്റേയും അട്ടിപ്പേറ് നിങ്ങൾക്കാണോ; അതെല്ലാം കഴിഞ്ഞു. ഇതൊരു ലോട്ടറി അടിച്ചതാണ്, അതുകൊണ്ട് നിങ്ങൾ ഭരിക്കണം, നന്നായി ഭരിക്കണം. മന്ത്രിമാർ വിഷയം പഠിക്കണം. ജനാധിപത്യത്തിൽ എം.എൽ.എ-മാരെ മാനിക്കണം. പ്രതിപക്ഷ ബഹുമാനമുണ്ടാകണം. ആ നിലയ്ക്ക് കാര്യങ്ങളെ കാണണമെന്നാണ് എനിക്ക് പറയാനുള്ളത്.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. മുഹമ്മദ് മുഹസിൻ]

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുകയാണ്. സമസ്തമേഖലകളിലും സമാനതകളില്ലാത്ത നേട്ടം കൈവരിച്ച കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണത്തു ടർച്ചയുമായി ഈ ഗവൺമെന്റ് അതിന്റെ രണ്ടാമൂഴത്തിലേയ്ക്ക് കടക്കുമ്പോൾ പ്രശസ്ത സാമ്പത്തിക ശാസ്ത്രജ്ഞനായ John Maynard Keynes-ന്റെ വരികളാണ് എനിക്ക് ഓർമ്മ വരുന്നത്. ‘ Let us study the present in the light of the past for purpose of the future’ . ഭാവി ലക്ഷ്യംവച്ച് വർത്തമാനം ഭൂതകാലത്തിന്റെ

സാഹചര്യത്തിൽ പഠിക്കണമെന്നാണ് അദ്ദേഹം പറഞ്ഞത്. ഭൂതകാലത്തിന്റെ പാഠങ്ങളിൽനിന്നുകൊണ്ട് ഭാവിയുടെ വെളിച്ചത്തിലേയ്ക്കുള്ള യാത്രയിൽ പാഥേയങ്ങളായി മാറുന്ന ഒട്ടേറെ ധനാഭ്യർത്ഥനകളാണ് ഇന്നുമുതൽ ഈ സഭയിൽ അവതരിപ്പിക്കുന്നത്. അതുകൊണ്ടുതന്നെ കഴിഞ്ഞ 5 വർഷക്കാലം സാർത്ഥകമായി കേരളം ഭരിച്ച ഒരു ഗവൺമെന്റിന്റെ രണ്ടാം വരവിൽ പൂർത്തീകരിച്ച പ്രവർത്തനങ്ങളോടൊപ്പം തുടങ്ങിവച്ച പ്രവർത്തനങ്ങളും പൂർത്തീകരിക്കാനുള്ള നിശ്ചയദാർഢ്യത്തോടുകൂടിയുള്ള പ്രവർത്തനങ്ങളുമാണ് മുന്നോട്ടുവയ്ക്കുന്നത്. അതിലേറ്റവും പ്രത്യക്ഷമായ ഉദാഹരണങ്ങളിലൊന്നാണ് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നൂറ് ദിവസങ്ങളിലായി നടപ്പിലാക്കുന്ന കർമ്മ പദ്ധതികൾ. സമൂഹത്തിലെ സാമ്പത്തിക അസമത്വം ഇല്ലാതാക്കി സാമൂഹ്യമായ ലക്ഷ്യങ്ങൾ കൈവരിക്കാനും വികസനോന്മുഖമായ കാഴ്ചപ്പാടുകൾ നിലനിർത്തിക്കൊണ്ട് സംസ്ഥാനത്തെ മുന്നോട്ടുകൊണ്ടുപോകാനുള്ള നിലപാടുകളാണ് സ്വീകരിച്ചുവരുന്നത്. ഒട്ടേറെ പ്രകൃതിദുരന്തങ്ങളുടെയും കോവിഡ് പോലുള്ള മഹാമാരികളുടെയും പ്രളയകാലങ്ങളായിരുന്നു കഴിഞ്ഞ ഗവൺമെന്റിന്റെ സമയത്തും ഈ ഗവൺമെന്റിന്റെ തുടക്കത്തിലുമെന്ന് നമുക്കറിയാം. അതിൽ വിറങ്ങലിച്ചുനിന്ന കേരളത്തിലെ ജനങ്ങളെ സ്വന്തം ഹൃദയത്തോട് ചേർത്ത് നിർത്തിക്കൊണ്ട്, അവർക്ക് ആത്മവിശ്വാസം നൽകാൻ കഴിഞ്ഞതുകൊണ്ടാണ് ഈ ഗവൺമെന്റ് ഒരിക്കൽക്കൂടി അധികാരത്തിൽ വന്നത്. പട്ടിണിയുടേയും ബുദ്ധിമുട്ടുകളുടേയും പരിദേവനങ്ങളുടെയുമൊക്കെ ഇടയിൽ തങ്ങളെ സംരക്ഷിക്കാൻ ഒരു ഗവൺമെന്റുണ്ടെന്നുള്ള ഉറച്ച ബോദ്ധ്യമാണ് ഈ ഗവൺമെന്റിനെ രണ്ടാമൂഴത്തിലേയ്ക്കെത്തിച്ച ഏറ്റവും പ്രധാനപ്പെട്ട ഘടകങ്ങളിലൊന്ന്. അതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നേതൃത്വപരമായ പങ്ക് നിർവ്വഹിച്ചപ്പോൾ ഈ ഗവൺമെന്റ് ഒരിക്കൽക്കൂടി സാർത്ഥകമായ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുകയാണ്. ഞാൻ ഇവിടെ നെൽസൺ മണ്ടേലയുടെ പ്രശസ്തമായ വാക്കുകൾ കുറിക്കുകയാണ്. 'It is better to lead from behind and to put others in front, especially when you celebrate victory when nice things occur. You take the front line when there is danger. Then people will appreciate your leadership.' ദുഃഖകരമായ അവസ്ഥകളിൽ മുന്നിൽനിന്നുകൊണ്ട് നയിക്കുമ്പോഴാണ് ജനങ്ങൾ ഒരു നേതൃത്വത്തെ അംഗീകരിക്കുന്നത്. ദുഃഖകരമായ കഴിഞ്ഞ കാലഘട്ടങ്ങളിൽ ജനങ്ങളോടൊപ്പം നിന്നുകൊണ്ട് നേതൃത്വപരമായ പങ്ക് നിർവ്വഹിക്കാൻ കഴിഞ്ഞുവെന്നുള്ളതുകൊണ്ടാണ് പിണറായി വിജയൻ ഗവൺമെന്റിനെ ഒരിക്കൽക്കൂടി ഉത്തരവാദിത്വം ഏൽപ്പിച്ചതെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ഞാൻ ഒരു കാര്യം സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. കഴിഞ്ഞ മൂന്ന് വർഷക്കാലത്തെ S.D.G. (Sustainable Development Goals) ഇൻഡക്സ് പരിശോധിക്കുമ്പോൾ ഒരു സംസ്ഥാനം

എങ്ങനെയാണ് മുന്നോട്ട് പോകുന്നതെന്നതിന്റെ വ്യക്തമായ തെളിവാണ് മനസ്സിലാകുന്നത്. ഐക്യരാഷ്ട്രസഭയുടെ നേതൃത്വത്തിലുള്ള ഏതാണ്ട് 17 പ്രധാനപ്പെട്ട ലക്ഷ്യങ്ങൾ മുൻപിൽ വച്ചുകൊണ്ടുള്ള സസ്റ്റെയിനബിൾ ഡെവലപ്മെന്റ് ഗോൾസ് ഇൻഡക്സിൽ കേരളം മൂന്നാം സ്ഥാനത്താണുള്ളത്. രണ്ട് മേഖലകളിൽ, ആരോഗ്യ രംഗത്തും ദാരിദ്ര്യലഘൂകരണ പ്രക്രിയയിലും, നമ്മൾ ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളേക്കാൾ മുന്നിലാണ്. 2021-ൽ 100-ൽ 75-ാം സ്ഥാനത്താണ്. 2018-ൽ നമ്മൾ 100-ൽ 69-ാം സ്ഥാനത്തായിരുന്നു. കേരളത്തിന്റെ വളർച്ചാസൂചികയുടെ അടിസ്ഥാനത്തിൽ, വികസന ലക്ഷ്യങ്ങളുടെ കാര്യത്തിൽ നമ്മുടെ സംസ്ഥാനം മുമ്പോട്ട് പോകുന്നുവെന്നതാണ് പ്രധാനപ്പെട്ട കാര്യം. ഒരുപക്ഷേ, എതിർക്കുന്നതിനുവേണ്ടി എതിർക്കുമ്പോഴും, അടിസ്ഥാനപരമായ കാര്യങ്ങൾ നിർവ്വഹിക്കുന്ന കാര്യത്തിൽ ഈ ഗവൺമെന്റെടുക്കുന്ന കൃത്യമായ നിലപാടുകൾ കേരളത്തിന്റെ വരുംകാല ഘട്ടങ്ങളിലെ ഏറ്റവും നല്ല ദിശാസൂചകങ്ങളായി മാറുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. നമ്മുടെ സംസ്ഥാനത്തെയും ജനങ്ങളെയും സംബന്ധിച്ചിടത്തോളം ഏറെ ദുഃഖകരമായ ഒരു കാലാവസ്ഥയിലൂടെയാണ് കടന്നുപോകുന്നത്. കോവിഡ് പോലുള്ള മഹാമാരികൾ നമ്മുടെ പ്രവർത്തനങ്ങൾക്ക് വിഘാതമായി നിൽക്കുന്നു. എവിടെയോ വായിച്ചതുപോലെ ഈ കാലവും കടന്നുപോകും. പി. ബി. ഷെല്ലിയുടെ വാക്കുകൾ അനുസ്മരിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്, 'If winter comes, can spring be far behind?' തീർച്ചയായും വസന്തകാലം മടങ്ങിവരുമെന്ന കാര്യത്തിൽ സംശയമില്ല. ആ വസന്തകാലങ്ങൾക്ക് പൂവിറുക്കാൻ ഇടതുപക്ഷ ഗവൺമെന്റിന്റെ നേതൃത്വത്തിലുള്ള ഒട്ടേറെ നന്മനിറഞ്ഞ പ്രവർത്തനങ്ങൾക്ക് കഴിയുമെന്ന കാര്യത്തിൽ സംശയമില്ലെന്ന് പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ തുടങ്ങിയ ഭരണരംഗത്തെ കാര്യങ്ങൾ ഇന്നിവിടെ ചർച്ച ചെയ്യുമ്പോൾ, തുടർച്ചയായി രേഖകൾ തിരുത്തുന്ന സർക്കാരായി രണ്ടാം പിണറായി വിജയൻ സർക്കാർ മാറിയിരിക്കുന്ന കാഴ്ചയാണ് നമ്മൾ കണ്ടുകൊണ്ടിരിക്കുന്നത്. എനിക്ക് മുൻപ് സംസാരിച്ച ബഹുമാന്യരായ പ്രതിപക്ഷാംഗങ്ങൾ ഒരുകാര്യം ഇവിടെ ചൂണ്ടിക്കാണിച്ചു. റവന്യൂ വകുപ്പിലെ അണ്ടർ സെക്രട്ടറി ശ്രീമതി ഒ. ജി. ശാലിനിയുടെ ഗുഡ് സർവീസ് എൻട്രി ഉന്നത ഉദ്യോഗസ്ഥർ തന്നെ തിരുത്തുകയാണ്. മരംമുറി വിവാദവുമായി ബന്ധപ്പെട്ട് വിവരാവകാശ രേഖകൾ സത്യസന്ധമായി നൽകിയതിന്റെ പേരിലാണ് ഉന്നത ഉദ്യോഗസ്ഥർ ഈ ഉദ്യോഗസ്ഥയുടെ ഗുഡ് സർവീസ് എൻട്രി ഒഴിവാക്കാനുള്ള ഇടപെടൽ നടത്തിയതെന്നാണ് ഇപ്പോൾ പുറത്തുവന്നിരിക്കുന്നത്.

ഇക്കാര്യത്തിൽ സർക്കാരിന്റെ നിലപാടെന്താണ്? ഉദ്യോഗസ്ഥർക്ക് സത്യസന്ധമായി ജോലി ചെയ്യാൻ കഴിയാത്ത സാഹചര്യമാണോ സംസ്ഥാനത്തുള്ളതെന്ന് ജനങ്ങൾ ചോദിച്ചാൽ അത് അംഗീകരിക്കേണ്ടിവരും. ഈ വിഷയത്തെക്കുറിച്ച് ബഹുമാന്യരായ മുഖ്യമന്ത്രിയോടും റവന്യൂ വകുപ്പുമന്ത്രിയോടും ചോദിച്ചപ്പോൾ മുഖ്യമന്ത്രി പറഞ്ഞത്, ഇങ്ങനെയൊരു കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ലായെന്നാണ്. ഉദ്യോഗസ്ഥരുടെ നടപടിയിൽ ഇടപെടേണ്ട കാര്യമില്ലെന്ന് റവന്യൂ വകുപ്പുമന്ത്രിയും പറഞ്ഞു. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന് ഇവിടെയൊരു റവന്യൂ വകുപ്പുമന്ത്രിയുണ്ടോ എന്നുവരെ ചോദിക്കേണ്ടിവന്നു. ഗുഡ് സർവീസ് എൻട്രി തിരുത്തിയ സംഭവമുൾപ്പെടെയുള്ള കാര്യങ്ങളിൽ ബഹുമാന്യരായ മുഖ്യമന്ത്രിയും റവന്യൂ വകുപ്പുമന്ത്രിയും വ്യക്തമായ മറുപടി പറയേണ്ടതല്ലേ; ഇങ്ങനെയുള്ള നിർഭാഗ്യകരമായ സംഭവങ്ങൾ ആവർത്തിക്കപ്പെടാതിരിക്കാനുള്ള ഇടപെടലുകൾ ഉണ്ടാകേണ്ടതല്ലേ? ഉണ്ടാകണമെന്ന ആവശ്യമാണ് ഞങ്ങൾ ഉന്നയിക്കുന്നത്. രണ്ടാമതായി രേഖ തിരുത്തിയത് ഇന്ത്യയുടെ പരമോന്നത നീതിപീഠമായ സുപ്രീംകോടതിയിലാണ്. ചീഫ് വിപ്പ് ഡോ. എൻ. ജയരാജ് ഇവിടെ സംസാരിച്ചു. നമ്മളെല്ലാം ആദരവോടെ കാണുന്ന ഈ നിയമസഭയിൽ 50 വർഷം പൂർത്തിയാക്കിയ അഭിവന്ദ്യനായ നേതാവായിരുന്നു കെ. എം. മാണി. ശ്രീ. ഉമ്മൻ ചാണ്ടി നേതൃത്വം നൽകിയ യു.ഡി.എഫ്. ഗവൺമെന്റിനുവേണ്ടി നിയമസഭയിൽ ബഡ്ജറ്റ് അവതരിപ്പിക്കാൻ കെ. എം. മാണി വന്നപ്പോൾ അദ്ദേഹത്തിനെതിരെ എൽ.ഡി.എഫ്. നടത്തിയ സമരത്തിന്റെ ഭാഗമായുള്ള വിഷയങ്ങളെല്ലാം ഇപ്പോൾ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ പരിശോധനയിലും പരിഗണനയിലുമാണ്. എൽ.ഡി.എഫ്-ന്റെ ഭാഗത്തുനിന്നുണ്ടായ നടപടികൾ തെറ്റാണെന്ന് ഹൈക്കോടതിയിൽനിന്ന് വിധിയുണ്ടായി. അതിൽ നിന്നും മോചനം ലഭിക്കാനാണ് ഡൽഹിയിലേയ്ക്ക് പോയത്. കെ. എം. മാണിയെ അഴിമതിക്കാരനായി ചിത്രീകരിച്ചുകൊണ്ട് രേഖകൾ കൊടുക്കുകയും പിന്നീട് അത് തിരുത്താനുള്ള ഇടപെടലുകളുണ്ടാകുകയും ചെയ്തുവെന്ന് പറയുന്നത് കേരളത്തിനുണ്ടായ എത്രയോ അപമാനകരമായ സാഹചര്യമാണ്. ഇക്കാര്യത്തിൽ എൽ.ഡി.എഫ്. വ്യക്തമായ മറുപടി പറയേണ്ടതല്ലേ?

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, ബഹുമാനപ്പെട്ട കോടതിയിൽ അങ്ങനെ പറഞ്ഞില്ല. കെ. എം. മാണിയുടെ പേര് പരാമർശിച്ചിട്ടില്ല.

1.00 PM]

ശ്രീ. മോൻസ് ജോസഫ്: സർ, കോടതി പറഞ്ഞു, അതിനുശേഷമാണ് തിരുത്തിയത്. ഈ സമരം കെ. എം. മാണിക്കെതിരെയല്ല, യു.ഡി.എഫ്-ന് എതിരെയാണെന്ന് അപ്പോൾ തിരുത്തിപ്പറഞ്ഞു. അത് യു.ഡി.എഫ്-ന് എതിരെയുള്ള

സമരമായിരുന്നില്ല. കെ. എം. മാണി ബഡ്ജറ്റ് അവതരിപ്പിക്കാൻ പാടില്ല, ശ്രീ. ഉമ്മൻ ചാണ്ടി ബഡ്ജറ്റ് അവതരിപ്പിച്ചോട്ടെ, കെ. എം. മാണിയെക്കൊണ്ട് ഞങ്ങൾ ബഡ്ജറ്റ് അവതരിപ്പിക്കില്ലെന്ന് ഇടതുപക്ഷം പറഞ്ഞു....(ബഹളം)... ഡോ. എൻ. ജയരാജേ, നമ്മൾ ഒന്നിച്ചാണ് കെ. എം. മാണിയെ സഭയ്ക്കകത്തേയ്ക്ക് കൊണ്ടുവന്നത്. കെ. എം. മാണി ബഡ്ജറ്റ് അവതരിപ്പിക്കാൻ പാടില്ലായെന്ന് പറഞ്ഞ് ഇടതുപക്ഷം തലേന്ന് രാത്രിതന്നെ നിയമസഭയ്ക്കകത്ത് കയറിക്കിടന്നു. നിയമസഭയ്ക്കകത്തേയ്ക്ക് കെ. എം. മാണിയെ നമ്മളെല്ലാവരും ഒരുമിച്ച് കൊണ്ടുവരുന്നു. കെ. എം. മാണി തന്നെ ബഡ്ജറ്റ് അവതരിപ്പിക്കുമെന്ന് പറയുന്നു. കെ. എം. മാണി അഴിമതിക്കാരനാണ്, ബാർ കോഴക്കാരനാണ്, ബഡ്ജറ്റ് അവതരിപ്പിക്കാൻ പറ്റില്ലെന്നു പറഞ്ഞുകൊണ്ട് നിയമസഭയിൽ ഒറ്റക്കെട്ടായി എൽ.ഡി.എഫ്. മുദ്രാവാക്യം വിളിക്കുമ്പോൾ കെ. എം. മാണി തന്നെ ബഡ്ജറ്റ് അവതരിപ്പിക്കുമെന്ന് പറഞ്ഞുകൊണ്ട് യു.ഡി.എഫ്-ന്റെ എം.എൽ.എ-മാർ ഒന്നുചേർന്ന് അദ്ദേഹത്തെ അകത്തുകൊണ്ടുവരികയും അദ്ദേഹം ബഡ്ജറ്റ് അവതരിപ്പിച്ചുവെന്ന് പറയുകയും ചെയ്തപ്പോഴാണ് ഈ നിയമസഭ അടിച്ചുതകർത്തത്. ഇത് പച്ചയായ സത്യമല്ലേ; ഈ സത്യം ആർക്ക് നിഷേധിക്കാൻ സാധിക്കും? ഇത് ഒരിക്കലും നിഷേധിക്കാൻ കഴിയുകയില്ല. അത് നിഷേധിക്കാൻ ശ്രമിച്ചാൽ ഡോ. എൻ. ജയരാജും അദ്ദേഹത്തിന്റെ പാർട്ടിയും വഷളാകും. അത് നിഷേധിക്കാൻ ശ്രമിക്കരുത്. കെ. എം. മാണിയുടെ ആത്മാവുപോലും ക്ഷമിക്കില്ലെന്ന് വിനയത്തോടുകൂടി പറയുകയാണ്. ഞാൻ സമയപരിമിതിമൂലം ചുരുക്കുകയാണ്. ന്യൂനപക്ഷങ്ങൾക്ക് അർഹതപ്പെട്ട സ്കോളർഷിപ്പുമായി ബന്ധപ്പെട്ട 80:20 വിഷയത്തിൽ യു.ഡി.എഫ്. അഭിപ്രായസമന്വയത്തോടെ പരിഹരിക്കുന്നതിനുവേണ്ടിയുള്ള നേതൃപരമായ ഇടപെടലുകൾ നടത്തിയിട്ടുണ്ട്. ഈ വിഷയത്തിൽ ഹൈക്കോടതിയിൽ നിന്നുണ്ടായിരിക്കുന്ന വിധിയുടെ പശ്ചാത്തലത്തിൽ ജനസംഖ്യാനുപാതികമായി സ്കോളർഷിപ്പുകൾ നൽകാനുള്ള ഗവൺമെന്റിന്റെ തീരുമാനത്തെ ഞങ്ങൾ സ്വാഗതം ചെയ്യുകയാണ്. ഇതിന്റെ ഫലമായി നിലവിൽ ലഭിച്ചുകൊണ്ടിരുന്ന ആനുകൂല്യങ്ങളിൽ കുറവ് വരുന്ന ജനവിഭാഗങ്ങളുടെ താല്പര്യങ്ങളും സംരക്ഷിക്കപ്പെടണം. അവർക്ക് കുറവ് വന്നിരിക്കുന്ന ആനുകൂല്യം നികത്തിക്കൊടുക്കാൻ കഴിയുന്ന വിധത്തിലുള്ള സർക്കാരിന്റെ അടിയന്തരമായ ഇടപെടലുകളുണ്ടാകണം. നമ്മുടെ സംസ്ഥാനത്ത് മതസൗഹാർദ്ദവും മനുഷ്യർ തമ്മിലുള്ള ബന്ധങ്ങളും തൃപ്തികരമായി നിലനിർത്താനും ന്യൂനപക്ഷങ്ങൾക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങൾ എല്ലാ വിഭാഗങ്ങൾക്കും ലഭിക്കാൻ കഴിയുന്ന വിധത്തിലും ഈ പ്രശ്നം പരിഹരിക്കപ്പെടുകയെന്നുള്ളത് നമ്മുടെ സംസ്ഥാനത്തിന്റെ ആവശ്യമാണ്. അതിനുള്ള നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്നുകൂടി അഭ്യർത്ഥിക്കുന്നു. 493 പി.എസ്.സി. റാങ്ക് ലിസ്റ്റുകൾ ആഗസ്റ്റ് 4-ന് റദ്ദാകുകയാണ്. ഉദ്യോഗാർത്ഥികൾക്ക് ജോലി നൽകുമെന്നാണ് ഗവൺമെന്റ് നൽകിയിരിക്കുന്ന വാഗ്ദാനം. നിയമനം

നൽകാൻ സാധിച്ചിട്ടില്ലെന്നത് ഇവിടെ പലരും ചൂണ്ടിക്കാണിക്കുകയുണ്ടായി. 493 റാങ്ക് ലിസ്റ്റുകളുടെ കാലാവധി അവസാനിപ്പിച്ച് പതിനായിരക്കണക്കിന് ഉദ്യോഗാർത്ഥികളെ കണ്ണുനീരിലാഴ്ത്തരുത്. അതുകൊണ്ട് 6 മാസത്തേയ്ക്കുകൂടി പി.എസ്.സി. റാങ്ക് ലിസ്റ്റിന്റെ കാലാവധി ദീർഘിപ്പിച്ചുനൽകാനുള്ള തീരുമാനമുണ്ടാകണം. ഇത് സംസ്ഥാനത്തിന്റെ പൊതുമനഃസാക്ഷിയുടെ മുൻപിൽ യുവാക്കളോട് ചെയ്യേണ്ട ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. ഇത്തരം കാര്യങ്ങളിലെല്ലാം നിഷേധാത്മകമായ നിലപാട് സ്വീകരിച്ചുപോകുന്നതിൽ പ്രതിഷേധം അറിയിക്കുന്നു.

<u>ശ്രീ. ഐ. ബി. സതീഷ്</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേരളത്തിന്റെ രാഷ്ട്രീയ ചരിത്രത്തിലെ ദിശാമാറ്റമാണ് രണ്ടാം പിണറായി വിജയൻ സർക്കാർ. 1959 മുതൽ ആരംഭിച്ച, കേരള രാഷ്ട്രീയത്തെ മലിനപ്പെടുത്തിയ വിമോചനസമര രാഷ്ട്രീയാന്തരീക്ഷത്തിന്റെ അന്ത്യം കുറിക്കണമെന്നതാണ് ഈ ഗവൺമെന്റിന്റെ രാഷ്ട്രീയ നിയോഗം. പണ്ട് ശ്രീബുദ്ധനോട് ഒരാൾ ചോദിച്ചു, 'അങ്ങും ശിഷ്യഗണങ്ങളും എന്താണ് ചെയ്തുകൊണ്ടിരിക്കുന്നത്?' 'ഞങ്ങൾ നടക്കുമ്പോൾ നടക്കുന്നു, ഉണ്ണുമ്പോൾ ഉണ്ണുന്നു, ഉറങ്ങുമ്പോൾ ഉറങ്ങുന്നു' എന്നാണ് ശ്രീബുദ്ധൻ മറുപടി പറഞ്ഞത്. എല്ലാവരും അങ്ങനെയല്ലേ ചെയ്യുന്നതെന്ന് അയാൾ തിരിച്ചുചോദിച്ചു. അപ്പോൾ ശ്രീബുദ്ധൻ ഇങ്ങനെ മറുപടി പറഞ്ഞു, 'ഞങ്ങൾ നടക്കുമ്പോൾ നടക്കുന്നുവെന്ന് അറിഞ്ഞുകൊണ്ട് നടക്കുന്നു, ഉണ്ണുമ്പോൾ ഉണ്ണുന്നുവെന്ന് അറിഞ്ഞുകൊണ്ട് ഉണ്ണുന്നു, ഉറങ്ങുമ്പോൾ ഉറങ്ങുന്നുവെന്ന് അറിഞ്ഞുകൊണ്ട് ഉറങ്ങുന്നു'. ഇവിടെ ഒരു സർക്കാർ ഞങ്ങൾ ഭരിക്കുന്നുവെന്ന് അറിഞ്ഞുകൊണ്ട്, അറിയിച്ചുകൊണ്ട് ഭരിക്കുന്നു, ഇതാണ് രണ്ടാം പിണറായി വിജയൻ സർക്കാരിന്റെ പ്രത്യേകത. അതുകൊണ്ടാണ് അടുപ്പ് പുകയാത്തവനും ആത്മാഭിമാനമുണ്ട് എന്നൊരു ബോധം മലയാളിക്കുണ്ടായത്, പട്ടിണി അപരാധമല്ല എന്നൊരു ബോധം മലയാളിക്കുണ്ടായത്. അതുകൊണ്ടാണ് രണ്ടാം പിണറായി വിജയൻ സർക്കാർ വന്നത്. ഈ സർക്കാർ അധികാരത്തിലേറിയ നാളുകൾ മുതൽ നേരിടേണ്ടിവന്ന പ്രതിസന്ധികളും വെല്ലുവിളികളും നമ്മുടെ മുമ്പിലുണ്ട്. അതൊരു ചരിത്രപാഠമാണ്. 2017-ലെ മഹാവറുതിയുടെയും വരൾച്ചയുടെയും കാലം, അതുകഴിഞ്ഞ് രണ്ട് മഹാപ്രളയങ്ങൾ, അതിനുശേഷം ഇപ്പോഴും നമ്മുടെയെല്ലാം മുഖങ്ങൾ മറച്ച് മുഖംമൂടിയണിയിച്ച് വിടാതെ പിന്തുടരുന്ന കോവിഡ് കാലം. അതിനെയൊക്കെ നാം അതിജീവിക്കുകയാണ്. മഹാപ്രളയത്തിന്റെ കാലത്ത് 38,000 കോടി രൂപ നമുക്ക് നഷ്ടമായി. കോവിഡിന്റെ ഒന്നാം തരംഗത്തിന്റെ കാലത്ത് 1.56 ലക്ഷം കോടി രൂപയുടെ നഷ്ടമുണ്ടായി. സാമ്പത്തിക പ്രതിസന്ധികളുടെ നടുച്ചുഴിയിൽ വട്ടം തിരിയുന്ന കാലമാണ്. നോട്ട് നിരോധനം സൃഷ്ടിച്ച പ്രതിസന്ധികൾ ഇപ്പോഴും നമ്മെ വിടാതെ പിന്തുടരുകയാണ്. ജി.എസ്.ടി. മറ്റൊരു ആഘാതമായിരുന്നു. അപ്പോഴാണ് ഈ സർക്കാർ പുതിയ കാലത്തിന്റെ ഉത്തരവാദിത്വങ്ങൾ ഏറ്റെടുത്തു

കൊണ്ട്, ഭൂതകാലത്തിന്റെ തടവറയിൽപ്പെടാതെ, വരുംകാലത്തെക്കുറിച്ച് ഉത്കണ്ഠപ്പെട്ട് പകച്ചുനിൽക്കാതെ, ഭരിക്കുന്നുവെന്ന് അറിഞ്ഞുകൊണ്ട് ഭരിച്ചു കൊണ്ടേയിരിക്കുന്നത്. ഈ ഗവൺമെന്റ് കേരളത്തിൽ നിരവധി മാറ്റങ്ങൾക്ക് തുടക്കംകുറിക്കുകയുണ്ടായി. രണ്ടാം പിണറായി വിജയൻ സർക്കാർ അധികാരത്തിലേറിയപ്പോൾ എടുത്ത ഒന്നാമത്തെ തീരുമാനം അതീവദരിദ്രർ ഇല്ലാത്ത നാടായി കേരളത്തെ മാറ്റുമെന്നതാണ്. ഒന്നാം പിണറായി വിജയൻ സർക്കാർ നവകേരളത്തിനായുള്ള ചുവടുവയ്പ്പുകൾ നടത്തി. ആർദ്രം, ഹരിത കേരളം, ലൈഫ്, പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം തുടങ്ങിയ പദ്ധതികളെല്ലാം എന്തെല്ലാം മാറ്റങ്ങളാണുണ്ടാക്കിയതെന്ന് നമുക്കറിയാം. ഇന്നും വിടാതെ പിന്തുടരുന്ന കോവിഡ് ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിൽനിന്നും വ്യത്യസ്തമായി കേരളത്തിന്റെ സവിശേഷ സാമൂഹ്യ സാഹചര്യങ്ങളിൽ എത്രമാത്രം ആഘാതം സൃഷ്ടിച്ചുവെന്ന് നാം മനസ്സിലാക്കണം. ജനസാന്ദ്രതയിൽ മറ്റ് സംസ്ഥാനങ്ങളെപ്പോലെയാണോ കേരളം? സാമൂഹ്യബന്ധങ്ങളിൽ മറ്റു സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്തമായ അന്തരീക്ഷമുണ്ടായിട്ടുപോലും ഏറ്റവും ഫലപ്രദമായി, പരമാവധി കുറഞ്ഞ ടി.പി.ആർ-ഓടുകൂടി കോവിഡ് മഹാമാരിയെ പ്രതിരോധിക്കാൻ കഴിഞ്ഞുവെന്നാണ് ലോകമാധ്യമങ്ങൾ പറയുന്നത്. ഐക്യരാഷ്ട്രസഭയുടെ സുസ്ഥിര വികസന സൂചികയിൽ തുടർച്ചയായി ഒന്നാം സ്ഥാനം നേടാൻ കഴിയുന്നതും ഇടതുപക്ഷത്തിന് മാത്രം കഴിയുന്ന ഭരണമികവിന്റെ സാക്ഷ്യപത്രമാണ്. അതേസമയം സംസ്ഥാനത്തിന്റെ സവിശേഷമായ സാഹചര്യങ്ങളെ ഉൾക്കൊണ്ടുകൊണ്ട്, വരും കാലത്തേയ്ക്ക് കേരളത്തെ വിജ്ഞാനസമൂഹമായി മാറ്റുന്നതടക്കമുള്ള കാഴ്ചപ്പാടുകൾ മുന്നോട്ടുവയ്ക്കുമ്പോൾത്തന്നെ, നാളത്തെ ഇന്ത്യ എന്തായിരിക്കണമെന്നതിന്റെ ഇന്നത്തെ ഉത്തരമായി പിണറായി വിജയൻ സർക്കാർ മാറിയിരിക്കുന്നു. ഇന്ത്യൻ ജനാധിപത്യത്തിന്റെ ആത്മാവിനുനേർക്ക് ദണ്ഡുകൾ ഉയരുമ്പോൾ അതിനെ പ്രതിരോധിക്കാൻ ആദ്യ മുയരുന്ന ശബ്ദം കേരളത്തിന്റേതാണ്. നോട്ട് നിരോധനം വന്നപ്പോൾ, കേരളത്തിന്റെ മുഖ്യമന്ത്രിയുൾപ്പെടെ മന്ത്രിസഭാംഗങ്ങൾ പ്രക്ഷോഭത്തിനായി തെരുവിലിറങ്ങി. പൗരത്വ നിയമ ഭേദഗതിക്കെതിരായും, കാശ്മീർ വിഭജനത്തിന്റെ പ്രശ്നം വന്നപ്പോഴും, ലക്ഷദ്വീപിനെ കീഴ്പ്പെടുത്താനുള്ള ശ്രമം വന്നപ്പോഴും കേരളത്തിന്റെ രാഷ്ട്രീയ നേതൃത്വം ഇന്ത്യയുടെ ദേശീയരാഷ്ട്രീയ നേതൃത്വമായി മാറിയിരുന്നു. ഇന്ത്യൻ ജനാധിപത്യത്തെ സംരക്ഷിക്കുന്നതിനുള്ള മുന്നണിപ്പോരാളിയായി കേരളത്തിന്റെ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ മാറിക്കഴിഞ്ഞു. ഇന്ത്യൻ ദേശീയ പതാകയ്ക്ക് ഔദ്യോഗിക അംഗീകാരം ലഭിച്ച ദിനമാണ് ജൂലൈ 22. ഒരു മാസം കഴിയുമ്പോൾ ഇന്ത്യൻ സ്വാതന്ത്ര്യത്തിന്റെ എഴുപത്തിയഞ്ചാം വാർഷികാഘോ ഷങ്ങൾക്ക് തുടക്കമാകുകയാണ്. ബി.ജെ.പി. സർക്കാർ നേതൃത്വം നൽകാൻ പോകുന്നത് കണ്ണഞ്ചിപ്പിക്കുന്ന ആഘോഷങ്ങൾക്കാണ്. ഒരാഴ്ചമുമ്പാണ് ഫാ. സ്റ്റാൻ സാമിയെന്ന 84 വയസ്സുകാരനായ, സാത്വികനായ സന്യാസിയുടെ ചിതാഭസ്മം തലസ്ഥാനനഗരത്തിൽ ഏറ്റുവാങ്ങിയത്. ചുരുക്കിപ്പറഞ്ഞാൽ, ഇന്ത്യ ഇന്ന് ഭരിക്കുന്നതാര്

എന്ന ചോദ്യത്തിന്, ഇന്ത്യ ഇന്ന് ഭരിക്കുന്നത് ഭയമാണ് എന്നാണുത്തരം. ഇന്ത്യൻ ജനതയെ കീഴ്പ്പെടുത്താൻ ഫാസിസ്റ്റുകൾ ശ്രമിക്കുമ്പോൾ ഭയത്തിന്റെ കാർമേഘങ്ങൾ നമുക്കുമുകളിൽ വരികയാണ്. ഒരു രാജ്യത്തെ പൗരന്റെ പൗരാവകാശങ്ങൾ ഇല്ലാതായാൽ, സ്വകാര്യത ഇല്ലാതായാൽ, ആ രാജ്യത്തെ ജനാധിപത്യം മരിച്ചുവെന്നാണ് അർത്ഥം. ഇസ്രായേലി കമ്പനിയുടെ സോഫ്റ്റ്‌വെയറായ പെഗാസസ് ചൂഴ്ന്നിറങ്ങുന്നത് രാഷ്ട്രീയ നേതാക്കളുടെ സ്വകാര്യതകളിലേയ്ക്ക് മാത്രമല്ല, ഈ രാജ്യത്തെ ഭരണത്തിന് നേതൃത്വം നൽകുന്ന ബി.ജെ.പി-ക്ക് ആത്മീയനേതൃത്വവും രാഷ്ട്രീയ നേതൃത്വവും നൽകുന്ന നാഗ്പൂരിലെ സംഘ് ആസ്ഥാനത്തിരിക്കുന്ന ആർ.എസ്.എസ്. നേതൃത്വത്തിലേയ്ക്കും മാധ്യമ പ്രവർത്തകരിലേയ്ക്കുമൊക്കെയാണ്. ഇന്ത്യൻ ജനാധിപത്യത്തിന്റെ കരളിൽ കരിംതേളുകളായി പെഗാസസിന്റെ സൂക്ഷ്മദൃഷ്ടികൾ ചെന്നിറങ്ങുമ്പോൾ ഇന്ത്യൻ ജനാധിപത്യം മരിക്കാൻ തുടങ്ങുകയാണെന്ന ഉത്കണ്ഠ നമുക്കൊക്കെയുണ്ട്. നമുക്കെല്ലാം അറിയാവുന്ന ചരിത്രയാഥാർത്ഥ്യം ഇന്ത്യയിലെ ഇടതുപക്ഷം ഫാസിസ്റ്റുകളെ ചെറുക്കുന്നതിന് പരിമിതികളുള്ള രാഷ്ട്രീയ പ്രസ്ഥാനമാണ് എന്നതാണ്. ചരിത്രപരമായ ഉത്തരവാദിത്വം നിർവഹിക്കാൻ ബാദ്ധ്യതയുള്ള, നൂറ്റാണ്ടിന്റെ പഴക്കമുള്ള ഇന്ത്യൻ നാഷണൽ കോൺഗ്രസ് ആ ഉത്തരവാദിത്വം നിർവ്വഹിക്കാൻ ശ്രമിക്കുന്നുണ്ടോ; ഇപ്പോഴത്തെ അവരുടെ സ്ഥിതി എന്താണ്; അവർ ചെന്നെത്തപ്പെട്ടിരിക്കുന്ന അവസ്ഥയിൽനിന്ന് കരകയറാനുള്ള ഒരു ശ്രമം നടത്താൻ, ഫാസിസ്റ്റുകൾക്ക് എതിരായ ഏറ്റവും ശക്തമായ നിലപാട് സ്വീകരിക്കാൻ കോൺഗ്രസ്സിന് കഴിയുന്നുണ്ടോ? അടുത്തകാലത്ത് ബഹുമാന്യനായ പ്രതിപക്ഷനേതാവ് പങ്കെടുത്ത ഒരു ചാനൽ ചർച്ചയിൽ രാഷ്ട്രപിതാവിന്റെ വധത്തെ ന്യായീകരിച്ചു കൊണ്ട് ഒരു ഫാസിസ്റ്റ് സംസാരിക്കവേ അദ്ദേഹം മൗനം പാലിക്കുകയാണ് ചെയ്തത്. പിന്നീട് അദ്ദേഹം അതിന് നൽകിയ ന്യായീകരണം, അതൊരു സുജനമര്യാദയാണെന്നാണ്. ഫാസിസ്റ്റുകളോട് കാണിക്കുന്ന സുജനമര്യാദ അദ്ദേഹം നിയമസഭയിൽ കാണിക്കാറുണ്ടോ?

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, പോയിന്റ് ഓഫ് ഓർഡർ. ബഹുമാനപ്പെട്ട അംഗം സംസാരിച്ചപ്പോൾ ഞാനൊരു ചാനൽ ചർച്ചയിൽ പങ്കെടുക്കുകയും ഒരു ഫാസിസ്റ്റ് നേതാവ് ഗാന്ധി വധത്തെ ന്യായീകരിച്ച് സംസാരിച്ചപ്പോൾ ഞാൻ മൗനം പാലിക്കുകയും ചെയ്തുവെന്ന് പറഞ്ഞു. അങ്ങനെയൊരു ചർച്ചയിൽ പങ്കെടുത്തതോ ഏതെങ്കിലുമൊരു ഫാസിസ്റ്റ് നേതാവ് സംസാരിച്ചതോ എനിക്കറിയില്ല. ഏത് ചാനൽ ചർച്ചയിലാണ്, ഏത് ദിവസമാണെന്ന് എനിക്കറിയില്ല. ഗാന്ധിവധത്തെ ന്യായീകരിച്ചുകൊണ്ട് ഒരാൾ സംസാരിക്കുകയും ഞാൻ കേട്ടുകൊണ്ടിരിക്കുകയും ചെയ്യുന്ന അനുഭവം ഞാൻ പ്രതിപക്ഷനേതാവായതിനുശേഷമല്ല, എന്റെ ജീവിതത്തിലുണ്ടായിട്ടില്ല. ഇല്ലാത്ത കാര്യങ്ങൾ സഭയിൽ പറയുന്നത് രേഖയിൽനിന്ന് നീക്കം ചെയ്യണം.

മി. ചെയർമാൻ: പരിശോധിക്കാം.*

ശ്രീ. ഐ. ബി. സതീഷ്: സർ, ഞാൻ പറയാൻ ആഗ്രഹിച്ചൊരു കാര്യം, ഇന്നത്തെ ഇന്ത്യൻ രാഷ്ട്രീയ സാഹചര്യത്തിൽ ഫാസിസ്റ്റുകൾ സ്വീകരിക്കുന്ന സമീപനത്തെ പ്രതിരോധിക്കാൻ ഉത്തരവാദിത്വമുള്ള കോൺഗ്രസ് നേതൃത്വം അത് നിർവ്വഹിക്കുന്നില്ല എന്നതാണ്. ഞാനിവിടെ തുടക്കത്തിൽ ചൂണ്ടിക്കാണിച്ചതു പോലെ ഇന്ത്യൻ രാഷ്ട്രീയ സാഹചര്യങ്ങളിലെ ഉത്തരവാദിത്വം ഏറ്റെടുത്ത് മുന്നോട്ടുപോകുന്ന ഇടതുപക്ഷത്തെ ആക്രമിക്കാൻ പരിഹാസ്യമായ ശ്രമമല്ലേ കോൺഗ്രസ് നേതൃത്വത്തിലുള്ള യു.ഡി.എഫ്. നടത്തിക്കൊണ്ടിരിക്കുന്നത്. ഇന്നിവിടെ ഒരു അടിയന്തരപ്രമേയം അവതരിപ്പിക്കുകയുണ്ടായി. ആ അടിയന്തരപ്രമേയം അവതരിപ്പിക്കാൻ അവതാരകനെ തെരഞ്ഞെടുത്തതിന്റെ പിന്നിൽപ്പോലും എന്തെങ്കിലും ദുരുദ്ദേശ്യമുണ്ടോയെന്ന് സംശയമുണ്ട്. പരാതിയിൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യാൻ വൈകിപ്പോയെന്നതാണ് അവതാരകൻ പറഞ്ഞൊരു കാര്യം. എഫ്.ഐ.ആർ-കളിൽ പേരുള്ള ഒരുപാട് പേരുടെ മുഖങ്ങൾ അപ്പുറത്ത് കാണുന്നുണ്ട്. അവരുടെയെല്ലാം പേരുകൾ എണ്ണിയെണ്ണി പറഞ്ഞ് സ്വയം പരിഹാസ്യരാകാൻ ഞങ്ങൾ തയ്യാറാകുന്നില്ല. സംതൃപ്തമായ സ്ത്രീ സമൂഹമുള്ള ഒരു നാട് മാത്രമേ പുരോഗമിക്കപ്പെട്ട നാടായി മാറൂവെന്നുള്ള രാഷ്ട്രീയ സംസ്കാരമാണ് ഇടതുപക്ഷത്തെ നയിക്കുന്നത്. അപ്പുറത്ത് വാദമുഖങ്ങൾ ഉന്നയിക്കുന്നവർ ആത്മനിന്ദയുടെ, സ്വയം പരിഹാസ്യതയുടെ ചെളിക്കുണ്ടിൽ മുങ്ങിത്താഴുകയാണ്. പോത്താനിക്കര പോലീസ് സ്റ്റേഷനിലെ ഒരു ലുക്കൗട്ട് നോട്ടീസ് എന്റെ കയ്യിലിരിപ്പുണ്ട്. ആ നോട്ടീസിന് ആധാരമായ ക്രൈമിനെ സംബന്ധിച്ച് നവമാധ്യമത്തിൽ പ്രചരിക്കുന്ന ഒരു സ്റ്റേറ്റ്മെന്റ് വായിച്ച് ഞാൻ അവസാനിപ്പിക്കുകയാണ്. 'ആ പെൺകുട്ടിയെ പീഡിപ്പിച്ച ആളല്ല ഈ പ്രവർത്തകർ, വ്യത്യസ്തമായൊരു കേസാണ്, അനാവശ്യമായി പ്രതിചേർത്തതാണെന്ന് ആക്ഷേപമുണ്ട്. കുറ്റകൃത്യംചെയ്ത ആളുമല്ല, നമ്മൾ കേട്ടപാതി കേൾക്കാത്തപാതി കാളപെറ്റെന്ന് കേട്ട് കയർ എടുത്തുതുടങ്ങി എന്നുപറയുന്നതുപോലെ നടപടിയെടുത്ത് ഒരാളിന്റെ ജീവിതം തുലയ്ക്കരുതല്ലോ, അങ്ങനെ പറഞ്ഞതാര്? നമുക്കെല്ലാമറിയാം. ഇങ്ങനെ സ്വയം കോടതിയാകുന്ന കോൺഗ്രസ് നേതൃത്വം ഇത്തരം പ്രതിലോമ സംസ്കാരമുള്ളവരെ സംരക്ഷിക്കുന്നവരാണ്. അവരാണ് ഇടതുപക്ഷത്തെ ആക്രമിക്കാൻ ഇറങ്ങിത്തിരിച്ചിരിക്കുന്നതെന്ന് കേരള ജനത തിരിച്ചറിയും. ഇടതുപക്ഷം തുടർച്ചയായി ഭരിക്കുന്ന നാടായി കേരളം മാറുകതന്നെ ചെയ്യും.

---

* ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫ.നമ്പർ 11835/ഇ.ബി./2021/നി.സെ. തീയതി 23-7-2021)സഭാ രേഖകളിൽ നിലനിർത്തി.

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: സർ, 2021-22 സാമ്പത്തികവർഷത്തേയ്ക്കുള്ള പുതുക്കിയ ധനാഭ്യർത്ഥനകളുടെ ഭാഗമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ ഞാൻ സന്തോഷപൂർവ്വം, അഭിമാനപൂർവ്വം പിന്തുണയ്ക്കുകയാണ്. നമ്മുടെ രാജ്യത്തിന്റെയും സംസ്ഥാനത്തിന്റെയും സാമ്പത്തിക-സാമൂഹ്യ-രാഷ്ട്രീയ സാഹചര്യങ്ങൾ എല്ലാവർക്കുമറിയാം. കോവിഡ്-19 മഹാമാരിയാണ് ലോകത്തെ ഗ്രസിച്ചുകൊണ്ടിരിക്കുന്നത്. കോവിഡ് മഹാമാരിക്കെതിരായിട്ടുള്ള മഹായുദ്ധം വിജയകരമായി മുന്നോട്ടുകൊണ്ടുപോകുന്ന സംസ്ഥാനമാണ് കേരളം. ഒന്നാം പിണറായി വിജയൻ സർക്കാർ അധികാരത്തിൽ വന്നപ്പോൾ നിപ്പയും ഓഖിയും പ്രളയവും കോവിഡും പോലുള്ള നിരവധി വെല്ലുവിളികളുണ്ടായി. ഈ ദുരന്തങ്ങളെയെല്ലാം നേരിടുന്നതിൽ ആത്മവിശ്വാസത്തോടെ, ആത്മധൈര്യത്തോടെ, ലക്ഷ്യബോധത്തോടെ ജനങ്ങൾക്കുവേണ്ടി പ്രവർത്തിച്ചതിന്റെ അംഗീകാരമാണ് പിണറായി വിജയൻ സർക്കാരിന്റെ ഭരണത്തുടർച്ച. ദുരന്തങ്ങളിൽനിന്നും കേരളത്തെ രക്ഷിച്ച രക്ഷകനെന്ന നിലയ്ക്ക് ശ്രീ. പിണറായി വിജയൻ നയിക്കുന്ന സർക്കാരിനൊരു തുടർഭരണം വേണമെന്ന അഭ്യർത്ഥന ജനങ്ങൾ നെഞ്ചിലേറ്റി അംഗീകരിക്കുകയുണ്ടായി. പ്രചരണങ്ങളോ പരിപാടികളോ അല്ല, നേരെമറിച്ച് സ്വന്തം ജീവിതത്തിലെ അനുഭവങ്ങളാണ് ജനങ്ങളെക്കൊണ്ട് ഈ പിന്തുണ ചെയ്യിപ്പിക്കാൻ പ്രേരിപ്പിച്ചതെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് ഞാൻ ഓർമ്മിക്കുകയാണ്. ഇതാണ് വസ്തുത. യാഥാർത്ഥ്യബോധത്തോടുകൂടിയുള്ള സമഗ്രമായ പ്രവർത്തന പരിപാടികൾ, സാർവ്വത്രികത, സമഗ്രത, ലക്ഷ്യബോധത്തോടെയുള്ള നിർദ്ദേശങ്ങൾ എന്നിവയാണ് ഈ ബഡ്ജറ്റിലുള്ളത്. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ പലതും വെട്ടിക്കുറയ്ക്കേണ്ടി വന്നെങ്കിലും ആരോഗ്യ അടിയന്തരാവസ്ഥയുമായി ബന്ധപ്പെട്ടുകൊണ്ടുള്ള നടപടികൾ സ്വീകരിച്ചു. ആദ്യ ബഡ്ജറ്റിലുണ്ടായതിനേക്കാൾ കൂടുതൽ മാറ്റങ്ങൾ വരുത്തേണ്ടി വന്നതിന്റെ കാരണം സാഹചര്യം കൂടുതൽ രൂക്ഷമാവുന്നതുകൊണ്ടാണ്. ഇങ്ങനെയുള്ള കാര്യങ്ങളിൽ ഒത്തൊരുമയോടെ മുന്നോട്ടുപോയാൽ മാത്രമേ കേരളത്തെ രക്ഷപ്പെടുത്താൻ കഴിയൂ. രാഷ്ട്രീയത്തിനപ്പുറത്ത് മനുഷ്യ ജീവിതവുമായി ബന്ധപ്പെടുന്ന ജീവൽപ്രധാനങ്ങളായ പ്രശ്നങ്ങളെ യാഥാർത്ഥ്യ ബോധത്തോടുകൂടി നേരിടുന്ന ഒരു ഗവൺമെന്റിന് തീർച്ചയായും ജനങ്ങൾ പിന്തുണ നൽകും. അത് കേവലം ഒരു ഭരണമാറ്റത്തിനകത്ത് മാത്രം നിൽക്കുന്നതല്ല. ഇന്നത്തെ രാഷ്ട്രീയ സാഹചര്യത്തിന്റെ പ്രത്യേകതകൾ നമുക്കെല്ലാം ഒരുപോലെ അറിയാവുന്നതാണ്. ഈ നാടിന്റെ ജനാധിപത്യവും സ്വാതന്ത്ര്യവും മതേതരത്വവും വെല്ലുവിളിക്കപ്പെടുകയാണ്, പരീക്ഷിക്കപ്പെടുകയാണ്. എന്താണ് രാജ്യത്ത് നടക്കുന്നത്; നേരത്തെ ബഹുമാന്യനായ സുഹൃത്ത് മഹാത്മാ ഗാന്ധിയുടെ കാര്യം പറഞ്ഞു, എല്ലാം വലിച്ചെറിയുകയാണ്. ചരിത്രത്തെയും ചരിത്രം സൃഷ്ടിച്ച മഹാരഥന്മാരെയും

കുറിച്ച് അവസാനമായി ഇപ്പോൾ കേൾക്കുന്നത്, പാഠപുസ്തകങ്ങളിലെല്ലാം പുതിയ കാര്യങ്ങളാണ് ഉൾപ്പെടുത്തേണ്ടതെന്ന് തീരുമാനിച്ച് കാവിവൽക്കരണം പ്രിയപ്പെട്ട വിദ്യാർത്ഥികളുടെ മനസ്സിലേയ്ക്ക് അടിച്ചേല്പിക്കുന്നതിനുള്ള നീക്കങ്ങൾ നടക്കുന്നു വെന്നാണ്. ബി.ജെ.പി. ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾത്തന്നെ ആരംഭിച്ചതാണ് വിനാശകരമായ നടപടികൾ. ഇന്ത്യയുടെ ഒന്നാമത്തെ പ്രധാനമന്ത്രി ആരാധ്യനായ പണ്ഡിറ്റ് ജവഹർലാൽ നെഹ്റു നടപ്പിലാക്കിയ പഞ്ചവത്സരപദ്ധതിയും പ്ലാനിംഗ് കമ്മീഷനും കേന്ദ്ര ഗവൺമെന്റ് വലിച്ചെറിഞ്ഞപ്പോഴും ശക്തമായ പ്രതിഷേധം ഉയർന്നില്ല. ഗാന്ധിജിയുടെ ഘാതകനുവേണ്ടി ക്ഷേത്രങ്ങളും പ്രതിമകളും ഈ രാജ്യത്ത് സ്ഥാപിക്കണമെന്ന് ഒരു ഭരണപക്ഷാംഗം ലോക്സഭയിൽ പറഞ്ഞപ്പോഴും വേണ്ട നിലയിൽ പ്രതിഷേധം ഉയർന്നില്ല. പ്രതിഷേധം ഉയർത്തേണ്ടവർ മൗനികളായി മാറി. ഇതൊക്കെയാണ് ഈ രാജ്യത്ത് നടക്കുന്നത്. ഇവിടെ പറഞ്ഞതുപോലെ, ഏറ്റവും അവസാനം ഫാ. സ്റ്റാൻ സാമിയുടെ മരണം, എന്തൊരു ദുരന്തമാണ് രാജ്യം കണ്ടത്. ഒരു വന്ദ്യവയോധികൻ, പൗരാവകാശത്തിനുവേണ്ടി പടയോട്ടം നടത്തിയൊരു മനുഷ്യൻ ഇത്രയും ദാരുണമായി കൽത്തുറങ്കിൽ കിടന്നുരക്തസാക്ഷിയാവുകയാണ്. ലോകംതന്നെ അമ്പരന്നുപോയി. ഇപ്പോഴിതാ സഹോദരി ആയിഷ സുൽത്താനയുടെ കാര്യത്തിലും ഭീഷണി തുടരുന്നു. പരമ്പരാഗതമായി നമ്മുടെ രാജ്യത്തിന്റെ ഭാഗമായ ലക്ഷദ്വീപിലേയ്ക്ക് സഞ്ചരിക്കാനും കാര്യങ്ങൾ പരിശോധിക്കാനും തെരഞ്ഞെടുക്കപ്പെട്ട എം.പി-മാർക്കുപോലും അനുവാദമില്ല. അതിനും നിരോധനമാണ്. എന്തെല്ലാം ഭീകരതയാണ് ഇവിടെ നടക്കുന്നത്; ജനാധിപത്യപരമായ പ്രവർത്തനങ്ങൾ നടത്താൻ കഴിയാത്ത നിലയിൽ രാജ്യത്തിന്റെ ഗതി മാറുകയാണ്. അടുത്ത കാലത്താണ് കേന്ദ്രഗവൺമെന്റ് സഹകരണ നിയമം കൊണ്ടുവന്നത്. കോടതി വിധിയുടെ പശ്ചാത്തലത്തിൽ ചില കാര്യങ്ങളൊക്കെയുണ്ടായിട്ടുണ്ട്. കേരളത്തിലെ സഹകരണ പ്രസ്ഥാനം എല്ലാകാര്യങ്ങളും ചെയ്യാൻ പ്രാപ്തമായതിന്റെയും വിജയകരമായി മുന്നോട്ടുപോയതിന്റെയും അനുഭവങ്ങളാണ് നമ്മുടെ മുന്നിലുള്ളത്. ഭരണഘടനാപരമായി സംസ്ഥാനത്തിന്റെ ഭാഗമായ സഹകരണ പ്രസ്ഥാനത്തെയും കയ്യടക്കാൻ കേന്ദ്ര സർക്കാർ ശ്രമം നടത്തുകയാണ്. അധികാരങ്ങൾ കവർന്നെടുത്ത് രാജ്യത്തിന്റെ സർവ്വ ജനാധിപത്യമൂല്യങ്ങളെയും പാരമ്പര്യങ്ങളെയും ദേശീയതയെയും തകർക്കുന്ന അത്യന്തം വിനാശകരമായ ഒരു ഭരണ ഭീകരതയുടെ അട്ടഹാസമാണ് കേന്ദ്രത്തിൽനിന്ന് കേൾക്കുന്നത് എന്നതൊരു വസ്തുതയാണ്. ഈ സന്ദർഭത്തിലും വികസനപ്രവർത്തനങ്ങളുമായി നമുക്ക് മുന്നോട്ട് പോകേണ്ടതുണ്ട്. പ്രളയകാലത്തും സംസ്ഥാനത്തിനാവശ്യമായ സഹായം നൽകിയില്ലെന്ന് മാത്രമല്ല വിദേശ രാജ്യങ്ങൾ വാഗ്ദാനം ചെയ്ത സഹായം വാങ്ങാൻ മന്ത്രിമാർ പോകാൻ പാടില്ലായെന്ന് നിഷ്കർഷിക്കുകയും ചെയ്തു. കോവിഡ് വാക്സിൻ നൽകുന്നതിൽപ്പോലും രാഷ്ട്രീയം

കാണുകയാണ്. ജി.എസ്.ടി. നഷ്ടപരിഹാരത്തിന്റെ കാര്യത്തിലും കേന്ദ്രഗവൺമെന്റ് സ്വീകരിച്ച നിലപാടുകൾ നമുക്കറിയാം. അങ്ങനെ ഓരോ മേഖലയിലും നമ്മുടെ നാടിന്റെ വികസനപ്രവർത്തനങ്ങളെയും ജനങ്ങളുടെ ആവശ്യങ്ങളെയും തകർക്കുന്ന സമീപനമാണ് സ്വീകരിക്കുന്നത്. രാഷ്ട്രീയവൽക്കരിച്ചുകൊണ്ട് സംസ്ഥാനങ്ങളോട് കാണിക്കുന്ന പക്ഷപാതപരമായ നിലപാടുകളിലൂടെ രാജ്യത്തിന്റെ ജനാധിപത്യവും മതേതരത്വവും തകർക്കപ്പെട്ടുകൊണ്ടിരിക്കുന്ന പശ്ചാത്തലത്തിലാണ് ഇടതുപക്ഷ ജനാധിപത്യമുന്നണിക്ക് തുടർഭരണമുണ്ടായത്. ഈ സാഹചര്യത്തിൽ, ബി.ജെ.പി. ഭീകരഭരണകൂടത്തിനുള്ള ഒരു ബദൽസംവിധാനം എന്താണെന്നുള്ള ചോദ്യത്തിനുള്ള അവിതർക്കിതമായ ഉത്തരമാണ് കേരളത്തിലെ ജനങ്ങൾ ഇക്കഴിഞ്ഞ തെരഞ്ഞെടുപ്പിൽ നൽകിയത്. അതാണ് മഹാഭൂരിപക്ഷം സീറ്റുകളും എൽ.ഡി.എഫ്-ന് ലഭിക്കാൻ കാരണമായത്. ഭരണത്തുടർച്ചയിലൂടെ കേരളം പുതിയ ചരിത്രം തന്നെ സൃഷ്ടിച്ചുകൊണ്ട് കേരളത്തിന്റെ ശക്തിചൈതന്യമായ മുഖ്യമന്ത്രി പിണറായി വിജയനിലൂടെ മുന്നോട്ടുപോകും. ഈ സാഹചര്യങ്ങളിൽ ഒന്നിച്ചുനിൽക്കാൻ എന്താണ് ചെയ്യേണ്ട തെന്നത് ജനങ്ങൾക്കറിയാം. നമുക്ക് മാതൃകാപരമായി പ്രവർത്തിക്കാൻ കഴിഞ്ഞു വെന്നത് വസ്തുതയാണ്. പുതുക്കിയ ബഡ്ജറ്റിൽ കാർഷികപ്രധാനമായ കാര്യങ്ങളും ആരോഗ്യപരിപാലന കാര്യങ്ങളും ഉൾക്കൊള്ളിച്ചിട്ടുണ്ട്. കർഷകർക്ക് പ്രധാന്യം നൽകുന്ന സമ്പദ്ഘടനയാണ് കേരളത്തിലുള്ളത്. ആറ് മാസം മുമ്പ് ആരംഭിച്ച കർഷക പ്രക്ഷോഭത്തിന് പരിഹാരം കാണാൻ ശ്രമിക്കാതെ അതിനെ അവഗണി ക്കുകയാണ്. ആ സമയത്തും കേരളത്തിലെ കാർഷികമേഖലയിൽ നിരവധി മാറ്റങ്ങൾ കൊണ്ടുവരികയും സഹായഹസ്തം നൽകുകയും ചെയ്തു. പച്ചക്കറിക്ക് താങ്ങുവില പ്രഖ്യാപിക്കാൻ നടപടി സ്വീകരിച്ച ഒരു സംസ്ഥാനമാണ് നമ്മുടേത്. കർഷകർക്കും തൊഴിലാളികൾക്കും നൽകിയ സഹായങ്ങളുടെ വിശദമായ കണക്കുകളിലേയ്ക്ക് സമയക്കുറവുകൊണ്ട് ഞാൻ കടക്കുന്നില്ല. തീരദേശം, കൃഷി, ഭക്ഷ്യ പൊതുവിതരണം തുടങ്ങിയ മേഖലകൾക്കായി ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ സാമ്പത്തിക പുനരുജ്ജീവന പദ്ധതികൾ പ്രാവർത്തികമാക്കുന്നതോടുകൂടി കേരളത്തിന് സ്വന്തം കാലിൽ നിൽക്കാൻ കഴിയുമെന്ന് മാത്രമല്ല, ഇന്ത്യയ്ക്കാകമാനം മാതൃകയായി ബി.ജെ.പി. ഭരണകൂടത്തിന് ബദൽ സംവിധാനമായി നിൽക്കാൻ കഴിയുന്ന ഒരു സാഹചര്യം സൃഷ്ടിക്കാൻ സാധിക്കുമെന്നതാണ് അനുഭവസാക്ഷ്യം. ആ നിലയിലാണ് ഇക്കഴിഞ്ഞ ഗവൺമെന്റിന്റെ പ്രവർത്തനങ്ങൾ നടന്നത്. തുടർഭരണത്തിന്റെ രണ്ടുമാസം പൂർത്തിയാകുന്നതേയുള്ളൂ. പ്രകൃതിക്ഷോഭങ്ങൾ, കോവിഡ് മഹാമാരി പോലുള്ള പുതിയ രോഗങ്ങളുടെ കടന്നാക്രമണം തുടങ്ങിയവയെ പ്രതിരോധിക്കു ന്നതിനുള്ള നടപടികൾക്ക്, ആരോഗ്യ അടിയന്തരാവസ്ഥയുൾപ്പെടെയുള്ള കാര്യങ്ങൾക്ക് സാമ്പത്തികാനുകൂല്യങ്ങൾ നീക്കിവച്ച് തൊഴിലാളികൾ, കർഷകർ എന്നുവേണ്ട

സമൂഹത്തിലെ സമസ്ത മേഖലയിലുമുള്ള വിഭാഗങ്ങളെയും സഹായിക്കുന്ന സമഗ്രമായ ബഡ്ജറ്റാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ചിട്ടുള്ളത്. പ്രഖ്യാപനങ്ങൾക്കുമപ്പുറം അത് പ്രാവർത്തികമാക്കാനുള്ള കരുത്തും ശക്തിയും നൽകുന്നതിന് ഭരണപരമായും സാമ്പത്തികമായുമുള്ള കഴിവുകൾ നൽകുന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ പിന്തുണച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. രണ്ടാംതവണയും അധികാരത്തിൽ വന്നത് ഒന്നാം പിണറായി വിജയൻ സർക്കാരിന്റെ ജനക്ഷേമ പദ്ധതികൾക്ക് ജനങ്ങൾ നൽകിയ അംഗീകാരമാണെന്നാണ് ഇവരെല്ലാം പറയുന്നത്. അങ്ങനെയാണെങ്കിൽ രണ്ടാം മോദി സർക്കാർ ഒന്നാം മോദി സർക്കാരിന്റെ ജനക്ഷേമ പദ്ധതികളുടെ അടിസ്ഥാനത്തിൽ അധികാരത്തിൽ വന്നതാണെന്ന അഭിപ്രായം നിങ്ങൾക്കുണ്ടോ; രാജ്യത്തെ കോർപ്പറേറ്റുവത്കരിക്കുകയും വർഗ്ഗീയവത്കരിക്കുകയും ചെയ്തിട്ടുള്ള ഫാസിസ്റ്റ് ഭരണകൂടം വീണ്ടും അധികാരത്തിൽ വരുന്നത് മുൻ സർക്കാരിന്റെ പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിലാണോ; നിങ്ങളുടെ അഞ്ചുവർഷക്കാലത്തെ ഭരണം വിലയിരുത്തിയാൽ അങ്ങനെ പറയാൻ കഴിയുമോ? രണ്ടാം നരേന്ദ്ര മോദി സർക്കാരും രണ്ടാം പിണറായി വിജയൻ സർക്കാരും ഒരേ മാർക്കറ്റിംഗ് തന്ത്രമുപയോഗിച്ചുകൊണ്ട് അധികാരത്തിൽ വന്നതാണെന്ന് പറയാൻ സാധിക്കും. ഈ സംസ്ഥാനത്ത് സ്വർണ്ണക്കള്ളക്കടത്തും അന്വേഷണവും മുഖ്യമന്ത്രിയുടെ ഓഫീസുവരെ എത്തിയതിനുള്ള അംഗീകാരമാണോ ഭരണത്തുടർച്ച? പി.എസ്.സി. ഉത്തരക്കടലാസും ചോദ്യക്കടലാസും പാർട്ടിസഖാക്കളുടെ അടുക്കള വരെ എത്തിച്ചതിന്റെ അംഗീകാരമായിട്ടാണോ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നത്; റാങ്ക് പട്ടികയിൽ ഇടംനേടിയിട്ടും നിയമനം ലഭിക്കാതെ ആത്മഹത്യ ചെയ്യേണ്ടിവന്ന സാഹചര്യത്തിനുള്ള അംഗീകാരമായിട്ടാണോ ഈ സർക്കാർ വീണ്ടും അധികാരത്തിൽ വന്നത്? ജനങ്ങളുടെ ആരോഗ്യവിവരങ്ങൾ അമേരിക്കൻ കമ്പനിക്ക് നൽകാനും പ്രളയകാലത്ത് പമ്പയിൽ അടിഞ്ഞുകൂടിയ മണ്ണ് മറിച്ചുവിൽക്കാനും കേരളത്തിന്റെ ആഴക്കടൽ അമേരിക്കൻ കമ്പനിക്ക് നൽകാനും മുൻസർക്കാരിന്റെ നടപടികൾക്കുള്ള അംഗീകാരമായിട്ടാണോ ഈ സർക്കാർ വീണ്ടും അധികാരത്തിൽ വന്നിട്ടുള്ളത്? രാഷ്ട്രീയ കൊലപാതകങ്ങൾക്കും വ്യവസായ സംരംഭകരുടെ ആത്മഹത്യകൾക്കും വാളയാറിനും ലഭിച്ച പിന്തുണയുടെ ഫലമായിട്ടാണോ ഈ ഗവൺമെന്റ് വീണ്ടും അധികാരത്തിൽ വന്നത്? ബ്രൂവറികളും ഡിസ്റ്റിലറിയും മുഖേന അഴിമതി നടത്തുന്നതിനും ബാറുകൾ യഥേഷ്ടം അനുവദിക്കുന്നതിനും ജനങ്ങൾ നൽകിയിട്ടുള്ള അംഗീകാരത്തിന്റെ ഫലമായിട്ടാണോ ഈ ഗവൺമെന്റ് വീണ്ടും അധികാരത്തിൽ വന്നത്? കാരുണ്യ ബെനവലന്റ് പദ്ധതിയുടെ കരൾ തുരന്നെടുത്തില്ലേ? ശ്രീ. റോഷി അഗസ്റ്റിൻ മന്ത്രിയായിരിക്കുന്ന ഈ

സമയത്ത്, കെ. എം. മാണി പാവങ്ങൾക്കുവേണ്ടി അവതരിപ്പിച്ച കാരുണ്യ പദ്ധതിയെങ്കിലും നടപ്പിലാക്കാൻ അദ്ദേഹത്തിന്റെ സ്വാധീനം ഉപയോഗിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. അതിൽ ഏറ്റവും കൂടുതൽ സന്തോഷിക്കുന്നത് കെ. എം. മാണിയുടെ ആത്മാവായിരിക്കുമെന്ന് ഞാൻ ഈ അവസരത്തിൽ പറയുകയാണ്. ഈ ഗവൺമെന്റ് അഭിമാന പദ്ധതികളായി പ്രഖ്യാപിച്ച ഏതെങ്കിലുമൊരു പദ്ധതി, നൂറുശതമാനമെന്ന് ഞാൻ പറയുന്നില്ല, അമ്പത് ശതമാനമെങ്കിലും പൂർത്തിയാക്കാൻ സാധിച്ചോ? അറുപത്തിമൂവായിരം കോടി രൂപയുടെ കിഫ്ബി പദ്ധതികൾ സംബന്ധിച്ച കണക്ക് രാവിലെ ബഹുമാനപ്പെട്ട മന്ത്രിയോട് ചോദിച്ചപ്പോൾ അദ്ദേഹം കൗശലപൂർവ്വം ഒഴിഞ്ഞുമാറുകയാണുണ്ടായത്. അറുപത്തിമൂവായിരം കോടി രൂപയുടെ പദ്ധതികൾക്ക് അംഗീകാരം നൽകിയെന്നും അത് നടപ്പിലാക്കിയെന്ന തരത്തിലുള്ള പ്രതീതി ജനിപ്പിക്കുകയും ചെയ്തു. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞില്ലെങ്കിലും ഞങ്ങളുടെ കയ്യിൽ കണക്കുണ്ട്. ഇരുപതിനായിരം കോടി രൂപയുടെ പദ്ധതികൾപോലും ആരംഭിക്കാനോ പൂർത്തീകരിക്കാനോ കഴിഞ്ഞില്ല. ഇരുപത്തിയഞ്ച് വർഷത്തിനപ്പുറം നടപ്പിലാക്കേണ്ട പദ്ധതികൾ ഇപ്പോൾത്തന്നെ നടപ്പിലാക്കണമെന്ന ലക്ഷ്യത്തോടുകൂടി ആരംഭിച്ച കിഫ്ബി പദ്ധതികൾ എത്ര വർഷംകൊണ്ട് പൂർത്തിയാക്കാൻ കഴിയും? ഭീമമായ പലിശയ്ക്ക് പണം കടമെടുത്തുകൊണ്ട് നടപ്പിലാക്കുന്ന പദ്ധതികൾ യഥാസമയം പൂർത്തിയായില്ലെങ്കിൽ അതിന്റെ യഥാർത്ഥ ലക്ഷ്യത്തിൽനിന്ന് വ്യതിചലിക്കില്ലേ? ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ 2017 സെപ്റ്റംബർ 20-ലെ ഫെയ്സ്ബുക്ക് പോസ്റ്റിൽ പറഞ്ഞിരിക്കുന്നത് "മലയോര ഹൈവേ 2019-ലും തീരദേശ ഹൈവേ 2020-ലും പൂർത്തിയാക്കും" എന്നാണ്. ഇന്ന് അതിന്റെ അവസ്ഥ എന്താണ്? 1251 കിലോമീറ്റർ ദൈർഘ്യമുള്ള മലയോര ഹൈവേയിൽ 110 കിലോമീറ്റർ 2021 ഫെബ്രുവരി മാസത്തിൽ കമ്മീഷൻ ചെയ്തു. പത്തുശതമാനമെങ്കിലും പൂർത്തിയാക്കാൻ കഴിയണ്ടേ? 2020-ൽ പൂർത്തിയാക്കുമെന്ന് പറഞ്ഞ തീരദേശ ഹൈവേയിൽ 32.7 കിലോമീറ്റർ റോഡും രണ്ട് പാലങ്ങളും മാത്രമാണ് നിർമ്മിച്ചത്. 655 കിലോമീറ്ററിൽ പത്തുശതമാനം പൂർത്തിയാക്കാൻ ഈ ഗവൺമെന്റിന് സാധിച്ചിട്ടുണ്ടോ? ലൈഫ് പദ്ധതിയിൽ ജനുവിനായിട്ടുള്ള അഞ്ചരലക്ഷം അപേക്ഷകൾ ലഭിച്ചിട്ടും രണ്ടേകാൽ ലക്ഷം പേർക്ക് മാത്രമല്ലേ വീട് കൊടുത്തിട്ടുള്ളത്. അമ്പതുശതമാനം പോലും പൂർത്തീകരിക്കാൻ സാധിച്ചിട്ടുണ്ടോ? മത്സ്യത്തൊഴിലാളികളുടെ 'പുനർഗേഹം' പദ്ധതിയിൽ പതിനെട്ടായിരം പേരെ മാറ്റിപ്പാർപ്പിക്കുമെന്ന് പറഞ്ഞു. ഇതുവരെ പൂർത്തിയാക്കിയത് 261 വീടുകൾ മാത്രമാണ്. 1528 ആളുകളുടെ ഭൂമി മാത്രമാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഇതിനെല്ലാമുള്ള അംഗീകാരമായിട്ടാണോ എൽ.ഡി.എഫ്. വീണ്ടും അധികാരത്തിൽ വന്നത്? 2019 ഡിസംബർ മാസം പൂർത്തീകരിക്കേണ്ട വിഴിഞ്ഞം പദ്ധതി എന്ന് പൂർത്തീകരിക്കാൻ കഴിയും? ഇങ്ങനെയുള്ള ഭരണ

നടപടികൾക്കുള്ള അംഗീകാരമായിട്ടാണോ വീണ്ടും അധികാരത്തിൽവന്നത്? ശ്രീ. നരേന്ദ്ര മോദി അധികാരത്തിൽ വന്നത് ജനങ്ങളുടെ കാഴ്ച മറച്ചുകൊണ്ടാണ്. അവരുടെ ബോധമനസ്സിനെപ്പോലും നിങ്ങളുടെ പി.ആർ. തന്ത്രങ്ങൾകൊണ്ട് നിയന്ത്രിച്ചു. 420,000 വീട് കൊടുത്ത ഉമ്മൻ ചാണ്ടി സർക്കാരിനേക്കാൾ മികച്ചതാണ് രണ്ടേകാൽ ലക്ഷം വീട് കൊടുത്ത പിണറായി വിജയൻ സർക്കാരെന്ന് പറയാൻ പി.ആർ. പ്രവർത്തനങ്ങളിലൂടെ സാധിച്ചു. ഞങ്ങൾ വീട് മാത്രമേ കൊടുത്തുള്ളൂ; പാലുകാച്ചാൻ പോയില്ല. ചരിത്രത്തിൽ ഏറ്റവും കൂടുതൽ പുതുതായി പെൻഷൻ നൽകിയത് യു.ഡി.എഫ്. ഭരണകാലത്താണ്. പതിനാല് ലക്ഷത്തിൽനിന്ന് മുപ്പത്തിനാല് ലക്ഷം പേർക്ക് പെൻഷൻ കൊടുത്തിട്ടുണ്ട്. ഉമ്മൻ ചാണ്ടി സർക്കാരിന്റെ ഭരണകാലത്ത് ഇരുപത് ലക്ഷം പേർക്ക് പുതുതായി പെൻഷൻ നൽകുകയുണ്ടായി. ഞങ്ങൾ പെൻഷൻ മാത്രമേ നൽകിയുള്ളൂ. നിങ്ങൾ പെൻഷൻ നൽകിയതോടൊപ്പം വോട്ടുചെയ്യാനുള്ള സ്ലിപ്പും കൊടുത്തു. ഇതുമാത്രമേയുള്ളൂ വ്യത്യാസം. ഉമ്മൻ ചാണ്ടി സർക്കാർ ഒരു രൂപ പോലും വാങ്ങാതെ റേഷനരി കൊടുത്തെങ്കിൽ നിങ്ങൾ രണ്ടുരൂപ വാങ്ങിയിട്ടാണ് കൊടുത്തത്. രണ്ടുരൂപയ്ക്ക് വാങ്ങുന്നതാണ് ഏറ്റവും മഹത്തരമെന്ന് നിങ്ങൾക്ക് ജനങ്ങളുടെ ഇടയിൽ പറഞ്ഞുഫലിപ്പിക്കാൻ സാധിച്ചു. അതാണ് നിങ്ങളുടെ പി.ആർ. പ്രവർത്തനത്തിന്റെ വിജയം. അതാണ് ശ്രീ. നരേന്ദ്ര മോദിയുടെയും വിജയം.

കോവിഡ് മരണങ്ങളുടെ കണക്ക് മറച്ചുവച്ചില്ലേ? എന്റെ നിയോജക മണ്ഡലത്തിൽമാത്രം 406 കോവിഡ് മരണങ്ങളുണ്ടായിട്ടുണ്ട്. കണക്കും രേഖകളും അഡ്രസ്സുമടക്കം ഞാനിവിടെ കാണിക്കാൻ തയ്യാറാണ്. ഒരു നിയോജകമണ്ഡലത്തിൽ 406 കോവിഡ് മരണം നടന്നിട്ടുണ്ടെങ്കിൽ കേരളത്തിൽ ശരാശരി 250 മരണങ്ങളെങ്കിലും ഉണ്ടാകില്ലേ? ഞാൻ വളരെ ഉത്തരവാദിത്വത്തോടുകൂടി പറയുന്നു. കേരളത്തിൽ മുപ്പതിനായിരത്തിനും അമ്പതിനായിരത്തിനും ഇടയിൽ കോവിഡ് മരണങ്ങളുണ്ടായിട്ടുണ്ട്. ഇതിനെക്കുറിച്ച് ജോയിന്റ് പാർലമെന്ററി സമിതിയെ വച്ച് അന്വേഷിക്കാൻ ഈ ഗവൺമെന്റ് തയ്യാറാകണമെന്നാണ് എനിക്ക് ഈ അവസരത്തിൽ അഭ്യർത്ഥിക്കാനുള്ളത്. ഇത് കോവിഡ് മരണംവിഴുങ്ങികളുടെ സർക്കാരായി മാറിയിരിക്കുകയാണ്. മരണം വിഴുങ്ങിയതുകൊണ്ടാണോ എന്നറിയില്ല കോവിഡ് കേരളം വിട്ടുമാറുന്നില്ല. രണ്ടര മാസംകൊണ്ട് സ്ഥിതി ഏറ്റവും മോശമായിരുന്ന ഡൽഹിയിൽ ടി.പി.ആർ. നാലുശതമാനത്തിൽ താഴെയായി. നമ്മുടേതിനെക്കാൾ എത്രയോ ഇരട്ടി വലിപ്പമുള്ള തൊട്ടടുത്ത സംസ്ഥാനമായ തമിഴ്നാട്ടിൽ ദിവസേനയുള്ള പോസിറ്റീവ് കേസുകൾ വെറും രണ്ടായിരത്തിൽ നിൽക്കുന്നു. ഇവിടെ എന്താണ് സംഭവിച്ചത്? ഒന്നാം തരംഗത്തിൽ സർക്കാർ സ്വീകരിച്ച നടപടികളിൽ ഞങ്ങൾ പൂർണ്ണ തൃപ്തരല്ല. പക്ഷേ, അത്രയും ഇടപെടലുകൾപോലും രണ്ടാം തരംഗത്തിൽ നടത്തുന്നില്ല

എന്നതാണ് വാസ്തവം. കോവിഡ് ടി.പി.ആർ. ഇന്നും പത്തിന് മുകളിൽത്തന്നെ നിൽക്കുന്നു. ഈ രാജ്യത്ത് ഏറ്റവുമധികം ടി.പി.ആർ. നിരക്ക് കാണിക്കുന്ന സംസ്ഥാനങ്ങളിലൊന്നായി കേരളം മാറി. ഈ ഗവൺമെന്റ് നിരവധി അവാർഡുകളുടെ പുറകെ പോയിട്ടുണ്ട്. യഥാർത്ഥത്തിൽ കേരളത്തിന് ലഭിക്കേണ്ടത് 'കോവിഡ് മിത്ര' അവാർഡാണ് എന്നാണ് എനിക്ക് ഈ അവസരത്തിൽ പറയാനുള്ളത്. കേരളത്തിൽ പാർശ്വവൽക്കരിക്കപ്പെട്ടവർക്കും കഷ്ടപ്പെടുന്നവർക്കുമുള്ള ധനസഹായം യഥാസമയം നൽകുന്നുണ്ടോ? പൂർണ്ണശയ്യാവലംബരായവർക്ക് പ്രതിമാസം നൽകുന്ന ധനസഹായം പതിമൂന്ന് മാസമായും കിഡ്നി രോഗികൾക്ക് ഡയാലിസിസിന് പ്രതിമാസം നൽകുന്ന ധനസഹായമായ 1,100 രൂപ പതിനാല് മാസമായും കിഡ്നി മാറ്റിവയ്ക്കപ്പെട്ടവർക്ക് നൽകുന്ന ധനസഹായം ഒൻപത് മാസമായും കുടിശ്ശികയാണ്. ഇക്കാര്യം പരിശോധിക്കണം. ചികിത്സ മുടങ്ങാൻ പാടില്ലാത്ത ഹീമോഫീലിയ രോഗികൾക്കുള്ള ധനസഹായം അഞ്ച് മാസമായി മുടങ്ങിക്കിടക്കുകയാണ്. അരിവാൾ രോഗികൾക്കെങ്കിലും ധനസഹായം കുടിശ്ശികയില്ലാതെ നൽകണം. അവിവാഹിതരായ അമ്മമാർക്കുള്ള രണ്ടായിരം രൂപയുടെ ധനസഹായം പതിനൊന്ന് മാസമായി കുടിശ്ശികയാണ്. യൂണിഫോം നെയ്യുന്ന കൈത്തറിത്തൊഴിലാളികളുടെ കൂലി ആറ് മാസമായി കുടിശ്ശികയാണ്. കുടുംബനാഥൻ മരണപ്പെട്ടവർക്ക് ലഭിക്കുന്ന കുടുംബക്ഷേമ പദ്ധതി 2016 മുതൽ മുടങ്ങിക്കിടക്കുകയാണ്. ഇതല്ലേ ഇവിടത്തെ സ്ഥിതി?

മി. ചെയർമാൻ: അങ്ങയുടെ സമയം കഴിഞ്ഞു.

ശ്രീ. എം. വിൻസെന്റ്: സർ, ഒരു മിനിറ്റുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. ഇന്ത്യ ഭരിക്കുന്നത് ഭയമാണെന്ന് ശ്രീ. ഐ. ബി. സതീഷ് ഇവിടെ പറയുകയുണ്ടായി. ഇന്ന് കേരളം ഭരിക്കുന്നത് ഭയമല്ലേ? നിയമവിധേയമായി പ്രവർത്തിച്ച സെക്രട്ടേറിയറ്റിലെ ഒരു അണ്ടർ സെക്രട്ടറിക്ക് നൽകിയ ഗുഡ് സർവീസ് എൻട്രിപോലും റദ്ദാക്കിയിരിക്കുന്നു. മരംമുറി കേസിലെ പ്രതികൾക്ക് നൽകുന്നതിനുവേണ്ടിയാണ് ഈ ഗുഡ് സർവീസ് എൻട്രി അവർ റദ്ദാക്കിയിരിക്കുന്നത് എന്നാണ് എനിക്ക് തോന്നുന്നത്. ശ്രീമതി ഒ. ജി. ശാലിനി എന്ന അണ്ടർ സെക്രട്ടറിയിൽനിന്ന് റദ്ദാക്കിയ ഗുഡ് സർവീസ് എൻട്രി മരംമുറി കേസ്സിലെ പ്രതികൾക്ക് നൽകി ഉത്തരവിറക്കാനും ഈ സർക്കാർ മടിക്കുകയില്ല എന്നുമാത്രമേ എനിക്ക് ഈ അവസരത്തിൽ പറയാനുള്ളൂ.

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്.....

ശ്രീ. എം. വിൻസെന്റ്: സർ, നിഷ്ക്രിയത്വത്തിന്റെയും സ്വജനപക്ഷ പാതത്തിന്റെയും ഗവൺമെന്റിന് നൽകിയ അംഗീകാരമല്ല ഈ ജനവിധി എന്നുപറഞ്ഞുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. ഇ. കെ. വിജയൻ: സർ, ബഹുമാന്യനായ മുഖ്യമന്ത്രി അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ ഞാൻ സർവ്വാത്മനാ പിന്തുണയ്ക്കുകയാണ്. കഴിഞ്ഞ അഞ്ച് വർഷക്കാലം ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ് സ്വീകരിച്ച നിലപാടുകളുടെ ഭാഗമാണ് ഈ ഭരണത്തുടർച്ച. നാല് മിഷനുകൾ പ്രഖ്യാപിച്ച് വിജയകരമായി പൂർത്തീകരിച്ചതിന്റെ അടിസ്ഥാനത്തിൽ ജനവിശ്വാസം ആർജ്ജിക്കാൻ കഴിഞ്ഞതിന്റെ ഭാഗമായി എൽ.ഡി.എഫ്-ന്റെ ജനപിന്തുണ വർദ്ധിക്കുകയും സീറ്റുകളുടെ എണ്ണം 99 ആയി ഉയരുകയും ചെയ്തു. ഒട്ടേറെ പ്രതിസന്ധികളെ തരണം ചെയ്താണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. പ്രതിസന്ധിഘട്ടങ്ങളിൽ ജനങ്ങളോടൊപ്പം നിൽക്കാൻ യു.ഡി.എഫ്-ഉം എൻ.ഡി.എ-യും തയ്യാറായില്ല. അന്നൊരാൾ യു.ഡി.എഫ്-നോടൊപ്പം പ്രതിപക്ഷത്തുണ്ടായിരുന്നു. അവർ രണ്ടുപേരുംകൂടി ചേർന്ന് കേന്ദ്ര ഗവൺമെന്റിനെ സ്വാധീനിച്ച് അവരുടെ കീഴിലുള്ള എല്ലാ ഏജൻസികളെയും കൊണ്ടുവന്ന് അന്വേഷിപ്പിച്ച് ഈ ഗവൺമെന്റിനെ എങ്ങനെ താഴെയിറക്കാൻ കഴിയുമെന്നായിരുന്നു പരീക്ഷിച്ചത്. 1957-ൽ ജനാധിപത്യവിരുദ്ധമായി ചെയ്ത അടവ് ഇപ്പോൾ നടക്കില്ലെന്ന് തോന്നിയപ്പോഴാണ് കേന്ദ്ര ഏജൻസികളെക്കൊണ്ട് അന്വേഷിപ്പിച്ച് ഈ ഗവൺമെന്റിനെ താഴെയിറക്കാമെന്ന ധാരണയോടുകൂടി അവർ പ്രവർത്തിച്ചത്. കേരളമൊഴികെ ഇന്ത്യയിലെ കോൺഗ്രസ് ഭരിക്കുന്ന മറ്റ് സംസ്ഥാന ഗവൺ മെന്റുകളുടെ മുഖ്യമന്ത്രിമാരും രാഷ്ട്രീയ നേതാക്കളും കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ച നിലപാടിനെതിരെ ശക്തമായി പ്രതിഷേധിക്കുകയും സമരം ചെയ്യുകയും ചെയ്തിരുന്നു. അതിന് വിഭിന്നമായി കേരളത്തിലെ യു.ഡി.എഫ്. ബി.ജെ.പി-യോടൊപ്പം ചേർന്നുകൊണ്ട് കേന്ദ്ര ഗവൺമെന്റ് എടുക്കുന്ന നിലപാടുകൾക്ക് പിന്തുണ നൽകുന്ന സമീപനമാണ് കൈക്കൊണ്ടിരുന്നത്. പക്ഷേ, ജനങ്ങൾ ഈ ഗവൺമെന്റിൽ അർപ്പിച്ച വിശ്വാസത്തിന്റെ അടിസ്ഥാനത്തിലാണ് വീണ്ടും കേരളീയ സമൂഹം വമ്പിച്ച ഭൂരിപക്ഷത്തോടുകൂടി ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റിനെ തുടർഭരണത്തിനുവേണ്ടി തെരഞ്ഞെടുത്തത്. തെരഞ്ഞെടുപ്പിനുമുമ്പ് ആരായിരിക്കും കേരളത്തിന്റെ ഭാവി മുഖ്യമന്ത്രി എന്നത് സംബന്ധിച്ച് വിവിധ ചാനലുകൾ സർവ്വേ നടത്തിയിരുന്നു. ശ്രീ. പിണറായി വിജയന്റെ പേരുമാത്രമാണ് സർവ്വേ റിപ്പോർട്ടിൽ പറയേണ്ടിവന്നത്. ഇപ്പോൾ നേടിയ സീറ്റുകളുടെ എണ്ണത്തിന് സമാനമായ സീറ്റുകൾ കരസ്ഥമാക്കാൻ കഴിയുമെന്നും പറഞ്ഞു. ഇത് പുലിവാലാകുമെന്ന് അവർക്കുതന്നെ ബോധ്യപ്പെട്ടപ്പോൾ എങ്ങനെ സീറ്റ് കുറച്ചെടുക്കാൻ കഴിയുമെന്ന പരീക്ഷണവും കേന്ദ്ര ഏജൻസികൾക്ക് പിന്തുണ നൽകുന്ന ഒട്ടേറെ വാർത്തകൾ നൽകാനുള്ള സമീപനങ്ങളും കൈക്കൊണ്ടെങ്കിൽപ്പോലും കേരളീയ ജനതയുടെ മനഃസാക്ഷിയെ തൊട്ടുണർത്താൻ അതിനൊന്നും കഴിഞ്ഞില്ല. കേരളത്തിലെ ഗവൺമെന്റിന്റെ പ്രവർത്തനങ്ങളെ നേരിട്ട് കാണുകയും വിലയിരുത്തുകയും ചെയ്യുന്നതിന്റെ ഭാഗമായാണ് മികച്ച വിജയം കരസ്ഥമാക്കാൻ കഴിഞ്ഞത്.

ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ സുസ്ഥിര വികസനത്തിൽ കേരളം ഒന്നാമതാണ്. ന്യൂഡൽഹി ആസ്ഥാനമായ സെന്റർ ഫോർ സയൻസ് ആൻഡ് എൻവയോൺമെന്റിന്റെ വാർഷിക ഇന്ത്യൻ പരിസ്ഥിതി സർവ്വേയിലാണ് കേരളം മികവ് പുലർത്തിയത്. കേരളത്തിന് പിറകിലുള്ള മറ്റ് സംസ്ഥാനങ്ങളുടെ പേരുകൾ പറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല. അതോടൊപ്പം യു.എൻ. പ്രഖ്യാപിച്ച പട്ടിണി ഒഴിവാക്കൽ, ആരോഗ്യവും ജനക്ഷേമവും, വിദ്യാഭ്യാസ നിലവാരം, സ്ത്രീപുരുഷ സമത്വം തുടങ്ങിയ പതിനാറ് സൂചികകളെ അടിസ്ഥാന മാക്കിയുള്ള സർവ്വേയിലും പരിശോധനകളിലും കേരളം ഒന്നാമതാണെന്ന് കണ്ടെത്തിയിരിക്കുകയാണ്. എൽ.ഡി.എഫ്. ഗവൺമെന്റ് പ്രഖ്യാപിച്ച ഹരിത കേരളം മിഷന്റെ ഭാഗമായി വലിയ ജനകീയ മുന്നേറ്റമുണ്ടാക്കാൻ കഴിഞ്ഞു. പുഴകൾ പുനഃസൃഷ്ടിക്കപ്പെട്ടു. നദികളും കുളങ്ങളും ചിറകളുമെല്ലാം ശുദ്ധീകരിക്കുന്ന പ്രവർത്ത നങ്ങളിലും നമ്മുടെ പ്രദേശങ്ങളാകെ പാരിസ്ഥിതികമായി നേരിടുന്ന ഭീഷണികളെ തരണം ചെയ്യാനുള്ള പ്രവർത്തനങ്ങളിലും കുട്ടികൾ ഉൾപ്പെടെയുള്ളവരെ പങ്കാളികളാക്കി പ്രവർത്തനങ്ങൾ നടത്തി വലിയ മുന്നേറ്റമുണ്ടാക്കി. ഹരിത കേരളം മിഷന്റെ പ്രവർത്തനത്തിൽ ജാഗ്രത പുലർത്തേണ്ട സാഹചര്യമുണ്ടെന്നാണ് എനിക്ക് തോന്നുന്നത്. കോവിഡിന്റെ കാലയളവിൽ നാട്ടിൽ പ്ലാസ്റ്റിക്കിന്റെ ഉപയോഗം ഗണ്യമായി വർദ്ധിച്ചിരിക്കുകയാണ്.

സാർവ്വദേശീയമായി സംസ്ഥാനത്തിന്റെ വളർച്ചാനിരക്ക് കുറഞ്ഞ കാലയള വാണിത്. കേരളം നല്ല മുന്നേറ്റമുണ്ടാക്കാൻ ശ്രമം നടത്തിയെങ്കിൽപ്പോലും കോവിഡ് സൃഷ്ടിച്ച പ്രതിസന്ധിയിൽനിന്ന് കരകയറാൻ നമ്മൾ ബുദ്ധിമുട്ടുകയാണ്. 2019-മായി താരതമ്യം ചെയ്താൽ കേരളം മികവ് പുലർത്തിയെന്നാണ് നമുക്ക് കാണാൻ കഴിയുന്നത്. ദേശീയ വളർച്ചാ നിരക്കിനേക്കാൾ ഉയർന്നുനിന്നിരുന്ന കേരളത്തിന്റെ വളർച്ചാ നിരക്ക് 2019-20-ൽ കുറച്ച് താഴേയ്ക്കുപോയി. 2018, 2019, 2020 വർഷങ്ങളിലായി ഓഖി ചുഴലിക്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, പ്രളയം ഉൾപ്പെടെയുള്ള ഒട്ടേറെ ദുരന്തങ്ങളാണ് നമുക്ക് നേരിടേണ്ടിവന്നത്. 2021-ലും അത് തുടരുകയാണ്. അന്ന് കേരളത്തെ രക്ഷിക്കാനുള്ള പരിശ്രമത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നമ്മുടെ നാട്ടിലെ ജനങ്ങളോട് 'നമ്മളെ സഹായിക്കാൻ ആരുമില്ല. കേന്ദ്ര ഗവൺമെന്റിന്റെ സഹായം നമുക്ക് ലഭിക്കില്ല. സഹായം നൽകാൻ തീരുമാനിച്ചവരെ അവർ തടയുന്നു. അതുകൊണ്ട് നിങ്ങൾ സഹായിക്കണ'മെന്ന് ആവശ്യപ്പെട്ടു. നമ്മുടെ സംസ്കാരത്തിന്റെ, അല്ലെങ്കിൽ മനസ്സിന്റെയുള്ളിലുള്ള ഒരു ബോധമണ്ഡലത്തിൽ തീർച്ചയായും എല്ലാവരും സഹായിക്കുമെന്ന ധാരണയുണ്ടായിരുന്നു. ഭാരതമെന്ന പേർ കേട്ടാൽ അഭിമാനം കൊള്ളേണ്ടവരാണ് നമ്മൾ. കേരളമെന്ന് കേട്ടാലോ? അതിന് ഉത്തരം നൽകേണ്ടത് ഇവിടെയായിരുന്നു. അതിനെ നിഷേധിക്കാൻ കുറേയാളുകൾ ഈ

നാട്ടിലുണ്ടായി. ഇതിന് ഉത്തരം പറയാനുള്ള ബാദ്ധ്യതയിൽനിന്ന് ആ രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്ക് ഒഴിഞ്ഞുമാറാൻ കഴിയില്ല എന്നുമാത്രമാണ് ഞാൻ സൂചിപ്പിക്കുന്നത്. അതിനെയെല്ലാം തരണം ചെയ്ത് മുന്നോട്ടുപോകാനുള്ള സമീപനം നടത്തിയെങ്കിൽപ്പോലും കോവിഡിനെ നേരിടുന്ന കാര്യത്തിൽ നമുക്കിനിയും ഏറെ മുന്നോട്ട് പോകേണ്ടതുണ്ട് എന്ന് ഞാൻ സൂചിപ്പിക്കുകയാണ്.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

2020-ൽ ലോക സമ്പദ്‌വ്യവസ്ഥ നന്നായി ചുരുങ്ങുമെന്നാണ് സാമ്പത്തിക വിദഗ്ദ്ധർ പറയുന്നത്. 2021 സാമ്പത്തിക വർഷത്തിൽ 26% വരെ ചുരുങ്ങാനുള്ള സാധ്യതയുണ്ടെന്നാണ് സൂചിപ്പിക്കുന്നത്. ഇതോടൊപ്പമാണ് അനിയന്ത്രിതമായ വിലക്കയറ്റവുമുണ്ടാകുന്നത്. പെട്രോൾ, ഡീസൽ വിലക്കയറ്റത്തിനെതിരെ സമരം ചെയ്യുന്നവരാണ് നമ്മൾ. യഥാർത്ഥത്തിൽ ഈ അവസ്ഥ ആരാണുണ്ടാക്കിയത്? പത്തുമുപ്പത് വർഷങ്ങളായി നമ്മുടെ രാജ്യത്ത് നടപ്പിലാക്കിവരുന്ന സാമ്രാജ്യത്വ വികസന നയം തുടങ്ങിയത് കോൺഗ്രസ്സാണ്. നവഉദാരവത്ക്കരണത്തിന്റെയും സ്വകാര്യവത്ക്കരണത്തിന്റെയും ഭാഗമായി ഡീസലിന്റെയും പെട്രോളിന്റെയും പാചകവാതകത്തിന്റെയും വിലനിയന്ത്രണം എടുത്തുകളഞ്ഞതിന്റെ ഫലമായി പ്രതിദിനം രണ്ടുനേരം എന്ന നിലയ്ക്ക് വില വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. അതിനെതിരെയുള്ള സമരം ഇപ്പോൾ അരങ്ങേറുന്നുണ്ട്. ഈ സാമ്പത്തിക നയം ആപത്താണെന്ന് ഞങ്ങൾ പറഞ്ഞപ്പോൾ അത് ചെവിക്കൊള്ളാൻ അന്ന് നിങ്ങൾ തയ്യാറായില്ല. ചെറുകിട കച്ചവടക്കാർ വരെ ആ പ്രക്ഷോഭങ്ങളിൽ അണിനിരന്നു. പക്ഷേ, നിങ്ങൾ അതിൽനിന്നൊക്കെ മാറി നിൽക്കുന്ന സാഹചര്യമാണുണ്ടായത്. കോവിഡിന്റെ സമയത്ത് കൃഷിക്കാർക്ക് പ്രോത്സാഹനം നൽകുന്ന പ്രഖ്യാപനമുണ്ടായതിന്റെ ഭാഗമായി കാർഷിക മേഖലയിലടക്കം സമസ്ത മേഖലകളിലും വലിയ മുന്നേറ്റമുണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. അത്തരത്തിൽ സുഭിക്ഷ കേരളത്തിന്റെ ഭാഗമായ പ്രവർത്തനങ്ങൾ തുടർന്നും മുന്നോട്ടുകൊണ്ടുപോയാൽ മാത്രമേ പ്രതിസന്ധികളെയെല്ലാം തരണം ചെയ്ത് കേരളത്തെ രക്ഷിക്കാൻ കഴിയുകയുള്ളൂ എന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഇത്തരം ഒരു സാഹചര്യത്തിൽ കേരള ഗവൺമെന്റ് സ്വീകരിച്ച നിലപാടുകൾ ഒന്നൊന്നായി എണ്ണിപ്പറയണമെന്നുണ്ടെങ്കിലും സമയക്കുറവുള്ളതുകൊണ്ട് സൂചിപ്പിക്കുന്നില്ല. ജനങ്ങളുടെ കണ്ണീരൊപ്പാൻ കേരളാ ഗവൺമെന്റും മുഖ്യമന്ത്രിയും എൽ.ഡി.എഫ്-മുണ്ടെന്ന് തെളിയിച്ച നിമിഷങ്ങളായിരുന്നു പിന്നിട്ടത്. അതിന്റെ ഭാഗമായി ആറേമുക്കാൽ ലക്ഷം പേർക്കായി 952.87 കോടി രൂപയാണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും ധനസഹായമായി ലഭ്യമാക്കിയത്. കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് അതിലും പിശുക്കായിരുന്നു. ഞാൻ ഒരു ഉദാഹരണം മാത്രമാണ് സൂചിപ്പിച്ചതെന്ന് പറഞ്ഞുകൊണ്ട് എന്റെ പ്രസംഗം നിർത്തുന്നു.

<u>ശ്രീ. എം. എം. മണി</u>: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുകയാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന് തുടർഭരണം ലഭിച്ചത് ഇന്ത്യയിലെ പുരോഗമന ശക്തികൾക്കും ജനാധിപത്യ ശക്തികൾക്കും അങ്ങേയറ്റം ആവേശം പകരുന്നതാണ്. കേരളത്തിന്റെ ചരിത്രത്തിൽ എൽ.ഡി.എഫ്-ന് തുടർഭരണം ലഭിച്ചത് പുതിയ അനുഭവമാണെന്ന കാര്യം ഞാൻ ഈ അവസരത്തിൽ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. എൽ.ഡി.എഫ്-ന് തുടർഭരണം ലഭിച്ച തെരഞ്ഞെടുപ്പുവിജയം ലോകം മുഴുവനും ശ്രദ്ധിക്കുകയും ലോകത്തെമ്പാടുമുള്ള മലയാളികൾക്ക് ആവേശം പകരുകയും ചെയ്തു വെന്ന കാര്യവും പറയാൻ ആഗ്രഹിക്കുകയാണ്. പതിനാലാം കേരള നിയമസഭയുടെ 22-ാം സമ്മേളനത്തിൽ ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ച ബഡ്ജറ്റ് 2022-ലേയ്ക്കുംകൂടി കണക്കാക്കിയിട്ടുള്ളതാണ്. പുതിയ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കഴിഞ്ഞ ബഡ്ജറ്റ് അംഗീകരിക്കുന്നു എന്ന് പ്രഖ്യാപിച്ചുകൊണ്ടുതന്നെയാണ് തുടർ ബഡ്ജറ്റ് അവതരിപ്പിച്ചത്. ഗവൺമെന്റ് ജനങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങൾ ജനക്ഷേമകരമായി നടപ്പിലാക്കുമെന്നതാണ് ബഡ്ജറ്റിൽ പരാമർശിക്കുന്നത്. തെരഞ്ഞെടുപ്പ് വാഗ്ദാനങ്ങൾ നൽകുകയും ബഡ്ജറ്റുകൾ അവതരിപ്പിക്കുമ്പോൾ മറ്റ് താൽപര്യങ്ങൾക്കനുസരിച്ച് ഈ രാജ്യത്ത് പ്രവർത്തിച്ചിട്ടുമുള്ളത് യു.ഡി.എഫ്. സർക്കാരുകളാണ്. ഇപ്പോൾ ശ്രീ. നരേന്ദ്ര മോദിയാണ് ആ രംഗത്ത് പ്രവർത്തനം നടത്തുന്നത് എന്ന കാര്യം ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. എന്നാൽ ഇടതുപക്ഷ ജനാധിപത്യമുന്നണി അങ്ങനെയല്ല. 2016-ൽ മുന്നോട്ടുവച്ച മിനിമം പരിപാടിക്ക് ജനങ്ങൾ അംഗീകാരം നൽകി. 2021-ലെ തെരഞ്ഞെടുപ്പിൽ വീണ്ടും ഒരു മിനിമം പരിപാടികൂടി ഞങ്ങൾ ജനങ്ങൾക്കുമുന്നിൽ അവതരിപ്പിച്ചിരിക്കുന്നു. ജനങ്ങളുടെ നിത്യജീവിതാനുഭവങ്ങളുടെ അടിസ്ഥാനത്തിൽ കഴിഞ്ഞ തവണത്തെക്കാളും കൂടുതൽ ഭൂരിപക്ഷത്തോടെ, 99 അംഗങ്ങളുമായി എൽ.ഡി.എഫ്-നെ വീണ്ടും അധികാരത്തിലെത്തിച്ചു എന്നുപറയുന്നത് നിസ്സാര കാര്യമല്ല. ഇന്ത്യ മുഴുവൻ ശ്രദ്ധിക്കപ്പെട്ട പുരോഗമനവാദികളെ ആവേശംകൊള്ളിച്ച ഒരു രാഷ്ട്രീയ മാറ്റമാണ് കേരളത്തിൽ വന്നതെന്ന കാര്യം ഞാൻ ഈ അവസരത്തിൽ സന്തോഷപൂർവ്വം ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. പ്രതിപക്ഷത്തിരിക്കുന്ന സുഹൃത്തുക്കൾ കോവിഡ്-19-മായി ബന്ധപ്പെട്ട പ്രതിസന്ധിയെക്കുറിച്ച് പറയുകയാണ്. കോവിഡ്-19 സൃഷ്ടിച്ച പ്രതിസന്ധി ഇപ്പോൾ നേരിട്ടുകൊണ്ടിരിക്കുകയാണ്.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട അംഗം, അങ്ങ് മാസ്ക് ധരിച്ചിട്ടില്ല.

<u>ശ്രീ. എം. എം. മണി</u>: സർ, മാസ്ക് ധരിച്ചാൽ ശരിയായി പ്രസംഗിക്കാൻ കഴിയില്ല. അതുകൊണ്ടാണ് മാറ്റി വച്ചത്. മാസ്ക് ധരിക്കാം. ഇപ്പോൾ കോവിഡ് 19-ന്റെ മൂന്നാംവ്യാപന ഭീഷണി നിലനിൽക്കുകയാണ്. കോവിഡ് മഹാമാരിയെ

ഫലപ്രദമായി നേരിടുന്ന കാര്യത്തിൽ അട്ടിമറി സംഘടിപ്പിച്ചത് ഇവിടെ വിമർശനം ഉന്നയിച്ച യു.ഡി.എഫ്. തന്നെയാണ്. ജനങ്ങളെ തെരുവിലിറക്കുകയും ഗവൺമെന്റ് ചെയ്ത ജനക്ഷേമ പരിപാടികൾക്കെതിരെ ആരോപണങ്ങൾ ഉന്നയിക്കുകയും കോവിഡ് മാനദണ്ഡങ്ങൾ ലംഘിക്കുകയും ചെയ്തത് അവരാണ്. 'സഹകരിച്ചില്ലേ എന്നു ചോദിച്ചാൽ സഹകരിച്ചു, എന്നാൽ സഹകരിച്ചോ എന്നുചോദിച്ചാൽ സഹകരിച്ചില്ല' എന്ന നിലപാടാണ് പ്രതിപക്ഷം സ്വീകരിച്ചത്. ക്രിയാത്മകം എന്നെല്ലാം പറഞ്ഞിട്ട് ഫലത്തിൽ അട്ടിമറിക്കുന്ന പ്രവൃത്തിയാണ് ഇവർ ചെയ്തതെന്ന കാര്യത്തിൽ ആർക്കും സംശയത്തിന് വഴിയില്ല. ഒന്ന് പറയുകയും വേറൊന്ന് പ്രവർത്തിക്കുകയും ചെയ്യുകയാണ്. കഴിഞ്ഞ ഗവൺമെന്റ് മുന്നോട്ടുവച്ച വാഗ്ദാനങ്ങൾ പൂർണ്ണമായും നടപ്പിലാക്കിക്കഴിഞ്ഞു. നിങ്ങൾ അട്ടിമറിച്ച ക്ഷേമ പ്രവർത്തനങ്ങളെല്ലാം പുനഃസ്ഥാപിച്ചുകൊണ്ട് നാല് മിഷനുകളുടെ വിജയകരമായ നടത്തിപ്പിലൂടെ ജനപിന്തുണ ആർജ്ജിക്കാൻ എൽ.ഡി.എഫ്-ന് കഴിഞ്ഞു. തുടർഭരണം ലഭിച്ച ഞങ്ങൾ ഒരു മിനിമം പരിപാടികൂടി ജനങ്ങളുടെ മുന്നിൽ അവതരിപ്പിച്ചിരിക്കുകയാണെന്ന കാര്യം ഞാൻ ഈ അവസരത്തിൽ പറയാൻ ആഗ്രഹിക്കുകയാണ്. അതിനിടയിലാണ് ദുരന്തങ്ങൾ വന്നുഭവിച്ചത്. നിപ വൈറസ്, 2018, 2019 വർഷങ്ങളിലെ പ്രളയവും കെടുതികളും, കഴിഞ്ഞ ഒന്നര വർഷത്തിലധികമായി തുടരുന്ന കോവിഡ്-19 എന്നിങ്ങനെയുള്ള പ്രതിസന്ധികളെയാണ് നേരിട്ടുകൊണ്ടിരിക്കുന്നത്. കോവിഡ്-19 വന്ന് അമേരിക്കൻ ഐക്യനാടുകൾ അടക്കമുള്ള രാജ്യങ്ങൾ വലിയ തകർച്ചയിലെത്തിയപ്പോൾ, അതിന് സമാന്തരമായ നിലപാട് നരേന്ദ്ര മോദി ഗവൺമെന്റ് സ്വീകരിച്ചപ്പോഴും ജനങ്ങളോടൊപ്പംനിന്ന് അവരെ ചേർത്തുപിടിക്കാൻ, അവരുടെ കഷ്ടതയിൽ നിശ്ചയദാർഢ്യത്തോടുകൂടി സഹാനുഭൂതിയോടുകൂടി പെരുമാറാൻ ഫലപ്രദമായ നടപടിയാണ് ഈ കൊച്ചു കേരളത്തിലെ ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ് സ്വീകരിച്ചത് എന്നുപറഞ്ഞാൽ ആർക്കും നിഷേധിക്കാൻ കഴിയില്ല. ഈ പ്രവർത്തനങ്ങളെയെല്ലാം അവസരം ലഭിക്കുമ്പോഴൊക്കെ അട്ടിമറിക്കാൻ ശ്രമിച്ചവരാണ് ബഹുമാന്യരായ പ്രതിപക്ഷ സ്നേഹിതരെന്ന കാര്യം ഞാൻ ഈ അവസരത്തിൽ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. 2016-ൽ നൽകിയ വാഗ്ദാനങ്ങൾ പൂർണ്ണമായും പാലിച്ചതിന്റെ അടിസ്ഥാനത്തിൽ ചരിത്രത്തിലാദ്യമായി വീണ്ടും ഞങ്ങൾക്ക് അധികാരം ലഭിച്ചിരിക്കുന്നു. പ്രിയപ്പെട്ട ചില സുഹൃത്തുക്കൾ ചോദിക്കുകയുണ്ടായി, ശ്രീ. നരേന്ദ്ര മോദി രണ്ടാമത് അധികാരത്തിൽ വന്നല്ലോ എന്ന്. ശ്രീ. നരേന്ദ്ര മോദി രണ്ടാമത് അധികാരത്തിൽ വന്നത് യഥാർത്ഥത്തിൽ കോൺഗ്രസ്സുകാർ ബി.ജെ.പി-യിലേയ്ക്ക് പോയതുകൊണ്ടാണ്. ഏഴ് സംസ്ഥാന ഗവൺമെന്റുകളെ അട്ടിമറിച്ചു. കോൺഗ്രസ്സ് ഇന്ന് എവിടെയാണ്? കോൺഗ്രസ്സ് ഇന്ന് ബി.ജെ.പി.യിലാണ്. അങ്ങനെയാണ് ശ്രീ. നരേന്ദ്ര മോദി ശക്തിപ്പെട്ടത്, ബി.ജെ.പി. ശക്തിപ്പെട്ടത്. ഗുജറാത്തിൽനിന്ന് ബി.ജെ.പി.

രാജ്യവ്യാപക ശക്തിയായി വളർന്നത് കോൺഗ്രസ്സുകാർ സ്വന്തം പ്രസ്ഥാനത്തെ വഞ്ചിച്ചുകൊണ്ട് ആർ.എസ്.എസ്-നോടും ബി.ജെ.പി-യോടുംകൂടി ചേർന്നത് കൊണ്ടാണെന്ന കാര്യം വിമർശനം ഉന്നയിച്ച സുഹൃത്ത് മറന്നുപോയെന്നാണ് തോന്നുന്നത്. ഒരു കാര്യം പറയുകയാണ്, ഞങ്ങൾ ബി.ജെ.പി-യോട് കൂടിയിട്ടില്ല. ഞങ്ങളുടെ ഒരു എം.എൽ.എ-യേയും എം.പി-യേയും ശ്രീ. നരേന്ദ്ര മോദിക്ക് വിലയ്ക്കെടുക്കാൻ കഴിഞ്ഞിട്ടില്ല. ഏഴ് സംസ്ഥാന ഗവൺമെന്റുകളെ പണം വാങ്ങി ഒറ്റുകൊടുത്തവരാണ് അപ്പുറത്തിരിക്കുന്ന കോൺഗ്രസ്സിലെ എന്റെ മാന്യ സ്നേഹിതർ എന്ന് ഞാൻ ഈ അവസരത്തിൽ ഉന്നയിക്കുകയാണ്. അങ്ങനെയാണ് ശ്രീ. നരേന്ദ്ര മോദി ശക്തിപ്പെട്ടത്. നിങ്ങളുടെ ചെയ്തികളാണ്, നിങ്ങളാണ് അവരെ ശക്തിപ്പെടുത്തിയത്. എന്നിട്ടും കോൺഗ്രസ്സ് സ്നേഹിതർ ഞങ്ങളെ നോക്കി ഇങ്ങനെ പറഞ്ഞാൽ, 'ഹാ എന്തൊരു വിരോധാഭാസം' എന്നാണ് എനിക്ക് അതുസംബന്ധിച്ച് പറയാനുള്ളത്. കിഫ്ബി പദ്ധതിയിലൂടെ ഈ സംസ്ഥാനത്ത് 60,000 കോടിയിലധികം രൂപയുടെ വികസന പ്രവർത്തനങ്ങൾ നടന്നു. 140 നിയോജകമണ്ഡലങ്ങളിലും നടന്നിട്ടുണ്ട്, അത് ആർക്കെങ്കിലും നിഷേധിക്കാൻ സാധിക്കുമോ? വസ്തുതകൾ മറച്ചുവച്ച് അടിസ്ഥാനമില്ലാത്ത പ്രചരണങ്ങളാണ് യു.ഡി.എഫ്-ന്റെ സ്നേഹിതർ നടത്തുന്നത്. അതുകൊണ്ട് രാജ്യം പ്രതികൂല സാഹചര്യത്തിൽ നിൽക്കുമ്പോൾ, ഇന്ത്യയാകെ വർഗ്ഗീയശക്തികളുടെ പിടിയിലമരുമ്പോൾ, രാജ്യത്തെ മതേതര ശക്തികളും മതന്യൂനപക്ഷ ശക്തികളും വലിയ ഉത്കണ്ഠയോടുകൂടി നോക്കുമ്പോൾ, ആ ജനതയ്ക്ക് ആത്മവിശ്വാസം പകരുന്നതാണ് കേരളത്തിലെ പിണറായി വിജയൻ സർക്കാരിന്റെ പ്രവർത്തനം. കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ വിജയം ആവേശം കൊള്ളിക്കുന്നതാണെന്ന കാര്യം ഞാൻ ഈ അവസരത്തിൽ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. യു.ഡി.എഫ്-കാർ പ്രകടനപ്പത്രിക തയ്യാറാക്കുന്നത്, ജനങ്ങളുടെ മുന്നിൽ അവതരിപ്പിക്കുന്നത് നിങ്ങൾക്ക് ജയിക്കാനാണ്, വോട്ട് പിടിക്കാനാണ്. അധികാരം ലഭിച്ചാൽ പ്രകടനപ്പത്രികയിലെ വാഗ്ദാനങ്ങൾ നടപ്പിലാക്കുന്നതിനുപകരം നിങ്ങളുടെ പദ്ധതി നടപ്പിലാക്കും. എന്നാൽ ഞങ്ങൾ അങ്ങനെയല്ല, ജനങ്ങളുടെ മുന്നിൽ അവതരിപ്പിക്കുന്ന പ്രകടനപത്രികയിലെ വാഗ്ദാനങ്ങൾ പൂർണ്ണമായും നടപ്പിലാക്കും. അതാണ് ഞങ്ങളുടെ പാരമ്പര്യവും ശൈലിയും എന്ന കാര്യം കൂടി ഈ അവസരത്തിൽ ഓർമ്മപ്പെടുത്തുകയാണ്. ഡോ. മാത്യു കുഴൽനാടൻ ചില പ്രശ്നങ്ങൾ പറയുന്നത് കേട്ടു. ഭൂ പ്രശ്നത്തിൽ അദ്ദേഹം സ്വീകരിച്ച നിലപാടെന്താണ്? മൂന്നാർ മേഖലയിൽമാത്രം ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തണമെന്ന് ആലോചിച്ചപ്പോൾ, അതിനെതിരെ ഒരു കോൺഗ്രസ് വനിതയെക്കൊണ്ട് ഹൈക്കോടതിയിൽ കേസ് കൊടുത്ത് കേരളം മുഴുവൻ നിയന്ത്രണം നടപ്പിലാക്കാനുള്ള വിധി സമ്പാദിച്ചയാളാണ്.

സംസ്ഥാന ഗവൺമെന്റ് അതിനെതിരെ അപ്പീൽ നൽകി. ഡോ. മാത്യു കുഴൽ നാടനും അദ്ദേഹത്തിന്റെ നേതാവായ ശ്രീ. പി. ചിദംബരവുമാണ് ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽവന്ന് വാദിച്ചതെന്ന കാര്യം ഞാൻ ഈ അവസരത്തിൽ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്.

2.00 PM]

ഡോ. മാത്യു കുഴൽനാടൻ: സർ, .........

ശ്രീ. എം. എം. മണി: സർ, ഞാൻ ഇതിനൊന്നും വഴങ്ങുന്നില്ല. എനിക്ക് 12 മിനിട്ട് സമയമേയുള്ളൂ. അതിനിടയിൽ വഴങ്ങാൻ സമയമില്ല. നിങ്ങൾ പിന്നെ സംസാരിച്ചോളൂ. ഇപ്പോൾ എനിക്ക് പറയാനുള്ളത് ഞാൻ പറയും. ഇപ്പോൾ കേരളത്തിൽ മുഴുവൻ പ്രതിസന്ധിയാണ്. 1964-ലെ കേരള ഭൂപതിവ് ചട്ടങ്ങളിൽ അനിവാര്യമായ ഭേദഗതി ചെയ്യുമെന്ന് ആദരണീയനായ മുഖ്യമന്ത്രി കേരള ജനതയ്ക്ക് ഉറപ്പ് നൽകി യിട്ടുണ്ടെന്ന കാര്യവും ഞാൻ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. ബഹുമാനപ്പെട്ട വനം-വന്യജീവി വകുപ്പുമന്ത്രി ശ്രീ. എ. കെ. ശശീന്ദ്രനുമായി ബന്ധപ്പെട്ട് ചില പ്രശ്നങ്ങൾ സഭയിൽ പറയുകയുണ്ടായി. സ്ത്രീ സുരക്ഷയെക്കുറിച്ച് പറഞ്ഞത് ശ്രീ. പി. സി. വിഷ്ണുനാഥാണ്. ഉമ്മൻ ചാണ്ടി ഗവൺമെന്റിന്റെ ഭരണകാലത്തുണ്ടായ വിവാദത്തെ ത്തുടർന്ന് നാടുവിട്ട് കർണ്ണാടകയുടെ ചാർജ്ജായിരുന്നു. കുറേനാൾ ഇതിലേ നടക്കാൻപോലും അദ്ദേഹത്തിന് നിർവ്വാഹമില്ലായിരുന്നു. സ്ത്രീ സുരക്ഷയ്ക്കുവേണ്ടി അദ്ദേഹം തന്നെ പ്രമേയം അവതരിപ്പിച്ചുവെന്നുള്ളത് സ്വാഗതാർഹമാണെന്നാണ് എനിക്ക് പറയാനുള്ളത്. അതിനുശേഷം ഇതിനെക്കുറിച്ച് വാദിച്ച ആളാണ് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി. അത് അതിലും കേമമാണ്. അതുകഴിഞ്ഞാൽ ശ്രീ. പി. ജെ. ജോസഫ്, അത് എങ്ങനെയുണ്ട്? എന്റെ പ്രിയപ്പെട്ട സുഹൃത്തുക്കളെ, ഇത് ഗംഭീരമാണ് എന്നുപറയാൻ ഞാൻ ഈ അവസരത്തിൽ ആഗ്രഹിക്കുകയാണ്. കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് നൽകിയ വാഗ്ദാനങ്ങൾ നിറവേറ്റി ചരിത്രത്തിലാദ്യമായി തുടർഭരണം ലഭിച്ചിരിക്കുകയാണ്. ഞങ്ങൾ പറഞ്ഞ വാഗ്ദാനങ്ങൾ പൂർണ്ണമായി നടപ്പിലാക്കും. ഞങ്ങൾ ജനങ്ങളോടൊപ്പം നിൽക്കും. കോവിഡിനെ നേരിടാൻ എല്ലാവരും യോജിച്ച് നിൽക്കണം. കഴിഞ്ഞ നാളുകളിൽ നടത്തിയ പണി ചെയ്യരുതെന്ന് ബഹുമാനപ്പെട്ട യു.ഡി.എഫ്. ബെഞ്ചിനോട് അഭ്യർത്ഥിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുകയാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട ശ്രീ. എം. എം. മണി അനുവദിച്ച സമയം മുഴുവൻ ഉപയോഗിച്ചില്ല. കൃത്യസമയത്ത് പ്രസംഗം നിർത്തി. നന്ദി അറിയിക്കുന്നു. മാത്രമല്ല, മാസ്ക് ഉപയോഗിച്ചതുകൊണ്ട് പ്രസംഗത്തിന് പ്രത്യേകിച്ച് ദോഷമൊന്നും സംഭവിച്ചിട്ടുമില്ല.

<u>ഡോ. മാത്യു കുഴൽനാടൻ</u>: സർ, ഇടുക്കിയിൽ മാത്രമായി ചില നിയന്ത്രണങ്ങൾ നടപ്പിലാക്കാൻ ശ്രമിച്ചുവെന്ന കാര്യം ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചല്ലോ. അത് ശരിയാണെന്ന് ഞാൻ ആർജ്ജവത്തോടുകൂടി പറയുകയാണ്. അങ്ങ് അവിടെനിന്ന് വോട്ട് വാങ്ങി ജയിച്ചുവന്ന ആളാണ്. ഈ രാജ്യത്ത് എങ്ങനെയാണ് ഇടുക്കിക്കാർക്ക് മാത്രം ഒരു നിയമവും ബാക്കിയുള്ളവർക്ക് വേറെ നിയമവുമുണ്ടാക്കാൻ സാധിക്കുന്നത്. ഞാൻ അതുമാത്രമേ ഹൈക്കോടതിയിൽ ചോദിച്ചുള്ളൂ. ഞാൻ പറഞ്ഞതുകൊണ്ട് മാത്രം ഹൈക്കോടതി ഓർഡർ തരില്ല. ഒരു നിയമമുണ്ടെങ്കിൽ അത് ഇടുക്കിക്കാർക്കും തിരുവനന്തപുരത്തുകാർക്കും ബാധകമാണെന്ന് ഹൈക്കോടതി ഈ സർക്കാരിനോട് പറഞ്ഞു. അങ്ങ് അവിടെനിന്നും വോട്ട് വാങ്ങി ജയിച്ചുവന്നിട്ട് നിയമസഭയിൽനിന്ന് അവരെ മാത്രം ഇതിൽ ഉൾപ്പെടുത്തണമെന്ന് പറയുന്നത് എന്ത് മാന്യതയാണ്. എന്തൊരു മര്യാദകേടാണ്?

<u>മി. സ്പീക്കർ</u>: അങ്ങയുടെ വിശദീകരണത്തിൽനിന്നും വ്യക്തമായി. എല്ലാ അംഗങ്ങളോടും മാസ്ക് ധരിച്ച് സംസാരിക്കണമെന്ന് ഒരിക്കൽക്കൂടി പറയുകയാണ്. അതുകൊണ്ട് ചില ബുദ്ധിമുട്ടുകളൊക്കെ പ്രസംഗത്തിനുണ്ടാകും. പക്ഷേ, അത് ധരിക്കാതിരുന്നാലുണ്ടാകുന്ന ബുദ്ധിമുട്ട് അതിനേക്കാൾ വലുതായിരിക്കും.

<u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ സർവ്വാത്മനാ പിന്തുണയ്ക്കുന്നു. കേരളത്തിൽ വീണ്ടും അധികാരത്തിൽ വന്ന ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ ലക്ഷ്യം ഓരോ പൗരന്റേയും ജീവനോപാധിയും ജീവിത സാഹചര്യവും മെച്ചപ്പെടുത്തുകയെന്നതാണ്. അതിനുവേണ്ടി ഈ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമായി പ്രവർത്തിക്കും. ഒരാളും പട്ടിണികിടക്കരുത് എന്നതാണ് ഈ ഗവൺമെന്റിന്റെ ലക്ഷ്യം. നവകേരളമെന്ന് പറയുന്നത് പട്ടിണിയില്ലാത്ത കേരളമാണ്. അതിദരിദ്രരെ കണ്ടെത്തുക എന്ന പ്രഥമകർത്തവ്യം നിറവേറ്റുന്നതിനാവശ്യമായ പദ്ധതികളും നടപടികളും ആരംഭിച്ചുകഴിഞ്ഞു. പല സാഹചര്യങ്ങളിലുംപെട്ട് വരുമാനമില്ലാതെ പാർശ്വവൽക്കരിക്കപ്പെട്ട് ദുരിതമനുഭവിക്കുന്ന ജനതയെ കണ്ടെത്തുകയും സംരക്ഷിക്കുകയും വേണം. അതിനാവശ്യമായ നടപടിയെടുത്ത് ഈ ഗവൺമെന്റ് മുന്നോട്ട് പോകുകയാണ്. സർക്കാർ പ്രഖ്യാപിച്ച നൂറുദിന കർമ്മപരിപാടിയിലെ ഒരിനമാണത്. ഇവിടെ അവതരിപ്പിച്ച ബഡ്ജറ്റ് കേരളത്തിന്റെ സമൂലമായ മാറ്റത്തിന് അടിത്തറ പാകുന്നതാണ്. ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ച ബഡ്ജറ്റിലെയും പുതുക്കിയ ബഡ്ജറ്റിലെയും പ്രഖ്യാപനങ്ങൾ നടപ്പിലാക്കുന്നതിനുവേണ്ടി 2464 കോടി രൂപയുടെ പദ്ധതിയാണ് നൂറ് ദിവസംകൊണ്ട് നടപ്പിലാക്കാൻ പോകുന്നത്. പ്രഖ്യാപനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്ന ഒരു ഗവൺമെന്റാണിത്. കഴിഞ്ഞ ഗവൺമെന്റ് തെരഞ്ഞെടുപ്പ് മാനിഫെസ്റ്റോയിൽ പ്രഖ്യാപിച്ച

600 കാര്യങ്ങളിൽ 550-ഉം നടപ്പിലാക്കി. ഇത്തവണ പ്രഖ്യാപിച്ച 900 കാര്യങ്ങളും നടപ്പിലാക്കുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയ്ക്കും കേരളത്തിനും ഉറപ്പു നൽകിയിട്ടുണ്ട്. സാമൂഹ്യ സുരക്ഷാപെൻഷൻ കൃത്യമായി വിതരണം ചെയ്യുകയെന്നതാണ് കഴിഞ്ഞ സർക്കാർ സ്വീകരിച്ച പ്രധാനപ്പെട്ട നടപടി. യു.ഡി.എഫ്. സർക്കാർ പെൻഷൻ നൽകിയെന്ന് ഒരു അംഗം അവകാശപ്പെടുന്നത് കേട്ടു. നൽകിയില്ലെന്ന് ഞങ്ങൾ പറയുന്നില്ല. പക്ഷേ, സാമൂഹ്യ സുരക്ഷാപെൻഷൻ 600 രൂപയിൽനിന്ന് 1,600 രൂപയാക്കി ഉയർത്തുകയും പെൻഷൻ നൽകുന്നവരുടെ എണ്ണം 34 ലക്ഷത്തിൽനിന്നും 56 ലക്ഷമാക്കി ഉയർത്തുകയും ചെയ്തു. യു.ഡി.എഫ്-ന്റെ ഭരണകാലത്ത് 9311 കോടി രൂപയാണ് അഞ്ച് വർഷംകൊണ്ട് നൽകിയതെങ്കിൽ എൽ.ഡി.എഫ്. കഴിഞ്ഞ അഞ്ച് വർഷംകൊണ്ട് 35,157 കോടി രൂപ നൽകുകയുണ്ടായി. യു.ഡി.എഫ്-ന്റെ ഭരണകാലത്ത് വരുത്തിയ 1437 കോടി രൂപയുടെ കുടിശ്ശികയും എൽ.ഡി.എഫ്. ഗവൺമെന്റാണ് കൊടുത്തുതീർത്തത്. സാമൂഹ്യസുരക്ഷാ പെൻഷനു വേണ്ടി ലഭിച്ച 55,740 അപേക്ഷകൾ പരിഗണിക്കാതെ ബാക്കിവിൽക്കുകയുണ്ടായി. എന്ത് സാമൂഹ്യ സുരക്ഷാ പെൻഷനാണ് യു.ഡി.എഫ്. കൊടുത്തത്; എന്ത് താല്പര്യമാണ് യു.ഡി.എഫ്-നുണ്ടായിരുന്നത്? എൽ.ഡി.എഫ്. ഗവൺമെന്റ് തെരഞ്ഞെടുപ്പ് മാനിഫെസ്റ്റോയിലും പിന്നീട് അധികാരത്തിൽ വന്നതിനുശേഷവും ഘട്ടംഘട്ടമായി 2,500 രൂപയിലേയ്ക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ എത്തിക്കുമെന്ന് പറഞ്ഞു. ജനങ്ങൾ പട്ടിണിയില്ലാതെ കഴിയണമെന്ന സദുദ്ദേശ്യത്തോടെയാണ് സാമൂഹ്യസുരക്ഷാ പെൻഷൻ നൽകിയത്. മഹാമാരിക്കാലത്ത് 20,000 കോടി രൂപയുടെ പാക്കേജ് പ്രഖ്യാപിച്ചു. ലോക്ക്ഡൗൺമൂലം ജോലി നഷ്ടപ്പെട്ട് വരുമാന മില്ലാതെ ജനങ്ങൾ കഷ്ടപ്പെടുന്ന സമയത്താണ് 20,000 കോടി രൂപയുടെ പാക്കേജ് ഇന്ത്യയിൽ ആദ്യമായി ഒരു സംസ്ഥാന സർക്കാർ പ്രഖ്യാപിക്കുകയും പണമായി അവരുടെ കൈകളിൽ നേരിട്ട് എത്തിക്കുകയും ചെയ്തത്. കേരളത്തിൽ എൽ.ഡി.എഫ്. സർക്കാരിന്റെ സഹായം കൈപ്പറ്റാത്ത ഒരാളുപോലുമുണ്ടാകില്ല, അതാണ് ഈ സർക്കാരിന്റെ പ്രത്യേകത. പണമായി, പെൻഷനായി, അരിയായി, കിറ്റായി, ഏതെങ്കിലും രൂപത്തിൽ സഹായം കിട്ടാത്ത ആരാണ് കേരളത്തിലുള്ളത്? ഭരണപക്ഷമെന്നോ പ്രതിപക്ഷമെന്നോ വ്യത്യാസമില്ലാതെ ഈ നാട്ടിലെ ജനങ്ങൾക്കൊക്കെ സഹായം ലഭിച്ചു. പക്ഷേ, യു.ഡി.എഫ്. ഇക്കാര്യത്തിലെടുക്കുന്ന നിലപാടെന്താണ്? ഗവൺമെന്റിനെ ക്രിയാത്മകമായി വിമർശിക്കുകയും പ്രതിപക്ഷത്തിന്റെ ശരിയായ നിലപാട് എടുക്കുകയും ചെയ്യുന്നതിനുപകരം അടച്ചാക്ഷേപിക്കുകയല്ലേ നിങ്ങൾ ചെയ്തത്. എല്ലാ രംഗങ്ങളിലും ആക്ഷേപിച്ചു. അതുമാത്രമല്ല, കോൺഗ്രസ് പാർട്ടിക്ക് ഒരു നിലപാടുമില്ലെന്ന അവസ്ഥയിലേയ്ക്ക് എത്തിച്ചേർന്നു. ഏറ്റവും ഒടുവിൽ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ സ്കോളർഷിപ്പുമായി ബന്ധപ്പെട്ട വിഷയം കോടതിയിലെത്തുകയും കോടതിവിധിയുടെ പശ്ചാത്തലത്തിൽ

ബഹുമാനപ്പെട്ട മുഖ്യമന്ത്രി സർവ്വകക്ഷിയോഗം വിളിക്കുകയും ചെയ്തു. സർവ്വകക്ഷി യോഗത്തിൽ പ്രതിപക്ഷം മുന്നോട്ടുവച്ച നിർദ്ദേശങ്ങളടക്കം അംഗീകരിച്ച് നടപ്പിലാക്കി. അന്ന് ഗവൺമെന്റിനെ പ്രകീർത്തിക്കുകയും ഞങ്ങൾ അംഗീകരിക്കുന്നുവെന്ന് പറയുകയും ചെയ്തുവെങ്കിലും പിറ്റേദിവസം പാണക്കാടുനിന്ന് കണ്ണുരുട്ടിയപ്പോൾ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ മുട്ടുവിറച്ചു. ആരെങ്കിലും കണ്ണുരുട്ടിയാൽ പേടിക്കുന്ന പാർട്ടിയാണോ കോൺഗ്രസ്, കോൺഗ്രസ്സിന് ഒരു നിലപാടുണ്ടോ; എന്താണ് നിങ്ങളുടെ നിലപാട്? നാഷണൽ ഹൈവേയുടെ പ്രശ്നം വന്നപ്പോഴും മലപ്പുറത്തുനിന്നും കണ്ണുരുട്ടിയപ്പോൾ നിങ്ങൾ പേടിച്ച് ഓഫീസും പൂട്ടി പോയില്ലേ; ഗെയിലിന്റെ പ്രശ്നം വന്നപ്പോഴും ഇതുതന്നെ സംഭവിച്ചു, പദ്ധതി നിർത്തി. അതുകൊണ്ടാണ് കോൺഗ്രസ് ഉപ്പുവച്ച കലം പോലെയായിപ്പോയത്. ആളുകൾ കോൺഗ്രസ്സിൽനിന്നും ഒഴിഞ്ഞൊഴിഞ്ഞ് പോകുന്നു. കോൺഗ്രസ്സിന് ഇനി രക്ഷയില്ല. ഇന്നലെ മണിപ്പൂരിൽനിന്നും കോൺഗ്രസ്സിന്റെ പി.സി.സി. അദ്ധ്യക്ഷനും എം.എൽ.എ-മാരും കൂട്ടത്തോടെ ബി.ജെ.പി-യിലേയ്ക്ക് പോയില്ലേ; ബി.ജെ.പി-യിലേയ്ക്ക് പോയാൽ എന്താണ് തെറ്റ്, വേണമെങ്കിൽ പോകുമെന്ന് പറഞ്ഞത് കേരളത്തിലെ കോൺഗ്രസ്സിന്റെ കെ.പി.സി.സി. അദ്ധ്യക്ഷനല്ലേ. ചോറ് കോൺഗ്രസ്സിലും കൂറ് ബി.ജെ.പി-യിലുമുള്ള ഒരു അദ്ധ്യക്ഷൻ കോൺഗ്രസ്സിലല്ലാതെ മറ്റേതെങ്കിലും പാർട്ടി യിലുണ്ടോ; നിങ്ങളുടെ പാർട്ടിക്ക് മാത്രമാണ് അങ്ങനെയൊരു അദ്ധ്യക്ഷനുള്ളത്. ....... (ബഹളം)..... കോൺഗ്രസ്സിന്റെ അദ്ധ്യക്ഷൻ ആരാണ്; കോൺഗ്രസ്സിന്റെ അദ്ധ്യക്ഷൻ ബി.ജെ.പി. ആയി നിൽക്കുന്ന സംസ്ഥാനമാണ് കേരളം. .........(ബഹളം)...... കോൺഗ്രസ് പാർട്ടിക്ക് ഈ നാട്ടിൽ ജനങ്ങളെ കൂടെ നിർത്താൻ കഴിയില്ല. ജനങ്ങൾ നിങ്ങളെ കൈവിട്ടുകൊണ്ടിരിക്കുന്നു. എന്നാൽ മുസ്ലീംലീഗിന്റെ സ്ഥിതി എന്താണ്? ....(ബഹളം)...... മുസ്ലീംലീഗ് പറയുന്നത് എന്താണെന്ന് അറിയാമോ; ശ്രീ. പി. കെ. ബഷീർ പറഞ്ഞത് എന്താണ്; മുസ്ലീം സമുദായത്തിന്റെ അട്ടിപ്പേറവകാശം മുസ്ലീംലീഗിനാണെന്ന് പറഞ്ഞില്ലേ; പക്ഷേ, നിങ്ങൾ ഒരു കാര്യം മനസ്സിലാക്കണം, മുസ്ലീംലീഗിന്റെ അണികൾ ഇപ്പോൾ എവിടെയാണ്? മുസ്ലീംലീഗിൽനിന്ന് കൂട്ടത്തോടെ ചെറുപ്പക്കാർ അന്യംനിന്ന് പോകുകയാണ്. അവർ മുസ്ലീംലീഗിൽനിന്ന് മാറിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, പോയിന്റ് ഓഫ് ഓർഡർ.........

മി. സ്പീക്കർ: ഏത് ചട്ടത്തിന്റെ ലംഘനമാണ് ഉന്നയിക്കുന്നത്?

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): ചട്ടം 307 പ്രകാരമാണ് പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുന്നത്. അദ്ദേഹം പറഞ്ഞത് വളരെ ഗൗരവമുള്ള കാര്യമാണ്. ശ്രീ. സി. എച്ച്. കുഞ്ഞമ്പു കെ.പി.സി.സി. പ്രസിഡന്റിനെക്കുറിച്ച് വളരെ

മോശമായി പ്രസംഗിക്കുകയുണ്ടായി. ഇന്നൽപ്പെടെ പാർലമെന്റിൽ ബി.ജെ.പി-ക്കെതിരായി ശക്തമായ പോരാട്ടം നടത്തുന്ന ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ കെ.പി.സി.സി. പ്രസിഡന്റാണ്. അദ്ദേഹത്തെക്കുറിച്ച് പറഞ്ഞ ഈ ആക്ഷേപം സഭാരേഖകളിൽ ഉണ്ടാകരുത്.

മി. സ്പീക്കർ: അത് പരിശോധിക്കാം.*

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് നടന്ന ഏറ്റവും മാതൃകാപരമായ പ്രവർത്തനം നടത്തി ലൈഫ് പദ്ധതിയിലൂടെ 281,684 വീടുകളാണ് നൽകിയത്. അതിനുമുമ്പ് നാല് ലക്ഷം വീടുകളാണ് നൽകിയതെന്ന് ഒരംഗം പറയുന്നത് കേട്ടു. ആർക്കാണ് കൊടുത്തത്, എവിടെയാണ് കൊടുത്തതെന്നുള്ളത് എവിടെയും പറയുന്നില്ല. കെ.പി.സി.സി. കൊടുക്കുമെന്ന് പറഞ്ഞ ആയിരം വീടുകൾ എവിടെപ്പോയി. എവിടെ കൊടുത്തു, ആർക്ക് കൊടുത്തു? ........(ബഹളം) ......... ആയിരം വീടുകളെന്ന് പറഞ്ഞ് കെ.പി.സി.സി. ഫണ്ട് പിരിച്ച് ഫുഡ് അടിച്ചില്ലേ? .....(ബഹളം) ..... നിങ്ങൾ ഒരു വീടും കൊടുത്തിട്ടില്ല. ....(ബഹളം)........ഒന്നരലക്ഷം വീടുകൾകൂടി നൽകിക്കൊണ്ട് ലൈഫ് പദ്ധതി തുടരുമെന്നാണ് ഈ ഗവൺമെന്റ് പറയുന്നത്. നൂറുദിന കർമ്മ പദ്ധതിയിൽ പതിനായിരം വീടുകൾകൂടി നൽകിക്കൊണ്ട് എൽ.ഡി.എഫ്. ഗവൺമെന്റ് ലക്ഷ്യം പൂർത്തിയാക്കും. വീടില്ലാത്ത പാവപ്പെട്ടവർക്ക് വീട് കൊടുക്കും. ഈ ഗവൺമെന്റ് വിദ്യാഭ്യാസ മേഖലയിൽ നടത്തിയ പ്രവർത്തനങ്ങളിലൂടെ ഏറ്റവും മികച്ച നേട്ടമല്ലേ കൈവരിക്കാൻ കഴിഞ്ഞത്. യു.ഡി.എഫ്-ന്റെ ഭരണ കാലത്ത് സർക്കാർ സ്കൂളുകളിൽനിന്നും അൺഎയ്ഡഡ് സ്കൂളുകളിലേയ്ക്ക് പോയ വിദ്യാർത്ഥികളുടെ എണ്ണം അഞ്ച് ലക്ഷമാണ്. എൽ.ഡി.എഫ്-ന്റെ ഭരണകാലത്ത് അൺഎയ്ഡഡ് സ്കൂളുകളിൽനിന്ന് സർക്കാർ സ്കൂളുകളിലേയ്ക്ക് വന്നത് 6.8 ലക്ഷം കുട്ടികളാണ്. കേരളത്തിലെ വിദ്യാഭ്യാസ മേഖലയിൽ സമൂലമായ മാറ്റം വരുത്താൻ എൽ.ഡി.എഫ്. ഗവൺമെന്റിന് കഴിഞ്ഞുവെന്ന് പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ഡോ. കെ. ടി. ജലീൽ: സർ, 2021 ജൂൺ 4-ന് ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ രണ്ടാം പിണറായി സർക്കാരിനു വേണ്ടി അവതരിപ്പിച്ച പുതുക്കിയ ബഡ്ജറ്റിലെ II, III നമ്പർ ധനാഭ്യർത്ഥനകൾ പാസ്സാക്കണമെന്ന് ആവശ്യപ്പെട്ട് കേരളത്തിന്റെ കരുത്തും പ്രതീക്ഷയുമായ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ അവതരിപ്പിച്ച പ്രമേയത്തെ ഞാൻ

---

* ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫയൽ നമ്പർ 11834/ഇ.ബി/2021/നി.സെ തീയതി 23-7-2021) സഭാ രേഖകളിൽ നിലനിർത്തി.

പിന്തുണയ്ക്കുന്നു. പുതുക്കിയ ബഡ്ജറ്റിന്റെയും ഒന്നും രണ്ടും പിണറായി ഗവൺമെന്റുകൾ അവലംബിക്കുന്ന നയത്തിന്റെയും പൊതുസ്വഭാവം കേരളത്തിലെ എല്ലാ പ്രദേശങ്ങളെയും വിവിധ ജനവിഭാഗങ്ങളെയും വികസനത്തിന്റെ ക്യാൻവാസിൽ ഒരുപോലെ പതിപ്പിക്കാൻ സാധിച്ചുവെന്നുള്ളതാണ്. യു.ഡി.എഫ്-ന്റെ ഭരണകാലത്ത് All are equal, but some are more equal എന്ന തത്വമാണ് സ്വീകരിക്കപ്പെട്ടിരുന്നത്. എല്ലാവരും തുല്യരാണ്, പക്ഷേ, ചിലർ കൂടുതൽ തുല്യരാണ്. എന്നാൽ ഈ ഗവൺമെന്റിന്റെ ഭരണകാലത്ത് All are equal - എല്ലാവരും തുല്യരാണ് എന്ന സങ്കല്പം എല്ലാ അർത്ഥത്തിലും അതിന്റെ സമ്പൂർണ്ണതയിൽ ആവിഷ്കരിച്ച് നടപ്പിലാക്കപ്പെടുകയാണ് ചെയ്തിട്ടുള്ളത്. നാടിനെയും നാട്ടുകാരെയും ഒരേകണ്ണുകൊണ്ട് കാണാൻ ഒരു സർക്കാരിന് കഴിയുകയെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. യു.ഡി.എഫ്. സർക്കാരിന് അതിന് എപ്പോഴെങ്കിലും സാധിച്ചിട്ടുണ്ടോ? വികസന പദ്ധതികൾ തയ്യാറാക്കുമ്പോൾ, ബഡ്ജറ്റിലെ അലോട്ട്മെന്റുകൾ നീക്കിവയ്ക്കുമ്പോൾ കേരളത്തെ ഒരു പ്രതലത്തിൽ കാണാൻ യു.ഡി.എഫ്-ന് കഴിഞ്ഞിരുന്നില്ല. അത് ഒന്നാം പിണറായി വിജയൻ സർക്കാരിന് സാധിച്ചുവെന്നുള്ള ബോദ്ധ്യം കേരളത്തിലെ ജനങ്ങൾക്കുള്ളതുകൊണ്ടാണ് നാനാജാതി മതസ്ഥരായിട്ടുള്ള മുഴുവൻ ജനങ്ങളും ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെകൂടെ പാറപോലെ ഉറച്ചുനിന്നതും ഇടതുമുന്നണിക്ക് ഭരണത്തുടർച്ച നൽകിയതും. ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ച വികസന പദ്ധതികൾക്കുപുറമെ കിഫ്ബി പദ്ധതിയിൽ അമ്പതിനായിരം കോടി രൂപയുടെ പുതിയ വികസന പദ്ധതികൾക്ക് ഒന്നാം പിണറായി സർക്കാർ ആരംഭം കുറിച്ചു. 63,000 കോടി രൂപയുടെ പ്രൊപ്പോസലുകളാണ് അതുമായി ബന്ധപ്പെട്ട് സമർപ്പിക്കപ്പെട്ടത്. 140 നിയോജകമണ്ഡലങ്ങളിലും കിഫ്ബി പദ്ധതികളുടെ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. സ്വപ്നസമാനമായ നേട്ടത്തിലേയ്ക്കാണ് കോവിഡ് കാലം സൃഷ്ടിച്ച പ്രതിസന്ധികളും ബുദ്ധിമുട്ടുകളും നിലനിൽക്കുന്നൊരു സമയത്ത് കേരളം ചുവടുകൾ വയ്ക്കുന്നത്. കേന്ദ്ര ഗവൺമെന്റ് പകച്ചു നിൽക്കുകയാണ്. ഇന്ത്യയിലെ മറ്റെല്ലാ സംസ്ഥാന സർക്കാരുകളും വികസന പദ്ധതികൾക്ക് പണമില്ലാതെ നട്ടംതിരിയുകയാണ്. അത്തരമൊരു ഘട്ടത്തിലാണ് കിഫ്ബി പദ്ധതിക്ക് സർക്കാർ ശക്തമായ ഇനിഷ്യേറ്റീവെടുത്ത് പുതിയ വികസന പദ്ധതികൾ ആവിഷ്കരിച്ച് നമ്മുടെ സംസ്ഥാനത്ത് നടപ്പിലാക്കുന്നത്. കോവിഡ് പ്രോട്ടോക്കോളിനെത്തുടർന്ന് കേരളം അടച്ചുപൂട്ടപ്പെട്ട അവസ്ഥയിലാണ്, നികുതി വരുമാനം കുറവാണ്. പൊതു ഖജനാവിലേയ്ക്ക് പണത്തിന്റെ ഒഴുക്ക് കുറഞ്ഞിരിക്കുന്നു. ഇത്തരമൊരുഘട്ടത്തിൽ ഏതൊരു ഗവൺമെന്റും അന്തിച്ചുപോകും. ഭരണകൂടങ്ങൾ ആശങ്കയോടെ നിൽക്കുന്ന ഒരു ഘട്ടത്തെയാണ് ഇടതുപക്ഷ സർക്കാർ വിജയകരമായി തരണംചെയ്ത് മുന്നോട്ടു പോകുന്നത്. നാഷണൽ ഹൈവേയ്ക്ക് സ്ഥലം ഏറ്റെടുക്കുന്ന പ്രക്രിയ മലബാറിൽ

പൂർത്തിയായത് കഴിഞ്ഞ ഇടതുപക്ഷ സർക്കാരിന്റെ ഭരണകാലത്താണ്. എൽ.ഡി.എഫ്. അല്ലായിരുന്നുവെങ്കിൽ ഈ ഏറ്റെടുക്കൽ സാധിക്കുമെന്ന് ആരെങ്കിലും കരുതുന്നുണ്ടോ? മലപ്പുറം ജില്ലയിൽ ചിലയാളുകൾ കട്ടായം പറഞ്ഞിരുന്നത് ഞങ്ങളുടെ മയ്യത്തിൽ ചവിട്ടിയല്ലാതെ നാഷണൽ ഹൈവേയ്ക്കുള്ള സ്ഥലം ഏറ്റെടുക്കാൻ കഴിയില്ലായെന്നാണ്. ഗെയിൽ വാതക പൈപ്പ്ലൈനിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ മുന്നോട്ടുനീങ്ങിയപ്പോൾ അതിനെയും തടസ്സപ്പെടുത്തി. പിണറായി വിജയൻ സർക്കാർ ഭൂമി നഷ്ടമാകുന്ന എല്ലാവർക്കും ന്യായമായി, കൈനിറയെ പണം നൽകി. കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് മലപ്പുറം കളക്ടറേറ്റിൽവച്ച് ഭൂവുടമകൾക്ക് പണം കൊടുക്കുന്നൊരു ചടങ്ങുണ്ടായത് ഞാൻ ഇന്നും ഓർക്കുന്നു. ആദ്യമായി തുകയേറ്റുവാങ്ങാൻ വേണ്ടി വന്നത്, നാഷണൽ ഹൈവേയുടെ സ്ഥലം ഏറ്റെടുക്കുന്നതിനെതിരായി ഏറ്റവും വലിയ സമരം നടത്തിയ യു.ഡി.എഫ്-ന്റെ ഒരു നേതാവാണ്. അദ്ദേഹം കൈ നിറയെ പണവുമായി കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽനിന്ന് ചിരിച്ച മുഖവുമായിട്ടാണ് തിരിച്ചുപോയത്. ഇടതുപക്ഷ ജനാധിപത്യമുന്നണി ഭരിച്ചുവെന്നുള്ളതുകൊണ്ട് മാത്രമാണ് അത് നടന്നത്. യു.ഡി.എഫ്-ന്റെ ഭരണകാലത്തായിരുന്നെങ്കിൽ ഒരിക്കലും അത് നടക്കുമായിരുന്നില്ല. ഒന്നാമത്, യു.ഡി.എഫ്. സർക്കാരിനെ വിശ്വസിക്കാൻ ജനങ്ങൾ തയ്യാറാകുമായിരുന്നില്ല. സഖാവ് പിണറായി വിജയൻ നൽകുമെന്ന് പറഞ്ഞാൽ അത് നൽകിയിരിക്കുമെന്ന കാര്യത്തിൽ ഒരാൾക്കും സംശയമുണ്ടായിരുന്നില്ല. നമ്മുടെ നാട്ടിൽ ഒട്ടനവധി വികസന പദ്ധതികൾ നടപ്പിലാക്കുന്നതിനാണ് ഇടതുപക്ഷ സർക്കാർ നേതൃത്വം നൽകിയത്. കേരളത്തിന്റെ ചരിത്രത്തിൽ ഇന്നുവരെ ഏതെങ്കിലുമൊരു സർക്കാർ ഇത്രയധികം ഭൂമി പൊന്നും വില കൊടുത്ത് വാങ്ങി വികസന പ്രവർത്തനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ടോ? അപ്പുറത്തിരിക്കുന്നവരെ ഞാൻ വെല്ലുവിളിക്കുന്നു, ഏതെങ്കിലുമൊരു സർക്കാരിന് സാധിച്ചുവെന്ന് നിങ്ങൾക്ക് പറയാൻ കഴിയുമോ? കേരളത്തിന്റെ ഒരറ്റം മുതൽ മറ്റേയറ്റം വരെ നൂറുകണക്കിന് ഹെക്ടർ ഭൂമിയാണ് ഏറ്റെടുത്തത്. കൊച്ചി മെട്രോയ്ക്ക് യു.ഡി.എഫ്. സർക്കാർ സ്ഥലം ഏറ്റെടുത്തത് സംബന്ധിച്ച് ഇവിടെ പറയുന്നത് കേട്ടു. കൊച്ചി നഗരത്തിൽ മാത്രം നിൽക്കുന്ന പദ്ധതിയായിരുന്നില്ല അത്. ഗെയിൽ വാതക പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് സ്ഥലം ഏറ്റെടുക്കേണ്ട സാഹചര്യമുണ്ടായപ്പോഴും ആ ഇച്ഛാശക്തി നാം കണ്ടതാണ്. ജനങ്ങളെ വിശ്വാസത്തിലെടുക്കുന്ന ഒരു സർക്കാരിനും മുഖ്യമന്ത്രിക്കും മാത്രമേ ഇതൊക്കെ സാധിക്കുകയുള്ളൂ. ഇരിക്കുന്ന കൊമ്പ് മുറിക്കുകയാണ് മുസ്ലീംലീഗ് ചെയ്യുന്നത്. എല്ലാ കാലത്തും മതനിരപേക്ഷ നിലപാടിന്റെകൂടെ നിന്നിട്ടുള്ള പാർട്ടിയാണെന്ന് കേരളത്തിലെ പൊതുസമൂഹത്തിന് മുസ്ലീംലീഗിനെ സംബന്ധിച്ച് ഒരു ധാരണയുണ്ട്. ശ്രീ. പി. കെ. ബഷീർ ന്യൂനപക്ഷ വിദ്യാർത്ഥികളുടെ 80:20 സ്കോളർഷിപ്പിന്റെ പ്രശ്നം ഇവിടെ സൂചിപ്പിച്ചു. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയാണ് എനിക്കുശേഷം സഭയെ അഭിസംബോധന

ചെയ്യേണ്ടത്. ചില കാര്യങ്ങളിൽ അദ്ദേഹത്തിൽനിന്ന് വ്യക്തതയുണ്ടാകണമെന്നതാണ് എന്റെ അഭ്യർത്ഥന. "സച്ചാർ കമ്മിറ്റി റിപ്പോർട്ട് മുസ്ലീം പിന്നാക്കാവസ്ഥയെ സംബന്ധിക്കുന്ന പഠനമാണ്, അല്ലാതെ രാജ്യത്തെ എല്ലാ ന്യൂനപക്ഷ വിഭാഗങ്ങളെയും കുറിച്ചല്ല. അതിനാൽ, സച്ചാർ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ മുസ്ലീങ്ങൾക്ക് മാത്രമാകണം" . ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി മുസ്ലീംലീഗിന്റെ ഈ അഭിപ്രായം ഉയർത്തിപ്പിടിക്കുന്ന ആളാണ്, അതിന്റെ നേതാവാണ്. ഞാൻ ഇനി ചോദിക്കുന്ന അഞ്ച് കാര്യങ്ങൾക്ക് അദ്ദേഹത്തിന്റെ പ്രസംഗത്തിൽ മറുപടി പറയണമെന്നാണ് എന്റെ അഭ്യർത്ഥന. .... (ബഹളം).... ശ്രീ. മഞ്ഞളാംകുഴി അലി, ഞാൻ കേരള നിയമസഭയിലെ ഒരംഗമാണ്, ഓട്ടുപൊളിച്ച് ഇവിടെ വന്നതല്ല; നിങ്ങളെപ്പോലെത്തന്നെ തെരഞ്ഞെടുക്കപ്പെട്ട് വന്നതാണ്. കേരള നിയമസഭയിൽ ഒരു പാർട്ടിയുടെ നേതാവിനോട് ചില കാര്യങ്ങളിൽ വ്യക്തത വരുത്തണമെന്ന് പറയുന്നത് അപരാധമാണോ; ആർക്കെങ്കിലും ഈ സഭയിൽ കൊമ്പുണ്ടോ; ഞാൻ അഞ്ച് കാര്യങ്ങളാണ് ചോദിക്കുന്നത്.

(1) സച്ചാർ കമ്മിറ്റി റിപ്പോർട്ടിന്റെ വെളിച്ചത്തിൽ ലീഗിന് പ്രാതിനിധ്യമുണ്ടായിരുന്ന രണ്ടാം യു.പി.എ. സർക്കാരോ ഏതെങ്കിലും സംസ്ഥാന സർക്കാരുകളോ നടപ്പിലാക്കിയ പദ്ധതികളിൽ മദ്രസ്സാ നവീകരണമൊഴിച്ച് മറ്റേതെങ്കിലുമൊരു പദ്ധതി മുസ്ലീങ്ങൾക്ക് മാത്രമായി പരിമിതപ്പെടുത്തിയത് ചൂണ്ടിക്കാണിക്കാൻ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടീ, അങ്ങേയ്ക്ക് കഴിയുമോ? (2) സച്ചാർ കമ്മിറ്റി റിപ്പോർട്ടിനെത്തുടർന്ന് രണ്ടാം യു.പി.എ. സർക്കാരിന്റെ ഭരണകാലത്ത് ആവിഷ്കരിച്ച ഏതെങ്കിലും സ്കോളർഷിപ്പുകളോ മറ്റ് സാമ്പത്തിക ആനുകൂല്യങ്ങളോ മുസ്ലീങ്ങൾക്കു മാത്രം നൽകിയതിന് എന്തെങ്കിലും തെളിവുണ്ടോ? (3) സച്ചാർ കമ്മിറ്റി ശിപാർശയുടെ പശ്ചാത്തലത്തിൽ രണ്ടാം യു.പി.എ. സർക്കാർ അലിഗഢ് മുസ്ലീം യൂണിവേഴ്സിറ്റിയുടെ ഓഫ് ക്യാമ്പസ് കേരളമുൾപ്പെടെ നാല് സംസ്ഥാനങ്ങളിൽ സ്ഥാപിച്ചു. ആ ഓഫ് ക്യാമ്പസുകളിൽ മുസ്ലീം കുട്ടികൾക്ക് മാത്രമാണോ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടീ, പ്രവേശനം നൽകിയത്? കേന്ദ്ര സർവ്വകലാശാലകളിൽ എങ്ങനെയാണോ പ്രവേശനം നൽകുന്നത് അതുപോലെയല്ലേ പ്രസ്തുത ഓഫ് ക്യാമ്പസുകളിലും പ്രവേശനം നൽകിയത്? എല്ലാ മതവിഭാഗങ്ങളിൽപ്പെടുന്ന മെറിറ്റോറിയസായ കുട്ടികൾക്കും പ്രവേശനം നൽകിയില്ലേ? (4) സച്ചാർ കമ്മിറ്റി റിപ്പോർട്ട് മുസ്ലീം പുരോഗതിമാത്രം ലക്ഷ്യംവച്ചുള്ളതായിരുന്നുവെങ്കിൽ എന്തുകൊണ്ടാണ് രണ്ടാം യു.പി.എ. ഗവൺമെന്റ് ഒരു മുസ്ലീം വികസന ഡിപ്പാർട്ടുമെന്റുണ്ടാക്കാൻ സംസ്ഥാന സർക്കാരുകളോട് ആവശ്യപ്പെടാതിരുന്നത്? ഡോ. മൻമോഹൻ സിംഗിന്റെ സർക്കാർ ഒരു ന്യൂനപക്ഷ ഡെവലപ്മെന്റ് ഡിപ്പാർട്ടുമെന്റുണ്ടാക്കണമെന്ന് പറഞ്ഞതിന്റെ അടിസ്ഥാനത്തിലല്ലേ കേരളത്തിലുൾപ്പെടെ മൈനോറിറ്റി ഡിപ്പാർട്ടുമെന്റുകൾ രൂപീകരിച്ചത്. (5) വർഷങ്ങൾക്കുമുൻപ് മുസ്ലീം

പെൺകുട്ടികളെ സ്കൂളുകളിലേയ്ക്ക് ആകർഷിക്കാൻ, ശ്രീ. പി. കെ. ബഷീർ സൂചിപ്പിച്ചതുപോലെ, എട്ടാം ക്ലാസ്സിൽ പഠിക്കുന്ന മുസ്ലീം പെൺകുട്ടികൾക്ക് സ്കോളർഷിപ്പ് പദ്ധതി കേരളത്തിൽ ആവിഷ്കരിച്ചു. സി. എച്ച്. മുഹമ്മദ്കോയ സ്കോളർഷിപ്പ് പദ്ധതി ആവിഷ്കരിച്ചപ്പോൾ മുസ്ലീം കുട്ടികൾക്ക് മാത്രമായല്ല നടപ്പിലാക്കിയത്. നാടാർ സമുദായത്തിലെ എട്ടാം ക്ലാസ്സിൽ പഠിക്കുന്ന ക്രിസ്ത്യൻ, ഹൈന്ദവ പെൺകുട്ടികൾക്കും സ്കോളർഷിപ്പ് നൽകാൻ സി. എച്ച്. മുഹമ്മദ്കോയ തയ്യാറായി. അദ്ദേഹത്തിന്റെ ആ മതേതര വഴിയാണ് പാലോളി കമ്മിറ്റിയും സ്വീകരിച്ചത്. ആരുടെയും ആനുകൂല്യങ്ങൾ ഈ സർക്കാർ കവർന്നെടുത്തിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് ഹൈക്കോടതി വിധി വന്ന പശ്ചാത്തലത്തിൽ സർവ്വകക്ഷിയോഗം വിളിച്ചുകൂട്ടിയപ്പോൾ കോൺഗ്രസ് ഉൾപ്പെടെയുള്ള എല്ലാ രാഷ്ട്രീയപാർട്ടികളും എന്തായിരുന്നു അഭിപ്രായപ്പെട്ടത്? ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയായിരുന്നില്ലേ മുസ്ലീംലീഗ് പ്രതിനിധിയായി ആ യോഗത്തിൽ പങ്കെടുത്തത്. അങ്ങ് എന്താണ് പറഞ്ഞത്? ആർക്കും നഷ്ടവും പരാതിയുമില്ലാത്ത വിധത്തിൽ ഈ പ്രശ്നം പരിഹരിക്കണം. അതിന്റെയടിസ്ഥാനത്തിൽ തീരുമാനമെടുത്തപ്പോൾ ഇത് നാട്ടിലെ ജനങ്ങൾക്കിടയിൽ ചേരിതിരിവുണ്ടാക്കി, വലിയതോതിൽ ആളുകളെ വർഗ്ഗീയമായി വേർതിരിക്കാനാണ് മുസ്ലീംലീഗ് ശ്രമിച്ചത്. വാട്ടർ ടൈറ്റ് കമ്പാർട്ടുമെന്റുകളിലാക്കി വിവിധ മതസമുദായങ്ങളെ മാറ്റുകയെന്നുള്ളത് ബി.ജെ.പി-യുടെ അജണ്ടയാണ്. ആ അജണ്ടയ്ക്ക് ചൂട്ട് പിടിച്ചുകൊടുക്കുന്ന നിലപാട് മുസ്ലീംലീഗും സി. എച്ച്. മുഹമ്മദ് കോയയുടെ പാർട്ടിയും എന്തിനെടുക്കുന്നു? മുസ്ലീം പെൺകുട്ടികളുടെ സ്കോളർഷിപ്പ് നാടാർ സമുദായത്തിലെ ക്രൈസ്തവ-ഹൈന്ദവ കുട്ടികൾക്കുകൂടി ബാധകമാക്കിയ സി.എച്ച്. മുഹമ്മദ് കോയയുടെ പാരമ്പര്യമാണ് മുസ്ലിംലീഗ് ഉയർത്തിപ്പിടിക്കേണ്ടത്. ഈ പ്രശ്നം സർക്കാർ പരിഹരിച്ചത് ആർക്കും പ്രയാസമുണ്ടാക്കാതെയാണ്. 100 കുട്ടികൾക്ക് 100 രൂപ- ഓരോ കുട്ടിക്കും ഓരോ രൂപ വച്ച് സ്കോളർഷിപ്പ് കൊടുക്കുന്നുവെന്ന് സങ്കൽപ്പിച്ചാൽ അതിൽ 80 കുട്ടികൾക്ക് ഓരോ രൂപ വച്ച് 80 എണ്ണം മുസ്ലീം ജനവിഭാഗത്തിൽപ്പെടുന്നവർക്കും 20 എണ്ണം ഓരോരുത്തർക്ക് ഓരോ രൂപവച്ച് ക്രൈസ്തവ വിഭാഗത്തിൽപ്പെടുന്നവർക്കും നൽകുന്നു. മുസ്ലീം കുട്ടികളുടെ എണ്ണത്തിൽ ഒരു കുറവും വരുത്താതെ അവർക്ക് ലഭിച്ച തുകയിൽ ഒരു രൂപപോലും കവർന്നെടുക്കാതെയാണ് സർക്കാർ പ്രശ്നം പരിഹരിച്ചത്. ക്രൈസ്തവ കുട്ടികൾക്ക് അധികമായി നൽകേണ്ട പണം അഡീഷണലായി അനുവദിച്ചു. ആരോടും അനീതിയും അന്യായവും കാണിക്കാതെ സർക്കാർ വൈകാരികമായ ഒരു പ്രശ്നം പരിഹരിച്ചതിനെ പിന്തുണയ്ക്കുകയല്ലേ കോൺഗ്രസ്സും മുസ്ലീംലീഗും ചെയ്യേണ്ടത്? ഇലയ്ക്കും മുള്ളിനും കേടില്ലാതെ തൊട്ടാൽ പൊള്ളുന്ന പ്രശ്നം പരിഹരിച്ചതിനെ അഭിനന്ദിക്കേണ്ടതിനുപകരം നാട്ടിലെ ജനങ്ങൾക്കിടയിൽ വർഗ്ഗീയ ചേരിതിരിവു ണ്ടാക്കാൻ ഇത്യാദി പ്രശ്നങ്ങളെ ഉപയോഗിക്കരുതെന്നുള്ള എന്റെ വിനീതമായ അഭ്യർത്ഥനകൂടി രേഖപ്പെടുത്തിക്കൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: സർ, ഞാൻ നിയമസഭയിൽ വന്നതിനുശേഷം ഇന്ന് ആദ്യമായാണ് എനിക്ക് വിവരം വച്ചതെന്ന് ഈ ഉപദേശമെല്ലാം കേട്ടപ്പോൾ തോന്നുകയാണ്. കാരണം, വളരെ വലിയ ഉപദേശങ്ങൾ ഡോ. കെ. ടി. ജലീൽ എനിക്കും മുസ്ലീംലീഗിനുമായി തന്നിരിക്കുകയാണ്. എന്നാൽ എന്റെ പ്രസംഗം വേറെ റൂട്ടിലാണ്. ഇന്ത്യൻ യൂണിയൻ മുസ്ലീംലീഗ് എന്നും ഒരു നയം മാത്രമേ എടുത്തിട്ടുള്ളൂ. ഡോ. കെ. ടി. ജലീൽ കുറച്ചുകാലം മാത്രമേ ഈ പാർട്ടിക്കകത്തു നിന്ന് അത് മനസ്സിലാക്കിയിട്ടുള്ളൂ, അതിനിടയ്ക്ക് ചാടിപ്പോയി. ഞങ്ങളൊക്കെ ഇതിൽത്തന്നെ നിന്ന് ആ നയംതന്നെ തുടർന്നുപോകുകയേയുള്ളൂവെന്ന കാര്യത്തിൽ യാതൊരു സംശയവും വേണ്ട. മതേതര കേരളം അതിന്റെ പാതയിൽ ഉറപ്പിച്ചു നിർത്തുന്നതിൽ ഞങ്ങൾക്ക് വലിയ പങ്കുണ്ട്. ഇപ്പോൾ നടക്കുന്ന വിവാദം അനാവശ്യമായി നിങ്ങളുണ്ടാക്കിയതാണെന്നുള്ളതിന് യാതൊരു സംശയവും വേണ്ട. സച്ചാർ കമ്മിറ്റി ഒരു പ്രത്യേക ന്യൂനപക്ഷ സമുദായത്തിനുള്ളതാണോ അല്ലയോ എന്നുള്ള ചോദ്യം വന്നു. അല്ലെന്ന് ആരാണ് നിങ്ങളോട് പറഞ്ഞത്? ബഹുമാനപ്പെട്ട മുഖ്യമന്ത്രി സർവ്വകക്ഷിയോഗത്തിൽ പറഞ്ഞത് എനിക്ക് ഇപ്പോഴും നല്ല ഓർമ്മയുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇത് വലിയ വിഷയമാക്കേണ്ട കാര്യമില്ല, ഇത് രണ്ടും രണ്ടായി കണ്ടാൽ മതിയെന്ന് ഞാൻ പറഞ്ഞു. 2011-ലുണ്ടായ ഒരു തെറ്റാണ് ഇന്ന് നമ്മളെ കുഴയ്ക്കുന്നതും കേരളത്തിൽ കമ്മ്യൂണൽ ഡിവൈഡുണ്ടാക്കിക്കൊണ്ടിരിക്കുന്നതും. അതിനാൽ ബാബ്റി മസ്ജിദ് തകർത്തപ്പോൾ ഇന്ത്യയുടെ അന്നത്തെ സാഹചര്യത്തിലാണ് കോൺഗ്രസ് ഗവൺമെന്റ് സച്ചാർ കമ്മിറ്റിയെ നിയമിച്ചത്. ആ കമ്മിറ്റിക്ക് കൊടുത്തിരുന്ന ടാസ്ക് ഡോ. കെ. ടി. ജലീൽ പറഞ്ഞതല്ല. അതിൽ പറയുന്നത്, "Constitution of a High Level Committee to prepare report on the social, economic and educational status of the Muslim community in India" എന്നാണ്. ധാരാളം റെക്കമെന്റേഷൻ ഉണ്ടായിരുന്നെങ്കിലും ഞാൻ അതിലേയ്ക്ക് പോകുന്നില്ല. റെക്കമെന്റേഷനിൽ പല കാര്യങ്ങളുമുണ്ട്. അത് മതേതരത്വത്തിന് നിരക്കാത്തതോ മോശമായതോ അല്ല, വിദ്യാഭ്യാസപരമായും സാമൂഹ്യപരമായും ഉന്നതിയിലേയ്ക്ക് കൊണ്ടുവരിക, മതേതരത്വ പാതയിൽ ഉറപ്പിച്ചുനിർത്തുക, ഇന്ത്യൻ മെയിൻ സ്ട്രീമിന്റെ ഭാഗമാക്കുക തുടങ്ങിയ കാര്യങ്ങളാണ്. ഡോ. മൻമോഹൻ സിംഗിനെപ്പോലുള്ള ഒരാൾ പ്രധാനമന്ത്രിയോ ധനകാര്യ വകുപ്പുമന്ത്രിയോ ആകുമ്പോൾ ഇന്ത്യയിലെ പ്രബല മൈനോറിറ്റിക്കുവേണ്ടി ചെയ്യുന്ന കാര്യങ്ങൾ വർഗ്ഗീയമായി വേർതിരിക്കാൻ ചെയ്യുന്നതല്ല, അവരെ മെയിൻസ്ട്രീമിൽ ഉറപ്പിച്ചുനിർത്താൻവേണ്ടി ചെയ്യുന്നതാണ്. അത് വികലമാക്കിയത് നിങ്ങളാണ്. 2011-ൽ ആവശ്യമില്ലാത്തൊരു കാര്യം ചെയ്തു. ഇപ്പോൾ നിയോഗിച്ചിരിക്കുന്ന ജസ്റ്റിസ് ജെ. ബി. കോശി കമ്മീഷൻ നൽകുന്ന റെക്കമെന്റേഷൻ ഒരു പ്രത്യേക കമ്മ്യൂണിറ്റിക്ക് വേണ്ടിയായിരിക്കുമല്ലോ.

ആ കമ്മ്യൂണിറ്റിയുടെ സ്ഥിതി വിശദമായി പഠിച്ച് സമർപ്പിക്കുന്ന റെക്കമെന്റേഷന്റെ അടിസ്ഥാനത്തിൽ നൽകുന്ന ഫണ്ട് ആ പ്രത്യേക കമ്മ്യൂണിറ്റിയുടെ ഡെവലപ്മെന്റിന് വേണ്ടിയുള്ളതായിരിക്കും. അതുതന്നെയാണ് ഇവിടെയും സംഭവിച്ചത്. സച്ചാർ കമ്മിറ്റി റിപ്പോർട്ടിലെ റെക്കമെന്റേഷന്റെ അടിസ്ഥാനത്തിൽ ഫണ്ട് നൽകിയാൽ മതി. അതിനുപകരം നിങ്ങളെന്തു ചെയ്തു? പാലോളി കമ്മിറ്റിയെ നിയോഗിച്ചു, അതിൽ കുഴപ്പമില്ല; അന്നത്തെ സാഹചര്യത്തിൽ രാഷ്ട്രീയ സ്വാധീനം ഉപയോഗിച്ച് ന്യൂനപക്ഷത്തിന് എന്തോ ചെയ്തു കൊടുക്കുന്നുണ്ട് എന്നൊരു ഇംപ്രഷൻ ഉണ്ടാക്കാനാണ് അത് ചെയ്തത്. അതിൽ മറ്റെന്തെങ്കിലും രാഷ്ട്രീയ കാര്യങ്ങളൊക്കെയുണ്ടാകും. നിങ്ങളുടെ കമ്മിറ്റിയെ വച്ച് റെക്കമെന്റേഷൻ തയ്യാറാക്കി. ആ കമ്മിറ്റിയാണ് 80:20 അനുപാതമുണ്ടാക്കിയത്. അവിടെയാണ് തെറ്റ് സംഭവിച്ചത്; കാരണം സച്ചാർ കമ്മിറ്റി റിപ്പോർട്ട് പ്രകാരമുള്ളത് അവർക്ക് കൊടുക്കണം. മറ്റ് ന്യൂനപക്ഷ ങ്ങൾക്ക് ജനസംഖ്യാനുപാതികമായി ഫണ്ട് അനുവദിച്ച് കൊടുക്കുന്നതിന് ആർക്കും ഒരു വിരോധവുമുണ്ടായിരുന്നില്ല. 80:20 ക്യാൻസൽ ചെയ്തപ്പോഴും ഇത് രണ്ടും രണ്ടായി എടുത്താൽ മതിയെന്ന് സർവ്വകക്ഷി യോഗത്തിൽ ഞാൻ പറഞ്ഞിരു ന്നതാണ്. എന്നാൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അന്നത് കാര്യമായിട്ടെടുത്തില്ല. ഇന്നിപ്പോൾ എന്തുണ്ടായി, സച്ചാർ കമ്മിറ്റി ഇല്ലാതായി. സച്ചാർ കമ്മിറ്റിയില്ലാതാക്കിയ ഏക സംസ്ഥാനം എന്ന പദവി ഇന്ന് കേരളത്തിന് ഉണ്ടാക്കിക്കൊടുക്കുകയാണു ണ്ടായത്. ഇന്ത്യയിലെ പ്രത്യേക കമ്മ്യൂണിറ്റി അവരുടെ മാഗ്നാകാർട്ടയായാണ് സച്ചാർ കമ്മിറ്റിയെ കണക്കാക്കുന്നത്. അത് താത്വികമാണ്; അതിലൊരു പ്രിൻസിപ്പിളുണ്ട്. അതിലൊരു പ്രശ്നമുണ്ട്, അത് നിങ്ങൾക്ക് മനസ്സിലാകുന്നില്ല. എനിക്ക് മുമ്പ് സംസാരിച്ച ഡോ. കെ. ടി. ജലീലിന് അത് തീരെ മനസ്സിലായിട്ടില്ല എന്നതിൽ യാതൊരു സംശയവുമില്ല. സച്ചാർ കമ്മിറ്റി 72 റെക്കമെന്റേഷനുകളാണ് നൽകിയത്. കമ്മ്യൂണൽ ഡിവൈഡുണ്ടാക്കാൻ നോക്കുന്നത് ഞങ്ങളല്ല; ആവശ്യമില്ലാത്ത ഒരു കുരുക്ക് ഇവിടത്തെ വിവിധ സമുദായങ്ങളിലുണ്ടാക്കി വച്ചിരിക്കുകയാണ്. ഇതെല്ലാം ഡിബേറ്റ് ചെയ്യാൻ കൊടുത്തതുകൊണ്ടാണ് എല്ലാവരും അവരവരുടെ സമുദായത്തെപ്പറ്റി പരസ്യമായി പ്രസംഗിച്ചുകൊണ്ടിരിക്കുന്ന സാഹചര്യം കേരള ത്തിലുണ്ടായത്. ഇപ്പോൾ കമ്മ്യൂണലായിട്ടുള്ള പ്രചാരണങ്ങൾ നടന്നുകൊണ്ടിരി ക്കുകയല്ലേ? കമ്മ്യൂണൽ ഡിവൈഡ് സംഭവിക്കാനുള്ള സാഹചര്യം അനാവശ്യമായി ഉണ്ടാക്കുകയല്ലേ? ഒരൊറ്റ ചോദ്യമാണ് എനിക്ക് ചോദിക്കാനുള്ളത്; ജസ്റ്റിസ് ജെ. ബി. കോശി കമ്മീഷന്റെ റെക്കമെന്റേഷൻ പ്രകാരം ആ പ്രത്യേക കമ്മ്യൂണിറ്റിക്ക് ആനുകൂല്യം നൽകേണ്ടി വരില്ലേ? അതുപോലുള്ള ഒരു സാഹചര്യം തന്നെയാണ് ഇതും. അതുകൊണ്ട് ഇതിനുവേണ്ടി ബഡ്ജറ്റിൽ തുക വകകൊള്ളിച്ചിട്ടുണ്ടെന്ന് പറഞ്ഞിട്ട് കാര്യമില്ല. ബഡ്ജറ്റിൽ വച്ചാൽ ഈ വർഷം കിട്ടും. അടുത്ത വർഷം ബഡ്ജറ്റിൽ തുക വച്ചില്ലെങ്കിൽ കിട്ടില്ല. ഇതൊരു സ്കീമാണ്. ബന്ധപ്പെട്ട

സമുദായത്തിന്റെ പിന്നോക്കാവസ്ഥ പഠിച്ച് കൊണ്ടുവന്ന റെക്കമെന്റേഷനാണ്. അതിലാണ് 80:20 ആയി ആദ്യം വെള്ളം ചേർത്തത്, $e=mc^2$ എന്നുപറഞ്ഞത് പോലെയാണ്. ആദ്യം 100 വെട്ടി, പിന്നീട് 80:20 വെട്ടി, ഇപ്പോൾ 59:41 ആക്കി, ഇതാണുണ്ടായത്. സംഭവിച്ച തെറ്റ് നിങ്ങൾ തിരുത്തണം. അതാണ് അക്കാര്യത്തിൽ പറയാനുള്ളത്.

<u>മി. സ്പീക്കർ</u>: അങ്ങ് ചെയറിനെ അഡ്രസ്സ് ചെയ്ത് സംസാരിക്കൂ. അങ്ങോട്ടു മിങ്ങോട്ടും വെറുതെ സംസാരിച്ചുകൊണ്ടിരിക്കുകയാണ്.

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: സർ, ഞാൻ അങ്ങോട്ടൊന്നും തിരിഞ്ഞില്ല. ഞാൻ ചെയറിനെ അഡ്രസ്സ് ചെയ്താണ് സംസാരിച്ചത്. ബാക്കി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടാണ് പറഞ്ഞത്. എന്നോടൊരു പതിനായിരം ചോദ്യം ഉന്നയിച്ചു. അതൊന്നും മറുപടി അർഹിക്കുന്നവയല്ലാത്തതിനാൽ ഞാൻ മറുപടി പറഞ്ഞിട്ടുമില്ല. അപ്പോൾ അതല്ല പ്രശ്നം. സംസ്ഥാന സർക്കാരിന് കോവിഡ് കൈകാര്യം ചെയ്യുന്ന കാര്യത്തിൽ കാര്യമായ മിസ്റ്റേക്ക് സംഭവിച്ചിട്ടുണ്ടെന്ന് തോന്നുന്നു. അക്കാര്യം ശ്രദ്ധിക്കണം. തുടർഭരണം ലഭിച്ച് അധികാരത്തിൽ വന്നത് അഭിമാനമുള്ള കാര്യമാണ്. ഇന്ത്യയിലുള്ളതിന്റെ പകുതി കോവിഡ് കേസുകളും റിപ്പോർട്ട് ചെയ്യുന്നത് കേരളത്തിലാണ്, മരണസംഖ്യയും കൂടുതലാണ്. അത് മാത്രമാണോ; എല്ലാ മേഖലകളും അപകടത്തിലാണ്. വ്യാപാരികൾക്കും വ്യവസായികൾക്കും തൊഴിലാളികൾക്കും ജീവിക്കാൻ യാതൊരു നിർവ്വാഹവുമില്ല. എല്ലാവരും നശിച്ചുകൊണ്ടിരിക്കുകയാണ്. നമ്മുടെ പോളിസിയിൽ എന്തോ തകരാറുണ്ടെന്നതിൽ യാതൊരു സംശയവുമില്ല. കോവിഡ് നിയന്ത്രണവിധേയമാക്കാൻ കഴിയാത്തതെന്തുകൊണ്ടാണെന്ന് പരിശോധിക്കണം. സമ്പൂർണ്ണ അടച്ചിടലിനുശേഷം കൂട്ടത്തോടെ തുറന്നുവിടുന്നത് കൊണ്ടാണോയെന്ന് അറിയില്ല. അതുപോലെ ടി.പി.ആർ-നെ സംബന്ധിച്ച് വളരെയധികം വിമർശനമുണ്ട്. ഇത് ശാസ്ത്രീയമായ രീതിയല്ല; ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങൾ മുഴുവൻ കോവിഡിനെ ഏറെക്കുറെ നിയന്ത്രിച്ചുകഴിഞ്ഞു. ഇലക്ഷൻ നടന്ന പശ്ചിമ ബംഗാളിൽ തൊള്ളായിരവും തമിഴ്നാട്ടിൽ രണ്ടായിരവും കോവിഡ് കേസുകളാണ് കഴിഞ്ഞ ദിവസം റിപ്പോർട്ട് ചെയ്തത്. അങ്ങനെപറയുമ്പോൾ അവിടെയൊന്നും ടെസ്റ്റില്ലെന്ന് പറയും. ടെസ്റ്റുണ്ട്, ടെസ്റ്റിന്റെ നമ്പരുണ്ട്. അതുകൊണ്ടുതന്നെ കേരളത്തിലെ കോവിഡ് പോളിസിയിലും അതിനെ നിയന്ത്രിക്കുന്ന കാര്യത്തിലും സ്ട്രാറ്റജിയിലും എന്തോ പ്രശ്നമുണ്ട്. കോവിഡ് കേസുകൾ ദിനംപ്രതി കൂടിക്കൊണ്ടിരിക്കുകയാണ്. കോവിഡ് വ്യാപനത്തിന്റെ കാര്യത്തിൽ ഒന്നാം സ്ഥാനത്ത് നിൽക്കുന്നത് കേരളമാണ്. ഗവൺമെന്റ് വ്യക്തമായ നിലപാട് സ്വീകരിച്ച് അതിനെക്കുറിച്ച് ചർച്ച ചെയ്യണമെന്നാണ് എനിക്ക് പറയാനുള്ളത്. മറ്റ് വികസന രംഗങ്ങൾ മുഴുവൻ സ്തംഭിച്ചുകിടക്കുകയാണെന്നതിൽ യാതൊരു സംശയവുമില്ല. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി ഇന്ന് രാവിലെ മറുപടി പറഞ്ഞു. ഈസ്

ഓഫ് ഡൂയിംഗ് ബിസിനസിന്റെ കാര്യത്തിൽ കേരളം ഇപ്പോൾ 28-ാം സ്ഥാനത്തേയ്ക്ക് പോയി. ഞങ്ങളുടെ ഭരണകാലത്ത് 18-ാം സ്ഥാനമായിരുന്നു. അത് 13-ാം സ്ഥാനത്തുവരെ വന്ന ഒരു സമയമുണ്ടായിരുന്നു. ഞാൻ കുറ്റം പറഞ്ഞതല്ല. കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്തും സാമ്പത്തിക മാന്ദ്യമുണ്ടായിരുന്നു. ഇപ്പോഴാണെങ്കിൽ കോവിഡ് സാഹചര്യമാണ്. വ്യവസായ വളർച്ച മാത്രമല്ല നാടിന്റെ വികസനം പണമില്ലാതെ മുരടിച്ച് നിൽക്കുന്നൊരു സാഹചര്യം ഈ സംസ്ഥാനത്തുണ്ടെന്ന് പറയാതിരുന്നിട്ട് കാര്യമില്ല, ആളുകൾ നിസ്സഹായരാണ്. പ്രവാസികൾ തിരിച്ചുവന്നുകൊണ്ടിരിക്കുകയാണ്. അവരെ പുനരധിവസിപ്പിക്കുമെന്ന് പറയാമെന്നല്ലാതെ ഒരാളെയും പുനരധിവസിപ്പിക്കാൻ നമുക്ക് സാധിക്കുന്നില്ല. പട്ടിണി കിടക്കാതിരിക്കാൻ ഭക്ഷ്യകിറ്റ് കൊടുത്തിരുന്നു എന്നതാണ് ഗവൺമെന്റ് അവകാശപ്പെട്ടിരുന്ന മറ്റൊരു കാര്യം. റേഷൻ കടക്കാർക്കും മറ്റും 40 കോടി രൂപ കൊടുക്കാത്തതുകൊണ്ട് അതും ഇപ്പോൾ അവസാനിക്കുന്ന അവസ്ഥയിലാണ്. പണമില്ലെങ്കിൽ അതൊന്നും ചെയ്യാൻ സാധിക്കില്ല. ഇപ്പോൾ സംസ്ഥാനത്ത് ഗൗരവമുള്ള സാഹചര്യമാണ് നിലനിൽക്കുന്നത്. രണ്ടാമതും അധികാരത്തിൽ വന്നുവെന്നുള്ളത് സന്തോഷമുള്ള കാര്യം തന്നെയാണ്. പക്ഷേ, ആ സന്തോഷം നിങ്ങൾക്ക് മാത്രമായി ചുരുങ്ങരുത്, ജനങ്ങൾക്കും കൂടി വേണം. ആരുടെ മുഖത്തും ഇപ്പോൾ സന്തോഷമില്ല. അത്തരത്തിലുള്ള ഒരു സ്ഥിതി ഈ സംസ്ഥാനത്തുണ്ട്, ഇല്ലെന്ന് പറഞ്ഞിട്ട് കാര്യമില്ല. കുട്ടികൾക്ക് പുറത്തിറങ്ങാനോ പഠിക്കാനോ കഴിയാത്ത സാഹചര്യമാണ്. അതുപോലെ ജനങ്ങൾക്ക് തൊഴിൽ ചെയ്യാനും കഴിയുന്നില്ല. മറ്റ് രാജ്യങ്ങളും സംസ്ഥാനങ്ങളുമൊക്കെ കോവിഡിനെ ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരു വിധത്തിൽ വാക്സിനേഷൻ നൽകി പ്രതിരോധിച്ചു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് എനിക്ക് ചോദിക്കാനുള്ളത് വാക്സിനേഷന്റെ സ്ഥിതിയെന്താണ് എന്നാണ്. വാക്സിനേറ്റഡ് ആണെങ്കിലല്ലേ ചെയ്യാനുള്ളത് ചെയ്തുവെന്ന് നമുക്ക് ജനങ്ങളോട് പറയാൻ കഴിയുകയുള്ളൂ. വാക്സിനേഷൻ എവിടെയും എത്തുന്നില്ല. കടലിൽ കായം കലക്കിയതുപോലെ കുറച്ച് ആളുകളെ വാക്സിനേറ്റ് ചെയ്തിട്ട് കാര്യമുണ്ടോ? അതുപറയുമ്പോൾ കേന്ദ്ര സർക്കാരാണ് വാക്സിൻ നൽകേണ്ടതെന്ന് പറയും. എവിടെ നിന്നെങ്കിലും നേടിയെടുത്ത് ജനങ്ങളെ വാക്സിനേറ്റ് ചെയ്യണം. അതാണ് നിങ്ങളുടെ കഴിവ്.

മി. സ്പീക്കർ: ഇതുവരെ സംസാരിച്ചതിൽ ഏറ്റവുമധികം സമയം എടുത്തത് താങ്കളാണ്.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ഞാൻ അവസാനിപ്പിക്കുകയാണ്. ഒന്നാമത്തെ വിഷയം കോവിഡിന്റെ കാര്യവും അതിനെത്തുടർന്നുള്ള സാമ്പത്തിക സ്ഥിതിയും തൊഴിൽനഷ്ടവുമാണ്. രണ്ടാമത്തെ വിഷയം സംസ്ഥാനത്ത് സീരിയ സായിട്ടുള്ള കമ്മ്യൂണൽ ഡിവൈഡുണ്ടാക്കാനിടയാക്കിയ 80:20 അനുപാതത്തിന്റെ

ചർച്ചയുമാണ്. ഇത് വളരെ മോശമാണ്, നമ്മുടെ സംസ്ഥാനത്തെ തന്നെ കൊല്ലുന്ന ഇടപാടാണത്. ആവശ്യമില്ലാതെയുള്ള ഒരു പ്രശ്നം ഈ ഗവൺമെന്റ് ഉണ്ടാക്കി യതാണ്. കോടതിയെ കാര്യങ്ങൾ വേണ്ടവിധത്തിൽ ബോദ്ധ്യപ്പെടുത്തിയിട്ടില്ലെന്ന് തോന്നുന്നുവെന്ന് ശ്രീ. പാലോളി മുഹമ്മദ് കുട്ടിയും ഡോ. ഫസൽ ഗഫൂറും പറഞ്ഞു. ഞങ്ങളാരെങ്കിലും കാര്യം പറഞ്ഞാൽ അപ്പോൾ വേറെ വർത്തമാനം തുടങ്ങും. മലപ്പുറത്തെ നാഷണൽ ഹൈവേയുടെ വികസനം, ഗെയിൽ എന്നിവയെ സംബന്ധിച്ച് പറയും...(ബഹളം)... മലപ്പുറം എന്ന് കേട്ടാൽ അപ്പോൾ കമ്മ്യൂണൽ എന്ന് പറയും. എന്താണ് ഈ പറയുന്നത്, വായ തുറക്കാൻ പാടില്ലെന്നാണോ. അങ്ങനെയുള്ള കാര്യങ്ങൾ ഒന്നും ശരിയല്ല. ഇത് കേന്ദ്രത്തിൽ ശ്രീ. നരേന്ദ്ര മോദിക്കും ബി.ജെ.പി-ക്കും ഭൂഷണമാകും. കാര്യം പറയുമ്പോൾ ഈ രീതിയിലുള്ള സ്റ്റൈൽ കേരളത്തിൽ ഭൂഷണമല്ല. അത് ബി.ജെ.പി-യുടെ തന്ത്രമാണ്. നാടിന്റെ വികസനവും വിവിധ ജനവിഭാഗങ്ങളുടെ പ്രശ്നവും പറഞ്ഞാൽ വർഗ്ഗീയത എന്നോ അല്ലെങ്കിൽ നിങ്ങളുടെ താല്പര്യമാണെന്നോ പറയുന്ന രീതി ശരിയല്ലെന്ന് പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ ചുരുക്കുന്നു.

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുന്നു. വളരെ ഗുരുതരമായ സാഹചര്യമാണ് ഭൂമിയിലാകെ ഉണ്ടായിരിക്കുന്നതെന്ന് നമുക്കറിയാം. ഭരണാധികാരികൾ ഇക്കാര്യങ്ങളെല്ലാം ക്രമീകരിക്കാൻ നല്ലതുപോലെ പ്രയാസപ്പെടുന്നുണ്ട്. എവിടെയാണ് അല്പമെങ്കിലും പ്രയോഗികമായ സമീപനമുള്ളതെന്നാണ് ലോകം മുഴുവൻ ഉറ്റുനോക്കുന്നത്. ലോകമാകെ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലും മാന്ദ്യത്തിലുമാണ്, തൊഴിലില്ലായ്മ വായുംപിളർന്ന് വരികയാണ്. കടുത്ത ദാരിദ്ര്യത്തിലേയ്ക്ക് ലോകജനത മുതലക്കൂപ്പ് നടത്തുകയാണ്. ഈ മഹാമാരിയുടെ പ്രതിസന്ധി പൂർണ്ണമായും ഉൾക്കൊണ്ടുകൊണ്ടാണോ എല്ലാവരും സംസാരിക്കുന്നതെന്ന് പ്രതിപക്ഷത്തുനിന്ന് ചിലരുടെയെങ്കിലും പ്രസംഗം കേൾക്കുമ്പോൾ സംശയം തോന്നുന്നു. മനുഷ്യരാശിയാകെ അഭിമുഖീകരിക്കുന്ന ഈ പ്രശ്നങ്ങളെ എങ്ങനെയാണ് നാം നേരിടുക? ഇപ്പോൾ ഒരുമിച്ച് നിൽക്കാൻ സാധിച്ചിട്ടില്ലെങ്കിൽ ലോകത്ത് ജനങ്ങൾക്ക് എപ്പോഴാണൊരുമിച്ച് നിൽക്കാൻ സാധിക്കുക. ഈ കടുത്ത പ്രതിസന്ധിയിൽനിന്ന് നമ്മുടെ സംസ്ഥാനത്തെ കരകയറ്റുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഈ ഗവൺമെന്റ് കൊണ്ടുവരുന്ന എല്ലാ നടപടിക്രമങ്ങളെയും പ്രതിപക്ഷം കുറെക്കൂടി ഉത്തരവാദിത്വ ബോധത്തോടുകൂടി പിന്തുണച്ച് കൂടെ നിൽക്കേണ്ടതാണ്. ഇത് കക്ഷിരാഷ്ട്രീയം പറഞ്ഞ് തർക്കിക്കേണ്ടൊരു അവസരമല്ല. ഐക്യരാഷ്ട്രസഭയടക്കം സുസ്ഥിര വികസനത്തെക്കുറിച്ച് ചർച്ച ചെയ്യുന്നതിനിടയിലാണ് എല്ലാം അസ്ഥിരമാക്കിക്കൊണ്ട് കോവിഡ്-19 മഹാമാരി ലോകമാകെ ബാധിച്ചിട്ടുള്ളത്. ഇതിനെ നേരിടണമെങ്കിൽ നല്ല ജനാധിപത്യബോധമുള്ളൊരു ഗവൺമെന്റ് ഇന്ത്യയിലുണ്ടാകണം. എന്നാൽ,

കേന്ദ്ര ഗവൺമെന്റ് ജനാധിപത്യത്തിന്റെ കാര്യത്തിൽ എവിടെയെത്തിയിരിക്കുന്നുവെന്ന് നമുക്കെല്ലാവർക്കുമറിയാം. പെഗാസസ് കേസിലൂടെ എൻ.എസ്.ഒ. എന്ന ഇസ്രായേൽ ചാരസംഘടനയെ ഉപയോഗപ്പെടുത്തി വിവരം ചോർത്തുകയടക്കം ചെയ്തുകൊണ്ട് ജനാധിപത്യത്തെ ധ്വംസിക്കുന്നതിന് തയ്യാറായിട്ടുള്ളൊരു കേന്ദ്ര ഗവൺമെന്റാണ് ഇപ്പോഴുള്ളത്. ഫെഡറൽ ഭരണഘടനയുള്ള രാജ്യത്ത് സംസ്ഥാനങ്ങളുടെ യൂണിയനാണ് കേന്ദ്രം. അതുകൊണ്ടുതന്നെ കേന്ദ്ര ഗവൺമെന്റിന്റെ ഓരോ പ്രവൃത്തിയും സംസ്ഥാന ഗവൺമെന്റിന്റെ പ്രവർത്തനത്തെ വളരെ ശക്തമായി ബാധിക്കും. അത് ദോഷകരമാണെങ്കിൽ ഏറ്റവും ദോഷകരമായി സംസ്ഥാനത്തെ ബാധിക്കും. നമ്മുടെ ജനാധിപത്യം വളരെ മോശമായിരിക്കുന്നു. യു.കെ. കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ഇക്കണോമിസ്റ്റ് ഇന്റലിജൻസ് യൂണിറ്റ് (ഇ.ഐ.യു.) എന്ന സംഘടന നടത്തിയ പരിശോധനയിൽ ഇന്ത്യയെ ചേർത്തിരിക്കുന്നത് flawed democracy-യുടെ പട്ടികയിലാണ്. ഇന്ത്യ മാത്രമല്ല, അമേരിക്കയുൾപ്പെടെ ആ പട്ടികയിലുണ്ട്. അതായത് വികലമായ ജനാധിപത്യമാണുണ്ടായത്. ചില രാജ്യങ്ങളെ നല്ല ജനാധിപത്യത്തിന്റെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിനോട് പൂർണ്ണമായും യോജിച്ചുകൊണ്ടല്ലെങ്കിലും ഇന്ത്യൻ ജനാധിപത്യം വികലമാകുന്നുവെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ആ വികലമായ ജനാധിപത്യത്തിനകത്ത് നിന്നുകൊണ്ടാണ് നമ്മുടെ സംസ്ഥാനത്തിന് ജനാധിപത്യപരമായി കാര്യങ്ങൾ കൈകാര്യം ചെയ്യേണ്ടിവരുന്നത് എന്നത് നമ്മളെല്ലാവരും ഓർമ്മിക്കുന്നത് നന്നായിരിക്കും. അതുകൊണ്ടാണ് നാം ഒരുമിച്ചുനിന്നെങ്കിൽ മാത്രമെ ഈ പ്രതിസന്ധിയിൽനിന്ന് കരകയറാൻ സാധിക്കുകയുള്ളൂവെന്ന് പറയുന്നത്. കേന്ദ്രഗവൺമെന്റിന്റെ എന്തു സഹായമാണ് നമുക്ക് കിട്ടുന്നത്? എത്രമാത്രം വികലമായിരിക്കുന്ന ജനാധിപത്യമെന്നതിന്റെ ഒരു തെളിവാണ് ഈ പ്രതിസന്ധിഘട്ടങ്ങളിലും സംസ്ഥാനങ്ങളെയൊന്നും സഹായിക്കാതെ പെട്രോൾ/ഡീസൽ വില വർദ്ധിപ്പിക്കുന്നത്. പെട്രോളിയം ഉല്പന്നങ്ങളുടെ വിലനിർണ്ണയാധികാരം വൻകിട കമ്പനികൾക്ക് കൊടുത്തിരിക്കുന്നു. ഇത് കോൺഗ്രസ്സിനുനേരെയൊരു വിരൽ ചൂണ്ടുന്നില്ലേ; ദീർഘകാലം ഇന്ത്യ ഭരിക്കാൻ അവസരം ലഭിച്ചിട്ടുള്ള കോൺഗ്രസ്സല്ലേ യഥാർത്ഥത്തിൽ പെട്രോളിയം ഉല്പന്നങ്ങളുടെ വിലനിർണ്ണയാധികാരം സ്വകാര്യ മേഖലയ്ക്ക് വിട്ടുകൊടുത്തുകൊണ്ട് ഈ നാട്ടിലെ ജനങ്ങളെ വഞ്ചിച്ചത്? നേരത്തെ അങ്ങനെയായിരുന്നില്ലല്ലോ; നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങളെ പുതുവത്കരിക്കുന്നു. പെട്രോളിയം കമ്പനികളെല്ലാം പൊതുമേഖലയിലായിരുന്നല്ലോ; റിലയൻസ് ഈ വ്യാപാരത്തിലേയ്ക്ക് കടന്നുവന്നയുടനെ അവരെ സഹായിക്കാൻ കോൺഗ്രസ് ഗവൺമെന്റല്ലേ വിലനിർണ്ണയാധികാരം സ്വകാര്യ മേഖലയ്ക്ക് നൽകിയത്? ഇപ്പോൾ അതിന്റെ ഫലമെന്താണ്; ഗണ്യമായ വിലക്കയറ്റമാണ് ഇതിന്റെ ഭാഗമായിട്ടുണ്ടാകുന്നത്. ഞാൻ അതിന്റെ കണക്കിലേയ്ക്കൊന്നും പോകുന്നില്ല. പക്ഷേ, ബി.ജെ.പി. ഗവൺമെന്റിന് മാത്രമല്ല

കോൺഗ്രസ്സിനും രാജ്യത്തെ നശിപ്പിച്ചതിൽ വലിയ പങ്കുണ്ട്. ഒരു പ്രതിസന്ധി വരുമ്പോൾ അതിനെ അഭിമുഖീകരിക്കാൻ കഴിയാതെ സംസ്ഥാനങ്ങളെ ശിഥിലമാക്കിയതിലും ദുർബലമാക്കിയതിലും ബി.ജെ.പി-യെപ്പോലെ തന്നെ ഒരു പങ്ക് കോൺഗ്രസിനുമുണ്ടെന്നുള്ളത് മനസ്സിലാക്കണം. അതിന്റെ ഒരു ദോഷഫലമാണ് ഇപ്പോൾ രാജ്യമാകെ അഭിമുഖീകരിക്കുന്നുവെന്നുള്ളതും നാം വ്യക്തമായി മനസ്സിലാക്കണമെന്നാണ് പറയുന്നത്. ഒരു കാലത്തുമുണ്ടാകാത്തത്ര വിലക്കയറ്റമാണുണ്ടാകുന്നത്. മാർച്ച് മാസത്തിൽ വിലക്കയറ്റം 7.39 ശതമാനമായിരുന്നത് ഏപ്രിൽ ആകുമ്പോഴേയ്ക്കും 10.49 ശതമാനമായി വർദ്ധിച്ചിരിക്കുന്നു. ഇന്ധന വിലവർദ്ധനവ് കാരണമുണ്ടാകുന്ന വിലക്കയറ്റം കോവിഡിന്റെ പശ്ചാത്തലത്തിൽ അനുഭവിക്കുന്ന പ്രയാസത്തിൽ വലിയൊരു അടികൂടി തന്നിരിക്കുന്നുവെന്നുള്ളതാണ് വസ്തുത. അതിനെതിരെ ശക്തമായി ഒരുമിച്ചുനിന്ന് പ്രതിഷേധിക്കാൻ നമുക്ക് സാധിക്കണം. കോൺഗ്രസിന്റെ നയമെന്തായിരുന്നാലും ശരി ഇപ്പോൾ ബി.ജെ.പി-യാണല്ലോ കേന്ദ്രം ഭരിക്കുന്നത്. അതുകൊണ്ട് ബി.ജെ.പി-യുടെ ജനവിരുദ്ധ നയത്തിനെതിരെ ശക്തമായി പ്രതിഷേധിക്കാൻ നമുക്ക് സാധിക്കണം. സംസ്ഥാന ബഡ്ജറ്റ് അവതരിപ്പിക്കുന്നതിന് മുമ്പ് കേന്ദ്രത്തിൽ 2021-ലെ ബഡ്ജറ്റ് അവതരിപ്പിച്ചല്ലോ; യഥാർത്ഥത്തിൽ ഇപ്പോൾ ബാധിച്ച മഹാമാരിയെക്കാൾ അപകടകരമായിരുന്നു ബി.ജെ.പി.-യുടെ കേന്ദ്ര ബഡ്ജറ്റ്. അവർ പറഞ്ഞിട്ടുള്ള കാര്യങ്ങളിൽ ഏതെങ്കിലുമൊന്നിൽ സംസ്ഥാനങ്ങൾക്ക് രക്ഷപ്പെടാനുള്ള മാർഗ്ഗമുണ്ടായിരുന്നോ? മഹാമാരിക്കാലത്ത് സാധാരണ എന്താണ് ചെയ്യേണ്ടത്? പൊതുസമൂഹത്തിൽ ഗവൺമെന്റിന്റെ ചെലവ് വർദ്ധിപ്പിച്ചുകൊണ്ട്, ക്രയവിക്രയം പ്രോത്സാഹിപ്പിച്ചുകൊണ്ട് മാന്ദ്യത്തെ മറികടക്കാനുള്ള ബഡ്ജറ്റാണ് അവതരിപ്പിക്കേണ്ടത്. അതാണ് കേരളം ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നത്. കേരളത്തിന് പരിമിതിയുണ്ട്, കാരണം കേരളം ഒരു സംസ്ഥാനം മാത്രമാണ്. എങ്കിലും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ സംസ്ഥാനത്തിനകത്ത് പണത്തിന്റെയും സർവ്വീസിന്റെയുമെല്ലാം ചലനമുണ്ടാക്കുന്നതിനാവശ്യമായ നടപടി കേരളം സ്വീകരിച്ചതായി ഈ ബഡ്ജറ്റിൽ കാണാൻ സാധിക്കും. അതുകൊണ്ടാണ് ഈ ധനാഭ്യർത്ഥനകളെ പൂർണ്ണമനസ്സോടെ പിന്താങ്ങാൻ നമുക്ക് തോന്നുന്നത്. എന്നാൽ കേന്ദ്ര ബഡ്ജറ്റ് മഹാമാരിക്കാലത്തെ എല്ലാ പ്രയാസങ്ങളും വർദ്ധിപ്പിക്കുന്നതിന് മാത്രമാണ് ഉപകരിക്കുന്നത്. സർക്കാർ ചെലവ് വർദ്ധിപ്പിക്കേണ്ട സമയത്ത് കേന്ദ്ര ബഡ്ജറ്റ് സർക്കാർ ചെലവിൽ 0.9 ശതമാനത്തിന്റെ വർദ്ധനവ് മാത്രമെ ഉണ്ടാക്കിയിട്ടുള്ളൂ. 2019-20-ലെ ബഡ്ജറ്റിൽ സർക്കാർ ചെലവിൽ 16% വർദ്ധനവുണ്ടായിരുന്നു. എന്നാൽ മഹാമാരിക്കാലത്തെ 2020-21-ലെ ബഡ്ജറ്റിൽ 13.4% വർദ്ധനവ് മാത്രമെ ഉണ്ടായിട്ടുള്ളൂ. അതായത്, 0.95% മാത്രമാണ് വർദ്ധനവ്. ലോകരാഷ്ട്രങ്ങളാകെ പരിശോധിക്കുന്ന ചോദ്യത്തിന്

ഉത്തരമാണോ ഇത്? യഥാർത്ഥത്തിൽ സർക്കാർ ചെലവ് വമ്പിച്ച രീതിയിൽ വർദ്ധിപ്പിക്കേണ്ടതല്ലേ? സാധാരണയായി ആരോഗ്യ മേഖലയ്ക്ക് കേന്ദ്രഗവൺമെന്റ് ചെലവഴിക്കുന്നത് ജി.ഡി.പി-യുടെ ഒരു ശതമാനമാണ്. ഇത്തവണ വലിയൊരു ഗിമ്മിക്ക് കാണിച്ചിരിക്കുന്നു. 450% വർദ്ധനവുണ്ടാക്കി. പരിശോധിച്ച് നോക്കുമ്പോഴാണ് നമുക്ക് നിരാശ തോന്നുന്നത്. ശുദ്ധജല വിതരണത്തിനും ശുചീകരണത്തിനുമൊക്കെ ഉപയോഗിക്കുന്ന തുകയെല്ലാം കൂട്ടിച്ചേർത്താണ് 450% വർദ്ധനവ് വരുത്തിയിരിക്കുന്നത്. ഇതെല്ലാമുണ്ടായാൽ ആരോഗ്യം നന്നാവുമല്ലോ; അത് ശരിയാണ്, അതിലൊരു വസ്തുതയുമുണ്ട്. ഇമ്മാതിരി ഗിമ്മിക്ക് കാണിക്കാൻ സംസ്ഥാന സർക്കാർ തയ്യാറായിട്ടില്ല. കേരളത്തിൽ ആരോഗ്യമേഖയ്ക്ക് നല്ലരീതിയിൽ ചെലവ് വർദ്ധിപ്പിച്ചിട്ടുണ്ട്. വരുന്ന അഞ്ചുവർഷക്കാലവും ആരോഗ്യമേഖലയ്ക്ക് പ്രത്യേക പരിഗണന നൽകാൻ തീരുമാനിച്ചിട്ടുണ്ട്. നേരത്തെ നൽകിയതും അങ്ങനെയാണ്. ആ പരിഗണനയുടെ ബലത്തിലാണ് കേരളം പിടിച്ചുനിന്നതെന്നുള്ളത് നമുക്ക് മനസ്സിലാകും. അതുകൊണ്ട് ആരോഗ്യ-ക്ഷേമ മേഖലകളിൽ നല്ലൊരു തുക വകയിരുത്തിക്കൊണ്ടുമാത്രമേ ഈ പ്രതിസന്ധി പരിഹരിക്കാൻ സാധിക്കുകയുള്ളൂ. വാക്സിനേഷനെക്കുറിച്ച് പ്രതിപക്ഷം പറഞ്ഞത് ശരിയാണ്. പക്ഷേ, ആ ശരിക്കപ്പുറത്ത് പ്രതിപക്ഷം എന്താണ് ചെയ്യുന്നത്? നൂറ് ശതമാനം വാക്സിനേഷൻ നടത്താൻ കേരളത്തിന് ആഗ്രഹമുണ്ട്. അതിന് കേരളത്തിലെ ഗവൺമെന്റും ആരോഗ്യവകുപ്പും കിണഞ്ഞ് പരിശ്രമിക്കുകയാണ്. എന്തുകൊണ്ടാണ് നമുക്ക് നൂറ് ശതമാനം വാക്സിനേഷനിലേയ്ക്ക് എത്തിച്ചേരാൻ സാധിക്കാത്തത്? ഇന്ത്യയ്ക്ക് ഒരു വാക്സിൻ നയമുണ്ട്. ഇന്ത്യയുടെ വാക്സിൻ നയത്തിനെതിരായി നാം ഒരുമിച്ച് പ്രതികരിക്കണ്ടേ; നിങ്ങളുടെ വിരൽ ആർക്കുനേരെയാണ് ചൂണ്ടുന്നത്? വാക്സിന്റെ കാര്യം പറയുമ്പോഴും ഇവിടെ ഗവൺമെന്റ് എന്തോ തരക്കേടുണ്ടാക്കിയെന്ന രീതിയിലാണ് പറയുന്നത്. ലോകത്തിലാകെ 'വാക്സിൻ ഇന്റർനാഷണലിസം' എന്നുപറഞ്ഞ് പുരോഗമനവാദികൾ ചർച്ച സംഘടിപ്പിക്കുന്നുണ്ട്. അത്തരമൊരു ചർച്ചയിൽ പങ്കെടുക്കാൻ എനിക്കും അവസരം ലഭിച്ചു. അവർ ആകെ ആവശ്യപ്പെടുന്ന കാര്യം വാക്സിനൊരു കോമൺഗുഡ്സാണ് എന്നതാണ്, അത് ലോകത്തിലെ ജനങ്ങൾക്കാകെ ഉപയോഗപ്പെടുത്താൻ സാധിക്കണമെന്നാണ്. വാക്സിനെ പൊതുനന്മയ്ക്കാവശ്യമായ വസ്തുവായി കണക്കാക്കി അത്യയധികം വാക്സിൻ ഉല്പാദിപ്പിച്ച് നമുക്ക് വിതരണം ചെയ്യാൻ സാധിക്കാത്തത് എന്തുകൊണ്ടാണ്? അതിനെയാണ് ഞങ്ങൾ മുതലാളിത്ത നയമെന്നുപറയുന്നത്. വാക്സിൻ പോലും കച്ചവടത്തിനുള്ള ഒരു വസ്തുവായി മുതലാളിത്ത ഭരണകൂടം മാറ്റിയിരിക്കുന്നു. സർക്കാരിന് വാക്സിൻ വില നിർണ്ണയത്തിനുവേണ്ടി എന്തെല്ലാം ചെയ്യാം. 4500 കോടി രൂപയാണ് സ്വകാര്യമേഖലയ്ക്ക് വാക്സിൻ കണ്ടുപിടിക്കാനും ഉല്പാദിപ്പിക്കാനുംവേണ്ടി ഗവൺമെന്റ് നൽകിയിട്ടുള്ളത്. അത് പൊതുമേഖലയ്ക്ക് നൽകിയിരുന്നെങ്കിലോ; ഞങ്ങളുടെ പത്ത് പൊതുമേഖലാ സ്ഥാപനങ്ങൾക്ക്

വാക്സിൻ ഉല്പാദിപ്പിക്കാൻ സാധിക്കുമെന്ന് ഇന്ത്യാ ഗവൺമെന്റുതന്നെ കോടതിയിൽ നൽകിയ സത്യവാങ്മൂലത്തിൽ പറഞ്ഞു. എന്തുകൊണ്ടാണ് ആ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് പണം നൽകി വാക്സിൻ ഉല്പാദിപ്പിക്കാൻ ഇന്ത്യാ ഗവൺമെന്റ് തയ്യാറാകാത്തത്. ആ ചോദ്യമല്ലേ നമ്മളെല്ലാവരും ഒരുമിച്ച് ചോദിക്കേണ്ടത്? അങ്ങനെ ഉല്പാദിപ്പിച്ച് വിതരണം ചെയ്തിരുന്നുവെങ്കിൽ കേരളത്തിനാവശ്യമായ വാക്സിൻ ലഭിക്കില്ലേ? ഒന്നരക്കോടി ചോദിച്ചാൽ അടുത്തതവണ മൂന്ന് ലക്ഷം കൊടുത്തയയ്ക്കും. മുഴുവൻ ആളുകളേയും വാക്സിനേറ്റ് ചെയ്യാൻ എവിടെനിന്നാണ് വാക്സിൻ ലഭിക്കുന്നത്. കേരളത്തിന്റെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നമ്മുടെ പൊതുമേഖലാ സ്ഥാപനത്തിൽ വാക്സിൻ ഉല്പാദിപ്പിക്കാമെന്ന് പറഞ്ഞില്ലേ; എന്താണ് അതിന് അനുവാദം നൽകാത്തത്? അനുവാദംമാത്രം മതിയാകില്ല, സാമ്പത്തിക സഹായവും സാങ്കേതികവിദ്യയും നൽകി സഹായിച്ചാൽ ഉല്പാദനം നടത്താൻ തയ്യാറാണല്ലോ. എന്നിട്ടും വാക്സിൻ ഉല്പാദിപ്പിക്കാൻ അനുമതി നൽകാത്തതെന്താണ്. ജനാധിപത്യം തകർന്നുപോയിരിക്കുന്നു. അതിന് കുറ്റം പറഞ്ഞിട്ട് എന്താണ് കാര്യം. കേരളത്തിൽ ലഭിക്കുന്ന വാക്സിനെല്ലാം സീറോ വേസ്റ്റേജാണ്. അതിന് കേന്ദ്ര സർക്കാർ നമ്മളെ അഭിനന്ദിച്ചു. ഒരുഡോസുപോലും കളയാതെ, ലഭിക്കുന്ന വാക്സിൻ കൃത്യമായി ജനങ്ങൾക്ക് കൊടുക്കുന്നു. സമയമില്ലാത്തതുകൊണ്ട് ഞാൻ വഴങ്ങുന്നില്ല. ഒരാൾക്ക് വഴങ്ങാം.

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: സർ, കേരളത്തിലെ മുഴുവൻ ജില്ലകൾക്കും വാക്സിൻ തുല്യമായി വീതിക്കാൻ കഴിയാത്തതിന് കാരണം കേന്ദ്ര ഗവൺമെന്റാണോ?

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, അതെല്ലാം കണക്കുകളുടെ ബലത്തിൽ തന്നെ പറയാൻ സാധിക്കും. അക്കാര്യത്തിൽ ഒരു പക്ഷാഭേദവുമില്ല. എല്ലാ ജില്ലകളിലും തുല്യമായ രീതിയിൽ ആവശ്യാനുസരണം വാക്സിൻ വിതരണം ചെയ്യുന്നുണ്ട്. അക്കാര്യത്തിൽ വെറുതെ എന്തെങ്കിലും പറഞ്ഞിട്ട് കാര്യമില്ല. കൃത്യമായിട്ടും പാറ്റന്റ് ആക്ടിന്റെ 92-ാം വകുപ്പനുസരിച്ച് തന്നെ വാക്സിന്റെ വില നിയന്ത്രണം ഏർപ്പെടുത്താനും ഉല്പാദനം പൊതുമേഖലയ്ക്ക് നൽകാനും സാധിക്കും. അതുപോലെ ഡ്രഗ്സ് പ്രൈസ് കൺട്രോൾ ഓർഡർ അനുസരിച്ചും സാധിക്കും. പക്ഷേ, ഇന്ത്യാ ഗവൺമെന്റ് അതിന് തയ്യാറാകുന്നില്ല. ഇക്കാര്യത്തിൽ അതിശക്തമായ പ്രതിഷേധം ഉയർത്തേണ്ടതായിട്ടുണ്ട്. വാക്സിൻ ധാരാളമായി നമുക്ക് ലഭ്യമാകണം. കോവിഡ് പ്രതിസന്ധിഘട്ടത്തിലും ക്ഷേമ പദ്ധതികളെല്ലാം തടസ്സപ്പെടുത്താതെ ഈ ഗവൺമെന്റ് നിലനിർത്തിയില്ലേ; കോവിഡ് കാലത്ത് കേരളത്തിനെ ആളുകൾ ശ്രദ്ധിച്ചത് നമ്മളാരും ലോകത്തിലാകെ കത്തെഴുതിയിട്ടൊന്നുമല്ല. കേരളത്തെ മാത്രമല്ല, എല്ലായിടത്തും എന്താണ് നടക്കുന്നതെന്ന് ലോകം മുഴുവൻ ഉറ്റുനോക്കുന്നുണ്ട്. പക്ഷേ, ഈ മഹാമാരിയെ പ്രതിരോധിക്കാൻ കൊച്ചുകേരളം കുറെക്കൂടി ശാസ്ത്രീയമായ

മാർഗ്ഗം അവലംബിച്ചുവെന്ന് പഠനത്തിലൂടെ മനസ്സിലാക്കിത്തന്നെയാണ് ഈ രീതി ശരിയാണെന്ന് അഭിപ്രായപ്പെട്ടത്. കോവിഡിന്റെ ആരംഭകാലഘട്ടത്തിൽ മിറ്റിഗേഷൻ മെതേഡ് മാത്രം മതിയെന്ന് ബഹുമാനപ്പെട്ട അന്നത്തെ പ്രതിപക്ഷനേതാവ് പറഞ്ഞിരുന്നു. മിറ്റിഗേഷൻ മെത്തേഡ് ഉപേക്ഷിക്കുന്നില്ല. മിറ്റിഗേഷൻ മെതേഡ് മാത്രമല്ല നാം സ്വീകരിച്ചത്, കണ്ടെയിൻമെന്റ് കൂടിയാണ്. ഞാൻ അതിന്റെ വിശദാംശത്തിലേയ്ക്കൊന്നും പോകുന്നില്ല. കേരളത്തിലെ കോവിഡ് പ്രതിരോധം മൊത്തത്തിൽ പാളിപ്പോയി എന്നെല്ലാം പറയുമ്പോൾ ലോകത്തിലെ കോവിഡ് സിറ്റുവേഷനെക്കുറിച്ച് പൂർണ്ണമായും മനസ്സിലാക്കിയിട്ടാണോ പറയുന്നത് എന്നെനിക്ക് അറിയില്ല. കേരളത്തിലെ മരണനിരക്ക് 0.5 ശതമാനത്തിൽ താഴെയാണ്. അത് 0.3 ശതമാനത്തിൽ എത്തിയ കാലമുണ്ടായിരുന്നു. ആത്യന്തികമായിട്ടുള്ള ചോദ്യം കോവിഡ് മഹാമാരിയിൽനിന്നും എത്ര ജീവൻ രക്ഷിക്കാൻ കഴിഞ്ഞു എന്നുള്ളത് തന്നെയാണ്. 2020 അവസാനത്തിൽ നമുക്ക് 706,933 കേസും 3,072 മരണവുമുണ്ടായിരുന്നു. 0.4 ശതമാനമായിരുന്നു അന്നത്തെ മരണനിരക്ക്. 2021-ൽ ഇലക്ഷന് ശേഷമാണ് കോവിഡിന്റെ ഡെൽറ്റാ വകഭേദമുണ്ടായതും രണ്ടാം തരംഗം വന്നതും. ഒന്നാം തരംഗത്തെ നമുക്ക് ഡിലേ ചെയ്യിക്കാൻ സാധിച്ചതിനാൽ അതിനിടയിലുള്ള കാലയളവിൽ ഹോസ്പിറ്റലുകൾക്ക് മുന്നൊരുക്കം നടത്താൻ കഴിഞ്ഞു. കേരളത്തിൽ ഒരു രോഗിപോലും നടുറോഡിൽക്കിടന്ന് ഓക്സിജനും ബെഡ്ഡും കിട്ടാതെ മരിക്കേണ്ടി വരാതിരുന്നത് ആ ഒരുക്കത്തിന്റെ ഭാഗമായിട്ടാണ്. അതാണ് കേരളത്തിന്റെ പ്രത്യേകത. രണ്ടാം തരംഗം വന്നപ്പോഴും മരണത്തിന്റെ എണ്ണം വർദ്ധിക്കുകയും കൂടുതൽ ആളുകളിലേയ്ക്ക് രോഗവ്യാപനമുണ്ടാകുകയും ചെയ്തിട്ടുണ്ട്. എന്നിട്ടും മരണനിരക്ക് 0.5 ശതമാനത്തിൽ നിൽക്കുകയാണ്. ഒഴിവാക്കിയെന്ന് പറയുന്ന അല്ലെങ്കിൽ വിട്ടുപോയെന്ന് പ്രതിപക്ഷം പറയുന്ന എല്ലാ മരണങ്ങളും കൂട്ടിച്ചേർത്താലും ഒരു ശതമാനത്തിൽ താഴെ മാത്രമേ കേരളത്തിലെ മരണനിരക്ക് നിൽക്കുകയുള്ളൂ. ഏതെങ്കിലും മരണം വിട്ടുപോയിട്ടുണ്ടെങ്കിൽ കൂട്ടിച്ചേർക്കുന്നതിൽ വിരോധമില്ല. പക്ഷേ, നോംസ് അനുസരിച്ച് മാത്രമേ നമുക്കത് ചെയ്യാൻ സാധിക്കുകയുള്ളൂവെന്ന് ആരോഗ്യ വകുപ്പും ഗവൺമെന്റും വ്യക്തമാക്കിയിട്ടുണ്ട്. 2020-21-ൽ എക്സസ് ഡെത്ത് അനാലിസിസ് നടത്തിയപ്പോൾ പതിനൊന്ന് ശതമാനം കുറവാണ് രേഖപ്പെടുത്തിയത്. ഈ വർഷത്തെ എക്സസ് ഡെത്ത് അനാലിസിസ് നടത്താനിരിക്കുന്നതേയുള്ളൂ. ഇതൊക്കെ ലോകം മുഴുവൻ പരിശോധിക്കുന്നതാണ്, നമ്മളാരും പരിശോധിക്കുന്നതല്ല. ലോകത്തിൽ തന്നെ പരിശോധിച്ച് ഇന്ത്യ എന്ന ഈ വലിയ രാജ്യത്തിന്റെ ഭാഗമായ കൊച്ചുസംസ്ഥാനത്തെ ചേർത്തിരിക്കുന്നു; മറ്റെല്ലാം രാജ്യങ്ങളാണ്; നമ്മുടേത് ഒരു സംസ്ഥാനമല്ലേ. ന്യൂസിലാൻഡിൽ എക്സസ് ഡെത്ത് ഏഴ് ശതമാനമാണ് കുറഞ്ഞത്. കേരളത്തിൽ പതിനൊന്ന് ശതമാനമാണ്. ഇത് സംസ്ഥാനത്തുനിന്നും കണക്കെഴുതിക്കൊടുത്താൽ അവരാരും പറയില്ല.

കേരളത്തിൽ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ആരോഗ്യ വകുപ്പ് മാത്രമല്ല എല്ലാ വകുപ്പുകളും ചേർന്ന് നടത്തിയ ചിട്ടയോടെയുള്ള പ്രവർത്തനംമൂലമാണ് നമുക്കതിന് സാധിച്ചത്. സംസ്ഥാന സർക്കാർ ഇരുപതിനായിരം കോടി രൂപയുടെ കോവിഡ് പാക്കേജാണ് പ്രഖ്യാപിച്ചത്. അതെല്ലാം വിശദമായി പഠിക്കുന്ന ഒരാൾക്ക് കേരളത്തിന്റെ കോവിഡ് പ്രതിരോധം മികച്ചതായിരുന്നുവെന്ന് പറയാൻ സാധിക്കും. എനിക്കൊരു തമാശ തോന്നുന്നത്, ശ്രീ. പി. കെ. ബഷീർ മാർക്സിസ്റ്റായോ എന്നാണ്. അദ്ദേഹത്തിന്റെ വൈരുദ്ധ്യാധിഷ്ഠിത ലോക്ഡൗൺ എന്നത് തരക്കേടില്ലാത്ത പ്രയോഗമാണ്. എല്ലാത്തിനും ഒരു വൈരുദ്ധ്യമുണ്ട്. ഇവിടെ കംപ്ലീറ്റ് ലോക്ഡൗൺ നടത്താം, എന്നാൽ സമസ്ത മേഖലയും മന്ദീഭവിച്ചുപോകും; ഭയങ്കര മാന്ദ്യമുണ്ടാകും; ലൈവ്ലിഹുഡ് മുഴുവൻ തകരും. എന്നാൽ എല്ലാം തുറന്നുവിടുമ്പോൾ രോഗം വല്ലാതെ പടർന്ന് ആളുകൾ കൂടുതൽ മരിക്കും. ഇതിലൊരു വൈരുദ്ധ്യമുണ്ട്. വൈരുദ്ധ്യാധിഷ്ഠിത ഭൗതികവാദം ശ്രീ. പി. കെ. ബഷീറിനെങ്കിലും മനസ്സിലായല്ലോ, ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ ഒരു ക്ലാസ്സും കൂടിയെടുത്താൽ അത് പൂർണ്ണമായും മനസ്സിലാക്കാൻ സാധിക്കും. പക്ഷേ, യു.ഡി.എഫ്-ന്റെ പെരുമാറ്റത്തിൽ വൈരുദ്ധ്യമുണ്ടാകരുത്. ഒരു ഭാഗത്ത് എല്ലാം തുറന്ന് വിടണമെന്ന് പറഞ്ഞ് അവരുടെ കൂടെ കൂടുകയും മറുഭാഗത്ത് എല്ലാം തുറന്ന് വിടുമ്പോൾ രോഗം വ്യാപിക്കുമ്പോൾ ഇവരുടെ നയം ശരിയല്ലെന്ന് പറയുകയും ചെയ്യുകയാണ്. ഈ വൈരുദ്ധ്യമുണ്ടാകരുത് എന്ന് മാത്രമേയുള്ളൂ. ഏതായാലും ഗവൺമെന്റ് അതിസാഹസികമായി ഈ നാട്ടിലെ ജനങ്ങളെ രക്ഷിക്കാൻ ശ്രമിക്കുന്നു. അതിനുവേണ്ടി ഇവിടെ അവതരിപ്പിച്ചിട്ടുള്ള എല്ലാ ധനാഭ്യർത്ഥനകളും പരിശോധിച്ചാൽ അതിലൊരു ഡെമോക്രസിയുണ്ട്, ഇക്വാളിറ്റിയുണ്ട് എന്ന് മനസ്സിലാക്കാൻ കഴിയും. അതുകൊണ്ടുതന്നെയാണ് ഈ ഗവൺമെന്റിനെ രണ്ടാമതും ഈ നാട്ടിലെ ജനങ്ങൾ തെരഞ്ഞെടുത്തത്. ഇനിയും തെരഞ്ഞെടുക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അത്ര മികച്ച സമീപനമാണ് ഈ കെട്ടകാലത്തും ഗവൺമെന്റ് സ്വീകരിക്കുന്നത്. അത് മറ്റ് പലർക്കും മാതൃക തന്നെയാണ്.

3.00 PM]

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ധനാഭ്യർത്ഥനകളെ എതിർക്കുന്നു. രണ്ട് മാസക്കാലയളവുള്ള ഒരു ഗവൺമെന്റിനെ വിമർശിക്കാനുള്ള സമയമല്ല ഇത്. കഴിഞ്ഞ രണ്ട് മാസംകൊണ്ട് ഏറ്റവുമധികം വിവാദത്തിലകപ്പെട്ട കേരള ചരിത്രത്തിലെ ഒന്നാമത്തെ സർക്കാർ എന്ന പദവിയാണ് ഇപ്പോൾ ഈ സർക്കാരിന് നൽകുന്നത്. എണ്ണിയാലൊടുങ്ങാത്ത വിവാദങ്ങളാണ്, തൊടുന്നതെല്ലാം വിവാദങ്ങളാണ്, തൊടുന്നതെല്ലാം പ്രശ്നങ്ങളായി മാറുകയാണ്. അനുകൂലമായ ജനവിധിയെ ആദരവോടും വിനയത്തോടുംകൂടി സ്വീകരിക്കുന്നതിനു പകരം ധാർഷ്ട്യത്തോടും ധിക്കാരത്തോടും എന്തും ചെയ്യാനുള്ള ലൈസൻസായി

നിങ്ങൾ സ്വീകരിച്ച അല്ലെങ്കിൽ അണികൾ സ്വീകരിച്ചു. അവരെ നിയന്ത്രിക്കാൻ ഒരു തരത്തിലും കഴിയാത്ത സാഹചര്യം നിലനിൽക്കുന്നു. ഇന്ന് രാവിലെ സ്ത്രീകൾക്കെതിരായ അതിക്രമത്തെക്കുറിച്ച് സഭയിൽ സൂചിപ്പിച്ചു. ഞാൻ ആ വിഷയം ആവർത്തി ക്കുന്നില്ല. ഇത്തരം കാര്യങ്ങളിൽ സർക്കാരിന്റെ നിലപാടെന്താണ്? ഈ നാട്ടിൽ സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ വർദ്ധിച്ചുവരുമ്പോൾ സർക്കാർ നൽകുന്ന മെസ്സേജ് എന്താണ്; എന്ത് നടപടിയാണ് സ്വീകരിക്കാൻ പോകുന്നത്? വാളയാറിന്റെ കറുത്ത പാടുകൾ ഈ ഗവൺമെന്റിന്റെ മുഖത്തുണ്ട്. സംസ്ഥാനത്ത് അത് ആവർത്തിക്കു കയാണോ. സ്ത്രീധനമരണങ്ങളും കൊലപാതകങ്ങളും ആത്മഹത്യകളുമുണ്ടാകുമ്പോൾ അവർക്ക് ആശ്വാസമായും തണലായും കുടപിടിച്ച് നിൽക്കേണ്ട സ്ഥാപനമായ വനിത കമ്മീഷന്റെ വിശ്വാസ്യതയെ തകർത്ത് തരിപ്പണമാക്കി. സ്ത്രീപക്ഷമെന്ന പരിപാടിയുമായി സ്ത്രീകൾക്കുവേണ്ടിയുള്ള ക്യാമ്പയിൻ നടത്തി. എന്നാൽ കേരളത്തിന്റെ ചരിത്രത്തിൽ നടത്തിയിരിക്കുന്ന ഏറ്റവും വലിയ മരംകൊള്ളയെ സംബന്ധിച്ച് സെക്രട്ടേറിയറ്റിൽനിന്നും ഒരു ഫയൽ ലഭിക്കുന്നതിനുവേണ്ടി വിവരാവകാശ നിയമപ്രകാരം അപേക്ഷിച്ചപ്പോൾ അവിടെയുള്ള ഇൻഫർമേഷൻ ഓഫീസറും അണ്ടർ സെക്രട്ടറിയുമായ ഒരു വനിതാ ഉദ്യോഗസ്ഥ അത് നൽകി. എന്ത് തെറ്റാണ് ആ വനിതാ ഉദ്യോഗസ്ഥ ചെയ്തത്? വിവരം നല്കിയില്ലെങ്കിൽ അവർക്കെതിരെ നടപടിയെടുക്കാവുന്ന ഒരു കാര്യത്തിൽ നിയമപരമായി അവർ ചെയ്തു. ഇവിടെ യിരിക്കുന്ന വനിതാ അംഗങ്ങൾ കൂടി ഇത് ശ്രദ്ധിക്കണം. ആ അണ്ടർ സെക്രട്ടറി നിയമവിരുദ്ധമായി എന്തെങ്കിലും ചെയ്തോ; രേഖകൾ പുറത്തു വന്നപ്പോൾ ഇവിടെ പലരും പ്രതിക്കൂട്ടിലായി. അതിനാണ് ആ സ്ത്രീയോട് പ്രതികാരം ചെയ്യുന്നത്. ആദ്യം അവരെ രണ്ട് മാസം നിർബന്ധിപ്പിച്ച് ലീവ് എടുപ്പിച്ചു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതൊന്ന് കേൾക്കണം. സെക്രട്ടേറിയറ്റിലെ ഒരു പ്രിൻസിപ്പൽ സെക്രട്ടറിയാണ് ഇത് ചെയ്തത്. എന്നിട്ടും അരിശം തീരാതെ അവർക്ക് കൊടുത്ത ഗുഡ് സർവ്വീസ് എൻട്രി 'ഞാൻ പിൻവലിക്കുന്നുവെന്ന് ' പറഞ്ഞ് ഉത്തരവിറക്കി പ്രിൻസിപ്പൽ സെക്രട്ടറി അവരെ അപമാനിച്ചു. ഗുഡ് സർവ്വീസ് എൻട്രി നൽകാൻ പ്രൊവിഷനുണ്ട്. അത് പിൻവലിക്കാൻ ഏത് പ്രൊവിഷനാണുള്ളത്; ഏത് നിയമമാണുള്ളത്? പിറ്റേ ദിവസം 'ഞാൻ പിൻവലിക്കുന്നുവെന്നത് ' മാറ്റി 'ഗവൺമെന്റ് പിൻവലിക്കുന്നു' എന്നാക്കി. അതുവരെ പ്രിൻസിപ്പൽ സെക്രട്ടറിയുടെ തലയിലായിരുന്നു. ഇപ്പോൾ നിങ്ങളുടെയെല്ലാവരുടേയും തലയിലായി. ഈ പാവപ്പെട്ട സ്ത്രീക്ക് അവരുടെ അഗാധമായ പാണ്ഡിത്യത്തിന്റെയും ജോലിയോടുള്ള അർപ്പണ ബോധത്തിന്റെയും ഭാഗമായി നൽകിയ ഗുഡ് സർവ്വീസ് എൻട്രി സത്യസന്ധതയില്ല, വിശ്വാസ്യതയില്ല എന്നുപറഞ്ഞ് പിൻവലിച്ചു. പ്രിൻസിപ്പൽ സെക്രട്ടറിയും ഗവൺമെന്റും ചേർന്ന് ലീവിൽ പോയിരിക്കുന്ന അവരെ സെക്രട്ടേറിയറ്റിന് പുറത്തേയ്ക്ക് സ്ഥലംമാറ്റി. ആരോടാണ് ഈ അതിക്രമം കാണിക്കുന്നത്; ആരോടാണ് ഈ പോര് കാണിക്കു

ന്നത്? എന്നിട്ട് സ്ത്രീപക്ഷം എന്ന് പറഞ്ഞ് ക്യാമ്പയിൻ ചെയ്യുന്നു. സെക്രട്ടേറിയറ്റിൽ നിങ്ങളുടെ മൂക്കിന് താഴെയിരിക്കുന്ന ഒരു ഉദ്യോഗസ്ഥയ്ക്ക് ഇതാണ് അനുഭവമെങ്കിൽ കേരളത്തിലെ സ്ത്രീകൾക്കുണ്ടാകുന്ന അനുഭവമെന്തായിരിക്കും? അതുകൊണ്ട് പോലീസ് സ്റ്റേഷനുകളിൽ സ്ത്രീപീഡനത്തിന്റെ പേരിൽ കൊടുക്കുന്ന പരാതികൾ വയ്ക്കാൻ ഒരു കോൾഡ് സ്റ്റോറേജ് സ്ഥാപിക്കണം. നിങ്ങളുടെ നയമിതാണ്, സമീപനമിതാണ്. വണ്ടിപ്പെരിയാറിൽ ആറുവയസ്സുകാരിയായൊരു പെൺകുട്ടി പീഡനത്തിനിരയായി കൊല്ലപ്പെട്ടു. ഞാൻ അവിടെ പോയിരുന്നു. സങ്കടം കണ്ടാൽ സഹിക്കാൻ കഴിയില്ല. ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് പറയുന്നു, വാളയാർ സംഭവം വണ്ടിപ്പെരിയാറിൽ ആവർത്തിക്കരുത്. ഒൻപതും പതിമൂന്നും വയസ്സായ പെൺകുട്ടികളെ ക്രൂരമായി പീഡിപ്പിച്ച് തൂക്കിയിട്ടു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആ കോടതി വിധിയൊന്ന് വായിച്ച് നോക്കണം. വാളയാർ കേസിൽ ഇൻവെസ്റ്റിഗേഷനിലും പ്രോസിക്യൂഷനിലും സംഭവിച്ച ക്രമക്കേട് വണ്ടിപ്പെരിയാറിൽ ആവർത്തിക്കരുത്. ഒരു സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറെ നിയമിച്ച് വണ്ടിപ്പെരിയാർ പോലുള്ള സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിന് നടപടി സ്വീകരിക്കണം. സംസ്ഥാനത്ത് ക്രിമിനലുകൾ കൊടികുത്തി വാഴുകയാണ്. സ്വർണ്ണക്കള്ളക്കടത്ത് നടത്താൻ ക്വട്ടേഷൻ സംഘങ്ങൾ പരക്കംപായുന്നു. ആരാണ് ക്വട്ടേഷൻ സംഘങ്ങളെ നിയന്ത്രിക്കുന്നത്? ടി. പി. ചന്ദ്രശേഖരൻ വധക്കേസിൽ ശിക്ഷിക്കപ്പെട്ട് ജയിലിൽ കിടക്കുന്ന കൊലപ്പുള്ളികൾ ജയിലിനകത്തിരുന്ന് പുറത്തെ ക്വട്ടേഷൻ സംഘങ്ങളെ നിയന്ത്രിക്കുന്നു. അവർക്കെല്ലാ സൗകര്യങ്ങളും ചെയ്തുകൊടുക്കുന്നു. സ്വർണ്ണം കൊള്ളയടിക്കാൻ, പണം കൊള്ളയ ടിക്കാൻ ജയിലിൽ ക്വട്ടേഷൻ ഏറ്റെടുക്കുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വകുപ്പാണ് ജയിലുകൾ. അഫിഡവിറ്റ് കൊടുത്തപ്പോൾ ജയിൽ ഡി.ജി.പി. പറഞ്ഞത് ജയിലിൽ ആവശ്യമില്ലാത്ത ഭക്ഷണം, മദ്യം, ലഹരി മരുന്നുകൾ, ഫോണുകൾ എന്നിവ വരുന്നു എന്നാണ്. അത് നിയന്ത്രിക്കാൻ കഴിയുന്നില്ല. ജയിലിൽ ഇരുന്നു കൊണ്ട് കൊലപ്പുള്ളികളും ക്രിമിനലുകളും കേരളത്തെ നിയന്ത്രിക്കുന്നു, ക്രിമിനലുകൾ അഴിഞ്ഞാടുന്നു. നിങ്ങൾക്ക് നിയന്ത്രിക്കാൻ സാധിക്കുന്നില്ല. പൊതുസമൂഹം ഈ പരാതി ഉന്നയിച്ചിട്ട് എത്ര നാളായി. യു.ഡി.എഫ്. പരാതി പറഞ്ഞിട്ട്, മാധ്യമങ്ങൾ ഈ പരാതി ആവർത്തിച്ചിട്ട് നിങ്ങൾക്ക് ഈ കൊലപ്പുള്ളികളെ നിയന്ത്രിക്കാൻ സാധിക്കുന്നില്ല. കാരണം, നിങ്ങൾക്ക് അവരെ പേടിയാണ്. രാഷ്ട്രീയ എതിരാളികളെ കൊല്ലാൻ നിങ്ങൾ അവരെ ഉപയോഗിച്ചു. ഇനി അവർ ചെയ്യുന്ന എല്ലാ ക്രിമിനൽ പ്രവൃത്തികൾക്കും കുടപിടിച്ച് കൊടുത്തില്ലെങ്കിൽ അവർ നിങ്ങൾക്കുനേരെ തിരിയും. അതുകൊണ്ടാണ് നിങ്ങൾ അവരെ ഭയപ്പെടുന്നത്. ഇഷ്ടംപോലെ അവർ പരോളിൽ പോകുന്നു. അവർക്കെന്തും ചെയ്യാനുള്ള സംവിധാനം ഈ സംസ്ഥാനത്ത് ഇപ്പോഴുണ്ട്. ഇവിടെ മരംമുറി കേസിനെക്കുറിച്ച് പറഞ്ഞു. കേസന്വേഷണം എവിടെവരെ പോകും?

എങ്ങോട്ടാണ് പോകുന്നതെന്നത് വ്യക്തമാണ്. മരംമുറി കേസുമായി ബന്ധപ്പെട്ട ഫയലുകൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒന്നുകൂടി പരിശോധിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. എന്താണ് കേരളത്തിൽ നടക്കുന്നത്; മരംകൊള്ളയുമായി ബന്ധപ്പെട്ട് സർക്കാരിന്റെ സമീപനം എന്താണ്? എത്ര ലാഘവത്തോടുകൂടിയാണ് സർക്കാർ ഇക്കാര്യം കൈകാര്യം ചെയ്യുന്നത്. അധികാരത്തിന്റെ മറവിൽ എന്ത് വൃത്തികേടും കൊള്ളയും കേരളത്തിൽ നടക്കുമെന്നതിന്റെ ഏറ്റവും വലിയ ഉദാഹരണമാണിത്.

നിയമസഭാ കയ്യാങ്കളി കേസുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ പോയി. സുപ്രീംകോടതിയുടെ ശകാരം അത്രയുംകേട്ടു. അന്നത്തെ ധനകാര്യ വകുപ്പുമന്ത്രിക്കും അദ്ദേഹത്തിന്റെ അഴിമതിക്കും എതിരായാണ് സമരം നടത്തിയതെന്ന് ആദ്യം പറഞ്ഞപ്പോൾ ഇവിടെ വിവാദമായി. കേരളത്തിലെ ഏറ്റവും വലിയ അഴിമതിക്കാരൻ കെ. എം. മാണിയാണെന്ന് അന്ന് നിങ്ങൾ പറഞ്ഞിരുന്നു. രണ്ടു ദിവസം കഴിഞ്ഞപ്പോൾ അഭിഭാഷകൻ അത് മാറ്റിപ്പറഞ്ഞു. സർക്കാർ അഭിഭാഷകൻ ആരുടെ സമ്മർദ്ദത്താലാണ് സുപ്രീംകോടതിയിൽ ആദ്യം പറഞ്ഞതിനെ മാറ്റിപ്പറയാൻ ഇടയാക്കിയത്? ചിലകാര്യങ്ങൾ ഞങ്ങൾ സമ്മർദ്ദം കൊണ്ടുചെയ്യുന്നതാണെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കഴിഞ്ഞ ദിവസം പറഞ്ഞു. ആരുടെ സമ്മർദ്ദംകൊണ്ടാണ് സുപ്രീംകോടതിയിൽ കെ. എം. മാണിക്കെതിരെയല്ല അന്നത്തെ സർക്കാരിനെതിരായിട്ടാണ് സമരം ചെയ്തതെന്ന് പറഞ്ഞത്? അന്നത്തെ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി ഇവിടെ ഇരിക്കുന്നു. കെ. എം. മാണിക്ക് ബഡ്ജറ്റ് അവതരിപ്പിക്കാൻ പറ്റില്ല, വേണമെങ്കിൽ ശ്രീ. ഉമ്മൻ ചാണ്ടി ബഡ്ജറ്റ് അവതരിപ്പിക്കട്ടെ എന്നുപറഞ്ഞവരല്ലേ നിങ്ങൾ; നിങ്ങൾ അന്നത്തെ സർക്കാരിന്റെ അഴിമതിക്ക് എതിരായാണോ സമരം ചെയ്തത്; അങ്ങനെയെങ്കിൽ അന്നത്തെ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയും മറ്റ് മന്ത്രിമാരും എം.എൽ.എ-മാരും സഭയ്ക്കകത്ത് വന്നപ്പോൾ നിങ്ങളൊന്നും ഒരു കുഴപ്പവും ഉണ്ടാക്കിയില്ലല്ലോ; കെ. എം. മാണി സഭയ്ക്കകത്തേയ്ക്ക് വന്നപ്പോഴല്ലേ നിങ്ങൾ കുഴപ്പമുണ്ടാക്കിയത്? ശ്രീ. ഉമ്മൻ ചാണ്ടിക്ക് വേണമെങ്കിൽ ബഡ്ജറ്റ് അവതരിപ്പിക്കാമെന്ന് പറഞ്ഞ നിങ്ങൾ ഇപ്പോൾ ഒരു നാണവുമില്ലാതെ കാര്യങ്ങൾ മാറ്റിപ്പറയുകയാണ്. സുപ്രീംകോടതിയിൽ പോയി ഇതുപോലെ കള്ളം പറയാമോ; അന്നുണ്ടായ സംഭവങ്ങൾ മുഴുവൻ സുപ്രീംകോടതിയിൽ മാറ്റിപ്പറഞ്ഞു.

കോവിഡ് നിയന്ത്രണത്തെക്കുറിച്ച് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി പറഞ്ഞപ്പോൾ ശ്രീമതി കെ. കെ. ശൈലജ ടീച്ചർക്ക് ഇഷ്ടമായില്ല. കോവിഡുമായി ബന്ധപ്പെട്ട കാര്യങ്ങൾ എന്താണെന്ന് അന്വേഷിക്കണമെന്നാണ് അദ്ദേഹം പറഞ്ഞത്. ടി.പി.ആർ. കുറയുന്നില്ല. അല്ലാതെ ശ്രീ. നരേന്ദ്ര മോദിയെപ്പോലെ സർക്കാരിനെ വിമർശിച്ചാൽ അവരെയെല്ലാം ദേശവിരുദ്ധരായി ചിത്രീകരിക്കും എന്നല്ല. കോവിഡുമായി ബന്ധപ്പെട്ട

കാര്യങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയല്ലേ ചെയ്തത്? ലോകത്ത് ഏറ്റവും കുറവ് രോഗികളുള്ള സ്ഥലമാണ് കേരളമെന്ന് വാഷിംഗ്ടൺ പോസ്റ്റിൽ വാർത്ത വന്നു, ന്യൂയോർക്ക് ടൈംസിൽ ശ്രീമതി കെ. കെ. ശൈലജ ടീച്ചറുടെ പേരുവന്നു. നമുക്ക് സന്തോഷമായി. ഇപ്പോൾ രോഗികളുടെ എണ്ണം മുപ്പത് ലക്ഷം കടന്നിരിക്കുന്നു. ടി.പി.ആർ. നിരക്ക് ഇന്ത്യയിൽ ഏറ്റവും കുറവുള്ള സംസ്ഥാനമാണ് കേരളമെന്ന് പറഞ്ഞു. എന്നാൽ ഇപ്പോൾ ടി.പി.ആർ. നിരക്കിൽ ഒന്നാം സ്ഥാനമാണ് കേരളത്തിനുള്ളത്. ഇതു കുറയണ്ടേ? അതാണ് നമ്മുടെ വിഷമം. ഏറ്റവും കുറവ് മരണനിരക്ക് കേരളത്തിലാണെന്ന് പറഞ്ഞത് ശരിയാണോ? ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി ജൂലൈ മൂന്നാം തീയതി മാധ്യമങ്ങളോട് പറഞ്ഞതെന്താണ്? മൂന്ന് ദിവസത്തിനുള്ളിൽത്തന്നെ കോവിഡ് മരണങ്ങളുടെ ബാക്ക്‌ലോഗ് കേസുകൾ ജില്ലാടിസ്ഥാനത്തിൽ പരിശോധിച്ച് കൃത്യമായി മരണനിരക്ക് പുറത്തുവിടുമെന്നാണ് പറഞ്ഞത്. ഇതുവരെ ചെയ്തിട്ടുണ്ടോ; ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി യഥാർത്ഥ മരണനിരക്ക് പുറത്തുവിട്ടോ? തദ്ദേശഭരണ സ്ഥാപനങ്ങളിൽനിന്നും ഡി.എം.ഒ-മാരിൽ നിന്നും കളക്ട് ചെയ്ത യഥാർത്ഥ മരണനിരക്ക് സർക്കാരിന്റെ കയ്യിലുണ്ട്. അത് നിങ്ങൾ പുറത്തുവിടില്ല. ഔദ്യോഗികമായി പറഞ്ഞതിന്റെ എത്രയോ ഇരട്ടിയാണ് യഥാർത്ഥ മരണനിരക്ക്. എന്തിനാണ് മരണനിരക്ക് ഒളിപ്പിച്ചുവയ്ക്കുന്നത്; എന്തിനാണ് ഡിസംബർ മാസം മുതൽ ജൂലൈ വരെ കേരളത്തിൽ കോവിഡ് ബാധിച്ച് മരിച്ചവരുടെ പേരുകൾ നിങ്ങൾ ഒളിപ്പിച്ചുവച്ചത്; ഇത് അറിഞ്ഞാൽ എന്തെങ്കിലും കുഴപ്പമുണ്ടോ; പ്രോട്ടോക്കോൾ അനുസരിച്ച് ശവസംസ്കാരകർമ്മം നടത്തിയതല്ലേ? പത്രങ്ങളിൽ കോവിഡ് ബാധിച്ച് മരിച്ച സെലിബ്രിറ്റികളുടെ പേരുകൾവരെ വന്നു. ആറേഴ് മാസക്കാലം കേരളത്തിൽ കോവിഡുമൂലം മരിച്ചവരുടെ പേരുവിവരം വെളിപ്പെടുത്താത്തതുകൊണ്ട് എന്താണ് നിങ്ങൾക്ക് ലഭിച്ചത്; എന്തായിരുന്നു നിങ്ങളുടെ ഇന്റൻഷൻ? എന്തെങ്കിലും പരാതിയുണ്ടെങ്കിൽ കൊടുക്കാൻ ആരോഗ്യ വകുപ്പുമന്ത്രി പറഞ്ഞു. ഒരാൾ മരിച്ചാൽ അയാളുടെ ഭാര്യയ്ക്ക് പരാതി കൊടുക്കണമെങ്കിൽ തന്റെ ഭർത്താവ് കോവിഡുമൂലം മരിച്ചത് സർക്കാർ ലിസ്റ്റിൽപ്പെട്ടിട്ടുണ്ടോ എന്ന് എങ്ങനെ അറിയും; അറിഞ്ഞാലല്ലേ അവർക്ക് പരാതികൊടുക്കാൻ കഴിയുകയുള്ളു; ആർക്കാണ് പരാതികൊടുക്കേണ്ടത്; വകുപ്പുമന്ത്രിക്കോ ആരോഗ്യ വകുപ്പുസെക്രട്ടറിക്കോ ജില്ലാ കളക്ടർക്കോ വില്ലേജ് ഓഫീസർക്കോ എവിടെയാണ് പരാതികൊടുക്കേണ്ടത്? തന്റെ ഭർത്താവ് കോവിഡുമൂലം മരിച്ചത് സർക്കാരിന്റെ ലിസ്റ്റിൽപ്പെട്ടിട്ടില്ല, ലിസ്റ്റിൽ ഉൾപ്പെടുത്തണം എന്നുപറഞ്ഞുകൊണ്ട് എവിടെയാണ് പരാതികൊടുക്കേണ്ടത്? ഇപ്പോഴും മരണനിരക്ക് നിങ്ങൾ ഒളിപ്പിച്ചുവച്ചിരിക്കുകയാണ്. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ, അതുകൊണ്ട് ശതമാനം പറഞ്ഞ് ഞങ്ങളെ തെറ്റിദ്ധരിപ്പിക്കരുത്. യഥാർത്ഥ കണക്ക് നിങ്ങൾ പുറത്തുവിടാൻ തയ്യാറാകണം.

ഇതിലൊന്നും ദുരഭിമാനത്തിന്റെ പ്രശ്നമില്ല. ലോകം മുഴുവനുമുള്ള ഒരു മഹാമാരിയാണ്. കേരളത്തിലുമത് സംഭവിക്കും. ദുരഭിമാനത്തിന്റെ പേരിൽ മരണനിരക്ക് കൂടിയാൽ സർക്കാരിനെ അതുപറഞ്ഞ് ഞങ്ങൾ കുറ്റപ്പെടുത്തുകയില്ല, ആളുകൾ മരിക്കാൻ കാരണം സർക്കാരാണെന്നും പറഞ്ഞ് കുറ്റപ്പെടുത്തില്ല. ഞങ്ങളുടെ ഉത്കണ്ഠയാണ് ഇവിടെ പങ്കുവച്ചത്. എന്തുകൊണ്ട് മരണനിരക്ക് കുറയുന്നില്ല; നമ്മുടെ നിയന്ത്രണങ്ങൾ ശരിയാണോ, ശാസ്ത്രീയമായാണോ? നമ്മൾ ഇപ്പോൾ കോവിഡിനെ ശരിയായ രീതിയിലാണോ നേരിടുന്നതെന്ന് പുന:പരിശോധിക്കണം. നിയമസഭയിൽ അഭിപ്രായങ്ങൾ വരും. അത് സർക്കാർ പരിശോധിക്കണം. വിദഗ്ദ്ധർ പറയുന്നത് ശരിയാണോ പുതിയ അന്വേഷണങ്ങൾ വേണമോയെന്ന് പരിശോധിക്കണം. ആളുകൾ മരിക്കുകയല്ലേ; ആളുകൾ ഭീതിയിലല്ലേ? കോവിഡിന്റെ മൂന്നാം വരവിനെ ഭയന്ന് ആളുകളിരിക്കുന്നു. കോവിഡിനെക്കുറിച്ച് ഒന്നും പറയരുത്, 'പണ്ട് പോളണ്ടിനെക്കുറിച്ച് ഒന്നും പറയരുതെന്ന് പറഞ്ഞതുപോലെയാണ്. ഞങ്ങൾ സംസാരിക്കുന്നത് സത്യസന്ധമായാണ്. നമ്മളെയും നമ്മുടെ വീട്ടുകാരെയും കുടുംബങ്ങളെയും ബന്ധുക്കളെയും പരിചയക്കാരെയും ബാധിക്കുന്നതാണ്. എത്രപേരാണ് നമ്മളെ വിട്ടുപോയത്? ആ സങ്കടങ്ങളിൽ നിന്നാണ് നമ്മളിത് പറയുന്നത്. അല്ലാതെ വിമർശനങ്ങളുടെ കോണിൽ നിന്നു മാത്രമാണോ നോക്കിക്കാണുന്നത്.

ഉദ്യോഗാർത്ഥികളുടെ കാര്യം പറയുകയുണ്ടായി. 493 പി.എസ്.സി. റാങ്ക് ലിസ്റ്റുകൾ ഈ ഓഗസ്റ്റ് നാലാം തീയതി റദ്ദാകുകയാണ്. റാങ്ക് ലിസ്റ്റുകൾ ദീർഘിപ്പിക്കുകയില്ലെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞപ്പോൾ വിഷമിച്ചുപോയി. പകരം വേറെ റാങ്ക് ലിസ്റ്റില്ല. കഴിഞ്ഞ ആറുമാസം കേരളത്തിൽ എന്തെങ്കിലും നിയമനങ്ങൾ നടന്നോ? അഥവാ നടന്നെങ്കിൽ വിശദാംശങ്ങൾ പ്രസിദ്ധീകരിക്കണം. ലോക്ഡൗൺ കാലത്ത് ഓഫീസുകൾ പൂർണ്ണമായി പ്രവർത്തിച്ചില്ല റാങ്ക് ലിസ്റ്റിൽനിന്നും നിയമനം ലഭിക്കുമെന്ന് പ്രതീക്ഷിച്ച് ആറേഴ് വർഷക്കാലം കഴിഞ്ഞപ്പോഴാണ് പാവപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് ഇത്തരത്തിൽ ഒരു സാഹചര്യമുണ്ടായിരിക്കുന്നത്. റാങ്ക്ലിസ്റ്റിൽനിന്നും നിയമനം ലഭിക്കുമെന്ന് പ്രതീക്ഷിച്ച് സെക്രട്ടേറിയറ്റിന്റെ മുന്നിൽ സമരം ചെയ്തതിന്റെ ദേഷ്യമാണെങ്കിൽ അതങ്ങു വിടൂ. നമ്മൾ രാഷ്ട്രീയ നേതാക്കളല്ലേ; പൊതു പ്രവർത്തകരല്ലേ; ഭരണാധികാരികളല്ലേ. നമ്മളെ നോക്കി സമരം ചെയ്ത്, മുദ്രാവാക്യം വിളിച്ചവരോട് ദേഷ്യം കാണിക്കേണ്ട. പാവപ്പെട്ട വീടുകളിലെ ചെറുപ്പക്കാരല്ലേ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി റാങ്ക് ലിസ്റ്റുകളുടെ കാലാവധി ദീർഘിപ്പിക്കില്ല എന്നറിഞ്ഞപ്പോൾ, ഏഴ് വർഷം ജോലി പ്രതീക്ഷിച്ചിരുന്നവരുടെ മുഖത്ത് നിരാശയാണ്. എനിക്കത് കണ്ട് ഭയം തോന്നി. പി.എസ്.സി-യുടെ കയ്യിൽ വേറെ ലിസ്റ്റുണ്ടെങ്കിൽ അതിൽനിന്ന് നിയമിച്ചാൽ മതി. പി.എസ്.സി-യുടെ പുതിയ ലിസ്റ്റ് വരുന്നതുവരെ നിലവിലുള്ള

ലിസ്റ്റിൽനിന്നും നിയമനം നടത്തണം. ജോലി കിട്ടുമെന്ന് ഉറപ്പിച്ച, 100-ൽ താഴെയുള്ള റാങ്കുകാർക്കുപോലും ജോലി ലഭിക്കാത്ത ഒരവസ്ഥയുണ്ട്. സാങ്കേതികമായോ നിയമപരമായോ ഒരു തടസ്സവും സർക്കാരിനില്ല. നിലവിലെ 493 റാങ്ക്‌ലിസ്റ്റുകളുടെ കാലാവധി 6 മാസത്തേയ്ക്കുകൂടി ദീർഘിപ്പിക്കണമെന്ന് ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ആവർത്തിച്ച് ആവശ്യപ്പെടുകയാണ്. ന്യൂനപക്ഷ സ്കോളർഷിപ്പിനെക്കുറിച്ച് സംസാരിക്കുകയുണ്ടായി. ഞങ്ങൾ സർവ്വകക്ഷിയോഗത്തിൽ പങ്കെടുത്തു. യു.ഡി.എഫ്.-ന് പല അഭിപ്രായങ്ങളാണെന്ന് പലരും പറഞ്ഞു. ഞങ്ങൾ ഏകാഭിപ്രായമാണ് പറഞ്ഞത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേട്ടിരുന്നതാണല്ലോ. ഞാനും മുസ്ലീംലീഗിനെ പ്രതിനിധീകരിച്ച് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും ആർ.എസ്.പി-യെ പ്രതിനിധീകരിച്ച് ശ്രീ. എ. എ. അസീസും ഘടകകക്ഷി നേതാക്കളായ ശ്രീ. പി. ജെ. ജോസഫും ശ്രീ. അനൂപ് ജേക്കബും ഉണ്ടായിരുന്നു, ഞങ്ങളെല്ലാവരും ഒരേ അഭിപ്രായമാണ് പറഞ്ഞത്. എൽ.ഡി.എഫ്-ൽ അങ്ങനെയായിരുന്നില്ല. I.N.L (Indian National League)- അപ്പീൽ പോകണമെന്നും കേരളാ കോൺഗ്രസ് (മാണി ഗ്രൂപ്പ്) - ഹൈക്കോടതി വിധി അങ്ങനെതന്നെ നടപ്പാക്കണമെന്നും പറഞ്ഞു. സി.പി.ഐ.-യും സി.പി.ഐ.(എം.)-യും ഒരക്ഷരംപ്പോലും പറഞ്ഞില്ല. പകരം ഇത് സങ്കീർണ്ണമാണ്, സമുദായ സൗഹാർദ്ദം വേണം, വിദഗ്ദ്ധ സമിതി വേണം ഇങ്ങനെയുള്ള പ്രസ്താവനകൾ പറഞ്ഞു, ഇതെല്ലാം എല്ലാവർക്കും പറയാവുന്ന കാര്യമാണ്. ഞങ്ങൾ ഗവൺമെന്റിന്റെ മുമ്പാകെ ഒരു ഫോർമുല സമർപ്പിച്ചു. ഇത് മുസ്ലീം സമുദായത്തിന്റെ പിന്നോക്കാവസ്ഥ പഠിക്കാൻ നിയോഗിച്ച സച്ചാർ കമ്മിറ്റിയിൽനിന്നും ഉത്ഭവിച്ചതാണ്. അതിൽ 72 ശിപാർശകൾ ഉണ്ടായിരുന്നു. അത് ഇവിടെ നടപ്പിലാക്കാൻ വേണ്ടിയിട്ടാണോ, അതല്ലെങ്കിൽ അതിന്റെ നേട്ടം തട്ടിയെടുക്കാൻ വേണ്ടിയിട്ടാണോ എന്നറിയില്ല, അന്ന് അത് പാലോളി കമ്മിറ്റി വഴി നടപ്പിലാക്കാൻ വേണ്ടി വച്ചിരുന്നു. പാലോളി കമ്മിറ്റിയുടെ ശിപാർശകൾ പരിശോധിച്ചാൽ ഇതു തന്നെയാണ് പറഞ്ഞിരിക്കുന്നതെന്ന് മനസ്സിലാക്കാൻ കഴിയും. എക്സ്ക്ലൂസീവായി ഒരു സമുദായത്തിന്റെ പിന്നോക്കാവസ്ഥ പരിഹരിക്കാൻ തന്നെയാണ് പറഞ്ഞിരിക്കുന്നത്. അതു ചെയ്യണം. അതിലെ ശിപാർശയും അതുതന്നെയാണ്. അത് എക്സ്ക്ലൂസീവായിട്ടുള്ള ഒരു സ്കീമാണ്, ഞങ്ങൾ ആൾ പാർട്ടി മീറ്റിംഗിൽ പറഞ്ഞത് അത് നിലനിർത്തണമെന്നാണ്. അതേ അവസരത്തിൽ സ്കോളർഷിപ്പുകളുടെ എണ്ണം കുറയാതെ നോക്കുകയും വേണം. രണ്ടാമത്തെ കാര്യം, മുസ്ലീം സമുദായത്തിനും പരിവർത്തിത ക്രിസ്ത്യാനികൾക്കും ലത്തീൻ ക്രിസ്ത്യാനികൾക്കും ലഭിച്ചുകൊണ്ടിരിക്കുന്ന സ്കോളർഷിപ്പുകളുടെ എണ്ണം കുറയ്ക്കരുത്. മൂന്നാമത്തെ കാര്യം, മറ്റ് ന്യൂനപക്ഷ സമുദായങ്ങൾക്ക് നിർബന്ധമായും ഈ സ്കോളർഷിപ്പ് ജനസംഖ്യാനുപാതികമായി, ഹൈക്കോടതി വിധിക്ക് വിധേയമായി, മൈനോരിറ്റി ആക്ടനുസരിച്ച്, ഏറ്റവും

അവസാനത്തെ സെൻസസ് അനുസരിച്ച്, നൽകണമെന്നും എല്ലാവരും പറഞ്ഞു. മുസ്ലീംലീഗിനെ പ്രതിനിധീകരിച്ച ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി നിർബന്ധമായി കൊടുക്കണമെന്നുപറഞ്ഞു. കമ്മ്യൂണലായിട്ടുള്ള ഒരു വിഷയവുമില്ല. യു.ഡി.എഫ്. ആലോചിച്ച്, ശരിയായ രീതിയിൽ ഹോം വർക്ക് ചെയ്തിട്ടാണ് പറഞ്ഞത്. അതിൽ രണ്ട് കാര്യങ്ങൾ സർക്കാർ പ്രഖ്യാപിച്ചു. സ്കോളർഷിപ്പിന്റെ എണ്ണം കുറയ്ക്കില്ലെന്നുപറഞ്ഞു. അതിൽ ഒരു അവ്യക്തതയുണ്ട്, ഈ വർഷത്തേയ്ക്ക് മാത്രമാണോ, വരാനിരിക്കുന്ന വർഷങ്ങളിൽ എങ്ങനെയാണോ എന്നത് സർക്കാർ വ്യക്തമാക്കിയാൽ മതിയാകും. മൂന്നാമത്, ന്യൂനപക്ഷങ്ങൾക്ക് സ്കോളർഷിപ്പ് കൊടുത്തു. ഞങ്ങൾ പറഞ്ഞ രണ്ട് തീരുമാനങ്ങൾ അംഗീകരിച്ചു. ഇത് എക്സ്ക്ലൂസീവായി നിലനിർത്തണമെന്നും മറ്റേത് സെപ്പറേറ്റ് സ്കീമായിരിക്കണമെന്നും പറഞ്ഞു. അത് രണ്ട് കൂട്ടർക്കും നല്ലതാണ്. ഈ സർക്കാർ, ജസ്റ്റിസ് ബെഞ്ചമിൻ കോശി കമ്മിറ്റിയെ നിയോഗിച്ചത് ക്രൈസ്തവരുടെ പിന്നാക്കാവസ്ഥ പഠിക്കുക എന്ന ഉദ്ദേശ്യത്തോടെയാണ്. ക്രൈസ്തവരിൽ പലർക്കും പലവിധത്തിലുള്ള പിന്നോക്കാവസ്ഥയായിരിക്കും. സിറിയൻ കാത്തലിക്, റോമൻ കാത്തലിക് എന്നിവയിൽപ്പെട്ടവർക്ക് കർഷകരുടെ പ്രശ്നമായിരിക്കും, എന്നാൽ ലാറ്റിൻ കാത്തലിക്കിലുൾപ്പെട്ടവർക്ക് മത്സ്യത്തൊഴി ലാളികളുടെ കാര്യങ്ങളായിരിക്കും അവരുടെ പിന്നാക്കാവസ്ഥ. വേറെ ചില ക്രിസ്ത്യൻ സമുദായങ്ങൾ വരുമ്പോൾ, വിദ്യാഭ്യാസപരമായ പിന്നാക്കാവസ്ഥയായിരിക്കും. പിന്നാക്കാവസ്ഥ പഠിക്കാൻ വരുമ്പോൾ ചിലപ്പോൾ സ്കോളർഷിപ്പ് ആയിരിക്കില്ല വിഷയം. എന്തിനാണ് ആ കമ്മീഷനെ നിയമിച്ചത്? ക്രൈസ്തവരുടെ പ്രശ്നങ്ങൾ മനസ്സിലാക്കി അത് അഡ്രസ്സ് ചെയ്യാൻ വേണ്ടിയിട്ടല്ലേ. അത് പ്രാബല്യത്തിൽ വരുമ്പോൾ എക്സ്ക്ലൂസീവ് സ്കീമാകും. അതിനെ സ്വാഗതം ചെയ്യുകയാണ്. ഈ എക്സ്ക്ലൂസീവ് സ്കീം സച്ചാർ കമ്മിറ്റി റിപ്പോർട്ടുമായി ബന്ധപ്പെട്ട് പറ്റില്ലെന്നൊരു നിലപാട് സർക്കാർ സ്വീകരിച്ചാൽ ജസ്റ്റിസ് ബെഞ്ചമിൻ കോശി കമ്മിറ്റിയുടെ റിപ്പോർട്ടിനെ അടിസ്ഥാനമാക്കിയും ഒരു എക്സ്ക്ലൂസീവ് സ്കീം എടുക്കുവാൻ സാധിക്കാതെ പോകും. സർക്കാരിന് നിയമപരമായി തടസ്സമില്ല. സാമ്പത്തികമായി പുതിയ ലയബിലിറ്റിയില്ല, സമുദായങ്ങൾ തമ്മിലുള്ള സൗഹാർദ്ദം തുടരും, സമുദായമൈത്രി തകരുകയുമില്ല. ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഞാൻ കാസർഗോഡ് ജില്ലയിൽ വച്ച് സംസാരിച്ചു. സർക്കാർ സെപ്പറേറ്റായിട്ടുള്ള സ്കീം നിലനിർത്തണം. ആ ആവശ്യം നിങ്ങൾ അംഗീകരിച്ചില്ല. അത് സർക്കാർ പുനഃപരിശോധിച്ച് നിലനിർത്തണം. ബാക്കി രണ്ട് തീരുമാനങ്ങളെയും ഞാൻ ഭാഗികമായി സ്വാഗതം ചെയ്യുന്നു. മൂന്നാമത്തെ തീരുമാനവും അംഗീകരിച്ചിരുന്നുവെങ്കിൽ ഞാൻ പൂർണ്ണമായി സ്വാഗതം ചെയ്യുമായിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംസാരിച്ചപ്പോൾ പറഞ്ഞത്, പ്രതിപക്ഷനേതാവ് ആദ്യം ഇതിനെ സ്വാഗതം ചെയ്തതാണെന്നും രണ്ടാമത് ലീഗിന്റെ സമ്മർദ്ദത്തിൽ

മാറ്റി പറയുകയാണെന്നുമാണ്. എന്നിൽ ആരും സമ്മർദ്ദം ചെലുത്തിയിട്ടില്ല, ആരുടേയും സമ്മർദ്ദത്തിന് ഞാൻ വഴങ്ങില്ല, ഞാൻ ഒരു തീരുമാനവും മാറ്റി പറയില്ല. എനിക്ക് തെറ്റുപറ്റിയെങ്കിൽ, ഞാൻ അത് പറയും. ഭാഗികമായി സ്വാഗതം ചെയ്തെന്ന് ഒരു ചാനലിൽ വന്നത്, സ്വാഗതം ചെയ്തു എന്നായി. രണ്ടും തമ്മിൽ ഒരുപാട് അർത്ഥവ്യത്യാസമുണ്ട്. സ്കോളർഷിപ്പിന്റെ എണ്ണത്തിൽ വ്യത്യാസമുണ്ടാകില്ല, നഷ്ടമുണ്ടാകില്ല എന്ന നിർദ്ദേശം അംഗീകരിച്ചുവെങ്കിലും സെപ്പറേറ്റ് സ്കീം എന്നത് നഷ്ടമായി. നഷ്ടമുണ്ടാകില്ല എന്ന് വാർത്ത വന്നു. നിങ്ങൾ നാളെ പറയുമ്പോഴും, ഓരോ രീതിയിൽ വാർത്തകൾ വരും. ചിലപ്പോൾ അത് മനസ്സിലാക്കാതെ വരുന്ന വാർത്തയായിരിക്കാം. ചിലപ്പോൾ മനഃപൂർവ്വമായി, കുഴപ്പമുണ്ടാകട്ടെ എന്ന രീതിയിൽ വരുന്ന വാർത്തയായിരിക്കാം. ഞാൻ ഇതുസംബന്ധിച്ച് മൂന്ന് തവണ സംസാരിച്ചതിന്റെയും ക്ലിപ്പിംഗ്സ് ഹാജരാക്കാം. ഞാൻ മാറ്റി പറഞ്ഞിട്ടില്ല. യു.ഡി.എഫ്-ന് ഇക്കാര്യത്തിൽ വ്യക്തതയുണ്ട്. ക്രൈസ്തവ, മുസ്ലീം ഇതര ന്യൂനപക്ഷങ്ങൾക്ക് സ്കോളർഷിപ്പ് കൊടുക്കാനുള്ളത് നല്ല തീരുമാനമാണ്. അത് ഹൈക്കോടതി വിധിയാണ്. അതുകൊണ്ടാണ് ഞാനതിനെ സ്വാഗതം ചെയ്തത്. സ്കോളർഷിപ്പ് കുറയാതെ നിലനിർത്താനുള്ള തീരുമാനവും നല്ലതാണ്. ഈ സ്കീമും ജസ്റ്റിസ് ബെഞ്ചമിൻ കോശി കമ്മീഷൻ റിപ്പോർട്ട് പ്രകാരം വേറൊരു സ്കീമും വേണ്ടിവരും. ആ സ്കീം നിലനിർത്തിയാൽ മതി. അതിലൊരു തർക്കവും നിയമ പ്രശ്നവുമുണ്ടാകുകയില്ല. സർക്കാർ അത് പരിശോധിക്കണം. ഇതിന്റെ പേരിൽ നമ്മൾ തമ്മിൽ തർക്കിക്കേണ്ട ആവശ്യമില്ല. കാരണം, കേരളത്തിൽ സമുദായ സൗഹാർദ്ദ മുണ്ടാകണം. നമുക്കാർക്കും ഇതുകൊണ്ട് ലാഭമുണ്ടാകില്ല. താൽകാലികമായി ആർക്കെങ്കിലും ലാഭമുണ്ടാകുമെന്ന് കരുതിയാലും, കേരളത്തിന്റെ സോഷ്യൽ ഫാബ്രിക് കീറിപ്പറി ക്കരുത്. ഞാൻ വളരെ സത്യസന്ധമായി വെള്ളം ചേർക്കാതെയാണ് സംസാരി ക്കുന്നത്. നമുക്ക് ചില ഉത്തരവാദിത്വങ്ങളുണ്ട്. ഈ സംസ്ഥാനത്ത് ഒന്നോ രണ്ടോ സമുദായങ്ങൾ തമ്മിൽ പരസ്പരം തമ്മിലടിച്ച് പ്രശ്നങ്ങളുണ്ടാക്കരുത്. അതാണ് ഇവിടെ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി പറഞ്ഞത്. അതിനുള്ള ഒരു വഴിയാക്കി നമ്മൾ ഇതിനെ മാറ്ററുത്. ഇതൊക്കെ ആയിരം രൂപ, രണ്ടായിരം രൂപയുടെ സ്കോളർഷി പ്പുകളാണ്. ഇതിനെക്കാൾ വലിയ തുക നൽകുന്ന സ്കോളർഷിപ്പ് വേറെയുണ്ട്. കേന്ദ്രത്തിന്റെ പ്രീ-മെട്രിക് സ്കോളർഷിപ്പുണ്ട്. പതിനേഴായിരം കുട്ടികൾക്കുള്ള സ്കോളർഷിപ്പ് കേരളത്തിൽ കൊടുത്തിട്ടില്ല. പ്രീ-മെട്രിക് സ്കോളർഷിപ്പിന്റെ വ്യവസ്ഥയനുസരിച്ച് അതൊരു സംസ്ഥാനം ചെലവാക്കിയില്ലെങ്കിൽ, വേറെ സംസ്ഥാനത്തേയ്ക്ക് പോകും. കേരളത്തിൽ പതിനേഴായിരം കുട്ടികൾക്കുള്ള സ്കോളർഷിപ്പ് ചെലവാക്കാത്തതുകൊണ്ട് ആ പണം മുഴുവൻ യു.പി-യിലേയ്ക്കാണ് പോയത്. ന്യൂനപക്ഷ സ്കോളർഷിപ്പ് എന്നാൽ എല്ലാവരും കരുതുന്നതുപോലെ അൻപതിനായിരമോ ഒരു

ലക്ഷമോ ഒന്നമില്ല. ആയിരം, രണ്ടായിരം, അയ്യായിരം രൂപ വരെയൊക്കെയേയുള്ളൂ. ചെറിയ സ്കോളർഷിപ്പിന്റെ പേരിൽ കേരളത്തിലെ സമുദായങ്ങൾ തമ്മിലടിക്കുകയാണ്, വെറുതെ പ്രശ്നമുണ്ടാക്കുകയാണ്. നമ്മൾ ഒറ്റക്കെട്ടായിനിന്ന് അത് തടയണം. ഇതുതടയാൻ എന്ത് മാർഗ്ഗമാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്. അതിനുള്ള പ്രൊപ്പോസലാണ് യു.ഡി.എഫ്. മുന്നോട്ടുവച്ചത്. ഞങ്ങൾ തമ്മിൽ തർക്കമുണ്ടായിട്ട് നിങ്ങൾക്കെന്താണ് ലാഭം. മുസ്ലീംലീഗ് വേറെ പാർട്ടിയാണ്, കോൺഗ്രസ്സ് വേറെ പാർട്ടിയാണ്, രണ്ടുപേർക്കും ഇക്കാര്യത്തിൽ രണ്ട് അഭിപ്രായമുണ്ടെന്ന് ഞങ്ങൾക്ക് പറയാമല്ലോ. എന്നാൽ അതൊന്നമല്ല ഇവിടെത്തെ വിഷയം. അങ്ങനെയുള്ള തർക്കമൊന്നമില്ല. ഇതിന്റെ യാഥാർത്ഥ്യത്തിലേയ്ക്ക് പോയാൽ നിങ്ങൾക്കും തർക്ക മുണ്ടാകില്ല. ഇത്തരം കാര്യങ്ങൾ ഉദ്യോഗസ്ഥരുടെ കയ്യിലേയ്ക്ക് കൊടുക്കുമ്പോൾ നമ്മുടെ ഒരു ശ്രദ്ധയുണ്ടാകണമെന്നാണ് എന്റെ അഭ്യർത്ഥന. ജനപ്രതിനിധികളുടെ ഭാഗത്തുനിന്നുള്ള ശ്രദ്ധകൂടി നൽകി സമചിത്തതയോടെ ഈ പ്രശ്നം പരിഹരിക്കാൻ കഴിയും. ഇത് അഴിമതി പ്രോത്സാഹിപ്പിക്കുന്ന സർക്കാരാണ്, ഇത് സ്ത്രീവിരുദ്ധ സർക്കാരാണ്, ഇത് പല കാര്യങ്ങളിലും നിഷ്ക്രിയമായ നിലപാടെടുക്കുന്ന സർക്കാരാണെന്ന് പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, നിയമസഭയിൽ പ്രതിപക്ഷം ഇത്തരമൊരു നിലപാട് സ്വീകരിക്കുന്നതിൽ യാതൊരു ആശ്ചര്യവുമില്ല. കാരണം, കഴിഞ്ഞ സർക്കാർ അഞ്ചുവർഷം പൂർത്തിയാക്കി ജനവിധി തേടുന്ന അവസരത്തിൽ പ്രതിപക്ഷം ഉയർത്തിയ പ്രശ്നങ്ങളും ആക്ഷേപങ്ങളും ആരോപണങ്ങളും ജനങ്ങൾ പൂർണ്ണമായി നിരാകരിച്ചുവെന്നത് നമ്മുടെ അനുഭവത്തിലുള്ളതാണ്. അതുകൊണ്ടു തന്നെ സ്വാഭാവികമായും ആ ജനവിധിയിൽ കടുത്ത നിരാശ പ്രതിപക്ഷത്തിനുണ്ടാകും. ചിലർ ആ ഞെട്ടലിൽനിന്നും ഇപ്പോഴും മുക്തരായിട്ടില്ലായെന്നതാണ് വസ്തുത. എൽ.ഡി.എഫ്. സർക്കാരിന്റെ തുടർഭരണം വന്നപ്പോൾ, ആ ഒരു മാനസികാ വസ്ഥയിൽ നിന്നുകൊണ്ടാണ് എല്ലാത്തിനെയും പ്രതിപക്ഷം നോക്കിക്കാണുന്നത്. അതിന്റെ ഭാഗമായാണ് രാജ്യത്ത് ടി.പി.ആർ. കൂടിനിൽക്കുന്ന സംസ്ഥാനം കേരളമാണെന്ന് പറഞ്ഞ് 'എന്തോ കിട്ടിപ്പോയി' എന്ന നിലയിലേയ്ക്ക് വന്നിട്ടുള്ളത്. പ്രതിപക്ഷത്തുനിന്നും ഈ ചർച്ചയ്ക്ക് തുടക്കം കുറിച്ച ബഹുമാന്യനായ അംഗം കേരളമാകെ കോവിഡിന്റെ ഭാഗമായി തകർന്നുപോയി, രാജ്യത്തുതന്നെ ഏറ്റവും മോശമായ അവസ്ഥ കേരളത്തിലാണ് എന്നെല്ലാം പറയുന്ന സ്ഥിതിവന്നത്. നാലാമത്തെ seroprevalence survey തയ്യാറായിട്ടുണ്ടെന്ന് ഇന്നലെ വൈകുന്നേരം മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ ഇന്ത്യയിലാകെ 67 ശതമാനം ആളുകളുടെ ശരീരത്തിൽ നോവൽ കൊറോണ വൈറസിനെതിരായ ആന്റിബോഡി ഡെവലപ് ചെയ്തിട്ടുണ്ട്. എന്നാൽ,

കേരളത്തിൽ അത് 45 ശതമാനം മാത്രമാണ്. രോഗം വന്നുപോയവരിലാണ് സാധാരണഗതിയിൽ ആന്റിബോഡി കാണപ്പെടുന്നത്. ഇന്ത്യയിൽ മൂന്നിൽ രണ്ട് ആളുകൾക്ക് രോഗം വന്നുപോയിരിക്കുന്നു. കേരളത്തിൽ പകുതിയാളുകൾക്കുപോലും രോഗം വന്നിട്ടില്ലെന്നത് നാം കാണേണ്ട ഒരു വസ്തുതയാണ്. കൊറോണ വൈറസ് ബാധിക്കാത്ത ഒരു വലിയ വിഭാഗം ആളുകൾ നമ്മുടെ സംസ്ഥാനത്തുണ്ട്. നമ്മുടെ രോഗപ്രതിരോധ പ്രവർത്തനങ്ങൾ ഇപ്പോഴും മുന്നിട്ടുതന്നെ നിൽക്കുന്നുവെന്നാണ് അതിന്റെ അർത്ഥം. കോവിഡ് കേസുകൾ കൂടുതലാണെന്ന് ഇപ്പോൾ പറയുമ്പോഴും രാജ്യത്താകെ രോഗം വന്നുപോയവരെക്കാൾ കുറവാണ് കേരളത്തിൽ രോഗം ബാധിച്ചവർ എന്ന കാര്യം എന്താണ് പറയാത്തത്? കോവിഡിനെതിരെയുള്ള പ്രതിരോധത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഭാഗമാണിത്. മികച്ച പ്രതിരോധം വാക്സിനേഷനാണെന്നത് എല്ലാവർക്കുമറിയാം. വാക്സിനേഷന്റെ കാര്യത്തിലും കേരളം മുന്നിട്ടാണ് നിൽക്കുന്നത്. രാജ്യത്ത് 24.7 ശതമാനം ആളുകൾക്ക് ഒരു ഡോസ് വാക്സിൻ ലഭിച്ചപ്പോൾ കേരളത്തിലെ 35 ശതമാനം ആളുകൾക്ക് ആദ്യ ഡോസ് വാക്സിൻ ലഭിച്ചിട്ടുണ്ട്. ഇന്ത്യയിൽ രണ്ട് ഡോസ് വാക്സിനും ലഭിച്ചയാളുകളുടെ എണ്ണം കേവലം 6.5 ശതമാനം മാത്രമാണ്. കേരളത്തിൽ അതിന്റെ ഇരട്ടിയിലധികം ആളുകൾക്ക് അതായത് 14.4 ശതമാനം പേർക്ക് രണ്ട് ഡോസ് വാക്സിനും ലഭിച്ചിട്ടുണ്ട്. ഇതെല്ലാം മാധ്യമങ്ങളിൽനിന്നും മനസ്സിലാക്കുന്ന കാര്യങ്ങളാണ്. റിപ്പോർട്ട് ഔദ്യോഗികമായി പുറത്തുവന്നാൽ മാത്രമേ ആധികാരികമായ വിവരങ്ങൾ പങ്കുവയ്ക്കാൻ കഴിയുകയുള്ളൂ. അതുകൊണ്ട് ടി.പി.ആർ. ഉയർന്നുനിൽക്കുന്നുവെന്നതിൽ വല്ലാതെ ആശങ്കപ്പെടേണ്ടതില്ല. രണ്ടാം തരംഗത്തിന്റെ തുടക്കത്തിൽ 29 ശതമാനം വരെയായിരുന്ന ടി.പി.ആർ. ആണ് ഇപ്പോൾ 10-നും 11-നും ഇടയിൽ നിൽക്കുന്നത്. ഒന്നാം ഘട്ടത്തിൽ രോഗവ്യാപനം നല്ല രീതിയിൽ നിയന്ത്രിക്കാൻ കഴിഞ്ഞു. പിന്നീട്, വൈറസിന് രൂപഭേദം വന്നത് കാണാതിരിക്കരുത്. ഡെൽറ്റ വൈറസിന്റെ പ്രത്യേകത അതിന്റെ വ്യാപനശേഷിയാണ്. നേരത്തെ രണ്ടുമൂന്ന് ആളുകൾക്കാണ് ഒരാളിൽനിന്നും രോഗം പകർന്നിരുന്നതെങ്കിൽ ഡെൽറ്റ വൈറസ് 10 ആളുകളിൽ വരെയെത്തുമെന്ന് വിദഗ്ദ്ധർ പറയുന്നുണ്ട്. നമ്മുടേതുപോലെ ജനസാന്ദ്രത കൂടിയ ഒരു സംസ്ഥാനത്ത് വ്യാപനം വലിയതോതിൽ വരും. അപ്പോൾ പോലും മരണനിരക്ക് കുറഞ്ഞുതന്നെ നിൽക്കുകയാണ് എന്നത് വസ്തുതയാണ്. അതൊന്നും വ്യാജമായ കണക്കുകളല്ല. ആശുപത്രികളിൽ അഡ്മിറ്റാകുന്നവരുടെ എണ്ണം ഇരുപത്തയ്യായിരത്തിലധികം വരുന്നില്ല എന്നതും കാണാതെ പോകരുത്. രോഗം വന്നവർക്കെല്ലാം സർക്കാർ സംവിധാനത്തിലൂടെ സൗജന്യ ചികിത്സ ലഭ്യമാക്കാൻ സാധിക്കുന്നുണ്ട്. കാരുണ്യ ആരോഗ്യസുരക്ഷാ പദ്ധതിയിൽ 250-ഓളം ആശുപ്രതികളുണ്ട്. അതിനുപുറമേ, സ്വകാര്യ ആശുപ്രതികളിലെ ചികിത്സാനിരക്ക്

സർക്കാർ നിശ്ചയിച്ചിട്ടുണ്ട്. കോവിഡ് മാനദണ്ഡങ്ങൾ പാലിക്കുകയും വാക്സിനേഷൻ എത്രയുംവേഗം തന്നെ നല്ല രീതിയിൽ മുന്നോട്ട് കൊണ്ടുപോകുകയും ചെയ്താൽ 70 ശതമാനം പേർക്ക് herd immunity-യിൽ എത്താനാകും. ഇപ്പോൾ ഒരു കോടി ഇരുപത് ലക്ഷത്തിലധികം ആളുകൾക്ക് ആദ്യ ഡോസ് വാക്സിൻ കൊടുക്കാൻ കഴിഞ്ഞിട്ടുണ്ട്. നേരത്തെ പറഞ്ഞതുപോലെ മുപ്പത്തിയഞ്ച് ലക്ഷത്തിലധികം രോഗം വന്നയാളുകൾ നമ്മുടെ സംസ്ഥാനത്തുണ്ട്. എഴുപത് ലക്ഷത്തോളം ആളുകൾക്കുകൂടി വാക്സിനേഷൻ കൊടുക്കാൻ കഴിഞ്ഞാൽ നമ്മൾ herd immunity-യിൽ എത്തിച്ചേരും. കോവിഡ് വാക്സിൻ ലഭിക്കുകയെന്നത് വളരെ പ്രധാനമാണ്. കേന്ദ്രത്തിന്റെ ചില വ്യവസ്ഥകൾ കാരണം ചെറുകിട-ഇടത്തരം ആശുപത്രികൾക്ക് വാക്സിൻ ലഭിക്കാൻ ചില പ്രയാസങ്ങളുണ്ടാകുന്നുണ്ട്. 25 ശതമാനം വാക്സിൻ സ്വകാര്യ മേഖലയിൽ കൊടുക്കാമെന്നുള്ള കേന്ദ്ര നയമുണ്ടെങ്കിലും അവർക്ക് വാക്സിൻ ലഭിക്കാത്ത സ്ഥിതിയുണ്ട്. കോവിഷീൽഡ് 6000 ഡോസും കോവാക്സിൻ 2850 ഡോസും വാങ്ങിയാൽ മാത്രമേ ചെറുകിട-ഇടത്തരം ആശുപത്രികൾക്ക് തുടർന്ന് വാക്സിൻ ലഭിക്കുകയുള്ളൂ. സാമ്പത്തികശേഷിയുടെ കുറവുമൂലം പലപ്പോഴും ചെറിയ ആശുപത്രികൾക്ക് അതിന് കഴിയില്ല. അതുകൊണ്ടുതന്നെ സർക്കാർ ഇടപെടൽ നടത്തി വാക്സിൻ വാങ്ങിനൽകിക്കൊണ്ട് പ്രശ്നം പരിഹരിക്കാനാണുദ്ദേശിക്കുന്നത്. രണ്ടുമൂന്ന് മാസംകൊണ്ട് സാമൂഹ്യപ്രതിരോധശേഷി പൂർണ്ണമായും ആർജ്ജിക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. അത്തരത്തിൽ മാത്രമേ ഇതിനെ നിയന്ത്രിച്ച് നിർത്താനാകൂ. നിലവിലുള്ള വൈറസിന് വകഭേദം സംഭവിച്ച് ഏതെങ്കിലും തരത്തിൽ പുതിയ വ്യാപനശേഷിയുള്ള വൈറസ് വെർഷൻ വരാതിരിക്കാനാണ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഇപ്പോൾ നമ്മുടെ രാജ്യം മൂന്നാം തരംഗത്തിന്റെ വക്കിലെത്തി നിൽക്കുകയാണ്. മൂന്നാം തരംഗം ആരംഭിച്ചുവെന്ന് പറഞ്ഞിട്ടില്ല, എന്നാൽ അതുമായി ബന്ധപ്പെട്ട എല്ലാ മുന്നറിയിപ്പുകളും പ്രധാനമന്ത്രിയുടെ കഴിഞ്ഞ യോഗത്തിലടക്കമുണ്ടായി. അതുകേട്ടാൽ എവിടെയോ മൂന്നാം തരംഗം ആരംഭിച്ചുവെന്ന തോന്നലാണുണ്ടാകുക. പക്ഷേ, അങ്ങനെ വ്യാപിച്ചിട്ടില്ലെന്നുള്ളതാണ് വസ്തുത. മൂന്നാം തരംഗവും നമുക്ക് ഒഴിവാക്കേണ്ടതായിട്ടുണ്ട്. കുട്ടികൾക്ക് ആ ഘട്ടത്തിലുണ്ടാകാനിടയുള്ള മൾട്ടി സിസ്റ്റം ഇൻഫ്ലമേറ്ററി സിൻഡ്രോം കണ്ടെത്താനുള്ള ലാബ് സൗകര്യമടക്കം ഏർപ്പെടുത്തിയിട്ടുണ്ട്.

ഇവിടെ കോവിഡ് മരണനിരക്ക് സർക്കാർ മറച്ചുവയ്ക്കുന്നുവെന്ന പ്രചരണം നടത്തുകയുണ്ടായി. സർക്കാരിനത് മറച്ചുവയ്ക്കേണ്ട കാര്യമെന്താണ്? ഐ.സി.എം.ആർ-ന്റെ മാനദണ്ഡമനുസരിച്ചാണ് കോവിഡ് മരണം കണക്കാക്കുന്നത് സംബന്ധിച്ച നിലപാട് സ്വീകരിച്ചത്. ജില്ലകളിലെ കോവിഡ് മരണം കണക്കാക്കിയതിനെ സംസ്ഥാനതലത്തിലെ കോവിഡ് മരണമെന്ന് കണക്കാക്കുന്ന നിലയുണ്ടായില്ല.

അതാണ് ചില പരാതിക്കിടയായത്. മാനദണ്ഡമാണ് അതിൽ പ്രധാനം. മാനദണ്ഡമനുസരിച്ച് ജില്ലകൾതന്നെ തീരുമാനിക്കട്ടേയെന്ന് വച്ചു. കോവിഡ് മരണം മറച്ചുവച്ചുവെന്ന് പറയുമ്പോൾ മൊത്തം മരണത്തിന്റെ കണക്ക് നമ്മുടെ കൈവശമുണ്ടല്ലോ? ഈ കാലഘട്ടത്തിലുണ്ടായ ഒരു മഹാമാരിയാണ് കോവിഡ്. നമ്മുടെ നാട്ടിൽ നടക്കുന്ന സാധാരണ മരണങ്ങളുടെ 2009 മുതൽ 2021 വരെയുള്ള കണക്ക് എന്റെ കയ്യിലുണ്ട്. അതിൽ സ്വാഭാവിക വർദ്ധനവല്ലേയുണ്ടാകേണ്ടത്? സാധാരണ മരണത്തിനുപുറമെ കോവിഡ് മരണവുംകൂടി ചേരുമ്പോൾ കോവിഡ് മരണത്തിന്റെ എണ്ണം വർദ്ധിപ്പിച്ചുകാണിക്കുകയാണ്. ഇത് മൊത്തം കണക്കാണല്ലോ, അതാരും മറച്ചുവയ്ക്കുന്നതല്ല. കോവിഡിനെ ഒഴിവാക്കാൻവേണ്ടി കണക്കൊന്നും തയ്യാറാക്കാൻ പറ്റില്ലല്ലോ. മരിച്ചവരെ മരിച്ചതായിത്തന്നെ കണക്കാക്കുകയല്ലേ? 2009-ൽ 238,691, 2010-ൽ 238,864, 2011-ൽ 245,002, 2012-ൽ 239,952, 2013-ൽ 260,195, 2014-ൽ 248,242, 2015-ൽ 252,576, 2016-ൽ 256,130, 2017-ൽ 263,342, 2018-ൽ 258,530, 2019-ൽ 263,901, 2020-ൽ 228,739. 2020 ആണ് കോവിഡ് വർഷം. കണക്ക് ആരാണ് മറച്ചുവച്ചത്; എവിടെയാണ് മറച്ചുവച്ചത്; കോവിഡിന്റെ ഭാഗമായി മരണത്തിന്റെ എണ്ണം വർദ്ധിച്ചുവെങ്കിൽ അത് കണക്കിൽ വരണ്ടേ? 2021 ഇതുവരെ 133,937 പേരാണ് മരണപ്പെട്ടത്. 2020-ലെ മരണത്തിന്റെ പകുതിയാണ്. ഇവിടെ ആരും കണക്കുകൾ മറച്ചുവച്ചിട്ടില്ലെന്നുള്ളതാണ് നമ്മൾ കാണേണ്ടത്.

പ്രതിപക്ഷനേതാവ് (<u>ശ്രീ. വി. ഡി. സതീശൻ</u>): സർ, രണ്ട് കാര്യങ്ങളാണ് ഞാൻ പറഞ്ഞത്. കോവിഡ് മരണം എന്താണെന്ന് എല്ലാവർക്കും മനസ്സിലാകുന്ന രീതിയിലുള്ള ഐ.സി.എം.ആർ-ന്റെ കൃത്യമായ മാനദണ്ഡങ്ങളുണ്ട്. അത് പാലിച്ചുകൊണ്ട് രോഗിയെ ചികിത്സിച്ച ഡോക്ടറാണ് മരണം നിശ്ചയിക്കേണ്ടത്. ഒരാൾ കോവിഡ്കൊണ്ടാണോ അല്ലാതെയാണോ മരിച്ചതെന്ന് തീരുമാനിക്കുന്നത് തിരുവനന്തപുരത്തുള്ള ഹെൽത്ത് ഓഡിറ്റ് കമ്മിറ്റിയല്ല. അതാണ് നിങ്ങൾക്ക് പറ്റിയ തെറ്റ്. കോവിഡുമൂലം മരിച്ചവരുടെ വിവരങ്ങൾ ആശാ വർക്കർമാരൊക്കെ റിപ്പോർട്ട് ചെയ്യുന്നതുകൊണ്ട് തദ്ദേശഭരണ സ്ഥാപനങ്ങളിൽ അതിന്റെ കണക്കുണ്ട്. ആ കണക്കും സർക്കാരിന്റെ ഔദ്യോഗിക കണക്കും തമ്മിൽ വലിയ വ്യത്യാസമുണ്ട്. ഡിസംബർ മുതൽ ജൂലൈ വരെ കോവിഡുമൂലം മരിച്ചവരുടെ പേരുവിവരങ്ങളൊന്നും വെളിപ്പെടുത്തിയിരുന്നില്ല. ഞങ്ങൾ ഈ വിഷയം നിയമസഭയിൽ ഉന്നയിക്കുകയും സുപ്രീംകോടതി വിധിവന്ന് വിവാദമാകുകയും ചെയ്തതിനുശേഷമാണ് പേരു വിവരങ്ങൾ വെളിപ്പെടുത്തിത്തുടങ്ങിയത്. ഏഴ് മാസക്കാലം കോവിഡുമൂലം മരിച്ചവരുടെ പേര് ഒളിപ്പിച്ചുവച്ചതെന്തിനാണെന്നാണ് ഞാൻ ചോദിച്ചത്. എന്ത് പർപ്പസ്സാണ് ഗവൺമെന്റ് സെർവ് ചെയ്തത്?

ശ്രീ. പിണറായി വിജയൻ: സർ, മരണനിരക്ക് ഒരുതരത്തിലും മറച്ചുവയ്ക്കുന്ന നിലപാടുണ്ടായിട്ടില്ല. ഇവിടെ പറയുന്ന തരത്തിൽ സാങ്കേതികമായി എന്തെങ്കിലും പ്രശ്നങ്ങളുണ്ടായിട്ടുണ്ടെങ്കിൽ അത് പരിഹരിക്കാവുന്നതേയുള്ളൂ. ജില്ലാടിസ്ഥാനത്തിലുള്ള മരണം എത്രയാണെന്ന് പരിശോധിച്ച് സംസ്ഥാന തലത്തിൽ കണക്കാക്കുമ്പോൾ എന്തെങ്കിലും വ്യത്യാസം വന്നിട്ടുണ്ടെങ്കിൽ തിരുത്താവുന്നതേയുള്ളൂ. അക്കാര്യത്തിൽ ഗവൺമെന്റിന് ഒരു പിടിവാശിയുമില്ല. ഏതെങ്കിലും തരത്തിൽ കോവിഡ് മരണ മാണെങ്കിൽ അത് മറച്ചുവയ്ക്കുക എന്നത് ഗവൺമെന്റിന്റെ ഉദ്ദേശ്യമല്ല. കോവിഡ് മരണത്തിന്റെ മാനദണ്ഡം ഐ.സി.എം.ആർ. നിശ്ചയിച്ചിട്ടുള്ളതാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞ രീതിയിൽ, ഐ.സി.എം.ആർ. നിർദ്ദേശിച്ച മാനദണ്ഡമാണ് താഴെ തലത്തിലേയ്ക്ക് കൊടുത്തിട്ടുള്ളത്. ഇതൊരു പരാതിയായി വന്നപ്പോഴാണ് അങ്ങനെ ചെയ്തത്. അതുകൊണ്ട് നേരത്തെയുണ്ടായിരുന്ന പ്രശ്നം ഇപ്പോഴില്ല. അതാത് സ്ഥലത്താണ് കോവിഡ് മരണമാണോ അല്ലയോയെന്ന് തീരുമാനിക്കുന്നത്. ബാക്കി പ്രശ്നങ്ങൾ എന്തെങ്കിലുമുണ്ടോയെന്ന് പരിശോധിച്ച് തീരുമാനിക്കാവുന്നതാണ്. ഇന്നലത്തെ കണക്കിൽ കോവിഡ് പോസിറ്റീവ് കേസ്സുകൾ കൂടുതലായിരുന്നുവെന്നുള്ളത് ശരിയാണ്. രോഗമുക്തി പ്രാപിച്ചവർ 14,131-ഉം പോസിറ്റീവായവർ 17,481-മാണ്. രോഗമുക്തി നിരക്ക് രോഗം വ്യാപിക്കുന്നതിനേക്കാൾ കൂടുതലാകണമെന്നതിൽ ഒരു തർക്കവുമില്ല, അതിനാണ് നമ്മൾ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. കേരളത്തിലെ മരണ നിരക്ക് വലിയതോതിൽ കുറഞ്ഞുനിൽക്കുന്നുവെന്നത് നാം കാണാതിരിക്കരുത്. അത് നിലവിലുള്ള വസ്തുതയാണ്. ഓക്സിജൻ ക്ഷാമംകാരണം മരണം സംഭവിക്കുന്ന പ്രദേശങ്ങളായി ലഡാക്ക്, ഹിമാചൽപ്രദേശ്, കേരളം എന്നിങ്ങനെയുള്ള സ്റ്റേറ്റുകളെയും ഹിന്ദുസ്ഥാൻ ടൈംസ് ചിത്രീകരിച്ചു. ഓക്സിജൻ ക്ഷാമംകൊണ്ട് ആളുകൾ മരിച്ചുവെന്ന പരാതി നമുക്കാർക്കെങ്കിലുമുണ്ടോ? എങ്ങനെയാണ് പ്രചരണം വരുന്നതെന്നാണ് നോക്കേണ്ടത്. കോവിഡ് പ്രതിരോധവുമായി ബന്ധപ്പെട്ട് ധാരാളം കാര്യങ്ങൾ പറയാനുണ്ട്. അതെല്ലാം പറയാൻ നിന്നാൽ എല്ലാ വർത്തമാനവും അതുതന്നെ യായിപ്പോകും എന്നതുകൊണ്ട് കൂടുതലായി അതിലേയ്ക്ക് പോകുന്നില്ല. നമ്മുടെ സംസ്ഥാനത്തെ കോവിഡ് മരണനിരക്ക് 0.5 ശതമാനത്തിലും താഴെയാണ്. അത് രാജ്യത്തെ മരണനിരക്കിന്റെ മൂന്നിലൊന്ന് മാത്രമാണ്. ഇപ്പോൾ അതൊക്കെ പറഞ്ഞ് മറ്റുപ്രദേശങ്ങളെ താരതമ്യപ്പെടുത്തേണ്ട കാര്യമില്ലല്ലോ; മൃതദേഹങ്ങൾ ഒഴുകിനടന്നതും ശവപ്പറമ്പുകളിലെ കാഴ്ചയും നമ്മളെല്ലാവരും കണ്ടതും അനുഭവിച്ച തുമാണല്ലോ. കേരളത്തിൽ അത്തരത്തിലുള്ള സ്ഥിതിയുണ്ടായിട്ടില്ല. ന്യായമായ രീതിയിൽ കാര്യങ്ങളെല്ലാം മുൻകൂട്ടി കണ്ട് ആവശ്യമായ തയ്യാറെടുപ്പ് നടത്താൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. രോഗപ്രതിരോധത്തിന് സമൂഹമാകെ തയ്യാറാകുന്ന നില വന്നിട്ടുണ്ട്. അത് സംസ്ഥാന സർക്കാരിന്റെ നേട്ടം മാത്രമല്ല, സംസ്ഥാനത്തെ

ജനങ്ങളാകെ ആ പ്രതിരോധത്തിന്റെ ഭാഗമായി അണിനിരന്നിട്ടുണ്ട്. അങ്ങനെയാണ് ഈ നേട്ടമുണ്ടാക്കാൻ കഴിഞ്ഞത്. കോവിഡ് പ്രതിസന്ധിഘട്ടത്തിൽ ഉപജീവനം ഉറപ്പുവരുത്താൻവേണ്ടി ഈ സർക്കാർ സ്വീകരിച്ച നടപടികൾ രാജ്യമാകെ അംഗീകരിച്ചതാണല്ലോ; എന്നാൽ അത് അംഗീകരിക്കുന്നതിന് പ്രതിപക്ഷത്തിന് കുറച്ച് വിഷമമുണ്ട്. അത് നമുക്കെല്ലാവർക്കും മനസ്സിലാക്കാനാകും. അത് അവിടെ നിൽക്കട്ടെ. കേരളം ഇക്കാര്യത്തിൽ എന്തുചെയ്തുവെന്നത് രാജ്യമാകെ കൃത്യമായി കണ്ടുകഴിഞ്ഞ കാര്യമാണ്.

ഇവിടെ നടന്ന ചർച്ചയിൽ പ്രതിപക്ഷത്തുനിന്ന് ഒരംഗം പറഞ്ഞത്, സൈബർ കേസ് എടുക്കുന്നതിൽ പോലീസ് വല്ലാതെ പിറകോട്ടു പോയിരിക്കുകയാണെന്നാണ്. 2016-ൽ 283, 2017-ൽ 320 കേസുകൾ, 2018-ൽ 340, 2019-ൽ 307, 2020-ൽ 426, 2021 മേയ് മാസം വരെ 273 എന്നിങ്ങനെ കേസുകൾ എടുത്തുകഴിഞ്ഞിട്ടുണ്ട്. ഏഷ്യയിലാദ്യമായി സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനും സൈബർ സുരക്ഷ ഉറപ്പുവരുത്തുന്നതിനും തിരുവനന്തപുരം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന 'സൈബർ ഡോം' പ്രാവർത്തികമായി. ഇതിന് FICCI (Federation of Indian Chambers of Commerce & Industry) -യുടെ സ്മാർട്ട് പോലീസിംഗ് അവാർഡ്, സ്കോച്ച് ഓർഡർ ഓഫ് മെരിറ്റ് അവാർഡ്, ഇൻഫർമേഷൻ സെക്യൂരിറ്റി ലീഡർഷിപ്പ് അവാർഡ്, കെ-7 സെക്യൂരിറ്റി മെഡൽ ഓഫ് ഓണർ അവാർഡ്, സിസോ മാഗ് ബെസ്റ്റ് ഡിജിറ്റൽ ഇന്നവേഷൻ അവാർഡ് ഇങ്ങനെയുള്ള പുരസ്കാരങ്ങളൊക്കെ ലഭിച്ചിട്ടുണ്ട്. പ്രതിപക്ഷത്തിന് ഇതൊന്നും അത്ര ഇഷ്ടപ്പെടുന്ന കാര്യമല്ലായെന്നത് ഇവിടെ പറഞ്ഞതിൽനിന്നും മനസ്സിലായി. തിരിച്ചറിയാൻ കഴിയാതെ നിഗൂഢമായി പ്രവർത്തിക്കുന്നതും എളുപ്പം ലഭ്യമാകുന്നതുമായ വിവിധ ആപ്ലിക്കേഷനുകളിലും പോർട്ടലുകളിലും കുട്ടികളുടെ അശ്ലീല വീഡിയോകൾ വർദ്ധിച്ചുവരുന്നതിന്റെ ഗൗരവം കണക്കിലെടുത്ത് ഇത്തരം കുറ്റകൃത്യങ്ങൾ ചെയ്യുന്നവർക്കെതിരെ സൈബർ ഡോമിന്റെ മേൽനോട്ടത്തിൽ 'പി-ഹണ്ട്' (P-HUNT) എന്ന പേരിൽ രഹസ്യനിരീക്ഷണം നടത്തി കുറ്റവാളികൾക്കെതിരെ കർശന നടപടി സ്വീകരിച്ചുവരുന്നു. അത് കൂടുതൽ വേണമെന്നതിൽ തർക്കമൊന്നുമില്ല. സ്ത്രീകൾക്കും കുട്ടികൾക്കും നേരെ വർദ്ധിച്ചുവരുന്ന സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനാവശ്യമായ 'Cyber Crime Prevention against Women and Children' എന്ന നൂതനപദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരികയാണ്. അതോടൊപ്പം വിദ്യാർത്ഥികളിൽ അവബോധമുണർത്താനുള്ള പദ്ധതികൾ വിവിധ വിഭാഗങ്ങളുമായി ചേർന്ന് നടപ്പിലാക്കുന്നുണ്ട്. ഇക്കാര്യത്തിൽ കുറേക്കൂടി നമുക്ക് മുന്നോട്ടുപോകേണ്ടതുണ്ടെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അങ്ങനെയൊരു അവസ്ഥയാണിപ്പോൾ നിലനിൽക്കുന്നതെന്ന് എല്ലാവർക്കുമറിയാം.

ന്യൂനപക്ഷ വിഭാഗത്തിന്റെ സ്കോളർഷിപ്പിന്റെ പ്രശ്നം ഇപ്പോഴൊരു വിവാദ ത്തിലേയ്ക്ക് വന്നിരിക്കുകയാണ്. ബഹുമാന്യനായ പ്രതിപക്ഷനേതാവ് സംസാരിച്ചപ്പോൾ, സർവ്വകക്ഷിയോഗത്തിലെ അദ്ദേഹത്തിന്റെ നിർദ്ദേശങ്ങളെക്കുറിച്ച് പറയുകയുണ്ടായി. ആ യോഗത്തിൽ ആദ്യം സംസാരിക്കാൻ അദ്ദേഹത്തെയായിരുന്നു വിളിച്ചതെന്ന് ഓർക്കുന്നുണ്ടാകും. മറ്റുള്ളവർ സംസാരിച്ചതിനുശേഷം ഞാൻ സംസാരിക്കാമെന്ന് അന്ന് അദ്ദേഹം പറഞ്ഞു. അതായിരുന്നു ആദ്യഘട്ടത്തിൽ അദ്ദേഹം സ്വീകരിച്ച നിലപാട്. അവസാനമാണ് അദ്ദേഹം സംസാരിച്ചത്. അദ്ദേഹം സംസാരിക്കുമ്പോഴും മൂർത്തമായ പ്രത്യേക നിർദ്ദേശങ്ങളൊന്നും ഉണ്ടായിരുന്നില്ല എന്നതാണ് വസ്തുത. സ്കോളർഷിപ്പുമായി ബന്ധപ്പെട്ട് ഒരു വിവാദവും സാധാരണഗതിയിൽ ഉയർന്നുവരേണ്ട കാര്യമില്ല. ഇവിടെ നിലനിൽക്കുന്ന ഒരു വസ്തുതയുണ്ട്. എൽ.ഡി.എഫ്-ഉം യു.ഡി.എഫ്-ഉം കേരളത്തിൽ 80:20 എന്ന അനുപാതത്തിൽ നടപ്പിലാക്കിവരികയായിരുന്നു. അത് ചോദ്യം ചെയ്തപ്പോൾ, ഇത് ശരിയല്ലെന്നും ഇത്തരമൊരു നിലപാട് സർക്കാർ എടുക്കാൻ പാടില്ലായെന്നും ബഹുമാനപ്പെട്ട ഹൈക്കോടതി വിധി പ്രസ്താവിച്ചു. അങ്ങനെ പ്രത്യേക പ്രശ്നമായി വന്നു. ഇതേവരെ നാം സ്വീകരിച്ചുവന്നിരുന്ന നിലപാടിൽ നിന്നും വ്യത്യസ്തമായ ഒരു നിലപാടായിരുന്നു ഹൈക്കോടതി വിധി. അതുസംബന്ധിച്ച് ആലോചിക്കാനാണ് എല്ലാ കക്ഷികളെയും വിളിച്ച് യോഗം ചേർന്നത്. എല്ലാ കക്ഷികളും അതിൽ അഭിപ്രായം പറഞ്ഞിട്ടുണ്ട്. പൊതുവായ സ്പിരിറ്റ് ഉൾക്കൊണ്ട് സംസ്ഥാനത്തിന്റെ പൊതുസാഹചര്യം വച്ചുകൊണ്ട് നീങ്ങാൻ കഴിയണമെന്നു തന്നെയായിരുന്നു തീരുമാനിച്ചിരുന്നത്. ഇതിന്റെ ഭാഗമായി ഏതെങ്കിലും തരത്തിലുള്ള സ്പർദ്ധയോ വിദ്വേഷമോ ഉണ്ടാകുന്നതിന് ഇടയാകാൻ പാടില്ല. ഈ വിധിയുടെ പ്രശ്നമെന്താണ്? ഇതിൽ രണ്ടുഭാഗങ്ങളുണ്ട്. നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്ന സ്കോളർഷിപ്പുമായി ബന്ധപ്പെട്ട് ഒരു കൂട്ടർക്ക് പരാതിയുണ്ട്. അതിലാണ് ബഹുമാ നപ്പെട്ട ഹൈക്കോടതിയുടെ ഇടപെടലുണ്ടായത്. അവർ ആ പരാതി പരിഹരിക്ക ണമെന്ന് ആഗ്രഹിക്കുന്നു. അതേസമയം നിലവിൽ ലഭിച്ചു കൊണ്ടിരിക്കുന്ന ആനുകൂല്യവുമുണ്ട്. ആ ആനുകൂല്യത്തിൽ എന്തെങ്കിലും കുറവ് വരാനും പാടില്ല. ആദ്യഭാഗത്തിന് ഈ ചർച്ചയ്ക്കുശേഷം സർക്കാർ പരിഹാരം കാണും. നിലവിൽ ലഭിച്ചുകൊണ്ടിരുന്ന ആനുകൂല്യത്തിന് ഒരു കുറവുമുണ്ടാകില്ല. എന്നാൽ പരാതി ഉന്നയിക്കപ്പെട്ട വിഭാഗങ്ങൾക്കുള്ള ആനുകൂല്യങ്ങൾ ജനസംഖ്യാനുപാതികമായി തീരുമാനിക്കുന്ന നിലവരും. സാധാരണഗതിയിൽ എല്ലാവർക്കും അത് തൃപ്തിയായി. ആർക്കും അതിൽ പരാതിയുണ്ടാകേണ്ടതില്ല. ഹൈക്കോടതി വിധിയുടെ ഒരു ഭാഗത്തിന് നമ്മുടെ സമൂഹത്തിൽ ആർക്കും പരാതിയില്ലാതെതന്നെ പരിഹാരം കാണാൻ സർക്കാരിന് കഴിഞ്ഞിരിക്കുന്നു. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് സംസാരിച്ചപ്പോൾ ഒരു വിഷയം ഉന്നയിച്ചോയെന്ന് എനിക്കൊരു സംശയമുണ്ട്.

ചിലപ്പോൾ എന്റെ സംശയം തെറ്റായിരിക്കാം. നിലവിലുള്ള സ്കോളർഷിപ്പ് ഇപ്പോഴും കൊടുക്കുമെന്ന് പറഞ്ഞിട്ടുണ്ട്, അത് പിന്നീടും തുടരുമോ എന്നാണ് അദ്ദേഹം ചോദിച്ചത്. ഇപ്പോൾ നൽകുന്നത് പിന്നീടും തുടരാൻ തന്നെയാണ് ഈ സർക്കാർ ഉദ്ദേശിക്കുന്നത്. വാക്ക് മാറ്റി പറയുന്ന ശീലം ഞങ്ങൾക്കില്ലായെന്നുള്ളത് നിങ്ങൾക്ക് നല്ലതുപോലെ അറിയാം. എന്താണോ പറയുന്നത് അത് നടപ്പാക്കുക തന്നെ ചെയ്യും. അതിന് യാതൊരു സംശയവുമില്ല. രണ്ടാമതൊരു ഭാഗമുണ്ട്. സംസ്ഥാന സർക്കാരിന് ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ അധികാരമില്ലായെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി പറഞ്ഞിട്ടുണ്ട്. അതൊരു വിപുലമായ നിയമപ്രശ്നമാണ്. അത്തരമൊരു നിയമ പ്രശ്നത്തിൽ നിലപാടെടുത്ത് മുന്നോട്ടുപോകുന്നതിനുമുൻപ് വിദഗ്ദ്ധാഭിപ്രായം തേടണമെന്ന് തീരുമാനിച്ചു. നമ്മുടെ രാജ്യത്തെ നിയമജ്ഞരിൽ പ്രമുഖനായ സീനിയർ അഡ്വക്കേറ്റായ ശ്രീ. പരാശരനിൽനിന്ന് നിയമോപദേശം തേടി. സർക്കാരിന് അധികാരമില്ലായെന്ന വിധി സുപ്രീംകോടതിയിൽ സർക്കാർ ചോദ്യം ചെയ്യേണ്ടതാണെന്നാണ് അദ്ദേഹം പറഞ്ഞത്. അതുമായി ബന്ധപ്പെട്ട നടപടി സർക്കാർ സ്വീകരിച്ചുവരികയാണ്. ഇതുമായി ബന്ധപ്പെട്ട് എനിക്കൊരു കാര്യമേ പറയാനുള്ളൂ. അനാവശ്യമായ തർക്കങ്ങൾ ഉന്നയിച്ച് ഇല്ലാത്ത വിഷയത്തിന്റെ പിന്നാലെ പോയി ഇതിനെ വളർത്താൻ പാടില്ല. അക്കാര്യത്തിൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പ്രകടിപ്പിച്ച വികാരത്തോടൊപ്പം ഞാനും പൂർണ്ണമായി യോജിക്കുകയാണ്. ഒരുതരത്തിലുള്ള സാമുദായിക സ്പർദ്ധയും ഇതിന്റെ ഭാഗമായി ഉയർത്തുന്നതൊന്നും നമ്മുടെ നാട്ടിൽ സംഭവിക്കാൻ പാടില്ല. അതിന്റെ മറ്റുകാര്യങ്ങളൊന്നും ഞാൻ വിശദമായി പറയുന്നില്ല. ഇതാണ് അന്തഃസത്ത. സംസ്ഥാനത്ത് കെ.എ.എസ്. രൂപീകരിച്ച് നിയമനനടപടികൾ നടത്തുന്നതിനായി പി.എസ്.സി. വഴി പരീക്ഷ നടത്തിക്കഴിഞ്ഞിട്ടുണ്ട്. അതിനു ശേഷമുള്ള നടപടികൾ പുരോഗമിക്കുകയാണ്. 2016 മേയ് 25 മുതൽ 2021 മേയ് 20 വരെ 161,361 ഉദ്യോഗാർത്ഥികൾക്കാണ് പി.എസ്.സി. അഡ്വൈസ് മെമ്മോ നൽകിയത്. കോവിഡ് കാലത്ത് 2020 മാർച്ച് മുതൽ ഏപ്രിൽ വരെ മാത്രം 30,954 പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്. 2013-ൽ കെ.എസ്.ആർ.ടി.സി. കണ്ടക്ടർ തസ്തികയിൽ അഡ്വൈസ് ചെയ്ത 4031 പേർക്ക് 2016 ഡിസംബറിൽ കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിയമനം നൽകുകയുണ്ടായി. സമാശ്വാസ തൊഴിൽദാന പദ്ധതിപ്രകാരം 168 പേർക്ക് തൊഴിൽ നൽകി. 78 പേർക്ക് ഉടൻതന്നെ ജോലി നൽകുന്നതിനുള്ള നടപടി പുരോഗമിക്കുന്നു. 2010 മുതൽ 2014 വരെയുള്ള വർഷങ്ങളിലെ സ്പോർട്സ് ക്വാട്ടയിലെ ഒഴിവുകളിലേയ്ക്ക് 195 പേർക്ക് നിയമനം നൽകിയത് 2020-ലാണ്. 35-ാം ദേശീയ ഗെയിംസ് ടീമിൽ വെള്ളി, വെങ്കലമെഡൽ നേടിയ 82 കായികതാരങ്ങൾക്ക് ഇക്കൂട്ടത്തിൽ നിയമനം നൽകിയിട്ടുണ്ട്. തലസ്ഥാന നഗരിയായ തിരുവനന്തപുരത്തുള്ള അയ്യങ്കാളി ഹാൾ

പുനരുദ്ധരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്. 24,02,00,000 രൂപ ചെലവഴിച്ച് ഡൽഹിയിലെ ട്രാവൻകൂർ ഹൗസ് പുനരുദ്ധരിക്കുന്നതിനുള്ള നടപടികളും പുരോഗമിക്കുകയാണ്.

കേരളത്തിന് അംഗീകാരം ലഭിക്കുമ്പോൾ നമ്മുടെ സംസ്ഥാനത്തിന് ലഭിക്കുന്ന അംഗീകാരമായാണ് കാണേണ്ടത്. നീതി ആയോഗ് തയ്യാറാക്കിയ Sustainable Development Goals index-ൽ തുടർച്ചയായ വർഷങ്ങളിൽ കേരളമാണ് ഒന്നാമത് നിൽക്കുന്നത്. സംസ്ഥാനത്തിന്റെ ഭരണത്തിന്റെയും വികസനത്തിന്റെയും ക്ഷേമത്തിന്റെയും പ്രകൃതി സംരക്ഷണത്തിന്റെയുമൊക്കെ മെച്ചംകൊണ്ടാണ് ഇത് സാധിക്കുന്നത്. മികച്ച ഭരണനിർവ്വഹണമുള്ള സംസ്ഥാനത്തെ തെരഞ്ഞെടുക്കുന്നത് ഇത്തരത്തിലുള്ള സമഗ്രമായ പഠനത്തിനുശേഷമാണ്. പബ്ലിക് അഫയേഴ്സ് സെന്റർ പുറത്തിറക്കിയ ഈ ഇൻഡക്സിൽ തുടർച്ചയായി മൂന്ന് തവണ കേരളം ഒന്നാം സ്ഥാനത്ത് എത്തുകയുണ്ടായി. ശിശുമരണം ഏറ്റവും കുറഞ്ഞ സംസ്ഥാനമെന്ന ഖ്യാതിയും മാതൃമരണം ഏറ്റവും കുറഞ്ഞ സംസ്ഥാനമെന്ന നേട്ടവും നമ്മെ തേടിയെത്തിയതും ഈ രംഗത്തെ ചിട്ടയായ പ്രവർത്തനങ്ങളുടെ ഫലമാണ്. ടൂറിസത്തിന്റെയും ഭിന്നശേഷി സൗഹൃദത്തിന്റെയും മേഖലകളിൽ കേരളം ദേശീയ-അന്തർദ്ദേശീയ അവാർഡുകൾ കരസ്ഥമാക്കി. എല്ലാവരെയും ഉൾക്കൊള്ളുന്ന മികച്ച ഭരണമുള്ളതു കൊണ്ടും അതിന്റെ ഫലമായി എല്ലാവർക്കും ഇവിടെ ജീവിക്കാൻ കഴിയുന്നതു കൊണ്ടുമാണ് ഈ അവസ്ഥയുണ്ടായത്. പൊതുവിൽ മെച്ചപ്പെട്ടുനിൽക്കുന്ന സംസ്ഥാനത്തെ താറടിച്ചു കാണിക്കാനും നേട്ടങ്ങളെ തമസ്കരിക്കാനും നാടിന്റെ സമാധാനാന്തരീക്ഷത്തെ അട്ടിമറിക്കാനും ചില ശ്രമങ്ങൾ നടക്കുന്നുവെന്നതാണ് നാം കാണേണ്ടത്. ഇത് പൊതുഭരണ വകുപ്പിനെക്കുറിച്ചുള്ള ചർച്ചയാണല്ലോ; അതുകൊണ്ടുതന്നെ ഭരണരംഗത്ത് വരുത്തിയ, വരുത്തുന്ന മാറ്റങ്ങൾ പ്രധാനമാണ്. ഭരണം സെക്രട്ടേറിയറ്റ് പോലുള്ള അധികാരകേന്ദ്രങ്ങൾ കേന്ദ്രീകരിച്ചതായിരുന്നു. ആ അധികാരത്തെ ജനങ്ങളിലും ജനജീവിതത്തിലും എത്തിക്കുക എന്ന വിധത്തിലുള്ള ഭരണ സംസ്കാരമാറ്റം ഈ ഗവൺമെന്റ് ഉദ്ദേശിച്ചു. ജനങ്ങൾക്ക് ഭരണത്തിന്റെ സാന്നിദ്ധ്യം അനുഭവപ്പെടേണ്ടത് ദുരിതമനുഭവിക്കുന്ന ഘട്ടത്തിലെ സാന്ത്വനമായാണ്, അവരുടെ ജീവിത നിലവാരത്തെയും നാടിന്റെ വികസന നിലവാരത്തെയും ഉയർത്തുന്ന ഇടപെടലായാണ് കാണേണ്ടത്. ഇക്കാര്യത്തിൽ ഞങ്ങൾക്കുള്ള വ്യക്തമായ ബോദ്ധ്യത്തിന്റെ അടിസ്ഥാനത്തിലുള്ള ഇടപെടലുകളാണ് നടത്തുന്നത്. ഇക്കഴിഞ്ഞ നാലഞ്ച് വർഷമെടുത്താൽ എന്തുചെയ്യണമെന്നറിയാതെ ജനങ്ങൾ ആശങ്കപ്പെട്ട് നിന്ന ഘട്ടങ്ങളുണ്ടായിട്ടുണ്ടെന്ന് കാണാൻ കഴിയും. വെള്ളപ്പൊക്കത്തിന്റെയും മഹാമാരിയുടെയും നൂറ്റാണ്ടിലെതന്നെ മഹാപ്രളയത്തിന്റെയും ഘട്ടങ്ങളിൽ അവരെ ചേർത്തുപ്പിടിച്ച് ഒരുതരം രക്ഷാദൗത്യത്തോടെ സർക്കാരിന് പെരുമാറാനായി.

അടച്ചുപൂട്ടലിന്റെ ഘട്ടത്തിൽ ജീവസന്ധാരണത്തിനുള്ള മാർഗ്ഗങ്ങൾ ജനങ്ങൾക്ക് വീടുകളുടെ പടിവാതിലുകളിൽ എത്തിച്ചുകൊടുത്തു. മഹാമാരിയുടെ ഘട്ടത്തിൽ ശുശ്രൂഷയും ഔഷധവും ആഹാരവും ആവശ്യമായ ഘട്ടങ്ങളിലെല്ലാം എത്തിച്ചുകൊടുത്തു. ഇതാണ് അധികാരത്തിന്റെ ജനകീയവത്ക്കരണം. ആശ്വാസങ്ങൾക്കായി സെക്രട്ടേറിയറ്റിലേയ്ക്ക് ജനങ്ങൾ ചെല്ലുന്ന സംസ്കാരത്തെ, സെക്രട്ടേറിയറ്റിന്റെ അധികാരം ജനങ്ങളിലേയ്ക്ക് കൊണ്ടെത്തിക്കുന്ന സംസ്കാരംകൊണ്ട് പകരം വയ്ക്കുകയാണ് കഴിഞ്ഞ സർക്കാർ ചെയ്തത്. ഇത് ജനങ്ങൾ മനസ്സിലാക്കുകയും അംഗീകരിക്കുകയും ചെയ്തു. അതിന്റെ തുടർച്ചയായി ഈ സർക്കാരും അതുതന്നെയാണ് ചെയ്യുന്നത്. വൈഷമ്യത്തിന്റെയും പ്രതിസന്ധിയുടെയും കാലയളവുകളിലൂടെയാണ് നാട് കടന്നുപോകുന്നത്. എന്നാൽ മുമ്പൊക്കെ സാധാരണ അവസ്ഥകളിൽപ്പോലും പലപ്പോഴും സ്തംഭിച്ചുനിൽക്കാറുണ്ടായിരുന്ന ഭരണം ഏതെങ്കിലുമൊരു ഘട്ടത്തിൽ സ്തംഭിച്ചുപോയോ? വരുമാനത്തിൽപ്പോലും വരൾച്ചയുണ്ടായ ഇതേഘട്ടത്തിലാണ്, കേന്ദ്രത്തിൽനിന്നുപോലും അർഹതപ്പെട്ട തോതിൽ ആശ്വാസധനം ലഭിക്കാതിരുന്ന ഘട്ടത്തിലാണ്, നാടാകെ വികസനത്തിന്റെ പ്രതീകങ്ങൾ ഉയർന്നുവന്നത്. പാലങ്ങളായും സ്കൂൾ കെട്ടിടങ്ങളായും മാത്രമല്ല, ഉയർന്ന വിദ്യാഭ്യാസ നിലവാരവും ഉയർന്ന ക്രമസമാധാനനിലയും ഉറപ്പുവരുത്താൻ നമുക്ക് കഴിഞ്ഞു. ആശ്വാസപ്രവർത്തനങ്ങളുടെ പേര് പറഞ്ഞ് വികസനപ്രവർത്തനങ്ങൾ നിർത്തിവയ്ക്കുകയോ അവയുടെ പേരുപറഞ്ഞ് ആശ്വാസ പ്രവർത്തനങ്ങൾ ഉപേക്ഷിക്കുകയോ ആയിരുന്നില്ല. ഇതാണ് മാറിയ ഭരണ സംസ്കാരമെന്ന് നാം കാണണം.

4.00 PM]

നമ്മുടെ രാജ്യത്ത് ഏറ്റവുമധികം സ്ത്രീസുരക്ഷയുള്ള സംസ്ഥാനമാണ് കേരളം. പഴുതടച്ചുള്ള സ്ത്രീ സുരക്ഷയാണ് ഉറപ്പുവരുത്തിയിട്ടുള്ളത്. ചില പ്രശ്നങ്ങൾ ഈയടുത്തകാലത്തുണ്ടായിട്ടുണ്ട്. ചില ആത്മഹത്യകളും കൊലപാതകങ്ങളുമുണ്ടായി. അതിലൊക്കെ ഉടനടി നടപടിയെടുക്കാനും കുറ്റക്കാരെ നിയമത്തിന്റെ കരങ്ങളിലേൽപ്പിക്കാനും കഴിഞ്ഞിട്ടുണ്ട്. സ്ത്രീധന നിരോധന നിയമങ്ങളും ചട്ടങ്ങളും കൂടുതൽ ശക്തമാക്കേണ്ടതാണ്. അക്കാര്യത്തിൽ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. എന്നാൽ അതിനപ്പുറം ഒരു മാനസിക മാറ്റം സമൂഹത്തിലുണ്ടാകണം. അതിന് വ്യാപകമായ ബോധവൽക്കരണമുണ്ടായേ തീരൂ. ആ വഴിക്ക് സർക്കാർ കടക്കും. സ്ത്രീയെക്കുറിച്ചുള്ള സർക്കാരിന്റെ കരുതലിന് പിങ്ക് പോലീസ്, വിവിധ മേഖലകളിൽ സ്ത്രീ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനുള്ള ഇടപെടലുകൾ എന്നിവയടക്കം എത്രയോ ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കാനാകും. കിഫ്ബി മുഖാന്തരം പ്രഖ്യാപിക്കുന്നതുപോലെ ഒന്നും നടക്കുന്നില്ലെന്ന് ഒരു ബഹുമാന്യനായ പ്രതിപക്ഷാംഗം ഉന്നയിക്കുകയുണ്ടായി. യഥാർത്ഥത്തിൽ 63,257 കോടി രൂപയുടെ 903 പ്രോജക്ടുകൾക്ക് കിഫ്ബി അംഗീകാരം

നൽകിയിട്ടുണ്ട്. ഇതിൽ 543 പ്രോജക്ടുകൾ ടെണ്ടർ ചെയ്തിട്ടുണ്ട്. 12,843 കോടി രൂപ പദ്ധതികൾക്കായി ചെലവഴിച്ചുകഴിഞ്ഞു. അതേ അംഗം 50,000 അപേക്ഷകൾ ലൈഫ് മിഷനിലുണ്ടെന്ന് ചർച്ചയിൽ പറയുകയുണ്ടായി. അദ്ദേഹം കാര്യങ്ങൾ കൃത്യമായി മനസ്സിലാക്കിയിട്ടില്ലെന്നാണ് തോന്നുന്നത്. ലൈഫ് മിഷൻ മൂന്ന് ഘട്ടങ്ങളിലായി 263,296 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇപ്പോഴത്തെ നൂറുദിന കർമ്മ പരിപാടിയുടെ ഭാഗമായി 10,000 വീടുകൾകൂടി പൂർത്തീകരിക്കുന്നുണ്ട്. നേരത്തെ തയ്യാറാക്കിയ ലിസ്റ്റിൽ 374,633 പേരെ യോഗ്യതയുള്ളവരായി വിലയിരുത്തിയിട്ടുണ്ട്. ലൈഫ് മിഷന്റെ നേരത്തെയുള്ള മുൻഗണനാ ലിസ്റ്റിലുൾപ്പെടാത്തവരിൽനിന്നും അപേക്ഷ സ്വീകരിച്ചിട്ടുണ്ട്. ഞങ്ങൾ അർഹതയുള്ളവരാണ്, ഞങ്ങൾ ഒഴിഞ്ഞുപോയി എന്ന പരാതി ഉയർന്നുവന്നപ്പോഴാണ് അത്തരത്തിൽ അപേക്ഷ കൊടുക്കാനുള്ള അവസരം നൽകിയത്. അത്തരത്തിൽ ലഭിച്ച 920,261 അപേക്ഷകൾ പരിശോധിച്ച് അർഹരായവരെ നിശ്ചയിക്കും. അതിന്റെ നടപടിക്രമങ്ങളും മുന്നോട്ടുനീങ്ങിക്കൊണ്ടിരിക്കുകയാണ്. അഞ്ച് വർഷംകൊണ്ട് അഞ്ച് ലക്ഷം വീടുകൾ നിർമ്മിച്ചുനൽകുമെന്നത് എൽ.ഡി.എഫ്-ന്റെ പ്രകടനപത്രികയിലെ വാഗ്ദാനമായിരുന്നു. അത് നിറവേറ്റാനുള്ള വാഗ്ദാനമാണ്, വെറുതേ പറഞ്ഞതല്ല. എല്ലാവർക്കും പാർപ്പിടം ഉറപ്പുവരുത്തുക എന്ന നയം നടപ്പാക്കാനാണ് സർക്കാർ ശ്രമിക്കുന്നത്.

Ease of Doing Business-ൽ കേരളത്തിന്റെ റാങ്കിംഗ് 28 ആയി എന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് പറയുകയുണ്ടായി. കേന്ദ്ര സർക്കാർ ഈ പട്ടിക തയ്യാറാക്കുന്നതിന് അടിസ്ഥാനമാക്കിയെടുത്ത കണക്കുകളിൽ കാര്യമായ പ്രശ്നങ്ങളുണ്ട് എന്നതാണ് നാം മനസ്സിലാക്കേണ്ടത്. അത് സംസ്ഥാന സർക്കാർ ഇതിനോടകം വ്യക്തമാക്കിയിട്ടുള്ളതാണ്. പക്ഷേ, സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾക്കും മറ്റ് നിക്ഷേപങ്ങൾക്കും അപേക്ഷകളുടെ പ്രക്രിയ ലഘൂകരിക്കാനുള്ള നിയമനിർമ്മാണം നടത്തിയിട്ടുണ്ട്. വ്യവസായികൾക്കുണ്ടാകുന്ന സങ്കടങ്ങൾ ഉണർത്തിക്കാൻ സംസ്ഥാനതലത്തിൽ ഒരു Statutory Grievance Redressal Committee രൂപീകരിക്കുന്നുണ്ട്. കെട്ടിട നിർമ്മാണ പെർമിറ്റുകൾ സ്വയം സാക്ഷ്യപ്പെടുത്തുന്നതുപ്രകാരം നൽകുന്നതിനുള്ള ചട്ടങ്ങളും രൂപീകരിച്ചിട്ടുണ്ട്. ഈ സർക്കാർ നിക്ഷേപ സൗഹൃദ അന്തരീക്ഷം രൂപീകരിക്കുന്നതിന് പ്രതിജ്ഞാബദ്ധമാണ്. 28-ാം റാങ്കിൽനിന്നും പതിനെട്ടിലേയ്ക്കല്ല, പത്താം സ്ഥാനത്തേയ്ക്ക് ആദ്യഘട്ടത്തിൽ എത്തിക്കണമെന്നാണ് ഉദ്ദേശിക്കുന്നത്. വികസന പ്രവർത്തനങ്ങൾക്ക് പല വശങ്ങളുണ്ട്. വികസനത്തെപ്പോലും പ്രതിലോമപരമായി ഉപയോഗിച്ചതിന്റെ, നാടിന്റെ സമ്പത്ത് ദുർവിനിയോഗം ചെയ്തതിന്റെ ദൃഷ്ടാന്തങ്ങൾ നാം കണ്ടിട്ടുണ്ട്. ആ ഒരു അവസ്ഥയ്ക്ക് അറുതി വരുത്താൻ കഴിഞ്ഞു. അതിൽ തിരുത്തേണ്ട എല്ലാ കാര്യങ്ങളും തിരുത്താനും കഴിഞ്ഞു. സർക്കാർ ഖജനാവിൽനിന്നും ചെലവഴിക്കുന്ന ഓരോ

പൈസയ്ക്കും ചെലവഴിക്കുന്നവർ ഉത്തരവാദിയാണ്, അല്ലെങ്കിൽ ഉത്തരം പറയാൻ ബാദ്ധ്യസ്ഥരാണ്. അങ്ങനെയുള്ള ഒരു ഉത്തരവാദിത്വ ഭരണ സംസ്കാരത്തിലേയ്ക്ക് മാറാൻ നമുക്ക് കഴിയണം. ഭരണനിർവ്വഹണത്തിൽ പ്രധാന പങ്കുവഹിക്കുന്ന തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തി പ്രാദേശിക ഗവൺമെന്റുകളാക്കി ജനജീവിതത്തിൽ നാടിന്റെ ഭാഗധേയത്തിൽ ഇടപെടുവിക്കുന്ന സംസ്കാരം സ്ഥാപിച്ചു. അതുണ്ടാക്കിയ മാറ്റങ്ങൾ കാണാൻ നാട്ടിലൊന്ന് ഇറങ്ങിനിന്ന് ചുറ്റും കണ്ണോടിച്ചാൽ മതി. അത് കാണാൻ കണ്ണുള്ളവരാണ് ഇടതുപക്ഷ ജനാധിപത്യമുന്നണിക്ക് വോട്ട് ചെയ്ത് തുടർച്ചയായി രണ്ടാമതും അധികാരത്തിലെത്തിച്ചത്. അത് കാണാൻ കണ്ണില്ലാത്തവർ കണ്ണുപൊട്ടിക്കുന്ന രാഷ്ട്രീയ വിമർശനങ്ങളുമായി അലഞ്ഞുനടന്ന് സ്വയംകുത്തിയ കുഴിയിൽ പതിക്കുകയും ചെയ്തു. ഇതാണ് ചില മാസങ്ങൾക്കുമുമ്പ് നാം കണ്ടത്. ഒരുവശത്ത് കേരളം കണ്ടറിയുന്ന ആശ്വാസ നടപടികൾ, രക്ഷാ നടപടികൾ, ക്ഷേമ നടപടികൾ എന്നിവയാണ്. അതേസമയം മറുവശത്ത് അഭൂത പൂർവ്വമായ വികസന പ്രവർത്തനങ്ങളും. ഇത് സാധാരണഗതിയിൽ അഴിമതിക്ക് പഴുതൊരുക്കാൻ ഇടവരുത്തുന്നതാണ്. പക്ഷേ, ധനദുർവിനിയോഗത്തെക്കുറിച്ചും അഴിമതിയെക്കുറിച്ചും ഒരു വാക്കുപോലും ഉയർത്താൻ പരതി നടക്കുന്ന പ്രതിപക്ഷ ത്തിനുപോലും കഴിഞ്ഞില്ല എന്നതാണ് വസ്തുത. അവിടെയാണ് സുതാര്യത, ധനവിനിയോഗ സംശുദ്ധി എന്നിവ ഈ ഭരണ സംസ്കാരത്തിന്റെ പ്രത്യേകതയായി കാണാൻ കഴിയുന്നത്. അഴിമതിയില്ലാത്ത വികസനോന്മുഖ സിവിൽ സർവ്വീസ് എന്നത് ഈ സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യമാണ്. അത് പൂർണ്ണമായി സ്ഥാപിച്ചു എന്നൊന്നും പറയുന്നില്ല. എന്നാൽ സംശുദ്ധമായ സിവിൽ സർവ്വീസിന് അപവാദം ഉണ്ടാകുന്നതൊന്നും അനുവദിക്കുന്ന സർക്കാരല്ല ഇവിടെയുള്ളതെന്നുള്ള ബോദ്ധ്യം ഉറപ്പിക്കാൻ സാധിച്ചിട്ടുണ്ട്. അത് പ്രകടമായ മറ്റൊരു ഭരണ സംസ്കാര മാറ്റമാണ്. ഇനിയും നമുക്ക് ബഹുദൂരം മുന്നോട്ട് പോകേണ്ടതുണ്ട്. അതിന് കഴിയുംവിധം എല്ലാവരുടേയും ഒത്തൊരുമയിലുള്ള പ്രവർത്തനവും ഏകാഭിപ്രായത്തിലുള്ള മുന്നേറ്റ വുമാണ് ഇന്നാവശ്യം. ഭരണസംസ്കാരത്തിൽ സമഗ്രമായ മാറ്റമാണ് ഉദ്ദേശിക്കുന്നത്. പൊതുജനങ്ങൾക്ക് ഓഫീസിലെത്താതെതന്നെ സർക്കാർ സേവനങ്ങൾ ലഭ്യമാക്കു കയെന്നതാണ് വിഭാവനം ചെയ്യുന്നത്. ഇതിന് കേവലം ഡിജിറ്റലൈസേഷൻ മാത്രം പോരാ, ഡിജിറ്റലൈസേഷന് ഇതിൽ വലിയപങ്കുണ്ട്. അനാവശ്യരേഖകൾ ചോദിക്കൽ, പൊതുജനങ്ങളെ ആവർത്തിച്ച് നടത്തൽ ഇവയെല്ലാം ഒഴിവാക്കി സേവനം ജനങ്ങളിലേയ്ക്ക് എത്തിക്കണം. സേവനമെന്നത് ജനങ്ങളുടെ അവകാശമാ ക്കിത്തീർക്കും. ഇത് സാധ്യമാകുന്ന നിലയിൽ സേവനാവകാശനിയമം സമയബ ന്ധിതമായി പരിഷ്കരിക്കാനാണ് ഉദ്ദേശിക്കുന്നത്. ഫയൽ നീക്കങ്ങൾ തീർപ്പാക്കൽ, തീരുമാനമെടുക്കൽ ഇവയെല്ലാം പെട്ടെന്ന് ചെയ്യുന്നതിനുള്ള ശ്രമങ്ങൾ തുടരും.

ഇതിനായി പ്രത്യേക സെക്ഷൻ നേരത്തെയുണ്ടാരുന്നു. അത് തുടരുകതന്നെ ചെയ്യും. നിയമങ്ങളുടെ ലളിതവൽക്കരണം എല്ലാ രംഗത്തും നടപ്പിലാക്കും. വ്യവസായ രംഗത്ത് ഇതുമായി ബന്ധപ്പെട്ട നിയമനിർമ്മാണം നടത്തിക്കൊണ്ടിരിക്കുകയാണ്. സംരംഭകരുടെ പരാതികൾ പരിഹരിക്കാൻ സർക്കാർ തലത്തിൽ Statutory Grievance Redressal Committee രൂപീകരിക്കുന്ന കാര്യം ഞാൻ നേരത്തെ പറയുകയുണ്ടായി. ഇത്തരത്തിൽ സേവന ലഭ്യതയിൽ അഴിമതിക്ക് ഇടമോ പഴുതോ ഇല്ലായെന്ന് ഉറപ്പുവരുത്തി സർക്കാരും ജനങ്ങളും തമ്മിലുള്ള ബന്ധത്തിൽ ഒരു പൊളിച്ചെഴുത്ത് സാധ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്. ഇവിടെ ഒരു ഘട്ടത്തിൽ മരംമുറിയുമായി ബന്ധപ്പെട്ട് ഒരു വിവാദമുണ്ടായിരുന്നു. കർഷകന് പട്ടയഭൂമിയിലെ മരം മുറിക്കുന്നതിന് അനുവാദം നൽകണമെന്നത് എല്ലാ കർഷക സംഘടനകളുടേയും ആവശ്യമായിരുന്നു. കർഷകരുടെ ഉത്തമ താൽപ്പര്യങ്ങൾ പരിരക്ഷിക്കുന്ന ചട്ടക്കൂടിനുള്ളിൽ നിൽക്കുന്നതായിരുന്നു സർക്കാർ തീരുമാനം. അത് ദുരുപയോഗിക്കപ്പെട്ടിട്ടുണ്ടെങ്കിൽ നടപടിയെടുക്കുമെന്ന് സർക്കാർ പ്രഖ്യാപിച്ചു. നടപടി ശക്തമായ നിലയിൽത്തന്നെ യുണ്ടാകുന്നുണ്ട്. നിക്ഷിപ്തവനഭൂമിയിലെ മരം അനധികൃതമായി മുറിച്ചുകടത്തുന്നത് ശക്തമായ നിലയിൽത്തന്നെ തടയുമെന്ന കാര്യത്തിൽ ആർക്കും സംശയമുണ്ടാകേണ്ട കാര്യമില്ല. ബഹുമാന്യനായ പ്രതിപക്ഷനേതാവ് ഒരു ഗുഡ് സർവ്വീസ് എൻട്രിയുടെ കാര്യം പറയുകയുണ്ടായി. ഗുഡ് സർവ്വീസ് എൻട്രി കൊടുത്തത് റവന്യൂ വകുപ്പു സെക്രട്ടറിയാണെന്നും അത് സർക്കാരല്ല തിരിച്ചെടുത്തതെന്നും അദ്ദേഹം തന്നെ പറയുകയുണ്ടായി. ഇതുസംബന്ധിച്ച് ഒരു പരാതി 20-7-2021-ന് ബഹുമാന്യനായ റവന്യൂ വകുപ്പുമന്ത്രിക്ക് ലഭിച്ചിട്ടുണ്ട്. ആ പരാതി പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ചീഫ് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. നരേന്ദ്ര മോദി സർക്കാരും എൽ.ഡി.എഫ്. സർക്കാരും അധികാരത്തിൽ വന്നത് ഒരേ മാർക്കറ്റിംഗ് തന്ത്രം ഉപയോഗിച്ചാണെന്ന് ബഹുമാന്യനായ ഒരു പ്രതിപക്ഷാംഗം പറയുകയുണ്ടായി. കേരളത്തിലെ ജനങ്ങൾ കോൺഗ്രസ്സിന്റേയും ബി.ജെ.പി-യുടേയും മാർക്കറ്റിംഗ് തന്ത്രങ്ങളെ തള്ളിക്കളഞ്ഞുകൊണ്ടാണ് മതനിരപേക്ഷ ജനാധിപത്യ ജനക്ഷേമ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന ഇടതുപക്ഷ ജനാധിപത്യമുന്നണിയെ അധികാര ത്തിലേറ്റിയത്. നിങ്ങൾ രണ്ട് ശക്തികളുംകൂടി ചില ഏജൻസികളെ കൂട്ടുപിടിച്ചു കൊണ്ട് നടത്തിയ വ്യാജവാർത്താ നിർമ്മിതി പൊതുസമൂഹം കണ്ട് തിരിച്ചറിഞ്ഞ് തള്ളിക്കളഞ്ഞതാണ്. പലിശയ്ക്ക് കടമെടുത്ത പദ്ധതികൾ ഏറ്റെടുത്ത് പൂർത്തിയാക്കു ന്നില്ലായെന്നാണ് മറ്റൊരു ആരോപണം. വൻ മൂലധനച്ചെലവുള്ള പദ്ധതികൾ കടമെടുക്കാതെ നടപ്പിലാക്കാൻ കഴിയില്ല. കടമെടുക്കുന്ന തുകയും പലിശയും തിരിച്ചടയ്ക്കാൻ കഴിയുന്ന സാമ്പത്തിക വളർച്ചയ്ക്ക് ഉത്തേജകമാകുന്നതാണ് വൻ നിക്ഷേപങ്ങൾ. ഇവയുടെ പുരോഗതി കൃത്യമായി അവലോകനം ചെയ്യുകയും വിലയിരുത്തുകയും ചെയ്യുന്നുണ്ട്. പൂർത്തിയാകാതെ കിടന്ന ഗെയിൽ പൈപ്പ് ലൈൻ, ദേശീയപാതാ

വികസനം എന്നിവ കൺമുൻപിൽ നിൽക്കെയാണ് ഇത്തരമൊരു ആരോപണം ഉന്നയിക്കുന്നതെന്നാണ് അതിന്റെ പരിഹാസ്യത. പൊളിഞ്ഞ പാലാരിവട്ടം പാലം പുതുക്കിപ്പണിതതും പറയാവുന്നതാണ്. മെട്രോ റെയിലിന്റെ അടുത്തഘട്ടവും പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ഞങ്ങൾ ഈ കാലഘട്ടത്തിൽ ഏറ്റെടുക്കുന്ന എല്ലാ പദ്ധതിയും പൂർത്തിയാക്കാനുള്ള ശ്രമം നടത്തുന്നുണ്ട്. അവ നിശ്ചയിക്കുന്ന ക്രമത്തിൽ പൂർത്തിയാക്കാനുള്ള എല്ലാ ശ്രമങ്ങളും നടത്തുന്നതാണ്. എന്റെ സംസാരം അവസാനിപ്പിക്കുന്നതിനുമുൻപ് ദേശീയ രാഷ്ട്രീയത്തിലെ ഇപ്പോഴത്തെ പ്രധാന വിവാദ വിഷയത്തെക്കുറിച്ച് പരാമർശിക്കാതെ പോകുന്നത് ശരിയാകുമെന്ന് തോന്നുന്നില്ല. രാഷ്ട്രീയ നേതാക്കളുടെ ഫോൺ ചോർത്തൽ, ജനാധിപത്യ സമൂഹത്തിന് ഭൂഷണമല്ല. ജനാധിപത്യ വ്യവസ്ഥിതിയെത്തന്നെ ഇത് നശിപ്പിക്കും. ദേശീയ രാഷ്ട്രീയത്തെക്കുറിച്ച് പറയുമ്പോൾ ബഹുമാന്യനായ രാഹുൽ ഗാന്ധി നടത്തിയ ഒരു പരാമർശം മുൻനിർത്തി, എന്റെ മനസ്സിൽ ഒരു സംശയം ഉണരുകയാണ്. ആർ.എസ്.എസ്. മനോഭാവം വച്ചുപുലർത്തുന്നവർ കോൺഗ്രസ്സ് വിട്ടു പോകണമെന്നാണ് അദ്ദേഹം പറഞ്ഞത്. ഇത് നടപ്പിലായാൽ ആ പാർട്ടിയിൽ എത്ര നേതാക്കൾ അവശേഷിക്കുമെന്നതാണ് എന്റെ സംശയം.

പ്രതിപക്ഷനേതാവ് (<u>ശ്രീ. വി. ഡി. സതീശൻ</u>): സർ, കോൺഗ്രസ്സ് നേതാവ് ശ്രീ. രാഹുൽ ഗാന്ധിയെ അങ്ങ് പരാമർശിച്ചതുകൊണ്ടാണ് എനിക്ക് ഇടപെടേണ്ടി വന്നത്. മദ്ധ്യപ്രദേശിലെ ശ്രീ. ജ്യോതിരാദിത്യ സിന്ധ്യ പാർട്ടിവിട്ട് ബി.ജെ.പി.യിൽ ചേരാനിടയായ കാരണമെന്താണെന്ന അദ്ദേഹത്തിനോടുള്ള ചോദ്യത്തിന്, ആർ.എസ്.എസ്. മനോഭാവമുള്ളവർ അല്ലെങ്കിൽ ബി.ജെ.പി-യോട് താൽപ്പര്യമുള്ളവർ, ബി.ജെ.പി.യെ ഭയമുള്ളവർ, അങ്ങോട്ട് പോകട്ടേ എന്നാണ് പറഞ്ഞത്. അങ്ങയുടെ സ്ഥാനത്തിരിക്കുന്ന ഒരാൾ ശ്രീ. രാഹുൽ ഗാന്ധി പറഞ്ഞ ഒരു കാര്യത്തെ ദുർവ്യാഖ്യാനം ചെയ്യരുതെന്നാണ് എന്റെ അപേക്ഷ.

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ഇതിലൊരു ദുർവ്യാഖ്യാനവുമില്ല. അദ്ദേഹത്തിന്റെ പ്രത്യേകമായ മാനസികാവസ്ഥയാണെന്ന് എനിക്ക് മനസ്സിലാക്കാൻ കഴിയുന്നുണ്ട്. കാരണം, അദ്ദേഹത്തിനോടൊപ്പം ഒന്നിച്ച് വലംകയ്യെന്നും ഇടം കയ്യെന്നും പറയാൻ പറ്റുന്നിടത്ത് നിന്നവർ പെട്ടെന്നൊരു സുപ്രഭാതത്തിൽ മാറി ബി.ജെ.പി.യാകുന്നു. അതിന്റെ കണക്കെണ്ണിയാൽ ചെറുതല്ല. ഞാൻ ആ ഭാഗത്തേയ്ക്ക് കൂടുതലായി പോകുന്നില്ല. അങ്ങനെ വന്നാൽ അത് എത്രത്തോളം അപകടകരമായ അവസ്ഥയുണ്ടാക്കുമെന്നാണ് ഞാൻ ചോദിച്ചത്. കേരളത്തിലും അത് ബാധകമാണല്ലോ, അതും നിങ്ങൾ ചിന്തിക്കണമെന്നുമാത്രം. കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിൽ കോൺഗ്രസ് ഉയർത്തിയ മുദ്രാവാക്യം ദേശീയ തലത്തിൽ 'ബി.ജെ.പി.ക്ക് ബദൽ കോൺഗ്രസ്സെന്നായിരുന്നു'. എന്നാൽ ബി.ജെ.പി-യുമായി ഒരു വശത്ത് ബന്ധം

പുലർത്തിക്കൊണ്ടുതന്നെയാണ് കോൺഗ്രസ്സ് ഈ വാദം കേരളത്തിൽ ഉയർത്തിയത്. അക്കാര്യം പിന്നീട് വോട്ടിംഗ് നിലയിൽ തെളിഞ്ഞു. ഇപ്പോൾ എന്താണ് സ്ഥിതി? നിങ്ങൾ പറഞ്ഞ ദേശീയ ബദലിന്റെ അവസ്ഥ ഇപ്പോൾ എവിടെയാണ് നിൽക്കുന്നത്? നിങ്ങളുടെ അവസ്ഥ നിങ്ങൾതന്നെ പരിശോധിച്ചാൽ മതി, ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. ഇല്ലാത്ത ശക്തി ഉണ്ടെന്ന് നടിക്കരുതെന്നേ ഞാൻ പറയുന്നുള്ളൂ, ജനങ്ങളെ തെറ്റിദ്ധരിപ്പിക്കരുത്, ഊതിപ്പെരുപ്പിച്ച ഈഗോയുമായി നടന്ന് ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്നതിൽനിന്ന് ഒഴിഞ്ഞുനിൽക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. രാഷ്ട്രീയ നേതാക്കളുടെ ഫോൺ ചോർത്തലിനെക്കുറിച്ചാണ് ഞാൻ നേരത്തെ പറഞ്ഞത്. ഇത് ജനാധിപത്യ സമൂഹത്തിന് ഭൂഷണമല്ല, ജനാധിപത്യ വ്യവസ്ഥിതിയെത്തന്നെ നശിപ്പിക്കും. കഴിഞ്ഞ 5 വർഷം ഞങ്ങൾ ചെയ്ത കാര്യങ്ങളുണ്ട്. അതിന്റെ തുടർച്ചയായി ഇനി ചെയ്യാൻ പോകുന്ന കാര്യങ്ങൾ ഞങ്ങൾ പറഞ്ഞിട്ടുണ്ട്. അത് ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ പ്രകടന പത്രികയിൽ വ്യക്തമാക്കിയിട്ടുണ്ട്. ഒരു നവകേരളം സൃഷ്ടിക്കുകയെന്നുള്ളതാണ്. നമ്മുടെ നാടിനെ നമുക്ക് അഭിവൃദ്ധിപ്പെടുത്താം, എല്ലാ മേഖലകളും വികസിച്ചുവരട്ടെ. ആ വികസന കാര്യങ്ങളിൽ പ്രതിപക്ഷം ഞങ്ങളോടൊപ്പം പൂർണ്ണമായും സഹകരിക്കണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്. നിലവിൽ ശോച്യാവസ്ഥയുള്ള മേഖലകൾ കണ്ടെത്തി ന്യൂനതകൾ പരിഹരിക്കപ്പെടണം. അപ്പോൾ കൂടുതൽ ഔന്നത്യത്തിലേയ്ക്ക് പോകാൻ കഴിയും. ഉന്നതവിദ്യാഭ്യാസ മേഖലയിലും ധാരാളം മാറ്റങ്ങൾ വരേണ്ടതുണ്ട്. നമ്മുടെ സംസ്ഥാനത്തേയ്ക്ക് വലിയതോതിലുള്ള നിക്ഷേപങ്ങൾ എത്തിപ്പെടണം. ഇതിനെല്ലാമുതകുന്ന സഹകരണം നിങ്ങളിൽനിന്നും ഉണ്ടാകണമെന്നാണ് നാട് ആഗ്രഹിക്കുന്നത്. നവകേരള സൃഷ്ടിക്കായി നമുക്കൊരുമിച്ച് ശ്രമിക്കാം എന്നുമാത്രം പറഞ്ഞുകൊണ്ട് അവസാനിപ്പിക്കുന്നു. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ -II

## സംസ്ഥാന ഭരണത്തലവൻമാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥൻമാർ

മി. സ്പീക്കർ: സർവ്വശ്രീ കെ. ബാബു (തൃപ്പൂണിത്തുറ), എ. പി. അനിൽകുമാർ, സനീഷ് കുമാർ ജോസഫ്, സജീവ് ജോസഫ്, ടി. വി. ഇബ്രാഹിം, യു. എ. ലത്തീഫ്, സണ്ണി ജോസഫ്, അൻവർ സാദത്ത്, പി. കെ. ബഷീർ, കെ. പി. എ. മജീദ്, എൻ. ഷംസുദ്ദീൻ, എൻ. എ. നെല്ലിക്കുന്ന്, കുറുക്കോളി മൊയ്തീൻ, എ. കെ. എം. അഷ്റഫ്, പി. ഉബൈദുള്ള, പി. കെ. കുഞ്ഞാലിക്കുട്ടി, മഞ്ഞളാംകുഴി അലി, അനൂപ് ജേക്കബ്, റോജി എം. ജോൺ, ടി. ജെ. വിനോദ്, ഐ. സി. ബാലകൃഷ്ണൻ, എൽദോസ് പി. കുന്നപ്പിള്ളിൽ, മോൻസ് ജോസഫ് ഡോ. എം. കെ. മുനീർ,

ഡോ. മാത്യു കുഴൽനാടൻ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ എന്നീ അംഗങ്ങൾ II-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ,

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ.........

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 9-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2021-22 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ:

1. ശ്രീ. വി. അബ്ദുറഹിമാൻ
2. ശ്രീ. അഹമ്മദ് ദേവർകോവിൽ
3. ശ്രീ. എൻ. കെ. അക്ബർ
4. ശ്രീമതി ഒ. എസ്. അംബിക
5. ശ്രീ. ജി. ആർ. അനിൽ
6. ശ്രീ. കെ. ആൻസലൻ
7. ശ്രീ. ആന്റണി ജോൺ
8. ശ്രീ. ആന്റണി രാജു
9. ശ്രീ. എം. എസ്. അരുൺകുമാർ
10. ശ്രീ. കെ. ബാബു (നെന്മാറ)
11. ശ്രീ. പി. ബാലചന്ദ്രൻ

12. ശ്രീ. കെ. എൻ. ബാലഗോപാൽ
13. ഡോ. ആർ. ബിന്ദു
14. ശ്രീമതി ജെ. ചിഞ്ചുറാണി
15. ശ്രീ. പി. പി. ചിത്തരഞ്ജൻ
16. ശ്രീമതി ദെലീമ
17. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ
18. ശ്രീ. സി. കെ. ഹരീന്ദ്രൻ
19. ഡോ. കെ. ടി. ജലീൽ
20. ശ്രീമതി കാനത്തിൽ ജമീല
21. ശ്രീ. ജി. എസ്. ജയലാൽ
22. ഡോ. എൻ. ജയരാജ്
23. ശ്രീ. ജോബ് മൈക്കിൾ
24. ശ്രീ. വി. ജോയി
25. ശ്രീ. ഒ. ആർ. കേളു
26. ശ്രീ. കെ. കൃഷ്ണൻകുട്ടി
27. ശ്രീ. സി. എച്ച്. കുഞ്ഞമ്പു
28. ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ
29. ശ്രീ. കോവൂർ കുഞ്ഞുമോൻ
30. ശ്രീ. ലിന്റോ ജോസഫ്
31. ശ്രീ. ടി. ഐ. മധുസൂദനൻ
32. ശ്രീ. എം. എം. മണി
33. ശ്രീ. മാത്യു ടി. തോമസ്
34. ശ്രീ. കെ. ജെ. മാക്സി
35. ശ്രീ. പി. എ. മുഹമ്മദ് റിയാസ്

36. ശ്രീ. കെ. പി. മോഹനൻ
37. ശ്രീ. എ. സി. മൊയ്തീൻ
38. ശ്രീ. മുഹമ്മദ് മുഹസിൻ
39. ശ്രീ. എം. മുകേഷ്
40. ശ്രീ. സി. സി. മുകുന്ദൻ
41. ശ്രീ. ഡി. കെ. മുരളി
42. ശ്രീ. മുരളി പെരുനെല്ലി
43. ശ്രീ. പി. നന്ദകുമാർ
44. ശ്രീ. എം. നൗഷാദ്
45. ശ്രീ. എ. പ്രഭാകരൻ
46. ശ്രീ. പ്രമോദ് നാരായൺ
47. ശ്രീ. പി. പ്രസാദ്
48. ശ്രീ. വി. കെ. പ്രശാന്ത്
49. ശ്രീ. കെ. ഡി. പ്രസേനൻ
50. ശ്രീമതി യു. പ്രതിഭ
51. ശ്രീ. കെ. പ്രേംകുമാർ
52. ശ്രീ. കെ. രാധാകൃഷ്ണൻ
53. ശ്രീ. പി. ടി. എ. റഹീം
54. ശ്രീ. എ. രാജ
55. ശ്രീ. എം. രാജഗോപാലൻ
56. ശ്രീ. കെ. രാജൻ
57. ശ്രീ. പി. രാജീവ്
58. ശ്രീ. കെ. കെ. രാമചന്ദ്രൻ
59. ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ
60. ശ്രീ. കെ. എം. സച്ചിൻദേവ്

61. ശ്രീ. സജി ചെറിയാൻ
62. ശ്രീ. എച്ച്. സലാം
63. ശ്രീമതി ശാന്തകുമാരി കെ.
64. ശ്രീ. എ. കെ. ശശീന്ദ്രൻ
65. ശ്രീ. ഐ. ബി. സതീഷ്
66. ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ
67. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
68. ശ്രീ. എ. എൻ. ഷംസീർ
69. ശ്രീ. പി. വി. ശ്രീനിജിൻ
70. ശ്രീ. ജി. സ്റ്റീഫൻ
71. ഡോ. സുജിത് വിജയൻപിള്ള
72. ശ്രീ. കെ. വി. സുമേഷ്
73. ശ്രീ. പി. പി. സുമോദ്
74. ശ്രീ. വി. ആർ. സുനിൽ കുമാർ
75. ശ്രീ. പി. എസ്. സുപാൽ
76. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
77. ശ്രീ. തോമസ് കെ. തോമസ്
78. ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ
79. ശ്രീ. വി. എൻ. വാസവൻ
80. ശ്രീമതി വീണാ ജോർജ്ജ്
81. ശ്രീ. ഇ. കെ. വിജയൻ
82. ശ്രീ. പിണറായി വിജയൻ
83. ശ്രീ. എം. വിജിൻ
84. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

<u>പ്രതികൂലിക്കുന്നവർ</u>

1. ശ്രീ. പി. അബ്ദുൽ ഹമീദ്
2. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
3. ശ്രീ. മഞ്ഞളാംകുഴി അലി
4. ശ്രീ. എ. പി. അനിൽ കുമാർ
5. ശ്രീ. അനൂപ് ജേക്കബ്
6. ശ്രീ. അൻവർ സാദത്ത്
7. ശ്രീ. എ. കെ. എം. അഷ്റഫ്
8. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)
9. ശ്രീ. പി. കെ. ബഷീർ
10. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
11. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
12. ശ്രീ. ടി. വി. ഇബ്രാഹിം
13. ശ്രീ. പി. ജെ. ജോസഫ്
14. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
15. ശ്രീ. യു. എ. ലത്തീഫ്
16. ശ്രീ. കെ. പി. എ. മജീദ്
17. ഡോ. മാത്യു കുഴൽനാടൻ
18. ശ്രീ. കുറുക്കോളി മൊയ്തീൻ
19. ശ്രീ. മോൻസ് ജോസഫ്
20. ഡോ. എം. കെ. മുനീർ
21. ശ്രീ. നജീബ് കാന്തപുരം
22. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
23. ശ്രീ. ഉമ്മൻ ചാണ്ടി
24. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

25. ശ്രീമതി കെ. കെ. രമ

26. ശ്രീ. റോജി എം. ജോൺ

27. ശ്രീ. സജീവ് ജോസഫ്

28. ശ്രീ. എൻ. ഷംസുദ്ദീൻ

29. ശ്രീ. സനീഷ്കുമാർ ജോസഫ്

30. ശ്രീ. വി. ഡി. സതീശൻ

31. ശ്രീ. ഷാഫി പറമ്പിൽ

32. ശ്രീ. ടി. സിദ്ദിഖ്

33. ശ്രീ. സണ്ണി ജോസഫ്

34. ശ്രീ. പി. ടി. തോമസ്

35. ശ്രീ. എം. വിൻസെന്റ്

36. ശ്രീ. ടി. ജെ. വിനോദ്

37. ശ്രീ. പി. ഉബൈദുള്ള

മി. സ്പീക്കർ:

അനുകൂലിക്കുന്നവർ - 84

പ്രതികൂലിക്കുന്നവർ - 37

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

**ധനാഭ്യർത്ഥന നമ്പർ -III**

**നീതിന്യായ നിർവ്വഹണം**

സർവ്വശ്രീ അൻവർ സാദത്ത്, എൻ. ഷംസുദ്ദീൻ, പി. അബ്ദുൽ ഹമീദ്, അനൂപ് ജേക്കബ്, എ. പി. അനിൽ കുമാർ, യു. എ. ലത്തീഫ്, കെ. ബാബു (തൃപ്പൂണിത്തുറ), കെ. പി. എ. മജീദ്, പി. കെ. കുഞ്ഞാലിക്കുട്ടി, പി. കെ. ബഷീർ, കുറുക്കോളി മൊയ്തീൻ, എ.കെ.എം. അഷ്റഫ്, എൻ. എ. നെല്ലിക്കുന്ന്, പി. ഉബൈദുള്ള, മഞ്ഞളാംകുഴി അലി, സജീവ് ജോസഫ്, ടി. ജെ. വിനോദ്, സനീഷ് കുമാർ ജോസഫ്, ഐ. സി.

ബാലകൃഷ്ണൻ, എൽദോസ് പി. കുന്നപ്പിള്ളിൽ, സണ്ണി ജോസഫ്, റോജി എം. ജോൺ, മോൻസ് ജോസഫ്, ഡോ. മാത്യു കുഴൽനാടൻ, ഡോ. എം. കെ. മുനീർ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ എന്നീ അംഗങ്ങൾ നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ,

അനുകൂലിക്കുന്നവർ.......

പ്രതികൂലിക്കുന്നവർ.........

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 9-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2021-22 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

<u>അനുകൂലിക്കുന്നവർ</u>:

1. ശ്രീ. വി. അബ്ദുറഹിമാൻ
2. ശ്രീ. അഹമ്മദ് ദേവർകോവിൽ
3. ശ്രീ. എൻ. കെ. അക്ബർ
4. ശ്രീമതി ഒ. എസ്. അംബിക
5. ശ്രീ. ജി. ആർ. അനിൽ
6. ശ്രീ. കെ. ആൻസലൻ
7. ശ്രീ. ആന്റണി ജോൺ
8. ശ്രീ. ആന്റണി രാജു

9. ശ്രീ. എം. എസ്. അരുൺകുമാർ
10. ശ്രീ. കെ. ബാബു (നെന്മാറ)
11. ശ്രീ. പി. ബാലചന്ദ്രൻ
12. ശ്രീ. കെ. എൻ. ബാലഗോപാൽ
13. ഡോ. ആർ. ബിന്ദു
14. ശ്രീമതി ജെ. ചിഞ്ചുറാണി
15. ശ്രീ. പി. പി. ചിത്തരഞ്ജൻ
16. ശ്രീമതി ദെലീമ
17. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ
18. ശ്രീ. സി. കെ. ഹരീന്ദ്രൻ
19. ഡോ. കെ. ടി. ജലീൽ
20. ശ്രീമതി കാനത്തിൽ ജമീല
21. ശ്രീ. ജി. എസ്. ജയലാൽ
22. ഡോ. എൻ. ജയരാജ്
23. ശ്രീ. ജോബ് മൈക്കിൾ
24. ശ്രീ. വി. ജോയി
25. ശ്രീ. ഒ. ആർ. കേളു
26. ശ്രീ. കെ. കൃഷ്ണൻകുട്ടി
27. ശ്രീ. സി. എച്ച്. കുഞ്ഞമ്പു
28. ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ
29. ശ്രീ. കോവൂർ കുഞ്ഞുമോൻ
30. ശ്രീ. ലിന്റോ ജോസഫ്
31. ശ്രീ. ടി. ഐ. മധുസൂദനൻ
32. ശ്രീ. എം. എം. മണി

33. ശ്രീ. മാത്യു ടി. തോമസ്

34. ശ്രീ. കെ. ജെ. മാക്സി

35. ശ്രീ. പി. എ. മുഹമ്മദ് റിയാസ്

36. ശ്രീ. കെ. പി. മോഹനൻ

37. ശ്രീ. എ. സി. മൊയ്തീൻ

38. ശ്രീ. മുഹമ്മദ് മുഹസിൻ

39. ശ്രീ. എം. മുകേഷ്

40. ശ്രീ. സി. സി. മുകുന്ദൻ

41. ശ്രീ. ഡി. കെ. മുരളി

42. ശ്രീ. മുരളി പെരുനെല്ലി

43. ശ്രീ. പി. നന്ദകുമാർ

44. ശ്രീ. എം. നൗഷാദ്

45. ശ്രീ. എ. പ്രഭാകരൻ

46. ശ്രീ. പ്രമോദ് നാരായൺ

47. ശ്രീ. പി. പ്രസാദ്

48. ശ്രീ. വി. കെ. പ്രശാന്ത്

49. ശ്രീ. കെ. ഡി. പ്രസേനൻ

50. ശ്രീമതി യു. പ്രതിഭ

51. ശ്രീ. കെ. പ്രേംകുമാർ

52. ശ്രീ. കെ. രാധാകൃഷ്ണൻ

53. ശ്രീ. പി. ടി. എ. റഹീം

54. ശ്രീ. എ. രാജ

55. ശ്രീ. എം. രാജഗോപാലൻ

56. ശ്രീ. കെ. രാജൻ

57. ശ്രീ. പി. രാജീവ്

58. ശ്രീ. കെ. കെ. രാമചന്ദ്രൻ

59. ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ

60. ശ്രീ. കെ. എം. സച്ചിൻദേവ്

61. ശ്രീ. സജി ചെറിയാൻ

62. ശ്രീ. എച്ച്. സലാം

63. ശ്രീമതി ശാന്തകുമാരി കെ.

64. ശ്രീ. എ. കെ. ശശീന്ദ്രൻ

65. ശ്രീ. ഐ. ബി. സതീഷ്

66. ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ

67. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ

68. ശ്രീ. എ. എൻ. ഷംസീർ

69. ശ്രീ. പി. വി. ശ്രീനിജിൻ

70. ശ്രീ. ജി. സ്റ്റീഫൻ

71. ഡോ. സുജിത് വിജയൻപിള്ള

72. ശ്രീ. കെ. വി. സുമേഷ്

73. ശ്രീ. പി. പി. സുമോദ്

74. ശ്രീ. വി. ആർ. സുനിൽ കുമാർ

75. ശ്രീ. പി. എസ്. സുപാൽ

76. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

77. ശ്രീ. തോമസ് കെ. തോമസ്

78. ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ

79. ശ്രീ. വി. എൻ. വാസവൻ

80. ശ്രീമതി വീണാ ജോർജ്ജ്

81. ശ്രീ. ഇ. കെ. വിജയൻ

82. ശ്രീ. പിണറായി വിജയൻ

83. ശ്രീ. എം. വിജിൻ

84. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

<u>പ്രതികൂലിക്കുന്നവർ</u>

1. ശ്രീ. പി. അബ്ദുൽ ഹമീദ്

2. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

3. ശ്രീ. മഞ്ഞളാംകുഴി അലി

4. ശ്രീ. എ. പി. അനിൽ കുമാർ

5. ശ്രീ. അനൂപ് ജേക്കബ്

6. ശ്രീ. അൻവർ സാദത്ത്

7. ശ്രീ. എ. കെ. എം. അഷ്റഫ്

8. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)

9. ശ്രീ. പി. കെ. ബഷീർ

10. ശ്രീ. ഐ. സി. ബാലകൃഷ്ണൻ

11. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

12. ശ്രീ. ടി. വി. ഇബ്രാഹിം

13. ശ്രീ. പി. ജെ. ജോസഫ്

14. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി

15. ശ്രീ. യു. എ. ലത്തീഫ്

16. ശ്രീ. കെ. പി. എ. മജീദ്

17. ഡോ. മാത്യു കുഴൽനാടൻ

18. ശ്രീ. കുറുക്കോളി മൊയ്തീൻ

19. ശ്രീ. മോൻസ് ജോസഫ്

20. ഡോ. എം. കെ. മുനീർ

21. ശ്രീ. നജീബ് കാന്തപുരം

22. ശ്രീ. എൻ. എ. നെല്ലിക്കുന്ന്

23. ശ്രീ. ഉമ്മൻ ചാണ്ടി

24. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

25. ശ്രീമതി കെ. കെ. രമ

26. ശ്രീ. റോജി എം. ജോൺ

27. ശ്രീ. സജീവ് ജോസഫ്

28. ശ്രീ. എൻ. ഷംസുദ്ദീൻ

29. ശ്രീ. സനീഷ്കുമാർ ജോസഫ്

30. ശ്രീ. വി. ഡി. സതീശൻ

31. ശ്രീ. ഷാഫി പറമ്പിൽ

32. ശ്രീ. ടി. സിദ്ദിഖ്

33. ശ്രീ. സണ്ണി ജോസഫ്

34. ശ്രീ. പി. ടി. തോമസ്

35. ശ്രീ. എം. വിൻസെന്റ്

36. ശ്രീ. ടി. ജെ. വിനോദ്

37. ശ്രീ. പി. ഉബൈദുള്ള

മി. സ്പീക്കർ: അനുകൂലിക്കുന്നവർ - 84

പ്രതികൂലിക്കുന്നവർ - 37

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഓർഡർ.......ഓർഡർ........ സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2021 ജൂലൈ മാസം 23-ാം തീയതി വെള്ളിയാഴ്ച രാവിലെ 9.00-മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 4.25-ന് പിരിഞ്ഞു.)